# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

## പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

## പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

## അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

## നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

## തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

## കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

## വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

## നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

## വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

## കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

## ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

## വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

### വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

### വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

### വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

### വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

### വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

### വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

### വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

### വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

### വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

### വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

### വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

### വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

### വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

### വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| വാല്യം 57 |
|---|

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്
*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| വാല്യം 58 |
|---|

## അടിമാലി ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| വാല്യം 59 |
|---|

## ദേവികുളം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| വാല്യം 60 |
|---|

## നെടുംകണ്ടം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| വാല്യം 61 |
|---|

## ഇളംദേശം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| വാല്യം 62 |
|---|

## ഇടുക്കി ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| വാല്യം 63 |
|---|

## കട്ടപ്പന ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| വാല്യം 64 |
|---|

## തൊടുപുഴ ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| വാല്യം 65 |
|---|

## അഴുത ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| വാല്യം 66 |
|---|

## പറവൂർ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| വാല്യം 67 |
|---|

## ആലങ്ങാട് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| വാല്യം 68 |
|---|

## അങ്കമാലി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| വാല്യം 69 |
|---|

## കൂവപ്പടി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

| വാല്യം 70 |
|---|

## വാഴക്കുളം ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| വാല്യം 71 |
|---|

## ഇടപ്പള്ളി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്യക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

| വാല്യം 114 |
|---|

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

| വാല്യം 115 |
|---|

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

| വാല്യം 116 |
|---|

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

| വാല്യം 117 |
|---|

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

| വാല്യം 118 |
|---|

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

| വാല്യം 119 |
|---|

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

| വാല്യം 120 |
|---|

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

| വാല്യം 121 |
|---|

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

| വാല്യം 122 |
|---|

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

| വാല്യം 123 |
|---|

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

| വാല്യം 124 |
|---|

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

| വാല്യം 125 |
|---|

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

| വാല്യം 126 |
|---|

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

| വാല്യം 127 |
|---|

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് 1996

" ഒരു പുത്തനുഷസ്സിനു വരവേൽപ്പൊരുക്കാം
ഒരു നല്ല നാളെയ്ക്കു കാതോർത്തിരിയ്ക്കാം
കണ്ണിൽ തെളിയുമീ പൊൻകതിർവെട്ടത്തെ
എന്നും കെടാതെ നെഞ്ചോടു ചേർത്തിടാം "

# ഒരു നിമിഷം ...


ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൻെറയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമാകാൻ പോകുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷ കളോടെ നാം തുടക്കം കുറിച്ചിരിക്കുകയാണ്. നാളിതുവരെയുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയ ചേരിതിരിവുകൾക്കതീതമായി സമസ്ത ജനവിഭാവങ്ങ ളുടെയും കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് നമ്മുക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ള കൃതാർത്ഥതയുണ്ട്.

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതോടെ വികസന പ്രവർത്തനങ്ങൾ ക്രിയാത്മകവും സുതാര്യവുമാകും. പഞ്ചായത്തിൻെറ വികസന പദ്ധതികൾ തയ്യാറാകുന്നതിനുമാത്രമല്ല നമ്മുടെ പഞ്ചായത്തിനെകുറിച്ച് ഏകദേശ ധാരണയുണ്ടാക്കുന്നതിന് ഇത് ഉപകരിക്കുന്നതാണ്.

ജീവിതാനുഭവമുള്ള കാരണവൻമാർ, പഴയകാലസാമൂഹ്യപ്രവർത്തകർ, അദ്ധ്യാപകർ, ഉദ്യോഗസ്ഥർ മറ്റനവധിയാളുകൾ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് ഈ പുസ്തകം പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്നു.

ഉദയംപേരൂർ
18-11-96

കെ. എം. ദേവയാനി
പ്രസിഡൻറ്
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്



# ആമുഖം

ബഹുമാനപ്പെട്ട കേരള സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും, ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോട് നടപ്പാക്കാൻ പോകുകയാണ്. 73-ാം ഭരണ ഘടന ഭേദഗതിയിലൂടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്വവും പ്രദാനം ചെയ്യുന്നു. ആസൂത്രണ പ്രക്രിയയിൽ കൂടുതൽ ജനപങ്കാളിത്തവും, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും നിമിത്തം നിലവിലുള്ള ആസൂത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുക എന്ന ലക്ഷ്യമാണ് ജനകീയ ആസൂത്രണ പരിപാടിക്കുള്ളത്.

എട്ടാം പഞ്ചവത്സ പദ്ധതിയാക്കുന്ന ഈ അവസരത്തിൽ കേരള സംസ്ഥാനത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ലോകത്തിന്റെ മുമ്പിൽ കേരളം 'കേരള മോഡൽ' എന്നരൂപത്തിൽ വളരെയധികം പ്രകീർത്തിക്കപ്പെടുമ്പോൾ കേരളം ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്ന ഒരു അവസ്ഥ നമുക്കു കാണാൻ കഴിയും. പ്രധാനമായും കേരളത്തിലെ കാർഷിക വ്യവസായമേഖലയിൽ. കാർഷികമേഖല വമ്പിച്ച ഒരു മുരടിപ്പിനെ നേരിടുകയാണ്. കേരളീയരുടെ മുഖ്യാഹാരമാണ് അരി എന്നറിയാമല്ലോ? കേരളീയരുടെ ആവശ്യത്തിന്റെ 30%ത്തോളം മാത്രമേ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളു. ഭക്ഷ്യധാന്യത്തിന്റെ കുറവുപരിഹരിക്കാൻ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നമുക്കിന്നുള്ളത്. പച്ചക്കറിയുടെ കാര്യത്തിലാണെങ്കിലും കേരളം ദിനം പ്രതി കോടിക്കണക്കിനു രൂപാ അടുത്ത സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരടക്കം ലക്ഷക്കണക്കിന് ആളുകൾക്ക് ഒരു തൊഴിൽകിട്ടുമോ എന്ന പ്രതീക്ഷയും നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള ഒട്ടനവധിപോരായ്മകളെ കണ്ടറിഞ്ഞ് അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും സംഘബോധത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടായ്മയോടെ നടപ്പാക്കുന്ന പ്രവർത്തനമാണ് ഇതിന്റെ വിജയം.

അധികാര വികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തുകൾക്കു കിട്ടുന്ന വിപുലമായ അധികാരവും ഒൻപതാം പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന വലിയൊരു ശതമാനം തുകയും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനംവഴി സംജാതമായ ജനകീയബോധത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനവും കൂടി ചാലിച്ചുചേർത്ത് 1997- ഏപ്രിൽ മാസം 1-ാം തീയതി ആരംഭിച്ച് അഞ്ചുവർഷം പൂർത്തിയാകുമ്പോൾ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ചെയർമാനും, കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയും ആയിരുന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞതുപോലെ കേരളം സമഗ്ര പുരോഗതിയുടെ സസ്യശ്യാമള കോമളമായിമാറും അതോടൊപ്പം നമ്മുടെ ഈ പഞ്ചായത്തും.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ 35-40 ശതമാനം വരുന്ന തുക ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലപാട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾക്ക്, പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് രൂപം കൊടുക്കുക എന്നതാണ് ജനകീയ ആസൂത്രണത്തിന്റെ പ്രധാന ദൗത്യം. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ജനകീയ പങ്കാളിത്തം ഉണ്ടാക്കുകവഴി ജനങ്ങളിൽ ഒരു പുത്തൻ വികസന സംസ്കാരം വളർത്തുവാൻ കഴിയുന്നതോടൊപ്പം പഞ്ചായത്തു സമിതികളെ ശക്തിപ്പെടുത്തുവാൻ സാധിക്കുന്നു. ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഉദയം പേരൂർ ഗ്രാമപഞ്ചായത്തിലും ഒമ്പതാം പദ്ധതി രൂപീകരണത്തിന് തുടക്കമിട്ടത്.

ജനകീയ ആസൂത്രണത്തെക്കുറിച്ചും, 9-ാം പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവന ചെയ്ത ജില്ലാതലപരിശീലനം സെപ്തംബർ മാസം 11, 12, 13 തീയതികളിൽ എറണാകുളത്തെ മരിയാ കോംപ്ലക്സിൽ നടന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നും വൈസ് പ്രസിഡന്റ് കെ.എസ്. പവിത്രൻ, പി.കെ. സുബ്രഹ്മണ്യൻ, എസ്.എ. വിശ്വൻ, ടി.കെ. ബാബു, ജോസ് പി. ജോസഫ്, പി.പി. ചന്ദ്രബോസ് എന്നിവർ ജില്ലാതല പരിശീലനക്യാമ്പിൽ പങ്കെടുത്തു. അതിന് ശേഷം പഞ്ചായത്തിന്റെ നേതൃത്വത്തിൽ 12 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ലോക്കൽ റിസോഴ്സ് പേഴ്സൺസിന് (LRP) ഒരു ഏകദിന പരിശീലന ക്യാമ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സെപ്തംബർ 21-ാം തീയതി നടന്നു. ഇതോടനുബന്ധിച്ചു നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ. സി.വി. ഔസേഫ്, ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.കെ. മണി, ബ്ലോക്കു പഞ്ചായത്ത് അംഗം കുമാരി അജിത എന്നിവരും സംബന്ധിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു.

പരിശീലനക്യാമ്പിൽ ശ്രീ. പി.കെ. സുബ്രഹ്മണ്യൻ, ശ്രീ ജോർജ് മാസ്റ്റർ (ബ്ലോക്കു കൺവീനർ), ശ്രീ. വിശ്വൻ എന്നിവർ യഥാക്രമം വികസനത്തിന്റെ വെല്ലുവിളി, ജനകീയ ആസൂത്രണ പ്രസ്ഥാനം ഇന്നലെ ഇന്ന്, ഗ്രാമസഭാ സംഘാടനം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഗ്രൂപ്പു ചർച്ചകൾ നടന്നു. 55 പേർ പങ്കെടുത്തു.

പഞ്ചായത്തിൽ ഗ്രാമസഭകൾ സെപ്തംബർ 29-ാം തീയതി ആരംഭിച്ചു. ഒക്ടോബർ 13-ാം തീയതിയോടുകൂടി 12 ഗ്രാമസഭകളും കൂടി പൂർത്തീകരിച്ചു. ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുത്തതും കൂടുതൽ വോട്ടർമാർ പങ്കെടുത്തതും 11-ാം വാർഡു ഗ്രാമസഭയിലായിരുന്നു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള രണ്ടാം ഘട്ട പരിശീലനം ഒക്ടോബർ 24, 25, 26 തീയതികളിൽ മുളന്തുരുത്തി ബ്ലോക്ക് ആഫീസ് അങ്കണത്തിൽ നടന്നു. പഞ്ചായത്തിൽ നിന്നും പ്രസിഡന്റ് കെ.എം. ദേവയാനി, വൈസ് പ്രസിഡന്റ് കെ.എസ്. പവിത്രൻ, ജില്ലാതല പരിശീലകരായ പി.കെ. സുബ്രഹ്മണ്യൻ, എസ്.എ. വിശ്വൻ, ടി.കെ. ബാബു, വി.ആർ മനോജ്, പി.വി. ചന്ദ്രബോസ് എന്നിവരും പഞ്ചായത്ത് സെക്രട്ടറി ശ്രീ. മോഹൻദാസ്, കൃഷി ഓഫീസർ ഷീലാ ജോസഫ് എന്നിവരും പങ്കെടുത്തു. ലോക്കൽ റിസോഴ്സ് പേഴ്സൻസിനേയും, തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധൻമാരേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ രണ്ടാം ഘട്ടം പരിശീലനം നടന്നു. ഇതോടനുബന്ധിച്ചു നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് കെ.എം. ദേവയാനി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തു അംഗം എം.എം. രാജു, വി.ജി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. നവംബർ 8, 9, 10 തീയതികളിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്രോഡീകരിച്ച റിപ്പോർട്ട് വായിച്ചു ചർച്ചചെയ്യുകയും ഭേദഗതികളും നിർദേശങ്ങളും കൂട്ടിചേർക്കുകയും ചെയ്തു. പഞ്ചായത്തു കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ പങ്കാളിത്തം തൃപ്തികരമായിരുന്നില്ല.

പഞ്ചായത്തുതല വികസന സെമിനാറിന്റെ വിജയകരമായ നടത്തിപ്പിനവേണ്ടി 28-10-1996-ൽ പഞ്ചായത്തു കോൺഫറൻസ് ഹാളിൽ വെച്ച് സ്വാഗതസംഘം രൂപീകരിച്ചു. വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ. സാമൂഹ്യ സഹകരണ സംഘടനാ നേതാക്കൻമാർ എന്നിവർ സംബന്ധിച്ചു. വികസന സെമിനാറിന്റെ ഒരുക്കങ്ങൾ പൂർത്തീകരിക്കാൻ ഈ സ്വാഗതസംഘത്തെ ചുമതലപ്പെടുത്തി.

ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന് അവലംബമാക്കിയിട്ടുള്ളത് ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും സർക്കാർ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽ നിന്നു ലഭിച്ച വിവരങ്ങളും കണക്കുകളും, പഠനപര്യടനത്തിൽനിന്നു ലഭിച്ച വിവരങ്ങളും വിവിധ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വിവരമാണ്.

| വാർഡ് | തീയതി | എണ്ണം | സ്ത്രീ. | പു. |
|---|---|---|---|---|
| 1 | 6-10-96 | 180 | 38 | 142 |
| 2 | 2-10-96 | 72 | 13 | 59 |
| 3 | 6-10-96 | 74 | 18 | 56 |
| 4 | 6-10-96 | 82 | 16 | 66 |
| 5 | 11-10-96 | 105 | 5 | 100 |
| 6 | 2-10-96 | 77 | 0 | 77 |
| 7 | 13-10-96 | 96 | 6 | 90 |
| 8 | 29-9-96 | 136 | 39 | 107 |
| 9 | 29-9-96 | 74 | 7 | 67 |
| 10 | 29-9-96 | 79 | 2 | 77 |
| 11 | 13-10-96 | 186 | 44 | 142 |
| 12 | 5-10-96 | 117 | 37 | 80 |

# ചരിത്രം ഒറ്റനോട്ടത്തിൽ

ഉദയംപേരൂർ പഞ്ചായത്തിന്റെ ഐതിഹ്യം ഇപ്രകാരം പറയപ്പെടുന്നു. മഹാഭാരതകഥയിലെ പാണ്ഡവകുടുംബം അരക്കില്ലത്തിൽ നിന്നും രക്ഷപെട്ട് ഹിഡുംബ വനത്തിലൂടെ "ഏകചക്രം" എന്ന ഗ്രാമത്തിലെത്തുകയും അവിടെവച്ച് ബകനെ വധിക്കുകയുമാണല്ലോ ചെയ്തത്? ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ആ ഏകചക്രഗ്രാമമാണ് ഇന്നത്തെ ഉദയംപേരൂർ. പ്രതാപശാലിയും, ധർമ്മിഷ്ടനുമായിരുന്ന ഉദയന മഹാരാജാവിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടിയാണ് അന്നത്തെ ജനങ്ങൾ ഏകചക്രഗ്രാമത്തെ ഉദയംപേരൂർ എന്ന് നാമകരണം ചെയ്തത് ഉദയംപേരൂർ എന്നാൽ "ഉദയനന്റെ പേരുള്ള ഊര്" എന്നാണർത്ഥം. ഉദയനമഹാരാജാവിന്റെ പൂന്തോട്ടമായിരുന്നു ഇന്നത്തെ "പൂത്തോട്ട".

ചരിത്രം സൂചിപ്പിക്കുന്നതനുസരിച്ച് മാർത്താണ്ഡവർമ്മയുടെ സർവ്വസൈന്യാധിപനായിരുന്നു രാമയ്യൻ ദളവ. ഈ കാലഘട്ടത്തിൽ കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഉദയംപേരൂരിൽ ഇന്നത്തെ ഉദയംപേരൂർ കവലയ്ക്കും കണ്ടനാട് കവലയ്ക്കും ഇടയ്ക്ക് 356 മുറികളോട്കൂടിയ ഒരു വലിയ മലഞ്ചരക്കു വ്യാപാരകേന്ദ്രം പ്രവർത്തിച്ചിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നു. ഈ അവസരത്തിൽ ഈ പാണ്ഡികശാലയിൽ നിന്നും മാർത്താണ്ഡവർമ്മ 500 കണ്ടികുരുമുളക് കപ്പം ചോദിക്കുകയും ഇത് നല്കാൻ വിസമ്മതിച്ച നാട്ടുരാജ്യം രാമയ്യൻ ദളവയുടെ നേതൃത്വത്തിൽ പിടിച്ചടക്കുകയും, ഈ പാണ്ഡികശാല തീവെച്ച് നശിപ്പിക്കുകയും ഇതിനുശേഷം കൊച്ചിരാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം തിരുവിതാംകൂറിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. പാണ്ഡികശാല നടത്തിയിരുന്ന സുറിയാനി ക്രിസ്ത്യാനികൾ നാടുവിട്ടുപോകുകയും, രാമയ്യൻ ദളവ മരിക്കുകയും സേഷം അയ്യപ്പൻ മാർത്താണ്ഡപിള്ള, മാർത്താണ്ഡവർമ്മയുടെ സർവ്വസൈന്യാധിപനാകുകയും ഈ പ്രദേശത്ത് സുറിയാനി ക്രിസ്ത്യാനികളെ പുനരധിവസിപ്പിച്ച് പാണ്ഡികശാല പുനഃരുജ്ജീവിപ്പിക്കുകയും ചെയ്തു. തിരുവിതാംകൂർ - കൊച്ചിയുടെ അതിർത്തികല്ലുകൾ ഇന്ന് ഉദയംപേരൂർ പഞ്ചായത്ത് അതിർത്തിയിൽ ചരിത്രസ്മാരകമായി അവശേഷിക്കുന്നു.

1599-ൽ ചരിത്രപ്രസിദ്ധമായ സുന്നഹദോസ് നടന്നത് ഈ പഞ്ചായത്തിലാണ്. പോർട്ടുഗീസുകാരുടെ വരവോടുകൂടി സുറിയാനി ക്രിസ്ത്യാനികളെയാകെ റോമൻ കത്തോലിക്കരാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഉദയംപേരൂർ പള്ളിയങ്കണത്തിൽ ഏതാണ്ട് 150-ൽ പരം സുറിയാനി ക്രിസ്ത്യാനികൾ ചേർന്ന മഹാസമ്മേളനമാണ് സുന്നഹദോസ് എന്ന പേരിൽ അറിയപ്പെടുന്നത്.

ഭാർഗവരാമനാൽ പണികഴിപ്പിച്ചു 11-ാമത്തെ ക്ഷേത്രമാണ് പെരംതൃക്കോവിൽ ക്ഷേത്രം എന്നു വിശ്വസിക്കുന്നു. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലെ ആദ്യ ക്ഷേത്രവും ഇതുതന്നെ.

കടലിന്റെ ഊര് എന്നർത്ഥംവരുന്ന പറവൂർ (തെക്കൻ പറവൂർ) നൂറ്റാണ്ടുകൾക്കപ്പുറം തിരക്കേറിയ വ്യാപാര കേന്ദ്രമായിരുന്നു തെ. പറവൂർ 'തെരുവ്' എന്ന സ്ഥലം.

## നവോത്ഥാന കാലഘട്ട ചരിത്രം

ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക പുരോഗതിക്കുവേണ്ടി ഒട്ടനവധി പോരാട്ടങ്ങൾ നടന്ന പ്രദേശമാണിത് സ്വാതന്ത്ര്യത്തിനു മുൻപ് 1924-ലെ വൈക്കം സത്യാഗ്രഹത്തോട് അനുബന്ധിച്ച് അതിന്റെ പ്രചാരണാർത്ഥം സംഘടിപ്പിച്ച പദയാത്ര മഹാനായ ടി.കെ. മാധവൻ ഉൽഘാടനം ചെയ്തത് ഇന്നത്തെ പൂത്തോട്ടയിൽ നിന്നാണ്. ഈ സമരത്തോടനബന്ധിച്ച് സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ആമചാടിയിൽ തേവന്റെ കണ്ണുകളിൽ കുമ്മായം കലക്കി ഒഴിച്ച സംഭവം ചരിത്രത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യത്തിനുശേഷം 1954-ൽ ചെത്തുതൊഴിലാളി സമരത്തിനെതിരെ (കൂലിവർദ്ധനവിനുവേണ്ടി നടന്ന സമരം) ഭീകരമായ പോലീസ് മർദ്ദനം അഴിച്ചുവിട്ടു. 1969-ലെ പൂത്തോട്ട കമ്പിവേലിക്കകത്തെ കൂലിവർദ്ധനവിനുവേണ്ടി കർഷകതൊഴിലാളികളുടെ സമരം പോലീസിന്റെ ഭീകര മർദ്ദനം അഴിച്ചുവിട്ട മറ്റൊരു സമരം ആണ്. 1958-ലെ ചെകിടാരി പ്രദേശത്ത് നടന്ന കർഷകതൊഴിലാളി സമരത്തിൽ അവിടത്തെ കർഷകതൊഴിലാളികളെ ഒന്നും രണ്ടും മാസങ്ങൾ ശിക്ഷിച്ചതാണ്. മിച്ചഭൂമിക്കുവേണ്ടിയിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ ആദ്യമായി മുഴിക്കൽ പ്രദേശത്താണ് കുടിൽ കെട്ടിസമരം ചെയ്തത്. ഇതോടൊപ്പം കണ്ടനാട് സമരം ചെയ്തു. 1972-ൽ കണ്ടനാട് കർഷകതൊഴിലാളിക്ക് കൂലി വെട്ടിക്കുറച്ചതിനെതിരായി നടത്തിയ സമരം വെടിവെച്ചും ഗുണ്ടകൾ മർദ്ദിച്ചും ഒട്ടനവധി കർഷകതൊഴിലാളികൾ പരിക്കുകളോടെയാണ് ആ സമരം അവസാനിച്ചത്. 1974-ലെ എൻ.ജി.ഒ. അദ്ധ്യാപക സമരത്തിനോടനുബന്ധിച്ചു നടന്ന ബന്ദ് പോലീസിന്റെ ഭീകരവാഴ്ചക്കും സാക്ഷ്യം വഹിച്ച പഞ്ചായത്താണ് ഉദയംപേരൂർ പഞ്ചായത്ത്. 1974-ലെ കൊലവെട്ടി ചെത്തുതൊഴിലാളി സമരം ഈ പഞ്ചായത്തിലെ സമരത്തിന്റെ ഒരു നാഴികക്കല്ല് ആണ്.

കായലോരഗ്രാമത്തെ പുളകമണിയിച്ച മറ്റൊരു സമരമാണ് പായൽ സമരം അഥവാ പട്ടിണിമാർച്ച്. കൈക്കുഞ്ഞുങ്ങളടക്കം കൈയിലേന്തി സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ ജില്ലാ കേന്ദ്രത്തിലേക്കു 1970-ൽ നടത്തിയ പട്ടിണിമാർച്ച്, ആ കാലഘട്ടത്തിൽ ഈ പഞ്ചായത്തിന്റെ ദാരിദ്ര്യമുഖം വിളിച്ചോതുന്നു. പത്തു സെന്റ് ഭൂമി വളച്ചുകെട്ടി കുടികിടപ്പു ഭൂമിയിൽ അവകാശം കർഷകരും തൊഴിലാളികളും നടത്തിയ സമരവും, ഈ പഞ്ചായത്തിന്റെ മുഖ്യമായ മാറ്റുന്നതിന് സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്.

# പഞ്ചായത്തിന്റെ ഭരണ ചരിത്രം

മണകുന്നംദേശം ആസ്ഥാനമാക്കിയുള്ള പകുതി ഭാഗമാണ് ഉദയംപേരൂർ. പകുതി ദേശങ്ങൾ ചെമ്പ് തുരുത്തുന്ന പാലാം കടവ് എന്നീ പ്രദേശങ്ങളുമാണ്. വൈക്കം ആസ്ഥാനമായുള്ള വടക്കുംകൂർ രാജവംശത്തിന്റെ കൈവശത്തിലായിരുന്നു ഈ ഭാഗം. ഭൂമിയുടെ ഉടമസ്ഥാവകാശങ്ങൾ മനകൾക്കായിരുന്നു. ശ്രദ്ധേയമായ മനകൾ പൂവുള്ളിമന, ചേലക്കൽ മന, മായ്ക്കാവ് മന, ചാത്ത മംഗലത്തുമന എന്നിവയായിരുന്നു. നാട്ടിലുണ്ടാകുന്ന തർക്ക പ്രശ്നങ്ങൾക്ക് വിധി കല്പിച്ചിരുന്നത്. വൈക്കത്തുനിന്നായിരുന്നു. 1920-ൽ ഒരു പോലീസ് സ്റ്റേഷൻ പ്രവർത്തനം (വാളൻ മുതലാളിയുടെ കെട്ടിടത്തിൽ) ആരംഭിച്ചു. നാട്ടുകാര്യങ്ങൾ തുടർന്ന പോലീസ് സ്റ്റേഷൻ വഴി ഇടപെട്ടു പോരുകയും ചെയ്തു.

നമ്മുടെ ഗ്രാമത്തിന് തനതായ ഭരണ ക്രമം തുടങ്ങുന്നത് 1948-ൽ ആയിരുന്നു. വൈക്കം താഹസിൽദാർ വിളിച്ചു കൂട്ടിയ യോഗത്തിൽ നിന്നും ആദ്യത്തെ 'വില്ലേജ് യൂണിയൻ' തിരഞ്ഞെടുപ്പു നടന്നു. കരം തിരുവ ഉള്ളവരെ കൂടാതെ ബിരുദമുള്ളവർക്കും വോട്ടവകാശം ഉണ്ടായിരുന്നു. അന്നത്തെ വോട്ടവകാശരീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവർ യഥാക്രമം കെ.ജി. വർക്കി, കലേക്കാട്ട് ഗോപാലൻ, എ.വി. മാത്യു വാഴത്തറ, വി.കെ. കൃഷ്ണമേനോൻ, അരേശ്ശേരി കൊച്ചപ്പ എന്നിവരായിരുന്നു. സർക്കാർ നോമിനിയായി പതിക്കാട്ടിൽ ശിവരാമനും ഉണ്ടായിരുന്നു. പ്രസിഡന്റായി ശ്രീ. കെ.റ്റി. വർക്കിയെ തെരഞ്ഞെടുത്തു. 1952-ൽ പ്രായപൂർത്തി വോട്ടവകാശത്തോട് ജനകീയ ഭരണസമിതിയെ തെരഞ്ഞടുക്കുന്നതുവരെ ഇവരായിരുന്നു പഞ്ചായത്തു ഭരണം നടത്തിയിരുന്നത്. 8 വാർഡുകളായി വിഭജിച്ച് നടന്ന പൊതുതെരഞ്ഞെടുപ്പിൽ യഥാക്രമം കെ.പി. ചാക്കോ, പി.വി. സിറിയക്, പി.ജെ. ജോർജ്, ദിവാകരൻ, വി.കെ. കാർത്തികേയൻ, കൃഷ്ണൻ എന്നിവരെ തെരഞ്ഞെടുത്തു. ശ്രീ. കെ.പി. ചാക്കോ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടു വർഷത്തിനുശേഷം ശ്രീ. കെ.പി. ചാക്കോയുടെ രാജിയെ തുടർന്ന്, ശ്രീ സിറിയക് പ്രസിഡന്റാവുകയും പത്തുവർഷം പ്രസിഡന്റായി തുടരുകയും ചെയ്തു. 1962-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ശ്രീ. വി. തങ്കപ്പൻ പ്രസിഡന്റായി. രണ്ടുവർഷത്തിനുശേഷം ശ്രീ. വി. തങ്കപ്പന്റെ രാജിയെ തുടർന്ന് ശ്രീ ടി.കെ. തങ്കപ്പൻ പ്രസിഡന്റായി. പിന്നിട്ട കാലത്ത് ഏറ്റവും കൂടുതൽ കാലം പ്രസിഡന്റായി പഞ്ചായത്തിനെ നയിച്ചത്, ശ്രീ. ടി.കെ. തങ്കപ്പനായിരുന്നു. 'സ്പെഷ്യൽ ഗ്രേഡ്' നിലവാരത്തിലേക്ക് ഈ പഞ്ചായത്തിന് ഉയർത്തിയത് ഈ കാലഘട്ടത്തിലാണ്. ശ്രീ. ടി.കെ. തങ്കപ്പനുശേഷം ശ്രീ. പി.വി. പ്രഭാകരൻ ഏഴുവർഷം പഞ്ചായത്തിന്റെ പ്രസിഡന്റായി. 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി. കെ.എം. ദേവയാനിയുടെ നേതൃത്വത്തിലുള്ള പഞ്ചായത്തു സമിതി അധികാരത്തിൽ വരുകയും ചെയ്തു.

---

**1948-രൂപീകരിച്ച് വില്ലേജ് യൂണിയൻ അംഗങ്ങൾ**

| | |
|---|---|
| | - കെ.ടി. വർക്കി (പ്രസിഡന്റ്) |
| | - കലേക്കാട് ഗോപാലൻ |
| | - എ.വി. മാത്യു വാഴത്തറ |
| | - വി.കെ. കൃഷ്ണ മേനോൻ |
| | - അരേശ്ശേരി കൊച്ചപ്പ |
| സർക്കാർ നോമിനി | - പതിക്കാട്ടിൽ ശിവരാമൻ |

**1952 മുതൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാർ**

| | |
|---|---|
| 1952 - 1954 | - കെ.പി. ചാക്കോ |
| 1954 - 1963 | - പി.വി. സിറിയക്ക് |
| 1963 - 1965 | - വി. തങ്കപ്പൻ |
| 1965 - 1987 | - ടി.കെ. തങ്കപ്പൻ |
| 1988 - 1995 | - പി.വി. പ്രഭാകരൻ |
| 1995 മുതൽ | - കെ.എം. ദേവയാനി |

**നിലവിലുള്ള ഭരണ സമിതി**

| | | |
|---|---|---|
| ശ്രീമതി | കെ.എം. ദേവയാനി | - പ്രസിഡന്റ് |
| ശ്രീ. | കെ.എസ് പവിത്രൻ | - വൈസ് പ്രസിഡന്റ് |
| " | വി.ജി. രവീന്ദ്രൻ | - സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ |
| " | ടി. രഘുവരൻ | |
| " | ടി. കെ. പ്രസാദ് | |
| " | എ. എം. മോഹനൻ | |
| " | കെ. കെ. നടരാജൻ | |
| " | എം. യു. ഐസക് | |
| " | എം. എം. രാജു | |
| ശ്രീമതി | ലീലാമ്മ ജോസ് | |
| " | രജനി രാജ്കുമാർ | |
| കുമാരി | പ്രമീള ദാമോദരൻ | |

# ഉദയംപേരൂർ ഗ്രാമപഞ്ചായത്തു വികസന റിപ്പോർട്ട് – '96

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | മണകുന്നം വില്ലേജ് |
| ബ്ലോക്കു പഞ്ചായത്ത് ഡിവിഷനുകൾ | : | ഉദയംപേരൂർ, പൂത്തോട്ട ഡിവിഷനുകൾ ഡിവിഷനുകൾ |
| ബ്ലോക്ക് പഞ്ചായത്ത് | : | മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | മുളന്തുരുത്തി |
| താലൂക്ക് | : | കണയന്നൂർ |
| അസംബ്ലിമണ്ഡലം | : | തൃപ്പൂണിത്തുറ |
| വിസ്തീർണ്ണം | : | 24.85 ച.കി.മീ. |
| അതിരുകൾ | : | വടക്ക് – തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി |
| | | തെക്ക് – ചെമ്പ് പഞ്ചായത്ത് |
| | | പടിഞ്ഞാറ് – വേമ്പനാട്ടുകായൽ |
| | | കിഴക്ക് – ചോറ്റാനിക്കര, മുളന്തുരുത്തി, ആമ്പല്ലൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 28,545 (1991 സെൻസസ് പ്രകാരം) |
| വാർഡുകൾ | : | 12 |
| പ്രസിഡന്റ് | : | ശ്രീമതി കെ.എം. ദേവയാനി |
| വൈസ് പ്രസിഡന്റ് | : | ശ്രീ. കെ. എസ് പവിത്രൻ |

| | | |
|---|---|---|
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജ് | : | മണകുന്നം |
| വിസ്തീർണ്ണം Sq.Km. | : | 24.85 ച.സെ.മീ. |
| ജനസംഖ്യ | : | 28545 |
| വാർഡുകൾ | : | 12 |
| സംവരണ വാർഡുകൾ | | |
| 1. വനിത | : | 4 |
| 2. പട്ടികജാതി / വർഗ്ഗം | : | 1 |
| പഞ്ചായത്ത് രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ | : | സ്റ്റാൻഡിംഗ് കമ്മറ്റി |
| സ്വന്തമായി ആഫീസ് കെട്ടിടം | : | ഉണ്ട് |
| പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച് | : | 10 |
| തുക | | |
| ഭരണ ചെലവ് | : | 6,18,701.80 |

**ഉദയംപേരൂർ പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ**

| | | |
|---|---|---|
| ഉദയംപേരൂർ പോസ്റ്റോഫീസ് | : | പെരുംതൃക്കോവിൽ |
| മണകുന്നം വില്ലേജ് | : | ഉദയംപേരൂർ കവലയ്ക്കു സമീപം |
| ഹോമിയോ ഡിസ്പൻസറി | : | കുണ്ടനാട് |
| കൃഷിഭവൻ | : | മാങ്കായി കവല |
| മത്സ്യത്തൊഴിലാളിക്ഷേമനിധി ഓഫീസ് | : | ഉള്ളാടൻ വെളി മാർക്കറ്റ് |
| VEO ഓഫീസ് | : | നടക്കാവ് |
| പഞ്ചായത്ത് ഓഫീസ് | : | നടക്കാവ് |
| സബ്സെന്റർ | : | നടക്കാവ് |
| SBT | : | നടക്കാവ് |
| ആയുർവേദ ആശുപത്രി | : | നടക്കാവിനു സമീപം |
| പോസ്റ്റ് ഓഫീസ് | : | തെക്കൻ പറവൂർ |
| മൃഗാശുപത്രി | : | തെക്കൻ പറവൂർ |
| സർക്കാർ ഡിസ്പൻസറി | : | പൂത്തോട്ട |
| ഫിഷറീസ് ആശുപത്രി | : | നടക്കാവ് |

# ജനപ്രകൃതി

**അവലംബം - കനേഷുമാരി കണക്കുകൾ 1991**

1991-ലെ കനേഷുമാരി കണക്കനുസരിച്ച് ഉദയംപേരൂർ പഞ്ചായത്തിലെ ജനസംഖ്യ 28,545 ആണ്. ഇതിൽ 14,159 പുരുഷന്മാരും 14,386 സ്ത്രീകളുമാണ്. പുരുഷന്മാരിൽ 12,279-ഉം സ്ത്രീകളിൽ 11,426 സ്ത്രീകളും സാക്ഷരരാണ്. 1991-ലെ കണക്ക് അനുസരിച്ച് 4,840 നിരക്ഷരരായിരുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 17 ശതമാനം വരും അതനുസരിച്ച് 83 ശതമാനം ജനങ്ങൾ സാക്ഷരരായിരുന്നു. 1987-ൽ തുടങ്ങിവെച്ച സാക്ഷരത തുടർപരിപാടിയെ തുടർന്ന് സാക്ഷരതാ നിരക്ക് 94%മായി ഉയർത്താൻ കഴിഞ്ഞു. 2762 പട്ടികജാതി വിഭാഗത്തിലെ 1349 പുരുഷന്മാരും 1413 സ്ത്രീകളുമാണ്. പട്ടിക വർഗ വിഭാഗത്തിൽ ആകെ 114 പേരിൽ 59 പുരുഷന്മാരും 55 സ്ത്രീകളുമാണ്.. 0-6 പ്രായ ഗ്രൂപ്പിൽ 2948 പേരുണ്ട്. ഇതിൽ 1486 ആൺകുട്ടികളും 1462 പെൺകുട്ടികളും ഉണ്ട് പഞ്ചായത്തിലെ ജനസാന്ദ്രത 1148 ആണ്.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ഉദയംപേരൂർ പഞ്ചായത്തിനെ മുഖ്യമായും അഞ്ചു മേഖലകളായി തിരിക്കാം. അവ യഥാക്രമം സമതലം, ചെരിവുതലം, തീരസമതലം, തരിശുഭൂമി, ചതുപ്പുനിലം എന്നിവയാണ്. പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതി 24.86 ച.സ്ക.കി.മീറ്റർ ആണ്.

## സമതലം

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ വരുന്ന ഭൂവിഭാഗമാണ് മൊത്തം ഭൂവിസ്തൃതിയുടെ 51 ശതമാനവും സമതലഭൂമിയാണ്. പഞ്ചായത്തിന്റെ തെക്കേ അറ്റമായ പൂത്തോട്ട മുതൽ വടക്കോട്ട് പെരിതൃക്കോവിൽ അമ്പലം വരെയും വൈക്കം - തൃപ്പൂണിത്തുറ റോഡിന്റെ ഏതാണ്ട് ഇരുഭാഗത്തുമായി വ്യാപിച്ചുകിടക്കുന്നതാണ് ഈ പ്രദേശം. ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് പഞ്ചായത്തിന്റെ തെക്കുഭാഗം വീതികുറഞ്ഞും, വടക്കുഭാഗം വീതികൂടുതലും എന്ന നിലയിലാണ് സമതലപ്രദേശത്തിന്റെ കിടപ്പ്. ഈ ഭാഗത്ത് മണ്ണ് പൊതുവെ മണൽ മണ്ണ് (Sandy foam) ആണെങ്കിലും ഒന്നും രണ്ടും വാർഡുകളിൽ ചെമ്മണ്ണും ഉണ്ട്.

## തീരസമതലം

തെക്ക് പൂത്തോട്ട മുതൽ വടക്ക് കണ്ടംകിള്ളി പ്രദേശം വരെ വ്യാപിച്ചു കിടക്കുന്നു മൊത്തം ഭൂവിസ്തൃതിയുടെ 35.5 ശതമാനത്തോളം വരുന്ന ഭൂവിഭാഗമാണിത്. പൂത്തോട്ട - പുതിയകാവ് എം.എൽ.എ റോഡിന്റെ പടിഞ്ഞാറുഭാഗവും പൂത്തോട്ട മുതൽ കോണത്തുപുഴയുടെ തീരവുമായി ബന്ധപ്പെട്ട് കണിയാംവള്ളിവരെയും കിഴക്കുഭാഗത്തുമായി ചേർന്നു കിടക്കുന്ന പ്രദേശമാണ്. പടിഞ്ഞാറ് വേമ്പനാട്ടുകായലിന്റെ തീരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്ത് മണ്ണ് മണൽ മണ്ണ് (Sandy foam) ആണ്. ചിലഭാഗങ്ങളിൽ എക്കൽമണ്ണും ഉണ്ട്.

## ചെരിവുനിലം

മൊത്തം വിസ്തൃതിയുടെ 1.6 ശതമാനം വരുന്ന പ്രദേശമാണ്. ഇവ ഒന്ന് രണ്ട് വാർഡുകൾ കേന്ദ്രീകരിച്ചാണ് കിടക്കുന്നത്. 1-ാം വാർഡിലെ ഇടയത്തുമുകൾ വട്ടക്കുന്ന്, പണ്ടാരിമല, കായിപുറവും രണ്ടാം വാർഡിലെ പുന്നച്ചാലിൽ പ്രദേശവുമാണ്.

## ചതുപ്പുപ്രദേശം

ഭൂവിസ്തൃതിയുടെ 9.8 ശതമാനം വരുന്ന ഭാഗമാണ്. 10-ാം വാർഡിലെ പുന്നപ്പുഴ, കരിക്കന്തറഭാഗം, മാളേക്കാട് എന്നീ പാടശേഖരങ്ങളിലും. ഒന്നും രണ്ടും വാർഡുകളിൽ പുന്നച്ചാലിൽ, കുപ്പശ്ശേരി എന്നിവിടങ്ങളിലുമാണ്. 12-ാം വാർഡിലെ പുത്തൻകാവ് താഴത്തെ പാടശേഖരവും ഇതിൽ പെടുന്നു.

## തരിശുഭൂമി

മൊത്തം വിസ്തൃതിയുടെ ഏകദേശം 2.1 ശതമാനം തരിശുഭൂമിയാണ് 1-ാം വാർഡിലെ സാക്ഷരതാ റോഡിനും കോണത്തുപുഴക്കും മദ്ധ്യേ വരുന്ന ഭാഗം, മളേകാട് കരിനീലത്തിലെ കുറച്ചുപ്രദേശം, പുന്നപ്പുഴ, കരിക്കന്തറ, പുത്തൻകാവ് താഴം പാടശേഖരവുമായി ബന്ധപ്പെട്ട പ്രദേശത്തുമായി വ്യാപിച്ചു കിടക്കുന്നു.

# കൃഷിയും ജലസേചനവും

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് ഒരു കാർഷിക പഞ്ചായത്താണ്. ഈ പഞ്ചായത്തിൽ നെല്ല്, തെങ്ങ്, കവുങ്ങ്, റബ്ബർ എന്നിവ നിറഞ്ഞതാണ്. ഇവിടുത്തെ നെൽകൃഷിയുടെ ചരിത്രം വർഷങ്ങളോളം പഴക്കമുണ്ട്. 1928-ലെ സെറ്റിൽ മെൻറ് രേഖകൾ പ്രകാരം പഞ്ചായത്തിലെ കൃഷിഭൂമിയുടെ 95% -ഉം കൃഷി ചെയ്യുന്ന പ്രദേശമായിരുന്നു. പ്രധാനപ്പെട്ട കൃഷിയിടങ്ങളെല്ലാം ആദ്യകാലങ്ങളിൽ ചില ജന്മിമാരുടെ കൈവശമായിരുന്നു. അതുകൊണ്ടു തന്നെ ജന്മിമാരും- തൊഴിലാളികളും തമ്മിൽ കൂലിവർദ്ധനവിനും-മറ്റ് അവകാശങ്ങൾക്കും വേണ്ടിയും ഒട്ടനവധി സമരങ്ങൾ നടന്ന കഥയാണ് കാർഷിക മേഖലമുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിനുള്ളത്. പ്രധാനമായും നെൽകൃഷി നടന്നിരുന്ന പ്രദേശങ്ങൾ, ഉദയംപേരൂർ കരിനിലം, ഇടംപാടം, പുന്നച്ചാൽപാടം കുപ്പിശ്ശേരി പാടം, കോഴിക്കരിപാടം, കമ്പിവേലിക്കകം, കോണത്തു പുഴയുടെ സമീപമുള്ള പാടം എന്നീ പേരുകളിൽ അറിയപ്പെടുന്ന നിലങ്ങളിലാണ്. കാലക്രമത്തിൽ ഈ പ്രദേശങ്ങളിൽ വിളക്രമത്തിലും, കൃഷിയിലും ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

റെവന്യൂ രേഖകളിൽ സമതലങ്ങളിൽ കോണാത്തു പുഴയുടെ സമീപമുള്ള പാടങ്ങളിൽ ചെറിയൊരാംശം ഒഴിച്ച് ബാക്കി മുഴുവനും തരിശ്ശാണ്. പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറൻ തീരപ്രദേശത്തുള്ള ഉദയംപേരൂർ കരിനിലം കൃഷിചെയ്യുന്നുണ്ട്.

1995-ലെ കൃഷി ഭവനിലെ അടിസ്ഥാന വിവര രജിസ്റ്ററിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഉദയംപേരൂർ പഞ്ചായത്തിലെ നെല്ലിൻെറ ഒന്നാം വിള 157 ഹെക്ടർ ഭൂമിയിൽ നിന്നും 241 ടൺ ഉത്പാദനവും രണ്ടാംവിള 109 ഹെക്ടർ ഭൂമിയിൽ നിന്ന് 156 ടൺ ഉത്പാദനവും നടക്കുന്നു. അതായത് 157 ഹെക്ടർ പാടഭൂമിയിൽ കൃഷിചെയ്യുന്നു. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങൾ നികത്തി ഒരു വലിയ കമ്പനിയും സ്ഥാപിച്ചട്ടുണ്ട്. ബാക്കി പ്രദേശങ്ങൾ തരിശുമാണ്. ഭൂപ്രകൃതി അനുസരിച്ച് കൂടുതൽ തീരസമതല

ങ്ങളുള്ള ഈ, പഞ്ചായത്തിൽ 1995-ൻെറ തുടക്കത്തിൽ തെങ്ങു കൃഷിയുടെ വ്യാപനവും ആരംഭിച്ചു. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതോടുകൂടി ഈ ദീർഘവിള വ്യാപനം അതിവേഗതയിലായി. ഉദയംപേരൂർ കരിനിലത്ത് പ്രധാനമായും പൊക്കാളി നെൽവിത്താണ് വിതക്കുന്നത്. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശത്ത് മുണ്ടകനും, ഉദയംപേരൂർ കരിനിലത്തെ പൊക്കാളി കൃഷി കേരളത്തിലെ അപൂർവ്വം വിത്തുകളിൽ ഒന്നാണ്. ഇതുവരെ യാതൊരു മാറ്റവും വരാതെയാണ് ഈ കൃഷി ചെയ്തുവരുന്നത്. ഉത്പാദന ചെലവ് കുറവാണെങ്കിലും

വർഷങ്ങൾക്കു മുമ്പ് കിട്ടികൊണ്ടിരുന്ന ഉത്പാദനം, ഇപ്പോൾ 50% ആയി കുറഞ്ഞിട്ടുണ്ട്. ഇരിപ്പു കൃഷി വിളയുന്ന പാട ശേഖരങ്ങളാണ് കൂടുതലും നികന്നു പോയത്. ഇപ്പോഴുള്ള ഇരിപ്പു കൃഷി പാടങ്ങൾ ഒരു പ്രാവശ്യം കൃഷിയിറക്കി നിർത്തുന്ന അവസ്ഥയും കാണുന്നുണ്ട്. കൃഷി ലാഭകരമല്ല എന്നുള്ളതും പാടങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ മറ്റു തൊഴിൽ അന്വേഷിച്ചു പോയതും, നെൽകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

**ഭൂമി ഉടമസ്ഥരുടെ എണ്ണം**

| | | |
|---|---|---|
| 1-10 സെൻറ് | - | 4614 |
| 10-25 " | - | 1600 |
| 25-50 " | - | 1061 |
| 50-100 " | - | 507 |
| 1-2- ഏക്കർ | - | 254 |
| 2-5- " | - | 600 |
| 5 ഏക്കറിൽ മുതൽ | - | 120 |

ഇരിപ്പു കൃഷി ചെയ്തിരുന്ന എടംപാടം പാടശേഖരം ഇന്ന് കൃഷിക്കാവശ്യമായ വെള്ളം കിട്ടാതെ വിഷമിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് ഇരിപ്പു കൃഷി നടത്തിയിരുന്നപ്പോൾ ആ പാടശേഖരത്തിലേയ്ക്ക് വന്നിരുന്ന തോടുകളിലെ വെള്ളം ചിലപ്രദേശങ്ങൾ നികർത്തിയതുമൂലം അടഞ്ഞതാണ് ഇതിനു കാരണം. അതുകൊണ്ടുതന്നെ ഈ, പ്രദേശങ്ങളിലെ ചില ഭാഗങ്ങൾ നികത്തി വീടുവയ്ക്കുന്ന പ്രവണതയും നിലനിൽക്കുന്നു. നന്നായി ശ്രദ്ധിച്ചാൽ മൂന്നു വിളയായി പച്ചക്കറി കൃഷി നന്നായി ഉത്പാദിപ്പിക്കാൻ പറ്റുന്ന പ്രദേശമാണ്. ഈ പാടശേഖരങ്ങളിൽ നല്ല ഉത്പാദനം നടത്തുന്നതിനുവേണ്ടി ഈ,പാടത്തിനും നടുവിലൂടെ കടന്നു പോകുന്ന കനാൽ, പെരിയാർ വാലി സ്കീമിൽ ബന്ധിപ്പിക്കുകയും മൂഴിക്കൽ പ്രദേശത്ത് ചീപ്പ് വയ്ക്കുകയും വേണമെന്ന

ആവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. ഗ്രൂപ്പ് ഫാമിങ്ങ് ഇല്ലാത്ത ഉദയംപേരൂർ പഞ്ചായത്തിൽ ആദ്യ ഗ്രൂപ്പ് ഫാമിങ്ങ് ഇടംപാടം പാടശേഖരത്തിലൂടെ തുടക്കം കുറിക്കാവുന്ന താണ്. പഞ്ചായത്തിലെ കണ്ടനാട് പുന്നച്ചാൽ പാടം, കുപ്പശ്ശേരി പാടം എന്നീ പാടശേഖരങ്ങളിലെ ഇരിപ്പു കൃഷി വിജയിപ്പിക്കു ന്നതിന് കൃഷി ഭവനിലെ സഹായവും ശ്രദ്ധയും ഉണ്ടാക്കണ മെന്ന ആവശ്യം ഗ്രാമസമഭയിൽ ഉയർന്നു വന്നിട്ടുണ്ട് .ഈ പാടശേഖരങ്ങളിലേയും ഉത്പാദനത്തിന്റെ അളവിൽ ഗണ്യമായ കുറവ് സംഭവിച്ചുട്ടുണ്ട്. കൃഷിക്കാവശ്യമുള്ള വെള്ളവും, തൊഴിലാളികൾ, മറ്റു തൊഴിൽ അന്വേഷിച്ചു പോയതും, അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ അഭാവവും ഇവിടെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ, പാടശേഖരങ്ങളിലൂടെ വിവിധ പ്രദേശങ്ങളിലെ ബന്ധിപ്പിച്ചു കടന്നുപോകുന്ന കോലാരം തോട്, പള്ളിതോട്, പൊട്ടിക്കുറമ്പ തോട് എന്നീ തോടുകളും നടപ്പള്ളികളും, കച്ചേരികുളം, മാങ്കുളം എന്നീ കുളങ്ങളും കൃഷിക്കാവശ്യമായി ഉപയോഗിക്കാവുന്നതാണ്. ഇടവിളയായി പയർ കൃഷി ഈ പാടശേഖരങ്ങളിൽ നന്നായി ചെയ്യാവുന്നതാണ്.

കോണാത്തു പുഴയുടെ ഇരു സൈഡിലും ബണ്ട് കെട്ടി കോണത്തുപുഴയിലേയും പള്ളിത്തോടിലേയും വെള്ളം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി ഇപ്പോഴുള്ള പൂത്തോട്ട കണിയാവള്ളി ഷട്ടറുകൾ നന്നാക്കേണ്ട താണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ തരിശു കിടക്കുന്ന പ്രദേശങ്ങളിൽ ഇപ്പോൾ 'ചെല്ലി' എന്നറിയപ്പെടുന്ന ഒരു തരം പുല്ലാണ് വളരുന്നത്. ഇവിടെ ഇനി കൃഷി ചെയ്യുന്നതിന് ലക്ഷക്കണക്കിനു രൂപ മുതൽ മുടക്ക് ആവശ്യമാണ്. എന്നാൽ ഇവിടെ മത്സ്യ കൃഷി നന്നായി ചെയ്യാൻ പറ്റുന്നപ്രദേശമാണ്.ഉദയംപേരൂർ പഞ്ചായത്തിലെ തെക്കേ അറ്റത്തുള്ള പ്രദേശമായ കമ്പിവേലിക്കകം കരിനിലം പഴയകാലത്ത് നന്നായി കൃഷി ചെയ്തിരുന്നതാണെങ്കിലും, ഇന്ന് തെങ്ങിൻ തോപ്പുകളായും, ചെമ്മീൻ വാറ്റുകേന്ദ്രമായും മാറിയിരിക്കുക യാണ്. പുത്തൻകാവ് താഴത്തുള്ള പാടശേഖരവും ഒരുപ്പൂ നെൽകൃഷിയും, ചെമ്മീൻ വാറ്റും നടത്താവുന്ന പ്രദേശമായും ചൂണ്ടിക്കാണിക്കുന്നു. ഉദയംപേരൂർ കരിനിലത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുറം ബണ്ട് നന്നായി കെട്ടി മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിച്ച് കൃഷി ലാഭകരമാക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

ഉദയംപേരൂർ പഞ്ചായത്തിലെ കൃഷിഭൂമിയിൽ തുടർച്ചയായി പണി ലഭിക്കാത്തതുമൂലം തൊഴിലാളികൾ മറ്റ് തൊഴിലിടങ്ങൾ അന്വേഷിച്ചു പോകുന്നു. കൂടാതെ വികലമായ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കാർഷിക മേഖലയിലേക്ക് ചെറുപ്പക്കാർ കടന്നു വരാത്തത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. കൂടാതെ കാലക്രമത്തിലുള്ള യന്ത്രവൽ ക്കരണവും കൃഷി രീതിയിൽ വരുത്തേണ്ട മാറ്റവും അത്യുത്പാദനശേഷിയുള്ള വിത്തുകളുടെ അഭാവവും, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും നെൽകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

ജനപ്പെരുപ്പം വർദ്ധിച്ചതോടുകൂടി എറണാകുളം നഗരത്തിലേയും അടുത്ത പ്രദേശങ്ങളിലേയും ആളുകൾ ഉദയംപേരൂർ പഞ്ചായത്തിലേയ്ക്ക് എത്തുകയും കുറഞ്ഞ വിലയ്ക്ക് കൃഷി നിലങ്ങൾ വാങ്ങി വീടുവയ്ക്കുന്ന പ്രവണത വളർന്നു വന്നിട്ടുണ്ട്. കൃഷി ഭൂമിയുടെ വിലഗണ്യമായ തോതിൽ വർദ്ധിച്ചതോടുകൂടി കൃഷി ലാഭകരമല്ലാ എന്ന പേരു പറഞ്ഞു കൊണ്ട് ഭൂഉടമകൾ കൃഷി ചെയ്യാൻ താൽപര്യം കാണിക്കുന്നില്ല. അതുകൊണ്ട് പഞ്ചായത്തിലെ കൃഷി ഭൂമിയിൽ വലിയൊരുശതമാനം വെട്ടിക്കുറവാണ് സംഭവിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിലെ വിവിധ പേരുകളിൽ അറിയപ്പെടുന്നതും പണ്ടുകാലത്ത് കൃഷിക്കുപയോഗിച്ചി രുന്നതുമായ തോടുകളും കുളങ്ങളും ഇന്ന് നികത്തപ്പെട്ടു കൊണ്ടിരിക്കുകയാണ്. കൃഷി ഭൂമികൾ ചില ചെറുകിട മുതലാളിമാരിലേയ്ക്ക് കേന്ദ്രീകരിച്ചിരിക്കുന്നതായും കാണാൻ കഴിയും.

| ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | | |
|---|---|---|
| 3.9. കൈവശഭൂമി വിസ്തീർണ്ണം | | |
| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2 ഹെക്ടറിനുമുകളിൽ) |
| 4940 | 311 | 30 |

ഈ പഞ്ചായത്തിലെ അടുത്ത മുഖ്യ വിളയാണ് നാളികേരം. 1320 ഹെക്ടർ ഭൂമിയിൽ തെങ്ങു കൃഷി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലെ ചെറുതും വലുതുമായ കുടുംബങ്ങളിലെ പ്രധാന വരുമാനമാർഗ്ഗമാണ് ഇത്. 1320 ഹെക്ടർ ഭൂമിയിൽ നിന്നും 44.8 ലക്ഷം തേങ്ങ പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഉദയംപേരൂരിലെ തെങ്ങുകളിൽ ശരാശരി ഉൽപ്പാദനക്ഷമത 17 നാളികേരമാണ്. (സംസ്ഥാന ശരാശരി 38 തേങ്ങ) അതായത് സംസ്ഥാന ശരാശരിയുടെ പകുതിയിൽ താഴെയായി തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയുവാനുണ്ടായ കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ കാർഷിക മുറകളാണ്. കൂടാതെ ഈ രംഗത്ത് തെങ്ങുകളെ ബാധിക്കുന്ന വിവിധങ്ങളായ രോഗങ്ങളും ഉൽപ്പാദനം കുറയാൻ ഇടയായിട്ടുണ്ട്. 1320 ഹെക്ടർ ഭൂമിയിലായി കായ്ക്കാത്തതും, കായ്ക്കുന്നതുമായി 270000 തെങ്ങുകളു ണ്ടെന്ന് കൃഷി ഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ റൂട്ട്‌വെൽ, ലീഫ്റോട്ട്, ബഡ്റൂട്ട്, ചെല്ലി മുതലായ രോഗങ്ങൾ ബാധിച്ച് 1,38,400 തെങ്ങുകൾക്ക് രോഗമുണ്ടെന്നു കൃഷി ഭവൻ രേഖകൾ സൂചിപ്പിക്കുന്നു.

ഈ പഞ്ചായത്തിലെ കൃഷിയുമായി ബന്ധപ്പെട്ട് സഹകരണമേഖലയിലെ ബാങ്കുകളെയാണ് കൃഷിക്കാർ

ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിനു വെളിയിലുള്ള കാർഷീക വികസന ബാങ്കുകളേയും പഞ്ചായത്തിൽ തന്നെയുള്ള സഹകരണബാങ്കുകളേയും ചില സന്ദർഭങ്ങളിൽ നാമ മാത്രമായ സഹായം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവാറുണ്ട്. കൃഷിക്കാർ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളിലെ നെല്ല് വിറ്റഴിക്കേണ്ട ആവശ്യം കാര്യമായ തോതിലില്ല. കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരം സഹകരണസംഘങ്ങൾ ഏറ്റെടുത്ത് വിതരണം ചെയ്യപ്പെടുകയാണ്. നാളികേരത്തിൽ നിന്നും ഉൽപന്നങ്ങൾ ഉണ്ടാക്കാതെ മറ്റു പ്രദേശങ്ങളിലേക്ക് കയറ്റി അയക്കുകയാണ്.

കാർഷീകമേഖലയിൽ കൃഷിക്കാരും, കർഷക തൊഴിലാളികളും ഒന്നിച്ച് ഉദ്യോഗസ്ഥൻമാരെയും മറ്റും, സഹായികളായി മാത്രം കണ്ടുകൊണ്ട് പാടത്ത് കേന്ദ്രീകരിച്ച് പണിയെടുക്കണം.

| ഇനം | ജോലിസമയം | കുറഞ്ഞക്കൂലി | കൂടിയ കൂലി |
|---|---|---|---|
| പാടം / പറമ്പ് | 8 മണിക്കൂർ | 80 45 | 125 65 |
| നമ്പർ | 100 എണ്ണം | 15 15 | 20 20 |

അവലംബം - പഠന പര്യാടനം

## കൃഷിഭവൻ

ഉദയംപേരൂർ പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ട ഏക ഓഫീസാണ് കൃഷിഭവൻ. ഒരു കൃഷി ഓഫീസറും 3 സ്റ്റാഫും അടങ്ങുന്ന ഇതിന്റെ ഓഫീസ് മാങ്കായി കവലയിലുള്ള ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൃഷി ഭവൻമൂലം വരുന്ന ആനുകൂല്യങ്ങൾ എല്ലാ വാർഡിലും യഥാസമയത്ത് എത്തുന്ന കാര്യത്തിൽ പോരായ്മയുണ്ട്. കാർഷിക രംഗത്ത് കൃഷിക്കാരുടെ ഒരു ആശ്രയ കേന്ദ്രമായി മാറാൻ ഈ കൃഷിഭവന് കഴിഞ്ഞിട്ടില്ല. പോരായ്മകൾ പരിഹരിച്ച് മാതൃകാ കൃഷിഭവനായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷിക മേഖലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളുടേയും ഒരു ഓഫീസ് ഉദയംപേരൂർ പഞ്ചായത്തിൽ ആരംഭിക്കണം. ഈ സ്ഥാപനങ്ങളുടെ ഒരു ഏകീകരണം പഞ്ചായത്തിൽ വെച്ച് നടത്തി കാർഷികമേഖലയ്ക്ക് ഗുണകരമാക്കണം.

## ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലെ വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 157 ഹെക്ടർ | 241 ടൺ | 1535 K.G. ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 109 ഹെക്ടർ | 166 ടൺ | 1522K.G. ഹെക്ടർ |
| നെല്ല് (മൂന്നാംവിള) | Nil | Nil | Nil |
| പയർ 60ഹെക്ടർ | 60 ഹെക്ടർ | - | - |
| എള്ള് | 5 ഹെക്ടർ | 1200 K.G. | 240 K.G./ ഹെക്ടർ |
| പച്ചക്കറികൾ | 5 ഹെക്ടർ | - | - |
| തെങ്ങ് | 1320 ഹെക്ടർ | 44.8 ലക്ഷം തേങ്ങ | 17 തേങ്ങ / |
| വാഴ | 8 ഹെക്ടർ | 61½ ടൺ | 7680 ഹെക്ടർ |
| മരച്ചീനി | 14 ഹെക്ടർ | 25 ടൺ | 1785 K.G./ ഹെക്ടർ |
| കുരുമുളക് | 32ഹെക്ടർ | 9120K.G. | 285 K.G./ ഹെക്ടർ |
| പ്ലാവ് | 4 ഹെക്ടർ | - | - |
| കശുമാവ് | 12 ഹെക്ടർ | 10800 K.G. | 900 K.G./ ഹെക്ടർ |
| റബ്ബർ | 28 ഹെക്ടർ | 2,000 K.G. | 750 K.G./ ഹെക്ടർ |
| കവുങ്ങ് | 16 ഹെക്ടർ | 24.24 ലക്ഷം | |
| പൈനാപ്പിൾ | ½ ഹെക്ടർ | 6400 K.G. | |

അവലംബം - കൃഷിഭവൻ രജിസ്റ്റർ

ഉദയംപേരൂർ പഞ്ചായത്തിലെ മറ്റൊരു കൃഷിയാണ് പയറു കൃഷി. 30 ഹെക്ടർ ഭൂമിയിൽ പയറു കൃഷി നടക്കുന്നതായി സൂചിപ്പിക്കുന്നു. 60 ഹെക്ടർ ഭൂമിയിൽ നിന്നും, 1200 കി.ഗ്രാം പയറ് ലഭിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ പയർ കൃഷി കുറഞ്ഞു വരുന്നതായി പഞ്ചായത്തിലാകെ നോക്കിയാൽ കാണാൻ കഴിയും. പയർ കൃഷിയിൽ വന്ന കുറവ് കൃഷി ഭൂമിനികത്തലുമായി ബന്ധപ്പെട്ടാണ് പ്രധാനമായും സംഭവിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തി നാവശ്യമായ പയറ് അമിതവില കൊടുത്ത് പുറത്തു നിന്നും വാങ്ങേണ്ട അവസ്ഥയാണ്. പയറു കൃഷി കൂടാതെ 32 ഹെക്ടർ ഭൂമിയിൽ കുരുമുളകു കൃഷിയും 28 ഹെക്ടർ ഭൂമിയിൽ റബ്ബർ കൃഷിയും ചെയ്തു വരുന്നു. ഇതു കൂടാതെ എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി, കശുമാവ്, കവുങ്ങ്, പൈനാപ്പിൾ, കെക്കോ എന്നിവയും നാമ മാത്രമായി കൃഷിചെയ്തുവരുന്നു.

കാർഷിക രംഗത്ത് തൊഴിലുപകരണങ്ങൾ വളരെ വിരളമായിട്ടാണ് പൊതുവേ 3 ട്രാക്ടറും, 7 ട്രില്ലറും 4 നാടൻ കലപ്പയുമാണ് ഈ പഞ്ചായത്തിലുള്ളത്. മരുന്നുതളി ഉപകരണങ്ങളായി റോക്ക് സ്പെയർ 28 എണ്ണം സൂചിപ്പിക്കുന്നു. തെങ്ങുകയറ്റ യന്ത്രം, പോർട്ടബിൾ പമ്പ് സെറ്റ്, എന്നിവയഥാക്രമം 4-ഉം, 76-ഉം ആണ്. ഈ പഞ്ചായത്തയ്യിൽ രാസവള ശാലയില്ല. എന്നാൽ കൃഷിഭവൻ മുഖേന 93-94 കാലയളവിൽ 1650 ടൺ രാസവളം വിതരണം ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ കൃഷി ഭവൻ മുഖേന തെങ്ങ്, കുരുമുളക്, പച്ചക്കറി വിത്ത്, നെൽവിത്ത്, ചേന എന്നിവ വിതരണം ചെയ്തു വരുന്നു. 95-96 കാലയളവിൽ 1950 തെങ്ങൻ തൈകളും, 3820 കുരുമുളകു വള്ളികളും, 435 പാക്കറ്റ് പച്ചക്കറി വിത്തുകളും 385 കി. ഗ്രാം ചേനയും വിതരണം ചെയ്തിട്ടുണ്ട്.

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

### കാർഷികോപകരണങ്ങൾ

| ഉഴവുപകരണങ്ങൾ | | | മരുന്നു തളി ഉപകരണങ്ങൾ | | |
|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | നാടൻ കല്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ |
| 3 | 7 | 4 | 28 | 18 | 12 |

## വിളകളെ ബാധിക്കുന്ന രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും

| വിളകൾ | രോഗങ്ങൾ | | നിവാരണ മാർഗങ്ങൾ |
|---|---|---|---|
| നെല്ല് | തണ്ടുതുരപ്പൻ പുഴു<br>ഓല ചുരുട്ടി പുഴു<br>കുഴൽ പുഴു, ചാഴി<br>പോളരോഗം<br>ഇലപ്പുള്ളി രോഗം | കീടങ്ങൾ<br><br>ഫംഗസ്‌രോഗം | ന്യൂവാക്രോൺ<br>ഡൈമാക്രോൺ<br>മെറ്റാസിസ്, മഘത്തിയോൺ<br>ഹീനോസാൻ<br>ബാവിസ്റ്റിൻ |
| തെങ്ങ് | കൊമ്പൻ ചെല്ലി<br>ചെമ്പൻ ചെല്ലി<br>തെങ്ങോലപുഴു<br>ചിലിബെഗ്<br>കൂമ്പുചീയൽ<br>ഓലചീയൽ<br>കാറ്റു വീഴ്ച<br>ചെന്നിരൊലിപ്പ് | | ബി.എച്ച്. സി. പൊടി<br>കാർബറിൻ മരുന്ന്<br>എക്കാലക്സ്, എൺ ഡോ സൈഫാൻ<br>റോഗർ, എക്കാലക്സ്<br>ബോർഡോനപയ്റ്റ്സ്<br>ബോർഡോമിക്സർ<br>തെങ്ങ് വെട്ടിക്കളയുക<br>ബോർഡോ പെയ്സ്റ്റ് തെയ്ക്കുക,<br>ടാർതേക്കുക |
| വാഴ | കുറുനാസ് രോഗം<br>കരിക്കസ<br>മഞ്ഞളിപ്പ് | | ഫു റുഡാൻ<br>ഫുറുഡാൻ, ബി.എച്ച്. സി<br>ബോർഡോമിശ്രിതം |

## കൃഷിയും ജലസേചനവും

### പ്രശ്നങ്ങൾ

1) മണ്ണിൻെറ ഫലപുഷ്ടി പൊതുവേ മോശമാണ് പ്രത്യേകിച്ച് പാടശേഖരങ്ങളിലെ മണ്ണ്

2) എല്ലാ വിളകൾക്കും രോഗബാധ ഉത്പാദനക്ഷമതയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. നെല്ല്, തെങ്ങ്, റബർ, എന്നിവയ്ക്ക് രോഗബാധയേറെയാണ്.

3) കർഷക തൊഴിലാഴികളെ പാടത്ത് പണികൾക്ക് വേണ്ടത്ര ലഭ്യമല്ല

4) പാടശേഖരങ്ങൾ നികത്തുന്ന പ്രവണത ഗണ്യമായി വർദ്ധിച്ചു വരുകയാണ്.

5) പല പാടശേഖരങ്ങളിലും മുമ്പുണ്ടായിരുന്ന തോട് വീതികുറഞ്ഞ് ജലനിർഗമനത്തിന് മാർഗമില്ലാതെ വെള്ളകെട്ട് അനുഭവപ്പെടുന്നുണ്ട്. പ്രധാനമായും എടംമ്പാടം

6) പെരിയാർ വാലി പൂർത്തീകരിച്ചിട്ടില്ല.

7) കാർഷികോത്പന്നങ്ങളുടെ വില്പനയ്ക്കും സംസ്ക്കരണത്തിനും പര്യാപത്മായ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

8) നമ്മുടെ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗം ഓര് വെള്ളം ഭീഷിണിയുണ്ട്

9) ഉത്പാദന ചെലവ് കൂടുന്നതിനനുസരിച്ച് ഉത്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.

10) കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

11) മിക്കവാറും തോടുകളുടെ അതിരുകൾ കെട്ടി സംരക്ഷിക്കാത്ത അവസ്ഥയാണ്

12) കുളങ്ങളിൽ ഭൂരിഭാഗവും ചെളി നിറഞ്ഞതുകൊണ്ടും വേഗത്തിൽ വറ്റിപ്പോകുന്നു.

### സാധ്യതകൾ

1) നിലവിലുള്ള ജലസേചനം മെച്ചപ്പെടുത്തുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക

2) പാടങ്ങൾ നികർത്തുന്നതിനെതിരെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സാമൂഹ്യ സമ്മർദ്ദം ഉയർത്തികൊണ്ടുവരികയും വേണം.

3) വിത്തു ബാങ്കോ, നേഴ്സറിയോ സ്ഥാപിക്കുക

4) കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി ആഗ്രോക്ലിനിക്കുകൾ ആഗ്രോ സൊസൈറ്റികൾ എന്നിവ സ്ഥാപിക്കുക.

5) മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക

6) തരിശു ഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

7) കാർഷികോൽപ്പന്നങ്ങളുടെ വിപണനവും സംസ്ക്കരണവും സാധ്യമാക്കുന്നതിന് പൊതു മാർക്കറ്റും സംസ്ക്കരണ ശാലയും സ്ഥാപിക്കുക.

8) പച്ചക്കറി കൃഷിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

9) നെൽകൃഷി ലാഭകരമായി മാറുന്നതിന് വിത്തും വളവും കീടനാശിനിയും മറ്റും സൗജന്യമായി ലഭ്യമാക്കുക.

10) ഉദയംപേരൂർ കരിനിലത്തിൻെറ പുറം ബണ്ട് കെട്ടി വൈദ്യുതി കണക്ഷൻ എടുത്ത് ആവശ്യമായ മോട്ടറുകൾ വിതരണം ചെയ്ത് ഉൽപ്പാദനം കാര്യക്ഷമമാക്കുക.

11) ഇടംപാടത്തെ കൃഷിക്കാർക്ക് മനുഷ്യദ്ധ്വാനം കൊണ്ട് തോട് നിർമ്മിച്ച് 3 വിളകൾ ഉൽപ്പാദിപ്പിക്കുക

12) കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

13) സെറികൾച്ചർ സൊസൈറ്റിയുടെ പ്രവർത്തനം പുനർജ്ജീവിപ്പിക്കുക.

14) കുറുമ്പൻകാവ് കുളം വൃത്തിയാക്കി മോട്ടോർ വച്ച് പോട്ടേ പാടത്ത് കൃഷി തൃപ്തികരമാക്കും.

# മൃഗസംരക്ഷണം

ഉദയംപേരൂർ പഞ്ചായത്തിൽ മൃഗങ്ങളെ വളർത്തുന്നതിന് അനുയോജ്യമായ ഒട്ടേറെ ഘടകങ്ങളുണ്ട്. അതുകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിൽപ്പെടുന്ന പകുതിയോളം വരുന്ന കുടുംബങ്ങളിൽ പശു, ആട് എന്നിവ വളർത്തുന്നു. 1987-ലെ കന്നുകാലി സെൻസസ്സ് പ്രകാരം 186-നാടൻ പശുക്കളും 1742- സങ്കര ഇനം പശുക്കളും വളർത്തുന്നുണ്ട്. ഇതിൽ 423 എണ്ണം വിവധ കാരണങ്ങളാൽ കറവ ഇല്ലാത്തവയാണ്. 1987-ലെ സെൻസസ്സ് പ്രകാരം 107 ആടുകളും 147 പട്ടികളും 4 എരുമകളും ഉള്ളതായി സൂചിപ്പിക്കുന്നു. ഇത് കാണിക്കുന്നത് നാടൻ പശുക്കളേക്കാൾ അത്യുല്പാദനശേഷിയുള്ളത് സങ്കര ഇനം പശുക്കളാണെന്നു കാണുന്നു. പശുക്കൾക്ക് പ്രധാനമായും വരുന്ന രോഗങ്ങൾ 95-96-ലെ കണക്ക് പ്രകാരം ദഹന സംബന്ധമായ രോഗങ്ങളാണ്. ഇത് 690 എണ്ണത്തിൽ ഉണ്ടായതായിക്കാണിക്കുന്നു. ആടിനും ഇതേ രോഗങ്ങൾ തന്നെയാണ് കൂടുതലായി ഉണ്ടാവുന്നത്. തൊട്ടു പിന്നാലെ പരാധ രോഗങ്ങളും കൂടുതലായി ഉണ്ടാകുന്നു. ഇത് 504-എണ്ണത്തിൽ ഉണ്ടായതായിക്കാണിക്കുന്നു. 95-96 കാലയളവിൽ പശുക്കളിൽ കൃത്രിമബീജസങ്കലനം 1027 എണ്ണത്തിനു ചെയ്തു. കീടനാശിനികളിൽ 149എണ്ണത്തിന് കൃത്രിമബീജസങ്കലനം നടത്തി.

കന്നുകാലി വളർത്തൽ പൊതുവേ നഷ്ടം എന്ന രൂപത്തിലാണ് രേഖപ്പെടുത്തുന്നത്. കാരണം അമിതമായ കാലിത്തീറ്റയുടെ വില വർദ്ധനവ് തീറ്റപുല്ലിൻെറ ലഭ്യത ഇല്ലായ്മ പാലിന് ആവശ്യമായ വില ലഭിക്കാത്തതുമാണ്. ഈ രംഗത്ത് കാര്യമായി ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ സഹായിക്കുന്നില്ല.

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 696 | - | 321 | 12 | 7 | | | | | 17 |
| 2. | ശ്വാസകോശസംബന്ധം | 162 | | 195 | | | 22 | 2 | | | 13 |
| 3. | ഉപാപചയസംബന്ധം | 174 | | 19 | | | | | | | |
| 4. | ത്വക്ക് രോഗങ്ങൾ | 56 | | 13 | | | | | | | 22 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 182 | | 48 | 14 | | 5 | | | | |
| 6. | പരാദരോഗങ്ങൾ | 504 | | 124 | 11 | 17 | 31 | | | | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 184 | | 42 | 12 | | | | | | |
| 8. | വന്ധ്യത | 31 | | 17 | 4 | | | | | | |
| 9. | അകിടു വീക്കം | 66 | | 20 | | | | | | | |
| 10. | മുടന്തൽ പനി | 40 | | | | | | | | | |
| 11 | പകർച്ച വ്യാധികൾ | | | | | | 25 | 14 | | | |

വളർത്തുപക്ഷികളുടെ കാര്യത്തിൽ 1987 ലെ സെൻസസ്സ് പ്രകാരം മുട്ടയിടുന്ന പിടക്കോഴികളുടെ എണ്ണം 11,000 ആണ്.

പെൺതാറാവുകളുടെ എണ്ണം 10,000 ആണ്. ഇവക്ക് വരുന്ന രോഗങ്ങൾ 95-96-ലെ കണക്കുപ്രകാരം ശ്വാസകോശ സംബന്ധമായവയും പകർച്ചവ്യാധികളും പരാധങ്ങൾ മൂലമുണ്ടാകുന്നവയാണെന്ന് സൂചിപ്പിക്കുന്നു.

## ഗ്രാമത്തിലെ കന്നു കാലികൾ

| പശുക്കൾ | ആടുകൾ | എരുമകൾ | പട്ടികൾ |
|---|---|---|---|
| നാടൻ - 186 | 1077 | 4 | 147 |
| സങ്കരവർഗ്ഗം - 1742 | | | |

1987-ലെ കന്നുകാലി സെൻസസ്സ് പ്രകാരം

## ഗ്രാമത്തിലെ വളർത്തു പക്ഷികൾ

| | |
|---|---|
| പിടക്കോഴികൾ - 11,000 | പെൺതാറാവ് - 10,000 |

മൃഗസംരക്ഷണ വകുപ്പിൻെറ ഓഫീസ് വാടക കെട്ടിടത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതിൻേറയും ഫോണില്ലാത്ത തിൻേറയും ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതിൻേറയും പ്രശ്നങ്ങൾ ഈ സ്ഥാപനത്തിൻെറ സുഗമമായ പ്രവർത്തനത്തിന് തടസ്സം നില്ക്കുന്നു. എന്നാൽ പഞ്ചായത്തിൽ ഒട്ടാകെ ശ്രദ്ധിക്കുന്നതിന് ഇതിൻെറ അധികാരികൾ ശ്രമിക്കുന്നുണ്ട്.

ഐ.പി.ഡി. ബ്ലോക്കിൻെറ ഓഫീസ് ഉദയംപേരൂരിൽ ഉണ്ട് ഇതിൻെറ ഹെഡ്ഓഫീസ്.

## പ്രശ്നങ്ങൾ

1. വെറ്ററിനറി ഡിപ്പാർട്ടുമെൻറിന് ഓഫീസ് ഇല്ല.
2. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്, തീറ്റ പുല്ലിൻെറ അഭാവം.
3. ഉല്പന്നങ്ങൾ ന്യായമായ വില ലഭിക്കായ്ക.

## സാധ്യതകൾ

1. ഉദയംപേരൂർ പഞ്ചായത്തിൻെറ കേന്ദ്രഭാഗത്ത് പഞ്ചായത്ത് സ്ഥലം കൊടുത്ത് എല്ലാ സൗകര്യങ്ങളോടുകൂടി മൃഗാശുപത്രി പണിയുക.
2. എല്ലാ വാർഡിലും അഞ്ച് മുതൽ ഇരുപത് സെൻറ് ഭൂമിയുള്ള തിരഞ്ഞെടുക്കപ്പെട്ട വീടുകളിൽ തീറ്റപുല്ല് വളർത്തുക.
3. ബ്ലോക്ക് അടിസ്ഥാനത്തിലോ, ജില്ലാ അടിസ്ഥാനത്തിലോ നിലവിലുള്ള സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ച് കാലിത്തീറ്റ ഫാക്ടറി അനുവദിച്ച് കാലിത്തീറ്റ ഉല്പാദിപ്പിച്ച് റേഷൻ വിലക്ക് വിതരണം ചെയ്യുക.
4. ഡയറി യൂണിറ്റുകൾ ആരംഭിക്കുക
   - A. രണ്ട് പശു ഒരു യൂണിറ്റ്
   - B. മൂന്ന് പശു ഒരു യൂണിറ്റ്
   - C. 15 വനിതകളുള്ള ഒരു യൂണിറ്റ്
   - D. 5 പശുക്കൾ വീതം മിനി ഡയറി യൂണിറ്റ്
   - E. കിടാരി വളർത്തൽ യൂണിറ്റ്
   - F. പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ്
   - G. എരുമ യൂണിറ്റ്
5. ആടു വളർത്തൽ: ഓരോ വാർഡിലും പത്ത് വീട്ടുകാർക്ക് 20 പെണ്ണാടുകൾ, ഒരു മുട്ടനാടിനെയും കൊടുക്കുക. 2 വർഷം കൊണ്ട് രണ്ട് ആട്ടിൻ കുട്ടികളെ നിശ്ചിത വിലക്ക് പഞ്ചായത്തിനെ തരിച്ചേല്പിക്കുക.
6. പന്നിവളർത്തൽ: അഞ്ച് പെൺപന്നികൾക്ക് ഒരാണ് അടങ്ങിയ ഒരു യൂണിറ്റ്. ഇറച്ചി ആവശ്യത്തിനുള്ള പന്നി വളർത്താനും കൊടുക്കുക.
7. കോഴി വളർത്തൽ: മുട്ടക്കോഴി വളർത്തൽ (വീട്ടുമുറ്റത്ത് കോഴി വളർത്തൽ) . ഓരോ വാർഡിലും കുറഞ്ഞത് നൂറുപേർക്കെങ്കിലും അഞ്ച് മുട്ടക്കോഴികളെ കൊടുക്കണം.
8. സ്ക്കൂൾ പൗൾട്ടറി ക്ലബ്ബ്: സ്ക്കൂൾ തിരഞ്ഞെടുത്ത്, 8-ാം സ്റ്റാൻഡേഡിൽ പഠിക്കുന്ന അൻപത് പെൺക്കുട്ടികൾക്ക് നാല്പത്തഞ്ച്, അറുപത് ദിവസം പ്രായമുള്ള മൂന്ന് കോഴിക്കുഞ്ഞുങ്ങളെ കൊടുക്കുക.
9. ഇറച്ചിക്കോഴി വളർത്തൽ: ഈ മേഖലയിലെ കർഷകരെ സഹകരണ സംഘം കണക്കാക്കി കോഴിക്കുഞ്ഞുങ്ങളുടെ വിതരണം തീറ്റ ഉല്പാദനം ഇറച്ചി സംസ്ക്കരണവും വിതരണവും എന്നിവ ഈ

സംഘത്തിൻെറ കീഴിലാവണം. നമ്മുടെ നാട്ടിൽ കിട്ടുന്ന സാധനങ്ങളുപയോഗിച്ച് തീറ്റ ഉല്പാദനം നടത്തണം.

10. താറാവ് വളർത്തൽ (വീട്ടുമുറ്റത്ത് താറാവ് വളർത്തൽ): ഇരുപത് താറാവ് കുഞ്ഞുങ്ങളെ വീതം കൊടുക്കുന്ന യൂണിറ്റ് ഒരു വാർഡിൽ ഇരുപത് പേർക്ക് കൊടുക്കണം. 500 താറാവിൻെറ യൂണിറ്റ് വാർഡിലെ ആവശ്യമുള്ള ആളുകൾക്ക് കൊടുക്കാം. താറാവ് കുഞ്ഞുങ്ങളുടെ നേഴ്സറി ആലോചിക്കാവുന്നതാണ്.

## സമ്മിശ്ര മൃഗപരിപാലനം

1. മുയൽ വളർത്തൻ: സ്ക്കൂൾ തിരഞ്ഞെടുത്ത് 50 കുട്ടികൾക്ക് ഒരു ജോടി മുയലുകളെ നല്കുക. 9-10 ക്ലാസ്സുകളിലാകുമ്പോൾ ഓരേ ജോടി തിരിച്ച് നല്കണം.



2. കാട വളർത്തൽ: തിരഞ്ഞെടുത്ത വനിതകൾക്ക് 50 കാടകളെ ഉൾക്കൊള്ളുന്ന യൂണിറ്റ്

## സേവന മേഖലകൾ ശക്തിപ്പെടുത്തൽ

പഞ്ചായത്തിന് പൊതുവായി ഒരറവുശാല നിർമ്മിക്കുക. ഈ അറവുശാലയിൽ ഉത്പാദിപ്പിക്കുന്ന മാംസങ്ങൾ എല്ലാ വാർഡ് കേന്ദ്രത്തിലും വിതരണം ചെയ്യാനുള്ള കേന്ദ്രങ്ങൾ നിർമ്മിക്കുക.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന കോഴികളുടെ മേൽ ഡ്യൂട്ടി ഈടാക്കുക.

# മത്സ്യബന്ധനമേഖല

ഏറ്റവും കൂടുതൽ മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന പഞ്ചായത്ത് ആണ് ഉദയംപേരൂർ. മൊത്തം ജനസംഖ്യയുടെ 1/3 കൂടുതൽ മത്സ്യതൊഴിലാളികളാണ്. 2100 വീടുകൾ മത്സ്യതൊഴിലാളികളുടേതായിട്ടുണ്ട്. ഒന്ന്, രണ്ട് വാർഡുകൾ ഒഴിച്ച് ബാക്കിയുള്ള പത്ത് വാർഡുകളിലും മത്സ്യതൊഴിലാളികൾ ഉണ്ട്. ഉൾനാടൻ കായൽ, പുഴ എന്നീ ജലാശയങ്ങളുമായി ബന്ധപ്പെട്ടാണ് മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം നടത്തി പോരുന്നത്. ഉദയംപേരൂർ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്ത് പൂത്തോട്ട മുതൽ വടക്ക് വരെ 8 കി.മീ. നീളത്തിൽ വേമ്പനാട്ടുകായൽ പ്രദേശവും, പൂത്തോട്ടയുടെ ഒരു ഭാഗത്ത് 1/2 കി.മീ. നീളവും തുടർന്ന് കണിയാവള്ളി വരെ നീണ്ടുകിടക്കുന്ന കോണാത്തുപ്പുഴയ്ക്ക് 14 കി. മീറ്റർ നീളമുള്ള പുഴയോരവും ഉണ്ട്. ഇതിൽ 5% മത്സ്യതൊഴിലാളിൾ മാത്രമേ കോണത്തു പുഴയിൽ നിന്നും മത്സ്യം പിടിക്കുന്നത്. ബഹുഭൂരിപക്ഷവും മത്സ്യബന്ധനത്തിനായി ആശ്രയിക്കുന്നത് വേമ്പനാട്ടു കായലി നേയാണ്.

മത്സ്യകൃഷിയും ചെമ്മീൻ കൃഷിയും നടത്തുന്നവർ വളരെ കുറച്ചു മാത്രം. പഞ്ചായത്തിൻെറ വടക്കു ഭാഗമായ തേരേക്കൽ, മാളേക്കാട് എന്നീ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തുന്നുണ്ട്. തെക്ക് പൂത്തോട്ട മുക്കത്തുകരി, വട്ടവയൽ പ്ളാറ്റേഷൻ, കമ്പിവേലിക്കകം, പുത്തൻകാവ് താഴം എന്നീ സ്ഥലങ്ങളിൽ 10 ചെമ്മീൻ വാറ്റു കേന്ദ്രങ്ങളുണ്ട്. കൂടാതെ കോണത്തു പുഴയുമായി ബന്ധപ്പെട്ട് പൂത്തോട്ട കിഴക്കുഭാഗത്ത് ചെമ്മീൻ വാറ്റു കേന്ദ്രമുണ്ട്. ഓരുജല മ്തസ്യകൃഷി നടത്തുന്നതിന് അനുയോജ്യമായതും കൃഷിക്ക് അനുയോജ്യമല്ലാത്തതുമായ ചതപ്പു പ്രദേശങ്ങൾ പുത്തൻകാവ്താഴം, കമ്പിവേലിക്കകം, മുക്കത്തു കരി, എന്നീ പ്രദേശങ്ങളിലും മാളേക്കാട് പ്രദേശങ്ങളിലും ഉണ്ട്. ശുദ്ധജല മത്സ്യകൃഷി വികസിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ പുന്നപ്പുഴ താഴത്തേയും കണ്ടനാട് ഭാഗത്ത് തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ ധാരാളം ഉണ്ട്.

ശുദ്ധജല മത്സ്യകൃഷി നടത്തുവാൻ ഒട്ടനവധി കുളങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ പല കുളങ്ങളും ഉപയോഗ ശൂന്യമായി കിടക്കുന്നു. പത്തു സെൻറ് വിസ്തൃതിയിൽ കൂടുതലുള്ള കുളങ്ങൾ യഥാക്രമം - പൂത്തോട്ട നമ്പ്യാകുളം, ചക്കുകുളം (തെ.പറവൂരിൽ) നടക്കാവ് എസ്.എൻ.ഡി.പി. ക്ഷേത്രത്തിനും മുൻവശത്തുള്ള കുളം, വലിയകുളം, ഉദയംപേരൂർ കണ്ടനാട് ഭാഗത്തുള്ള കച്ചേരിക്കുളം, കുറുമ്പൻ കാവ് കുളം എന്നിവയാണ്. കൂടാതെ സ്വകാര്യമായതും പത്തുസെൻറ് വിസ്തൃതിയിൽ കുറവുള്ളതുമായ ഒട്ടനവധി കുളങ്ങളും പഞ്ചായത്ത് അതൃത്തിയിൽ ഉണ്ട്. മത്സ്യകൃഷി വിപുലീകരിക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങളാണ് ഇതു കാണിക്കുന്നത്.

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് 13 സഹകരണ സംഘങ്ങൾ ഉണ്ട്. 1923-ൽ ആരംഭിച്ച ഉദയംപേരൂർ മത്സ്യതൊഴിലാളി സഹകരണസംഘം 748-ൽ ആണ് ആദ്യത്തെ മത്സ്യതൊഴിലാളി സഹകരണ സംഘം. ഇത് ക്രെഡിറ്റ് സൊസൈറ്റിയാണ്. തൊഴിലാളികൾക്ക് വായ്പ സൗകര്യം പ്രധാന്യം ചെയ്യുന്നതാണ്. സംഘത്തിൻെറ പ്രധാന പ്രവർത്തനം നിലവിൽ 1325- അംഗങ്ങൾ ഉണ്ട്. ഉദയംപേരൂർ കക്കവ്യവസായ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിക്കുവാൻ സാങ്കേതിക കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. മത്സ്യതൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് പതിനൊന്ന് ഉൾനാടൻ മത്സ്യതൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

1. ഉദയംപേരൂർ നോർത്ത് തൃപ്പൂണിത്തുറ തെക്കുംഭാഗം മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണ സംഘം - FC 30/91 cz
2. ഫിഷർമെൻ കോളനി മത്സ്യതൊഴിലാളി ഉൾനാടൻ സഹകരണസംഘം - FC 81/96 cz
3. ഉദയംപേരൂർ മദ്ധ്യമേഖല മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം - FC 64/96 cz
4. പി.കെ.എം. മത്സ്യതൊഴിലാളി വികസന ഉൾനാടൻ വനിത സഹകരണസംഘം - FC 74/96 cz
5. ആനന്ദദായിനി മത്സ്യതൊഴിലാളി വികസന ഉൾനാടൻ വനിത സഹകരണസംഘം - FC 84/96 cz

6. ഉദയംപേരൂർ തെക്കും ഭാഗം മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം - FC 63/96 cz

7. സൗത്ത് പറവൂർ വടക്കും ഭാഗം മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം - FC 63/96 cz

8. വടക്കും ഭാഗം ചക്കത്തുകാട് മത്സ്യതൊഴിലാളി വികസന സഹകരണസംഘം - FC 83/96 cz

9. തെ. പറവൂർ മത്സ്യതൊഴിലാളി, ഉൾനാടൻ വികസന വനിതാ സഹകരണസംഘം - FC 73/96 cz

10. ത്രിക്കാട് മത്സ്യതൊഴിലാളി ഉൾനാടൻ വികസന വനിതാ സഹകരണസംഘം - FC 82/96 cz

11. പൂത്തോട്ട മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം - FC 62/96 cz

പഞ്ചായത്തിൽ എല്ലാ കാലത്തും മത്സ്യം ലഭിക്കുന്നുണ്ട്. പ്രധാനമായും കായൽ മത്സ്യങ്ങളും പുഴ മത്സ്യങ്ങളുമാണ് ലഭിക്കുന്നുത്. കൂടാതെ കടൽ മത്സ്യങ്ങൾ സുലഭമായി ലഭിക്കുന്നുണ്ട്. ജൂൺ-ജൂലൈ മാസങ്ങളിലാണ് പൊതുവേ മത്സ്യങ്ങൾ മുട്ട ഇടുന്നത്. ഈ കാലയളവിൽ കടൽ മത്സ്യങ്ങൾ സുലഭമായി ലഭിക്കുന്നില്ല. ആറ്റുകൊഞ്ച്, വിവിധയിനം ചെമ്മീനുകൾ എന്നിവയും ലഭിക്കുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇവയുടെ ഇപ്പോഴത്തെ ലഭ്യത കുറഞ്ഞുവരികയാണ്.

മത്സ്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് നിലവിൽ 3 പീലിംഗ് ഷെഡ് മാത്രമേ പ്രവർത്തിക്കുന്നുള്ളു. 10 പീലിംഗ് ഷെഡുകൾ നല്ല രീതിയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. വേണ്ടത്ര രീതിയിൽ ചെമ്മീൻ കിട്ടാതെ വന്നതു കൊണ്ടാണ് ഈ പീലിംഗ് ഷെഡുകൾ നിന്നു പോയത്.

മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ശരാശരിയേ ക്കാൾ താഴെയാണ്. പാർപ്പിട സൗകര്യത്തിൻെറ കാര്യത്തിൽ വളരെ ഞെരുക്കുണ്ട്. 1977 നു മുമ്പ് ബഹുഭൂരിപക്ഷം വീടുകളും കുടിലുകളായിരുന്നു. ഭൂപരിഷ്കരണത്തിലൂടെ യാണ് 99% നു ഭൂമി സ്വന്തമായി ലഭിച്ചത്. നിലവിൽ 10 സെൻറ് കുടികിടപ്പിൽ ശരാശരി 3 വീടുകൾ വീതം ഉണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻേറതായ ഒരു കോളനി പഞ്ചായത്തിൽ ഉണ്ട്. ഊദയംപേരൂർ ഫിഷർമെൻ കോളനി മത്സ്യതൊഴിലാളികളുടെ മക്കൾ പൊതുവെ സ്ക്കൂളിൽ പോകുന്നവരാണ്. എന്നാൽ 50 വയസിനു മേൽ പ്രായമുള്ളവരിൽ അക്ഷരജ്ഞാനം നേടിയവരുടെ എണ്ണം കുറവാണ്. സാക്ഷരതാ യജ്ഞത്തിലൂടെ നിരക്ഷരരുടെ തോത് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞെങ്കിലും നിരക്ഷരർ ഇനിയും ഈ മേഖലയിൽ അവശേഷിക്കുന്നുണ്ട്. അതിൽ വിശിഷ്യ സ്ത്രീകളാണ്.

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ 20%ത്തോളം വരുന്ന മത്സ്യതൊഴിലാളി സ്ത്രീകൾ മത്സ്യകച്ചവടത്തിനു പോകുന്നവരാണ്. ജില്ലയിലെ വിവിധ മാർക്കറ്റുകളിലാണ് മത്സ്യകച്ചവടത്തിനുപോകുന്നത്. പറവൂർ മാർക്കറ്റിൽ നിന്നും സർവ്വീസ് നടത്തുന്ന മത്സ്യഫെഡിൻെറ വനിതാബസ്, ഈ രംഗത്ത് പണിയെടുക്കുന്നവരെ സഹായിക്കുന്നുണ്ടെങ്കിലും പിറവം, ആരക്കുന്നം എന്നീ കിഴക്കൻ പ്രദേശങ്ങളിൽ മത്സ്യക്കച്ചവടത്തിനു പോകുന്നവരുമായി അപകടകരമായവിധം ടെമ്പോ വാനിലാണ്.

'തരകൻ' മാരുടെ കനത്ത ചൂഷണത്തിന് ഇവർ ഇരയാകുന്നുണ്ട്. പഞ്ചായത്തിൽ മത്സ്യവിപണനവുമായി ബന്ധപ്പെട്ട് രണ്ടു പൊതുമാർക്കറ്റുകളുണ്ട്. തെക്കൻ പറവൂർ മാർക്കറ്റ് പഞ്ചായത്തിൻെറ അധീനതയിലും, ഉള്ളാടൻ വെളി മാർക്കറ്റ് 748-ാം നമ്പർ സഹകരണ സംഘത്തിൻെറ അധീനതയിലുമാണ്.

ഫിഷറീസ് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ഒരു ഫിഷറീസ് ആശുപത്രിയുടെ ഒ.പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ ഫിഷറീസ് വെൽഫെയർ ഓഫീസും അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതൊഴിച്ചാൽ മറ്റൊന്നും ഈ പഞ്ചായത്തിൽ ഇല്ല.

## മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. 15 മുതൽ 25വരെ അംഗങ്ങളുള്ള ഒരു മത്സ്യതൊഴിലാളി ഗ്രൂപ്പിന് വള്ളം, വല, എഞ്ചിൻ മതുലായ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 4 ലക്ഷം രൂപയും 5 പേരടങ്ങുന്ന ഗ്രൂപ്പിന് 1.50 ലക്ഷം രൂപയും 2 പേരടങ്ങുന്ന ഗ്രൂപ്പിന് ചെറുവഞ്ചിയും വലയും വാങ്ങുവാൻ 15,000 രൂപയും വായ്പ ലഭിക്കുന്നു. മൂന്നു വർഷത്തെ കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടക്കുന്ന ഗ്രൂപ്പുകൾക്ക് 25% വായ്പാ സബ്സിഡി നൽകുന്നു. പലിശ നിരക്ക് 14.25%

2. ഭവനരഹിതരായ മത്സ്യതൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് 21,500 രൂപയും (9000

സബ്സിഡി) കക്കൂസ് നിർമ്മിക്കുന്നതിന് 2000 രൂപയും (750 രൂപസബ്സിഡി) 9.5% പലിശ നിരക്കിൽ 10 വർഷത്തെ കാലാവധിയിൽ നൽകി വരുന്നു. കൂടാതെ വീട് റിപ്പയർ, തഴപ്പായ നിർമ്മാണം, ഓട്ടോറിക്ഷ, മിനിലോറി, കോൾഡ് സ്റ്റോറേജ് വായ്പകളും മത്സ്യഫെഡ് നൽകി വരുന്നു.

## പ്രശ്നങ്ങൾ

1. മ്തസ്യകൃഷിക്ക് അനുയോജ്യമായ ഇടങ്ങളുണ്ട്. എന്നാൽ കൃഷിക്കാവശ്യമായ സഹായങ്ങളും വിവരങ്ങളും ലഭിക്കുന്നില്ല
2. കൃഷിഭവനുസമാനമായി കേരളസർക്കാർ ആരംഭിക്കുവാൻ പോകുന്ന 'മത്സ്യഭവൻ' ഉദയംപേരൂർ പഞ്ചായത്തിൽ ആരംഭിക്കണം.
3. പഞ്ചായത്തിൽ നിലവിൽ ഐസ്പ്ളാൻറ് ഇല്ല. മത്സ്യസംസ്ക്കരണത്തിന് ഇതു തടസമായി നില്ക്കുന്നു. ഫീലിംഗ് ഷെഡുകൾ പുനരാരംഭിക്കുന്നതിന് ഇതു തടസമായി നിൽക്കുന്നു.
4. മാർക്കറ്റുകളിൽ ഫ്രീസിംഗ് സൗകര്യം ഇല്ല. തന്മൂലം മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം നടത്തുന്നതിന് കഴിയുന്നില്ല.
5. മത്സ്യബന്ധന ഇടങ്ങൾ ചുരുങ്ങുന്നവിധം കായൽ പുറമ്പോക്കുകൾ സ്വകാര്യ വ്യക്തികൾക്ക് അനധികൃതമായി പതിച്ചുകൊടുക്കുന്നു.
6. മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുവാനുള്ള തടസങ്ങൾ ലഘൂകരിക്കണം. നിലവിൽ അമിതവില കൊടുത്ത് സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങേണ്ട അവസ്ഥയാണ്.
7. മാർക്കറ്റുകൾ കേന്ദ്രീകരിച്ച് 'തരകൻ'മാർ അമിതമായ പലിശ ഈടാക്കിയാണ് മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് പണം നൽകുന്നത്. മാർക്കറ്റ് കേന്ദ്രീകരിച്ച് ക്രെഡിറ്റ് സൊസൈറ്റി ആരംഭിക്കണം.
8. മത്സ്യബന്ധന ഉപകരണങ്ങൾ ചുരുങ്ങിയ വിലയ്ക്ക് സൊസൈറ്റി വഴി വിതരണം ചെയ്യണം.

## സാദ്ധ്യതകൾ



1. പൂത്തോട്ട മുതൽ വടക്കോട്ട് തേരേക്കൽ ഭാഗം വരെ 8കി. മീ. നീളത്തിൽ കിടക്കുന്ന വേമ്പനാട്ടുകായലിൻെറ തീരവുമായി ബന്ധപ്പെട്ട് കരയിൽ നിന്നും 75 മീറ്റർ പുറത്തേക്കുമാറി കല്ലുകെട്ടണം. ഇതുമൂലം മണ്ണൊലിപ്പു തടയുന്നതിനും നികർത്തിയ പുറബണ്ടിനോട് അനുബന്ധിച്ച് നാളികേര കൃഷി നടത്തുവാനും അനയോജ്യമായ ഇടങ്ങളിൽ മത്സ്യകൃഷി നടത്തുവാനും കഴിയുന്നു. കൂടാതെ പാർപ്പിടപ്രശ്നത്തിന് ചെറിയ പരിഹാരം കാണുന്നതിനും ഇതു വഴി സാധിക്കുന്നു.
2. മത്സ്യഭവനുകൾ സ്ഥാപിച്ച് മത്സ്യം വളർത്തുവാൻ കഴിയുന്ന ചെറുതും വലുതുമായ കുളങ്ങളിൽ മത്സ്യകൃഷിക്ക് ആവശ്യമായ സഹായങ്ങൾ ലഭിച്ചാൽ ആവശ്യമായ മത്സ്യങ്ങൾ ഉദ്പാദിപ്പിക്കാൻ കഴിയും.
3. നിലവിൽ ഉപയോഗമല്ലാത്ത പുത്തൻകാവ്, താഴം, മുക്കത്തുകരി, മാളേകാട് എന്നീ വേമ്പനാട്ടുകായലുമായി ബന്ധപ്പെട്ടു കിടക്കുന്ന പാടശേഖരങ്ങളിൽ ചെമ്മീൻ കൃഷി ശാസ്ത്രീയ അടിസ്ഥാനത്തിൽ ആരംഭിക്കണം.
4. പുന്നപ്പുഴ, കരിക്കൻ തറ, പുന്നച്ചാലിൽ എന്നീ പാടങ്ങളിൽ ആഴം കൂടി കൃഷിയ്ക്കു ഉപയുക്തമല്ലാത്ത ഭാഗങ്ങളിൽ ശുദ്ധജല മത്സ്യകൃഷി നടത്തണം.
5. പൂത്തോട്ട മുതൽ വടക്ക് കണിയാവള്ളി വരെ നീണ്ടുകിടക്കുന്ന കോണത്തുപുഴയുടെ ഇരു വശവും കല്ലുകെട്ടി ആഴം കൂട്ടി മത്സ്യകൃഷിയും, നാളികേര കൃഷിയും ആരംഭിക്കണം. ഇത് മണ്ണൊലിപ്പ് തടയുന്നതിനും ഇടയാക്കുന്നു.
6. തെക്കൻ പറവൂർ മാർക്കറ്റിനോടനുബന്ധിച്ച് ഫ്രീസിംഗ് പ്ളാൻറ് തുടങ്ങണം. പെരുമ്പളം, ചെമ്പ് എന്നീ പഞ്ചായത്തുകളിലെതടക്കം നിരവധി കടൽ മത്സ്യങ്ങളും വന്നു ചേരുന്ന ഇവിടെ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഇപ്പോൾ സൗകര്യം ഇല്ല.

# വിദ്യാഭ്യാസം

32,500-ൽ പരം ജനങ്ങളുള്ള തീരദേശഗ്രാമമായ ഉദയംപേരൂരിൽ സാക്ഷരതാനിരക്ക് 94% വരുന്നു. അഭിമാനാർഹമായ നേട്ടത്തിൻ പിന്നിൽ പ്രവർത്തിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനത്തിന് 300-ൽ പരം വർഷത്തെ ചരിത്രമുണ്ട്. ഏ.ഡി.802-ൽ തെക്കൻ പറവൂരിൽ സ്ഥാപിച്ച സെൻറ്. ജോൺ പള്ളി അങ്കണത്തിൽ ആയിരുന്നു തുടക്കം. ഇത് ഏകദേശം മുന്നൂറ് വർഷങ്ങൾക്കപ്പുറം 'ഇസ്ക്കോള' എന്ന പേരിൽ ഒന്നാം തരവും രണ്ടാം തരത്തിലും വിദ്യാഭ്യാസം നടത്തിയിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഏതായാലും ആയിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് ജനുവരി ഒന്നാം തീയതി തറക്കല്ലിട്ട് ആരംഭിച്ച് 'തിരുകുടുംബം' (ഹോളിഫാമിലി ലിറ്റിൽ പ്രൈമറി സ്ക്കൂൾ) ആണ് ഉദയംപേരൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം . ആദ്യത്തെ അപ്പർ പ്രൈമറി സ്ക്കൂൾ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, തെക്കൻ പറവൂരിൽ സ്ഥാപിച്ച ലിറ്റിൽ ഫ്ളവർ അപ്പർ സ്ക്കൂൾ ആണ്. വൈക്കത്തിനും തൃപ്പൂണിത്തുറയ്ക്കുമിടയിൽ അക്കാലത്ത് ഉണ്ടായിരുന്ന ഏക ഇംഗ്ലീഷ് മീഡിയം സ്ക്കൂളും ഇതു തന്നെ. 1935-ൽ, തിരുവിതാംകൂർ സഹകരണ സംഘം രജിസ്ട്രാർ ആയിരുന്ന ശ്രീ. ബി. ഗോവിന്ദപ്പിള്ള ആയിരുന്നു ഈ സരസ്വതി ക്ഷേത്രത്തിന് തറക്കല്ലിട്ടത്. ആദ്യത്തെ ഹൈസ്ക്കൂൾ 1950-51 കാലത്ത് ആരംഭിച്ച് എസ്.എൻ.ഡി.പി. ഹൈസ്ക്കൂളുമാണ്. ഇന്ന് ഒരു ബി.എഡ് ട്രെയിനിംഗ് സെൻററുൾപ്പെടെ ഒരു പ്ളസ് ടുവും, വി.എച്ച്.എസ്.എസ്., മൂന്നു ഹൈസ്ക്കൂളുകളും ഒരു ഐ.റ്റി.സി.യും. പഞ്ചായത്തിൻെറ വിദ്യാഭ്യാസ സൗകര്യം വിളിച്ചോതുന്ന വിധം വളർന്നു വലുതായിരിക്കുന്നു.

ഉദയംപേരൂർ പഞ്ചായത്തിൻെറ എല്ലാ വാർഡുകളുമായി ബന്ധപ്പെട്ട വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. ഏഴ് ലോവർ പ്രൈമറി സ്ക്കൂൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്നു. ഇതിൽ പൂത്തോട്ട ഗവ. ജെ.ബി.എസ്, നടക്കാവ് ജെ.ബി.എസ്, വി.ജെ.ബി.എസ് വലിയകുളം, എൽ.പി.എസ്. മാളേകാട്, ജെ. ബി. എസ് കണ്ടനാട് എന്നീ വിദ്യാലയങ്ങൾ സർക്കാർ അധീനതയിലും എച്ച്. എഫ്. എൽ.പി. തെ.പറവൂർ, സെ:സെബാസ്റ്റ്യൻസ് എന്നീ സ്ക്കൂളുകൾ സ്വകാര്യ മാനേജ്മെൻറിൻെറ കീഴിലും പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ പ്രൈമറി സ്ക്കൂൾ ജെ.ബി.എസ്. നടക്കാവ് ആണ്.

അപ്പർ പ്രൈമറി നിലവാരത്തിൽ പ്രവർത്തിക്കുന്ന അഞ്ച് സ്ക്കൂളുകൾ ഈ പഞ്ചായത്തിനുണ്ട്. ഇതിൽ ഒന്നു പോലും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നില്ല. മൂന്നു യു.പി.സ്ക്കൂളുകൾ പ്രവർത്തിക്കുന്നത് ഹൈസ്ക്കൂൾ വിഭാഗത്തോടുകൂടിയതാണ്. ഇവ കെ.പി.എം.എച്ച് സ്ക്കൂൾ, എസ്.എസ്.ഡി.പി., വി.എച്ച്.എസ്.എസ്, സെൻറ് മേരീസ് എച്ച്. എസ്. കണ്ടനാട് എന്നിവയാണ്.

1950-വരെ ഹൈസ്ക്കൂൾ നിലവാരത്തിൽ പഠിക്കണമെങ്കിൽ പഞ്ചായത്തു അതിർത്തിക്ക് വെളിയിൽ പോകണമായിരുന്നു. പഞ്ചായത്തിൻെറ മദ്ധ്യഭാഗമായ നടക്കാവ് കേന്ദ്രീകരിച്ച് 1950-51 കാലഘട്ടത്തിൽ എസ്.എൻ.ഡി.പി. മാനേജ്മെൻറിൻെറ കീഴിൽ ആദ്യത്തെ ഹൈസ്ക്കൂൾ നിലവിൽ വന്നു. 1962-ൽ തുടങ്ങിയ കെ.പി.എം.എച്ച് സ്ക്കൂൾ പൂത്തോട്ട തുടർന്ന് കണ്ടനാട് ഭാഗത്ത് ആരംഭിച്ച സെൻറ് മേരീസ് ഹൈസ്ക്കൂൾ ഉൾപ്പെടെ മൂന്നു ഹൈസ്ക്കൂൾ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിച്ചു വരുന്നു. ഇതു മൂന്നും മാനേജ്മെൻറിൻെറ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ പഞ്ചായത്തിൻെറ തെക്ക്, മദ്ധ്യ, വടക്കു ഭാഗങ്ങളിലായി ഹൈസ്ക്കൂൾ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇന്നു പഞ്ചായത്തിലുണ്ട്.

ഓരോ ഹൈസ്ക്കൂളിൻേറയും ശരാശരി ദൂരപരിധി 2 കി.മീറ്ററിനുള്ളിലാണ്.

എസ്.എൻ.ഡി.പി. സ്ക്കൂളിൽ പ്ളസ് ടു കോഴ്സും കൂടി ആരംഭിച്ചു. ഇതേ കാലത്താണ് പൂത്തോട്ട കെ.പി.എം.

ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്തിലെ ഏറ്റവും ഉന്നതമായ വിദ്യാഭ്യാസ സ്ഥാപനം സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ ബി.എഡ്. ട്രെയിനിംഗ് കോളേജാണ്. ഇത് പൂത്തോട്ട കെ.പി.എം. ഹൈസ്ക്കൂൾ അങ്കണത്തോട് ചേർന്നു പ്രവർത്തിച്ചു വരുന്നു.

സാങ്കേതിക വിദ്യഭ്യാസ രംഗത്തും തനതായ സ്ഥാപനങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. പൂത്തോട്ട ശ്രീനാരായണ ഐ.റ്റി.സി. എഞ്ചിനീയറിംഗ് രംഗത്ത് പരിജ്ഞാനം നല്കുന്നതിന് ഉദ്ദേശിച്ചു തുടങ്ങിയിട്ടുള്ളതാണ്.



പഞ്ചായത്തിൽ ഒട്ടാകെ, അഞ്ച് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ പൂത്തോട്ട പുത്തൻകാവ്, പറവൂർ കൊച്ചുപള്ളിയ്ക്ക് സമീപം എന്നീ സ്ഥലങ്ങളിലാണ്. ബഹുഭൂരിപക്ഷവും പെൺകുട്ടികളാണ് പരിശീലനം നടത്തിപോരുന്നത്.

# വിദ്യാലയ വിവരങ്ങൾ

| സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികളുടെ എണ്ണം | | അദ്ധ്യാപകരുടെ എണ്ണം | |
|---|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | പുരുഷൻമാർ | സ്ത്രീകൾ |
| **എൽ. പി. വിഭാഗം** | | | | | |
| 1. ജെ.ബി.എസ്. എൽ.പി. സ്കൂൾ, നടക്കാവ് | ഗവൺമെന്റ് | | | 1 | 4 |
| 2. ജെ.ബി.എസ്. പൂത്തോട്ട | സർക്കാർ | 111 | 109 | 2 | 8 |
| 3. ഹോളിഫാമിലി എൽ. പി. സ്കൂൾ | എയ്ഡഡ് | 113 | 126 | 0 | 8 |
| 4. ജെ.ബി.എസ് എൽ.പി. സ്കൂൾ, കണ്ടനാട് | സർക്കാർ | 63 | 83 | 1 | 4 |
| 5. ഗവൺമെന്റ് ഹരിജൻ വെൽഫയർ എൽ.പി. സ്കൂൾ, മാളേകാട് | സർക്കാർ | 33 | 42 | 1 | 3 |
| 6. സെൻറ് മേരീസ് എൽ.പി. സ്കൂൾ, കൊച്ചുപള്ളി | അൺ എയ്ഡഡ് | ലഭ്യമല്ല | | | |
| 7. വി.ജെ.ബി.എസ്. വലിയകുളം | സർക്കാർ | | | 0 | 9 |
| 8. പട്ടേൽ മെമ്മോറിയൽ യു.പി. സ്കൂൾ | എയ്ഡഡ് | 125 | 117 | | |
| **യു.പി.വിഭാഗം** | | | | | |
| 1. കെ.പി.എം. വി.എച്ച്.എസ്.എസ്. | എയ്ഡഡ് | 157 | 164 | | |
| 2. പട്ടേൽ മെമ്മോറിയൽ യു.പി സ്കൂൾ | എയ്ഡഡ് | 92 | 86 | 10 | 8 |
| 3. എൽ.എഫ്. യു.പി സ്കൂൾ, തെ. പറവൂർ | എയ്ഡഡ് | 153 | 136 | 9 | 1 |
| 4. എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്, ഉദയംപേരൂർ | എയ്ഡഡ് | 457 | 301 | | |
| 5. സെൻറ് മേരീസ് യു.പി. കണ്ടനാട് | എയ്ഡഡ് | ലഭ്യമല്ല | | | |
| **ഹൈസ്കൂൾ വിഭാഗം** | | | | | |
| 1. എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്, ഉദയം പേരൂർ | എയ്ഡഡ് | 628 | 441 | | |
| 2. കെ.പി.എം.വി.എച്ച്.എസ്.എസ്, പൂത്തോട്ട | എയ്ഡഡ് | 450 | 395 | 28 | 17 |
| 3. സെൻറ് മേരീസ് എച്ച്.എസ്, കണ്ടനാട് | എയ്ഡഡ് | 183 | 170 | 7 | 18 |

പത്തൊമ്പത് അംഗനവാടികൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചു വരുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്ന അനുപാതം ചില വാർഡുകളിൽ അപര്യാപ്തവും ചില വാർഡുകളിൽ കൂടുതലുമാണ്. വാർഡ് 12-ൽ 3 അംഗനവാടിയും, 8-ാം വാർഡിൽ 4-അംഗനവാടികളും പ്രവർത്തിക്കുമ്പോൾ 11,10,6 എന്നീ വാർഡുകളിൽ ഒരു അംഗനവാടികൾ വീതമേ ഉള്ളൂ. അംഗനവാടികളിൽ ബഹുഭൂരിപക്ഷത്തിനും (18 എണ്ണം) സ്വന്തം കെട്ടിടം ഇല്ല. മാളേക്കാട് പ്രവർത്തിക്കുന്ന അംഗനവാടിക്ക് സ്വന്തം കെട്ടിടം ഉണ്ട്. പഞ്ചായത്ത് 4 സെൻറ് കോളനിയുമായി ബന്ധപ്പെട്ട അടുത്തയിടെ 3 അംഗനവാടികൾക്ക് സ്ഥലം അളന്നു നല്കിയിട്ടുണ്ട്. ബാക്കി വരുന്ന 14 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. അംഗനവാടികളുടെ പ്രവർത്തനം ഉയർത്തികൊണ്ടു വരേണ്ടതുണ്ട്. കുട്ടികളുടെ അഭിരുചികൾക്ക് അനുസൃതമായി കളിക്കോപ്പുകൾ, മറ്റു ആകർഷണീയമായ സാധനങ്ങൾ എന്നിവ കരസ്ഥമാക്കിയെങ്കിൽ മാത്രമെ അംഗനവാടികളുടെ നിലവാരം ഉയർത്തുവാനും ആകർഷിക്കുവാനും കഴിയുകയുള്ളൂ.

ഏഴ് നേഴ്സറി സ്ക്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മാളേക്കാട് പ്രവർത്തിക്കുന്നത് പ്രി-പ്രൈമറി സ്ഥാപനമാണ്. മറ്റുള്ള നേഴ്സറികൾ പ്രവർത്തിച്ചുവരുന്നത് യഥാക്രമം വാർഡ് 1,3,10,11,12 എന്നീ വാർഡുകളിലുമാണ്. പ്രതിമാസം നിശ്ചിത ഫീസ് ഈടാക്കുന്നവയാണ് ഇതെല്ലാം. പഞ്ചായത്തിലെ ഏക പള്ളിക്കൂടം 7-ാം വാർഡിൽ അരേശ്ശേരി ക്ഷേത്ര പരിസരത്തുള്ളതാണ്.

**പഞ്ചായത്തു പരിധിയിലെ വിദ്യാലയങ്ങളുടെ എണ്ണം**

| ക്രമ: | വിഭാഗം | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | ആകെ |
|---|---|---|---|---|---|
| 1. | ബി. എഡ്. കോളേജ് | - | 1 | - | 1 |
| 2. | വി.എച്ച്.എസ്.എസ്. | - | 1 | - | 1 |
| 3. | പ്ലസ് ടു കോഴ്സ് | - | 1 | - | 1 |
| 4. | ഹൈസ്ക്കൂൾ | - | 3 | - | 3 |
| 5. | അപ്പർപ്രൈമറി | - | 5 | - | 6 |
| 6. | ലോവർ പ്രൈമറി | 5 | 2 | - | 7 |
| 7. | അംഗനവാടികൾ | 19 | - | - | 19 |
| 8. | നേഴ്സറികൾ | - | - | 4 | 4 |
| 9. | കുടിവെള്ളം | - | - | 1 | 1 |
| 10. | സാങ്കേതികം | - | - | 5 | 5 |
| | | | | ആകെ | 48 |

പഞ്ചായത്തിൽ നിലവിൽ നാല് പാരലൽ കോളേജുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിൽ ഉദയംപേരൂർ കവലയ്ക്കു സമീപം പ്രവർത്തിക്കുന്നത് സ്റ്റെല്ലാമേരീസ് ഉയർന്ന നിലവാരം പുലർത്തുന്നു. കേവലം പെൺകുട്ടികൾക്കു മാത്രം പ്രവേശനം ഉള്ളതുമാണ്. മറ്റുള്ള പ്രതിഭ നടക്കാവ്, മെരിറ്റ് പൂത്തോട്ട, ട്യൂഷൻ സെൻറർ ഉദയംപേരൂർ കവല എന്നിവയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് പാരലൽ കോളേജുകൾ കുറഞ്ഞു വരുന്ന അവസ്ഥയാണ്. സഹകരണാടിസ്ഥാനത്തിൽ പാരലൽ കോളേജ് തുടങ്ങുന്നത് ഈ രംഗത്തു പ്രവർത്തിക്കുന്നവർക്കും സ്ഥിരതയും മെച്ചപ്പെട്ട വരുമാനവും ഉറപ്പുവരുത്തുവാൻ കഴിയുന്നതുമാണ്.

## വിജയ ശതമാനം

| സ്കൂളിൻെറ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| S.N.D.P. High Secondary School, Udayamperoor | 62% | 59% | 56% | 54% | 52% |

## വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള പ്രശ്നങ്ങൾ

1. ലോവർ പ്രൈമറി സ്ക്കൂളുകൾ എല്ലാ വാർഡുകളിലെ ഒരു കിലോമീറ്റർ പരിധിയ്ക്കുള്ളിൽ ഉണ്ടെങ്കിലും അപ്പർ പ്രൈമറി സ്ക്കൂളിൻേറയും ഹൈസ്ക്കൂളിൻേറയും കാര്യത്തിൽ ഒന്നിലേറെ കിലോമീറ്റർ പോകണം.

2. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളുടേയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. എൽ. പി. നിലവാരത്തിൽ കണ്ടനാട് ജെ.ബി.എസ്. സ്ക്കൂൾ ആവശ്യമായ ജനാലയും വാതിലുകളും ഇല്ല. തെക്കൻ പറവൂർ ഹോളിഫാമിലി എൽ.പി. സ്ക്കൂളിനു ഒരു ചെറിയ ഗ്രൗണ്ടുപോലും ഇല്ല.

3. നിലവിൽ സ്ക്കൂൾ പരിസരത്തു താമസിക്കുന്ന കുടുംബത്തിലെ വിദ്യാർത്ഥികൾ അകലെയുള്ള സ്ക്കൂളുകളിലേക്ക് പോകുന്നുണ്ട്. പ്രത്യേകിച്ചും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക്.

4. ലൈബ്രറി സൗകര്യം ഹൈസ്ക്കൂളുകൾക്ക് ഉണ്ട്. യു.പി. നിലവാരത്തിൽ ഉള്ള സ്ക്കൂളുകളിലും ശരാശരി 200 നും 300നും ഇടയ്ക്ക് പുസ്തകങ്ങൾ വീതമുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് വായിക്കുവാൻ കൊടുക്കുന്നില്ല.

5. ലാബ് സൗകര്യം ഹൈസ്ക്കൂളുകൾക്കുണ്ട്. എന്നാൽ വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. ചെറിയ രീതിയിൽ ലാബ് സൗകര്യം യു.പി. സ്ക്കൂളുകൾക്കും ഉണ്ട്.

6. 3 ഹൈസ്ക്കൂളുകൾക്കുമാത്രമേ ഓഫീസ് റൂമും, സ്റ്റാഫ് റൂമും വെവ്വേറെയുള്ളത്. ബാക്കി മുഴുവൻ എൽ.പി, യു.പി.സ്ക്കൂളുകളിലും ഓഫീസ് റൂം മാത്രമേ ഉള്ളൂ. സ്റ്റാഫിന് വേറെ മുറി സൗകര്യമില്ല.

7. ടോയ്ലെറ്റ് സൗകര്യം എല്ലാ സ്ക്കൂളുകൾക്കും ഉണ്ട്. എന്നാൽ കക്കൂസ് സൗകര്യം എല്ലാ സ്ക്കൂളുകൾക്കും ഇല്ല.

8. അദ്ധ്യാപക-രക്ഷാകർത്തൃ സമിതി എല്ലാ സ്ക്കൂളുകൾക്കുമുണ്ട്. എന്നാൽ പ്രവർത്തനം തൃപ്തികരമല്ല.

9. 'ഡയറ്റ് 'പരിശീലനം സിദ്ധിച്ച 40% അദ്ധ്യാപക - അദ്ധ്യാപികമാർ ഉണ്ട്.

10. എൽ.പി.സ്ക്കൂളുകൾ കേന്ദ്രീകരിച്ച് മാതൃസംഘം ഉണ്ട്. പ്രവർത്തനം തൃപ്തികരമല്ല.

11. ഹൈസ്ക്കൂളുകളിലെ വിജയ ശതമാനം ശരാശരി 50 ആണ്.

12. പഠന സഹായികൾ ഉപയോഗിച്ച് അദ്ധ്യാപനം നടത്തുന്നത് വളരെ അപൂർവ്വമായി മാത്രം. സർക്കാർ നല്കിയിട്ടുള്ള ഉപകരണങ്ങൾപോലും ഉപയോഗിക്കുന്നില്ല. വിദ്യഭ്യാസ നിലവാരം ഉയർത്തുന്നതിന് തടസമായി നില്ക്കുന്നു.

13. 19 അംഗനവാടികളിൽ, നിലവിൽ കെട്ടിടം ഉള്ളത്. മാളേക്കാട് ഉള്ള അംഗനവാടിക്കുമാത്രം. സ്ഥലം സ്വന്തമായി ഉള്ളത് 4 എണ്ണം. 15 എണ്ണത്തിന് നിലവിൽ സ്വന്തം സ്ഥലമോ, സ്വന്തം കെട്ടിടമോ ഇല്ല.

14. വിദ്യാലയങ്ങളിലെ എണ്ണം പൊതുവെ കുറഞ്ഞു വരുന്നു.

15. നിരക്ഷരർ അധികം ഇല്ല. മത്സ്യതൊഴിലാളി വിഭാഗത്തിലും കർഷകതൊഴിലാളി വിഭാഗത്തിലുംപെട്ട വനിതകൾക്ക് പൂർണ്ണമായ തോതിൽ സാക്ഷരതാ പ്രസ്ഥാനത്തിൻെറ ഗുണം ലഭ്യമായിട്ടില്ല. തുടർ സാക്ഷരതാ പ്രവർത്തനം ഈ മേഖലകളിൽ പുനരാരംഭിക്കണം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം തുടർന്ന് നടത്തേണ്ടതുണ്ട്.

2. പഞ്ചായത്തിലെ അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

3. സ്ക്കൂളുകളുടെ അയൽപക്കത്തുള്ള വീടുകളിലെ കുട്ടികൾ ദൂരസ്ഥലത്തെ മെച്ചപ്പെട്ട വിദ്യാഭ്യാസംതേടി പോകുന്ന പ്രവണത ഒഴിവാക്കുന്നതിന് സ്ക്കൂളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനയുടെ പ്രവർത്തനം മെച്ചപ്പെടുത്തി പഠന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ കൊള്ളണം.

4. പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്ക്കൂൾ ഈ നിലവാരങ്ങളിൽ തനതായ വിദ്യാഭ്യാസ സമിതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിദ്യാഭ്യാസ കോംപ്ളക്സും രൂപീകരിക്കണം.

5. കണ്ടനാട് സെൻറ്.മേരീസ് ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് ഹയർ സെക്കണ്ടറി സ്ക്കൂൾ വേണം.

6. നേഴ്സറി സ്ക്കൂളുകളിൽ നിർബന്ധമായും മലയാളം മീഡിയമാക്കുക.

7. പഞ്ചായത്തിൽ ഒരു ഫിഷറീസ് ട്രെയിനിംഗ് ഇൻസിറ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

8. കലാ-കായിക പരിശീലനത്തിന് പാർട്ട്-ടൈം ആയി അദ്ധ്യാപകരെ നിയമിക്കുക.

9. മാതൃസംഗമ പരിപാടി ഫലപ്രദമാക്കുക. ഇതിനു മാനേജ്മെൻറിൻെറ ഭാഗത്തു നിന്നും പ്രോത്സാഹനം നല്കുക.

10. എൽ. പി. നിലവാരത്തിൽ ഏറ്റവും കുറഞ്ഞ കുട്ടികൾ ഉള്ളത് മാളേക്കാട് ഹരിജൻ വെൽഫയർ പ്രൈമറി സ്ക്കൂളാണ്. ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുക. ഭൗതിക സാഹചര്യം വിപുലമാക്കുക.

11. വിദ്യാലയങ്ങളിൽ ഉള്ള ലൈബ്രറി പുസ്തകങ്ങൾ യഥേഷ്ടം വിദ്യാർത്ഥികൾക്ക് വായിക്കുവാൻ ഉറപ്പുവരുത്തുക.

12. സഹകരണ അടിസ്ഥാനത്തിൽ പാരലൽ കോളേജ് ആരംഭിക്കുക.

13. സർക്കാർ എൽ.പി. സ്ക്കൂളുകളോട് അനുബന്ധിച്ച് പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക. നിലവിൽ മാളേക്കാട് എച്ച്.ഡബ്ളിയു. എൽ.പി. സ്ക്കൂളിൽ ഉണ്ട്.

14. അപ്പർപ്രൈമറിയിലും, ഹൈസ്ക്കൂളുകളിലും കാർഷിക ക്ലബ്ബ് രൂപീകരിച്ച് കാർഷിക മേഖലയുമായുള്ള ബന്ധം തുടങ്ങുക.

# കുടിവെള്ളവും, പൊതുജനാരോഗ്യവും

ആരോഗ്യ പുരോഗതിയുടെ മുഖ്യസൂചികകളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. ഉദയംപേരൂർ പഞ്ചായത്തിൽ 54 പൊതുകിണറുകളും 60%-ത്തോളം കുടുംബങ്ങളിൽ സ്വകാര്യകിണറുകളും ഉണ്ട്. ഈ പഞ്ചായത്തിൽ വലിയ കുളത്തിനടുത്തുള്ള വാട്ടർ ടാങ്കിൽനിന്നും പൂത്തോട്ട പുത്തൻകാവിനു സമീപത്തുള്ള വാട്ടർ ടാങ്കിൽനിന്നുമായി 12 വാർഡുകളിൽ 196 പൊതുടാപ്പുകളും ഉണ്ട്. കൂടാതെ 1-ാം വാർഡിന്റെ ചില ഭാഗങ്ങളിൽ കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമാണ്. കുറേയധികം ആളുകൾ സ്വകാര്യവ്യക്തികളുടെ കിണറുകളെ ആശ്രയിക്കേണ്ട അവസ്ഥയുമാണ്.ഇപ്പോൾ കക്കാട് പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുകയാണ്.

പട്ടിക 4-1

| | |
|---|---|
| പഞ്ചായത്തിലെ മൊത്തം പൊതുകിണറുകൾ | 54 |
| പൊതുകുളം | 2 |
| സ്വകാര്യകുളങ്ങളുടേയും കിണറുകളുടേയും എണ്ണം | ലഭ്യമല്ല |
| പൊതുടാപ്പുകൾ | 196 |

നമ്മുടെ പഞ്ചായത്തിൽ 6079 വീടുകളിൽ 2578 വീടുകളിൽ കക്കൂസ് ഉണ്ട്. 60%-ത്തോളം വീടുകളിലും സാനിട്ടറി സൗകര്യങ്ങൾ ലഭ്യമല്ല; പ്രത്യേകിച്ചും തീരദേശ പ്രദേശങ്ങളിൽ. നീർച്ചാലുള്ള പ്രദേശങ്ങളിൽ, ആ പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിലുളള കക്കൂസ് നിർമ്മിക്കേണ്ടതാണ്.

ഉദയംപേരൂർ പഞ്ചായത്തിൽ ഹോമിയോഡിസ്പെൻസറി കണ്ടനാട്, പൂത്തോട്ട ഗവ: ഡിസ്പെൻസറി പൂത്തോട്ട, ആയൂർവ്വേദ ആശുപത്രി നടക്കാവ് (പത്താംമൈൽ) ഫിഷറീസ് ആശുപത്രി നടക്കാവ്, സബ്ബ് സെൻറർ നടക്കാവ് ഇവയാണ് സർക്കാർ മേഖലയിലുള്ള ആരോഗ്യകേന്ദ്രങ്ങൾ. സ്വകാര്യമേഖലയിൽ ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റേതായ പ്രാഥമിക ആരോഗ്യകേന്ദ്രം, തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി അതിർത്തിയിലെ എരൂരിൽ ആണ് പ്രവർത്തിക്കുന്നത്. ഈ പോരായ്മകൾ ഉടൻ പരിഹരിക്കേണ്ടതാണ്.

## ഹോമിയോ ഡിസ്പെൻസറി കണ്ടനാട്

സ്വന്തമായി കെട്ടിടമോ, ആവശ്യമായ സ്റ്റാഫോ ഇല്ല. വളരെയധികം സങ്കീർണ്ണരോഗമുള്ളവർ ഈ ആശുപത്രിയിൽ എത്തുന്നുണ്ടെങ്കിലും ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളില്ല.

## ആയൂർവ്വേദ ആശുപത്രി നടക്കാവ്

സ്വന്തമായി കെട്ടിടം ഇല്ല. ആവശ്യമായ ഫർണിച്ചറുകൾ ഇല്ല. അടുത്തകാലത്തായി ഒരു അലമാര പഞ്ചായത്തിൽനിന്നും വാങ്ങി നല്കിയിട്ടുണ്ട്.

## പൂത്തോട്ട ആശുപത്രി (പൂത്തോട്ട)

45 കിടക്കകളുള്ള ഈ, പഞ്ചായത്തിലെ ഒരു വലിയ ഡിസ്പെൻസറിയാണ് ഇത്. ആവശ്യമായ ഡോക്ടർമാരും, സ്റ്റാഫും ഉണ്ടെങ്കിലും വൈദ്യസഹായത്തിനാവശ്യമായ മരുന്നുകളും, ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങളുടേയും അപര്യാപ്തതയും ഉണ്ട്. കൂടാതെ സ്ഥലപരിമിതിമൂലം ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ സുഗമമല്ല. ഇവിടെ സാനിട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത വളരെയേറെ ബുദ്ധിമുട്ടിക്കുന്നു. ഇത് കുടിവെള്ളത്തിന്റെ സുരക്ഷിതത്വത്തിന് ഭീഷണി ഉണർത്തുന്നു.

പഞ്ചായത്തിന്റെ കീഴിൽ ഡിസ്പെൻസറി പ്രവർത്തനം വന്നതിനുശേഷം 10 കട്ടിൽ, കിടക്ക, ഫ്രിഡ്ജ് എന്നിവ വാങ്ങി ഏല്പിച്ചിട്ടുണ്ട്.

## സബ് സെൻറർ:

ഉദയംപേരൂർ പഞ്ചായത്താഫീസിനു സമീപം, സ്വന്തം കെട്ടിടത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്

സബ്സെൻറർ. കുട്ടികളുടേയും ഗർഭിണികളുടേയും പ്രധാനമായ ആരോഗ്യകാര്യങ്ങളിൽ ഈ സ്ഥാപനം പ്രവർത്തനം കേന്ദ്രീകരിക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ 95-ലെ സർവ്വേപ്രകാരം ഇവിടെയുള്ള ഗർഭിണികളുടെ എണ്ണം 294 ആണെന്നു സൂചിപ്പിക്കുന്നു. ഈ, പഞ്ചായത്തിലെ ജനനനിരക്ക് 93-മുതൽ 96-വരെയുള്ള കണക്കുകൾ, പരിശോധിക്കുമ്പോൾ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. ഈ, പഞ്ചായത്തിൽ 93-മുതൽ 96 വരെയുള്ള കണക്കനുസരിച്ച് ചാപ്പിള്ള ജനനം ഇല്ലാതായി കൊണ്ടിരിക്കുന്ന അവസ്ഥയാണ് (യഥാക്രമം 3-2-1).

ഉദയംപേരൂർ പഞ്ചായത്തിൽ പകർച്ച വ്യാധി രോഗങ്ങളുടെ വിവരങ്ങൾ ഇപ്രകാരം സൂചിപ്പിക്കുന്നു. (93-96-ലെ കണക്കുപ്രകാരം) ജലജന്യരോഗങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. വായുജന്യരോഗങ്ങൾ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. പ്രാണി ജന്യരോഗങ്ങൾ വളരെ കുറവാണ്. പ്രധാനമായും ത്വക്ക് രോഗം കൂടുതലായി നമ്മുടെ പഞ്ചായത്തിലുള്ളതായി സൂചിപ്പിക്കുന്നു. (92-മുതൽ 96-വരെ 2769) ഈ പഞ്ചായത്തിൽ ഉള്ള രോഗികൾ പ്രധാനമായും തൃപ്പൂണിത്തുറയിലേയും, എറണാകുളത്തേയും സ്വകാര്യ ആശുപത്രികളിലാണ് ചികിത്സയ്ക്കു പോകുന്നത്. കുട്ടികളുടെ ആരോഗ്യപോഷകാഹാരരംഗത്ത് ഗുണമേന്മ ഉള്ളതായിട്ടാണ് സൂചിപ്പിക്കുന്നത്. കുട്ടികളുടേയും, ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പുകൾ കാര്യമായ തോതിൽ നടത്തിയിട്ടുണ്ട്.

## ഫിഷറീസ് ആശുപത്രി

1995-ൽ ആരംഭിച്ച ഈ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിൻെറ സാംസ്കാരിക നിലയം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ്. എന്നാൽ പഞ്ചായത്ത് വിട്ടുകൊടുത്ത പി.കെ.എം.സി.യ്ക്ക് സമീപമുള്ള സ്ഥലത്ത് കെട്ടിടത്തിൻെറ പണി ഏതാണ്ട് പൂർത്തിയായി. എന്നാൽ വെള്ളം, വെളിച്ചം എന്നിവയുടെ പ്രശ്നം നിലനിൽക്കുകയാണ്. ഇവ ഉടൻ പരിഹരിച്ച് ആശുപത്രിയുടെ പ്രവർത്തനം അങ്ങോട്ട് മാറ്റേണ്ടതാണ്.

ഉദയംപേരൂർ പഞ്ചായത്തിൻെറ കുടിവെള്ളം ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര ശ്രദ്ധ വേണം. ഇപ്പോൾ ശരാശരി 35 കുടുംബങ്ങൾക്ക് ഒന്ന് എന്ന പേരിൽ ഒരു ടാപ്പ് ഉണ്ട്. സംസ്ഥാന ശരാശരി 20 ന് ഒന്ന് എന്ന തോതിലാണ്. ഇവിടെ ഇനിയും നൂറിലേറെ ടാപ്പുകളും ആവശ്യമായ വെള്ളവും വേണം.



**കുടിവെള്ളത്തിൻെറ ശരാശരി**

| | വീടു എണ്ണം | ടാപ്പുകളുടെ എണ്ണം |
|---|---|---|
| സംസ്ഥാനം | 20 | 1 |
| ഉദയംപേരൂർ | 35 | 1 |

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. എരൂർ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിൻെറ പൊതുവായ ഒരു സ്ഥലത്ത് സ്ഥലം നിശ്ചയിച്ച് ഉടൻ കെട്ടിടം പണിത് പ്രവർത്തനം ആരംഭിക്കുക.
2. കണ്ടനാട് ഹോമിയോ ഡിസ്പെൻസറിക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിത് ആവശ്യമായ സ്റ്റാഫുകളെ നിയമിക്കുക.
3. പൂത്തോട്ട ആശുപത്രിയുടെ സാനിട്ടറി - കുടിവെള്ള പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുക.
4. ആയുർവ്വേദ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
5. സബ്സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
6. ഫിഷറീസ് ആശുപത്രിയുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുക.
7. പണിതുകൊണ്ടിരിക്കുന്ന കക്കാട് പദ്ധതിയുടെ പണിപൂർത്തിയാക്കി ജനഹിതമനുസരിച്ച് ടാപ്പിട്ടു കൊടുക്കുക.
8. നിലവിലുള്ള പൈപ്പുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
9. ഉദയംപേരൂർ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ വന്നു നിൽക്കുന്ന തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയിലെ വാട്ടർ കണക്ഷനുമായി ബന്ധിപ്പിച്ചാൽ, 4-ാം വാർഡിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാം.
10. പഞ്ചായത്തിൻെറ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു വാട്ടർ ടാങ്ക് പണിയുക.
11. പൂത്തോട്ട ഗവ. ഡിസ്പെൻസറിയിൽ നിലവിൽ പ്രസവസംബന്ധമായ സൗകര്യങ്ങൾ ഇല്ല. ഇതിനു അനുയോജ്യമായ സൗകര്യങ്ങളും ഗൈനക്കോളജിസ്റ്റിൻെറ സേവനവും ലഭ്യമാക്കണം.

# വ്യവസായം

മൊത്തം വ്യവസായിക മേഖല പരിശോധിച്ചാൽ, സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്ത് ആണ് ഉദയംപേരൂർ. സർക്കാർ മേഖലയിൽ അടുത്തകാലത്ത് ആരംഭിച്ച ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ ബോട്ടിലിംഗ് ഫില്ലിംഗ് യൂണിറ്റ് ഒഴിച്ചാൽ, ബാക്കി ചെറികിട വ്യവസായങ്ങൾ എല്ലാം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. സഹകരണാടി സ്ഥാനത്തിൽ പ്രവർത്തിക്കുന്ന മൂന്ന് കയർ സഹകരണ സംഘങ്ങളും ഇവിടെയുണ്ട്. അവ യഥാക്രമം പൂത്തോട്ട മോട്ടോർ റാട്ട് സ്പിന്നിംഗ് സഹകരണസംഘം, തെക്കൻ പറവൂർ കയർ വ്യവസായ സഹകരണസംഘം, ഉദയംപേരൂർ കയർ വ്യവസായ സഹകരണ സംഘം എന്നിവയാണ്. മൂന്ന് കയർ സഹകരണ സംഘങ്ങളിലായി 311 പേർ ജോലി ചെയ്യുന്നുണ്ട്. കാർഷിക മേഖലയെ അടിസ്ഥാമാക്കി പ്രവർത്തിക്കുന്ന അഗ്രോ ബോൺ മിൽ പൂത്തോട്ടയിൽ പ്രവർത്തിക്കുന്നു. തൊട്ടടുത്തായി പ്രവർത്തിക്കുന്ന കോഴിതീറ്റ നിർമ്മാണ ശാലയും മറ്റു വ്യവസായ യൂണിറ്റുകളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണറ്റുകൾ സംബന്ധിച്ച വിവരങ്ങൾ.

| പേര് | സ്റ്റാഫ് | യന്ത്രവൽകൃത റാഡുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം |
|---|---|---|
| പൂത്തോട്ട മോട്ടോർ റാട്ട് കയർ വ്യവസായ സഹകരണ സംഘം | 5 | 100 |
| തെക്കൻ പറവൂർ മോട്ടോർ റാട്ട് കയർ വ്യവസായ സഹകരണ സംഘം | 3 | 100 |
| ഉദയം പേരൂർ മോട്ടോർ റാട്ട് കയർ വ്യവസായ സഹകരണ സംഘം | 3 | 100 |
| ആകെ | 11 | 300 |

എൻജിനിയറിംഗ് രംഗവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതു കൂടാതെ രണ്ട് ബസ് ബോഡി നിർമ്മാണ യൂണിറ്റും തെ: പറവൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. കൂടാതെ ആട്ടോ മൊബൈൽ സ്പെയർ പാർട്ട്സ് നിർമ്മിക്കുന്ന ്ചെറുകിട വ്യവസായ യൂണിറ്റ് കൊച്ചുപള്ളിക്കു സമീപം പ്രവർത്തിക്കുന്നു. വെൽഡിംഗ് വർഷോപ്പുമായി ബന്ധപ്പെട്ട 8 യൂണിറ്റുകളും പ്രർത്തിക്കുന്നുണ്ട്.

തടി വ്യവസായവുമായി ബന്ധപ്പെട്ട മൂന്ന് അറക്കമില്ലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഇവ യഥാക്രമം കണ്ടനാട്, നടക്കാവ്, കുറുപ്പച്ചേരി എന്നീ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. കറുത്ത കക്ക ഉപയോഗിച്ച് കുമ്മായവും അനുബന്ധ ഉല്പന്നങ്ങളും ഉണ്ടാക്കുന്ന മൂന്നു കുമ്മായ ചൂളകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ രണ്ടെണ്ണം കൊച്ചുപള്ളിക്ക് സമീപവും ഒരെണ്ണം കണ്ടനാടുമാണ് പ്രവർത്തിച്ചുവരുന്നത്. ഇതിനോടനു ബന്ധിച്ച് പന്ത്രണ്ടോളം വരുന്ന തൊഴിലാളികൾ നേരിട്ടും അതിലേറെ തൊഴിലാളികൾ പരോക്ഷമായി പണിയെടുക്കുന്നു.

ആധുനിക വ്യവസായവുമായി ബന്ധപ്പെട്ട ചില വ്യവസായയൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് അവ യഥാക്രമം വർമ്മ ടെക് പ്ലാസ്റ്റിക്ക് മോൾഡിംഗ് യൂണിറ്റ് നടക്കാവ്, അനോഡൈസ് മെറ്റൽ ലേബൽസ് (ഇലക്ട്രോ പ്ലേറ്റിംഗ്) നിർമ്മാണം നടത്തുന്ന യൂ. ആർ. മെറ്റൽസ് നടക്കാവ്, ഇതുമായി ബന്ധപ്പെട്ട '' ദിവ്യ മെറ്റൽസ് ഫിനിഷ്'' എന്നിവ നടക്കാവ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ രണ്ട് വ്യവസായ യൂണിറ്റുകളിലുമായി ഇരുപത് തൊഴിലാളികൾ പണിയെടുക്കുന്നു. പ്ലൈവുഡ് നിർമ്മിക്കുന്ന വ്യവസായ യൂണിറ്റ് കണ്ടനാടിനു സമീപം

പ്രവർത്തിക്കുന്നു. ആധുനിക വ്യവസായവുമായി ബന്ധപ്പെട്ട് ആർട്ടക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനം കണ്ടനാട് ഭാഗത്ത് പ്രവർത്തിക്കുന്നു. ഇവിടെ 50 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

ഇഷ്ടിക നിർമ്മാണവുംമായി ബന്ധപ്പെട്ട വ്യവസായയൂണിറ്റുകൾ ഈപഞ്ചായത്തിൽ ഉണ്ട് അതിൽ എടുത്ത് പറയത്തക്ക ഒന്നാണ് അലൈഡ്- റിഫ്രാക്ടറീസ് (P. V. T) കണ്ടനാട്.

മില്ലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രിയദർശിനി എന്ന പേരിൽ ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന.

വനിതകളുടെതായ വ്യവസായ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിലും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എടുത്ത് പറയതക്കവ താഴെ പറയുന്നതാണ്.

## പ്രധാന വ്യവസായ സ്ഥാപനങ്ങൾ

| പേര് | തൊഴിൽ എടുക്കുന്നവർ | ഉൽപ്പന്നം |
|---|---|---|
| 1. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ബോട്ടിലിംഗ് പ്ലാൻറ് | 70 (staff) 150 കരാർ തൊഴിലാളികൾ | ബോട്ടിലിംഗ് ഫില്ലിംഗ് പ്ലാൻ് |
| 2. ആർട്ടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, കണ്ടനാട് | 50 | ഇലക്ട്രോണിക്സ് കോമ്പണൻറസ് |
| 3. വർമാടെക്, നടക്കാവ് | 7 | പ്ലാസ്റ്റിക്ക് മോൽഡിംഗ് |
| 4. യു. ആർ. മെറ്റൽസ് നടക്കാവ് | 9 | ഇലക്ട്രോ പ്ലെറ്റിംഗ് |
| 5. ദിവ്യ മെറ്റൽസ് ഫിനിഷ് | 5 | ഇലക്ട്രോ പ്ലെറ്റിംഗ് |
| 6. അലൈഡ് - റിപ്രാക്ടീസ് | 12 | പൈവുഡ് |
| 7. ആഗ്രോ ബോൺ ഇൻഡസ്ട്രീസ് പൂത്തോട്ട | 3 | എല്ലുപൊടി |
| 8. കൊച്ചിൻ ഫീസ്സ് പൂത്തോട്ട | 3 | കോഴിതീറ്റ |

1. S. N വനിത മിൽക്ക് പ്രോഡക്ട് പുത്തൻകാവ് - പാൽ ഉൽപ്പന്നങ്ങൾ കൊണ്ട് ഐസ് ക്രീം, ചോക്കലേറ്റ് എന്നിവ ഉണ്ടാക്കുന്നു.

2. മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട് 'പുലരി' മഹിളാ സംഘം തെ. പറവൂർ തണ്ടാശേരിക്കു സമീപം പ്രവർത്തിച്ചു വരുന്നു. 10 വനിതകൾ സഹകരണ അടിസ്ഥാനത്തിൽ നടത്തി കൊണ്ടു പോകുന്ന യൂണിറ്റാണ് ഇത്.

തെ. പറവൂർ മറ്റത്താം കടവിനു സമീപം പലഹാരം നിർമ്മിക്കുന്ന ഒരു വനിതാ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

സ്വയം തൊഴിൽ കണ്ടെത്തുക എന്ന സംരഭവുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായ യൂണിറ്റുകളും പഞ്ചായത്തിലുണ്ട്. അവയിൽ ചിലത് മാത്രം ഇവിടെ പ്രതിപാദിക്കുന്നു. ബുക്ക് - ബെയിൻഡിംഗ് യൂണിറ്റായ ഭാർഗവി ഇൻഡസ്ട്രീസ് നടക്കാവ്, സിന്തെറ്റിക്ക് എന്ന പേരിൽ വിന്നഗിരി ഉണ്ടാക്കുന്ന യൂണിറ്റ് കൊച്ചു പള്ളി, സോഡാ നിർമ്മാണവുമായി ബന്ധപ്പെട്ട നാല് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പെയിൻറ് നിർമ്മാണ രംഗത്ത് ഒരു സ്ഥാപനം കണ്ടനാടിന് സമീപമായി പ്രവർത്തിക്കുന്നു. സ്റ്റീൽ ഫർണ്ണീച്ചറുകൾ ഉണ്ടാക്കുന്ന സ്ഥാപനം നടക്കാവിനു സമീപം പ്രവർത്തിച്ചുവരുന്നു. എണ്ണ ആട്ടുന്ന വ്യവസായവുമായി ബന്ധപ്പെട്ട് 12 ഓയിൽ

ഉദയംപേരൂർ പഞ്ചായ ത്തിന്നെ സംബന്ധിച്ചിടത്തോളം വ്യവസായ മേഖലയിൽ പണിയെടുക്കുന്നതിന് സാങ്കേതിക പരിഞ്ജാനം ഉള്ളവരും അല്ലാത്തതുമായ നൂറ് കണക്കുന് മനിഷ്യരെ ലഭ്യമാണ്. വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണിയില്ലായ്മയാണ്. മെഴുകുതിരി യൂണിറ്റുകൾ ഉണ്ടെങ്കിലും തുടർച്ചയായി പ്രവർത്തിച്ചു പോരുന്നതിനാവശ്യമായ മെഴുക് കിട്ടുന്നില്ല. പൊതുവെ വ്യവസായ യൂണിറ്റൻെറ നല്ല നിലയിൽ ഉള്ള പ്രവർത്തനത്തിന് തടസ്സമായി നില്ക്കുന്നത് വൈദ്യുതിയുടെ അഭാവം തന്നെയാണ്.

## വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| ഓട്ടോ മൊബൈൽ വർക്ക് ഷേപ്പ് | 11 |
| കടച്ചിൽ യൂണിറ്റ് | 5 |
| ഫ്ളവർ മില്ല് | 16 |
| ഐസ് പ്ലാൻ | 0 |
| പീലിംഗ് ഷെഡ്സ് | 3 |
| വ്യവസായ സഹകരണ സംഘം | 3 |
| ആധുനിക വ്യവസായം | 8 |
| ആകെ | 46 |

### പ്രശ്നങ്ങൾ

1. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള താമസം.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
3. ഭൂമിയുടെ വിലകയറ്റം മൂലം കുറഞ്ഞ ചിലവിൽ ഭൂമി ലഭിക്കുവാനുള്ള സാധ്യത കുറവ്.
4. 'ഗ്രൂപ്പ്' അടിസ്ഥാനത്തിൽ തൊഴിൽ തുടങ്ങുന്നതിന് പരസ്പര വിശ്വാസമില്ലായ്മ. റിസ്കെടുക്കാനുള്ള ഭയവും.
5. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരെഞ്ഞെടുക്കുവാനുള്ള മാർഗനിർദ്ദേങ്ങളുടെ അഭാവം.
6. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.
7. നിലവിലുള്ള സ്കീമുകളും, മാർഗങ്ങളെയും പറ്റി വേണ്ടത്ര രീതിയിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അറിവ് ലഭിക്കുന്നില്ല.

### പൊതുവായ നിർദ്ദേശങ്ങൾ

1. മത്സ്യവ്യവസായവുമായി ബന്ധപ്പെട്ട പഞ്ചായത്തിൽ ഒരു ഐസ് പ്ലാൻറ് നിർമ്മിക്കണം. ഒട്ടനവധി മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതുവഴി തൊഴിൽ അവസരങ്ങൾ നേരിട്ടും അല്ലാതെയും ലഭ്യമാകുന്നതിനു സഹായിക്കുന്നു.
2. പബ്ലിക്ക് മാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യ ഫ്രീസിംഗ് പ്ലാൻറ് നിർമ്മിക്കണം.
3. മൂന്നു കയർ സൊസൈറ്റികളിലായി 400 റോളം വരുന്ന തൊഴിലാളികൾ വർക്ക് ചെയ്യുന്നുണ്ട് അവിടെ ഉല്പാദിപ്പിക്കുന്ന കയർ ഉപയോഗിച്ച് ചവുട്ടി, കയറ്റുപാ, അലങ്കാര വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിന് സംയുക്തമായ ഒരു പ്രോജക്ട് ആരംഭിക്കണം. ഇവിടെ നിന്നും വെയ്സ്റ്റ് ആയി കളയുന്ന ചകിരി ചോറ് ഉപയോഗിച്ച് ഹാർഡ്-ബോർഡ് നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതി ആരംഭിക്കണം. 46
4. കുറഞ്ഞ ചെലവിൽ കാലിതീറ്റ നിർമ്മിച്ച് കാലി വളർത്തലിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പഞ്ചായത്ത് കേന്ദ്രീകരിച്ച് നിർമ്മിക്കണം.
5. തീരദേശഗ്രാമം എന്ന നിലയിൽ വേമ്പനാട്ടു കായലിൽനിന്നും ലഭിക്കുന്ന കക്ക ഉപയോഗിച്ച് ജനതാസം ഉണ്ടാക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്തുതലത്തിൽ ആരംഭിക്കണം. ഇതിന് ആവശ്യമായ അസംസ്കൃത വസ്തു കുറഞ്ഞ നിരക്കിൽ ഇവിടെ ലഭ്യമാണ്.
6. നാളികേരം:- ഏറ്റവും കൂടുതൽ കാർഷിക ഉല്പന്നമായി ഈ പഞ്ചായത്തിൽ ലഭിക്കുന്നത് നാളികേരം ആണ്. ഏകദേശം 45 ലക്ഷം നാളികേരം ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിന് നിലവിൽ ഒരു സംസ്കരണ കേന്ദ്രം ഇല്ല. ഇവ കേന്ദ്രീകൃത മായി സംസ്കരിച്ച് വെളിച്ചെണ്ണയും മറ്റ് അനുബന്ധമായ ഉല്പന്നങ്ങളും ഉണ്ടാക്കുന്നതിനും, ചിരട്ട ഉപയോഗിച്ച് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കഴിയാവുന്ന വ്യവസായ സംരംഭം ആരംഭിക്കണം. ഇത് നിരനധി പേർക്ക് നേരിട്ടും അല്ലാതെയും തൊഴില് കൊടുക്കുന്നതിന് സഹായിക്കുന്നു.
7. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് പുതിയതായി സ്വയം തൊഴിലിന് ഏർപ്പെടണമെന്ന് ആഗ്രഹിക്കുന്ന തൊഴിൽ സംരംഭകർക്കു പരിശീലനം ലഭിക്കുവാൻ സൗകര്യം പഞ്ചായത്തിലില്ല. തൻമൂലം ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലോൺ സൗകര്യം ഉപയോഗപ്പെടുത്തുവാൻ പോലും കഴിയാത്ത അവസ്ഥയാണ്. പഞ്ചായത്തിലെ സ്വയം തൊഴിലിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്ന യുവതി, യുവാക്കൾക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും വ്യവസായവകുപ്പ് മുഖേന നല്കണം.
8. വില കുറഞ്ഞ മത്സ്യങ്ങളും ചെമ്മീൻ തലകളും ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ കോഴിതീറ്റ ഉണ്ടാക്കുന്നതിന് പഞ്ചായത്തിൽ സാധ്യത ഉണ്ട്.

| | | | |
|---|---|---|---|
| 40. | വി. തങ്കപ്പൻ സ്മാരക റോഡ് | 0.450 | 3 |
| 41. | എ. കെ. ജി. സ്മാരക റോഡ് | 0.200 | 3 |
| 42. | പുതുകുളങ്ങര കോളനി-ബസ് സ്റ്റോപ്പ് റോഡ് | 0.350 | 4 |
| 43. | കൊച്ചുപള്ളി- പുതു കുളങ്ങര റോഡ് | 0.630 | 3.5 |
| 44. | നെടുവലി ക്ഷേത്രം റോഡ് | 0.190 | 3.5 |
| 45. | ആമേട ആനന്ദ ദായിനി റോഡ് | 1.200 | 4 |
| 46. | പുല്ലുകാട്ടു വെളി റോഡ് | 0,530 | 6 |
| 47. | ഉദയം പേരൂർ സെറ്റിൽമെൻറ് കോളനി റോഡ് | 0.370 | 3 |
| 48. | കുറുപ്പ ശ്ശേരി ഒ. എൽ. എം. കോളനി റോഡ് | 300 | 3 |
| 49. | നീലിയാത്ത് കടവ് റോഡ് | 0.670 | 3 |
| 50. | തോട്ടുങ്കൽ കടവ് റോഡ് | 0.350 | 3 |
| 51. | ആമേട-കാളേഴത്ത് ലക്ഷംവീട് കോളനി റോഡ് | 0.500 | 3 |
| 52. | പട്ടമന റോഡ് | 1.000 | 6 |
| 53. | ആമേട ഉള്ളാടൻ വെളി റോഡ് | 1.200 | 4 |
| 54. | ഉള്ളാടം വെളി-വെള്ളാം കടവ് റോഡ് | 1.400 | 4 |
| 55. | എടമ്പാടം റോഡ് | 0.200 | 4 |
| 56. | കണ്ണം കുളങ്ങര നടക്കാവ് റോഡ് | 0.140 | 4 |
| 57. | വെട്ടിക്കാ പ്പിള്ളി റോഡ് | 0.800 | 5 |
| 58. | പണ്ഡിറ്റ് കറുപ്പൻ സ്മാരക റോഡ് | 0.300 | 3 |
| 59. | വലിയ കുളം ഫിഷർമെൻ കോളനി റോഡ് | 1.000 | 6 |
| 60. | കമ്മ്യൂണിറ്റി ഹാൾ റോഡ് | 0.038 | 4 |
| 61. | ആമേട-നടക്കാവ് റോഡ് | 1.200 | 4 |
| 62. | പത്താം മൈൽ-പനച്ചിക്കൽ റോഡ് | 0.875 | 6 |
| 63. | ഇലക്ട്രിസിറ്റി-മറ്റുവഴി റോഡ് | 0.350 | 4 |
| 64. | കണ്ണേമ്പള്ളി റോഡ് | 0.550 | 3 |
| 65. | മടലാം പറമ്പ് റോഡ് | 0.390 | 3 |
| 66. | മാങ്കാറയിൽ കടവ്. ഫിഷർമെൻ കോളനി റോഡ് | 0.400 | 5 |
| 67. | ഇല്ലത്തും വെളി. മാങ്കായിൽ കടവ് റോഡ് | 0.560 | 3 |
| 68. | ഇല്ലത്തുവെളി-മാളേക്കാട് റോഡ് | 1,800 | 6 |
| 69. | മായലിൽ റോഡ് (അംബേദ്കർ) | 0.270 | 4 |
| 70. | തേരാക്കൽ റോഡ് | 0.250 | 5 |
| 71. | കൊച്ചു പറമ്പ്- ആക്കാപള്ളി റോഡ് | 0.500 | 4 |
| 72. | പെരും തൃക്കോവിൽ റോഡ് | 0.260 | 4 |
| 73. | എസ്. എൻ. ഡി. പി. എം. എൽ. എ. റോഡ് | 0.360 | 2.7 |
| 74. | കുറവു പറമ്പ് റോഡ് | 0.310 | 3 |
| 75. | പഞ്ചായത്ത് ഓഫീസ് ചാത്തമംഗലം റോഡ് | 125 | 6 |
| 76. | 10-ാം മൈൽ മനക്കകടവ് റോഡ് | 340 | 4 |
| 77. | കൊച്ചുപള്ളി-മുതിരപറമ്പ് റോഡ് | 450 | 4.5 |
| 78. | ഒട്ടോളി-മനക്കപറമ്പ് റോഡ് | 350 | 4 |
| 79. | കാറ്റാടി താഴം-റെയിൽവെ ലിങ്ക് റോഡ് | 500 | 4 |
| 80. | കർഷക റോഡ് | 340 | 4 |
| 81. | കൊച്ചി പറമ്പ് റോഡ് | 350 | 4 |
| 82. | കണ്ടനാട്-കരിമാത്ത് പാടം റോഡ് | 370 | 4 |
| 83. | ഗാന്ധിനഗർ ലിങ്ക് റോഡ് | 150 | 3 |

# ഊർജ്ജം

ഉദയം പേരൂർ പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്കുള്ള ഊർജ്ജ സ്രോതസുകൾ പ്രധാനമായും വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്. വ്യവസായിക വാണിജ്യ ആവശ്യങ്ങൾക്ക് പ്രധാനമായും വൈദ്യുതി, എണ്ണ, വിറക് എന്നിവയും കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി, എണ്ണ, എന്നിവയും ഉപയോഗിക്കുന്നു. പാചക ആവശ്യത്തിനായി വിറക് അടപ്പുകളാണ് പഞ്ചായത്തിൽ ഏറെയും. അതിൽ പരിഷത്തു അടുപ്പുകൾ (ദക്ഷത കൂടിയ അടപ്പുകൾ) എല്ലായിടത്തും വേണ്ടത്ര രീതിയിൽ പ്രയോഗത്തിൽ വന്നിട്ടില്ല. കൂടുതൽ വിറകു വേണ്ടി വരുന്നതും ദക്ഷത കുറഞ്ഞതുമായ അടപ്പുകൾ (മൂന്നു കല്ലുകൾ കൂട്ടിയുള്ളത്) ആയതിനാൽ വിറകിൻെറ ഉപയോഗം ഏറെയാണ്. തൊഴിലാളി വിഭാഗത്തിൽ പ്പെട്ടവർ ഏറെയും വിറക് വില കൊടുത്ത് വാങ്ങുന്നവരാണ്. ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിൽ ഇല്ല. മണ്ണെണ്ണ, ഗ്യാസ്, ഇലക്ട്രിക്ക് ഹീറ്റർ എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം 21% വരുന്നുണ്ട്. വിറക് ഉപയോഗിച്ച് പാചകം ചെയ്യുന്ന സാധാരണ വീടുകളിലെ അടുപ്പുകളിലെ ഊർജ്ജത്തിൻെറ ദക്ഷത 10% മാത്രമാണ്. സാമ്പത്തീക നഷ്ടം വലിയ തോതിൽ ഈകലം ഉണ്ടാക്കുന്നു. 33% മുതൽ 40% വരെ ദക്ഷതയുള്ള പരിക്ഷത്തു (അനർട്ട്) അടുപ്പുകൾ ഉപയോഗിച്ചാൽ വിറകിൻെറ കാര്യത്തിൽ ലാഭം ഉണ്ടാക്കുവാൻ കഴിയുന്നതാണ്.

### ദക്ഷത കൂടിയ അടുപ്പിൻെറ വിശകലനം

| അടുപ്പ് തരം | ദക്ഷത | വിറക് ഉപയോഗം | ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|---|
| സാധാരണ വിറകടുപ്പ് | 10% | 4 കെ. ജി. | 5രൂപ | നഷ്ടം |
| ദക്ഷത കൂടിയ അടുപ്പ് | 30% | 1.33 കെ. ജി. | 1.75/ദിവസം | 3.250 |

## വൈദ്യുതി

ഉദയംപേരൂർ പഞ്ചായത്തിലെ 6077 വീടുകളിൽ 4286 വീടുകളിലും വൈദ്യുതീകരിച്ചിട്ടുള്ളതാണ്. 1796 വീടുകളിൽ ഇനി വൈദ്യുതി ലഭിക്കേണ്ടതുണ്ട്. 70.05% വീടുകളും വൈദ്യുതികരിച്ചതാണ്. എന്നാൽ പഞ്ചായത്തിലെ പൊതുവഴികളിൽ വൈദ്യുതിലൈൻ വലിക്കേണ്ട ഭാഗങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരൊറ്റ വീട്ടിൽപോലും വൈദ്യുതി എത്താത്ത പ്രദേശമാണ് 12-ാം വാർഡിലെ മുക്കത്തുകരി പ്രദേശം.

ഉദയംപേരൂർ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് വൈറ്റില സബ്ബ് സ്റ്റേഷനിൽ നിന്ന് വരുന്ന 11 K.V ലൈനിൽ കൂടിയാണ്. കഴിഞ്ഞ രണ്ടു വർഷമായി ഈ ലൈൻ ഓവർ ലോഡിലാണ്. വൈകിട്ടുള്ള സമയങ്ങളിൽ തിടർച്ചയായി കരണ്ടുപോകുന്നത് ഈ ഓവർ ലോഡ് കൊണ്ടാണ്. ഉദയംപേരൂർ ഭാഗത്ത് ഒരു സബ്ബ് സ്റ്റേഷൻ ഉണ്ടാക്കുന്ന നിലക്കു മാത്രമേ ഇതിനു പരിഹാരം കാണുവാൻ കഴിയുകയുള്ളു.

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ രണ്ടു ട്രാൻസ്ഫോർമറികൾ ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അവ നടക്കാവ് SBT -യ്ക്ക് അടുത്തും, മാളേക്കാട് മാവിലതൊണ്ടിലുമാണ്.

'വോൾട്ടേജ് ഇംപ്രൂവുമെൻെറ്' സ്കീമിൽ ഇപ്പോൾ തുടങ്ങിയുട്ടുള്ളതും ശുപാർശ ചെയ്തിരിക്കുന്നതുമായ സ്കീമുകൾ ചുവടെ ചേർക്കുന്നു.

1. ആമേടയിൽ 100K.V.A ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
2. ചക്കകുളത്തും 100K.V.A ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
3. പെരും തൃക്കാവ് ക്ഷേത്രത്തിനു മുൻവശം 100K.V.A ട്രാൻസ്ഫോർമർ ലൈൻ വലിച്ച് സ്ഥാപിക്കൽ.
4. പുതിയകാവ് പടിഞ്ഞാറേ വളവിൽ നിന്നും മാവേലി തൊണ്ടിലേക്ക് 11K.V.A ലൈൻ ബന്ധിപ്പിക്കൽ.
5. കൊച്ചുപള്ളി ക്കടവിൽ 100 K.V.A ലൈൻ സ്ഥാപിക്കൽ.
6. പുതിയ ടെലഫോൺ എക്സ്ചേഞ്ചിനു മുൻവശം ഒരു ട്രാൻസ് ഫോർമർ സ്ഥാപിക്കൽ.

# ഗതാഗതം

ഉദയംപേരൂർ പഞ്ചായത്തിൽ വാഹന ഗതാഗതം തുടങ്ങിയിട്ട് 50 വർഷത്തെ പഴക്കമുണ്ട്. പഞ്ചായത്തിൽ കൂടികടന്നു പോകുന്ന പ്രാധാനപ്പെട്ട റോഡ് വൈക്കം - തൃപ്പൂണത്തുറ റോഡാണ്. 1979- ൽ ആരംഭം കുറിച്ച് പൂത്തോട്ട പുതിയകാവ് എം.എൽ.എ റോഡ് തീരദേശഗ്രാമമായ ഉദയംപേരൂരിൻെറ വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ഉദയംപേരൂർ പഞ്ചായത്തിലുള്ള സർവ്വീസ് നടത്തിയിരുന്ന ആദ്യത്തെ സ്വകാര്യബസ് സർവ്വീസ് A.T. യൂണിയൻ ആയിരുന്നു. ഇതു കരി ഉപയോഗിച്ച് ഓടിച്ചിരുന്നതായിരുന്നു.

ഉദയംപേരൂർ പഞ്ചായത്തിൻെറ ആകെവിസ്ഥീർണ്ണം 24. 86 sq. കിലോമീറ്റർ ആണ്. പഞ്ചായത്തിലിള്ള ആകെ റോഡുകളുടെ നീളം 43.110 കി.മി. ആണ്. ഇതിൽ ടാർ ചെയ്തതു 3.425 കി. മി. റും 39.685 കി. മി. ടാർ ചെയ്യാത്തവയുമാണ്.

മറ്റു പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തുന്നതും പഞ്ചായത്തു റോഡുകൾ കാഞ്ഞിരമറ്റം - പൂത്തൻകാവ് റോഡ്, മുളന്തുരുത്തി-നടക്കാവ് റോഡ്, കണ്ടനാട് റോഡ് എന്നിവ ആമ്പല്ലൂർ, മുളന്തുരുത്തി എന്നീ കിഴക്കൻ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നു. ഇതിൽ നടക്കാവ്-മുളന്തുരുത്തി പള്ളിത്താഴം റോഡിൻെറ പണി പൂർത്തീയായി വരുന്നതേയുള്ളു.

യാത്ര സൗകര്യത്തിന് ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്നത് സ്വകാര്യബസ്സുകളെയാണ്. 43 സ്വകാര്യ ബസ്സുകൾ പഞ്ചായത്തിൻെറ തെക്കേ അറ്റമായ പൂത്തോട്ടയിൽ നിന്നും സർവ്വീസുകൾ നടത്തിവരുന്നു. 20 ബസ്സുകൾ വൈക്കം മുതൽ പൂത്തോട്ട വരെയും സർവ്വീസുകൾ നടത്തുന്നു. ദീർഘദൂര വണ്ടികൾ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. എറണാകുളം - കോട്ടയം സർവ്വീസ് നടത്തുന്ന 35 വണ്ടികൾ ഇതിലെ സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൽ ലിമിറ്റഡ് സ്റ്റോപ്പുകൾ നിലവിൽ പുത്തൻകാവ്, പറവൂർ മാർക്കറ്റ് , നടക്കാവ് എന്നിവിടങ്ങളിൽ സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും പറവൂരിലും, പൂത്തൻകാവുലും മാത്രമേ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുൾ നിർത്തുന്നുള്ളു.

പൂത്തോട്ട-പുതിയകാവ് എം. എൽ. എ റോഡിൽ 1990 മുതൽ ബസ് സർവ്വീസ് ആരംഭിച്ചെങ്കിലും ആമേട ജംഗഷൻവരെ 5 ബസുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളു. അടുത്തകാലത്തായി പറവൂർ ഫെറി വരെ ഒരു ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. എം. എൽ.എ റോഡിൻെറ ശോച്യാനസ്ഥയാണ് കൂടുതൽ ബസുകൾ പൂത്തോട്ട വരെ സർവ്വീസ് നടത്താത്തത്.

ആലപ്പുഴ ജില്ലയിലെ പെരുബളം പഞ്ചായത്തിലേക്ക്, അവിടെനിന്നും തിരിച്ചും യാത്ര ചെയ്യുന്നതിന് ജലയാത്രയെ ആശ്രയിച്ചിട്ടാണ്. പൂത്തോട്ടയിൽ പഞ്ചായത്തുവക ബോട്ടു ജെട്ടിയുണ്ട്. ഇവിടെ നിന്നും പെരുബളം, പാണാവള്ളി എന്നി പ്രദേശങ്ങളിലേക്ക് സർക്കാർ ബോട്ടു സർവ്വീസ് നടത്തിവരുന്നു. പറവൂർ ഫെറിയിൽ നിന്നും പെരുമ്പളം ദ്വീപുലേക്ക് യമഹാ സർവ്വീസ് നടത്തുന്നുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് അല്പം സുരക്ഷിതത്വമാണെങ്കിലും വർഷകാലത്തെ യാത്ര ദുരിതപൂർണ്ണമാണ്. സർവ്വീസ് ബോട്ടുകൾ ആരംഭിച്ചെങ്കിൽ മാത്രമേ ഇവിത്തെ യാത്രാ ക്ലേശം പരിഹരിക്കപ്പെടികയുള്ളു. കോണത്തു പുഴയുമായി ബന്ധപ്പെട്ട് കോലഞ്ചേരി കടത്ത്, തൈക്കാട്ടു കടത്ത്, മറ്റത്താം കടവ് കടത്ത്, പറവൂർ കിഴക്കേ പള്ളിക്കടവ് കടത്ത്, എന്നിവയാണ് പ്രധാനപ്പെട്ട കടത്തു മാർഗങ്ങൾ. ആമ്പല്ലൂർ, മുളന്തുരുത്തി പഞ്ചായത്തുകളുമായി ഈ കടത്തുകൾ ബന്ധപ്പെടുത്തുന്നു.

ഉദയം പേരൂർ പഞ്ചായത്തിൽ ഒട്ടാകെ 82 റോഡുകൾ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. ഇതിൽ 11 റോഡുകൾ ഒരു കിലോമീറ്ററിൽ കൂടുതലും 18 റോഡുകൾ 500 മീറ്ററിനും 1000 മീറ്ററിനും മദ്ധ്യേയുമാണ്. ബാക്കിയുള്ള 53 റോഡുകൾ 500 മീറ്ററിന് താഴെയാണ്.

ഉദയംപേരൂർ കവല മുതൽ കണ്ടനാട് കുരീക്കാട് റോഡ് ജില്ലാ റോഡാണ്. ഈ ഭാഗത്ത് നല്ല തിരക്കുകള്ള ഗതാഗത യോഗ്യമായ റോഡാണ് ഇത്. പഞ്ചായത്ത് അതിർത്തിയിലെ ടാറിട്ട റോഡുകൾ ഇവയാണ്. കൊച്ചുപള്ളി റോഡ്, പത്താംമൈൽ പനച്ചിക്കൽ റോഡ്, നടക്കാവ്-ആമേട റോഡ്, മാങ്കായി ക്കടവ് റോഡ്, ഫിഷർ മെൻ കോളനി റോഡ്, ഉദയംപേരൂർ കവല- ഒട്ടുവള്ളി റോഡ്,

മനയ്ക്കപടി-ഇല്ലത്തുമുകൾ റോഡ്, മാളേക്കാട്- പുതുവാടി റോഡ്, കണ്ടനാട് - ഇടയത്തുമുകൾ റോഡ് എന്നിവയാണ്. കൂടാതെ കാളേഴത്ത് ലക്ഷം വീട് (ഫിഷർമെൻ ഹോസ്പിറ്റൽ) റോഡ് മെറ്റൽ ചെയ്തതുമാണ്.

പുതിയ പഞ്ചായത്തു കമ്മിറ്റി നിലവിൽ വന്നതിനുശേഷം 1995-96 സാമ്പത്തീക വർഷത്തിൽ 19 റോഡുകളും 1996-97 സാമ്പത്തിക വർഷത്തേക്ക് 20 റോഡുകളും മെയിൻറനൻസ് വർക്കുകൾ നടത്തിയിട്ടുള്ള തുമാണ്. പഞ്ചായത്തിൽ 9, 10, 11, 12 വാർഡുകളിൽ ടാറിട്ട റോഡുകൾ ഇല്ല.

## ഉദയംപേരൂർ പഞ്ചായത്തു സമിതിയുടെ കീഴിലുള്ള റോഡുകളുടെ പൊതു സ്ഥിതി

| വർഷം | ആകെനീളം | ടാറിട്ടത് | വാഹന യോഗ്യമായ റോഡുകൾ |
|---|---|---|---|
| 1993-94 | 40.300 | 2.810 | 37.490 |
| 1993-95 | 41. 860 | 2, 810 | 39.050 |
| 1995-96 | 43.110 | 3.425 | 39.685 |

### ഉദയംപേരൂർ പഞ്ചായത്ത് ഗ്രാവൽ റോഡുകൾ

| No. | Name of Road | Length Km | Width M |
|---|---|---|---|
| 1. | കണ്ടനാട് താഴെ പറമ്പ് റോഡ് | 1.400 | 4 |
| 2. | ഇടയത്തുമുകൾ റോഡ് | 1.100 | 4 |
| 3. | കാർമ്മൽ പള്ളി റോഡ് | 1.000 | 6 |
| 4. | പുന്നച്ചാലിൽ റോഡ് | 0.400 | 4 |
| 5. | കൂത്തുപറമ്പ് കണിയാ വള്ളി റോഡ് | 0.500 | 4 |
| 6. | കുത്ത കല്ലിങ്കൽ ക്ഷേത്രം റോഡ് | 0.400 | 3 |
| 7. | ശിവാനന്ദപുരം റോഡ് | 0.225 | 3 |
| 8. | കണ്ടനാട് MCH റോഡ് | 0.300 | 4 |
| 9. | Dr. K. P. ചാക്കോറോഡ് | 0.300 | 4 |
| 10. | വാത്യാപള്ളി റോഡ് | 0.300 | 4 |
| 11. | പറയിടത്തു വെള്ളി റോഡ് | 0.500 | 3 |
| 12. | കാത്തുരി റോഡ് | 0.750 | 3.5 |
| 13. | നടക്കാവ് മുളന്തുരുത്തി റോഡ് | 0.500 | 6 |
| 14. | കൃഷ്ണമേനോൻ റോഡ് | 0.540 | 4 |
| 15. | കണ്ടനാട് പള്ളി പുഞ്ച റോഡ് | 0.300 | 4 |
| 16. | K.K. കുട്ടപ്പൻ സ്മാരക റോഡ് | 0.300 | 4 |
| 17. | മറ്റത്താം കടവ് റോഡ് | 0.320 | 5 |
| 18 | തെ. പറവൂർ റോഡ് | 0.800 | 5 |
| 19 | എസ്. എൻ.ഡി.പി മത്യാനത്തു റോഡ് | 0.265 | 3 |
| 20. | ചിറ്റേഴത്ത് താഴം റോഡ് | 0.260 | 3 |
| 21. | വൈരാട്ടേൻ റോഡ് | 0.150 | 3 |
| 22. | കുമാരനാശാൻ സ്മാരക റോഡ് | 0.335 | 3 |
| 23. | മഠത്തിൽ താഴം റോഡ് | 0.310 | 3 |
| 24. | മഠത്തിൽ പറമ്പ് റോഡ് | 0.270 | 2.7 |
| 25. | ചക്കു കുളം റോഡ് | 0.400 | 4 |
| 26. | ചക്കുകുളം പുന്നയ്ക്ക വെളി റോഡ് | 1.500 | 4 |
| 27. | അഴിക്കോടൻ സ്മാരക റോഡ് | 0.350 | 3 |
| 28. | പുന്നക്ക വെളി കുറുപ്പനേഴം റോഡ് | 0.470 | 3 |
| 29. | പറയിടത്ത് വെളി റോഡ് | 0.250 | 3 |
| 30. | പുളിയം മാക്കിൽ റോഡ് | 0.360 | 3 |
| 31. | പുന്നക്ക വെളി റോഡ് | 0.200 | 3 |
| 32. | പുന്നക്ക വെളി - അമ്പലം റോഡ് | 0.310 | 3 |
| 33. | ചമ്പേക്കാട് റോഡ് | 0.190 | 4 |
| 34. | കിളിക്കുന്നേൽ ലക്ഷം വീട് കേളനി റോഡ് | 0.300 | 2.7 |
| 35. | ശ്രാക്കാട്-തെക്കേടം റോഡ് | 0.340 | 3 |
| 36 | ശ്രാക്കാട് റോഡ് | 0.500 | 4 |
| 37. | കാരപറമ്പ്-പൊതു മൂല റോഡ് | 0.800 | 4 |
| 38. | തെക്കേടം-ലാൻറിംഗ് സെൻറർ റോഡ് | 0.400 | 3 |
| 39. | കൊച്ചു പള്ളി റോഡ് | 1.000 | 6 |

7. ഉദയം പേരൂർ കയർ സൊസൈറ്റിക്കു മുൻപിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

8. ഫിഷർമെൻ ഹോസ്പിറ്റലിനു മുൻ വശം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

9. ചൗക്ക പറമ്പ് ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

10. ഉള്ളാടൻ വെളി മാർക്കറ്റിനടുത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

11. വലിയ കുളം ചെറു പുഷ്പം ഹോസ്പിറ്റലിന് മുൻമ്പിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

### ഉദയം പേരൂർ ഗ്രാമ പഞ്ചായത്ത്

### ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി. ഉപ. (എണ്ണം) | പണം നല്കി വൈദ്യുതി കണ. ലഭിക്കുന്ന കുടും. (എണ്ണം) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | കമ്പി വേലിക്കകം | 30 | 10 | 20 |
| 2. | മാളേക്കാട്15 | 5 | 10 | |
| 3. | പള്ളിത്തോട്മല | 40 | 15 | 25 |
| 4. | മടലം പറമ്പ് | 20 | 5 | 15 |
| 5. | നടക്കാവ് ഈസ്റ്റ് | 18 | 5 | 13 |

## സാധ്യതകൾ

1. അനർട്ടിന്റെ സഹായത്തോടെ പഞ്ചായത്തിലെ എല്ലാവീടുകളിലും രണ്ടു വർഷം കൊണ്ട് ദക്ഷത കൂടിയ വിറക് അടുപ്പുകൾ സ്ഥാപിക്കുഭക.

2. വിറകു ഉദ്പാദനം വർദ്ധിപ്പിക്കുന്ന തിനുവേണ്ടി പൊതു സ്ഥലത്ത് സാമൂഹ്യ വനവൽക്കരണം നടത്തുക.

3. ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

4. സോളാർ ലാമ്പുകൾ ഉപയോഗിച്ച്, വൈദ്യുതി എത്താത്ത മേഖലകളിൽ വെളിച്ചം ലഭ്യമാക്കുക.

5. നിലവിൽ കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുവാനും ഇല്ലാത്തിടത്ത് സ്ഥാപിക്കുവാനും നടപടിയെടുക്കുക.

ഉദയം പേരൂർ ഗ്രാമ പഞ്ചായത്ത് - വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ:-

1. നിലവിലുള്ള ഉപഭോക്താക്കൾ

| ഗാർഹികം | വ്യാപാരം | വ്യവസായികം | കാർഷികം |
|---|---|---|---|
| 5538 | 673 | 123 | 366 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| ഓർഡിനറി | O.T.P | O.Y.E.C. |
|---|---|---|
| 51+18 =69 | 19 | 90 |

3. സ്ട്രീറ്റ ലൈറ്റുകളുടെ എണ്ണം

| ബൾബ്(40W) | ട്യൂബ് | മെർക്കുറി വേപ്പർ |
|---|---|---|
| 640 | 188 | 09 |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ. - 5

5. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക. - Rs.13000/-

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന.LT ട്രാൻസ്ഫോർമറികളുടെ പേരുകൾ :-

| ക്രമ നമ്പർ | പേര് | ക്രമ നമ്പർ | പേര് |
|---|---|---|---|
| 1. | പൂത്തോട്ട | 14. | S.B.T |
| 2. | കമ്പിവേലിക്കകം | 15. | നടക്കാവ് |
| 3. | കൊച്ചിൻഫീഡ്സ് | 16. | വെട്ടിക്കാ പള്ളി |
| 4. | വട്ട വയൽ -I | 17. | പുതു മന്ദിരം |
| 5. | വട്ടവയൽ - II | 18. | ഒട്ടോളി |
| 6. | പുത്തൻ കാവ് | 19. | മാവേലിതൊണ്ട് |
| 7. | പുന്നയ്ക്കാവെളി | 20. | മാളേക്കാട് |
| 8. | പറവൂർ | 21. | കവല |
| 9. | തെരുവിൽ തൊണ്ട് | 22. | കണ്ടനാട് No. I |
| 10. | കാര പറമ്പ് | 23. | വളയിടം |
| 11. | എക്സ് ചേഞ്ച് | 24. | കണ്ടനാട് No. II |
| 12. | S.N.D.P | 25. | കണ്ടനാട് No. III |
| 13. | കോസ്ററൽ-അരയശ്ശേരിൽ | 26. | വട്ടകുന്ന് |

# മാർക്കറ്റ്

ഉദയംപേരൂർ പഞ്ചായത്തിൽ നിലവിൽ രണ്ട് മാർക്കറ്റ് ഉണ്ട്. അതിൽ തെ. പറവൂർ മാർക്കറ്റ് പഞ്ചായത്തിൻെറ അധീനധയിൽ ഉള്ളതാണ്. ഉദയം പേരൂർ ഉള്ളാടൻ വെളി മാർക്കറ്റാകട്ടെ 748-ാം നമ്പർ മത്സ്യ തൊഴിലാളി സഹകരണ സംഘത്തിൻെറ അധീനതയിൽ ഉള്ളതാണ് കൂടാതെ പൂത്തോട്ട കടവ്, പത്താം മൈയിൽ ന് സമീപത്തും ഉദയംപേരൂർ കവലയ്ക്കടുത്തും ചില ദിവസങ്ങളിൽ മത്സ്യം വിപണനം നടത്തുന്ന ചെറു കേന്ദ്രങ്ങൾ ഉണ്ട് ഇതാകട്ടെ നിലവിൽ അനധികൃതമായി ഉള്ളതാണ്.

ഈ പഞ്ചായത്തിൽ ആഴ്ച്ച ചന്തകളോ മാറ്റ ചന്തകളോ നിലവിലില്ല. നൂറ്റാണ്ടുകൾക്കു മുമ്പ് ശ്രദ്ധേയമായ പാണ്ടികശാലകൾ കണ്ടനാടും തെ. പറവൂറിന് സമീപം തെരുവ് എന്ന സ്ഥലത്ത് കേന്ദ്രീകരിച്ച് ഉണ്ടായിരുന്നതായി ചരിത്രരേഖകൾ പറയുന്നു. പ്രധാനമായും ഈ പഞ്ചായത്തിലെ പല. വ്യന്ജ്ജന വില്പന ശാലകൾ കേന്ദ്രീകരിച്ചിരിക്കുന്നത് തെ. പറവൂർ മാർക്കറ്റിനോടും ഉള്ളാടൻ വെളി മാർക്കറ്റിനെയും അനുബന്ധിച്ചാണ്. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്ന മാർക്കറ്റ് സംവിധാനം ഈ പഞ്ചായത്തിൽ ഇല്ല. തെ. പറവൂർ മാർക്കറ്റിലും, ഉള്ളാടൻ വെളി മാർക്കറ്റിലും മറ്റ് പഞ്ചായത്തുകളിലെ വിശിഷ്യ പെരുമ്പളം പഞ്ചായത്തിലെ ജനങ്ങളടക്കം മത്സ്യ വിപണനം നടത്തുന്നതിന് പ്രധാനമായും ആശ്രയിച്ചു പോരുന്നത്. കൂടാതെ കടൽ-മത്സ്യങ്ങളും മാർക്കറ്റ് കേന്ദ്രീകരിച്ച് വിപണനം നടത്തിവരുന്നുണ്ട്.

## പ്രശ്നങ്ങൾ

1. മാർക്കറ്റിനോട് അനുബന്ധിച്ച് ഫ്രീസിങ്ങ് പ്ലാൻറ് ഇല്ല. തന്മൂലം മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനും വിപണനം നടത്തുവാനും കഴിയുന്നില്ല.

2. തെക്കൻ പറവൂർ മാർക്കറ്റിനു നിലവിൽ ആവശ്യമായ സ്ഥലം ഇല്ല. നിരവധി മീൻ വാഹനം അടക്കം വാഹനങ്ങൾക്ക് വന്നു പാർക്കു ചെയ്തു മീൻവില്പന നടത്തുവാൻ സ്ഥലമില്ലാത്തതുമൂലം ഇപ്പോൾ വൈക്കം- തൃപ്പുണിത്തുറ റോഡരുകിൽ കയറ്റിയാണ് മത്സ്യവില്പന നടന്നു പോരുന്നത്. ഇത് അപകടങ്ങൾ ഉണ്ടാക്കുവാൻ ഇടയാകുന്നു.

4. മാർക്കറ്റുകളോട് അനുബന്ധിച്ച് അഴുക്കുചാലുകൾ പണിത്, മാർക്കറ്റ് അനുദിനം വൃത്തിയാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് മാർക്കറ്റ് വേണം.

2. കണ്ടനാട് കേന്ദ്രീകരിച്ച് ആഴ്ച ചന്തകൾ ആരംഭിക്കണം.

3. മാർക്കറ്റ് കേന്ദ്രീകരിച്ച് ക്രെഡിറ്റ് സൊസൈറ്റി ആരംഭിക്കണം.

# പാർപ്പിടവും, സാമൂഹ്യക്ഷേമവും

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. 95 ലെ കണക്ക് പ്രകാരം 6079 വീടുകൾ ഉണ്ട്. കഴിഞ്ഞ വർഷത്തിനുള്ളിൽ 487 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. എറണാകുളം നഗരത്തിൻെറ വികസനത്തോടനുബന്ധിച്ച് കുറേയധികം ആളുകൾ ചേക്കേറിയത് ഈ പഞ്ചായത്തിലാണ്. കൂടാതെ തൃപ്പൂണിത്തുറയിലേയും എറണാകുളത്തേയും വ്യവസായ കേന്ദ്രങ്ങളിലെ തൊഴിലിനോടനുബന്ധിച്ച് ഒട്ടനവധി ആളുകൾ ഇവിടെ നിർമ്മിച്ചിട്ടുള്ള വീടുകളും ഇതിൽ ഉൾപ്പെടും. ഇതിൽ 50.5% വീടുകൾ കോൺക്രീറ്റാണ്. അതായത് 3109. ഈ പഞ്ചായത്തിൽ 2016 വീടുകൾ ഓടുമേഞ്ഞവയാണ്. മൊത്തം വീടുകളിൽ 5.5% അതായത് 470 എണ്ണം ഓലമേഞ്ഞവയാണ്. 6.7% ത്തോളം വരുന്ന വീടുകൾ കുടിലുകളാണ്. ഈ പഞ്ചായത്തിലെ 80% ത്തോളം വരുന്ന വീടുകൾ വെട്ടുകല്ലുകളോ, ഇഷ്ടികകളോ കോണ്ട് നിർമ്മിച്ചവയാണ്. 10% ത്തോളം വീടുകളിൽ തറ മൊസെയ്ക്ക് കൊണ്ടോ, മാർബിൾ കൊണ്ടോ ആണ് നിർമ്മിച്ചിരിക്കുന്നത്. 12% ത്തോളം വരുന്ന വീടുകളിൽ തറകൾ ചാണകം കൊണ്ട് മിനുക്കിയവയാണ്. 6079 വീടുകളിൽ 2578 വടുകളിൽ കക്കൂസ് ഉണ്ട്. 60% ത്തോളം വീടുകളിലും കക്കൂസ് ഇല്ല. നമ്മുടെ പഞ്ചായത്തിലെ ബാക്കിയുള്ള ആളുകൾക്ക് കക്കൂസ് നിർമ്മിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ നീർച്ചാലുള്ള പ്രദേശങ്ങളിൽ, ആ പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള കക്കൂസ് നിർമ്മിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 1793 വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല, ഈ പഞ്ചായത്തിൽ കൂട്ടു കുടുംബങ്ങളായും, വാടകയ്ക്കും 700 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വിവരങ്ങൾ എറണാകുളം ജില്ലാ പഞ്ചായത്തിൻെറ സമഗ്രഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ശേഖരിച്ചവയാണ്.

വീട് നിർമ്മാണത്തിനുപയോഗിക്കുന്ന സാമഗ്രികൾ 98% വും ഈ പഞ്ചായത്തിൽ നിന്നും ലഭ്യമല്ല. ഇപ്പോൾ പുതിയതായി സിമൻറ് കട്ട നിർമ്മാണം ചില പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഭൂരിപക്ഷംവും കെട്ടിടനിർമ്മാണം കോൺട്രാക്ട് വ്യവസ്ഥയിലാണ്. ശരാശരി കൂലി നിരക്ക് പുരുഷൻ മാർക്ക് 150 സ്ത്രീകൾക്ക് 100 എന്ന കണക്കിലാണ്.

ഈ പഞ്ചായത്തിൽ 17 കോളനികൾ ഉണ്ട്. ഇതിൽ ഭൂരഹിതകോളനിയായ കണ്ടനാട്, കലിയത്തുകാട്, കൊച്ചുപള്ളി, ഉദയംപേരൂർ, മാളേക്കാട് എന്നീ കോളനികളിലായി 196 വീടുകളുണ്ട്. ഒൻപത് ലക്ഷം വീട് കോളനികളിലായി നൂറ് വീടുകളുണ്ട്. മൂന്ന് സെറ്റിൽ മെൻറ് കോളനികളും ഉണ്ട്. കോളനികളിൽ പൊതുവെ 50% വീടുകളും ശോചനീയാവസ്ഥയിലാണ്. ലക്ഷം വീട് കോളനികളെ വീടുകൾ ഒന്ന് എന്നത് രണ്ടായി വിഭജിച്ചു വയ്ക്കണമെന്നാവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. വൈദ്യുതി പലകോളനികളിലും എത്തിയിട്ടില്ല, കക്കൂസിൻെറ അപര്യാപ്തത പലയിടത്തും അനുഭവ പ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിലെ 4-ാം വാർഡിൽ പട്ടികജാതിക്കാർ തിങ്ങി പ്പാർക്കുന്നു. മാളേക്കാട് അ ംബേദ്കർ ഗ്രാമമായി പ്രഖ്യാപിച്ച് പ്രവർത്തനം നടത്തിവരുന്നു. 1990-1991ലെ കർമ്മ പരിപാടിയനു സരിച്ച് വിവിധ സർക്കാർ സ്ഥാപനങ്ങളുടെ സഹായ ത്തോടുകൂടി 11 ഇനങ്ങളിലായി 28 ലക്ഷം രൂപ മുടക്കണ മെന്നാണ് ആഗ്രഹിച്ചിരുന്നത്. എന്നാൽ പ്രധാനപ്പെട്ട വൈദ്യുതി, വെള്ളം, ഗതാഗതം, വ്യവസായം, എന്നിവ ഇതുവരേയും നടപ്പിലായിട്ടില്ല.

## സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിൽ രണ്ടുരൂപത്തിലുള്ള സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഒന്ന് ദാരിദ്ര്യ നിർമ്മാർജ്ജനവും മറ്റൊന്ന് വിവിധ രീതിയിലുള്ള പെൻഷനുകളും, ധനസഹായ പദ്ധതികളും. ഐ. ആർ. ഡി.പി. പദ്ധതിയുടെ ആനുകൂല്യങ്ങൾ ദാരിദ്രരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് കൊടുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ധനകാര്യസ്ഥാപനങ്ങൾ തടസ്സം നിൽക്കുന്നത് വലിയ

പ്രശ്നമാണ്. അതു കൊണ്ടു തന്നെ ചെറിയയൊരുശതമാനം ആളുകൾക്കുമാത്രമാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്.

**1995-ലെ കണക്കനുസരിച്ച് ഉദയം പേരൂർ പഞ്ചായത്തിൽ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | = | 57 |
| 2. | വിധവാപെൻഷൻ | = | 141 |
| 3. | തൊഴിലില്ലായ്മ വേതനം | = | 532 |
| 4. | മത്സ്യ തൊഴിലാളി പെൻഷൻ | = | 820 |

ധനസഹായം ലഭിക്കുന്നവരെല്ലാം അതിനർഹരാണ് എന്നാൽ അർഹതയുള്ള നല്ലൊരു വിഭാഗം ജനങ്ങൾക്കും ഈ വിധ ധനസഹായങ്ങൾ കിട്ടുന്നില്ലാ എന്ന് പ്രാഥമിക പരിശോധനയിൽ തന്നെ ബോദ്ധ്യപ്പെടുന്നുണ്ട്.

കർഷക തൊഴിലാളി ക്ഷേമ നിധിയിൽ ഈ പഞ്ചായത്തിൽ നിന്നും 1321 ആളുകൾ അംഗങ്ങളാണ്. എന്നാൽ അതിന്റെ പ്രവർത്തനം ഇതുവരെയും സുഗമമായിട്ടില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി, മുതലായ ക്ഷേമനിധിയിൽ നമ്മുടെ പഞ്ചായത്തിൽ ഇനിയും ആരംഭിക്കേണ്ടതുണ്ട്.

## I.R.D.P സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്കും താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 252 | 9 | 20 | 10 | — | 230 |
| II | 205 | 15 | 24 | 12 | — | 200 |
| III | 216 | 16 | 11 | 6 | 5 | 211 |
| IV | 308 | 4 | 25 | 4 | 20 | 288 |
| V | 274 | — | 20 | — | 10 | 264 |
| VI | 308 | 1 | 21 | 1 | 12 | 296 |
| VII | 276 | 4 | 6 | — | 4 | 272 |
| VIII | 205 | 1 | 11 | — | 6 | 199 |
| IX | 265 | 1 | 16 | 6 | — | 250 |
| X | 247 | 12 | 37 | 21 | — | 296 |
| XI | 305 | 14 | 41 | 19 | — | — |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റിയില്ല.
2. ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നില്ല.
3. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നില്ല.
4. സർക്കാരിൻെറ പലഭവന നിർമ്മാണ പദ്ധതികൾക്കും അപേക്ഷ നല്കിയവർക്ക് സ്വത്തിൻെറ ആധാരം തിരിച്ചു കിട്ടാൻ ബുദ്ധിമുട്ടു വരുന്നു.
5. ജില്ലാ പഞ്ചായത്തിൻെറ എല്ലാവർക്കും വീട് എന്ന ഭവന നിർമ്മാണ പദ്ധതിക്ക് പോരായ്മകളുണ്ട്.
6. I.R.D.P ലിസ്റ്റിൽ അപാകതകൾ ഉണ്ട്.
7. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.
8. അർഹതയുള്ള പലർക്കും പലരൂപത്തുലുള്ള ധനസഹായങ്ങൾക്ക് അപേക്ഷ നല്കിയിട്ട് ലഭിക്കുന്നില്ല.

## സാധ്യതകൾ

1. ഈ പഞ്ചായത്തിൽ വിപുലമായ ഒരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കുകയും, എല്ലാവിധ ഭവന നിർമ്മാണ വായ്പകളും എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കണം. ഇതിന് വേണ്ട മൂലധനം സർക്കാരിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുക.



2. ഈ പഞ്ചായത്തിൽ കെട്ടിടം നിർമ്മിക്കുന്ന തിനാവശ്യമായ സാമഗ്രികൾ നിർമ്മിച്ച് വിതരണം ചെയ്യുക.
3. ജില്ലാ പഞ്ചായത്തിൻെറ എല്ലാവർക്കും വീട് എന്ന പദ്ധതിപോരായ്മകൾ പരിഹരിച്ച് ഉടൻ നടപ്പാക്കുക.
4. ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനാവശ്യമായ നിബന്ധനകൾ ലഘൂകരിക്കുക.

1. I.R.D.P ലിസ്റ്റിലേക്ക് സമഗ്ര സർവ്വേ നടത്തി ആളുകളെ ഉൾപ്പെടുത്തി പൂർണ്ണമായി നടപ്പാക്കുക.
2. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക.
3. എല്ലാവിധ പെൻഷൻ ധനസഹായങ്ങളും, പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.
4. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ധനസഹായം ലഭിക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കുക.
5. പൊതു സ്ഥാപനങ്ങളിൽ നിന്നും നീതി ലഭിക്കാതെ വരുന്ന സന്ദർഭങ്ങളിൽ പരാതി ബോധിപ്പിക്കുന്നതിനായി പഞ്ചയാത്തിൻെറ ഉത്തര വാദിത്വത്തിൽ ഒരു പരാതിപ്പെട്ടി സ്ഥാപിക്കുകയും, എത്രയും വേഗം പരിഹരുക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുക.

# സംസ്കാരം

ഓരോ പ്രദേശത്തിൻെറയും സാംസ്കാരികമായ വളർച്ച അവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം ആചാരാനുഷ്ഠാനങ്ങൾ കലാപരമായ മികവ്, ധാർമ്മിക മൂല്യങ്ങൾ എന്നിവയിൽ അധിഷ്ഠിതമാണ്. ഉദയംപേരൂർ പഞ്ചായത്തിൻെറ സാസ്കാരികതയ്ക്ക് വളരെയധികം വർഷങ്ങളുടെ പഴക്കമുണ്ട്. ഹിന്ദുവും-ക്രിസ്താനിയും, മുസൽമാനും ഏകോദര സഹോദരങ്ങളെ പോലെ മതസൗഹാർദ്ധത്തോടെ കഴിയുന്ന പ്രദേശമാണ് ഇത്. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് അയിത്തം പോലുള്ള അനാചാരങ്ങൾ നിലനിന്നിരുന്ന സന്ദർഭത്തിലും പട്ടിക ജാതിക്കാർ സ്വന്തമായി അമ്പലങ്ങൾ സ്ഥാപിക്കുകയും പൂജനടത്തുകയും ചെയ്തിരുന്നു. കേരളത്തിലെ മറ്റൊരു മണ്ണാറശ്ശാല എന്നറിയപ്പെടുന്ന ''ആമേട'' അമ്പലത്തിൽ കന്നിമാസത്തിലെ ആയില്ല്യംനാളിൽ കേരളത്തിൻെറ വെളിയിൽ നിന്നു പോലും ആയിരകണക്കിനു ഭക്തജനങ്ങൾ വന്നു പോകുന്ന ക്ഷേത്രം ഈ പഞ്ചായത്തിലാണ്. കേരളത്തിൻെറ ചരിത്രരേഖകളിൽ ക്രൈസ്തവ സഭയുമായി ബന്ധപ്പെട്ട സുന്നഹദോസ് നടന്ന പള്ളിയും ഈ പഞ്ചായത്തിൻെറ സാംസ്കാരികതയുടെ പ്രതീകങ്ങളാണ്.

ഉദയംപേരൂർ പഞ്ചായത്തിൽ പണ്ടുകാലം മുതൽക്കേ ചെറുനാടകങ്ങൾ സംഘടിപ്പിച്ച് അവതരിപ്പിക്കുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു. പണ്ടുകാലത്ത് നിലവിലുണ്ടായിരുന്ന വില്ലടിച്ചാം പാട്ട്, ഭജന, കൊയ്ത്തുപാട്ട് എന്നിവ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേരളക്കരയിലാകെ അറിയപ്പെടുന്ന, പ്രൊഫഷണൽ നാടക സംഘങ്ങളായ തൃപ്പൂണിത്തുറ സൂര്യയും, കൊച്ചിൻ സിത്താരയും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്, ഒരു നാടൻകലാരൂപമായ പുലികളി സംഘവും നമ്മുടെ പഞ്ചായത്തിലുണ്ട്. കേരളത്തിലെ പ്രശസ്തനായ ഒരു നാടകകൃത്ത് 'ശ്രീ. സുന്ദരൻ പനങ്ങാട്' നാടക നടൻ ശ്രീ. കരീത്ര നാരായണൻ, ഗായകനായ ശ്രീ. സാബുവും, ശ്രീ. ബിനുരാജും നമ്മുടെ പഞ്ചായത്തിൻെറ കലാ സാംസ്കാരിക രംഗത്തെ തിളക്കമുള്ളതാക്കുന്നു.

ഉദയംപേരൂർ പഞ്ചായത്തിൽ പതിനെട്ട് ഹൈന്ദവ ക്ഷേത്രങ്ങളുണ്ട്. ക്രിസ്ത്യാനികളുടെ ആറ് പള്ളികളും സ്ഥിതി ചെയ്യുന്നു. ഈ ദേവാലയങ്ങളിൽ, എല്ലാ വർഷവും ഉത്സവാഘോഷങ്ങൾ നടത്തിവരുന്നു. ഒത്തിരി ഐതീഹ്യങ്ങളാൽ സമ്പൽസമൃദ്ധമായ ഈ ദേവാലയങ്ങളിൽ ആചാരാനുഷ്ഠാനങ്ങളിൽ ഒത്തിരി മാറ്റം വന്നിട്ടുണ്ട്. കേരളത്തിലറിയപ്പെടുന്ന ഏകാദരിപേരും തൃക്കോവിൽ ക്ഷേത്രം ഈ പഞ്ചായത്തിലാണ്. ഈ പഞ്ചായത്തിലെ സാംസ്കാരിക വളർച്ച പ്രഥമഗണനീയമായ സ്ഥാനമാണ് സാംസ്കാരിക സംഘടനകൾക്ക് ഈ പഞ്ചായത്തിലുള്ളത്. 747-ാം സഹകരണ ബാങ്കിൻെറ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രന്ഥശാല ഇന്ന് വളരെ ദയനീയമായി നില നിൽക്കുകയാണ്. ഒത്തിരി പുസ്തകങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്തിരുന്ന ഇവിടെ ഇപ്പോൾ പ്രവർത്തനം നിലച്ച അവസ്ഥയാണ്. കുറച്ച് വർഷങ്ങൾക്കു മുൻപ് നമ്മുടെ പഞ്ചായത്തിൻെറ കെട്ടിടത്തോടനുബന്ധിച്ച് പ്രവർത്തനം ആരംഭിച്ച പഞ്ചായത്തിൻെറ സാംസ്കാരിക നിലയത്തിൽ ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുകയാണ്. തെക്കൻ പറവൂർ പ്രവർത്തിക്കുന്ന ഗ്രാമീണ ''ജ്ഞാനദായനി വായനശാല'' ഗ്രന്ഥശാലയായി ഇപ്പോൾ ഉയർത്തപ്പെട്ടു. ഈ പഞ്ചായത്തിലെ സാംസ്കാരിക വളർച്ചയുടെ പ്രതീകങ്ങളായി കലാ, കായിക സാംസ്ക്കാരിക സംഘടനകൾ 26 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ഈ സംഘടനകൾ വർഷംതോറും അവരുടെ വാർഷികാഘോഷങ്ങൾ നടത്തി വരുന്നു. കൂടാതെ ഓണാഘോഷങ്ങൾ, ക്രിക്കറ്റ് മത്സരം എന്നിവയും നടത്തിവരുന്നു.

സമ്പൂർണ്ണ സാക്ഷരത പ്രസ്ഥാനം ആരംഭിച്ചപ്പോൾ നമ്മുടെ പഞ്ചായത്തിൽ 899 നിരക്ഷരായ ആളുകളുണ്ടായിരുന്നു. ഇവരിൽ 675 ആളുകളെ സാക്ഷരരാക്കി. എന്നാൽ തുടർ സാക്ഷരതാപ്രസ്ഥാനത്തിൻെറ അഭാവം നമ്മുടെ ലക്ഷ്യ പ്രാപ്തിയെ തൃപ്തിപ്പെടുത്തിയില്ല. നമ്മുടെ പഞ്ചായത്തിൽ തെരഞ്ഞെടുത്ത ചില സ്ഥലങ്ങളിലായി ടെലിവിഷൻ സെറ്റ് സ്ഥാപിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകൾക്കും, വായനശാലകൾക്കും, സാമ്പത്തീക വരുമാനം കുറവാണ്. ഇത് സംഘടനകളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു.
2. എല്ലാ വാർഡിലും വായനശാലകളില്ല.
3. നിലവിലുള്ള സാംസ്കാരിക സംഘടനകളിൽ പൊതുവെ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്.
4. കലാ കായിക സംഘടനകൾക്ക് ധനസഹായം ലഭ്യമല്ല.
5. പഞ്ചായത്തിന് സ്വന്തമായി പൊതുകളിസ്ഥലമില്ല.

## സാധ്യതകൾ

1. പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു പഞ്ചയാത്തുതല സാംസ്കാരിക സമിതി രൂപീകരിക്കുക.
2. ഗ്രാമോത്സവം, കേരളോത്സവം ഈ സമിതിയുടെ കീഴിൽ സംഘടിപ്പിക്കുകയും, മത്സരങ്ങൾ വാർഡ് തലം തൊട്ട് സംഘടിപ്പിക്കുകയും ചെയ്തു.
3. പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ നിന്ന് ആശുപത്രി മാറ്റി സാംസ്കാരിക നിലയത്തിൻെറ പ്രവർത്തനം സജീവമാക്കുക.
4. എല്ലാ വാർഡിലും വായനശാല തുടങ്ങുക.
5. ഗ്രാമീണ പുസ്തക വിതരണ പദ്ധതി നടപ്പാക്കുക.
6. വിജ്ഞാന പ്രദങ്ങളായ വിഭവങ്ങൾ ദൂരദർശനിൽ അണിയിച്ചൊരുക്കുക.
7. ഓണാഘോഷ പരിപാടികൾ പഞ്ചായത്ത് സംഘടിപ്പിക്കുക.
8. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഫിലിം സൊസൈറ്റി സ്ഥാപിച്ച് നിലവാരമുള്ള സിനിമ പ്രദർശിപ്പിക്കുക.
9. നമ്മുടെ പഞ്ചായത്തിലെ ഐതിഹ്യങ്ങൾ, ചരിത്രരേഖകൾ എന്നിവ ശേഖരിച്ച് വയ്ക്കുക.
10. പഞ്ചായത്ത്, പൊതുവായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുക.

# വനിതാ ക്ഷേമം

നമ്മുടെ പഞ്ചായത്തിൽ 14, 386 വനിതകളാണുള്ളത്. ഈ പഞ്ചായത്തിൽ പുരുഷൻമാരെക്കാളും അധികം വനിതകളാണുള്ളത്. ഇത് 1991 ലെ കനേഷ്മാരി കണക്കുകൾ പ്രകാരമാണ്. 0 മുതൽ 6 വരെയുള്ള പെൺകുട്ടികളുടെ എണ്ണം 1462 ആണ്. പട്ടിക ജാതിക്കാരായ വനിതകളുടെ എണ്ണം അൻപത്തഞ്ചാണ്. മറ്റു വിഭാഗത്തിൽ പെടുന്നവ 11,426 ആണ്. 3224 അമ്മമാർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 2949 അമ്മമാർ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവരാണ്. പുരുഷൻമാരേക്കാൾ 227 സ്ത്രീകൾ കൂടുതലുണ്ട്.

വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾക്ക് തനതായി സ്വകാര്യ മേഖലയിൽ പ്രീഡിഗ്രി മുതൽ കംപ്യൂട്ടർ കോഴ്സ് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനമുണ്ട്. പൊതുവേ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അൻപത്തിയഞ്ച് ശതമാനത്തോളം പെൺകുട്ടികളാണ്. S.S.L.C പരീക്ഷയിൽ കുറച്ച് വർഷങ്ങൾക്ക് മുൻപ് 15-ാമത് റാങ്ക് കിട്ടിയ പെൺകുട്ടിയും ഈ പഞ്ചായത്തിലുണ്ട്. മിക്കവാറും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വനിതാ അദ്ധ്യാപകരാണ് കൂടുതൽ. സാക്ഷരതയുടെ കാര്യത്തിൽ വളരെ മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ 5.5 % ത്തോളം മാത്രമാണ് നിരക്ഷരർ. ഈ പഞ്ചായത്തിലെ വനിതകൾ വിവിധങ്ങളായ ഉന്നത വിദ്യാഭ്യാസങ്ങൾ ഇന്നും അനുഷ്ഠിച്ചു കൊണ്ടിരിക്കയാണ്.

ആരോഗ്യരംഗത്ത് ഈ പഞ്ചായത്തിൻേറതായ പ്രാഥമിക ആരോഗ്യകേന്ദ്രം തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയിലെ എരൂരാണ് സ്ഥിതി ചെയ്യുന്നത്. എങ്കിലും ആരോഗ്യരംഗത്ത് സർക്കാരിൻേറയും സ്വകാര്യ വ്യക്തികളുടെയും ക്ലിനിക്കുകളും ആശുപത്രികളും ഉള്ളതു കൊണ്ട് ആരോഗ്യരംഗത്ത് സ്ത്രീകൾ മുന്നിലാണ്. എന്നാൽ കുട്ടികൾക്കും ഗർഭിണികൾക്കും സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്ന സ്ഥിതിയുണ്ട്.

സ്ത്രീകൾ കൂടുതലായി കൃഷി, ചെറുകിട വ്യവസായം, സേവന-മേഖലകളിലാണ് തൊഴിൽ ചെയ്യുന്നത്. കാർഷിക മേഖലയിൽ പാടത്തെ പണികൾക്കാണ് സ്ത്രീകൾ പോകുന്നത്. ഇവിടെ പുരുഷൻമാരെക്കാൾ 50% കുറഞ്ഞ കൂലിയാണ് സ്ത്രീകൾക്കുള്ളത്. ഈ മേഖലകളിലേക്ക് ചെറുപ്പക്കാരായ സ്ത്രീകളുടെ വരവില്ലാത്തത് പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. പഞ്ചായത്തിലെ ചെറിയൊരുശതമാനം സ്ത്രീകൾ മീൻ വിപണനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരെ വിവിധ പ്രദേശങ്ങളിൽ കൊണ്ട് പോകുന്നതിന് മത്സ്യ ഫെഡ് ഈ പഞ്ചായത്തിലേക്ക് മാത്രമായൊരു വനിതാ ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്. കയർ വ്യവസായ മേഖലയിൽ സ്ത്രീകളാണ് തൊഴിൽ എടുക്കുന്നത്. മോട്ടോറൈസ്ഡ് സഹകരണ സംഘങ്ങളിൽ പെൺകുട്ടികളാണ് ജോലി എടുക്കുന്നത്. നല്ലൊരു ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനങ്ങളിൽ പോകുന്നുണ്ട്. ഈ പഞ്ചായത്തിലും പഞ്ചായത്തിൻെറ വെളിയിലുമായി ചെറുകിട വ്യവസായ രംഗത്ത് കുറച്ച് സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. റെഡിമെയ്ഡ് ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുക, മത്സ്യം ഉണക്കി പാക്ക് ചെയ്ത് വിതരണം ചെയ്യുക എന്നീ രംഗങ്ങളിൽ സ്ത്രീകൾ തൊഴിലുകൾ ചെയ്യുന്നു. ഏതാണ്ട് 50%ത്തോളം വരുന്ന സ്ത്രീകൾ വീട്ടുതൊഴിൽ മാത്രമായി കേന്ദ്രീകരിച്ചിരിക്കുകയാണ്. അംഗണവാടികൾ 19 എണ്ണം ഈ പഞ്ചായത്തിലുണ്ട്. ഈ അംഗണവാടി കേന്ദ്രങ്ങൾ മിക്കവാറും അതിൻെറ പൂർണ്ണ അർത്ഥത്തിൽ പ്രവർത്തിക്കുന്നില്ല. പല അംഗണവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. ഇവ സ്ത്രീകളുടേയും കുട്ടികളുടേയും ഒരു കേന്ദ്രമായി മാറ്റണം. ഇപ്പോൾ ഈ അംഗണവാടികളിൽ കൃത്യമായി വൈദ്യ പരിശോധനയും പോഷകാഹാര വിതരണവും നടക്കുന്നില്ല. ഈ അംഗണവാടികൾ I.C.D.S ൻെറ കീഴിലുള്ളവയാണ്. ഇവ കൂടാതെ സ്വകാര്യമേഖലയിൽ നാല് അംഗണവാടികൾ വേറെയും ഉണ്ട്.

D.W.C.R.A യുടെ നേതൃത്വത്തിൽ 4 യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണന യൂണിറ്റുകളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

സ്ത്രീകൾ സാമൂഹിക രാഷ്ട്രീയ രംഗത്ത് കടന്നു വരുന്നുണ്ട്. വിവിധ സംഘടനാ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം വെച്ച് പരിശോധിക്കുമ്പോൾ ഇത് നാമമാത്രമാണ്. പഞ്ചായത്തിൻെറ ഭരണത്തിലും വിവിധ സന്നദ്ധസംഘടനാ രാഷ്ട്രീയ പ്രവർത്തന

ങ്ങളിലും സ്ത്രീകളുടെ പ്രവർത്തനമുണ്ട്. പൊതുവേ സാധനങ്ങൾ വാങ്ങിക്കുന്നതിന് വ്യാപാര സ്ഥാപനങ്ങളിൽ പോകുന്നതും ചന്തയിൽ പോകുന്നതും സ്ത്രീകളാണ്.

## പ്രശ്നങ്ങൾ

1. അംഗണവാടികളുടെ പോരായ്മകൾ പരിഹരിക്കുക.
2. D.W.C.R.A യിലെ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പ്പന്നങ്ങൾക്ക് വിപണന സാധ്യത കണ്ടെത്തുക.
3. കലാ-സാംസ്കാരിക സംഘടനകളുടെ പോരായ്മകൾ പരിഹരിക്കുക.
4. പ്രാധമികാരോഗ്യ കേന്ദ്രം ഈ പഞ്ചായത്തിൽ തന്നെ പ്രവർത്തനമാരംഭിക്കുക.

## സാധ്യതകൾ

1. ഈ പഞ്ചായത്തിലെ കെട്ടിടമില്ലാത്ത എല്ലാ അംഗണവാടികൾക്കും, പുറമ്പോക്ക് സ്ഥലങ്ങൾ അനുവദിച്ചു കെട്ടിടം നിർമ്മിക്കുക. ഈ അംഗണവാടികൾ സ്ത്രീകളുടേയും കുട്ടികളുടേയും സേവനകേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുക.



2. പഞ്ചായത്തിലെ വിഭവങ്ങൾ കണ്ടെത്തി അതുമായി ബന്ധപ്പെട്ട കൂടുതൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക. ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് വിപണന സാധ്യതയും കണ്ടെത്തി കൊടുക്കുക.
3. ഈ പഞ്ചായത്ത് കേന്ദ്രത്തിൽ നല്ല നിലയിൽ പ്രാധമിക ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുക. ഇവയുടെ പ്രവർത്തനം മാസങ്ങൾ കൂടുമ്പോൾ ഓരോ വാർഡിലും ഇതിൻെറ സേവനം ലഭ്യമാക്കുക.
4. നമ്മുടെ പഞ്ചായത്തിലുള്ള കലാ-സാംസ്കാരിക സംഘടനകൾ സ്ത്രീകളുടെ മെമ്പർഷിപ്പ് ഉറപ്പാക്കുകയും പ്രവർത്തന പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുക.
5. വിവിധ സന്നദ്ധ സംഘടനയുടെ ചർച്ചാ ക്ലാസ്സുകൾ, പൊതുയോഗങ്ങൾ ബോധവത്കരണ പരിപാടി എന്നിവ സംഘടിപ്പിക്കുക.

# സഹകരണ മേഖല

സഹകരണ മേഖലയ്ക്ക് സാമാന്യം നല്ല വേരോട്ടം ഉള്ള പഞ്ചായത്താണിത്. അതായത് ഈ പഞ്ചായത്തിലെ കുടുംബങ്ങളിൽ തൊണ്ണൂറ്റിയെട്ട് ശതമാനത്തോളം കുടുംബങ്ങൾ ഏതെങ്കിലും ഒരു സഹകരണ സംഘത്തിൽ അംഗങ്ങളാണ്. ഈ പഞ്ചായത്തിൽ ഇരുപത്തിഒന്ന് സഹകരണസംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. ഈ പഞ്ചായത്തിലെ ചില സഹകരണ സംഘങ്ങൾക്ക് വളരെയധികം വർഷങ്ങളുടെ ചരിത്രമുണ്ട്. 1920കളുടെ തുടക്കത്തിൽ ഇവിടെ നിലനിന്നിരുന്ന ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പല സഹകരണ സംഘങ്ങളും പ്രവർത്തനമാരംഭിച്ചു. നായർ, ഈഴവ, പുലയ, വാല എന്നീ സമുദായങ്ങൾക്ക് 1920നും 1930നും ഇടയ്ക്ക് ഓരോ സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. അന്നു തുടങ്ങിയ സഹകരണ സംഘങ്ങളിൽ രണ്ടെണ്ണം മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. പുലയ സമുദായത്തിന്റെ സഹകരണ സംഘവും ഇന്ന് നിലവിലില്ല. 5283 അംഗങ്ങളുള്ള ഇപ്പോഴത്തെ 747-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം. കൊല്ലവർഷം 1099-ൽ (1923) നായർ സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നതിന് 22 വർഷം മുൻപ് വൈക്കം സത്യാഗ്രഹം നടക്കുന്ന കാലഘട്ടത്തിൽ നായർ സമുദായത്തിലെ ആളുകൾ ഒത്തു ചേർന്ന് രൂപീകരിച്ചതാണ് ഈ സഹകരണ സംഘം. ആദ്യകാലങ്ങളിൽ ആ സമുദായത്തിലെ ആളുകളെ മാത്രമാണ് അംഗങ്ങളാക്കിയിരുന്നത്. കാലക്രമത്തിൽ മറ്റു സമുദായത്തിലെ ആളുകളെ അംഗങ്ങളാക്കുകയും ജനാധിപത്യപരമായി തിരഞ്ഞെടുപ്പ് നടത്തുകയും 5283 അംഗങ്ങളുള്ള അംഗീകൃത ഓഹരി മൂലധനം പതിനൊന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്നുള്ള ഒരു ക്രെഡിറ്റ് സഹകരണ സംഘമായി ഈ പഞ്ചായത്തിലെ ഒരു വലിയ സഹകരണ സംഘമാണിത്. ഈ സഹകരണ ബാങ്കിൽ നിന്ന് കാർഷിക വ്യവസായ മേഖലയിൽ മധ്യകാല ഹ്യസ്വകാല വായ്പകൾ നല്കി വരുന്നു. വീട് വയ്ക്കുന്നതിന്, വിദ്യാഭ്യാസ ആനുകൂല്യത്തിന് എന്നീവ നല്കി വരുന്നു. ഇതേ കാലഘട്ടത്തിൽ വാല പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ വാല സമുദായത്തിലെ ആളുകൾ ഒത്തു ചേർന്ന് രൂപീകരിച്ച സഹകരണ സംഘമാണ് ഇന്ന് 1354 അംഗങ്ങളുള്ള 748-ാം നമ്പർ മത്സ്യതൊഴിലാളി സഹകരണ സംഘം എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. ഈ സംഘത്തിൽ നിന്നും മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഉപകാരപ്രദമായ രൂപത്തിൽ ഒട്ടേറെ വായ്പകൾ നല്കി വരുന്നു. മത്സ്യതൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് മധ്യകാല ഹ്യസ്വകാല വായ്പകൾ നല്കി വരുന്നു. ഇവർ പിടിക്കുന്ന മത്സ്യങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി ഒരു പൊതു മാർക്കറ്റും ഈ സംഘത്തിന്റെ കീഴിലുണ്ട്. 747-ാം നമ്പർ സഹകരണ സംഘത്തിനും സ്വന്തമായി ഓഫീസ് കെട്ടിടങ്ങളുണ്ട്. ഈ പഞ്ചായത്തിലെ മറ്റൊരു ബാങ്കാണ് മണകുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്. 5129 അംഗങ്ങളുള്ള 10 ലക്ഷം മൂലധനമുള്ള ഒരു സഹകരണ സംഘമാണ്. ഈ ബാങ്കിൽ നിന്നും കാർഷിക വ്യവസായിക മേഖലയിലും വീടുവയ്ക്കുന്നതിനും വിദ്യാഭ്യാസത്തിനും മധ്യകാല ഹ്യസ്വകാല വായ്പകൾ നല്കി വരുന്നു. ഈ സംഘത്തിനും സ്വന്തമായി ഓഫീസ് കെട്ടിടമുണ്ട്.

കയർ രംഗത്ത് ഈ പഞ്ചായത്തിൽ മൂന്ന് സഹകരണ സംഘങ്ങളുണ്ട്. തെക്കൻ പറവൂർ കയർ വ്യവസായ സഹകരണ സംഘം ഇതിൽ ആദ്യത്തേതാണ്. 1955ൽ പ്രവർത്തനമാരംഭിച്ച് 593 അംഗങ്ങളുള്ള 3,68,000 മൂലധനമുള്ള ഈ കയർ വ്യവസായ സഹകരണ സംഘം നല്ല നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നുവെങ്കിലും കയർ വിപണനരംഗത്ത് ബാധിച്ചിട്ടുള്ള പ്രശ്നങ്ങൾ ഈ സംഘത്തെ ബാധിക്കുന്നുണ്ട്. 1955-ൽ പ്രവർത്തനമാരംഭിച്ച് 541 അംഗങ്ങളുള്ള ഉദയംപേരൂർ 94-ാം നമ്പർ മോട്ടറൈസ്ഡ് കയർ സഹകരണ സംഘമാണ് മറ്റൊരു സംഘം. മൂന്നു ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി എഴുപത്തി മൂന്നു രൂപ പ്രവർത്തന മൂലധനമുള്ള ഈ സംഘം ഈ അടുത്ത കാലത്തായി കേന്ദ്ര കേരള സർക്കാരുകളുടെ ധന സഹായമായ 18 ലക്ഷം രൂപ മുടക്കി നൂറു പെൺകുട്ടികൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന രൂപത്തിൽ മോട്ടറൈസ്ഡ് സഹകരണ സംഘമാക്കി മാറ്റി. ഈ സംഘത്തിനും കയറിന്റെ വിപണന പ്രശ്നം കാര്യമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ തൊഴിലാളികൾക്ക് കാര്യമായ വേതനം കൊടുക്കാൻ കഴിയുന്നില്ല. 1961-ൽ പ്രവർത്തനമാരംഭിച്ച് 733 അംഗങ്ങളുള്ള പൂത്തോട്ട മോട്ടറൈസ്ഡ് കയർ വ്യവസായ സഹകരണ സംഘമാണ് വേറൊരു കയർ മേഖലയിലെ സംഘം. ഏതാണ്ട് ഒരു വർഷം മുൻപ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടു കൂടി ഏതാണ്ട് നൂറ് പെൺകുട്ടികൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന തരത്തിൽ ഈ സംഘം മോട്ടോറൈസ്ഡ് സഹകരണ സംഘമാക്കി മാറ്റി. ഈ സംഘത്തിനും കയറിന്റെ വിപണന സാധ്യത പ്രശ്നം കാര്യമായി ബാധിക്കുന്നുണ്ട്. ഉദയം പേരൂർ 94-ാം നമ്പർ മോട്ടോറൈസ്ഡ് സഹകരണ സംഘത്തിന് വൈദ്യുതിയുടെ പ്രശ്നവും വൈദ്യുതി ഇല്ലാത്തതിന്റെ പ്രശ്നവും കാര്യമായി ബാധിക്കുന്നുണ്ട്.

ക്ഷീരോല്പാദന രംഗത്ത് ഈ പഞ്ചായത്തിൽ മൂന്ന് സഹകരണ സംഘങ്ങളുണ്ട്. കണ്ടനാട് സ്ഥിതി ചെയ്യുന്ന ക്ഷീരോല്പാദന സഹകരണ സംഘം അപ്കോസ് നമ്പർ

അമിതമായ കാലിതീറ്റയുടെ വില വർദ്ധനവും തീറ്റ പുല്ലിൻെറ ലഭ്യതയില്ലായ്മയും ഈ സംഘത്തിൻെറ പരാധീനതകളാണ്. സ്വന്തമായി തൊഴിലാളിയെ വച്ച് ക്ഷീര കർഷകരിൽ നിന്ന് പാൽ ശേഖരിക്കുന്ന രീതിയാണ് ഈ സംഘത്തിലുള്ളത്. ഉദയംപേരൂർ ക്ഷീരോല്പാദന സഹകരണ സംഘമാണ് ഈ മേഖലയിലെ മറ്റൊരു ക്ഷീരസംഘം. 1983 ൽ പ്രവർത്തനമാരംഭിച്ച് 349 അംഗങ്ങളുള്ള ഈ സംഘത്തിന് സ്വന്തമായി ഓഫീസ് കെട്ടിടമുണ്ടെങ്കിലും മുൻപറഞ്ഞ ക്ഷീര സംഘത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ഈ സംഘത്തേയും ബാധിക്കുന്നുണ്ട്. തെക്കൻ പറവൂർ ക്ഷീരോല്പാദന സഹകരണ സംഘമാണ് അടുത്തത്. 1979-ൽ പ്രവർത്തന മാരംഭിച്ച് 247 അംഗങ്ങളുള്ള 2470 മൂലധനമുള്ള ഈ സംഘത്തിനു മുൻ സംഘങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ബാധിക്കുന്നുണ്ട്. മൂന്ന് ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു ണ്ടെങ്കിലും നമുക്കാവശ്യമുള്ള പാൽ ഇവിടെ ഉണ്ടാകുന്നില്ല.

തീരപ്രദേശത്തെ കക്കാവാര് തൊഴിലാളികളെ ആകെ ചേർത്ത് കുറച്ച് വർഷങ്ങൾക്കു മുമ്പ് രൂപീകരിച്ചതാണ് ഉദയംപേരൂർ കക്കാ സഹകരണ സംഘം. സ്വന്തമായി ഓഫീസ് കെട്ടിടങ്ങളില്ലാത്ത ഈ സംഘം ഒട്ടേറെ പ്രശ്ന ങ്ങൾ നേരിടുന്നുണ്ട്. കക്കാ വാരുന്ന തൊഴിലാളികൾക്ക് ആവശ്യമായ ലൈസൻസ് കൊടുക്കാത്തതും ഇതിൻെറ വിപ ണന സാധ്യതയും ഈ സംഘം നേരിടുന്ന പ്രശ്നങ്ങളാണ്.

ഉൾനാടൻ മത്സ്യമേഖലയിൽ ഈ പഞ്ചായത്തിൽ പതിനൊന്നോളം ഉൾനാടൻ സഹകരണ സംഘങ്ങളുണ്ട്. ഇതിൽ നാല് ഉൾനാടൻ വനിതാ സഹകരണ സംഘമാണ്. ഈ സംഘങ്ങൾ തീരപ്രദേശത്തെ മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് ഒരാശ്വാസ കേന്ദ്രങ്ങളാണ്.

## പ്രശ്നങ്ങൾ

1. 747, 748 സംഘങ്ങളും മണകുന്നം വില്ലേജ് ബാങ്കി ൻെറയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
2. കയർരംഗത്തെ സഹകരണസംഘങ്ങളുടെ പോരായ്മകൾ പരിഹരിക്കുക. വിപണനം, വൈദ്യുതി, തൊഴിലാളി പങ്കാളിത്തം എന്നിവ.
3. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പോരായ്മകൾ നികത്തുക. കാലിതീറ്റയുടെ ലഭ്യത; തീറ്റ പുല്ലിൻെറ ലഭ്യത, ആവശ്യമായ പ്രതിരോധ കുത്തിവയ്പുകൾ, പ്രത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളുടെ ലഭ്യത എന്നിവ.
4. ഉദയംപേരൂർ കക്കാ സൊസൈറ്റിയുടെ പ്രശ്നങ്ങൾ പരിഹരിക്കുക. ലൈസൻസ്, കക്കയുടെ വിപണന സാധ്യത എന്നിവ.
5. ഉൾനാടൻ സഹകരണ സംഘത്തിൻെറ പോരായ്മകൾ പരിഹരിക്കുക.

## സാധ്യതകൾ

1. 747, 748 എന്നീ സംഘങ്ങളിലേയും, മണകുന്നം വില്ലേജ് ബാങ്കിലേയും വായ്പയുടെ പലിശ നിരക്കുകൾക്ക് മാറ്റം വരുത്തുക. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക, കാർഷിക വ്യവസായിക മേഖലയിൽ കൂടുതൽ ഊന്നൽ നല്കുക.
2. കയർ സഹകരണ സംഘങ്ങളിൽ ഉല്പാദിപ്പി ക്കപ്പെടുന്ന കയറുകൊണ്ട് കയറുല്പന്നങ്ങളുണ്ടാക്കാം. ഉല്പന്നങ്ങൾ സംഘം തന്നെ വിതരണം ചെയ്യുക. വൈദ്യുതി മറ്റ് മേഖലകളിൽ കുറച്ച് ഈ മേഖലയിൽ കൊടുക്കുക. തൊഴിലാളികളുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുക.
3. ഉദയംപേരൂർ പഞ്ചായത്തിന് ക്ഷീരകർഷകരെ മൂന്നു മേഖലകളായി തിരിക്കുക. കൂടുതൽ അംഗങ്ങളെ സംഘത്തിൽ ചേർക്കുക.
4. സംഘത്തിൻെറ കീഴിൽ വിവിധ പ്രശ്നങ്ങൾ തിര ഞ്ഞെടുത്ത് സമഗ്രമായി തീറ്റ പുൽ കൃഷി നടത്തുക.
5. ബ്ലോക്കതിർത്തിയിലെ ക്ഷീരസംഘങ്ങളെ ആകെ കൂട്ടിയോജിപ്പിച്ച് ഒരു കാലിതീറ്റ ഫക്ടറി തുടങ്ങി ക്ഷീര കർഷകർക്ക് സൗജന്യനിരക്കിൽ എത്തിച്ചു കൊടുക്കുക.
6. അത്യുൽപാദന ശേഷിയുള്ള കന്നുകുട്ടികളെ സംഘത്തിൻെറ കീഴിൽ വിതരണം ചെയ്യുക.
7. സംഘത്തൻെറ കീഴിൽ പശുക്കളെ പ്രതിരോധ കുത്തിവയ്പുകൾ നടത്തുക. കന്നുകാലി ഇൻഷുറൻസ് നടത്തുക.
8. പാൽ എല്ലാ വീടുകളിലും ചെന്ന് സ്വീകരിച്ച് ആവശ്യമുള്ള ആളുകൾക്ക് വിതരണം ചെയ്യുക.
9. സംഘത്തിൻെറ കീഴിൽ പാലിൻെറ ഉല്പന്നങ്ങൾ (ചൂടുപാൽ, മിഠായികൾ, ഐസ്ക്രീം) ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക.
10. ഉദയംപേരൂർ കക്കാസൊസൈറ്റികളിൽ സ്വന്തമായ ഓഫീസ് കെട്ടിടം ഉണ്ടാക്കുക.
11. കക്കാ വാരുന്നതിനുള്ള ലൈസൻസ് കൊടുക്കുക.
12. സൊസൈറ്റി കക്കശേഖരിച്ച് വിതരണം ചെയ്യുക.
13. കക്കയുടെ ഉല്പന്നങ്ങൾ (ജനതാസം) എന്നിവ ഉല്പാദിപ്പിച്ച് വിതരണം നടത്തുക.
14. ഉൾനാടൻ സംഘങ്ങളിൽ കൂടുതൽ ആളുകളെ ചേർത്ത് പ്രവർത്തനം സുഗമമാക്കുക.
15. ഈ പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സഹകരണ സംഘത്തിന് രൂപം നല്കുക.
16. ഈ പഞ്ചായത്തിലെ ചെറുകിട വ്യവസായവുമായി ബന്ധപ്പെടുത്തി ഒരു വനിതാ സഹകരണ സംഘത്തിന് രൂപം നല്കുക.

| സംഘത്തിൻെറ പേര് | തുടക്ക വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | മൂലധനം | ക്രെഡിറ്റ് നോൺക്രെഡിറ്റ് | ലാഭം നഷ്ടം |
|---|---|---|---|---|---|---|
| 1. 747-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് | 1923 | 5283 | 5 | 11,57,393 | ക്രെഡിറ്റ് | ലാഭം |
| 2. 748-ാം നമ്പർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം | 1923 | 1354 | 4 Temprary | 1,49,798.75 | ക്രെഡിറ്റ് | ലാഭം |
| 3. മണകുന്നം വില്ലേജ് സർവ്വീസ്സഹകരണ ബാങ്ക് | 1955 | 5129 | 4 | 10 ലക്ഷം | ക്രെഡിറ്റ് | നഷ്ടം |
| 4. ക്ഷീരോല്പാദക സഹകരണ സംഘം കണ്ടനാട് | | | | | | |
| 5. ഉദയംപേരൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1983 | 349 | 3 | 10,000 | | ലാഭം |
| 6. തെക്കൻ പറവൂർ ക്ഷീരോല്പാദക സഹകരണസംഘം | 1979 | 247 | 2 | 2470 | | ലാഭം |
| 7. തെക്കൻ പറവൂർ കയർ വ്യവസായ സഹകരണസംഘം | 1955 | 593 | 3 | 3,68,00 | | നഷ്ടം |
| 8. പൂത്തോട്ട മോട്ടറൈസ്ഡ് കയർ സഹകരണ സംഘം | 1961 | 733 | 5 | 2,99,640 | നോൺ ക്രെഡിറ്റ് | |
| 9. ഉദയംപേരൂർ 94-ാം നമ്പർ മോട്ട റൈസ്ഡ് കയർ സഹകരണസംഘം | 1955 | 541 | 3 | 3,61,479 | നോൺ ക്രെഡിറ്റ് | |
| 10. ഉദയംപേരൂർ കക്കാ സഹകരണ സംഘം | 1991 | 199 | | 1900 | നോൺ ക്രെഡിറ്റ് | ലാഭം |
| 11. ഉദയംപേരൂർ നോർത്ത്, തൃപ്പൂണിത്തുറ തെക്കുംഭാഗം, മത്സ്യ തൊഴിലാളി വികസന, ഉൾനാടൻ സഹകരണ സംഘം FC30-91 Cz | 1996 | | | | | |
| 12. ഫിഷർമെൻ കോളനി മത്സ്യ തൊഴിലാളി ഉൾനാടൻ സഹകരണ സംഘം FC81-96Cz | 1996 | | | | | |
| 13. ഉദയംപേരൂർ മധ്യമേഖല മത്സ്യ തൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം. FC64-96 Cz | 1996 | | | | | |
| 14. മത്സ്യതൊഴിലാളി വികസന ഉൾനാടൻ വനിതാ സഹകരണ സംഘം FC74-96 Cz | 1996 | | | | | |
| 15. ആനന്ദദായിനി മത്സ്യതൊഴിലാളി വികസന ഉൾനാടൻ വനിതാ സഹകരണ സംഘം FC84-96 Cz | 1996 | | | | | |
| 16. ഉദയംപേരൂർ തെക്കുംഭാഗം മത്സ്യ തൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം FC63-96 Cz | 1996 | | | | | |
| 17. സൗത്ത് പറവൂർ വടക്കും ഭാഗം മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണസംഘം FC63-96 Cz | 1996 | | | | | |
| 18. വടക്കുംഭാഗം ചക്കത്ത് കാട് മത്സ്യ തൊഴിലാളി ഉൾനാടൻ വനിതാ സഹകരണ സംഘം. FC83-96 Cz | 1996 | | | | | |
| 19. സൗത്ത് പറവൂർ മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണ സംഘം FC73-96 Cz | 1996 | | | | | |
| 20. ശ്രാക്കാട് മത്സ്യതൊഴിലാളി വികസന ഉൾനാടൻ വനിതാ സഹകരണ സംഘം. FC82-96 Cz | 1996 | | | | | |
| 21. പൂത്തോട്ട മത്സ്യതൊഴിലാളി വികസന ഉൾനാടൻ സഹകരണ സംഘം. FC62-96 Cz | 1996 | | | | | |

# പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിലെ പോലെ ആദ്യകാലങ്ങളിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർ ആയിരുന്നു. ജൻമിയുടെ പറമ്പിൽ അടിമകളെപോലെ പണിയെടുക്കുന്ന കർഷക തൊഴിലാളികൾ ആയിരുന്നു ഇവർ. തൊട്ടുകൂടായ്മ തീണ്ടികൂടായ്മ എന്നീ അനാചാരങ്ങൾ ഇവിടെ നില നിന്നിരുന്നു. ജന്മി കുടിയാൻ ബന്ധങ്ങളിൽ വന്ന മാറ്റവും ദേശീയ സ്വാതന്ത്ര്യവും ഇവരിലും മാറ്റങ്ങൾ ഉളവാക്കി. പട്ടികജാതിക്കാർ പ്രധാനമായും കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. പട്ടിക വർഗ്ഗക്കാർക്ക് വഞ്ചി നിർമ്മാണമാണ് പ്രധാന ജോലി. (ദേശീയ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത സ്വതന്ത്ര്യ സമര സേനാസിയായ ആമ ചാടിയിൽ തേവൻ പട്ടിക ജാതിയിൽ ഉന്നത സ്ഥാനം അർഹിക്കുന്നു.) ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം പട്ടിക ജാതി 2876. പട്ടിക വർഗ്ഗം 114 ആണ്. 91 ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയുടെ 10% പട്ടികജാതിക്കാരും .065% പട്ടിക വർഗ്ഗക്കാരും മാത്രമേ ഉള്ളൂ. ഇവർ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ച് ആണ് താമസിക്കുന്നത്. പഞ്ചായത്തിലെ ചില കോളനികളിലും മാളേക്കാട്, ചെമ്മഴിക്കാട്, മാർക്കറ്റ്, കണ്ടനാട്, നടക്കാവ്, എസ്. എൻ. ഡി. പി, പൂത്തോട്ട, ചക്കുകുളം എന്നീ പ്രദേശങ്ങളിൽ ആണ് താമസിക്കുന്നത്. ഇവർ പഞ്ചായത്തിലെ ന്യൂനപക്ഷമാണെങ്കിലും വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും സാമൂഹ്യപുരോഗതിയുടെ കാര്യത്തിലും ഇപ്പോൾ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും ഈ വിഭാഗങ്ങളിലെ ജനങ്ങൾ താരതമ്യേന മുൻപന്തിയിലാണ്. പട്ടികജാതിയിൽ പെട്ടവർക്കും വളരെ നേരത്തേ സ്ക്കൂൾ പ്രവേശനം ലഭിച്ചിരുന്നു. ഉദയംപേരൂർ പഞ്ചായത്തിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശമായ മാളേകാട് ഹരിജൻ വെൽഫയർ ലോവർ പ്രൈമറി സ്ക്കൂൾ എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ഉണ്ട്. ഈ വിഭാഗത്തിൽ പെട്ട നല്ല വിദ്യാഭ്യാസം ലഭിച്ച ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട് . സാമൂഹ്യ പ്രവർത്തന രംഗത്തും ശ്രദ്ധേയമായ കാൽവെപ്പുകൾ ഈ വിഭാഗത്തിൽ പെട്ടവർ നടത്തിയിട്ടുണ്ട്. 16 വർഷക്കാലം ഈ പഞ്ചായത്തിൻെറ ഉപാദ്ധ്യക്ഷൻെറ സ്ഥാനം വഹിച്ചിരുന്ന പരേതനായ ശ്രി എ. കെ. മകയിരൻ, ഇപ്പോൾ മൃഗസംരക്ഷണ വകുപ്പിൻെറ സംസ്ഥാന അദ്ധ്യക്ഷനായ ഡോ. പി. പി. വാവ, കർഷക തൊഴിലാളികളുടേയും മഹിളകളുടേയും പ്രവർത്തകയായി ഉയർന്നു വന്ന സംവരണമില്ലാത്ത വാർഡിൽ നിന്ന് ജയിച്ച് വന്ന പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രസിഡൻെറ് ശ്രീമതി കെ. എം. ദേവയാനി സാംസ്ക്കാരിക രംഗത്ത് അറിയപ്പെടുന്ന നാടക നടൻ ശ്രീ. കരീത്ര നാരായണൻ മുതലായവർ ഉദയംപേരൂർ പഞ്ചായത്തിൻെറ പേര് സാംസ്ക്കാരിക രംഗത്ത് ശ്രദ്ധേയമാക്കുന്നു. ശ്രീ. സുന്ദരൻ പനങ്ങാടിൻെറ ഉടമസ്ഥതയിൽ കൊച്ചിൻ സിത്താരയും ശ്രീ. കരിത്രനാരായണൻെറ ഉടമസ്ഥതയിൽ തൃപ്പൂണിത്തുറ സൂര്യയും കേരളത്തിൽ അങ്ങോളം ഇങ്ങോളം അറിയപ്പെടുന്നു. പട്ടിക വർഗ്ഗക്കാരുടെ ഉടമസ്ഥതയിൽ നാടൻ കലാരൂപമായ പുലികളി സംഘവും ഉണ്ട്. പട്ടിക ജാതിക്കാരുടെ മാത്രം ഉത്സവം നടക്കുന്ന അമ്പലവും ഈ പ്രദേശത്ത് ഉണ്ട്.

പട്ടിക ജാതിക്കാർ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചു പോരുന്നത്. നെൽകൃഷിയും പറമ്പിലെ പണിയുമാണ് ഇവർ ചെയ്യുന്നത്. മാളേക്കാട് അംബേദ്കർ ഗ്രാമമായി പ്രഖ്യാപിച്ചു. ഇനിയും ഈ കർമ്മ പരിപാടിയിൽ പെട്ട ആനുകൂല്യങ്ങൾ കിട്ടാനുണ്ട്. മാളേക്കാട് ഹരിജൻ കോളനി, ഓട്ടുവള്ളി ലക്ഷംവീട് കോളനി, മടലം പറമ്പ് കോളനി, കോട്ടൂർ താഴം സെറ്റിൽമെൻെറ് കോളനി, ഉപ്പൂട്ടിപ്പറമ്പ് ഹരിജൻ കോളനി, കമ്പിക്കകം ഹരിജൻ കോളനി മുതലായ കോളനികളിലായി ഇവർ താമസിച്ചു വരുന്നു. കോളനികളുടെ അവസ്ഥ ശോചനീയമാണ്. പ്രധാനമായും സാനിറ്ററി സൗകര്യങ്ങൾ, വഴി, വിളക്ക്, ശ്മശാനം, എന്നിവയുടെ ആവശ്യം പരിഗണിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കോളനിവാസികളുടെ കൈവശഭൂമിക്ക് പട്ടയം പൂർണ്ണമായും ലഭിച്ചിട്ടില്ല.
2. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. വീടില്ലാത്ത കുടുംബങ്ങൾ ഇപ്പോഴും ഉണ്ട്. വാസയോജ്യമായ വീടുകൾ കുറവാണ്. വീടുകളിൽ കക്കൂസ് സൗകര്യം ഇല്ല. വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയും തൃപ്തികരമല്ല.
3. കൃഷി ഭൂമി നികത്തുന്നതു മൂലവും കർഷകർ കൃഷിചെയ്യാതെ നിലം തരിശിട്ടതു മൂലവും ഈ വിഭാഗങ്ങൾക്കിടയിൽ തൊഴിലില്ലായ്മ കൂടി വരുന്നു.
4. കർഷകതൊഴിലാളി പെൻഷൻ വാർദ്ധക്യകാല പെൻഷൻ എന്നിവ യഥാസമയം ലഭിക്കുന്നില്ല.
5. കുട്ടികളുടെ വിദ്യാഭ്യാസം തൃപ്തികരമല്ല.
6. കോളനികൾക്ക് പല ആനുകൂല്യങ്ങളും ലഭിക്കാറില്ല.

## നിർദ്ദേശങ്ങൾ

1. കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. കോളനികളിൽ ഇരട്ട വീടുകളിൽ താമസിക്കുന്ന ജനങ്ങളുടെ വീടുകൾ ഒറ്റവീടാക്കുന്നതിന് ഗവർമെൻ്റിൽ നിന്നും സഹായം നൽകുക.
3. കോളനികളുടെ പുറത്ത് ഒറ്റപ്പെട്ട് താമസിക്കുന്നവർക്കു കൂടി ആനുകൂല്യങ്ങൾ കിട്ടത്തക്കവിധം പദ്ധതികൾ പുനക്രമീകരിക്കുക.
4. കൃഷിഭൂമി നികത്തുന്നത് കർശനമായി തടയുക.
5. വാർദ്ധക്യകാല പെൻഷൻ കർഷക തൊഴിലാളി പെൻഷൻ എന്നിവ യഥാസമയം വിതരണം ചെയ്യുക.
6. മാതാപിതാക്കളില്ലാത്ത കുട്ടികൾക്കും വിധവകൾക്കും പ്രത്യേക ധനസഹായം നൽകുക.
7. കോളനികളിലെല്ലാം കമ്മ്യൂണിറ്റി ഹാൾ പണിയാൻ സഹായം നൽകുക. അവർക്ക് കുടിവെള്ളവും, വൈദ്യുതിയും എത്തിക്കാനുള്ള സൗകര്യം ചെയ്യുക.

## സാധ്യതകൾ

1. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുക. കക്കൂസുകൾ നിർമ്മിക്കാൻ പ്രത്യേക ധനസഹായം നൽകുക.
2. ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
3. പരമ്പരാഗത കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ കോളനികളിൽ ആരംഭിക്കുക.
4. വനിതകൾക്ക് മുൻതൂക്കം നൽകി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
5. കോളനികളിലെല്ലാം അംഗണവാടികളുടെ സേവനം ലഭ്യമുണ്ടെന്ന് ഉറപ്പുവരുത്തുക.
6. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി സൗജന്യ ട്യൂഷൻ പ്രത്യേക ധനസഹായം എന്നിവ ആവിഷ്കരിക്കുക.
7. തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ ഗ്രൂപ്പായി കൃഷിചെയ്യുന്നതിന് ഈ വിഭാഗകാർക്ക് പാട്ടത്തിന് നൽകുക.
8. കോളനികളിൽ ശ്മശാനം ഉണ്ടാക്കുകയും അതിന് ചുറ്റുമതിൽ നിർമ്മിക്കുക.
9. ഉദയംപേരൂർ പട്ടിക ജാതി സർവ്വീസ് സഹകരണം സംഘം നിലവിൽ വരുത്തുക.

# പൊതുവിതരണ സമ്പ്രദായം

കേരളത്തിൽ നിത്യോപയോഗസാധനങ്ങളുടെ വില നിലവാരം ഉയരാതെ പിടിച്ചു നിർത്തുന്നതിന്റെ മുഖ്യ കാരണം നമ്മുടെ പൊതു വിതരണ സമ്പ്രദായത്തിന്റെ മികച്ച പ്രവർത്തനമാണ്. 1965-ലാണ് കേരളത്തിലാദ്യമായി സ്റ്റാറ്റ്യൂട്ടറിറേഷൻ സമ്പ്രദായം ആരംഭിച്ചത്. എന്നാൽ എല്ലാ നിത്യോപയോഗസാധനങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നില്ല. ഇതു മൂലം വിലക്കയറ്റം അനുഭവപ്പെടാറുണ്ട്. ഇതിന് പരിഹാരമാണ് 1980-ൽ കേരളത്തിലാരംഭിച്ച മാവേലി സ്റ്റോർ. ഇത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ 10 റേഷൻ കടകളും സൊസൈറ്റിയുടെ കീഴിൽ ഒരു മാവേലി സ്റ്റോറും നിലവിലുണ്ട്. ഓണക്കാലങ്ങളിൽ ഓണച്ചന്തയും നടത്താറുണ്ട്.

## പ്രശ്നങ്ങൾ

1. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
2. പഞ്ചായത്തിന്റെ ആവശ്യത്തിന് മാവേലി സ്റ്റോറുകൾ ഇല്ല.
3. റേഷൻ കടകൾ വഴി ഗുണമേന്മയുള്ള അരി എപ്പോഴും ലഭ്യമല്ലാത്തസ്ഥിതിയുണ്ട്.

## നിർദ്ദേശങ്ങളും സാധ്യതകളും

1. റേഷൻ കടകൾ വഴി ഗുണ നിലവാരമുള്ള ഒരേ തരം അരി വിതരണം ചെയ്യുക.
2. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക.
3. റേഷൻ കടകൾ വഴി അർഹരായവർക്കുമാത്രം സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
4. റേഷൻ ഷാപ്പുകളുടെ വരവു ചെലവു കണക്കുകൾ സോഷ്യൽ ഓഡിറ്റിംങ്ങിൽ വിധേയമാക്കുക.
5. പഞ്ചയാത്തിൽ സഹകരണ സംഘത്തിന്റെ കീഴിൽ ആവശ്യമായ മാവേലി സ്റ്റോറുകൾ സ്ഥാപിച്ച്അതു വഴി നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുക.
6. സഹകരണ സംഘങ്ങൾ വഴി കാർഷിക ഉത്പന്നങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക.

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. വിശാല കൊച്ചി വികസന അതോറിറ്റിയുടെ പരിധിയിൽ പെടുന്നതാണ്. ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണെങ്കിലും തനതു വരുമാനം ഏകദേശം 6 ലക്ഷം രൂപയാണ് വാർഷിക വരുമാനം. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് നികുതി, വിനോദ നികുതി, വസ്തു കൈമാറ്റ നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങളായ സർക്കാരിൽ നിന്നും ലഭിക്കുന്ന വരുമാനങ്ങളായ ഉപാധിരഹിത ഫണ്ട്, ജെ. ആർ. വൈ. ഫണ്ട്, ജനങ്ങളിൽ നിന്നും പിരിക്കുന്ന ഫണ്ട് ഇതെല്ലാമാണ് വരുമാനമാർഗ്ഗങ്ങൾ. പ്രധാന വരുമാന മാർഗ്ഗം കെട്ടിട നികുതിയാണ്. കൂടാതെ സർക്കാരിൽ നിന്നും ലഭിക്കുന്ന ജെ. ആർ. വൈ. ഫണ്ട്.

പഞ്ചായത്തിന്റെ ചെലവിനങ്ങളിൽ 2,10,470.50 രൂപ കുടിവെള്ളത്തിനും, 1,15,457.50 രൂപ പൊതു മരാമത്തു പണികൾക്കും, 1,70,068 രൂപ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനുമായി പഞ്ചായത്തിന്റെ ചെലവിലേയ്ക്കും നീക്കി വയ്ക്കുന്നു. ബാക്കി തുകകൾ ആരോഗ്യം , ശുചിത്വം, മറ്റാവശ്യങ്ങൾ എന്നിവയ്ക്കുവേണ്ടി ഉപയോഗിക്കുന്നു. പൊതു മരാമത്തു പണികൾ പ്രധാനമായും കോൺട്രാക്റ്റ് വ്യവസ്ഥയിലാണ് നടക്കുന്നത്.

പഞ്ചായത്തിന്റെ വരുമാനം കൂട്ടുന്നതിന് ഒരു കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിലെ നെല്ല്, നാളികേരം, മത്സ്യം, മനുഷ്യാധ്വാനം, എന്നിവ ശേഖരിച്ചും, പഞ്ചായത്തിന്റെ പൊതുവായ കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സും, ബസ്സ് സ്റ്റാൻറിൽ കെട്ടിടങ്ങൾ പണിതും, വരുമാനം കൂട്ടാവുന്നതാണ്.

ഉദയംപേരൂർ പഞ്ചായത്തിന്റെ ധനകാര്യ സ്ഥാപനങ്ങൾ. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും, ലോഡ് കൃഷ്ണാ ബാങ്കിന്റെ ഒരു ശാഖയും രണ്ട് സഹകരണ ബാങ്കും, ഒട്ടേറെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഈ ധനകാര്യ സ്ഥാപനങ്ങളിലെ സാമ്പത്തീക പരാധീനതകൾ ഇവിടുത്തെ ജനങ്ങളെയും കാര്യമായി ബാധിക്കുന്നുണ്ട്. ഇതിൽ സഹകരണ ബാങ്കുകളിലെ പലിശ ജനങ്ങളെ കാര്യമായി ബാധിക്കുന്നു. S. B. T., ലോഡ് കൃഷ്ണാ ബാങ്ക് എന്നീ ബാങ്കുകളിൽ പലിശ കുറവാണെങ്കിലും ജനങ്ങൾക്ക് വായ്പ കൊടുക്കാൻ മടിക്കുന്നു. ഏതാണ്ട് എട്ടോളം വരുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് സ്വർണ്ണവും, ഭൂമിയും പണയമായി സ്വീകരിച്ച് അമിത പലിശ ജനങ്ങളിൽ നിന്നും ഈടാക്കുന്നു.

## ധനകാര്യ സ്ഥാപനങ്ങൾ

| സ്ഥാപനങ്ങൾ | സർക്കാർ |
|---|---|
| 1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉദയംപേരൂർ | സർക്കാർ |
| 2. ലോർഡ് കൃഷ്ണാ ബാങ്ക് തെ. പറവൂർ | ഷെഡ്യൂൾഡ് ബാങ്ക് |
| 3. കോർപ്പറേഷബാങ്ക് പൂത്തോട്ട | ഷെഡ്യൂൾഡ് ബാങ്ക് |
| 4. മണകുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് | സഹകരണ സ്ഥാപനം |
| 5. 747-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് | സഹകരണ സ്ഥാപനം |

## ഗൾഫ് നാടുകളിലെ വരുമാനം

നമ്മുടെ പഞ്ചായത്തിൽനിന്ന് ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന വരുടെ എണ്ണം ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഏകദേശം 103 ആണ്. ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന വരുടെ വരുമാനത്തിന്റെ ഗണ്യമായൊരു പങ്ക് കെട്ടിട നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഈ വരുമാനം കാർഷിക മേഖലയിലും വ്യവസായമേഖലയിലും ഉപയോഗിച്ചാൽ ഉൽപ്പാദന സമ്പദ്മേഖലയിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയും. ഇവരുടെ സമഗ്രമായ സർവ്വേ ,തയ്യാറാക്കി ഇവരെ ഈ രംഗത്തേക്ക് തിരിച്ചു വിടാനും, വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുവാനും പഞ്ചായത്തു കമ്മിറ്റിക്കു കഴിയണം.

ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന ആളുകൾ നമ്മുടെ പഞ്ചായത്തിൽ ന്യൂനപക്ഷമാണ്. അതുകൊണ്ട് തന്നെ ഈ പണം കൊണ്ട് ഈ പഞ്ചായത്തിന് കാര്യമായൊരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
2. കോൺട്രാക്ടർമാരും, ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന ലാഭം ചെലവ് കൂട്ടുന്നു.
3. വിദേശങ്ങളിൽ നിന്നും വരുന്നവർ കാർഷീക വ്യവസായമേഖലകളിൽ പണം മുടക്കുന്നില്ല.
4. സന്നദ്ധ സംഘടനകളിൽ പൊതുവേ ആളുകളുടെ എണ്ണം കുറവാണ്.
5. വായ്പകളിൽ ലക്ഷ്യമിട്ടുള്ള വിനിയോഗം നടക്കുന്നു.
6. വികസന പ്രവർത്തനങ്ങളിൽ സംഭാവന നല്കുന്നതിന് പൊതുവേ താല്പര്യം കുറവാണ്.
7. വരുമാന മാർഗ്ഗങ്ങളുടെ അവസ്ഥ ശോചനീയമാണ്.

## സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് തടയുക.
2. ഭരണ ചെലവ് കുറച്ച് ഉൽപ്പാദന മേഖലയിൽ കൂടുതൽ പണം ചെലവഴിക്കുക.
3. ശ്രമദാനം വഴി ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
4. പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിത് വരുമാനം വർദ്ധിപ്പിക്കുക.
5. ബസ്സ് സ്റ്റാൻെറ്, ടാക്സി സ്റ്റാൻെറ് എന്നിവ പണിത് വരുമാനം സ്വരൂപിക്കുക.
6. കർഷകരിൽ നിന്ന് കാർഷീകോത്പന്നങ്ങൾ പഞ്ചായത്ത് ശേഖരിച്ച് വിപണനം നടത്തി വരുമാന മാർഗ്ഗം കണ്ടെത്തുക.
7. പഞ്ചായത്തിൻെറ തെരെഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ടൂറിസം വികസനം നടത്തി വരുമാനം മാർഗ്ഗം വിപുലീകരിക്കുക.

## ചിലവ സംബന്ധിച്ച വിവരം

| ഇനം | തുക |
|---|---|
| ഭരണം | 618701.80 |
| പൊതുമരാമത്ത് | 115457.50 |
| വിദ്യാഭ്യാസം | 13398.00 |
| ഓടകൾ, പൊതുജനാരോഗ്യം | 11848.00 |
| തെരുവ് വിളക്കുകൾ | 170068.00 |
| ശുദ്ധജല വിതരണം | 210470.50 |
| മറ്റുള്ളവ | 157147.00 |
| സമൂഹ്യക്ഷേമം | 11130.00 |
| | 1308220.80 |

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 391751.00 | | |
| സർവ്വീസ് ചാർജ്ജ് | | | |
| തൊഴിൽ നികുതി | 192506.00 | | |
| പരസ്യനികുതി | 187.25 | | |
| വിനോദ നികുതി | 19176.37 | | |
| അഡി: വിനോദനികുതി. | 11684.98 | | |
| പ്രദർശന നികുതി | 1672.00 | | |
| പ്രദർശന സർച്ചാർജ്ജ് | 418.00 | | |
| ചന്ത വരവ് | 40353.00 | | |
| ലാൻറ് സെസ്സ് | | | |
| ലൈസൻസ് ഫീസ് | 11670.25 | | |
| കെട്ടിട നികുതി സർചാർജ്ജ് | | | |
| വസ്തു കൈമാറ്റ നികുതി | 495595.00 | | |
| സർക്കാർ ഗ്രാൻറുകൾ | 227278.00 | | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള വരവുകൾ | 355032.35 | | |
| ലൈബ്രറിക്കുവേണ്ടി | 20471.70 | | |
| ഡെപ്പോസിറ്റ് | 30250.00 | | |
| മറ്റുള്ളവ | 927.75 | | |

# നന്ദി ...

ഒരു പുത്തൻ വികസന സംസ്ക്കാരത്തിനു ആരംഭംകുറിച്ച 9-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിനായി വാർഡു തല ഗ്രാമസഭകൾ മുതൽ ഇങ്ങോട്ടു പഞ്ചായത്തു തല വികസന സെമിനാറുവരെ സഹകരിച്ചവരെ കൃതജ്ഞതയോടു കൂടി സ്മരിക്കുന്നു. റിപ്പോർട്ടു തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും നല്കിയ സംസ്ഥാനതല പരിശീലകനായ ശ്രീ. ഇ. എൻ. മണിയപ്പൻ, ജില്ലാതല പരിശീലകരായ ശ്രീ. പി. കെ. സുബ്രമ്ഹണ്യൻ, ടി. കെ. ബാബു, ആവശ്യമായ സർക്കാർതല വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിച്ച പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാർ, പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ കൂടാതെ മറ്റു സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാർ, അദ്ധ്യാപകർ എന്നിവരേയും, റിപ്പോർട്ട് എഴുതുന്നതിന് സഹായിച്ച കുമാരി വിജി, സുനിത, അജിത, ലീന എന്നിവരോടുള്ള കടപ്പാടുകൾ നിസീമമാണ്. തുടർന്നും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം

ഉദയംപേരൂർ
18/11/96

**കെ. എസ്. പവിത്രൻ**
കോ-ഓർഡിനേറ്റർ

# അധികാരം ജനങ്ങളിലേക്ക്


## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

# വികസനറിപ്പോർട്ട് '96

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

# മുളന്തുരുത്തി പഞ്ചായത്ത്



# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. ഭൂപ്രകൃതി
4. വിവിധ മേഖലകളുടെ അവലോകനം
   - i. കൃഷിയും ജലസേചനവും
   - ii. മൃഗപരിപാലനവും മത്സ്യബന്ധനവും
   - iii. വിദ്യാഭ്യാസം
   - iv. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
   - v. വ്യവസായം
   - vi. റോഡുകൾ, ഊർജ്ജം, മാർക്കറ്റ്
   - vii. ഭവനനിർമാണം, സാമൂഹ്യക്ഷേമം, പൊതുവിതരണരംഗം
   - viii. സംസ്ക്കാരം
   - ix. വനിത
   - x. സഹകരണമേഖല
   - xi. വിഭവസമാഹരണം
   - xii. പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം
5. ഉപസംഹാരം

# ആമുഖം

ഒമ്പതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാൻ പോവുകയാണ്. അതുവഴി ഒരു പുത്തൻ വികസനസംസ്കാരം ഉടലെടുക്കുന്നു. സ്വാതന്ത്ര്യലബ്ധി മുതൽ നടപ്പാക്കിയ പഞ്ചവത്സര പദ്ധതികൾ വഴി നമുക്കേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും ആ നേട്ടങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ തുച്ഛമാണെന്ന് കാണാൻ കഴിയും. പദ്ധതികളുടെ നടത്തിപ്പുകളിലുണ്ടായിരുന്ന പോരായ്മകൾ പരിഹരിച്ചുകൊണ്ട്, ഗുണഫലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ കൂടുതൽ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ കഴിയുമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഇപ്പോൾ കേരള സർക്കാരും സംസ്ഥാന ആസൂത്രണബോർഡും ഒമ്പതാം പദ്ധതിയുടെ നടത്തിപ്പിൽ എടുത്തിട്ടുള്ള സമീപനം നാം പരിശോധിക്കേണ്ടത്.

ഭരണഘടനയുടെ 73-ാം ഭേദഗതി പഞ്ചായത്ത്‌രാജ് സംവിധാനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്വവും പ്രദാനം ചെയ്യുന്നു. പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ഈ ഭരണഘടനാ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. നിലവിലുള്ള ആസൂത്രണ സംവിധാനത്തിൽ താഴേതട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ അഭാവവും നടത്തിപ്പിൽ ജനകീയ പങ്കാളിത്തമില്ലായ്മയും വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടും വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണ-ഏകോപന പ്രവർത്തനങ്ങളുടെ കുറവും നിലനിൽക്കുന്നു. ഈ പോരായ്മകളെ പരിഹരിക്കുകയാണ് ജനകീയ ആസൂത്രണ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്.

ഒമ്പതാം പദ്ധതിയിൽ 35-40 ശതമാനം തുക വിവിധ തട്ടുകളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്നതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലപാട്. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിലും ജനകീയചർച്ചകളുടെ അടിസ്ഥാനത്തിലും മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ രൂപപ്പെടുത്തേണ്ടത്. അതായത്, ജനപങ്കാളിത്തം പൂർണമായും ഉറപ്പാക്കിക്കൊണ്ടായിരിക്കണം കേരളത്തിന്റെ ഒമ്പതാം പദ്ധതി. പദ്ധതികളുടെ രൂപീകരണം മുതൽ നടത്തിപ്പുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉണ്ടാക്കുകവഴി ജനങ്ങളിൽ ഒരു വികസന കാഴ്ചപ്പാട് വളർത്താൻ കഴിയുന്നു. ഇതോടൊപ്പം പ്രാദേശിക സ്വയംഭരണ സമിതികളെന്നനിലയിൽ പഞ്ചായത്ത് സമിതികളെ ശക്തിപ്പെടുത്തുവാനും സാധിക്കുന്നു.

ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലും ഒമ്പതാം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

ഒമ്പതാം പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച്, നമ്മുടെ പഞ്ചായത്തിൽനിന്നും നാലു പേരെ ജില്ലാതല പരിശീലനത്തിനയച്ചു. സെപ്റ്റംബർ 11, 12, 13 തീയതികളിൽ എറണാകുളം മരിയാകോംപ്ലക്സിൽ നടന്ന മൂന്നുദിവസത്തെ പരിശീലനക്യാമ്പിൽ പ്രസിഡന്റ് ഫ്രാൻസിസ് ഐപ്പ്, വൈസ് പ്രസിഡന്റ് അഡ്വ. പുഷ്പ വിജയകുമാർ, ബ്ലോക്ക് മെംബർ ഓമന മുല്ലമറ്റം എന്നിവർക്കു പുറമെ ശ്രീ കെ.ടി. യാക്കോബ്, ശ്രീ കെ.ഐ. തോമസ്, ശ്രീ പി.എ. തങ്കച്ചൻ, ശ്രീ സി.കെ. റെജി എന്നിവരും പങ്കെടുത്തു. അതിനുശേഷം പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ലോക്കൽ റിസോഴ്സ് പേർസൻസിന് (L.R.P) ഒരു ഏകദിന പരിശീലന ക്യാമ്പ് സെപ്റ്റംബർ 21ന് മുളന്തുരുത്തി ഹൈസ്കൂളിൽ നടന്നു. പ്രസ്തുത ക്യാമ്പിൽ 65 പേർ പങ്കെടുത്തു. പ്രസിഡന്റ് ശ്രീ ഫ്രാൻസിസ് ഐപ്പിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സി.വി. ഔസേപ്പ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് മെമ്പർ ശ്രീ കെ.എം. സ്കറിയ ആശംസാപ്രസംഗം നടത്തി. മെമ്പർമാരായ ശ്രീ വിൽസൻ പി. ജോർജ് സ്വാഗതവും ശ്രീ ജി. രാജേന്ദ്രൻ നന്ദിയും പറഞ്ഞു. ശ്രീ കെ. ടി. യാക്കോബ്, ശ്രീ സി.കെ. റെജി, ശ്രീ പി.എ. തങ്കച്ചൻ എന്നിവർ യഥാക്രമം വികസനത്തിന്റെ വെല്ലുവിളികൾ, ജനകീയാസൂത്രണ പ്രസ്ഥാനം, ഗ്രാമസഭ എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുത്തു. ക്ലാസുകൾക്ക് ശേഷം ഗ്രാമസഭാസംഘാടനം, പ്രചരണ പരിപാടികൾ, ദ്വിതീയ വിവരശേഖരണം എന്നിവയെക്കുറിച്ച് ഗ്രൂപ്പ് ചർച്ചകൾ നടത്തി, തീരുമാനങ്ങൾ കൈക്കൊണ്ടു.

ഗ്രാമസഭാസമ്മേളനത്തിനുവേണ്ടി വിവിധ രീതിയിലുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ വാർഡുകളിലും സംഘാടകസമിതി രൂപീകരിച്ചു. ഈ സമിതിയുടെ നേതൃത്വത്തിൽ പോസ്റ്ററുകൾ, കലാജാഥകൾ, അയൽക്കൂട്ടങ്ങൾ എന്നീ പ്രചരണ പരിപാടികൾ ഗ്രാമസഭകൾക്കു മുന്നോടിയായി നടന്നു. ആദ്യത്തെ ഗ്രാമസഭ 29.9.1996 ൽ പുളിയ്ക്കമാലി സ്കൂളിൽ നടന്ന ഒമ്പതാം വാർഡിന്റെ ഗ്രാമസഭയെത്തുടർന്ന് ഒക്ടോബർ 5, 6, 12, 13 തീയതികളിൽ മറ്റു വാർഡിലെ ഗ്രാമസഭകളും ചേരുകയുണ്ടായി. ഗ്രാമസഭകളിൽ ശരാശരി 150 പേർ പങ്കെടുക്കുകയും സജീവമായ ഗ്രൂപ്പു ചർച്ചകൾ നടക്കുകയും ചെയ്തു.

തുടർന്ന് രണ്ടാംഘട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചു. ഗ്രാമസഭകളിൽനിന്നുള്ള റിപ്പോർട്ടുകളുടെ ക്രോഡീകരണം, ദ്വിതീയ വിവരശേഖരണം എന്നിവയാണ് രണ്ടാംഘട്ടത്തിൽ ആദ്യം തുടങ്ങിയത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടി മുളന്തുരുത്തി ബ്ലോക്കോഫീസിൽ ഒക്ടോബർ 24, 25, 26 തീയതികളിൽ നടന്നു. ഈ പരിശീലന ക്യാമ്പിൽ പ്രസിഡന്റ് ശ്രീ ഫ്രാൻസിസ് ഐപ്പ്, സെക്രട്ടറി ശ്രീ കെ.കെ. രാമചന്ദ്രൻ, ജൂനിയർ സൂപ്രണ്ട് ശ്രീ തോമസ് രാജൻ, ശ്രീ കെ.ടി. യാക്കോബ്, ശ്രീ കെ.എ. തോമസ്, ശ്രീ പി.എ. തങ്കച്ചൻ, ശ്രീ സി.കെ. റെജി, ഡോ. പി.ജി. ശങ്കരൻ എന്നിവർ പഞ്ചായത്തിൽനിന്നും പങ്കെടുത്തു. ലോക്കൽ റിസോർസ് പേർസൻസിനെയും തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധന്മാരെയും പങ്കെടുപ്പിച്ച് രണ്ടാംഘട്ട പരിശീലനം ആരക്കുന്നം സെന്റ് ജോർജ് ചർച്ച് ഹാളിൽ 31.10.96 ന് നടന്നു. ശ്രീ കെ.ടി. യാക്കോബിന്റെ വിശദീകരണ ക്ലാസിനുശേഷം പ്രാഥമിക, ദ്വിതീയ, ത്രിതീയ എന്നീ മൂന്നു ഗ്രൂപ്പുകളായി തിരിച്ച് ഗ്രാമസഭകളിൽ നിന്നും ക്രോഡീകരിച്ച റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടത്തുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തു.

നവംബർ 17-ന് നടക്കുന്ന വികസന സെമിനാറിന്റെ വിജയകരമായ നടത്തിപ്പിനായി 7-11-96ന് പഞ്ചായത്ത് ഹാളിൽ ഒരു യോഗം കൂടുകയും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്തു. ഈ സ്വാഗതസംഘത്തിന്റെ നേതൃത്വത്തിലാണ് വികസനസെമിനാറിനായുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

ഈ വികസനറിപ്പോർട്ട് തയാറാക്കിയിരുന്നത് ഗ്രാമസഭകളിൽനിന്നുള്ള വിവരങ്ങൾ, ദ്വിതീയ വിവരകണക്കുകൾ, വിവിധ വകുപ്പുകളിൽ നിന്നുള്ള കണക്കുകൾ, പഠനപര്യടന റിപ്പോർട്ടുകൾ, വിവിധ വ്യക്തികളിൽനിന്നുള്ള വിവരങ്ങൾ എന്നിവയെ ആധാരമാക്കിയാണ്. റിപ്പോർട്ടിന്റെ ആമുഖത്തെ തുടർന്ന് പഞ്ചായത്തിന്റെ സാമൂഹിക-സാംസ്കാരികമായ ചരിത്രം, ഭൂപ്രകൃതി എന്നിവ ലഘുവായി പ്രതിപാദിക്കുന്നു. തുടർന്ന് ഓരോ വികസനമേഖലകളുടേയും അവലോകനവും അതത് മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും കൊടുക്കുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്ന ഈ പ്രശ്നങ്ങളെ വിവിധ തട്ടുകളിലായി (പഞ്ചായത്ത്-ബ്ലോക്ക്- ജില്ല-സംസ്ഥാനം) പരിഹരിക്കപ്പെടേണ്ടവയാണ്. പഞ്ചായത്ത് തലത്തിൽ പരിഹരിക്കപ്പെടേണ്ടവ സാധ്യതകളായും മറ്റുളവ പൊതുനിർദേശങ്ങളായും വെവ്വേറെ നൽകുന്നു.

നവംബർ 17ന് നടക്കുന്ന വികസന സെമിനാറിൽ വിവിധ മേഖലകളിലേക്കുള്ള കർമസമിതികളെ തെരഞ്ഞെടുക്കുന്നു. വകുപ്പുദ്യോഗസ്ഥരെയും വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും ഈ കർമസമിതികൾ രൂപീകരിക്കുക. ഈ കർമസമിതികളാണ്, പ്രശ്നപരിഹാരത്തിനുള്ള ചെറിയചെറിയ സ്കീമുകൾ രൂപപ്പെടുത്തുവാനും നടപ്പാക്കാനും പഞ്ചായത്ത് സമിതിയെ സഹായിക്കുന്നത്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ഇതായിരിയ്ക്കണമെന്നാണ് ആസൂത്രണബോർഡിന്റെ നിർദേശം.

റിപ്പോർട്ടിൽ നൽകുന്ന സാധ്യതകളും നിർദേശങ്ങളും പൂർണമാണെന്ന് അവകാശപ്പെടുന്നില്ല. വകുപ്പുദ്യോഗസ്ഥന്മാരുടെയും വിദഗ്ധന്മാരുടെയും നിർദേശങ്ങളിലൂടെയും വികസനസെമിനാറിലെ സജീവമായ ചർച്ചകളിലൂടെയും ഇത് പൂർണമാക്കേണ്ടതായുണ്ട്.

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ടതും 21.47 ചതിരശ്രകിലോമീറ്റർ വിസ്തീർണമുള്ളതും 1991-ലെ കണക്കനുസരിച്ച് 21482 ജനങ്ങൾ അധിവസിക്കുന്നതുമായ ഒരു പ്രദേശമാണ് മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്. മുളന്തുരുത്തി വില്ലേജിന്റെ മുഴുവൻ പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. കണയന്നൂർ താലൂക്കിലാണ് ഈ പഞ്ചായത്ത്. ഈ പഞ്ചായത്ത് മൂവാറ്റുപുഴ പാർലമെന്റ് നിയോജക മണ്ഡലത്തിലും പിറവം അസംബ്ലി നിയോജകമണ്ഡലത്തിലും പെട്ടതാണ് 10 വാർഡുകളുള്ള പഞ്ചായത്ത്. ബ്ലോക്ക് പഞ്ചായത്തിൽ രണ്ട് ഡിവിഷനിൽ പ്രതിനിധീകരിക്കുന്നു. അവയിൽ ആരക്കുന്നം ഡിവിഷൻ-ജനറൽ സീറ്റും മുളന്തുരുത്തി ഡിവിഷൻ വനിതാസംവരണവുമാണ്. 1995-ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി ശ്രീ ഫ്രാൻസിസ് ഐപ്പും വൈസ് പ്രസിഡന്റായി അഡ്വ. പുഷ്പ വിജയകുമാറും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായി ശ്രീ വിത്സൻ പി.ജോർജും പ്രവർത്തിച്ചുവരുന്നു. 1936-ൽ രൂപീകൃതമായ പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റ് റവ. ഫാദർ ജോൺ പാലക്കാട്ട് ആയിരുന്നു.

**പുനഃസംവിധാനം ചെയ്തു രൂപീകൃതമായ പഞ്ചായത്തിന്റെ വിവിധകാലഘട്ടങ്ങളിലെ പ്രസിഡന്റുമാർ താഴെ പറയുന്നവരാണ്.**

5/54 മുതൽ 12/62 വരെ ശ്രീ. പി.ഐ. വർക്കി
12/62 മുതൽ 12/63 വരെ സ്പെഷ്യൽ ഓഫീസർ
1/64 മുതൽ 4/65 വരെ സി.ആർ. രമേശൻ നമ്പൂതിരി
5/65 മുതൽ 10/65 വരെ കെ.കെ. നാരായണൻ വൈദ്യർ – ആക്റ്റിംഗ് പ്രസിഡന്റ്
10/65 മുതൽ 3/68 വരെ എം.കെ. ശ്രീധരൻ
3/68 മുതൽ 1/70 വരെ റവ. ഫാ. ജോൺ കത്തനാർ
1/70 മുതൽ 3/70 വരെ എം.കെ. ഗോവിന്ദൻകുട്ടി മാരാർ – ആക്ടിംഗ്
3/70 മുതൽ 4/79 വരെ എം.കെ. ഗോവിന്ദൻകുട്ടി മാരാർ
7/80 മുതൽ 10/84 വരെ വി.എ. പള്ളിയാൻ
11/84 മുതൽ 2/88 വരെ സ്പെഷ്യൽ ആഫീസർ
2/88 മുതൽ 9/95 വരെ കെ.എ. ജോഷി

**നിലവിലുള്ള പഞ്ചായത്ത് സമിതി**

1. ശ്രീ. ഡേവിഡ് മത്തായി, പടിപ്പുരയ്ക്കൽ, മുളന്തുരുത്തി – മെമ്പർ
2. അഡ്വ. പുഷ്പവിജയകുമാർ, തേക്കുംകാട്ടിൽ, മുളന്തുരുത്തി – വൈസ് പ്രസിഡന്റ്
3. ശ്രീ. ഫ്രാൻസിസ് ഐപ്പ്, തെക്കെപുറത്ത് മ്യാലിൽ, പെരുമ്പിള്ളി – പ്രസിഡന്റ്
4. കുമാരി സിന്ധു ജോസഫ്, തോപ്പിൽപറമ്പിൽ, മുളന്തുരുത്തി – മെമ്പർ
5. ശ്രീ. മോഹനൻ. ടി.കെ, തച്ചേത്ത്, ഇരുത്തിക്കര, മുളന്തുരുത്തി – മെമ്പർ
6. ശ്രീ. ജി. രാജേന്ദ്രൻ, രാധാജി മന്ദിരം, കാരിക്കോട് – മെമ്പർ
7. ശ്രീ. മോഹനൻ. പി.ടി. , പുത്തൻപുരയ്ക്കൽ, പങ്ങാരപ്പിള്ളി – മെമ്പർ
8. ശ്രീമതി മാനസി കൃഷ്ണൻ, മുരിയറവേലിൽ, പങ്ങാരപ്പിള്ളി – മെമ്പർ
9. ശ്രീമതി സൂസി പീറ്റർ, വാഴക്കുളങ്ങര, വെട്ടിയ്ക്കൽ – മെമ്പർ
10. ശ്രീ. വിൽസൻ പി. ജോർജ്, പാലാൽ, പുളിക്കമാലി – സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

## ചരിത്രം

ചരിത്രരചനക്ക് അനിവാര്യമായ വസ്തുക്കളുടെ അലഭ്യത എന്നും ചരിത്രാന്വേഷികളെ അലട്ടുന്ന പ്രശ്നമാണ്. തൻമൂലം ഐതിഹ്യങ്ങളിലും നാട്ടറിവുകളിലും നിന്നാണ് നമുക്ക് നമ്മുടെ നാടിന്റെ ചരിത്രത്തെക്കുറിച്ച് ഒരേകദേശ ചിത്രം തെളിഞ്ഞുകിട്ടുക. മുളന്തുരുത്തി എന്ന സ്ഥലനാമത്തിന്റെ ഉത്പത്തിയെക്കുറിച്ചുതന്നെ അതിമനോഹരമായ ഒരു ഐതിഹ്യം നമ്മുടെ പഴയതലമുറ പറഞ്ഞുതന്നിട്ടുണ്ട്.

പ്രാചീനകാലത്ത് മുളങ്കാടുകൾ നിറഞ്ഞ ഒരു തുരുത്തായിരുന്നു മുളന്തുരുത്തി. നാലുചുറ്റും കായലും പുഴയും അതിരിട്ട ഒരു ദ്വീപ്. ക്രമേണ ഇതിനു മാറ്റം വരികയും പടിഞ്ഞാറുഭാഗം മാത്രം കായൽ പ്രദേശമായി ചുരുങ്ങുകയും ചെയ്തു. രാജഭരണകാലത്ത് കൊച്ചി രാജാക്കൻമാർ കായൽമാർഗം ഇതുവഴി കണയന്നൂരിലെ കൊട്ടാരത്തിൽ എത്തുമായിരുന്നത്രേ.

1936–ലാണ് മുളന്തുരുത്തി പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്. കൊച്ചി ദിവാൻ നാമനിർദേശം ചെയ്ത സമിതിക്കായിരുന്നു ഭരണച്ചുമതല. ഫാ. ജോൺ പാലക്കാട്ടായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ്. പഞ്ചായത്തു കൂടുന്ന ദിവസം ഗ്രാമപരിധിയിലെ വ്യവഹാരങ്ങൾക്ക് തീർപ്പു കൽപിക്കപ്പെട്ടിരുന്നു. ഒരു ജഡ്ജിയേയും പഞ്ചായത്ത് വക്കീൽമാരേയും ദിവാൻ ഇതിനായി ഏർപ്പെടുത്തി.

പഞ്ചായത്ത് പരിധിയിലുള്ള ഭൂമിയുടെ ഉടമസ്ഥത അക്കാലത്ത് നമ്പൂതിരി മനകൾക്കും ദേവസ്വത്തിനും ഇടപ്രഭുക്കൾക്കും അവകാശപ്പെട്ടതായിരുന്നു. പടുതോൾമന, പെരിങ്ങോട്ടുമന, പള്ളിപ്പുറത്തുമന തുടങ്ങിയവയായിരുന്നു. ഭൂവുടമസ്ഥതയിൽ 90 ശതമാനത്തിനും അവകാശികൾ.

ക്രമേണ, മേൽ ചാർത്ത് എഴുതിക്കൊടുക്കുക, ജന്മം തീറുകൊടുക്കുക തുടങ്ങിയ സമ്പ്രദായങ്ങളിലൂടെ മറ്റുവിഭാഗങ്ങളും ഭൂമിയുടെ ഉടമസ്ഥതക്ക് അർഹരായി. സ്ഥലം പട്ടയമായി നൽകുന്ന രീതിയും പ്രാബല്യത്തിൽ വന്നു. കൃഷിചെയ്യുന്നതിനുമാത്രമായി വ്യക്തികൾക്കു സ്ഥലം നൽകുന്ന സംപട്ടയ സമ്പ്രദായവും ആരംഭിച്ചു.

രാജ്യത്തുടനീളം ദേശീയ പ്രസ്ഥാനം ശക്തിയാർജിച്ച ഈ കാലയളവിൽ സ്വാതന്ത്ര്യസമരത്തിന്റെ അലകൾ ഈ പ്രദേശത്തെ ഏറെയൊന്നും ഏശാതെ കടന്നുപോയി. എങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്ന ഗോവൻ സമരത്തിൽ ധീരോദാത്തമായി പങ്കെടുത്ത് ഇരുപതുമാസത്തോളം ജയിൽവാസം അനുഭവിച്ച നമ്മണ്ണാലിൽ ശ്രീ വി.കെ. ശ്രീധരൻനായർ നമ്മുടെ പഞ്ചായത്തിൽ ഇന്നും ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമരഭടനാണ്. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനം നമുക്കോരോരുത്തർക്കും ഈ പഞ്ചായത്തിനും അഭിമാനിക്കാവുന്ന ഓർമയാണ്. മുൻമന്ത്രി പോൾ പി. മാണി ക്വിറ്റിന്ത്യാ സമരകാലത്ത് മുളന്തുരുത്തിയിൽ വിദ്യാർഥി പ്രക്ഷോഭത്തിനും സ്വാതന്ത്ര്യസമരത്തിനും നേതൃത്വം നൽകി.

ദേശീയ സ്വാതന്ത്ര്യസമരത്തിനുശേഷം ഇവിടെ രൂപപ്പെട്ട മുന്നേറ്റങ്ങൾ കർഷക, കർഷകതൊഴിലാളി പ്രസ്ഥാനങ്ങളുടെ ആവിർഭാവവും അവയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളുമായിരുന്നു. പാട്ടവും വാരവും വെട്ടിക്കുറയ്ക്കുക, ജന്മിത്വം അവസാനിപ്പിക്കുക തുടങ്ങിയ കാര്യങ്ങളുന്നയിച്ചായിരുന്നു ഈ സമരങ്ങൾ. ഭൂപരിഷ്കരണനിയമം പാസായതോടെ ഭൂമിയുടെ വിതരണം ജന്മിമാരിൽനിന്നു മറ്റു വിഭാഗങ്ങളിലേക്കു കൂടി സംഭവിച്ചു.

ജാതി വിവേചനത്തിന്റെ കാഠിന്യം ഏറെയും അനുഭവിക്കേണ്ടി വന്നത് ഈ കാലയളവിലെ അധഃസ്ഥിത ജനതയായിരുന്നു. പുലയ, ഈഴവ, ചാലിയ വിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് ഈ ദശാബ്ദത്തിന്റെ ആദ്യപകുതിയുടെ ഒടുവിൽ പോലും അയിത്തം കൽപ്പിക്കപ്പെട്ടിരുന്നു. പൊതുവഴികളിലൂടെയുള്ള പ്രവേശനം ഇവർക്ക് നിഷേധിക്കപ്പെട്ടു. അയിത്തജാതിക്കാർക്ക് ക്ഷേത്രപ്രവേശനവും സഞ്ചാര സ്വാതന്ത്ര്യവും ഉറപ്പുനൽകിയ പരീക്ഷിത്തു തമ്പുരാന്റെ കൽപ്പനയാണ് ഈ സാമൂഹിക പ്രശ്നത്തിന് വലിയൊരളവോളം പരിഹാരമായത്. ജാതിവ്യവസ്ഥയുടെ കാഠിന്യത്തിൽ നിന്നും രക്ഷപ്പെടാൻ മതപരിവർത്തനത്തിനു വിധേയരായ നിരവധി പട്ടികജാതിക്കാരും നമ്മുടെ പഞ്ചായത്തിലുണ്ട്.

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലായിരുന്നു സ്ത്രീകളുടെ നില. ആദ്യകാലത്ത് സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിക്കപ്പെട്ടിരുന്നില്ല. വസ്ത്രധാരണത്തിൽപോലും യാഥാസ്ഥികത്വം സ്വാധീനംചെലുത്തി. മാറുമറയ്ക്കാൻ പോലും സ്ത്രീകളെ അനുവദിച്ചിരുന്നില്ല. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു മുൻഗണന നൽകാൻ വേണ്ടി മുളന്തുരുത്തി ചർച്ച് ഗേൾസ് ലോവർ പ്രൈമറി സ്കൂൾ തുടങ്ങിയത് അക്കാലത്തെ പുരോഗമനപരമായ ഒരു നടപടിയായി കാണേണ്ടതാണ്.

നെല്ല്, തെങ്ങ്, കശുമാവ്, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവയായിരുന്നു മുഖ്യവിളകൾ. വ്യാപകമായ തോതിൽ തെരുവപുല്ല് കൃഷി ചെയ്ത് പുൽത്തൈലം ഉണ്ടാക്കിയിരുന്നു. കൊപ്രയുടേയും പുൽത്തൈലത്തിന്റേയും പ്രധാന വിപണി ചമ്പക്കരയായിരുന്നു. അവിടെനിന്നും മറ്റു കച്ചവടക്കാർ ഈ ഉത്പന്നങ്ങൾ വഞ്ചിമാർഗം കൊച്ചിയിലേക്ക് കൊണ്ടുപോയിരുന്നു.

റബർകൃഷികൊണ്ട് സമൃദ്ധമായ നമ്മുടെ പഞ്ചായത്ത് പരിധിയിൽ അതിന്റെ ആരംഭത്തെക്കുറിച്ച് വ്യത്യസ്ത വാദഗതികൾ നിലവിലുണ്ട്. എങ്കിലും ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ റബർകൃഷി ഇവിടെ ആരംഭിച്ചുവെന്ന് സാമാന്യമായി പറയാവുന്നതാണ്. തൊടുപുഴ സായ്പിന്റെ തോട്ടത്തിൽ നിന്നാണ് റബർ തൈകൾ കൊണ്ടുവന്നത്.

അക്കാലത്ത് ഈ പ്രദേശത്ത് ധാരാളമായി കാണപ്പെട്ടിരുന്ന പോങ്ങ്മരം ചീനവല നിർമാണത്തിന് ഉപയോഗപ്പെടുത്തിയിരുന്നു. ചാരം, ചാണകം, ചവർ തുടങ്ങിയവയായിരുന്നു കൃഷിക്കുപയോഗിച്ചിരുന്ന വളങ്ങൾ. വൈരവിളയെന്ന ഔഷധ ഭക്ഷ്യവിളയും കൃഷി ചെയ്തിരുന്നു.

ആദ്യകാലത്ത് വിദ്യാഭ്യാസം എഴുത്തുപള്ളിക്കൂടങ്ങളിലും കുടിപ്പള്ളിക്കൂടങ്ങളിലുമാണ് നടത്തിയിരുന്നത്. നമ്പൂതിരി കുട്ടികൾക്ക് സ്വന്തം ഇല്ലങ്ങളിൽ തന്നെയായിരുന്നു വിദ്യാഭ്യാസം. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം കാരിക്കോട് ആരംഭിച്ചതിൽ ചാലി കുടുംബത്തിന് നിർണായകമായ പങ്കുണ്ട്. മുളന്തുരുത്തി സ്കൂൾ ആരംഭിക്കുന്നതിലും ചാലി കുടുംബം പങ്കുവഹിച്ചു. ഇവിടെ ആൺകുട്ടികൾക്കു മാത്രമായിരുന്നു പ്രവേശനം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ചർച്ച് എൽ.പി. സ്കൂൾ തുടങ്ങിയ കാര്യം നേരത്തെ പരാമർശിച്ചിരുന്നു.

മുളന്തുരുത്തി ഹൈസ്കൂളും പുളിക്യമാലി സ്കൂളും ഒരു ശതാബ്ദം പൂർത്തിയാക്കിയ വിദ്യാലയങ്ങളാണ്. ആരക്കുന്നം സ്കൂൾ ഈ രണ്ടു സ്കൂളുകൾക്കും പിന്നാലെ സ്ഥാപിക്കപ്പെട്ടു. മുളന്തുരുത്തി സ്കൂൾ ഹൈസ്കൂളായത് 1881-ലാണ്. കൃഷി ഇവിടെയും പാഠനവിഷയമായിരുന്നു എന്ന കാര്യം ശ്രദ്ധാർഹമാണ്.

മുളന്തുരുത്തി ഹൈസ്കൂളിലെ പൂർവവിദ്യാർഥികളിൽ സിവിൽ സർവീസ് പരീക്ഷ പാസായ ശ്രീ കെ.കെ. വിജയകുമാർ, പരേതനായ ശ്രീ. സി.ടി. സുകുമാരൻ എന്നിവർ അധഃസ്ഥിത വിഭാഗത്തിൽ നിന്നും ഉയർന്നു വന്നവരാണെന്നത് അവരുടെ നേട്ടത്തിനും നമ്മുടെ നാടിന്റെ വിദ്യാഭ്യാസ- സാമൂഹിക വളർച്ചക്കും അടിവരയിടുന്ന വസ്തുതയാണ് ആരക്കുന്നം സ്കൂളിലെ അധ്യാപകനായിരുന്ന പരേതനായ റവ. ഫാ. പി.കെ. സ്ലീബ അധ്യാപകർക്കുള്ള ദേശീയ അവാർഡിന് അർഹനായി. പ്രശസ്ത കവയിത്രി വിജയലക്ഷ്മി മുളന്തുരുത്തി സ്കൂളിലെ പൂർവവിദ്യാർഥി കൂടിയായിരുന്നു. മുൻ കേന്ദ്രമന്ത്രി എ.എം. തോമസ് ഈ വിദ്യാലയത്തിലെ ഒരു പൂർവവിദ്യാർഥിയായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ചികിത്സാകേന്ദ്രം മുളന്തുരുത്തി ഗവൺമെന്റ് ആശുപത്രിയാണ്. അതിനുമുമ്പുള്ള ചികിത്സാരീതി നാട്ടുവൈദ്യമായിരുന്നു. ആദ്യത്തെ ആശുപത്രി പ്രവർത്തിച്ചിരുന്നത് മുളന്തുരുത്തി പള്ളിത്താഴത്തായിരുന്നു. നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ ഡോക്ടർമാർ അപ്പോത്തിക്കരിയെന്നും അറിയപ്പെട്ടു. കൊമ്പും കുഴലും വച്ചു നോക്കിയുള്ള ചികിത്സാ സമ്പ്രദായമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. വിഷചികിത്സയും നിലവിലുണ്ടായിരുന്നു.

തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കത്തെ തുടർന്ന് ഒരു റൂറൽ സൊസൈറ്റി നിലവിൽവന്നു. കോഴികളേയും കന്നുകാലികളേയും സൊസൈറ്റി മുഖേന വിതരണം നടത്തിയിരുന്നു. കക്കൂസുകൾ നിർമിച്ചു നൽകുകയെന്ന ചുമതലയും സൊസൈറ്റി ഏറ്റെടുത്തു നടത്തി. ഇതിന്റെ ആദ്യ പ്രസിഡന്റ് കാട്ടുപാടത്ത് വെട്ടിയാംകണ്ടത്ത് ശ്രീ ജോസഫ് മാസ്റ്റർ ആയിരുന്നു.

1928-ൽ കണയന്നൂർ താലൂക്ക് ഓഫീസ് സ്ഥാപിക്കുന്നതിന് വേണ്ടി ഒരു ഓഫീസ് സമുച്ചയം ഇവിടെ പണികഴിപ്പിച്ചു. അവിടെ ഇപ്പോൾ വില്ലേജ് ഓഫീസ്, സബ്രജിസ്ട്രാർ ഓഫീസ്, പി.ഡബ്ല്യു.ഡി. ഓഫീസ് എന്നിവ പ്രവർത്തിച്ചുവരുന്നു. അഞ്ചൽ ഓഫീസ് പള്ളിത്താഴത്തായിരുന്നു പ്രവർത്തിച്ചുവന്നത്. 1939-ൽ സർക്കാർ ആശുപത്രി മൃഗാശുപത്രി എന്നിവയ്ക്കും പുതിയ കെട്ടിടം നിർമിച്ച് ഇന്നത്തെ സ്ഥലങ്ങളിലേക്കു മാറ്റി.

ആദ്യകാലങ്ങളിൽ ഗതാഗതത്തിന് ഉപയോഗിച്ചിരുന്നത് കാള വണ്ടിയും കുതിരവണ്ടിയും റിക്ഷാവണ്ടിയുമായിരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ജലഗതാഗതസൗകര്യം നിലവിലുണ്ടായിരുന്നു. ഒന്നാംലോക മഹായുദ്ധകാലത്ത് നാടൊട്ടുക്കും ക്ഷാമം പടർന്നുപിടിച്ചപ്പോൾ ജനങ്ങൾക്ക് തൊഴിലിന് കൂലിയായി അരിയാണ് നൽകിയിരുന്നത്. ഇക്കാലയളവിൽ ജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തിലൂടെ പണിതീർത്തതാണ് മുളന്തുരുത്തി അരയൻകാവ് റോഡ്.

1956 ഒക്ടോബറിൽ കോട്ടയം-എറണാകുളം റെയിൽപാത നിലവിൽ വന്നതോടെ നമുക്ക് റെയിൽഗതാഗത സൗകര്യവും ലഭ്യമായി.

മുളന്തുരുത്തിയിൽ നിന്ന് പേപ്പതിയിലേക്ക് റോഡ് നിർമിച്ചത് പടുതോൾ, മേൽപാലൂർ എന്നീ നമ്പൂതിരിമനകളുടെ മേൽനോട്ടത്തിലാണ്. ഇന്ധനം ഉപയോഗിച്ചുള്ള ആദ്യബസ് സർവീസ് മുളന്തുരുത്തി വഴി നടത്തിയത് തെക്കേപ്പുറത്ത് മ്യാലിൽ കുടുംബമായിരുന്നു. വെള്ളിയാഴ്ചകളിൽ ക്ഷേത്രദർശനം നടത്തുന്നതിന് അശുദ്ധമാകാതെ പോകാൻ ഈ ബസിൽ നമ്പൂതിരിമാർക്കു മാത്രമായിരുന്നു പ്രവേശനം. തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും അതിർത്തി നിശ്ചയിക്കുന്ന റോഡ് ഈ പഞ്ചായത്തിലൂടെയായിരുന്നു.

1934-ൽ ആരംഭിച്ച മുളന്തുരുത്തി വായനശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ സാംസ്കാരിക സ്ഥാപനം. കാർഷികഗ്രാമമായ ഈ പഞ്ചായത്തിൽ കൃഷി ഉപകരണങ്ങൾ നിർമിക്കാൻ വേണ്ടി ഒരു കമ്പനി അമ്പതുകളിൽ നിലവിലുണ്ടായിരുന്നു. ഈ പ്രദേശത്തെ ആദ്യസംരംഭമായിരുന്ന ഈ കമ്പനി പിന്നീട് അടച്ചുപൂട്ടുകയായിരുന്നു.

ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി മാർ തോമൻപള്ളി എ.ഡി. 1125നു കല്ലിട്ടുനിർമിച്ചതാണ്. അന്തോഖ്യയിൽ നിന്നും പാത്രി

യർക്കീസ് ബാവയുടെ പ്രതിനിധികളായി മലങ്കരയിലെത്തിയ ബാവാമാർ പലരും മുളന്തുരുത്തിപള്ളി സന്ദർശിക്കുകയും ഇവിടെ കാലം ചെയ്ത് കബറടങ്ങുകയും ചെയ്തു. 1876–ൽ അന്തോഖ്യ പാത്രിയർക്കീസ് ബാവ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി മൂറോൻ കൂദാശ നടത്തുകയുണ്ടായി. ഈ സുന്നഹദോസ് സഭാഭരണം ജനകീയകമ്മിറ്റികൾക്ക് ഏൽപ്പിക്കാനുള്ള തീരുമാനമെടുത്തു. കേരള ചരിത്രത്തിൽ പരാമർശമുള്ള ചുവർചിത്രങ്ങളും ശിലാലിഖിതങ്ങളും ഈ ദേവാലയത്തിലുണ്ട്.

വില്വാർവട്ടം രാജകുടുംബത്തിലെ ഒരു രാജകുമാരനെ ആരക്കുന്നംപള്ളിയിൽ അടക്കം ചെയ്തിട്ടുണ്ട്. വെട്ടിക്കൽ പള്ളിയിൽ നടക്കുന്ന മാറ്റക്കച്ചവടം ശ്രദ്ധേയമായ ഒരാചാരമാണ്. പരുമലപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ചാത്തുരുത്തി തിരുമേനിയുടെ ജനനംകൊണ്ട് പ്രശസ്തമായതാണ് നമ്മുടെ നാട്. അധഃസ്ഥിത ജനതയുടെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി യത്നിച്ച മൂക്കഞ്ചേരിൽ തിരുമേനിയുടേയും പ്രവർത്തനകേന്ദ്രം മുളന്തുരുത്തിയായിരുന്നു. കാട്ടുമങ്ങാട്ടു ബാവമാരുടെ പേരും ഇവിടെ എടുത്തു പറയേണ്ടതുണ്ട്.

പഞ്ചായത്തിലെ ക്ഷേത്രങ്ങളെല്ലാം തന്നെ ചരിത്രപ്രാധാന്യമുള്ളതും നൂറ്റാണ്ടുകളുടെ പഴമയുള്ളതുമാണ്. പെരുമ്പിള്ളി നരസിംഹക്ഷേത്രം, പൂതൃക്കോവിൽ ക്ഷേത്രം, പൊട്ടൻ തേവർ ക്ഷേത്രം തുടങ്ങിയവക്ക് ഏറെ വർഷത്തെ പഴക്കമുണ്ട്. ഹരിജനങ്ങൾ തന്നെ പൂജിക്കുന്ന ഒരു സുബ്രഹ്മണ്യക്ഷേത്രവും പഞ്ചായത്തിലുണ്ട്. തുരുത്തിക്കര മറ്റപ്പിള്ളിക്കാവ് ക്ഷേത്രത്തിൽ ചിരപുരാതനമായ കോഴിവെട്ട് നടന്നിരുന്നു. പണ്ടാരപ്പിള്ളിയിൽ ഒരു തണ്ണീർപന്തൽ പ്രവർത്തിച്ചിരുന്നു.

സ്ഥലപരിമിതിയും, ഇനി പരാമർശിക്കേണ്ട വിഷയങ്ങളുടെ ഗൗരവവും മുൻനിർത്തി വിശദമായ ഒരു ചരിത്രാന്വേഷണം പലപ്പോഴും ഇവിടെ അസാധ്യമായിട്ടുണ്ട്. അതൊരു പരിമിതിയായി കണക്കാക്കുമ്പോൾ തന്നെ മുളന്തുരുത്തിയുടെ സമഗ്രമായ സാമൂഹിക–സാംസ്കാരിക ചരിത്രം ഇതിനു പിന്നാലെ എഴുതപ്പെടേണ്ടതുണ്ടെന്ന് ഒരു നിർദേശം വെക്കാനും ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്.

# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് മുളന്തുരുത്തി ഗ്രാമപ്രദേശത്തെ അഞ്ചു മേഖലകളാക്കി തരംതിരിക്കാം.

1. ഉയർന്ന സമതലം
2. ചെരിവ് പ്രദേശങ്ങൾ
3. താഴ്‌വരകൾ
4. തീരസമതലം
5. ചതുപ്പ് നിലം

## ഉയർന്ന സമതലം

മുളന്തുരുത്തി പഞ്ചായത്തിന്റെ കിഴക്ക് ഭാഗം കുന്നായും പടിഞ്ഞാറുഭാഗം താഴ്‌വരസ്ഥലമായും സ്ഥിതിചെയ്യുന്നു. മുളന്തുരുത്തി മൊത്തത്തിലുള്ള വിസ്തൃതിയിൽ 5% സമതലമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം ആരക്കുന്നമാണ്. സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം 26 മീറ്റർ ഉയരത്തിലാണ് ആരക്കുന്നമെന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. മുളന്തുരുത്തി ഏകദേശം 5 മീറ്റർ മുതൽ 26 മീറ്റർ വരെ സമുദ്രനിരപ്പിൽനിന്നും ഇടയിലുള്ള ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. റെയിൽപാതകൊണ്ട് ഗ്രാമം വേർതിരിക്കപ്പെട്ടുകിടക്കുന്നു. പടിഞ്ഞാറുഭാഗം ഏറ്റവും കൂടുതൽ തെങ്ങും നെൽകൃഷിയും നടത്തിവരുന്നു. കിഴക്കുഭാഗം മുഖ്യമായും റബർകൃഷിക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. എന്നാൽ സമതലപ്രദേശങ്ങളിൽ നെൽകൃഷിയും ചെയ്തുവരുന്നുണ്ട്. കിഴക്കൻ ഭാഗങ്ങളിൽ മണ്ണൊലിപ്പിന് സാധ്യതയുള്ള സ്ഥലങ്ങളാണ്. മണ്ണുസംരക്ഷണത്തിന് ഇടക്കയ്യാലകൾ നിർമിച്ചിട്ടുണ്ട്.

കൃഷിക്ക് വെള്ളം കിട്ടുന്നതിന് ധാരാളം തോടുകൾ ഉണ്ട്. ആഴം കൂട്ടിയാൽ മീൻകൃഷിക്കും നെൽകൃഷിക്കും ഉപയോഗപ്രദമായിരിക്കും. മുൻകാലങ്ങളിൽ റബർകൃഷി വ്യാപകമാകുന്നതിനുമുമ്പ് ആരക്കുന്നം മേഖലയിൽ പുൽതൈലം ശേഖരിക്കുന്നതിനുള്ള പുല്ല് (തെരുവപുല്ല്) വളർത്തിയിരുന്നു. പ്രസിദ്ധിയാർജിച്ച പുൽതൈലം ആരക്കുന്നം ഭാഗത്തുനിന്നും കയറ്റി അയച്ചിരുന്നതായി അറിയുന്നു. ഇപ്പോൾ മുഖ്യമായും റബർ കൃഷിയാണ് നടക്കുന്നത്.

## ചരിവ് സ്ഥലങ്ങൾ

മുളന്തുരുത്തി ഗ്രാമത്തിന്റെ കിഴക്കുഭാഗത്തുള്ള ആരക്കുന്നം, പുളിക്കമാലി ഭാഗത്തും പെരുമ്പിള്ളിയുടെ കിഴക്കുഭാഗത്തുമാണ് ചരിവ് സ്ഥലങ്ങൾ കാണുന്നത്. മണ്ണൊലിപ്പിന് സാധ്യതയുള്ള പ്രദേശങ്ങളാണ്. ജലംപെട്ടെന്ന് ഊർന്നുപോകുന്നതുകൊണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ഏതെങ്കിലും തരത്തിലുള്ള കൃഷി ചെയ്യാത്ത ചരിവുകൾ ഇല്ലായെന്നുതന്നെ പറയാം. തെങ്ങ്, റബർ, കുരുമുളക് എന്നിങ്ങനെയുള്ള കൃഷിയാണ് ഈ ഭാഗത്ത് ചെയ്യുന്നത്. ഫലവൃക്ഷങ്ങളും കൃഷിചെയ്തുവരുന്നുണ്ട്.

## താഴ്‌വര

ആരക്കുന്നത്തിന്റെ വടക്കുഭാഗം, പുളിക്കമാലിയുടെ വടക്കുഭാഗവും പടിഞ്ഞാറുഭാഗവും തുരുത്തിക്കരയുടെ പടിഞ്ഞാറുഭാഗവും വെട്ടിക്കുളത്തിന്റെ കിഴക്കുഭാഗവും കാരിക്കോടിന്റെ വടക്കുഭാഗവും കിഴക്കുഭാഗവും, കരവട്ടേക്കുരിശ്ശിന്റെ കിഴക്കുഭാഗവും പടിഞ്ഞാറു ചെങ്ങോലപാടം, നാലാംവാർഡിന്റെ, തെക്ക് പുഞ്ചപാടം, പെരുമ്പിള്ളിയുടെ തെക്കുഭാഗം എന്നിവിടങ്ങളിലാണ് താഴ്‌വര സമതലങ്ങൾ സ്ഥിതിചെയ്യുന്നത്. ഇവ ജലം തങ്ങിനിൽക്കുന്ന സ്ഥലമാണ്. മുളന്തുരുത്തി ഗ്രാമം പൊതുവെ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽനിന്നും ജല ഊർന്നു ഒഴുകിവരുന്നതിനാൽ താഴ്‌വരസമതലങ്ങളിൽ പൊതുവെ മണ്ണിന് ഫലപുഷ്ടികാണുന്നുണ്ട്. നെൽകൃഷിക്ക് അനുയോജ്യമായ സ്ഥലമാണ്. ചിലഭാഗങ്ങളിൽ മൂന്നാംവിളയായി പയർകൃഷിയാണ് നടത്തുന്നത്. ചിലയിടങ്ങളിൽ നിലം നികത്തി കെട്ടിടം പണിയുന്ന പ്രവണതയുണ്ട്.

## തീരസമതലം

മുളന്തുരുത്തി ഗ്രാമത്തിന്റെ പടിഞ്ഞാറുഭാഗം സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം 5.6 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറുഭാഗത്തുള്ള കോണത്തുംതോട്, ഉദയംപേരൂർ പഞ്ചായത്തിനേയും മുളന്തുരുത്തി പഞ്ചായത്തിനേയും വേർതിരിക്കുന്നു. കോണത്തുംതോട് പൂർണമായും ഉദയംപേരൂർപഞ്ചായത്തിലുള്ളതാണ്. ഉദയംപേരൂർ ഗ്രാമം മുൻകാലങ്ങളിൽ തിരുവിതാംകൂർ രാജാവിന്റേതായിരുന്നു. മുളന്തുരുത്തി ഗ്രാമം കൊച്ചി മഹാരാജാവിന്റേതും ആയിരുന്നു. ഗ്രാമത്തിന്റെ അതിർത്തി തിരിച്ച് 'ചുങ്കം' സ്ഥാപിച്ചിരുന്നത് ചാത്തുരുത്തി താഴത്തുഭാഗത്തായിരുന്നു. 'ചുങ്കം' നടത്തിയിരുന്നതിന്റെ ഓർമ്മയ്ക്കായി അതിർത്തി കല്ല് നിലനിൽക്കുന്നുണ്ട്.

കോണത്തുതോടിന്റെ കിഴക്കുഭാഗം വേഴപറമ്പ് മുതൽ പെരുമ്പിള്ളി മറ്റത്താംകടവ് വരെയുള്ള കരിനിലങ്ങൾ ഒരുപ്പൂകൃഷി ചെയ്തിരുന്നു. കോണത്ത് ബണ്ടിന്റെ പ്രവർത്തനം നല്ലനിലയിൽ അല്ലാതിരുന്നതിനാൽ ഓരുജലം കയറി കൃഷിനശിച്ച് നഷ്ടം വന്നതോടുകൂടി ആ ഭാഗത്തുള്ള കൃഷി കർഷകർ ഉപേക്ഷിച്ചു. വർഷക്കാലത്ത് അമിതവെള്ളത്തിന്റെ ശക്തിയായ ഒഴുക്കുമൂലം പാടശേഖരബണ്ടുകൾ പൊളിഞ്ഞുപോയികൊണ്ടിരിക്കുകയാണ്. വീതികൂട്ടി കരിങ്കൽകൊണ്ട് കെട്ടി പാടശേഖരബണ്ട് ഉറപ്പ് വരുത്താതെ കരിനിലങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുന്നതല്ലയെന്നുള്ളതാണ് കർഷകരുടെ അഭിപ്രായം.

## ചതുപ്പുനിലം

മുളന്തുരുത്തി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തും തെക്കുഭാഗത്തുമായി ചതുപ്പ് നിലങ്ങൾ ഉണ്ടെങ്കിലും അവിടെ മുൻകാലങ്ങളിൽ കൃഷി ചെയ്തുകാണുന്നുണ്ട്. വേലിയേറ്റത്തെ നിയന്ത്രിക്കുന്നതിനായി പൂത്തോട്ടഭാഗത്ത് കോണത്ത് ബണ്ട് ഇട്ടിട്ടുണ്ട്. ഈ ബണ്ടിന്റെ പ്രവർത്തനം ശരിയല്ലാത്തതുകൊണ്ട് ഓരുജലനിയന്ത്രണം ഫലപ്രദമാകുന്നില്ല. ഓരുജലം സ്ഥിരമായി കയറുന്നതിനാൽ ഓരുജല മത്സ്യകൃഷി വ്യാപകമായി നടത്താവുന്നതാണ്.

## ജനപ്രകൃതി

1991 ലെ സെൻസ്സസ് റിപ്പോർട്ട് പ്രകാരം മുളന്തുരുത്തി പഞ്ചായത്തിലെ ആകെ ജനസംഖ്യ 21,472 ആണ്.

പുരുഷന്മാർ – 10665, സ്ത്രീകൾ – 10817 അതിൽ പട്ടികജാതി പട്ടിക വർഗ വിഭാഗം പുരുഷന്മാർ 1243 സ്തീകൾ 1304 ആണ്.

വില്ലേജ് രേഖകൾ പരിശോധിച്ചതിൽ 1901–ൽ മുളന്തുരുത്തി പഞ്ചായത്തിലെ ജനസംഖ്യ 6073 യെന്നും പുരുഷന്മാർ 3075 യെന്നും, സ്ത്രീകൾ 2998 യെന്നും ആകെ വീട് 1234 യെന്നും കാണുന്നുണ്ട്.

# കൃഷിയും ജലസേചനവും

കാർഷികചരിത്രം: ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിലെ 90% പ്രദേശങ്ങളും ജന്മിയുടേയോ വിവിധ ദേവസ്വങ്ങളുടേയോ ഉടമസ്ഥതയിലായിരുന്നു. ജന്മിവക പാട്ടം, കാണം, പുറവക, ഇനാം പണ്ടാരവട്ടം എന്നീ നിലകളിലും ഭൂവുടമാബന്ധം നിലവിലിരുന്നു. ഭൂപരിഷ്കരണ നിയമം ഉടമാബന്ധങ്ങളിലും വിളരീതികളിലും ശ്രദ്ധേയമായ പല മാറ്റങ്ങൾക്കും വഴിയൊരുക്കി.

1905–ലെ സെറ്റിൽമെന്റ് രേഖകൾപ്രകാരം മുളന്തുരുത്തി പഞ്ചായത്തിൽ 3250 ഏക്കർ കരഭൂമിയും 1407 ഏക്കർ നിലവും 377 ഏക്കർപുറംപോക്കും ഉണ്ടായിരുന്നു. കരഭൂമിയിൽ ഏറിയഭാഗത്തും തെങ്ങ്, പറങ്കിമാവ്, കവുങ്ങ് എന്നിവയാണ് കൃഷിചെയ്തിരുന്നത്. തെരുവപ്പുൽകൃഷിയും (ഇഞ്ചിപ്പുല്ല്) വ്യാപകമായിരുന്നു അക്കാലത്ത്. ആരക്കുന്നം പുൽത്തൈലം ഏറെ പ്രസിദ്ധിയാർജ്ജിച്ചിരുന്നു.

മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും വ്യാപകമായി കൃഷി ചെയ്തിരുന്നവയാണ്. എന്നാൽ ഈ നൂറ്റാണ്ടിന്റെ മധ്യത്തോടെ റബ്ബർ കൃഷി വ്യാപകമാവുകയും മറ്റു കൃഷികൾ ആനുപാതികമായി കുറയുകയും ചെയ്തു. ഇഞ്ചിപ്പുൽ കൃഷി പാടേ ഇല്ലാതായി. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം മൂലം പരിമിതമായ സ്ഥലത്തുനിന്ന് പരമാവധി ലാഭം ഉണ്ടാക്കുക എന്നു വന്നതോടുകൂടി പറങ്കിമാവിന്റേയും മരച്ചീനിയുടേയും സ്ഥാനം റബർ കയ്യടക്കി.

1982–ലെ റവന്യൂ രേഖകൾ പ്രകാരം പാടത്തിന്റെ വിസ്തീർണ്ണം 1905 ലേതിൽനിന്നും 25% (351 ഏക്കർ) കണ്ട് കുറഞ്ഞിട്ടുണ്ട്. പാടശേഖരങ്ങളിൽ ഇരിപ്പൂകൃഷിയായിരുന്നു വ്യാപകമായുണ്ടായിരുന്നത്. ഇടവിളയായി പയറ്, എള്ള്, ഉഴുന്ന്, മുതിര എന്നിവ കൃഷി ചെയ്തിരുന്നു. പാടശേഖരത്തിന്റെ സ്വഭാവമനുസരിച്ചുള്ള വിത്തിനങ്ങൾ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ മുണ്ടകനും, ആര്യനും അതിക്കരാഴിയും മറ്റു പാടങ്ങളിൽ ചെമ്പാവും, ചാരയും അപൂർവ്വമായി വൈരനെല്ലും കൃഷിചെയ്തിരുന്നു.

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി കാർഷിക കുടുംബങ്ങളിലെ യുവതലമുറക്കാർ കാർഷിക ജോലികളിൽനിന്ന് പിൻവാങ്ങിയതും, ഉയർന്ന ഉത്പ്പാദനച്ചെലവും കൃഷിഭൂമി നികത്തി റബ്ബർ, തെങ്ങ് തുടങ്ങിയ ദീർഘകാല വിളകൾ കൃഷിചെയ്യുവാൻ കർഷകരെ നിർബന്ധിതരാക്കി.

## മണ്ണ്

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തെ ഭൂപ്രകൃതി സമതലം, ചതുപ്പ്, കരിപ്പാടം എന്നിവയാണെങ്കിൽ മധ്യഭാഗവും കിഴക്കുഭാഗവും സമതലം ചരിവുകൾ, കുന്ന്, താഴ്‌വരകൾ, ചതുപ്പ്, ഉയർന്ന സമതലം എന്നിവ ഉൾക്കൊള്ളുന്നതാണ്. മണൽ, മണൽ കലർന്ന മണ്ണ്, ചെമ്മണ്ണ്, എക്കൽ കലർന്ന ചളിമണ്ണ്, വെട്ടുകൾ മണ്ണ്, എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ. പാടശേഖരങ്ങളിലെ മണ്ണിനങ്ങളെ അപേക്ഷിച്ച് ചെമ്മണ്ണിനാണ് ഫലപുഷ്ടി കൂടുതൽ.

## വിള ചേരുവ

നെല്ല്, റബർ, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് എന്നിവയാണ് പഞ്ചായത്തിലെ മുഖ്യവിളകൾ. റബ്ബർ എല്ലാ വാർഡുകളിലും വ്യാപകമായുണ്ട്. ജാതി, മരച്ചീനി, പൈനാപ്പിൾ, പറങ്കിമാവ്, വെറ്റില, കിഴങ്ങ് വർഗ്ഗങ്ങൾ, കുരുമുളക്, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകൾ, പച്ചക്കറി തുടങ്ങിയവ വിവിധ വാർഡുകളിൽ നാമമാത്രമായി കൃഷിചെയ്യുന്നുണ്ട്. നെല്ല് – പയർ–നെല്ല്, നെല്ല്–തരിശ്, നെല്ല്–പയർ–പച്ചക്കറി എന്ന നിലയിലാണ് പഞ്ചായത്തിലെ മുഖ്യ വിളക്രമം. ഇരിപ്പൂകൃഷിചെയ്യുന്ന പാടശേഖരങ്ങളാണ് ഏറിയപങ്കും. മൂന്ന് പൂകൃഷിചെയ്യുന്ന പാടശേഖരങ്ങൾ പഞ്ചായത്തിൽ തുലോം കുറവാണ്. ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ പല ഭാഗത്തും മൂന്ന് പൂ കൃഷി സാധ്യമാണ്. പഞ്ചായത്തിൽ തരിശുഭൂമി മൊത്തം ഭൂമിയുടെ ഒരു ശതമാനത്തോളം വരും. ഇവയിൽ ഏറിയപങ്കും കൃഷിചെയ്യാതിട്ടിരിക്കുന്ന പാടശേഖരങ്ങളാണ്. ഉള്ളാട്ടിമല, ഇഞ്ചിമല, 2–ാം വാർഡിന്റെ തെക്ക്പടിഞ്ഞാറ് ഭാഗം, കോണോത്ത് പുഴയുടെ സമീപ്രദേശം, 4–ാം വാർഡിലെ പുഞ്ചനിലം, പെരുമ്പിള്ളി ത്താഴം എന്നിവിടങ്ങളിലാണ് തരിശുഭൂമി ഉള്ളത്. വേണ്ടത്ര ജലസേചന സൗകര്യമോ, നീർവാർച്ചാ സംവിധാനമോ ഇല്ലാത്തതാണ് തരിശുഭൂമിക്ക് സാഹചര്യമൊരുക്കുന്ന പ്രധാന ഘടകങ്ങൾ.

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണ ഹെക്കർ/സെന്റ് |
|---|---|
| നിലം | 741.00 |
| പുരയിടം | 3899.54 |
| പുറംപോക്ക് | 347.86 |
| കൃഷിയോഗ്യമായ തരിശ് | 250.00 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 52.00 |
| ആകെ | 5290.40 |

78

## രോഗങ്ങൾ:

കൃഷി നാശത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് വിളകളെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളുടെ ആക്രമണവുമാണ്. രോഗ ബാധ ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് തെങ്ങുകൃഷിയേയാണ്. കൃഷിഭവനിലെ ലഭ്യമായ കണക്കുകൾപ്രകാരം പഞ്ചായത്തിലെ 75% തെങ്ങുകളും ഏതെങ്കിലും വിധത്തിലുള്ള രോഗം ബാധിച്ചവ യാണ്. കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല്, തെങ്ങ് മുതലായവ എലിശല്യ ത്തിന് വിധേയമാകുന്നുണ്ട്.

**വിളകളും അവയെബാധിക്കുന്ന പ്രധാന രോഗങ്ങളും**

| വിളകൾ | രോഗങ്ങൾ |
|---|---|
| റബ്ബർ | പട്ടമരപ്പ്, കൊമ്പുണങ്ങൽ, ചീക്ക് |
| തെങ്ങ് | കാറ്റുവീഴ്ച, കൂമ്പുചീയൽ, ഇലമഞ്ഞളിപ്പ്, ചെല്ലി |
| നെല്ല് | പോളരോഗം, ഇലചുരുട്ടിപ്പുഴു, ചാഴി, കുലവാട്ടം, അടിപ്പുക. |
| വാഴ | കൂമ്പടപ്പ്, മണ്ടപ്പുഴു |

## ഉത്പ്പാദനക്ഷമത

നെല്ലിന്റെയും തെങ്ങിന്റെയും ഉത്പാദന ക്ഷമത റബ്ബർ കൃഷിയെ അപേക്ഷിച്ച് കുറവാണ്. നെല്ലിന്റേയും തെങ്ങിന്റേയും ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. തെങ്ങിന്റെ ശരാശരി ഉത്പാദന ക്ഷമത പഞ്ചായത്തിൽ 28 നാളി കേരമാണ് (സംസ്ഥാന ശരാശരി 38) നെല്ലിന് ഒരേക്കറിൽനിന്നും ശരാശരി 50 പറനെല്ലും റബറിന് ഏക്കറിന് ശരാശരി 5 കിലോ ഷീറ്റും ലഭിക്കുന്നുണ്ട്. ജലസേചനത്തിന്റെ അഭാവവും തൊഴിലാളി കളുടെ കുറവും, രോഗാണുബാധയും നെൽകൃഷിയെ ആദായകര മല്ലാതാക്കി. മണ്ണിന്റെ ഫലപുഷ്ടിയെക്കുറിച്ച് വേണ്ടത്ര മനസ്സിലാ ക്കാതെയുള്ള അനിയന്ത്രിതമായ രാസവളപ്രയോഗങ്ങളും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 1905ലെ റവന്യൂ രേഖകൾ പ്രകാരം 1407 ഏക്കർ പാടശേഖരം ഉണ്ടായിരുന്നത് 1982 ആയപ്പോഴേക്കും 1043 ഏക്കറായി ചുരുങ്ങി.

| വിള | വി. | മൊത്തം | ഉത്പാദനക്ഷമത |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 250 | 375 ടൺ | 1.5 ടൺ |
| നെല്ല്(രണ്ടാംവിള) | 250 | 375 ടൺ | 1.5 ടൺ |
| നെല്ല്(മൂന്നാംവിള) | 25 | 37 ടൺ | 1.5 ടൺ |
| പയർ | 25 | 750 കി.ഗ്രാം | 300 കി.ഗ്രാം |
| പച്ചക്കറികൾ | 10 | 10 ടൺ | 1 ടൺ |
| തെങ്ങ് | 120.6 | 84000 തേങ്ങ | 7000 തേങ്ങ |
| വാഴ | 22.8 | 2280 ടൺ | 103 ടൺ |
| മരച്ചീനി | 109.4 | 200 ടൺ | 1 ടൺ |
| റബ്ബർ | 215.6 | 2655.25 കി.ഗ്രാം | 12.3 കി.ഗ്രാം |
| കശുമാവ് | 10 | 2700 കി.ഗ്രാം | 270 കി.ഗ്രാം |

## ജലസേചന സൗകര്യങ്ങൾ:

മഴയെ അടിസ്ഥാനമാക്കിയുള്ള ഒരു കാർഷിക വ്യവസ്ഥയാണ് മുളന്തുരുത്തിയിൽ അനുവർത്തിച്ചുവരുന്നത്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് കാലവർഷം മൂലമാണ്. മഴവെള്ളം വേണ്ടരീതി യിൽ മണ്ണിൽത്തന്നെ ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് മണി ക്കൂറുകൾക്കകം മഴവെള്ളം കായലിലേക്ക് ഒഴുകിയെത്തുന്നു. 6,7,9,10, 5-ാം വാർഡിന്റെ കുറച്ചുഭാഗങ്ങൾ എന്നിവ വാട്ടർഷെഡ് സ്കീമിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. 6,8,9,10 വാർഡുകളിലൂടെ പെരി യാർവാലി കനാൽ കടന്നുപോകുന്നുണ്ട്. ഈ പദ്ധതിയെ പഞ്ചായ ത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുത്തുന്ന വിധ ത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

പാണാറിലൂടെയും, കോണോത്ത് തോട്ടിലൂടെയും പഞ്ചായ ത്തിലെ പ്രധാനപ്പെട്ട 15-ഓളം തോടുകളിലെ വെള്ളം കായലി ലേയ്ക്ക് ഒഴുകിയെത്തുന്നു. ചെങ്ങോലപ്പാടംതോട്, കോലഞ്ചേരി ത്തോട്, ചാലിത്താഴം തോട്, തുപ്പംപടിയിൽനിന്ന് തോട്ടത്തിൽ ഭാഗത്തുകൂടി കാരിക്കോട് വന്നുചേരുന്നതോട്. കാരിക്കോട് തോട്, തുരുത്തിക്കര വലിയതോട് (കമ്പേരിത്തോട്) കുറിഞ്ചിക്കപ്പാടം തോട്, വെട്ടിയ്ക്കൽ- പുളിയ്ക്കമാലി തോട്, പുളിയ്ക്കമാലി-തുരു ത്തിക്കരതോട്, ആരക്കുന്നം- പുളിയ്ക്കമാലിതോട്, മണിയാം പുറം-പുളിയ്ക്കമാലിതോട്. തുരുത്തിക്കര അമ്പലത്താഴം തോട് എന്നിവയും ഇവയുടെ കൈത്തോടുകളുമാണ് കൃഷിയിടങ്ങളിലെ മുഖ്യജലവിതരണക്കാർ. ഒക്ടോബർ നവംബർ മാസങ്ങളാകുമ്പോ ഴേയ്ക്കും മേൽപ്പറഞ്ഞ തോടുകളൊക്കെ വറ്റിപ്പോകും. കനാൽവെള്ളം ലഭിക്കുകയാണെങ്കിൽ ചുരുക്കം ചില തോടുക ളിൽ മാത്രം നീരൊഴുക്കുണ്ടാകും. നീരൊഴുക്ക് നിയന്ത്രിക്കുന്നതി നായി 15ൽ താഴെ തോടുകളിൽ മാത്രമെ ചീർപ്പുള്ളൂ. അവയിൽ തന്നെ പകുതിയിലധികവും പലകകൾ നശിച്ചുപോയവയാണ്.

പഞ്ചായത്തിൽ പ്രകൃതിയുടെ സ്വാഭാവിക ജലസംഭരണിക ളായ 11 പൊതുകുളങ്ങളുണ്ട്. ഇതുകൂടാതെ അമ്പലക്കുളങ്ങളും സ്വകാര്യകുളങ്ങളുമായി 50ൽപരം കുളങ്ങൾകൂടി പഞ്ചായത്ത തിർത്തിയിലുണ്ട്. മിക്കവാറും കുളങ്ങൾ ചളിനിറഞ്ഞിരിക്കുന്നതു കൊണ്ട് ഏറിയപങ്കും വാറ്റിപ്പോകുന്നവയാണ്. എന്നിരുന്നാലും വിവിധ വാർഡുകളിലായി 10ൽപ്പരം കുളങ്ങൾ വറ്റാത്തവയുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.

വാർഡ് 1: പടപ്പൻചിറ, മൂട്ടക്കുളം
വാർഡ് 2: അമ്പലക്കുളം, അയ്യങ്കേരിക്കുളം, ഇടവേലിക്കുളം
വാർഡ് 4: നായംകുളം, പെരുമ്പിള്ളിക്ഷേത്രക്കുളം, ബ്ലോക്ക് കുളം
വാർഡ് 6: ചെറുപട്ടകുളം
വാർഡ് 7: കാരിക്കോട് അമ്പലക്കുളം, പാമ്പ്രച്ചിറ
വാർഡ് 10: ആരക്കുന്നം ചിറ, പുത്തൻകുളം, കാഞ്ഞിരിയ്ക്കാപ്പിള്ളി ക്കുളം

പരമ്പ്ജലസേചനം കാര്യക്ഷമമായിനടക്കുന്നില്ല. പഞ്ചായ ത്തിൽ കാർഷികാവശ്യത്തിനായി പമ്പ്സെറ്റ് ഉപയോഗിക്കുന്നവർ 30%ത്തിൽ താഴെ മാത്രമാണ്.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും:

കാർഷികോത്പ്പന്നങ്ങളുടെ വിപണനത്തിനുവേണ്ടത്ര സൗക ര്യങ്ങൾ പഞ്ചായത്തിലില്ല. ആരക്കുന്നം, മുളന്തുരുത്തി എന്നീ സ്ഥല ങ്ങളിലാണ് കാർഷികോത്പന്നങ്ങൾ പ്രധാനമായും വിൽക്കുന്നത്. വിപണി സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് ഇടനിലക്കാരു ടേയും കച്ചവടക്കാരുടേയും ചൂഷണത്തിന് കർഷകർ ഇരയാകു ന്നുണ്ട്. മാർക്കറ്റിംഗ് രംഗത്ത് ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഈ സൊസൈറ്റിയുടെ ഒരു ശാഖ മുളന്തുരുത്തിയിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും റബർ കർഷ കരുടെ പ്രശ്നപരിഹാരത്തിന് ഇത് അപര്യാപ്തമാണ്.

## കാർഷിക ബന്ധങ്ങൾ:

കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം കൂട്ടുകൃഷിയുടെപ്രസക്തി വർധിപ്പിച്ചിരിക്കുകയാണ്. കൂട്ടുകൃഷിയുടെ പ്രധാന പ്രശ്നവും ഇതു തന്നെയാണ്. ഒരേക്കറിൽ അധികം ഭൂമിയുള്ളവർ ആകെ ജനസം ഖ്യയുടെ 25%ത്തിൽ താഴെമാത്രമെയുള്ളൂ. കൃഷിയെ മാത്രം ആശ്ര യിച്ച് കഴിയുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നുണ്ടെങ്കിലും പഞ്ചാ യത്തിലെ 50% ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവ രാണ്.

## കൂലിസേവന വ്യവസ്ഥകൾ:

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വ്യത്യസ്ത സേവന വ്യവസ്ഥകളാണ് നിലവിലുള്ളത്. കർഷക തൊഴിലാളികളുടെ കൂലി നിരക്ക് ചുവടെ കൊടുക്കുന്നു.

| ഇനം | ജോലിസമയം | കുറഞ്ഞ കൂലി | | കൂടിയകൂലി | |
|---|---|---|---|---|---|
| | | പു. | സ്ത്രീ | പു. | സ്ത്രീ |
| പാടം/പറമ്പ് | 8 മണിക്കൂർ | 75.00 | 60.00 | 125 | 80 |
| റബർ | 100 എണ്ണം | 15 | 15 | 20 | 20 |

കൊയ്ത്ത്, മെതി എന്നീ ജോലികൾക്ക് നെല്ല് തന്നെയാണ് സാധാരണ കൂലിയായി നൽകുന്നത്. 5 പറ നെല്ലിന് ഒരു പറ നെല്ല് എന്ന മാനദണ്ഡത്തിലാണ് കൂലി.

## വളം കീടനാശിനി ഉപഭോഗം:

എല്ലാ കാർഷിക വിളകൾക്കും പ്രധാനമായി രാസവളങ്ങളും രാസകീടനാശിനിയുമാണ് ഉപയോഗിക്കുന്നത്. ജൈവവളങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ജൈവകീടനാശിനിയുടെ ഉപയോഗം അപൂർവ്വമാണ്. മുളന്തുരുത്തി സർവീസ് സഹകരണ ബാങ്ക്, കൃഷിഭവൻ, റബർ മാർക്കറ്റിംഗ് സൊസൈറ്റി, കച്ചവടക്കാർ എന്നിവ വഴിയാണ് വളവും കീടനാശിനികളും ലഭ്യമാകുന്നത്.

## പ്രശ്നങ്ങൾ:

1. ജലസേചനത്തിന്റെ അപര്യാപ്തത എല്ലാവാർഡുകളിലും അടിയന്തിര ശ്രദ്ധയർഹിക്കേണ്ട പ്രശ്നമാണ്.

2. മണ്ണിന്റെ ഫലപുഷ്ടി പൊതുവേ മോശമാണ്. പ്രത്യേകിച്ചും പാടശേഖരങ്ങിലെ മണ്ണ്.

3. എല്ലാവിളകൾക്കും രോഗബാധ ഉത്പാദനക്ഷമതയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. നെല്ല്, തെങ്ങ്, റബർ, പച്ചക്കറി എന്നിവയ്ക്ക് രോഗബാധയേറെയാണ്.

4. കർഷകതൊഴിലാളികളെ, പ്രത്യേകിച്ചും പാടത്ത് പണികൾക്ക് വേണ്ടത്രേ ലഭ്യമല്ല.

5. പാടശേഖരങ്ങൾ നികത്തുന്ന പ്രവണത ഗണ്യമായി വർധിച്ചുവരികയാണ്.

6. പല പാടശേഖരങ്ങളിലും മുമ്പുണ്ടായിരുന്ന തോട് വീതികുറഞ്ഞ് ജലനിർഗമനത്തിന് മാർഗമില്ലാതെ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. പ്രധാനമായും ചെങ്ങോലപ്പാടം, കോണോത്ത് പുഴയുടെ ഭാഗം, പുഞ്ചപ്പാടം, തത്തേലിപ്പാടം, വെട്ടിക്കുളം പാടം, ആരക്കുന്നംപാടം, ഇലഞ്ഞിപ്പാടം, പൈങ്ങാലിപ്പാടം, എന്നിവിടങ്ങളിലാണ് പ്രധാനമായും വെള്ളക്കെട്ട് അനുഭവപ്പെടുന്നത്.

7. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം വളരെകൂടുതലാണ്.

8. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പെരിയാർവാലി കനാൽ പല സ്ഥലങ്ങളിലും പൂർത്തീകരിച്ചിട്ടില്ല

9. കാർഷികോത്പന്നങ്ങളുടെ വില്പനയ്ക്കും സംസ്കരണത്തിനും പര്യാപ്തമായ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

10. 2, 3 വാർഡുകളിലെ പടിഞ്ഞാറു ഭാഗത്ത് ഓരുവെള്ള ഭീഷണിയുണ്ട്.

11. കുന്നുകളും ചരിവുകളും ഉയർന്ന സമതലങ്ങളും ഏറെയുള്ള പഞ്ചായത്തിന്റെ മധ്യഭാഗത്തും കിഴക്ക് അതിർത്തി വാർഡുകളിലും മണ്ണൊലിപ്പുണ്ട്.

12. ഉത്പാദനച്ചെലവ് കൂടുന്നതിനനുപാതികമായി ഉത്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.

13. കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

14. മിക്കവാറും തോടുകളുടെ അരികുകൾ കെട്ടി സംരക്ഷിക്കാത്ത അവസ്ഥയിലാണ്.

15. കുളങ്ങളിൽ ഭൂരിഭാഗവും ചളിനിറഞ്ഞതുകൊണ്ട് വേഗത്തിൽ വറ്റിപ്പോകുന്നു.

16. മണ്ണ് പരിശോധന നടക്കാറില്ല.

17. കൃഷിഭവന്റെ സേവനങ്ങൾ വേണ്ടത്ര ലഭ്യമല്ല.

18. പഞ്ചായത്തിൽ ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങൾ പ്രധാനമായും ചെങ്ങോലപ്പാടം, കോലഞ്ചേരിപ്പാടം, പാടത്ത്കാവ് പ്രദേശം, അമ്പേലിപ്പാടം, ചേപ്പനത്ത് പാടം, ചാലിപ്പാടം, പുഞ്ചപ്പാടം, കടയ്ക്കൽപ്പാടം, പെരുംപുഞ്ചപ്പാടം, ഇലഞ്ഞിപ്പാടം 10–ാം വാർഡിലെ പാടശേഖരങ്ങൾ, 4, 6, 7, 9 വാർഡുകളിലെ മിക്കവാറും പ്രദേശങ്ങൾ എന്നിവയാണ്.

## നിർദേശങ്ങൾ

1. പെരിയാർവാലിയുടെ ഏരുവേലിയിലേയും പാലസ്കയറിലേയും കനാലിൽനിന്ന് സബ്കനാൽ ചെങ്ങോലപ്പാടത്ത് എത്തിക്കുക.

2. കോണോത്ത് ബണ്ടിന്റെ ഷട്ടർ നന്നാക്കി ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുക. കോലഞ്ചേരി തോടുകളിലെ ചീർപ്പ് നന്നാക്കുക.

3. പെരിയാർവാലിപദ്ധതി 3–ാം വാർഡിന് ജലസേചനം സാധ്യമാകുന്നവിധത്തിൽ പുനഃസംവിധാനം ചെയ്യുക.

4. 6–ാം വാർഡിൽ വന്നുനിൽക്കുന്ന പെരിയാർവാലി കനാൽ അമ്പേലിത്താഴം വഴികോക്കിൽതോട്, പാരാപ്പിള്ളി പുഞ്ചവഴി പാണാറ്റിൽ എത്തിക്കുക.

5. പെരിയാർ വാലി കനാലിൽ കൂടിയ സമയം വെള്ളം തുറന്നുവിട്ടാൽ ഇപ്പോഴുള്ള തോടുകൾക്ക് സംരക്ഷണ ഭിത്തികൾ നിർമിച്ച് 6–ാം വാർഡിൽ എല്ലാപാടത്തും ജലം എത്തിക്കാം.

6. 7–ാം വാർഡിൽ കുഴിയോടിപ്പാടത്തിനും മനയ്ക്കത്താഴം നിലത്തിനും ഇടയിലുള്ള തോട്ടിൽ തോടിന് കുറുകെ കുഴൽ സ്ഥാപിച്ചാൽ പാടത്തെ വെള്ളക്കെട്ട് പരിഹരിക്കാം.

7. തുരുത്തിക്കര പുഞ്ചപ്പാടത്ത് തോടിന്റെ ആഴവും വീതിയും കൂട്ടി വെള്ളക്കെട്ട് ഒഴിവാക്കാം.

8. 8–ാം വാർഡിൽ പൂർത്തിയാക്കാതെ നിർത്തിയിരിക്കുന്ന പെരിയാർവാലി കനാൽ പൂർത്തിയാക്കി യഥാസമയം വെള്ളം തുറന്നുവിടുക.

9.അമ്പേലിത്താഴം പാടത്തെ കൈത്തോട് വീതികൂട്ടി വലിയ തോട്ടിലെത്തിക്കുകയും വലിയതോട് അമ്പലത്താഴം ഭാഗത്ത് ആഴം കൂട്ടുകയും ചെയ്താൽ പൈങ്ങാലിപ്പാടത്തെ നീർക്കെട്ട് ഒഴിവാക്കാം.

10. പെരിയാർവാലി കനാലിൽ വെട്ടിയ്ക്കൽ ഭാഗത്തു നിന്നും തല്പന ഭാഗത്തേക്ക് സബ് കനാൽ തീർത്ത് വെള്ളം എത്തിയ്ക്കണം.

11. പാടങ്ങൾ, തോടുകൾ എന്നിവ മുറിച്ചുകടന്നു പോകുന്ന റോഡുകൾക്ക് കലുങ്ക് തീർത്ത് റോഡ് പൂർത്തിയാക്കണം.

12. വേനൽക്കാലത്തും വറ്റാത്ത കുളങ്ങളിൽ മോട്ടോർ സ്ഥാപിച്ച് ജലസേചന സൗകര്യം സാധ്യമാക്കുക.

13. കൂട്ടുകൃഷി സമ്പ്രദായം വ്യാപകമാക്കുക.

14. ഗതാഗത സൗകര്യമില്ലാത്ത കൃഷിയിടങ്ങളിലേക്ക് ഫാം റോഡുകൾ നിർമിക്കുക.

15. കൃഷിഭൂമി നികത്തുന്നത് കർശനമായി നിരോധിക്കുക.

16. പാടശേഖര സമിതികളെയും കേരവികസന സമിതികളെയും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ രീതിയിൽ പുനഃസംഘടിപ്പിക്കുക.

17. കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുക.

18. തോട്, കുളം എന്നിവ അരികുകെട്ടി സാരക്ഷിക്കുക.

19. കേടുവന്ന തെങ്ങ് വെട്ടിമാറ്റി പകരം തൈവയ്ക്കാൻ ധനസഹായം ലഭ്യമാക്കുക.

20. പച്ചക്കറി, ഔഷധകൃഷി, വാനില, ഓർക്കിഡ്, കുറ്റിമുല്ല എന്നിവയുടേയും കൃഷി പ്രോത്സാഹിപ്പിക്കുക.

21. കാർഷികോത്പന്നങ്ങളുടെ വില്പനക്കും സംസ്കരണത്തിനും സംവിധാനം ഏർപ്പെടുത്തുക.

22. വിത്തുകൾ ശേഖരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ വിത്ത് ബാങ്കും നഴ്സറിയും തുടങ്ങുക.

23. ജൈവവളം, ജൈവകീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

## സാധ്യതകൾ:

1. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക.

2. പാടങ്ങൾ നികത്തുന്നതിനെതിരെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സാമൂഹ്യസമ്മർദ്ദം ഉയർത്തിക്കൊണ്ടുവരികയും വേണം.

3. പഞ്ചായത്തിന് വിത്ത്ബാങ്കും നേഴ്സറിയും സ്ഥാപിക്കുക.

4. കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി അഗ്രോക്ലിനിക്കുകൾ/അഗ്രോ സൊസൈറ്റി എന്നിവ സ്ഥാപിക്കുക.

5. മണ്ണൊലിപ്പ് തടയുന്നതിന് കോണ്ടൂർ ബണ്ടുകൾ/ഇടക്കയ്യാല തുടങ്ങിയ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

6.തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

7. കാർഷികോത്പന്നങ്ങളുടെ വിപണനവും സംസ്കരണവും സാധ്യമാക്കുന്നതിന് പൊതുമാർക്കറ്റും സംസ്കരണശാലയും സ്ഥാപിക്കുക.

8. പച്ചക്കറി കൃഷിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

9. നെൽകൃഷി ലാഭകരമാക്കി മാറ്റുന്നതിനായി വിത്തും വളവും കീടനാശിനിയും മറ്റും സൗജന്യമായി ലഭ്യമാക്കുക.

## മൃഗസംരക്ഷണം

മുളന്തുരുത്തി ഗ്രാമം കർഷക മേഖലയും മലഞ്ചരക്ക് വ്യാപാര കേന്ദ്രവും ആയിരുന്നു. കന്നുകാലികളെ വളർത്തിയിരുന്നത് മുഖ്യമായും കാർഷികാവശ്യത്തിനും ജൈവവളം ശേഖരിക്കുന്നതിനും ആയിരുന്നു. കാലി വളർത്തൽ കൃഷിയുടെ അവിഭാജ്യ ഘടകം ആയിരുന്നു. കാള, പോത്ത്, എരുമ എന്നിവ ഉഴവു മാടുകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും ഉപയോഗിച്ചിരുന്നു. ജൈവവളത്തിന്റെ സ്രോതസ് കന്നുകാലികളെ വളർത്തലിൽ കൂടിയാണ് കണ്ടെത്തിയിരുന്നത്. ആദ്യകാലങ്ങളിൽ പാൽ വിപണന യൂണിറ്റ് ഉണ്ടായിരുന്നില്ല. പാൽ സ്വന്തം ആവശ്യത്തിനും അയൽ വീടുകളിലും ചായക്ക് ഹോട്ടലുകളിലും പ്രാദേശികമായി വിറ്റഴിച്ചിരുന്നു. ഇപ്പോഴും ഈ സമ്പ്രദായം ഗ്രാമത്തിൽ പലയിടങ്ങളിലും നടന്നുവരുന്നു. മുളന്തുരുത്തിയിൽ പെരുമ്പിള്ളിയിലും പുളിയ്ക്കമാലിയിലും പാൽ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

1960ന് മുൻപ് നാടൻ കന്നുകാലികളായിരുന്നു. മുൻ കാലങ്ങളിൽ കന്നുകാലികളെ, നെൽകൃഷി വിളവെടുപ്പ് കഴിഞ്ഞിട്ടുള്ള ഇടവേളയിൽ അഴിച്ചുവിട്ടു മേയ്ക്കുന്ന രീതി ഉണ്ടായിരുന്നു. മുളന്തുരുത്തി വില്ലേജ് രജിസ്റ്ററിൽ സർക്കാർവക പുറമ്പോക്ക് സ്ഥലം കന്നുകാലികളുടെ മേച്ചിൽ സ്ഥലമായി നീക്കിയിട്ടിരുന്നതായി കാണുന്നു. ഇന്ന് ഈ സ്ഥലം കാണുന്നില്ല. പാടശേഖരത്തു താമസിക്കുന്നവരുടെ പക്കൽ കന്നുകാലികളെ വളർത്താൻ ചില വ്യവസ്ഥയിൽ ഏല്പിക്കുന്ന സമ്പ്രദായം മുൻപ് ഉണ്ടായിരുന്നു. അതായത് ആദ്യപ്രസവത്തിലെ കന്നുകുട്ടി വളർത്തുകാരന്റെ വകയായും രണ്ടാമത്തെ പ്രസവത്തോടുകൂടി കന്നിനേയും കിടാവിനേയും ഉടമസ്ഥനു കൈമാറണമെന്നുള്ള വ്യവസ്ഥയിലുമായിരുന്നു ഈ സമ്പ്രദായം. ഇത് ഇപ്പോൾ നിലവിൽ ഇല്ലായെന്നു തന്നെ പറയാം. പാടശേഖരങ്ങളിലും, കുറ്റിക്കാടുകളിലും (ചവറുമല) കന്നുകാലികളെ അഴിച്ചുവിട്ട് മേച്ചിൽ നടത്തുമായിരുന്നു. എന്നാൽ കുറ്റിക്കാടുകൾ മാറി, റബർ കൃഷി വ്യാപകമാകുകയും പാടശേഖരങ്ങൾ നികത്തുകയും തൈകൾ വയ്ക്കുകയും ചെയ്തതോടുകൂടി കന്നുകാലികളെ അഴിച്ചുവിട്ട് മേയ്ക്കുന്നത് പൂർണമായി ഒഴിവായി. കൂടാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ പഞ്ചായത്തുതലത്തിലുള്ള പൗണ്ടിൽ പിടിച്ചു കെട്ടി ശിക്ഷിച്ചിരുന്നു. കൃഷിക്ക് യന്ത്രോപകരണം വന്നതോടുകൂടി ഉഴവ് മാടുകളായ കാള, പോത്ത്, എരുമ എന്നിവയുടെ എണ്ണത്തിൽ വളരെ കുറവു വന്നു. കാർഷികയന്ത്രം ചെല്ലാത്ത കൃഷിയിടങ്ങളിൽ ഉഴവ് നടത്തുന്നതിനായി പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗങ്ങളിൽ ഉഴവ് മാടുകളെ വളർത്തുന്നുണ്ട്. എരുമയിൽനിന്നും പാൽ ശേഖരിച്ച് വിപണനം നടത്തുന്നവരും ഉണ്ട്. ആടുകളെ ഉപതൊഴിലായി വളർത്തുന്നവരും ധാരാളം ഉണ്ട്.

കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തിനുള്ളിൽ മുളന്തുരുത്തി പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഗുണപരവും പ്രകടവുമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഇതിൽ എടുത്തു പറയേണ്ടത് ഉത്പാദനശേഷി കുറഞ്ഞ വളരെ നാടൻ കന്നുകാലികൾ ഉണ്ടായിരുന്ന ഈ പ്രദേശത്ത് കാലിസമ്പത്തിനെ ഏകദേശം 80% ശേഷിയുള്ള സങ്കരയിനം കന്നുകാലികളാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞുയെന്നുള്ളതാണ്. 60 വർഷങ്ങൾക്ക് മുൻപ് സിന്ധി മൂരികളുടെ ബീജം ശേഖരിച്ച് നാടൻ കന്നുകാലികളിൽ കൃത്രിമ ബീജസങ്കലനം നടത്തിയിരുന്ന സമ്പ്രദായമായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. 1960 കളിൽ നടപ്പിലാക്കിയ ധവളവിപ്ലവത്തിന്റെ അനുബന്ധമെന്നോണം മുളന്തുരുത്തി പഞ്ചായത്തിലും വിദേശ ജനുസുകളിൽപെട്ട മേഴ്സി, ബ്രൗൺ സ്വിസ്സ്, ഹോൾസ്റ്റിൽ എന്നിവയുടെ ബീജം കുത്തിവച്ച് ഉത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാലിനും, ജൈവവളത്തിനുമായി കർഷകൻ കൂടുതലായി പശുപരിപാലനത്തിൽ ശ്രദ്ധകാണിച്ചതോടൊപ്പം തന്നെ പാലിന്റെ ഉപഭോഗത്തിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ടെന്നുള്ളത് എടുത്തു പറയേണ്ടതാണ്.

### പട്ടിക
### വളർത്തുമൃഗങ്ങളും പക്ഷികളും (കനേഷുമാരി കണക്കെടുപ്പ്)

| | 1987 | 1992 |
|---|---|---|
| നാടൻ കന്നുകാലികൾ | 570 | 210 |
| സങ്കരയിനം കന്നുകാലികൾ | 963 | 1430 |
| എരുമ കറവ ഉള്ളത് | 2 | 2 |
| എരുമ കറവ ഇല്ലാത്തത് | ലഭ്യമല്ല | ലഭ്യമല്ല |
| കാള നാടൻ വംശ വർദ്ധനവ് | 3 | 1 |
| കാള സങ്കരയിനം വംശവർദ്ധനവ് | 8 | ലഭ്യമല്ല |
| പശു നാടൻ കറവ ഉള്ളത് ലഭ്യമല്ല | 85 | |
| പശു നാടൻ കറവ ഇല്ലാത്തത് | ലഭ്യമല്ല | 30 |
| പോത്ത് | ലഭ്യമല്ല | 20 |
| ആട് | ലഭ്യമല്ല | 4000 |
| പട്ടി | ലഭ്യമല്ല | 3750 |
| പൂവൻ കോഴി | ലഭ്യമല്ല | 2525 |
| പിടക്കോഴി മുട്ടഇടുന്നത് | ലഭ്യമല്ല | 15000 |
| പിടക്കോഴി മുട്ടഇടാത്തത് | ലഭ്യമല്ല | 5000 |
| താറാവ് ആൺ | ലഭ്യമല്ല | 50 |
| താറാവ് പെൺ | ലഭ്യമല്ല | 755 |

1987ൽ നടന്ന കനേഷുമാരി കണക്കനുസരിച്ച് മുളന്തുരുത്തി പഞ്ചായത്തിലെ മൃഗസമ്പത്ത് 963 സങ്കരയിനം കന്നുകാലികൾ, 570 നാടൻ കന്നുകാലികൾ, 2 എരുമ, 18643 കോഴികൾ, 8650 മറ്റു മൃഗങ്ങൾ എന്നതാണ്. 1996ൽ നടന്ന കനേഷുമാരി കണക്കനുസരിച്ച് സങ്കരയിനം കന്നുകാലികൾ 1430 ആയി ഉയരുകയും നാടൻ കന്നുകാലികൾ 210 ആയി ചുരുങ്ങുകയും ചെയ്തു. കോഴികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കറുത്ത നാടൻ പന്നികൾ കുറഞ്ഞ്, വെളുത്ത ശീമ പന്നികളെ വളർത്തുന്ന സമ്പ്ര

ദായത്തിന് പഞ്ചായത്തിൽ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. മുളന്തുരുത്തി പഞ്ചായത്തിൽ നാടൻ കോഴികൾ കുറഞ്ഞ്, അത്യുത്പാദക ശേഷിയുള്ള റോഡോസൈറ്റ്, ആസ്ട്രോവൈറ്റ്, കലിംഗബ്രൗൺ, ഗിരിരാജ, തുടങ്ങിയ ഇനം കോഴികളെ കൂടുതൽ വീടുകളിൽ വളർത്തുന്നുണ്ട്.

എന്നാൽ ഈ മാറ്റത്തിന്റെ കൂടെതന്നെ കഴിഞ്ഞ ഇരുപതു വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മറ്റു വികസന പ്രവർത്തനങ്ങളും റബർ കൃഷിയിൽ വന്ന വ്യാപനവും പാടശേഖരങ്ങളുടെ ശോഷിപ്പും പുല്ല്, വൈക്കോൽ തുടങ്ങിയവയുടെ ദൗർലഭ്യത്തിലേയ്ക്ക് വഴിതെളിച്ചു. സംസ്ഥാനത്തിന്റെ മൊത്തം പ്രശ്നമെന്നോണം കാലിത്തീറ്റയുടെ വിലയിൽ വന്ന ക്രമാതീതമായ വർദ്ധനവും, ഉത്പാദനത്തിന് മതിയായ വിലയില്ലാത്തതുമായ അവസ്ഥ ഈ മേഖലയുടെ പുരോഗതിക്ക് തടസം ഉണ്ടാക്കിയിട്ടുണ്ട്. പശുപരിപാലനം ഒരു മുഖ്യ തൊഴിലായും ഉപതൊഴിലായും മുൻപോട്ട് കൊണ്ടുപോകുന്ന ധാരാളം കർഷകർ മുളന്തുരുത്തി പഞ്ചായത്തിൽ ഉണ്ട്. പുളിക്കമാലിയിൽ മിൽമയോട് ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സംഘം ഉണ്ട്. പെരുമ്പിള്ളിയിൽ ഒരു ക്ഷീരോദ്പാദകസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ സംഭരണവും വിപണനവും നടക്കുന്നില്ല. പ്രാദേശിക വിപണനംവഴി ഏറെ കർഷകർ പാലിന് മാർക്കറ്റ് കണ്ടെത്തുന്നുണ്ട്. പാലിന്റെ സംഭരണത്തിനും വിപണനത്തിനും, പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് പഞ്ചായത്തിൽ കൂടുതൽ ക്ഷീരോത്പാദക സംഘങ്ങൾ തുടങ്ങേണ്ടതുണ്ട്. കാലിത്തീറ്റ, പിണ്ണാക്ക് എന്നിവ കടകളിൽ നിന്നും വാങ്ങിക്കുകയും പുല്ല് പറമ്പ്, തൊടി, പാടശേഖരങ്ങൾ എന്നിവിടങ്ങളിൽ നിന്നും സംഭരിക്കുകയും ചെയ്തുവരുന്നു. വൈക്കോൽ നെൽകൃഷിക്കാരിൽനിന്നും വാങ്ങിച്ചാണ് ഈ പ്രദേശത്തെ പശുക്കളെ വളർത്തുന്നത്. തീറ്റപുല്ല് മുഖ്യമായോ ഇടവിളയായോ കൃഷിചെയ്യുന്ന ക്ഷീരോത്പാദക കർഷകർ അപൂർവമാണ്. ആട്, പന്നി, മുയൽ, താറാവ്, എന്നിവ മുളന്തുരുത്തി പഞ്ചായത്തിൽ വീടുകളിൽ വളർത്തുന്നുണ്ട്. എന്നാൽ വ്യാപകമായ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നില്ല.

അടുക്കള മുറ്റത്തെ കോഴിവളർത്തൽ എന്ന സമ്പ്രദായം മുളന്തുരുത്തി പഞ്ചായത്തിൽ വളരെ അധികം വ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഉദ്ദേശം 6000 കോഴിക്കുഞ്ഞുങ്ങളെ മൃഗാശുപത്രിവഴി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധശേഷിയുള്ള നല്ലയിനം മുട്ടകോഴിക്കുഞ്ഞുങ്ങൾക്ക് പഞ്ചായത്തിൽ ആവശ്യക്കാർ ധാരളം ഉണ്ട്, മുളന്തുരുത്തി പഞ്ചായത്തിലേക്ക് പ്രതിദിനം ഏകദേശം 25000 മുട്ടകൾ പുറമേനിന്നും കൊണ്ടുവരുന്നതായിട്ടാണ് കാണുന്നത്. ഈ മേഖലയിൽ മുളന്തുരുത്തി പഞ്ചായത്ത് സ്വയംപര്യാപ്തത കൈവരിച്ചിട്ടില്ല. പന്നിവളർത്തലിൽ താല്പര്യം കാണിക്കുന്ന കർഷകർ ഉണ്ട്. ആവശ്യാനുസരണം നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ കിട്ടാനില്ല. മുളന്തുരുത്തി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ധാരാളം തോടുകളും കുളങ്ങളും ഉണ്ടെങ്കിലും ഈ പ്രദേശത്ത് താറാവ് വളർത്തൽ ചുരുക്കമാണ്. ആടുകളെ വീടുകളിൽ വളർത്തുന്നുണ്ട്. ഉപതൊഴിലായി മാത്രം വളർത്തുന്നു. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ പല ഭാഗങ്ങളിലും ഉണ്ട്. രോഗബാധ മൂലമാണ് ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ തുടർന്നു ഉണ്ടാകാത്തത്. വീടുകളിൽ മുയൽ വളർത്താറുണ്ട്. വ്യവസായാടിസ്ഥാനത്തിൽ മുയൽ വളർത്തൽ യൂണിറ്റ് പഞ്ചായത്തിൽ ഇല്ല.

മുളന്തുരുത്തി പഞ്ചായത്തിൽ ചിതറികിടക്കുന്ന പ്രാദേശിക അറവുശാലകൾ ധാരാളം ഉണ്ട്. 40 കന്നുകാലികളെ ആഴ്ചതോറും കശാപ്പ് ചെയ്യുന്നുണ്ട്. പൊതുജനാരോഗ്യം അപകടപ്പെടുത്തുന്ന രീതിയിൽ റോഡരുകിൽ കെട്ടിതൂക്കിയുള്ള മാംസവില്പന നിരോധിച്ച് മാതൃക മീറ്റ് സ്റ്റാളുകൾ വഴി ഇറച്ചിവില്പന നടത്തുന്നതായിരിക്കും അഭികാമ്യം. ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമിക്കണം.

കഴിഞ്ഞവർഷം, പേവിഷബാധയേറ്റ 44 മൃഗങ്ങളെ മൃഗാശുപത്രിയിൽ ചികിത്സിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പിന് 27 പഞ്ചായത്ത് നിവാസികൾ വിധേയരായിട്ടുണ്ട്. മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ മൃഗങ്ങൾക്കുള്ള വൈദ്യസഹായത്തിനും സാങ്കേതിക ഉപദേശങ്ങൾക്കുമായി മുളന്തുരുത്തി മൃഗാശുപത്രിയേയാണ് ആശ്രയിക്കുന്നത്. മൃഗാശുപത്രിയിലെ പുതിയ പരിഷ്കരണത്തിൽ ഉണ്ടായ സമയമാറ്റംകൊണ്ട് പൊതുജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. മൃഗാശുപത്രിയുടെ പ്രവർത്തനസമയം പഴയതുപോലെ ആക്കുന്നതോടൊപ്പം ടെലിഫോൺ സ്ഥാപിക്കേണ്ടതുണ്ട്.

## ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങൾ

1. മുഖ്യമായും കാലിത്തീറ്റയുടെ അമിതമായ വിലവർധനവ്.
2. അത്യുത്പാദനശേഷിയുള്ള കോഴി, ആട്, പന്നിക്കുഞ്ഞുങ്ങൾ എന്നിവയുടെ ലഭ്യത കുറവ്.
3. പാൽ സംഭരണത്തിന്റെയും, വിപണന യൂണിറ്റിന്റെയും കുറവ്.
4. കുളമ്പുരോഗം, അകിട് വീക്കം, പനി, ചുമ.
5. ചില സ്ഥാപനങ്ങളിൽ സമയത്തിന് അടിയന്തര ചികിത്സ കിട്ടാതെ മൃഗങ്ങൾ ചത്തുപോകുന്നു.
6. പശുക്കളേയും ആടുകളേയും വാങ്ങുന്നതിനുള്ള ലോൺ കിട്ടുന്നതിനുള്ള നിയമതടസം.
7. ശാസ്ത്രീയമായുള്ള തൊഴുത്തുകളുടെ അഭാവം.
8. മിൽമ സൊസൈറ്റിയുടെ അഭാവം.
9. കോഴികൾക്കുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ.
10. നല്ലയിനം കോഴിക്കുഞ്ഞ്, പന്നിക്കുഞ്ഞ്, മുയൽക്കുഞ്ഞ്, താറാവ് എന്നിവയുടെ ലഭ്യതക്കുറവ്.
11. പേവിഷബാധ പരത്തുന്ന പട്ടികളെ നശിപ്പിക്കാത്തതുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നു.
12. തീറ്റപുൽ കൃഷിചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ ഏർപ്പാടാക്കുക.
13. എല്ലാ സങ്കരയിനം കന്നുകാലികളേയും ഊർജിത കന്നുകുട്ടി പരിപാലനത്തിൽ ഉൾപ്പെടുത്തുക.
14. ആരക്കുന്നത്ത് കശാപ്പുശാല തുറക്കുന്നതിന് ഒന്നിലധികം പേർക്ക് ലൈസൻസ് കൊടുക്കുക.
15. പ്രതിരോധ കുത്തിവയ്പ് കഴിഞ്ഞ് 45 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
16. നല്ലയിനം ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
17. മൃഗാശുപത്രിയിൽനിന്നും വളരെ ദൂരമുള്ള വാർഡുകളിൽ മൃഗാശുപത്രിയുടെ ക്ലിനിക് സ്ഥാപിക്കുക.
18. പാലിന് മതിയായ വില കിട്ടുന്നില്ല.

## പരിഹാരങ്ങളും സാധ്യതകളും

1. കാലിത്തീറ്റ പഞ്ചായത്തുതലത്തിൽ ഉത്പാദിപ്പിച്ച് സഹായധനത്തോടെ വിതരണംചെയ്യുക.
2. കന്നുകാലിത്തീറ്റപുൽ തെങ്ങിൻതോപ്പിലും പാടത്തുള്ള ചിറകളിലും ഈട് മാടുകളിലും വച്ചുപിടിപ്പിക്കുന്നതിന് ക്ഷീരോത്പാദകസംഘം വഴി പുൽവിത്ത് വിതരണം നടത്തുകയും ബോധവത്കരണം വഴി പുൽകൃഷിരീതി വ്യാപകമാക്കുകയും ചെയ്യുക.
3. അത്യുത്പാദനശേഷിയുള്ള കന്നുകുട്ടികൾ, ആടുകൾ, പന്നികൾ, മുയലുകൾ എന്നിവയെ മൃഗാശുപത്രിയിൽ ഉത്പാദിപ്പിച്ച് പ്രതിരോധ കുത്തിവയ്പ് നടത്തി സബ്സിഡി നിരക്കിൽ വിതരണംചെയ്യുക.
4. പാൽ സംഭരണത്തിനും വിപണനത്തിനും വനിതാസംഘങ്ങൾ രൂപീകരിക്കുന്നതിനും മിനിഡയറിക്കും വ[illegible] ...ര്യങ്ങൾ ഉണ്ടാക്കുക.
5. കന്നുകാലികളുടെ കുളമ്പ് രോഗത്തിനുള്ള [illegible] ...തി വയ്പ്, വാർഡുതലത്തിൽ മൃഗാശുപത്രിവഴി ന[illegible] ...പെടുത്തി വ്യാപകമാക്കുക.

6. മൃഗങ്ങൾ തക്കസമയത്ത് അടിയന്തര ചികിത്സ കിട്ടാതെ ചത്തുപോകുന്നതൊഴിവാക്കാൻ മൃഗാശുപത്രിയിൽ ടെലിഫോൺ സമ്പ്രദായം ഏർപ്പാടാക്കുകയും മൃഗാശുപത്രി പ്രവർത്തനസമയം 24 മണിക്കൂർ ആക്കുകയും ചെയ്യുക.

7. മൃഗങ്ങളെ വാങ്ങുന്നതിനുള്ള നിയമതടസം ഒഴിവാക്കുക. 2-3 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ വാർഡുതലത്തിൽ സർക്കാർ ആനുകൂല്യത്തോടുകൂടി വർഷംതോറും നടപ്പിലാക്കുക.

8. ശാസ്ത്രീയമായ തൊഴുത്തുനിർമാണത്തിന് ധനസഹായം അനുവദിക്കുക.

9. കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ് സമ്പ്രദായം വാർഡുതലത്തിൽ വ്യാപകമാക്കുക. മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാക്കുക.

10. അലഞ്ഞുനടക്കുന്നതും പേവിഷബാധ പരത്തുന്നതുമായ നായ്ക്കളെ നശിപ്പിക്കുക. നായകൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

11. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക.

12. എല്ലാ സങ്കരയിനം കന്നുകാലികളേയും നടപ്പിലുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.

13. കോഴിവളർത്തലിന് പ്രതിരോധ കുത്തിവയ്പ് നടത്തുക. 45 ദിവസത്തോളം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ യൂണിറ്റ് അടിസ്ഥാനത്തിൽ വളർത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യം ചെയ്തുകൊടുക്കുക. വീട്ടമ്മമാർക്കും കുട്ടികൾക്കും ഒഴിവുസമയവും ഉപയോഗപ്പെടുത്തിയാൽ ഇതൊരു വരുമാനമാർഗമായി മാറ്റാവുന്നതാണ്.

14. നല്ലയിനം കോഴിമുട്ടകൾ ശേഖരിച്ച് മൃഗാശുപത്രിവഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും വിപണനം നടത്തുന്നതിനും മൃഗാശുപത്രിയിൽ എഗ്ഗർ നേഴ്സറികൾ സ്ഥാപിക്കുക.

15. ആട് വിതരണം, കോഴിവിതരണം എന്നിവ നടപ്പിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗാശുപത്രി വഴി പ്രതിരോധകുത്തിവയ്പ് നടത്തി വരുമാനം കുറഞ്ഞവർക്ക് വിതരണംചെയ്യുക.

16. ഐസിഡിപി സബ്സെന്റർ ആരംഭിക്കുക.

17. പേവിഷം നിയന്ത്രിക്കുന്നതിന് പ്രതിരോധ വാക്സിൻ ആവശ്യാനുസരണം മൃഗാശുപത്രികളിൽ ലഭ്യമാക്കുക.

18. വീടുകളിൽ വളർത്തുന്ന മൃഗങ്ങളെ പ്രതിരോധകുത്തിവയ്പ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

19. ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സർക്കാർ സഹായത്തോടെ നിർമിക്കുക.

20. പാലിന്റെ വില നിർണയിക്കുന്ന ഇപ്പോഴത്തെ രീതിയിലെ അശാസ്ത്രീയത പുനഃപരിശോധിക്കുക.

## മത്സ്യകൃഷി

മുളന്തുരുത്തി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് കോണത്തുതോട്, ഉൾഭാഗത്തുള്ള പൊതുകുളം, സ്വകാര്യ കുളം എന്നിങ്ങനെ മത്സ്യം വളർത്തുന്നതിന് സൗകര്യമുള്ള സ്ഥലങ്ങൾ ഉണ്ട്. വരാൽ, വാക, കരിമീൻ, തിലോപ്പി, കറൂപ്പ്, മറ്റു ചെറുതരം മീനുകൾ കുളങ്ങളിലും തോടുകളിലും ഉണ്ട്. സ്ഥിരം തൊഴിലായി ഉൾനാടൻ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്നവർ ഉണ്ട്. പൊതുചന്തകളിലോ, വീടുകളിലോ വില്പന നടത്തുന്നു. കാലാവസ്ഥ പ്രതികൂലമായി വരുന്ന ഘട്ടങ്ങളിൽ, ഈ മേഖലയിൽ പ്രവൃത്തിയെടുക്കുന്നവർ വിഷമാവസ്ഥയിലാണ്.

മുളന്തുരുത്തിയുടെ പടിഞ്ഞാറുഭാഗത്തുള്ള പൊതുകുളങ്ങളും തോടുകളും വിപുലമായ തോതിൽ മത്സ്യകൃഷി നടത്തുവാൻ സാധിക്കുന്ന സ്ഥലങ്ങളാണ്. ഓരുജല കൃഷിക്കു പറ്റിയ മേഖലയല്ല; ശുദ്ധജല മത്സ്യകൃഷിക്ക് യോജിച്ച സ്ഥലങ്ങളാണ്.

രോഗംമൂലം മത്സ്യങ്ങൾ ധാരാളം ചത്തുപോകുന്നുണ്ട്.

നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സർക്കാർ സഹായത്തോടുകൂടി വിതരണംചെയ്താൽ മത്സ്യകൃഷി ചെയ്യാൻ തയാറുള്ളവർ ധാരാളം ഉണ്ട്. സ്വന്തമായി വള്ളവും വലയും ഉള്ള മത്സ്യബന്ധന തൊഴിലാളികൾ വളരെ കുറവാണ്. വീശുവല, ഉടക്ക് വല, വട്ടവല എന്നിങ്ങനെയുള്ള വലകളാണ് ധാരാളമായി ഈ പ്രദേശത്ത് കാണുന്നത്. മത്സ്യവിപണനം നടത്തുന്നത് മുളന്തുരുത്തി പഞ്ചായത്തിലെ കരവട്ടകുരിശ് ചന്തയിലും ആരക്കുന്നത്തുള്ള ചന്തയിലും ആണ്.

### ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങൾ

1. സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് നല്ലയിനം കുഞ്ഞുങ്ങളെ കിട്ടുന്നില്ല.

2. കുളങ്ങൾ ആഴംകൂട്ടി അരിക് കരിങ്കൽകൊണ്ട് കെട്ടി സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക സഹായം കിട്ടുന്നില്ല.

3. പഞ്ചായത്ത് പൊതുകുളങ്ങൾ, തോടുകൾ എന്നിവ ലീസിന് കിട്ടുന്നില്ല.

### പരിഹാരങ്ങളും നിർദേശങ്ങളും

1. സ്വകാര്യകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സർക്കാർ ആനുകൂല്യത്തോടുകൂടി വിതരണം ചെയ്യുക.

2. കുളങ്ങൾ മണ്ണിടിഞ്ഞ് വീഴാതെ അരിക് കരിങ്കൽകൊണ്ട് കെട്ടി ബലപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുക.

3. കരിനിലങ്ങളിൽ അരിക് കരിങ്കൽകൊണ്ട് കെട്ടി സംരക്ഷിച്ച് മത്സ്യകൃഷി നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുക.

4. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പൊതുകുളം, തോട് എന്നിവയിൽ മത്സ്യം വളർത്തുന്നതിന് സർക്കാർ സഹായം നൽകുക.

5. ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുകയും ചെയ്യുക.

6. വലകളും വള്ളങ്ങളും വാങ്ങാനുള്ള സാമ്പത്തിക സഹായം സർക്കാർ ആനുകൂല്യത്തോടുകൂടി മത്സ്യതൊഴിലാളികൾക്ക് വിതരണംചെയ്യുക.

## വിദ്യാഭ്യാസം

സ്വാതന്ത്ര്യസമ്പാദനത്തിനു ഏറെ മുൻപുതന്നെ മുളന്തുരുത്തി പ്രദേശം വിദ്യാഭ്യാസരംഗത്ത് അയൽപ്രദേശങ്ങളെ അപേക്ഷിച്ച് മുന്നിട്ടു നിന്നിരുന്നു. ഒരു ശതാബ്ദത്തിലേറെയായി നിരവധി തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകുന്ന മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്കൂളാണ് ഈ പ്രദേശത്തെ വിദ്യാഭ്യാസപുരോഗതിക്കു നിദാനം. മുളന്തുരുത്തി മാർത്തോമൻ പള്ളിവകയായി ആരംഭിച്ച ഈ വിദ്യാലയം പിന്നീട് സർക്കാർ ഏറ്റെടുക്കുകയായിരുന്നു.

സ്ത്രീ വിദ്യഭ്യാസം പ്രോത്സാഹിക്കപ്പെടാതിരുന്ന കാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു മാത്രമായി ലോവർ പ്രൈമറി ചർച്ച് സ്കൂൾ ഇവിടെ ആരംഭിച്ചു. എങ്കിലും ഈ പ്രദേശത്തെ ആദ്യവിദ്യാലയം കാരിക്കോട് പ്രൈമറി സ്കൂളാണ്. അയൽപ്രദേശ

ങ്ങളിൽ നിന്നുള്ള നിരവധി വിദ്യാർഥികളുടെ ഏകാശ്രയം ഏറെ കാലത്തോളം മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്കൂളായിരുന്നു. ഇവിടത്തെ അധ്യാപകനായിരുന്നു മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ. സ്കൂളിന്റെ മുറ്റത്തുനിന്നിരുന്ന അമ്മിണി മാവിൽനിന്നും പ്രചോദനം ഉൾക്കൊണ്ടാണ് വൈലോപ്പിള്ളി തന്റെ പ്രശസ്തമായ 'മാമ്പഴം' എന്ന കവിതയെഴുതിയതെന്ന് പറയപ്പെടുന്നു.

സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഈ പഞ്ചായത്തു പ്രദേശം മികച്ച സംഭാവന നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസ രംഗത്ത് ഏഴ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, ഒരു തയ്യൽ സ്കൂളും, ഒരു ടെക്നിക്കൽ ഹൈസ്കൂളും പ്രവർത്തിക്കുന്നു. കംപ്യൂട്ടർ കോഴ്സ് പഠിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങൾ മുളന്തുരുത്തി ഹൈസ്കൂളിനൊപ്പം നിലവിലുണ്ട്.

വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. സ്ഥല സൗകര്യവും കെട്ടിടവും അടിയന്തരമായി ലഭിക്കേണ്ട സ്കൂളാണ് ഇഞ്ചിമലയിലെ ടെക്നിക്കൽ ഹൈസ്കൂൾ. ഭൂരിപക്ഷം സ്കൂളുകളിലേയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറില്ല. ആവശ്യത്തിനുള്ള ഫർണിച്ചർ അൺഎയ്ഡഡ് സ്കൂളുകളിലൊഴിച്ച് മറ്റൊന്നിലും ഇല്ലെന്നു തന്നെ പറയാം. ലബോറട്ടറി, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ സ്കൂളുകളിൽ പരിമിതമാണെങ്കിലും ഉള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്കൂളിന് മാത്രമാണ് സ്വന്തമായി ടെലിവിഷൻസെറ്റ് ഉള്ളത്. എന്നാൽ വി.സി.പി.സെറ്റ് ഇല്ലാത്തതിനാൽ ഈ ടെലിവിഷൻ സെറ്റ് മുഖാന്തിരം കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ആവശ്യമായ പരിപാടികൾ കാണിക്കുന്നതിന് സാധ്യമല്ലാതെ വരുന്നു. റേഡിയോസൗകര്യം പോലും ലഭ്യമാകാത്ത സ്കൂളുകളും പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്.

പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 241 അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ടെക്നിക്കൽ സ്കൂളിലൊഴിച്ച് മറ്റൊന്നിലും ജീവനക്കാരുടെ ഒഴിവുകൾ ഉള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

### പട്ടിക -1

**പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങളുടെ എണ്ണം**

| വിഭാഗം | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | ആകെ |
|---|---|---|---|---|
| എച്ച്എസ് | 2 | 1 | 1 | 4 |
| അപ്പർ പ്രൈമറി | 3 | 2 | 1 | 6 |
| ലോവർ പ്രൈമറി | 2 | 4 | 1 | 7 |
| സാങ്കേതികം | 1 | | | 1 |
| നേഴ്സറി | | | 3 | 3 |
| അങ്കണവാടി | 18 | | | 18 |

### പട്ടിക-2

**വിദ്യാർഥികളുടെ എണ്ണം**

| | | | | പട്ടികജാതി | | | തോറ്റു പഠിക്കുന്നവർ പട്ടികജാതി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എച്ച്.എസ്. | 761 | 670 | 1431 | 105 | 97 | 202 | 13 | 13 | 26 | 48 | 29 | 77 |
| യു.പി. | 746 | 650 | 1396 | 105 | 98 | 203 | 15 | 11 | 26 | 38 | 29 | 67 |
| എൽ.പി. | 924 | 836 | 1760 | 102 | 94 | 196 | 6 | 6 | 12 | 36 | 24 | 60 |
| ടെക്നിക്കൽ എച്ച്.എസ് | 82 | 14 | 96 | 8 | 2 | 10 | - | - | - | - | - | - |
| ആകെ | 2513 | 2170 | 4683 | 320 | 291 | 611 | 24 | 30 | 64 | 122 | 82 | 204 |

### പട്ടിക-3

**കഴിഞ്ഞ അഞ്ച് വർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവഃഹൈസ്കൂൾ മുളന്തുരുത്തി | 76 | 81 | 62 | 62 | 59 |
| ഗവഃഹൈസ്കൂൾ പുളിക്കമാലി | 75 | 72 | 81 | 81 | 73 |
| സെന്റ് ജോർജ് ഹൈസ്കൂൾ ആരക്കുന്നം | 86 | 76 | 70 | 84 | 63 |
| ഹെയിൽ മേരി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ പെരുമ്പിള്ളി | 100 | 100 | 100 | 100 | 100 |

## പ്രശ്നങ്ങൾ

1. ഭൂരിപക്ഷം വാർഡുകളിലും വിദ്യാർഥികൾക്ക് സ്കൂളിലെത്താൻ ഒരു കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യണം.
2. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.
3. വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമല്ല.
4. നിലവിൽ സ്കൂൾ പരിസരത്ത് താമസിക്കുന്ന കുടുംബത്തിലെ വിദ്യാർഥികൾ അകലെയുള്ള സ്കൂളുകളിലേയ്ക്കും പൊകുന്ന സ്ഥിതിയുണ്ട്.
5. മിക്കവാറും എല്ലാ സ്കൂളുകളിലും അധ്യാപകരക്ഷാകർത്തൃ സമിതി പ്രവർത്തിക്കുന്നു. എന്നാൽ പി.റ്റി.എ.യോഗങ്ങളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം തൃപ്തികരമല്ല.
6. എസ്.എസ്.എൽ.സി. വിജയശതമാനം പൊതുവെ തൃപ്തികരം. എന്നാൽ വിജയികളിൽ കൂടുതലും 50 ശതമാനത്തിൽ താഴെ മാർക്ക് വാങ്ങുന്നവരാണ്.
7. നിലവിലുള്ള അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. സ്വന്തമായ കെട്ടിടമോ കളിപ്പാട്ടങ്ങളോ ഇല്ലാത്തവയാണ് കൂടുതൽ അങ്കണവാടികളും.
8. സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു. കൂടുതൽ മികച്ച റിസൽട്ടുള്ള വിദ്യാലയങ്ങളിലേയ്ക്കും കുട്ടികൾ പോകുന്നതാണ് ഇതിൽ കാരണമായി പറയുന്നത്.
9. നിരക്ഷരർ അധികമുള്ള വാർഡുകൾ ഇല്ലെന്നുതന്നെ പറയാം. കുറഞ്ഞ തോതിലെങ്കിലും എല്ലാ വാർഡുകളിലും നിരക്ഷരർ ഉണ്ട്. ഇവർ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപെടുന്നവരല്ല.

## നിർദേശങ്ങൾ

1. സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
2. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇനിയും ആവശ്യമുണ്ട്. പോളിടെക്നിക് ആയി ഉയർത്തിയിട്ടുള്ള നിലവിലുള്ള ടെക്നിക്കൽ സ്കൂളിന് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.
3. എല്ലാ ഹൈസ്കൂളുകളിലും കംപ്യൂട്ടർ പഠനം തുടങ്ങുക.
4. മുളന്തുരുത്തി ഗവ.ഹൈസ്കൂളും പുളിക്കമാലി ഗവ.ഹൈസ്കൂളും ഹയർസെക്കന്ററി സ്കൂളായി ഉയർത്തുക.
5. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വർധിപ്പിക്കുക.
6. എല്ലാ സ്കൂളുകളിലും സ്പോർട്സ് ഉപകരണങ്ങൾ കളിസ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
7. ക്ലാസ്സുകളിലെ ഓൾ പ്രമോഷൻ സമ്പ്രദായം എടുത്തുകളയുക.
8. വിദ്യാലയരാഷ്ട്രീയം നിറുത്തലാക്കുക.
9. സാഹിത്യസമാജ പ്രവർത്തനം മെച്ചപ്പെടുത്തുക.
10. വാർഡുകൾ തോറും മലയാളം നേഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.
11. പ്രൈമറി ക്ലാസ്സുകളിലെ അധ്യയന മാധ്യമം മലയാളം ആക്കുക.
12. കൂടുതൽ വായനശാലകൾ സ്ഥാപിക്കുക. നിലവിലുള്ളവ

യുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ധനസഹായം ചെയ്യുക.

13. സ്കൂൾ കോംപ്ലക്സ് പരിപാടി ആരംഭിക്കുക.

14. ടി.വിയിൽ കൂടുതൽ വിദ്യാഭ്യാസ പരിപാടികൾ തുടങ്ങുക.

15. ഉന്നത വിദ്യാഭ്യാസത്തിന് പിന്നോക്ക വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.

16. സ്കൂൾ യുവജനോത്സവത്തിന്റെ നടത്തിപ്പ് പരിഷ്കരിക്കുക. സ്കൂൾതലം, പഞ്ചായത്തുതലം, ബ്ലോക്കുതലം, ജില്ലാതലം, സംസ്ഥാന തലം

എന്നിങ്ങനെ ഘട്ടം ഘട്ടമായി നടത്തണം.

17. സ്കൂളുകളിലേയ്ക്കു നൽകുന്ന സയൻസു കിറ്റും പ്രാദേശികമായും വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

18. എൽ.പി, യു.പി. തലങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുക.

19. ഉച്ചക്കഞ്ഞി പാകം ചെയ്യുന്നവരുടെ വേതനം വർധിപ്പിക്കുക.

20. അധ്യാപക വിദ്യാർഥി അനുപാതം 1:25 ആക്കുക.

21. നാലും ഏഴും സ്റ്റാൻഡേർഡുകളിൽ പൊതു പരീക്ഷ നടപ്പാക്കുക.

## സാധ്യതകൾ

1. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

2. പഠന നിലവാരം മെച്ചപ്പെടുത്താനും പി.ടി.എ. പ്രവർത്തനം ഊർജിതപ്പെടുത്താനും പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലെക്സ് പദ്ധതി ആരംഭിക്കുക.

3. എയിഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സഹായധനം നൽകുക.

4. സ്പോർട്സ്, ഗെയിംസ് എന്നിവയ്ക്കും പഞ്ചായത്തുതലത്തിൽ കോച്ചിംഗ് സെന്ററുകൾ തുടങ്ങുക.

5. ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

6. വായനശാലകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുക.

7. തുടർ സാക്ഷരതാ പ്രവർത്തനം ആരംഭിക്കുക.

8. മുളന്തുരുത്തി ബ്ലോക്ക് അതിർത്തിയിൽ ഒരു കോളജ് സ്ഥാപിക്കുക.

9. സ്കൂളുകളോട് അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസം നടപ്പിലാക്കുക.

# പൊതുജനാരോഗ്യം

നാട്ടുചികിത്സാ രീതിയായിരുന്നു പഞ്ചായത്തിലെ ആദ്യകാല ചികിത്സാ സമ്പ്രദായം. പാരമ്പര്യമായി ലഭിച്ച അറിവുകൾ വെച്ചാണ് നാട്ടുവൈദ്യന്മാർ ചികിത്സ നടത്തിയിരുന്നത്. 1939ൽ മുളന്തുരുത്തിയിൽ പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങിയതോടെ അലോപ്പതി ചികിത്സ പഞ്ചായത്തിൽ വ്യാപകമായി. ഇതിനുപുറമേ ഒരു സബ്സെന്ററും ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും രണ്ടു കുടുംബക്ഷേമ കേന്ദ്രങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 18 അങ്കണവാടികളും പ്രവർത്തിക്കുന്നു. ഏഴു സ്വകാര്യ ക്ലിനിക്കുകളും നിലവിലുണ്ട്.

മുളന്തുരുത്തി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ശരാശരി 200 രോഗികൾ ദിവസവും വന്നെത്തുന്നു. എങ്കിലും ആശുപത്രിയുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല. ദിവസേന ശരാശരി 100-ഓളം രോഗികൾ ചികിത്സയ്ക്കെത്തുന്ന തുരുത്തിക്കര ആയുർവേദ ഡിസ്പെൻസറിയുടെയും പുളിക്കമാലി ഹോമിയോ ഡിസ്പെൻസറിയുടെയും ഭൗതികസാഹചര്യങ്ങൾ മോശമാണ്. പഞ്ചായത്തിൽ സാധാരണയായി കാണുന്ന രോഗങ്ങൾ പനി, വയറിളക്കം, ചുമ എന്നിവയാണ്. പകർച്ചവ്യാധികളായ ചെങ്കണ്ണ്, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ഫ്ളൂ, ടി.ബി, എലിപ്പനി എന്നിവയും ഉണ്ടാകാറുണ്ട്. നല്ലൊരു വിഭാഗം ജനങ്ങളും കുട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ് നടത്തുന്നുണ്ട്. 1995-96ൽ അങ്കണവാടികളുടെ കണക്കെടുപ്പ് പ്രകാരം അഞ്ചു ശിശുമരണങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 35-40 ശതമാനത്തോളം വീടുകൾക്ക് കക്കൂസുകൾ ഇല്ല. പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിൽനിന്നും ചികിത്സക്കായി രോഗികൾക്ക് രണ്ടുകിലോമീറ്ററിൽ കൂടുതൽ യാത്രചെയ്യേണ്ടിവരുന്നു.

| ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | കുടുംബക്ഷേമകേന്ദ്രം | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| അലോപ്പതി | 1 | - | 1 | 7 | 2 | - | 25 |
| ആയുർവേദം | - | - | 1 | - | - | - | 3 |
| ഹോമിയോ | - | - | 1 | - | - | - | 4 |

## പ്രശ്നങ്ങൾ

1. മുളന്തുരുത്തി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല.

2. കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. രണ്ട് വാർഡുകളിൽ മാത്രമാണ് കുടുംബക്ഷേമകേന്ദ്രങ്ങൾ നിലവിലുള്ളത്.

3. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

4. ചികിത്സക്കായി രണ്ട് കിലോമീറ്ററിൽ കൂടുതൽ പഞ്ചായത്തിലെ മിക്കഭാഗങ്ങളിൽ നിന്നും സഞ്ചരിക്കേണ്ടിവരുന്നു.

5. പോഷകാഹാരക്കുറവ് പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും അനുഭവപ്പെടുന്നു.

6. മുളന്തുരുത്തി മാർക്കറ്റ്, പെരുമ്പിള്ളി പൊതുശ്മശാനം എന്നിവയുടെ പരിസരങ്ങളിൽ മലിനീകരണപ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു. കൂടാതെ മലിനജലം, ചപ്പുചവറുകൾ തുടങ്ങിയവയും മറ്റുഭാഗങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. റബർതോട്ടങ്ങൾ മൂലം കൊതുക് ശല്യം ഉണ്ട്.

## നിർദ്ദേശങ്ങൾ

1. മുളന്തുരുത്തി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ലാബറട്ടറി, എക്സ്-റേ സൗകര്യങ്ങൾ ഏർപ്പെടുത്തുക. സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക.

2. ആയുർവേദ ഡിസ്പെൻസറിയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ഒരു ഫാർമസിസ്റ്റിനെ നിയമിക്കുക.

3. ഹോമിയോ ഡിസ്പെൻസറി ഉച്ചയ്ക്കുശേഷവും പ്രവർത്തിപ്പിക്കുകയും ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

4. എല്ലാ വാർഡുകളിലും ഓരോ കുടുംബക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക വഴി ആരോഗ്യക്ലാസുകൾ, ഗൃഹസന്ദർശനം മുതലായവ കാര്യക്ഷമമായി നടപ്പിലാക്കുക.

5. എല്ലാ വീടുകളിലും ഹെൽത്ത് കാർഡുകൾ ഏർപ്പെടുത്തുക

6. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ നിർമിക്കുക.

7. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

8. പൊതുശ്മശാനത്തിന്റെ ചുറ്റുമതിൽ കെട്ടി പരിസരമലിനീകരണം തടയുക.

9. മുളന്തുരുത്തി മാർക്കറ്റിൽ നിന്നുള്ള മലിനീകരണം തടയാനുള്ള നടപടികൾ സ്വീകരിക്കുക.

10. കൊതുകുനശീകരണ നടപടികൾ സ്വീകരിക്കുക

11. വിഷചികിത്സ, പേഷവിഷചികിത്സ എന്നിവയ്ക്ക് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സൗകര്യമുണ്ടാക്കുക.

12. ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുക.

13. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകളുടെ പ്രവർത്തനം നിറുത്തലാക്കുക, എല്ലുകളും മറ്റ് അവശിഷ്ടങ്ങളും ആരോഗ്യകരമായി നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

14. മണ്ണുകയറ്റി പോകുന്ന ലോറികളിൽനിന്നുള്ള പൊടിശല്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

15. വേഴപ്പറമ്പ് ലക്ഷംവീട് കോളനിയിൽ തകർന്നുകിടക്കുന്ന കിണർനികത്തുക.

## സാധ്യതകൾ

1. നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുക.

2. എല്ലാവാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം എത്തിക്കുക.

3. മുളന്തുരുത്തി മാർക്കറ്റ്, പെരുമ്പിള്ളിയിലെ പൊതുശ്മശാനം, അറവുശാലകൾ എന്നിവ മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

5. ചപ്പുചവറുകൾ, മലിനജലം എന്നിവ മൂലമുണ്ടാകുന്ന പരിസരമലിനീകരണം തടയാനും പ്രധാനകേന്ദ്രങ്ങളിൽ പൊതുകക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കുന്നതിനും നടപടികൾ എടുക്കുക.

# കുടിവെള്ളം

മുമ്പ് കുടിവെള്ളത്തിന്റെ മുഖ്യസ്രോതസുകൾ കിണറുകൾ ആയിരുന്നു. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. താഴ്ന്ന സ്ഥലങ്ങളിലെ കിണറുകളിൽനിന്ന് വെള്ളം തലച്ചുമടായി കൊണ്ടുവരികയായിരുന്നു ചെയ്തിരുന്നത്. ഇന്ന് കിണറുകളിലെ വെള്ളത്തോടൊപ്പം പൈപ്പുജലവും പഞ്ചായത്തിൽ കുടിവെള്ളമായി ഉപയോഗിക്കുന്നു. അപൂർവ്വം ചില സ്ഥലങ്ങളിലൊഴിച്ച് കിണറുകളിലെ ജലം പൊതുവേ ശുദ്ധമാണ്. എന്നാൽ ടാപ്പുകൾ വഴിയുള്ള ജലത്തിന്റെ ഗുണനിലവാരം തൃപ്തികരമല്ല.

ജനുവരിമാസം മുതൽ മെയ്മാസം വരെ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളായി തുലാവർഷത്തിന്റെ കുറവും ഇടമഴയുടെ കുറവും കുടിവെള്ളക്ഷാമത്തെ രൂക്ഷമാക്കിയിട്ടുണ്ട്. നിലവിൽ മുളന്തുരുത്തി, കാരിക്കോട്പാടം, പുളിയ്ക്കമാലി (പാമ്പ്ര) കോളനി, തുപ്പംപടിക്ക് സമീപം (കോരഞ്ചിറ) എന്നിവിടങ്ങളിലായി നാലു വാട്ടർടാങ്കുകൾ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ കാരിക്കോട് പാടത്തും തുപ്പംപടിക്ക് സമീപമുള്ള രണ്ടു ടാങ്കുകൾ വേണ്ടത്ര ഉയരത്തിലല്ല സ്ഥിതിചെയ്യുന്നത്.

വേനൽക്കാലങ്ങളിൽ പൈപ്പുജലം ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം 54 പൊതുകിണറുകളും 11 പൊതുകുളങ്ങളുമുണ്ട്. ഈ കിണറുകളിലെ ജലം ജനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതിനു പുറമേ വിവിധ ക്ഷേത്രക്കുളങ്ങളും വിസ്തൃതമായ സ്വകാര്യക്കുളങ്ങളും ഉണ്ട്. പഞ്ചായത്തിൽ 10 കുഴൽകിണറുകളുണ്ടെങ്കിലും ഇവയിൽനിന്ന് വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. ജലക്ഷാമം അനുഭവപ്പെടുമ്പോൾ ലോറികളിൽ വെള്ളം എത്തിക്കാറുണ്ട്. ഇത് ജനങ്ങളുടെ ആവശ്യത്തിന് തികയുന്നില്ല. പഞ്ചായത്തിൽ കരിങ്കൽ പാറകളുള്ള മേച്ചേരിക്കുന്ന്, പങ്ങാരപ്പിള്ളി ഭാഗങ്ങളിൽ മഴക്കാലത്തും കിണറുകളിൽ ആവശ്യമായ വെള്ളമില്ല.

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും വേനൽകാലങ്ങളിൽ ശുദ്ധജലത്തിനായി ഒരു കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ടിവരുന്ന പ്രദേശങ്ങൾ ഉണ്ട്.

2. ഗുണനിലവാരം കുറഞ്ഞ പൈപ്പുകളും ടാപ്പുകളും ജലനഷ്ടത്തിനും മലിനീകരണത്തിനും കാരണമാകുന്നു.

3. പൈപ്പുകളുടേയും ടാപ്പുകളുടേയും അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നില്ല.

4. വാട്ടർ ടാങ്കുകൾ ഫലപ്രദമായി സംരക്ഷിക്കുന്നില്ല. ജലശുദ്ധീകരണത്തിനുള്ള സംവിധാനം (Filtering System) നിലവിലില്ല.

5. ടാപ്പുകളിലെ ജലം ദുരുപയോഗപ്പെടുത്തുന്നു.

6. നിലവിലുള്ള കുഴൽകിണർ പ്രവർത്തനക്ഷമമല്ല.

7. മുളന്തുരുത്തി മാർക്കറ്റിന്റെ പരിസരപ്രദേശത്തുള്ള കിണറുകളിൽ മലിനീകരണം സംഭവിക്കുന്നു.

8. പഞ്ചായത്തിലെ കരിങ്കൽ പാറകളുള്ള പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള പൈപ്പുകളിൽ സ്ഥിരമായി വെള്ളം ലഭ്യമാക്കുക.

2. വ്യക്തികൾക്ക് കിണറുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുക.

3. വട്ടുക്കുന്ന് ഓവർ ബ്രിഡ്ജ് മുതൽ തെക്കോട്ട് പൈപ്പ് സൗകര്യം എത്തിച്ച് വേഴപ്പറമ്പ് പൈപ്പുലൈനുമായി ബന്ധിപ്പിക്കുക.

4. പുതുമനക്കാവ് റോഡിൽ പൈപ്പ് സൗകര്യം ഏർപ്പെടുത്തുക.

5. കോലഞ്ചേരി കടവിനോട്ചേർന്ന് കായലോരത്ത് താമസിക്കുന്നവർക്ക്, കോലഞ്ചേരി കടത്തുറോഡിന്റെ തീർപ്പുവരെ എത്തിനിൽക്കുന്ന പൈപ്പ്ലൈൻ നീട്ടി സൗകര്യമേർപ്പെടുത്തുക.

6. കാളകുത്തി റോഡിലും അതിന്റെ പരിസരപ്രദേശത്തേക്കും ബ്ലോക്ക് ജംഗ്ഷനിൽ എത്തിനിൽക്കുന്ന പൈപ്പ്ലൈൻ നീട്ടുക.

7. സ്ഥാനാർഥിമുക്കിലെ പൈപ്പ്ലൈൻ പാടത്തുകാവിന്റെ പരിസരപ്രദേശത്തേയ്ക്ക് എത്തിക്കുക. പെരുമ്പിള്ളി അമ്പലനടയിലെ പൈപ്പ് ലൈനും പാടത്തുകാവിലേയ്ക്ക് നീട്ടാവുന്നതാണ്.

8. മേച്ചേരികുന്ന് ഭാഗത്ത് പൈപ്പ് സൗകര്യം എത്തിക്കുക.

9. തുപ്പംപടിയിൽനിന്നും തുരുത്തിക്കര ഭാഗത്തേയ്ക്ക് കനാൽ ജലം എത്തിക്കുവാൻ സംവിധാനമേർപ്പെടുത്തുക.

10. കോരഞ്ചിറ വാട്ടർടാങ്കിൽനിന്നും അണ്ടേത്തുമുകളിലേയ്ക്ക് നേരിട്ട് വെള്ളമെത്തിക്കുക.

11. പങ്ങാരപ്പിള്ളി മനയ്ക്കൽ താഴത്ത് ചിർപ്പ് നിർമിച്ച് വെള്ളം ശേഖരിക്കുക.

12. പുളിയ്ക്കമാലി കവലയിൽനിന്നും തെക്കുംഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നിർമിക്കുക.

13. പങ്ങാരപ്പിള്ളി മാത്തിക്കുന്ന് ഭാഗത്തുള്ള പൈപ്പ്ലൈൻ പുളിയ്ക്കമാലി വെയിറ്റിങ്ങ് ഷെഡിന് മുമ്പിലുള്ള പൈപ്പുമായി ബന്ധപ്പെടുത്തുക.

14. കടേയ്ക്കൻ വളവ് – അന്നപ്പിള്ളി റോഡിന്റെ ഇരുവശത്തുമുള്ള പൈപ്പിൽ ടാപ്പിട്ട് ജലമെത്തിക്കുക.

15. മാത്തിക്കുന്ന് – വട്ടനാട് താഴം – കന്നപ്പിള്ളി റോഡിൽ ടാപ്പിട്ട് വെള്ളമെത്തിക്കുക.

16. പുളിയ്ക്കമാലി കവലയ്ക്കും കുരിശുപള്ളിയ്ക്കും മധ്യഭാഗം, ചാമ്പുപമ്പ് സ്ഥിതിചെയ്യുന്ന ഭാഗം, ബിസ്ക്കറ്റ് കമ്പനിയുടെ സമീപപ്രദേശം, കനാൽ കവല എന്നിവിടങ്ങളിൽ ടാപ്പ് സ്ഥാപിച്ച് വെള്ളമെത്തിക്കുക.

17. പാമ്പ്ര – കാഞ്ഞിരിയ്ക്കാപ്പിള്ളി റോഡിലെ പൈപ്പ്ലൈൻ കാഞ്ഞിരിയ്ക്കാപ്പിള്ളി ലക്ഷംവീട് കോളനിയിലേയ്ക്ക് എത്തിക്കുക.

18. കോരഞ്ചിറയിൽനിന്നും തല്പനപാടംവരെ പൈപ്പ്ലൈൻ സ്ഥാപിക്കുക.

19. അണ്ടേത്തുമുകൾ – കാരിക്കോട് റോഡിൽ പൊതുടാപ്പുകൾ ഏർപ്പെടുത്തുക.

20. അമ്പലംചിറയിൽനിന്നും തല്പന ഭാഗത്തേയ്ക്ക് കനാൽ എത്തിക്കുക. തല്പനയിലെ പടിഞ്ഞാക്കരക്കുളം നന്നാക്കി അതുമായി യോജിപ്പിക്കുക.

21. കാഞ്ഞിരകുന്ന് കടമന മറ്റം കോളനിയിൽ ശുദ്ധജലം എത്തിക്കുക.

22. ആരക്കുന്നം – മണിയാമ്പുറം പ്രദേശത്തെ 25 വീടുകൾക്ക് കുടിവെള്ളം എത്തിക്കുക.

23. വെളിയനാട് സ്കീം ആരക്കുന്നം കോളനിയുമായി ബന്ധിപ്പിക്കുക.

24. പുളിയ്ക്കമാലി കവല മുതൽ കിഴക്കോട്ട് മണീട് കവല വരെ പൈപ്പ്ലൈൻ നീട്ടുക.

25. നിലവിലുള്ള ഉപയോഗശൂന്യമായ കിണറുകളും കുളങ്ങളും നന്നാക്കിയെടുക്കുക.

26. വെട്ടിക്കുളം – തുരുത്തിക്കര ഭാഗത്ത് പുതിയൊരു വാട്ടർടാങ്ക് നിർമിച്ച് സമീപപ്രദേശങ്ങളിൽ വെള്ളമെത്തിക്കുക.

27. കുടിവെള്ളം മറ്റാവശ്യത്തിന് ഉപയോഗിക്കുന്നത് തടയുക.

28. ഒറ്റപ്പെട്ടു കിടക്കുന്ന മാന്തുരുത്ത് ഭാഗത്ത് കുടിവെള്ളമെത്താനുള്ള സംവിധാനമുണ്ടാക്കുക.

29. കാരിക്കോട് – ചാലിമല റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക.

30. തുരുത്തിക്കര – കുഞ്ഞാലിപാടം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

31. കാവുംമുകൾ പുഞ്ചക്കോട് കുരിശുറോഡിൽ പൈപ്പ്ലൈൻ നീട്ടണം.

32. കാവുംമുകൾ നാലുസെന്റ് കോളനിയിലെ കിണർ ഉപയോഗപ്രദമാകുക.

33. കാരിക്കോട് – മരങ്ങാട്ട് ഭാഗത്ത് ഒരു ടാപ്പ് സ്ഥാപിക്കണം.

34. പുഞ്ചക്കോട് ഭാഗത്തുള്ള പഞ്ചായത്തു കിണറിന്റെ ചുറ്റുമതിൽ നന്നാക്കുക.

35. പുഞ്ചപാടത്ത് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്യുക. ആ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയും.

36. ശ്മശാനം റോഡിൽ കളിക്കളത്തിനു സമീപം ഒരു ടാപ്പ് സ്ഥാപിക്കുക.

37. പെരുമ്പിള്ളി ലക്ഷംവീട് കോളനിയിൽ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി രണ്ടു ടാപ്പുകൾകൂടി സ്ഥാപിക്കുക.

38. നാലാം വാർഡിലെ തണങ്ങാട്ട് റോഡിൽ ഒരു ടാപ്പ് സ്ഥാപിക്കുക.

39. പെരിയാർവാലി കനാലിന്റെ ശാഖ പെരുമ്പിള്ളി ഭാഗത്തേയ്ക്ക് നീട്ടുക.

40. പെരുമ്പിള്ളി അമ്പലം ഗ്രൗണ്ട് റോഡിൽ ടാപ്പുകൾ സ്ഥാപിക്കുക.

41. പെരുമ്പിള്ളി ക്ഷേത്രനട റോഡിൽനിന്നും ബ്ലോക്കോഫീസ് റോഡിലേക്കുള്ള വഴിയിൽ ഒരു ടാപ്പ് സ്ഥാപിക്കുക.

42. പെരുമ്പിള്ളി ബ്ലോക്കോഫീസിന് സമീപം പുതിയതായി ഒരു വാട്ടർടാങ്ക് നിർമിച്ചാൽ സമീപപ്രദേശങ്ങളിൽ വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാം.

43. ചെങ്ങോലപ്പാടം ഹരിജൻ കോളനിയിലെ വാട്ടർ സപ്ലൈ സ്കീം ഉപയോഗയോഗ്യമാക്കുക.

44. കാരിക്കോട് ഭാഗത്തെ പമ്പ്ഹൗസ് റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, മേച്ചേരിക്കുന്ന് റോഡ് എന്നിവിടങ്ങളിൽ ടാപ്പുകൾ അനുവദിക്കുക.

45. പൊല്ലെകുരിശിനു സമീപം എത്തിനിൽക്കുന്ന പൈപ്പ് ലൈൻ തെക്കുഭാഗത്ത് ഹരിജൻ കോളനിയിലേക്ക് എത്തിക്കുക.

46. പൊല്ലെമുകൾ റോഡിലൂടെ കാരിക്കോട് അമ്പല ഭാഗത്തേക്ക് പൈപ്പ് സൗകര്യം ഏർപ്പെടുത്തുക.

## സാധ്യതകൾ

1. നിലവിലുള്ള പൈപ്പുകളുടേയും ടാപ്പുകളുടേയും അറ്റകുറ്റപ്പണി നടത്തുകയും ജലവിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.

2. വാട്ടർടാങ്കുകളിൽ ജലം ശുദ്ധീകരിക്കുന്നതിന് സംവിധാനമേർപ്പെടുത്തുക.

3. നിലവിലുള്ള പൊതുകിണറുകളും കുളങ്ങളും ഉപയോഗപ്രദമാക്കുക.

4. വ്യക്തികൾക്ക് കിണറുകൾ നിർമിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

5. ഇപ്പോഴുള്ള ജലവിതരണ സംവിധാനം അവലോകനം ചെയ്ത് മറ്റ് പ്രദേശങ്ങളിലേക്കുകൂടി പൈപ്പ് വെള്ളമെത്തിക്കാൻ സംവിധാനമുണ്ടാക്കുക.

6. ഭൂഗർഭജല ലഭ്യതയനുസരിച്ച് കുഴൽകിണറുകൾ നിർമിക്കുക.

7. ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് ഇഞ്ചിമല ഭാഗത്തെ കനാൽ ജലം തുരുത്തിക്കര പാടത്തേക്ക് എത്തിക്കുക.

8. നിലവിലുള്ള തോടുകളിൽ ചീപ്പ് നിർമിച്ച് ജലസംഭരണത്തിന് സംവിധാനമുണ്ടാക്കുക.

# വ്യവസായം

വ്യവസായത്തിന്റെ ചരിത്രവും വർത്തമാനവും ഭാവിയും നിലനിൽക്കുന്ന സമ്പദ്വ്യവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. സ്വാഭാവികമായും കാർഷികാധിഷ്ഠിത സമ്പദ്ഘടനയായിരുന്നു മുളന്തുരുത്തിയുടേത്. അതുകൊണ്ടുതന്നെ ഇവിടെ വളർന്നുവന്ന ആദ്യത്തെ വ്യവസായസംരംഭം കാർഷികഉപകരണങ്ങളുടെ നിർമാണവും വിപണനവുമായി ബന്ധപ്പെട്ട കാരിക്കോടിലെ സി.വി. മത്തായി ആൻഡ് കമ്പനിയായിരുന്നു. എന്നാൽ തൊഴിൽപ്രശ്നത്തെ തുടർന്ന് ഈ കമ്പനി പൂട്ടി.

പരമ്പരാഗത വ്യവസായങ്ങൾക്ക് തുടക്കമിട്ടത് പെരുമ്പിള്ളി കേന്ദ്രീകരിച്ചു തുടങ്ങിയ കൈത്തറി നെയ്ത്തുവ്യവസായമാണ്. നിരവധി തൊഴിലാളികൾക്ക് പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് ചെറിയൊരു വരുമാനവും തൊഴിലും പ്രദാനം ചെയ്യാൻ ഈ മേഖലക്കു കഴിഞ്ഞു. കൈത്തറി സഹകരണസംഘം പെരുമ്പിള്ളി കേന്ദ്രീകരിച്ച് ഇപ്പോഴും പ്രവർത്തിക്കുന്നു. പരമ്പരാഗത മേഖലയിൽ സജീവമായിരുന്ന മറ്റൊരു തൊഴിൽരംഗമായിരുന്നു തഴപ്പായനിർമാണം. പ്രത്യേകിച്ചും കൃഷിപ്പണികൾ ഇല്ലാതിരുന്ന കാലങ്ങളിൽ കർഷകത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളുടെ പ്രധാന ഉപജീവനമാർഗമായിരുന്ന പായനെയ്ത് ഇപ്പോൾ നാമമാത്രമായി. കയർമേഖലയുടെ കഥയും ഇതുതന്നെയാണ്. കൈതയുടെ അഭാവവും, പായയ്ക്ക് വിപണിയിലനുഭവപ്പെടുന്ന മാന്ദ്യവുമാകാം ഈ മേഖലയെ തളർത്തിയത്.

ബീഡി തെറുപ്പ് മേഖലയിൽ രണ്ടുപതിറ്റാണ്ടുമുമ്പുവരെ ഇരുന്നൂറ്റമ്പതോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. എന്നാൽ ഇപ്പോൾ ഈ രംഗം തീർത്തും ഇല്ല എന്നു പറയാം. വ്യാവസായികാടിസ്ഥാനത്തിൽ കശുവണ്ടിമേഖലകളിൽ എണ്ണപ്പെട്ട സ്ഥാപനങ്ങൾ മുളന്തുരുത്തിയിലെ പരമ്പരാഗത മേഖലയിൽ ഉണ്ടായിട്ടില്ല. പൊതുവേ പരമ്പരാഗത വ്യവസായങ്ങൾ പഞ്ചായത്തിൽ കുറയുന്നതായാണ് അനുഭവം.

കുടിൽവ്യവസായ മേഖലയിൽ സജീവമായി തുടരുന്നത് കരകൗശലവസ്തുക്കളുടെ വിപണനവും വിൽപ്പനയുമായി ബന്ധപ്പെട്ട ചെറുയൂണിറ്റുകളാണ്. പെരുമ്പിള്ളി മുലേക്കുരിശ്, വട്ടുക്കുന്ന്, ചെങ്ങോലപ്പാടം എന്നിവിടങ്ങളിൽ ഇത്തരം ഏതാനും സംരംഭങ്ങൾ ഇപ്പോഴുണ്ട്. ഒമ്പതാംവാർഡിൽ മെഴുകുതിരി നിർമാണ യൂണിറ്റ് പ്രവർത്തിക്കുന്നു. ആറാംവാർഡിൽ സ്വർണാഭരണ നിർമാണം വീടുകൾ കേന്ദ്രീകരിച്ചു ഇപ്പോഴും വിജയകരമായി നടന്നുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ വ്യവസായസംരംഭങ്ങളിൽ മുൻപന്തിയിൽനിൽക്കുന്നത് എൻജിനീയറിംഗ് അധിഷ്ഠിത ആധുനിക വ്യവസായങ്ങളാണ്. തടിവ്യവസായത്തിനാണ് രണ്ടാംസ്ഥാനം. പതിനഞ്ചോളം എഞ്ചിനീയറിംഗ് അധിഷ്ഠിത യൂണിറ്റുകളാണ് ഇവിടെയുള്ളത്. ഫർണിച്ചർ, തടിവ്യവസായ മേഖലയിൽ പത്തോളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ നാലെണ്ണം തടിമില്ലുകളാണ്.

രണ്ട്, ആറ്, ഒമ്പതു വാർഡുകളിലായി ഓരോ പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നാലാം വാർഡിൽ ഒരു കണ്ണട വ്യവസായ യൂണിറ്റും ആറാം വാർഡിൽ ഇലക്ട്രോണിക്സ് വ്യവസായ യൂണിറ്റും പ്രവർത്തിക്കുന്നുവെന്നത് എടുത്തുപറയേണ്ടതാണ്.

ചെറുകിട വ്യവസായമേഖലയിൽ ബേക്കറിവ്യവസായം, ത്രാസ് നിർമാണം, ഹാംഗർനിർമാണം, തീപ്പെട്ടി കമ്പനികൾ, ഹോളോ ബ്രിക്സ്, സോഡാ ഫാക്ടറി, പ്ലൈവുഡ്, കറിപൗഡർ, റെഡിമെയ്ഡ് വസ്ത്രനിർമാണം, ഫിനോയിൽ, സോപ്പ് വാട്ടർ, ഗ്ലാസ് നിർമാണം എന്നീ യൂണിറ്റുകൾ പ്രതീക്ഷാപൂർണമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഏകസ്ഥാപനം പട്ടികജാതി സർവീസ് സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ഷാൻഗ്രീല പ്രിന്റിംഗ്പ്രസ് ആണ്. ബാക്കിയുള്ള വ്യവസായസ്ഥാപനങ്ങൾ ഭൂരിഭാഗവും സ്വകാര്യമേഖലയിലാണുള്ളത്. പൊതുമേഖലാ വ്യവസായസംരഭങ്ങൾ ഈ പഞ്ചായത്തു പരിധിയിൽ ഇല്ല.

വ്യവസായമേഖലയിൽ എഞ്ചിനീയറിംഗ് വ്യവസായങ്ങൾ കൂടുന്നു എന്നതാണ് അനുഭവം. പരമ്പരാഗത വ്യവസായരംഗം തളർച്ച നേരിടുകയാണ്. മൊത്തത്തിൽ ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീതൊഴിലാളികളുടെ എണ്ണം കൂടുന്നുണ്ട്. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ പ്രധാനമായും അന്യസംസ്ഥാനങ്ങളിൽ നിന്നും അയൽ നഗരങ്ങളിൽ നിന്നുമാണ് വരുന്നത്. സഹകരണരംഗത്തെ ഏക സംരംഭമായ ഷാൻഗ്രീലപ്രിന്റിംഗ്പ്രസ് നഷ്ടം കൂടാതെ പ്രവർത്തിക്കുന്നു. വ്യവസായങ്ങളുമായി ബന്ധപ്പെട്ട മലിനീകരണ പ്രശ്നങ്ങളിൽ, പ്ലാസ്റ്റിക് വ്യവസായങ്ങളിൽ തൊഴിലെടുക്കുന്നവരുടെ പ്രശ്നം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വേണ്ടത്ര സുരക്ഷിതത്വമില്ലാത്ത പ്ലാന്റുകൾ തൊഴിലാളികളുടെ ജീവനും, താരതമ്യേന കുറഞ്ഞവേതനം ജീവിതച്ചെലവിനും തീർത്തും അപര്യാപ്തമാണ്.

## പ്രശ്നങ്ങൾ

സർക്കാർ സംവിധാനങ്ങളുടെ നൂലാമാലകളിൽപെട്ട്, വ്യവസായമാരംഭിക്കാനുള്ള സാധാരണക്കാരന്റെ അപേക്ഷകൾക്ക് അനാവശ്യമായ കാലതാമസവും പലപ്പോഴും തിരസ്കാരവും ലഭിക്കുന്നു. പ്രോത്സാഹനപരമല്ലാത്ത സർക്കാർ ഏജൻസികളുടെ നിലപാട് ഏറ്റവുമധികം കാണുന്നത് വ്യാവസായികാവശ്യങ്ങൾക്കുള്ള വൈദ്യുതികണക്ഷൻ നൽകുന്നതിലാണ്. പഞ്ചായത്തിലെ എല്ലാ വാർഡിലും ഈ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നുണ്ട്.

പ്ലാസ്റ്റിക് ഫാക്ടറികൾ ഉൾപ്പെടെയുള്ള വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണസംവിധാനങ്ങൾ പരമാവധി ഒഴിവാക്കി ലാഭംവർധിപ്പിക്കാൻ വ്യവസായസംരംഭകർ ശ്രമിക്കുന്നതായി കാണുന്നുണ്ട്. തടിവ്യവസായ മേഖലയിൽ വിദഗ്ധതൊഴിലാളികളെ കിട്ടാനില്ലെന്നത് പ്രശ്നമായി നിലനിൽക്കുന്നു.

ഉത്പാദന സാധ്യതകളെപ്പറ്റിയും വിപണിയെക്കുറിച്ചും തൊഴിലുടമാ തൊഴിലാളി ബന്ധത്തെക്കുറിച്ചുമുള്ള കൃത്യമായ ധാരണയില്ലായ്മ നമ്മുടെ പഞ്ചായത്തിലേയും ഏതാനും വ്യവസായ സംരംഭങ്ങളെ നഷ്ടത്തിലേക്കും അടച്ചുപൂട്ടലിലേക്കും നയിച്ചിട്ടുണ്ട്. ഒന്നാം വാർഡിൽ രണ്ടുവ്യവസായ യൂണിറ്റുകളും ഒരു എണ്ണയാട്ടുസഹകരണസംഘവും നിശ്ചലമായത് ഇതിനുദാരണമാണ്. കളിമൺ വ്യവസായരംഗത്ത് ആവശ്യമായ കളിമണ്ണിന്റെ അഭാവം പെരുമ്പിള്ളി സൂര്യാക്ലേപ്രോഡക്ടിന്റെ അടച്ചുപൂട്ടലിൽ കലാശിച്ചു. നാലാം വാർഡിലെ ഇഷ്ടികക്കളത്തിൽ ഉത്പാദനത്തിനാവശ്യമായ മണ്ണില്ലെന്നതും ഈ വസ്തുതക്ക് ഉദാഹരണമാണ്.

ശരിയായ മാർഗനിർദേശങ്ങളുടെ അഭാവത്തിൽ മൂലധനമുതൽ മുടക്കിനെക്കുറിച്ചുള്ള അവ്യക്തധാരണ, സംരംഭകർക്ക് പലപ്പോഴും നഷ്ടം വരുത്തിവച്ചിട്ടുണ്ട്. സർക്കാർ ജോലിക്കുവേണ്ടിയുള്ള കാത്തിരിപ്പ്, സ്വയംതൊഴിൽ ചെയ്യാനുള്ള താത്പര്യക്കുറവ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം തുടങ്ങിയവയെല്ലാം വ്യവസായരംഗത്ത് നമ്മൾ നേരിടുന്ന സാമൂഹികപ്രശ്നങ്ങളായി കാണേണ്ടതുണ്ട്.

കൈത്തറിമേഖലയും ഗൗരവമായ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ആധുനീകവസ്ത്രനിർമാണരീതിയോടും പുതിയ വസ്ത്രാഭിരുചിയോടും മത്സരിച്ചു വിജയിക്കാൻ പലപ്പോഴും കൈത്തറിക്ക് കഴിയാതെ വരുന്നു. വിപണനസാധ്യതകളുടെ കുറവ്, ആധുനീക വൽക്കരണത്തിന്റെ അഭാവം, അപര്യാപ്തമായ തൊഴിൽ പരിശീലനം തുടങ്ങിയവയാണ് പൊതുവേ കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ.

## സാധ്യതകൾ

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി പ്രവർത്തിച്ചിരുന്നതും ഇപ്പോൾ അടഞ്ഞുകിടക്കുന്നതുമായ വ്യവസായയൂണിറ്റുകളുടെ പ്രശ്നത്തെക്കുറിച്ച് പഠിക്കാനും നടപടിയെടുക്കാനുമാണ് പ്രഥമ പരിഗണന നൽകേണ്ടത്. ഇതുവഴി പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം മുന്നൂറിലേറെ പേർക്ക് വീണ്ടും തൊഴിൽ നൽകാനാവും.

കാർഷികോപകരണങ്ങളുടെ നിർമാണവും വിപണനവും ആയി ബന്ധപ്പെട്ട ഒരു വ്യവസായ യൂണിറ്റ് സഹകരണമേഖലയിൽ തുടങ്ങാൻ മുളന്തുരുത്തിയിൽ ഇപ്പോൾ വിശാലമായ സാധ്യതകളുണ്ട്. വികസന ബ്ലോക്ക്, കൃഷിഭവൻ എന്നിവയുമായി സഹകരിച്ച് കാർഷികോപകരണങ്ങളുടെ വിപണനവും വിതരണവും നടപ്പാക്കാൻ കഴിയും.

കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിലധിഷ്ഠിതമായ യൂണിറ്റുകൾക്ക് സാധ്യതകളുണ്ട്. പഴംപച്ചക്കറിസംസ്കരണം ഇതിൽ പ്രധാനം. ഇതിൽ ഭൂരിപക്ഷവും കുറവ്തൊഴിൽശേഷി ആവശ്യമുള്ളവയായതുകൊണ്ട് കുടിൽവ്യവസായത്തിന്റെ സാധ്യതകൾക്ക് ഇണങ്ങുന്നതാണ്.

നികുതി, വൈദ്യുതിയിളവുകളോടെ ഒരു വ്യവസായ എസ്റ്റേറ്റിനുള്ള സാധ്യത ആരായേണ്ടതുണ്ട്.

പാലും പാലുത്പന്നങ്ങളും, മീറ്റ് പ്രൊഡക്ടസും ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംരംഭം സഹകരണമേഖലയിൽ ആരംഭിക്കുന്നതിന് സാധ്യതയുണ്ട്.

കന്നുകാലി, കോഴിതീറ്റ നിർമാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക്-ഫർണീച്ചർ, ഗ്ലൗസ്, റബർബാൻഡ് തുടങ്ങിയവ – ഏറെ സാധ്യതയുണ്ട്.

സുപ്രധാന ഘടകങ്ങൾ വ്യക്തികളുടെ ഗുണവും, സ്ഥാപനങ്ങൾ നടത്തുവാനുള്ള സാഹചര്യവും ആണെന്നുള്ള കാര്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ മാർഗനിർദേശം, സാമൂഹ്യമായ ഉത്തേജനം, അടിസ്ഥാനസൗകര്യങ്ങൾ, എന്നിവ ഒരേസമയം ലക്ഷ്യംവെച്ചുകൊണ്ടുള്ള പഞ്ചായത്തുതല വ്യവസായിക വികസനം നടത്തേണ്ടിയിരിക്കുന്നു. ഇതിന് നേതൃത്വം നൽകാൻ ഒരു പഞ്ചായത്തുതല വ്യവസായ വികസന സമിതി രൂപീകരിക്കണം.

# ഗതാഗതം

1940 കളിലാണ് പഞ്ചായത്തിൽ വാഹനഗതാഗതം സാധ്യമായത്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന രണ്ട് പ്രധാന റോഡുകളായ എറണാകുളം-കോട്ടയം റോഡും എറണാകുളം-പിറവം റോഡും നിർമ്മാണമാരംഭിച്ചതും ഇക്കാലയളവിലാണ്. കോട്ടയം എറണാകുളം റോഡിൽ മുളന്തുരുത്തി, ആമ്പല്ലൂർ പഞ്ചായത്തുകളെ യോജിപ്പിക്കുന്ന പാലം 1914 ലെ ക്ഷാമകാലത്ത് കൂലിയായി ഭക്ഷ്യധാന്യം പണികഴിപ്പിച്ചതുകൊണ്ട് ചാക്കരിപ്പാലം എന്നാണ് അറിയപ്പെട്ടിരുന്നത്. മോട്ടോർ വാഹനങ്ങൾ പ്രചുരപ്രചാരം നേടുന്നതുവരെയും കാളവണ്ടികളും കൈവണ്ടികളും വ്യാപകമായി ഉപയോഗിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ ഒരു പ്രദേശത്തും ഇപ്പോൾ കാളവണ്ടി ഉപയോഗിക്കാറില്ല.

## റോഡ് ഗതാഗതം

മുളന്തുരുത്തി പഞ്ചായത്തിന്റെ വിസ്തീർണ്ണം 21.47 ച.കി.മീ. ആണ്. പഞ്ചായത്തിലുള്ള ആകെ റോഡുകളുടെ നീളം 72 കി.മീ. ആണ്. ഇതിൽ 11.86 കി.മീ. ടാർ ചെയ്തവയും 60.19 കി.മീ. ടാർ ചെയ്യാത്തവയുമാണ്. പഞ്ചായത്തിൽ ഒരു ചതുരശ്ര കി.മീ.ന് ശരാശരി 3.35 കി.മീ. എന്ന നിലയ്ക്ക് റോഡുകളുണ്ട്. സംസ്ഥാനത്തിന്റെ ശരാശരി റോഡ്ലഭ്യത ചതുരശ്ര കിലോമീറ്ററിന് 3.2 കി.മീ. എന്ന നിലയ്ക്കാണ്. വാർഡുകളിൽ ഉള്ള റോഡുകളിൽ പലതും സഞ്ചാര യോഗ്യമല്ലാത്ത അവസ്ഥയിലാണ്. ടാർചെയ്ത റോഡുകളിൽ ഭൂരിഭാഗവും ടാറിളകി ശോചനീയാവസ്ഥയിലാണ്. പല വാർഡുകളിലും ഗതാഗത തിരക്കേറിയതും എന്നാൽ ടാർ ചെയ്യാത്തതുമായ നിരവധി റോഡുകൾ ഉണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ മാർ ഗ്രിഗോറിയോസ് റോഡ്, പുത്തനങ്ങാടി കുരിശ് റോഡ്, ഉസ്താമിയോസ് റോഡ്, മറ്റത്താംകടവ് റോഡ്, ഗാന്ധിജയന്തി റോഡ്, പങ്ങാരപ്പിള്ളി-മനയ്ക്കപ്പടി റോഡ്, വെട്ടിക്കുളം-കുന്നപ്പിള്ളി, തുരുത്തിക്കര-കിളിക്കുന്ന് റോഡ്, വൈക്കത്തുമഠം-മണിയാംപുറം റോഡ്, പുളിയ്ക്കമാലി ഹോമിയോ റോഡ്, കാളകുത്തി റോഡ്, ചക്കാലി റോഡ്, ഹെയിൽമേരി സ്കൂൾ റോഡ്, C.G.L.P. സ്കൂൾ റോഡ്, കാവുംമുകൾ- കുട്ടപ്പിള്ളി റോഡ്, തച്ചേത്ത് റോഡ്, ആരക്കുന്നം കോളനി റോഡ്, വൈക്കത്തുമഠം കോളനി റോഡ്, പൊനോടത്ത് റോഡ്, തണങ്ങാട്ടിൽ റോഡ് എന്നിവയാണ്.

കഴിഞ്ഞ ആറുമാസക്കാലത്തിനിടയ്ക്ക് നാമമാത്രമായ റോഡുകളിൽ മാത്രമാണ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകൾ വട്ടക്കുന്ന്-പാലസ്ക്വയർ റോഡ്, പള്ളിത്താഴം-വേഴപ്പറമ്പ് റോഡ്, നെൽസൺ മണ്ടേല റോഡ്, കരപ്പിള്ളി- പൂതൃക്കോവിൽ റോഡ്, ബ്ലോക്കോഫീസ് തെക്ക് ഭാഗത്ത് പാടത്തേക്കു വരുന്ന റോഡ്, C.G.L.P സ്കൂളിനു സമീപമുള്ള റോഡ്, ശ്മശാനം റോഡ്, സിലോൺ പൊന്തിക്കോസ്തു പള്ളിക്കു സമീപത്തുകൂടി പുഞ്ചപ്പാടത്തേക്കു പോകുന്ന റോഡ്, പുളിയ്ക്കമാലി-കാരിക്കോട് റോഡ്, പുളിയ്ക്കമാലി- കോരഞ്ചിറ റോഡ്, പാമ്പ്ര റോഡ്, വെട്ടിയ്ക്കൽ-ഓലിപ്പാടം റോഡ്, കോരഞ്ചിറ-റെയിൽവേഗേറ്റ്-ഇഞ്ചിമലറോഡ്, കാഞ്ഞിരിയ്ക്കാപ്പിള്ളി ലക്ഷംവീട്, ഹോമിയോ റോഡ്, ആരക്കുന്നം കോളനി റോഡ്, ആരക്കുന്നം മണിയാംപുറം റോഡ്, എളയിടത്ത് റോഡ്, 3, 5, 6, 8 വാർഡുകളിലെ മിക്കവാറും എല്ലാ റോഡുകളും.

ബഹുഭൂരിപക്ഷം റോഡുകൾക്കും ഓടസംവിധാനമില്ല. സംസ്ഥാന ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുള്ള പ്രധാന റോഡിനു പോലും ചുരുക്കം സ്ഥലങ്ങളിൽ മാത്രമേ ഓടസംവിധാനമുള്ളു. പാടങ്ങളേയും മറ്റു ജല സ്രോതസുകളെയും മുറിച്ചുകൊണ്ട് റോഡുകൾ തീർക്കുമ്പോൾ ജലനിർഗമനത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതുകൊണ്ട് നീർക്കെട്ടനുഭവപ്പെടുന്ന സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. കോലഞ്ചേരി കടവ് റോഡിനോട് ചേർന്നുള്ള പ്രദേശം, തുരുത്തിക്കര പൈങ്ങാലി പ്രദേശം, എളയിടത്ത് റോഡിനോട് ചേർന്നുള്ള ഭാഗം എന്നിവിടങ്ങളിൽ വെള്ളക്കെട്ടനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ ചതുരശ്ര കിലോമീറ്ററിന് ഇന്നുള്ള റോഡുകൾ സംസ്ഥാന ശരാശരിയിലും കൂടുതലാണെങ്കിലും ഗതാഗതസൗകര്യമില്ലാത്ത നിരവധി പ്രദേശങ്ങൾ ഗ്രാമസഭയിൽനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പുതിയ റോഡുകൾ ആവശ്യമായ പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു.

**വാർഡ് 1:** ആശുപത്രിപ്പടിയിൽനിന്നും പടപ്പൻചിറ വഴി റയിൽവേ ഗേറ്റ് വരെ, മുളന്തുരുത്തി ഹൈസ്കൂളിനു പടിഞ്ഞാറ് ഭാഗത്തേക്കുള്ള റോഡ്.

**വാർഡ് 2:** പള്ളിത്താഴത്തുനിന്നും നെൽസൺ മണ്ടേല റോഡിലേക്ക് പ്രവേശിക്കുന്ന പുതുമനക്കാവ് റോഡ്, വേഴപ്പറമ്പ് ലക്ഷംവീട് കോളനിയുടെ പടിഞ്ഞാറ്ഭാഗം, പഞ്ചായത്തുകിണറിന്റെ പടിഞ്ഞാറ് ഭാഗം, മുളന്തുരുത്തി റെയിൽവേ ഗേറ്റിൽനിന്നും വട്ടക്കുന്ന് റയിൽവേ പാലം വരെ പടിഞ്ഞാറ് ഭാഗത്തുകൂടിയുള്ള റോഡ്.

**വാർഡ് 3:** വെലപ്പിള്ളി നടയിൽനിന്നും പത്തനാപുരം പ്രദേശത്തേക്ക്, പാടത്തുകാവിൽനിന്നും സ്ഥാനാർത്ഥിമുക്കിലേക്ക്, ഇടമറ്റവും ഉദയംപേരൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തൈക്കാട്ട്കടവ് റോഡ്, പാടത്ത്കാവ്- മറ്റത്താംകടവ് റോഡ്, വെട്ടിക്കാട്ട്മുക്കുമായി ബന്ധിപ്പിക്കുന്ന റോഡ്, അമ്പലത്താഴത്തുകൂടി വെട്ടിക്കാട്ട് മുക്കിലേക്കുള്ള റോഡ്, നടയിൽനിന്നും ചക്കാല റോഡ് പടിഞ്ഞാറുഭാഗം വരെ നീട്ടുക, വെട്ടിക്കാവു റോഡിനെ പുല്ലേരിക്കുന്നുവഴി മറ്റത്താംകടവു റോഡുമായി ബന്ധിപ്പിക്കുക, വള്ളക്കുരിശ്ശിന് തെക്ക് പടിഞ്ഞാറുമായുള്ള ചാത്തുരുത്തി പ്രദേശത്തേക്കുള്ള റോഡ്.

**വാർഡ് 4:** ബ്ലോക്കിന്റെ തെക്കുഭാഗത്ത് പാടത്ത് അവസാനിക്കുന്ന റോഡും കട്ടപ്പിള്ളി ലെവൽ ക്രോസിന് താഴെ അവസാനിക്കുന്നതുമായ റോഡുകൾ യോജിപ്പിക്കുക, പാത്തിക്കൽ റോഡും കളിക്കളം റോഡും പരസ്പരം ബന്ധിപ്പിക്കുക ചാലപ്പുറം ഭാഗത്ത് പാടത്തേക്കുള്ള റോഡ്, തീപ്പെട്ടിക്കമ്പനിയുടെ തെക്കുഭാഗത്തുനിന്നും ഹെയിൽമേരി റോഡിലേക്ക് എത്തിച്ചേരുന്ന റോഡ്, മുളന്തുരുത്തി പള്ളിയുടെ സമീപത്തുനിന്നും ഓണക്കാവ് റോഡിലേക്ക് ബന്ധിപ്പിക്കുക.

**വാർഡ് 5:** കാവുംമുകൾ വഴി മുലേക്കുരിശിലെത്തുന്ന റോഡ് തുരുത്തിക്കര-പൈങ്ങാലിപ്പാടം റോഡ്, കിളിക്കുന്നേൽ ആക്കാപ്പാലം റോഡ്, അമ്പേലിപ്പാടം റോഡ് റെയിൽവേ റോഡുമായി ബന്ധിപ്പിക്കുക, കൊച്ചുമല ഭാഗത്തേക്കുള്ള റോഡ്, തുരുത്തിക്കര പ്രധാന റോഡിൽനിന്നും തമ്പാലിപ്പാടത്തേക്ക് യോജിപ്പിക്കുക. തുരുത്തിക്കര രക്ഷാസൈന്യം പള്ളിയുടെ സമീപ പ്രദേശത്തേക്കുള്ള റോഡ്.

**വാർഡ് 6:** മാരിയപ്പൻ കോവിൽ റോഡ് ഗാന്ധിജയന്തി റോഡുമായി ബന്ധിപ്പിക്കുക, കാരക്കാട്ടുകുന്ന് റോഡ്, മേച്ചേരിക്കുന്ന് റോഡ്, സ്കൂൾ റോഡിൽനിന്നും സുഭാഷ് ചന്ദ്രബോസ് റോഡിലേക്ക് കണക്ഷൻ റോഡ്.

**വാർഡ് 7:** പൊല്ലേമുകൾ പൈങ്ങാരപ്പിള്ളി റോഡ്, വെട്ടിക്കുളങ്ങരയിൽനിന്നും പുല്യാട്ടുതാഴം വഴി പൊല്ലേമുകൾ തെക്കുഭാഗത്തേക്ക്, പൊല്ലേമുകളിൽനിന്നും അമ്പലംഭാഗത്തേക്കുള്ള റോഡ്.

**വാർഡ് 8:** പുളിയ്ക്കമാലി-ഊഴക്കോട് റോഡ്, വെട്ടിക്കുള ങ്ങര പാത്തിറോഡ്, കളപ്പുരമുക്ക് കനാൽറോഡ്, തുരുത്തിക്കര പൈങ്ങാലി റോഡ്, ആശാരിപുരം-പെരുമ്പഞ്ചപ്പാടം റോഡ്.

**വാർഡ് 9:** വെട്ടിയ്ക്കൽ തല്പനക്കുടി കോരഞ്ചിറയിലേ ക്കുള്ള റോഡ്, പാടത്തേക്ക് ബന്ധിപ്പിക്കേണ്ട തല്പനപ്പാടം-വെട്ടി യ്ക്കൽ റോഡ്, മുടവുംകോട്-പുളിയ്ക്കമാലി കോളനി റോഡ്, ഓലി ക്കുരിശ്- തല്പനറോഡ്.

**വാർഡ് 10:** കടുനമറ്റം റോഡ്, മനയ്ക്കമല (മണിയാ മ്പുറം) റോഡിൽനിന്ന് കാഞ്ഞിരയ്ക്കാപ്പിള്ളി റോഡിലേക്ക് കണ ക്ഷൻ റോഡ്, ആരക്കുന്നം കോളനിയും വൈക്കത്തുമലയും ബന്ധ പ്പെടുത്തുക.

നിലവിലുള്ള റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചി ട്ടുള്ള റോഡുകൾ തുലോം കുറവാണ്. അവയിൽത്തന്നെ പ്രവർത്ത നരഹിതമായവയാണ് ഏറിയപങ്കും. പഞ്ചായത്തിൽ തെരുവുവിള ക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ അടിയന്തര ശ്രദ്ധയർഹിക്കുന്ന സ്ഥലങ്ങൾ ചുവടെ പറയുന്നവയാണ്.

ഇഞ്ചിമല 4 സെന്റ് കോളനി, വട്ടുക്കുന്ന്-പൂന്തോട്ടത്തുപാറ, വേഴപ്പറമ്പ്- വട്ടുക്കുന്ന് റോഡ്, വേഴപ്പറമ്പ് അങ്കണവാടി-ആശ്രമം റോഡ്, വട്ടുക്കുന്ന് റെയിൽവേ ഓവർ ബ്രിഡ്ജ്, കാളകുത്തി റോഡ്, ആശാരിമറ്റം റോഡ്, തിലാക്കുളത്തിൽ-ചക്കാല റോഡ്, മറ്റത്താംക ടവ്-പെരുമ്പിള്ളിപ്പാടം, പെരുമ്പിള്ളി അമ്പലം-പള്ളിപ്പടി റോഡ്, ഹെയിൽമേരി സ്കൂൾ റോഡ്, നായംകുളം റോഡ്, 5-ാം വാർഡിലെ മിക്കവാറും റോഡുകൾ, തുപ്പംപടികോരഞ്ചിറ റോഡ്, ഗാന്ധിജ യന്തി റോഡ്, കാരക്കാട്ട്കുന്ന് റോഡ്, കാരിക്കോട് പുളിയ്ക്കമാലി റോഡ്, പുളിയ്ക്കമാലി-തുപ്പംപടി റോഡ്, കോരംചിറ-കാരിക്കോട് റോഡ്, പണ്ടാരപ്പിള്ളി-മനയ്ക്കപ്പടി റോഡ്, വെട്ടിയ്ക്കൽ-പുളിയ്ക്ക മാലി റോഡ്, പുളിയ്ക്കമാലി-കോരഞ്ചിറ, പണ്ടാരപ്പിള്ളി-മടവു കോട്, കോരഞ്ചിറ-നടമുക്ക്, എളയിടത്ത് റോഡ്, കാഞ്ഞിരയ്ക്കാ പ്പിള്ളി ലക്ഷംവീട്, പാമ്പ്രറോഡ്, ഹോമിയോ റോഡ്, ആരക്കുന്ന ത്തിനും കടയിക്കവളവിനും ഇടയ്ക്കുള്ള പ്രദേശം, മണിയാമ്പുറം റോഡ്, പുളിയ്ക്കമാലി കുന്നപ്പിള്ളി റോഡ്.

## റെയിൽ ഗതാഗതം:

1950 കളിലാണ് മുളന്തുരുത്തി പഞ്ചായത്തിൽ റെയിൽഗതാ ഗതം സാധ്യമായത്. 1975ലാണ് റെയിൽപാത ബ്രോഡ്ഗേജായി ഉയർത്തിയത്. പഞ്ചായത്തിൽ 5 കി.മീ. റെയിൽപാതയാണുള്ളത്. രണ്ടിടത്താണ് റെയിൽപ്പാത മുറിച്ച് റോഡ് കടന്നുപോകുന്നത്. രണ്ടിടത്തും റെയിൽവേ ഗേറ്റും ഗേറ്റ്മാന്റെ സേവനവും ലഭ്യമാണ്. ഏറ്റവും കൂടുതൽ വാഹനഗതാഗതമുള്ള കോട്ടയം-എറണാകുളം റോഡിലൂള്ള റെയിൽവേ ഗേറ്റ് ഏറെ ഗതാഗതക്കുരുക്കിന് വഴിയൊ രുക്കുന്നുണ്ട്. മുളന്തുരുത്തി റെയിൽവേ സ്റ്റേഷൻ വഴിയായി ശരാ ശരി 200 പേർ പ്രതിദിനം യാത്രചെയ്യുന്നുണ്ട്. വളരെ മുമ്പേ സ്ഥാപിച്ച സ്റ്റേഷനാണെങ്കിലും പാസഞ്ചർ ട്രെയിനുകൾക്കു മാത്രമേ ഇവിടെ സ്റ്റോപ്പുള്ളൂ. അതിൽത്തന്നെ എല്ലാ പുഷ്പുൾ ട്രെയിനുകൾക്കും സ്റ്റോപ്പില്ല.

## പ്രശ്നങ്ങൾ

1. ഗതാഗതസൗകര്യം എത്താത്ത ഏറെ പ്രദേശങ്ങൾ ഇനിയും പഞ്ചായത്തിൽ ഉണ്ട്.

2. നിലവിലുള്ള റോഡുകളിൽ ഭൂരിഭാഗവും അറ്റകുറ്റപ്പണിക ളുടെ അഭാവത്തിൽ തീർത്തും മോശമായ അവസ്ഥയിലാണ്.

3. പ്രധാനപ്പെട്ട പല ബസ് സ്റ്റോപ്പുകളിലും ഷെൽട്ടർ സൗകര്യം ഇല്ല.

4. ഭൂരിപക്ഷം റോഡുകൾക്കും കാനസംവിധാനമില്ല.

5. തെരുവുവിളക്ക് സൗകര്യം വളരെ കുറച്ചു റോഡുകൾക്കു മാത്രമേ ലഭ്യമായിട്ടുള്ളൂ. അവയിൽത്തന്നെ ഭൂരിഭാഗവും കത്തുന്ന വയല്ല.

6. റോഡ് നിർമാണംവഴി നീർക്കെട്ടനുഭവപ്പെടുന്ന പ്രദേശങ്ങളും പഞ്ചായത്തിൽ ഉണ്ട്.

7. റെയിൽവേ ഗേറ്റിൽ സമാന്തര റോഡ് സംവിധാനമോ ഓവർ ബ്രിഡ്ജോ ഇല്ല.

8. ടാക്സി സ്റ്റാൻഡുകൾക്ക് വേണ്ടത്ര സ്ഥലസൗകര്യമില്ല.

9. മുളന്തുരുത്തി റെയിൽവേ സ്റ്റേഷനിൽ ദീർഘദൂര വണ്ടി കൾക്ക് സ്റ്റോപ്പില്ല.

10. പഞ്ചായത്തിന് ആംബുലൻസ് സൗകര്യമില്ല.

## സാധ്യതകൾ

1. മുൻഗണനാക്രമത്തിൽ റോഡുകൾ നിർമിക്കാനുള്ള പദ്ധതി കൾ ആസൂത്രണം ചെയ്യുക.

2. എല്ലാ റോഡുകൾക്കും കാനസംവിധാനം സാധ്യമാക്കുക.

3. പ്രധാന റോഡുകൾക്കെല്ലാം തെരുവു വിളക്കുകൾ സ്ഥാപി ക്കുക.

4. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളിടത്ത് കൺവർട്ടറുകൾ സ്ഥാപിക്കുക.

5. റെയിൽവേ ഗേറ്റിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ഓവർ ബ്രിഡ്ജോ സമാന്തര റോഡോ പണിയുക.

6. പ്രധാന റോഡുകൾ ടാർ ചെയ്യാനുള്ള പദ്ധതി തയാറാക്കുക.

7. സാധ്യമായ സ്ഥലങ്ങളിൽ പൊതുമാർക്കറ്റു സ്ഥാപിക്കുക.

8. റോഡ് നിർമാണത്തിനും സംരക്ഷണത്തിനും പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

9. അമ്പേലിഭാഗം, ചക്കിപ്പറമ്പ്, 6-ാം വാർഡിലെ അകിഡേറ്റ റിന് സമീപം കരവട്ടെകുരിശിന് പടിഞ്ഞാർ ഭാഗം, കൊച്ചി മെട്രോ പ്പോളിറ്റൻ സിറ്റിയുടെ കിഴക്കേ അറ്റമായ ആരക്കുന്നം എന്നിവിട ങ്ങൾ ബസ് സ്റ്റാൻഡിന് സാധ്യതയുള്ള പ്രദേശങ്ങളാണ്.

10. സിറ്റി സർവീസ് ആരക്കുന്നംവരെ നീട്ടുന്നതിനുള്ള നടപടി കൾ കൈക്കൊള്ളണം.

12. എല്ലാ പുഷ്പുൾ ട്രെയിനുകൾക്കും സ്റ്റോപ്പുകൾ അനുവദി ക്കുക.

13. നിർദിഷ്ട മധുര റെയിൽവേയുടെ പ്രധാനകേന്ദ്രം മുളന്തുരു ത്തിയാക്കി ഉയർത്താൻ പദ്ധതി തയാറാക്കുക.

## നിർദേശങ്ങൾ

1. മുളന്തുരുത്തി ആശുപത്രി ജംഗ്ഷനിലെ ഗതാഗത തിരക്ക് ഒഴിവാക്കുവാൻ ആശുപത്രിമതിൽ കുറച്ചുകൂടി ഉള്ളിലേക്ക് മാറ്റി സ്ഥാപിച്ച് വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാൻ സൗകര്യമൊരു ക്കുക.

2. മൂന്നാം വാർഡിലെ മിക്കവാറും റോഡുകൾ പാർശ്വഭാഗങ്ങ ളേക്കാൾ താഴ്ന്നു സ്ഥിതിചെയ്യുന്നതുകൊണ്ട് വെള്ളക്കെട്ടനുഭവ പ്പെടുന്നു. നീർവാർച്ചയ്ക്കാവശ്യമായ കാന സംവിധാനം ഏർപ്പെടു ത്തണം.

3. കോലഞ്ചേരിപ്പാലത്തിൽനിന്നും തെക്കോട്ട് കോട്ടയം - എറ ണാകുളം റോഡിന് സമാന്തരമായി റോഡ് നിർമിക്കുക.

4. പുളിക്കമാലി - ഊഴക്കോട് റോഡ് പഞ്ചായത്തിന്റെ സഹായ ത്തോടെ ശ്രമദാനമായി പൂർത്തിയാക്കാൻ സാധ്യതയുണ്ട്.

5. പെരുമ്പിള്ളിനട, സ്ഥാനാർത്ഥിമുക്ക്, വെട്ടിക്കുളങ്ങര എന്നി വിടങ്ങളിൽ ഷെൽട്ടറോടുകൂടിയ ബസ് സ്റ്റോപ്പ് സ്ഥാപിക്കുക.

6. ഇഞ്ചിമല, മദർതെരേസ റോഡിന് സമീപം, പള്ളിത്താഴം ടെലിഫോൺ എക്സ്ചേഞ്ചിന് കിഴക്കുഭാഗം എന്നിവിടങ്ങളിൽ

ബസ് സ്റ്റാന്റിന് സാധ്യതയുള്ള പ്രദേശങ്ങളാണ്.

7. പെരുമ്പിള്ളി ബ്ലോക്ക് റോഡ് വഴി ബസ് ഗതാഗതം സാധ്യമാക്കുക.

8. മുളന്തുരുത്തിയിലൂടെ മേനകവഴി കലൂരിലേക്ക് ബസ്സ് റൂട്ട് അനുവദിക്കുക.

9. പ്രധാന റോഡുകളിൽ സ്കൂളുകൾക്ക് സമീപം ഹമ്പുകൾ സ്ഥാപിക്കുക.

10. ആരക്കുന്നം – കാഞ്ഞിരിക്കാപ്പിള്ളി വഴി കോലഞ്ചേരിയിലേക്ക് ബസ്സ് റൂട്ട് അനുവദിക്കുക.

11. മുളന്തുരുത്തിവഴി കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര സർവീസുകൾ അനുവദിക്കുക.

12. പ്രധാനറോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

13. സിറ്റി സർവ്വീസ് ബസ്സുകൾ മെട്രോപ്പോളിറ്റൻ സിറ്റിയുടെ അതിർത്തിപ്രദേശമായ ആരക്കുന്നം വരെ നീട്ടുക.

14. റോഡുകളുടെ നിർമാണത്തിലും സംരക്ഷണത്തിലും ശ്രമദാനമായി മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്താവുന്നതാണ്.

15. തുരുത്തിക്കര രക്ഷാസൈന്യം പള്ളിയുടെ വടക്കുഭാഗത്ത് അമ്പലത്താഴം തോട്ടിൽ പാലം തീർത്ത് സഞ്ചാരയോഗ്യമാക്കണം.

16. ആരക്കുന്നം മാർക്കറ്റിന്റെ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിച്ച് ആധുനികവൽക്കരിക്കുക.

17. പഞ്ചായത്തിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുക.

18. റയിൽവേ ഗേറ്റിൽനിന്ന് വട്ടുക്കുന്നിലേക്ക് സമാന്തര റോഡ് സംവിധാനം ഏർപ്പെടുത്തുക.

19. നിർദ്ദിഷ്ട മധുര റയിൽവേയുടെ പ്രധാന ജംഗ്ഷനായി മുളന്തുരുത്തി സ്റ്റേഷൻ ഉയർത്തുക.

20. മുളന്തുരുത്തി റയിൽവേ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യമേർപ്പെടുത്തുകയും, എല്ലാ പുഷ്പുൾ ട്രയിനുകൾക്കും ദീർഘദൂര തീവണ്ടികൾക്കും സ്റ്റോപ്പ് അനുവദിക്കുകയും ചെയ്യുക.

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് – റോഡുകളുടെ വിവരങ്ങൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡുകളുടെ പേര് | ടാർ ചെയ്തത് | | ടാർ ചെയ്യാത്തത് | |
|---|---|---|---|---|---|---|
| | | | നീളം | വീതി | നീളം | വീതി |
| 1 | 1 | ആശുപത്രിപ്പടി പടപ്പൻചിറ റോഡ് | --- | --- | 640 മീ. | 4 മീ. |
| " | 2 | കരവട്ടെകുരിശ് ഇഞ്ചിമല റോഡ് | --- | --- | 800 മീ. | 4 മീ. |
| " | 3 | ചെങ്ങോലപ്പാടം റോഡ് (ഹരിജൻകോളനി റോഡ്) | | | 1060 മീ. | 4 മീ. |
| " | 4 | വട്ടുക്കുന്ന് – പൂത്തോട്ടത്തു പാറ റോഡ് | 900 മീ. | 6 മീ | --- | --- |
| " | 5 | ഇഞ്ചിമല – പാലസ്ക്വയർ റോഡ് | 900 മീ. | 6 മീ | | |
| " | 6 | പാവുടം – അമ്പലത്തിങ്കൽ റോഡ് | --- | --- | 300 മീ. | 3 മീ. |
| " | 7 | മൃഗാശുപത്രിപടി റെയിൽവേ ഗേറ്റ് റോഡ് | --- | --- | 150 മീ. | 4 മീ. |
| " | 8 | ഹൈസ്കൂൾ പാവുടംറോഡ് | --- | --- | 360 മീ. | 4 മീ. |
| " | 9 | തെറ്റാലിപ്പാടം റോഡ് | --- | --- | 255 മീ. | 3.5 മീ. |
| " | 10 | പൂത്തോട്ടത്തുപാറ – കരിത്തലപ്പാടം റോഡ് | --- | --- | 120 മീ. | 4 മീ. |
| | 11 | ഭൂരഹിത കർഷക കോളനി റോഡ് | --- | --- | 100 മീ. | 3.50 മീ. |
| " | 12 | പാവുടത്ത് ബസ് സ്റ്റാന്റ് റോഡ് | --- | --- | 175 മീ. | 3 മീ. |
| " | 13 | സെന്റ് തോമസ് റോഡ് | --- | --- | 120 മീ. | 3 മീ. |
| " | 14 | മിച്ചഭൂമി റോഡ് | --- | --- | 380 മീ. | 3.50 മീ. |
| 2 | 1 | പള്ളിത്താഴം – വേഴപ്പറമ്പ് റോഡ് | 1800 മീ. | 8 മീ. | | |
| " | 2 | കോലഞ്ചേരിക്കടവ് റോഡ് | --- | --- | 485 മീ. | 4.5 മീ. |
| " | 3 | പുത്തനങ്ങാടികുരിശ് റോഡ് | --- | --- | 1120 മീ. | 4 മീ. |
| " | 4 | നെൽസൽ മണ്ടേല റോഡ് | 800 മീ. | 8 മീ. | | |
| " | 5 | മനയ്ക്കത്താഴം – നമ്പ്യാത്തു മുക്കുറോഡ് | --- | --- | 465 മീ. | 3.50 മീ. |
| " | 6 | പുതുമംഗലത്തുമനപ്പടി റോഡ് | --- | --- | 150 മീ. | 3 മീ. |
| " | 7 | വേഴപ്പറമ്പ് ലക്ഷംവീട് റോഡ് | --- | --- | 100 മീ. | 3 മീ. |
| " | 8 | ആശ്രമം പുത്തൻ റോഡ് | --- | --- | 300 മീ. | 4 മീ. |
| " | 9 | പെരിങ്ങോട്ടുതാഴം റോഡ് | --- | --- | 495 മീ. | 3.50 മീ. |
| 3 | 1 | കരപ്പിള്ളി റോഡ് | --- | --- | 425 മീ | 4 മീ |
| " | 2 | കോരങ്കോട്ട് ക്ഷേത്രനട റോഡ് | --- | --- | 550 മീ | 4 മീ |
| " | 3 | ഹെയിൽമേരി സ്കൂൾ ജംഗ്ഷൻ–ചാത്തുരുത്തി റോഡ് | --- | --- | 100 മീ. | 3.50 മീ. |
| " | 4 | കാതുകുത്തി – ചാത്തുരുത്തി താഴംറോഡ് | --- | --- | 250 മീ. | 3.50 മീ. |
| " | 5 | കാതുകുത്തി റോഡ് | --- | --- | 500 മീ. | 4 മീ. |
| " | 6 | മറ്റത്താൻകടവ് റോഡ് | --- | --- | 2000 മീ. | 8 മീ. |
| " | 7 | ചക്കാലത്ത്തോട് റോഡ് | --- | --- | 1250 മീ. | 3.60 മീ. |
| " | 8 | ബ്ലാക്കുളം റോഡ് | --- | --- | 300 മീ. | 3.25 മീ. |
| " | 9 | പാടത്തുകാവ് റോഡ് | 950 മീ. | 4 മീ. | --- | --- |
| " | 10 | പീച്ചനാട് – ആശാരിമറ്റം റോഡ് | --- | --- | 450 മീ. | 3 മീ. |
| " | 11 | വൈലപ്പിള്ളി ക്ഷേത്ര നട റോഡ് – കിഴക്കോട്ടുള്ളത് | --- | --- | 250 മീ. | 3.70 മീ. |
| " | 12 | പെരുമ്പിള്ളി – വടക്കുംപാടം റോഡ് | --- | --- | 300 മീ. | 3 മീ. |
| " | 13 | സ്ഥാനാർത്ഥിമുക്കു റോഡ് | --- | --- | 700 മീ. | 3.50 മീ. |
| " | 14 | നമ്പ്യാട്ടുകുത്തി – പാണാർകടവ് റോഡ് | --- | --- | 300 മീ. | 3 മീ. |
| " | 15 | വൈലപ്പിള്ളി ക്ഷേത്രനട – തോപ്പിപറമ്പ് റോഡ് | --- | --- | 200 മീ. | 3 മീ. |
| " | 16 | എസ്.എൻ.ഡി.പി കോരങ്കോട്ട് റോഡ് | --- | --- | 200 മീ. | 3 മീ. |
| 4 | 1 | പെട്രോൾപമ്പ് ഹെയിൽമേരി – ഹോസ്പിറ്റൽ റോഡ് | 1300 മീ. | 5 മീ. | --- | --- |
| " | 2 | ഹൈസ്കൂൾ പൊതോടം റോഡ് | --- | --- | 600 മീ. | 4 മീ. |
| " | 3 | മലയാളം സ്കൂൾ റോഡ് | --- | --- | 485 മീ. | 4 മീ. |
| " | 4 | കണ്ണിക്കുളം – ചാത്തുരുത്തി റോഡ് | --- | --- | 335 മീ. | 3 മീ. |
| " | 5 | വിദ്യാർഥിറോഡ് | --- | --- | 450 മീ. | 4 മീ. |
| " | 6 | നായംകുളം റോഡ് | --- | --- | 800 മീ. | 4 മീ. |
| " | 7 | ഹെയിൽമേരി സ്കൂൾ റോഡ് | --- | --- | 700 മീ. | 4 മീ. |
| " | 8 | ബ്ലോക്ക് റോഡ് (മെയിൻ) | 700 മീ. | 4 മീ. | --- | --- |
| " | 9 | ഹെയിൽമേരി ആശുപത്രി – ക്ഷേത്രനട റോഡ് | --- | --- | 900 മീ. | 4 മീ. |
| " | 10 | ബ്ലോക്ക് ഓഫീസ് – മുലേക്കുരിശ് റോഡ് | 930 മീ. | 5 മീ. | --- | --- |
| | 11 | മുലേക്കുരിശ് പാത്തിക്കൽ റോഡ് | --- | --- | 1300 മീ. | 4.5 മീ. |

| | | | | | | |
|---|---|---|---|---|---|---|
| ,, | 12 | ശ്മശാനം റോഡ് | --- | --- | 600 മീ. | 4 മീ. |
| ,, | 13 | അമ്പലംഗ്രൗണ്ട് റോഡ് | --- | --- | 300 മീ. | 3.50 മീ. |
| ,, | 14 | തണങ്ങാട്ടുതാഴം റോഡ് | --- | --- | 210 മീ. | 3.70 മീ. |
| ,, | 15 | വൈ.എം.സി.എ റോഡ് | --- | --- | 200 മീ. | 3.50 മീ. |
| ,, | 16 | മലയാളംസ്കൂൾ വെസ്റ്റ് റോഡ് | --- | --- | 170 മീ. | 4 മീ. |
| ,, | 17 | മൂലേക്കുരിശ് - പാത്തിക്കൽ റോഡ് പള്ളത്തട്ട ഭാഗത്തുനിന്നും കളിക്കളംവരെയുള്ള റോഡ് | --- | --- | 400 മീ. | 3.30 മീ. |
| ,, | 18 | വിദ്യാർഥി റോഡ് | --- | --- | 100 മീ. | 3 മീ. |
| ,, | 19 | പുളിമൂട്ടിൽ റോഡ് | --- | --- | 100 മീ. | 3 മീ. |
| 5 | 1 | ആശുപത്രിപ്പടി - അമ്പേലിമല റോഡ് | --- | --- | 880 മീ. | 6 മീ. |
| ,, | 2 | കരവട്ടെകുരിശ് ബ്ലോക്ക് ഓഫീസ് റോഡ് | --- | --- | 1000 മീ. | 6 മീ. |
| ,, | 3 | കാവുംമുകൾ കട്ടപ്പിള്ളിറോഡ് | 1310 മീ. | 5.50 മീ. | --- | --- |
| ,, | 4 | കരവട്ടെകുരിശ് - അമ്പേലിപ്പാടം റോഡ് | --- | --- | 270 മീ. | 4 മീ. |
| ,, | 5 | അമ്പേലിക്കുരിശ് - മരങ്ങാട്ടിൽ റോഡ് | --- | --- | 190 മീ. | 4 മീ. |
| ,, | 6 | സി.വി.എം. കമ്പനി പൊനോടത്തുറോഡ് | --- | --- | 200 മീ. | 3.50 മീ. |
| ,, | 7 | രാജൂപ്പടി - മരങ്ങാട്ടുകുന്ന് റോഡ് | --- | --- | 200 മീ. | 3.50 മീ. |
| ,, | 8 | എമ്പ്രാട്ടിപ്പടി - കള്ളാച്ചിതാഴം റോഡ് | --- | --- | 450 മീ. | 3 മീ. |
| ,, | 9 | കരവട്ടെകുരിശ് - തുരുത്തിക്കരകിളിക്കുന്ന് റോഡ് | --- | --- | 950 മീ. | 7 മീ. |
| ,, | 10 | തുരുത്തിക്കര - കുഞ്ഞാലിപ്പാടം റോഡ് | --- | --- | 460 മീ. | 5 മീ. |
| ,, | 11 | അമ്പേലികുരിശ് റോഡ് | --- | --- | 225 മീ. | 3 മീ. |
| ,, | 12 | കൊച്ചുമല റോഡ് | --- | --- | 400 മീ. | 250 മീ. |
| 6 | 1 | തച്ചേത്ത് കോരഞ്ചിറ റോഡ് | --- | --- | 790 മീ. | 4 മീ. |
| ,, | 2 | തുപ്പംപടി - തച്ചേത്ത് (ചെറുമലത്താഴം റോഡ്) | --- | --- | 270 മീ. | 4 മീ. |
| ,, | 3 | കോരഞ്ചിറ - മാരിയമ്മൻകോവിൽ റോഡ് | --- | --- | 660 മീ. | 3.50 മീ. |
| ,, | 4 | കാരിക്കോട് - ഹരിജൻ കോളനി റോഡ് (മഹാത്മാഗാന്ധി റോഡ്) | --- | --- | 1300 മീ. | 4 മീ. |
| ,, | 5 | മേച്ചേരിക്കുന്ന് റോഡ് | --- | --- | 300 മീ. | 3.50 മീ. |
| ,, | 6 | പൈനുങ്കൽപാറ-കാരക്കാട്ടുകുന്ന് റോഡ് | --- | --- | 770 മീ. | 4 മീ. |
| ,, | 7 | പമ്പ് ഹൗസ്റോഡ് | --- | --- | 200 മീ. | 4 മീ. |
| ,, | 8 | കരവട്ടെകുരിശ് - മുല്ലപ്പിള്ളിറോഡ് | --- | --- | 360 മീ. | 3.5 മീ. |
| ,, | 9 | മദർതെരേസ റോഡ് - സാൽവേഷൻ ആർമി റോഡ് | --- | --- | 450 മീ. | 3.5 മീ. |
| ,, | 10 | ഇടയത്തുമാൽ റോഡ് എടയത്ത് താവുരത്ത് താഴം | --- | --- | 300 മീ. | 3.5 മീ. |
| ,, | 11 | കാരിക്കോട് യു.പി.എസ് താവുരത്തുതാഴം റോഡ് | --- | --- | 450 മീ. | 4 മീ. |
| ,, | 12 | സുഭാഷ് ചന്ദ്രബോസ് റോഡ് | --- | --- | 360 മീ. | 3 മീ. |
| 7 | 1 | പങ്ങാരപ്പിള്ളി - മനയ്ക്കപ്പടി റോഡ് | --- | --- | 800 മീ. | 6 മീ. |
| ,, | 2 | അഞ്ചേത്തുമുകൾ - കാരിക്കോട് റോഡ് | --- | --- | 1850 മീ. | 8 മീ. |
| ,, | 3 | കാരിക്കോട് - കോരഞ്ചിറ അമ്പലംറോഡ് | --- | --- | 1320 മീ. | 3 മീ. |
| ,, | 4 | പങ്ങാരപ്പിള്ളി - മനയ്ക്കപ്പടി - എടയത്തുപാറ റോഡ് | --- | --- | 450 മീ. | 3 മീ. |
| 8 | 1 | തുരുത്തിക്കര - ആയുർവേദകവല ആമ്പല്ലൂർ റോഡ് | --- | --- | 300 മീ. | 5 മീ. |
| ,, | 2 | വെട്ടിക്കുളം - കുന്നപ്പിള്ളി റോഡ് | --- | --- | 650 മീ. | 6 മീ. |
| ,, | 3 | മാത്തിക്കുന്നേൽ - പട്ടനാട്ടുപാടം റോഡ് | --- | --- | 1200 മീ. | 6 മീ. |
| ,, | 4 | പുളിക്കമാലി കവല - ഊഴക്കോട് റോഡ് | --- | --- | 540 മീ. | 6 മീ. |
| ,, | 5 | മറ്റപ്പിള്ളിക്കാവ് - പാത്തിക്കൽറോഡ് | --- | --- | 350 മീ. | 3.50 മീ. |
| ,, | 6 | ചെറുവേലിതൊണ്ട റോഡ് | --- | --- | 300 മീ. | 4 മീ. |
| 9 | 1 | പങ്ങാരപ്പിള്ളി -പുളിക്കമാലി തുപ്പംപടിറോഡ് | --- | --- | 3200 മീ. | 8 മീ. |
| ,, | 2 | പങ്ങാരപ്പിള്ളി - മുടവുകോട് റോഡ് | --- | --- | 500 മീ. | 4 മീ. |
| ,, | 3 | കോരഞ്ചിറ - തല്പ്പനപാടം റോഡ് | --- | --- | 650 മീ. | 4 മീ. |
| ,, | 4 | വെട്ടിക്കൽ എളേടത്തുപാടം റോഡ് | --- | --- | 500 മീ. | 3.50 മീ. |
| ,, | 5 | വെട്ടിക്കൽ ഓലിപ്പാടം റോഡ് | --- | --- | 300 മീ. | 3.50 മീ. |
| ,, | 6 | കോരഞ്ചിറ- ഓലിപ്പാടം റോഡ് | --- | --- | 600 മീ. | 4 മീ. |
| ,, | 7 | ഓലിക്കുരിശ് - തല്പ്പനപാടം റോഡ് | --- | --- | 350 മീ. | 3.50 മീ. |
| ,, | 8 | പുളിക്കമാലി - ഹോമിയോ ആശുപത്രി റോഡ് | --- | --- | 200 മീ. | 3.50 മീ. |
| ,, | 9 | കാഞ്ഞിരയ്ക്കാപ്പിള്ളി - ലക്ഷംവീട് റോഡ് | --- | --- | 400 മീ. | 4 മീ. |
| ,, | 10 | പുളിക്കമാലി - കാഞ്ഞിരയ്ക്കാപ്പിള്ളിറോഡ് | --- | --- | 1000 മീ. | 8 മീ. |
| ,, | 11 | പുളിക്കമാലി - കാഞ്ഞിരയ്ക്കാപ്പിള്ളി റോഡ് | --- | --- | 1000 മീ | 8 മീ. |
| 10 | 1 | ആരക്കുന്നം - മണീട്റോഡ് | --- | --- | 510 മീ | 6 മീ. |
| ,, | 2 | ആരക്കുന്നം - മണിയാംപുറം റോഡ് | --- | --- | 1380 മീ. | 4 മീ. |
| ,, | 3 | വൈക്കത്തുമാം - കോളനിറോഡ് | --- | --- | 340 മീ. | 4 മീ. |
| ,, | 4 | ആരക്കുന്നം - കാഞ്ഞിരയ്ക്കാപ്പിള്ളി റോഡ് | 1300 മീ | 8 മീ | --- | --- |
| ,, | 5 | ആരക്കുന്നം - നെടുവാപാടം റോഡ് | --- | --- | 320 മീ. | 4 മീ. |
| ,, | 6 | കൊച്ചി - തിരുവിതാംകൂർ ബൗണ്ടറി റോഡ് | --- | --- | 620 മീ. | 3 മീ. |
| ,, | 7 | കാഞ്ഞിരംകുന്ന് കടമനമറ്റം റോഡ് | --- | --- | 400 മീ. | 4 മീ. |

## മാർക്കറ്റ്

**പൊ**തു മാർക്കറ്റിന്റെ കാര്യത്തിൽ പഞ്ചായത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. മുളന്തുരുത്തി, ആരക്കുന്നം പ്രദേശങ്ങളിൽ മാത്രമാണ് ചെറുതെങ്കിലും മാർക്കറ്റ് സംവിധാനമുള്ളത്. പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിറ്റഴിക്കാൻ പര്യാപ്തമായ മാർക്കറ്റിംഗ് സംവിധാനമില്ലാത്തതുകൊണ്ട് കർഷകർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാണ്. റബർ കർഷകരെ സഹായിക്കുന്നതിനായി ആരക്കുന്നം കേന്ദ്രമാക്കി റബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ റബർ കർഷകരുടെയും പ്രശ്നപരിഹാരത്തിന് ഇതു പര്യാപ്തമല്ല. പഞ്ചായത്തിൽ വില്പന സാധ്യതയുള്ള കാർഷികോത്പന്നങ്ങൾ റബർ, കുരുമുളക്, തേങ്ങ, അടയ്ക്ക, കശുവണ്ടി, നെല്ല്, പച്ചക്കറി, ജാതി, വാഴ തുടങ്ങിയവയാണ്. മുളന്തുരുത്തി പള്ളിത്താഴം, ആരക്കുന്നം, പെരുമ്പിള്ളി കോളനി പ്രദേശം, തുരുത്തിക്കര, പുളിയ്ക്കമാലി എന്നിവിടങ്ങൾ ആഴ്ചച്ചന്തകൾക്ക് സാധ്യതയുള്ള പ്രദേശങ്ങളാണ്.

# ഊർജ്ജം

**പ**ഞ്ചായത്തിൽ 1940 കളിലാണ് ആദ്യമായി വൈദ്യുതി വിതരണം ആരംഭിച്ചത്. കൊച്ചിൻ പവർ ആൻഡ് ലൈറ്റ് കോർപ്പറേഷനായിരുന്നു വിതരണ ചുമതല. ഗാർഹിക ഇന്ധനം മുഖ്യമായും ജൈവദ്രവ്യങ്ങളായിരുന്നു അക്കാലത്ത്.

പഞ്ചായത്തിലെ 75% വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്ന പ്രധാന ഇന്ധനം വിറകാണ്. ഇവയിൽ ഏറിയപങ്കും റബ്ബറിന്റെ കമ്പുകളും തെങ്ങുത്പന്നങ്ങളും മറ്റ് ജൈവാവശിഷ്ടങ്ങളുമാണ്. 1994-ൽ പഞ്ചായത്തിൽ ആദ്യത്തെ പാചകവാതക വിതരണ ഏജൻസി പ്രവർത്തനം തുടങ്ങി. പാചകവാതകത്തിന്റെ ഉപയോഗം ഗണ്യമായി വർധിക്കുന്നതിന് ഇത് കാരണമായിട്ടുണ്ട്. 20% ജനങ്ങൾ ഇപ്പോൾ പാചകവാതകം ഉപയോഗിക്കുന്നവരാണ്. മണ്ണെണ്ണ സ്റ്റൗ 15%ത്തിൽ അധികം വീടുകളിൽ ഉപയോഗിക്കുന്നുണ്ട്. അനെർട്ടിന്റെ IREP ഓഫീസ് 1994 മുതൽ ഈ പഞ്ചായത്തതിർത്തിയിലാണ് പ്രവർത്തിക്കുന്നത്. ഇതുവഴി ഇന്ധനക്ഷമത കൂടിയ മണ്ണെണ്ണ സ്റ്റൗ, പ്രഷർകുക്കർ, മെച്ചപ്പെട്ട ഇനം വിറകടുപ്പുകൾ, പുകയില്ലാത്ത പരിഷത്തടുപ്പ് എന്നിവ പഞ്ചായത്തിന് പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 25% വീടുകളിൽ മെച്ചപ്പെട്ട വിറകടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. മിക്കവാറും വീടുകളിൽ നെല്ലുപുഴുങ്ങുന്നതിനും, കാലിത്തീറ്റ തയ്യാറാക്കുന്നതിനും പുറത്തുള്ള അടുപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. ഇത്തരം അടുപ്പുകളിലെ പ്രധാന ഇന്ധനം കരിയിലയും മറ്റ് കാർഷികാവശിഷ്ടങ്ങളുമാണ്.

പഞ്ചായത്തിൽ ഉച്ചക്കഞ്ഞി വിതരണമുള്ള സ്കൂളുകളിലും മുഴുവൻ അങ്കണവാടികളിലും ഇന്ധനമായി ഉപയോഗിക്കുന്നത് വിറകാണ്. ഒരു സ്കൂളിൽ പോലും പുകയില്ലാത്ത അടുപ്പ് സ്ഥാപിച്ചിട്ടില്ല. അങ്കണവാടികളിൽ 2 അങ്കണവാടികളിലാണ് പുകയില്ലാത്ത അടുപ്പ് സ്ഥാപിച്ചിട്ടുള്ളൂ.

പഞ്ചായത്തിലെ 80% വീടുകളും വൈദ്യുതീകരിച്ചവയാണ്. പ്രകാശത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് വൈദ്യുതിയെയാണ്. വൈദ്യുതിയുള്ള വീടുകളിൽ ഇലക്ട്രിക് അയേണിന്റെ ഉപയോഗം വ്യാപകമാണ്. ഗാർഹിക മേഖലയിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ യഥാക്രമം വിറക്, വൈദ്യുതി, പാചകവാതകം, മണ്ണെണ്ണ, ബയോഗ്യാസ് എന്നിവയാണ്.

കാർഷിക മേഖലയിലെ ജലസേചനത്തിനുള്ള പ്രധാന ഊർജ്ജ സ്രോതസ്സ് വൈദ്യുതിയാണ്. ജൈവോർജ്ജവും സൗരോർജ്ജവും പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ഒരു പ്രവർത്തനവും കാര്യക്ഷമമായി നടക്കുന്നില്ല. പാടം ഉഴുതു മറിക്കുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് ട്രാക്ടറുകളും പവ്വർടില്ലറുമാണ്. ജൈവവള പ്രയോഗം വ്യാപകമായിട്ടില്ല. കാർഷിക മേഖലയിൽ കന്നുകാലികളുടെ പങ്കാളിത്തം തുലോം കുറവാണ്.

വാണിജ്യരംഗത്തെ ഊർജ്ജോപഭോഗത്തിന്റെ മുഖ്യപങ്കു നിറവേറ്റുന്നത് വൈദ്യുതിയാണ്. ഹോട്ടലുകൾ പോലുള്ള വാണിജ്യ സ്ഥാപനങ്ങളിൽ പ്രധാനമായും ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. പാചക വാതകവും മണ്ണെണ്ണയും ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. മുളന്തുരുത്തി പഞ്ചായത്തിലെ ചുരുക്കം ചില ഹോട്ടലുകളിൽ മാത്രമെ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചിട്ടുള്ളൂ.

വ്യാവസായരംഗം നിലനിൽക്കുന്നത് പ്രധാനമായും വൈദ്യുതിയെ ആശ്രയിച്ചാണ്. ചുരുക്കം ചില സ്ഥാപനങ്ങൾ ജനറേറ്ററുകൾകൂടി ഉപയോഗിക്കുന്നുണ്ട്. വ്യവസായ മേഖലകളിലെ ജൈവദ്രവ്യാശ്രിതത്വം വളരെ കുറവാണ്. ഈ മേഖലയിലെ പ്രധാന ഊർജ്ജസ്രോതസ്സുകൾ വൈദ്യുതി, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയാണ്.

## ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യത

ഗാർഹിക മേഖലയിലെ ഊർജ്ജാവശ്യത്തിന്റെ ഏറിയ പങ്കും നിറവേറ്റുന്നത് പ്രധാനമായും ജൈവോത്പന്നങ്ങളാണ്. ഇവ മിക്കവാറും കുടുംബങ്ങളും ശേഖരിക്കുകയാണ് പതിവ്. സമീപത്തുള്ള റബ്ബർ തോട്ടങ്ങളിൽനിന്നും തെങ്ങിൻ തോപ്പുകളിൽനിന്നുമൊക്കെയാണ് വിറക് ശേഖരിക്കുന്നത്. 500 മീറ്റർ ദൂരത്തോളം വിറക് ശേഖരണത്തിനുവേണ്ടി സഞ്ചരിക്കേണ്ടിവരുന്നുണ്ട്. വിറക് ശേഖരണത്തിൽ ഏർപ്പെടുന്നത് പ്രധാനമായും സ്ത്രീകളും കുട്ടികളുമാണ്. രണ്ട് മണിക്കൂറിലേറെ വിറക് ശേഖരിക്കുന്നതിന് വേണ്ടി ദിവസവും ചിലവഴിക്കുന്നുണ്ട്. വിറക് ശേഖരിക്കാൻ സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ വിറക്‌വിലകൊടുത്ത് വാങ്ങുകയാണ് ചെയ്യുന്നത്. പഞ്ചായത്തിലെ മണ്ണെണ്ണയുടെ 95% ആവശ്യവും നിറവേറ്റുന്നത് റേഷൻകട വഴിയാണ്. 1700 ലിറ്റർ ആണ് പഞ്ചായത്തിലെ പ്രതിമാസ ശരാശരി മണ്ണെണ്ണ ഡിമാന്റ്.

## ഊർജ്ജസ്രോതസ്സിന്റെ ചേരുവയിൽ വന്ന മാറ്റങ്ങൾ

ഊർജ്ജ സ്രോതസ്സുകളുടെ ചേരുവയിൽ പ്രകടമായ മാറ്റം പഞ്ചായത്തിൽ ദൃശ്യമാണ്. പാചക ഇന്ധനത്തിന്റെ മുഖ്യപങ്കും വിറകാണെങ്കിലും പാചക വാതകവും, മണ്ണെണ്ണയും വ്യാപകമാണ്. 1994-ൽ IREP ഓഫീസ് മുളന്തുരുത്തിയിൽ സ്ഥാപിച്ചതോടുകൂടി സൗരോർജ്ജത്തെ പ്രയോജനപ്പെടുത്തുന്ന സൗരഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. IREP ഓഫീസ് വഴി പഞ്ചായത്തിൽ അമ്പതിലേറെ സൂര്യറാന്തലുകൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ 10-ൽ താഴെ കുടുംബങ്ങൾ ബയോഗ്യാസ് പ്രയോജനപ്പെടുത്തി ആഹാരം പാകം ചെയ്യുന്നുണ്ട്. ജൈവോർജ്ജം വെള്ളം പമ്പുചെയ്യാനും, പ്രകാശത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്.

## പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം

പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടേയും ഊർജ്ജം ലാഭിക്കുന്ന തരത്തിലുള്ള ഉപകരണങ്ങളുടേയും പ്രചാരണം പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. വൈദ്യുതി ലാഭിക്കുന്ന ഫ്ളൂറസന്റ് ലാമ്പുകൾ, ഇലക്ട്രോണിക് ചോക്ക്, ഘർഷണരഹിത ഫുട്ട്‌വാൽവുകൾ എന്നിവയും സൂര്യറാന്തലുകൾ, സോളാർകുക്കർ, സോളാർ വാട്ടർ പമ്പ് തുടങ്ങിയ സോളാർ ഉപകരണങ്ങളും അനെർട്ട് വഴി പഞ്ചായത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഉപയോഗിക്കുന്നത് വൈദ്യുതി ഉപഭോഗം വളരെയധികം ഉയർത്തുന്ന സാധാരണ ബൾബുകളാണ്. ഇവയ്ക്കു പകരമായി ട്യൂബുകൾ വാങ്ങി ഉപയോഗിച്ചാൽ വൈദ്യുതിയുടെ ഉപയോഗം പകുതിയിൽ കൂടുതൽ കുറയ്ക്കാനാകും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഇനിയും വൈദ്യുതിയെത്താത്ത പ്രദേശങ്ങൾ ഉണ്ട്. പ്രധാനമായും ഇഞ്ചിമല 14 സെന്റ് കോളനിയുടെ വടക്കുഭാഗം, വേഴപ്പറമ്പ് അങ്കണവാടി പരിസരത്തുള്ള വേഴപ്പറമ്പ് കോളനി, പാടത്തുകാവ്, മാന്തുരുത്തേൽ, കാളകുത്തിറോഡ് പ്രദേശം, പെരുമ്പിള്ളി തീപ്പെട്ടിക്കമ്പനിയുടെ മുൻവശത്തെ പാടപ്രദേശം, ചാലിമല, കാവുംമുകൾ, കൊച്ചുമല, കാവുംമുകൾ അംബേദ്കർ കോളനി, മരങ്ങാട്ടിൽ പ്രദേശം, ചെറുമഞ്ചിറ പുഞ്ചപ്പാടം, മയിലെല്ലാക്കുഴി, ഗാന്ധിജയന്തി റോഡ്, അങ്ങേത്തുമുകൾ, മനയ്ക്കപ്പടിയ്ക്ക് കിഴക്കുവശം, വെട്ടിക്കുളത്തിന് വടക്ക്ഭാഗം, കല്പന, കുന്ന

പ്പിള്ളി പ്രദേശം, ഓലിക്കുരിശ്ശ്, കാഞ്ഞിരിയ്ക്കാപ്പിള്ളി, കടുനമറ്റം.

2.പഞ്ചായത്തിൽ മിക്കവാറും വാർഡുകളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

3.വൈദ്യുതി വിതരണത്തിന്റെ കാര്യക്ഷമതയില്ലായ്മ

4. വിറകിന്റെ ദൗർലഭ്യം, അനിയന്ത്രിതമായ വിലക്കയറ്റവും ഗാർഹിക ഇന്ധനരംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്.

5. ബയോഗ്യാസ് പ്ലാന്റുകൾ പരിരക്ഷിക്കുന്നതിലുള്ള ബുദ്ധിമുട്ടും വലിയ മുതൽമുടക്കും ഇത്തരം പ്ലാന്റുകൾ ആരംഭിക്കുന്നതിന് പ്രധാന തടസമാണ്.

6. നിലവിലുള്ള ഭൂരിഭാഗം തെരുവുവിളക്കുകളും കത്തുന്നില്ല.

### സാധ്യതകൾ:

1. ക്ഷമതകൂടിയ മെച്ചപ്പെട്ടതരം വിറക് അടുപ്പ് പ്രചരിപ്പിക്കുന്നതിനുള്ളപരിപാടികൾ ആവിഷ്കരിക്കുക.

2. പ്രഷർകുക്കർ, മണ്ണെണ്ണസ്റ്റൗ, കമ്പിപ്പെട്ടി തുടങ്ങിയ ഇന്ധനം ലാഭിക്കുന്ന ഉപകരണങ്ങൾ എല്ലാവീടുകൾക്കും ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

3. വിറകുത്പാദനം വർധിപ്പിക്കാനുതകുന്ന വിധത്തിൽ സാമൂഹ്യവനവൽക്കരണ പരിപാടി കാര്യക്ഷമമാക്കുക.

4. വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

5. സൗരോർജ ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

6. വൈദ്യുതി ലാഭിക്കുന്ന ഉപകരണങ്ങൾ സബ്സിഡി സ്കീമിൽ ലഭ്യമാക്കുക.

7. സൗരോർജ്ജത്തെ പ്രയോജനപ്പെടുത്താവുന്ന സാധ്യതകൾ ആരായുക

8. കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പരിപാടികൾ തയ്യാറാക്കുക.

9. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു ഊർജ്ജാസൂത്രണ പരിപാടി വിഭാവനം ചെയ്യുക.

# ഭവന നിർമാണവും സാമൂഹ്യ ക്ഷേമവും

പഞ്ചായത്തിൽ ആകെ 6313 വീടുകളാണുള്ളത്. ഇതിൽ അഞ്ച് ശതമാനത്തോളം കുടിലുകളാണ്. കൂടുതൽ വീടുകളും ഓട് മേഞ്ഞതാണ്. ഏതാണ്ട് 700-ഓളം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കേണ്ട അവസ്ഥയാണുള്ളത്. കൂടുതൽ പേരും സ്വന്തമായി വീടുണ്ടാക്കാൻ കഴിയാത്തവരാണ്. കുടിലുകളിൽ താമസിക്കുന്നവർ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരാണ്. മുളന്തുരുത്തിയിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി പ്രവർത്തിക്കുന്നു. 1972-ലാണ് ഇത് സ്ഥാപിച്ചത്. ആകെ 255 ഓഹരിയുടമകളാണുള്ളത്. പരമാവധി 5 ലക്ഷം രൂപവരെ വായ്പ സഹായം കൊടുക്കുന്നുണ്ട്.

നിലവിൽ പതിനഞ്ച് അംഗീകൃതകോളനികളാണുള്ളത്. കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ അപര്യാപ്തമാണ്. ലക്ഷം വീട് കോളനികളിലെ കെട്ടിടങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. നാല്, അഞ്ച്, ആറ്, ഏഴ് വാർഡുകളിൽ ഇനിയും കോളനികൾ ആവശ്യമായുണ്ട്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ നിർമിക്കുന്ന കെട്ടിടങ്ങൾ ഭൂരിഭാഗവും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ചെലവ് കുറഞ്ഞ വീടുകൾ നിർമിക്കുന്നതിനുള്ള സമ്പ്രദായം ഇവിടെ നിലവിലില്ല. ടൗണിനോട് ചേർന്നാണ് പുതിയ വീടുകൾ കൂടുതലും നിർമിക്കുന്നത്. പാടങ്ങൾ നികത്തി വീടുപണിയുന്ന രീതി വ്യാപകമായി നിലനിൽക്കുന്നു. കെട്ടിടനിർമാണ സാമഗ്രികൾ ആവശ്യത്തിന് ലഭിക്കുന്നില്ല. പഞ്ചായത്തിൽ ഇഷ്ടിക നിർമാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജൈവവേലികൾ പ്രചാരത്തിലില്ല.

കെട്ടിടനിർമാണ തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകൃതമല്ല. ഈ വിഭാഗത്തിലെ തൊഴിലാളികളുടെ അന്തസ്സും മാന്യതയും വർദ്ധിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടെ തൊഴിൽവൈദഗ്ധ്യം കാലാന്തരത്തിൽ കുറഞ്ഞു വരുന്നതായി കാണുന്നു.

### പ്രശ്നങ്ങൾ

1. കെട്ടിടനിർമാണ സാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റവും ഭൂമിയുടെ ദൗർലഭ്യവും നിലനിൽക്കുന്നു.

2. ഭവന നിർമാണത്തിന് വായ്പ ലഭിക്കാനുള്ള സാധ്യതകൾ കുറവാണ്

3. വൈദഗ്ധ്യമുള്ള തൊഴിലാളികൾ കുറവാണ്.

4. വിശാലകൊച്ചി വികസനഅതോറിറ്റിയിൽ നിന്നുള്ള വായ്പകൾക്ക് അമിതമായ പലിശയാണ്.

5. കോളനികളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

6. നിലവിലുള്ള ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

### നിർദ്ദേശങ്ങളും സാധ്യതകളും

1. നിലവിലുള്ള ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ഭവന നിർമ്മാണ രംഗത്ത് മുന്നേറ്റം ഉണ്ടാക്കുക.

2. കെട്ടിട നിർമാണ സാമഗ്രികളുടെ വിതരണം പഞ്ചായത്തടിസ്ഥാനത്തിൽ നടത്തി വിലനിലവാരം പിടിച്ചു നിർത്താനാവുന്നതാണ്.

3. ചെലവ് കുറഞ്ഞ വീടുകൾ നിർമിക്കുന്ന ഏജൻസികളുടെ യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ടാക്കുക.

4. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്തുന്ന തൊഴിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.

5. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള ഭവന നിർമാണ പദ്ധതികൾ നടപ്പിലാക്കുക.

6 ആഡംബര രീതിയിൽ വീട് നിർമിക്കുന്നവർക്ക് വർദ്ധിച്ച നിരക്കിൽ നികുതി ചുമത്തുക.

7.പരമ്പരാഗത വാസ്തുശില്പ മാതൃകകളിലുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുക.

8. കെട്ടിട മെയിന്റനൻസിനു വേണ്ടിയുള്ള സർവീസ് സംഘങ്ങൾ ആരംഭിക്കുക

9. നിലവിലുള്ള കോളനികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക

10 പുതിയ ആസൂത്രിത കോളനികൾ പശ്ചാത്തല സൗകര്യങ്ങളോടു കൂടി നിർമിക്കുക.

11. ചുറ്റുമതിലുകൾക്ക് പകരം ഭംഗിയുള്ള ചെടികൾ പിടിപ്പിച്ച് വേലികൾ സൃഷ്ടിക്കുന്നതിന് ബോധവത്ക്കരണം നടത്തുക.

### സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ ഐ.ആർ.ഡി.പി. സെൻസസ് പ്രകാരം 1591 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഇവയിൽ 85 കുടുംബങ്ങൾ പട്ടിക ജാതി വിഭാഗത്തിൽപെടുന്നു. എട്ടാം പദ്ധതിക്കാലത്ത് ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങൾ 215 ആണ്. 20 – ഓളം പേർക്ക് ട്രൈസം തൊഴിൽ പരിശീലനം നൽകിയെങ്കിലും ആരും സ്വയം തൊഴിൽ കണ്ടെത്തിയിട്ടില്ല. ട്രൈസം തൊഴിൽ പരിശീലനം മൂലം തൊഴിൽ മേഖലകളിൽ വൈദഗ്ധ്യം ലഭിക്കാത്തതാണ് ഇതിന് കാരണം. ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ 34 അംഗങ്ങളുണ്ട്. വാർദ്ധക്യകാല

പെൻഷൻ, വികലാംഗപെൻഷൻ, വിധവാപെൻഷൻ കർഷക

തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മവേതനം, എന്നിവ നട പ്പിലാക്കിയിട്ടുണ്ടെങ്കിലും അർഹതയുള്ള പലർക്കും ലഭിക്കുന്നില്ല. മേൽ

പ്പറഞ്ഞ ക്ഷേമപരിപാടികളെ കുറിച്ച് ജനങ്ങൾക്ക് ബോധവ ത്കരണം നടത്തേണ്ടതായുണ്ട്.

പഞ്ചായത്തിൽ 18 അങ്കണവാടികളുണ്ട്. ഇവയുടെ ഭൗതിക സാഹചര്യങ്ങൾ മോശമാണ്. അങ്കണവാടികൾക്ക് സ്ഥലവും കെട്ടി ടവും ഉണ്ടാകേണ്ടതായിട്ടുണ്ട്. മിക്ക അങ്കണവാടികളിലും കളിപ്പാട്ട ങ്ങൾ വേണ്ടത്രയില്ല. പഞ്ചായത്തിൽ രണ്ട് മഹിളാസമാജങ്ങളും ഒരു മഹിളാ സ്വസ്തം ഉണ്ട്. ഇവയുടെ പ്രവർത്തനം ഒട്ടുംതന്നെ കാര്യക്ഷമമല്ല.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബ ങ്ങൾക്കു മാത്രമെ പ്രയോജനപ്പെടുന്നുള്ളു.

2. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവ രിൽ അനർഹരായ കുടുംബങ്ങളുമുണ്ട്. ഇതുമൂലം അർഹരായ വർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു.

3. അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും ഐ.ആർ.ഡി.പി. പദ്ധതികളിൽ നിലനിൽക്കുന്നു.

4. ക്ഷേമപദ്ധതികളുടെ വിവരങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

5. ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകപ്പെടുന്നില്ല.

6. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മോശമാണ്.

7. തൊഴിൽ പരിശീലന പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റ് പരിശോധിച്ച് ആനുകൂല്യ ങ്ങൾ, അർഹരായവർക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരി ക്കുക.

2. വനിതകൾക്കായി ഇരുപതോളം ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുക.

3. ട്രൈസം തൊഴിൽ പരിശീലനം കാര്യക്ഷമമാക്കുകയും പുതിയ തൊഴിൽ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.

4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്ന തിനും

ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പഞ്ചായത്ത് തല ത്തിൽ ഒരു ജനകീയ സമിതിരൂപീകരിക്കുക.

5. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടു ത്തുകയും എല്ലാ വാർഡുകളിലും അങ്കണവാടികൾ സ്ഥാപിക്കു കയും ചെയ്യുക.

6. എല്ലാവാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് പോഷ കാഹാര പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

7. വനിതകൾക്ക് സ്വയംതൊഴിൽ ലഭിക്കുന്നതിന് സഹകരണാ ടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുക.

## പൊതു വിതരണ സമ്പ്രദായം

കേരളത്തിൽ നിത്യോപയോഗ സാദനങ്ങളുടെ വിലനിലവാരം ഉയരാതെ പിടിച്ചു നിർത്തുന്നതിന്റെ മുഖ്യ കാരണം നമ്മുടെ പൊതു വിതരണ സമ്പ്രദായത്തിന്റെ മികച്ച പ്രവർത്തനമാണ്. 1965-ലാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻസമ്പ്രദായം ആരംഭി ച്ചത്. എന്നാൽ എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻകട കൾ വഴി വിതരണം ചെയ്യുന്നില്ല. ഇത് മൂലം വിലക്കയറ്റം അനുഭവ പ്പെടാറുണ്ട്. ഇതിന് പരിഹാരമായാണ് 1980-കളിൽ മാവേലി സ്റ്റോർ കേരളത്തിൽ ആരംഭിച്ചത്. ഇത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ഉയരാതെ പിടിച്ചുനിർത്തുന്നു.

നമ്മുടെ പഞ്ചായത്തതിർത്തിക്കുള്ളിൽ പത്തോളം റേഷൻ കട കളും ഒരു മാവേലിസ്റ്റോറും നിലവിലുണ്ട്. കൂടാതെ, മുളന്തുരുത്തി സൊസൈറ്റിയുടെ ഒരു ജൗളിക്കട, ഒരു വളം ഡിപ്പോ എന്നിവയും നിലവിലുണ്ട്. ഓണക്കാലങ്ങളിൽ ഓണചന്തകളും നടത്താറുണ്ട്.

## പ്രശ്നങ്ങൾ

1. റേഷൻ കടകൾ വഴി രണ്ടു തരം അരി വിതരണം ചെയ്യുന്നത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. വിലകുറച്ച് വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം മോശമാണ്.

2. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ യഥാ സമയം ലഭിക്കുന്നില്ല.

3. പഞ്ചായത്തിൽ ആവശ്യത്തിന് മാവേലി സ്റ്റോറുകൾ ഇല്ല. നിലവിലുള്ള മാവേലിസ്റ്റോർ വഴി എല്ലാ സാധനങ്ങളും ആവശ്യ ത്തിന് ലഭിക്കുന്നില്ല.

4. റേഷൻ കടകൾ വഴി സാധനങ്ങൾ അനർഹരായവർക്ക് ലഭി ക്കുന്നു.

## നിർദ്ദേശങ്ങളും സാധ്യകളും

1. റേഷൻ കടകൾ വഴി ഗുണനിലവാരമുള്ള ഒരേതരം അരി വിതരണം ചെയ്യുക.

2. റേഷൻകടകൾ വഴി നിത്യോപയോഗ സാധനങ്ങൾ കൃത്യ മായി വിതരണം നടത്തുക.

3. റേഷൻകടകൾ വഴി അർഹരായവർക്ക് മാത്രം സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

4. റേഷൻ ഷാപ്പുകളുടെ വരവ് ചിലവ് കണക്കുകൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുക.

5. പഞ്ചായത്തിൽ ആവശ്യത്തിന് മാവേലി സ്റ്റോറുകൾ ആരംഭി ക്കുക. നിലവിലുള്ള മാവേലി സ്റ്റോറിൽ ആവശ്യമുള്ള നിത്യോപ യോഗസാധനങ്ങൾ ലഭ്യമാക്കുക.

6. സഹകരണ മേഖലയിൽ കാർഷിക ഉത്പന്നങ്ങൾ ശേഖ രിച്ച് വിപണനം നടത്തുക.

# സംസ്കാരം

ഓരോ പ്രദേശത്തിന്റെയും സാംസ്കാരികമായ വളർച്ച അവി ടുത്തെ ജനതയുടെ ജീവിതനിലവാരം, ആചാരാനുഷ്ഠാനങ്ങൾ, കലാപരമായ മികവ്, ധാർമികമൂല്യങ്ങൾ എന്നിവയുമായി ബന്ധ പ്പെട്ടുകിടക്കുന്നു. മുളന്തുരുത്തിയിലെ സാംസ്കാരിക പ്രസ്ഥാന ങ്ങൾക്ക് ഏറെ പഴക്കമുണ്ട്. ഹിന്ദുക്കളും ക്രൈസ്തവരും മതസൗ ഹാർദത്തോടെ വസിക്കുന്ന പ്രദേശമാണിത്. ഹിന്ദുക്കളിൽ പതി നഞ്ച് ശതമാനത്തോളം പട്ടികജാതി വിഭാഗത്തിൽപെടുന്നു. സ്വാത ന്ത്ര്യത്തിനുമുൻപ് അയിത്തം തുടങ്ങിയ അനാചാരങ്ങൾ നിലനി ന്നിരുന്നു. എങ്കിലും വളരെമുമ്പ് തന്നെ പട്ടികജാതിക്കാർ പൂജനട ത്തിവരുന്ന ഒരു ക്ഷേത്രവും നമ്മുടെ പഞ്ചായത്തിലുണ്ട്. ക്രിസ്ത്യ മതവിശ്വാസികൾ ഭക്ത്യാദരപൂർവം സ്മരിക്കുന്ന ചാത്തുരുത്തി തിരുമേനിയുടെ ജന്മസ്ഥലവും മുളന്തുരുത്തിയാണ്.

നാട്ടിലെ കലാകാരൻമാരെ സംഘടിപ്പിച്ചുകൊണ്ട് ചെറുനാടക സംഘങ്ങൾ ഇവിടെയുണ്ടായിരുന്നു. സംസ്കൃതനാടകങ്ങളും സാമൂ ഹ്യനാടകങ്ങളും ഈ സംഘങ്ങൾ അവതരിപ്പിച്ചുവന്നു. ജാതിഭേദം കലാപ്രവർത്തനങ്ങളെ ബാധിച്ചിരുന്നില്ല. ഇതേ കാലഘട്ട ത്തിൽതന്നെ ക്രിസ്ത്യൻചരിത്രവുമായി ബന്ധപ്പെട്ട ജനോവ നാട കങ്ങൾ (ചവിട്ടുനാടകങ്ങൾ) അവതരിപ്പിച്ചിരുന്നു. കർഷകതൊഴി

ലാളികളുടെ പണിയിടങ്ങളിലെ ഞാറ്റുപാട്ട്, കൊയ്ത്ത് പാട്ട്, തേക്ക്പാട്ട് എന്നിങ്ങനെയുള്ള നാടൻപാട്ടുകളും പ്രചാരത്തിലുണ്ടായിരുന്നു.

കേരളത്തിന്റെ സാംസ്കാരിക വളർച്ചയിൽ ഗണനീയസ്ഥാനം വഹിച്ചവയാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. 1934-ൽ ആരംഭിച്ച മുളന്തുരുത്തി പബ്ലിക് ലൈബ്രറി ഇന്നും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. 460 അംഗങ്ങളും 11,800 പുസ്തകങ്ങളും ഇന്നുണ്ട്. ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പതിവായി വരുത്തുന്നുണ്ട്. ടി.വി. സെറ്റും സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ പഞ്ചായത്തിൽ മൂന്നു വായനശാലകൾ കൂടിയുണ്ട്. ഈ വായനശാലകൾക്ക് വേണ്ടത്ര ഭൗതികസൗകര്യങ്ങൾ ഇല്ല. പഞ്ചായത്തിൽ കൂടുതൽ പ്രചാരത്തിലുള്ള ദിനപത്രങ്ങൾ മാതൃഭൂമിയും മലയാള മനോരമയും ആണ്.

സാക്ഷരതാ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ആകെയുണ്ടായിരുന്ന 1400 നിരക്ഷരരിൽ 900 പേരെ സാക്ഷരരാക്കി മാറ്റിയെടുക്കുന്നതിന് സാധിച്ചു. തുടർസാക്ഷരതാ പ്രസ്ഥാനത്തിന്റെ അഭാവം ഈ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ എട്ട് ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബുകൾ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വാർഷികാഘോഷങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. കൂടാതെ, കലാ-സാംസ്കാരികസമിതി മുളന്തുരുത്തി, ചിങ്ങം കലാസാംസ്കാരികവേദി, തപസ്യ കലാവേദി എന്നീ സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

YMCA, വൈസ്മെൻ, മുളന്തുരുത്തി സിറ്റിസൺ ഫോറം എന്നീ സംഘടനകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രണ്ട് നാടകസംഘങ്ങളുടെ പ്രവർത്തനം ഇന്ന് നിലവിലുണ്ട്.

പഞ്ചായത്ത് വടുക്കുന്നിൽ ഒരു സാംസ്കാരികനിലയം നിർമിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. രണ്ട്, നാല് എട്ട് എന്നീ വാർഡുകളിലൊഴികെ എല്ലാ വാർഡുകളിലും പൊതു ടെലിവിഷൻ സൗകര്യം നിലവിലുണ്ട്.

പഞ്ചായത്തിന് തനതായ ഒരു കായികസംസ്കാരമുണ്ട്. വളരെ കാലമായി പ്രചാരത്തിലുള്ള ഒരു കായിക വിനോദമാണ് 'നാടൻ പന്തുകളി'. പഞ്ചായത്തിന് പുറത്തുള്ള ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് മുളന്തുരുത്തി ഗവ. ഹൈസ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ നാടൻ പന്തുകളി മത്സരം എല്ലാവർഷവും മുളന്തുരുത്തിയിൽ നടത്തിവരുന്നുണ്ട്.

പഞ്ചായത്തതിർത്തിക്കുള്ളിൽ പതിനെട്ട് ഹൈന്ദവക്ഷേത്രങ്ങളും പന്ത്രണ്ട് ക്രിസ്ത്യൻ ദേവാലയങ്ങളും നിലവിലുണ്ട്. മിക്ക ക്ഷേത്രങ്ങളും പള്ളികളും നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നടത്തുന്നു. ഉത്സവങ്ങളിലും പെരുന്നാളുകളിലും എല്ലാ വിഭാഗക്കാരും പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നു. മുടിയേറ്റ്, കളമെഴുത്ത്പാട്ട്, തീയാട്ടം, തൂക്കം എന്നീ ക്ഷേത്രകലകൾ ഇവിടെ പ്രചാരത്തിലുള്ളവയാണ്. മുളന്തുരുത്തി പള്ളിയിലെ ജൂബിലി പെരുന്നാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലൂടെയും കടന്നുപോവുകയും മുളന്തുരുത്തിയിലെ ഒരു സാംസ്കാരിക ഘോഷയാത്രയായി മാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓണാഘോഷ സാംസ്കാരിക ഘോഷയാത്ര, ശ്രീനാരായണ ഗുരുജയന്തി ഘോഷയാത്ര, ഓഗസ്റ്റ് പതിനഞ്ചിന്റെ വാഹനഘോഷയാത്ര, ശ്രീകൃഷ്ണജയന്തി ആഘോഷം എന്നിവയും പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നടത്താറുണ്ട്. പെരുമ്പിള്ളി പള്ളിയിലെ കോഴി നേർച്ചയും വെട്ടിയ്ക്കൽ ദയറാ പള്ളിയിലെ മാറ്റക്കച്ചവടവും വളരെകാലമായി തുടർന്നുപോരുന്ന ആചാരങ്ങളാണ്. പാമ്പ്ര ശിവക്ഷേത്രത്തിലെ തിരുവാതിരയൂട്ടും ഓമല്ലൂർ തീർഥയാത്രക്ക് പുളിക്കമാലിയിൽ കൊടുക്കുന്ന സ്വീകരണവും സമൂഹസദ്യയും എടുത്തു പറയേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ധനസഹായം കുറവാണ്.

2. എല്ലാ വാർഡുകളിലും വായനശാലകൾ ഇല്ല.

3. ഗ്രന്ഥശാലകളിലും വായനശാലകളിലും സ്ത്രീകളുടെ അംഗത്വം കുറവാണ്.

4. നിലവിലുള്ള സാംസ്കാരിക നിലയം ഉദ്ഘാടനത്തിനുശേഷം പ്രവർത്തിക്കുന്നില്ല.

5. കലാ-കായിക സമിതികൾക്ക് ധനസഹായം ലഭ്യമല്ല.

6. കായിക വിനോദത്തിന് മുളന്തുരുത്തി, ആരക്കുന്നം, പെരുമ്പിള്ളി എന്നിവിടങ്ങളിലുള്ള ഗ്രൗണ്ടുകൾ നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.

## നിർദേശങ്ങളും സാധ്യതകളും

1. സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സാംസ്കാരിക സമിതി രൂപീകരിക്കുക.

2. ഗ്രാമോത്സവം, കേരളോത്സവം എന്നിവ മേൽപറഞ്ഞ സമിതിയുടെ നേതൃത്വത്തിൽ നടത്തുകയും വേണ്ട പ്രോത്സാഹന പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യുക. കലാ-കായിക മത്സരങ്ങൾ പ്രാഥമികമായി വാർഡുകളിൽ നടത്തുകയും തെരഞ്ഞെടുക്കപ്പെട്ടവരെ പഞ്ചായത്ത് തലത്തിൽ മത്സരിപ്പിക്കുകയും ചെയ്യുക.

3. മുളന്തുരുത്തി ലൈബ്രറിയുടെ വികസനവും നവീകരണവും ഉറപ്പുവരുത്തുക.

4. നിലവിലുള്ള സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങുകയും കൂടുതൽ സാംസ്കാരിക കേന്ദ്രങ്ങൾ തുറക്കുകയും ചെയ്യുക.

5. എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക.

6. ഗ്രാമീണ പുസ്തവിതരണ പദ്ധതി നടപ്പിലാക്കുക.

7. മഹിളാസംഘങ്ങളുമായി ചേർന്ന് വായനശാലകൾ ആരംഭിച്ച് സ്ത്രീകളുടെ വായനാശീലം വർധിപ്പിക്കുക.

8. നിലവിലുള്ള ഗ്രൗണ്ടുകൾ സംരക്ഷിക്കുകയും 'നാടൻപന്തുകളി' പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

9. ഓണാഘോഷയാത്ര പഞ്ചായത്ത് മുൻകൈയെടുത്ത് ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുക.

10. സാഹിത്യ സെമിനാറുകൾ, കവിയരങ്ങുകൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ എന്നിവ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക. കയ്യെഴുത്തു മാസികകൾ, ചിത്രരചനാ മത്സരങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

11. ഫിലിം സൊസൈറ്റി രൂപീകരിച്ച് നിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കുക.

12. ഐതിഹ്യങ്ങളും നാടൻപാട്ടുകളും പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് സംരക്ഷിക്കുക. കൂടാതെ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് കലാസമിതികൾക്ക് ധനസഹായം നൽകുക.

13. ടെലിവിഷന്റെ അതിപ്രസരം തടയാൻ ബോധവത്ക്കരണം നടത്തുക. കൂടുതൽ വിദ്യാഭ്യാസ പരിപാടികൾ പ്രക്ഷേപണം ചെയ്യുക.

14. ശാസ്ത്രീയ സംഗീതം, ശാസ്ത്രീയനൃത്തം എന്നിവ അഭ്യസിപ്പിക്കുന്നതിന് സൗകര്യമേർപ്പെടുത്തുക.

## വനിതാക്ഷേമം

കേരളത്തിലെ മറ്റു ഭാഗങ്ങളിലേതുപോലെ തന്നെ പഞ്ചായത്തിലെ വനിതകളും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലായിരുന്നു. മരുമക്കത്തായം നിലനിന്നിരുന്ന നായർ തറവാടുകളിൽ വനിതകൾക്ക് താരതമ്യേന മെച്ചപ്പെട്ട സ്ഥാനം ലഭിച്ചിരുന്നു. നമ്പൂതിരി ഗൃഹങ്ങളിലെ അന്തർജനങ്ങൾ ഇല്ലങ്ങളിലും ക്ഷേത്രങ്ങളിലുമായി ഒതുങ്ങിക്കഴിഞ്ഞിരുന്നു. പിന്നോക്ക ജാതിക്കാരിലെ വനിതകൾ ഭൂവുടമകളുടെ കൃഷിയിടങ്ങളിൽ കൂലിപ്പണിക്കാരായിരുന്നു. ഈ വിഭാഗങ്ങളിലെ വനിതകൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല.

നായർ-ക്രിസ്ത്യൻ സമുദായത്തിലെ പെൺകുട്ടികൾ എഴുത്തുപള്ളിക്കൂടങ്ങളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നു. ക്രിസ്ത്യൻ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻഗണന നൽകുന്നതിനായി മുളന്തുരുത്തി ചർച്ച് ഗേൾസ് ലോവർ പ്രൈമറി സ്കൂൾ തുടങ്ങി. മറ്റു സമുദായങ്ങളിലെ പെൺകുട്ടികൾക്കും ഇവിടെ പ്രവേശനം നൽകിയിരുന്നു. ആദ്യകാലങ്ങളിൽ സ്ത്രീകൾ മാറുമറിച്ചിരുന്നില്ല. പിന്നീട് മുലക്കച്ച ധരിക്കുകയും കാലാന്തരത്തിൽ ബ്ലൗസ് ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു.

പഞ്ചായത്തിലെ അഞ്ഞൂറോളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളതാണ്. വനിതാനേതൃത്വത്തിലുള്ള രണ്ട് മഹിളാ സമാജങ്ങളും ഒരു മഹിളാസ്വസ്തും നിലവിലുണ്ട്. സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഖാദി യൂണിറ്റുകളും തീപ്പെട്ടികമ്പനികളും. പെൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലവിലില്ല. പക്ഷേ, സ്കൂളിലും കോളേജുകളിലും പോകുന്നവരിൽ പെൺകുട്ടികൾക്കാണ് മുൻതൂക്കം.

വനിതകളുടെ പ്രധാന തൊഴിൽമേഖല കൃഷി, കെട്ടിടനിർമാണം എന്നിവയാണ്. റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും സാധനങ്ങൾ വാങ്ങാൻ വരുന്നവരിൽ അധികവും സ്ത്രീകളാണ്. ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലും സ്ത്രീകളാണധികവും. പഞ്ചായത്ത് പരിധിയിൽ 18 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 141 ഗർഭിണികൾക്ക് ഇവയുടെ പ്രയോജനം കഴിഞ്ഞ വർഷത്തിൽ ലഭിച്ചിരുന്നു.

## പ്രശ്നങ്ങൾ

1. എല്ലാ മേഖലകളിലും കൂലിയുടെ കാര്യത്തിൽ ഇപ്പോഴും സ്ത്രീ-പുരുഷ അന്തരം കൂടുതലാണ്.
2. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ വളരെ കുറവാണ്.
3. തൊഴിൽ ശാലകളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രത്യേകം മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത അവസ്ഥയുണ്ട്.
4. ബഹുജനസംഘടനകളിൽ വനിതാപങ്കാളിത്തം വളരെ കുറവാണ്. ഇത്തരം വേദികളിൽ സ്ത്രീകളുടെ അഭിപ്രായത്തിന് വേണ്ടത്ര അംഗീകാരം ലഭിക്കാത്തതാണ് ഇതിന് കാരണം. ഗൃഹജോലികളുടെ ആധിക്യം, ബോധവത്കരണത്തിന്റെ അഭാവം എന്നിവയും ചൂണ്ടിക്കാണിക്കപ്പെടേണ്ടതാണ്.
5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
6. ക്രെഷ് ഉള്ള സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല.
7. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ കൂടുതലും സ്ത്രീകളാണ്.
8. പുരുഷന്മാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്.
9. സ്ത്രീധന പീഡനങ്ങൾ കുറവാണെങ്കിലും സമാനസ്വഭാവമുള്ള ദുരിതമനുഭവിക്കുന്ന സ്ത്രീകളുണ്ട്.
10. അശ്ലീല പോസ്റ്ററുകളും മറ്റും ചുരുക്കമായി കാണാറുണ്ട്.
11. DWCRC വഴി നടത്തുന്ന പദ്ധതികൾ അശാസ്ത്രീയമായ ആസൂത്രണം വഴി പലപ്പോഴും പരാജയത്തിൽ കലാശിക്കുന്നു.

## നിർദേശങ്ങൾ

1. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ക്ഷേമത്തിനായി അങ്കണവാടികളുടെ എണ്ണം കൂട്ടുകയും അവയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

2. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

3. പരമ്പരാഗത വ്യവസായങ്ങളെ ഉദ്ധരിക്കുകയും കൂടുതലായി ആരംഭിക്കുകയും ചെയ്യുക.

4. ഹെൽത്ത് സെന്ററുകളുടെയും കുടുംബക്ഷേമകേന്ദ്രങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.

5. വിധവകൾക്കും അശരണർക്കും ആവശ്യമായ ക്ഷേമപ്രവർത്തനം നടത്തുക.

6. മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ പ്രദേശത്തും എത്തിക്കുക. ഒരു വീട്ടിൽനിന്നും ഒരാളെങ്കിലും അതിൽ അംഗമാണെന്ന് ഉറപ്പുവരുത്തുക.

7. സ്ത്രീകൾക്കുവേണ്ടി പ്രത്യേക ബോധവത്കരണക്ലാസുകളും ആരോഗ്യക്ലാസുകളും സംഘടിപ്പിക്കുക.

8. ഗ്രാമീണ പുസ്തകവിതരണ പരിപാടി നടപ്പിലാക്കുക.

9. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ഉറപ്പുവരുത്തുക.

10. മദ്യനിരോധനം പൂർണമായി നടപ്പിലാക്കുക.

11. സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിലാക്കുക.

12. അങ്കണവാടിയിലെ കുട്ടികളുടെ പോഷകാഹാരവിതരണം കാര്യക്ഷമമാക്കുക.

13. അശ്ലീല പോസ്റ്ററുകളും മാധ്യമങ്ങൾ വഴിയുള്ള അശ്ലീല പരസ്യങ്ങളും കർശനമായി നിരോധിക്കുക.

## സാധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള പരിപാടികൾ ആരംഭിക്കുക.

2. കൂടുതൽ അങ്കണവാടികൾ സ്ഥാപിക്കുക. നിലവിലുള്ളവയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.

3. വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക.

4. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുക.

5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കികൊണ്ടുള്ള ദാരിദ്ര്യനിർമാർജന പരിപാടികളും ബോധവത്ക്കരണ പരിപാടികളും തുടങ്ങുക.

6. മഹിളാ സമാജങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമീണ പുസ്തകവിതരണ പദ്ധതി നടപ്പിലാക്കുക.

# സഹകരണ മേഖല

മുളന്തുരുത്തി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് വളരെയേറെ പഴക്കമുണ്ട്. 1916-ൽ പഞ്ചായത്തിൽ ഒരു കോ-ഓപ്പറേറ്റീവ് സർവീസ് സൊസൈറ്റി (23-നമ്പർ) പ്രവർത്തനമാരംഭിച്ചു. മുഖ്യമായും കാർഷികവായ്പ നൽകുന്നതിനുവേണ്ടിയാണ് ഇത് രൂപീകരിച്ചത്. ഇപ്പോൾ ഇത് ഒരു സർവീസ് സഹകരണ ബാങ്കായി ഉയർന്നുകഴിഞ്ഞു. ഈ സൊസൈറ്റിയുടെ ഓഹരി മൂലധനം 15.6ലക്ഷം രൂപയും അംഗങ്ങളുടെ എണ്ണം 8665ഉം ആണ്. ഈ സൊസൈറ്റിയിൽ മൊത്തം 5 സ്ഥിരം ജീവനക്കാരുണ്ട്. സൊസൈറ്റിയുടെ ടേൺ ഓവർ 88 ലക്ഷം രൂപയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സൊസൈറ്റിയാണിത്. ഈ സൊസൈറ്റി കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ താഴെ കൊടുക്കുന്നു.

1. മുളന്തുരുത്തി ഹൗസിംഗ് സഹകരണസംഘം
2. മുളന്തുരുത്തി പട്ടികജാതി സർവീസ് സഹകരണ സംഘം.
3. പെരുമ്പിള്ളി കൈത്തറി നെയ്ത്തുസഹകരണ സംഘം.
4. പെരുമ്പിള്ളി ക്ഷീരോത്പാദക വ്യവസായ സഹകരണ സംഘം
5. പുളിക്കമാലി ക്ഷീരോത്പാദകസഹകരണ സംഘം (APCOS)
6. ആരക്കുന്നം റബ്ബർ മാർക്കറ്റിംങ് സൊസൈറ്റി
7. മുളന്തുരുത്തി എണ്ണയാട്ടു വ്യവസായ സഹകരണസംഘം
8. അഗ്രോ സർവീസ് സെന്റർ, മുളന്തുരുത്തി (കോരഞ്ചിറ)

കൂടാതെ പാമ്പാക്കുട ഖാദിവ്യവസായ സഹകരണ സംഘത്തിന്റെ ഒരു യൂണിറ്റ് പങ്ങാരപ്പിള്ളിയിൽ പ്രവർത്തിക്കുന്നു. മുളന്തുരുത്തി, ആരക്കുന്നം, പുളിയ്ക്കമാലി ഹൈസ്കൂളുകളിൽ സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിലവിലുണ്ട്.

മേൽപ്പറഞ്ഞ സഹകരണ സംഘങ്ങളിൽ 23-ാം നമ്പർ സർവീസ് സഹകരണ ബാങ്കും മുളന്തുരുത്തി ഹൗസിംഗ് സഹകരണസംഘവും ക്രെഡിറ്റ് വിഭാഗത്തിൽപ്പെടുന്നവയാണ്. ബാക്കിയുള്ളവ നോൺ ക്രെഡിറ്റ് വിഭാഗത്തിൽപ്പെടുന്നു.

ജില്ലാസഹകരണബാങ്കിന്റെ ഒരു ബ്രാഞ്ചും കണയന്നൂർ കാർഷിക വികസന ബാങ്കിന്റെ ഒരു ബ്രാഞ്ചും മുളന്തുരുത്തിയിൽ പ്രവർത്തിക്കുന്നു.

കാർഷികവികസന ബാങ്കിന്റെ ബ്രാഞ്ചും ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചും 23-ാം നമ്പർ സർവീസ് സഹകരണ ബാങ്കും കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു. ഇവ കൃഷി, കച്ചവടം, ഗാർഹികം എന്നീ മേഖലകളിൽല വായ്പകൾ വിതരണം ചെയ്യുന്നു. ഈ സ്ഥാപനങ്ങളെല്ലാം തന്നെ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

1940-കളിൽ പ്രവർത്തിച്ചിരുന്ന പുൽത്തൈല ഉത്പാദക സംഘം ഇന്ന് നിലവിലില്ല. നേരത്തെ പ്രവർത്തിച്ചിരുന്ന എണ്ണയാട്ട് വ്യവസായ സഹകരണസംഘവും പ്രവർത്തനം നിലച്ചതാണ്. പുൽത്തൈല ഉത്പാദകസംഘത്തിന്റെ തകർച്ചയ്ക്ക് കാരണം തെരുവപ്പുല്ല് കൃഷിയുടെ ഉത്പാദനം നിന്നതാണ്. ശക്തമായ മാനേജ്മെന്റിന്റെ അഭാവമാണ് എണ്ണയാട്ട് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിനു കാരണം.

## പ്രശ്നങ്ങൾ

1. വ്യവസായ മേഖലയിലും കാർഷികമേഖലയിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അപര്യാപ്തത.
2. കൈത്തറി, ഖാദി സഹകരണ സംഘങ്ങൾ ആധുനികവത്ക്കരിക്കപ്പെട്ടിട്ടില്ല.
3. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ വൈവിധ്യവത്ക്കരിക്കപ്പെട്ടിട്ടില്ല.
4. സഹകരണവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ അമിതമായ ഇടപെടലുകൾ ഉണ്ട്.
5. സഹകരണസംഘങ്ങളിൽ വനിതകളുടെ പങ്കാളിത്തക്കുറവ് ഉണ്ട്.

## നിർദ്ദേശങ്ങൾ

1. 23-ാം നമ്പർ സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആരംഭിക്കുക.
2. കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
3. സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷിയും പച്ചക്കറി കൃഷിയും ആരംഭിക്കു.
4. ക്ഷീരോത്പാദക സംഘങ്ങളുടെ സംഭരണകേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.
5. കൈത്തറി നെയ്ത്ത്, ഖാദി സഹകരണസംഘങ്ങൾ യന്ത്രവത്കരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
6. തൊഴിൽ പരിശീലനം നൽകി സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
7. റബർ ഉത്പാദക സഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുക.
8. സഹകരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയാതിപ്രസരം ഒഴിവാക്കി നിക്ഷേപസമാഹരണം ജനപങ്കാളിത്തത്തോടെ വിപുലീകരിക്കുക.
9. പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഉണ്ടാക്കുക.
10. സഹകരണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.
11. നിലവിലുള്ള സഹകരണസ്ഥാപനങ്ങളിലെ വായ്പാ ഇളവുകൾ വർധിപ്പിക്കുക.
12. സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
13. സഹകരണ സ്ഥാപനങ്ങൾക്കെല്ലാം സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

## സാധ്യതകൾ

1. പഞ്ചായത്ത് മുൻകൈയെടുത്ത് കാർഷിക മേഖലയിലും വ്യവസായ മേഖലയിലും ഉത്പാദന സഹകരണസംഘങ്ങൾ ആരംഭിക്കുക.
2. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാർഷിക- വ്യവസായ ഉത്പന്നങ്ങളുടെ സംഭരണം, വിപണനം എന്നീ രംഗത്തേക്കുകൂടി വ്യാപിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യുക.
3. ഉത്പാദക സഹകരണസംഘങ്ങളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
4. വനിതാ ക്ഷേമത്തിന് പ്രാമുഖ്യം നൽകുന്ന മഹിളാ സഹകരണസംഘങ്ങൾ ആരംഭിക്കുക.
5. പട്ടികജാതി വനിതകൾക്കായി പ്രത്യേക സഹകരണസംഘം തുടങ്ങുക.
6. സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു സഹകരണസമിതി രൂപീകരിക്കുക.
7. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ആശുപത്രി രൂപീകരിക്കുക.

8. മുളന്തുരുത്തിയിൽ സഹകരണമേഖലയിൽ ആർട്സ് എൻജിനിയറിംഗ്, മെഡിക്കൽ കോളജുകൾ ആരംഭിക്കുക.

## വിഭവസമാഹരണം

മുളന്തുരുത്തി പഞ്ചായത്ത ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തും വിശാലകൊച്ചി വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്നതുമാണ്. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ വരുമാനം കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത്. ഏകദേശം ഇരുപത് ലക്ഷം രൂപയാണ് പഞ്ചായത്തിന്റെ വാർഷിക വരുമാനം. കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, വിനോദ നികുതി, അധിക വിനോദനികുതി, കാഴ്ചനികുതി, വസ്തുകൈമാറ്റ നികുതിയുടെ പഞ്ചായത്ത് വിഹിതം എന്നിവയാണ് പഞ്ചായത്തിന്റെ തനതായ വരുമാനമാർഗങ്ങൾ. നികുതിയേതര വരുമാനമാർഗങ്ങൾ, സർക്കാരിൽനിന്ന് ലഭിക്കുന്ന ധനസഹായങ്ങൾ, ഉപാധിരഹിതഫണ്ട്, T.R.Y ഫണ്ട് വിഹിതം, പൊതുജനങ്ങളിൽനിന്നു ലഭിക്കുന്ന സംഭാവനകൾ എന്നിവയാണ്. തനതായ വരുമാനത്തിന്റെ ഗണ്യമായ ഭാഗവും കെട്ടിട നികുതിയിനത്തിലാണ് ലഭിക്കുന്നത്. നികുതിയേതര മാർഗത്തിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് ഉപാധിരഹിത ഫണ്ട്, J.R.Y ഫണ്ട് വിഹിതം എന്നിവയിൽനിന്നാണ്.

പഞ്ചായത്തിന്റെ ചെലവിനത്തിൽ 35 ശതമാനം എസ്റ്റാബ്ലിഷ്മെന്റിനും 15 ശതമാനം കുടിവെള്ളത്തിനും 15 ശതമാനം റോഡുകളുടെ അറ്റകുറ്റപ്പണിക്കും 15 ശതമാനം പട്ടികജാതി വികസനത്തിനും 10 ശതമാനം വൈദ്യുതി വിതരണത്തിനും ചെലവഴിക്കുന്നു. ശേഷിച്ചവ വിദ്യാഭ്യാസം, ആരോഗ്യം, ചെറുകിട ജലസേചന പ്രവർത്തനം, സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ, മൂലധനസ്വഭാവമുള്ള നിർമാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ചെലവഴിക്കുന്നു. പൊതുമരാമത്തു പണികൾ നേരിട്ടും നോമിനികൾ വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും നടപ്പാക്കുന്നു. ഇതിനുള്ള ചെലവ് വർഷംതോറും കൂടിവരുന്നു.

മുളന്തുരുത്തി മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്നതിനുവേണ്ടി റൂറൽ ഡവലപ്മെന്റ് ബോർഡിൽനിന്നും വായ്പയെടുക്കുകയും ഇരട്ടിതുക ഏഴുവർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ടിവരികയും ചെയ്യുന്നു. ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം വഴി പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം ഈ വായ്പ തിരിച്ചെടുക്കുന്നതിന് തികയുന്നില്ല.

പഞ്ചായത്തിനുള്ളിൽ അഞ്ച് വാണിജ്യ ബാങ്കുകളും മൂന്ന് സഹകരണ ബാങ്കുകളും ഒരു സഹകരണ വായ്പാ സംഘവും പത്തിലധികം സ്വകാര്യ സ്ഥാപനങ്ങളും നിലവിലുണ്ട്. അഞ്ചോളം ചിട്ടി സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ കാർഷികമേഖലയെ അടിസ്ഥാനമാക്കിയുള്ളതാണ്. വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന ഏതാണ്ട് നാനൂറോളം ജനങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ ആവശ്യങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുമൂലം നിറവേറ്റാൻ കഴിയുന്നില്ല.

## പ്രശ്നങ്ങൾ

1. ധനകാര്യ സ്ഥാപനങ്ങളിൽനിന്നു വായ്പ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

2. കോൺട്രാക്ടുമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം ചെലവ് കൂട്ടുന്നു.

3. വിദേശങ്ങളിൽനിന്ന് വരുന്നവർ കാർഷിക–വ്യവസായ ഉത്പാദക മേഖലകളിൽ പണം മുടക്കുന്നില്ല.

4. സന്നദ്ധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം കുറവാണ്.

5. പ്രാദേശിക ആവസ്യങ്ങളനുസരിച്ച് സ്കീമുകൾ തയാറാക്കുന്നതിനുള്ള വൈദഗ്ധ്യമില്ലായ്മ ഉണ്ട്.

6. വായ്പകളും ലക്ഷ്യംവിട്ടുള്ള വിനിയോഗം നടക്കുന്നു.

7. റൂറൽ ഡവലപ്മെന്റ് ബോർഡിലെ വായ്പകൾക്ക് അമിതമായ പലിശ ഈടാക്കുന്നു.

8. വികസന പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുന്നതിന് താത്പര്യമില്ലായ്മ കാണുന്നു.

## നിർദേശങ്ങളും സാധ്യതകളും

1. നികുതി പിരിവ് കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് അവസാനിപ്പിക്കുക.

2. ഭരണച്ചെലവ് കുറയ്ക്കുകയും പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.

3. ശ്രമദാനം വഴിയും ജനങ്ങളിൽനിന്നും സംഭാവനകൾ സ്വീകരിച്ചും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

4. വൈദ്യുതിചാർജ് സ്ലാബ് സമ്പ്രദായത്തിൽ അടയ്ക്കുന്നതിന് മാറ്റം വരുത്തി പഞ്ചായത്തിന്റെ ചെലവ് കുറയ്ക്കുക.

5. പഞ്ചായത്തിലെ ഉപയോഗശൂന്യമായ സ്ഥലങ്ങൾ ബാങ്കിൽ പണയപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

6. ബസ് സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ് നിർമിച്ച് ഫീസിനത്തിൽ വരുമാനം ഉണ്ടാക്കുക.

7. കർഷകരിൽനിന്നും കാർഷികോത്പന്നങ്ങൾ പഞ്ചായത്ത് ശേഖരിച്ച് വിപണനം നടത്തി വരുമാനമാർഗങ്ങൾ നടപ്പിലാക്കുക.

8. റൂറൽ ഡവലപ്മെന്റ് ബോർഡിൽനിന്നുള്ള വായ്പകൾക്ക് പലിശ ഇളവ് അനുവദിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

9. K.T.D.Cയുടെ ഒരു യൂണിറ്റ് സ്ഥാപിച്ച് ടൂറിസ്റ്റ് വികസന സാധ്യതകൾ നടപ്പിലാക്കുക.

# പട്ടികജാതി – പട്ടികവർഗക്ഷേമം

മറ്റു സ്ഥലങ്ങളിലേതുപോലെ മുളന്തുരുത്തി പഞ്ചായത്തിലും പട്ടികജാതി വിഭാഗങ്ങൾ സാമൂഹികമായും സാമ്പത്തികമായും ഇപ്പോഴും പിന്നോക്കം നിൽക്കുന്നു. ജന്മി–കുടിയാൻ ബന്ധം നിലനിന്നിരുന്ന പഴയകാലത്ത്, ജന്മിയുടെ ഭൂമിയിലെ കർഷകതൊഴിലാളികളായിരുന്നു പട്ടികജാതി വിഭാഗങ്ങൾ. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അനാചാരങ്ങൾ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയും ഇവിടെ തുടർന്നിരുന്നു. സ്വന്തം യജമാനന്റെ മരണസമയത്ത് ഇവർ പുട്ടിയടിച്ച് നിലവിളിക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. പട്ടികജാതി വിഭാഗങ്ങൾ പ്രധാനമായും കാർഷികവൃത്തിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്.

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഈ വിഭാഗങ്ങളിലെ ജനങ്ങൾ ഇവിടെ താരതമ്യേന മുൻപന്തിയിലായിരുന്നു. പട്ടികജാതി വിഭാഗങ്ങൾക്ക് വളരെ മുമ്പുതന്നെ സ്കൂളുകളിൽ പ്രവേശനം നൽകിയിരുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന രണ്ട് സിവിൽ സർവീസ് ഉദ്യോഗസ്ഥന്മാർ നമ്മുടെ പഞ്ചായത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. സംവരണമൊന്നുമില്ലാതെതന്നെ ഈ വിഭാഗത്തിലെ ശ്രീ. വി.എ. പള്ളിയാൻ നമ്മുടെ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. പട്ടികജാതിവിഭാഗങ്ങൾതന്നെ പൂജ നടത്തിവരുന്ന ക്ഷേത്രവും ഇവിടെയുണ്ട്.

പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ചാണ് ഈ വിഭാ

ഗങ്ങൾ ഇപ്പോഴും ജീവിക്കുന്നത്. കൃഷിഭൂമി നികത്തുന്നതുമൂലവും കൃഷി ആദായകരമല്ലാത്തതുമൂലവും ഈ വിഭാഗത്തിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. ഇപ്പോൾ കെട്ടിട നിർമാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളും ഈ വിഭാഗത്തിൽ ധാരാളമായുണ്ട്.

പഞ്ചായത്തിൽ മൊത്തം പതിനാല് അംഗീകൃത കോളനികൾ ഉണ്ട്. ചെങ്ങോലപ്പാടം കോളനി, ഇഞ്ചിമല കോളനി, വേഴപ്പറമ്പ് ലക്ഷംവീട് കോളനി, പെരുമ്പിള്ളി ലക്ഷംവീട് കോളനി, അംബേദ്കർ കോളനി, കാരിക്കോട് കോളനി, മേച്ചേരികുന്ന് കോളനി, അലശക്കൊടം കോളനി, ആശാരിപുറം കോളനി, പുളിക്കമാലി കോളനി, ആരക്കുന്നം കോളനി, വൈക്കത്തുമഠം കോളനി എന്നിവയാണ് അവ. അവസാനത്തെ സെൻസസ് റിപ്പോർട്ട് പ്രകാരം ജനസംഖ്യയുടെ പതിനഞ്ച് ശതമാനം ഈ വിഭാഗത്തിൽപ്പെട്ടവരാണ്. മൊത്തം [illegible] കുടുംബങ്ങളാണുള്ളത്. IRDP സർവെപ്രകാരം എട്ടാം പദ്ധതി കാലത്ത് ഏതാണ്ട് 85-ലേറെ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്നു. ഇവരുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും പഠനനിലവാരം തൃപ്തികരമല്ല. ജാതിപരമായ ഉച്ചനീചത്വം ഇപ്പോൾ പ്രകടമല്ല. ഇവരുടെ കുടുംബങ്ങളിലെ ചടങ്ങുകളിൽ ഇതരമതസ്ഥരും പങ്കെടുക്കാറുണ്ട്. സാക്ഷരതാ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ സജീവമായുണ്ടായിരുന്നുവെങ്കിലും പട്ടികജാതി വിഭാഗത്തിലെ പ്രായംചെന്നവരിൽ ഇപ്പോഴും നിരക്ഷരർ ഉണ്ട്. പട്ടികജാതിക്കാരുടെ ഒരു സർവീസ് സഹകരണസംഘവും ഒരു അഗ്രോ സർവീസ് സഹകരണസംഘവും ഒരു അഗ്രോ സർവീസ് സെന്ററും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ നിലവിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല.

## പ്രശ്നങ്ങൾ

1. നടപ്പുപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി അറിയാറില്ല. പദ്ധതികളുടെ പ്രയോജനം പൂർണമായി ലഭിക്കുന്നില്ല. ആനുകൂല്യങ്ങൾ പലപ്പോഴും ഇടനിലക്കാർ തട്ടിയെടുക്കുന്നു.

2. കോളനിനിവാസികളുടെ കൈവശഭൂമിക്ക് പട്ടയം പൂർണമായും ലഭിച്ചിട്ടില്ല.

3. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ്. വീടില്ലാത്ത കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. വാസയോജ്യമായ വീടുകൾ കുറവാണ്. വീടുകളിൽ കക്കൂസ് സൗകര്യമില്ല. വൈദ്യുതി, കുടിവെള്ളം, ഗതാഗതസൗകര്യം എന്നിവയും തൃപ്തികരമല്ല.

4. കൃഷിഭൂമി നികത്തുന്നതുമൂലവും കർഷകർ കൃഷി ചെയ്യാതെ നിലം തരിശിട്ടതുമൂലവും ഈ വിഭാഗങ്ങൾക്കിടയിൽ തൊഴിലില്ലായ്മ കൂടിവരുന്നു.

5. കർഷകതൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവ യഥാസമയം ലഭിക്കുന്നില്ല.

6. കുട്ടികളുടെ വിദ്യാഭ്യാസനിലവാരം തൃപ്തികരമല്ല.

7. കോളനികൾക്ക് പല ആനുകൂല്യങ്ങളും ലഭിക്കാറില്ല.

8. നിലവിലുള്ള കമ്യൂണിറ്റി ഹാളിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങളില്ല.

## നിർദേശങ്ങൾ

1. കൈവശഭൂമിക്ക് പട്ടയം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. കോളനികളുടെ പുറത്ത് ഒറ്റപ്പെട്ട് താമസിക്കുന്നവർക്കുകൂടി ആനുകൂല്യങ്ങൾ കിട്ടത്തക്കവിധം പദ്ധതികൾ പുനഃക്രമീകരിക്കുക.

3. കൃഷിഭൂമി നികത്തുന്നത് കർശനമായി തടയുക.

4. വാർധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവ യഥാസമയം വിതരണം ചെയ്യുക.

5. മാതാപിതാക്കളില്ലാത്ത കുട്ടികൾക്കും വിധവകൾക്കും പ്രത്യേകം ധനസഹായം നൽകുക.

6. കോളനികളിലെല്ലാം കമ്യൂണിറ്റിഹാൾ നിർമിക്കുന്നതിന് സഹായം ലഭ്യമാക്കുക. നിലവിലുള്ള കമ്യൂണിറ്റിഹാളിന് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുക.

## സാധ്യതകൾ

1. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുക. കക്കൂസുകൾ നിർമിക്കാൻ പ്രത്യേക ധനസഹായം നൽകുക.

2. ക്ഷേമപദ്ധതികളും ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

3. പരമ്പരാഗത കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ കോളനികളിൽ ആരംഭിക്കുക.

4. വനിതകൾക്ക് മുൻതൂക്കം നൽകി, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

5. കോളനികളിലെല്ലാം അംഗൻവാടികളുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

6. വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി സൗജന്യ ട്യൂഷൻ, പ്രത്യേക ധനസഹായം എന്നിവ ആവിഷ്കരിക്കുക.

7. തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ ഗ്രൂപ്പായി കൃഷി ചെയ്യുന്നതിന് ഈ വിഭാഗക്കാർക്ക് പാട്ടത്തിന് നൽകുക.

8. കോളനികളുടെ ശ്മശാനങ്ങളോടനുബന്ധിച്ച് ചുറ്റുമതിൽ നിർമിക്കുക.

9. മുളന്തുരുത്തി പട്ടികജാതി സർവീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

10. അഗ്രോസർവീസ്സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

# ഉപസംഹാരം

*അധികാര വികേന്ദ്രീകരണംവഴി പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങൾക്ക് പങ്കാളിത്തം ലഭിക്കുന്നു. ഇതുമൂലം തങ്ങളുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും ആവശ്യങ്ങൾക്കും അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാനുള്ള അവസരമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ഇത് വലിയ ഒരു ഉത്തരവാദിത്വമായി നാം ഏറ്റെടുക്കേണ്ടതുണ്ട്. പദ്ധതി വിഹിതമായി നമുക്ക് ലഭിക്കുവാൻ പോകുന്ന തുക എത്രയും കാര്യക്ഷമമായി വിനിയോഗിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽനിന്നും പരിഹരിക്കപ്പെടേണ്ടതായ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. എല്ലാം ഒറ്റയടിക്ക് പരിഹരിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയില്ല; എങ്കിലും വളരെയേറെ പ്രശ്നങ്ങൾ നമുക്ക് ഇതുവഴി പരിഹരിക്കുവാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതിനായി എല്ലാവരുടെയും സഹകരണം വിനീതമായി അഭ്യർഥിക്കുന്നു.*

*ജനകീയാസൂത്രണ പരിപാടികളുടെ നാളിതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിച്ചുകൊണ്ട്*

**പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി**
**പ്രസിഡന്റ്**

# അധികാരം ജനങ്ങളിലേക്ക്



## തിരുവാങ്കുളം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

**1996**



102

തിരുവാങ്കുളം
ഫോൺ : 777750

# അധികാരം ജനങ്ങളിലേക്ക്

## തിരുവാങ്കുളം ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

## 1996


# തിരുവാങ്കുളം പഞ്ചായത്ത്

# വികസന റിപ്പോർട്ട്

ഉള്ളടക്കം　　　　പേജ്


| | | | |
|---|---|---|---|
| ആമുഖം | | : | 1 |
| പൊതു വിവരണവും | | | |
| ഭരണപരമായ ചരിത്രവും | | : | 3 |
| സാമൂഹ്യ സാംസ്കാരിക ചരിത്രം | | : | 5 |
| വികസന മേഖലകൾ | | | |
| I. | കൃഷി, ജലസേചനം | : | 7 |
| II. | (a) മൃഗസംരക്ഷണം | : | 18 |
| | (b) മത്സ്യബന്ധനം | : | 23 |
| III. | വിദ്യാഭ്യാസം | : | 25 |
| IV. | (a) ആരോഗ്യ രംഗം | : | 33 |
| | (b) കുടിവെള്ളം | : | 36 |
| | (c) പരിസര ശുചിത്വം | : | 38 |
| V. | വ്യവസായം | : | 40 |
| VI. | (a) ഗതാഗതം | : | 52 |
| | (b) ഊർജ്ജം | : | 60 |
| VII. | (a) പാർപ്പിടം | : | 63 |
| | (b) സാമൂഹ്യക്ഷേമം | : | 67 |
| VIII. | സംസ്കാരം | : | 71 |
| IX. | വനിത | : | 76 |
| X. | സഹകരണമേഖല | : | 78 |
| XI. | പട്ടികജാതി പട്ടികവർഗ്ഗം | : | 81 |
| XII. | വിഭവസമാഹരണം | : | 84 |
| റിപ്പോർട്ട് കമ്മിറ്റി | | : | 91 |

ജില്ല: എറണാകുളം
താലൂക്ക്: കണയന്നൂർ
ഗ്രാമ പഞ്ചായത്ത്: തിരുവാങ്കുളം
വില്ലേജ്: തിരുവാങ്കുളം




തിരുവാങ്കുളം പഞ്ചായത്ത്

വിസ്തീർണ്ണം : 10.49 ച.കി.മി

# ആമുഖം

നമ്മുടെ പഞ്ചവത്സര പദ്ധതികൾ രൂപപ്പെടുത്തിയിരുന്നത് കേന്ദ്രപ്ലാനിംഗ് കമ്മീഷനും, സംസ്ഥാന പ്ലാനിംഗ് ബോർഡും, സർക്കാർ ഡിപ്പാർട്ടുമെൻറുകളും, അനുബന്ധ ഉദ്യോഗസ്ഥന്മാരും കൂടിയായിരുന്നു.

ഭക്ഷ്യമേഖലയിലെ സ്വയം പര്യാപ്തത, അടിസ്ഥാന വ്യവസായങ്ങളിലൂന്നിയ വ്യവസായ ചട്ടക്കൂട്, വൻകിട പദ്ധതികൾ, പൊതു മേഖലാ സ്ഥാപനങ്ങളുടെ വളർച്ച തുടങ്ങി പല നേട്ടങ്ങളും പറയുവാനുണ്ടാവും. എങ്കിലും ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള അമിത കേന്ദ്രീകരണം കാലക്രമേണ പല ദൂഷ്യങ്ങൾക്കും വഴിവച്ചു എന്നും തിരിച്ചറിയേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ പരസ്പരം ബന്ധമില്ലാതെ സ്കീമുകൾ തയ്യാറാക്കൽ, അഴിമതി, ധൂർത്ത്, പദ്ധതി നടത്തിപ്പിന് ഫലപ്രദമായ മേൽനോട്ടമില്ലായ്മ, ജനങ്ങൾക്കാവശ്യമില്ലാത്ത പദ്ധതികൾ അടിച്ചേല്പിക്കൽ അങ്ങനെ ഈ പട്ടിക ഇനിയും നീട്ടാം. പദ്ധതി ആസൂത്രണ നടത്തിപ്പിൽ ജനങ്ങൾക്കുള്ള പങ്കാളിത്തമില്ലായ്മ ഭാരതീയ ജനതയെ കൂടുതൽ നിരാശാ ബോധത്തിലും, വിധി വിശ്വാസത്തിലും ആഴ്ത്തുകയാണുണ്ടായത്. ''ഒന്നും ശരിയാകില്ല'' എന്നൊരു മനോഭാവം സാർവ്വത്രികമായി. ഈ കേന്ദ്രികൃത സംവിധാനമാകട്ടെ അനിവാര്യമായ തകർച്ചയെ നേരിടാനും തുടങ്ങിയിരിക്കുന്നു. കേന്ദ്രസർക്കാരിൻെറ അടുത്ത കാലത്തെ നടപടി മാറ്റങ്ങൾ ഇതിൻെറ സൂചനയാണ്. ഈ മാറ്റങ്ങളാകട്ടെ പൊതുവിൽ ജനസാമാന്യത്തിന് ഗുണകരമായിരിക്കുമോ എന്ന കാര്യം ഇന്ന് തർക്ക വിഷയമാണ്. ഈ സംവിധാനത്തിലെ വൈകല്യം ദൂരീകരിക്കുന്നതിനു വേണ്ടി ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ അവരിൽ നിന്നു തന്നെ അറിഞ്ഞ്, അവരുടെ കൂടി പങ്കാളിത്തത്തോടെ നടത്തുന്നതിന് സംസ്ഥാന ഗവൺമെൻറും, പ്ലാനിംഗ് ബോർഡും തീരുമാനിച്ചതിലൂടെയാണ് 9ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി അറിയപ്പെടാൻ തുടങ്ങിയത് ഇൻഡ്യയിലെന്നല്ല, ലോകത്തിൽ തന്നെ ആദ്യ പരീക്ഷണവും സംരംഭവുമാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ബന്ധപ്പെടാൻ കിട്ടുന്ന ഏതൊരവസരവും അഭിമാനപൂർവ്വം സ്മരിക്കാൻ കഴിയുന്ന വിലപ്പെട്ട സംഭവങ്ങളായി തീരും എന്നതിന് സംശയമില്ല.

പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യവും പൊതു വിതരണ സംവിധാനവും ഏതാണ്ട് സാർവ്വത്രീകമാക്കിയതും, ഭൂപരിഷ്കരണം നടപ്പാക്കിയതും സമൂഹത്തിലെ സമ്പത്തിൻെറ വിതരണം കൂടുതൽ നീതിപൂർവ്വകമാക്കി തീർത്തു. ഇത് താഴ്ന്ന വരുമാനത്തിൽ നിന്നും ഉയർന്ന ജീവിത ഗുണമേന്മ ജനങ്ങൾക്ക് ഉറപ്പുവരുത്തി. ഈ അവസ്ഥ ഇങ്ങനെ തന്നെ നിലനില്ക്കില്ല. ഇതിന് സ്ഥായീരൂപം ഉണ്ടാവണമെങ്കിൽ നാളെക്കു കൂടി നിലനില്ക്കുവാൻ കഴിയുന്ന സാമ്പത്തീക വളർച്ച ഉറപ്പാക്കണം. ഉപഭോഗ സംസ്കാരത്തിൽ എത്തിപ്പെട്ടു നില്ക്കുന്ന നമ്മുടെ സംസ്ഥാനം കാർഷിക വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടം തന്നെ നടത്തേണ്ടിയിരിക്കുന്നു. വ്യവസായ രംഗത്ത് മറ്റു സംസ്ഥാനങ്ങളിലെ കേന്ദ്ര മുതൽമുടക്കിൻെറ തോത് പരിശോധിക്കുമ്പോൾ 15,000 കോടി രൂപയുടെ കുറവ് നമ്മുടെ സംസ്ഥാനത്തുണ്ട്. കൂടാതെ കാർഷീക മേഖലയുടെ മുരടിപ്പും.

ഈ പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ടുവേണം നാം 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ എന്തെന്തു വികസന പ്രവർത്തനങ്ങൾ ഏതേതു തുറകളിൽ ആരുടെയൊക്കെ മുൻകൈയ്യോടെ ചെയ്യേണ്ടതെന്നു തീരുമാനിക്കാൻ. മുൻകാലാനുഭവങ്ങളെ വിമർശന ബുദ്ധ്യാ പരിശോധിക്കുകയും, മാമൂൽ വിട്ടു ചിന്തിക്കുകയും പുതിയ പ്രവർത്തനശൈലി കരുപിടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

1996 ജൂലൈ 14ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനമെടുക്കുന്നത്. ഇതിൻെറ അടിസ്ഥാനത്തിൽ കേരളസർക്കാർ ''9-ാം പദ്ധതി - വികേന്ദ്രീകരണവും, ജനപങ്കാളിത്തവും ബഹുജന പ്രസ്ഥാനം'' എന്ന സർക്കാർ വിജ്ഞാപനം [Go (MS)

10/96 Plg dt. 30.7.96] പുറപ്പെടുവിച്ചു. ഈ ഉത്തരവു പ്രകാരമാണ് ജനകീയ ആസൂത്രണ പരിപാടി സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ഈ പരിപാടിക്കു പിന്നിൽ ഏറ്റവും വിപുലമായ അഭിപ്രായ സമന്വയം സൃഷ്ടിക്കുന്നതിനും ക്യാംബെയിനെ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിനെ ഉപദേശിക്കുന്നതിനുമായി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായി ഒരു ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതിക്ക് സർക്കാർ രൂപം നൽകുകയുണ്ടായി [Go (MS) 12/96 Plg dt. 8.8.96]. സർക്കാർ ജീവനക്കാരുടെ പങ്കാളിത്തം സംബന്ധിച്ചും ദ്വിതീയ വിവരണ ശേഖരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [Go (RE) No. 350/96 Plg dt. 30.7.96]

ജനകീയ ക്യാംബെയിൻ ആരംഭിക്കുന്നതിനു മുൻപായി ഒട്ടേറെ ഔദ്യോഗിക മീറ്റിംഗുകൾ ആസൂത്രണ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. പ്രതിപക്ഷ നേതാവുൾപ്പടെ പ്രധാന രാഷ്ട്രീയ പ്രവർത്തകർ, പ്രധാന വ്യക്തികൾ എന്നിവരുമായി ബോർഡ് വൈസ് ചെയർമാൻ ചർച്ചകൾ നടത്തി. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തു പ്രസിഡൻറുമാരുടെ കോൺഫറൻസുകൾ വിവിധ തലത്തിൽ നടത്തി. ബഹുജന സംഘടനകളുടേതടക്കം 27 യോഗങ്ങൾ ക്യാംബെയിൻ ആരംഭിക്കുന്നതിനു മുൻപു നടത്തി.

1996 ആഗസ്തുമാസം 17-ാം തീയതി (ചിങ്ങമാസം ഒന്നിന്) ക്യാംബെയിൻെറ സംസ്ഥാനതല ഉൽഘാടനം നടന്നു. തുടർന്ന് സംസ്ഥാന ജില്ലാ, പഞ്ചായത്തുതല പരിശീലനങ്ങളും. ജില്ലാ തല ഒന്നാംഘട്ട പരിശീലനം സെപ്തംബർ 11, 12,13 തീയതികളിൽ എറണാകുളത്തുള്ള മരിയാപാർക്കിൽ നടന്നു. നമ്മുടെ പഞ്ചായത്തിൽ നിന്ന് 7 പേർ പങ്കെടുത്തു.

തിരുവാങ്കുളം പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന പഞ്ചായത്തുതല ശില്പശാലയിൽ 75 പേർ പങ്കെടുത്തു. ഇതിൽ എല്ലാ വകുപ്പു മേധാവികളും ഉൾപ്പെടുന്നു. ഗ്രാമസഭാ സംഘടനത്തിനും ദ്വിതീയ വിവരശേഖരണത്തിനും ഓരോ ഗ്രൂപ്പുകൾ തയ്യാറായി.

സെപ്തംബർ 28 മുതൽ ഒക്ടോബർ വരെയുള്ള ദിവസങ്ങളിലായി 9 വാർഡികളിലേയും ഗ്രാമസഭകൾ കൂടി 12 ഗ്രൂപ്പു ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി. ഗ്രാമസഭകളിൽ 234 സ്ത്രീകളും 859 പുരുഷന്മാരും പങ്കെടുത്തു.

**ഗ്രാമസഭായോഗങ്ങൾ സംബന്ധിച്ച വിവരം**



പങ്കെടുത്തവർ

| വാർഡ് | തീയതി | പു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 21.10.96 | 103 | 14 | 117 |
| 2 | 21.10.96 | 63 | 17 | 80 |
| 3 | 2.10.96 | 117 | 40 | 157 |
| 4 | 6.10.96 | 111 | 20 | 131 |
| 5 | 2.10.96 | 78 | 28 | 106 |
| 6 | 28.9.96 | 70 | 63 | 133 |
| 7 | 13.10.96 | 128 | 27 | 155 |
| 8 | 6.10.96 | 131 | 11 | 142 |
| 9 | 29.9.96 | 78 | 14 | 92 |
| | | 859 | 234 | 1093 |

വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് രണ്ടാംഘട്ട പരിശീലനം Oct 24, 25, 26 തീയതികളിൽ മുളന്തുരുത്തി ബ്ലോക്കാഫീസിൽ നടന്നു. പഞ്ചായത്തു തല ശില്പശാല 13. 11. 96 ലും.

1. കൃഷി-ജലസേചനം
2. മൃഗസംരക്ഷണം-മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. കുടിവെള്ളം - പൊതുജനാരോഗ്യം
5. വ്യവസായം
6. ഗതാഗതം-ഊർജ്ജം
7. പാർപ്പിടം-സാമൂഹ്യക്ഷേമം
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം
12. വിഭവസമാഹരണം

എന്നീ വിഷയങ്ങളായി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ദ്വതീയ വിവരം ശേഖരിക്കുന്നവരുടെയും ഗ്രാമസഭാ സംഘാടകരുടേയും സംയുക്ത കമ്മിറ്റികളും പഠന പര്യടനം നടത്തുന്നതിനും ചരിത്രം ശേഖരിക്കുന്നതിനും മറ്റൊരു കമ്മിറ്റിയും രൂപീകരിച്ചു. ഇവരുടെയെല്ലാം ഏകോപിപ്പിച്ചുള്ള പ്രവർത്തന ഫലമായാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയത്.

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുവാങ്കുളം. (സ്പെഷ്യൽ ഗ്രേഡ്) | |
| റവന്യൂ വില്ലേജ് | : | തിരുവാങ്കുളം. | |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 01 തിരുവാങ്കുളം. | |
| ബ്ലോക്ക് പഞ്ചായത്ത് | : | മുളന്തുരുത്തി. | |
| താലൂക്ക് | : | കണയന്നൂർ. | |
| ജില്ല | : | എറണാകുളം. | |
| അസംബ്ലി മണ്ഡലം | : | പിറവം. | |
| പാർലമെന്റ് മണ്ഡലം | : | മുവാറ്റുപുഴ | |
| വ്യസ്തീർണ്ണം | : | 10.49 ച.കി.മീ | |
| അതിരുകൾ | : | വടക്ക് | - തൃക്കാകര പഞ്ചായത്ത് |
| | : | കിഴക്ക് | - വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തും, തിരുവാണിയൂർ പഞ്ചായത്തും |
| | : | തെക്ക് | - ചോറ്റാനിക്കര പഞ്ചായത്ത് |
| | : | പടിഞ്ഞാറ് | - തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി |
| വാർഡുകളുടെ എണ്ണം | : | 9 | |
| ജനസംഖ്യ | : | 18,412 (1991) | |

| | | |
|---|---|---|
| ലോകസഭ | : | ശ്രീ. പി.സി. തോമസ് |
| നിയമസഭ | : | ശ്രീ. ടി.എം. ജേയ്ക്കബ് |
| ജില്ലാ പഞ്ചായത്ത് | : | ശ്രീ. സി.വി. ഔസേപ്പ് (വൈസ് പ്രസിഡൻറ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | ശ്രീമതി ചന്ദ്രികാദേവി |
| പഞ്ചായത്ത് ഭരണ സമിതി | : | കുമാരി. കെ. എസ്. ബിന്ദു (പ്രസിഡൻറ്) |
| | : | ശ്രീ. സി. കാർത്തികേയൻ (വൈസ് പ്രസിഡൻറ്) |
| | : | ശ്രീ. ഇ. വി. തങ്കപ്പൻ ( സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ) |
| | : | ശ്രീ. കെ. ടി. തങ്കപ്പൻ (മെമ്പർ) |
| | : | ശ്രീ പോൾസൺ ജോസഫ് ,, |
| | : | ശ്രീ ബാബു ജോർജ്ജ് ,, |
| | : | ശ്രീമതി തിലോത്തമ സുരേഷ് ,, |
| | : | ശ്രീ. കെ. എം. ജോയി ,, |
| | : | ശ്രീമതി. കെ. ആർ. സത്യഭാമ ,, |
| പഞ്ചായത്ത് സെക്രട്ടറി | : | ശ്രീ. എ. കെ. ശശി. |

## പ്രവർത്തനകമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| കൃഷി | : | ജോർജ്ജ്. ടി. ടി, വർഗ്ഗീസ്. പി. യു, രവി പാറശ്ശേരി. |
| ശുചീകരണം | : | നാരായണൻ. പി. കെ, രഘു. കെ, രമണി പുരുഷൻ, രാജു കളരിക്കൽ. |
| വിദ്യാഭ്യാസം | : | സുഗുണാനന്ദൻ. കെ, വർഗ്ഗീസ്. എൻ. ജെ, ബേബി. സി.ടി,ഫാ. പി. പി ജോസഫ്. |
| ആരോഗ്യം | : | ഐപ്പ്. പി.സി, സത്യൻ. പി.വി, മണി. ഇ. എം, ദേവരാജൻ. ടി.കെ. |
| പൊതുമരാമത്ത് | : | ഡേവിഡ്. പി.എ, രാമചന്ദ്രൻ, ഐപ്പ്, കെ.വി, ബെന്നി. സി. എ. |

## മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

ശ്രീ : വാര്യത്ത് കുഞ്ചുവാര്യർ

ശ്രീ : പുന്നച്ചാലിൽ തൊമ്മൻ കുര്യൻ

ശ്രീ : ടി.വി. പൗലോസ് തുകലൻ

ശ്രീ : ടി.കെ. ജോൺ തുരുത്തിയിൽ

ശ്രീ : ടി.കെ. പൈലി തുരുത്തിയിൽ

ശ്രീ : കോരാപുരത്ത് രാഘവമേനോൻ

ശ്രീ : കെ. എ. വർക്കി കാവര

ശ്രീ : കെ. ഭാസ്കരൻ

ശ്രീ : സി. കാർത്തികേയൻ

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ദേശീയ തലത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ചരിത്രമാണ് തിരുവാങ്കുളത്തിനുള്ളത്. സ്വാതന്ത്ര്യലബ്ധിയോടെ നാട്ടുരാജ്യങ്ങൾ സമന്വയിപ്പിച്ച് ഇന്ത്യാരാജ്യം രൂപീകരിക്കുന്നതിനു വേണ്ടി ആദ്യമാദ്യം കിരീടം ഒഴിഞ്ഞ രാജാക്കന്മാരിൽ മുൻപന്തിയിൽ തന്നെയായിരുന്നു തിരുവാങ്കുളം ഉൾപ്പെടുന്ന കൊച്ചി രാജ്യം. ഇതിന്റെ ആസ്ഥാന മന്ദിരം സുപ്രസിദ്ധമായ ഹിൽപ്പാലസ് ആയിരുന്നു.

## ദേവാലയങ്ങൾ

ഇരുമ്പനം തൃക്കത്ര ശിവക്ഷേത്രം, വെട്ടിക്കാവ് ഭഗവതി ക്ഷേത്രം, മകളിയം ശ്രീരാമക്ഷേത്രം, എസ്.എൻ.ഡി.പിസുബ്രഹ്മണ്യ ക്ഷേത്രം, പാഴൂർമറ്റം മാരിയമ്മൻ കോവിൽ ചിത്രപ്പുഴ മാരിയമ്മൻ കോവിൽ, പെരുന്നിനാകുളം ശിവക്ഷേത്രം, ശ്രീകൃഷ്ണ ക്ഷേത്രം തിരുവാങ്കുളം ശിവക്ഷേത്രം തിരുവാങ്കുളം മാരിയമ്മൻ കോവിൽ, വയൽത്തൂർ ഭദ്രാക്ഷേത്രം, കുന്നത്തുകുളങ്ങര കാവ്, തുടങ്ങിയ ഹിന്ദു ദേവാലയങ്ങളും, കരിങ്ങാച്ചിറ പള്ളി, ഇരുമ്പനം സെൻറ്. സെബാസ്റ്റ്യൻ പള്ളി, ഇരുമ്പനം ഉണ്ണി മിശിഹാ പള്ളി, ക്യാംതാ ചാപ്പൽ, മർത്തോമ്മ പള്ളി, തിരുവാങ്കുളം കത്തോലിക്കാ പള്ളി തുടങ്ങിയ കൃസ്തീയ ആരാധനാലയങ്ങളും അവയുമായി ബന്ധപ്പെട്ട വായ്മൊഴി ഐതിഹ്യങ്ങളും പഞ്ചായത്തിന്റെ സാംസ്കാരിക സൗഹാർദ്ദത്തിന് മുതൽ കൂട്ടാണ്.

ശിവന്റെ തൃക്കാൽത്തറ തൃക്കത്രയായും പെരുനാഭികുളം പെരുന്നിനാകുളമായും, തിരുവയറൻ കുളം തിരുവാങ്കുളമായും, കരിങ്ങാലി കൊണ്ടുള്ള ചിറ കരിങ്ങാച്ചിറയായും, ഹിഡുംബ വനം ഇരുമ്പനമായും, ചാത്രപ്പുഴ ചിത്രപ്പുഴയായും മാറിയതായ് സ്ഥലനാമോൽപണിയുമായി ബന്ധപ്പെട്ട വാഴ്മൊഴികൾ സൂചിപ്പിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദങ്ങൾ വരെ ശൈശവ വിവാഹം പോലുള്ള അനാചാരങ്ങൾ ഹിന്ദു മതത്തിലും, കൃസ്തുമതത്തിലും നിലനിന്നിരുന്നു.

## നവോത്ഥാന പ്രസ്ഥാനങ്ങൾ

സ്വാതന്ത്ര്യത്തിന്റെ സ്വാശ്രയത്തിന്റേയും സന്ദേശം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഇവിടെ എത്തിയിരുന്നു. തിരുവാങ്കുളം-കുരീക്കാട് സഹകരണ സംഘം സ്ഥാപിച്ച തിരുവാങ്കുളം ഗവ: ഹൈസ്ക്കൂളും ഗ്രാമീണ വായനശാലയും. കരിങ്ങാചിറ പള്ളിയോടനുബന്ധിച്ചും, ഇരുമ്പനത്തും സ്ഥാപിച്ച പ്രാഥമിക വിദ്യാലയങ്ങളും, മറ്റു പ്രമുഖ വ്യക്തികളുടെ കുടിപ്പള്ളി കൂടങ്ങളും ധന്യമാക്കിയ വിദ്യാഭ്യാസ പാരമ്പര്യം നമ്മുക്കുണ്ട്.

20-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ആരംഭിച്ച കർഷക കർഷകതൊഴിലാളി പ്രസ്ഥാനങ്ങൾ ദരിദ്രർക്ക് അക്ഷരാഭ്യാസം നൽകുന്നതിലും മറ്റും നേതൃത്വം നൽകി, കേവലം അടിമകളായി ഏതെങ്കിലും ഒരു മുതലാളിയുടെ കീഴിൽ മാത്രം പണിയെടുക്കാൻ വിധിക്കപ്പെട്ട (പതിനേഴ്-പതിനെട്ട് നൂറ്റാണ്ടു വരെ അടിമ കച്ചവടം നടന്നിരുന്നുവെന്ന് പറയപ്പെടുന്നു) കർഷക തൊഴിലാളികൾക്ക് ആത്മവിശ്വാസം പകരുവാനും മറ്റു തൊഴിലിടങ്ങൾ അന്വോഷിച്ചു പോകുവാനുമുള്ള സ്വാതന്ത്ര്യം നേടുവാനും കഴിഞ്ഞു.

പഞ്ചായത്തിന്റെ കിഴക്കേ ഓരം ചേർന്നൊഴുകുന്ന ചിത്രപ്പുഴ കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ അതിർത്തി കൂടിയായിരുന്നു. ദേവസ്വങ്ങളുടെയും മനകളുടേയും വകയായിരുന്ന ഭൂമി പാട്ടം, വെറും പാട്ടം, കുത്തക പാട്ടം, കാണം, വാക്കാൽ കാണം, വാരം തുടങ്ങിയ വ്യവസ്ഥകളിൽ കൂടിയാന്മാരാണ് കൃഷി നടത്തിയിരുന്നത്. നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവയിൽ നിന്നുള്ള ഉൽപാദനത്തിന്റെ നല്ലൊരു പങ്ക് പാട്ടമായി കൊടുക്കേണ്ടിയിരുന്നു.

ലോക മഹായുദ്ധങ്ങൾ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം, വിദേശീയരുടെ ചൂഷണ ഭരണം, നാടുവാഴി വ്യവസ്ഥ എന്നിവ ജീവിതം ദുസ്സഹമാക്കിയ സാഹചര്യത്തിൽ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ ഇവിടെയും എത്തി- പരേതനായ കെ. എം കണ്ണേമ്പിള്ളി നേതാജിയുടെ ആഹ്വാനം ഉൾകൊണ്ട് ഐ. എൻ. എയിൽ ചേർന്നു.

ഏതു സമയത്തും കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ടുകൊണ്ടിരുന്ന കുടികിടപ്പുകാരും പാട്ട കർഷകരും, സംഘടിതമായ ചെറുത്തുനിൽപ്പ് ആരംഭിച്ചു. അനാചാരങ്ങളും, ആഡംബര ജീവിതവും ദുരിതത്തിലാഴ്ത്തിയ ഭൂവുടമകൾ ഭൂമി പണയ പ്പെടുത്താൻ മടികാണിച്ചില്ല. ഈ അവസരം മുതലെടുത്തുകൊണ്ട് ചെറുകിട ജന്മിമാർ ഉദയം ചെയ്തെങ്കിലും. ഭൂപരിഷ്കരണത്തോടുകൂടി ജന്മിത്വം അവസാനിക്കുകയാണുണ്ടായത്.

കൊച്ചി സ്റ്റേറ്റ് കോൺഗ്രസ്, പ്രജാമണ്ഡലം കമ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ എൻ. എസ്. എസ്. , എസ്. എൻ. ഡി. പി, സമസ്ത കൊച്ചി പുലയ മഹാസഭ തുടങ്ങിയ രാഷ്ട്രീയ സാമുദായിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ സമഗ്രമായ രാഷ്ട്രീയ നവോത്ഥാനത്തിന് ശക്തമായ അടിത്തറയിട്ടു.

110

കൊച്ചി - കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി മുതൽ കീച്ചേരി വരെ നീണ്ടുകിടക്കുന്ന തിരുവാങ്കുളം ഫർക്കയിൽ ഉൾപ്പെട്ട തിരുവാങ്കുളം, കുരീക്കാട്, കണയന്നൂർ വില്ലേജുകളിൽപ്പെട്ട ഭൂവിഭാഗങ്ങൾ ഉൾപെടുത്തി 1925 ൽ തിരുവാങ്കുളം പഞ്ചായത്ത് രൂപീകരിച്ചു. 1977ൽ പ്രസ്തുത പഞ്ചായത്തിൽ നിന്നും കുരീക്കാട് കണയന്നൂർ വില്ലേജുകളെ തിരിച്ച് ചോറ്റാനിക്കര പഞ്ചായത്ത് ഉണ്ടാക്കുകയുണ്ടായി.

# I.കൃഷി - ജലസേചനം

നമ്മുടെ സംസ്ഥാനം ഇന്ന് അതിരൂക്ഷമായ സാമ്പത്തീക പ്രതിസന്ധിയിലാണ്. കാർഷികമേഖല പ്രതീക്ഷക്കൊപ്പം വളരുന്നില്ല. ഉല്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കുറവാണ്. കാർഷീക മേഖലയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് നമ്മുടെ സാമൂഹ്യ സ്വഭാവത്തിന്റെ സവിശേഷത മൂലം കൃഷി ഭൂമി വിഭജിക്കപ്പെടുന്നതിന് ഇടയാക്കുന്നു. ശാസ്ത്രീയമായ ഭൂവിനിയോഗത്തിന്റെ അഭാവവും കൃഷിയെ ദോഷക രമായി ബാധിച്ചിട്ടുണ്ട്. ക്രമാധീനമായ ജനപ്പെരുപ്പവും അതിനെ തുടർന്ന് ഈ അധീകരിച്ച ആവശ്യങ്ങളും ഭൂവിഭവങ്ങളുടെ ശോഷണത്തിന് കാരണമായിട്ടുണ്ട്. ഭൂമിക്ക് അനുയോജ്യമല്ലാത്തതും അശാസ്ത്രീയവുമായ കൃഷി രീതികൾ ഈ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. മണ്ണിന്റെ മൂല്യ ശോഷണം, വെള്ളക്കെട്ട് പ്രദേശങ്ങൾ, ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങൾ,അധികരിച്ച അമ്ലത്വമുള്ള പ്രദേശങ്ങൾ, മണ്ണൊലിപ്പ് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വരൾച്ചയും വെള്ളപ്പൊക്കവും ബന്ധപ്പെട്ട വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാർഷീക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. വ്യവസായിക മേഖലയ്ക്ക് സർക്കാർ കൊടുക്കുന്ന പരിഗണന കാർഷികമേഖലയ്ക്കും കൊടുക്കുന്ന തരത്തിലുള്ള നയപരമായ ഒരു സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യാവസായികമേഖലയുടെ സാമീപ്യവും ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും കാർഷികത്തൊഴിലാളികളെ കൃഷിമേഖലയിൽ നിന്നും അകറ്റി നിറുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്നു. വ്യാവസായികമേഖലയിലും ഇതര നിർമ്മാണ പ്രവർത്തന മേഖലകളിലും തൊഴിലാളികൾക്കും ലഭിക്കുന്ന വേതന വ്യവസ്ഥകൾ കാർഷികമേഖലയ്ക്ക് താങ്ങാനാവുന്നതല്ല. പൊതുവിൽ അനിയന്ത്രിതമായി ഉയർന്നു കൊണ്ടിരിക്കുന്ന വിലവർദ്ധവിന് അനുസൃതമായി കാർഷിക മേഖലയിൽ വേതനവർദ്ധനവ് അസാദ്ധ്യമായിരിക്കുന്നു. കൃഷി ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വളരെയേറെ ചിലവേറിയതും ഈ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഭൂമിയുടെ വിലവർദ്ധനവ് കൃഷി ഭൂമിവിൽക്കുന്നതിന് കൃഷിക്കാരെ പ്രേരിപ്പിക്കുന്നുണ്ട്. ഓരോപ്രദേശത്തിന്റെ പ്രത്യേകതകളും വെള്ളത്തിന്റെ ലഭ്യതയും മനസ്സിലാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ ആവിഷ്ക്കരിക്കുന്നതിലൂടെ മാത്രമേ ഈ മേഖലയിൽ വികസനം സാദ്ധ്യമാകൂ. നമ്മുടെ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമായിരുന്നു. പരമ്പരാഗതമായ കൃഷിരീതികൾ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. കൃഷിയെ ആശ്രയിച്ചു മാത്രം ജീവസന്ധാരണം നടത്തിയിരുന്നവരായിരുന്നു ഏറെയും. കൃഷിയിൽ നിന്നും മുതൽ മുടക്ക് ലഭിക്കുകയില്ല എന്ന വിശ്വാസം കൃഷിക്കാരിൽ വളർന്നു വന്നിരിക്കുന്നു. കൃഷിക്കാർ പൊതുവെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റു മേഖലകളെ ആശ്രയിക്കാൻ നിർബന്ധിതരായി. കൃഷികേവലം ഒരു ഉപതൊഴിലായി മാറുകയും ചെയ്തു.

## മുൻകാല ഭൂഉടമ സമ്പ്രദായം

ഈ പഞ്ചായത്തിലെ ഭൂമികളിൽ അധികവും ആറ്റുപുറത്തുമന, ചോറ്റാനിക്കര ദേവസ്വം, തൃപ്പൂണിത്തുറ ദേവസ്വം, അമ്പാട്ടുമന, പ്ലാക്കുടിമന, മകളിയം ദേവസ്വം,പെരുന്നിനാകുളം ദേവസ്വം, ശ്രീരാമ ദേവസ്വം, വലിയമ്മ തമ്പുരാൻ കോവിലകം, കരിങ്ങാച്ചിറപള്ളി എന്നിവരുടെ ഉടമസ്ഥതയിൽ ആയിരുന്നു. ബാക്കിയുള്ളവ പണ്ടാരവക വെറും പാട്ടവുമായിരുന്നു. കാലാനുസൃതമായി ഉണ്ടായ നിയമവ്യവസ്ഥകളും ഭൂപരിഷ്ക്കരണ നടപടികളും മൂലം കൈവശക്കാരെ ഭൂഉടമകളാക്കി മാറ്റപ്പെട്ടു. സാമൂഹ്യമായ ജനങ്ങളുടെ ഉയർത്തെഴുന്നേല്പ്പ് ഈ പ്രക്രിയയ്ക്ക് വേഗത കൂട്ടുകയുണ്ടായി.ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും എന്നപോലെ ഇവിടേയും ഭൂഉടമ ബന്ധങ്ങളിൽ മാറ്റങ്ങൾ വരിക യുണ്ടായി. ജന്മിത്വം അവസാനിച്ചു.

അടിസ്ഥാന വിവര രജിസ്റ്റർ

| ഭൂവുടമസ്ഥത | കുടുംബങ്ങൾ |
|---|---|
| 1-10 സെൻറ് | 870 |
| 10-25 സെൻറ് | 887 |
| 25-50 സെൻറ് | 523 |
| 50-100 സെൻറ് | 301 |
| 1-2 ഏക്കർ | 178 |
| 2-5 ഏക്കർ | 105 |
| 5 ഏക്കറിനു മുകളിൽ | 54 |

പഴയകാലത്ത് പഞ്ചായത്തിലെ [illegible] വരുന്ന പുരയിടങ്ങളിലും കുളം, തോട്, കിണർ എന്നിവ ഉണ്ടായിരുന്നു. അത് കാലാകാലങ്ങളിൽ വെട്ടി സംരക്ഷിക്കുവാനും ജലസംഭരണികളാക്കി നിലനിർത്തുവാനും താല്പര്യം കാണിച്ചിരുന്നു. ഇതിന്റെ ഫലമായി നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയവയും പച്ചക്കറി കൃഷി തുടങ്ങിയവയും, നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന വിവിധതരം കിഴങ്ങുവർഗ്ഗങ്ങൾ - ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, കൂർക്ക, മധുരക്കിഴങ്ങ്, ഊരാളിച്ചേമ്പ് മറ്റ് ഔഷധച്ചെടികൾ - തുടങ്ങിയവും കൃഷി ചെയ്തിരുന്നത് . മേൽപറഞ്ഞ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയായിരുന്നു. നാണ്യവിളകൾ എന്ന നിലയ്ക്ക് മഞ്ഞൾ, ഇഞ്ചി, കച്ചോലം തുടങ്ങിയവയും കൃഷി ചെയ്തിരുന്നു. വിവിധതരം മാമ്പഴങ്ങൾ ഉല്പാദിപ്പിച്ചിരുന്ന മാവുകൾ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. മേൽപ്പറഞ്ഞ ജലസ്രോതസ്സുകൾ ഉണ്ടായിരുന്നതുകൊണ്ട് കഠിന വേനലിനെ അതി ജീവിക്കുവാൻ കഴിഞ്ഞിരിക്കുന്നു.

## മുൻകാല കൃഷി സമ്പ്രദായം

പാടശേഖരങ്ങളിൽ നെല്ലാണ് പ്രധാനമായും കൃഷിചെയ്തിരിക്കുന്നത്. തിരുവാങ്കുളം പ്രദേശത്ത് മേൽ കണ്ടങ്ങളിൽ കരിമ്പും കൃഷി ചെയ്തിരുന്നതായി കാണുന്നു. കൃഷി ചെയ്യുന്നതിനുള്ള ജലസേചനത്തിന് 4-മുതൽ 16-വരെയു ഇലകളുള്ള ചക്രങ്ങളും പത്തായങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. കൂടാതെ തേക്കുകൊട്ട, തിലാവ്, കാളത്തേക്ക് എന്നിവ വഴിയും ജലസേചനം നടത്തിയിരുന്നു. കൃഷി നിലം ഒരുക്കുന്നതിന് കാള, പോത്ത് എന്നീ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. മിക്കവാറും കൃഷിക്കാരുടെ വീടുകളിൽ ഇവയെ വളർത്തിയിരുന്നു. കൃഷിക്കാവശ്യമുള്ള ചാണകവളവും ലഭ്യമായിരുന്നു. 3-ാം വാർഡിൽ കോണത്തുവയൽ (ഇപ്പോഴത്തെ ഹൗസിംഗ് കോളനി) എന്നപേരിൽ ഒരു കാളവയൽ ഉണ്ടായിരുന്നു. കൃഷിപ്പണികളിൽ ഏർപ്പെട്ടിരുന്നവർ ഞാറു നടുമ്പോൾ ഞാറ്റുപാട്ടും കൊയ്യുമ്പോൾ കൊയ്ത്തു പാട്ടും ചക്രം ചവിട്ടുമ്പോഴും വെള്ളം തേവുമ്പോഴും തേക്കുപാട്ടും നടത്തിയിരുന്നത് ഗ്രാമത്തിന്റെ മുഖമുദ്രയായിരുന്നു. ഈ പൈതൃകം നമുക്കു നഷ്ടപ്പെടുകയും ഇന്ന് അത് അപൂർവ്വം ചില സാംസ്ക്കാരിക വേദികളിൽ മാത്രം ഒതുങ്ങിക്കഴിയുകയും ചെയ്തിരിക്കുന്നു.

## കൃഷി സ്ക്കൂൾ

കൊച്ചി മാഹാരാജാക്കന്മാരുടെ ആസ്ഥാനമായ കനകക്കുന്നു കൊട്ടാരത്തിന്റെ പടിഞ്ഞാറുഭാഗത്ത് - ഇന്ന് എ.ആർ ക്യാമ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു കൃഷി സ്ക്കൂൾ ഉണ്ടായിരുന്നു. ആ കെട്ടിടങ്ങൾ തന്നെയാണ് ഇന്ന് എ.ആർ ക്യാമ്പായി ഉപയോഗിച്ചുവരുന്നത്. ഗ്രാമീണ [illegible] പരിശീലിപ്പിച്ചിരുന്നു. കാലത്ത് 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ പ്രവർത്തി പരിചയവും ഉച്ചയ്ക്ക് 2 മണിമുതൽ 4 മണിവരെ പഠനവും നടത്തിയിരുന്നു. പഠിതാക്കൾക്ക് സ്റ്റെപ്പൻറും കൊടുത്തിരുന്നു. 2-ാം വർഷാവസാനം വിജയികൾക്ക് സർട്ടിഫിക്കറ്റും കൊടുത്തിരുന്നു. ഈ സർട്ടിഫിക്കറ്റ് ലഭിച്ച വർക്ക് പിന്നീട് സർക്കാർ ജോലികളിലും, വിവിധ വ്യവസായമേഖലകളിലും ജോലിലഭിക്കുകയുണ്ടായി. പണ്ടുകാലത്ത് കാർഷിക മേഖലയ്ക്കു കൊടുത്തിരുന്ന പ്രാധാന്യം ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

## ഭൂപ്രകൃതി

നമ്മുടെ പഞ്ചായത്തിന്റെ വിസ്തീർണ്ണം 10.49 ചതുരശ്ര. കി. മീ. ആണ്. കേരളത്തെ 13 കാർഷിക മേഖലകളായി തിരിച്ചതിൽ നമ്മുടെ മേഖല സെൻട്രൽ മിഡ്ലാൻറ് ആയി കണക്കാക്കിയിരിക്കുന്നു. (അവലബം - ലാൻഡ് റിസോൾസ് ഓഫ് കേരളാ സ്റ്റേറ്റ്) പഞ്ചായത്തിന്റെ കിഴക്കും വടക്കും പടിഞ്ഞാറും പുഴയാണ്. കിഴക്ക് ചിത്രപുഴയും വടക്ക് ചമ്പക്കര കനാലും പടിഞ്ഞാറ് കണിയപുള്ളിപുഴയും ആണ്. കൊച്ചിൻ കോർപ്പറേഷന്റെയും തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയുടേയും സമീപ്യം ഈ പഞ്ചായത്തിനെ അർബൻ പഞ്ചായത്താക്കി മാറ്റിയിരിക്കുന്നു. ജി.സി.ഡി.എ.യുടെ വികസന പരിധിക്കുള്ളിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നു. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. ഉയർന്ന പ്രദേശം
2. ചരിവുപ്രദേശം
3. സമതലം
4. പുഴയോരത്തിനടുത്തു കിടക്കുന്ന പാടശേഖര പ്രദേശങ്ങൾ

### 1. ഉയർന്ന പ്രദേശവും ചരിവുപ്രദേശവും

പഞ്ചായത്തിലെ ആറാം വാർഡിലെ ഭൂരിഭാഗവും ഏഴാം വാർഡിന്റെ വടക്കു ഭാഗവും ഏതാണ്ട് 9 മുതൽ 10 മീറ്റർ വരെ ഉയരത്തിലാണ്. ഒന്നാം വാർഡിന്റെ വടക്കുഭാഗം ട്രാക്കൊ കേബിൾ കമ്പിനിയുടെ പരിസരം - രണ്ടു മുതൽ ഏഴു മീറ്റർ വരെ ഉയരത്തിലാണ്. മൊത്തത്തിൽ ഉയർന്ന പ്രദേശങ്ങൾ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 5% വരും. ചരിവുകളും ഇതിൽ ഉൾപ്പെടുന്നു.

### 2. സമതല പ്രദേശവും താഴ്ന്ന പ്രദേശവും

ചിത്രപ്പുഴ, കണിയവള്ളിപുഴയും ചെറുതോടുകളും

[illegible] പ്രദേശങ്ങളും അതിനോട നുബന്ധപ്പെട്ടു കിടക്കുന്ന അല്പം ഉയർന്ന പ്രദേങ്ങളും സമതലപ്രദേശങ്ങളായി കണക്കാക്കാം. ആകെ വിസ്തീർണ്ണത്തിൻെറ 75% വരും ഇത്. പുഴകളും പുഴയോര കൃഷി സ്ഥലങ്ങളും കൂടി വിസ്തീർണ്ണത്തിൻെറ 20% വരും. ആളോഹരി ഭൂമിയുടെ വിസ്തീർണ്ണം. 13.68 സെൻറ് ആണ്. മൊത്തം വിസ്തീർണ്ണത്തിൽ 155 എച്ച്.ക്യൂ ഭൂമി ട്രാക്കൊ കേബിൾ ഭാരതപെട്രോളിയം കമ്പനി, ഇൻഡ്യൻ ഓയൽ കമ്പിനി എന്നീ സ്ഥാപനങ്ങളുടെ കൈവശത്തിലാണ് 30 എച്ച്. ക്യൂ. ഭൂമി മറ്റൊരു കമ്പിനി ഏറ്റെടുക്കുവാനുള്ള ശ്രമത്തിലുമാണ്.

| ഭൂമി സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | വിസ്തീർണ്ണം |
| നിലം | 91 ഹെക്ടർ |
| പുരയിടം | 662 |
| കൃഷിയോഗ്യ തരിശ് | 169 |
| കൃഷിയോഗ്യ മല്ലാത്തതരിശ് | 122 |
| പുറമ്പോക്ക് | ഇല്ല |
| ആകെ | 1044 |

## കാലാവസ്ഥ

കേരളത്തിലെ കാലാവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ മഴയുടെ തോതിൽ അല്പം വ്യത്യാസം കാണുന്നുണ്ട്. കേരളത്തിലെ ശരാശരിയെക്കാൾ കൂടുതൽ മഴ നമ്മുക്കു ലഭിക്കുന്നുണ്ട്. വർഷത്തിൽ രണ്ടുഘട്ടങ്ങളിലായാണ് നമ്മുക്ക് മഴ ലഭിക്കുന്നത്. കാലവർഷവും, തുലാവർഷവും ചിലപ്പോൾ മറ്റു കാലങ്ങളിൽ ഇടമഴയും ലഭിക്കാറുണ്ട്. കാലവർഷം ജൂൺ മുതൽ ആഗസ്റ്റ് വരേയും തുലാവർഷം സെപ്റ്റംബർ മുതൽ നവംബർവരേയും കിട്ടുന്നു. കൂടുതൽ മഴ ലഭിക്കുന്നത് കാലവർഷത്തിൽ തന്നെയാണ്, മഞ്ഞുകാലം ഡിസംബർ, ജാനുവരി മാസങ്ങളിലാണ്. മറ്റു മാസങ്ങൾ വേനൽകാലവുമാണ്

### കാലാവസ്ഥാ മാറ്റം

| കാലാവസ്ഥ | കാലം |
|---|---|
| കാലവർഷം | ജൂൺ- ആഗസ്റ്റ് |
| തുലാവർഷം | സെപ്റ്റംബർ - നവംബർ |
| മഞ്ഞുകാലം | ഡിസംബർ - ജാനുവരി |
| വേനൽകാലം | മാർച്ച് - മെയ് |
| ഇടമഴ | മാർച്ച്, ഏപ്രിൽ, മെയ് |

പഞ്ചായത്തിൻെറ കിഴക്കുഭാഗത്ത് പാടശേഖരങ്ങളിലുള്ള ചെറുതോടുകളും ചിത്രപുഴയും ജലശ്രോതസ്സുകളാണ്. പടിഞ്ഞാറു ഭാഗത്ത് പാടശേഖരങ്ങളിലുള്ള ചെറുതോടുകളും കണിയാവള്ളി പുഴയും ഉപയോഗപ്പെടുത്താവുന്ന ജലശ്രോതസ്സുകളാണ്. ചമ്പക്കര കനാലിൽ വേനൽകാലത്ത് ഓരു വെള്ളമായതുകൊണ്ട് ഗതാഗതത്തിനു വേണ്ടി ഉപയോഗിക്കാമെന്നല്ലാതെ കാർഷിക മേഖലയ്ക്ക് ഉപയുക്തമല്ല. കൂടാതെ പാറക്കടവ് ക്വാറികുളം ഒരു തരം ജലസംഭരണിയാണ്. അടുത്ത പ്രദേശത്തൊന്നും ഇത്രയും ആഴവും പരപ്പും ഉള്ള ജലസംഭരണിയില്ല. ട്രാക്കൊ കേബിൾ കമ്പനിയുടെ ആവശ്യത്തിന് പമ്പുഹൗസ് സ്ഥാപിച്ച് ഇതിൽ നിന്നാണ് ജലം എടുക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട ജലഭരണിയാണ് പേടിക്കാട്ട് തുരുത്ത് ക്വോറികുളം. ആഴത്തിൻേറയും പരപ്പിൻേറയും കാര്യത്തിൽ ഇത് രണ്ടാം സ്ഥാനം അർഹിക്കുന്നു. ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും ഈ രണ്ടു സംഭരണികളും എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. ഇതിനു പുറമെ വെട്ടിക്കാവുകുളം, മുറിത്താട്ടിക്കുളം, കാവരപറമ്പുകുളം, മുടകരക്കുളം, കുന്നപ്പിള്ളിക്കുളം, ഒറ്റ്നാങ്കൽ ചിറ എന്നിവയാണ് മറ്റു ജലസംഭരണികൾ. ഉപയോഗിക്കാവുന്ന മറ്റു പൊതുകിണറുകളും നിലവിലുണ്ട്. സ്വകാര്യ കുളങ്ങളും വേറെയുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ മിക്കവാറും എല്ലാ ക്ഷേത്ര പരിസരത്തും ഉണ്ട്.

**C.S.S.(Central Sponsered Scheme for SF/MF)**
**പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം**

| | നിർമ്മാണം പൂർത്തിയായ ആസ്തികൾ | | ആസ്തികളുടെ എണ്ണം/ വാർഡ് | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
| 1. | പൊതുകിണറുകൾ | | 2 | 5 | 1 | 1 | 1 | 2 | 4 | 2 | 1 | 19 |
| 2. | പൊതുകുളങ്ങൾ | | 2 | 5 | 2 | - | 1 | 1 | 1 | 1 | - | 13 |
| 3. | വാട്ടർടാങ്ക് | OHT | | | | | | 1 | | | | 1 |
| | | GLT | | | | | | 2 | 1 | | | 3 |
| 4. | പൊതു പമ്പ് ഹൗസ് | | - | - | - | 1 | - | - | 1 | - | - | 2 |
| 5. | പമ്പുസെറ്റുകൾ | | 4 | 7 | 8 | 10 | 10 | 10 | 17 | - | 16 | 82 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെഅളവ് | | 8.43 Acre | 6.4 Acre | 9.2 Acre | 30.5 Acre | 11.72 Acre | 15.79 Acre | 19.75 Acre | 8.75 Acre | 21.78 Acre | |

## മൺതറകൾ

പഞ്ചായത്തിലെ ഉയർന്ന പ്രദേങ്ങളിൽ ചെങ്കൽ മണ്ണ് അഥവാ ലാറ്ററേറ്റ് മണ്ണ് ആണ് കാണപ്പെടുന്നത്. കിഴക്കു ഭാഗത്തുള്ള പാടഖേശരങ്ങളിൽ കളിമണ്ണും,

പശ്ചിമഭാഗം ഭാഗത്ത് മണ്ണാണ് ഉള്ളതെങ്കിൽ കരിങ്ങാച്ചിറ ഭാഗത്ത് എത്തുമ്പോൾ മണലു കലർന്ന കളിമണ്ണാണ് കാണപ്പെടുന്നത്. പടിഞ്ഞാറൻ പാടശേഖരങ്ങളിലും ഈ മണലാണ് കാണപ്പെടുന്നത്. പുഞ്ചപ്രദേശത്തായി കറുത്ത മണ്ണുണ്ട്. മണ്ണു പരിശോധന സംമ്പ്രദായം നിലവിലില്ല. ഉയർന്ന പ്രദേശങ്ങളിൽ മാത്രമല്ല സമതലപ്രദേശത്തുപോലും ശക്തിയായ മണ്ണൊലിപ്പുണ്ട്. ചരിവുപ്രദേങ്ങളിലും സമതലപ്രദേശങ്ങളിലും വെള്ളം ഒഴുകി പോകുന്നത് കെട്ടി നിർത്തിയോ സംഭരിച്ചോ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ഫലപ്രദമായ മണ്ണു പരിശോധന രീതി നിലവിൽ വരണം. മേൽപറഞ്ഞ കാര്യങ്ങൾ കൃഷിക്കാരും ബോധപൂർവ്വം ശ്രദ്ധച്ചെലുത്തികൊണ്ടിരിക്കുന്നു.

## നെൽകൃഷി

പ്രാധനമായും ഈ പഞ്ചായത്തിൻെറ നെല്ലറയായിരുന്നത് കിഴക്കുഭാഗത്തുള്ള പാടശേഖരങ്ങളായിരുന്നു. ഇരുപ്പൂകൃഷി ചെയ്തിരുന്ന ഈ പാടശേഖരങ്ങളിൽ ഇപ്പോൾ നാമ മാത്രമായി മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്ത് തെക്കു മുതൽ വടക്കുവരെ ഇരിപ്പൂ കൃഷി നിലങ്ങൾ ആയിരുന്നു. ഇവിടേയും നാമ മാത്രമായ കൃഷിയേ ഇപ്പോൾ ഉള്ളൂ. അടുത്ത തലമുറയ്ക്ക് നെൽകൃഷി അന്യമാവുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗൗരവമായി ശ്രമം നടത്തിയാൽ നെൽകൃഷി പുനർജീവിപ്പിക്കുവാൻ സാധിക്കുന്നതാണ്. മഴയെ ആശ്രയിച്ചു മാത്രമാണ് ഇപ്പോഴും നാമമാത്ര മായിട്ടാണെങ്കിലും കൃഷി നടത്തുന്നത്. ഉല്പാദനക്ഷമതയാകട്ടെ വളരെ താഴ്ന്നതാണ്.

## തെങ്ങ്

പഞ്ചായത്തിലെ ഇന്ന് ഏറ്റവും പ്രധാനപ്പെട്ടതും വ്യാപകവുമായ കൃഷിയാണ് കേരകൃഷി. 382 എച്ച്. ക്യു. ഈ കൃഷി വ്യാപിച്ചുകിടക്കുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ തെങ്ങു കൃഷിയുള്ളത് 8,7 വാർഡുകളിലാണ് . യഥാക്രമം 9276 ഉം 9275 ഉം വരുമിത്. ഏറ്റവും കുറവ് കേരകൃഷി ഉള്ളത് 5-ാം വാർഡിൽ ആണ് - 1957 മറ്റുവാർഡുകളിൽ 6000നും 7000നും ഇടയ്ക്കവരും. എന്നാൽ കായ്ഫലം തരുന്നത് ആകെ 38865ആണ്. രോഗാതുരമായ തെങ്ങുകളുടെ എണ്ണം 7745 ആണ്. പുഴതീരപ്രദേശങ്ങളിൽ കൃഷിചെയ്തിരുന്ന തെങ്ങുകൾ പഞ്ചായത്തിൻെറ ഉയർച്ച, താഴ്ച ട്ടുണ്ട്.സംസ്ഥാന ശരാശരി തെങ്ങ് ഒന്നിന് 30 ആണെങ്കിലും പഞ്ചായത്തിൽ അത് 40 ആണ്. 24 ലക്ഷത്തോളം നാളികേരം പഞ്ചായത്തിൽ വർഷത്തിൽ ലഭിക്കുന്നുണ്ട്. കേരകൃഷി മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ സാദ്ധ്യതകൾ ഈ പ്രദേശത്തിനുണ്ട്. പഞ്ചായത്തിൽ സാമാന്യം നന്നായി പ്രവർത്തിക്കുന്ന ഒരു കേരവികസന സമതിയുണ്ട്. എന്നാൽ ഫലപ്രദമായി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഒട്ടേറെ പരിമിതികൾ അവർക്ക് അനുഭവപ്പെടുന്നുണ്ട്. കേരവിക സനസമിതിയുടെ ഇന്നത്തെ ഘടനയിൽ മാറ്റം വരുത്തി ലക്ഷ്യം നേടുന്നതിന് ആവശ്യമായ പ്രവർത്തന സൗകര്യങ്ങളും വിഭവങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ജനകീയ ആസൂത്രണ പ്രക്രിയയിൽ പ്രഥമ സ്ഥാനം തന്നെ കേരവികസനത്തിന് നൽകേണ്ടതുണ്ട്. നാളികേരം ഉപയോഗിച്ചു കൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ചെറുകിട സംഭരങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്. ചിരട്ട ഉപയോഗിച്ചു കൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കളും ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകളും പഞ്ചായത്തിൽ ഉണ്ട്. കരിക്കിൻ വെള്ളം ഉപയോഗിച്ചുകൊണ്ടുള്ള പാനീയങ്ങൾ ശാസ്ത്രീയമായ രീതിയിൽ ഉണ്ടാക്കി മാർക്കറ്റിൽ ഇറക്കുന്നത് ഈ കൃഷിയുടെ വികസനത്തിന് പര്യാപ്തമാകുന്നതാണ്. നാളികേരവെള്ളം ഉപയോഗിച്ച് എങ്ങിനെ ഉപോൽപ്പന്നങ്ങൾ ശാസ്ത്രീയമായി ഉണ്ടാക്കാൻ കഴിയും എന്നതിനെ സംബന്ധിച്ചും ഗൗരവമായി ആലോചിക്കേണ്ടതാണ്. സർക്കാർ തലത്തിൽ നടത്തുന്ന സല്ക്കാരാദികളിൽകരിക്കിൻവെള്ളം ഉപയോഗിക്കുന്ന രീതി ചായസൽക്കാരത്തിനും പകരം വരണം.സാർവ്വത്രീകമായി സംസ്ഥാനത്ത് കരിക്കിൻ വെള്ളം ശീതള പാനീയത്തിനു പകരമായി ഉപയോഗിക്കുന്ന ഒരു സംസംക്കാരം ഉയർന്നു വരാൻ ഇത് ഇടയാക്കും. തെങ്ങിൻ തടി ഉപയോഗിച്ചു കൊണ്ടുള്ള ഫർണിച്ചറുകളും ഗൃഹ നിർമ്മിതികൾക്ക് ഉപയോഗപ്രദമായ മറ്റു സാമഗ്രഹികളും ഉണ്ടാക്കുന്നതിന് ലഭ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. നല്ല തെങ്ങിൽ കള്ള് ആ യുർവ്വേദ വിധി പ്രകാരം ഒരു ഔഷധം കൂടിയാണ്. ഇത് ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി വിപണിയിൽ ഇറക്കാൻ കഴിയും എന്ന് ആലോചിക്കാവുന്നതാണ്. അമേരിക്കയിലെ സോയാബീൻ എണ്ണ ലോബീ വെളിച്ചെണ്ണയ്ക്ക് എതിരായി നടത്തിയ പ്രചാരണം ഫലപ്രദമായി നേരിടാൻ നമ്മുക്കു കഴിയാതെ പോയിട്ടുണ്ട്. വെളിച്ചെണ്ണ ഹൃദ്രോഗത്തിന്

ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതുണ്ട്. ആരോഗ്യത്തിന് ആവശ്യമായ പല ഘടകങ്ങളും വെളിച്ചെണ്ണയിൽ അടങ്ങിയിട്ടുണ്ട്. എന്ന യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ വ്യാപകമായ പ്രചാരണം നടത്തേ

ഇപ്പോൾ ലഭ്യമല്ല. പരിമിതമായ നിലവിലുള്ള പരിഹാര മാർഗ്ഗങ്ങൾ കൃഷി ഭവന്റെ നേതൃത്വത്തിൽ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും പഞ്ചായത്തിൽ ആകമാനം പ്രയോഗിക്കേണ്ടതാണ്.

115

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് 1 | കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങുകൾ | | | |
|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് |
| 1 | 35.3 Ha | 2395 | 3592 | 5987 | 582 | 83 | 68 | 35 |
| 2 | 36.9 Ha | 2512 | 3769 | 6281 | 328 | 67 | 52 | 23 |
| 3 | 41.3 Ha | 2809 | 4213 | 7022 | 181 | 52 | 36 | 18 |
| 4 | 53.5 Ha | 3637 | 5454 | 9091 | 2222 | 102 | 81 | 55 |
| 5 | 12.5 Ha | 783 | 1174 | 1957 | 919 | 40 | 14 | 13 |
| 6 | 42.2 Ha | 2870 | 4304 | 7174 | 283 | 48 | 24 | 20 |
| 7 | 54.5 Ha | 3710 | 5565 | 9275 | 444 | 87 | 70 | 51 |
| 8 | 54.5 Ha | 3711 | 5565 | 9276 | 838 | 90 | 67 | 43 |
| 9 | 51.3 Ha | 3486 | 5229 | 8715 | 557 | 63 | 57 | 32 |
| ആകെ | 382 Ha | 25913 | 38865 | 64778 | 6354 | 632 | 469 | 290 |
| | | 40% | 60% | 100% | 9.80% | 0.97% | 0.72% | 0.45%% |

## കുരുമുളക്

പഞ്ചായത്തിനെ കുരുമുളകു ഗ്രാമമായി കൃഷി ഭവൻ പ്രഖ്യാപിച്ചിരുന്നതാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു നാണ്യവിളയാണ് കുരുമുളക്. കുരുമുളകു കൃഷിക്ക് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയുമാണ് നമ്മുക്കുള്ളത്. എന്നാൽ ഇതിന് അനുസൃതമായി ഈ കൃഷി മെച്ചപ്പെട്ടട്ടില്ല. 15 എച്ച്. ആർ. സ്ഥലത്താണ് ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലായിടത്തും ഉല്പാദനക്ഷമത ഉള്ള നല്ലയിനമാണ് എന്ന അഭിപ്രായമില്ല. കുരുമുളകിന്റെ വിലനിലവാരം ആഗോള വിപണിയെ ആശ്രയിച്ചിരിക്കുന്നു.മറ്റു രാഷ്ട്രങ്ങളുമായുള്ള മത്സരത്തിൽ ആഗോള വിപണിയിൽ നിന്നും പലപ്പോഴും പിന്നിലാക്കപ്പെടുന്നു. ദേശീയ തലത്തിൽ തന്നെ ഒരു പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ് ഇത്. വിദേശ നാണ്യം നേടിത്തരുന്ന ഒരു വിഭവമാണിത്. ഈ കറുത്തപൊന്നിന്റെ പ്രാധാന്യം അത്ര വലുതാണ്.

## പച്ചക്കറി കൃഷി

വ്യാപകമായി തന്നെ പച്ചക്കറി ഉപയോഗിക്കുന്നവരാണ് നമ്മുടെ ജനങ്ങളിൽ അധികം പേരും. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ അധികവും അന്യ സംസ്ഥാനങ്ങളി നിന്നും നമ്മുടെ മാർക്കറ്റിൽ എത്തുന്നവയാണ്. കോടിക്കണക്കിനു രൂപ നമ്മുടെ സംസ്ഥാനത്തു നിന്നും ഇതിനു വേണ്ടി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. നമ്മുടെ ആവശ്യത്തിനുള്ള പച്ചക്കറികൾ അധികവും നമ്മുക്കിവിടെ ഉല്പാദിപ്പിക്കുന്നതിന് ഒട്ടേറെ സാദ്ധ്യതകളുണ്ട്. നമ്മുടെ പഞ്ചായത്ത് ഇക്കാര്യത്തിൽ മുമ്പിൽ ആയിരുന്നു. എന്നാൽ ചീര കൃഷിയിൽ മാത്രമാണ് ഇന്നു നമുക്കു മുൻതൂക്കമുള്ളത്. ഏതാണ്ട് 150 കുടുംബങ്ങൾ എങ്കിലും ഇന്ന് ഇതിന്റെ പിൻബലത്തിൽ ജീവിക്കുന്നുണ്ട്. പാവൽ, പടവലം, കുമ്പളം, വെണ്ട, വെള്ളരിക്ക, മത്തൻ തുടങ്ങിയവ പഞ്ചായത്തിൽ ചിലേടങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുകയാണ് . ഈ കൃഷി വ്യാപക

നടത്തേണ്ടതുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയിൽ ചെറിയമാറ്റങ്ങൾ വരുത്തുവാൻ ഉതകുന്നതാണ്.

## വാഴകൃഷി

ഒരു കാലത്ത് വാഴകൃഷിക്ക് പ്രസിദ്ധമായിരുന്നു നമ്മുടെ പഞ്ചായത്ത്. പഞ്ചായത്തിൽ വ്യാപകമായി വാഴകൃഷിയുണ്ട്. എന്നാൽ ശരിയായ സംരക്ഷണ മില്ലാത്തതുകൊണ്ട് നിലവാരം മോശമാണ് പാളം കോടൻ,കണ്ണൻ, ചുണ്ടില്ലാകണ്ണൻ, ഞാലിപ്പൂവൻ, പൂവൻ, ചാരപൂവൻ, പടച്ചി, റോബസ്റ്റാ, ഏത്തപ്പഴം തുടങ്ങിയവയാണ് പഞ്ചായത്തിലെ പ്രധാന വാഴ ഇനങ്ങൾ. പ്രകൃതിദത്തമായ ആനുകൂല്യം ഈ കൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കുറഞ്ഞ ചിലവിലും അദ്ധ്വാനത്തിലും ഈ കൃഷിയെ പരിപോഷിപ്പിക്കുവാൻ കഴിയുന്നതാണ്. '' ഓണത്തിന് ഒരു ഏത്തക്കുല '' എന്നത് ഒരു മുദ്രാവാക്യമായി പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്വീകരിക്കാവുന്നതാണ്. സ്ക്കൂൾ തലത്തിൽ തുടങ്ങി വ്യാപകമായ ഒരു പ്രചാരണം ഇതിന് ആവശ്യമാണ്. ഏത്തവാഴകൃഷികൊണ്ട് ജീവിച്ചിരുന്ന ഏറെ കുടുംബങ്ങൾ നമ്മുടെ പഞ്ചായ ത്തിൽ ഉണ്ടായിരുന്നു.

ഉല്പാദനക്ഷമതയും രോഗപ്രതിരോധശക്തിയും ഉള്ള വിത്തിനങ്ങളെ തിരഞ്ഞെടുത്ത് കൃഷിഭവൻ വഴി വിതരണം നടത്തേണ്ടതാണ്. വാഴകൃഷിക്ക് വ്യാപകമായി രോഗം ബാധിക്കുന്ന ശാസ്ത്രീയ മായ പരിഹാരമാർഗ്ഗങ്ങൾ ഇതിന് ആവശ്യമാണ്. വാഴ പ്പഴം കയറ്റി അയക്കുന്ന ഇന്നത്തെ സാഹര്യത്തിൽ ഈ കൃഷിക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

## കിഴങ്ങു വർഗ്ഗങ്ങൾ

കേരളീയരുടെ ആഹാരരീതിയിൽ കിഴങ്ങു വർഗ്ഗങ്ങൾ സുപ്രധാന സ്ഥാനം നേടിയിരുന്നു. വേണ്ടത്ര ഭക്ഷ്യ ധാന്യ ലഭ്യതയില്ലാതിരുന്നിട്ടുപോലും പട്ടിണി മരണ ങ്ങളിൽ നിന്നും, പോഷകാഹാര കുറവിൽ നിന്നും നമ്മെ രക്ഷിക്കുന്നത് കേരളമങ്ങോളമിങ്ങോളമുണ്ടായിരുന്ന നാനാവിധ കിഴങ്ങു വർഗ്ഗങ്ങളുടെ വ്യാപകമായ ഉപയോഗ മായിരുന്നുവെന്നു കരുതപ്പെടുന്നു.

ഒരു കാലത്ത് പഞ്ചായത്തിലെമ്പാടുമുണ്ടായിരുന്ന കപ്പകൃഷി അവിടെയിവിടെയായി ഒറ്റപ്പെട്ടുമാത്രം കാണപ്പെടുന്നു. ചേന, ചേമ്പ്, കാച്ചിൽ, മധുരകിഴങ്ങ്, ചെറുകിഴങ്ങ്, കൂർക്ക, കൂവകിഴങ്ങ് എന്നിവ തീർത്തും നമ്മുടെ തൊടികളിൽ നിന്നും അപ്രത്യക്ഷമായിട്ടില്ല. ഔഷധാവശ്യത്തിനായി കൂവപ്പൊടി നിർമ്മിക്കാനുള്ള കൂവക്കിഴങ്ങ് പഞ്ചായത്തിൽ സുലഭമായിരുന്നു.

കിഴങ്ങുവർഗ്ഗങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ഒരു ഉപസംയോജിത ശ്രമത്തിലൂടെ അവയുടെ കൃഷി പുനരുദ്ധരിക്കേണ്ട ഒരു അവസ്ഥയിലേക്കാണ്. നാം നീങ്ങുന്നത് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## മറ്റു കാർഷിക വിഭവങ്ങൾ

റബ്ബർകൃഷി പഞ്ചായത്തിൽ ചുരുങ്ങിയ സ്ഥല ങ്ങളിൽ മാത്രമേയുള്ളു. നമ്മുടെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന കൃഷിയാണിതെങ്കിലും പഞ്ചായത്തിൽ വ്യാപകമായട്ടില്ല. ഇതിൻെറ വില നിലവാരം കേന്ദ്രഗവൺമെൻറിൻെറ ഇറക്കുമതി നയത്തെ ആശ്രയിച്ചിരിക്കുന്നു.പഞ്ചായത്തിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും കവുങ്ങ് കൃഷിയുണ്ട്. വരുമാനമാർഗ്ഗ മുള്ള ഒരു കൃഷി എന്ന നിലയ്ക്ക് പഞ്ചായത്തിലെ ജനങ്ങൾ ഇതിനെ കണക്കാക്കുന്നില്ല. തെങ്ങ് കൃഷിയുടെ ഇടയ്ക്കും മറ്റെല്ലാ പ്രദേശങ്ങളിലും കാര്യമായ വളപ്രയോഗ മില്ലാതെ തന്നെ കൃഷി ചെയ്യാവുന്ന ഒന്നാണിത്. ജല സേചന സൗകര്യമുണ്ടായാൽ നല്ല വിള ലഭിക്കു ന്നതാണ്. കശുവണ്ടി വിദേശനാണ്യം നേടിത്തരുന്ന ഒന്നാണ്. ഇരുമ്പനം പ്രദേശത്തിൻെറ വടക്കുഭാഗത്ത് ധാരാളമായി കശുവിൻമാവ് വളർന്നിരുന്നു. പാർപ്പിട പ്രശ്നം ഉയർന്നു വന്നതോടുകൂടി ഈ കൃഷി നാമമാത്ര മായി ചുരുങ്ങി.

കാൽനൂറ്റാണ്ടു മുൻപുവരെ എല്ലാ കുടിയിരിപ്പുകളിലും പയറും പഞ്ഞപ്പുല്ലും ഒരുമിച്ചു കൃഷി ചെയ്തിരുന്നു. അന്ന് അച്ചിങ്ങ പണം കൊടുത്തുവാങ്ങിയിരുന്നവർ ചുരുക്കമായിരുന്നു. എന്നാൽ ഇന്ന് അച്ചിങ്ങ വാങ്ങുന്ന തിന് പഞ്ചായത്തിലെ ജനങ്ങൾ കമ്പോളങ്ങളെ ആശ്രയിക്കുന്നു. ഗുണം കുറഞ്ഞ ഈ പച്ചക്കറിയുടെ വിലയായി നല്ലൊരു തുക അന്യസംസ്ഥാനങ്ങളി ലേയ്ക്ക് ഒഴുകുന്ന സ്ഥിതിയാണിത്. പുൽപ്പൊടി കുട്ടി കൾക്ക് ഫലപ്രദമായ ഒരു ആഹാരമായിരുന്നു. അതിനും നാമിന്ന് കടകമ്പോളങ്ങളെ ആശ്രയിക്കുന്നു.

ഒരു കാലത്ത് പഞ്ചായത്തിൽ വ്യാപകമായി കൊണ്ടിരുന്ന ഇഞ്ചിപ്പുല്ല്, അതിർത്തിതിരിക്കുന്നതിനും, മണ്ണൊലിപ്പു തടയുന്നതിന് ഈടുകളുടെമേലും വച്ചുപിടിപ്പിച്ചിരുന്നു. ഇഞ്ചിപ്പുല്ല് വാറ്റി പുൽതൈലവും ഉണ്ടാക്കിയിരുന്നു. ഇന്ന് ഇഞ്ചിപ്പുല്ല് അങ്ങിങ്ങായി ചുരുങ്ങിയിരിക്കുന്നു. ബോധപൂർവ്വമായി ഇഞ്ചപ്പുല്ല് കൃഷി വ്യാപിപ്പിക്കുന്നത് ചരിഞ്ഞ പ്രദേശങ്ങളിലെ മണ്ണൊലിപ്പു തടയുന്നതിനും, പലവിധ കീടങ്ങളെ അകറ്റി

ഒരു അസംസ്കൃത വസ്തുവായി കൂടി ഉപയോഗിക്കുന്നതിന് സഹായകമാകണം.

തീറ്റ പുൽകൃഷി പഞ്ചായത്തിൽ കാര്യമായിട്ടില്ല. ക്ഷീര വ്യവസായം വളർന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ കൃഷിക്ക് വളരെ പ്രാധാന്യം ഉണ്ട്. തെങ്ങിൻ തടങ്ങളിലും മറ്റ് ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കൃഷി ചെയ്യാവുന്നതാണ്. കന്നുകാലി വളർത്തലിൽ ഉള്ള ചിലവും കുറയ്ക്കാൻ ഇത് സഹായിക്കുന്നതാണ്. പ്ലാവ് വ്യാപകമായി നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പലപ്പോഴും ഇതിന്റെ തടി മര ഉരുപ്പടികൾക്കായിട്ടാണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ചക്കപ്പഴം ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതയെക്കറിച്ച് നമ്മൾ ബോധവാന്മാരല്ല. ഇത് ഉപയോഗപ്പെടുത്തികൊണ്ടുള്ള കുടിൽ വ്യവസായ സാദ്ധ്യതകൾ, നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മാങ്ങ കറികൾക്കായി ഉപയോഗപ്പെടുത്തുന്ന സ്വഭാവമാണ് നമ്മുക്ക ുള്ളത് . കണ്ണിമാങ്ങയും മാങ്ങയും ഉപയോഗിച്ചുകൊണ്ടുള്ള അച്ചാറുകൾ ഉണ്ടാക്കുന്നു. ചെറുകിട സംരംഭങ്ങൾക്ക് നല്ല സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മാമ്പഴം ഉപയോഗപ്പെടുത്തികൊണ്ടുള്ള വിഭവങ്ങൾ ഉണ്ടാക്കുന്നതിന് സ്ത്രീകളുടെ ചെറുകിട യൂണിറ്റുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. പൈനാപ്പിൾ കൃഷി നമ്മുടെ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ ഉണ്ട്. കിഴക്കൻ പ്രദേശങ്ങളിൽ വ്യാപകമായി വരുന്ന ഈ കൃഷിക്ക് നമ്മുടെ പഞ്ചായത്തിലും സാദ്ധ്യതകളും ഉണ്ട്. ഇതിന്റെ ഉലംപന്നങ്ങൾക്ക് നല്ല വിപണന സാദ്ധ്യതയും ഉണ്ട്. ഒരു ചിലവുമില്ലാതെ വീട്ടുമുറ്റങ്ങളിൽ വളർത്താവുന്ന പപ്പായകൾ യഥേഷ്ടം കപ്പങ്ങകൾ നല്കുന്നതിനു മാത്രമല്ലവ്യാപകമായി ഒരു വ്യവസായ അസംസ്കൃത വസ്തുകൂടിയാണ്.

## ഔഷധച്ചെടികൾ

രണ്ടുമൂന്നു ദശകങ്ങൾക്കുമുമ്പ് ഔഷധച്ചെടികൾ എല്ലാ വീടുകളിലും ഉണ്ടായിരുന്നു. ചിലതരം ഔഷധച്ചെടികൾ ഉപയോഗിച്ച് മിഥുനം കർക്കിടകം മാസങ്ങളിൽ മരുന്നു കഞ്ഞി ഉണ്ടാക്കി കഴിക്കുക നമ്മുടെ നാട്ടുമ്പുറങ്ങളിൽ സർവ്വസാധാരണമായിരുന്നു. കുറുന്തോട്ടി, പൂവാംകുരുന്ന്, മുയൽച്ചെവിയൻ, നിലംപാല, കൊടുംവേലി, തൊട്ടാവാടി, മുക്കുറ്റി എന്നിവ ഇതിന് ഉപയോഗിച്ചിരുന്നു. വർഷങ്ങൾക്കുമുമ്പ് പനി വന്നാൽ ചികിത്സയ്ക്കായി തുളസിയിലയുടേയും , മുരിങ്ങയില, പനിക്കൂർക്ക എന്നിവ ഔഷധമായി ഉപയോഗിച്ചിരുന്നു. ആധുനിക ചികിത്സാ സമ്പ്രാദായം ഇവയെ പുറകോട്ടു തള്ളിമാറ്റി. തുളസിയിലയിൽ ആടലോടകത്തിന്റേയും പാശ്ചാത്യർ വരെ ഇന്ന് അംഗീകരിക്കുന്നു. ആരിവേപ്പ ഉപയോഗിച്ചുകൊണ്ടുള്ള ഔഷധ നിർമ്മാണത്തിന് വിദേശഔഷധ കമ്പനികൾ പേറ്റന്റ് ആവശ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. നീലാംബരി വിഷ ചികിത്സയ്ക്കും തലമുടി വളരുന്നതിനും നല്ലൊരു ഔഷധമായി ഉപയോഗപ്പെടുത്തുന്നു. മറ്റ് അനേകം ഔഷധച്ചെടികളും നമ്മുറ്റെട നാട്ടിൽ സുലഭമായിരുന്നു. എട്ടിലേറെ ഏക്കറോളം വിസ്തൃതി വരുന്ന പഴയ ഗസ്റ്റ്ഹൗസ് ഇരിക്കുന്ന കോമ്പൗണ്ട് ഔഷധച്ചെടികൾ വളർത്തുന്നതിന് ആയുർവ്വേദ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തിരുന്നു. എന്നാൽ ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് അവർ കാണിച്ചത്.

## പുഷ്പകൃഷി

കേരളത്തിൽ ആകമാനം പൂക്കളെ ആശ്രയിക്കുന്നത് അന്യ സംസ്ഥാനങ്ങളെയാണ്. വിമാനം വഴി നിത്യവും പൂക്കൾ ഇവിടെ എത്തുന്നുണ്ട്.എന്നാൽ പൂക്കളുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകാനുള്ള എല്ലാ സാദ്ധ്യതകളും നമ്മുക്കുണ്ട്. കുറ്റിമു ല്ലയും ഓർക്കഡുകളും എല്ലാം സർവ്വസാധാരണമാണ്. വളരെ ലാഭകരമായി ഇത് കൃഷി ചെയ്യാൻ സാധിക്കുന്നു. ഇത് നന്നായ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ നമ്മുടെ സമീപ പ്രദേശത്തുണ്ട്. സ്ത്രീകൾക്ക് ഇത് നല്ലൊരു വരുമാന മാർഗ്ഗമായി ഉപയോഗപ്പെടുത്താം. ഇതിന് ആവശ്യമായ പ്രചാരണം കൊടുക്കണം എന്നു മാത്രം.

നല്ല കയറ്റുമതി സാദ്ധ്യതയും രാജ്യത്തിനകത്തു തന്നെ വിപണനസാദ്ധ്യതയും ഉള്ള ഒന്നാണ് കൂൺകൃഷി. ഇതിന്റെ വിത്തിനങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും സ്ഥിതിചെയ്യുന്ന ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ ആദായകരമാണ് ഈ കൃഷി.

## ജൈവവളം

ഏതാനും വർഷങ്ങൾക്കുമുമ്പ് വരെ പാടശേഖരങ്ങളിലും പറമ്പുകളിലും ധാരാളമായി ജൈവവളം ഉപയോഗിച്ചിരുന്നു. രാസവളത്തിന്റെ ആവീർഭാവവും പച്ചിലവളത്തിന്റെ ശോഷണവും ജൈവവളത്തിന്റെ ഉപയോഗം കുറച്ചു കളഞ്ഞു.രാസവളത്തിന്റെ ഉപയോഗം നമ്മുടെ മണ്ണിന്റെ ഘടന തന്നെ മാറ്റി മറച്ചു. ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക മാത്രമാണ് ഏകപോംവഴിയും ചിലവു കുറവും. ജൈവവളം ഉണ്ടാക്കുന്നതിന് സംബന്ധിച്ചുള്ള കാര്യങ്ങൾ

എല്ലാ വീടുകളിലും ജൈവവളം(കമ്പോസ്റ്റ്) ഉണ്ടാക്കുന്ന തിനുള്ള സംവിധാനങ്ങൾ കാര്യമായ ചിലവൊന്നുമില്ലാതെ പ്രയോഗത്തിൽ വരുത്താൻ കഴിയും അത്രകണ്ട് മണ്ണിൻെറ ഫലപുഷ്ടിയും വർദ്ധിക്കും.

## വിള വിസ്തീർണ്ണവും, ഉൽപാദനക്ഷമതയും

(കണക്കുകൾ അപൂർണ്ണം)

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| (ഒന്നാംവിള) നെല്ല് | 20 Ha | 52 ടൺ | 2600 കി.ഗ്രാം |
| നെല്ല് രണ്ടാം വിള | 50 Ha | 122.5 ടൺ | 2450 കി.ഗ്രാം |
| പയർ | 20 Ha | 100ടൺ | 5000 കി.ഗ്രാം |
| പച്ചക്കറി | 14 Ha | 140 ടൺ | 10 ടൺ |
| തെങ്ങ് | 382 Ha | 24 ലക്ഷം | 40 എണ്ണം/തെങ്ങ് |
| വാഴ | 20 Ha | 96 ടൺ | 12 MT/Ha |
| കുരുമുളക് | 15 Ha | 8.25 ടൺ | 550gm/Std |
| പ്ലാവ് | 23 Ha | 2300 എണ്ണം | 10 എണ്ണം / പ്ലാവ് |

## കാർഷികവികസനവും കൃഷിഭവനും

കൃഷിയെ വ്യവസായമായി കണക്കാക്കുന്ന തരത്തിൽ ഗവൺമെൻറിൻെറ ഭാഗത്തു നിന്നും നയ സമീപനങ്ങൾ ആവിഷ്ക്കരിക്കണം. ഏതു തരം വ്യവസായങ്ങൾക്കും ഗവൺമെൻറ് അനേകകോടികളാണ് വർഷാവർഷം ധനസഹായമായി നൽകികൊണ്ടിരിക്കുന്നത്. സർക്കാർ നേതൃത്വം കൊടുക്കുന്ന വിവിധ ഏജൻസികൾ വഴിയും മറ്റു ധനകാര്യ സ്ഥാപനങ്ങൾ വഴിയും ആകർഷകമായ വ്യവസ്ഥയിൽ സഹായങ്ങൾ നൽകിപ്പോരുന്നുണ്ട്. ഈ സമീപനം കൃഷിക്കു കൂടി ബാധകമാക്കണമെന്ന് പറയുന്നത് തികച്ചും ന്യായം മാത്രമാണ്.കൃഷിക്കാരന് സമൂഹത്തിൽ മാന്യമായ ഒരംഗീകാരം കിട്ടണം. രാജ്യത്തെ ജനങ്ങളുടെ ഭക്ഷ്യാവശ്യങ്ങൾ നിറവഹിക്കുന്നത് കൃഷിക്കാരാണ് എന്ന തോന്നൽ സർക്കാരിനും സമൂഹത്തിനും ഉണ്ടാകണം. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളോടുള്ള സമൂഹത്തിൻെറ സമീപനത്തിൽ ഏറെകുറവുകൾ ഉണ്ട്. വ്യവസായ തൊഴിലാളികളേയും സർക്കാർ ജീവനക്കാരേയും സമൂഹം കാണുന്ന അതേ കാഴ്ചപ്പാടിൽ തന്നെ കർഷകതൊഴിലാളികളെ കാണേണ്ടതാണ്. അങ്ങിനെ യായാൽ പുതുവിഭാഗങ്ങളെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുവാൻ കഴിയും. കാർഷീകമേഖലയെ

ഒരു പുതിയ കാർഷിക സംസ്ക്കാരം ഉയർന്നുവരാൻ ഇത് ഇടയാക്കും.

ജനാധിപത്യസംവിധാനത്തിൽ സംഘടനകൾക്കും സമ്മർദ്ദ ഗ്രൂപ്പുകൾക്കും അതി പ്രധാനമായ ഒരു സ്ഥാനമുണ്ട്. സർക്കാർ ജീവനക്കാരായാലും, വ്യവസായ തൊഴിലാളികളായാലും, നിർമ്മാണതൊഴിലാളിക ളായാലും മറ്റ് ഏത് വിഭാഗത്തിൽപ്പെട്ടവരായാലും നിരവധി പോരാട്ടങ്ങളിലൂടെ ഏറെ ആനുകൂല്യങ്ങൾ നേടിയെടുത്തിട്ടുള്ളവരാണ്. അതിനുള്ള സംഘടനാ ബലവും സമരശേഷിയും അവർക്കുണ്ട്. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിൽ സംഘടനാശേഷി പ്രകടിപ്പിക്കാത്തവരാണ് ഏറെയും. മിക്കവരും പരമ്പരാഗത വിശ്വാസങ്ങളും മാമൂലുക ളുമായി ബന്ധപ്പെട്ട് ഒതുങ്ങി കഴിയുന്നവരാണ്. സംഘടിതശക്തിപ്രകടിപ്പിച്ച് കൊണ്ടല്ലാതെ നേട്ടങ്ങൾ ഉണ്ടാക്കാൻ ആവില്ല.

ഇന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൃഷി ഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി ഭവനുകൾ സജീവമാണ് എന്നു പറയാൻ ആവില്ല. സമയാ സമയങ്ങളിൽ വേണ്ടത്ര വിഭവങ്ങൾ കിട്ടാത്തതു കൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുവാൻ കൃഷി ഭവനു കഴിയുന്നില്ല. കൃഷി ഭവനുകൾ കൃഷിക്കാർക്ക് വിശ്വസ്തയോടെ ആശ്രയിക്കാവുന്ന ഒരു കേന്ദ്രമായി മാറണം. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആ പരിശീലനകേന്ദ്രമെന്ന നിലയ്ക്കു കൂടി കൃഷിഭവൻ പ്രയോജനപ്പെടണം. ഫീൽഡ് വർക്കിന് ഓഫീസ് പ്രവർത്ത നത്തെക്കാൾ മുൻഗണന നല്കണം.

## കാർഷീകരംഗത്തെ പൊതുപ്രശ്നങ്ങൾ

1. എല്ലാത്തരം വിളവുകളുടേയും താഴ്ന്ന ഉല്പാദനക്ഷമത
2. വിവിധതരം രോഗങ്ങൾ
3. മണ്ണ് പരിശോധനയുടെ അഭാവം
4. ജനസേചനസൗകര്യങ്ങളുടെ അഭാവം
5. അനിയന്ത്രിതമായ നീർക്കെട്ട്
6. പ്രധാനതോടുകളിൽ ചീപ്പുകളില്ല.
7. ഓരുകയറ്റം
8. വ്യാവസായിക മലിനീകരണം
9. പ്രധാനപ്പെട്ട പാടശേഖരങ്ങളിലേയ്ക്കും ഗതാ ഗതസൗകര്യത്തിൻെറ അഭാവം
10. പാടത്ത് പണിയുന്നതിന് തൊഴിലാളികളുടെ കുറവ്

ലഭ്യതകുറവും

12. കൃഷിപണിക്കും സമൂഹത്തിൽ വന്നിട്ടുള്ള മാന്യത കുറവ്

13. കൃഷിപണിക്ക് സാമൂഹ്യമായ പ്രോത്സാഹന കുറവ്

14. ഒറ്റപ്പെട്ട് അങ്ങിങ്ങ് മാത്രം കൃഷി ചെയ്യുന്നതിൻെറ

15. വ്യാപകമായ കൃഷിയിടം നികത്തൽ പരിപാടികൾ

16. കൃഷി ലാഭകരമല്ലെന്ന രൂഢമൂലമായ വിശ്വാസം

17. കൃഷിഭവൻെറ തൃപ്തികരമല്ലാത്ത പ്രവർത്തനം

18. കാർഷികോൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമില്ലായ്മ

119

## രാസവള കീടനാശിനി വിപണനം / നടീൽ വസ്തു ദുരിതാശ്വാസ വിതരണം

| ഇനവിവരം | എണ്ണം / തൂക്കം / തുക | | |
|---|---|---|---|
| | 93 - 94 | 94 - 95 | 95 - 96 |
| തെങ്ങ് | 312 എണ്ണം | 5330 എണ്ണം | 1567 എണ്ണം |
| കശുമാവ് | 32 എണ്ണം | ഇല്ല | ഇല്ല |
| കുരുമുളക് | 3000 എണ്ണം | 10000 എണ്ണം | 2000 എണ്ണം |
| കവുങ്ങ് | ഇല്ല | ഇല്ല | 80 എണ്ണം |
| പയർ | 256 കി.ഗ്രാം | 304 കി.ഗ്രാം | 60 കി.ഗ്രാം |
| പച്ചക്കറി വിത്ത് | 1572 PKT | 1210 PKT | 870 PKT |
| നെൽവിത്ത് | 510 കി.ഗ്രാം | 480 കി.ഗ്രാം | ഇല്ല |
| ഫലവൃക്ഷ തൈ | 34 എണ്ണം | ഇല്ല | ഇല്ല |
| മൈനർ ട്യൂബർ കിറ്റ് | 8 കിറ്റ് | ഇല്ല | 6 കിറ്റ് |
| ഗ്രാമ്പു തൈ | ഇല്ല | 65 എണ്ണം | 135 എണ്ണം |
| ജാതി തൈ | ഇല്ല | 115 എണ്ണം | ഇല്ല |
| കറുവപട്ട | ഇല്ല | ഇല്ല | 30 എണ്ണം |
| ഇഞ്ചി വിത്ത് | ഇല്ല | ഇല്ല | 25 കി.ഗ്രാം |
| രാസവളം | 68.150 MT | 87.311 MT | 72.047 MT |
| കീടനാശിനി – രൂപം | 1957 കി.ഗ്രാം | 1204 കി.ഗ്രാം | 907 കി.ഗ്രാം |
| കീടനാശിനി – ഖരം | 22. ലി. | 58.7 ലി. | 24.9ലി. |
| ദുരിതാശ്വാസ വിതരണം (വെള്ളക്കെട്ട്) – എണ്ണം | 65 | 82 | 35 |
| ദുരിതാശ്വാസ വിതരണം (വെള്ളക്കെട്ട്) – രൂപ | 18.800/- | 8724/- | 13483/- |
| കൈവശഭൂമി വിസ്തീർണ്ണം | നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1-2 ഹെക്ടർ | വൻ കിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
| | 2950 | 385 | 32 |

Source : കൃഷിഭവൻ, സഹകരണ സംഘങ്ങൾ അടിസ്ഥാന വിവര രജിസ്റ്റർ

## ചിത്രപ്പുഴ ബണ്ട് - പദ്ധതി

പഞ്ചായത്തിൻെറ കിഴക്ക്, തെക്കുമാമല മുതൽ വടക്ക് ദേശീയ ജലപാതവരെ പാടശേഖരങ്ങളുടെ കിഴക്കെ അതിരിൽ പുറം ബണ്ട് കെട്ടി ഗതാഗതസൗകര്യം ഉണ്ടാക്കുകയും കൃഷിഭൂമിയിൽ നിന്നും ആവശ്യാനുസരണം ജലനിർഗ്ഗമനങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

കയറാതിരിക്കുകയും തദ്വാര 200 ഏക്കറോളം (ഇരുന്നൂറ്) വരുന്ന കൃഷിസ്ഥലം മൂന്നു പതിറ്റാണ്ടുകാലം തരിശായി കിടന്നിരുന്ന പാടശേഖരങ്ങൾ - ഇരുപ്പൂകൃഷിക്കും തെക്ക് കവുങ്ങ് വാഴ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിന് കഴിയുന്നതാണ്. ഇതിലൂടെ (2000)രണ്ടായിരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ മത്സ്യബന്ധനം തുടങ്ങിയവ അടക്കം 400 (നാനൂറ്) തൊഴിൽ ദിനങ്ങൾ വേറേയും സൃഷ്ടിക്കുവാൻ കഴിയും. 355 ഏക്കറോളം വരുന്ന കൃഷി ഭൂമിയിൽ നിന്നും പൊന്നും വിലയ്ക്ക് എടുത്തതിനുശേഷമുള്ള 200/-ഓളം എക്കറിൽ നിന്ന് 2500/-(രണ്ടായിരത്തിഅഞ്ഞൂറ്) പറനെല്ലും തെങ്ങു കൃഷിയിൽ നിന്നും രണ്ടരലക്ഷത്തിൽപരം നാളികേരവും ഉല്പാദിപ്പിക്കുവാൻ കഴിയുന്നതാണ്.

## കണിയാവള്ളിബണ്ട് - പദ്ധതി

പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗം തെക്കെ അറ്റം മുതൽ ഇരുമ്പനം റെയിൽവെയാർഡ് വരെ പാടശേഖരങ്ങുടെ പടിഞ്ഞാറു ചേർന്ന് പുറം ബണ്ട് പിടിപ്പിട്ട് ബണ്ടിൽ തെങ്ങ്, കവുങ്ങ് എന്നിവ കൃഷി ചെയ്യുവാൻ സാധിക്കും. ഈ ബണ്ട് രൂപപ്പെടുത്തുന്നതിന് കണിയാവള്ളി തോട്ടിൽ നിന്നും കൃഷിസ്ഥലങ്ങളുടെ പാർശ്വഭാഗങ്ങളിൽ നിന്നും ആവശ്യമായ മണ്ണ് ലഭ്യമാണ്. ഇതുമൂലം ഇന്നു തരിശായി കിടക്കുന്ന പാടശേഖരങ്ങളിലും ഇരുപ്പൂവ് കൃഷി ചെയ്യാവുന്നതാണ്. തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ എന്നിവ വ്യാപിപ്പിക്കുവാനും കഴിയും. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുറമേ മണ്ണെടുക്കുമ്പോൾ ഉണ്ടാകുന്ന താഴ്ന്ന ഭാഗങ്ങളിൽ മത്സ്യ കൃഷി ചെയ്യുവാനും കഴിയും. തോട്ടിലെ ആഴം വർദ്ധിക്കുന്നതു കൊണ്ട് മത്സ്യകൃഷിക്ക് ഉപയുക്തമായ രീതിയിൽ തോട് ഉപയോഗിക്കാവുന്നതാണ്. ശരിയായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ഇവിടേയും വേണ്ടിവരും. അയ്യായിരം പറനെല്ല് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. അഞ്ചുകി:മീറ്റർ ദൂരം വരുന്ന ഈ ബണ്ടിൽ 1600 തെങ്ങുകൾ വച്ചു പിടിപ്പിക്കാവുന്നതും ഒരു ലക്ഷത്തിൽപരം നാളികേരം ലഭിക്കുന്നതുമാണ്. പഞ്ചായത്തിൻെറ കിഴക്കെ പാടശേഖരങ്ങളിൽ ഉണ്ടാക്കുന്നതിനെക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ ഈ ഭാഗത്ത് സൃഷ്ടിക്കുവാൻ കഴിയും.

## തണ്ണീർച്ചാൽ - പദ്ധതി

ഇരുമ്പനം റിഫൈനറി റോഡിൻെറയും ഇരുമ്പനം ചിത്രപ്പുഴ റോഡിൻേറയും ഇടയ്ക്കു കിടക്കുന്ന പാടശേഖരങ്ങളിലുള്ള തണ്ണീർച്ചാൽ തോടിൻെറ ഇരുവശവും ബണ്ട് കെട്ടി ഉറപ്പിക്കുക. ഈ ബണ്ടിന് ആവശ്യമായ മണ്ണ് ഈ തോട്ടിൽ നിന്ന് എടുത്ത് ഉപയോഗിക്കുവാനും തോടിൻെറ കാലങ്ങളിലും വെള്ളം കിട്ടുന്ന ഒരു ജല സംഭരണിയായി ഇത് നില നിറുത്തുവാനും കഴിയും. ബണ്ടിൽ തെങ്ങ് കൃഷി അടക്കമുള്ളവ വികസിപ്പിക്കുവാനും കഴിയും. ഈ മേഖലയിൽ ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. തോട്ടിൽ മത്സ്യ കൃഷിക്കുള്ള സാദ്ധ്യത ഏറുന്നതാണ്.

120

## മുക്കത്തുതാഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

മുക്കത്തു താഴത്ത് വെള്ളം സുലഭമാണ്. ഇവിടെ ഒരു പമ്പ്ഹൗസ് സ്ഥാപിച്ച് അമരിക്കിരി തോട്ടിൽ പൈപ്പുവഴി വെള്ളമെത്തിച്ചാൽ നിലവിലുള്ള തോട്ടിലൂടെ അകത്തു പാടം ചക്ക്പറമ്പ് ചങ്ങമ്പുത, കരിങ്ങാച്ചിറ പാടശേഖരങ്ങളിൽ ജലസേചനം നടത്താൻ സാധിക്കുന്നതാണ്. കൃഷിവികസനം വൻതോതിൽ ആക്കാം. തരിശായി കിടക്കുന്ന പാടശേഖരങ്ങൾ ഇരിപ്പൂവാക്കാനും കഴിയുന്നതാണ്. ഇതുവഴി ഒട്ടേറെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

## ജലസംഭരണികളുടെ സംരക്ഷണം

പഞ്ചായത്തിൽ ആകമാനമുള്ള എല്ലാ ജലസംഭരണികളും മറ്റു ജലസ്രോതസ്സുകളും സംരക്ഷിക്കുന്ന കാര്യത്തിൽ ജാഗ്രത കാണിക്കണം. ശുദ്ധജല സംഭരണികളായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നവ ആ നിലയിൽ കൈകാര്യം ചെയ്യണം. പഞ്ചായത്തിൻെറ മൂന്നാം വാർഡിൽ ഉള്ള സർക്കാർ കുളം ഒന്നാം തരം മത്സ്യം വളർത്തൽ കേന്ദ്രമായി മാറ്റാൻ കഴിയുന്നതാണ്. ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

എല്ലാ തോടുകളുടേയും തോടുപുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്.

20,25 ഏക്കർ എന്ന നിലയിൽ കണിക്കാക്കി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ആവിഷ്ക്കരിക്കണം.

ഇന്നുള്ള സബ്സിഡീസ് സമ്പ്രദായം നിർത്തലാക്കി ഉല്പാദന ചിലവിൻെറ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്ന നയപരമായ തീരുമാനം ഉന്നതങ്ങളിൽ നിന്നും ഉണ്ടാകേണ്ടതാണ്.

സമീപപ്രദേശത്തുള്ള കമ്പനികളിൽ നിന്നും ബഹിർഗമിക്കുന്ന വിഷമാലിന്യങ്ങളുടെ ഫലമായി കൃഷി അടക്കമുള്ള എല്ലാ കാര്യങ്ങൾക്കും ഉണ്ടാകുന്ന കഷ്ടനഷ്ട ങ്ങൾക്ക് പബ്ളിക്ക് ലയബലിറ്റി ഇൻഷ്വറൻസ് ആക്ട് അനുസരിച്ച് നഷ്ട പരിഹാരം കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ഇരുമ്പനം വടക്കു ഭാഗത്തുള്ള വെട്ടു വേലി ബണ്ട് കൃത്യസമയങ്ങളിൽ കെട്ടി തിരുവാങ്കുളം വരെയുള്ള പാടശേഖരങ്ങളെ ഓരു വെള്ളം കയറുന്നതിൽ നിന്നും സംരക്ഷിക്കുക.

11. ഇപ്പോൾ പഞ്ചായത്ത് കൃഷിഭവനിലൂടെ നടപ്പി ലാക്കുന്ന ഒരു വാർഡിൽ 100 പച്ചക്കറി കുടുംബം എന്നത് ഒരു വാർഡിൽ ഒതുങ്ങി നിൽക്കാതെ എല്ലാ വാർഡിലും വ്യാപിപ്പിക്കുക. പച്ചക്കറി കുടുംബത്തിന് കൃഷിഭവനിൽ നിന്നും കാർഡു നൽകി അതാതു സമയത്തെ പുരോഗതി വിലയിരുന്നുന്ന ഒരു സമ്പ്രദായം ആവിഷ്ക്കരിക്കുക.

സർക്കാരോ ഇതരസ്ഥാപനങ്ങളൊ നൽകുന്ന ആനുകൂല്യങ്ങൾ അതാതു കാര്യങ്ങൾക്കുമാത്ര മാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുക.

രണ്ടു പഞ്ചായത്തുകൾക്ക ഒരു കൃഷി സക്കൂൾ സ്ഥാപിക്കുക.



വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും മണ്ണു പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. പരിശോധനഫലവും പരിഹാരമാർഗ്ഗങ്ങളും അതാതു സമയത്ത് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുക.

പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് എവിടെയെങ്കിലും പച്ചക്കറി മത്സ്യവില്പന കേന്ദ്രം സ്ഥാപിക്കുക.

പാടശേഖരങ്ങൾ നികത്തുന്നത് കർശനമായി തടയാനുള്ള നടപടികൾ സ്വീകരിക്കുക.

കാർഷിക മേഖലയ്ക്കുമാത്രമായി ഒരു സഹകരണസംഘം സ്ഥാപിക്കുകയും സംഭരണ വിതരണ പരിപാടിക്കുപുറമേ കൃഷിക്കാവശ്യമായ എല്ലാ പശ്ചാ ത്തല സൗകര്യങ്ങളും മിതമായ നിരക്കിൽ കൊടുക്കാ നുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും കർഷകർക്ക് കൃഷി ഭവൻ വഴി പരിശീലനം നടത്തുക.

# II(A) മൃഗസംരക്ഷണം

കാർഷീക മേഖലയായിരുന്ന തിരുവാങ്കുളം ഗ്രാമം കന്നുകാലി വളർത്തലിന് അനുകൂലമായ പ്രദേശമാണ്. ആകെയുള്ള കുടുംബങ്ങളിൽ 75% കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിന്നു. മുഖ്യമായും കാർഷീക ഉപയോഗത്തിനും വളത്തിനും വേണ്ടിയുള്ള കാലി വളർത്തൽ കർഷകന് ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. കാള, പോത്ത് എന്നിവയെ ഉഴവിനും വണ്ടി വലിക്കുന്നതിനും ഉപയോഗിച്ചിരുന്നു. ഉഴവുകാളകൾക്കും പോത്തിനും കൊടുത്തിരുന്ന പ്രാധാന്യം കർഷകർ കറവപ്പശുക്കൾക്കു കൊടുത്തിരുന്നില്ല. കന്നു കാലികളെ അഴിച്ചു വിട്ടു തീറ്റുന്ന രീതിയുണ്ടായിരുന്ന തിനാൽ ചിലവ് കുറവായിരുന്നു. കൂടാതെ കന്നുകാലികളെ വളർത്തുവാൻ മറ്റുള്ളവർക്ക് കെട്ടുവാൻ കൊടുക്കുന്ന സമ്പ്രദായവും നിലവിലിരുന്നു. അഴിച്ചുവിടുന്ന കന്നുകാലികൾ വിളകൾ നശിപ്പിച്ചാൽ വിളയുടെ ഉടമസ്ഥൻ അവയെ പഞ്ചായത്തുവക കോംപൗണ്ടിൽ കൊണ്ടുവന്നു കെട്ടുമായിരുന്നു. കന്നുകാലി ഉടമസ്ഥൻ പഞ്ചായത്തിൽ വന്ന് വിളയുടെ നഷ്ടവും കെട്ടുകൂലിയുംഅടച്ച് അവയെ മോചിപ്പച്ചിരുന്നു. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഭവന നിർമ്മാണം വർദ്ധിച്ചതും വയലുകൾ നികത്തി തെങ്ങു കൃഷി തുടങ്ങിയതിനാലും മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു വന്നു. കൂടാതെ കാലിതീറ്റയുടെ വില വർദ്ധനവും വയ്ക്കോലിൻെറ ലഭ്യതകുറവും മൂലം പശു വളർത്തൽ കുറഞ്ഞു. ചിത്രപ്പുഴ, ഇരുമ്പനം എന്നീ പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന പുല്ല്, F.A.C.T, H.O.C മുതലായ കമ്പനികളിൽ നിന്നും ഒഴുകിവരുന്ന വിഷദ്രാവകങ്ങളടങ്ങിയ വെള്ളത്തിൽ വളരുന്നതാകയാൽ കന്നുകാലികൾക്ക് അസുഖമുണ്ടാകുകയും ചാകുകയും ചെയ്യുന്നുണ്ട്. യന്ത്രോപകരണങ്ങൾ കൃഷിക്ക് ഉപയോഗിച്ച് തുടങ്ങിയതോടെ ഉഴവിന് കാള, പോത്ത് എന്നിയുടെ ഉപയോഗമില്ലാതായി.

1963നു മുമ്പ് നാടൻ കന്നുകാലികളാണ് ഉണ്ടായിരുന്നത്. കൃഷിയിൽ നിന്നും ലഭിക്കുന്ന അധികമുള്ള വയ്ക്കോൽ തിന്ന് ചാണകം ഉണ്ടാക്കുന്ന യന്ത്രമെന്ന രീതിയിൽ മാത്രമെ അവയെ വളർത്തിയിരുന്നുള്ളു. 1963ൽ ഒരു കൃത്യമ ബീജ സങ്കലന കേന്ദ്രം തിരുവാങ്കുളം പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു. നാടൻ കാളകളെക്കൊണ്ട് പശുക്കളെ ഇണ ചേർത്തിരുന്ന കർഷകർ കൃത്യമബീജ സങ്കലനം നടത്തിക്കുന്നതിന് വിമുഖരായിരുന്നു. അന്ന് സിന്ധി, മറ്റൂരികളുടെ ബീജമാണ് ഉപയോഗിച്ചിരുന്നത്. ''ധവള വിപ്ലവം'' നടപ്പിലാക്കിയതിൻെറ ഭാഗമായി വിദേശ ജനുസ്സുകളിൽ പ്പെട്ട ''ജഴ്സി'', ''ഡാനിഷ് റെഡ്'', ''സ്പീസ് ബ്രൗൺ'', ''ഹോൾസ്റ്റീൻ ഫ്രീഷൻ'', എന്നിനങ്ങളുടെ ബീജം കുത്തിവെച്ച് ഉൽപ്പാദന ശേഷി കൂടിയ 90% സങ്കരയിനം പശുക്കളെ ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ 33 വർഷങ്ങൾക്കുള്ളിൽ തിരുവാങ്കുളം പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്ത് വളരെ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിയെന്നത് എടുത്തു പറയാവുന്നതാണ്. നാടൻ പശുക്കളിൽ നിന്നും മുമ്പ് ലഭിച്ചിരുന്ന പാല് വീട്ടിലെ ചായയ്ക്കും അയൽവീടുകളിലേയ്ക്കും ചായക്കടയിലേയ്ക്കും മാത്രമേ തികഞ്ഞിരുന്നുള്ളു. ഉൽപ്പാദന ശേഷികുറഞ്ഞ നാടൻ കന്നുകാലികൾ കുറഞ്ഞ് കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന വിദേശ കന്നുകാലികൾ വർദ്ധിച്ചതോടെ ഉപഭോഗവും വിപണനവും വർദ്ധിച്ചു. ഇപ്പോൾ അധികം വരുന്ന പാൽ സംഭരിക്കുവാൻ ഇരുമ്പനത്ത് ''മിൽമ''യുടെ ഒരു പാൽസംഭരണ കേന്ദ്രം തുടങ്ങിയിട്ടുണ്ട്. എന്നാൽ അവിടെനിന്നും കർഷകന് ലഭിക്കുന്ന ലിറ്ററിന് 61/2ക മുതൽ 81/2ക വില ഉൽപ്പാദന ചിലവുമായി തട്ടിച്ചു നോക്കിയാൽ തീർത്തും പ്രോത്സാഹജനകമല്ല. ചില പ്രാദേശിക വിപണിയിൽ ലിറ്ററിന് 10 1/2ക മുതൽ 11 1/2ക വരെ വിലയുള്ളത് വലിയൊരു ആശ്വാസമാണ്. കറവക്കാർ ചില സ്ഥലങ്ങളിൽ പാൽ സംഭരിച്ച് സൈക്കിളുകളിലും സ്കൂട്ടറുകളിലും കൊണ്ടുനടന്ന് വീടുകളിലും ചായക്കടകളിലും ഹോട്ടലുകളിലും വില്പന നടത്തുന്നു. തന്മൂലം ഈ സ്ഥലങ്ങളിൽ കൂടുതൽ ആളുകൾ പശുപരിപാലനത്തിൽ ഏർപ്പെടുന്നുണ്ട്.

നടത്തുന്ന ധാരാളം കർഷകർ തിരുവാങ്കുളം പഞ്ചായത്തിൽ ഉണ്ട്. മുൻകാലങ്ങളിൽ കന്നുകാലികൾക്ക് നാടൻ ചക്കുകളിൽ ആട്ടിയെടുത്ത തേങ്ങാ പിണ്ണാക്ക്, എള്ളിൻ പിണ്ണാക്ക്, നെല്ലുകുത്തുന്ന തവിട് എന്നിവ കലർത്തി വെള്ളം കൊടുത്തിരുന്നു. ഇപ്പോൾ കടകളിൽ നിന്നും ലഭിക്കുന്ന വിവിധ തരം തിരികളും യന്ത്രചക്കിൽ ആട്ടിയെടുക്കുന്ന പിണ്ണാക്കുകളും ഉപയോഗിക്കുന്നു. ഈ അടുത്തകാലത്ത് കാലിത്തീറ്റയുടെ വമ്പിച്ച വില വർദ്ധയും പാലിനും വേണ്ടത്ര വിലയില്ലാത്തതും ഈ തൊഴിലിലെ പുരോഗതിയ്ക്ക് തടസ്സമുണ്ടായിട്ടുണ്ട്. ഗുണ നിലവാരമില്ലാത്ത കാലിതീറ്റകൾ പാലുൽപ്പാദനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. 45,000 ലിറ്ററിൽ കൂടുതൽ പാൽ ഈ പഞ്ചായത്ത് അതൃത്തിയിൽ പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നു. ഇവിടുത്തെ ഉപയോഗം കഴിഞ്ഞ് ബാക്കി ഇരുമ്പനം 'മിൽമ'യ്ക്കും തൃപ്പൂണിത്തുറ ക്ഷീര വ്യവസായ സൊസൈറ്റിയ്ക്കും നൽകുന്നു. ചിത്രപ്പുഴ, ഇരുമ്പനം എന്നീ സ്ഥലങ്ങളിൽ തൃപ്പൂണിത്തുറ സൊസൈറ്റി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പാലിന് ലിറ്ററിന് 9 1/2 ക വില തരുന്നു. മിൽമ, പി. ഡി. ഡി. പി, നിർമ്മൽ ഡയറി എന്നീ സ്ഥാപനങ്ങളുടെ പാൽ വിതരണം ബൂത്തുകളിൽകൂടിയും സൈക്കിളുകളും സ്കൂട്ടറും വഴിയും വീടുവീടാന്തരം നടക്കുന്നുണ്ട്. പ്രതിമാസം 25,000 ലിറ്റർ വരെ പുറമെനിന്നും കൊണ്ടുവന്ന് അവർ ഈ പഞ്ചായത്തിൽ വിതരണം ചെയ്യുന്നു. ചോറ്റാനിക്കര പഞ്ചായത്തിൽനിന്നും പാൽ സംഭരിച്ചുകൊണ്ടുവന്ന് ഇവിടെ വിൽക്കുന്നുണ്ട്.

5,500 വീടുകളിലെ 20,000 ആളുകളിൽ 90% പേരും പച്ചക്കറിയ്ക്കു പുറമെ മത്സ്യ-മാംസാദികൾ കഴിക്കുന്നവരാണ്. പഞ്ചായത്തതൃത്തിയിലെ വിവിധ അറവു സ്ഥലങ്ങളിലായി മാസത്തിൽ 35 കന്നുകാലികളെ അറക്കുന്നുണ്ട്. ഇവിടെ നിന്നും ലഭിക്കുന്നതിനു പുറമെ സമീപപ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ പ്രതിവർഷം 55,000 കിലോയോളം ഇറച്ചി ഉപയോഗിക്കുന്നു. കന്നുകാലികളുടെ ചാണകവും, ആട്, പന്നി, കോഴി, താറാവ് എന്നിവയുടെ കാഷ്ഠവും ഒന്നാന്തരം ജൈവവളമായതിനാൽ കൃഷിക്കാർ വിവിധതരം കൃഷികൾക്കായി ഉപയോഗിക്കുന്നു. കൂടാതെ ചാണകവും മൂത്രവും ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറ് ഉണ്ടാക്കിയാൽ പാചകത്തിനും ബൾബു കത്തിക്കുന്നതിനുമുള്ള ഊർജ്ജം കിട്ടും. ഇതിലേക്ക് ഖാദി ബോർഡിൽ നിന്നും ബാങ്കിൽ നിന്നും സബ്സിഡിയും ധനസഹായവും ലഭിക്കുന്നതാണ്.

ആടുകളെയും ധാരാളം കർഷകർ വളർത്തുന്നു. മുന്തിയ ഇനത്തിൽ ''മലബാറി''യും നാടൻ വർഗ്ഗവുമാണ് ഇവയിൽ അധികവും. സർക്കാർ വക സൗജന്യ ആടു വിതരണ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ആട്ടിൻപാൽ ഔഷധ ഗുണമുള്ളതാണ്. വീട്ടാവശ്യങ്ങൾക്കാണ് അധികവും ഉപയോഗിക്കുന്നത്. മുട്ടനാടുകളേയും മറ്റു കറവയില്ലാത്തവയെയും അറക്കുവാൻ സമീപ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നു. പ്രതിമാസം 10,000 കിലോ വരെ ആട്ടിറച്ചി സമീപപ്രദേശങ്ങളിൽനിന്നും വാങ്ങി ഉപയോഗിക്കുന്നുണ്ട്.

വീട്ടു മുറ്റത്തെ കോഴി വളർത്തൽ രീതി ഈ പഞ്ചായത്തിലും വ്യാപിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി മൃഗാശുപത്രി വഴിയായി കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഇനിയും വേണ്ടുവോളം നൽകേണ്ടിയിരിക്കുന്നു. ഇവിടുത്തെ ഉപഭോഗത്തിനനുസരണമായി മുട്ടയുൽപ്പാദനം വർദ്ധിക്കുന്നില്ല. 3 ലക്ഷം പ്രാദേശിക ഉൽപ്പാദനവും പുറമെ നിന്നും വരുന്നതും കൂടി 7 ലക്ഷത്തോളം മുട്ടകൾ പ്രതിവർഷം ഉപയോഗിക്കുന്നു. ഇറച്ചിക്കോഴികളെ വളർത്തിയിരുന്നവർ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ നിർത്തുകയും ചെയ്തു. പ്രതിവർഷം 50,000 കിലോ കോഴിയിറച്ചി ഉപയോഗിക്കുന്നതായി അറിയുന്നു. പഞ്ചായത്തതൃത്തിയിൽ നാടൻ കോഴികൾ കുറഞ്ഞ് അത്യുല്പാദന ശേഷിയുള്ള ''റോഡ് ഐലൻറ് റെഡ്'', ''ബ്ലാക്കു മൈനോക്ക്'', ''ആസ്ട്രോ വൈറ്റ്'', ''കലിംഗ ബ്രൗൺ'', ''ഗിരിരാജ'' തുടങ്ങിയ കോഴികളെ ധാരാളം വീടുകളിൽ വളർത്തുന്നു.

നാടൻ പന്നികളെ വളർത്തിയിരുന്നതിനു പകരമായി ''യോർക്ക് ഷയർ'' (ശീമപ്പന്നി) വർഗ്ഗത്തിൽപ്പെട്ട ഉൽപ്പാദനശേഷി കൂടിയ ഇനത്തെ വളർത്തുന്നു. ഇരുമ്പനത്തു ഒരു പന്നി വളർത്തൽ യൂണിറ്റ് ഉണ്ട്. മുയൽ വളർത്തൽ ധാരാളം വീടുകളിൽ ഉണ്ട്. പുഴയുടെ തീരങ്ങളിൽ താമസിക്കുന്ന പല കുടുംബങ്ങളും താറാവു വളർത്തൽ മുഖ്യ തൊഴിലാക്കിയവരാണ്.

## മൃഗാശുപത്രിയും കൃത്യമബീജ സങ്കലന കേന്ദ്രങ്ങളും

തിരുവാങ്കുളം പഞ്ചായത്തിൽ 1963 മുതൽ നിലവിലുണ്ടായിരുന്ന കൃത്യമബീജ സങ്കലന കേന്ദ്രത്തിനു പുറമെ 1986ൽ ഒരു മൃഗാശുപത്രിയും പ്രവർത്തനം തുടങ്ങി. ഇപ്പോൾ മൃഗാശുപത്രിയിൽ

## വളർത്തു മൃഗങ്ങൾ, പക്ഷികൾ

| വാർഡ് | കാള | നാടൻ പശു | സങ്കര ഇനം പശു | എരുമ | ആട് | പട്ടി | കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | പൂവൻ | പിട | പൂവൻ | പിട | |
| 1 | 1 | 15 | 90 | 12 | 122 | 85 | 42 | 250 | 18 | 200 | 18 |
| 2 | 1 | 17 | 115 | 10 | 48 | 108 | 34 | 180 | 12 | 160 | |
| 3 | 1 | 12 | 118 | 3 | 117 | 112 | 22 | 150 | 6 | 80 | |
| 4 | 1 | 11 | 240 | | 145 | 98 | 56 | 260 | 8 | 120 | 14 |
| 5 | 0 | 9 | 120 | | 148 | 128 | 45 | 350 | 2 | 20 | |
| 6 | 0 | 12 | 120 | | 187 | 158 | 29 | 229 | | 26 | 6 |
| 7 | 0 | 14 | 125 | | 147 | 185 | 35 | 385 | | 15 | 11 |
| 8 | 0 | 20 | 130 | | 195 | 155 | 28 | 278 | | 65 | 0 |
| 9 | 0 | 18 | 90 | | 192 | 215 | 32 | 264 | | 16 | 16 |
| ആകെ | 4 | 128 | 1148 | 25 | 1301 | 1244 | 323 | 2346 | 46 | 1702 | 65 |

കൃത്യമ ബീജ സങ്കലനവും നടത്തുന്നുണ്ട്. ഇരുമ്പനം 'മിൽമ' പാൽ സൊസൈറ്റിയോടു ചേർന്ന് ഒരു കൃത്യമ ബീജ സങ്കലന കേന്ദ്രവും, ചിത്രപ്പുഴയിൽ കെ. എൽ. ഡി. എം. എം ബോർഡിൻെറ കീഴിൽ ഒരു എ.ഐ. സെൻററും പ്രവർത്തിക്കുന്നു.

പഞ്ചായത്തതൃത്തിയിൽ 1,244 പട്ടികൾ ഉൾപ്പെടെ 3,850 വളർത്തു മൃഗങ്ങൾ ഉണ്ട്. 2,669 കോഴികളും 748 താറാവുകളും 65 മറ്റു പക്ഷികളും ഉൾപ്പെടെ 3,482 വളർത്തുപക്ഷികളും ഉണ്ട്. മൃഗാശുപത്രിയിൽ വിവിധ രോഗങ്ങൾക്കായി 1174 വളർത്തുമൃഗങ്ങളെയും 553 വളർത്തു പക്ഷികളെയും 7 മറ്റു വിഭാഗത്തിൽ പെട്ടവയെയും ചികിത്സിച്ചിട്ടുണ്ട്. കൂടാതെ നടപ്പു വർഷത്തിൽ പേ വിഷബാധ പ്രതിരോധ കുത്തിവെപ്പ് 8 പട്ടികൾക്കു നടത്തി. പേയിളകിയ പട്ടി കടിച്ചു ഒരു പശുവിനെ ചികിത്സിക്കുകയും ചെയ്തു. 1,820 പശുക്കൾക്കും 28 എരുമകൾക്കും കൃത്യമ ബീജം സങ്കലനം നടത്തുകയുണ്ടായി.

## ക്ഷീര വ്യവസായ സ്വയം തൊഴിൽ സഹായ പരിപാടി

പഞ്ചായത്താഫീസ് ആസ്ഥാനമാക്കി വാർഡുകൾതോറും പാൽ സ്വരൂപിച്ച് വില്പന നടത്തുവാൻ ഒരു ''മില്കു സൊസൈറ്റി'' രൂപീകരിക്കുന്നതു നന്നായിരിക്കും. തന്മൂലം പാൽ ഉൽപാദകന് ന്യായമായ വില ലഭിക്കുകയും, വിതരണത്തിന് വേണ്ടി ചുരുങ്ങിയത് 18 ആളുകൾക്ക് ജോലി കിട്ടുകയും ചെയ്യും.

## ഗ്രാമ സഭയിനിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

1. നല്ലയിനം പശു, ആട് എന്നിവ വിറ്റു പോകുന്നതിനാൽ ആവശ്യത്തിനു ലഭിക്കുന്നില്ല.
2. അത്യുല്പാദന ശേഷിയുള്ള പശു, ആട്, കോഴി, താറാവ്, മുയൽ, പന്നി എന്നിവ വളർത്തുന്നതിന് സബ്സിഡി ലോൺ ലഭിക്കുന്നില്ല.
3. പശുക്കൾക്കു പിടിപെടുന്ന കുളമ്പുരോഗം, അകിടുവീക്കം, കോഴികൾക്കു ഉണ്ടാകുന്ന വസന്ത മുതലായ പകർച്ച രോഗങ്ങൾ മൂലമുണ്ടാകുന്ന നഷ്ടം.
4. ഇറച്ചി കോഴികുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭിക്കുന്നില്ല.
5. കന്നുകാലി ചികിത്സക്ക് ഇരുമ്പനത്ത് മൃഗാശുപത്രിയില്ല. 6-ാം വാർഡിൽ കൃത്യമ ബീജസങ്കലന കേന്ദ്രമില്ല.
6. തൊഴുത്തു പണിയുന്നതിന് ലോണും സബ്സിഡിയും ലഭിക്കുന്നില്ല.

7. കാലിതീറ്റയുടെയും, കോഴിതീറ്റയുടെയും അമിതമായ വിലവർദ്ധനവ്.

8. ഉല്പാദന ചിലവനുസരിച്ച് പാലിനു വില ലഭിക്കുന്നില്ല.

9. പാലിന് ന്യായമായ വില കിട്ടുവാൻ, പാൽ സംഭരണത്തിനും വിതരണത്തിനും വാർഡുകൾ തോറും യൂണിറ്റുകളില്ല.

10. പേപ്പട്ടികൾ കന്നുകാലികളെയും മനുഷ്യരേയും കടിക്കുന്നുണ്ടെങ്കിലും പട്ടിപിടുത്തത്തിനുള്ള നടപടികൾ എടുക്കുന്നില്ല.

11. പേവിഷ പ്രതിരോധിക്കാനുള്ള വാക്സിനും, കടിയേറ്റാൻ ചികിത്സിക്കുന്നതിനുമുള്ള വാക്സിനും ആവശ്യാനുസരണം മൃഗാശുപത്രിയിൽ ലഭിക്കുന്നില്ല.

12. ആടു വിതരണ പദ്ധതിയനുസരിച്ച് നല്ലയിനം ആടുകളെ വിതരണം ചെയ്യുന്നില്ല.

13. നല്ലയിനം മുട്ട കോഴി കുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നില്ല.

14. നല്ലയിനം മുയൽ കുഞ്ഞുങ്ങൾ പന്നി കുഞ്ഞുങ്ങൾ താറാവു കുഞ്ഞുങ്ങൾ എന്നിവ വേണ്ടുവോളം ലഭ്യമല്ല.

15. പശുക്കുട്ടികൾക്ക് ആവശ്യാനുസരണം വിര മരുന്നുകളും വിറ്റാമിനുകളും ധാതുലവണങ്ങളും ലഭിക്കുന്നില്ല.

16. ഇറച്ചി കോഴിവളർത്തൽ, താറാവു വളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നില്ല.

17. ഗുണനിലവാരമുള്ള കാലി, കോഴിതീറ്റകൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയില്ല.

18. കോഴിതീറ്റക്കും കോഴിക്കുടിനും സബ്സിഡിയില്ല.

19. നല്ല കശാപ്പുശാലയില്ല. ഉള്ളവയൊന്നും ശുചിത്വമുള്ളതല്ല.

20. തീറ്റപുൽ കൃഷിക്കുള്ള 1 1/2 ഏക്കർ പുഴയോരം മുണ്ടെങ്കിലും കൃഷി നടത്തിയിട്ടില്ല. പുൽ വിത്തുകളുടെ സൗജന്യ വിതരണമില്ല.

21. ധാരാളം പുല്ലു ലഭിക്കുന്ന ചിത്രപ്പുഴ, ഇരുമ്പനം പ്രദേശങ്ങളിലൂടെ ഒഴുകുന്ന ചിത്രപ്പുഴയിലേക്ക്, F.A.C.T, H.O.C എന്നീ കമ്പനികളിലെ വിഷവെള്ളം ഒഴുകുന്നതുമൂലം പുഴയോര പാടങ്ങളിൽ വളരുന്ന പുല്ല് വിഷമയമാകുന്നതിനാൽ, തിന്നുന്ന കന്നുകാലികൾക്ക് അസുഖമുണ്ടാക്കുകയും ചിലവ ചത്തുപോകുകയും ചെയ്യുന്നു.



22. കന്നുകാലി - കോഴികൾക്ക് സൗജന്യ ഇൻഷുറൻസ് പദ്ധതിയില്ല.

## പരിഹാരങ്ങളും സാദ്ധ്യതകളും

1. അത്യുല്പാദന ശേഷിയുള്ള ആടുകൾ, പശുക്കൾ, കോഴികൾ, താറാവുകൾ, പന്നികൾ, മുയൽ എന്നിവ വളർത്തുന്നതിന് സബ്സിഡിയോടുകുടിയ ലോണുകൾ അനുവദിക്കുക.

2. കാലി-പക്ഷിരോഗ പ്രതിരോധ നടപടികൾ കാലാകാലങ്ങളിൽ നടപ്പിലാക്കുക.

3. ഇറച്ചി കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും വളർത്തുന്നവർക്ക് കൂടുൾപ്പടെ സബ്സിഡി ലോൺ അനുവദിക്കുകയും ചെയ്യുക.

4. പഞ്ചായത്തിലെ താല്പര്യമുള്ള എല്ലാ വീട്ടുകാർക്കും കൂടുതൽ മുട്ടയിടുന്ന '' ആസ്ട്രോവൈറ്റ്'' ഇനത്തിൽ പെട്ട 4 പിടകോഴി കുഞ്ഞുങ്ങളും ഒരു പൂവൻകുഞ്ഞും എന്ന കണക്കിന് സൗജന്യനിരക്കിലും പട്ടിക ജാതികാർക്ക് സൗജന്യമായും വിതരണം ചെയ്യുക.

5. തൊഴുത്തുകൾ പണിയുന്നതിന് സബ്സിഡി ലോൺ അനുവദിക്കുക.

6. തീറ്റപ്പുൽ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക. പുഴയോരത്ത് 1 1/2 ഏക്കർ പൊതു പുല്ലുവളർത്തൽ നടത്തുകയും, ചെറിയ പ്ലോട്ടുകൾക്ക് ധന സഹായവും ചെയ്യുക.

7. ചിത്രപ്പുഴ, ഇരുമ്പനം എന്നീ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന പുല്ലിൽ വിഷാംശം ഉണ്ടാക്കുന്ന F.A.C.T, H.O.C എന്നീ കമ്പനികളിലെ വിഷവെള്ളം പുഴയിലേക്ക് ഒഴുകുന്നത് തടയാനുള്ള നടപടികളെടുക്കുക.

തീറ്റകൾ സൗജന്യമായോ സബ്സിഡി നിരക്കിലോ വിതരണം ചെയ്യുക.

കന്നുകാലികൾക്കും - കോഴികൾക്കും സൗജന്യ ഇൻഷുറൻസും ഏർപ്പെടുത്തുക.

0. കന്നുകുട്ടികൾക്ക് വിരമരുന്നുകളും, വിറ്റാമിനുകളും, ധാതു ലവണങ്ങളും (മിനറൽ മിക്സ്ചർ) സൗജന്യമായി വിതരണം ചെയ്യുക.

1. വരുമാനം കുറഞ്ഞ എല്ലാവർക്കും ആടുവിതരണ പദ്ധതിയനുസരിച്ച് ''ജന്മനാപ്യാരി'' ''മലബാറി'' എന്നീ ഇനങ്ങളിൽ പെട്ട ആടുകളെ വിതരണം ചെയ്യുക.

2. അത്യുല്പാദന ശേഷിയുള്ള പന്നി കുഞ്ഞുങ്ങളെയും, മുയൽ കുഞ്ഞുങ്ങളെയും, താറാവു കുഞ്ഞുങ്ങളെയും സൗജന്യമായോ സൗജന്യ നിരക്കിലോ വിതരണം ചെയ്യുക.

3. പേപ്പട്ടി നിർമ്മാർജ്ജന ബോധവൽക്കരണം നടത്തുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിക്കുകയും ചെയ്യുക.

കടിയേറ്റാൽ ചികിത്സിക്കുന്നതിനുള്ള വാക്സിനുകൾ ആവശ്യാനുസരണം മൃഗാശുപത്രിയിൽ ലഭ്യമാക്കുക.

15. ഇരുമ്പനം ഭാഗത്ത് മൃഗാശുപത്രി സ്ഥാപിക്കുക, തിരുവാങ്കുളം മൃഗാശുപത്രിക്കു സ്വന്തം കെട്ടിടം പണിയുക.

16. പാലിന് ന്യായമായ മാർക്കറ്റു വില ലഭ്യമാക്കുവാൻ മില്ക്കു സൊസൈറ്റി രൂപീകരിക്കുക.

17. ഉൽപ്പാദന ചിലവുകൂടി കണക്കിലെടുത്ത് പാലിന്റെ വില നിർണ്ണയിക്കുക.

18. ആധുനിക കശാപ്പു ശാല സ്ഥാപിക്കുക. കന്നുകാലികളെ കൊല്ലുന്നതിനു മുമ്പും കൊന്നതിനു ശേഷം ഇറച്ചിയും മൃഗ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കുക. (ആന്റെ മോർട്ടം - പോസ്റ്റുമോർട്ടം പരിശോധന)

19. കന്നുകാലി തീറ്റ - കോഴി തീറ്റ ഫാക്റ്ററി സ്ഥാപിക്കുക.

# II (B) മത്സ്യ ബന്ധനം

തിരുവാങ്കുളം പഞ്ചായത്തിൽ ചിത്രപ്പുഴ, കരിങ്ങാച്ചിറ പുഴ, തണ്ണീർചാൽ, പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ എന്നീ മത്സ്യവളർത്തലിനു പറ്റിയ സ്ഥലങ്ങൾ ഉണ്ട്. കൂടാതെ സ്വകാര്യ മത്സ്യ വളർത്തൽ കേന്ദ്രങ്ങളും ഉണ്ട്. ചിത്രപ്പുഴയിലെ വെള്ളത്തിൽ സമീപത്തുള്ള ഫാക്ട്, എച്ച്. ഓ. സി മുതലായ കമ്പിനികളിലെ വിഷവെള്ളം ഒഴുക്കി വിടുന്നതു കാരണം മത്സ്യങ്ങൾ ചത്തു പോകാറുണ്ടെങ്കിലും രക്ഷപ്പെട്ടു കിട്ടുന്ന പരിമിതമായ മത്സ്യം ഉൾപ്പെടെ മറ്റു സ്ഥലങ്ങളിൽ നിന്നും പിടിക്കുന്ന ഉൾനാടൻ മത്സ്യവും വളർത്തു മത്സ്യവും കൂടി 2 ലക്ഷം കിലോയും പുറമെനിന്നും കൊണ്ടുവരുന്ന കായൽ മത്സ്യവും കണക്കിലെടുത്താൽ ഒരു വർഷം 8 ലക്ഷം കിലോ മത്സ്യം ഉപയോഗിപ്പെടുത്തി വരുന്നു. ഇരുമ്പനം പുതിയ റോഡു കവലയിലും തിരുവാങ്കുളം കവലയ്ക്കു സമീപവും വൈകുന്നേര മത്സ്യചന്തകൾ ഉണ്ട്. സൈക്കിളുകളിലും സ്കൂട്ടറുകളിലും മറ്റുമായി വീടുകളിലെത്തിച്ചും മത്സ്യ വില്പ നടക്കുന്നുണ്ട്. ഏകദേശം 25,000 കിലോ ഉൾനാടൻ മത്സ്യം ചമ്പക്കര മത്സ്യ മാർക്കറ്റിൽ കൊണ്ടു പോയി വില്പന നടത്തുന്നുണ്ട്. നൂറോളം മത്സ്യ തൊഴിലാളികൾ ഇവിടെ സേവനോത്സുകരായി കഴിയുന്നു.

ഈയടുത്തയിടയുണ്ടായ മത്സ്യരോഗം ഉൾനാടൻ മത്സ്യങ്ങളുടെ വംശവർദ്ധനയെ സാരമായി ബാധിച്ചിട്ടുണ്ട്. വീശു വല, വട്ടവല, തണ്ടാടി വല മുതലായവയാണ് മീൻ പിടുത്തത്തിന് ഉപയോഗിക്കുന്നത്. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ വളർത്തുവാൻ താല്പര്യമുള്ളവർക്ക് സൗജന്യമായി വിതരണം ചെയ്താൽ ഈ മേഖല അഭിവൃദ്ധിപ്പെടുത്താം. ചിത്രപ്പുഴ, കരിങ്ങാച്ചിറ പുഴ, തണ്ണീർചാൽ എന്നിവിടങ്ങളിലെ മത്സ്യം പിടിച്ചു വിൽക്കുന്നതിനുള്ള അവകാശം എല്ലാ വർഷവും പഞ്ചായത്തിൽനിന്നും ലേലം ചെയ്തു കൊടുത്തു വരുന്നു. വരാൽ, വാക, കരിമീൻ, തിലോപ്പി, കറൂപ്പ്, കാരി, മുഴി, വാള, കുറുവ മുതലായ ഉൾനാടൻ മത്സ്യങ്ങൾ പുഴകളിൽനിന്നും ലഭ്യമാണ്.

## മത്സ്യ വ്യവസായ സൊസൈറ്റി

മത്സ്യം വളർത്തൽ, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടത്തുവാൻ ഒരു സൊസൈറ്റി സ്ഥാപിച്ചാൽ ഈ മേഖല വളർച്ച പ്രാപിക്കുകയും കുറച്ചും പേർക്കുകൂടി ജോലി ലഭിക്കുകയും ചെയ്യും.

## പ്രശ്നങ്ങൾ

1. സ്വകാര്യ മത്സ്യം വളർത്തലുകാർക്ക് നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ കിട്ടുന്നില്ല.
2. മത്സ്യകൃഷിക്ക് നൂറുകണക്കിന് ഏക്കർ വെറുതെ കിടക്കുന്ന പാടങ്ങളുണ്ടെങ്കിലും പുറ വരമ്പില്ലാത്തതു കാരണം സാദ്ധ്യത കുറവാണ്.
3. പുറവരമ്പോ ബണ്ടോ ഇല്ലാത്തതു കാരണം മുക്കത്തു താഴത്ത് ചെമ്മീൻ കൃഷിക്കു ബുദ്ധിമുട്ടാണ്.
4. മത്സ്യകൃഷിക്ക് സബ്സിഡിയില്ല.
5. വരാൽ മുതലായ ഉൾനാടൻ മത്സ്യങ്ങളുടെ വംശനാശം സംഭവിക്കുന്നു.
6. മത്സ്യ തൊഴിലാളികൾക്ക് ഇൻഷുറൻസ് സൗകര്യമില്ല.
7. മത്സ്യം വളർത്തലിനും സംഭരണത്തിനും വിതരണത്തിനും സൊസൈറ്റിയില്ല.
8. മത്സ്യ രോഗത്തിന് പ്രതിവിധികൾ ചെയ്യുന്നില്ല.
9. മത്സ്യമാർക്കറ്റുകൾ എല്ലാ വാർഡുകളിലുമില്ല.

10. ഫാക്ട്, എച്ച്. ഓ. സി. എന്നീ കമ്പനികളിലെ വിഷവെള്ളം പുഴയിലേയ്ക്ക് ഒഴുക്കുന്നതു കാരണം മത്സ്യങ്ങൾ കൂട്ടത്തോടെ ചാകുന്നു.

11. മത്സ്യം വളർത്തലിന് നിലവിലുള്ള തോടുകളും കുളങ്ങളും ആഴമുള്ളവയല്ല.

12. മത്സ്യ തീറ്റയുണ്ടാക്കാൻ ഫാക്റ്ററിയില്ല.

13. മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുവാൻ ധനസഹായം കിട്ടുന്നില്ല.

## പരിഹാരങ്ങളും സാദ്ധ്യതകളും

1. പുറംബണ്ടു കെട്ടുന്ന നിലങ്ങളിൽ ചെമ്മീൻ കൃഷിയും മറ്റു മത്സ്യ വളർത്തലും നടപ്പിലാക്കുക.

2. സ്വകാര്യ മത്സ്യം വളർത്തുന്നവർക്ക് നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെ ആവശ്യത്തിനനുസരിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

3. തണ്ണീർചാൽ ആഴംകൂട്ടി അരുക് കല്ലുകൊണ്ടു കെട്ടി മത്സ്യം വളർത്തുക.

4. മറ്റു ജലാശയങ്ങളുടെയും പുഴകളുടെയും ആഴം കൂട്ടി മത്സ്യം വളർത്തലിന് ഉപയുക്തമാക്കുക.

5. കൃഷിയോഗ്യമല്ലാത്ത പാടങ്ങളിൽ തോടുകൾ താഴ്ത്തി മത്സ്യകൃഷി നടത്തുക.

6. മത്സ്യ കൃഷിക്ക് സബ്സിഡി നൽകുക.

മത്സ്യങ്ങളുടെയും വംശനാശം സംഭവിക്കാതിരിക്കുവാൻ കുഞ്ഞുങ്ങളെ വിരിയിച്ചും വളർത്തുവാൻ നഴ്സറി തുടങ്ങുക.

128

8. മത്സ്യങ്ങൾ ചാകുന്നതിനു കാരണമാകുന്ന ഫാക്ട്, എച്ച്. ഓ. സി എന്നീ കമ്പനികളിലെ വിഷവെള്ളം പുഴയിലേയ്ക്ക് ഒഴുക്കുന്നതു തടയുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

9. മത്സ്യരോഗ പ്രതിരോധ നടപടികൾ നടപ്പിലാക്കുക.

10. മത്സ്യതീറ്റയുണ്ടാക്കുന്നതിന് ഫാക്ടറി സ്ഥാപിക്കുക.

11. മത്സ്യമാർക്കറ്റുകൾ എല്ലാ വാർഡുകളിലും തുടങ്ങുക.

12. മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുവാൻ ധനസഹായം ചെയ്യുക.

13. ഉൾനാടൻ മത്സ്യതൊഴിലാളികളെ ഇൻഷ്വറൻസു പദ്ധതിയിൽപ്പെടുത്തി സംരക്ഷിക്കുക.

14. മത്സ്യ തൊഴിലാളികൾക്ക്, പൊതുകുളങ്ങൾ, തോടുകൾ എന്നിവയിൽ മത്സ്യം വളർത്തുന്നതിന് സഹായം ചെയ്യുക.

15. മത്സ്യം വളർത്തലിനും സംഭരണത്തിനും വിപണനത്തിനും സൊസൈറ്റി രൂപീകരിക്കുക.

# III. വിദ്യാഭ്യാസം

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഘുചിത്രം

കരിങ്ങാച്ചിറ പള്ളിയോടനുബന്ധിച്ച് എം.ഡി. എം. എൽ. പി. എസ് 1890 ൽ നിലവിൽ വന്നു. വെങ്കിടേശ്വരയ്യർ എന്നയാളായിരുന്നു ആദ്യത്തെ ആദ്ധ്യാപകൻ. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം സ്ക്കുളായിരിക്കണം എന്ന കൊച്ചി സർക്കാരിൻെറ നയം വന്നതോടെ ഈ വിദ്യാലയം പെൺ പള്ളിക്കൂടമായി 1927 മുതൽ അറിയപ്പെടാൻ തുടങ്ങി. ഇന്ന് ആ അവസ്ഥയില്ല. ഇന്നും 4 ക്ലാസുകൾ മാത്രമുള്ള സ്ക്കുളായി നില നിൽക്കുന്നു.

തുരുത്തിയിൽ വർക്കി ഉലഹന്നാൻ മരത്തിൽ നിന്നു വീണ് അപകടം ഉണ്ടായത് വിദ്യാഭ്യാസ രംഗത്ത് 'ഉർവ്വശീ ശാപം ഉപകാരം' എന്ന സ്ഥിതിയാണുള വാക്കിയത്. ശരീരത്തിന് സ്വാധീനക്കുറവുണ്ടായതു മൂലം അദ്ദേഹം ഒരു കുടിപള്ളിക്കൂടം തുടങ്ങി പ്രവർത്തനം ആരംഭിച്ചു. 1900ാംമാണ്ടോടെ ആരംഭിച്ച കുടിപള്ളിക്കൂടം 1906-ൽ കൊച്ചി സർക്കാരിൻെറ ഗ്രാൻേറാടെ ഒന്നും രണ്ടും ക്ലാസുകളും 1907ൽ മൂന്നാം ക്ലാസും ആരംഭിച്ചു. (ഗ്രാൻറ് മാസം 2 രൂപ) 1918 ൽ അവിടെ നിന്നും മാറ്റി. അതാണ് ഇന്നു കാണുന്ന എം.ഡി.എം എൽ.പി. എസ് കടുംഗമംഗലം.

തുരുത്തിയിൽ വർക്കി കുര്യൻ മാനേജരായി 1923 ൽ ആരംഭിച്ച ലോവർസെക്കണ്ടറി സ്ക്കൂൾ കുരീക്കാട് തിരുവാങ്കുളം പരസ്പര സഹായ സഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിലായിരുന്നു. ഗ്രാൻറില്ലാതെ സ്ക്കൂൾ നിലനിർത്തി പോവുക ശ്രമകരമായതിനാൽ സ്ക്കൂളും സ്ഥലവും ഗവൺമെൻറിന് വിട്ടുകൊടുത്തു. 1927 ആകുന്നതോടെ 7 ക്ലാസ്സുകളുള്ള വി്യാലയമായി. 1967 നു ശേഷമാണ് ഹൈസ്ക്കൂളായി തിരുവാങ്കുളം ഗവ:ഹൈസ്ക്കൂൾ ഉയർത്തുന്നത്. പേരു കൊണ്ട് തിരുവാങ്കുളം ഹൈസ്ക്കൂളെങ്കിലും ചോറ്റാനിക്കര പഞ്ചായത്തർത്തിയിൽ തിരുവാങ്കുളം പഞ്ചായത്തിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്.

1940 ൽ മുക്കടക്കൽ ഇട്ടൂപ്പ് മാനേജരായി ഇരുമ്പനത്ത് ഒരു പ്രീപ്പറേറ്ററി സ്ക്കൂൾ (41/2 ക്ലാസ്) സ്ഥാപിച്ചു. കൊച്ചിരാജാവ് രാമവർമ്മ തമ്പുരാനാണ് തറക്കല്ലിട്ടത്. എം.ഓ.ഏലിയാമ്മ ആദ്യത്തെ അദ്ധ്യാപികയായിരുന്നു. ഇരുമ്പനം റെയിൽ വേക്രോസിനുസമീപമുള്ള എൽ.പി. സ്ക്കൂളിന് 75 വർഷത്തെ പഴക്കം ഉണ്ട്. ചെമ്പ്ലായിയിൽ മാധവ മേനോനാണ് സ്ഥാപകൻ.

തിരുവാങ്കുളം പഞ്ചായത്താഫീസിനു വടക്കു ഭാഗത്ത് ആഞ്ഞിലിത്തടം എന്ന സ്ഥലത്ത് പാലത്തിങ്കൽ ഇത്താപ്പിരി കുഞ്ഞുവർക്കി മാനേജരും, പാലത്തിങ്കൽ ഇട്ടൂപ്പ്, പി. കെ. അബ്രാഹാം എന്നിവർ അദ്ധ്യാപകരും ആയി ഓലയും മുളയും കൊണ്ടു തീർത്ത ഷെഡ്ഡിൽ 1914 ൽ ആരംഭിച്ചു. 1916ൽ കൂടുതൽ സൗകര്യ മുള്ള കെട്ടിടം പണിത് പുതൂർക്കപ്പറമ്പിലേക്ക് മാറ്റി. 1953 ൽ കെട്ടിടം വീണതിനെ തുടർന്ന് സ്ക്കൂളിൻെറ ഉടമസ്ഥത ആദ്ധ്യാപകർക്ക് നൽകുകയും ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തേക്ക് പുതിയ കെട്ടിടം പണിതു മാറ്റുകയും ചെയ്തു. അതാണ് സെൻറ്. ജോർജ്ജ് എൽ.പി.എസ് തിരുവാങ്കുളം.

കരിങ്ങാച്ചിറ പള്ളിവകയാണ് ചിത്രപ്പുഴയിൽ പ്രവർത്തിക്കുന്ന കെ.സി.എൽ.പി.എസ്., ഇരുമ്പനത്ത് എസ്. എൻ.ഡി.പി സ്ക്കൂൾ 1969 ൽ ആണ് ആരംഭിക്കുന്നത്

മൊത്തം 5 എൽ.പി. സ്ക്കൂളും 1 ഹൈസ്ക്കൂളും എയ്ഡഡ് മേഖലയിലായി തിരുവാങ്കുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഗവ:സ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തെന്ന പ്രത്യേകതയും അവകാശപ്പെടാം.

ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും ഉണ്ട്.

സെൻറ്. ജോർജ്ജ് ഇംഗ്ലീഷ് മീഡിയം എൽ. പി. എസ്, സെൻറ് ജോർജ്ജ് കത്തോലിക്കാപള്ളിയോടു ചേർന്നും, കൊച്ചി ഭദ്രാസനം ആസ്ഥാനത്ത് ജോർജ്ജിയൻ അക്കാദമി 7 ക്ലാസുകളും, ടോക്-എച്ച് 5 ക്ലാസ്സുകളോടെ ചിത്രപ്പുഴയിലും പ്രവർത്തിക്കുന്നു. ടോക്-എച്ച് ന് വേണ്ടി കരിങ്ങാച്ചിറയിൽ 5 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. കരിങ്ങാച്ചിറ പള്ളി വകയായി പുതിയ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആരംഭിച്ചിട്ടുണ്ട്.

സ്ക്കൂളുകളിലല്ല പഠിക്കുന്നത്. ചോറ്റാനിക്കര പഞ്ചായത്തിലുള്ള തിരുവാങ്കുളം ഗവൺമെൻറ് ഹൈസ്ക്കൂളിലും, എം.ഡി.എം എൽ.പി. സ്ക്കൂളിലും പഠിക്കുന്ന കുട്ടികളിൽ പകുതിയിലധികവും തിരുവാങ്കുളം പഞ്ചായത്തിലുള്ളവരാണ്. കൂടാതെ ചോറ്റാനിക്കര ഗവ: ഹൈസ്ക്കൂൾ, തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയിലുള്ള വിവിധ സ്ക്കൂളുകളിലും, എറണാകുളത്തും ഇവിടുന്ന് വിദ്യാർത്ഥികൾ പോകുന്നത്.

**പട്ടിക (III 1)**

സ്ക്കൂൾ തല വിവരങ്ങൾ

| | എയ്ഡഡ് സ്ക്കൂളുകൾ | | | | | | | അൺഎയ്ഡഡ് സ്ക്കൂൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസുകൾ | കെ.സി. എൽ.പി.എസ് ചിത്രപ്പുഴ | എസ്.എൻ.ഡി.പി ഇരുമ്പനം | എം.ഡി.എം എൽ.പി.എസ് കരിങ്ങാച്ചിറ | എൽ.പി.എസ് ഇരുമ്പനം. | സെൻറ്. ജോർജ്ജ് എ.ൽ.പി.എസ് തിരുവാങ്കുളം | എച്ച്. എസ് ഇരുമ്പനം | ആകെ | ടോക്-എച്ച് എൽ.പി.എസ് ചിത്രപ്പുഴ | സെൻറ്. ജോർജ്ജ് ഇം. മീ. എൽ. പി. എസ് തിരുവാങ്കുളം | ജോർജ്ജിയൻ അക്കാദമി യു.പി.എസ് തിരുവാങ്കുളം | ആകെ | രണ്ടും കൂടി ആകെ |
| 1 | 40 | 51 | 15 | 55 | 24 | | 185 | 34 | 48 | 99 | 181 | 366 |
| 2 | 24 | 55 | 21 | 30 | 30 | | 161 | 38 | 64 | 83 | 185 | 346 |
| 3 | 26 | 57 | 22 | 52 | 27 | | 184 | 35 | 48 | 78 | 161 | 345 |
| 4 | 24 | 56 | 22 | 31 | 28 | | 161 | 11 | 44 | 75 | 130 | 291 |
| 5 | | | | | | 193 | 193 | 18 | | 64 | 82 | 275 |
| 6 | | | | | | 159 | 159 | | | 53 | 53 | 212 |
| 7 | | | | | | 208 | 208 | | | 53 | 53 | 261 |
| 8 | | | | | | 295 | 295 | | | | | 295 |
| 9 | | | | | | 290 | 290 | | | | | 290 |
| 10 | | | | | | 205 | 205 | | | | | 205 |
| അദ്ധ്യാപകരുടെ എണ്ണം | 5 | 8 | 5 | 8 | 5 | 54 | | 10 | 10 | 15 | | 120 |
| കാമ്പസ് വിസ്തീർണ്ണം | 2 ഏക്കർ | 1 ഏക്കർ | 1.5ഏക്കർ | 90 സെൻറ് | 40 സെൻറ് | 2.5 ഏക്കർ | | 5 ഏക്കർ | | 3 ഏക്കർ | | |
| ചുറ്റുമതിൽ ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാഗികം | ഉണ്ട് | ഉണ്ട് | | | | ഉണ്ട് | | |
| കളിസ്ഥലം | 25 സെൻറ് | 10 സെൻറ് | 20 സെൻറ് | | | | | | | 50 സെൻറ് | | |
| ഡിവിഷനുകൾ എണ്ണം | 4 | 8 | 4 | 8 | 4 | 33 | | | | 18 | | |

പട്ടിക (III . 2)

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

തോറ്റുപഠിക്കുന്നവർ

| | | | | എസി. | എസ്റ്റി | എസി. | എസ്റ്റി | മറ്റുള്ളവർ | |
|---|---|---|---|---|---|---|---|---|---|
| സ്ക്കൂളിൻെറ പേര് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| കെ.സി. എൽ.പി. എസ് | 54 | 60 | 114 | 14 | 14 | 0 | 5 | 4 | 0 |
| എസ്. എൻ.ഡി.പി എൽ.പി.എസ് | 111 | 108 | 219 | 35 | 41 | 5 | 1 | 2 | 5 |
| എം.ഡി. എം എൽ. പി.എസ് | 39 | 41 | 80 | 8 | 6 | 14 | 0 | 1 | 0 |
| സി.പി.എസ്, ഇരുമ്പനം | 85 | 83 | 168 | 36 | 42 | 3 | 1 | 2 | 3 |
| സെൻറ്. ജോർജ്ജ് എൽ. പി.എസ് തിരുവാങ്കുളം | 62 | 48 | 110 | 15 | 9 | 2 | 1 | 2 | 0 |
| സെൻറ്. ജോർജ്ജ് ഇംഗ്ലീഷ് മീഡിയം, തിരുവാങ്കുളം | 92 | 112 | 204 | | | | | | |
| ടോക്-എച്ച് | 82 | 54 | 136 | | | | | | |
| ജോർജ്ജിയൻ അക്കാദമി | 295 | 210 | 505 | 10 | 4 | 00 | 8 | 2 | |
| എച്ച്. എസ് ഇരുമ്പനം | 822 | 528 | 1350 | 251 | 200 | 27 | 22 | 42 | 10 |

ഗ്രാമസഭയിൽ നിന്നുരുത്തിരിഞ്ഞു വന്ന നിഗമനങ്ങളും, ദ്വതീയ വിവരങ്ങളും, വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൻെറ ഇടപെടലിൻെറ ഭാഗമായി പഞ്ചായത്ത് വിദ്യാഭ്യാസക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിളിച്ചുക്കൂട്ടിയ അദ്ധ്യാപകരുടെ യോഗത്തിൽ നിന്നുകിട്ടിയ അറിവുകൾ, എന്നീവ യുടെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഈ റിപ്പോർട്ടിലൂടെ പ്രതിപാദിക്കുന്നത്. സ്ക്കൂൾ തല വിവരങ്ങൾ പട്ടിക 1,കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 2, ആവർത്തന ചിലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 3, ഭൗതീക സൗകര്യങ്ങളെ കുറിച്ചുള്ള വിവരം പട്ടിക 4 ലും കാണിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസം സാവ്വത്രീക മാക്കാനും അതിനെ ജനാധിപത്യ വത്കരിക്കാനും, അദ്ധ്യയനം മാതൃഭാഷയിലൂടെയാക്കാനും, നിലവാരം മെച്ചപ്പെടുത്താനും ജനങ്ങൾക്ക് വലിയ താല്പര്യ മായിരുന്നു. കുറെ വർഷങ്ങളായി ഈ പ്രവണതയിൽ മാറ്റം വന്നു കൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്ക്കൂളുകളോട് ആഭിമുഖ്യം കൂടിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് വിവേചനം വർദ്ധിപ്പിക്കാൻ വീണ്ടും അവസരമായി. സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കയ ക്കുന്ന പ്രവണത കൂടിയായപ്പോൾ മറ്റു വിദ്യാലയങ്ങൾ മണ്ടൻമാർക്കു മാത്രം പറ്റിയതാണെന്ന് നാട്ടുകാർക്ക് ബോധ്യമായി.

ഒന്നാം ക്ലാസിൽ വന്നു ചേരുന്ന കുട്ടികളിൽ തന്നെ സാക്ഷരരും നിരക്ഷരരും ഉണ്ടെന്ന അവസ്ഥ നിലനില്ക്കുന്നുണ്ട്. 4 ാം ക്ലാസ് കടന്നു പോകുന്ന കുട്ടികളിൽ തന്നെ അക്ഷര-അക്ക ജ്ഞാനമില്ലാത്ത വരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഇങ്ങനെ യുള്ള വരെ പൊതുനിലവാരത്തിൽ എത്തിക്കേണ്ടതിൻെറ ആവശ്യം വിദ്യാഭ്യാസാധികൃതർ മനസ്സിലാക്കിയില്ല -

എയ്ഡഡ് സ്ക്കൂളുകളുടെ അക്കാദമിക്ക് നിലവാരം

| 30% താഴെ | 30/40 | 40/50 | 50/60 | 60ന് മേൽ | മാർക്ക്% |
|---|---|---|---|---|---|
| 8.3% | 18.3% | 14.71% | 18% | 42.3% | കുട്ടികളുടെ എണ്ണം% |

എസ്.എസ്.എൽ.സി വിജയ ശതമാനം

| 1991/92 | 92/93 | 93/94 | 94/95 | 95/966 |
|---|---|---|---|---|
| 85% | 60% | 68% | 68% | 71% |

സ്ക്കൂളുകളിലെ അക്കാദമിക്ക സൗകര്യങ്ങൾ വളരെ പരിമിതമാണ്. മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബ് ഇവ ആവശ്യത്തിന് പലയിടത്തും ഇല്ല. ടി.വി. സെറ്റ്, വി.സി.ആർ, സിനിമ പ്രൊജക്ടർ സ്ലൈസ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ ഇവ ഒരു സ്ക്കൂളിലും ഇല്ല. ടേപ്പ് റിക്കാർഡർ, റേഡിയോ ഇവയുണ്ടെങ്കലും പ്രയോജനപ്പെടുത്തുന്നില്ല. ബ്ലാക്ക് ബോർഡുകൾ ഇനിയും ആവശ്യത്തിനില്ല. സമരങ്ങളിലൂടെ അദ്ധ്യയന ദിവസങ്ങൾ ഒരു സ്ക്കൂളിനും നഷ്ടപ്പെട്ടിട്ടില്ല. പൊതു അവധികളിലൂടെ 4 ദിവസം വീതം രണ്ടു സ്ക്കൂളുകളിൽ അദ്ധ്യയനം നഷ്ടപ്പെട്ടതായി കാണുന്നുണ്ട്. പി.ടി.എ ഇല്ലാത്ത ഏക സ്ക്കൂൾ കരിങ്ങാച്ചിറയിലുള്ള എം.ഡി.എം എൽ.പി.എസ് മാത്രമാണ്. രണ്ട് സ്ക്കൂളുകളിൽ മാതൃസംഗമം ഇല്ല.

മാതൃ സംഗമവും, പി.ടി.എയും മിക്ക സ്ക്കൂളുകളിലും പ്രവർത്തിക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും സ്ക്കൂളിൻെറ ആരോഗ്യകരമായ പ്രവർത്തനത്തിന് ആവശ്യമായത്ര ഇടപ്പെടൽ കാര്യമായിഒരു സ്ക്കൂളുകളിലും ഇല്ലെന്നുള്ളതാണ് അവസ്ഥ. ബഞ്ച്, ഡസ്ക്, മേശ, കസേര, ഓഫീസ് ഫർണ്ണീച്ചർ ഇവയിലെല്ലാം അപര്യാപ്തത കാര്യമായി തന്നെയുണ്ട്.

കുട്ടികളിൽ ബഹു ഭൂരിപക്ഷവും ട്യൂഷൻ ക്ലാസു കളിൽ പോകുന്നവരാണ്. കൂടാതെ ഗൈഡുകളും, ലേബർ ഇൻഡ്യയോ പോലുള്ള പുസ്തകം പഠനസാമഗ്രിയായും മറ്റും ഉപയോഗിക്കുന്നു. സ്ക്കൂളുകളിൽ ഇപ്പോൾ കാണുന്ന വിജയ ശതമാനം പോലും ഈ രീതിയിലുള്ള സമീപനങ്ങളിലൂടെ ആർജ്ജിക്കുന്നതാണെന്ന് പറയേണ്ടിയിരിക്കുന്നു.

ജയിക്കുന്നവർ തന്നെ കാണാ പാഠം പഠിച്ച് പരീക്ഷയെഴുതുന്നവരാണ് കൂടുതലും, ഇവരിൽ

ക്ലാസ്സ് കടന്നുപോകുന്നു. ഈ പ്രവണത ഹൈസ്ക്കൂളിൻെറ നിലവാരത്തേയും ബാധിക്കുന്നു.

എസി. എസ്റ്റി വിഭാഗത്തിൽ പ്പെട്ട. 686 കുട്ടികളാണ് ഉള്ളത്. 370 ആൺ കുട്ടികളും 316 പെൺകുട്ടികളും ലംസംഗ്രാൻറ് വാങ്ങുന്ന 203 കുട്ടികളുമുണ്ട്.

മെറിറ്റ് സ്ക്കോളർഷിപ്പു വാങ്ങുന്ന 3 കുട്ടികളും മുസ്ലീം പെൺകുട്ടികൾക്കുള്ള സ്ക്കോളർ ഷിപ്പ് വാങ്ങുന്ന 2 പേരും, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്ക്കോളർഷിപ്പ് വാങ്ങുന്ന 4 പേരും വികലാംഗ സ്ക്കോളർഷിപ്പുള്ള ഒരു കുട്ടിയും ഇവിടുണ്ട്.

ജില്ലാ തലത്തിൽ സ്പോർട്ട്സിന് 4 പെൺ കുട്ടികൾക്കും സംസ്ഥാനതലത്തിൽ 2 പെൺകുട്ടികൾ ക്കും യൂത്ത് ഫെസ്റ്റിവലിൽ കഥാരചനക്ക് 1 പെൺ കുട്ടിക്ക് അവാർഡ് ഉണ്ട്.

വ്യക്തികളും സ്ഥാപനങ്ങളും കൂടി 10 നേഴ്സറി സ്ക്കൂളുകൾ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിലായി നടത്തുന്നുണ്ട്. ഇതിൽ 3 ാം വാർഡിൽ പ്രവർത്തിക്കുന്ന നേഴ്സറി പട്ടികജാതി/ പട്ടിക വർഗ്ഗ വകുപ്പിൻെറ കീഴിലുള്ളതാണ്.

13 അങ്കൺ വാടികൾ പ്രവർത്തിക്കുന്നു. 5 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്ട്യൂട്ടുകളും നിരവധി ട്യൂഷൻ സെൻററുകളും, കരിങ്ങാച്ചിറയിൽ ഒരു പാരലൽ കോളേജുമുണ്ട്.

ഒരു കൃഷി സ്ക്കൂളുണ്ടായിരുന്നത് 45 വർഷങ്ങൾ ക്കു മുൻപുതന്നെ നിന്നു പോയി.

തിരുവാങ്കുളം എൻ. എസ്. എസ്. ൻെറ ആഭിമുഖ്യത്തിൽ നൃത്ത സംഗീതവിദ്യാലയം നല്ലനിലയിൽ നടത്തുന്നതു കൂടാതെ, നൃത്തം, സംഗീതം പഠിപ്പിക്കുന്ന ധാരാളം യുവതീ യുവാക്കളും പഞ്ചായത്തിലുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തി ൻെറ ഭാഗമായി NAEP, RFLP തുടങ്ങിയ സ്കീമുകളുടെ ഭാഗമായി സാക്ഷരതാ പ്രവർത്തനം ആരുമറിയാതെ നടന്നിരുന്നെങ്കിലും, 89-90 വർഷം സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിവിധ സന്നദ്ധ സംഘടന കളുടെയും, സാംസ്കാരിക സ്ഥാപനങ്ങളുടേയും,

ദ്യോഗസ്ഥരുടേയും, ജനങ്ങളുടേയും സജീവ പങ്കാളിത്തത്തോടെ കേരളാശാസ്ത്ര സാഹിത്യ പരിഷത്തിൻെറ നേതൃത്വത്തിൽ വിജയകരമായി നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഏകദിന സമ്പൂർണ്ണ സർവ്വേയിലൂടെ 916 നിരക്ഷരെ കണ്ടെത്തുകയും നൂറിലധികം ഇൻസ്ട്രക്ടർ മാരുടെ നേതൃത്വത്തിൽ 76 ക്ലാസ്സുകളിലൂടെ 96% ആളുകളേയും മൂല്യനിർണ്ണയത്തിലൂടെ 1 വർഷം കൊണ്ട് സാക്ഷരരാക്കുവാൻ കഴിഞ്ഞത് വലിയ ഒരനുഭവവും നേട്ടവുമായിരുന്നു. നവ സാക്ഷരരായവരെ തുടർ വിദ്യാഭ്യാസത്തിലൂടെ വികസന സാക്ഷരരാക്കുവാനുള്ള ശ്രമം പലകാരണങ്ങളാൽ തടയപ്പെട്ടുപോയി.

നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളെ നിലവാരമുള്ളവരാക്കുന്നതിനു കാര്യമായ ചർച്ചയും തീരുമാനങ്ങളും വേണ്ടിയിരിക്കുന്നു. പഞ്ചായത്ത്

അദ്ധ്യാപകരുടെ യോഗം കൂടിയതിൽ, അദ്ധ്യാപകർ പൊതുവെ തല്പരരാണ് എന്നാണ് കണ്ടത്. പഞ്ചായത്തു തലത്തിൽ കഴിഞ്ഞ ആഗസ്ത് 15 ന് നടത്തിയ റാലി രക്ഷിതാക്കളും, അദ്ധ്യാപകരും, നാട്ടുകാരും പഞ്ചായത്തും ഒന്നിച്ചു നീങ്ങി ഗുണപരമായി പലതും ചെയ്യാൻ ശ്രമിച്ചാൽ, ഫലമുണ്ടാകും എന്നതിൻെറ ഒരു വിളിച്ചറിയിക്കൽ ആയിരുന്നു.

133

അദ്ധ്യാപകരുടെ മനസ്സറിഞ്ഞുള്ള പങ്കാളിത്തവും രക്ഷിതാക്കളുടെ കലവറയില്ലാത്ത സഹകരണവും അധികൃതരുടെ നിരന്തരമായ മേൽ നോട്ടവും നാട്ടുകാരുടെ നിതാന്ത ശ്രദ്ധയുമുണ്ടെങ്കിൽ നാം ആശിക്കുന്നതു പോലെ കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയും.

പട്ടിക(4)

സ്ക്കൂളുകളുടെ ആവർത്തന ചിലവ് സംബന്ധിച്ച വിവരങ്ങൾ

1995-1996

| | ചെലവ് | | | | | | | | | വരവ് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ക്കൂളിൻെറ പേര് | കെട്ടിടം | ഉപകരണം | ലാബ് | സ്പോർട്സ് | കല | ലൈബ്രറി | ഉച്ചക്കഞ്ഞി | മറ്റിനങ്ങൾ | ആകെ | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ഫീസ് | എൻഡോവ്മെൻറ് | പി. ടി. എ ഫണ്ട് | മറ്റിനങ്ങൾ | ആകെ |
| സെൻറ്. ജോർജ്ജ് എൽ.പി.എസ് തുരവാങ്കുളം | 750 | 1000 | | 100 | 500 | 250 | 3500 | 200 | 6300 | 1500 | 800 | | | 500 | | 2800 |
| കെ.സി. എൽ.പി. എസ് ചിത്രപ്പുഴ | | | | | | | 4000 | | 4000 | 800 | 800 | | | 2600 | | 4200 |
| എം.ഡി.എം കരിങ്ങാച്ചിറ | | | | | | | 2750 | | 2750 | 1000 | | | | 325 | | 1325 |
| എൽ.പി. എസ് ഇരുമ്പനം | | | | | 250 | | 5000 | | 5250 | 1500 | 800 | | | 225 | | 2525 |
| എസ്.എൻ.ഡി.പി എൽ.പി.എസ് | | | | | | | | | | | | | | | | |
| എച്ച്.എസ് ഇരുമ്പനം | | | | 2000 | 1000 | 3000 | 5000 | | 17000 | 2000 | | 6000 | 3000 | 1000 | 2000 | 14000 |
| ജോർജ്ജിയൻ അക്കാദമി | 52000 | 48000 | 10000 | | | 10000 | | 19318 | 139318 | | | 172100 | | | 16275 | 332375 |

# സ്ക്കൂളിൻെറ ഭൗതീക സൗകര്യങ്ങളുടെ വിവരം

134

| സ്ക്കൂളിൻെറ പേര് | | എച്ച്. എസ്. ഇരുമ്പനം | എൽ.പി. എസ് ഇരുമ്പനം | എസ്ഡിഎഫ്എസ്എസ് കരിങ്ങാച്ചിറ | കെ.സി എൽ.പി.എസ് ചിത്രപ്പുഴ | സെൻറ്.ജോർജ്ജ് എൽ.പി.എസ് തിരുവാങ്കുളം | ജോർജ്ജിയൻ അക്കാദമി തിരുവാങ്കുളം |
|---|---|---|---|---|---|---|---|
| ആകെ ഡിവിഷനുകൾ | | 8 | 6 | 4 | 4 | 4 | 18 |
| | സ്ഥിരം | 3 | 2 | 1 | 1 | 2 | 2 |
| കെട്ടിടങ്ങൾ | അർദ്ധസ്തിരം | 1 | | | | | 1 |
| എണ്ണം | താത്കാലികം | | | | | | |
| മുറികളുടെ | സ്ഥിരം | 25 | 1 | 4 | 1 | 5 | 20 |
| എണ്ണം | അർദ്ധസ്ഥിരം | | | | | 2 | |
| | താത്കാലികം | | | | | | |
| ഇനിയും മുറികൾ ആവശ്യമെങ്കിൽ എണ്ണം | | | 1 | | | | |
| കെട്ടിടം നിർമ്മിക്കാൻ ഭൂമി | | ഉണ്ട് | ഉണ്ട് | | | ഉണ്ട് | ഉണ്ട് |
| നിലവിലുള്ള മൂത്രപ്പുര എണ്ണം | | 2 | 2 | 1 | 1 | 1 | 2 |
| മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾ ഉപയോഗിക്കാം | | 12+12 | 8 | 1 | 1 | 20 | 20 |
| ഇനി ആവശ്യമുള്ളത് | | | | | | | |
| നിലവിലുള്ള കക്കൂസിൻെറ എണ്ണം | | 2 | 2 | 1 | 2 | 1 | 2 |
| ഉപയോഗ ശൂന്യമായ കക്കൂസ് | | 4 | | | | 1 | |
| കുടിവെള്ളം സംവിധാനം | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| കിണർ/പൈപ്പ് | | കിണർ പൈപ്പ് | കിണർ പൈപ്പ് | പൈപ്പ് | പൈപ്പ് | കിണർ | പൈപ്പ് |
| വൈദ്യുതീകരണം | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| പാചകമുറി | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| സ്റ്റാഫ് മുറി | | ഉണ്ട്. 2 | ഇല്ല | - | 1 | 1 | 1 |
| ഫർണ്ണീച്ചറുകൾ മതിയാകും | | മതിയാകും | ഇല്ല | മതിയാകും | do | do | do |
| ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | | | | |
| | ഡസ്ക് | 270 | 12 | 14 | 7 | 10 | 100 |
| | ബഞ്ച് | 280 | 48 | 30 | 25 | 10 | 100 |
| | മേശ | 34 | 8 | 7 | 7 | 2 | 18 |
| | കസേര | 34 | 7 | 7 | 5 | 4 | 18 |
| | ഓഫീസ് ഫർണ്ണീച്ചർ | | | | | | അലമാരി |

കുട്ടിക്ക് അവരുടെ കഴിവും കഴിവുകേടും കണ്ടെത്തി കുറെക്കൂടി രസകരവും ആകർഷകവുംമായ രീതിയിൽ, ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി, സ്വയം നിരീക്ഷിക്കാനും വിശകലനം ചെയ്യാനും കഴിവുള്ളവരാക്കിതീർക്കാം.അതിനു കഴിയുന്നതരത്തിലുള്ള ചർച്ചയും തീരുമാനങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കാൻ നാം തയ്യാറാവുക.

## പ്രശ്നങ്ങൾ

1. ഭൗതീക സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
2. അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധന പൊതു വിദ്യാലയത്തിൻെറ ഭാവിയെ ബാധിക്കുന്നു.
3. പി.ടി. എ ഫല പ്രദമല്ല.
4. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിൻെറ പ്രശ്നം
5. ജനങ്ങളുടെ സമീപനം
6. സാമ്പത്തീകം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ട്രാക്കോ കമ്പനിയുടെ പമ്പ് ഹൗസിന് സമീപമുള്ള സ്ഥലത്ത് അംഗൻ വാടിക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമുള്ള ഉപകരണങ്ങൾ വേണം.
2. എസ്.എസ്. എൽ. സി ക്കു ശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം വേണം
3. ഹൈസ്ക്കൂൾ തലത്തിൽ മികവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കണം.
4. വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കണം.
5. വാർഡ് വികസന സമിതിയും, സന്നദ്ധ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.
6. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനങ്ങൾ ആരംഭിക്കണം.
7. നിലവിലുള്ള വിദ്യാഭ്യാസ സിലബസ് പരിഷ്കരിക്കണം.
8. ആൾ പ്രൊമോഷൻ സമ്പ്രദായം നിർത്തലാക്കണം.
9. പി.ടി.എ സജീവമാക്കണം.
10. പിന്നോക്കം നില്ക്കുന്നവർക്ക് പഠന സൗകര്യം വർദ്ധിപ്പിക്കണം. സ്ക്കോളർഷിപ്പ് ഏർപ്പെടുത്തണം.
11. ലൈബ്രറി, ലാബോറട്ടറി, സൗകര്യങ്ങൾ ഏർപ്പെടുത്തുക.
12. സ്പോർട്ട്സ്, കലാ വിഭാഗം പ്രോത്സാഹിപ്പിക്കണം. നിലവിലുള്ള മത്സര സംവിധാനത്തിനു പകരം, പഞ്ചായത്ത് ബ്ലോക്ക്, ജില്ലാ, സംസ്ഥാനം എന്നീ ക്രമത്തിൽ ചിട്ട പ്പെടുത്തുക.
13. സ്ക്കൂളിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.
14. പ്രീ പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലാക്കുക.
15. വിദ്യാർത്ഥി പ്രശ്നങ്ങൾ പി.ടി.എ വഴി പരിഹരിക്കുക.
16. പ്രൈമറി സ്ക്കൂളിലെ നിലവാരം വർദ്ധിപ്പിയ്ക്കുക. ഓഡിറ്റോറിയം, കളിസ്ഥലം, ലൈബ്രറി, ടി.വി, മൈക്ക്, ചെറിയ മ്യൂസിയം, പച്ചക്കറിത്തോട്ടം, പ്യൂൺ ഇവ ഏർപ്പെടുത്തുക.
17. 7-ാം ക്ലാസ്സുവരെ മാതൃഭാഷ നിർബ്ബന്ധമാക്കുക.
18. അങ്കണവാടികൾക്ക് സ്ഥിരമായ കെട്ടിടവും മറ്റുപകരണവും ഏർപ്പെടുത്തുക.
19. അങ്കണവാടികളോടു ചേർന്നുള്ള മഹിളാ സമാജങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തുക.
20. സ്ക്കൂളുകളിലെ ആരോഗ്യ സംവിധാനം ശക്തമാക്കുക.

രജിസ്ട്രേഷൻ കർശനമാക്കുക.

22. നേഴ്സറികൾക്കും രജിസ്ട്രേഷൻ നിർബ്ബന്ധമാക്കണം.

23. അദ്ധ്യാപക നിയമനം വ്യവസ്ഥാപിതമാക്കുക.

24. ഉച്ച ഭക്ഷണത്തിനുള്ള പഞ്ചായത്ത് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

25. വിദ്യാർത്ഥികൾക്ക് ദേശീയ സമ്പാദ്യ പദ്ധതി ആരംഭിക്കുക.

26. ഇരുമ്പനം സ്ക്കൂളിനോട് ചേർന്ന് ഹയർ സെക്കൻററി സ്ക്കൂൾ ആരംഭിക്കുക.

28. പ്രവൃത്തി ദിവസം കൂട്ടണം.

29. തിരുവാങ്കുളം സെൻറ്. ജോർജ്ജ് എൽ.പി. എസ് പഞ്ചായത്ത് ഏറ്റെടുക്കുക, യു.പി. സ്ക്കൂളായി ഉയർത്തുക.

30. ഒഴിവായിക്കിടക്കുന്ന ക്ലാസ്മുറികൾ അംഗൺവാടി, നേഴ്സറി, വയോജന വിദ്യാഭ്യാസം, ചർച്ചാക്ലാസുകൾ എന്നിവക്ക് ഉപയോഗിക്കുക.

31. ഉന്നത ഗവേഷണ വിദ്യാഭ്യാസത്തിന് ഗസ്റ്റ് ഹൗസ് വി.ടി. ആർ എസ്റ്റേറ്റ് പ്രയോജനപ്പെടുത്തണം.

32. കൃഷി സ്ക്കൂൾ സ്ഥാപിക്കുക.

# IV A. ആരോഗ്യരംഗം

**ആ**രോഗ്യമുള്ള ജനത നാടിന്റെ ഏറ്റവും മികച്ച മൂലധന മാണ്. വർഷങ്ങളോളമായി നമ്മുടെ സംസ്ഥാനത്ത് നിലനി ന്നിരുന്ന സാർവത്രികവും സൗജന്യവുമായ ചികിത്സാ സൗക ര്യങ്ങൾ ഈ രംഗത്ത് മികച്ച നേട്ടങ്ങളുണ്ടാക്കാൻ സഹായ കമായിട്ടുണ്ട്. ഈ പഞ്ചായത്തിലെ സ്ഥിതിയും വിഭിന്നമല്ല. സാമാന്യം മെച്ചപ്പെട്ട ആരോഗ്യനിലവാരമുള്ളവരാണ് ഈ ഗ്രാമവാസികൾ.

ഇന്നാട്ടിലെ ചികിത്സാ സൗകര്യങ്ങളുടെ പഴയ ചരിത്ര മൊന്നു പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. പഴയ കൊച്ചി രാജാവായിരുന്ന ശ്രീ. രാമവർമ്മ തമ്പുരാൻ തറക്കല്ലിട്ട എസ്.ഡി.റ്റി.റ്റി.എ ആശുപത്രിയാണ് ഇന്നാട്ടിലെ ആദ്യത്തെ

പട്ടിക IV A (1)
ജനനമരണങ്ങളുടെ ലഭ്യമായ പട്ടിക

| വർഷം | ജനനം | മരണം |
|---|---|---|
| 1993–94 | 127 | 75 |
| 1994–95 | 119 | 83 |
| 1995–96 | 106 | 79 |

ചികിത്സാ കേന്ദ്രം. ഇപ്പോൾ ഈ സ്ഥാപനം ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിലാണ്. ഒരു പ്രത്യേക സമു ദായത്തിൽപ്പെട്ട പാരമ്പര്യ ആയുർവേദവൈദ്യന്മാരും തിരു വാങ്കുളത്ത് ഉണ്ടായിരുന്നു. ഇപ്പോൾ പാരമ്പര്യ വൈദ്യം ഏതാണ്ട് കുറ്റിയറ്റു എന്നുതന്നെ പറയാം. രോഗ ചികി ത്സയ്ക്ക് പൂജയും മന്ത്രവാദവും എന്ന പഴയരീതി ഇവിടെയും ഉണ്ടായിരുന്നു.

## 1. ആരോഗ്യസ്ഥിതി

ഈ ഗ്രാമത്തിലെ ജനതയ്ക്ക് സാമാന്യം മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും തത്ഫലമായി ശുചിത്വബോധവു മുണ്ട്. ഗ്രാമീണരിൽ ഭൂരിപക്ഷവും ഇടത്തരം സാമ്പത്തികാ വസ്ഥയിലുള്ളവരും താഴ്ന്നവരുമാനക്കാരുമാണ്. എന്നിരു ന്നാലും ഇവിടത്തെ ആരോഗ്യ നിലവാരം ഒട്ടും ശോചനീയ മല്ല. ഈ രംഗത്ത് ഭീഷണിയും വെല്ലുവിളികളും ഉയർത്തുന്ന പകർച്ചവ്യാധികളൊന്നും തന്നെ കഴിഞ്ഞ നാളുകളിൽ ഉണ്ടാ യിട്ടില്ല. ഏതൊരു വികസിത രാജ്യത്തെ കണക്കുകളോടും കടപിടിക്കാവുന്ന മട്ടിലാണ് നമ്മുടെ ജനത. മരണനിരക്കു കൾ കുറഞ്ഞ ജനന നിരക്കും അതിനേക്കാൾ കുറഞ്ഞ മരണ നിരക്കുമാണ് ഇവിടെയുള്ളത്. ആരോഗ്യ വകുപ്പ് നേരിട്ടു മേൽനോട്ടം വഹിക്കുന്നതും ജീവനക്കാർ വഴി നടപ്പിലാക്കു ന്നതുമായ കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി "ചെറിയ കുടുംബം സന്തുഷ്ടകുടുംബം" എന്ന മുദ്രാവാക്യം ഈ ഗ്രാമീണർ സർവാത്മനാ സ്വാഗതം ചെയ്തു കഴിഞ്ഞി രിക്കുന്നു. ആരോഗ്യ രംഗത്ത് ദേശീയതലത്തിലും സംസ്ഥാന തലത്തിലും നടപ്പിലാക്കുന്ന എല്ലാവിധ ക്ഷേമ പ്രവർത്തന ങ്ങളും ഇവിടുത്തെ ജനങ്ങൾക്ക് അനുഭവയോഗ്യമാകാറുണ്ട്. എന്നിരിക്കിലും കൂടിയ രോഗസാദ്ധ്യത എന്ന പ്രത്യേകതയും കണ്ടുവരുന്നു.

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രമാണ് സർക്കാർ തലത്തിൽ ഇന്നാട്ടിലുള്ള ഏക ചികിത്സാകേന്ദ്രം. ഗ്രാമപഞ്ചായത്ത് വാങ്ങിക്കൊടുത്ത 77സെന്റു സ്ഥലത്ത്

പട്ടിക IV A (2)
ആരോഗ്യസ്ഥാപനങ്ങളുടെ എണ്ണവും ഇനവിവരവും

| | എണ്ണം | | ഡോക്ടർമാരുടെ എണ്ണം | | അനുബന്ധ ഉദ്യോഗസ്ഥർ | | കിടക്കകളുടെ എണ്ണം | | പ്രതിദിനം വരുന്ന രോഗികളുടെ എണ്ണം | |
|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം |
| അലോപ്പതി | 3 | 5 | 3 | 7 | 28 | 35 | 0 | 34 | 100 | |
| ആയുർവേദം | 0 | 4 | 0 | 4 | 0 | 0 | | | | |
| ഹോമിയോ | 0 | 5 | 0 | 5 | 0 | 0 | 0 | 0 | 0 | |
| മറ്റുള്ളവ | 0 | 1 | 0 | 1 | 0 | 0 | 0 | 0 | | |

ന്നത്. എട്ടാം വാർഡിന്റെ ഹൃദയഭാഗത്തായിട്ടാണ് ഈ ആരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നത്. 1982-ൽ ഒരു റൂറൽ ഡിസ്പൻസറിയായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം പിന്നീട് 1988 ഫെബ്രുവരിയിൽ പ്രാഥമികാരോഗ്യകേന്ദ്രമാക്കി ഉയർത്തി. ഇതിന്റെ കീഴിൽ രണ്ട് സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇവയിലൊന്ന് 1, 2, 3, 4, 5 എന്നീ വാർഡുകൾക്കുവേണ്ടി ഇരുമ്പനം ഭാഗത്ത് എച്ച്.ഒ.സി. എന്ന വ്യവസായ സ്ഥാപനം നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 6, 7, 8, 9 എന്നീ വാർഡുകൾക്കായി അനുവദിച്ചിട്ടുള്ള രണ്ടാമത്തെ സബ് സെന്ററിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽത്തന്നെ ഇതും പ്രവർത്തിക്കുന്നു. ഒരു മെഡിക്കൽ ഓഫീസറുൾപ്പെടെ പതിമൂന്നു ജീവനക്കാരുള്ള ഈ സ്ഥാപനത്തിൽ പ്രതിദിനം 45-50 രോഗികൾ വരുന്നു.

## പരിമിതികൾ

ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനം എപ്പോഴും ലഭിക്കുന്നില്ല. ബുധനാഴ്ച ദിവസങ്ങളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പു നടക്കുന്ന ദിവസമാണ്. ഇതിനായെത്തുന്ന അമ്മമാർക്കും കുട്ടികൾക്കും ഇപ്പോഴുള്ള സ്ഥലപരിമിതി ബുദ്ധിമുട്ടുണ്ടാക്കുന്നു. 6, 7, 9 എന്നീ വാർഡുകളിലെ രോഗികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സബ്സെന്ററിന്റെ മെച്ചം അനുഭവവേദ്യമാകുന്നില്ല. നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി രോഗികളെ കിടത്തുന്നതിനുവേണ്ട വാർഡ് സൗകര്യമില്ല - ലബോറട്ടറി സൗകര്യമില്ല.

## പരിഹാരമാർഗ്ഗങ്ങൾ

നിലവിലുള്ള ചട്ടങ്ങളനുസരിച്ച് 12 കിടക്കകളുള്ള വാർഡുണ്ടായാലെ നേഴ്സ് ഉൾപ്പടെയുള്ള ആശുപത്രിജീവനക്കാരെ നിയമിക്കാൻ പാടുള്ളൂ. ആശുപത്രി വികസനത്തിനായി എം.പി. ഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. നാട്ടുകാരിൽ നിന്നം സംഭാവനയോ ശ്രമദാനമോ വഴി വിഭവസമാഹരണം നടത്തി ഈ തുകകൂടി വിനിയോഗിച്ച് വാർഡുപണി പൂർത്തിയാക്കാം. മറ്റുബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെപ്പോലെ, ഡോക്ടറുൾപ്പെടെയുള്ള ജീവനക്കാരുടെ സേവനം എപ്പോഴും ലഭ്യമാക്കുന്നതിന് ക്വാർട്ടേഴ്സ് സൗകര്യം ഏർപ്പെടുത്തണം. ആശുപത്രി കോമ്പൗണ്ട് ചുറ്റും മതിൽകെട്ടി സംരക്ഷിക്കുകയും കെട്ടിടമൊഴികെയുള്ള സ്ഥലം കൃഷിക്കായി ലേലം ചെയ്തുകൊടുക്കുകയും ചെയ്താൽ അതിൽനിന്നും ലഭിക്കുന്ന വരുമാനം സ്ഥാപനത്തിന്റെ വികസനത്തിനായി ഉപയോഗിക്കാം. ഇതിനുള്ള ചെലവ് ഡിപ്പാർട്ടുമെന്റ് പൊതുജന സഹകരണം വഴി കണ്ടെത്തണം.

ആരോഗ്യകേന്ദ്രത്തിൽ ഒരു വികസനസമിതി ഇപ്പോൾ നിലവിലില്ല. ഒരു വികസന സമിതിയോ സൗഹൃദക്കമ്മറ്റിയോ രൂപീകരിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏല്പിച്ചുകൊടുക്കണം. ഇപ്പോൾ ഈ സ്ഥാപനത്തിൽ ലബോറട്ടറി സൗകര്യമില്ല. ഇക്കാര്യത്തിൽ വികസന സമിതി/(സൗഹൃദക്കമ്മറ്റി) പൊതുജന സഹകരണത്തോടെ വേണ്ട സൗകര്യം ലഭ്യമാക്കണം.

ഏകദേശം പത്തൊൻപതോളം ദേശീയ ആരോഗ്യപരിപാടികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇവിടത്തെ ആരോഗ്യകേന്ദ്രം വഴി നടപ്പിലാക്കുന്ന പരിപാടികൾ താഴെ ചേർക്കുന്നു. 138

(1) ദേശീയ മലമ്പനി നിർമ്മാർജ്ജനം (NMEP)

ആരോഗ്യകേന്ദ്രത്തിലെ പ്രവർത്തകർ രോഗമുണ്ടെന്നു സംശയിക്കുന്നവരുടെ രക്തസാമ്പിളുകൾ എടുക്കുകയും രോഗമുള്ളവർക്ക് മരുന്നു നൽകുകയും ചെയ്യുന്നു. രക്തസാമ്പിളുകൾ പരിശോധിക്കുന്നതിന് ഈ കേന്ദ്രത്തിൽ സൗകര്യമില്ല അത് ഏർപ്പെടുത്തണം.

(2) ദേശീയ ക്ഷയരോഗ നിയന്ത്രണം

ക്ഷയരോമുണ്ടെന്നു തെളിയുന്നവരെ ചികിത്സയ്ക്കായി ബ്ലോക്ക് പി.എച്ച്.സി.യിൽ അയക്കുന്ന ഇപ്പോഴത്തെ രീതി നിറുത്തലാക്കി മരുന്ന് ഇവിടെനിന്ന് നേരിട്ട് വിതരണം ചെയ്യണം. സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ക്ഷയരോഗികൾക്ക് ഇതൊരനുഗ്രഹമാകും.

(3) ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജനം

പ്രത്യേക പരിശീലനം നേടിയ ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ സർവെയും ചികിത്സയും ഈ സ്ഥാപനത്തിൽ നടത്തുന്നു. വിരലിലെണ്ണാവുന്ന രോഗികളെ ഇപ്പോൾ ഈ പഞ്ചായത്തിൽ ഉള്ളു.

(4) വയറിളക്ക് നിയന്ത്രണം

(5) യൂണിവേഴ്സൽ ഇമ്യൂണൈസേഷൻ പിരപാടി (പ്രതിരോധ കുത്തിവെയ്പ്)

ആരോഗ്യകേന്ദ്രത്തിൽ എല്ലാ ബുധനാഴ്ചയും ഇരുമ്പനത്തുള്ള സബ്സെന്ററിൽ എല്ലാ മൂന്നാമത്തെ ചൊവ്വാഴ്ചയും ഈ പരിപാടി നടത്തുന്നു. ആരോഗ്യകേന്ദ്രത്തിലെ സ്ഥലപരിമിതി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കാനും പുതിയ വാർഡുനിർമ്മാണം സഹായിക്കും.

(6) ദേശീയ കുടുംബക്ഷേമ പരിപാടി

(7) CSSM പ്രോഗ്രാം

ഗ്രാമത്തിലെ അർബുദരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. തക്കസമയത്ത് രോഗനിർണ്ണയം നടന്നില്ലെങ്കിൽ ചികിത്സകൊണ്ട് ഫലമില്ലാതാകും. രോഗനിർണ്ണയത്തിന് കൂടുതൽ പരിശോധനാക്യാമ്പുകൾ ഏർപ്പെടുത്തണം.

ഗവണ്മെന്റു തലത്തിൽ ഈ ഗ്രാമത്തിൽ ഇതര വിഭാഗത്തിൽപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഇല്ല. ഇതു പരിഹരിക്കാനായി ഓരോ ഹോമിയോ ആയുർവേദ ഡിസ്പൻസറികൾ ആരംഭിക്കണം. വിഷചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തണം. 1, 4, 6, 7 എന്നീ വാർഡുകളിലായിരിക്കണം ഇവയ്ക്ക് സ്ഥലം കണ്ടെത്തേണ്ടത്. സ്ഥലത്തിനായി പൊതുജനസഹകരണം ആവശ്യപ്പെടണം.

ഗ്രാമത്തിൽ നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനം




പല വൻകിട വ്യവസായ സ്ഥാപനങ്ങളോടും തൊട്ടുകിടക്കുന്നതാണ് നമ്മുടെ ഗ്രാമം. അന്തരീക്ഷ മലിനീകരണവും ശുദ്ധജല മലിനീകരണവും ഈ നാടിന്റെ ശാപമായി മാറിയിരിക്കുന്നു. ഈ നാട്ടിൽ മൊത്തത്തിലും ഇരുമ്പനം ഭാഗത്ത് പ്രത്യേകിച്ചും ശ്വാസകോശരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ഈ അസുഖചികിത്സക്കാവശ്യമായ ഔഷധങ്ങൾ പലപ്പോഴും ആരോഗ്യകേന്ദ്രത്തിൽ ലഭിക്കാറില്ല. ഇതൊഴിവാക്കണം.

സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ തൃപ്പൂണിത്തുറ മുൻസിപ്പൽ അതിർത്തിയിൽ പ്രവർത്തിക്കേണ്ട ഒരു ഇ.എസ്.ഐ. ഡിസ്പൻസറിയും വൈറ്റിലയിൽ പ്രവർത്തിക്കേണ്ട മറ്റൊരു ഇ.എസ്.ഐ. ഡിസ്പൻസറിയും ഈ ഗ്രാമത്തിൽ ഇപ്പോഴുണ്ട്. വ്യവസായ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ഈ സ്ഥാപനങ്ങൾവഴി ചികിത്സ ലഭ്യമാണ്.

## സ്വകാര്യമേഖല

സ്വകാര്യമേഖലയിൽ പത്ത് സ്ഥാപനങ്ങൾ ഈ നാട്ടിലുണ്ട്

ഈ ഗ്രാമത്തിന് തൊട്ടുസ്ഥിതി ചെയ്യുന്ന തൃപ്പൂണിത്തുറയിൽ എല്ലാ ആധുനിക സൗകര്യങ്ങളുള്ള സ്വാകാര്യാശുപത്രികളും കണയന്നൂർ താലൂക്ക് ആശുപത്രിയായ തൃപ്പൂണിത്തുറ ഗവണ്മെന്റ് ആശുപത്രിയും ഉണ്ട്.

ആരോഗ്യകേന്ദ്രത്തിൽ ജീവനക്കാരുടെ അഭാവവും (ഇപ്പോൾ രണ്ടുതസ്തികയിൽ ആളില്ല). മരുന്നിന്റെ ദൗർലഭ്യവും മെഡിക്കലാപ്പീസറുടെ മുഴുവൻ സമയസേവനവും ലഭ്യമല്ലാത്തതിനാൽ ഇന്നാട്ടുകാരിൽ ഒരു ഗണ്യമായ വിഭാഗം ചികിത്സയ്ക്കായി സ്വകാര്യ മേഖലയും താലൂക്ക് ആശുപത്രിയേയും ആണ് ആശ്രയിക്കുന്നത്. ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കിയാൽ ഈ പ്രവണത തടയാം.

ഇതിനാവശ്യമായ മൂലധന സമാഹരണത്തിനുള്ള പോംവഴികൾ

(1) സർക്കാർ വക

(2) ജനങ്ങളുടെ സംഭാവന

(3) സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സ്പോൺസർഷിപ്പ്

(4) സന്നദ്ധ പ്രവർത്തകരുടെ ശ്രമദാനം

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി കേരള ശാസ്ത്രസാഹിത്യ പരിഷത്തും ആരോഗ്യവകുപ്പും സംയുക്തമായി നടപ്പാക്കിയ സമ്പൂർണ്ണ രോഗപ്രതിരോധയജ്ഞത്തിന്റെ ഭാഗമായി ഓരോവാർഡിലും 5 വീതം സന്നദ്ധ ആരോഗ്യപ്രവർത്തകരെ കണ്ടെത്താൻ കഴിഞ്ഞിരുന്നു എന്നാൽ കൂടുതൽ പരിപാടികൾ ഉണ്ടാകാതിരുന്നതുമൂലം ഈ പ്രവർത്തകരുടെ സേവനം വേണ്ട രീതിയിൽ ലഭ്യമാക്കാൻ കഴിഞ്ഞില്ല. എങ്കിലും – PHc കേന്ദ്രമാക്കി മെഡിക്കൽ ഓഫീസർ മുതൽ – ഫീൽഡുവർക്കേഴ്സും അംഗൻവാടി ടീച്ചർമാരും സ്കൂൾ അദ്ധ്യാപികമാരും വാർഡുതലത്തിലെ ആരോഗ്യ സന്നദ്ധപ്രവർത്തകരും അടങ്ങുന്ന ജനകീയ നെറ്റുവർക്കിന്റെ സഹായത്തോടെ ഒരു ജനകീയ ആരോഗ്യപരിപാടി നടപ്പാക്കാൻ കഴിയും.

# IV B. കുടിവെള്ളം

ജീവജാലങ്ങളുടെ നിലനിൽപ്പുതന്നെ ജലലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്. കുടിക്കാനും കുളിക്കാനും ഭക്ഷണം പാകം ചെയ്യാനും വസ്ത്രങ്ങൾ അലക്കാനും കൃഷിക്കും വ്യവസായത്തിനും എല്ലാം വെള്ളം അനിവാര്യമത്രെ. ഭൂമിയിലെ എല്ലാ നാഗരിക സംസ്കാരങ്ങളും ഉത്ഭവിച്ചതും വളർന്നു വികസിച്ചതും നദീതടങ്ങളിലാണ്. മാനവരാശിയുടെ എല്ലാ സാമൂഹിക സാമ്പത്തിക സാംസ്കാരിക അഭ്യുന്നതികളും ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശുദ്ധമായ കുടിവെള്ളം ആരോഗ്യപരിപാലനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ മുഖ്യമായ ഒന്നാണ്.

സാമാന്യം മെച്ചപ്പെട്ട മഴലഭിക്കുന്ന ഈ ഗ്രാമത്തിലെ മുഖ്യ സ്രോതസ്സുകൾ കിണർ, കുളം, നീരുറവയുള്ള തോടുകൾ പഞ്ചായത്തുതലത്തിലുള്ള പൊതുജലവിതരണ ടാപ്പുകൾ എന്നിവയാണ്. കുടിവെള്ളത്തിനായി പണ്ട് ഉപയോഗിച്ചിരുന്ന കുളങ്ങൾ, കിണറുകൾ എന്നിവ പലകാരണങ്ങളാലും ഇപ്പോൾ മലിനമായതുകൊണ്ട് ഉപയോഗശൂന്യമായിട്ടുണ്ട്. ധാരാളമാളുകൾ പുതിയതായി വന്നുതാമസിക്കുന്നതുകൊണ്ട് ഇന്നാട്ടിലെ ജനസംഖ്യ പെരുകുകയാണ് അതുകൊണ്ടു തന്നെ ആവശ്യമായിവരുന്ന ശുദ്ധജലത്തിന്റെ അളവും വർദ്ധിച്ചുവരുന്നു. ഇരുമ്പനം പ്രദേശത്ത് എഫ്.എ.സി.ടി., എച്ച്.ഒ.സി. എന്നീ കമ്പനികൾ പുറത്തേക്ക് വിടുന്ന വിഷമാലിന്യങ്ങൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പട്ടിക (IV B. 1) കുടിവെള്ളസ്രോതസ്സ്

| | |
|---|---|
| 1. സാനിട്ടറി വെൽ | 1386 |
| 2. സാധാരണ കിണർ | 1320 |
| 3. പൈപ്പ് + പൊതുവിതരണം | 1215 |
| 4. പഞ്ചായത്തുടാപ്പുകൾ | 138 |

## പഞ്ചായത്തുതല ജലവിതരണം

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽപാലസ് കോമ്പൗണ്ടിൽ പഞ്ചായത്ത് വാങ്ങിക്കൊടുത്ത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ജലസംഭരണിയിൽ നിന്നുമാണ് ഇപ്പോൾ പൊതുജലവിതരണം നടത്തുന്നത്. ഗുണഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതുകൊണ്ട് പഞ്ചായത്തിൽ എല്ലായിടത്തും ആവശ്യത്തിനനുസൃതമായി ശുദ്ധജലം പൈപ്പുവഴി എത്തിച്ചുകൊടുക്കുക എന്ന സ്വപ്നം ഇതുവരെ പൂർണ്ണമായി സഫലമായിട്ടില്ല. എഫ്.എ.സി.ടി., എച്ച്.ഒ.സി. എന്നീ കമ്പനികൾ പുറത്തേക്ക് വിടുന്ന വിഷമാലിന്യങ്ങൾ മൂലം ചിത്രപ്പുഴ വിഷജലത്തിന് സമാനമായിരിക്കുന്നു.

കുടിവെള്ളത്തിന്റെ ദൗർലഭ്യവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഗ്രാമസഭകളുടെ പ്രധാന ചർച്ചാവിഷയമായിരുന്നു. നിലവിലുള്ള സൗകര്യങ്ങളും ജലലഭ്യത മെച്ചപ്പെടുത്തുന്നതിനാവശ്യമായ പല നിർദ്ദേശങ്ങളും ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നു. അവ താഴെ ചേർക്കുന്നു.

## കുടിവെള്ളക്ഷാമ പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള കിണറുകളും കുടിവെള്ള സ്രോതസ്സുകളും ശുദ്ധീകരിച്ച് സംരക്ഷിക്കുക.

2. ജനങ്ങളിൽ ശുചിത്വത്തെ സംബന്ധിച്ച അവബോധം വളർത്തി ജലം മലിനമാക്കുന്നത് തടയുക. ജലജന്യരോഗങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക.

3. പൊതുജന ബോധവൽക്കരണത്തിലൂടെയും പങ്കാളിത്തത്തോടെയും പൊതുടാപ്പുകൾ വഴി ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ദുരുപയോഗം കഴിയുന്നതും കുറയ്ക്കുക.

4. ഓരോ പൊതുടാപ്പും ഉപയോഗപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ പ്രതിനിധികളും വാർഡുമെമ്പറും അടങ്ങുന്ന ഒരു ജലസംരക്ഷണ സമിതി രൂപീകരിക്കുകയും ആ ടാപ്പിന്റെ മേൽനോട്ടവും അറ്റകുറ്റപ്പണികളും ആ സമിതി സ്വയം ഏറ്റെടുക്കുകയം അതിനാവശ്യമായ ഫണ്ട് സ്വയം രൂപീകരിക്കുകയും ചെയ്യുക.

5. അടുത്ത മഴക്കാലത്തിനുമുമ്പായിത്തന്നെ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുക. ഇതിനാവശ്യമായ ലഘുലേഖകൾ നോട്ടീസുകൾ എന്നിവ പഞ്ചായത്തു തലത്തിൽ തയ്യാറാക്കി വിതരണം നടത്തണം. ഒരു വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

6. പൈപ്പു ലഭിച്ചിട്ടില്ലാത്ത ഇടങ്ങിളിൽ സഹകരണത്തിലൂടേയും ശ്രമദാനത്തിലൂടേയും പുതിയ കിണറുകൾ നിർമ്മിക്കുക. കുടിവെള്ളം ആവശ്യമുള്ള ഏതാനും വീടുകൾ ഒന്നിച്ചുചേർന്ന് ഒരു പൊതു കുടിവെള്ളപദ്ധതിക്ക് രൂപംകൊടുത്ത് അതിനുവേണ്ട ചെലവ് സ്വയം സ്വരൂപിക്കുക.

141

| വാർഡ് നമ്പർ | നിലവിലുള്ള സൗകര്യം | ആവശ്യങ്ങളും നിർദ്ദേശങ്ങളും | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | കിണറുകൾ<br>പൊതു ടാപ്പുകൾ | പാറക്കടവ് ക്വാറി ചുറ്റുംമതിൽകെട്ടി കുടിവെള്ളത്തിന് ഉപയുക്തമാക്കണം. ചെമ്മത്തിൽ ഗ്രൗണ്ട് ലെവൽ, വാട്ടർ ടാങ്ക് നിർമ്മാണം, വ്യവസായികാവശ്യത്തിനുള്ള ജലവിതരണത്തിന് പ്രത്യേക സംവിധാനം വേണം. | സ്ഥലം ലഭ്യമാണ്. ഗുണഭോക്താക്കളുടെ സാമ്പത്തിക സഹകരണവും ശ്രമദാനവും |
| 2. | പൊതുകിണറുകൾ | കിണറുകളിൽ ഓരുവെള്ളം (ഉപ്പുവെള്ളം) കയറുന്നു | കിണറുകൾ ചെളിനീക്കി വൃത്തിയാക്കി ക്ലോറിനേറ്റ് ചെയ്യുക |
| 3. | | പുതിയറോഡ് മുതൽ വടക്കോട്ട് പൈപ്പ് ലൈൻ വ്യാസം വർദ്ധിപ്പിക്കണം | ഗുണഭോക്താക്കളുടെ സൊസൈറ്റി രൂപീകരിച്ച് വേണ്ട മൂലധനം കണ്ടെത്തണം. |
| 4. | | മകലിയം ക്ഷേത്രത്തിന് കിഴക്കുവശം, പെരിങ്ങാട്ടു മൂല, പെരുന്നീനാകുളം വാര്യം ഇടവഴി, ഇരുമ്പനത്തുപറമ്പ്, ജവഹർറോഡ് പരിസരം എന്നിവിടങ്ങളിൽ ജലം എത്തിക്കണം. | പൊതുജന സഹകരണം + സംഭാവന + ശ്രമദാനം + പഞ്ചായത്തുഫണ്ട് |
| 5. | പഞ്ചായത്ത് കിണർ | ഇളമനത്തോപ്പിൽ വെള്ളം എത്തിക്കണം + പഞ്ചായത്തു കിണർ ശുദ്ധീകരിക്കണം. | - do - |
| 6. | പഞ്ചായത്തു കിണർ | മുടകരകുളം ആഴംകൂട്ടണം, ശുദ്ധീകരിക്കണം + മുടകര കുളം വൃത്തിയാക്കി കരിങ്കൽകെട്ടി സംരക്ഷിക്കണം. കളരിക്ക മലയിൽ ശദ്ധജലം എത്തിക്കണം. | - do - |
| 7. | പഞ്ചായത്തു കിണർ | കൃംത, ലക്ഷംവീട് കോളനി, മാർക്കറ്റ് റോഡ് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കണം. | പുതിയ പൈപ്പും ടാപ്പും ഇടണം. |
| 8. | പഞ്ചായത്തു കിണർ | ചക്ക്പറമ്പ് സെറ്റിൽമെന്റ് കോളനി, കുന്നപ്പിള്ളി റോഡ്, പാണ്ടവത്ത്റോഡ്, പള്ളിപ്പറമ്പ് റോഡിന്റെ അവസാനഭാഗം, കുന്നത്തുകുളങ്ങര വഴിയിൽ രണ്ടാമത്തെ പോക്കറ്റ് റോഡ്, ചങ്ങംപത ഹരിജൻ കോളനിയുടെ അവസാനഭാഗം എന്നിവിടങ്ങളിൽ പൊതുടാപ്പ് വേണം. | |
| 9. | | വെട്ടിക്കാട്ട് മുക്ക്, മുക്കാട്ട് പറമ്പ് ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കണം. | |

7. സർവ്വോപരി കുടിവെള്ളത്തിന്റെ മൂല്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം വളർത്താനുതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

8. ജലജന്യരോഗങ്ങൾ തടയുന്നതിന് കുടിവെള്ള സ്രോതസ്സുകളിലെ സാമ്പിളുകൾ പരിശോധിക്കുകയും കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുകയും ചെയ്യുക.

9. കുടിവെള്ള പ്രശ്ന പരാതികൾ രേഖപ്പെടുത്തുന്നതിന് പഞ്ചായത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും പരാതികളിൽ പരിഹാരനടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

# IV C. പരിസര ശുചിത്വം

ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. ആരോഗ്യസംരക്ഷണത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പരിസര ശുചിത്വം. താരതമ്യേന മെച്ചപ്പെട്ട ശുചിത്വ ബോധമുള്ളവരാണ് ഈ ഗ്രാമവാസികൾ. വ്യക്തിപരമായും വീടിനകത്തും കാണിക്കുന്ന ഈ ശുചിത്വ ബോധം മുറ്റവും പുരയിടവും റോഡും പരിസരങ്ങളും മറ്റു പൊതുസ്ഥലങ്ങളും വൃത്തിയാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ പൊതുവെ കാണാറില്ല. മൊത്തം രോഗാതുരതയിൽ നല്ലൊരുശതമാനം പരിസരജന്യ രോഗങ്ങളാണ് എന്ന് സർവ്വേകൾ കാണിക്കുന്നു. കുടിവെള്ള മലിനീകരണത്തിനും ശുതിത്വകാര്യങ്ങളിലുള്ള വീഴ്ച ഇടവരത്തുന്നു. ഇതുകൊണ്ടൊക്കെയാണ് പരിസര ശുചിത്വ സംരക്ഷണവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ആരോഗ്യമേഖലയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന് പറയുന്നത്. ഇക്കാര്യത്തിലുള്ള വീഴ്ച പല പകർച്ചവ്യാധികളുടെ ഉത്ഭവത്തിനും ഇടവരുത്തും.

പട്ടിക – IV C (1)
പകർച്ചവ്യാധികൾ

| വർഷം | ജലജന്യം | വായുജന്യം | പ്രാണിജന്യം |
|---|---|---|---|
| 1993–94 | 2006 | 3842 | 3515 |
| 1994–95 | 2386 | 4028 | 3102 |
| 1995–96 | 1994 | 4832 | 3286 |

പാർപ്പിട സൗകര്യങ്ങൾ, കക്കൂസിന്റെ ഉപയോഗം, വൈദ്യുതി, കുടിവെള്ളം എന്നിങ്ങനെ നിരവധി കാര്യങ്ങൾ ശുചിത്വവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

## പാർപ്പിടസൗകര്യം

ഗ്രാമീണരിൽ ഭൂരിഭാഗത്തിനും സ്വന്തമായി വീടുണ്ട്. (കണക്കുകൾ ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും എന്ന വിഭാഗത്തിൽ ചേർത്തിട്ടുണ്ട്) ഒരു കാർഷികഗ്രാമമായ ഈ നാട്ടിൽ കൃഷിയോടൊപ്പം കാലിവളർത്തലും നടത്തിവരുന്നു. 880 വീടുകളിൽ വീടിനോടു ചേർന്നും 165 എണ്ണത്തിൽ പ്രത്യേകമായും കാലിത്തൊഴുത്തുണ്ട്. വീടുകളിൽ 70 ശതമാനവും വൈദ്യുതീകരിച്ചതാണ്. കമ്പോസ്റ്റ്കുഴിയുള്ളവ വളരെ വിരളമാണ്.

## കക്കൂസ്

മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും ശുചിത്വബോധവും ഉള്ളവരാണ് ഇവിടത്തുകാർ മലമൂത്ര വിസർജ്ജനത്തിനായി ഭൂരിപക്ഷം പേരും കക്കൂസ് ഉപയോഗിക്കുന്നു. വിവിധ പദ്ധതികളനുസരിച്ച് പഞ്ചായത്ത് സൗജന്യമായി നിർമ്മിച്ച കൊടുത്തവയും സ്വന്തമായി വ്യക്തികൾ നിർമ്മിച്ചവയും ആയി ഏകദേശം 60% ത്തിനും 70%ത്തിനും ഇടയിലുള്ള ഗ്രാമീണർ ഈ ശുചീകരണ സൗകര്യം ഉപയോഗപ്പെടുത്തുന്നു. എന്നിരിക്കിലും ഈ സൗകര്യമില്ലാത്ത ഭവനങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും

1. സാമ്പത്തികം – സൗജന്യമായി നിർമ്മിച്ചുകൊടുക്കുക ലോൺകൊടുക്കുക
2. സ്ഥലപരിമിതി – ഒന്നിലധികം കുടുംബങ്ങൾക്ക് ഒരു കക്കൂസ്
3. അറിവില്ലായ്മ – ബോധവല്ക്കരണം

കക്കൂസ് ഇല്ലാത്ത വീടുകൾ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട പരിഹാര മാർഗ്ഗനിർദ്ദേശം ആവശ്യമെങ്കിൽ സാമ്പത്തിക സഹായവും നൽകണം.

മലിന വസ്തുക്കളുടെ ഭൗതിക സ്വഭാവത്തെ അടിസ്ഥാനമാക്കി അവയെ ഖരം ദ്രാവകം എന്നിങ്ങനെ തരംതിരിക്കാം. എല്ലാവിധ മാലിന്യങ്ങളേയും അവയുടെ സ്വഭാവമനുസരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചെടുക്കാനുള്ള സംവിധാനമാണ് നടപ്പിലാക്കേണ്ടത്.

## വ്യവസായമാലിന്യങ്ങൾ

ഇരുമ്പനത്തെ ട്രാക്കോ കേബിൾസ് ഒഴികെ തിരുവാങ്കുളം പഞ്ചായത്തിൽ വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. എന്നിരിക്കിലും തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവിടുന്ന മലിന ജലവും മലിന വാതകങ്ങളും വലിയ പരിസ്ഥിതി പ്രശ്നങ്ങളും തത്ഫലമായി ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. അവിടെനിന്നുള്ള അവശിഷ്ടങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ചെടക്കാനുള്ള സംവിധാനത്തിന്റെ കാര്യക്ഷമത പൊലൂഷൻ കൺട്രോൾ ബോർഡിന്റെ സഹായത്തോടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള ഒരു ജനകീയ കമ്മിറ്റി വിലയിരുത്തണം. ക്ലോറിൻ, അമോണിയ, കാർബൺ സംയുക്തങ്ങൾ, സൾഫർ സംയുക്തങ്ങൾ എന്നിവ സ്ഥിരമായി ശ്വസിച്ചാൽ ശ്വാസകോശസംബന്ധമായ നിരവധി രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ധാരാളമായി വൃക്ഷങ്ങൾ വെച്ച്പിടിപ്പിക്കുന്നത് അന്തരീക്ഷവായു ശുദ്ധീകരണത്തിന് ഒരു നല്ല മാർഗ്ഗമാണ്.

ഈ ഗ്രാമത്തിൽ ഇപ്പോൾ മത്സ്യമാംസ വിപണനം നടത്തുന്നത് പൊതുനിരത്തുകളോട് ചേർന്ന തുറസ്സായ സ്ഥലങ്ങളിലാണ്. ഇതൊഴിവാക്കണം. മത്സ്യമാർക്കറ്റും അറവുശാലകളും മാംസവിപണന കേന്ദ്രങ്ങളും പഞ്ചായത്തുതലത്തിൽ നിർമ്മിച്ചു കൊടുക്കണം.

ഒരുകാലത്ത് കാർഷിക ഗ്രാമങ്ങളിൽ കണ്ടുവന്നിരുന്ന കമ്പോസ്റ്റുകുഴികൾ വീടുകളുടെ ബാഹുല്യം കൊണ്ടുണ്ടായ സ്ഥലപരിമിതികാരണം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വീടുകളിലുണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിച്ചെടുക്കുന്നതിന് ഏറ്റവും അനുയോജ്യമായ സാങ്കേതിക വിദ്യ കമ്പോസ്റ്റിംഗ് തന്നെയാണ്. ഇതുവഴി 45-50 ദിവസം കൊണ്ട് മലിന വസ്തുക്കളെ ജൈവവളമാക്കിമാറ്റി കൃഷിക്കുപയുക്തമാക്കാമെന്നാണ് ഇതിന്റെ ഏറ്റവും വലിയ മേന്മ. ഒരു വീട്ടിലെ മലിനവസ്തുക്കളെ മാത്രം കൈകാര്യം ചെയ്യാവുന്നരീതിയിൽ വളരെ ചെറിയ യൂണിറ്റുകളും ഒരു വാർഡിലേയോ തെരുവിന്നിരുപുറവും താമസിക്കുന്നവർക്കുവേണ്ടിയോ വലിയ യൂണിറ്റുകളും ആവശ്യാർത്ഥം രൂപകല്പനനടത്തി മാലിന്യ സംസ്കരണം നടത്തി സാധിച്ചെടുക്കാം. യാതൊരു കാരണവശാലും മാലിന്യങ്ങൾ താഴ്ന്നപ്രദേശങ്ങളോ നെൽപ്പാടങ്ങളോ നികത്തുന്നതിനായി ഉപയോഗിക്കരുത്. ഇത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും.

## സ്വകാര്യ സ്ഥാപനങ്ങൾ

ഹോട്ടലുകൾ ലഘുപാനീയങ്ങളും ഭക്ഷ്യവസ്തുക്കളും വില്ക്കുന്ന കടകൾ, സ്വകാര്യാശുപത്രികൾ എന്നിവയിലെ മാലിന്യങ്ങൾ ഉടമകൾതന്നെ കൃത്യമായി നീക്കം ചെയ്യണം.

പൊതു നിരത്തുകളിലേക്ക് ഉപയോഗിച്ചുകഴിഞ്ഞ സാധനങ്ങളുടെ അവശിഷ്ടങ്ങളും മറ്റും വലിച്ചെറിയുന്നതും മലിനജലം തുറന്നുവിടുന്നതും ഒഴിവാക്കണം. ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ഈ സ്ഥാപനങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ കൂടെക്കൂടെ പരിശോധിക്കണം.

പ്രധാന പാതകളെല്ലാം നിത്യേന വൃത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം. ജംഗ്ഷനുകളിൽ കുപ്പത്തൊട്ടിവെയ്ക്കണം. മലിന വസ്തുക്കൾ നിറയുമ്പോൾ നീക്കം ചെയ്യണം. ഇതിനായി പ്രത്യേക വണ്ടിയും നിക്ഷേപ സ്ഥലവും വേണം.

സുപ്രസിദ്ധമായ കരിങ്ങാച്ചിറ പള്ളി ഈ ഗ്രാമത്തിലുണ്ട്. തൊട്ടടുത്ത പഞ്ചായത്തിൽ ചോറ്റാനിക്കര ക്ഷേത്രവും ഈരണ്ട് ആരാധനാലയങ്ങളിലും വിശേഷാവസരങ്ങളിൽ ആയിരക്കണക്കിനാളുകളെത്താറുണ്ട്. ഇവർക്ക് പ്രാഥമിക സൗകര്യങ്ങൾക്കായി പാതയോരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ പണിയുകയും ആവശ്യക്കാർക്ക് ഉപയോഗത്തിനു തുറന്നുകൊടുക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുകയും ചെയ്താൽ പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗമാകും. ഈ തുക ശുചീകരണത്തിനാവശ്യമായിവരുന്ന ചെലവിലേയ്ക്ക് ഒരു മുതൽക്കൂട്ടാകും.

മലിനവസ്തുക്കൾ ശേഖരിക്കുന്നതിനും സംസ്കരിച്ച് വളമാക്കിമാറ്റുന്നതിനും പഞ്ചായത്തുചെലവിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കണം. എലികളുടെ നിയന്ത്രണത്തിന് ഈ പ്രവൃത്തി സഹായകമാകും - ആരോഗ്യരംഗത്ത് ഭീഷണിയാകുന്ന പലരോഗങ്ങളും എലികൾ പടർത്താറുണ്ട് എന്നതിനാൽ എലി നശീകരണം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്.

ഒന്നാം വാർഡിൽ പാറക്കടവ് ക്വാറി പ്രദേശത്തെ മലിനജലം ഒഴുകിപ്പോകുന്നതിന് ഡ്രൈനേജ് സംവിധാനമുണ്ടാക്കാം. ട്രാക്കോ കേബിൾ കമ്പനിയുടെ ക്യാന്റീനിൽ നിന്നുള്ള അഴുക്കുവെള്ളം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തതരത്തിൽ ഒഴുക്കിക്കളയുന്നതിന് വേണ്ടനടപടികൾ എടുക്കുവാൻ കമ്പനി അധികാരികളെ ചുമതലപ്പെടുത്തണം - ഇരുമ്പനം മെയിൻ റോഡിനിരുവശവും കാന നിർമ്മിക്കണം. രണ്ടാം വാർഡിൽ ഫാക്ടറികളിൽനിന്നുള്ള മലിനീകരണം തടയുന്നതിന് വേണ്ട നടപടി എടുക്കണം. പേടിക്കാട്ടു തുരുത്തിൽ മലിനജലം ഒഴുകിപ്പോകുന്നതിന് കാനതീർക്കണം. അഞ്ചാം വാർഡിൽ HOC ക്വാർട്ടേഴ്സുകളിൽ നിന്നും മലിനജലം പുറത്തേക്കൊഴുകുന്നത് ക്വാർട്ടേഴ്സ് നിവാസികളുടെ സഹായസഹകരണത്തോടെ തടയണം. ഒൻപതാം വാർഡിൽ മലിനജല നിർഗ്ഗമന കാനകൾ വേണം. ചപ്പുചവറുകൾ ഒരു കുളത്തിൽ നിക്ഷേപിക്കുന്ന നടപടി ഈ വർഡിലുണ്ട്. ഇത് ഭാവിയിൽ രൂക്ഷമായ പരിസര ആരോഗ്യപ്രശ്നങ്ങൾക്ക് ഇട വരുത്തും. 143

പ്രധാന പാതകളുടെ ഇരുവശമുള്ള പുല്ലുവെട്ടി വൃത്തിയാക്കി കാനകൾ പണിയണം.

പരിസര ശുചിത്വം, വ്യക്തിശുചിത്വം എന്നിവയുടെ ആവശ്യകതയെപ്പറ്റി ബോധവല്ക്കരണ ക്ലാസ്സുകൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ അംഗൻവാടികൾ മഹിളാ സമാജങ്ങൾ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും എല്ലാവാർഡിലും സംഘടിപ്പിക്കണം. ബോധവല്ക്കരണ സ്ലൈഡുകൾ സിനിമാശാലകളിൽ പ്രദർശിപ്പിക്കണം.

## സമഗ്ര മാലിന്യനിയന്ത്രണം (Total waste Management)

പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ ഉണ്ടാക്കപ്പെടുന്ന മാലിന്യങ്ങളെപ്പറ്റി വിദഗ്ധമായ പഠനം നടത്തി അവവേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള ഒരു വിദഗ്ധശ്രമം ഉടൻ ആരംഭിക്കേണ്ടിയിരിക്കുന്നു. ഈ കാര്യം മാത്രം കൈകാര്യം ചെയ്യുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം. അടുത്ത 5 വർഷക്കാലംകൊണ്ട് പൊതുസ്ഥലങ്ങളിലെ മാലിന്യകൂമ്പാരങ്ങൾ ഒഴിവാക്കുക എന്നതായിരിക്കണം സമിതിയുടെ ലക്ഷ്യം.

## പൊതുശ്മശാനം

ഇപ്പോഴുള്ള പൊതുശ്മശാനത്തിന്റെ ചിമ്മിനിയുടെ ഉയരം വർദ്ധിപ്പിക്കണം. അഞ്ചുസെന്റിൽ കുറവ് ഭൂമിയുള്ളവരുടെ മരണാനന്തര സംസ്കാരങ്ങൾ വീട്ടുവളപ്പിൽ നടത്താതിരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവല്ക്കരണവും നടത്തണം.

## പട്ടിശല്യം

പേപ്പട്ടികളുടെ 2-3 കേസുകളെങ്കിലും ഓരോ വാർഡിലും റിപ്പോർട്ടു ചെയ്യാറുണ്ട്. ഉടമസ്ഥനില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം ഇല്ലാതാക്കണം അതാത് പ്രദേശവാസികളുടെ സഹകരണത്തോടെ മാത്രമേ പട്ടിപിടിക്കൽ വിജയിക്കാൻ കഴിയൂ. നായ്ക്കളെ പിടിക്കുന്നതിനായെത്തുന്നവർക്ക് വാർഡുമെമ്പറുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹായസഹകരണം ഉറപ്പാക്കണം.

# V. വ്യവസായം

തിരുവാങ്കുളം പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും ജീവിത നിലവാരം ഉയർത്തുന്നതിന് വ്യവസായവൽക്കരണത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. ജനസാന്ദ്രത കൂടുന്നതനുസരിച്ച് കൃഷിഭൂമിയുടെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. 10 ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയുള്ള പഞ്ചായത്തിൽ 20,000 ത്തോളം ജനങ്ങൾ താമസിക്കുന്നു. ഈ പരിതസ്ഥിതിയിൽ കൃഷിയെ ആശ്രയിച്ചുള്ള പുരോഗതിയുടെ പരിമിതി പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ വ്യവസായവൽക്കരണത്തിനുള്ള സാദ്ധ്യതകൾ വിപുലമാണ്. ഇക്കാരണങ്ങളാൽ വ്യവസായവൽക്കരണത്തിന്റെ പ്രാധാന്യം പഞ്ചായത്തിന്റെ പ്രത്യേക പരിഗണന അർഹിക്കുന്നു.

ആകെയുള്ള ജനസംഖ്യയിൽ 20 ശതമാനത്തോളം ആളുകൾ പഞ്ചായത്തിനു വെളിയിൽ പോയി ജോലി ചെയ്യുന്നവരും; 25 ശതമാനത്തോളം ശിശുക്കളും വിദ്യാർത്ഥികളും, 20 ശതമാനത്തോളം സ്വയം തൊഴിൽ ചെയ്യുന്നവരും 20 ശതമാനത്തോളം തൊഴിൽ ഇല്ലാത്തവരോ ഭാഗികമായി തൊഴിലുള്ളവരോ ആണ്. ബാക്കി 15 ശതമാനത്തോളം വൃദ്ധജനങ്ങളും ആണ്. പഞ്ചായത്തിലുള്ള ഏകദേശം 5500 കുടുംബങ്ങളിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ 2000ത്തോളം വരും. ഇതിൽ 450ഓളം കുടുംബങ്ങൾ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെടുന്നു.

ഇന്നത്തെ പഞ്ചായത്ത് ആക്ട് പ്രകാരം വ്യവസായവൽക്കരണ പരിപാടികളിൽ പഞ്ചായത്ത് കമ്മറ്റിക്ക് എന്തു ചെയ്യുവാൻ സാധിക്കുമെന്ന് പട്ടിക-1 പരിശോധിച്ചാൽ മനസ്സിലാകും. പരിമിതികൾ പലതുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ജനജീവിതം നീതിപൂർവ്വകവും സ്ഥായിയും ആയ വികസന പ്രക്രിയയിലൂടെ സംമ്പുഷ്ടമാക്കുവാനുള്ള നിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് കൊടുത്തിട്ടുണ്ട്.

## നിലവിലുള്ള വ്യവസായങ്ങൾ

പട്ടിക രണ്ടിൽ നിലവിലുള്ള വ്യവസായങ്ങളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. 34 ഇനങ്ങളിലായി 219 ചെറുകടി വ്യവസായ യൂണിറ്റുകളാണ് ഉള്ളത്. ഇവയിൽ കൂടുതലായി കാണുന്നത് എഞ്ചിനീയറിങ്ങ്, തയ്യൽ, ഫർണിച്ചർ മുതലായ വ്യവസായങ്ങളാണ്. പരമ്പരാഗത വ്യവസായങ്ങളിൽ നാമമാത്രമായ ആളുകൾ മാത്രമേ ഇപ്പോൾ ഏർപ്പെട്ടിട്ടുള്ളൂ. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഒഴിച്ചുള്ള ചെറുകിട വ്യവസായങ്ങൾ എല്ലാം പഞ്ചായത്തിന്റെ എല്ലാ സ്ഥലത്തുമായി വ്യാപിച്ചു കിടക്കുകയാണ്. വൈദ്യുതി കേബിളുകൾ നിർമ്മിക്കുന്ന പൊതുമേഖലയിലുള്ള ട്രാക്കോ കേബിൾ കമ്പനി മാത്രമാണ് പഞ്ചായത്തിലെ വൻകിട വ്യവസായം.

## നിലവിലുള്ള വാണിജ്യ സ്ഥാപനങ്ങൾ

പട്ടിക മൂന്നിൽ നിലവിലുള്ള വാണിജ്യ സ്ഥാപനങ്ങളെക്കുറിച്ച് കാണിച്ചിരിക്കുന്നു. 21 ഇനങ്ങളിലായി 195 വാണിജ്യ യൂണിറ്റുകളാണ് നിലവിൽ ഉള്ളത്. എണ്ണകൂടുതൽ അനുസരിച്ച് പലചരക്കു കട, ഹോട്ടൽ/ചായക്കട, സ്റ്റേഷനറി, ബേക്കറി മുതലായവയാണ് ഉള്ളത്.

## മിനി വ്യവസായ എസ്റ്റേറ്റ്

പഞ്ചായത്തിലുള്ള ഏക മിനി വ്യവസായ എസ്റ്റേറ്റ് ഇരുമ്പനത്താണ് പ്രവർത്തിക്കുന്നത്. പൊതുവേ കേരളത്തിലെ മിനി വ്യവസായ എസ്റ്റേറ്റുകളെല്ലാം പരാജയമാണെങ്കിലും ഈ എസ്റ്റേറ്റ് തുടക്കം മുതൽ തന്നെ നല്ലനിലയിൽ പ്രവർത്തിക്കുന്നു. ഒരേക്കർ സ്ഥലത്ത് പത്ത് യൂണിറ്റുകൾക്കുള്ള ഷെഡുകൾ പണിത്, വെള്ളം, വൈദ്യുതി, റോഡ് മുതലായ സൗകര്യങ്ങളോടുകൂടി ദീർഘകാല അടിസ്ഥാനത്തിൽ തുക അടച്ചു തീക്കുവാൻ വ്യവസായികളെ അനുവദിച്ചുകൊണ്ട് വിട്ടുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ 55

വിവരങ്ങൾ വിശദമായി പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

## നിലവിലുള്ള പദ്ധതികൾ

നിലവിലുള്ള 14 പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക-5ൽ കൊടുത്തിട്ടുണ്ട്. ഇവയിൽ ഏതാനും ചില പദ്ധതികളുടെ പ്രവർത്തനത്തെ കുറിച്ച് പട്ടിക 6, 7, 8 എന്നിവയിൽ കാണിച്ചിരിക്കുന്നു. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ലാത്തതാണ് ഇവയുടെ തൃപ്തികരമായ പ്രവർത്തനത്തിന് വിഘാതമായി കാണുന്നത്. നിലവിലുള്ള പദ്ധതികളെ ക്കുറിച്ച് ജനങ്ങൾക്കിടയിൽ പ്രചരണം നടത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടത് ആവശ്യമാണ്.

## ഗ്രാമ സഭകളിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട വ്യവസായ സംരംഭങ്ങൾ

33 ഇനങ്ങളിലായി 57 ചെറുകിട യൂണിറ്റുകളാണ് ഗ്രാമസഭകളിൽ നിന്നും ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. വിശദ വിവരങ്ങൾ പട്ടിക-9ൽ കൊടുത്തിരിക്കുന്നു. ഈ നിർദ്ദേശങ്ങളിൽ പലതും നിലവിൽ ഉള്ളവ തന്നെ യാണെങ്കിലും പരിസ്ഥിതി പരിഗണനയും, കുറഞ്ഞ തോതിലുള്ള വൈദ്യുതിയുടെ ഉപയോഗവും പരിഗണിച്ച് ചില പദ്ധതികൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്.

നിലവിൽ നാളികേരം അല്ലാതെ മറ്റ് അസംസ്കൃത വസ്തുക്കൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. എന്നാൽ ഇരുമ്പനം ഭാഗത്തും കരിങ്കല്ല് ലഭ്യമാണെങ്കിലും ഇതു ഉപയോഗിച്ചുള്ള വ്യവസായത്തിനും ജനസാന്ദ്രത ഒരു തടസമായി നിൽക്കുന്നു. അടുത്ത 5 വർഷത്തിനുള്ളിൽ 57 ചെറുകിട യൂണിറ്റുകൾ ആണ് ഗ്രാമ സഭകളുടേതായ ശുപാർശകളിലൂടെ വന്നിട്ടുള്ളെതെങ്കിലും ഇത് പ്രശ്നത്തിന് ഒട്ടും തന്നെ പരിഹാരമാകുന്നില്ല ചുരുങ്ങിയത് ഓരോവർഷവും 50 ചെറുകിട വ്യവസായ യൂണിറ്റുകളെങ്കിലും പ്രവർത്തനം ആരംഭിക്കുവാൻ പ്രോത്സാഹജനകമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## നിലവിലുള്ള പ്രശ്നങ്ങളും അവക്കുള്ള പരിഹാര നിർദ്ദേശങ്ങളും

നിലവിലുള്ള പ്രശ്നങ്ങൾ പട്ടിക 10 ലും അവക്കുള്ള പരിഹാരനിർദ്ദേശങ്ങൾ പട്ടിക 11 ലും വിശദീകരിച്ചിട്ടുള്ളത് കാണുക.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

തൊഴിൽരഹിതരും ഭാഗികമായി തൊഴിൽ ഉള്ളവരുമായി അയ്യായിരത്തോളം വരുന്ന പുറമേ ദാരദ്ര്യ രേഖക്കു താഴെയുള്ളവരായ കുടുംബങ്ങളിൽ പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഉള്ള പദ്ധതികളാണ് അടിയന്തിരമായും നടപ്പാക്കേണ്ടത്.

ഒമ്പതാം പദ്ധതിയെ മുന്നിൽ കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജനകീയ ആസൂത്രണത്തിൻെറ മുഴുവൻ ആവേശവുംഉൾക്കൊണ്ട് പ്രവർത്തിച്ചാൽ, പഞ്ചായത്തിലെ ആളോഹരി പ്രതിശീർഷ വരുമാനം ഗണ്യമായി ഉയർത്താനും തൽഫലമായി ജീവിത നിലവാരം മെച്ചപ്പെടുത്താനും നമുക്കു കഴിയും.

ഈലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉപയുക്തമായ ഏതാനും നിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിൻെറ അവസാനഭാഗത്ത് ചേർത്തിരിക്കുന്നു.

ഈ നിർദ്ദേശങ്ങളിൽ പലതിനും സംസ്ഥാന സർക്കാരിൻെറ പ്രത്യേക അനുവാദം ആവശ്യമാണെന്നു അറിഞ്ഞുകൊണ്ടു തന്നെയാണ് അവ രേഖപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൻെറ മാത്രമല്ല കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും പ്രയോജനം കിട്ടുന്ന വിധം പ്രസ്തുത പരിപാടികൾക്ക് സംസ്ഥാനസർക്കാർ അനുമതി നല്കുമെന്നു തന്നെ നമ്മുക്ക് പ്രത്യാശിക്കാം

## ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകൾ

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3ാം പട്ടിക പ്രകാരം വ്യവസായത്തേ സംബന്ധിച്ചുള്ള ചുമതലകൾ താഴെ പറയുന്നു.

എ. ഒരു പ്രദേശത്തെ പരമ്പരാഗതവും തൊഴിൽ പരമായുള്ള കഴിവുകൾ തിരിച്ചറിയുകയും കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

സി. ചെറുകിട വ്യവസായങ്ങൾക്കും പണ്ഡികശാലകൾക്കും ലൈസൻസ് നൽകുക.

ഡി. കൈതൊഴിൽ ചെയ്യുന്നവർക്കും കരകൗശല പണികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നൽകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

ഇ. ചെറുകിട വ്യവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും നോക്കി നടത്തുകയും ചെയ്യുക.

എഫ്. അസംസ്കൃത സാധനങ്ങളുടെ പ്രാദേശിക വികസനത്തെ സഹായിക്കുക.

ജി. ഗ്രാമ വ്യവസായങ്ങൾക്കും അവയുടെ ഉൽപന്നങ്ങൾക്കും സമൂഹത്തിൽ താൽപര്യം ജനിപ്പിക്കുക.

എച്ച്. ചെറുകിട വ്യവസായത്തിനുള്ള സാമ്പത്തിക സഹായവിതരണം, സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൾക്കും സഹായം നൽകൽ, കൈത്തറി കരകൗശലങ്ങളുടെ വികസനം.

# നിലവിലുള്ള വ്യവസായങ്ങളുടെ വിവരം

146

| | | | വാർഡ് |
|---|---|---|---|
| 1. | ഒട്ടോമൊബൈൽ വർക് ഷോപ്പ് | 11 | 4,5,8,9 |
| 2. | എഞ്ചിനീയറിംങ് വർക്ഷോപ്പ് | 32 | 1,2,3,4,5,6,7,8,9 |
| 3. | ഹാൻറിക്രാഫ്റ്റ് | 13 | 1,2,3,5,6,7,8 |
| 4. | ഫർണ്ണിച്ചർ | 17 | 2,5,6,7,8,9 |
| 5. | അലുമിനിയം അടപ്പ് | 7 | 3,5,6,8 |
| 6. | അറക്കമിൽ | 5 | 3,5,7,9 |
| 7. | നെല്ലുകുത്ത് മിൽ | 5 | 1,3,4,6,7 |
| 8. | പൊടിക്കുന്നമിൽ | 19 | 1,2,3,4,5,6,7,8 |
| 9. | എണ്ണയാട്ടുമിൽ | 4 | 4,5,6 |
| 10. | തയ്യൽ | 22 | 1,2,3,4,7,8,9 |
| 11. | ടയർറിട്രെഡിങ്ങ് | 6 | 4,7,9 |
| 12. | എലക്ട്രോണിക്ക് ഉപകരണങ്ങൾ | 7 | 3,6,7,9 |
| 13. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 5 | 2,9 |
| 14. | റിഫ്രാക്ടറി | 2 | 7 |
| 15. | പ്ലാസ്റ്റിക് ഉപകരണങ്ങൾ | 5 | 3,6,7,9 |
| 16. | റബ്ബർ ഉപകരണങ്ങൾ | 1 | 6 |
| 17 | എലക്ട്രിക് ഉപകരങ്ങൾ | 3 | 4,6,7 |
| 18. | മെഴുകുതിരി | 3 | 6,7 |
| 19. | ആയുർവേദ മരുന്ന് | 3 | 7,8 |
| 20. | അച്ചടി | 9 | 1,4,5,7 |
| 21. | സിമൻറ് ഇഷ്ടിക | 6 | 1, 2, 4, 7 |
| 22. | പെയ്ൻറ് | 3 | 4,6,7 |
| 23. | വാർക്ക കിണർ | 6 | 2,4,7,9 |
| 24. | പുഷ്പകൃഷി | 2 | 4,7 |
| 25. | പേപ്പർ ബാഗ് | 2 | 4,8 |
| 26. | ഇരുമ്പ് പൈപ്പ് | 2 | 3,6 |
| 27. | ലഘുപാനീയ നിർമ്മാണം | 12 | 1,2,4,7,8,9 |
| 28. | ബേക്കിങ്ങ് | 1 | 9 |
| 29. | കെമിക്കൽ | 1 | 4 |
| 30. | പ്ലെയ്റ്റ്സ്റ്റാൻറ്, കോട്ട്ഹാങ്ങർ | 1 | 7 |
| 31. | സ്പ്രിംങ്ങ് നിർമ്മാണം | 1 | 6 |
| 32. | കറി പൗഡർ | 1 | 8 |
| 33. | സോപ്പ് നിർമ്മാണം | 1 | 4 |
| 34. | മൊസൈക് ടൈൽസ് | 1 | 4 |
| | | 219 | |

# നിലവിലുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരം

| ഇനം | എണ്ണം |
|---|---|
| 1.ബേക്കറി | 10 |
| 2. ഹോട്ടൽ-ടീഷോപ്പ് | 40 |
| 3. പലചരക്കുകട | 53 |
| 4. സ്റ്റേഷനറി | 14 |
| 5. സീ-ക്ലാസ്കട | 11 |
| 6. സിമൻറും ഹാർഡ്‌വെയറും | 10 |
| 7. എലക്ട്രിക് ഷോപ്പ് | 3 |
| 8. അപ്പ്ഹോൾസറി | 3 |
| 9. പെട്രോൾ പമ്പ് | 1 |
| 10. വിറക് കച്ചവടം | 3 |
| 11. ക്രോക്കറി | 1 |
| 12. തുണിക്കട | 12 |
| 13. ഓട്, ഇഷ്ടിക | 2 |
| 14. മെഡിക്കൽ ഷോപ്പ് (അലോപ്പതി) | 3 |
| 15. ആയുർവേദം | 7 |
| 16 ഹോമിയോ | 4 |
| 17. അലോപ്പതി ക്ലിനിക് | 7 |
| 18. പുകയില മൊത്തകച്ചവടം | 1 |
| 19. കൊല്ലപ്പണി | 4 |
| 20. ആഭരണം | 4 |
| 21. സിനിമ തീയ്യേറ്റർ | 2 |
| ആകെ | 195 |

ഈ പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാത്രമാണുള്ളത്. അതിലെ സ്ഥാപനങ്ങളും അവയുടെ വിവരങ്ങളും താഴെ കൊടുക്കുന്നു.

148

| സ്ഥാപനത്തിൻെറ പേര് | ഉൽപന്നം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. കെൽ പ്ലാസ്റ്റിക് പ്രൈ.ലി. | പ്ലാസ്റ്റിക് ഘടക വസ്തുക്കൾ | 6 |
| 2. വനിതാ എൻറർ പ്രൈസസ് | അലൂമിനിയം അടപ്പ് | 7 |
| 3. അലൂമിനിയം ആൻറ് അലൈഡ് ഇൻഡസ്ട്രീസ് | അലൂമിനിയം അനോഡൈസ്ഡ് വസ്തുക്കൾ | 2 |
| 4. ഒലിവൈൻ ഇൻഡസ്ട്രീസ് | വെൽഡിങ്ങ് മെഷ്യൻനിർമ്മാണം | 8 |
| 5. ടെക്നോ പ്ലാസ്റ്റ- എഞ്ചിനീയേഴ്സ് | സ്ക്രൂ പ്ലഗ്ഗ് | 6 |
| 6. രാജീവ് എൻറർപ്രൈസസ് | പ്ലാസ്റ്റിക് ക്യാൻ | 7 |
| 7. എസ്.ജെ. എൻറർപ്രൈസസ് | എഞ്ചിനിയറിങ്ങ് വർക്ക്ഷോപ്പ് | 7 |
| 8. നാഷ്ണൽ എഞ്ചിനിയറിങ്ങ്. | മെഷീൻ ഷോപ്പ് | 6 |
| 9. എലക്ട്രോസ്കിൽ. | മെറ്റൽ സ്വിച്ച് ബോർഡ് | 6 |

പട്ടിക 6

ട്രൈസം (TRYSEM) പരിശീലനം ലഭിച്ചവരുടെ വിവരം

| വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | മറ്റു തൊഴിലിൽ ഏർപ്പെട്ടവർ |
|---|---|---|---|
| 1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 19 | 7 | 12 |
| 2. ഓട്ടോ മെക്കാനിക്ക് | 4 | 3 | 1 |
| 3. പ്രിൻറിങ്ങ് കമ്പോസിങ്ങ് | 3 | | 3 |
| 4. എലക്ട്രിക്ക് ഉപകരണം | 2 | | 2 |
| 5. റേഡിയോ ടി.വി. റിപ്പയിറിങ്ങ് | 3 | | 3 |
| 6. പ്ലംബിങ്ങ് | 1 | | 1 |
| 7. ബുക്ക് ബൈൻറിങ്ങ് | 1 | | 1 |
| 8. ഹെയർ ഡ്രസിങ്ങ് | 2 | 2 | |
| 9. വെൽഡിംഗ് | 5 | 4 | 1 |
| 10. സ്പിന്നിങ്ങ് | 2 | | 2 |
| 11. കാർപ്പൻററി | 1 | 1 | |
| 12. പ്ലാസ്റ്റിക് കമ്പോണൻറ് | 1 | | 1 |
| 13. സ്റ്റീൽ ഫർണ്ണീച്ചർ | 1 | 1 | |
| | 45 | 18 | 27 |

പട്ടിക 7

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| IRDP സർവ്വേപ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹരായവരുടെ എണ്ണം |
|---|---|---|
| 11 | 5 | 6 |

പട്ടിക 8

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| പ്രവർത്തിക്കുന്ന വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 2 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 1996 മാർച്ച് | 10 | തൃപ്തികരമായി പ്രവർത്തിക്കുന്നു |

## നടപ്പു പദ്ധതികൾ

### 1. പട്ടിക ജാതി വികസനത്തിനുള്ള പദ്ധതി

ലക്ഷ്യം. പട്ടിക ജാതിക്കാരെ സഹകരണരംഗത്ത് ആകർഷിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ

സഹായം: ഓഹരിമൂല ധനത്തിനു വേണ്ടിയുള്ള ഗ്രാൻറ്

### 2. പട്ടിക വർഗ്ഗ വികസനത്തിനുള്ള പ്രത്യേക ഘടക പദ്ധതി

ലക്ഷ്യം: പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരെ സ്വയം തൊഴിൽ സംരഭങ്ങളിലേക്ക് ആകർഷിച്ച് ജീവിത നിലവാരം ഉയർത്തുക.

സഹായം: 50000/- രൂപവരെ പലിശ രഹിത വായ്പ

### 3. പട്ടിക ജാതി വ്യവസായ വായ്പ

ലക്ഷ്യം: പട്ടിക ജാതിയിൽ പെട്ടവരെ വ്യവസായ സംരംഭങ്ങളിൽ ആകർഷിച്ച് ജീവിത നിലവാരം ഉയർത്തുക.

സഹായം: 50000/- രൂപ വരെ വായ്പ (10000/- രൂപവരെ പലിശയില്ല, 10000/-മുതൽ 15000/-വരെ ഒരുശതമാനം പലിശ, 15000/-മുതൽ 50000/- വരെ നാലു ശതമാനം പലിശ)

### 4. കരകൗശല വിദഗ്തർക്കുള്ള പ്രതിമാസ പെൻഷൻ

ലക്ഷ്യം: കരകൗശല തൊഴിലാളികളുടെ സാമ്പത്തീക സുരക്ഷ.

സഹായം: 60 വയസ്സു പൂർത്തിയായ കരകൗശല വിദഗ്ദർക്കും പ്രതിമാസം 250/- രൂപ പെൻഷൻ

### 5. കരകൗശല രംഗത്ത് പരിശീലന പരിപാടി

ലക്ഷ്യം: അന്യം നിന്നു പോകുന്ന കരകൗശല വൈദഗ്ദ്യം മറ്റു ള്ളവരിലേക്ക് പകരുക.

സഹായം: 250/- രൂപ പ്രതിമാസ ട്രെയ്നിങ്ങ് ഗ്രാൻറ്

### 6. പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ

ലക്ഷ്യം: അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പിക്കുക,

സഹായം: വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്ലോട്ടുകളും കെട്ടിടങ്ങളും, ഹയർപർച്ചേഴ്സ് വ്യവസ്ഥയിൽ വ്യവസായ സംരഭങ്ങൾ നൽകുക.

### 7. പ്രധാന മന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (PMRY) അർഹത

1. പ്രായം 18നും 35നും മദ്ധ്യേ
2. വാർഷിക കുടുംബവരുമാനം 24000/- രൂപ വരെ
3. S.S.L.C. വരെ അല്ലെങ്കിൽ ഐ.ടി.ഐ പാസായിരിക്കണം.

**ആനുകൂല്ല്യം**

1. ജാമ്യം ഇല്ലാതെ 95000/- രൂപ വരെ വായ്പ
2. പരിശീലന സഹായമായി 1375/-രൂപ
3. 15% (7500/-രൂപ) സബ്സിഡി.
4. കൂട്ടായ സംരഭത്തിന് ഓരോ അപേക്ഷകനും 95000/- രൂപ വരെ ലഭിക്കും. (ബസ് സർവ്വീസ്, ഫിഷിങ്ങ് ബോട്ട് മുതലായവ ഉദാഹരണം)

### 8. മാർജിൻ മണി ലോൺ/നാഷ്ണൽ ഇക്വറ്റിഫണ്ട് സ്കീം

ലക്ഷ്യം: ചെറുകിട വ്യവസായികൾക്ക് മൂലധനം കണ്ടെത്തുവാൻ സഹായിക്കുക

സഹായം:

1. പത്തുലക്ഷം രൂപ വരെ മുതൽമുടക്കുള്ള സംരഭത്തിന് 1% പലിശക്ക് 2 1/2 ലക്ഷം രൂപ വരെ ചെറുകിട വ്യവസായ വികസനബാങ്കിൽ നിന്നും (SIDBI) വായ്പ ലഭിക്കുന്ന (NEF) സ്കീം
2. പത്തുലക്ഷം രൂപയിൽ കവിഞ്ഞുള്ള സംരഭത്തിന് പരമാവധി 10% വരെ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും മാർജിൻ മണിലോൺ ലഭിക്കുന്നു. (പരമാവധി) 15 ലക്ഷം രൂപ) സബ്സിഡിയായി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു.

സ്ഥിര മൂലധനത്തിന്റെ (ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ) ആകെതുകയുടെ 15% (പരമാവധി 15 ലക്ഷം രൂപ) സബ്സിഡിയായി ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നു. 150

### 10. ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള പരിപാടി

ലക്ഷ്യം : ആധുനിക തൊഴിൽ ഉപകരണങ്ങൾ നൽകി ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക.

സഹായം: തൊഴിൽ ഉപകരണങ്ങൾ വാങ്ങാൻ 10000/- രൂപവരെ നിക്ഷേപത്തിൽ 1/3 (പരമാവധി3000/-) സബ്സിഡിയും ബാക്കി ബാങ്ക് വായ്പയും ഗ്രാമീണ കൈതൊഴിലുകാർക്ക് നൽകുന്നു.

പണിശാല ഉണ്ടാക്കുന്നതിന് ധന സഹായം ലഭിക്കുന്നതാണ്.

### 11. പട്ടിക ജാതിയിൽ പെട്ട വ്യവസായ സംരഭകർക്കുള്ള ഗ്രാൻറ്

ലക്ഷ്യം: പട്ടിക ജാതിയിൽ പ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായം നൽകുക

സഹായം: മൂലധന നിക്ഷേപത്തിൽ 1/3 (പരമാവധി 5000/-) ഗ്രാൻറ്

### 12. പട്ടിക വർഗ്ഗവികസന പദ്ധതി

ലക്ഷ്യം: പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുക.

സഹായം 15000/- രൂപ വരെ ഗ്രാൻറ്

### 13. പട്ടികജാതിക്കാർക്കുള്ള കൈത്തറി വ്യവസായം

ലക്ഷ്യം: പട്ടിക ജാതിയിൽ പ്പെട്ട നെയ്ത്തുകാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.

സഹായം: 100/- രൂപ വിലയുള്ള ഓഹരിക്ക് വ്യക്തി 10/- രൂപ മുടക്കുമ്പോൾ 90/- ഗ്രാൻറ് നൽകുന്നു.

### 14. പട്ടിക ജാതിക്കാർക്ക് ഖാദിയും ചെറുകിട വ്യവസായവും

ലക്ഷ്യം: പട്ടിക ജാതിക്കാർക്ക് വരുമാനം വർദ്ധിപ്പിക്കുക

സഹായം: പട്ടിക ജാതിക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഒരുലക്ഷം രൂപവരെ ഗ്രാൻറ് നൽകുന്നു.

ഓരോ വാർഡുകളിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട വ്യവസായ സംരംഭങ്ങൾ താഴെ കൊടുക്കുന്നു:- ആകെ 57 യൂണിറ്റുകൾ ആണ് ശുപാർശ ചെയ്യപ്പെട്ടത്.

| | വ്യവസായ സംരംഭം | യൂണിറ്റിൻെറ എണ്ണം | ശുപാർശ ചെയ്ത വാർഡ് |
|---|---|---|---|
| 1. | പാൽ ഉൽപന്നങ്ങൾ | 3 | 1, 2, 7 |
| 2. | പുഷ്പ കൃഷി | 2 | 1,2, 7 |
| 3. | മെക്കാനിക്കൽ വർക്കുഷോപ്പ് | 1 | 1 |
| 4. | ആണി, വിജാഗിരി | 1 | 1 |
| 5. | ഇലക്ട്രിക്കൽ റിപ്പയിറിങ്ങ് | 1 | 1 |
| 6. | ഹാൻഡിക്രാഫ്റ്റ് | 2 | 1, 3 |
| 7. | ഫർണിച്ചർ | 4 | 1, 3, 4, 6 |
| 8. | പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ | 1 | 1 |
| 9. | സിമൻറ് ഇഷ്ടിക | 1 | 1 |
| 10. | ഉടുപ്പുകൾ (റെഡിമെയ്ഡ് വസ്ത്രങ്ങൾ) | 5 | 1, 3, 5, 7, 8 |
| 11. | ബുക്ക് ബൈണ്ടിങ്ങ് | 1 | 1 |
| 12. | കറിപൗഡർ, ജാം, അച്ചാറുകൾ | 3 | 1, 7, 9 |
| 13. | മെഴുകുതിരി | 1 | 2 |
| 14. | തീപ്പെട്ടി | 2 | 2, 3 |
| 15. | ബേക്കറി | 2 | 1, 8 |
| 16. | കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ | 1 | 3 |
| 17. | ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1 | 3 |
| 18. | കാലിതീറ്റ, കോഴി തീറ്റ നിർമ്മാണം | 3 | 3, 7, 9 |
| 19. | പെയിൻറ് സിമൻറ പെയിൻറ്, പ്ളാസ്റ്റർ ഓഫ് പാരീസ് | 1 | 4 |
| 20. | ഇരുമ്പ് ഡ്രം | 1 | 5 |
| 21. | റബർ അടിസ്ഥനമാക്കിയുള്ള വ്യവസായങ്ങൾ | 3 | 5, 7, 9 |
| 22. | കുട നിർമ്മാണം | 1 | 5 |
| 23. | സഹകരണ മേഖലയിൽ പവർലൂം ഫാക്ടറി | 1 | 5 |
| 24. | ഗ്രീസ്, ഓയിൽ | 1 | 5 |
| 25. | ഫാൻ അസംബ്ളിങ്ങ് | 1 | 5 |
| 26. | ആശുപത്രി ഉപകരണങ്ങൾ | 1 | 5 |
| 27. | കോൺക്രീറ്റ് കട്ടിള, ജനല, ക്രാസി | 1 | 6 |
| 28. | പ്ളാസ്റ്റിക്ക് റീസൈക്കിളിങ്ങ് | 1 | 7 |
| 29. | സോപ്പു നിർമ്മാണം | 2 | 7, 9 |
| 30. | ഇലക്ട്രോണിക്ക് ഉപകരണങ്ങൾ | 2 | 7, 9 |
| 31. | പേപ്പർ ബാഗ് | 2 | 7, 9 |
| 32. | നാളികേര ഉൽപ്പന്നങ്ങൾ | 2 | 7, 9 |
| 33. | ജൈവ വിസർജ്ജ്യങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് | 2 | 7, 9 |

1. വ്യവസായ സംരംഭകർക്ക് ബോധവൽക്കരണം കിട്ടുന്നില്ല.

2. സംരംഭകർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

3. വ്യവസായ സംരംഭകർക്ക് ഭൗതീക സാഹചര്യങ്ങൾ പഞ്ചായത്തു നല്കുന്നില്ല.

4. എൻജിനിയറിങ്ങ്, ഓട്ടോ മോബൈൽ വർക്കുഷോപ്പുകൾ, തടി വ്യവസായം എന്നിവയിൽ പരിശീലന സൗകര്യങ്ങൾ ഇല്ല.

5. സിമൻറും കമ്പിയും ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് ക്വോട്ട ലഭിക്കുന്നില്ല.

6. വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ സർക്കാർ സംവിധാനം നിലവിൽ ഇല്ല.

7. ലളിതമായ വ്യവസ്ഥയിൽ ധനസഹായം ലഭിക്കുന്നില്ല.

8. വോൾട്ടേജ് ക്ഷാമവും വൈദ്യുതി ലഭിക്കാനുള്ള കാലതാമസവും ഉണ്ട്.

9. വ്യവസായ പരിശീലന കേന്ദ്രങ്ങൾ നിലവിൽ ഇല്ല.

10. നിലവിലുള്ള ഗ്രീൻ ചാനൽ സംവിധാനത്തിന് നിയമ പ്രാബല്ല്യം ഇല്ലാത്തതു കൊണ്ട് തക്കസമയത്ത് ആവശ്യമായ പ്രയോജനം ലഭിക്കുന്നില്ല.

11. 5 എച്ച. പി. വരെ പഞ്ചായത്തു ലൈസൻസു കൂടാതെ വൈദ്യുതി നല്കുവാനുള്ള നിർദ്ദേശം വൈദ്യുതി ബോർഡു അധികൃതർ അനുസരിക്കുന്നില്ല.

12. 100 മീറ്റർ ചുറ്റളവിലുള്ള വീട്ടുകാരുടെ എൻ. ഓ. സി. വേണമെന്നുള്ള നിർബ്ബന്ധം ചില അവസരങ്ങളിൽ ഉണ്ടാകുന്നുണ്ട്.

13. വൈദ്യുതിക്കു വേണ്ട അപേക്ഷ കൊടുത്താൽ രജിസ്റ്ററിൽ ചേർക്കുന്നതിന് താമസം വരുത്തുകയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

14. സർക്കാരിൻെറ ആനുകൂല്യങ്ങളെക്കുറിച്ച് സാധാരണക്കാർക്ക് വിവരം ലഭിക്കുന്നില്ല.

ആൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനമില്ല.

## പ്രശ്നങ്ങൾക്കുള്ള പരിഹാര നിദ്ദേശങ്ങൾ

1. എറണാകുളത്തുള്ള കേരള ഇൻറസ്ട്രിയൽ ആൻറ് ടെക്കനിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (KIDCO), തൃശൂരിലുള്ള ചെറുകിട വ്യവസായ ഇൻസ്റ്റിറ്റ്യൂട്ട് (SISI) എറണാകുളം ഗാന്ധിനഗറിലുള്ള ജില്ലാ വ്യവസായ കേന്ദ്രം എന്നീ സ്ഥാപനങ്ങളുമായി ആലോചിച്ച് ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി പഞ്ചായത്ത് അഭിമുഖ്യത്തിൽ ആറു മാസത്തിൽ ഒരിക്കലെങ്കിലും നടത്തേണ്ടതാണ്. ഓരോ ക്ലാസിലും തൽപരരായ 25 പേരെ പങ്കെടുപ്പിക്കുകയും ഇതിൽ 10 പേർ വനിതകളും 5 പേർ പട്ടിക ജാതി / പട്ടിക വർഗത്തിൽ പെട്ടവും ആകേണ്ടതാണ്. സാധ്യമെങ്കിൽ പഞ്ചായത്ത് സൈറ്റപ്പെൻറ് നൽകേണ്ടതാണ്.

2. സാമ്പത്തിക സഹായങ്ങൾ നൽകാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാണെങ്കിലും അതു വാങ്ങിയ്ക്കാൻ കഴിയാറില്ല. നല്ല പദ്ധതികളോ മതിയായ വസ്തുജാമ്യമോ പലപ്പോഴും നൽകാൻ കഴിയാത്തതും ഈ വക കാര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും ആണ് ഇതിനു കാരണം.

3. പഞ്ചായത്ത് ആഭിമുഖ്യത്തിൽ കഴിയുന്നിടത്തെല്ലാം സ്ഥലം, കെട്ടിടം, വെള്ളം, വൈദ്യുതി, റോഡ്, മുതലായ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതാണ്. (മാതൃക - മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ്)

4. തൽപരരായ വ്യവസായ സംരംഭകർക്കും തൊഴിലാളികൾക്കും അതിന് ഉതകുന്ന സ്ഥാപനങ്ങളിൽ പരിശീലനം ലഭിക്കുന്നതിന് പഞ്ചായത്ത് സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

5. സിമൻറ് കമ്പി മുതലായ അസംസ്കൃത വസ്തുക്കൾ മാർക്കറ്റിൽ സുലഭമായതിനാലാണ് ഇതിന് നിലവിൽ ക്വോട്ടാ സമ്പ്രദായം ഇല്ല.

ആവശ്യാനുസരം ശേഖരിച്ച് വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

7. 2-ാം നമ്പർ പരിഹാരം ശ്രദ്ധിക്കുക.

8. (A) വോൾട്ടേജ് ക്ഷാമം അനുഭപ്പെടുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കുക.

   (B) വൈദ്യുതി ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തിൽ ക്ഷണിച്ചുവരുത്തി പഞ്ചായത്തുകമ്മിറ്റിയും പരാതിക്കാരും കൂടിയിരുന്ന് ചർച്ചചെയ്ത് പരിഹാരം കാണേണ്ടതാണ്.

9. വ്യവസായ സംരംഭകർക്കും തൊഴിലാളികൾക്കും പരിശീലനം ലഭിക്കുന്നതിന് ഉതകുന്ന ഒരു സ്ഥിരം സംവിധാനം ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

10. ഗ്രീൻ ചാനൽ സംവിധാനം നിലവിൽ ഉണ്ടെങ്കിലും അതു നടപ്പിലാക്കേണ്ട വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ അധികാരങ്ങൾ സർക്കാർ നൽകാത്തതിനാൽ, ഇപ്പോൾ ഇതു പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ അധികാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ പഞ്ചായത്ത് നടപടി എടുക്കേണ്ടതാണ്.

11. സർക്കാരിൻെറ GO: NO: 161/94/N, തീയതി 29-7-94 പ്രകാരം 5 എച്ച്. പി. വരെ ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ വൈദ്യുതി നൽകേണ്ടതാണെങ്കിലും കെ. എസ്. ഈ. ബി അധികൃതർ, ബോർഡിൻെറ ഉത്തരവ് ഇല്ല എന്ന കാരണത്താൽ കണക്ഷൻ കൊടുക്കുന്നില്ല. ഇത് ഒഴിവാക്കുന്നതിന് കെ. എസ്. ഈ. ബോർഡിനെകൊണ്ട് ഉത്തരവ് ഇറക്കിക്കുന്നതിന് പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

12. പഞ്ചായത്ത് സെക്രട്ടറിയുടെ വിവേചനാധികാരത്തിൽപ്പെട്ട വിഷയമാണെങ്കിലും (പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ C/5/4811/93, തീയതി 1-7-93) വ്യവസായ സംരഭകർക്ക് കൂടുതൽ പ്രോത്സാഹജനകമായ എടുപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

13. അപേക്ഷ കൊടുക്കുമ്പോൾ തന്നെ അതിനുള്ള രശീതും മുൻഗണനാ നമ്പറും ലഭിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തധികൃതർ മുൻകൈ എടുത്ത് നടപ്പിലാക്കിക്കേണ്ടതാണ്.

14. പട്ടിക 6ൽ നിലവിലുള്ള ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. സമയാസമയങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള കൈപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

15. നിലവിലുള്ള വ്യവസായങ്ങൾ നല്ലനിലയിൽ നടത്തികൊണ്ടുപോകുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും, പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷയായുള്ള ഒരു വിവസായ ഉപദേശക സമതി രൂപീകരിക്കുകയും, സമതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു വിദഗ്ദനെ സഹായിയായി പഞ്ചായത്തിൽ നിയമിക്കേണ്ടതുമാണ്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

### 1. വ്യവസായ സഹകരണ സംഘങ്ങൾ

താഴെ പറയുന്ന ഓരോ ഇനം വ്യവസായത്തിനും ഒരു സഹകരണസംഘം വീതം സ്ഥാപിച്ച് ഇതുവഴി ആനുകൂല്യങ്ങൾ പരമാവധി നേടിയെടുക്കുന്നതിനും അങ്ങിനെ വ്യവസായങ്ങൾ വളർത്തുന്നതിനും പഞ്ചായത്ത് മുൻകൈ എടുക്കുക. വനിതകളുടെ സംരംഭങ്ങൾക്കു മുൻഗണന നല്കുക.

A) റെഡിമെയ്ഡ് വസ്ത്രങ്ങൾ

B) കറി പൗഡർ - അച്ചാറുകൾ

C) ജാം, സ്ക്വാഷ്, ഇളനീർ സംസ്ക്കരണം / നാളികേര സംസ്ക്കരണം.

D) പവർലൂം

E) ബേക്കറി / മധുര പലഹാരങ്ങൾ

F) ഇലക്ട്രോണിക്ക് ഉപകരണങ്ങൾ

സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനും അതിൻെറ പുരോഗമനപരമായ പ്രവർത്തനങ്ങൾക്കും

നിയമിക്കുകയും വ്യവസായ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാൻ ചുമതലപ്പെടുത്തുകയും വേണം.

## 2. വ്യവസായ മിനി എസ്റ്റേറ്റ്

തിരുവാങ്കുളം ഭാഗത്ത് സൗകര്യപ്രദമായ സ്ഥലം പൊന്നും വിലക്ക് എടുത്ത് വ്യവസായ ഷെഡുകൾ പണിയുകയും, വൈദ്യുതി, വെള്ളം, റോഡുകൾ എന്നീ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്ത ശേഷം വ്യവസായ സംരംഭകർക്ക് ഹയർപർച്ചേസ് വ്യവസ്ഥയിൽ ഷെഡുകൾ നൽകുക. പരിസ്ഥിതിക്കു ദോഷമില്ലാത്തതും ഒരേ തരത്തിൽപെട്ടതുമായ വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

## 3. പുതിയ സംവിധാനത്തിലൂടെ ആനുകൂല്യങ്ങൾ

### A) മാർജിൻ മണി വായ്പ

10 ലക്ഷം രൂപ വരെ പദ്ധതി ചിലവുള്ള ചെറുകിട യൂണിറ്റുകൾക്ക് മാർജിൻ മണി വായ്പ ചെറുകിട വ്യവസായ വികസന ബാങ്കിൽ (SIDBI) നിന്നാണ് ലഭിക്കേണ്ടത്. ഇതു വളരെ അധികം പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിനാൽ 5 ലക്ഷം രൂപ വരെ ചിലവു വരുന്ന ലഘു വ്യവസായ സംരംഭങ്ങൾക്കും (TINY SECTOR) ലഘു സേവന യൂണിറ്റുകൾക്കും (SSBE) SIDBI നല്കുന്ന രീതിയിൽ നാഷണൽ ഇക്കുറ്റി ഫണ്ട് ഒരു ശതമാനം പലിശനിരക്കിൽ നല്കുവാനുള്ള അധികാരം പഞ്ചായത്തു കമ്മിറ്റിക്ക് ഉണ്ടായിരിക്കണം. അതിനുള്ള പണം SIDBI പഞ്ചായത്തുകൾക്ക് നല്കുകയും വേണം. 5 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയ്ക്കുള്ള യൂണിറ്റുകൾക്ക് ബ്ലോക്ക് പഞ്ചായതത്തും അതിനുമേൽ ജില്ലാ പഞ്ചായത്തും സഹായം നല്കുക.

### B) മൂലധന സബ്ബ്സിഡികളും ഗ്രാൻറുകളും

ലഘു വ്യവസായ സംരംഭങ്ങൾക്കും, ലഘു സേവന യൂണിറ്റുകൾക്കും സബ്ബ്സിഡികളും ഗ്രാൻറുകളും നല്കുവാൻ പഞ്ചായത്തു കമ്മിറ്റിയെ അധികാരപ്പെടുത്തുക. അതിനുള്ള തുക പഞ്ചായത്തുകൾക്ക് സർക്കാർ അനുവദിക്കുക.

ലഘു വ്യവസായങ്ങൾ മുടക്കുമുതൽ പരിഗണിക്കാതെ ആദ്യത്തെ അഞ്ചുവർഷം വറെ വില്പന നികുതി പിരിക്കുകയും സർക്കാരിലേക്കു അടക്കുകയും വേണ്ട എന്നു തീരുമാനിക്കുക (മുടക്കുമുതൽ കണക്കാക്കി പരിധി നിശ്ചയിക്കുന്ന ഇന്നത്തെ രീതിക്കു പകരം) ഇതിനുള്ള ഉത്തരവും നല്കുവാൻ പഞ്ചായത്തുകളെ അധികാരപ്പെടുത്തുക.

## 4. വിപണന മേളകൾ

ഓണം, ക്രിസ്തുമസ്, വിഷു തുടങ്ങിയ അവസരങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുകയും അതോടൊപ്പം ഗ്രമോത്സവം കൊണ്ടാടുകയും ചെയ്തു പഞ്ചായത്തു പ്രദേശത്തു ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് പഞ്ചായത്തിനുള്ളിൽതന്നെ ഉപഭോക്താക്കളെ കണ്ടെത്തുവാൻ പരിശ്രമിക്കുക.

## 5. വ്യവസായ വികസന സമിതി

പഞ്ചായത്തു പ്രസിഡണ്ട് അദ്ധ്യക്ഷയും, കെ.എസ്.ഇ.ബി എൻജിനിയർ, ദേശാല്കൃത ബാങ്ക് മാനേജർമാർ പഞ്ചായത്തു ആശുപത്രിയിലെ ഡോക്ടർ, പഞ്ചായത്തിലെ വ്യവസായ വികസന ഉദ്യോഗസ്ഥൻ രണ്ടോ മൂന്നോ അനൗദ്യോഗിക അംഗങ്ങൾ എന്നിവർ അടങ്ങിയ ഒരു വ്യവസായ വികസന സമിതി രൂപീകരിച്ച് മാസം തോറും വ്യവസായ വികസന പരിപാടികൾ വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ നല്കുകയും പുരോഗതിക്കു വിലങ്ങു തടിയായി നില്ക്കുന്ന കാരണങ്ങൾ കണ്ടുപിടിച്ചു പരിഹാരം ഉണ്ടാക്കുകയും ചെയ്യുവാനുള്ള പൂർണ്ണ അധികാരം സമിതിക്കു നല്കുകയും വേണം.

## 6. പ്രത്യേകാനുകൂല്ല്യങ്ങൾ

തൊഴിലാളികൾക്ക് പ്രോവിഡണ്ട് ഫണ്ട്, ഇ.എസ്സ്.ഐ മുതലായ ആനുകൂല്ല്യങ്ങൾ നല്കുകയും വൈദ്യുതി ഉപയോഗം കുറക്കുകയും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്ന ചെറുകിട വ്യവസായങ്ങളെ പ്രത്യേക ലിസ്റ്റിൽപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നല്കേണ്ടതും നിലവിലുള്ള ആനുകൂല്യങ്ങൾക്ക് മുൻഗണന നല്കേണ്ടതുമാണ്. ഈ നിർദ്ദേശം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ സർക്കാരിലേക്ക് നിവേദനങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്തു നടപടികൾ സ്വീകരിക്കേണ്ടതാണ്.

സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ അവക്കു ആവശ്യമായ മൂലധന വായ്പ, മാനേജേരിയൽ ഗ്രാൻറ് തുടങ്ങിയവ അനുവദിക്കുന്നതിന് പഞ്ചായത്തിനെ അധികാരപ്പെടുത്തുകയും അതിനുള്ള തുക പഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

## 8. ടൂറിസ വികസനം

1. നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിൻെറ വികസനത്തിനായി ഹിൻപാലസിലെ പുരാവസ്തു മ്യൂസിയവും, 1300 വർഷത്തെ പഴക്കമുള്ള കരിങ്ങാച്ചിറ പള്ളിയും, പരശുരാമൻ സ്ഥാപിച്ചതെന്ന് പറയപ്പെടുന്ന തിരുവാങ്കുളം ശിവക്ഷേത്രവും ഉൾപെടുത്തികൊണ്ട് വർണ്ണചിത്രങ്ങളും ചരിത്രവും എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ വിതരണം ചെയ്യുകയും ഓരോ സ്ഥലത്തും വരുന്ന വിദേശികളേയും മറ്റും സ്വീകരിക്കാനും കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുവാനും അതാതു സ്ഥരത്തു ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കുകയും വേണം. 155

2. ഹിൽപാലസിലെ 50 പരം ഏക്കർ സ്ഥലത്തിൽ 75% ഭാഗവും ഉപയോഗശൂന്യമായി കിടക്കുന്നു. അതിൽ നിന്നും 15 ഏക്കർ സ്ഥലം വേർതിരിച്ച് പഞ്ചായത്തിനെ ഏല്പിക്കുകയും അവിടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കുട്ടികളുടെ പാർക്ക് ഉണ്ടാക്കുകയും ചെയ്താൽ വ്യവസായ മേഖലയിൽ നിന്നും ആളുകൾ ധാരാളമായി വരികയും വിശ്രമ വേളകൾ ചിലവഴിക്കുകയും ചെയ്യും.

# VI A. ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിൽ വിലപ്പെട്ട നാഴികകല്ലുകളായിരിക്കും ആ പ്രദേശത്തിന്റെ ഗതാഗതസൗകര്യങ്ങൾ. കാർഷിക വ്യവസായിക മേഖലകളുടെ വികസനത്തിന് ഗതാഗത സാദ്ധ്യതകൾ ഒരുക്കുന്ന പശ്ചാത്തലസൗകര്യങ്ങൾ വിലമതിക്കാനാവില്ല. കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനും, അവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ നീക്കം ഉറപ്പാക്കുന്ന റോഡുകൾ അനിവാര്യമാണ്.

## ചരിത്രപശ്ചാത്തലം

ഇന്ത്യയിലെ ദേശീയവാദികളുടെ ധീരോദാത്തവും, ഐതിഹാസികവുമായ സമരങ്ങൾ ബ്രിട്ടീഷ് ഭരണാധികാരികളിൽ ഉയർത്തിയ ഭീതിയുടെ കൊടുങ്കാറ്റാണ് പ്രാദേശിക തലത്തിലുള്ള സ്വയംഭരണം നൽകാൻ അവർക്ക് പ്രേരകമായത്. ചരിത്രരേഖകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരകൈമാറ്റം സംബന്ധിച്ച് സുവർണ്ണ ലിപികളിൽ എഴുതിചേർക്കേണ്ട വിപ്ലവകരമായ മാറ്റത്തിന് തടക്കം കുറിച്ചത് സുപ്രസിദ്ധമായ 1882 മെയ് 18-ലെ ലോർഡ് റിപ്പൺ പ്രമേയമാണ്. തിരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധികൾക്ക് ഭൂരിപക്ഷ ഭരണം പ്രാബല്യത്തിൽ വരുത്തിയ ഈ നടപടി ഇന്ത്യയിലെ തദ്ദേശസ്വയംഭരണ പ്രസ്ഥാനത്തിന് ശക്തമായ അടിത്തറ പാകി എന്നതാണു സത്യം. ഈ തീരുമാനം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ മുഖ്യ അധികാരങ്ങളിൽ പ്രധാനം പൊതുനിരത്തുകളുടെ നിർമ്മാണം, സംരക്ഷണം, തെരുവീഥിവിളക്കുകൾ സ്ഥാപിക്കുക എന്നതിനായിരുന്നു. ഗതാഗതസൗകര്യങ്ങൾക്ക് ലഭിച്ച മുൻതൂക്കം ഈ ചരിത്ര പശ്ചാത്തലം വ്യക്തമാക്കുന്നു.

ഇതിനു മുമ്പുള്ള ഇന്ത്യയിലെ റോഡുകളുടെ അവസ്ഥ 1853 ജൂലൈ 22-ന് എഴുതിയ "ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഭാവിഫലങ്ങൾ" എന്ന കാറൽ മാർക്സിന്റെ താഴെ പറയുന്ന നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമാണ്.

"ഇന്ത്യയിലെ ഉല്പാദന ശക്തികൾ സ്തംഭിച്ചുപോയത് അതിന്റെ വിവിധോല്പന്നങ്ങൾ വഹിച്ചുകൊണ്ടുപോകുവാനും കൈമാറുവാനും വേണ്ട ഉപാധികളില്ലാതിരുന്നതുകൊണ്ടാണെന്നത് സുപ്രസിദ്ധമാണ്. ഇന്ത്യയിലെപ്പോലെ പ്രകൃതിസമ്പത്തിന്റെ ധാരാളിത്തം ഉണ്ടായിട്ടും സാമൂഹ്യമായ അനാഥത്വം, വേറെ എവിടേയും കാണുകയില്ല. ഗതാഗത സൗകര്യമില്ലാത്തതാണ് ഇതിനു കാരണം.

"പ്രാദേശിക ഭരണഘടനയും, ഗ്രാമ സമുദായങ്ങളുടെ സാമ്പത്തികാടിസ്ഥാനവും തകർക്കപ്പെട്ടുവെന്ന് നമുക്കറിയാം. പക്ഷേ, അവയുടെ ഏറ്റവും ചീത്ത രൂപമായ, സമുദായത്തെ ബന്ധമില്ലാത്ത ചെറുഘടകങ്ങളായി നിർത്തുന്ന ഏർപ്പാട് പിന്നേയും അവശേഷിച്ചു. ഗ്രാമങ്ങളുടെ ഈ ഒറ്റപ്പെട്ട നില ഇന്ത്യയിൽ റോഡുകളുടെ അഭാവത്തിന് കാരണമായി".

ഭരണ കാലത്ത് അവരുടെ വ്യാപാരാവശ്യങ്ങൾക്കും, കൊള്ളയടിക്കും, ഭരണത്തിന്റെ നിലനിൽപ്പിനും ആവശ്യമായ ഗതാഗത സൗകര്യങ്ങൾ മാത്രമെ പരിഗണിക്കപ്പെട്ടിരുന്നുള്ളു.

രാജഭരണകാലത്ത് രാജാവിനും, രാജകൊട്ടാരത്തിലെ അന്തേവാസികൾക്കും, പ്രഭുക്കന്മാർക്കും, ജന്മികൾക്കും സൗകര്യപ്രദമായ റോഡുകളുടെ നിർമ്മാണത്തിനാണ് മുൻഗണന ലഭിച്ചത്. അയിത്താചാരം നിലനിന്നകാലഘട്ടത്തിൽ അവർണ്ണ വിഭാഗങ്ങളെ സമൂഹത്തിൽ നിന്നും മാറ്റപ്പെട്ടു നിർത്തുന്ന മാനവികതയാണ് നമുക്ക് ദർശിക്കാൻ കഴിയുക. അതുകൊണ്ടുതന്നെ ഗതാഗത സൗകര്യങ്ങൾ അവർക്ക് അപ്രാപ്യമായിരുന്നു.

നെൽവയലുകളുടെ കാവൽക്കാരായിരുന്ന പട്ടികജാതി വർഗത്തിൽപ്പെട്ട കർഷകതൊഴിലാളികൾ ഒറ്റപ്പെട്ട തുരുത്തുകളിൽ ജന്മിമാരുടെ കാവൽനായ്ക്കളെപ്പോലെ ജീവിക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. റോഡുകൾ ഒരിക്കലും അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നില്ല. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ജനകീയ ഭരണവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും കൈവന്നതോടെ ഈ നിലക്ക് വലിയ മാറ്റം സംഭവിച്ചു. എന്നിരുന്നാലും ഈ ജന വിഭാഗം എന്നും പൊതുനിരത്തുകളിൽനിന്നും അകന്നുകഴിയുന്ന സാഹചര്യംതന്നെ നിലനിന്നുപോരുന്നു. പാരമ്പര്യമായി കർഷകതൊഴിലാളികളായിതന്നെ തുടരുന്നവരുടെ പാർപ്പിടങ്ങൾ ഇന്നും പ്രധാനനിരത്തുകളിൽ നിന്ന് അകന്ന് ഒറ്റപ്പെട്ടുനിലനിൽക്കുന്നു. ദരിദ്രന്റെ സുഖസൗകര്യങ്ങൾ കൂടി വർദ്ധിപ്പിക്കാൻ ഉതകുന്നരീതിയിൽ നമ്മുടെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതി ചർച്ചാവിധേയമാകണം. സ്വരാജിനെക്കുറിച്ചുള്ള ഗാന്ധിജി ചിന്തകൾ ഇവിടെ പ്രസക്തമാണ്.

"എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ജീവിതാവശ്യങ്ങളെല്ലാം രാജകുമാരനും ധനികനും അനുഭവിക്കുന്നതിനോടൊപ്പം നിങ്ങളും അനുഭവിക്കണം. അതുകൊണ്ട് അവർക്ക് അവരുടെ സൗധങ്ങളും മറ്റുമാവാ

ഞാനോ അവിടെ ഒരധികപ്പറ്റായിരിക്കും. പക്ഷെ, ഒരു ധനവാനു ലഭിക്കുന്ന എല്ലാ സാധാരണ ജീവിത സൗകര്യങ്ങളും നിങ്ങൾക്കും ലഭിച്ചേതീരൂ. ആ സൗകര്യങ്ങൾ നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെടാത്തിടത്തോളം സ്വരാജ് പൂർണ സ്വരാജാവുകയില്ലെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല...."

നമ്മുടെ പഞ്ചായത്തിലെ ഗതാഗതസൗകര്യമില്ലാതെ വിഷമിക്കുന്ന, പൊതു നിരത്തകളിൽ നിന്നും വികസിത മേഖലകളിൽ നിന്നും ഒറ്റപ്പെട്ടുകഴിയുന്ന ജനവിഭാഗങ്ങളുടെ നന്മയെ ലക്ഷ്യമാക്കി പുതിയ റോഡുകൾ നിർമ്മിച്ച് അവരെ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ പൊതുധാരയിലേക്ക് നയിക്കാനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകി, പുതിയതായി അത്തരം മേഖലകളെ മാത്രം കൂട്ടിയിണക്കുന്ന റോഡുകൾ വിഭാവനം ചെയ്ത് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രത്യേക പരിഗണന അർഹിക്കുന്നു.

നാഷണൽ ഹൈവേ 49-ന്റെ നിർദ്ദിഷ്ട അലൈൻമെന്റിൽ നിന്നുമാരംഭിച്ച് ഇരുമ്പനം മാർഷലിംഗ് യാർഡിനു സമീപം അവസാനിക്കത്തക്കവിധം രണ്ടു റോഡുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് മേൽ പ്രസ്താവിച്ചിട്ടുള്ള പ്രദേശങ്ങളുടെ വികസനത്തിന് മുൻഗണന നൽകിക്കൊണ്ടാണ്.

പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെ മൂന്നു വിഭാഗങ്ങളായി തിരിച്ച് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1. റെയിൽവേ

എറണാകുളം-കോട്ടയം-തിരുവനന്തപുരം റയിൽവേ ലൈൻ (ഏതാണ് 2 കി.മീ.) കടന്നുപോകുന്നത് ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്ത് 8, 9 വാർഡുകളിൽ കൂടിയാണ്. റെയിൽവേ ലൈൻ പ്രദേശത്ത് കൂടി കടന്നുപോകുന്നു എന്നുള്ളതുകൊണ്ട് യാതൊരു വികസന സാദ്ധ്യതകളോ, നേട്ടമോ പഞ്ചായത്തിനുണ്ടായിട്ടില്ല. കോട്ടങ്ങൾ നിരവധിയാണതാനും. നെൽവയലുകളെ മുറിച്ചുകൊണ്ടു കടന്നുപോകുന്ന റെയിൽവെലൈൻ ഈ ലൈനിന്റെ വടക്കുഭാഗത്തുള്ള നിലങ്ങളിൽ വെള്ളക്കെട്ട് സൃഷ്ടിക്കുന്നുണ്ട്. ഏറ്റവും സമീപത്തുള്ള റെയിൽവെ സ്റ്റേഷൻ തൃപ്പൂണിത്തുറയാണ്. റെയിൽവെലൈൻ വന്നതോടെ ഒറ്റപ്പെട്ടുപോയ കമ്പിവേലിയ്ക്കകം പ്രദേശത്തിന്റെ വികസനത്തിന് റയിൽവേ ഗേറ്റ് സ്ഥാപിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

ഇരുമ്പനത്ത് വ്യവസായശാലകളുടെ സൗകര്യം മുൻനിർത്തിയും, റെയിൽവെയുടെ സാങ്കേതിക സൗകര്യങ്ങൾ കണക്കിലെടുത്തും സ്ഥാപിച്ചിട്ടുള്ള റെയിൽവെ ലൈനും, മാർഷലിംഗ് യാർഡും ആ പ്രദേശത്തിന് യാതൊരു വികസന സാദ്ധ്യതകളും സൃഷ്ടിച്ചില്ല. ഓവർബ്രിഡ്ജ് നിർമ്മിക്കാത്തത് യാത്രാക്ലേശവും സൃഷ്ടിക്കുന്നു. കാക്കനാട് പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ കരിങ്ങാചിറ-കളമശേരി റോഡിൽ ഉണ്ടാകാനിടയുള്ള വാഹനതിരക്ക് ഓവർ ബ്രിഡ്ജിന്റെ അഭാവത്തിൽ ഗുരുതരമായ ട്രാഫിക് ബ്ലോക്ക് സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ട്.

ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ പൊതുനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി-മധുര നാഷണൽ ഹൈവേ 49 കടന്നുപോകുന്നത് നമ്മുടെ പഞ്ചായത്തിൽ കൂടിയാണ്. സംസ്ഥാന പൊതുമരാമത്തു വകുപ്പിൽ നിന്നും മൂവാറ്റുപുഴ-എറണാകുളം റോഡിന്റെ ഈ പ്രദേശത്ത് ഏറ്റെടുത്ത ഭാഗത്തെ റോഡിന്റെ സംരംക്ഷണ ചുമതല മാത്രമാണിപ്പോൾ നാഷണൽ ഹൈവേ വകുപ്പ് നിർവഹിച്ചുവരുന്നത്. ഈ റോഡിന്റെ നിർദ്ദിഷ്ഠ അലൈൻമെന്റ് അംഗീകരിച്ച്, അക്വിസിഷൻ നടപടികൾക്ക് തുടക്കമിട്ട് റോഡ് നിർമ്മാണമാരംഭിക്കാൻ അക്ഷന്തവ്യമായ കാലതാമസമാണനുഭവപ്പെട്ടുവരുന്നത്.

പൊതുമരാമത്ത് വകുപ്പ് കടുംഗമംഗലം-തിരുവാങ്കുളം, കരിങ്ങാചിറ- ഇരുമ്പനം, ഹിൽപാലസ്,-ചിത്രപ്പുഴ പ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകൾ മാത്രമാണ് സംരക്ഷിക്കുന്നത്.

കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഗവർമെണ്ട് ധനസഹായവും, പഞ്ചായത്തുഫണ്ടും ഉപയോഗപ്പെടുത്തി താരതമ്യേന പ്രാധാന്യമുള്ള പഞ്ചായത്ത് നിരത്തുകൾ ടാറിടാനും, ഗ്രാവൽ ഇട്ട് നന്നാക്കുന്നതിനും പഞ്ചായത്ത് കമ്മറ്റിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത അഭിമാനകരമാണ്. ഈ രംഗത്ത് നമ്മുടെ പുരോഗതി തൃപ്തികരവുമാണ്. എന്നാൽ അനസ്യൂതം പുരോഗമിക്കുന്ന കെട്ടിട നിർമ്മാണം സൃഷ്ടിക്കുന്ന അപ്രതീക്ഷിതമായ വാഹനനിരക്ക് ഈ റോഡുകൾക്ക് താങ്ങാനാവുന്നതിലും അധികമാണ്. അതുകൊണ്ട് റോഡുകളുടെ സംരക്ഷണം വലിയൊരു ബാദ്ധ്യതയായി മാറുന്നുണ്ട്. കേടുവന്ന റോഡുകൾ നന്നാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാത്തപക്ഷം, ഇവയുടെ തകർച്ച തുടർന്ന് റോഡ് പുതുതായി ഉണ്ടാക്കേണ്ട സ്ഥിതിയുണ്ടാക്കും.

തിരുവാങ്കുളം പഞ്ചായത്തിൽ ആകെയുള്ള 31.3 കി.മീറ്റർ പഞ്ചായത്ത് റോഡിൽ ടാറിട്ടിട്ടുള്ളത് 19.8 കി.മീറ്ററാണ്. ഏതാണ്ട് ഒരു ചതുരശ്ര കി.മീറ്ററിന് മൂന്ന് കി.മീറ്റർ റോഡാണുള്ളത്. സംസ്ഥാന ശരാശരിയേക്കാൾ അല്പം കൂടുതലാണിത്.

വാഹന ഗതാഗതസൗകര്യമുള്ള എല്ലാ റോഡുകളോടും ചേർന്ന് ഒഴിവായികിടക്കുന്ന സ്ഥലങ്ങളിൽ ഇന്ന് വ്യാപകമായി കെട്ടിടനിർമ്മാണം നടന്നുവരുന്നു. ഈ റോഡുകളുടെ പ്രാധാന്യവും വർദ്ധിക്കുന്നു. പഞ്ചായത്തിന്റെ കെട്ടിടനികുതി ഇനത്തിലുള്ള വരുമാനത്തിലും ആശാവഹമായ പുരോഗതിയുണ്ട്. അതുകൊണ്ട് വാഹനഗതാഗതസൗകര്യമുള്ള എല്ലാ റോഡുകളും ടാറിടുന്നതിനും, സഞ്ചാരയോഗ്യമായ മറ്റെല്ലാ റോഡുകളും ഗ്രാവലിട്ട് നന്നാക്കുന്നതിനും ഒരു സമയബന്ധിത റോഡ് സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

## 3. ജലഗതാഗതം

നമ്മുടെ പഞ്ചായത്തിന്റെ കടുംഗമംഗലം ഒഴിച്ചുള്ള അതിരുകൾ പുഴകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നു. ലോറി ട്രാൻസ്പോർട്ടിംഗ് രംഗത്തുണ്ടായ പുരോഗതി ജലഗതാഗതം ഇല്ലാതാക്കിയിരിക്കുന്നു. അരനൂറ്റാണ്ട് മുമ്പ് നമ്മുടെ ട്രാൻസ്പോർട്ടിംഗ് ശൃംഖല പൂർണ്ണമായും കൈയടക്കിയി

രിക്കുന്നു. ചരക്ക് കയറ്റിയിറക്ക് മേഖലയിൽ ജലഗതാഗതം ലാഭകരമായി നിർവഹിക്കാൻ സാദ്ധ്യതകൾ കുറവാണ്. ബോട്ടുകളിൽ ചരക്കുകൾ ട്രാൻസ്പോർട്ടിംഗ് നടത്താനുള്ള ശ്രമം, കടത്തിൽനിന്നും വീണ്ടും ലോറി ട്രാൻസ്പോർട്ടിംഗ് അനിവാര്യമായി വരുന്ന സാഹചര്യത്തിൽ, ലാഭകരമാകാൻ ഇടയില്ല.

യാത്രക്കാരുടെ വർദ്ധിച്ചുവരുന്നതിരക്ക്, കൂടുതൽ ബസ്സ് സർവീസുകൾ നടത്താനുള്ള സാങ്കേതിത തടസ്സങ്ങൾ, റോഡുകളുടെ നിലവിലുള്ള വാഹനതിരക്കുമൂലം കൂടുതൽ ബസ്സുകൾ ഓടിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്നിവ പരിഗണിച്ച് യാത്രക്കാരെ ഉദ്ദേശിച്ച് വൈക്കം- തൃപ്പൂണിത്തുറ-ഇരുമ്പനം-ചിത്രപ്പുഴ-തിരുവാങ്കുളം ബോട്ട് സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കോച്ചിറക്കാട്ട് കടത്ത് പഞ്ചായതിർത്തിയിൽ പെട്ടതാണ്. FACT യുമായി ഏറ്റവും അടുത്ത പ്രദേശം എന്ന നിലയിൽ ഈ കടത്തിന് വളരെ പ്രാധാന്യമുണ്ട്. ഏകദേശം 400 രൂപയോളം ഈ കടത്തുവഴി പഞ്ചായത്തിന് വരുമാനമുണ്ട്.

## 4. വണ്ടിത്താവളങ്ങൾ

ബസ്സുകൾ കൂടാതെ ലോറികൾ, ട്രക്കറുകൾ, മിനിവാനുകൾ, ജീപ്പുകൾ, കാറുകൾ, ഓട്ടോറിക്ഷകൾ തുടങ്ങിയ പൊതുസർവീസ് നടത്തുന്ന വലിയൊരു വാഹനവ്യൂഹം നമ്മുടെ പഞ്ചായത്തിലുണ്ട്. തിരുവാങ്കുളം ജംഗ്ഷനിലുള്ള ഓട്ടോറിക്ഷസ്റ്റാൻഡല്ലാതെ മറ്റൊരു വണ്ടിത്താവളവും പഞ്ചായത്തിൽ നിലവിൽഇല്ല. മെയിൻ റോഡിന്റെ വശങ്ങളിലും നാഷനൽ ഹൈവേ ജംഗംഷനുകളിലും വാഹനങ്ങൾ പാർക്ക്ചെയ്ത് യാത്രക്കാർക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. അടിയന്തിര പരിഹാരം കാണേണ്ട ഈ പ്രശ്നം സജീവപരിഗണന അർഹിക്കുന്നു.

## പ്രശ്നങ്ങൾ

## റെയിൽവേ

1. കമ്പിവേലിയ്ക്കകം പ്രദേശത്തെ ഈ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിച്ചിരുന്ന റോഡ് റെയിൽവേ ലൈൻ വന്നതോടെ വാഹന ഗതാഗതയോഗ്യമല്ലാതായി. ഈ സ്ഥിതി പരിഹരിക്കാൻ റെയിൽവേ ഗേറ്റ് സ്ഥാപിച്ചിട്ടില്ല.

2. കരിങ്ങാച്ചിറ-കളമശ്ശേരി റോഡിൽ ഇരുമ്പനം മാർഷലിംഗ് യാർഡിനു സമീപം ഓവർ ബ്രിഡ്ജില്ലാത്തതിനാൽ വാഹന ഗതാഗത തടസ്സം സൃഷ്ടിക്കപ്പെടുന്നു.

3. റെയിൽവെ ലൈൻ സ്ഥാപിച്ചകാലത്ത് മീറ്റർഗേജ് റെയിൽവേ ലൈനിലൂടെ തൃപ്പൂണിത്തുറ, കുരീക്കാട് റെയിൽവെ സ്റ്റേഷനുകളിലേക്ക് നടന്നുപോകാനുണ്ടായിരുന്ന സൗകര്യം ബ്രോഡ്ഗേജ് ലൈൻ വന്നതോടെ നഷ്ടമായിരിക്കുന്നു.

## റോഡ് ഗതാഗതം

1. നാഷനൽ ഹൈവേയുടെയും പൊതുമരാമത്ത് വകുപ്പ് വക റോഡുകളുടേയും ഇരുവശത്തും കാനകൾ പണിത് വെള്ളം ഒഴുക്കിക്കളയാത്തതിനാൽ വെള്ളക്കെട്ടുണ്ടാകുന്നു, സമയത്ത് ആവശ്യമില്ലാതെ വരുന്ന മണ്ണ് നീക്കം ചെയ്യാതെ കാനകളിൽ വീണ് വെള്ളക്കെട്ടിനിടയാകുന്നു.

2. പഞ്ചായത്ത് വക ടാറിട്ട റോഡുകൾക്ക് വീതികുറവായതിനാൽ കാനകളില്ല. കാനകളുടെ അഭാവത്തിലും, വാഹനഗതാഗതത്തിരക്കു മൂലവും റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നു.

3. റോഡുകളിൽ വർഷത്തിലൊരിക്കലെങ്കിലും അറ്റകുറ്റപണികൾ നടത്താറില്ല. റോഡരുകിൽ വളർന്നു നിൽക്കുന്ന പാഴ്ചെടികൾ, പുല്ല് എന്നിവ നീക്കം ചെയ്ത് റോഡ് സംരക്ഷിക്കുന്നില്ല.

4. ആവശ്യാനുസരണം ബസ്സ് ഷെൽട്ടറുകൾ ഇല്ല.

5. പൊതുവാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വണ്ടിത്താവളങ്ങൾ ഇല്ല.

6. കടകളുടെ മേൽക്കൂരകൾ റോഡിലേക്ക് ഇറക്കിപണിതും, വിൽപ്പനയ്ക്കുള്ള സാധനങ്ങളും, പരസ്യബോർഡുകളും നിരത്തിൽ വെച്ചും വ്യാപാരികൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. പുറമ്പോക്ക് കയ്യേറ്റം നടത്തുന്നു.

7. പൊതുനിരത്തുകളുടെ കയ്യേറ്റം ഒഴിവാക്കി നിരത്തുകളുടെ വീതി കൂട്ടാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

8. പ്രധാന നിരത്തുകളുമായി പഞ്ചായത്ത് വക റോഡുകൾ യോജിപ്പിക്കുന്നതിനും, പഞ്ചായത്ത് വക റോഡുകൾ പരസ്പരം ബന്ധിച്ച് റോഡുകളുടെ ശൃംഖല സൃഷ്ടിക്കുന്നതിനും ശ്രമിക്കുന്നില്ല.

9. ജല അതോറിറ്റി, ടെലഫോൺ വകുപ്പ്, എന്നിവർ പഞ്ചായത്ത് നിരത്തുകൾ വെട്ടിപ്പൊളിച്ച് ലൈനുകൾ ഇട്ടതിനുശേഷം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

10. അവികസിത മേഖലകളുടെ ഉന്നമനം കണക്കാക്കി പുതിയ റോഡുകളുടെ നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

11. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ദേശാസാൽകൃത റൂട്ടായതിനാൽ തിരുവാങ്കുളം വഴി പുതിയ സ്വാകാര്യ ബസ്സ് സർവീസുകൾ ആരംഭിക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അനുവദിക്കുന്നില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷൻ എറണാകുളത്തേക്ക് നടത്തിയിരുന്ന ഓർഡിനറി സർവീസുകൾ തൃപ്പൂണിത്തുറവരെ മാത്രം ഓപ്പറേറ്റു ചെയ്യുന്നു. യാത്രക്കാരുടെ വർദ്ധമാനമായ തിരക്കിനനുസൃതമായി ബസ് സർവീസ് വർദ്ധിപ്പിക്കുന്നതിനു പകരം വെട്ടിചുരുക്കുന്ന പ്രവണതയാണുള്ളത്, സ്വകാര്യ ബസ്സുകൾക്ക് കൂടുതൽ പെർമിറ്റ് അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. ആവശ്യാനുസരണം സർവീസ് നടത്താനും തയ്യാറാകുന്നില്ല. സാധാരണക്കാരനു യാത്രാ സൗകര്യം തീരെ നിഷേധിക്കപ്പെട്ടുകൊണ്ടുള്ള, ബസ്സ്യാത്ര നരകതുല്യമാകുന്ന ഇന്നത്തെ സാഹചര്യത്തിന് അടിയന്തിരപരിഹാരം കാണണം. മുപ്പതുകൊല്ലം മുമ്പ് ഇതുവഴി സർവീസ് നടത്തിയിരുന്ന ബസ്സുകളുടെ കണക്കും, ഇപ്പോ

പഠനം നടത്തി ഈ പ്രശ്നം ഏറ്റെടുക്കണം. ഇരുമ്പനം റൂട്ടിലെ യാത്രക്ലേശം പരിഹരിക്കാനും കൂടുതൽ ബസ്സ് സർവീസുകൾ ആവശ്യമാണ്. ബസ്സുകൾ സമയക്ലിപ്തത പാലിക്കാത്തതും, എല്ലാ ട്രിപ്പുകളും ഓടാത്തതും, സർവീസ് നടത്താതിരിക്കുന്നതും ഗൗരവമായികണ്ട് പരിഹാരം കാണേണ്ടതാണ്.

12. പല റോഡുകളിലും ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവ വാഹനഗതാഗതത്തിന് തടസ്സമായി നിലകൊള്ളുന്നു. ഇവ മാറ്റി സ്ഥാപിക്കേണ്ടതാണ്.

13. അപകടകരമായ വളവുകളുള്ളതും, വീതികുറഞ്ഞതുമായ പഞ്ചായത്ത് റോഡുകൾ (ഉദാ. 7-ാം വാർഡിലെ പഞ്ചായത്തിൽ നിന്നാരംഭിക്കുന്ന ലക്ഷംവീട്-ചിത്രാഞ്ജലി ജംഗ്ഷൻ റോഡ്) വാഹനങ്ങളുടെ, അമിതവേഗം കൂടി കണക്കിലെടുക്കുമ്പോൾ എപ്പോഴും അപകടം ക്ഷണിച്ചുവരുത്തുന്നു.

## പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ
## പൊതു നിർദ്ദേശങ്ങൾ
## റയിൽവേ

1. കമ്പിവേലിയ്ക്കകം റയിൽവേഗേറ്റ്

റയിൽവെലെയിൻ വരുന്നതിനുമുമ്പ് ലാൽ ബഹദൂർ ശാസ്ത്രി റോഡിന്റെ ഭാഗമായിരുന്ന കമ്പിവേലിയ്ക്കകത്തേക്കുള്ള റോഡ് റെയിൽവെ ലൈൻ വന്നതോടെ വിച്ഛേദിക്കപ്പെട്ടു. ഇവിടെ റെയിൽവേ ഗേറ്റ് സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി ട്രെയിൻ തടയുന്നതുൾപ്പെടെ നിരവധി സമരങ്ങൾ നയിച്ച ഈ പ്രദേശത്തെ ജനങ്ങൾ ഇന്നു പ്രശ്ന പരിഹാരത്തിനായി ഉറ്റുനോക്കുന്നത് ഗ്രാമപഞ്ചായത്തിനെയാണ്.

ഒമ്പതാം പദ്ധതിക്കാലത്ത് വിവിധ വികസന പദ്ധതികൾക്ക് പ്രതീക്ഷിക്കുന്ന ഗവർമെന്റ് ധനസഹായം, പഞ്ചായത്തിന്റെ ഇപ്പോഴത്തെ മെച്ചപ്പെട്ട സാമ്പത്തിക നില, കൂടുതൽ ധനശേഖരണത്തിനുള്ള മറ്റു സാധ്യതകൾ, എന്നിവ കണക്കിലെടുത്ത് ഇത് ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പിവേലിക്കകത്ത് റെയിൽവേ ഗേറ്റ് പ്രാവർത്തികമാക്കാൻ കഴിയണം.

റെയിൽവേ ഗേറ്റ്സ്ഥാപിക്കാൻ അനുമതിനൽകുന്നതോടൊപ്പം കമ്പിവേലിക്കകം പ്രദേശത്തിന്റെ പേര് അനുയോജ്യമായ രീതിയിൽ മാറ്റി, സാംസ്കാരിക കേന്ദ്രം, മാതൃശിശുസംരക്ഷണ കേന്ദ്രം, പാർക്ക് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തി ഈ പ്രദേശത്തിന്റെ മൊത്തം വികസനത്തിനുള്ള ഒരു പദ്ധതിയായി അത് രൂപകൽപ്പന ചെയ്യാവുന്നതാണ്.

കൂടാതെ തൊട്ടടുത്തകിടക്കുന്ന പിന്നോക്ക വർഗ്ഗക്കാർക്കായുള്ള കോളനിയെ ബന്ധിപ്പിച്ചുകൊണ്ട് ഒരു റോഡു കൂടി നിർമ്മിച്ച് ഈ പ്രദേശത്തിന്റെയാകെ വികനസത്തിന് അടിത്തറയിടുക.

2. ഓവർ ബ്രിഡ്ജ്

കരിങ്ങാച്ചിറ കളമശ്ശേരി റോഡിൽ റെയിൽവെ ലൈനിന്റെ ഗുണഫലമനുഭവിക്കുന്ന വ്യവസായശാലകളുടെ ഗവർമെന്റ് തലത്തിൽ നപടി സ്വീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

3. റെയിൽവെ നടപ്പാത 159

തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ മുതൽ കുരീക്കാട് റെയിൽവേ സ്റ്റേഷൻവരെ റെയിൽവെ ലൈനിനു സമാന്തരമായി നടപ്പാത റയിൽവെ ലൈൻ ഇരട്ടിപ്പിക്കുന്ന പദ്ധതിയോടൊപ്പം നടപ്പാക്കണമെന്ന് റയിൽവെ അധികാരികളോട് ആവശ്യപ്പെടാവുന്നതാണ്.

**റോഡ് ഗതാഗതം**

1. നാഷനൽ ഹൈവേ - പൊതുമരാമത്തു വകുപ്പു റോഡുകളുടെ ഇരുഭാഗത്തും കാനകൾ പണിത് വെള്ളം ഒഴുകിപോകുന്നതിന് നടപടിസ്വീകരിക്കണം.

2. കാന പണിയാൻ വിസ്തൃതിയില്ലാത്ത പഞ്ചായത്ത് നിരത്തുകളിൽ അതിനു സഹായകമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വെള്ളം ഒഴുകിപോകത്തക്കവിധം റീടാർ ചെയ്യുന്ന അവസരത്തിലും, പുതിയ ടാറിംഗ് നടത്തുമ്പോഴും ടാറിംഗ് പണി വഹിക്കേണ്ടതാണ്.

3. വർഷത്തിലൊരിക്കലെങ്കിലും കേടുവന്ന എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നിർവഹിക്കേണ്ടതാണ്.

4. പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ പഞ്ചായത്തിൽ നിന്നും നേരിട്ടോ, സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലോ ബസ്സ് ഷെൽട്ടറുകൾ നിർമ്മിക്കേണ്ടതാണ്.

5. എല്ലാ പഞ്ചായത്ത് നിരത്തുകളിലേയും അനധികൃത കയ്യേറ്റം ഒഴിവാക്കി റോഡുകൾക്കുള്ള യഥാർത്ഥ വീതി തിട്ടപ്പെടുത്തി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. മറ്റു നിരത്തുകളിലേയും കയ്യേറ്റങ്ങൾ തടയാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടണം.

6. ഇലക്ട്രിസിറ്റി പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ എന്നിവ റോഡിന്റെ അരികിലേക്ക് മാറ്റിസ്ഥാപിച്ച് വാഹന ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

7. സമഗ്രമായ ഒരു പദ്ധതി സമയബന്ധിതമായി ആവിഷ്കരിച്ച് വാഹന ഗതാഗതസൗകര്യമുള്ള ടാറിടാത്ത എല്ലാ റോഡുകളും ടാറിടുന്നതിനും, സഞ്ചാരയോഗ്യമായ മറ്റു റോഡുകൾ ഗ്രാവലിട്ട് നന്നാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. റോഡുകളുടെ വീതി കൂട്ടാൻ പ്രതിഫലം ആവശ്യപ്പെടാതെ സ്ഥലം വിട്ടുതരുന്ന പ്രദേശങ്ങൾക്കും സൗജന്യ മനുഷ്യാധ്വാനം വാഗ്ദാനം ചെയ്യുന്ന സ്ഥലങ്ങൾക്കും ഈ പദ്ധതിയിൽ മുൻഗണന നൽകാവുന്നതാണ്.

8. പരസ്പരം ബന്ധിപ്പിക്കാവുന്ന എല്ലാ പഞ്ചായത്ത് റോഡുകളേയും ബന്ധിപ്പിക്കുന്നതിനും, പ്രധാന നിരത്തുകളുമായി ഇവയെ യോജിപ്പിക്കാൻ പര്യാപ്തമായ ലിങ്ക് റോഡുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കണം.

9. ജല അതേറിറ്റി, ടെലഫോൺ വകുപ്പ് എന്നിവർ റോഡു വെട്ടുപ്പൊളിക്കാൻ അനുമതി ആവശ്യപ്പെടുമ്പോൾ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി അവർക്ക് അയച്ചുകൊടുക്കണം. ഇതേ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽതന്നെ നടപടികൾ

നിർവഹിക്കാനും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും സംഖ്യ ഈടാക്കാനും നടപടി സ്വീകരിക്കണം.

10. കാർട്ട് സ്റ്റാൻഡ്

തിരുവാങ്കുളം ജംഗ്ഷനിൽ പാർക്ക് ചെയ്യുന്ന മിനിലോറികൾ, ജീപ്പുകൾ, കാറുകൾ ആട്ടോറിക്ഷകൾ എന്നിവക്കു വേണ്ടി ഒരു കാർട്ട് സ്റ്റാൻഡ് നിർമ്മിക്കേണ്ടതാണ്. ഇതിനാവശ്യമായ സ്ഥലം തിരുവാങ്കുളം ജംഗ്ഷനിൽ അക്വയർ ചെയ്യുകയല്ലാതെ മറ്റുപോംവഴിയില്ല. അടിയന്തിര പരിഹാരം കാണേണ്ട ഈ പദ്ധതി വിഭവ സമാഹരണത്തിനു കൂടി സഹായകമായ രീതിയിൽ ആസൂത്രണം ചെയ്യാൻ കഴിയും. ഇതോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷനും നിർമ്മിക്കാവുന്നതാണ്. ഹിൽപാലസിലും കാർട്ട് സ്റ്റാൻഡ് പണിയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 11. ബസ് യാത്രക്കാരുടെ ക്ലേശങ്ങൾ

1. ഇരുമ്പനം പ്രദേശത്തുള്ള ബസ്ഗതാഗതം അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതാണ്. ഇതിന് RTO യിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തണം. രാവിലെയും വൈകിട്ടും വർദ്ധിച്ച തിരക്കുള്ള അവസരത്തിൽ മാത്രം സർവ്വീസ് നടത്തുന്നതിന് KSRTC ഓർഡിനറി ബസ്സും പരിഗണിക്കാവുന്നതാണ്. ഇതിന് KSRTCയുമായി ചർച്ച നടത്തേണ്ടതാണ്.

2. തിരുവാങ്കുളത്തുനിന്നും എറണാകുളത്തേക്കു പോകുന്ന കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് KSRTC യെകൊണ്ട് കൂടുതൽ ബസ്സുകൾ തിരക്കുസമയത്ത് ഓടിക്കുവാൻ നിർബന്ധിക്കണം. അതോടൊപ്പം RTO യിൽ നിന്നും കൂടുതൽ സ്വകാര്യ ബസ്സുകൾക്കും ശ്രമിക്കാവുന്നതാണ്.

3. ഇരുമ്പനം-കാക്കനാട് പാലം പൂർത്തിയാകുമ്പോൾ ഉയർന്നുവരുന്ന സാഹചര്യം കണക്കാക്കി തിരുവാങ്കുളം-കാക്കനാട്, തൃപ്പൂണിത്തുറ- കാക്കനാട് ബസ്സുകൾ ആരംഭിക്കുന്നകാര്യം RTO യുമായി മുൻകൂട്ടി ചർച്ച ചെയ്യേണ്ടതാണ്.

4. അടുത്ത 10 വർഷക്കാലത്തിനുള്ളിൽ വർദ്ധിച്ചുവരുന്ന ബസ് യാത്രാ സൗകര്യങ്ങൾ കണക്കിലെടുത്ത് തിരുവാങ്കുളത്ത് ഒരു പഞ്ചായത്ത് ബസ്റ്റാൻഡിനുവേണ്ട ശ്രമങ്ങൾ ആരംഭിക്കാവുന്നതാണ്.

**വികസന പ്രക്രിയക്ക് ആക്കം കൂട്ടാൻ പുതിയ റോഡുകൾ**

ഈ വിഷയത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അവികസിത മേഖലയുടെ ഉദ്ധാരണത്തിനും, വികസനോന്മുഖ പ്രവർത്തനങ്ങൾക്കാകെ ആക്കം കൂട്ടാൻ സഹായകമായ പദ്ധതിയെന്ന നിലയിലും ഈ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുമായി ലിങ്ക് ചെയ്തകൊണ്ട്, ഈ പ്രദേശത്തിന്റെ മുഖച്ഛായക്കുതന്നെ വിപ്ലവകരമായി മാറ്റം വരുത്തുന്ന രണ്ട് റോഡുകളുടെ നിർമ്മാണം ഈ റിപ്പോർട്ടിലെ ഗതാഗത സൗകര്യങ്ങൾ സംബന്ധിച്ച പ്രഥമ പരിഗണന അർഹിക്കുന്ന പദ്ധതിയായി അവതരിപ്പിച്ചുകൊള്ളുന്നു.

1. കവലീശ്വരം-മാമലതോട്-മുക്കൂത്താഴം-ചിത്രപ്പുഴ-ഇരുമ്പനം റോഡ്

നാഷണൽ ഹൈവേ 49ന്റെ നിർദ്ദിഷ്ട അലൈൻലിഗ് യാർഡിനടുത്ത് കരിങ്ങാചിറ-കളമശ്ശേരി റോഡിൽ അവസാനിക്കുന്നു. ഈ റോഡിന്റെ നിർമ്മാണം വിഷവെള്ളം കെട്ടികിടന്ന് കൃഷിയ്ക്കോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപകരിക്കാത്ത പ്രദേശത്തിന്റെ മോചനത്തിന് വഴിയൊരുക്കുന്നു. വിഷവെള്ളം കിടക്കുന്ന സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് വിപുലമായ കമ്പോസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. കൊച്ചിനഗരസഭയിലേയും, തൃപ്പൂണിത്തുറ നഗരസഭയിലേയും നമ്മുടെ പഞ്ചായത്തിലേയും മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനും ഈ പദ്ധതി സഹായകമായവിധം രൂപപ്പെടുത്താൻ കഴിയും. ഇതിന്റെ സമീപത്തുതന്നെ ഗോഡൗണുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി ഈ റോഡിന്റെ നിർമ്മാണം ഉൾപ്പെട്ട പദ്ധതി ലാഭകരമാക്കാൻ കഴിയും. റോഡിനു വേണ്ടി പഞ്ചായത്ത് ഏറ്റെടുക്കുന്ന സ്ഥലങ്ങളോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ ഈറോഡിന്റെ നിർമ്മാണം വഴി വികസിതമാകും. പദ്ധതി ലാഭകരമാക്കാൻ കൂടുതൽ ഭൂമി ഉള്ളവരുടെ സ്ഥലങ്ങൾ മുഴുവനായിട്ടല്ലാതെ പഞ്ചായത്ത് ഏറ്റെടുത്ത് ഹൗസിംഗ് കോളനി, മാർക്കറ്റുകൾ, കശാപ്പുശാലകൾ, ബസ്സ് സ്റ്റാൻഡ് എന്നിവ സ്ഥാപിക്കണം. വാഹനങ്ങൾ സൂക്ഷിക്കാനും, റിപ്പയർ ചെയ്യാനുമുള്ള സംവിധാനവും പരിഗണനാർഹമാണ്.

160

തിരുവാങ്കുളത്തു നിന്നും കാക്കനാട്ടേക്കുള്ള ദൂരം 5 കി.മീറ്ററെങ്കിലും ഈ വഴിയിൽ കുറവായിരിക്കും. ലോറി ഗതാഗതം ഇതിലെ തിരിച്ച് വിട്ട് മെയിൻ റോഡുകളിലെ വാഹനഗതാഗതതിരക്കു കുറയ്ക്കാനും കഴിയും.

ഇരുമ്പനം വെട്ടുവേലി ബണ്ട് റോഡിന്റെ പടിഞ്ഞാറുഭാഗത്ത് പണി തീർന്നിട്ടുള്ള വെട്ടുവേലി പാലം വരെയുള്ള ബണ്ട് നന്നാക്കി ടാർ ചെയ്യാവുന്നതാണ്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡ്.

2. പൊതിയിൽ റോഡ് – കരിങ്ങാച്ചിറ – ഇരുമ്പനംറോഡ്

നാഷണൽ ഹൈവേ 49-ന്റെ അലൈൻമെന്റിൽ നിന്നും റെയിൽവേ ലെയിനിനു സമാന്തരമായി കരിങ്ങാചിറ വഴി ഇരുമ്പനം മാർഷലിംഗ് യാർഡിനു സമീപംവരെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ റോഡ് അവികസിത മേഖലകളുടെ വികസനത്തിനും പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനും സഹായകമാണ്. മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ഗോഡൗണുകൾ, ഹൗസിംഗ് കോളനി എന്നിവ ഈ റോഡിനോടു അനുബന്ധിച്ച് ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ നിർമ്മിച്ച് ഈ പദ്ധതിയും ലാഭകരമാക്കാൻ കഴിയും.

3. കടുംഗമംഗലം – ചങ്ങംപുത – തൃപ്പൂണിത്തുറ റോഡ്

ചോറ്റാനിക്കര പഞ്ചായത്തിൽ ഉൾപ്പെട്ട ഹൈസ്കൂളിന്റെ സമീപത്തള്ള റോഡിൽ നിന്നുമാരംഭിച്ച് നിലവിലുള്ള ബാലചന്ദ്രൻ റോഡ്, ടെമ്പിൾ റോഡ്, സ്കൂൾ റോഡ്, ശാസ്ത്രി റോഡ്, കുന്നപ്പിള്ളിറോഡ്, കുന്നത്തുകുളങ്ങര റോഡ് വഴി കരിങ്ങാചിറ പുഴയോരത്തെത്തി അവിടെ നിന്നും ഒരു കലുങ്ക് സ്ഥാപിച്ച് ചാത്തിരി റെയിൽവെ ഓവർബ്രിഡ്ജിനു സമീപം അവസാനിക്കുന്ന ഈ റോഡിന്റെ നിർമ്മാണവും പ്രത്യേക പരിഗണന അർഹിക്കുന്നു. ടെമ്പിൾ റോഡും, സ്കൂൾ റോഡും വീതികൂട്ടി വാഹന ഗതാഗതം സൗകര്യപ്രദമാക്കണം.

# റോഡുകളുടെ വിവരങ്ങൾ

161

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡുകളുടെ പേര് | ടാർ ചെയ്തത് നീളം മീറ്റർ | ടാർ ചെയ്തത് വീതി മീറ്റർ | മറ്റുള്ളവ നീളം മീറ്റർ | മറ്റുള്ളവ വീതി മീറ്റർ |
|---|---|---|---|---|---|---|
| 1. | I | ഇരുമ്പനം വെട്ടുവേലി ബണ്ടു റോഡ് | 1400 | 4 | – | – |
| 2. | " | പാറക്കടവ് ക്വാറി തെക്കുവശത്തുള്ള റോഡ് | – | – | 200 | 4 |
| 3. | " | " വടക്കുവശത്തുള്ള റോഡ് | – | – | 200 | 4 |
| | | ട്രാക്കോ കേബിൾ നോർത്ത് റോഡ് | 550 | 8 | | |
| 4. | " | പാറക്കടവ് റോഡ് | 100 | 4 | – | – |
| 5. | " | ഇരുമ്പനം തൃക്കത്തറ ടെമ്പിൾ റോഡ് | 220 | 4 | – | – |
| 6. | II | പേടിക്കാട്ടു ക്വാറി റോഡ് | 3.50 | 4 | – | |
| 7. | " | കോച്ചിറക്കാട്ടു കടത്തുകടവു | 350 | 4 | – | – |
| 8. | " | LPS ലക്ഷം വീടുകോളനി | 470 | 4 | – | – |
| 9. | " | ഭാസ്കര ഹൗസിങ് കോളനി | 570 | 3.50 | – | – |
| 10. | " | മകളിയം കായിക്കുളങ്ങര റോഡ് | – | – | 300 | 4 |
| 11. | " | ഇരുമ്പനം ലക്ഷം വീട് കോളനിക്കകത്തുള്ള റോഡ് | – | – | 80 | 3.5 |
| 12. | " | ലക്ഷം വീട് കോളനിയുടെ കിഴക്കുഭാഗത്തുള്ള റോഡ് | | | | |
| | | പോസ്റ്റാഫീസ് ഭാസ്കരൻ കോളനി റോഡ് | 670 | – | 90 | 4 |
| 13. | " | നാഗപ്പാടി കരച്ചുള്ളിൽ റോഡ് | – | 960 | 3.5 | |
| 14. | III | തോട്ടുപുറത്തുതാഴം റോഡ് | 250 | 4 | – | – |
| 15. | " | ഇരുമ്പനം പാലക്കാട്ടുതാഴം ഗ്രാമീണ | | | | |
| | | കർഷക കോളനി റോഡ് | 800 | 4 | – | – |
| 16. | " | ഗ്രാമകർഷക കോളനിയ്ക്കക്ഷേതക്കുള്ള റോഡ് | – | – | 140 | 3.50 |
| 17. | " | ഗ്രാമ കർഷക കോളനിക്കകത്തുള്ള (1st plot) റോഡ് | – | – | 190 | 3.50 |
| 18. | III | ഗ്രാമീണ കർഷക കോളനി മൂന്നാം നമ്പർ | | | | |
| | | പ്ലോട്ടിലേക്കുള്ള റോഡ് | – | – | 220 | 3.50 |
| 19. | " | ഇരുമ്പനം നെടുങ്ങാപ്പുഴ റോഡ് | 585 | 5 | – | – |
| 20. | " | ഇരുമ്പനം അപ്പാട്ടുതാഴം റോഡ് | – | – | 80 | 3.50 |
| 21. | " | ഇരുമ്പനം കായപ്പിള്ളിതാഴം റോഡ് | 180 | 3.5 | – | – |
| 22. | " | ഇരുമ്പനം മിനി ഇൻഡസ്ട്രീസ് റോഡ് | 140 | 4 | – | – |
| 23. | " | ഇരുമ്പനം പുതുശ്ശേരി കാവരപ്പറമ്പ് ഹരിജൻ കോളനി റോഡ് | 570 | 3.5 | – | – |
| 24. | " | പുതുശ്ശേരി കുന്നത്തേരി റോഡ് | – | – | 230 | 4 |
| 25. | " | ഇരുമ്പനം ചിത്രപ്പുഴ റോഡ് | 1245 | 4.5 | – | – |
| 26. | " | മോളത്ത് ചിത്രപ്പുഴ റോഡ് | – | – | 200 | 4 |
| 27. | IV | പെരിങ്ങാട്ടുതാഴം ചിത്രപ്പുഴ റോഡ് | – | – | 175 | 4 |
| 28. | " | കോണത്ത് ചിത്രപ്പുഴ റോഡ് | – | – | 360 | 4 |
| 29. | " | വള്ളിക്കാവിൽ ഇരുമ്പനം റോഡ് | – | – | 200 | 3.50 |
| 30. | " | കാറോത്ത് പെരുന്നിനാകുളം റോഡ് | – | – | 170 | 3 |
| 31. | " | തണ്ണിച്ചാൽ പെരുന്നിനാകുളം റോഡ് | – | – | 195 | 3.50 |
| 32. | " | ചിത്രപ്പുഴ മങ്ങാട്ടുറോഡ് | – | – | 250 | 3.50 |
| 33. | " | മങ്ങാട്ടു മെയിൻ റോഡ് | – | – | 280 | 5 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡുകളുടെ പേര് | ടാർ ചെയ്തത് നീളം മീറ്റർ | ടാർ ചെയ്തത് വീതി മീറ്റർ | മറ്റുള്ളവ നീളം മീറ്റർ | മറ്റുള്ളവ വീതി മീറ്റർ |
|---|---|---|---|---|---|---|
| 34. | " | ചിത്രപ്പുഴ പാമ്പാടിതാഴം റോഡ് | – | – | 280 | 3.50 |
| 35. | V | ഇരുമ്പനം തോപ്പിൽ റോഡ് | 340 | 3.50 | | |
| 36. | " | ഇരുമ്പനം മേപ്രാമിൽ റോഡ് (കാരുള്ളിൽ റോഡ്) | – | – | 200 | 3 |
| 37. | " | മകളിയം ടൂമൈൽ റോഡ് | 640 | 4 | – | – |
| 38. | " | ഇരുമ്പനം കൈപ്പഞ്ചേരി റോഡ് | 270 | 3.50 | | |
| | | ആയുർവേദ കോളേജ് | 720 | 5 | – | – |
| 40. | " | ചിത്രപ്പുഴ കൊല്ലൻപടി ഗസ്റ്റ്ഹൗസ് | 600 | 4 | – | – |
| 41. | " | മുക്കത്തുതാഴം ഗസ്റ്റ്ഹൗസ് റോഡ് | – | – | 210 | 2.50 |
| 42. | " | ഗസ്റ്റ്ഹൗസ് ചിത്രപ്പുഴറോഡ് ടു മുരിങ്ങേത്തുതാഴം | – | – | 260 | 3 |
| 43. | " | ചിത്രപ്പുഴ ഗസ്റ്റ്ഹൗസ് കുതിരവട്ട് പള്ളിപ്പറമ്പ് റോഡ് | 300 | 3.50 | – | – |
| 44. | " | ഗസ്റ്റ്ഹൗസ് ജംഗ്ഷൻ മുടരകുളം റോഡ് | 400 | 4 | – | – |
| 45. | " | മുരിങ്ങേലിപറമ്പ് റോഡ് ടു കൊല്ലൻപടി ജംഗ്ഷൻ | – | – | 470 | 3.50 |
| 46. | " | മുടകരകളം സൗത്ത് റോഡ് | – | – | 50 | 4 |
| 47. | VII | കൃംതാ ചാപ്പൽ ലക്ഷംവീടുകോളനി റോഡ് | 520 | 4 | – | – |
| 48. | " | പാടിയിൽ ഇടവഴി | 200 | 3.50 | – | – |
| 49. | " | പഞ്ചായത്താഫീസ് ഓൾഡ് ഗസ്റ്റ്ഹൗസ് റോഡ് | 720 | 4 | – | – |
| 50. | " | വയലിൽ പാടം റോഡ് (പോസ്റ്റാഫീസ് മുതൽ) | – | – | 195 | 3 |
| 51. | " | വയലിൽ റോഡ് – മെയിൻ | 390 | 4 | – | – |
| 52. | " | വയലിൽ റോഡ് (ലെയിൻ 1) | 410 | 3.50 | – | – |
| 53. | " | വയലിൽ റോഡ് (ലെയിൻ 2) | – | – | 160 | 3.50 |
| 54. | " | തിരുവാങ്കുളം മാമല (മാർക്കറ്റ് റോഡ്) | 200 | 3.50 | – | – |
| 55. | " | തിരുവാങ്കുളം പാലത്തിങ്കൽ റോഡ് | 400 | 3.50 | – | – |
| 56. | " | തിരുവാങ്കുളം കബലീശ്വരം റോഡ് | 460 | 3.50 | – | – |
| 57. | " | തിരുവാങ്കുളം തോപ്പിൽ റോഡ് | – | – | 250 | 3.50 |
| 58. | " | തോപ്പിൽ കാപ്രറോഡ് | – | – | 320 | 3.50 |
| 59. | VIII | പറപ്പിള്ളി മെയിൻ റോഡ് | 600 | 4 | – | – |
| 60. | " | പറപ്പിള്ളി റോഡ് (ലെയിൻ 1) | – | – | 150 | 3 |
| 61. | " | പറപ്പിള്ളി ചങ്ങംപത റോഡ് | 320 | 4 | – | – |
| 62. | " | പറപ്പിള്ളി പള്ളിപ്പറമ്പ് റോഡ് ടു ഹരിജൻ കോളനി (മെറ്റൽഡ് റോഡ്) | – | – | 225 | 3.50 |
| 63. | VIII | കറുത്തേടത്ത്താഴം തൃപ്പൂണിത്തുറ ചങ്ങംപത റോഡ് | – | – | 380 | 4 |
| 64. | " | പറപ്പിള്ളി അകത്തുപാടം തോടു മുഖം റോഡ് | – | – | 130 | 3.50 |
| 65. | " | എലഞ്ഞിപ്പിള്ളിതാഴം റോഡ് | 225 | 3.50 | – | – |
| 66. | " | റൂറൽ ഡിസ്പൻസറി റോഡ് | – | – | 60 | 4 |
| 67. | " | കുന്നത്തുകുളങ്ങര മെയിൻ റോഡു ടു കമ്പിവേയ്ക്കകം | 340 | 3.50 | – | – |
| 68. | " | കുന്നത്തുകുളങ്ങര റോഡ് (ലെയിൻ 1) | – | – | 100 | 3.50 |
| 69. | " | കുന്നത്തുകുളങ്ങര റോഡ് (ലെയിൻ 2) ടു എലഞ്ഞിപ്പിള്ളിതാഴം | – | – | 190 | 3 |
| 70. | " | ലാൽ ബഹദൂർ ശാസ്ത്രി റോഡ് | 765 | 4 | – | – |
| 71. | IX | തുകലാടി നടത്തറ റോഡ് | – | – | 360 | 3.50 |

| നമ്പർ | നമ്പർ | | നീളം മീറ്റർ | വീതി മീറ്റർ | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|---|---|
| 72. | " | തുകലാടി റോഡ് | – | – | 200 | 4 |
| 73. | " | സെന്റ് ജോർജ് എൽ.പി.എസ്സ്. റോഡ് | 480 | 4 | – | – |
| 74. | " | സെന്റ് ജോർജ് L.P.S. എലഞ്ഞിപ്പിള്ളിൽ റോഡ് | 220 | 4 | – | – |
| 75. | " | വെട്ടിക്കാട്ടു പറമ്പ് റോഡ് | – | – | 135 | 3.50 |
| 76. | " | പള്ളത്ത് ഇടവഴി | – | – | 80 | 2 |
| 77. | " | തിരുവാങ്കുളം അമ്പലം റോഡ് | 350 | 8 | – | – |
| 78. | " | തത്തനാട്ട് റോഡു ടു തിരുവാങ്കുളം അമ്പലം (വടക്കു ഭാഗത്തുള്ള റോഡ്) | 290 | 3.50 | – | – |
| 79. | " | തത്തനാട് തിരുവാങ്കുളം അമ്പലം (തെക്കുവശത്തുള്ള റോഡ്) | 320 | 3.50 | – | – |
| 80. | " | തത്തനാട്ട് മെയിൻ റോഡ് ടു റെയിൽ ക്രോസ് (K.R. ബാലചന്ദ്രൻ റോഡ്) | 650 | 3 | – | – |
| 81. | " | തത്തനാട് റെയിൽ ക്രോസുകൾ പാടം വരെയുള്ള റോഡ് | – | – | 330 | 3 |
| 82. | IX | ഒറ്റനാങ്കൽ ചിറ റെയിൽവേ ലൈൻ റോഡ് | – | – | 500 | 3.50 |
| 83. | VIII | കുന്നത്തു കുളങ്ങര കമ്പിവേലിക്കക് ഹരിജൻ കോളനി റോഡ് | – | – | 620 | 4.50 |
| 84. | " | പറപ്പിള്ളി റോഡ് ലെയ്ൻ 5 മുതൽ കൊപ്പറമ്പിൽ റോഡ് | – | – | 110 | 3.75 |
| 85. | " | അഡൂക്കാടൻ ലെയിൻ | – | – | 125 | 4 |
| 86. | " | പറപ്പിള്ളിൽ ലെയിൻ | 4 | – | 105 | 3.50 |
| 87. | IV | ജവഹർ റോഡ് | – | – | 470 | 3 |
| 88. | VII | ലക്ഷം വീടു കോളനിയ്ക്കകത്തെ റോഡ് | – | – | 93 | 3.50 |
| 89. | III | വയലാർ രാമവർമ്മ റോഡ് | – | – | 200 | 3.60 |
| 90. | V | കൈപ്പഞ്ചേരി ബ്രാഞ്ച് റോഡ് (വടക്കോട്ടുള്ളത്) | – | – | 215 | 3.50 |
| 91 | VII | വയലിൽ റോഡ് ലെയിൻ 3 | – | – | 300 | 3.50 |
| 92. | VII | ഒറ്റനാങ്കൽ – ചോറ്റാനിക്കര ലിങ്ക് റോഡ് | – | – | 300 | 3.50 |
| | | ആകെ | 19770 | – | 11485 | |

WARD – VI റോഡുകൾ

1. മുരുങ്ങേലിപ്പറമ്പ് റോഡ് ടാർ ചെയ്യണം
2. ചിത്രാഞ്ജലി റോഡിൽ നിന്നും കിഴക്കോട്ട് K.C.L.P.S.ലേയ്ക്കുള്ള റോഡ് (റീ ടാർ) അറ്റകുറ്റപ്പണി നടത്തണം.
3. ചിത്രപ്പുഴ K.C.L.P.S. റോഡിനു പടിഞ്ഞാറുവശം പുളിയ്ക്കപ്പറമ്പ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യണം.
4. ചിത്രാഞ്ജലി ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് കുതിരവട്ടത്തേയ്ക്ക് ഉള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യണം.
5. പുളിയ്ക്കപറമ്പ് നടപ്പാത മണ്ണിട്ട് ഫില്ല് ചെയ്യണം.
6. അകത്തുപാടം മുക്കത്തുതാഴം റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യുക.

# VI B. ഊർജ്ജം

നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ് ഊർജ്ജപ്രതിസന്ധി. സംസ്ഥാനതലത്തിൽ സ്വീകരിച്ചുവരുന്ന ഊർജ്ജാസൂത്രണ നടപടികളോടൊപ്പം പ്രാദേശിക തലത്തിൽ വൈദ്യുതിയുടെ ഉപയോഗം നിയന്ത്രണ വിധേയമാക്കാൻ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തകവഴി നമുക്കും സാദ്ധ്യമാകും. സാമൂഹ്യ വനവൽക്കരണം പോലുള്ള കൂട്ടായ ജനകീയ പ്രവർത്തനങ്ങളിലൂടെ വിറക് ഉൽപ്പാദനത്തിൽ നേടാൻ കഴിയുന്ന പുരോഗതിക്കൊപ്പം ബയോഗ്യാസ് തുടങ്ങിയ പദ്ധതികളിലൂടെ ഇന്ധനാവശ്യങ്ങളിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലെത്താനുള്ള ശ്രമങ്ങൾക്ക് തുടക്കമിടാൻ നമുക്ക് കഴിയും. നമ്മുടെ രാജ്യം ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള പുരോഗതി കൈ മുതലാക്കി അനർട്ടിന്റെ ഗവേഷണ നേട്ടങ്ങൾ പ്രാവർത്തികമാക്കി സൗരോർജ്ജം കാറ്റ് തുടങ്ങി നമ്മുടെ ഗ്രാമത്തിൽ സുലഭമായ പ്രകൃതിദത്ത് സൗകര്യങ്ങൾ പൂർണ്ണമായി ചൂഷണം ചെയ്യാൻ സാദ്ധ്യമായാൽ അത് നമ്മുടെ ഗ്രാമത്തിന്റെ ഊർജാവശ്യങ്ങൾക്ക് വലിയ മുതൽകൂട്ടാകുമെന്നുറപ്പാണ്.

എല്ലാത്തരത്തിലുള്ള ഊർജ്ജ ഉപയോഗങ്ങളും കണക്കിലെടുക്കുന്ന, അവയുടെ ഉപയോഗം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും ജീവിതനിലവാരം ഉയർത്താനും ഉതകുന്ന സമഗ്ര ഊർജ്ജാസൂത്രണം വഴി, ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ പര്യാപ്തമായ പുതിയ മാനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ജനകീയാസൂത്രണത്തിലൂടേയും. ജനപങ്കാളിത്തത്തോടേയും നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ഒമ്പതാം പദ്ധതിക്കുകഴിയുമെന്നാണു നമ്മുടെ പ്രതീക്ഷയും ഉറച്ച വിശ്വാസവും. ഊർജ്ജ സർവെയിലൂടെ വിലയിരുത്തപ്പെട്ട ഈ പഞ്ചായത്തിന്റെ ഊർജ്ജ പ്രശ്നങ്ങളുടെ ചിത്രം നമുക്ക് പരിശോധനാ വിധേയമാക്കാം.

## 1. ഊർജ്ജ സ്രോതസ്സുകൾ

ഈ പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന ഊർജ്ജ സ്രോതസ്സുകൾ താഴെപറയുന്നവയാണ്.

വെളിച്ചം: ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. കുറേ വീടുകൾ കൂടി വൈദ്യുതീകരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. ഈ വീടുകളിൽ വെളിച്ചത്തിന് പ്രധാനമായും മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്നു.

ഇന്ധനം: പാചകാവശ്യത്തിനായി വിറക്, മണ്ണെണ്ണ, പാചകവാതകം, അറക്കപ്പൊടി എന്നിവയാണ് ഉപയോഗിച്ചു വരുന്നത്. വളരെ അപൂർവമായി വൈദ്യുതിയും ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിലൊ സമീപത്തോ വനപ്രദേശങ്ങൾ ഇല്ലാത്തതുകൊണ്ട് വിറക് വനങ്ങളിൽ നിന്നും ശേഖരിക്കാൻ സാദ്ധ്യതയില്ല. തെങ്ങുല്പന്നങ്ങൾ വിറകിനു ഉപയോഗിച്ചു വരുന്നു. വിറക് വിലകൊടുത്തുവാങ്ങി ഗാർഹികാവശ്യങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്ന പ്രവണതയും ഉണ്ട്. തടിമില്ലകളിൽ നിന്നും ഉരുപ്പടികൾക്ക് അനുയോജ്യമല്ലാതെ വിൽപ്പന നടത്തുന്ന തടിയും, അറക്കപ്പൊടിയും വ്യാപകമായി ഉപയോഗപ്പെടുന്നുണ്ട്. ഇടത്തരം കുടുംബങ്ങളിലും ധനിക കുടുംബങ്ങളിലും പാചക വാതകമാണ് ഉപയോഗിച്ചവരുന്നത്. ബയോഗ്യാസിന്റെ ഉപയോഗം കുറവാണ്. പാചകവാതകം ഉപയോഗിക്കുന്ന വീടുകളിലും പാചകത്തിനായി വിറകടുപ്പോ, മണ്ണെണ്ണ സ്റ്റൗവോ കരുതി വരുന്നു. വീടിനു പുറത്ത് അടുപ്പിൽ ചവറ്, കാർഷികാവശിഷ്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി പാചകം നടത്തുകയും, വെള്ളം ചൂടാക്കുകയും, നെല്ലു പുഴുങ്ങുകയും ചെയ്യുന്ന സമ്പ്രദായവും നിലവിലുണ്ട്.

വാണിജ്യാവശ്യങ്ങൾക്കായി പ്രധാനമായും വിറക്, പാചകവാതകം, മണ്ണെണ്ണ എന്നിവയാണ് ഉപയോഗിച്ചുവരുന്നത്. വ്യാവസായിക ആവശ്യങ്ങൾക്ക് വൈദ്യുതിയും, ഡീസൽ ജനറേറ്ററുകളുമാണ് ഉപയോഗിക്കുന്നത്.

## 2. ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതയും പ്രധാന പ്രവണതകളും

ചോറ്റാനിക്കര കെ.എസ്.ഈ.ബി. മേജർ സെക്ഷൻ ആഫിസിന്റെ പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്നു. വൈദ്യുതി വിതരണത്തിന്റെ പൂർണ്ണമായ ചുമതല ഈ ആഫീസിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

വിറക് വിൽപ്പന നടത്തുന്ന ഡിപ്പോകൾ കുറഞ്ഞു വരുന്നതായി കാണുന്നു. ഈ പഞ്ചായത്ത് പ്രദേശത്ത് നിലവിൽ മൂന്ന് ഡിപ്പോ മാത്രമാണുള്ളത്. മറ്റു പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന വിറകാണ് ഇവിടെ വിൽപ്പന നടത്തുന്നത്. റബറിന്റെ തടിയാണ് മുഖ്യമായും വിൽപ്പനയ്ക്കെത്തുന്നത്. വാണിജ്യാവശ്യങ്ങൾക്കും, വിവാഹസദ്യകൾപോലുള്ള ചടങ്ങുകൾക്കുമാണ് വിറക് ഉപയോഗിക്കുന്നത്. സദ്യകൾക്കും പാചകവാതകത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സ്ഥിതിയാണുള്ളത്.

റേഷൻ കടകളിൽ നിന്നും റേഷൻ കാർഡുകളുടെയും പെർമിറ്റുകളുടേയും അടിസ്ഥാനത്തിൽ കിട്ടുന്ന മണ്ണെണ്ണയാണ് വിളക്കുകൾ കത്തിക്കാനും, പാചകാവശ്യത്തിനും ഉപയോഗിച്ചുവരുന്നത്. സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങുന്നവർ വിരളമാണ്. പഞ്ചായത്തിൽ 30% ത്തോളം വീടുകൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട് 35% വീടുകൾക്കും മണ്ണെണ്ണ പെർമിറ്റ് ഉണ്ട് പ്രതിമാസം റേഷൻ കാർഡുവഴി 100018 ലിറ്റർ മണ്ണെണ്ണയും പെർമിറ്റ് വഴി 11250 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്യുന്നുണ്ട്.

ഈ പ്രദേശത്തുള്ള 4 മില്ലുകളിൽ നിന്നും അറക്കപ്പൊടി, ഉരുപ്പടികളുടെ അവശിഷ്ടങ്ങൾ എന്നിവ ലഭ്യമാണ്. ഇതിന്റെ ഉൽപ്പാദനവും കുറയുന്ന സാഹചര്യങ്ങളാണുള്ളത്.

ലില്ല. തൃപ്പൂണിത്തുറയിലുള്ള ഏജൻസികളാണ് ഈ പ്രദേശത്ത് വിതരണം നടത്തുന്നത്.

ഈ പഞ്ചായത്ത് പ്രദേശത്ത് പാചകവാതകം ഉപയോഗിക്കാനാഗ്രഹിക്കുന്നവരാണ് ഇടത്തരക്കാരിൽ അധികം പേരും. ദക്ഷതയേറിയ അടുപ്പുകളാണ് പൊതുവിൽ സ്വീകര്യമായിട്ടുള്ളതായി കാണുന്നത്. മണ്ണെണ്ണസ്റ്റൗ, അറക്കപ്പൊടി അടുപ്പ് എന്നിവയാണ് സാധാരണക്കാർ ഉപയോഗിക്കുന്നതും, നിലനിർത്താൻ ഇഷ്ടപ്പെടുന്നതും. വിറകടുപ്പുകളോടുള്ള താൽപര്യം കുറഞ്ഞുവരുന്ന പ്രവണതയാണിന്നുള്ളത്.

വൈദ്യുതിയുടെ വോൾട്ടേജ് കുറവും, പവർകട്ടും മറ്റെന്തെങ്കിലും വാണിജ്യ ഇന്ധനത്തിലേക്ക് വെളിച്ചത്തിന്റെ ആവശ്യത്തിനു മാറാനുള്ള പ്രേരണ സൃഷ്ടിക്കുന്നില്ല. പവർകട്ടുള്ളപ്പോൾ മെഴുകുതിരിയും മണ്ണെണ്ണവിളക്കും, എമർജൻസി ലാമ്പുകളുമാണ് സർവസാധാരണയായി ഉപയോഗിച്ചുവരുന്നത്.

## 3. ഊർജ്ജ സംരക്ഷണം

ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികൾ ആവശ്യമാണ്. വൈദ്യുതിയുടെ പ്രസരണനഷ്ടം പവർ ലൈനുകളുടെ ഒഴിവാക്കാനാവുന്ന ദൂരം കുറയ്ക്കൽ എന്നിവ വൈദ്യുതിനഷ്ടം ഒഴിവാക്കാൻ സഹായകമായ ഘടകങ്ങളാണ്. ഈപ്രദേശത്ത് ഇന്നും നിലനിൽക്കുന്ന ഗ്രാമാന്തരീക്ഷം നിമിത്തം വഴിയോരങ്ങളും. പറമ്പുകളും വൃക്ഷനിബിഢമാണ്. വൈദ്യുതി ബോർഡ് സമയബന്ധിതമായി വൃക്ഷ ശിഖരങ്ങൾ വെട്ടിനീക്കാത്തതു നിമിത്തം പ്രസരണ രംഗത്ത് വലിയ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വൃക്ഷ ശാഖകൾ മുറിച്ചുമാറ്റാൻ സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ പുതിയ നിരത്തുകളുടെ ആവിർഭാവം, ഹൗസിംഗ് കോളനികളും, അതേ സ്വഭാവത്തിലുള്ള ഭവനനിർമ്മാണവും ഒട്ടേറെ പഴയ ലൈനകൾ ഒഴിവാക്കി, ചുരുങ്ങിയ ഭൂപരിധിക്കുള്ളിൽ കണക്ഷനുകൾ നൽകാൻ സഹായകമായ അന്തരീക്ഷം സംജാതമായിട്ടുണ്ട്. പവർലൈൻ മാപ്പിംഗ് നടത്തി ഒഴിവാക്കാൻ കഴിയുന്ന ദീർഘദൂര ലൈനുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കണം.

ദക്ഷതയേറിയ അടുപ്പുകൾ നിർമ്മിക്കാൻ പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നവർ ഉത്സുകരാണ്. ഈ അടുപ്പുകൾ സമയബന്ധിതമായി നിർമ്മിച്ചു നൽകാൻ കഴിയുന്നില്ലാ എന്നതാണു സ്ഥിതി. നിലവിലുള്ള പഴയ അടുപ്പുകളുടെ അശാസ്ത്രീയത, ആരോഗ്യഹാനി എന്നീ ഘടകങ്ങൾ വീട്ടമ്മമാരെ ബോദ്ധ്യപ്പെടുത്താനുതകുന്ന ബോധവൽക്കരണ പരിപാടി ഊർജ്ജസംരക്ഷണത്തിന് അനിവാര്യമാണ്.

വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമത്തിന് പ്രതിവിധിയായി ഇലക്ട്രോണിക് ചോക്കുകളുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. വൈദ്യുതിയുടെ വിനിയോഗത്തിലുള്ള കുറവുകൂടി ബോദ്ധ്യപ്പെടുത്തി മികച്ച ഇനം ചോക്കുകളുടെ വിതരണത്തിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഇതിന്റെ ഉപയോഗം വ്യാപകമാക്കണം. ഇപ്പോൾ ഇന്ധനാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താതെ പാഴാക്കികളയുന്ന ജൈവമാലിന്യങ്ങൾ, മാർക്കറ്റുകളിലെ അവശിഷ്ടങ്ങൾ, ചാണകം എന്നിവ ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തണം.

യോഗം വ്യാപകമാക്കുന്നതിലൂടെ നേടാൻ കഴിയുന്ന ഇന്ധനലാഭവും, അതിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക നേട്ടവും വീട്ടമ്മമാരെ ബോദ്ധ്യപ്പെടുത്താൻ കഴിയണം. സോളാർലൈറ്റുകൾ, ദക്ഷതയേറിയ മണ്ണെണ്ണ വിളക്കുകൾ എന്നിവയുടെ വിതരണം വഴി അനർട്ട് നൽകുന്ന സേവനങ്ങളെകുറിച്ചു പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുകയും ഇതിന്റെ പ്രവർത്തനം ഈ പ്രദേശത്ത് കൂടുതൽ ഫലപ്രദമായി നിർവഹിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അനർട്ട് നൽകുന്ന സബ്സിഡികളെ കുറിച്ചു നിലവിൽ ജനങ്ങൾ ബോധവാന്മാരല്ല. 165

ഖാദി ബോർഡ്, അനർട്ട് എന്നിവ ഇന്ധനലാഭത്തിനും ഊർജ്ജ സംരക്ഷണത്തിനും വിനിയോഗത്തിനും നൽകുന്ന സബ്സിഡി ഉൾപ്പടെയുള്ള പദ്ധതികളെകുറിച്ചും, ലഭ്യമാകുന്ന ബാങ്ക് വായ്പകളെ കുറിച്ചും വ്യാപകമായ പ്രചരണം നടത്തണം. ചർച്ചാ ക്ലാസ്സുകൾ, കുടുംബയോഗങ്ങൾ എന്നിവ സംഘടിപ്പിച്ച് ഈ പദ്ധതി വിജയകരമായി നിർവഹിക്കുവാൻ കഴിയും.

## 4. ഊർജ്ജ രംഗത്തെ മുഖ്യ പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്, അപ്രഖ്യാപിത പവർ കട്ടുകൾ.

2. ആവശ്യത്തിന് തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. നിലവിലുള്ള താഴെ കാണിക്കുന്നത്ര ലൈറ്റുകൾ റോഡുകളുടെ പ്രാധാന്യവും, നീളവും കണക്കാക്കുമ്പോൾ തികച്ചും അപര്യാപ്തമാണ്.

| | | |
|---|---|---|
| സോഡിയം വേപ്പർ ലാമ്പ് | - | 39 |
| ഫ്ളൂറസെന്റ് ട്യൂബ് | - | 25 |
| സാധാരണ ബൾബുകൾ | - | 264 |
| മെർക്കുറി വേപ്പർ ലാമ്പ് | - | 8 |

3. വൈദ്യുതി ബോർഡിന്റെ സബ്ഡിവിഷൻ ആഫീസ് തിരുവാങ്കുളത്ത് നിന്നു മാറ്റിയപ്പോൾ നൽകിയിട്ടുള്ള വാഗ്ദാനം പാലിക്കപ്പെട്ടിട്ടില്ല. ഗാർഹികാവശ്യത്തിനുള്ള കണക്ഷനുകളും, നിരവധി ചെറുകിട വ്യവസായിക യൂണിറ്റുകളും (143 എണ്ണം) ഒരു വൻകിട വ്യവസായ യൂണിറ്റും നിലവിലുള്ള ഈ പഞ്ചായത്ത് പ്രദേശത്ത് സെക്ഷൻ ആഫീസ് സ്ഥാപിച്ച് കുടുതൽ കാര്യക്ഷമമായ കെ.എസ്.ഈ.ബി. പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്. ഈ പഞ്ചായത്ത് പ്രദേശം കെ.എസ്.ഈ.ബി. അവഗണിച്ച നിലയിൽ തന്നെ തുടരുന്നു.

4. നിലവിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയേക്കാൾ വളരെ കൂടുതൽ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുള്ളതുകൊണ്ട്, വോൾട്ടേജ് ക്ഷാമം ഒരു സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുന്നു. സന്ധ്യാസമയത്ത് വോൾട്ടേജിന്റെ അഭാവത്തിൽ പലമേഖലകളിലും കുട്ടികളുടെ പഠനത്തിന് മെഴുകുതിരിയും, മണ്ണെണ്ണ വിളക്കുകളും മാത്രമാണാശ്രയം. വർഷങ്ങളുടെ പഴക്കമുള്ള ഈ ദുർഗതിക്ക് അടിയന്തിര പരിഹാരം അനിവാര്യമാണ്.

ത്തുന്ന ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും.

| | | |
|---|---|---|
| 1. | കടുംഗമംഗലം | 160 KVA |
| 2. | കവലീശ്വരം | 100 " |
| 3. | മാമല | 250 " |
| 4. | എൽ.ബി.എസ്. റോഡ് | 100 " |
| 5 | കൃംത്ത ചാപ്പൽ | 100 " |
| 6. | പറപ്പിള്ളി റോഡ് | 100 " |
| 7. | ആയുർവ്വേദ കവല | 100 " |
| 8. | ചിത്രാഞ്ജലി (ശ്രീറാം) | 160 " |
| 9. | കമ്പിവേലിയ്ക്കകം | 100 " |
| 10. | ഹിൽപാലസ് | 250 " |
| 11. | കരിങ്ങാച്ചിറ | 250 " |
| 12. | ചിത്രപ്പുഴ | 160 " |
| 13. | പുതിയറോഡ് | 160 " |
| 14. | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - 1 - | 250 " |
| 15. | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - 2 - | 160 " |
| 16. | KSHB | 160 " |
| 17. | കർഷകകോളനി | 100 " |
| 18. | റയിൽവേയാർഡ് | 63 " |
| 19. | സതേൺ ട്യൂബ് | 250 " |
| 20. | ക്വാറി | 100 " |

5. അനുവദനീയമായ സമയപരിധികഴിഞ്ഞ് വൈദ്യുതി അനധികൃത ചാനലുകളിലൂടെ ഉപയോഗപ്പെടുത്തുന്ന വ്യവസായ യൂണിറ്റുകൾ കർശനമായ നിയന്ത്രണത്തിന് വിധേയമാകണം.

## പരിഹാര സാധ്യതകൾ

1. ദക്ഷത കൂടുതലുള്ള വിറകടുപ്പുകളുടെ ആരോഗ്യപരവും സാമ്പത്തീകവുമായ മേന്മകളെക്കുറിച്ച് ബോധവൽക്കരണം നടത്തണം. ഇതിനായി അനേർട്ട് ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ സഹകരണത്തോടെ ഒരു സമഗ്ര ഊർജ്ജ ആസൂത്രണപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

2. ഊർജ്ജ സംരക്ഷണത്തിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അനേർട്ടുമായി ചേർന്ന് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. പ്രഷർകുക്കർ, കച്ചിപ്പെട്ടി, ഘർഷണരഹിത ഫുട്ട് വാൽവ്, കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പ്, ഇലക്ട്രോണിക് ചോക്ക് എന്നിവ പ്രചരിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പ്രോത്സാഹനം നൽകണം

3. ദേശീയ പ്രാധാന്യമുള്ള കൊച്ചി മധുരാ റോഡ് (NH-49), സംസ്ഥാനതലത്തിൽ അംഗീകാരമുള്ള ഏറ്റുമാനൂർ-തൃപ്പൂണിത്തുറ റോഡ്, കരിങ്ങാച്ചിറ-കാക്കനാട്-കളമശ്ശേരി റോഡ് എന്നിവ അവയുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ തെരുവുവിളക്കുകളുടെ കാര്യത്തിൽ അവഗണിക്കപ്പെട്ടിരിക്കുന്നു. നഗരങ്ങളുടെ മാതൃക അവലംബിച്ച് ഉയർന്ന പ്രകാശമുള്ള സോഡിയം വേപ്പർ ലാമ്പുകൾ ഈ നിരത്തുകളിൽ സ്ഥാപിക്കണം. റിഫൈനറി, HOC, FACT തുടങ്ങിയ കമ്പനികളെകൊണ്ട് ഈ ചിലവ് സ്പോൺസർ ചെയ്യിക്കാൻ പഞ്ചായത്ത് ശ്രമിക്കണം.

4. പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് ആവശ്യമുള്ള പുതിയ റോഡുകൾ ഗ്രാമസഭാ യോഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത് പൂർണമല്ല. എത്രയും വേഗം പൂർണമായ ഒരു ലിസ്റ്റുണ്ടാക്കി അവിടങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപി

5. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുരാജ് ആക്ടിൽ പഞ്ചായത്തുകൾക്ക് വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും വൈദ്യുതി ബോർഡിൽ നിന്നും ഇനിയും അധികാരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ അധികാരം പഞ്ചായത്തുകൾക്ക് കിട്ടാൻ ആവശ്യമായ ശ്രമങ്ങൾ ഉടൻ ആരംഭിക്കണം.

6. ഇപ്പോഴത്തെ അവസ്ഥയിൽ പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും ഒരു മാസംകൊണ്ട് കത്തിക്കുന്നതിന് ഒരു പരിപാടി പഞ്ചായത്ത് തയ്യാറാക്കി വൈദ്യുതി ബോർഡിനു നൽകണം. ഇതിനാവശ്യമായ പണവും, മെറ്റീരിയൽസും ആവശ്യമെങ്കിൽ പ്രാദേശികമായി സമാഹരിക്കാൻ വാർഡ് മെമ്പർമാർ മുൻകൈ എടുക്കണം.

7. തെരുവു വിളക്കുകളില്ലാത്ത സ്ഥലങ്ങളിൽ അതാതിടങ്ങളിലെ കെട്ടിട ഉടമകളെ പ്രേരിപ്പിച്ച് ഗേറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അതുവഴി റോഡുകളിൽ വെളിച്ചമെത്തിക്കുന്നതിനും ശ്രമിക്കാവുന്നതാണ്.

8. വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം. ഇലക്ട്രിസിറ്റി ബോർഡിലുള്ള പവ്വർലൈൻ മാപ്പ് ഉപയോഗിച്ച് ആവശ്യമെങ്കിൽ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാവുന്നതാണ്. കൂടുതൽ ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലങ്ങളിൽ അവസ്ഥാപിക്കാനുള്ള നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡിനു നൽകണം.

9. റോഡുകളിലെ ടച്ചിംഗ്സ് (വൈദ്യുതി ലൈനിൽ മുട്ടി നിൽക്കുന്ന മരങ്ങൾ) കാര്യക്ഷമമായി വെട്ടുന്നതിന് ജനങ്ങളുടെ സഹകരണത്തോടെ വൈദ്യുതി ബോർഡിനെകൊണ്ട് ചെയ്യിക്കാൻ പഞ്ചായത്ത് കാലാകാലങ്ങളിൽ മുൻകൈ എടുക്കണം.

10. വൈദ്യുതിയുടെ സ്ലാബ് സമ്പ്രദായത്തിനുപകരം ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ് ചെയ്യുന്ന പഴയ രീതി നിലവിൽവന്നാൽ വൈദ്യുതിയുടെ അനാവശ്യ ഉപയോഗം കുറക്കുന്നതിനും, മോഷണം തടയുന്നതിനും സാധിക്കും.

11. തിരുവാങ്കുളം പഞ്ചായത്തിൽ കരിങ്ങാച്ചിറ-ഇരുമ്പനം ഭാഗത്തെവിടെയെങ്കിലും വൈദ്യുതി ബോർഡിന്റെ ഒരു കളക്ഷൻ സെന്റർ എത്രയും വേഗം ആരംഭിക്കണം.

12. അഞ്ചുവർഷത്തിനുള്ളിൽ തിരുവാങ്കുളം പഞ്ചായത്ത് വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷനാഫീസിന്റെ മാത്രം കീഴിൽ കൊണ്ടുവരേണ്ടതാണ്.

13. വിറകുത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പൊതുസ്ഥലങ്ങളിലും നിരത്തുകളിലും സ്ഥലലഭ്യതക്കനുസരിച്ച് സാമൂഹ്യ വനവൽക്കരണം ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കണം.

14. ബദൽ ഊർജ്ജ സ്രോതസ്സുകളായ ഗോബർഗ്യാസ് ബയോഗ്യാസ് എന്നിവയുടെ പ്രചാരണം വർദ്ധിപ്പിക്കുവാൻ ഇവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. കൃഷി ആവശ്യത്തിനെങ്കിലും കാറ്റിൽ നിന്നുള്ള വൈദ്യുതി ഉപയോഗത്തിന് അനേർട്ടിൽ നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കണം.

15. തിരുവാങ്കുളം പഞ്ചായത്തിൽ ഒരു പാചക വാതക വിതരണ ഏജൻസി അനുവദിക്കണം.

# VII. പാർപ്പിടം

മനുഷ്യന് ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ അത്യാവശ്യമായ ഘടകമാണ് ഭവനം താമസിക്കാനാവശ്യമായ ഒരു കിടപ്പാടം വേണമെന്നാണ് എല്ലാവരുടേയും ആഗ്രഹം. നിർഭാഗ്യമെന്നു പറയട്ടെ ഈ ലക്ഷ്യം നേരിടാൻ നമുക്കു കഴിഞ്ഞിട്ടില്ല. അതിനു കാരണം പ്രധാനമായും രണ്ടാണ്. ഒന്ന് കഴിഞ്ഞ കാലങ്ങളിലെ ആസൂത്രണത്തിൽ വന്നപിഴവും മറ്റൊന്ന് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ പെരുപ്പവുമാണ്. പാർപ്പിട സൗകര്യമുള്ള ഭൂമികളിലധികവും കുറെ സമ്പന്ന വിഭാഗത്തിന്റെ കൈവശമാണ്.

എന്നാൽ കേരളത്തിൽ ഭൂപരിഷ്കരണ നടപടികൾ നടപ്പിലാക്കിയതിനെ തുടർന്ന് ജന്മിത്വ മില്ലാതാവുകയും, ലക്ഷക്കണക്കിനു വരുന്ന കുടിയിടങ്ങൾ കുടികിടപ്പുകാരുടെ കൈവശത്തിലാവുകയും ചെയ്തു. ഇതൊരു സാമൂഹ്യമാറ്റത്തിന് വഴിതെളിച്ചിട്ടുണ്ടെങ്കിലും, സംസ്ഥാനത്തിലെ ജനപ്പെരുപ്പം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. പഴയ കുടുംബ സമ്പ്രദായത്തിൽ നിന്നും സ്കൂട്ടർ കുടുംബങ്ങളുടെ ആവിർഭാവം കൂടുതൽ സങ്കീർണ്ണതയിലേക്ക് നയിച്ചു. ആദ്യകാലങ്ങളിൽ പട്ടണങ്ങളിലാണ് തലചായ്ക്കാനിടമില്ലാത്തവരുടെ സംഖ്യ കൂടുതലായിരുന്നതെങ്കിലും; ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലും ഈ പ്രശ്നം ഗുരുതരമായിതന്നെയുണ്ട്. ലക്ഷ്യബോധമുള്ള കാഴ്ചപ്പാടില്ലായ്മമൂലം ഇതു പരിഹരിക്കുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഇവിടെയാണ് ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണത്തിന്റെ പ്രസക്തി നിലകൊള്ളുന്നത്.

നമ്മുടെ പഞ്ചായത്തിൽ 6231 വീടുകളാണുള്ളത്. 4120 ഓടിട്ട വീടുകളും 1560 വാർക്കവീടുകളും, 463 രണ്ടുനില വീടുകളും 88 കുടിലുകളും ഇതിൽപ്പെടുന്നു. ഇത്രയും വീടുകളിലായി 19916 പേർ താമസിക്കുന്നു. ഇനിയും ഇപ്പോൾതന്നെ 625 കുടുംബങ്ങൾക്ക് വീട് ആവശ്യമാണ്. ഇക്കാര്യത്തിൽ കാലം ചെല്ലുന്തോറും വർദ്ധനവ് ഉണ്ടായിക്കൊണ്ടേയിരിക്കും.

പഞ്ചായത്തിൽ പന്ത്രണ്ടുകോളനികൾ നിലവിലുണ്ട്.

കോളനികൾ രൂപീകരിച്ച കാലത്ത് പാർപ്പിട പ്രശ്നത്തിന് തെല്ലൊരു പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും ജനസംഖ്യാ വർദ്ധനവിന്റെ തോതനുസരിച്ച് പ്രശ്നം പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആറ് വർഷം മുമ്പ് ഭാസ്ക

പട്ടിക VI A (1)

| | കോളനിയുടെ പേര് | ആകെ വീട് | SC വീട് | ST വീട് | ആകെ ജനസംഖ്യ | SC ജനസംഖ്യ | ST ജനസംഖ്യ |
|---|---|---|---|---|---|---|---|
| 1. | ചങ്ങമ്പുത കോളനി തിരുവാങ്കുളം | 28 | 18 | – | 125 | 95 | – |
| 2. | കമ്പിവേലിക്കകം കോളനി തിരുവാങ്കുളം | 29 | 19 | – | 111 | 81 | – |
| 3. | അകത്തുപാടം കോളനി തിരുവാങ്കുളം | 41 | 22 | – | 170 | 98 | – |
| 4. | ഇളമന തോപ്പ് കോളനി ഇരുമ്പനം | 39 | 24 | – | 178 | 112 | – |
| 5. | കാവരപ്പറമ്പ് കോളനി ഇരുമ്പനം | 20 | 12 | – | 79 | 55 | – |
| 6. | ഗ്രാമീണ കർഷകകോളനി ഇരുമ്പനം | 66 | 56 | 1 | 326 | 220 | 4 |
| 7. | പേക്കൊട്ടുതുരുത്ത് ക്വാറി കോളനി ഇരുമ്പനം | 46 | 31 | – | 218 | 158 | – |
| 8. | പറുപ്പറമ്പ് കോളനി ഇരുമ്പനം | 35 | 24 | – | 119 | 87 | – |
| 9. | കെ. ഭാസ്കരൻ കോളനി ഇരുമ്പനം | 68 | 52 | 1 | 250 | 210 | 5 |
| 10. | തോട്ടുപുറം കോളനി ഇരുമ്പനം | 16 | 11 | – | 74 | 54 | – |
| 11. | ഇരുമ്പനം നോർത്ത് കോളനി ഇരുമ്പനം | 21 | 15 | – | 74 | 54 | – |
| 12. | പാറക്കാട് ക്വാറി കോളനി ഇരുമ്പനം | 24 | 16 | – | 116 | 76 | – |
| | ആകെ | 434 | 295 | 2 | 1866 | 1323 | 9 |

ജനവിഭാഗങ്ങൾക്ക് വീടു നൽകുന്നതിനു കഴിഞ്ഞു. അടുത്ത പ്രദേശങ്ങളിലൊന്നും ഇത്രയും വലിയ കോളനിയില്ല. രണ്ട് "ലക്ഷം വീടും കോളനി"കളും നമ്മുടെ പഞ്ചായത്തിലുണ്ട്. ജീവിത നിലവാരത്തെക്കുറിച്ചുള്ള ജനങ്ങളുടെ സങ്കൽപ്പങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല ലക്ഷം വീടു കോളനികൾ. പഴയ താമസക്കാർ ഒഴിഞ്ഞുപോവുകയും പുതിയവർ വരികയും ചെയ്യുന്നു. മറ്റു കോളനികളെ സംബന്ധിച്ചും ഏറ്റക്കുറച്ചിലുകളോടെ ഈ സ്ഥിതിഗതികൾ നിലനിൽക്കുന്നു. കോളനികളിൽ ഉള്ള പ്ലോട്ടുകളുടെ വിസ്ത്രീർണ്ണം 3 മുതൽ 4 സെന്റുകൾ വരെയാണ്. പരിമിതമായ സൗകര്യങ്ങളാണ് കോളനികളിലുള്ളത്. കുറെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. പതിനൊന്നു കോളനികളും വൈദ്യുതീകരിക്കുന്നതിനും കുടിവെള്ള മെത്തിക്കാനുള്ള പൈപ്പുലൈൻ ഇടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇവിടെയുള്ളവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടവയാണെന്ന് പറയാനാവില്ല. പരിമിതമായ ഭൂമിയിൽ അദ്ധ്വാനശേഷി പ്രായോഗിച്ചാലും ഒന്നും ഉണ്ടാക്കാനാവില്ല. വളർത്തുമൃഗങ്ങളെ വളർത്തി എന്തെങ്കിലും വരുമാനമുണ്ടാക്കാനുള്ള സാഹചര്യങ്ങളും ഇവർക്കില്ല. സാമ്പത്തിക വരുമാനമുണ്ടാക്കുന്നതിന് തൊഴിലല്ലാതെ മറ്റൊരു മാർഗ്ഗവും ഇവർക്കില്ല. കോളനിയോടു ചേർന്നു കിടക്കുന്ന പൊതുസ്ഥലങ്ങളിൽ ചെറുകിട സംരംഭങ്ങൾക്കുള്ള പ്രചോദനവും സഹായങ്ങളും നൽകി ഇവിടെയുള്ള സ്ത്രീജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളിൽ മുഖ്യ പരിഗണന കോളനി നിവാസികൾക്ക് കൊടുക്കേണ്ടതാണ്. ജീവിത നിലവാരം വർദ്ധിപ്പിച്ച് ദേശീയ മുഖ്യധാരയിൽ ഇവരെ നിലനിർത്തേണ്ടതാവശ്യമാണ്. മൂന്നാം വാർഡിലുള്ള ഗ്രാമീണ കർഷക കോളനിയിൽ പ്രധാനമായും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഒരു നേഴ്സറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 12 കോളനികളിലും പട്ടികജാതി കുടുംബങ്ങളാണ് കൂടുതലുള്ളത്. വീടുകളുടെ പണിയേറെയും തീർന്നിട്ടുണ്ടെങ്കിലും ഇനിയും ബാക്കിയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ കുടുംബങ്ങൾക്ക് സാനിറ്റേഷൻ സൗകര്യങ്ങളുടെ കുറവുണ്ട്. ഇതു പരിഹരിക്കുന്നതിൽ ലക്ഷ്യത്തിലേക്കെത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. ജനങ്ങൾ തിങ്ങിപാർക്കുന്നിടങ്ങളിൽ നിരവധി സാമൂഹ്യ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ആരോഗ്യപരമായ പ്രശ്നങ്ങളും ഈ കൂട്ടത്തിൽ പെടുന്നു. സാനിറ്റേഷൻ സൗകര്യങ്ങളുടെ കാര്യത്തിൽ മുഖ്യപരിഗണന കോളനികൾക്കു കൊടുക്കേണ്ടതാണ്. എല്ലാവർക്കും വീട് എന്നതുപോലെ തന്നെ എല്ലാവർക്കും കക്കൂസ് എന്നത് ഒരു മുദ്രാവാക്യമായി തന്നെ ഏറ്റെടുത്ത് കാലാവധി നിശ്ചയിച്ച് നടപ്പാക്കേണ്ടതാണ്. ശുദ്ധജല മെത്തിച്ചുകൊടുക്കുന്ന കാര്യത്തിലും തീവ്രമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ വിശേഷിച്ചും കോളനികളിൽ ചപ്പുചവറുകൾ സംസ്കരിച്ച് ജൈവവളം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്.

വീടു നിർമ്മാണത്തിനായി പാടശേഖരങ്ങൾ നികത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. സാമ്പത്തീക ഏജൻസികൾ വഴിയും, കൂടുതൽ നിലകളുള്ള വീടുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് കൈമാറാവുന്നതാണ്. ഓരോ ഫ്ളാറ്റിലും ഒരു വീടെന്നനിലക്ക് പ്രയോജനപ്പെടുത്തിയാൽ സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിൽ ഈ നടപടിക്ക് ഒരു പങ്കുവഹിക്കാൻ കഴിയും. സാധാരണക്കാരായ ജനങ്ങൾക്ക് ചിലവുകുറഞ്ഞ വീടുനിർമ്മിക്കുന്നതിനുള്ള സൗകര്യവും സഹായവും ചെയ്തു കൊടുക്കേണ്ടതൊരാവശ്യമാണ്.

| ഒരു ചതുരശ്ര കിലോമീറ്ററിൽ തിങ്ങിപ്പാർക്കുന്ന ജനങ്ങളുടെ എണ്ണം | | |
|---|---|---|
| ഇന്ത്യ | - | 274 |
| കേരളം | - | 749 |
| എറണാകുളം ജില്ല | - | 1170 |
| തിരുവാങ്കുളം പഞ്ചായത്ത് | - | 1755 |

കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്നതിൽ കാണിക്കുന്ന ആഢംബരവും മത്സരബുദ്ധിയും ഒട്ടേറെ പണം ഈ മേഖലയിൽ ദുർവ്യയം ചെയ്യുന്നതിനിടയാക്കുന്നു. ഇതവസാനിപ്പിക്കുന്നതിന് നയപരമായ ഒരു സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാവേണ്ടതാണ്. അതിലൂടെ ഈ മേഖലയിൽ ചിലവഴിക്കുന്ന അധികപണം മറ്റു വികസന പ്രവർത്തനങ്ങളിലേയ്ക്കു തിരിച്ചുവിടാവുന്നതാണ്. ഗൾഫ് പണത്തിന്റെ നല്ലൊരു പങ്ക് അത്യാഢംബരമുള്ള കെട്ടിടനിർമ്മാണങ്ങൾക്കുപയോഗിക്കുന്നു. പട്ടണങ്ങളിലുള്ള കോൺക്രീറ്റ് കൂമ്പാരം ഗ്രാമ പ്രദേശങ്ങളിലേയ്ക്കും പടർന്നുകൊണ്ടിരിക്കുന്നു.

കെട്ടിടനിർമ്മാണത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾക്ക് ദിവസേനയെന്നോണം വിലവർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം നിർമ്മിതികേന്ദ്രങ്ങൾ രൂപകല്പന ചെയ്ത ചിലവുകുറഞ്ഞ വീടുകൾ ഒരനുഗ്രഹമാണ്. എന്നാൽ വീടുകളെ സംബന്ധിച്ചുള്ള ആഢംബര മനോഭാവം ഇല്ലാതാക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നത് വളരെയേറെ പ്രയോജനകരമായിരിക്കും. വീടു നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം തിരഞ്ഞെടുക്കുമ്പോൾ വീട് കഴിച്ച് കുറച്ചുസ്ഥലം മാറ്റിയിടുന്നത് മറ്റുപയോഗങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. പച്ചക്കറികൃഷിക്കും മറ്റുമായി ഇതുപയോഗിക്കാൻ കഴിയും.

വീടുനിർമ്മിക്കുന്നതിന് സാമ്പത്തീക സഹായം നൽകുന്ന പ്രധാനപ്പെട്ട ഏജൻസികൾ വിശേഷിച്ചും ഹൗസിംഗ് ബോർഡിനെപ്പോലുള്ളവ; സങ്കീർണ്ണമായ നിബന്ധനകളാണ് ഇപ്പോഴും വച്ചുകൊണ്ടിരിക്കുന്നത്. സാധാരണക്കാർക്കുകൂടി പ്രയോജനപ്പെടുന്ന തരത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. 1987-90 കാലഘട്ടങ്ങളിലേതുപോലെ കൈരളി ഭവനനിർമ്മാണ പദ്ധതിയുടെ നടപടിക്രമങ്ങൾ ലളിതവും, സാധാരണക്കാർക്ക് പ്രാപ്യവുമായിരുന്നു. ഭവന നിർമ്മാണ വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഏതേജൻസികളായാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കേണ്ടതാണ്. വൻ സൗധങ്ങൾ നിർമ്മിക്കുന്നതിനുള്ള

ക്കാർക്ക് കൂടുതൽ പേർക്ക് വായ്പകൾ നൽകുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

റോഡു പുറമ്പോക്കുകൾ, റവന്യു പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ കൈയ്യേറി താമസിക്കുന്ന വീട്ടുകാരെ പുനരധിവസിപ്പിക്കുന്നതിന് ഇന്നത്തെ നിലയിൽ നമ്മുടേതുപോലുള്ളൊരു പഞ്ചായത്തിന് കഴിയാതെ വരുന്നു. സ്ഥലത്തിന്റെ വില അത്രമാത്രം വലുതാണ്. കൊച്ചി കോർപ്പറേഷന്റെയും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെയും സാമീപ്യം തിരുവാങ്കുളത്തെ ഭൂമിയുടെ വില വർദ്ധിപ്പിക്കുന്നതിനിടയാക്കി. വ്യവസായശാലകളുടെ സാമീപ്യവും ഇതിനിടയാക്കിയിട്ടുണ്ട്. പാവപ്പെട്ടവൻ മറ്റുപ്രദേശങ്ങളിലേക്ക് ഒതുക്കപ്പെടുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ഭൂമിക്കും കെട്ടിടനിർമ്മാണ സാമഗ്രികൾക്കും വർദ്ധിച്ച വില.

2. വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത.

3. ഭൂരഹിതർക്ക് ഭൂമി വാങ്ങാൻ ആവശ്യമായ തോതിൽ ലളിതമായ നിബന്ധനകളോടുകൂടിയ വായ്പാ സൗകര്യങ്ങൾ നിലവിലില്ല.

4. കോളനികളിൽ പശ്ചാത്തലസൗകര്യങ്ങൾ തീരെയില്ല.

5. ചെലവുകുറഞ്ഞ വൂടികൾ നിർമ്മിക്കാൻ വിദഗ്ദതൊഴിലാളികൾ ഇല്ല.

6. ചെലവുകുറഞ്ഞ വീടുകളെക്കുറിച്ചുള്ള പ്രചരണം തീരെയില്ല.

7. ധനസഹായത്തിനാവശ്യമായ ഹൗസിംഗ് സൊസൈറ്റിയുടെ അഭാവം

8. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാൻ വിദഗ്ദരുടെ അഭാവം പഞ്ചായത്തിലുടനീളം ഉണ്ട്.

9. ഓരോ വീടിനും ചുറ്റുവട്ടത്തിൽ മതിൽ കെട്ടുന്നതുകൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

10. വിദഗ്ദ തൊഴിലാളികളുടെ കുറവ്.

11. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ ലംഘനം.

12. ഭവനരഹിതരായവരിൽ ഭൂരിപക്ഷത്തിനും സ്വന്തമായി ഭൂമിയില്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയാണെങ്കിൽ ഭവനിർമ്മാണ രംഗത്ത് വായ്പകൾ നൽകി ഭവനനിർമ്മാണം ത്വരിതപ്പെടുത്താൻ കഴിയും.

നകളും ലഘൂകരിക്കുക.

3. വീടുനിർമ്മാണത്തിനായി വിദഗ്ദ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

4. വീടുനിർമ്മിക്കുന്നതിനാവശ്യമായ സാധനസാമഗ്രികളുടെ വിലനിലവാരം ക്രമീകരിക്കുക.

5. G.C.D.A. യിൽ നിന്നും വർഷങ്ങൾക്കു മുമ്പേ എടുത്ത ലോണുകൾ അടച്ചുതീർക്കാൻ കഴിയാതെ ദരിദ്ര ജനവിഭാഗങ്ങൾക്ക് ഇളവുനൽകുക.

6. വീടു നിർമ്മിക്കുന്നതിനാവശ്യമായ വായ്പകൾ സാധാരണക്കാർക്ക് നേടിയെടുക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുക. ഇതിന്റെ വ്യവസ്ഥകൾ ഉദാരമാക്കുക.

7. അനാവശ്യ ആഢംബരഭ്രമം ഉപേക്ഷിക്കുന്നതിന് ബോധവൽക്കരണം നടത്തുക.

8. എല്ലാവർക്കും വീട് എന്ന സങ്കല്പം പ്രാവർത്തികമാക്കാൻ കഴിയുന്നതും പരിശ്രമിക്കുകയും ഇടയ്ക്കിടെ അവലോകനം നടത്തകയും ചെയ്യുക.

9. പാവപ്പെട്ടവരുടെ വീടുനിർമ്മാണത്തിന് സന്നദ്ധസംഘടനകളിലെ ചെറുപ്പക്കാരുടെ സേവനം ഉപയോഗപ്പെടുത്തുക.

10. എല്ലാ വീടുകളിലും, പരിഷത് അടുപ്പ് സ്ഥാപിക്കാനുള്ള സമയബന്ധിത പരിപാടി നടപ്പിലാക്കുക.

11. ചിലവ് കുറഞ്ഞ വീടുകൾക്ക് താരതമ്യേന പലിശയിളവും, തിരിച്ചടയ്ക്കാൻ കൂടിയ കാലയളവും നൽകുക.

12. കെട്ടിട നിർമ്മാണ സാമഗ്രികൾ സഹകരണസംഘം വഴി വിതരണം ചെയ്യുക.

13. ദുർവ്യയം ചെയ്യുന്ന വീടുനിർമ്മാണത്തിന് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വർദ്ധിച്ച നികുതി ഏർപ്പെടുത്തുക.

14. പൊതു സ്ഥാപനങ്ങൾ നിർമ്മിക്കുമ്പോൾ പാരമ്പര്യ വാസ്തുശില്പമാതൃകയിൽ നിർമ്മിക്കുക.

15. കുറഞ്ഞ പലിശനിരക്കിൽ സഹകരണ സംഘങ്ങൾ വീടുകൾ പുതുക്കി പണിയാനും, അറ്റകുറ്റപ്പണികൾ നടത്താനും വായ്പ നൽകുക.

16. ജൈവവേലികൾ ജീവിതാന്തരീക്ഷത്തിന് അനുപേക്ഷണീയമാണെന്ന് ജനങ്ങളെ ബോധിപ്പിക്കുക.

17. പാരമ്പര്യ മാതൃകയിലുള്ള മുഴുവൻ പൊതു കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സഹായം ലഭ്യമാക്കുക.

18. പഞ്ചായത്തു തലത്തിൽ തൊഴിലില്ലാത്തവർക്കായി ചിലവുകുറഞ്ഞ ഭവനനിർമ്മാണ ജോലികൾ പരിശീലിപ്പിക്കുക.

കോളനികൾ - ഫ്ളാറ്റ് - സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുകയും, ഭവനരഹിതരെ ഇത്തരം കോളനികളിൽ പുനരധിവസിപ്പിക്കുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ നിരവധിയാണ്. പരമ്പരാഗത വാസ്തുശില്പ മാതൃക ഉപേക്ഷിച്ച് ആധുനീകരീതിയാണ് കെട്ടിടനിർമ്മാണത്തിനായി കൂടുതൽ ആളുകൾ ഉപയോഗിക്കുന്നത്. അതിന്റെ ഫലമായി പഞ്ചായത്ത് ഒരു സിമന്റ് വനമായി മാറിക്കൊണ്ടിരിക്കയാണ്. കേരളം മൊത്തമായി വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റം കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയിൽ അമിതമായ വർദ്ധനയാണ് ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല. നിർമ്മാണ തൊഴിലാളികളുടെ ദാരിദ്ര്യവും ഈ രംഗത്ത് പ്രകടമാണ്. തമിഴ്നാട്ടുകാരുടെ ഒരു തള്ളിക്കയറ്റം ഈ രംഗത്ത് കാണാൻ കഴിയും. സാങ്കേതിക തൊഴിലാളികൾക്ക് 125 രൂപ മുതൽ 150 രൂപ വരെയും മറ്റു തൊഴിലാളികൾക്ക്; പുരുഷന്മാർക്ക് 100 മുതൽ 125 രൂപ വരേയും, സ്ത്രീകൾക്ക് 75 രൂപ മുതൽ 90 രൂപവരേയുമാണ് ദിവസകൂലി. ഈ രംഗത്ത് കോൺട്രാക്റ്റ് സിസ്റ്റം വളരെ അപൂർവ്വമാണ്; എങ്കിലും ഉണ്ട്. കോൺക്രീറ്റ് പണി ഭൂരിഭാഗവും, കരാർ വ്യവസ്ഥയിൽ തന്നെയാണ്. മരപ്പണിയും, കൽപ്പണിയും, മറ്റും മുക്കാൽ ഭാഗവും കൂലിവ്യവസ്ഥയിൽ തന്നെയാണ്. കോൺക്രീറ്റ് ജനലുകളും വാതിലുകളും വാങ്ങി വയ്ക്കുന്നവരും വിരളമല്ല. ചിലവുകളുടെ കാര്യത്തിൽ ഭൂരിപക്ഷം ഭവനങ്ങളും മിതമവ്യയം പാലിക്കാറില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ മുഴുവൻ കുടിലുകളും പുനരുദ്ധരിക്കുക.

2. അഞ്ചുവർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്നത് ഒരു പരിപാടിയായി അംഗീകരിച്ച് നടപ്പിലാക്കുക.

പഞ്ചായത്ത് വഹിക്കുക.

170

4. തിരുവാങ്കുളത്ത് കമ്പിവേലിക്കകം സെറ്റിൽമെന്റ് കോളനിക്കായി ഏറ്റെടുക്കുക.

5. ലക്ഷം വീടുകൾ 4 സെന്റ് വീതം ഭാഗിച്ച് വീടുകൾ പുനരുദ്ധരിക്കുക.

6. അവശ വിഭാഗങ്ങൾക്ക് സർക്കാർ നൽകിയ ഭവന നിർമ്മാണ വായ്പയിൽ; ജപ്തിനടപടികൾ നിർത്തിവയ്ക്കുക.

7. അഞ്ചുവർഷത്തിനുള്ളിൽ എല്ലാവീടിനും കക്കൂസ് പരിപാടി നടപ്പിലാക്കുക.

8. മിതവ്യയ വീടുനിർമ്മാണത്തിൽ പരിശീലനം നൽകുക.

9. എല്ലാ വീടുകളിലും പുകയില്ലാത്ത "പരിഷത് അടുപ്പ്" സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിക്കുക. പഞ്ചായത്ത് സബ്സിഡി നൽകി അടുപ്പിന്റെ വിലകുറയ്ക്കുക.

## പരിഹാര മാർഗ്ഗങ്ങൾ

1. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ നിബന്ധനകൾ ലഘൂകരിച്ച് നടപ്പിലാക്കുക.

2. കഴിയുന്നത്ര അദ്ധ്വാനശേഷി സൗജന്യമായി സ്വരൂപിച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ ചിലവ് ലഘൂകരിക്കുക.

3. കോളനികളിലെ വീടുകളുടെ അനധികൃതമായ വില്പന തടയുക.

4. പുറമ്പോക്കുകളിൽ ഭവനനിർമ്മാണത്തിനുപയോഗിക്കുന്ന പ്ലാവ്, ആഞ്ഞിലി, മഹാഗണി, പൂവരശ് മുതലായ മരങ്ങൾ വച്ചുപിടിപ്പിക്കുക.

# VII B. സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒട്ടേറെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആയിരക്കണക്കിനു കോടിരൂപ ഈ പദ്ധതികൾക്കായി ചിലവഴിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലം, നിർവ്വഹണത്തിലും വന്ന പിഴവുകൾ വേണ്ടത്ര ഫലങ്ങൾ ഉളവാക്കിയിട്ടില്ല. പദ്ധതികളുടെ ഗുണഫലങ്ങൾ താഴെ തട്ടിലെത്തുമ്പോഴേക്കും ശോഷിച്ചുവരുകയോ, ഇല്ലാതാകുകയോ ചെയ്യുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും പല കാര്യങ്ങളിലും തെക്കേ അറ്റത്തുള്ള നമ്മുടെ സംസ്ഥാനം വേറിട്ടനിൽക്കുന്നു. ശരിക്കു പറഞ്ഞാൽ നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അതുകൊണ്ടുതന്നെ വിലസൂചിക ഇവിടെ കൂടുതലാണ്. നമ്മുടെ സംസ്ഥാനത്തിൽ തന്നെ വിവിധ നിലവാരങ്ങളിലുള്ള പഞ്ചായത്തുകളാണ് നിലവിലുള്ളത്. തീര പ്രദേശങ്ങളിലുള്ള പഞ്ചായത്തുകൾ, പട്ടണ സാമീപ്യമുള്ളവ തികച്ചും കാർഷികസ്വഭാവമുള്ളവ, ഇങ്ങനെ പലതട്ടുകളിലുമുള്ള പഞ്ചായത്തുകളാണുള്ളത്.

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരുമാണ്. ക്രിമിലെയർ വിഭാഗം ഇല്ലെന്നുതന്നെ പറയാം. സാമൂഹ്യക്ഷേമ വിഷയങ്ങളെന്നാൽ ആരോഗ്യം, കുടിവെള്ളം, യാത്രാസൗകര്യം, വിദ്യാഭ്യാസം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ സഹായിക്കുന്ന പദ്ധതികൾ ഇവയെല്ലാം ഉൾപ്പെടുന്നവയാണ്. എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്നത് ദുർബലജനവിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചു മാത്രമാണ്.

ദുർബല ജനവിഭാഗങ്ങളിലാവട്ടെ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. മറ്റു വിഭാഗങ്ങളിലും ദുർബല വിഭാഗത്തിൽ പെട്ടവരുണ്ട്. ഇവരെ മുഖ്യദേശീയ ധാരയിലേക്ക് കൊണ്ടുവരുന്നതിനും സാമൂഹ്യമായ പുരോഗതിയിലെത്തിക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കു കഴിയണം. സാമൂഹ്യമായ ഒട്ടനേകം മാറ്റങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ട്. ചരിത്രപരമായ കാരണങ്ങളാൽ നിലനിൽക്കുന്ന സംവരണം ആദിയായ നിയമങ്ങൾകൊണ്ടുമാത്രം ഇതു സാദ്ധ്യമല്ല. മറ്റുഘടകങ്ങൾ കൂടി ചേരുമ്പോഴേ ലക്ഷ്യത്തിലെത്താൻ കഴിയൂ.

നിരവധി പെൻഷൻ പദ്ധതികൾ സംസ്ഥാനത്താകെയെന്നപോലെ പഞ്ചായത്തിലുമുണ്ട്. അഗതി പെൻഷനുകൾ, ചികിത്സാ പെൻഷനുകൾ, കർഷകതൊഴിലാളിപെൻഷൻ തുടങ്ങിയവ നിലവിലുണ്ട്. മറ്റുമേഖലകളായ ചുമട്ടുതൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളികൾക്കുള്ള സഹായപദ്ധതികൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രത്യേക ക്ഷേമപദ്ധതികൾ എന്നിവയുംനിലവിലുണ്ട്.

പട്ടിക VII B (1)

| ക്രമ നമ്പർ | സാഹയധനത്തിന്റെ ഇനവിവരം | ഗുണഭോക്താക്കളുടെ തുക | തീരുമാനമാകാത്തവ |
|---|---|---|---|
| 1. | വിധവാ പെൻഷൻ | 99 | |
| 2. | വികലാംഗ പെൻഷൻ | 3 | |
| 3. | വാർദ്ധക്യകാല പെൻഷൻ | 54 | |
| 4. | അവശകലാകാര പെൻഷൻ | 2 | |
| 5. | അവശ കായികതാര പെൻഷൻ | - | |
| 6. | ക്ഷയരോഗ പെൻഷൻ | - | |
| 7. | കുഷ്ടരോഗ പെൻഷൻ | - | |
| 8. | ക്യാൻസർ രോഗ പെൻഷൻ | 3 | |
| 9. | കർഷകതൊഴിലാളി പെൻഷൻ | - | |
| 10. | തൊഴിലില്ലായ്മ വേതനം | - | |

ഈ പദ്ധതികളെല്ലാം നടക്കുന്നുണ്ടെങ്കിലും ഇതിന്റെ ഗുണഫലങ്ങൾ എത്രമാത്രമെന്നതിനെ സംബന്ധിച്ച് അവലോകനം നടക്കുന്നില്ല. I.R.D.P. ലോണുകൾ പോലെയുള്ളവ, അതുകൊണ്ടുദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കല്ലാതേയും ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ നാലായിരത്തിൽ താഴെയാണ് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അംഗസംഖ്യ. 95%ത്തിൽ പരം പേർ കൂലിവേലചെയ്തു ജീവിക്കുന്നവരാണ്. മറ്റുവിഭാഗങ്ങളിൽ പാവപ്പെട്ടവരുടെ സ്ഥിതിയും ഇതുതന്നെയാണ്. സാമൂഹ്യപുരോഗതിക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും ഈ വിഭാഗങ്ങളെ കണ്ടുകൊണ്ടുവേണം നടത്താൻ. ഇവർക്ക് കിട്ടാനിടയുള്ള ആനുകൂല്യങ്ങളിൽ ചോർച്ച വരാതെ ജാഗ്രതയായ നിരീക്ഷണ സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഈ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ചുകൊണ്ടുള്ള നടപടികൾ ഉണ്ടാകണം. പഞ്ചായത്തിലെ പാവപ്പെട്ടവരെ ഉദ്ദേശിച്ചുള്ള ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി കിട്ടുന്ന ആനുകൂല്യങ്ങൾ പരിമിതമാണ്.

ബ്ലോക്കിൽ നിന്നും ഇന്ദിരാ ആവാസയോജന, മില്യൻവെൽ സ്കീം, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതി, എന്നിവയാണ് നടപ്പാക്കുന്നത്. വീടുനിർമ്മാണത്തിന് 15,800/- രൂപയാണ് ഇപ്പോൾ കിട്ടുന്നത്. കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടിയിരിക്കുന്നു. 92–ലെ സർവ്വേ പ്രകാരം

മായിരുന്നത്. എന്നാൽ ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ ലഭിക്കുന്ന JRY വിഹിതത്തിൽനിന്നും, നിരവധി കക്കൂസുകൾ കൊടുത്തുകഴിഞ്ഞു. കക്കൂസുകൾ തീർക്കുക എന്ന ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന. JRY വിഹിതത്തിന്റെ ഇരുപത്തിരണ്ടര ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ചിലവഴിക്കേണ്ടതാണ്. മറ്റു വിഭാഗങ്ങളിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഈ ആനുകൂല്യങ്ങൾക്കുള്ള അവസരം ലഭിക്കാതെപോകുന്നു. JRY വിഹിതം ഉപയോഗിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കും മറ്റുവികസനങ്ങൾക്കും ഇപ്പോഴും ഉത്തരേന്ത്യൻ കാഴ്ചപ്പാടു നിലനിൽക്കുന്നു. ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസു നിർമ്മിക്കുന്നതിനുള്ള ധനസഹായം കൊടുക്കുന്നതിനുവേണ്ടി പഞ്ചായത്ത് പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തു ഡയറക്ടറുടെ ചിലവനുവാദം കിട്ടാൻ കാത്തിരിക്കുകയാണ്. പഞ്ചായത്ത് ബഡ്ജറ്റിൽ വിഹിതം കാണിച്ചിട്ടുണ്ടെങ്കിലും യഥാസമയം ചിലവഴിക്കപ്പെടാൻ കഴിയാതെ പോകുന്നു.

പഞ്ചായത്തിൽ 13 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 3 വയസ്സുമുതൽ 5 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം അവർക്കുള്ള പോഷകാഹാര പദ്ധതി, ആരോഗ്യ പരിശോധന അമ്മമാർക്കുള്ള പരിരക്ഷ എന്നിവ അതിലൂടെ നടപ്പാക്കുന്നു. അങ്കണവാടി ഒരു സ്വതന്ത്രബോഡിയായാണ് പ്രവർത്തിക്കുന്നത്. യാതൊരു നിയന്ത്രണവും ഇക്കാര്യത്തിൽ പഞ്ചായത്തിനില്ല. ഇതൊരു നല്ല ക്ഷേമ പ്രവർത്തനമാണെന്ന കാര്യത്തിൽ സംശയമില്ല. അങ്കണവാടികളിൽ വരുന്ന കൊച്ചു കുട്ടികളെ കൈകാര്യം ചെയ്യുന്ന വർക്കർ, ഹെൽപ്പർ എന്നിവരുടെ ജോലി വളരെ ബുദ്ധിമുട്ടുള്ളതാണ്. പക്ഷേ, ഇവരുടെ സേവന വേതന വ്യവസ്ഥകൾ അപര്യാപ്തമാണ്. കാലാനുസൃതമായ പരിഷ്കാരം ഇക്കാര്യത്തിൽ ആവശ്യമാണ്. അങ്കൻവാടികൾക്ക് ആവശ്യമായ കെട്ടിടങ്ങൾ പണിയുന്നതിന് ഫലപ്രദമായ പരിപാടികൾ ഇല്ല. സർക്കാരിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ വളരെകുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളൂ.

2. പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഈ വിഭാഗങ്ങൾക്ക് അറിയില്ല. വിവരങ്ങൾ ആവശ്യക്കാർക്ക് എത്തിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

3. കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയങ്ങളിൽ കിട്ടുന്നില്ല.

...ഡിപ്പാർട്ടുമെന്റൽ പരിപാടി എന്നനിലയിൽ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും നിലനിൽക്കുന്നു.

5. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമോ, കളിക്കോപ്പുകളോ, പഠനസഹായികളോ ഇല്ല.

6. അങ്കണവാടികളിൽ ഇംഗ്ലീഷ് മീഡിയത്തിന്റെ അതിപ്രസരം നിലനിൽക്കുന്നു.

7. ഇരുമ്പനത്ത് പറമ്പിൽ 7 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യം ഇല്ല.

8. നാലാം വാർഡിൽ ഏറ്റവും കൂടുതൽ ഹരിജൻ വിദ്യാർത്ഥികൾ പഠിക്കുന്ന അങ്കൻവാടിയുടെ ശോചനീയാവസ്ഥ നിലനിൽക്കുന്നു.

9. അവശ ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കാൻ സർക്കാർ നൽകിയ വായ്പാ കുടിശിഖയ്ക്കുമേൽ ജപ്തി.

10. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം തുടങ്ങണം.

## സാദ്ധ്യതകൾ

1. IRDP ആനുകൂല്യം അർഹരായവർക്ക് സമയബന്ധിതമായി നൽകി പൂർത്തിയാക്കുക.

2. D.W. CRA. യൂണിറ്റുകൾ 9 വാർഡിലും സ്ഥാപിക്കുക.

3. ട്രൈസം പരിപാടികളുടെ സാധ്യതകൾ ഗ്രാമസഭകളിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

4. പരിശീലനം കഴിഞ്ഞവർക്ക് തൊഴിലിൽ ഏർപ്പെടുവാൻ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

5. സാമൂഹ്യക്ഷേമ വകുപ്പുവഴി വിതരണം ചെയ്യുന്ന സാമ്പത്തിക സഹായ പദ്ധതികളുടെ നിബന്ധനകൾ ഇളവുചെയ്യുക.

6. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിന് ഗ്രാമസഭയുടെ സഹായം ഉപയോഗപ്പെടുത്തുക.

7. സഹകരണ മേഖലയുടെ സഹായത്തോടെ വനിതാ സ്വയം തൊഴിൽ ധനകാര്യ ഏജൻസികൾ ആരംഭിക്കുക.

8. കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ അംഗൻവാടികളിൽവെച്ച് കണ്ടെത്തി അവർക്ക് കഴിവിനനുസരിച്ച വിദ്യാഭ്യാസം കൊടുക്കുന്നതിനാവശ്യമായ സിലബസ്സ് വികസിപ്പിച്ചെടുക്കുക.

9. ഗ്രാമീണ ബാങ്കിംഗ് മാതൃകയിൽ വനിതകൾക്കായുള്ള സ്വയം തൊഴിൽ സംരഭങ്ങൾക്ക് രൂപംനൽകുക.

10. മഹിളാ സമാജങ്ങളേയും അങ്കനവാടികളേയും പരസ്പര പൂരകമായി പ്രവർത്തിപ്പിക്കുക.

# VIII സംസ്കാരം

കാർഷീക പ്രധാനമായ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ജനതയുടെ സാംസ്കാരിക പൈതൃകമാണ് നമ്മുടെ രാജ്യത്തിന് അവകാശപ്പെടാനുള്ളത്. തിരുവാങ്കുളം ഗ്രാമപഞ്ചായത്തിൻെറ ചരിത്രം കർഷകരുടേയും, കർഷക തൊഴിലാളികളുടേയും, കലയും സാംസ്കാരവും കാത്തു സൂക്ഷിച്ച നാട്ടുരാജാക്കൻമാരുടേയും, നാട്ടുരാജാക്കൻമാരുടെ പടയാളികളായും, കാര്യസ്ഥൻ മാരായും ഭൂമിയുടേയും സ്വത്തിൻെറയും മേൽനോട്ടവും സുരക്ഷയും കാത്ത കരനായകൻമാരുടേയും സംഭാവനകളായി ഇഴചേർന്നു കിടക്കുന്നു.

കളരിയിൽ നിന്നുയർന്ന വാൾ ചിലമ്പലുകളും പാടശേഖരങ്ങളിൽ നിന്നുയർന്ന ഞാറ്റുപാട്ടും കേട്ടുകൊണ്ടാണ് പഴയ തലമുറ വളർന്നത്. അതുകൊണ്ടു തന്നെയാണ് ദേശീയ സ്വാതന്ത്ര്യസമരാഹ്വാനം നെഞ്ചിലേറ്റു വാങ്ങി ഇന്ത്യൻ നാഷണൽ ആർമിയിലും (INA) സ്വാതന്ത്ര്യസമര പഥങ്ങളിലും വീരേതിഹാസം രചിക്കാൻ കഴിഞ്ഞ സ്വാതന്ത്ര്യസമര നായകൻമാർക്ക് ജന്മം നൽകുവാനുള്ള ഭാഗ്യം തിരുവാങ്കുളത്തിനുണ്ടായത്.

കാവും കുളങ്ങളും സംരക്ഷിച്ചുകൊണ്ട് തങ്ങളുടെ ആധിയും വ്യാധിയുമകറ്റിയിരുന്ന ജനതതി അമ്പലങ്ങൾ സ്ഥാപിച്ചുകൊണ്ട് തങ്ങളുടെ ആരാധനാ ക്രമം വിപുലപ്പെടുത്തി; തൃക്കത്ര ശിവക്ഷേത്രം, വെട്ടിക്കാവ് ഭഗവതി ക്ഷേത്രം, മകളിയം രാമക്ഷേത്രം, പെരുന്നിനാകുളം ശിവക്ഷേത്രം, SNDP ശ്രീ മുരുക ക്ഷേത്രം, തിരുവാങ്കുളം ശിവക്ഷേത്രം, പെരുന്നിനാകുളം ശ്രീകൃഷ്ണ ക്ഷേത്രം തുടങ്ങി നൂറ്റാണ്ടുകൾ പഴക്കമുള്ളതും, മാരിയമ്മ, വള്ളിക്കാവിലമ്മ, തുടങ്ങിയ കാവുകളും കൊണ്ട് അനുഗ്രഹീതമായ ആരാധനാ പാരമ്പര്യം തിരുവാങ്കുളത്തിനുണ്ട്. ക്ഷേത്ര ദർശനം വിലക്കപ്പെട്ട അധഃസ്ഥിതർ കാവിലും പതിയിലും ജന്മങ്ങളിലും തങ്ങളുടെ വ്യഥകൾ ഇറക്കിവച്ചു വയൽത്തൂരും, കുന്നത്തുകുളങ്ങരയും, കടമാനുരുത്തി, നാലുകണ്ടം, മാടപ്പാട്ട് ഭദ്രാ ക്ഷേത്രവുമെല്ലാം ആരാധനയിലും ആഘോഷങ്ങളിലും ഇന്നും ജന സഹസ്രങ്ങളുടെ കൂട്ടായ്മ വെളിപ്പെടുത്തുന്നു.

AD 722 -ൽ ക്രിസ്തു സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് കരിങ്ങാച്ചിറ പള്ളി സ്ഥാപിതമായി പള്ളിയുടെ പടിഞ്ഞാറു ഭാഗത്തു കൂടി ഒഴുകുന്ന പുഴയ്ക്ക് ഇരു കരകളേയും ബന്ധിപ്പിച്ചുകൊണ്ട് കരിങ്ങാലി കൊണ്ട് ഒരു ചിറയുണ്ടായിരുന്നു. ആയതിനാൽ ഈ പ്രദേശത്തിനു കരിങ്ങാലിചിറ എന്ന പേരുണ്ടായി, കാലക്രമത്തിൽ കരിങ്ങാലിച്ചിറ കരിങ്ങാച്ചിറയായി മാറി. കരിങ്ങാച്ചിറ പള്ളിയിൽ വൃശ്ചികം 20 ന് തമുക്ക് പെരുന്നാളിനും മേടം 24 ന് നേർച്ചപ്പെരുന്നാളിനും ജാതിമത ഭേദമന്യേ എല്ലാവരും പങ്കെടുക്കുന്നു. കൂടാതെ ആറ് കത്തോലിക്കാ പള്ളികളും ഒരു മാർത്തോമാ പള്ളിയും രണ്ട് പെന്തക്കോസ്റ്റൽ ആരാധനാലയവും അവരുടെ ആഘോഷങ്ങളും ഉണ്ട്. ഉൽസവങ്ങളും, പെരുന്നാളുകളും ജനകീയ സമിതികൾ വഴി നടത്തപ്പെടുന്ന രീതിയാണ് നിലവിലുള്ളത്.

കേരളീയരുടെ ദേശീയ ഉത്സവമായ തിരുവോണത്തിന് നാന്ദികുറിച്ചുകൊണ്ടുള്ള അത്തം ഘോഷയാത്ര നമ്മുടെ മത സൗഹാർദ്ദ പാരമ്പര്യത്തിൻെറ നിദർശനമാണ്. മഹാരാജാവിനോടൊപ്പം കരിങ്ങാച്ചിറ കത്തനാർ, ചെമ്പിലരയൻ, നെട്ടൂർ മരയ്ക്കാർ എന്നിവർ അണിനിരക്കുന്ന കനകകുന്നിൽ നിന്നാരംഭിക്കുന്ന ഘോഷയാത്ര കാണാൻ അയിത്തം നിലനിന്നിരുന്ന കാലത്തുപോലും അധഃസ്ഥിത ജനവിഭാഗങ്ങൾക്കും കൂടി അവസരം നൽകിയിരുന്നു. ചുരുക്കത്തിൽ പ്രബുദ്ധരായ ഒരു സാംസ്കാരികാടിത്തറയിലാണ് തിരുവാങ്കുളം പഞ്ചായത്ത് ഇരുപതാം നൂറ്റാണ്ടിൻെറ ഈ അന്ത്യപാദത്തിൽ എത്തിയത്.

## തലയെടുപ്പോടെ

1856 ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 1956 വരെ മാറിമാറി രാജാക്കന്മാരുടെ മേൽനോട്ടത്തിൽ പടുത്തുയർത്തിയ ഹിൽപ്പാലസ് കൊച്ചി രാജവംശത്തിൻെറ ആസ്ഥാനമായിരുന്നു. ഐക്യ കേരള തമ്പുരാൻ എന്ന പേരിൽ അറിയപ്പെടുന്ന കേരള വർമ്മ തമ്പുരാൻ 1948-49 കാലഘട്ടത്തിൽ കേരളസംസ്ഥാന രൂപീകരണത്തിന് സഹകരിക്കുകയുണ്ടായി.

1932 മുതൽ കൊച്ചി രാജാവിൻെറ ഔദ്യോഗിക വസതിയായിരുന്നു ഈ ആസ്ഥാനം. 1964 വരെ അത്തം ഘോഷയാത്രയുടെ തുടക്കം ഇവിടെ നിന്നായിരുന്നു. 1971 മുതൽ 1981 വരെ കൊച്ചി യൂണിവേഴ്സിറ്റി ആസ്ഥാനമായും അതിനുശേഷം പുരാവസ്തു മ്യൂസിയമാക്കുകയും ചെയ്തു. ഹിൽപാലസിന് അവഗണനയുടെ അനേകം കഥകൾ പറയാനുണ്ട്. 1993 വരെ ഹിൽപാലസിലുള്ള മഹാരാജാവിൻെറ സമാധിസ്ഥലത്തു നിന്നും അത്താഘോഷത്തിനുള്ള കൊടി അത്ലറ്റുകൾക്ക് കൈമാറിയിരുന്നത്. തിരുവാങ്കുളം പഞ്ചായത്ത് പ്രസിഡൻറായിരുന്നുവെന്നത് നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരിക പൈതൃകം വിളിച്ചോതുന്നു. പക്ഷെ 1993 ന് ശേഷം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി അത് സൗകര്യപൂർവ്വം മറക്കുകയാണുണ്ടായത്. മഹാരാജാവിൻെറ ആസ്ഥാനമായ ഹിൽപാലസിൽ നിന്നാരംഭിച്ചിരുന്ന അത്തം ഘോഷയാത്ര പിൽകാലത്ത് പിൻമുറക്കാർ താമസിക്കുന്ന തൃപ്പൂണിത്തുറയിൽമാത്രമായി ഒതുക്കിയതു പോലെ, അത്താഘോഷത്തിൻെറ തനിമയും പൊലിമയും കുറയ്ക്കുന്ന മുനിസിപ്പാലിറ്റിയുടെ ഈ നടപടിയും തിരുത്തപ്പെടേണ്ടതുതന്നെ.

30 ഏക്കർ പൂന്തോട്ടവും, 13 ഗാലറികളും മാൻപാർക്ക്, മയിൽ പാർക്ക് തുടങ്ങി ആഭ്യന്തര, വിദേശ ടൂറിസ്റ്റുകൾക്കും, ചരിത്രാന്വേഷികൾക്കും ആനന്ദവും, അറിവും നൽകാൻ കഴിയുന്ന മ്യൂസിയത്തിൽ ആവശ്യത്തിന് ജീവനക്കാരില്ലായ്മ വലിയപ്രശ്നം തന്നെയാണ്. ഏതാണ്ട് 250 ലേറെ സസ്യജനുസ്സുകൾ സംരക്ഷിയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ മന്ദഗതിയാലാണ് പ്ലാനറ്റോറിയം തറക്കല്ലിൽ ഒതുങ്ങുന്നു. 1986 നു ശേഷം കളർ വാഷ് പോലും ചെയ്തിട്ടില്ല.

സംരക്ഷണസാധ്യകൾ വെച്ചുകൊണ്ട് സംരക്ഷിക്കേണ്ട ഈ സ്മാരകത്തിനു വേണ്ടിയുള്ള ആസൂത്രിതമായ നീക്കങ്ങൾ നടത്തുകയാണെങ്കിൽ ഇന്ത്യയുടെ തന്നെ സമ്പത്തിൽ ഇതു ഒരു മുതൽ ക്കൂട്ടായിരിയ്ക്കും. ടൂറിസത്തിനു വേണ്ടിയുള്ള തുക മ്യൂസിയത്തിൻെറ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

## ഗ്രന്ഥശാല പ്രസ്ഥാനം

1920 കളിൽ ആരംഭിച്ച കുരീക്കാട് തിരുവാങ്കുളം പരസ്പര സഹായ സഹകരണ സംഘത്തിൻെറ നേതൃത്വത്തിൽ ആണ് പഞ്ചായത്തിലെ ആദ്യ വായനശാലക്ക് തുടക്കം കുറിക്കുന്നത്. തിരുവാങ്കുളം ഗ്രാമീണ വായന ശാല എന്ന പേരിൽ ആരംഭിച്ച് ഏഴ് - എട്ട് പതിറ്റാണ്ടുകൾ പിന്നിട്ട് ഇന്ന് തിരുവാങ്കുളം പഞ്ചായത്തിലെ ഏറ്റവും വലിയ സാംസ്കാരിക സ്ഥാപനമായി തലയെടുപ്പോടെ നിൽക്കുന്നു. 10000 ലേറെ പുസ്തകങ്ങളും സ്വന്തമായ കെട്ടിടവും ഈ എ ഗ്രേഡ് വായന ശാലയ്ക്കുണ്ടെങ്കിലും കണയന്നൂർ താലൂക്കിൽ T.V സെറ്റ് ഇല്ലാത്ത ഏക വായന ശാലയും ഇതാകാം. കൊച്ചി സർവ്വകലാശാലയുടെ സഹായത്തോടെ സയൻസ്കോർണർ പ്രവർത്തനം തുടങ്ങുവാൻ തീരുമാനിച്ചുവെങ്കിലും സാമ്പത്തീക ബുദ്ധിമുട്ടുകൾ പ്രശ്നമാകുന്നു. വായനശാലയോടനുബന്ധിച്ച് ഒരു ഓഡിറ്റോറിയം സ്ഥാപിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഉള്ളതു പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

രക്തദാന സേന, പ്രതിമാസ ചർച്ചാ ക്ലാസ്സുകൾ, നടത്തിയിരുന്ന തിങ്കേഴ്സ് ഫോറം, പ്രവർത്തന നിരതമായ മഹിളാ സമാജം, മഹിളാ സമാജത്തിനു കീഴിൽ നേഴ്സറിസ്ക്കൂൾ, പൊതുജന സങ്കട പരിഹാര സമിതി തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ശ്രദ്ധിക്കപ്പെട്ട ഗ്രാമീണ വായനശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആളും , അർത്ഥവും, ആസൂത്രണവും ആവശ്യമാണ്.

## പബ്ലിക്ക് ലൈബ്രറി ആൻറ് റീഡിംഗ് റൂം, ഇരുമ്പനം

ഇരുമ്പനം പ്രദേശത്ത് 1940 കളിൽ ആരംഭിച്ച പബ്ലിക്ക് ലൈബ്രറി പ്രവർത്തനങ്ങൾ വളരെയധികം മുന്നോട്ടു പോയിരുന്നു. 1956 വരെ നന്നായി പ്രവർത്തിച്ചിരുന്ന ഇതിന് 60 രൂപ സർക്കാർഗ്രാൻറും

പോയെങ്കിലും 1968-നു ശേഷം പബ്ലിക്ക് ലൈബ്രറിയായി പുനർജനിച്ചു. സ്വന്തമായ കെട്ടിടമില്ലാതെ വാടക മുറിയിൽ പ്രവർത്തിച്ച് ജനകീയ സഹകരണത്തോടെ പ്രവർത്തിച്ചിരുന്ന പബ്ളിക്ക് ലൈബ്രറിയെ 1995 പഞ്ചായത്ത് വക ലൈബ്രറിയും വായനശാലയും സാംസ്കാരിക നിലയത്തിൽ തുടങ്ങിയപ്പോൾ അതിൽ ലയിപ്പിക്കുക യുണ്ടായി.

## ഗ്രാമീണ വായനശാല ചിത്രപ്പുഴ

വളരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ചിത്രപ്പുഴ ഗ്രാമീണ വായനശാല ഇന്ന് രോഗ ഗ്രസ്ഥമാണ്. ഏതാനും വർഷം മുമ്പ് വരെ ഗ്രന്ഥശാലസംഘം ഗ്രാൻറ് വാങ്ങിയിരുന്ന ഗ്രാമീണ വായനശാലയ്ക്ക് പ്രവർത്തനങ്ങൾ കാര്യമാക്ഷമ മാക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## സാക്ഷരതാ പ്രവർത്തനങ്ങൾ

നിരക്ഷരത നിർമ്മാർജന പരിപാടികൾ സ്വാതന്ത്ര്യ പൂർവ്വകാലത്തു തന്നെ ഗ്രന്ഥശാല പ്രസ്ഥാനത്തിൻെറ നേതൃത്വത്തിലും, വിവിധ സാംസ്കാരിക, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലും പഞ്ചായത്തിൽ നടന്നിരുന്നു.

നിരക്ഷരരായ അധഃസ്ഥിത ജന വിഭാഗത്തിന് അക്ഷരത്തിൻെറ വെളിച്ചം നൽകാൻ, കർഷക തൊഴിലാളിയൂണിയൻ, സമസ്ത കൊച്ചിപുലയ മഹാസഭ എന്നിവയുടെ നേതൃത്വത്തിൽ കാര്യക്ഷമ മായി പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1978 മുതൽ ദേശീയ വയോജന വിദ്യാഭ്യാസ പരിപാടിയും 1988-ലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞവും ഈ രംഗത്ത് വ്യക്തമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1988-89 ലെ സമ്പൂർണ്ണ സാക്ഷരതാ പരിപാടി നടക്കുമ്പോൾ പഞ്ചായത്തിൽ ഉണ്ടായിരുന്ന 916 നിരക്ഷരരേയും സാക്ഷരരാക്കാൻ വേണ്ടി പ്രവർത്തിച്ച നൂറിലേറെ യുവതീയുവാക്കളും ഗ്രാമപഞ്ചായത്ത് പ്രതിനിധി കളും, ഉദ്യോഗസ്ഥ സുഹൃത്തുക്കളും അടങ്ങിയ വലിയ ഒരു കർമ്മ സമിതി ഉൽസവത്തിൻെറ ഉൽസാഹത്തോടുകുടി ഒരുമയോടെ പ്രവർത്തിച്ചു.

## ദിനപത്രങ്ങളും വാരികകളും

6000-ത്തോളം വീടുകളിലായി 3519 ദിനപത്രങ്ങളും 2250 വാരികകളും പഞ്ചായത്തിൽ ഉണ്ട്.

| പേര് | ദിനപത്രം | വാരിക /മാസിക |
|---|---|---|
| മലയാളമനോരമ | 1578 | 1500 |
| മാതൃഭൂമി | 900 | 100 |
| ദേശാഭിമാനി | 300 | 50 |
| കേരള കൗമുദി | 100 | |
| മംഗളം | 100 | 600 |
| ദീപിക | 60 | |
| മാധ്യമം | 6 | |
| The Hindu | 175 | |
| Indian Express | 300 | |

## ക്ലബുകൾ, കലാസമിതികൾ

1950 കളിൽ തിരുവാങ്കുളം പുരോഗമനകലാ സമിതിയുടെ ഭാഗമായി നാടകസംഘം, ചർച്ചാ ക്ലാസ്സുകൾ, വാദ്യോപകരണ പഠനം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സർവ്വ ശ്രീ. സി. വി. ഔസേഫ്, ഞാളിയത്ത് പൗലോസ് എന്നിവരുടെ നേതൃത്വത്തിൽ തിരുവാങ്കുളം പുരോഗമനകലാസമിതിയുടെ നാടകങ്ങൾ മറ്റു സ്ഥലങ്ങളിൽ പോലും അവതരിപ്പിച്ചിരുന്നു.

1950 കളുടെ അവസാനത്തിൽ ഇരുമ്പനം കേന്ദ്രമാക്കി ശ്രീ. കെ. ഭാസ്കരൻെറ നേതൃത്വത്തിൽ ആരംഭിച്ച ജനത ആർട്ട്സ് ക്ലബ് കലാ സാംസ്കാരിക വിദ്യാഭ്യാസപരിപാടികൾ നടത്തിയിരുന്നു. തദ്ദേശീയരായ കലാകാരൻമാർക്ക് പ്രോത്സാഹനം നൽകി കൊണ്ട് പ്രവർത്തിച്ച ജനതയുടെ നേതൃത്വത്തിലാണ് ഇരുമ്പനം പബ്ലിക്ക് ലൈബ്രറി ആൻറ് റീഡിംഗ് റൂം ആരംഭിച്ചത്. എന്നാൽ ഇന്ന് ഈ ക്ലബ് പ്രവർത്തിക്കുന്നില്ല.

1970 കളുടെ അവസാനം മുതൽ ഗ്രാമീണ കലാ കായിക പ്രോത്സാഹനത്തിനായി ഏതാണ്ട് 75 ലേറെ ക്ലബുകൾ നമ്മുടെ പഞ്ചായത്തിനകത്ത് പ്രവർത്തിച്ചു വരുന്നു. റെഡ് സ്റ്റാർ നാടക സംഘം, വിന്നേഴ്സ് ക്ലബ്ബ്, നിസ്റ്റ്, കാസ്ക്, ഐ.പി. എം, അമാസ്ക്, നവജീവൻ, ദീപം, നൈൽസ്, ചിത്രാഞ്ജലി, ടാഗോർ, തുടങ്ങിയ കലാകായിക സമിതികൾ

പലതും ഇല്ലാതാവുകയോ- കേവലം വാർഷീക ആഘോഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയോ ചെയ്യുന്നു. വിന്നേഴ്സ് (തിരുവാങ്കുളം) അടുത്തകാലം വരെ നടത്തിയിരുന്ന നാടൻ പന്തുകളി മത്സരവും ആർ. സി. സി (തിരുവാങ്കുളം) വർഷാവർഷം നടത്തി വരുന്ന വോളിബോൾ ടൂർണമെൻറ് പ്രത്യേകം എടുത്തു പറയേണ്ടവയാണെങ്കിലും ഗ്രാമീണ കലാകായിക, സാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ പിൻബലത്തോടുകൂടി പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു.

## സന്നദ്ധ സാംസ്കാരിക പ്രവർത്തനങ്ങൾ

1962 മുതൽ പ്രവർത്തിക്കുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ അരംഭിക്കുന്നത് 1970 കളിൽ ആണ്. ശാസ്ത്ര കലാജാഥകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, വിജ്ഞാനോത്സവങ്ങൾ, ബാലവേദി, ആരോഗ്യ പ്രവർത്തനങ്ങൾ, പരിസ്ഥിതി, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ. വികേന്ദ്രീകൃത, വികസന കാമ്പ്യയിൻ പരിപാടികൾ, സാക്ഷരതാ പരിപാടി തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്ന ശാസ്ത്ര സാഹിത്യ പരിഷത് പഞ്ചായത്തിൽ ഒരുപാട് സംഭാവനകൾ നൽകിയിട്ടുണ്ട്.

മഹാത്മ കൾചറൽ ഫോറം പ്രവർത്തനങ്ങൾ, നെഹ്റു യുവക് കേന്ദ്രയുടെ സന്ദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ എത്തിക്കുന്നു, മഹാത്മ ബാലവേദി, കംപ്യൂട്ടർ പഠന സഹായം, സാക്ഷരതാ പരിപാടിയിലെ പങ്കാളിത്തം എന്നിവ വഴി മഹാത്മകൾച്ചറൽ ഫോറം നമ്മുടെ സാംസ്കാരിക, വിദ്യാഭ്യാസ രംഗത്തു ശക്തമായ പിന്തുണ നൽകുന്നു.

ജനശക്തിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ട് ഒരു വർഷക്കാലം മാത്രമേ ആയിട്ടുള്ളു എങ്കിലും രക്തദാന സേന, നേത്രദാന കാംപെയിൻ എന്നിവയിലൂടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി വരുന്നത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണകരമാണ്.

## രക്തദാനം മഹാദാനം, നേത്രദാനം പുനർജന്മം

തിരുവാങ്കുളം ഗ്രാമീണ വായനശാല, മഹാത്മ കൾച്ചറൽ ഫോറം, ജനശക്തി, കാസ്ക്, N.S.S, തിരുവാങ്കുളം D.Y.F.I., യൂത്ത് കോൺഗ്രസ്സ് തുടങ്ങിയ പ്രസ്ഥാനങ്ങൾ രക്തദാന, നേത്രദാന കാമ്പ്യയിന് ട്ടുണ്ട്, ഈ സന്ദേശം മുഴുവൻ ജനങ്ങളിലും എത്തിയ്ക്കാനും പഞ്ചായത്തുതലത്തിൽ രക്തദാന, നേത്ര ദാന സന്നദ്ധരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കുവാനും തയ്യാറാകേണ്ടതാണ്.

## ഉത്സവങ്ങൾ ആഘോഷങ്ങൾ

തിരുവോണം മുതൽ കർക്കിടകവാവു വരെ നീളുന്ന കേരളീയരുടെ ഉൽസവാഘോഷങ്ങളും, പ്രാദേശിക ദേവാലയങ്ങളിലെ ഉൽസവങ്ങളും, പെരുന്നാളുകളും ഉൾപ്പെടെ പഞ്ചായത്തിലെ വിവിധ ജാതിമത സമുദായങ്ങൾക്ക് വ്യത്യസ്ഥമായ ആഘോഷങ്ങൾ ഉണ്ടെങ്കിലും, ഒരുമയോടെ വിവിധ ആഘോഷങ്ങളിൽ പങ്കു ചേരുന്ന ഒരു സാംസ്കാരിക സമന്വയം നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് പലയിടങ്ങളിലും വർഗ്ഗീയാ സ്വാസ്ഥ്യങ്ങൾ തലപൊക്കിയപ്പോഴും ഒരുപക്ഷേ ഈ സമന്വയം കൊണ്ടായിരിക്കാം നമ്മുടെ പഞ്ചായത്തിൽ അവ ബാധിച്ചിട്ടേയില്ല.

എങ്കിൽ പോലും, വർദ്ധിച്ചു വരുന്ന ഉപഭോഗ സംസ്കാരം, സാമൂഹ്യ പ്രവർത്തനത്തിനുള്ള ഇച്ഛയില്ലായ്മ, വെള്ളക്കോളർ മനോഭാവം. ആൻറിന ചുവട്ടിൽ തെളിയുന്ന ചിത്രങ്ങളോടുള്ള ആസക്തി, വായനശീലത്തിൽ കുറവ്, തുടങ്ങി വിവിധ തലങ്ങളിലൂടെ നമ്മുടെ സാംസ്കാരിക പൈതൃകം വെല്ലുവിളികളെ നേരിടുകയാണ്. സ്ത്രീകൾക്കു നേരെയുള്ള കടന്നാക്രമണങ്ങൾ, അശ്ലീല ചിത്രങ്ങളുടെയും പോസ്റ്ററുകളുടെയും പ്രദർശനം തുടങ്ങി വിവിധ പുഴുക്കുത്തുകൾ നമ്മുടെ സാംസ്കാരിക രംഗത്തുണ്ട്. അതുകൊണ്ട് തന്നെയാകാം വിദ്യാസമ്പന്നകളെങ്കിലും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ത്രീകളുടെ പങ്കാളിത്തകുറവ് അനുഭവപ്പെടുന്നത്.

## സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളുടെ സാമ്പത്തിക ഞെരുക്കം.
2. വായനാശീലത്തിൽ വന്നിരിക്കുന്ന വ്യതിയാനങ്ങൾ.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം.
4. പൊതുവിൽ വായനാശാലാ പ്രവർത്തനത്തിനും, ക്ലബ് പ്രവർത്തനങ്ങൾക്കും, മറ്റ് സന്നദ്ധ പ്രവർത്തനങ്ങൾക്കും ചെറുപ്പക്കാരുടെ ഇടയിൽ വളർന്നുവരുന്ന വിമുഖത.

6. വിനോദ സൗകര്യങ്ങളുടെ കുറവ്.

7. മ്യൂസിയത്തിൻെറ പ്രവർത്തന വിപുലീകരണ ത്തിനുള്ള തടസങ്ങൾ.

8. അന്യം നിന്നു പോകുന്ന നാടൻ കലാരൂപങ്ങൾ.

9. ബോധവൽക്കരണ - ചർച്ചാക്ലാസ്സുകളുടെ കുറവ്.

10. വർദ്ധിച്ചുവരുന്ന മദ്യപാന പ്രവണത.

## ഗ്രാമസഭകളിൽ ഉയർന്ന നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ വിപുലമാക്കുക.

2. കലാ-കായിക സംരംഭങ്ങൾ പ്രോത്സാഹി പ്പിക്കുക.

3. ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചായത്തു തലത്തിൽ സഹകരണം വേണം.

4. കമ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

5. നാടൻ കലകൾ സംരക്ഷിച്ച് പ്രോത്സാഹിപ്പി ക്കണം.

6. വായനശാലയിൽ കൂടുതൽ പുസ്തകം ശേഖരിക്കണം.

7. പഞ്ചായത്തു വായനശാലക്കു ജനകീയ കമ്മിറ്റിയുണ്ടാകണം.

8. ഐതീഹ്യങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക.

9. മ്യൂസിയത്തോടനുബന്ധിച്ച് പാർക്ക് സ്ഥാപി ക്കുക.

10. ഗ്രന്ഥശാലകളിൽ നിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിക്കാനുള്ള പ്രവർത്തനം തുടങ്ങുക.

11. പഞ്ചായത്തിൽ ഒരു ചിൽഡ്രൻസ് പാർക്ക് രൂപീകരിക്കുക.

അതിനോടനുബന്ധിച്ച് സാംസ്കാരിക നിലയവും കമ്മ്യൂണിറ്റി ഹാളും പണിയുക.

13. ജനകീയ സഹകരണത്തോടെ മ്യൂസിയം വികസന സമിതി രൂപീകരിച്ച് മ്യസിയ സംരക്ഷണ, വികസന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

14. മ്യൂസിയത്തോടനുബന്ധിച്ച്, പുരാവസ്തു, സംസ്കൃതം, കലാ ഗവേഷണ പ്രവർത്തനങ്ങൾ ക്കു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം.

15. ബൊട്ടാണിക്കൽ ഗാർഡൻ, അക്വേറിയം, ചിൽഡ്രൻസ് പാർക്ക് എന്നിവ മ്യൂസിയത്തോട നുബന്ധിച്ച് ഉണ്ടാക്കുക.

16. പ്ലാനിറ്റോറിയം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുക.

17. ചിത്രപ്പുഴ ഗ്രാമീണ വായനശാലയുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഇടപെട്ട് കാര്യക്ഷമമാക്കുക.

18. ലൈബ്രറികളിൽ, ഉന്നത വിദ്യാഭ്യാസം, ഉന്നത തൊഴിൽ സാധ്യതകൾ ലക്ഷ്യമാക്കി ഫെറൻസ് വിഭാഗം ഉണ്ടാക്കുക.

19. കമ്പിവേലിക്കകം, പെരിങ്ങാട്ടുമൂല, തിരുവാങ്കുളം ജംഗ്ഷൻ എന്നിവിടങ്ങളിൽ T.V. സ്ഥാപിക്കുക.

20. തിരുവാങ്കുളം ഗ്രാമീണ വായനശാലയിൽ T.V. സെറ്റ്, സയൻസ് കോർണർ, ഓഡിറ്റോറിയം എന്നിവക്ക് ധനസഹായം നൽകുക.

21. വായന ശാലകളും, ക്ലബ്ബുകളും, മറ്റു സന്നദ്ധ സംഘടനകളും, കൂടുതൽ ബോധവൽക്കരണ ക്ലാസുകളും, ചർച്ചകളും സംഘടപ്പിക്കാൻ മുൻകൈ എടുക്കുക.

22. പഞ്ചായത്തുതലത്തിൽ മദ്യവിരുദ്ധ പ്രചാരണ ങ്ങൾ മറ്റു സംഘടനകൾ വഴി ഏകോപിപ്പിച്ച് നടത്തുക.

# IX. വനിത

പാതിയാകാശവും പാതിഭൂമിയും അവകാശപ്പെട്ടവരെങ്കിലും അവഗണനയും അവശതയും ഏറ്റവും കൂടുതൽ അഭിമുഖീകരിയ്ക്കുന്നത് ഇന്നും സ്ത്രീകളാണ്. രാഷ്ട്ര നിർമ്മാണ പ്രവർത്തനരംഗത്ത് പുരുഷനോടൊപ്പം നിന്ന് തന്റെ കർമ്മശേഷി വിനിയോഗിക്കാൻ കഴിവുള്ളവരാക്കി വനിതകളെ ഉയർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തം വരാനിരിക്കുന്ന നാളുകളിൽ ഏറ്റെടുത്തുകൊണ്ടേ നമുക്കു മുന്നോട്ടു പോകുവാൻ കഴിയൂ.

എന്നാൽ സ്ത്രീകളുടെ വികസനം ഒറ്റപ്പെട്ട ചില പദ്ധതികളിൽ കൂടി നേടിയെടുക്കാൻ കഴിയുമെന്നത് വ്യാമോഹം മാത്രമാണ്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് മെച്ചപ്പെട്ട സാമൂഹിക പദവി നേടിക്കൊടുക്കുന്നതിനുള്ള സമഗ്രമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ബോധപൂർവ്വമായ ശ്രമം നടത്തിയാൽ മാത്രമെ ഇതിന് സാധ്യതയുള്ളൂ. കേവല സാമ്പത്തിക വരുമാന വർദ്ധനവ് മാത്രമല്ല സാമൂഹ്യവും സാസ്കാരികവുമായ ഉന്നമനം ലാക്കാക്കിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് ഉണ്ടാകേണ്ടത്.

സാക്ഷരതയിലും ആരോഗ്യ പരിരക്ഷയിലും അസൂയാവഹമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക പദവിയിൽ ദേശീയ തലത്തിൽ നാം വളരെ പിന്നിലാണ്. സാമൂഹ്യപദവിയുടെ വിവിധ തലങ്ങൾ പരിശോധിക്കുമ്പോഴും സ്ഥിതിയിൽ മാറ്റമൊന്നുമില്ല. വരുമാനമുള്ള തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് വളരെ വലുതാണ്. ദേശീയ ശരാശരിയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22.73% ശതമാനം ആണെങ്കിൽ കേരളത്തിലേത് 15.85% മാത്രമാണ്. എന്നാൽ കേരളത്തിലെ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 47.58% ആണ്.

സാധാരണ ഗതിയിൽ വിദ്യാഭ്യാസ നിലവാരമുയരുകയും ജനനനിരക്ക് താഴുകയും ചെയ്തതിന്റെ ഫലമായി കുട്ടികളുടെ പരിചരണ ഭാരം കുറയുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയരേണ്ടതായിരുന്നു. എന്നാൽ അത്തരം ഒരു മുന്നേറ്റം ഉണ്ടായില്ല എന്നത് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

തൊഴിലില്ലായ്മ, അനാരോഗ്യം മലിനീകരണം സാമൂഹ്യവിരുദ്ധ സംഘങ്ങളുടെ ചൂഷണം എന്നിങ്ങനെ ദുരിതങ്ങൾ ഏറിവരികയാണ്. ഓരോ വർഷം കഴിയുംതോറും സ്ത്രീ കുടുംബനാഥകളായുള്ള വീടുകളുടെ എണ്ണം കൂടിക്കൂടിവരികയാണ്. അഭ്യസ്ഥവിദ്യർപോലും പൊതുരംഗത്തുനിന്നും അകന്നു നിൽക്കുന്നു. സംഘടിത തൊഴിൽ മേഖലയിലെ സംഘടന പ്രവർത്തനങ്ങളിൽപോലും പങ്കെടുക്കുവാൻ വളരെ കുറച്ചു സ്ത്രീകൾ മാത്രമെ തയ്യാറാകുന്നുള്ളൂ.

സ്ത്രീകളുടെ രാഷ്ട്രീയ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും പുരുഷനുമായി ചേർന്ന് കൂട്ടായ പ്രവർത്തനം വിപുലപ്പെടുത്തുവാനും സാമൂഹ്യപദവി ഉയർത്താനും സഹായമായ പുതിയ അവസരങ്ങളെ ഫലപ്രദമായി വിനിയോഗിച്ച് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം.

കേരളത്തിലെ സ്ത്രീപുരുഷ അനുപാതം നമ്മുടെ പഞ്ചായത്തിലും സമാനമാണ്. പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിലുള്ളതും 1000 പുരുഷന്മാർക്ക് 1006 എന്ന തോതിൽ. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഒൻപത് ഗ്രാമസഭകളായി മൊത്തം പങ്കെടുത്തവരുടെ 21.4% മാത്രമാണ് വനിതാ പ്രാതിനിധ്യം ഉണ്ടായത്.

പഞ്ചായത്തിലെ വരുമാനമുള്ള തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും അസംഘടിത മേഖലയിലാണ്. ഇവിടെയാണ് സേവന വേതനവ്യവസ്ഥയിൽ വ്യക്തമായ വിവേചനം നിലനിൽക്കുന്നതും. സ്ത്രീപുരുഷൻമാർ തമ്മിൽ ഏകദേശം 40 രൂപയുടെ അന്തരം ദിവസകൂലിയിനത്തിൽ തന്നെയുണ്ട്. കാർഷിക മേഖലയുടെ മുരടിപ്പ് കാർഷിക മേഖല പണിയെടുത്തിരുന്നവരുടെ തൊഴിൽ സാദ്ധ്യതകൾ ഇല്ലാതായി അതുകൊണ്ടുതന്നെ ടി മേഖലയിലുണ്ടായ തൊഴിലാളികളിൽ ഭൂരിപക്ഷവും കെട്ടിട നിർമ്മാണ തൊഴിലിലേക്ക് ചേക്കേറിയിരിക്കയാണ്.

അസംഘടിത മേഖലയിലാണെങ്കിലും സംഘടിത മേഖലയിലായും സ്ത്രീകളുടെ തൊഴിൽ സമയം പുരുഷന്മാരേക്കാൾ കൂടുതലാണ് – വരുമാനമുള്ള തൊഴിലും വീട്ടുജോലി ഭാരവും കൂടിയാകുമ്പോൾ ഒരു വീട്ടമ്മ ദിവസത്തിന്റെ 3–ൽ 2 സമയവും അധ്വാനരംഗത്താണ്.

## സാമൂഹ്യരംഗം

വിദ്യാഭ്യാസനിലവാരത്തിലുള്ള ഉയർച്ചയ്ക്ക് അനുസരിച്ച് സാമൂഹ്യപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടാകുന്നില്ല. അജ്ഞത, താൽപര്യക്കുറവ്, ഗൃഹജോലിഭാരം മൂലമുള്ള സമയകുറവ് ദൂരദർശന്റെ അതിപ്രസരം, ലജ്ജ, അപമാനഭയം പുരുഷന്മാരുടെ പ്രോത്സാഹനക്കുറവ് മതപരമായ വിലക്ക് മുതലായ പ്രശ്നങ്ങളാണ് സാമൂഹ്യരംഗത്തെ ഈ അദൃശ്യതയ്ക്ക് കാരണമായി വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളത്. എന്നാൽ സംഘടിത ശ്രമങ്ങളിലൂടെ ഇതിന് മാറ്റം വരുത്തുവാൻ കഴിയുമെന്നാണ് മുൻ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. അംഗനവാടികളോട് അനുബന്ധിച്ച് പതിമൂന്ന് മഹിളാസമാജങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## ആരോഗ്യരംഗം

വ്യവസായ മേഖലയുടെ സമീപത്തുള്ള പഞ്ചായത്ത് എന്ന നിലയിൽ മലിനീകരണം മൂലമുള്ള രോഗങ്ങൾ കൂടുതലായി കാണുന്നു. അന്തരീക്ഷമലിനീകരണവും അടുക്കളയിൽ നിന്നും പുകശല്യവും അധ്വാനഭാരവും മൂലം പഞ്ചായത്തിലുള്ള വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി എത്തുന്നതിൽ ഭൂരിപക്ഷവും സ്ത്രീകളാണ്.

കുറഞ്ഞ ശിശുമരണനിരക്ക് കൂടിയ ആയുർദൈർഘ്യം, ഉയർന്ന സാക്ഷരതാ നിലവാരം എന്നിട്ടും രോഗാതുരത കൂടുതൽ സ്ത്രീകളിലാണ്. സാമൂഹ്യക്ഷേമ ആരോഗ്യ പ്രവർത്തനങ്ങളുടെ ശൃംഖലയിൽപ്പെടുത്തിക്കൊണ്ട് പുതിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ആരോഗ്യസേവന പ്രവർത്തനങ്ങളിൽ അങ്കണവാടിയുമായി ബന്ധപ്പെട്ട മഹിളാ സമാജങ്ങളുടെ

രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

## സാമ്പത്തിക രംഗം

സാമ്പത്തിക പ്രശ്നങ്ങൾ കൂടുതലായി അനുഭവപ്പെടുന്നത് അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളാണ്. കൂലിനിരക്കിലുള്ള അന്തരം ഈ മേഖലയിൽ ശക്തമായി അനുഭവപ്പെടുന്നുണ്ട്. ഉദ്യോഗസ്ഥകളല്ലാത്ത വീട്ടമ്മമാർക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനുള്ള പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിലെ 500-ഓളം കുടുംബങ്ങൾ കുടുംബനാഥകളാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. അതുകൊണ്ടുതന്നെ അത്തരം കുടുംബങ്ങൾക്ക് ആവശ്യമായ പരിരക്ഷ നൽകുന്നതിനുള്ള പരിപാടികൾ ഉണ്ടാകേണ്ടതുണ്ട്.

## സാംസ്കാരിക രംഗം

സാംസ്കാരിക രംഗത്തെ കടന്നാക്രമണം ഏറ്റവും കൂടുതൽ ഭീതിയിലാഴ്ത്തുന്നത് സ്ത്രീകളേയാണ്. കച്ചവട, ലാഭ താൽപര്യങ്ങളുടെ ഭാഗമായി സ്ത്രീകളെ ചൂഷണം ചെയ്യുന്നത് കൂടി കൂടിവരുന്നു. അതോടൊപ്പം തന്നെ ടി.വി.പരിപാടികളിൽ കുടുങ്ങിയും പൈങ്കിളി സാഹിത്യത്തിന് അടിമപ്പെട്ടും ഇന്ന് നമ്മുടെ ഭൂരിപക്ഷം വനിതകളും കഴിയുകയാണ്. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം കുറയുന്നതിന് ഇത് കാരണമാകുന്നു. അതോടൊപ്പം വർദ്ധിച്ചുവരുന്ന അശ്ലീല സിനിമയും. അശ്ലീലപോസ്റ്ററുകളും നമ്മുടെ സാംസ്കാരിക മേഖലയിലെ പുഴുകുത്തുകളായി തീർന്നിരിക്കുന്നു.

വിവിധങ്ങളായ പ്രശ്നങ്ങളുടെ നൂലാമാലയിൽ കുടുങ്ങി സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിന് ആത്മവിശ്വാസം നഷ്ടപ്പെട്ട് കഴിയുന്ന സ്ത്രീകളെ ആത്മവിശ്വാസം വീണ്ടെടുത്ത് പൊതുരംഗത്ത് എത്തിയ്ക്കേണ്ട ധീരമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിയ്ക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം കുടുംബത്തിലെ ജോലികൾ സ്ത്രീകൾ മാത്രമാണ് ചെയ്യേണ്ടതെന്നും അത് അവരുടെ മാത്രം ഉത്തരവാദിത്വവും മാത്രമാണെന്ന ധാരണയ്ക്കെതിരെ പുരുഷന്മാരെ ബോധവൽക്കരിയ്ക്കേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ വേണ്ടിവരുന്ന, അടുപ്പ്, വിറക് സംഭരണം, കുടിവെള്ളം, ശിശു പരിചരണം, അടുക്കളത്തോട്ടം എന്നിങ്ങനെയുള്ള കാര്യങ്ങൾ സ്ത്രീകൾക്കായി മാറ്റിവെയ്ക്കുകയും ബാക്കിയുള്ളതെല്ലാം പുരുഷൻമാർക്ക് വിടുന്ന പ്രവണതയ്ക്കെതിരെ ജാഗ്രത പാലിയ്ക്കേണ്ടതും പ്രവർത്തന മേഖലകളിൽ ഒന്നുപോലും സ്ത്രീകൾക്ക് അന്യമല്ലെന്നും പുരുഷനോടൊപ്പം ഇത്തരം രംഗങ്ങളിൽ ഇടപെടാൻ കഴിവുള്ളവരാണെന്നും, അവകാശമുള്ളവരാണെന്നുമുള്ള വിശ്വാസം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സ്ത്രീകൾ കൂടുതലായി പൊതുരംഗത്തു വരുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
2. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
3. സ്ത്രീധന സമ്പ്രദായത്തിനെതിരെയുള്ള ബോധവൽക്കരണം നടത്തുക.
4. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന സിനിമകളും പോസ്റ്ററുകളും തടയുക.
5. ... വശ്യമായ പരിപാടികൾ ഉണ്ടാക്കുക.
6. തൊഴിൽ മേഖലയിലെ വിവേചനം അവസാനിപ്പിയ്ക്കാനുള്ള നടപടികൾ കൈക്കൊള്ളുക.
7. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വൈവിധ്യമാർന്ന തൊഴിൽ പരിശീലന പരിപാടികളിലൂടെ വരുമാന വർദ്ധനവിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
9. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ രൂക്ഷമായ തൊഴിലില്ലായ്മ
2. സ്ത്രീധന സമ്പ്രദായം
3. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
4. തൊഴിൽ മേഖലയിലെ വിവേചനം
5. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളുടെ അഭാവം
6. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന സിനിമകൾ പോസ്റ്ററുകൾ
7. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമണങ്ങൾ.
8. സ്ത്രീ കുടുംബനാഥകളായുള്ള വീടുകളുടെ ശോചനീയാവസ്ഥ.
9. മഹിളാ സമാജങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനമില്ലായ്മ.
10. നേതൃത്വ പരിശീലനങ്ങളുടെ അഭാവം

## സാധ്യതകൾ

1. തൊഴിൽ രംഗത്തെ വിവേചനത്തിനെതിരായ പ്രചാരണ പ്രവർത്തനങ്ങൾ.
2. സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രീതൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക.
3. പുരയിട കൃഷി (പച്ചക്കറി കൃഷി) വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നേതൃത്വം വനിതകൾക്ക് നൽകുക.
4. സ്ത്രീകൾക്കായുള്ള നേതൃത്വ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.
5. അങ്കണവാടികളുടെ പ്രവർത്തനങ്ങൾ വാർഡ് മെമ്പറുടെ നേതൃത്വത്തിലുള്ള ജനകീയസമിതിവഴി കാര്യക്ഷമമാക്കുക.
6. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ വൈവിധ്യങ്ങൾ കൊണ്ടുവരിക.
7. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
8. സ്ത്രീ കുടുംബനാഥകളായുള്ള കുടംബങ്ങൾക്കായിട്ടുള്ള പ്രത്യേക സംരക്ഷണ പരിപാടികൾ.
9. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
10. സ്ത്രീധന സമ്പ്രദായത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക.
11. അശ്ലീല സിനിമ, പോസ്റ്റർ എന്നിവയ്ക്കെതിരായുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
12. ഡേ കെയർ പഞ്ചായത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക.

# X. സഹകരണമേഖല

**ലോ**കത്തിൽ ഏറ്റവും വിപുലമായ സഹകരണ പ്രസ്ഥാനം ഉള്ള നാടാണ് നമ്മുടെ ഇന്ത്യ. 75000കോടി രൂപ മൂലധന നിക്ഷേപവും 33 ലക്ഷത്തോളം വിവിധ സഹകരണ സംഘങ്ങളും 17 കോടിയോളം അംഗങ്ങളുമുള്ള ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം, ഗ്രാമനഗര വ്യത്യാസമന്യേ പരസ്പര സഹായവും സ്വാശ്രയശീലവും വളർത്തി ഇന്ത്യൻ സമ്പദ്ഘടനയുടെ അവിഭാജ്യ ഘടകമായി തീർന്നിരിക്കുന്നു.

81000 കോടി രൂപയിലേറെ പ്രവർത്തന മൂലധനമുള്ള 14000 ത്തോളം സഹകരണ സംഘങ്ങൾ വഴി കേരളത്തിലെ 60%ത്തോളം ജനങ്ങളും ഈ ചങ്ങലയിൽ കണ്ണി ചേർന്നിരിക്കുന്നു. കേരള സംസംഥാന സഹകരണ ബാങ്കുമുതൽ ഗ്രാമീണ സഹകരണ സംഘങ്ങൾ വരെ വലുതും ചെറുതുമായ ഒട്ടനവധി സംഘങ്ങളുടെ കൂട്ടായ്മയാണ് ഈ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെടാനുള്ളത്.

കാർഷിക, വ്യവസായ, മേഖലകളിലും വിദ്യാഭ്യാസ ആരോഗ്യാദി സേവന മേഖലകളിൽ പോലും സഹകരണ സംഘങ്ങൾ വഴി കേരള സമൂഹം കൈവരിച്ച മികച്ച നേട്ടങ്ങൾ സഹകരണപ്രസ്ഥാനത്തിൻെറ വ്യാപ്തിയും വിശ്വാസവും പ്രകടമാക്കുന്നു.

## 1. കുരീക്കാട്-തിരുവാങ്കുളം സഹകരണ സംഘം

ഒരു നൂറ്റാണ്ടുകാലത്തെ പാരമ്പര്യം ഈ രംഗത്ത് നമുക്ക് അവകാശപ്പെടുവാൻ ഉണ്ടെങ്കിലും സഹകരണപ്രസ്ഥാനങ്ങളുടെ വളർച്ച നല്ല രീതിയിൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ ആദ്യമാരംഭിച്ചത് 26-ാം നമ്പർ കുരീക്കാട് പരസ്പര സഹായസഹകരണ സംഘം ആണ്. 1920കളിൽ ആരംഭിച്ച ഈ സഹകരണസംഘത്തിന് കേരളത്തിന് തന്നെ മാതൃകാപരമായ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. തിരുവാങ്കുളം ഗവൺമെൻറ് ഹൈസ്ക്കൂളിന് ആരംഭം കുറിച്ചത് ഈ സഹകരണസംഘമാണ്. 1923-ൽ എൽ.പി.സ്ക്കൂളായി ആരംഭിച്ച് സർക്കാരിൻെറ ചെറിയ ഗ്രാൻഡിൽ തുടർന്നു പോന്നെങ്കിലും ഒടുവിൽ സ്ക്കൂൾ സർക്കാരിനെ ഏൽപിക്കുകയുണ്ടായി. ഇന്ന് തിരുവാങ്കുളത്തിൻെറ തിലകക്കുറിയായി മാറിയിട്ടുള്ള ഗ്രാമീണ വായനശാലയും ടി. സംഘത്തിൻെറ സംഭാവനയാണ്.

എങ്കിൽപോലും വിൽപനയിലും കൺട്രോൺ തുണി വില്പനയിലും മാത്രം ഒതുങ്ങി നില്ക്കുന്ന പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോൾ കുരീക്കാട്- തിരുവാങ്കുളം പരസ്പരസഹായ സഹകരണസംഘം ചെയ്യുന്നത്. ധനാഗമമാർഗ്ഗമെന്ന നിലയിൽ ഇപ്പോൾ ഒരു ചിട്ടി കൂടി നടത്തുന്നുണ്ട്. എന്നാൽ കേവലം അറുനൂറോളം അംഗങ്ങൾ മാത്രമേ ഇന്നീ സംഘത്തിൽ ഉള്ളൂ. കൂടുതൽ ആളുകൾ മുന്നോട്ടു വന്ന് സംഘത്തിൻെറ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

## 2. തിരുവാങ്കുളം ഹരിജൻ വെൽഫയർ സൊസൈറ്റി

തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് തിരുവാങ്കുളം വെൽഫയർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും തുടക്കത്തിലുണ്ടായ ആവേശം നിലനിറുത്തുവാൻ കഴിഞ്ഞിരുന്നതുകൊണ്ടും പ്രവർത്തന വൈകല്യം കൊണ്ടും ഇല്ലാതാവുകയാണ് ഉണ്ടായത്.

## 3. ഗ്രാമീണ വനിതാ സാമൂഹ്യ ക്ഷേമ സൊസൈറ്റി

ഇരുമ്പനം കേന്ദ്രമാക്കി വനിതാ ക്ഷേമം മുൻനിർത്തി രൂപീകരിച്ച സംഘമാണ് ഗ്രാമീണ വനിതാ സാമൂഹ്യ ക്ഷേമ സൊസൈറ്റി. കറിപ്പൊടികൾ ഉണ്ടാക്കി ഗ്രാമീണ വീട്ടമ്മമാർക്ക് എത്തിച്ചു കൊടുത്തുകൊണ്ട് വീട്ടമ്മമാരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും മധുരപലഹാരങ്ങൾ, ചിപ്പ്സ് എന്നിവയിലൂടെ വരുമാന വർദ്ധനവിനും സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിക്കുകയുണ്ടായി. എന്നാൽ അടുത്തകാലത്തുണ്ടായ ചില പ്രവർത്തന വൈകല്യങ്ങൾ സംഘത്തിൻെറ പ്രവർത്തനം മന്ദീഭവിപ്പിച്ചു. എന്നാലും കാര്യക്ഷമമായ ഒരു

ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം നടത്തുവാൻ കഴിയും.

## 4. പീപ്പിൾസ് അർബൻ കോ-ഓപ്പറേറ്റിവ് ബാങ്ക്

1917 ൽ തൃപ്പൂണിത്തുറ ആസ്ഥാനമാക്കി രൂപീകരിച്ച പി.യു.സി.ബി. യുടെ പ്രവർത്തന മേഖലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തു കൂടി ഉൾപ്പെടുന്നു. പി.യു.സി.ബി. യുടെ ഡയറക്ടർ ബോർഡിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പ്രാതിനിധ്യവും ഉണ്ട്. പി.യു.സി.ബി. യുടെ സേവനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടി തിരുവാങ്കുളത്ത് ഒരു ബ്രാഞ്ച് ഓഫീസ് ഒന്നര വർഷം മുമ്പ് സ്ഥാപിച്ചു. തിരുവാങ്കുളം ബ്രാഞ്ചിൽ 667 അക്കൗണ്ടുകളിലായി 92, 33, 931 രൂപ ഡെപ്പോസിറ്റും 227 അക്കൗണ്ടുകളിലായി 5162867 രൂപ വായ്പയും നൽകിയിട്ടുണ്ട്. - ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ: 55.92%.

### *പി.യു.സി.ബി. യുടെ പ്രവർത്തനം ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | വിഭാഗം | അക്കൗണ്ടുകൾ | രൂപ |
|---|---|---|---|
| 1 | ഡെപ്പോസിറ്റ് | 667 | 923393 2 |
| 2 | വായ്പ | 227 | 5163867 |
| എ | ചെറുകിട വ്യവസായം | 2 | 171000 |
| ബി | ചെറുകിട കച്ചവടം | 39 | 461000 |
| സി | കാർഷികം | 16 | 235000 |
| ഡി | സ്വയം തൊഴിൽ | ഇല്ല | ഇല്ല |

* As on 31 - 3 -96

## 5. കണയന്നൂർ കാർഷിക വികസന ബാങ്ക്

സഹകരണ മേഖലയിൽ കാർഷിക വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ജില്ലയിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങളിൽ ഒന്നാണ് കണയന്നൂർ. കോ-ഓപ്. കാർഷിക വികസന ബാങ്ക്. കാർഷികവും കാർഷികേതരവുമായ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകികൊണ്ട് പഞ്ചായത്തിനുള്ളിൽ വിവിധ വികസപ്രവർത്തനങ്ങൾ തുടങ്ങി വെയ്ക്കാൻ കാർഷിക വികസന ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

## 6. പാൽ ഉല്പാദക സഹകരണ സംഘം- ഇരുമ്പനം

പാല് ഉല്പാദനവും വിതരണവും കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില നൽകുന്നതിനും വേണ്ടി മിൽമയുടെ പാൽ സംഭരണകേന്ദ്രമായി തന്നെ പ്രവർത്തിക്കുന്നു. ഇതോടനുബന്ധിച്ച് ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രവും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 7. കണയന്നൂർ ജനറൽ മാർക്കറ്റിംഗ് ആൻറ് പ്രോസ്സസ്സിംഗ് സൊസൈറ്റി, കരിങ്ങാച്ചിറ

ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഉപഭോഗ വസ്തുക്ക ൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കരിങ്ങാച്ചിറയിൽ ആരംഭിച്ച സൊസൈറ്റി ആരംഭകാലത്ത് നല്ല നിലവാരം പുലർത്തിയിരുന്നുവെങ്കിലും മുളന്തുരുത്തിയിലേക്ക് മാറ്റി സ്ഥാപിച്ചതോടുകൂടി പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

## 8. വനിതാ സഹകരണ സംഘം

പരേതയായ ശ്രീമതി വല്ലയിൽ ഭദ്രയുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലനവും തയ്യൽ പരിശീലനം ലഭിച്ച വനിതകളുടെ സ്വയം തൊഴിൽ സംരംഭമായി പ്രവർത്തനം ആരംഭിച്ച വനിതാ സഹകരണ സംഘവും ഇന്ന് നാഥനില്ലാത്ത അവസ്ഥയിലാണ്.

## 9. D.W.C.R.A യൂണിറ്റ്

ഗ്രാമീണവനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള ഈ ദേശീയ പരിപാടിയുടെ ഭാഗമായി ഇരുമ്പനത്ത് ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തയ്യൽ പരിശീലനം ലഭിച്ച പത്തു വനിതകളുടെ കൂട്ടായ പ്രവർത്തനത്തിന് ഗ്രാമസേവിക ആവശ്യമായ ഉപദേശം നല്കുന്നുണ്ട്.

ചുരുക്കത്തിൽ ഒരു നൂറ്റാണ്ടു പാരമ്പര്യമുള്ള സഹകരണ സംസ്ക്കാരം നമ്മുക്കുണ്ടെങ്കിലും പുതിയ സാദ്ധ്യതകളും ആവശ്യങ്ങളും കണക്കിലെടുത്ത് നിലവിലുള്ള സംഘങ്ങളെ പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പുതിയ സംരഭങ്ങൾ ആരംഭിക്കുന്നതിനും ജനകീയ ഇടപെടലുകൾ അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

1. വായ്പാ സംഘങ്ങളുടെ അഭാവവും അംഗങ്ങളുടെ ആവശ്യങ്ങൾക്ക് ഉതകുന്ന പദ്ധതികളുടെ പോരായ്മകളും
2. ഡിപ്പാർട്ടുമെൻറ് മേധാവിത്വം
3. വനിതകളുടെ പ്രാതിനിധ്യ കുറവ്

5. സഹകരണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള ആവേശകുറവ്

## ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1. തിരുവാങ്കുളം ഹരിജൻ വെൽഫെയർ സൊസൈറ്റി പുനരുദ്ധരിക്കുക
2. ഒന്നാം വാർഡിൽ പാൽ സൊസൈറ്റി രൂപീകരിക്കുക
3. ഉൾനാടൻ മത്സ്യ ഉല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക
4. തിരുവാങ്കുളം - കുരീക്കാട് പരസ്പര സഹായ സഹകരണ സംഘം രൂപീകരിക്കുക
5. പഞ്ചായത്തിലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ഉടമകളുടെ സഹകരണ സംഘം രൂപീകരിച്ച് അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് പരിശീലനം നല്കുക.
6. സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.
7. കോപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.
8. സഹകരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്ന് വനിതാ പ്രാതിനിധ്യം ഉറപ്പാക്കുക.
9. മാവേലി സ്റ്റോർ പഞ്ചായത്തിൽ സ്ഥാപിക്കുക
10. സഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായ സാദ്ധ്യതകൾ വിപുലീകരിക്കുക

## സാദ്ധ്യതകൾ

1. ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക
2. അസംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സംഘടിപ്പിച്ച ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കുക. (ഉദാ: കർഷക തൊഴിലാളി സഹകരണ സംഘം, കെട്ടിടനിർമ്മാണ തൊഴിലാളി സഹകരണ സംഘം, പാൽ സംഭരണ വിതരണ സഹകരണ സംഘം)

182

3. ഓട്ടോമൊബൈൽ ഉടമകളുടെ സഹകരണ സംഘം രൂപീകരിച്ച് ട്രൈസം പരിപാടിയിലൂടെ അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനം നൽകുക.
4. സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.
5. കർഷക സഹകരണ സംഘങ്ങൾ ആരംഭിക്കുകയോ കുരീക്കാട് തിരുവാങ്കുളം പരസ്പര സഹായ സഹകരണ സംഘം പ്രവർത്തനങ്ങൾ കർഷകർക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ വിപുലപ്പെടുത്തുകയോ ചെയ്യുക.
6. വായ്പാ സംഘങ്ങൾ രൂപീകരിച്ച് അംഗങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾ ഉണ്ടാക്കുക
7. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയ വൽക്കരിക്കുക.
8. സംഘങ്ങളുടെ പൊതുയോഗങ്ങളിൽ അംഗങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുക.
9. വനിതാ സഹകരണ സംഘം രൂപീകരിച്ച് അച്ചാർ, കറിപ്പൊടികൾ, ചിപ്പ്സ് മുതലായവ ഉല്പാദിപ്പിച്ച് വിപണനം നടത്തുക
10. മാവേലിസ്റ്റോർ പഞ്ചായത്തിൽ ആരംഭിക്കുക.
11. സഹകരണ സംഘങ്ങളിൽ വനിതാ പ്രാതിനിധ്യം മൂന്നിലൊന്നായി ഉയർത്തുന്നതിന് വേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

# XI. പട്ടികജാതി പട്ടികവർഗ്ഗം ക്ഷേമം

ഈ പഞ്ചായത്തിൽ 3,477 പട്ടിക ജാതിയിൽ പെട്ടവരും (1727 പു. 1750 സ്ത്രീ) 9 പട്ടിക വർഗ്ഗത്തിൽ പെട്ടവരും (4 പു. 5 സ്ത്രീ) അധിവസിച്ചു വരുന്നു. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 17.45 ശതമാനം വരുന്നു. പഞ്ചായത്തിൽ 12 പട്ടികജാതി / പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്. (പാർപ്പിടം പട്ടിക 7 A) കാണുക. കൂടാതെ മറ്റുപ്രദേശങ്ങളിലും ഈ വിഭാഗക്കാർ തിങ്ങിപാർക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ രൂപീകരണം അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകരമാണെന്ന ഒരു ഗുണവശമുണ്ടെങ്കിലും; ഇതര ജനവിഭാഗങ്ങളുമായി സാമൂഹ്യമായും, സാംസ്കാരികമായും ഇഴുകി ചേരുന്നതിന് തടസ്സമാകുന്ന നിലയിലാണ് കോളനി ജീവിതത്തിൻെറ സാമൂഹ്യാന്തരീക്ഷം നില നില്ക്കുന്നത് എന്നത് ഒരു ദോഷകരമായ വശമായി കാണേണ്ടതാണ്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ തൃപ്തികരമായ രീതിയിൽ ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പട്ടിക ജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരിൽ ഭൂരിഭാഗവും ദാരിദ്രരേഖയ്ക്കു താഴെയാണ്. പൊതു വിദ്യാഭ്യാസ നിലവാരം ഇവരുടെ ഇടയിൽ മോശമാണെങ്കിലും, 90 ശതമാനം പേരും സാക്ഷരരാണ്. പഞ്ചായത്തിലെ 7 സ്ക്കൂളുകളിലായി 763 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ കൊഴിഞ്ഞ് പോക്ക് വളരെ കുറവാണ്. (പട്ടിക കാണുക) ഇവരിൽ ഭൂരിപക്ഷം കുടുംബങ്ങൾക്കും ധനസഹായം ലഭ്യമായിട്ടും അവരിൽ ഒരാൾപോലും ദാരിദ്ര്യരേഖക്ക് മുകളിൽ കടന്നിട്ടില്ല എന്നതൊരു നഗ്നമായ സത്യമാണ്. മാത്രമല്ല ഇവരിൽ പലരും കൂടുതൽ കൂടുതൽ കടക്കെണിയിൽ ചെന്നു ചാടുകകൂടി ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെന്ന പോലെ തന്നെ സാമൂഹ്യ വിലക്കുകളും, ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും ക്രൂരപീഡനങ്ങളും അടിച്ചമർത്തലുകളും ഈ പ്രദേശങ്ങളിലും നിലനിന്നിരുന്നു. കേരളത്തിലെ ഭൂപരിഷ്കരണ കാലഘട്ടത്തിൽ തീവ്രമായ സമര പോരാട്ടങ്ങളിൽ മുഖ്യ പങ്കാളിത്തം വഹിക്കുകയും നിരവധി അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. കാർഷീക മേഖലയിൽ വ്യാപകമായി പണിയെടുത്തിരുന്ന ഈ വിഭാഗം ആ രംഗത്തെ തകർച്ചയുടെ ഫലമായി ഇന്ന് വ്യാവസായിക മേഖലയിലാണ് ശരണം പ്രാപിച്ചിരിക്കുന്നത്.

ആസൂത്രണത്തിൻെറ പ്രധാന വെല്ലുവിളികൾ തൊഴിലില്ലായ്മയും, ദാരിദ്ര്യവുമാണ്. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശേഷിക്കൊത്ത് തൊഴിലിൻെറ ദൗർലഭ്യവും ഒരു വിഭാഗം ജനതയെ ദാരിദ്ര്യത്തിലേയ്ക്കു നയിക്കുന്നു. എങ്കിലും ആദ്യത്തെ മൂന്നു പഞ്ചവത്സര പദ്ധതികളുടേയും ഊന്നൽ ഉത്പാദനം വർദ്ധിപ്പിക്കുക, മൊത്തം ദേശീയ വരുമാനം ഉയർത്തുക എന്നതായിരുന്നു. സാമ്പത്തീക വളർച്ചയുടെ പ്രയോജനം താനേ പാവപ്പെട്ടവരിലേയ്ക്ക് കിനിഞ്ഞിറങ്ങും എന്നതായിരുന്നു അന്നത്തെ ഭരണാധികാരികളുടെ ചിന്താഗതി. ഉത്പ്പാദന വർദ്ധനവുണ്ടായെങ്കിലും അതിൻെറ പ്രയോജനം പാവപ്പെട്ടവന് കിട്ടിയില്ല.

**പ്രധാന ദാരിദ്ര്യ നിർമ്മാർജ്ജന സമീപനങ്ങൾ താഴെ കൊടുക്കുന്നു**

1. വരുമാന ജന്യ സ്വയം തൊഴിൽ പദ്ധതികൾ.
2. ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാനദായക പദ്ധികൾ.
3. തൊഴിൽ വൈദഗ്ധ്യ പരിശീലനം.
4. കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ.
5. പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന പദ്ധികൾ.

പഞ്ചായത്തിലെ പട്ടികജാതിയിൽ പെട്ടവരിൽ ഒരു ചെറിയ ശതമാനമൊഴിച്ച് സിംഹഭാഗവും ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരാണ്. അവരിൽ തന്നെ ഭൂരിഭാഗവും എഴുപതുകളിൽ കുടികിടപ്പു കിട്ടിയ

പിൽക്കാലത്ത് ഈ തുണ്ടു പുരയിടം വീണ്ടും മക്കൾക്കായി ഭാഗം ചെയ്ത് പോയിട്ടുള്ളതുമാകുന്നു. എണ്ണത്തിൽ കുറവാണെങ്കിലും പട്ടിക വർഗ്ഗക്കാർ മുഴുവൻ ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരാണ്.

ഭൂരഹിത കർഷക തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ പരമ്പരാഗത കൈതൊഴിലുകാർ, പാറമടയിൽ പണിയെടുക്കുന്നവർ; എന്നീ ജനവിഭാഗത്തെ ദാരിദ്രവും, ഇല്ലായ്മയും പരാശ്രയത്വത്തിലും, നിസഹായതയിലും നിരാശബോധത്തിലും കൊണ്ടെത്തിക്കുന്നു. ഇവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന, ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന, ഇവർക്കു മാത്രം പ്രയോജനം കിട്ടുന്ന പദ്ധതികൾക്കാണ് രൂപം കൊടുക്കേണ്ടത്.

ഇപ്രകാരം നിർമ്മിക്കപ്പെടുന്ന ആസ്തികൾ പ്രത്യുത്പാദനക്ഷമവും, പിൽക്കാലത്ത് അധിക തൊഴിലവസരങ്ങൾക്ക് സാധ്യതയുള്ളതുമായിരിക്കണം. നിർഭാഗ്യവശാൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിച്ചു വന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനാണ്. ഗ്രാമ വികസനത്തിൽ റോഡുകളുടെ നിർമ്മാണം നിരാകരിച്ചു കൂടായെങ്കിലും ദരിദ്ര വിഭാഗങ്ങളെ ഉന്നം വച്ചുകൊണ്ടുള്ള പദ്ധതികളിൽ റോഡുകളുടെ പ്രസക്തി പരിമിതമാണ്. പാവപ്പെട്ടവർക്കു മാത്രം

രിക്കും. ദാരിദ്ര നിർമ്മാർജനം സാമൂഹ്യ നീതിയുടെ പ്രശ്നമാണെന്നുള്ള ഉൾക്കാഴ്ച്ചയോടുകൂടിയ സമീപനം പദ്ധതികൾ രൂപീകരിക്കുമ്പോൾ സ്വീകരിക്കേണ്ടതാണ്.

184

## പ്രശ്നങ്ങൾ

1. ഭൂരിപക്ഷം പേരും സൗകര്യങ്ങൾ കുറഞ്ഞ വീടുകളിലും കുടിലുകളിലുംതാമസിക്കുന്നു.
2. കുടിവെള്ളം ക്ഷാമം.
3. പരിസര മലിനീകരണം.
4. തൊഴിലില്ലായ്മ.
5. ഹെൽത്ത് സെൻററുകളുടെ അഭാവം.
6. ആനുകൂല്യങ്ങൾ അർഹതയനുസരിച്ച് കിട്ടുന്നില്ല.
7. കോളനികളിലെ അടിസ്ഥാന സൗകര്യകുറവ്.

## ഗ്രാമസഭ പ്രശ്നങ്ങൾ

1. സെറ്റിൽമെൻറ് കോളനിയിൽ(ഇളമനതോപ്പ്) അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.
2. പൊതുകിണർ നന്നാക്കണം.
3. ഹരിജൻ കോളനികളിൽ സാക്ഷരതാ പരിപാടി തുടങ്ങുക.

പട്ടിക XI 1

| | സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | എസി/എസ്റ്റി | | | തോറ്റു പഠിക്കുന്നവർ SC/ST | | | പഠനം നിർത്തിയവർ SC/ST | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | M | F | Total | M | F | Total | M | F | M | F | Total |
| 1 | എച്ച്. എസ് . ഇരുമ്പനം | 1350 | 251 | 200 | 451 | 27 | 22 | 49 | | | | | |
| 2 | എൽ.പി.സ്ക്കൂൾ, ഇരുമ്പനം | 168 | 36 | 42 | 78 | 3 | 1 | 4 | | | | | |
| 3 | സെൻറ് ജോർജ്ജ് എൽ.പി. എസ്. തിരുവാങ്കുളം | 110 | 15 | 9 | 24 | 2 | 1 | 3 | | | | | |
| 4 | ജോർജ്ജിയൻ അക്കാദമി തിരുവാങ്കുളം | 505 | 10 | 4 | 14 | | | | | | | | |
| 5 | എം.ഡി.എം. എൽ.പി.എസ് കരിങ്ങാച്ചിറ | 80 | 8 | 6 | 14 | 1 | | 1 | | | | | |
| 6 | എസ്.എൻ.ഡി.പി. സ്ക്കൂൾ ഇരുമ്പനം | 219 | 35 | 41 | 76 | 5 | 1 | 6 | | | | | |
| 7 | കെ.സി. എൽ.പി.സ്ക്കൂൾ ചിത്രപ്പുഴ | 114 | 14 | 14 | 28 | | 5 | 5 | | | | | |

നൽകുക.

5. കുടിവെള്ളം, ഗതാഗത സൗകര്യം, കക്കൂസ്, വഴിവിളക്ക് ഇവയുടെ കുറവ്.
6. തണ്ണീർചാൽ പ്രദേശം ഹരിജൻ കോളനിയായി അംഗീകരിക്കുക.
7. കരകൗശല സഹകരണസംഘം രൂപീകരിക്കുക. കുട്ട, മുറം, പായനെയ്ത്ത് പ്രോത്സാഹിപ്പിക്കുക.
8. കോഴി, താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.
9. പട്ടികജാതി സ്ത്രീകൾക്കുള്ള തയ്യൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.
10. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളെ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിൽനിന്നും ഒഴിവാക്കണം.
11. 4-ാം വാർഡിൽ വള്ളിക്കാവ് റോഡ് നവീകരിക്കുക.
12. കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പണിയായുധവും, മത്സ്യബന്ധനം നടത്തുന്നവർക്ക് വഞ്ചിയും വലയും വിതരണം ചെയ്യുക.
13. വീടു വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകുക.
14. മത്സ്യം വളർത്തുന്നതിന് ധനസഹായം ചെയ്യുക.
15. 9-ാം വാർഡിലെ വെള്ളക്കെട്ട് തടയണം.
16. കൂടുതൽ കോളനികൾ സ്ഥാപിക്കണം.
17. കൃഷി ഭൂമി നികത്തുന്നതു തടയണം.
18. റോഡു പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.
19. ഒരു ഹരിജൻ സഹകരണ സംഘം രൂപീകരിക്കണം.

## സാധ്യതകൾ

1. ദാരിദ്ര രേഖക്കു താഴെയുള്ളവർക്ക് വീടു വയ്ക്കുന്നതിന് ആവശ്യമായ മുഴുവൻ തുകയും സൗജന്യമായി നൽകുക.
2. ഓരോ പഞ്ചായത്തിലും പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി വികസന പദ്ധതിക്കുള്ള തുക നീക്കിവയ്ക്കുക.
3. കൃഷി മേഖലയിലെ മുരടിപ്പ് അവസാനപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൃഷി വകുപ്പിൽ നിന്നും ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

സംഘങ്ങൾ രൂപീകരിച്ച്, പായനെയ്ത്, ചൂരൽ ഫർണീച്ചർ, പ്ലാസ്റ്റിക് വർക്സ്, തയ്യൽ യൂണിറ്റ്, ബുക്ക് ബയൻറിംഗ് യൂണിറ്റ് മുതലായ സ്വയം തൊഴിൽ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുക വഴി തൊഴിലും, അതുവഴി വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്.

185

5. ഗ്രാമീണ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുക. കോളനികളിൽ വൈദ്യുതി എത്തിക്കുക.
6. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ അടിസ്ഥാനപ്പെടുത്തി ചെറുകിട വ്യവസായങ്ങൾ വളർത്തിക്കൊണ്ടു വരുന്നതിന് വ്യവസായവകുപ്പും, ബാങ്കുകളും വഴി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.
7. കുടുംബക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുക ഓരോ വാർഡിലും ഒരു സാമൂഹ്യ ക്ഷേമകേന്ദ്രം തുടങ്ങുക.
8. സന്നദ്ധ പ്രവർത്തനങ്ങളെ പരമാവധി ഉപയോഗിച്ചു സർക്കാർ ധനസഹായത്തോടെ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണം.
9. 20 ച. അടിയിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള വീടുകൾ പുനരുദ്ധരിക്കുക.
10. ഇനിയും വീടില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വീടുവച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
11. പ്രത്യേക സഹായധനങ്ങൾ പ്രയോജന പ്പെടുത്തി സാംസ്കാരിക സംരംഭങ്ങൾ ആരംഭിക്കുക.
12. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുക.
13. പെൻഷനുകൾ, ക്ഷേമനിധികൾ മുതലായവ പഞ്ചായത്തുവഴി വിതരണം ചെയ്യുക.
14. തൊഴിൽ പരിശീലനത്തിന് പ്രത്യേക പരിഗണന നൽകുക.
15. പെൻഷൻ വിതരണത്തിനുള്ള കാലതാമസം ഒഴിവാക്കുക.
16. ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക.
17. ഒരു വീടിന് ഒരു വാഴ, ഒരു തെങ്ങ്, ഒരു കവുങ്ങ്, ഒരു മുളകു ചെടി എന്നിവ സൗജന്യമായി നൽകി ജനങ്ങൾക്ക് കൃഷി ചെയ്യാൻ പ്രേരണ നൽകുക.

# XII. വിഭവസമാഹരണം

കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളുടേയും പഞ്ചായത്തിന്റേയും ശക്തമായ നിലനിൽപ്പിനും, വിജയകരമായ പ്രവർത്തനങ്ങൾക്കും ആധാരമായിട്ടുള്ള മുഖ്യഘടകമാണ് വിഭവശേഷി. പഞ്ചായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ശക്തമായ അടിത്തറപാകാൻ ആസൂത്രിത വിഭവസാമഹരണപദ്ധതി അനിവാര്യമാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂന്നിയ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിലൂടെ നമുക്ക് നേടിയെടുക്കാൻ കഴിയേണ്ടത് നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നസാക്ഷാത്ക്കാരമാണ് സ്വയം പര്യാപ്തമായ ഗ്രാമം. അദ്ദേഹത്തിന്റെ വാക്കുകൾ സ്മരിച്ചുകൊണ്ട് നമുക്കീ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാം.

"ഗ്രാമം നശിക്കുകയാണെങ്കിൽ ഇൻഡ്യയും നശിക്കുമെന്ന് പറയേണ്ടിയിരിക്കുന്നു. പിന്നെ ഇൻഡ്യ ഇൻഡ്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇൻഡ്യയുടെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും....

ഗ്രാമങ്ങൾ സ്വയം പര്യാപ്തതമായി തീരുന്നതിലും അവയുടെ ആവശ്യത്തിനുവേണ്ട സാധനങ്ങൾ നിർമ്മിക്കുന്നതിലും നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു....." സാമ്പത്തികരംഗത്ത് പുരോഗതി കൈവരിക്കാനുള്ള നടപടികളോടൊപ്പം കാർഷികരംഗത്ത് കർഷകരുടെ സംഘടിതമായ പ്രയത്നം ഊട്ടിവളർത്തി മികച്ച ഒരു കാർഷിക സമ്പത്വ്യവസ്ഥയ്ക്കടിസ്ഥാനമായ പ്രവർത്തനങ്ങളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തമായ ഗ്രാമം എന്ന ലക്ഷ്യംകൂടി കൈവരിക്കാൻ ശ്രമിച്ചാൽ മാത്രമെ "സ്വയം പര്യാപ്തമായ ഗ്രാമം" എന്ന സങ്കല്പം യാഥാർത്ഥ്യമാകൂ. ഇതിന്റെ പ്രായോഗിക സാദ്ധ്യത ഗൗരവമായ പഠനം അർഹിക്കുന്നു. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള വിഭവസമാഹരണ പദ്ധതി വിജയിപ്പിക്കുക എന്നതിന്റെ പ്രാധാന്യം മാത്രമെ ഇവിടെ ചർച്ചാവിധേയമായിട്ടുള്ളൂ.

തിരുവാങ്കുളം പഞ്ചായത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തെ (1996-97) ബഡ്ജറ്റ് പഞ്ചായത്തിന്റെ നിലവിലുള്ള വിഭവശേഷിയുടെ യാഥാർത്ഥ ചിത്രം നൽകുമെന്നുള്ളതുകൊണ്ട്, പ്രാഥമിക വിലയിരുത്തലിനായി അതു പരിശോധനാവിധേയമാക്കാൻ താഴെ ചേർക്കുന്നു. 1991-92-ലെ വരവു, ചിലവു കണക്കും ഈ കാലഘട്ടത്തിലെ യഥാർത്ഥ പുരോഗതിയുടെ ചിത്രം വ്യക്തമാക്കാൻ സഹായകമാണ്.

## നിലവിലുള്ള സാമ്പത്തികസ്ഥിതി-അവലോകനം

1991-92ലെ യഥാർത്ഥ വരവു ചിലവു കണക്കുകളും ഈ സാമ്പത്തിക വർഷത്തെ കണക്കുമായുള്ള താരതമ്യ പഠനം ഈ പഞ്ചായത്തിന്റെ ദൈനംദിന ഭരണ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം കെട്ടുറപ്പുള്ള ഒരു സാമ്പത്തിക സ്ഥിതിയുടെ ചിത്രമാണ് കാഴ്ചവെയ്ക്കുന്നത്. കൊച്ചിനഗരത്തിന്റെ പ്രാന്തപ്രദേശം, വൻകിടവ്യവസായ യൂണിറ്റുകളുടെ സാമീപ്യം ശുദ്ധ

പട്ടിക XII (1)

| 1996-97-ലെ ബഡ്ജറ്റ് | | 1991-92-ലെ വരവുചിലവുകണക്ക് | | | |
|---|---|---|---|---|---|
| വരവ് | 1996-97 | 1991-92 | ചിലവ് | 1996-97 | 1991-92 |
| വസ്തുനികുതി | 8,000,000 | 3,09,234 | പൊതു ഭരണം | 11,41,000 | 3,45,535 |
| തൊഴിൽ നികുതി | 3,00,000 | 1,78,175 | പൊതുമരാമത്ത് പണികൾ | 18 ,52,000 | 1,84,173 |
| ഡി&ഒ ലൈസൻസ്ഫീസ് | 12,000 | 7,018 | തെരുവീഥിവിളക്കുകൾ | 5,06,000 | 89,805 |
| വിനോദനികുതി | 1,00,000 | 43,919 | വിദ്യാഭ്യാസം | 2,17,000 | 8940 |
| വസ്തുകൈമാറ്റനികുതി | 6,00,000 | 1,29,915 | പൊതുജനാരോഗ്യം | 3,63,000 | 18393 |
| ഗവ: ഗ്രാന്റ് | 8,70,000 | 2,08,317 | വാട്ടർ സപ്ലൈ ഡ്രൈനേജ് | 4,10,000 | 13,465 |
| പ്രദർശന നികുതി | 8,000 | 2,682 | കൃഷി | 50,000 | - |
| | | | മൃഗപരിപാലനം | 10,000 | - |
| | | | സാമൂഹ്യക്ഷേമം | 1,10,000 | - |

എന്നീ കാരണങ്ങളാൽ പാർപ്പിട കേന്ദ്രങ്ങളുടെ നിർമ്മാണത്തിൽ നമ്മുടെ ഗ്രാമത്തിലുണ്ടായ അഭൂതപൂർവമായ മുന്നേറ്റമാണ് വസ്തു നികുതി ഇനത്തിലുള്ള വൻവർദ്ധനവിന് അടിസ്ഥാനം. ത്വരിത ഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണവും, 1.4.1998 മതൽ പ്രാബല്യത്തിൽ വരുന്ന നികുതി റിവിഷനും വസ്തുനികുതി ഇനത്തിൽ 10 ലക്ഷം ഉറുപ്പികയുടെ വരുമാനം ഉറപ്പുവരുത്തുന്ന ഘടകങ്ങളാണ്. തൊഴിൽ നികുതി നിയമത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ള മാറ്റം വൻകിട വാണിജ്യ, വ്യാപാരങ്ങൾ നടത്തുന്നവരിൽ നിന്നും കൂടുതൽ തൊഴിൽ നികുതി ഈടാക്കാൻ സഹായകമായിട്ടുണ്ട്. തൊഴിൽനികുതി വരുമാനം 2.50ലക്ഷം കയായി വർദ്ധിപ്പിക്കാൻ കഴിയുമെന്നാണു പ്രതീക്ഷ. നമ്മുടെ പഞ്ചായത്തിൽ നടക്കുന്ന വസ്തുകൈമാറ്റങ്ങൾ ഈ നികുതി ഇനത്തിലും വർദ്ധനവിന് അവസരം സൃഷ്ടിക്കാനാണിട. പരസ്യനികുതി ഈടാക്കാനുള്ള പുതിയ നിയമം പ്രാബല്യത്തിൽ വരുത്തുകവഴി വരുമാന വർദ്ധനവിന് മറ്റൊരു ചാനൽകൂടി തുറക്കാൻ കഴിയും.

ഈ വർഷാവസാനത്തിൽ പ്രതീക്ഷിക്കുന്ന നീക്കിയിരുപ്പ് 12, 47, 484 ക. യാണ്. മുൻവർഷങ്ങളിലെ നീക്കിയിരുപ്പ് 10 ലക്ഷത്തിൽ കൂടുതലായിരുന്നു എന്ന വസ്തുത പരിഗണിക്കുമ്പോൾ, ഇക്കാര്യത്തിൽ യാഥാർത്ഥ്യനില വ്യക്തമാണ്. വസ്തുനികുതിയുടെ വാർഷികമൂല്യം നിർണ്ണയിച്ചിട്ടുള്ളത് സമീപത്തുള്ള മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കുറവല്ലെന്നുകാണാം. ഈ സാഹചര്യങ്ങളിൽ വസ്തു നികുതി നിരക്കിൽ വർദ്ധനവ് പരിഗണന അർഹിക്കുന്നില്ല.

1995-96ലെ വരവുചിലവ് കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്

## വിഭവ സമാഹരണം - സാഹചര്യങ്ങളും, സാദ്ധ്യതകളും

പഞ്ചായത്തിന്റെ ദൈനംദിന ഭരണ നടത്തിപ്പിന് നിലവിലുള്ള സാമ്പത്തിക സ്ഥിതി തൃപ്തികരമാണെന്ന് അവലോകനം വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ കഴിഞ്ഞകാലചരിത്രം പരിശോധിച്ചാൽ, പ്രത്യുൽപാദനപരമായ പദ്ധതികളൊന്നും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നു വ്യക്തമാണ്. സമീപകാലത്ത് ഏതാനും പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ടെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. പ്രത്യുൽപാദനപരമോ, വികസനോന്മുഖമോ ആയ പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുക്കാതിരുന്നതിനുള്ള പ്രധാനകാരണം പഞ്ചായത്തിന് ഇതിനാവശ്യമായ സ്ഥലം കൈവശപ്പെടുത്താൻ കഴിയാതെപോയതുകൊണ്ടുമാത്രമാണ്. ഒമ്പതാം പദ്ധതിക്കാലത്ത് പ്രത്യുൽപാദനപരമായ പദ്ധതികൾ ഏറ്റെടുക്കാൻ സ്ഥലത്തിന്റെ ലഭ്യത മുൻഗണന അർഹിക്കുന്നു.

അഞ്ചാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ... എം.ജെ.കെ. തേവരാജ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ), ചെയർമാനും, സർവ്വശ്രീ. സി. അച്യുതമേനോൻ, ആർ ശങ്കർ, കെ. ചന്ദ്രശേഖരൻ, ടി. അബ്ദുള്ള, എൻ. ചന്ദ്രഭാനു, ഡോ: കെ. മാത്യു കുരിയൻ, ഡോ. പി.കെ. ഗോപാലകൃഷ്ണൻ, ഒക.വി. തോമസ് എന്നിവർ അംഗങ്ങളായും രൂപീകരിച്ച വിദഗ്ധകമ്മറ്റി 1969-ൽ സമർപ്പിച്ച നിർദ്ദേശങ്ങൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്. ഈ കമ്മീഷന്റെ ശുപാർശകളിൽ ഉൾപ്പെട്ട തൊഴിൽ നികുതിനിരക്ക് വർദ്ധിപ്പിക്കാൻ ഭരണഘടന ഭേദഗതിചെയ്യുക, തൊഴിൽനികുതി ശമ്പളത്തിൽ നിന്നും ഈടാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പായത് സമീപകാലത്താണ്. ലാൻഡ് അക്വിസിഷൻ ആക്റ്റിന്റേയോ മറ്റു പ്രത്യേക നിയമനിർമ്മാണത്തിന്റെയോ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കാൻ ഈ കമ്മീഷൻ നൽകിയിട്ടുള്ള ശുപാർശകൾ ബാധകമാക്കി പഞ്ചായത്തുകൾക്ക് ഭൂമി കിട്ടാനുള്ള ശ്രമം പരിശോധനാവിധേയമാക്കാവുന്നതാണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യുൽപാദനപരമോ, പൊതുജനതാൽപര്യം മുൻനിർത്തിയുള്ളതോ ആയ പരിപാടികൾക്ക് പ്രത്യേക നിയമനിർമ്മാണത്തിലൂടെ സ്ഥലം ലഭ്യമാക്കാൻ സഹായകമായ നിലപാടു സ്വീകരിക്കണമെന്ന നിർദ്ദേശം ഗവർമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

അവികസിത മേഖലകളുടെ വികസനാത്മക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ റോഡുകളുടെ സാമീപ്യം ഒരു പ്രധാന ഘടകമാണ്. പൊതുനിരത്തുകളോടു ചേർന്നുമാത്രം വളരുന്ന ഒരു വികസന സംസ്കാരമാണ് നമുക്കുള്ളത്. അതുകൊണ്ടുതന്നെ പ്രധാനപ്പെട്ട പൊതുനിരത്തുകൾക്ക് സമാന്തരറോഡുകൾ നിർമ്മിച്ച് വാഹന ഗതാഗത നിരക്ക് കുറയ്ക്കുക, അതോടൊപ്പം പുതിയ റോഡുകൾ അവ കടന്നുപോകുന്ന മേഖലകളുടെ വികസനത്തിന് വഴിയൊരുക്കുക എന്നത് പ്രത്യേകപരിഗണന അർഹിക്കുന്നു. റോഡുകളുടെ നിർമ്മാണം അതു കടന്നുപോകുന്ന പ്രദേശത്തുള്ള ഭൂഉടമകൾക്ക് മാത്രം ലാഭകരമാകുന്ന സാഹചര്യം ഒഴിവാക്കി, പൊതുനന്മയ്ക്കും അതു പ്രാവർത്തികമാക്കുന്ന ഏജൻസിയ്ക്കും സഹായകരമായ രീതിയിൽ സംവിധാനം ചെയ്യാൻ കഴിയണം. റോഡുകൾ നിർമ്മിക്കുന്ന അവസരത്തിൽ, അതിന്റെ നിർമ്മാണത്തിലൂടെ പുരോഗതികൈവരിക്കുന്ന സ്ഥലങ്ങളിൽ മുഖ്യമായവ കൂടി കൈവശപ്പെടുത്തി, പ്രത്യുൽപാദപരമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ കഴിഞ്ഞാൽ, ഈ പദ്ധതിക്കുള്ള വിഭവസമാഹരണം കൂടി സാദ്ധ്യമാകും. ഒമ്പതാം പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിന്റെ റോഡുകളുടെ നിർമ്മാണം ഈരീതിയിൽ വിഭാവനം ചെയ്യാൻ കഴിയണം.

പ്രത്യുൽപാദനപരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽതന്നെ അതിനാവശ്യമായ സ്ഥലം

കഴിയുന്ന കാഴ്ചപ്പാട് സ്വീകരിക്കണം. പൊതുതാൽപര്യത്തിന്, വ്യക്തിതാൽപര്യങ്ങളോ, പ്രാദേശിക വികാരങ്ങളോ തടസ്സമാകാൻ അനുവദിക്കരുത്.

## വിഭവസമാഹരണം – പ്രത്യുൽപാദനപരമായ നിർമ്മാണ പദ്ധതികൾ

ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പ്രത്യുൽപാദനപരമായ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നവയാണ്.

1. വില്ലേജ് ആഫീസ് കോമ്പൗണ്ടിൽ ഓഫീസ്–കം–ഷോപ്പിംഗ്സെന്റർ, കരിങ്ങാച്ചിറ ജംഗ്ഷനിൽ ഷോപ്പിംഗ് സെന്റർ എന്നീ നിർദ്ദിഷ്ട പദ്ധതികളുടെ നിർമ്മാണ നടത്തിപ്പ് ത്വരിതപ്പെടുത്തുക.

2. തിരുവാങ്കുളം ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ് സ്റ്റാൻഡ്, ഓഫീസ് കോംപ്ലക്സ്, ലോഡ്ജിംഗ് സെന്റർ.

തിരുവാങ്കുളം ജംഗ്ഷനിൽ എസ്.എൻ.ഡി.പി. ആഫീസ് മുതൽ കള്ളുഷാപ്പ് ഉൾപ്പെടെയുള്ള സ്ഥലം അക്വയർ ചെയ്ത് താഴത്തെ നിലയിൽ ബസ്സ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുക. ഒന്നാംനിലയിൽ ബാങ്കിംഗ് സ്ഥാപനങ്ങൾ, ആഫീസുകൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. രണ്ടാം നില ലോഡ്ജായി ഉപയോഗപ്പെടത്തക്കവിധം വാടകയ്ക്ക് നൽകാവുന്നതാണ്. പുതിയതായി കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ഇതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

3. എൻ.എച്ച്. 49 നോടുചേർന്ന് മാമല പാലത്തിനു സമീപം മാർക്കറ്റ്, കശാപ്പുശാല എന്നിവ സ്ഥാപിക്കുക. ഇതിനോടുചേർന്ന് പൊതുനിരത്തുകളിൽ നിന്നു ശേഖരിക്കുന്ന ചപ്പ്, ചവറുകൾ മറ്റുമലിന വസ്തുക്കൾ, മാർക്കറ്റ് അവശിഷ്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവയും സ്ഥാപിക്കുക. ബയോഗ്യാസ് പ്ലാന്റിൽ നിന്നും മാർക്കറ്റിന്റെ നടത്തിപ്പിനാവശ്യമായ ഊർജ്ജം ഉൽപ്പാദിപ്പിക്കുക.

4. പുതിയറോഡ് (തൃപ്പൂണിത്തുറ – അമ്പലമുകൾ റോഡ്) ജംഗ്ഷനു സമീപം മാർക്കറ്റ്, കശാപ്പുശാല, ബയോഗ്യാസ് പ്ലാന്റ് എന്നിവസ്ഥാപിക്കുക.

5. ഇരുമ്പനം കാക്കനാട് പാലത്തിന്റെ അപ്രോച്ച് റോഡ് ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം.

6. ദേവി തിയറ്ററിനു സമീപത്തുള്ള വീതികൂടിയ കാന സ്ലാബിട്ടു നികത്തി ഗതാഗതയോഗ്യമാക്കുക. ഈ റോഡിനോടു ചേർന്നുവരുന്ന ഒഴിവായി കിടക്കുന്ന സ്ഥലത്ത് കമ്യൂണിറ്റിഹാൾ, വെജിറ്റബിൾ മാർക്കറ്റ് എന്നിവയും എൻ.എച്ച്. 49മായി ബന്ധിപ്പിച്ച് റോഡ് ജംഗ്ഷനിൽ ഷോപ്പിംഗ് സെന്ററും നിർമ്മിക്കുക.

7. തിരുവാങ്കുളം ജംഗ്ഷനു സമീപം ടെമ്പിൾ റോഡിൽ വണ്ടിത്താവളം നിർമ്മിച്ച് ജംഗ്ഷനിൽ പാർക്ക് ചെയ്യുന്ന ... സൗകര്യം ഏർപ്പെടുത്തുക. ഇതിനോടനുബന്ധിച്ച് ടെലഫോൺബൂത്ത് കംഫർട്ട് സ്റ്റേഷൻ എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തുക.

8. കരിങ്ങാച്ചിറ ജംഗ്ഷനിൽ ഇരുമ്പനം – കാക്കനാട് റോഡിനും, തൃപ്പൂണിത്തുറ – ചോറ്റാനിക്കര റോഡിനും അഭിമുഖമായി ഷോപ്പിംഗ് സെന്റർ (താഴത്തെനില), ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾക്കനുയോജ്യമായ ഓഫീസ് കോംപ്ലക്സ് (ഒന്നാംനില) നിർമ്മാണം.

9. ഹിൽപാലസ് ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ്, ഡോർമിറ്ററി, കാർട്ട് സ്റ്റാൻഡ് എന്നിവയുടെ നിർമ്മാണം.

## ഭൂമിയുടെ വികസനം – അടിസ്ഥാന ഘടകം

കൊച്ചി–മധുര റോഡിന്റെ (എൻ.എച്ച്. 49) പുതിയ അലൈൻമെന്റ് സംബന്ധിച്ച സർവ്വെ നടന്നതിനെതുടർന്ന് അലൈൻമെന്റ് പ്രദേശത്ത് ഭൂമിയുടെ വില കുതിച്ചുയരുകയാണ്. ഈ പഞ്ചായത്ത് പ്രദേശത്ത് നിർദ്ദിഷ്ട റോഡിന് ചേർന്ന് വൻകിടക്കാർ ഭൂമിവാങ്ങി റോഡ് വികസനം മുതലെടുക്കാനുള്ള ശ്രമമാണ് നടന്നുവരുന്നത്. ഹതാശരായ കൃഷിക്കാർ ഭൂമി വിലയിലുണ്ടായ വർദ്ധനവിനെതുടർന്ന് നിലം വിറ്റു മറ്റു മാർഗ്ഗങ്ങൾ തേടുന്നു. ദേശീയ പ്രാധാന്യമുള്ള റോഡിന്റെ നിർമ്മാണം വൻകിടക്കാർ ചൂഷണം ചെയ്യുന്നു, സമൂഹത്തിന് അതിന്റെ വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ് സ്ഥിതി.

പർവ്വതങ്ങളും, കുന്നകളും ഉൾപ്പെടെ നമ്മുടെ രാജ്യത്തിന്റെ ഭൂവിസ്തീർണ്ണം 3287782 സ്ക്വയർ കിലോ മീറ്ററാണ്. ഇതിന്റെ ആളോഹരി കണക്ക് 1901–ൽ 3.42 ഏക്കറും, 1921–ൽ 3.21 ഏക്കറും, 1941–ൽ 2.53 ഏക്കറും, 1951–ൽ 2.23 ഏക്കറും, 1961–ൽ 1.84 ഏക്കറും, 1971–ൽ 1.44 ഏക്കറും, 1981–ൽ 1.16 ഏക്കറുമാണെന്നു കണക്കാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലും ഭൂമി വളരെ കരുതലോടെ വിനിയോഗിക്കാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ ആസൂത്രിത വികസന പദ്ധതികൾക്കാവശ്യമായി ഭൂമി അക്വയർ ചെയ്യാനുള്ള നടപടികൾക്ക് ഒമ്പതാം പദ്ധതിയുടെ ആദ്യവർഷത്തിൽതന്നെ തുടക്കമിടാൻ നമുക്ക് കഴിയണം. അതിനാവശ്യമായ സമഗ്ര സർവെ നടത്തി അക്വിസിഷൻ നടപടികൾ സ്വീകരിക്കാൻ അടിയന്തിര ശ്രദ്ധ രൂപീകരിക്കണം.

## റോഡുകളുടെ നിർമ്മാണം–വികസനത്തിനും, വിഭവസമാഹരണത്തിനും

നാഷണൽ ഹൈവേ 49–ന്റെ നിർദ്ദിഷ്ട അലൈൻമെന്റിൽ കവലീശ്വരത്തുനിന്നും ആരംഭിച്ച് മുക്കത്തുതാഴം, ചിത്രപ്പുഴവഴി ഇരുമ്പനത്തേക്കും–

പൊതിയിൽ റോഡിൽനിന്നും ആരംഭിച്ച് കരിങ്ങാച്ചിറ വഴി ഇരുമ്പനത്തേക്കും–

ഈ രണ്ടു റോഡുകളുടെ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ 'റോഡുകൾ' എന്ന വിഭാഗത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുള്ളത് കാണുക.

ഗസ്റ്റ് ഹൗസ് റോഡ്, ചിത്രഞ്ജലി ജംഗ്ഷൻ റോഡ്, മകളിയം റോഡ്, ഭാസ്കരൻ കോളനി റോഡ് തുടങ്ങി ഒട്ടേറെ റോഡുകൾ ലിങ്ക് ചെയ്യാൻ കഴിയും. ഇത്തരം ലിങ്ക് ജെഗ്ഷനുകളോട് ചേർന്ന് ഹൗസിംഗ് കോളനി, ഷോപ്പിംഗ് സെന്റർ എന്നിവയ്ക്ക് നല്ല സാദ്ധ്യതയുണ്ട്. ചിത്രപ്പുഴയിൽ ഗോഡൗണുകൾ നിർമ്മിച്ച് വിൽക്കുകയോ, വാടകയ്ക്ക് നൽകുകയോ ചെയ്യാവുന്നതാണ്. കൂടാതെ വിഷവെള്ളത്തിന്റെ കെടുതിയുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കൊച്ചി, തൃപ്പൂണിത്തുറ നഗരസഭകളുടെ സഹായത്തോടെ വിപുലമായ കമ്പോസ്റ്റ് യാർഡ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ ആരംഭിക്കുന്ന കാര്യംകൂടി പരിഗണിക്കാവുന്നതാണ്.

പൊതിയിൽ റോഡിൽ നിന്നും കരിങ്ങാച്ചിറവഴി ഇരുമ്പനത്തേയ്ക്കുള്ള റോഡിനോട് വെട്ടിക്കാട് റോഡ്, ശാസ്ത്രി റോഡ്, കുന്നത്തുകുളങ്ങര റോഡ്, കരിങ്ങാച്ചിറ ഹൗസിംഗ് കോളനി എന്നീ റോഡുകൾ ലിങ്ക് ചെയ്യാവുന്നതുമാണ്.

## ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നിവയുടെ ശാഖ തിരുവാങ്കുളത്തും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖ ഹിൽപാലസിലും പ്രവർത്തിക്കുന്നുണ്ട്. പീപ്പിൾസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ തിരുവാങ്കുളത്ത് പ്രവർത്തിക്കന്നു. കൂടാതെ ഏതാനും സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. വൻകിട വ്യവസായ യൂണിറ്റുകളുള്ള ജനസാന്ദ്രതയേറിയ ഇരുമ്പനത്ത് ബാങ്കുകളില്ല എന്നതാണു സ്ഥിതി. ഇവിടെ ദേശസാൽകൃത ബാങ്കിന്റെ ശാഖ ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

കഴിഞ്ഞ കുറേവർഷങ്ങളായി പഞ്ചായത്ത് പ്രദേശത്ത് ബാങ്കുകൾ മുടക്കുന്ന തുകയുടെ അനുപാതം കുറഞ്ഞുവരുന്നതായികാണുന്നു. പുതിയ പഞ്ചായത്ത് രാജ് ആക്ടിന്റെ വെളിച്ചത്തിൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ നമുക്ക് കഴിയണം.

## മറ്റ് നിക്ഷേപസാധ്യതകൾ

നിക്ഷേപ സാധ്യതസംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും കിട്ടിയ ചിത്രം ആശാവഹമാണ്. ഏതാണ്ട് ഇരുപതോളം ആളുകൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്താകെ 50 ൽ താഴെ ആളുകൾ ഗൾഫ് മേഖലയിലും മറ്റ് മേഖലയിലും 25 വിദേശരാജ്യങ്ങളിലുമായി ജോലിചെയ്യുന്നുണ്ട്. നിക്ഷേപരംഗത്ത് ഈ പണത്തിന്റെ സാധ്യതയും പരിശോധിക്കേണ്ടതാണ്.

## മനുഷ്യവിഭവം

സന്നദ്ധപ്രവർത്തനത്തിനുള്ള സാധ്യത എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. നിരൂപീകരണസമയത്ത് ഈ സാധ്യത കൃത്യമായി തിട്ടപ്പെടുത്തിവേണം വിഭവസമാഹരണം കണക്കാക്കാൻ.

1. കോൺട്രാക്ട് സംവിധാനവും, അഴിമതിയും ധനശോഷണം വരത്തുന്നു.

2. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പലഭിക്കന്നില്ല.

3. കാർഷിക വായ്പകൾക്ക് മറ്റൊരു സംവിധാനവും പഞ്ചായത്തിലില്ല.

4. വായ്പകൾ വകമാറ്റി ചെലവ്ചെയ്യുന്നു.

5. ബാങ്ക് വായ്പലഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകൾ/സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള വൈദഗ്ധ്യക്കുറവ്.

6. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത.

7. പഞ്ചായത്തിൽ അസംസ്കൃതസാധനങ്ങളില്ല.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1. നികുതിയിനത്തിലുള്ള വരുമാനവർദ്ധനവ്

2. സന്നദ്ധപ്രവർത്തനങ്ങളിലൂടെയും, ജനകീയസമിതികളുടേയും മേൽനോട്ടത്തിൽ പദ്ധതികൾ ഏറ്റെടുക്കാനുള്ള സാധ്യത.

3. കാർഷിക വായ്പാ സഹകരണസംഘം രൂപീകരിക്കൽ

4. ധനകാര്യസ്ഥാപനങ്ങൾക്ക് വേണ്ട സ്കീമുകൾ തയ്യാറാക്കുന്നതിന് സഹായിക്കാൻ പഞ്ചായത്തുതലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ.

5. പഞ്ചായത്തിലുള്ള വ്യവസായ സംരംഭകർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകൽ.

6. പുതിയ സേവനങ്ങളും നിർമാണപ്രവർത്തനങ്ങളും വഴിയുള്ള വരുമാനവർദ്ധന.

7. പരിപാടികൾക്ക് വൻവ്യവസായശാലകളുടെ സ്പോൺസർഷിപ്പ് ലഭിക്കാനുള്ള സാദ്ധ്യത.

8. വിദ്യാഭ്യാസം, ആരോഗ്യം, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രത്യേക നിധികൾ സ്വരൂപിക്കൽ

9. പഞ്ചായത്തിൽ കുമിഞ്ഞുകൂടുന്ന ചപ്പുചവറുകൾ ഒരു വിഭവമായി കണക്കാക്കി ഊർജ്ജാവശ്യത്തിന് ഉപയോഗിക്കാനുള്ള സാധ്യത.

10. പഞ്ചായത്തിന്റെ പടിഞ്ഞാറും കിഴക്കുമുള്ള തോടുകളിൽ വൻതോതിൽ അടിഞ്ഞുകൂടിയിരിക്കുന്ന കുളവാഴ, പായൽ ഇവ ജൈവവളമോ, കാലിതീറ്റയോ ആക്കിമാറ്റാനുള്ള സാധ്യത.

11. പഞ്ചായത്തിന്റെ നടത്തിപ്പ് കൂടുതൽ സുതാര്യമാക്കാൻ നടപടി. (ഉദ: കണക്കുകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുക. ഗ്രാമസഭകളിൽ വിശദമായ റിപ്പോർട്ട് അവതരിപ്പിക്കുക....)

## പ്രായോഗിക നിർദ്ദേശങ്ങൾ

ഒമ്പതാം പദ്ധതി ജനകീയ ആസൂത്രണ പ്രസ്ഥാനം വഴി നടപ്പാക്കുന്നതിന്റെ ഭാഗമായി നമ്മുടെ ഗ്രാമത്തിന്റെ മഖച്ഛായ തന്നെ മാറ്റാൻ പര്യാപ്തമായ വിപുലമായ സാമ്പത്തികശേഷി – സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 35–40% പഞ്ചായത്തുകൾക്ക് ലഭ്യമാവുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനം മുഖേന ഒരു പഞ്ചായത്തിന് പ്രതിവർഷം ഒരു കോടി ഉറുപ്പികയോളം കിട്ടുന്ന പുതിയ ആസൂത്രണപദ്ധതി കാൽവെയ്പാണ്. ഈ സാമ്പത്തിക സഹായം സാധാരണ നിലയിലുള്ള പ്രവർത്തനങ്ങൾക്ക് മാറ്റിവെയ്ക്കാതെ ചിലവഴിച്ചാൽ തിരുവാങ്കുളം പഞ്ചായത്തിന് എല്ലാ അർത്ഥത്തിലും സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്നുറപ്പാണ്. കേന്ദ്രപദ്ധതികൾ, ജെ.ആർ.വൈ, വിവിധ ഏജൻസികളുടെ ധനസഹായപദ്ധതികൾ ഇവയെല്ലാം 5 വർഷം നീണ്ടുനിൽക്കുന്ന മഹത്തായ ഒരു വികസന പദ്ധതി ലക്ഷ്യമിട്ട് ചില വഴിക്കാൻ സാധിച്ചാൽ ഈ ഗ്രാമത്തിന് അഭൂതപൂർവമായ പുരോഗതി കൈവരിക്കാൻ കഴിയും.

190

## വികസനപദ്ധതിയുടെ രൂപരേഖ

ഒമ്പതാം പദ്ധതിക്കാലത്ത് നടപ്പാക്കാൻ കഴിയുന്ന വികസനപദ്ധതികളുടെ സാമ്പത്തിക വിനിയോഗത്തിന്റെ രൂപരേഖ താഴെ ചേർക്കുന്നു.

1. സേവന തുറകളും ക്ഷേമ പ്രവർത്തനങ്ങളും

| പദ്ധതിയുടെ വിവരം | ലക്ഷ്യം | ഒന്നാം വർഷം 1997–98 | രണ്ടാം വർഷം | മൂന്നാം വർഷം | നാലാം വർഷം | അഞ്ചാം വർഷം |
|---|---|---|---|---|---|---|
| കാർഷിക വികസനം ജലസേചനം | സംയോജിത കാർഷിക വികസന പദ്ധതി (നെൽകൃഷി, പച്ചക്കറി കൃഷി, കരിമ്പു കൃഷി, പൈനാപ്പിൾ, മത്സ്യബന്ധനം) | 5 ലക്ഷം | 7 ലക്ഷം | 8 ലക്ഷം | 10 ലക്ഷം | 10 ലക്ഷം |
| മൃഗസംരക്ഷണം | ക്ഷീരവ്യവസായം, കോഴി, താറാവ്, എന്നിവ വളർത്തൽ | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം |
| വിദ്യാഭ്യാസം, സംസ്കാരം | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുടെ പുരോഗതി | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം | 2 ലക്ഷം |
| കുടിവെള്ളം, ശുചിത്വം, ആരോഗ്യ സംരക്ഷണം | കുടിവെള്ളം ആവശ്യമായ മേഖലകളിലെത്തിക്കുക, ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ, വാഹനം – ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ | 5 ലക്ഷം | 5 ലക്ഷം | 5 ലക്ഷം | 3 ലക്ഷം | 3 ലക്ഷം |
| ഊർജ്ജാസൂത്രണം, പിന്നോക്ക വർഗ്ഗക്ഷേമം, വനിതാ ക്ഷേമം, സഹകരണ സംഘങ്ങൾ മറ്റു ക്ഷേമപദ്ധതികൾ | ബയോഗ്യാസ് പ്ലാന്റുകൾ, പിന്നോക്ക വിഭാഗക്കാർക്ക് കോളനിചെലവിൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ, വനിതകൾക്ക് പ്രത്യേകതൊഴിൽ പദ്ധതി, സഹകരണ സംഘങ്ങളുടെ ശുചീകരണം, കാര്യക്ഷമമായ പ്രവർത്തനം | 2 ലക്ഷം | 3 ലക്ഷം | 4 ലക്ഷം | 5 ലക്ഷം | 5 ലക്ഷം |
| | **ആകെ** | **16 ലക്ഷം** | **19 ലക്ഷം** | **21 ലക്ഷം** | **22 ലക്ഷം** | **22 ലക്ഷം** |

**ഒമ്പതാം പദ്ധതിക്കാലത്ത് സേവന തുറകൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും 1 കോടി**

| പദ്ധതി | ലക്ഷ്യം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | 4-ാം വർഷം | 5-ാം വർഷം |
|---|---|---|---|---|---|---|
| 1. ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ് സ്റ്റാൻഡുകൾ, കാർട്ടു സ്റ്റാൻഡുകൾ, മാർക്കറ്റുകൾ, ആഡിറ്റോറിയം, കശാപ്പുശാല..... | സ്ഥലമെടുപ്പു നടപടികൾ | 20 ലക്ഷം | - | - | - | - |
| | - ടി - എസ്റ്റിമേറ്റ് പ്ലാൻ | - | 30 ലക്ഷം | - | - | - |
| | നിർമ്മാണം ഒന്നാംഘട്ടം | - | - | 50 ലക്ഷം | - | - |
| | - ടി - രണ്ടാംഘട്ടം | - | - | - | 50 ലക്ഷം | - |
| | - ടി - പൂർത്തീകരണം | - | - | - | - | 50 ലക്ഷം |
| 2. പുതിയ 2 സമാന്തര റോഡുകളുടെ നിർമ്മാണം, കമ്പിവേലിയ്ക്കകം റെയിൽവേ ഗേറ്റ്, ഹൗസിംഗ് കോളനികൾ, ഗോഡൗണുകൾ, മാർക്കറ്റ്, ഷോപ്പിംഗ് സെന്റർ ബയോഗ്യാസ് പ്ലാന്റുകൾ കമ്പോസ്റ്റു നിർമ്മാണം ലിങ്ക് റോഡുകൾ എന്നിവ | സ്ഥലമെടുപ്പു നടപടികൾ | 20 ലക്ഷം | - | - | - | - |
| | - ടി - റോഡ് നിർമ്മാണം ഒന്നാംഘട്ടം | - | 20 ലക്ഷം | - | - | - |
| | റോഡ് നിർമ്മാണം പൂർത്തീകരണം, മറ്റു പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് | - | - | 40 ലക്ഷം | - | - |
| | - ടി - നിർമ്മാണം പൂർത്തീകരണം | - | - | - | 50 ലക്ഷം | - |
| | - ടി - | - | - | - | - | 20 ലക്ഷം |
| | ആകെ | 40 ലക്ഷം | 50 ലക്ഷം | 90 ലക്ഷം | 1 കോടി | 70 ലക്ഷം |

ഒമ്പതാം പദ്ധതിക്കാലത്ത് പ്രത്യുൽപ്പാദനപരമായ നിർമ്മാണ പദ്ധതികൾക്ക് വകയിരുത്തൽ 3 കോടി 50 ലക്ഷം

## III ആരോഗ്യപരവും, പൊതുജനക്ഷേമകരവുമായ പദ്ധതികൾ

ഒമ്പതാം പദ്ധതിക്കാലത്ത് ചിലവഴിക്കാൻ ലഭിക്കുന്ന 4 കോടി 50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വിഭവശേഷി താഴെപറയുന്ന പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതാണ്.

1. പൊതുശ്മശാനം
2. കളിക്കളം
3. പാർക്ക്

## സ്വയംപര്യാപ്തതയോടെ - ഏകദേശ ചിത്രം

പ്രത്യുൽപാദനപരമായ പദ്ധതികൾ പൂർത്തിയാകുന്നതോടെ ഒമ്പതാം പദ്ധതിയുടെ അവസാനവർഷം മുതൽ കൈവരിക്കാൻ കഴിയുന്ന വിഭവശേഷി താഴെചേർക്കുന്നു.

1. തിരിച്ചു കൊടുക്കേണ്ടതില്ലാത്ത ഡെപ്പോസിറ്റ് ഇനത്തിൽ വരവ് 50 ലക്ഷം
2. ഹൗസിംഗ് പ്ലോട്ടുകൾ വിറ്റു വരവ് 1 കോടി 50 ലക്ഷം
3. പ്രതിവർഷ വാടക വരുമാനം 60 ലക്ഷം

പത്താം പദ്ധതിക്കാലത്ത് വാടക വരുമാനംകൊണ്ട് മാത്രം സ്വയംപര്യാപ്തത കൈവരിക്കാൻ പ്രത്യുൽപാദനപരമായ പദ്ധതികളുടെ നടത്തിപ്പ് സഹായകരമാവും എന്നുറപ്പിക്കാം ഇത്രയേറെ വിഭവശേഷി സമാഹരിക്കാൻ മാത്രം നമ്മുടെ പഞ്ചായത്ത് പ്രദേശം പുരോഗതി കൈവരിച്ചിരിക്കുന്നു എന്ന വസ്തുത സമീപകാലത്തെ കെട്ടിട നിർമ്മാണ രംഗത്തുണ്ടായ വർദ്ധനവും, അതിലെ നിക്ഷേപർക്ക് ലഭിക്കുന്ന വരുമാനവും വ്യക്തമാക്കുന്നു. ഗ്രാമസ്വരാജിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ മഹത്തായ കാഴ്ചപ്പാട് ധന്യമാക്കാനുള്ള യത്നത്തിന് ഈ പദ്ധതിയിലൂടെ നമുക്ക് തുടക്കമിടാം.

## തിരുവാങ്കുളം പഞ്ചായത്തിന്റെ 1995-96-ലെ വരവു ചിലവു കണക്ക്

| വരവ് | | ചിലവ് | |
|---|---|---|---|
| പഞ്ചായത്ത് നികതിയും കരവും | 13,46,942 | നടത്തിപ്പും പിരിവും | 5,84,741 |
| പ്രത്യേക ആക്റ്റ് പ്രകാരം വസൂലാക്കുന്ന തുക | 65,450 | പൊതു മരാമത്ത് | 9,65,179 |
| പഞ്ചായത്തു വക വസ്തുക്കളിൽ നിന്നും ലഭിക്കുന്ന റവന്യൂ | 2,80,595 | വിദ്യാഭ്യാസം | 3,165 |
| ഗവർമെന്റ് ഗ്രാന്റും അംശാദായവും | 1,89,194 | ജലവിതരണവും, ഡ്രെയിനേജും | 34,720 |
| പലവക വരുമാനം | 23,489 | പൊതുജനാരോഗ്യം | 69,884 |
| | | വിളക്കുവെക്കൽ | 1,64,035 |
| | | കൃഷി | 9,510 |
| | | മൃഗപരിപാലനം | - |
| | | സാമൂഹ്യക്ഷേമം | - |
| | | പഞ്ചായത്ത് വക വസ്തുക്കൾ | 22,365 |
| | | അസാധാരണ ചിലവ് | - |
| പ്രാരംഭ ബാക്കി | 12,47,484 | അവസാന ബാക്കി | 13,62,897 |

# റിപ്പോർട്ട് തയ്യാറാക്കിയ കമ്മറ്റി

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | : | കുമാരി കെ. എസ്. ബിന്ദു | (പഞ്ചായത്ത് പ്രസിഡൻറ്) |
| ജനറൽ കൺവീനർ | : | ശ്രീ. ശശി എ. കെ | (പഞ്ചായത്ത് സെക്രട്ടറി) |
| കൺവീനർ | : | ശ്രീ. ബി. രമേശ് | (ജില്ലാ റിസോഴ്സ് പേഴ്സൺ) |

# വിഷയ ഗ്രൂപ്പുകൾ

### 1. കൃഷി-ജലസേചനം

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. സി. കാർത്തികേയൻ | (പഞ്ചായത്ത് വൈസ് പ്രസിഡൻറ്) |
| കൺവീനർ | : | ശ്രീ. കെ. രവീന്ദ്രൻ | |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീ. കെ. ശ്രീധരൻ | |
| | | ശ്രീ. കെ. വി. പൗലോസ് | |
| | | ശ്രീ. കരുണാകരൻ മാസ്റ്റർ | |

### 2. മൃഗസംരക്ഷണം - മത്സ്യബന്ധനം

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. കെ. എം. ജോയി | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീ. കെ. സി. ജോസഫ് | |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീ. ടി. കെ. വാസു | |
| | | ശ്രീ. എം. സി. പ്രകാശൻ | |

### 3. ഗതാഗതം-ഊർജ്ജം, വിഭവസമാഹരണം

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. പോൾസൺ ജോസഫ് | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീ. എൻ. ജെ. ജോർജ്ജ് | |

### 4. വിദ്യാഭ്യാസം, സാംസ്കാരം

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. ഇ. വി. തങ്കപ്പൻ | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീ. സുഗുണാനന്ദൻ | (ഡി. ആർ. പി) |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീ. എൻ. ജെ. വർഗ്ഗീസ് | |
| | | ശ്രീ. സി. വി. മാധവൻ മാസ്റ്റർ | |
| | | ശ്രീ. കെ. കെ. രവി | (ഡി. ആർ. പി) |
| | | ശ്രീ. സി. കെ. വേലായുധൻ | |

**5. വ്യവസായം**

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. ബാബു ജോർജ്ജ് | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീ. പി. എ. ഡേവിഡ് | |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീ. ടി. ടി. ചെറിയാൻ | |
| | | ശ്രീ. എൻ. ഡി. ജോസഫ് | |
| | | ശ്രീ. പി. കെ. നാരായണൻ കുഞ്ഞ് | |

**6. വനിതാ, സഹകരണസംഘം**

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി കെ. ആർ. സത്യഭാമ | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീമതി നിർമ്മലാ രമേശൻ | |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീമതി പ്രേമാസതീശ് | |
| | | ശ്രീമതി ലീലാ മാത്യു | |
| | | ശ്രീമതി മേരി വർഗ്ഗീസ് | |
| | | ശ്രീമതി നിഷ | |

**7. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം**

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി തിലോത്തമ സുരേഷ് | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീമതി പ്രസന്ന | |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീമതി ലളിതാ ശങ്കരകുറുപ്പ് | |
| | | ശ്രീമതി ലാലമ്മ | |
| | | ശ്രീമതി സാവിത്രി | |
| | | ശ്രീമതി ഗീത | |
| | | ശ്രീമതി സുമതി | |

**8. പാർപ്പിടം, സാമൂഹ്യക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**


| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. കെ. ടി. തങ്കപ്പൻ | (വാർഡ് മെമ്പർ) |
| കൺവീനർ | : | ശ്രീ. കെ. കെ. തങ്കപ്പൻ | |
| കമ്മറ്റി അംഗം | : | ശ്രീ. ശങ്കരകുറുപ്പ് | |

**9. പഠന പര്യടനം, പഞ്ചായത്ത് മ്യാപ്പ്**

| | | |
|---|---|---|
| കൺവീനർ | : | ശ്രീ. എൻ. ജെ. മാത്യു |
| കമ്മറ്റി അംഗങ്ങൾ | : | ശ്രീ. കെ. സുഗുണാനന്ദൻ |
| | | ശ്രീ. പി. എ. ഡേവിഡ് |
| | | ശ്രീ. കെ. എസ്. രാജൻ |

ജില്ല: എറണാകുളം
താലൂക്ക്: കണയന്നൂർ
ഗ്രാമ പഞ്ചായത്ത്: തിരുവാങ്കുളം
വില്ലേജ്: തിരുവാങ്കുളം





196

ഗ്രാമ വികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന്
ഗ്രാമപഞ്ചായത്തുമായി സഹകരിക്കുക




# ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്




## വികസന റിപ്പോർട്ട്

**1996**

# ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്
# 1996

## ആമുഖം

നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയതുമുതൽ ആസൂത്രിതമായി സാമ്പത്തിക വികാസം നേടുന്നതിനുള്ള ശ്രമം നടന്നു. പഞ്ചവത്സരപദ്ധതികൾ നടപ്പാക്കിയും പൊതുമേഖല കെട്ടിപ്പടുത്തും പല നേട്ടങ്ങളും ഉണ്ടാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ലോകപ്രശസ്തമായ ഭക്രാനങ്കൽ അണക്കെട്ടുമുതൽ കൊച്ചി അന്തർദേശീയ സ്റ്റേഡിയം വരെ പലതും നേട്ടങ്ങളുടെ പട്ടികയിലുണ്ട്. വളരെയേറെ ഉത്പാദനശേഷി വർധിപ്പിക്കാൻ നമുക്കു കഴിഞ്ഞു. കുറെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. പക്ഷെ, ഏറെത്താമസിയാതെ വളർച്ചമുരടിച്ച്. ഇന്ന് തൊഴിലില്ലായ്മ വർധിച്ചുകൊണ്ടേയിരിക്കുന്നു. ഉത്പാദിപ്പിക്കപ്പെടുന്നതെല്ലാം വിറ്റഴിയപ്പെടുന്നില്ല. ഒരുവശത്ത് ജനങ്ങൾ പട്ടിണികിടക്കുമ്പോഴും നാട്ടിൽ അരി കെട്ടികിടക്കുന്നു. കമ്പോളം ചുരുങ്ങുന്നതുമൂലം വ്യവസായങ്ങൾ പൂട്ടപ്പെടുന്നു. ഉത്പാദനമേഖല വികസിക്കാത്തതുമൂലം തൊഴിലില്ലായ്മ പെരുകുന്നു. പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്ന് തൊഴിലാളികൾ പറിച്ചെറിയപ്പെടുന്നു. തൊഴിലും ജീവിതമാർഗവും ഇല്ലാതാകുന്നവരുടെ എണ്ണം വർധിക്കുന്നത് പല സാമൂഹ്യപ്രശ്നങ്ങൾക്കും വഴിവെക്കുന്നു. ചുരുക്കത്തിൽ നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയുടെ ഗുണഫലം വേണ്ടത്ര ജനങ്ങളിലേക്കെത്തിയിട്ടില്ല. അതുകൊണ്ടുതന്നെ വികസനം മുരടിക്കാനിടയായി. കേരളത്തിലാകട്ടെ, സ്ഥിതി ഏറെ ഗുരുതരമാണ്. നെൽകൃഷി കുറഞ്ഞുവരുന്നു. റബർ ഒഴിച്ച് മറ്റെല്ലാ കൃഷിയും തകർച്ചയെ നേരിടുന്നു. വ്യവസായവും മുരടിപ്പിലാണ്. പരമ്പരാഗതവ്യവസായങ്ങളെല്ലാം പ്രതിസന്ധിയിലാണ്. ആകെ വികസനമുണ്ടായത് വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയ സേവനമേഖലകളിലാണ്. വിദ്യാഭ്യാസം സാർവത്രികമായി. ആയുർദൈർഘ്യം കൂടി. മരണനിരക്കു കുറഞ്ഞു. എല്ലാം നേട്ടങ്ങൾതന്നെ. പക്ഷെ, സേവനമേഖലയുടെ ഗുണനിലവാരം കുറയുകയാണ്. പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ അയക്കാൻ രക്ഷാകർത്താക്കൾ ഇഷ്ടപ്പെടുന്നില്ല. വിജയശതമാനം മോശമാണ്. സർക്കാർ ആശുപത്രികളിൽ പോകാൻ രോഗികൾക്ക് താൽപര്യമില്ല. ചെന്നാൽ നല്ല ചികിത്സ കിട്ടുകയുമില്ല. മറുവശത്ത് സ്വകാര്യസ്ഥാപനങ്ങൾ തഴച്ചു വളരുന്നു. കേരളം ഇന്ന് പടിച്ചുനിൽക്കുന്നത് ഗൾഫ് പണത്തിന്റെ ഒഴുക്കും വന-സമുദ്രസമ്പത്തുകളുടെ അമിതമായ ചൂഷണവുംകൊണ്ടാണ്. അവയൊന്നും തുടർച്ചയായി നിലനിൽക്കുന്നതല്ല. ക്ഷയിച്ചു വരികയാണ്. ഒരു വലിയദുരന്തത്തിന്റെ വക്കിലാണ് നമ്മൾ.

ഇന്നു നാം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം കാരണം ആസൂത്രണം നടപ്പാക്കിയതാണെന്ന വാദം ഉയർത്തപ്പെടുന്നുണ്ട്. ആസൂത്രിതമായി സർക്കാർ ഇടപെടുമ്പോൾ ജനങ്ങളുടെ മുൻകൈ നഷ്ടപ്പെടുമെന്നും അതാണ് മുരടിപ്പിനു കാരണമെന്നും പറയുന്നു. അതിനുപരിഹാരം, എല്ലാം സ്വകാര്യവ്യക്തികളുടെ മുൻകൈക്കു വിട്ടുകൊടുക്കുകയാണെന്നുള്ള ധാരണയോടെയാണ് കഴിഞ്ഞ കുറേക്കാലമായി ഉദാരവൽക്കരണം നടപ്പാക്കി വരുന്നത്. പക്ഷെ, ഉദാരവൽക്കരണം ജനങ്ങളുടെയാകെ മുൻകൈ ഉറപ്പുവരുത്തുന്നില്ല, മറിച്ച്, ഒരുപിടി ആളുകൾക്ക്, അതും ഏറ്റവുമധികം മൂലധനശേഷിയുള്ളവർക്കുമാത്രമാണ് മുൻകൈ കിട്ടുക. ഉദാരവൽക്കരണം ആഗോളവൽക്കരണത്തിലേക്ക് നയിക്കും. കാരണം ഏറ്റവുമധികം മൂലധനശേഷിയുള്ളത് ആഗോളകുത്തകകൾക്കാണ്. ജനങ്ങൾക്കും രാജ്യത്തിനും മുൻകൈ നഷ്ടപ്പെടുകയും ആഗോളകുത്തുകകളുടെ പിടിയിലമരുകയുമാണ് ഉദാരവൽക്കരണത്തിന്റെ ഫലം. നാം നേടിയ സ്വാതന്ത്ര്യം നമുക്കു നഷ്ടപ്പെടുകയാണ്.

കഴിഞ്ഞകാലം ആസൂത്രണത്തിൽ ജനങ്ങൾക്കു മുൻകൈ ഉണ്ടായിരുന്നില്ല. നടപ്പാക്കിയ ആസൂത്രണം അങ്ങേയറ്റം കേന്ദ്രീകൃതമായിരുന്നു. ജനങ്ങൾക്ക് ആസൂത്രണത്തിൽ പങ്കുണ്ടായിരുന്നില്ല. ഡൽഹിയിലും തിരുവനന്തപുരത്തുമിരുന്ന് ഏതാനും വിദഗ്ധർ തീരുമാനിക്കുന്ന പദ്ധതികളായിരുന്നു അവ. നടപ്പാക്കുന്നതാകട്ടെ വിവിധ വകുപ്പുകളിലായി തിരിഞ്ഞ് പരസ്പരധാരണയോ സമന്വയമോ ഇല്ലാതെയായിരുന്നു. ജലസേചനപദ്ധതി കൃഷിക്ക് ഉപകരിക്കണമെന്ന ലളിതമായ കാര്യംപോലും മറന്നുകൊണ്ട് കൃഷിവകുപ്പും ജലസേചന വകുപ്പും പരസ്പരബന്ധമില്ലാതെ പ്രവർത്തിച്ചതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ചോറ്റാനിക്കരയിൽ എത്തിനിൽക്കുന്ന പെരിയാർവാലി ജലസേചന കനാൽ. പണി പൂർത്തിയാകാതെ പദ്ധതിപൂർത്തിയാക്കിയ വിചിത്രമായ നടപടിയും ഇക്കാര്യത്തിലുണ്ടായിരിക്കുന്നു. അത് കൃഷി നന്നാക്കിയില്ലെന്നു മാത്രമല്ല, കുന്നപ്പിള്ളി പാടത്ത് (20 ഏക്കർ, 2 പൂവ്) കൃഷി അസാധ്യമാക്കിയിരിക്കുകയാണ്. ഒന്നാംവാർഡിൽ കൃഷിനിലത്തിന്റെ നടുവിൽ ലക്ഷങ്ങൾ മുടക്കിയിട്ടും പണി തീരാതെ കിടക്കുന്ന റോഡും കഴിഞ്ഞകാലാസൂത്രണത്തിന്റെ പിഴവുകൾ കാട്ടിത്തരുന്നു. ജനപങ്കാളിത്തത്തോടെയാണ് ഇവ നടപ്പാക്കിയിരുന്നതെങ്കിൽ ഒരിക്കലും ഇത്തരത്തിലാകുമായിരുന്നില്ല. കഴിഞ്ഞകാലത്ത് നടന്ന ആസൂത്രണത്തിന്റെ അപാകത അനുവർത്തിച്ചുവന്ന രീതിയുടേതായിരുന്നുവെന്നു കാണാൻ കൂടുതൽ തെളിവുകൾ ആവശ്യമില്ല.

കഴിഞ്ഞകാലത്ത് ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടായ പിഴവുകൾ തിരുത്തിയും കുറവുകൾ നികത്തിയും ജനോപകാരപ്രദമാക്കുകയാണ് ജനകീയാസൂത്രണ പദ്ധതി ചെയ്യുന്നത്. മുഴുവൻ ജനങ്ങൾക്കും പദ്ധതി ആസൂത്രണത്തിലും നടപ്പാക്കുന്നതിലും അതിന്റെ ഫലം കിട്ടേണ്ടവർക്ക് കിട്ടിയോ എന്ന് പരിശോധിക്കുന്നതിലും പങ്കാളിത്തം ഉറപ്പാക്കുന്നതാണ് ജനകീയാസൂത്രണം. സന്നദ്ധതയുള്ളവർക്കെല്ലാം ആസൂത്രണത്തിലും നടത്തിപ്പിലും വിലയിരുത്തലിലും പങ്കെടുക്കാം. മാത്രമല്ല, എല്ലാവരേയും അതിൽ പങ്കെടുപ്പിക്കാനുള്ള ബോധപൂർവമായ ശ്രമവും ഇതിന്റെ പ്രത്യേകതയാണ്. മുഴുവൻ ജനങ്ങളും പങ്കാളികളാകുമ്പോഴാണ് ജനകീയാസൂത്രണം പൂർണമായ അർത്ഥത്തിൽ വിജയിക്കുന്നത്. അത് ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യമാണ്.

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്തുകളുടെ നിലനില്പ് ഉറപ്പുചെയ്യപ്പെട്ടിരിക്കുന്നു. അധികാരവും വിഭവവും സംസ്ഥാനങ്ങളുടെ വിവേചനത്തിന് വിട്ടിരിക്കുകയാണ്. ഈ പരിമിതി ഉണ്ടെങ്കിൽപ്പോലും നിലവിലുള്ള പഞ്ചായത്തീരാജ് സംവിധാനം ജനങ്ങളുടെ സ്വയംഭരണം ഉറപ്പാക്കുന്നതിനുള്ള ഒരു നല്ല ഉപകരണമാണ്. കേരളത്തിലെ സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്ക് അധികാരവും പണവും നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ് ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയാണിവിടെ. ലോകത്തിന്നോളം ഇത്തരം ഒരു സംവിധാനം നടപ്പാക്കിയിട്ടില്ല. ജനങ്ങൾക്കിതിൽ മുൻപരിചയമില്ല. 9–ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണം ജനകീയമാക്കാൻ തീരുമാനിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും അത് നിയമിച്ച ആസൂത്രണ ബോർഡും ജനകീയാസൂത്രണം തന്നെ ആസൂത്രിതമായി നടപ്പാക്കുകയാണ്. സമയബന്ധിതമാണത്.

ജനകീയാസൂത്രണം നടപ്പാക്കുന്നത് പഞ്ചായത്തുകളാണ് അവയെ സഹായിക്കാനാണ് ആസൂത്രണ ബോർഡ് സന്നദ്ധ പ്രവർത്തകരുടെ ഒരു നിരയെ പരിശീലിപ്പിച്ചെടുത്തത്. പരിശീലകരുടെ സന്നദ്ധ പ്രവർത്തനം പഞ്ചായത്ത് സംവിധാനത്തെയും ജനപ്രതിനിധികളേയും ജനകീയാസൂത്രണ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സഹായിക്കുവാനുള്ള ഒരു സംവിധാനം മാത്രമാണ്. അധികാരം മുഴുവൻ ജനപ്രതിനിധികളിലും അവരിലൂടെ ജനങ്ങളിലും നിക്ഷിപ്തമാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകുന്നു. നമ്മുടെ പഞ്ചായത്തിൽനിന്ന് ആദ്യഘട്ടത്തിൽ ഒരാൾ സംസ്ഥാനതലത്തിലും 6 പേർ ജില്ലാ തലത്തിലും 56 പേർ പഞ്ചായത്ത് തലത്തിലും പരിശീലനം നേടുകയുണ്ടായി. കേരളത്തിലാകെ ഏതാണ്ട് മുപ്പതിനായിരത്തിലധികം സന്നദ്ധ പ്രവർത്തകർ പരിശീലിപ്പിക്കപ്പെട്ടു.

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി കുടുംബയോഗങ്ങൾ, കലാജാഥകൾ, വീടുകൾതോറും സ്കാഡുകൾ, പോസ്റ്ററുകൾ, മൈക്ക് പ്രചരണം എന്നിവയെല്ലാം നടത്തി. ഗ്രാമസഭകളിൽ മൊത്തം 1355 ഗ്രാമവാസികൾ പങ്കെടുത്തു. അതിൽ 409 പേർ സ്ത്രീകളായിരുന്നു. സ്വയംഭരണ പ്രവർത്തനമായി ഇന്നേവരെ വോട്ടു ചെയ്യുക മാത്രം ചെയ്തിരുന്ന ഇത്രയേറെപ്പേർ നേരിട്ട് ആസൂത്രണത്തിൽ പങ്കാളികളായതുതന്നെ ഈ പദ്ധതിയുടെ വിജയം വിളിച്ചോതുന്നു. 8 മുതൽ 10 വരെ വിഷയ ഗ്രൂപ്പുകളിലായി പ്രശ്നങ്ങളുന്നയിച്ചും വിഭവങ്ങളെക്കുറിച്ച് വിവരം നൽകിയും പ്രശ്നപരിഹാരത്തിന് നിർദേശം മുന്നോട്ടുവച്ചും അവർ ഗ്രാമസ്വയംഭരണത്തിൽ പങ്കാളികളായി. 9 ഗ്രാമസഭകളും നടത്തപ്പെട്ടതോടെ ജനകീയാസൂത്രണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായി പൂർത്തിയാക്കപ്പെട്ടു.

രണ്ടാംഘട്ട പ്രവർത്തനം വികസനസെമിനാറിൽ സമർപ്പിക്കുന്നതിനുള്ള ഈ റിപ്പോർട്ട് തയാറാക്കുന്നതിനും സെമിനാർ സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലും ലഭ്യമായ വിവരങ്ങൾ സമാഹരിക്കപ്പെട്ടു. ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് 8–ാം പദ്ധതിക്കാലത്ത് പൂർത്തിയാക്കപ്പെട്ടവയും പൂർത്തീകരിക്കാനുള്ളവയുമായ പദ്ധതികൾ അവലോകനം ചെയ്തു. ഭാവിപദ്ധതികളെക്കുറിച്ചുള്ള നിർദേശങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഗ്രാമസഭാ റിപ്പോർട്ട്, പഠനപര്യടനം, വാർഡുതല വിവരശേഖരണം തുടങ്ങിയ പ്രാഥമിക വിവരശേഖരണ പ്രവർത്തനത്തിലൂടെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കിട്ടിയ വിവരങ്ങൾ ഒത്തുനോക്കി പരമാവധി സാധ്യമായ കൃത്യതയോടെ ഈ റിപ്പോർട്ട് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽനിന്ന് വളരെയേറെ ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവ ആസൂത്രണത്തിനാവശ്യമായ വിവരങ്ങൾതന്നെയാണ്. പക്ഷേ, പ്രാദേശിക വിഭവങ്ങളെക്കുറിച്ചും അവയെ അങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചും വളരെക്കുറച്ച് വിവരങ്ങളേ ഗ്രാമസഭകളിൽനിന്ന് കിട്ടിയിട്ടുള്ളൂ. മൂർത്തമായ നിർദേശങ്ങളേറെയും റോഡുകളേക്കുറിച്ചും ടാപ്പുകളെക്കുറിച്ചും തെരുവു വിളക്കുകളേക്കുറിച്ചും മാത്രമായിരുന്നു. കൃഷി നന്നാക്കാൻ കുറെയേറെ നിർദേശങ്ങൾ വന്നിട്ടുണ്ട്. വ്യവസായത്തെക്കുറിച്ച്, മൃഗ പരിപാലനത്തെക്കുറിച്ച്, ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഒക്കെത്തന്നെ എല്ലാ കാര്യങ്ങളും പഞ്ചായത്ത് ചെയ്തുകൊടുക്കണമെന്ന നിർദേശമാണുണ്ടായിട്ടുള്ളത്. പഞ്ചായത്തെന്നാൽ ജനങ്ങൾ തന്നെയാണെന്ന ധാരണ ഉണ്ടാകേണ്ടതുണ്ട്. ആവശ്യങ്ങൾ നിരവധിയും വിഭവങ്ങൾ പരിമിതവും ആയിരിക്കുമ്പോൾ മുൻഗണന തീരുമാനിച്ച് തെരഞ്ഞെടുപ്പ് നടത്താതെ കഴിയില്ല. ലഭ്യമായ വിഭവങ്ങൾകൊണ്ട് എന്തെല്ലാം ചെയ്യാമെന്നും അവയുടെ മുൻഗണന എന്തായിരിക്കണമെന്നും നാം ചിന്തിക്കേണ്ടതുണ്ട്. അതാണ് ആസൂത്രണം. ആവശ്യങ്ങൾ കൂടുതലും വിഭവം കുറവും ആയതിനാലാണ് ആസൂത്രണം ആവശ്യമായതുതന്നെ. അല്ലെങ്കിൽ എല്ലാം ഒറ്റയടിക്ക് ചെയ്തു തീർത്താൽ മതിയായിരുന്നു. ഇക്കാര്യം വികസന സെമിനാറിന്റെ സജീവ പരിഗണനയ്ക്ക് വരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് |
| രൂപീകരിക്കപ്പെട്ട വർഷം | : | 1977 |
| ഗ്രേഡ് | : | സ്പെഷ്യൽ ഗ്രേഡ് |
| അതിരുകൾ : പടിഞ്ഞാറ് | : | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി |
| വടക്ക് | : | തിരുവാങ്കുളം പഞ്ചായത്ത് |
| വടക്ക്-കിഴക്ക് | : | തിരുവാണിയൂർ പഞ്ചായത്ത് |
| തെക്ക് | : | മുളന്തുരുത്തി പഞ്ചായത്ത് |
| തെക്കുപടിഞ്ഞാറ് | : | ഉദയംപേരൂർ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുരീക്കാട്, കണയന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ചോറ്റാനിക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | മുളന്തുരുത്തി |
| താലൂക്ക് | : | കണയന്നൂർ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | പിറവം |
| പാർലമെന്റ് മണ്ഡലം | : | മൂവാറ്റുപുഴ |
| വിസ്തീർണം | : | 12.68 ചതുരശ്ര കി.മീ. |
| ജനസംഖ്യ | : | 16,109 (1991) |
| വാർഡുകളുടെ എണ്ണം | : | 9 |
| പ്രസിഡന്റ് | : | ശ്രീ വി. രവീന്ദ്രൻ |
| വൈസ് പ്രസിഡന്റ് | : | ശ്രീ പി.യു. തോമസ് |
| രൂപീകരിക്കപ്പെട്ട കമ്മിറ്റി | : | സ്റ്റാന്റിംങ് കമ്മിറ്റി |
| ചെയർമാൻ | : | ശ്രീ കെ.വി. വിത്സൻ |

### പഞ്ചായത്ത് ജീവനക്കാർ

| | |
|---|---|
| 1. സെക്രട്ടറി | 1 |
| 2. ജൂണിയർ സൂപ്രണ്ട് | 1 |
| 3. അപ്പർ ഡിവിഷൻ ക്ലർക്കുമാർ | 4 |
| 4. ലോവർ ഡിവിഷൻ ക്ലർക്കുമാർ | 3 |
| 5. പ്യൂൺ | 1 |
| 6. ശുചീകരണത്തിന് | 1 |
| 7. ഭാഗിക ശുചീകരണത്തിന് | 1 |
| ആകെ | 12 |

### ജനപ്രതിനിധികൾ

| | | |
|---|---|---|
| ലോകസഭ | : | ശ്രീ പി.സി. തോമസ് |
| സംസ്ഥാന നിയമസഭ | : | ശ്രീ ടി.എം. ജേക്കബ് |
| ജില്ലാ പഞ്ചായത്ത് | : | ശ്രീ സി.വി. ഔസേപ്പ് (വൈസ് പ്രസിഡന്റ്) |
| ബ്ലോക്ക് പഞ്ചായത്ത് | : | ശ്രീ എൻ.ആർ. വാസുദേവൻ (വൈസ് പ്രസിഡന്റ്) |

### ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

ശ്രീ വി. രവീന്ദ്രൻ (പ്രസിഡന്റ്)
ശ്രീ പി.യു. തോമസ് (വൈസ് പ്രസിഡന്റ്)
ശ്രീ കെ.വി. വിത്സൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
ശ്രീ ടി.എം. അബ്രഹാം
ശ്രീമതി ഉഷാ ബാബു
ശ്രീമതി സുധ ഗോപി
ശ്രീ കെ.എൻ. കൃഷ്ണൻകുട്ടി മാസ്റ്റർ
ശ്രീ തോമസ് ടി. കുര്യാക്കോ
ശ്രീമതി ഗിരിജാ പ്രഭാകരൻ

## സാമൂഹ്യ സാംസ്കാരിക ചരിത്രം

ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്ന പഞ്ചായത്താണ് ചോറ്റാനിക്കര. ചോറ്റാനിക്കര ദേവീക്ഷേത്രംതന്നെ

യാണ് ചോറ്റാനിക്കരയുടെ ദേശീയ പ്രശസ്തിക്കു കാരണം. കഴിഞ്ഞ ശബരിമല തീർത്ഥാടനകാലത്ത് വിവിധ സംസ്ഥാനങ്ങളിൽനിന്നായി 1.75 കോടി തീർത്ഥാടകർ ചോറ്റാനിക്കര സന്ദർശിച്ചതായി കണക്കാക്കപ്പെടുന്നു. ഈ വർഷം അത് 2 കോടിയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ചാമുണ്ഡേശ്വരി ദേവിയെ കർണ്ണാടകത്തിൽനിന്നും കേരളത്തിലേക്ക് ആനയിക്കുവാൻ ആദിശങ്കരാചാര്യ സ്വാമികൾ നടത്തിയ ഉഗ്ര തപസ്സിൽ സംപ്രീതയായ ദേവി, തന്റെ ജ്യോതിയെ ഇപ്പോഴത്തെ ചോറ്റാനിക്കര ഉൾക്കൊള്ളുന്ന 'വേന്ദനാട്ട്' പ്രദേശത്ത് പ്രതിഷ്ഠിച്ച് ആരാധിക്കാൻ അനുവദിച്ചെന്നും, ജ്യോതി പ്രതിഷ്ഠിച്ച സ്ഥലം ജ്യോതിയാനിക്കരയും പിന്നീട് ചോറ്റാനിക്കരയും ആയിത്തീർന്നെന്നും ആണ് സ്ഥലനാമോല്പത്തിയെക്കുറിച്ചുള്ള ഐതിഹ്യം. വില്വമംഗലത്തു സ്വാമിയാർ, കാക്കശേരി ഭട്ടതിരി തുടങ്ങിയവരുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളും ചോറ്റാനിക്കരയുടെ പ്രശസ്തി വിളിച്ചോതുന്നതിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. കുംഭമാസത്തിലെ മകം തൊഴലാണ് ക്ഷേത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങ്.

## ഇതര ദേവാലയങ്ങൾ

ചെറുതും വലുതുമായ ഒരു ഡസനോളം ക്ഷേത്രങ്ങൾ പഞ്ചായത്തിലുണ്ട്. പോയനാളുകളിലെ ഒരു രാജവംശത്തിന്റെ ചരിത്രവും പാരമ്പര്യവും അവകാശപ്പെടുന്ന കുരീക്കാടു പ്രദേശത്ത് കണ്ടങ്കാവുകാളിക്ഷേത്രം, ശ്രീകൃഷ്ണക്ഷേത്രം, ശിവക്ഷേത്രം എന്നിവ സ്ഥിതി ചെയ്യുന്നു. ക്ഷേത്രങ്ങളുടെ കാര്യത്തിൽ കൂടുതൽ സമ്പന്നമാണ് കണയന്നൂർ. പാലസ് സ്ക്വയറിലെ പഴയന്നൂർ ഭഗവതിയെ വണങ്ങിയ ശേഷമേ കൊച്ചി രാജാക്കന്മാർ സ്ഥാനാരോഹണം ചെയ്തിരുന്നുള്ളു. പള്ളിപ്പുറത്തുമന വകയായിരുന്ന രണ്ടു സ്വകാര്യ ക്ഷേത്രങ്ങളിൽ ഒന്ന് നാട്ടുകാർക്ക് വിട്ടുകൊടുത്തു. എരുവേലിയിലെ പുന്നച്ചാലിൽ ക്ഷേത്രവും ഹരിഹരസുബ്രഹ്മണ്യക്ഷേത്രവും നമ്പൂരിശ്ശൻ മലയിലെ പുലിയാമ്പുള്ളി നമ്പൂരി ക്ഷേത്രവും എടുത്തുപറയത്തക്ക ക്ഷേത്രങ്ങളുടെ പട്ടികയിൽപ്പെടുന്നു. ചോറ്റാനിക്കര ക്ഷേത്രത്തിന്റെ പ്രാധാന്യം മറ്റു ക്ഷേത്രങ്ങൾക്കുള്ള പ്രശസ്തിയിൽ കുറവു വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ക്രിസ്ത്യൻ ദേവാലയങ്ങൾ കടുംഗമംഗലം പുത്തൻ പള്ളിയും എരുവേലിയിലും ടാറ്റാ ആശുപത്രിക്കു സമീപവും ഉള്ള സെന്റ് തോമസ് ചാപ്പലുകളും ആണ്. ചോറ്റാനിക്കരയെ തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന ഉദയംപേരൂർ മുളന്തുരുത്തി പഞ്ചായത്തുകളിലെ ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ് നടന്ന കത്തോലിക്കാ ദേവാലയവും സുന്നഹദോസുകൾക്ക് വേദികളായിരുന്നു. കണ്ടനാടു മർത്തമറിയം പള്ളി ഒരു ഭദ്രാസന ആസ്ഥാനമാണ്. മുളന്തുരുത്തി മാർത്തോമ്മൻ വലിയപള്ളിയും ഈ പഞ്ചായത്തു നിവാസികളുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന ക്രിസ്ത്യൻ ദേവാലയങ്ങളാണ് ഇവ. മുസ്ലിം ദേവാലയങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. മതസൗഹാർദം ഇവിടെ നിലനിൽക്കുന്നു.

തെക്കും വടക്കും പഴയ തിരുവിതാംകൂറുമായി ഓരംചേർന്നു നിന്നിരുന്ന ചോറ്റാനിക്കര പഞ്ചായത്ത് 1977 വരെ തിരുവാങ്കുളം പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ഒരു ശതാബ്ദം മുമ്പു വരെ കരഭൂമികൾ മുഴുവൻതന്നെ കാടായിരുന്നു. നിബിഡവനങ്ങൾ കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രങ്ങളായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ക്ഷേത്രങ്ങളിലും മനകളിലും ഒതുങ്ങി നിന്നു. വെറുമ്പാട്ടം, കുത്തകപ്പാട്ടം, കാണം, വാക്കാൽ, പാട്ടം, വാരം തുടങ്ങിയ വ്യവസ്ഥകൾക്ക് വിധേയരായി കുടിയാന്മാർ കൃഷി ചെയ്തുകൊണ്ടിരുന്നു. നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയവയായിരുന്ന 'പ്രധാന വിളകൾ'.

കുടികിടപ്പുകാരും പാട്ടം, വാരം കൃഷിക്കാരും ഏതുസമയത്തും ഒഴിപ്പിക്കപ്പെടുമായിരുന്നു. ഒഴിപ്പിക്കലിനെതിരേ കുടികിടപ്പു സംഘവും കർഷക സംഘവും രംഗത്തുവരികയും ശക്തമായ ചെറുത്തുനില്പ്പു സമരങ്ങൾ നടത്തുകയും ചെയ്തു.

ഓലയോ വൈയ്ക്കോലോ മേഞ്ഞവയായിരുന്നു വീടുകൾ. പള്ളിപ്പുറത്തുമനയായിരുന്നു ഏക നമ്പൂതിരി കുടുംബം. നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ, പട്ടികജാതി-പട്ടികവർഗക്കാർ എന്നിവരായിരുന്നു മറ്റു നിവാസികൾ. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾവരെ അയിത്തം കൊടികുത്തി വാണിരുന്നു. പക്ഷേ രാഷ്ട്രീയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ വളർച്ച 1945ൽ കൊച്ചി രാജ്യത്ത് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കുന്നതിന് ഇടയാക്കി.

കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന കുരിക്കാടു കണയന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന ചോറ്റാനിക്കര പ്രദേശം പൊതുവേ ദരിദ്രവും അവികസിതവുമായിരുന്നു. 1906ൽ 709 വീടുകൾ ഉണ്ടായിരുന്നെങ്കിലും സ്വന്തം പേരിൽ ഭൂമിയുള്ളവർ 226 പേർ മാത്രമായിരുന്നു.

## രാഷ്ട്രീയ നവോത്ഥാന പ്രസ്ഥാനങ്ങൾ

പെരുമ്പടപ്പു സ്വരൂപത്തിൽപ്പെട്ട രാജാക്കന്മാർ ഭരിച്ചിരുന്ന കൊച്ചി രാജ്യം ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിലായിരുന്നു. രാജാവിനുവേണ്ടി ഭരണം നടത്തിയിരുന്നത് ദിവാൻമാരായിരുന്നു. കൊച്ചി രാജ്യം ഭരിച്ചിരുന്ന ദിവാന്മാരിൽ ഇന്ത്യയുടെ ധനകാര്യമന്ത്രിപദം വഹിച്ച ഷൺമുഖം ചെട്ടിവരെ ഉൾപ്പെടുന്നു. ഉപദേശക സ്വഭാവമുള്ള മന്ത്രിസഭകളും ലെജിസ്ലേറ്റീവ് കൗൺസിലുകളും നിലനിന്നിരുന്നു. ഇക്കണ്ടവാര്യർ, ടി.കെ. നായർ തുടങ്ങിയവർ കൊച്ചി രാജ്യത്ത് പ്രധാന മന്ത്രിമാരായിരുന്നു. പനമ്പിള്ളി ഗോവിന്ദമേനോൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ മന്ത്രിമാരായും പ്രവർത്തിച്ചിട്ടുണ്ട്.

ലോക മഹായുദ്ധങ്ങൾ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം, വിദേശ ഭരണത്തിന്റെ ചൂഷണസ്വഭാവം, ജന്മിനാടുവാഴി വ്യവസ്ഥ എന്നിവ ഈ നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേക്കും ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും തിരുവിതാംകൂറിലെ ഉത്തരവാദ ഭരണ നിവർത്തന പ്രക്ഷോഭണങ്ങളുടെയും അലയൊലി കൊച്ചിയിലും ജനകീയ പ്രക്ഷോഭങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും അടിത്തറയിട്ടു. കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസും പ്രജാമണ്ഡലവും സ്ഥാപിക്കപ്പെട്ടു. 1947-ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. കൊച്ചി നാട്ടുരാജ്യം ഇന്ത്യൻ യൂണിയനിൽ ലയിച്ചു. 1945-ൽ തിരുവിതാംകൂർ കൊച്ചി സംയോജനം നടന്നു. 1956 നവംബർ 1-ാം തീയതി ഐക്യകേരളം യാഥാർത്ഥ്യമായി.

## തൊഴിലാളികൾ -കർഷകപ്രസ്ഥാനങ്ങൾ

ശാസ്താംമുകൾ, മാമല തുടങ്ങിയ കരിങ്കൽ ക്വാറികളിൽ പണിയെടുത്തിരുന്ന ധാരാളം തൊഴിലാളികൾ ഇവിടെ പാർത്തിരുന്നു. അവരിൽ വളരെയേറെപ്പേർ മറ്റുപ്രദേശങ്ങളിൽപോയി റോഡു നിർമാണരംഗത്ത് പണിയെടുത്തിരുന്നു. കരിങ്കൽ തൊഴിലാളികളും ബീഡിതൊഴിലാളികളുമാണ് ഈ പ്രദേശത്ത് തൊഴിലാളി സംഘടനകൾക്ക് രൂപംനൽകിയത്. കർഷകസംഘവും കർഷകതൊഴിലാളി യൂണിയനും ഏതാണ്ടിതേ കാലഘട്ടത്തിൽ രൂപീകൃതമായി. കുടിയൊഴിപ്പിക്കലിനും അന്യായമായ പാട്ടവ്യവസ്ഥകൾക്കുമെതിരെ അവർ പോരാടി.

**ഭൂഉടമസ്ഥത 1906-ൽ**

| ഇനം | നിലം | വൃക്ഷപാട്ടം | പറമ്പാട്ടുപാട്ടം | ആകെ |
|---|---|---|---|---|
| | (ഏക്കറിൽ) | (ഏക്കറിൽ) | (ഏക്കറിൽ) | (ഏക്കറിൽ) |
| പണ്ടാരവക വെറുംപാട്ടം | 125 | 72 | 232 | 429 |
| പണ്ടാരവക കാണം | 34 | 3 | — | 37 |
| പുറവക | 497 | 221 | 965 | 1683 |
| ഇനാം | 255 | 134 | 226 | 615 |
| ആകെ | 911 | 430 | 1423 | 2764 |

(അവലംബം: സെറ്റിൽമെന്റ് രജിസ്റ്റർ)

| | |
|---|---|
| ഭൂമി കൈവശമുണ്ടായിരുന്നവരുടെ എണ്ണം | –226 |
| ആകെ കുടുംബങ്ങൾ | –709 |
| ഭൂമി കൈവശമുണ്ടായിരുന്നവരുടെ എണ്ണം ആകെ കുടുംബങ്ങളുടെ ശതമാനക്കണക്കിൽ | –31.8% |

**ഭൂ ഉടമസ്ഥത 1996–ൽ (അവലംബം BT രജിസ്റ്റർ)**

| | |
|---|---|
| 10 സെന്റിൽ താഴെ | 943 |
| 11 മുതൽ 25 സെന്റ് വരെ | 1116 |
| 26 മുതൽ 50 സെന്റ് വരെ | 786 |
| 51 മുതൽ 100 സെന്റ് വരെ | 731 |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 441 |
| 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 177 |
| 5 ഏക്കറിനുമേൽ | 30 |
| ഭൂമി കൈവശമുള്ളവരുടെ എണ്ണം | 4224 |

1906–ൽ വെറും 31.8 ശതമാനം കുടുംബങ്ങൾക്കു മാത്രമേ സ്വന്തമായി ഭൂമിയുണ്ടായിരുന്നുള്ളു. ഇന്ന് ഭൂമിയില്ലാത്ത കുടുംബങ്ങൾ ഇല്ലെന്നുതന്നെ പറയാം.

## കാർഷികരംഗത്തെ ചുവടുവയ്പുകൾ

നെൽകൃഷിയായിരുന്നു ജനങ്ങളുടെ പ്രധാന ജീവനോപാധി. തെങ്ങ്, കവുങ്ങ് മുതലായവ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഭൂമിയുടെ ജന്മാവകാശം ദേവസ്വങ്ങൾക്കും മനകൾക്കുമായിരുന്നു. വിപണന സൗകര്യങ്ങളുടെ പരിമിതിമൂലം കാർഷിക വിളകൾക്ക് ന്യായമായ വില കിട്ടിയിരുന്നില്ല. ജപ്പാൻ ബർമ്മ കീഴടക്കിയതിനെത്തുടർന്ന് ബർമ്മയിൽനിന്ന് അരി കിട്ടാതായതും യുദ്ധകാലത്തെ ലെവി സംഭരണവും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കി. ഭൂ പരിഷ്കരണത്തിനുവേണ്ടിയുള്ള മുറവിളികൾ നാടെങ്ങും ഉയർന്നു.

രാജഭരണമോ, തിരുകൊച്ചിയിൽ നിലവിൽ വന്ന ജനകീയ മന്ത്രിസഭകളോ, പി.എസ്. റാവുവിന്റെ അഡ്വൈസർ ഭരണമോ കാർഷിക രംഗത്ത് പറയത്തക്കതായി ഒന്നും ചെയ്തില്ല. വെറും പാട്ട കുടിയാൻനിയമം ഒഴിപ്പിക്കലിന് തടസമായിരുന്നില്ല. 1957–ലെ ഇ.എം.എസ് മന്ത്രിസഭയാണ് ഭൂ പരിഷ്കരണരംഗത്ത് സമൂർത്തമായ നിയമനിർമാണത്തിന് തുടക്കമിട്ടത്. 1959 ജൂലൈ 31–ന് ഇ.എം.എസ് മന്ത്രിസഭ പിരിച്ചുവിടപ്പെട്ടു. തുടർന്ന് 1960–ൽ അധികാരത്തിൽ വന്ന പട്ടം മന്ത്രിസഭ കാർഷിക ബന്ധബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെതന്നെ ഇല്ലാതാക്കുന്ന നിരവധി ഭേദഗതികളോടെയാണ് ബിൽ പാസാക്കിയതും നിയമമാക്കിയതും. 1967–ലെ ഇ.എം.എസ്. മന്ത്രിസഭ വീണ്ടും ശക്തമായ ഭൂ പരിഷ്കരണ നിയമം കൊണ്ടുവന്നു. ആ സർക്കാരും അല്പായുസ്സായി. പക്ഷേ തുടർന്നു വന്ന ഗവൺമെന്റിന് ഭൂ പരിഷ്ക്കരണ നിയമത്തിന്റെ കാര്യത്തിൽ പുറകോട്ടു പോകാൻ കഴിയാത്ത രീതിയിൽ ജനകീയ പ്രക്ഷോഭങ്ങൾ വളർന്നുവന്നു. കേരള ഭൂപരിഷ്കരണ നിയമം 1969, 1–1–70 മുതൽ നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും ആ തീരുമാനം പ്രാവർത്തികമായത് 1–1–70 മുതൽ കുടികിടപ്പിൽ അവകാശം സ്ഥാപിച്ചെടുക്കുമെന്ന ആലപ്പുഴ പ്രഖ്യാപനത്തിന്റെയും തുടർ സമരങ്ങളുടെയും ഫലമായിട്ടാണ്.

കാർഷിക പരിഷ്കരണങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ ചോറ്റാനിക്കരയിലും കൈവശ കൃഷിക്കാരും കുടികിടപ്പുകാരും ഭൂവുടമകളായി. 1906–ൽ 226 പേർക്കാണ് ഭൂമിയുടെ ഉടമസ്ഥാവകാശം ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 4224 പേർക്ക് സ്വന്തമായി ഭൂമിയുണ്ട്. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി കാർഷിക രംഗത്തുണ്ടായ നേട്ടം നിലനിർത്താനായില്ല. നഷ്ടത്തിന്റെ പേരുപറഞ്ഞ് കൃഷിഭൂമികൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന പ്രവണത കൂടിവരുന്നു. കാർഷിക രംഗത്തെ പ്രശ്നങ്ങൾ കൃഷി, ജലസേചനം എന്ന അധ്യായത്തിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്.

## വിദ്യാഭ്യാസം–സംസ്കാരം–സഹകരണം

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തുരുത്തിയിൽ ടി.വി. ഉലഹന്നാൻ മാസ്റ്റർ ഇപ്പോഴത്തെ 3–ാം വാർഡിൽ കടുംഗമംഗലം പള്ളിയുടെ സമീപം സ്ഥാപിച്ച പൊറോത്തിരി കുടിപ്പള്ളിക്കൂടമായിരുന്നു നമ്മുടെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ഔപചാരിക വിദ്യാഭ്യാസം നേടിയിരുന്നില്ലെങ്കിലും വല്യസാർ എന്നറിയപ്പെട്ടിരുന്ന അദ്ദേഹം രണ്ടാംക്ലാസ് വരെയെങ്കിലും എല്ലാവർക്കും ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ചു. അനപത്യതാ ദുഃഖമോ അംഗവൈകല്യമോ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമായില്ല. ഈ കുടിപ്പള്ളിക്കൂടമാണ് പിൽക്കാലത്ത് M.O.M.L.P സ്കൂളായത്. വല്യസാറിന്റെ കാലശേഷം ശ്രീ ടി.കെ. ജോൺ സ്കൂളിന്റെ മാനേജരായി. അദ്ദേഹത്തിനുശേഷം സഹോദരൻ ശ്രീ ടി.കെ. തൊമ്മൻ മാനേജർസ്ഥാനമേറ്റു. സ്കൂൾ ഹെഡ്മാസ്റ്റർ, കർഷക സംഘം പ്രസിഡന്റ്, കുരീക്കാട്–തിരുവാങ്കുളം പരസ്പര സഹായ സഹകരണസംഘം പ്രസിഡന്റ്, പെൻഷനേഴ്സ് സംഘടനയുടെ ഭാരവാഹി എന്നീ നിലകളിലെല്ലാം നിസ്വാർത്ഥ സേവനം കാഴ്ചവെച്ച ശ്രീ തൊമ്മൻ മാസ്റ്റർ 90 കഴിഞ്ഞിട്ടും ഇന്നും കർമ്മനിരതനായിരിക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി കുരീക്കാട്–തിരുവാങ്കുളം സഹകരണസംഘം തുടങ്ങിയ മിഡിൽ സ്കൂളാണ് ഇന്നത്തെ തിരുവാങ്കുളം ഗവ. ഹൈസ്കൂൾ. 70 വർഷങ്ങൾക്കു മുമ്പ് മിഡിൽ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്ത ശ്രീ എം.സി.എബ്രഹാം BALT നാട്ടിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യാചാര്യനായിരുന്നു. നാട്ടിലെ ആദ്യ ബിരുദധാരികളിലൊരാളായ എബ്രഹാം മാസ്റ്റർക്ക് ഉയർന്ന പദവികൾ നേടാനാകുമായിരുന്നെങ്കിലും നാല് ദശാബ്ദങ്ങളോളം ഈ രംഗത്ത് പ്രവർത്തിക്കാനാണ് അദ്ദേഹം താല്പര്യപ്പെട്ടത്. സർവ ശ്രീ വയലിൽ കൃഷ്ണമേനോൻ, ഞാളിയത്ത് എൻ.ടി. കുര്യൻമാസ്റ്റർ, പൈനിങ്കൽ സേവ്യർ മാസ്റ്റർ, എൻ.വി. കുര്യൻ മാസ്റ്റർ, എ.എ. ചാക്കോമാസ്റ്റർ എന്നിവരുടെ പേരുകളും വിദ്യാഭ്യാസ–സാമൂഹ്യ–സാംസ്കാരിക രംഗത്ത് സ്മരണീയമാണ്.

1921–ൽ കണയന്നൂർ പ്രൈമറി സ്കൂൾ സ്ഥാപിക്കപ്പെട്ടു. അതാണ് ഇപ്പോഴത്തെ ജെ.ബി.എസ്. 1948–ൽ ഇതിന്റെ ബ്രാഞ്ചായി ഒന്നും രണ്ടും ക്ലാസുകൾ ചോറ്റാനിക്കരയിൽ ആരംഭിച്ചു. പിന്നീട് ശ്രീ പി. മാണി മെമ്മോറിയൽ സ്കൂളായി വിപുലീകരിക്കപ്പെട്ടു. മിഡിൽ സ്കൂളായിരുന്നപ്പോൾ ഗവൺമെന്റിലേക്കു വിട്ടുകൊടുത്ത ഈ സ്കൂളാണ് ഇന്നത്തെ ചോറ്റാനിക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ.

തലക്കോട് സെന്റ് മേരീസ് ഹൈസ്കൂളാണ് മറ്റൊരു പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം. ഈ സ്കൂളിന്റെ പിന്നിൽ പ്രവർത്തിച്ച ചാലകശക്തി അന്തരിച്ച ഫാദർ ഒ.സി. കുര്യാക്കോസായിരുന്നു.

മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പഡിയാർ മെമ്മോറിയൽ മെഡിക്കൽ കോളജ് 1979ലാണ് ചോറ്റാനിക്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടത്. ചോറ്റാനിക്കരയിൽ വളരെക്കാലം പ്രവർത്തിച്ചിരുന്ന സാംസ്കൃത സ്കൂൾ ഇപ്പോൾ നിലവിലില്ല.

90 വർഷം മുമ്പ് സ്ഥാപിച്ച 26–ാം നമ്പർ കുരീക്കാട് പരസ്പര സഹായ സഹകരണസംഘമാണ് പിന്നീട് കുരീക്കാട്–തിരുവാങ്കുളം പരസ്പര സഹായ സഹകരണസംഘമായതും ഇന്ന് തിരുവാങ്കുളം സഹകരണ ബാങ്കായി പ്രവർത്തിക്കുന്നതും. ഈ സ്ഥാപനത്തിന്റെ ആദ്യകാല സാരഥികൾ സർവശ്രീ തുരുത്തിയിൽ ടി.വി. കുര്യൻ, ഞാളിയത്ത് കുര്യൻ വർക്കി, കുര്യൻ തൊമ്മൻ, ആലുങ്കൽ എ.ടി. മത്തായി, പുന്നച്ചാലിൽ തൊമ്മൻ കുര്യൻ, ടി.കെ. ജോൺ, ടി.കെ. തൊമ്മൻ എന്നിവരായിരുന്നു. കാരിയേലി കുഞ്ഞിപ്പാവു വളരെക്കാലം ഈ സംഘത്തിന്റെ കാര്യദർശിയായി പ്രവർത്തിച്ച് സംഘത്തെ നല്ലനിലയിൽ വളർത്തുന്നതിൽ നിർണായക പങ്കു വഹിച്ചു.

1921ൽ സ്ഥാപിക്കപ്പെട്ട കണയന്നൂർ സഹകരണ ബാങ്കാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ഏക സഹകരണ ബാങ്ക്.

ഇതിന്റെ പിൽക്കാല ചരിത്രം സഹകരണ സംഘങ്ങളെക്കുറിച്ചുള്ള അധ്യായത്തിൽ ചേർത്തിട്ടുണ്ട്.

ചോറ്റാനിക്കരയുടെ സാംസ്കാരിക നവോദ്ധാനത്തിലെ നാഴികക്കല്ലുകളായിരുന്നു കണയന്നൂരിലും ചോറ്റാനിക്കരയിലും സ്വാതന്ത്ര്യലബ്ദിക്കു മുമ്പേ ആരംഭിച്ച വായനശാലകൾ. 1944 ൽ22 അംഗങ്ങളും 78 പുസ്തകങ്ങളുമായി തുടങ്ങിയ കണയന്നൂർ ലൈബ്രറി 1959 മുതൽ പള്ളിപ്പുറത്ത് മനയ്ക്കൽ ശ്രീ വാസുദേവൻ നമ്പൂതിരിപ്പാട് സംഭാവന ചെയ്ത സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

1954ൽ പ്രവർത്തനം ആരംഭിച്ച കുരീക്കാട് ജനകീയ കലാസമിതി കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

സാമൂഹ്യ–സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി മഹദ് വ്യക്തികൾക്ക് നമ്മുടെ പഞ്ചായത്ത് ജന്മം നൽകിയിട്ടുണ്ട്. പാവങ്ങളുടെ മെത്രാൻ എന്നറിയപ്പെട്ടിരുന്ന മൂക്കഞ്ചേരിൽ ഒസ്താത്തിയോസ് തിരുമേനി, കേന്ദ്രമന്ത്രി, ഹൈക്കമ്മീഷണർ, ഖാദി ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച ശ്രീ എ.എം. തോമസ്, സ്വാതന്ത്ര്യസമര സേനാനി ശ്രീ പി. മാണി, സംസ്ഥാന മന്ത്രിയായിരുന്ന മകൻ പോൾ പി. മാണി, തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനും സി.പി.ഐ. (എം) ജില്ലാ സെക്രട്ടറിയുമായ ശ്രീ എ.പി. വർക്കി എന്നിവരുടെ പേരുകൾ സ്മരണീയമാണ്.

പ്രമുഖ സ്വാതന്ത്ര്യ സമര സേനേനിയും കൊച്ചി നിയമസഭാംഗവുമായിരുന്ന ശ്രീ എം.കെ. മേനോൻ ജന്മംകൊണ്ട് തൃശൂർക്കാരനാണെങ്കിലും പ്രവർത്തനമേഖലയായി തെരഞ്ഞെടുത്തത് ചോറ്റാനിക്കരയാണ്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ എം.കെ. ജോർജ് മാസ്റ്റർ സംഭാവന ചെയ്ത ഭൂമിയിലാണ് ടാറ്റാ മെമ്മോറിയൽ ആശുപത്രി സ്ഥിതിചെയ്യുന്നത്. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ ജോർജ് മാസ്റ്ററെക്കൂടാതെ സർവശ്രീ എം.കെ. മേനോൻ, ടി.കെ. വർക്കി തറക്കണ്ടത്തിൽ, പോൾ പി. മാണി എന്നിവർ നിർണായകമായ പങ്കു വഹിച്ചു. ശ്രീ എം.കെ. മേനോൻ ടാറ്റാ മെമ്മോറിയൽ ആശുപത്രിയുടെ സെക്രട്ടറിയായി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ചോറ്റാനിക്കര പഞ്ചായത്തിൽ അരനൂറ്റാണ്ടു മുമ്പ് സ്ഥിരതാമസമാക്കിയ കെ.ജെ. ജോൺ മാസ്റ്റർ പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യസമര സേനാനിയും ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ സംസ്ഥാന ഭാരവാഹിയുമായിരുന്നു. 70 വർഷം മുമ്പ് ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ച് നാട്ടിൽ സൗജന്യ നിശാക്ലാസുകളിലൂടെ അനേകംപേരെ ഹിന്ദി പഠിപ്പിക്കുകയുണ്ടായി.

ക്ഷേത്രപ്രവേശനത്തിനുവേണ്ടി അടിപതറാതെ പോരാടിയവരിൽ എരുവേലി സ്വദേശിയായ ശ്രീ എം.കെ. കണ്ടപ്പൻ ഉൾപ്പെടുന്നു. 1945ൽ കൊച്ചിയിൽ ക്ഷേത്രപ്രവേശന വിളംബരം പ്രസിദ്ധപ്പെടുത്തിയതിനെത്തുടർന്ന് ആദ്യമായി ചോറ്റാനിക്കര ക്ഷേത്രത്തിൽ പ്രവേശിച്ചതും അദ്ദേഹംതന്നെയായിരുന്നു.

ചോറ്റാനിക്കര പഞ്ചായത്തിലെ ആദ്യത്തെ ബിരുദാനന്തര ബിരുദധാരിണി മഹാരാജാസ് കോളജിൽനിന്നും ഗണിതശാസ്ത്ര വിഭാഗം മേധാവിയായി വിരമിച്ച, അടുത്തകാലത്ത് അന്തരിച്ച കായപ്പുറത്ത് ശ്രീമതി കെ. യശോദാമ്മയാണ്. നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ മെഡിക്കൽ ബിരുദധാരിയാണ് ശ്രീ കുന്നപ്പള്ളിൽ എം.കെ. മേനോൻ. ജോയിന്റ് റബർ പ്രൊഡക്ഷൻ കമ്മീഷണറായി വിരമിച്ച ശ്രീ കെ.ആർ. ശ്രീധരമേനോനാണ് ആദ്യത്തെ കൃഷിശാസ്ത്ര ബിരുദധാരി.

ശ്രീ നാരായണൻകുട്ടി മാരാർ അറിയപ്പെടുന്ന പഞ്ചവാദ്യ വിദഗ്ധനാണ്. നിരവധി പുരസ്കാരങ്ങൾ, കേരള സംഗീത നാടക അക്കാദമി അവാർഡ് ഉൾപ്പെടെ, അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ശ്രീ ടി.എം. എബ്രഹാം തുരുത്തിയിൽ അറിയപ്പെടുന്ന അനുഗ്രഹീത കലാകാരനാണ്. കഴിഞ്ഞ നാല്പത്തിനാല് വർഷമായി നാടക–സിനിമ–ടിവി സീരിയലുകളിൽ അദ്ദേഹം അഭിനയിക്കുന്നു. 1954–64 കളിൽ ജനകീയ കലാസമിതിയുടെ സജീവ പ്രവർത്തകനും അഭിനേതാവുമായിരുന്നു അദ്ദേഹം. രാഷ്ട്രീയ രംഗത്തും തന്റേതായ മഹദ്സംഭാവനകൾ നൽകിയിട്ടുള്ള ശ്രീ എബ്രഹാം നമ്മുടെ പഞ്ചായത്തിലെ നാലാം വാർഡിൽനിന്നുള്ള പ്രതിനിധിയായി നമ്മോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## പഞ്ചായത്തിന്റെ ഭരണ ചരിത്രം

ഇന്നത്തെ ചോറ്റാനിക്കര പഞ്ചായത്തിലുൾപ്പെട്ട പ്രദേശങ്ങൾ 1977 വരെ തിരുവാങ്കുളം പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ഹിൽപാലസ് സ്ഥിതചെയ്യുന്ന പഞ്ചായത്തെന്ന നിലക്ക് കൊച്ചി കൊച്ചി രാജകുടുംബത്തിന്റെ പ്രത്യേക പരിഗണനന ഈ പഞ്ചായത്തിന് ലഭിച്ചിരുന്നു. അത്തച്ചമയത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് പ്രത്യേക സ്ഥാനവും കടമയുമുണ്ടായിരുന്നു.

1920കളിൽ തന്നെ കൊച്ചി രാജ്യത്ത് പഞ്ചായത്തുകൾ നിലവിൽ വന്നു കാർഷികോന്മുഖവികസനത്തിനു പുറമെ, തർക്കപരിഹാരം ഉണ്ടാക്കുക, വഴികൾ, കിണറുകൾ, അത്താണികൾ തടങ്ങിയവ സ്ഥാപിക്കുക എന്നിവയായിരുന്നു പ്രധാന ചുമതലകൾ.

ആദ്യത്തെ പ്രസിഡന്റ് തിരുവാങ്കുളം വാര്യത്ത് കുഞ്ചുവാര്യരായിരുന്നു. തുടർന്ന് പുന്നച്ചാലിൽ തൊമ്മൻ കുര്യൻ, തുകലൻ ടി.വി. പൗലോസ്, തുരുത്തിയിൽ ശ്രീ ടി.കെ ജോൺ, ശ്രീ ടി.കെ. പൈലി തുടങ്ങിയവർ. പ്രസിഡന്റുമാരായി സേവനമഷ്ഠിച്ചു. അക്കലത്ത് പ്രിഡന്റുമാരെ തെരഞ്ഞെടത്തിരുന്നത് ജില്ലാ പഞ്ചായത്ത് ഓഫീസർ ഗസറ്റ് വിജ്ഞാപനത്തിലൂടെ വിളിച്ചു കൂട്ടുന്ന പ്രത്യേക ഗ്രാമസഭയായിരുന്നു.

1954ൽ പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന പഞ്ചായത്ത് പൊതുതിരഞ്ഞെടുപ്പിൽ ശ്രീ കോരാപുരത്ത് രാഘവമേനോൻ പ്രസിഡണ്ടായി.

1963ൽ നടന്ന 2–ാം തിരഞ്ഞെടുപ്പിനെത്തുടർന്ന് ശ്രീ കെ.എ. വർക്കി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 16 വർഷം തിരഞ്ഞെടുപ്പുണ്ടായില്ല. 1979ൽ തിരുവാങ്കുളം പഞ്ചായത്ത് വിഭജിച്ച് ചോറ്റാനിക്കര പഞ്ചായത്തിന് രൂപം കൊടുത്തു. ഇപ്പോഴത്തെ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സി.വി. ഔസേപ്പ് പ്രസിഡന്റായി ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1979ൽ നിലവിൽവന്നു. അതേത്തുടർന്ന് ശ്രീ പി.ജെ. ജോസ് പ്രസിഡന്റായി. 1995 ൽ നടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് ശ്രീ വി. രവീന്ദ്രൻ പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിക്കുന്നു.

## ഭൂപ്രകൃതി

ചോറ്റാനിക്കര പഞ്ചായത്ത് നാലുവശവും പുഴയും തോടുകളുംകൊണ്ട് ചുറ്റപ്പെട്ടിരിക്കുന്നു. പടിഞ്ഞാറ് കണിയാവള്ളിപുഴയും വടക്ക്–കിഴക്കു ഭാഗത്ത് അടിയാക്കൽ വലിയതോടും കിഴക്ക് കരിക്കാങ്കയം–കണയന്നൂർ– കിടങ്ങയം തോടും തെക്ക് ചൂഴത്തിപ്പാടം–കണിയാവള്ളി തോടുമാണുള്ളത്. ഇതിൽ തെക്കുഭാഗത്തുള്ള ചൂഴത്തിപ്പാടം–കണിയാവള്ളിത്തോട്ടിൽ വർഷക്കാലത്തു മാത്രമേ നീരൊഴുക്കുള്ളൂ. മറ്റു തോടുകളിലും കണിയാവള്ളി പുഴയിലും 365 ദിവസവും വെള്ളമുണ്ട്. പെരിയാർവാലി ജലസേചന കനാൽ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കിയാൽ ചൂഴത്തിപ്പാടം–കണിയാവള്ളിത്തോട്ടിലൂടെയും എല്ലാ സമയത്തും നീരൊഴുക്കുണ്ടാകും. മേൽപ്പറഞ്ഞ തോടുകളിലെല്ലാം ശുദ്ധജലമാണുള്ളത്. കണിയാവള്ളി പുഴ തെക്ക് വേമ്പനാട്ടുകായലിന്റെ കൈവഴിയായ പൂത്തോട്ട–മൂറിഞ്ഞപുഴക്കായലുമായും വടക്ക് ഇരുമ്പനം വഴി ചമ്പക്കരത്തോടുമായും ബന്ധപ്പെട്ടാണ് കിടക്കുന്നത്. ചമ്പക്കര തോട്ടിലേക്കുള്ള ബന്ധം റെയിൽ ലൈൻ, കരിങ്ങാച്ചിറപ്പാലം എന്നിവകളാലും ഏതാണ്ട് മുറിഞ്ഞുപോയിരിക്കുകയാണ്. വെള്ളക്കെട്ടൊഴിവാക്കാനായി നിർമ്മിച്ച അന്ധകാരത്തോട് ഇന്ന് കാര്യമായി ഗുണം ചെയ്യുന്നില്ല. കായലുകളിൽനിന്ന് ഓരുവെള്ളം കയറാതിരിക്കാൻ കണിയാവള്ളിപുഴയിൽ പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ മുട്ടും അന്ധകാരത്തോട്ടിൽ സ്ലൂയിസുമുണ്ട്. അവയിന്ന് പ്രവർത്തനക്ഷമമല്ല. അതുമൂലം കണിയാവള്ളിപ്പുഴ പായൽമൂടി, ആഴം കുറഞ്ഞ്, ഒഴുക്കില്ലാതെ ഉപയോഗശൂന്യമായി കിടക്കുകയാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും മൂന്നു മേഖലകളായി തിരിക്കാം.

## ഉയർന്ന സമതലം
## ചെരിവുകൾ
## താഴ്‌വരകൾ

തേവനാൽ കുന്നിന്റെ പടിഞ്ഞാറ് ചെരിവ്, തലക്കോട്മല, കാട്ടിരിപ്പുമല- പാലസ് സ്ക്വയർ, തെക്കിനേത്ത് നിരപ്പ്-നാഗപ്പാടി മല പുഴത്തിൽകണിച്ചിറ, പട്ടപ്പറമ്പ് മല, ചോറ്റാനിക്കര, അമ്പാടിമല, നമ്പൂരിച്ചൻമല എന്നിവയും അവയുടെ ചെരിവുകളും താഴ്‌വരകളുമായാണ് ചോറ്റാനിക്കര പഞ്ചായത്തിലെ ഭൂമി കിടക്കുന്നത്. താഴ്‌വരകളുടെ പൊതുവെയുള്ള ചെരിവ് 2, 5 വാർഡുകളിൽ പടിഞ്ഞാറോട്ടും ബാക്കി ഭാഗങ്ങളിൽ വടക്കോട്ടുമാണ്. നീരൊഴുക്ക് പടിഞ്ഞാറോട്ട് കണിയാവള്ളി പുഴയിലേക്കും വടക്കോട്ട് കാഞ്ഞിരപ്പുഴയിലേക്കുമാണ്. കണിയാവള്ളി പുഴ തെക്കും വടക്കും കായലുമായി ബന്ധപ്പെട്ടിരിക്കുന്നു. കാഞ്ഞിരപ്പുഴ (വലിയതോടെന്നും പേരുണ്ട്) വടക്കുഭാഗത്ത് ഇരുമ്പനം വഴി ചമ്പക്കര കനാലിലേക്കൊഴുകുന്നു.

## ഉയർന്ന ചെമ്മൺ സമതലം

മൊത്ത വിസ്തൃതിയിൽ പത്തിലൊന്നു വരുന്ന പ്രദേശം ഉയർന്ന സമതലമാണ്. ചെമ്മണ്ണാണിവിടെയുള്ളത്. ഒന്നുമുതൽ രണ്ടുവരെ അടി ആഴത്തിൽ കൃഷിക്കു പറ്റിയ മണ്ണുണ്ട്. എല്ലാവിധ ചെടികൾക്കും വൃക്ഷങ്ങൾക്കും പറ്റിയ മണ്ണാണിവിടെയുള്ളത്. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയവ വളരുന്നുണ്ട്. ഈ പ്രദേശത്ത് പ്രധാനപ്പെട്ട കൃഷി റബറാണ്. കപ്പ, വാഴ, കുരുമുളക് തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്.

## ചെരിവുകൾ

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ പകുതിയിലധികം അഞ്ചു കുന്നുകളുടെ ചെരിവുകളിലായി കിടക്കുന്നു. ചരൽ ചേർന്ന മണ്ണാണിവിടെയുള്ളത്. ഒന്നുമുതൽ രണ്ടുവരെ അടി ആഴത്തിൽ കൃഷിയോഗ്യമായ മണ്ണുണ്ട്. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങി എല്ലാവിധ ഫലവൃക്ഷങ്ങളും കൃഷിചെയ്യാൻ പറ്റിയതാണീ പ്രദേശം. കൂടുതലും റബറാണ് കൃഷി ചെയ്തുവരുന്നത്. മണ്ണൊലിപ്പ് ഈ ഭാഗത്ത് വലിയൊരു ഭീഷണിയാണ്. മണ്ണൊലിപ്പ് തടയാനുള്ള പരിശ്രമങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

## താഴ്‌വരകൾ

മൊത്തം വിസ്തീർണത്തിന്റെ മൂന്നിൽ ഒന്ന് താഴ്‌വരകളാണ്. മഴവെള്ളം വന്നുചേരുന്ന ഈ പ്രദേശത്ത് പശിമരാശിയുള്ള മണ്ണാണുള്ളത്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഒന്നും രണ്ടും വാർഡുകളിലെ താഴ്‌വരകളിൽ കളിമൺ ചേരുവ കൂടുതലായുണ്ട്. അവിടെ വെള്ളം മണ്ണിനടിയിലേക്ക് ഊർന്നിറങ്ങാത്തതിന്റെ ഫലമായി വെള്ളക്കെട്ടിനു കാരണമാകുന്നു. വർഷക്കാലത്ത് വളരെ മയപ്പെടുന്നതും വേനൽക്കാലത്ത് വളരെ കട്ടികൂടുന്നതുമായ ഈ മണ്ണിൽ വിളകൾ ശരിയായി ഫലം തരുന്നില്ല. മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് വേരുചീയലിനും വേനൽക്കാലത്ത് വേരോട്ടം തടയപ്പെട്ട് മുരടിക്കുന്നതിനും കാരണമാകുന്നത് മണ്ണിന്റെ ഈ സ്വഭാവമാണ്. കിഴക്കൻ ഭാഗത്തുള്ള താഴ്‌വരകളിൽ മണൽ കൂടുതൽ ചേർന്ന മണ്ണാണുള്ളത്.

- മഴക്കാലത്ത് ഒഴുകിവരുന്ന എക്കൽ അടിയുന്നതിനാൽ താഴ്‌വരയിലെ മണ്ണിന് ഫലപുഷ്ടി കൂടുതലാണ്. നെൽകൃഷിക്ക് ഏറ്റവും യോജിച്ചതാണ് ഈ മണ്ണ്. കൂടുതലും ഇരുപ്പൂ നിലങ്ങളാണ്. പത്തിനൊന്നു ഭാഗം നിലങ്ങളിൽ മൂന്നുപൂ കൃഷി ചെയ്യുന്നുണ്ട്. നെൽകൃഷി കഴിഞ്ഞ് പച്ചക്കറി കൃഷി അപൂർവം ചിലർ ചെയ്യുന്നുണ്ട്. കുരീക്കാട് (പടിഞ്ഞാറുഭാഗം) കൃഷിനിലങ്ങൾ വളരെയേറെ നികത്തിപ്പോയിട്ടുണ്ട്. 1956ൽ പഞ്ചായത്തിൽ മൊത്തം 360 ഹെക്ടർ നിലമുണ്ടായിരുന്നത് 1996 ൽ 258 ഹെക്ടറായി കുറഞ്ഞു. ഏതാണ്ട് 70 ഹെക്ടറോളം നിലം തരിശിടുന്നുണ്ടെന്നാണ് മതിപ്പ്. തോടുകൾ അടഞ്ഞ് വെള്ളക്കെട്ടുണ്ടാകുന്നത്, ഭൂമിയുടെ വിലവർദ്ധനവ്, കൃഷിച്ചെലവ് കൂടുന്നത്, വരുമാനം കുറവ് തുടങ്ങി ഒട്ടേറെ കാരണങ്ങൾ നിലം തരിശിടുന്നതിനും നികത്തുന്നതിനും പ്രേരകമാണ്. തരിശിടുന്നതും നികത്തുന്നതും നിരുത്സാഹപ്പെടുത്തുവാൻ മൂർത്തമായ നടപടികൾ ആവശ്യമാണ്.

## ജനശക്തി

1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം ചോറ്റാനിക്കര പഞ്ചായത്തിലെ ജനസംഖ്യ 16109 ആയിരുന്നു. വീടുകളുടെ എണ്ണം 3356. കുടുംബങ്ങളുടെ എണ്ണം 3386.

| ഇനം | പുരു | സ്ത്രീ | ആകെ |
|---|---|---|---|
| ജനസംഖ്യ | 8063 | 8046 | 16109 |
| സാക്ഷരർ | 6937 | 6452 | 13389 |
| പട്ടികജാതി | 1089 | 1061 | 2150 |
| പട്ടികവർഗം | 6 | 10 | 16 |
| പ്രധാന ജോലിക്കാർ | 4074 | 1392 | 5466 |
| കൃഷിക്കാർ | 383 | 138 | 521 |
| കർഷക തൊഴിലാളികൾ | 681 | 584 | 1265 |
| മറ്റു തൊഴിലാളികൾ | 366 | 47 | 413 |
| (അവലംബം 1991 കാനേഷുമാരി) | | | |

1996 സെപ്റ്റംബർ മാസത്തിലെ കണക്കുപ്രകാരം വീടുകളുടെ എണ്ണം 5736 ആയി ഉയർന്നു. ശരാശരി വാർഷിക വർധന 3.5 ശതമാനമാണ്. ഈ പ്രദേശത്തെ ജനസംഖ്യയിൽ സ്വാഭാവികമായുണ്ടാകുന്ന വർധന കൂടാതെ എറണാകുളം പട്ടണത്തിലെ പാർപ്പിടപ്രശ്നം കാരണം കുടിയേറ്റവും നടക്കുന്നുണ്ട്.

1996 ൽ ജനസംഖ്യ ഇരുപതിനായിരത്തിലധികമായിട്ടുണ്ട്. കൃത്യമായ കണക്ക് ലഭ്യമല്ല. പ്രാഥമിക വിവരശേഖരണത്തിലൂടെ മാത്രമേ അത് കൃത്യമായി കണ്ടെത്താൻ കഴിയുകയുള്ളൂ. അതിനിയും നടത്തേണ്ടിയിരിക്കുന്നു.

1991 ൽ സാക്ഷരത 83 ശതമാനമായിരുന്നു. പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ വികാസം, തൃപ്പൂണിത്തുറ-എറണാകുളം പട്ടണങ്ങളുടെ സാമീപ്യം തുടങ്ങിയ അനുകൂല സാഹചര്യങ്ങൾമൂലം വിദ്യാഭ്യാസ നിലവാരത്തിൽ പഞ്ചായത്ത് മെച്ചപ്പെട്ട സ്ഥിതിയിലാണ്. തൊഴിലെടുക്കുന്നവരിൽ നല്ലൊരുശതമാനം കൊച്ചി പട്ടണവുമായി ബന്ധപ്പെട്ട മേഖലകളിൽ പണിയെടുക്കുന്നവരാണ്. കർഷകത്തൊഴിലാളികൾ കെട്ടിടനിർമാണ മേഖലയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ മേഖലകളിൽ പണിയെടുക്കുന്നവരും ധാരാളമുണ്ട്.

അഭ്യസ്ഥവിദ്യരായ സ്ത്രീകളാണ് തൊഴിലില്ലാത്തവരിൽ ഏറിയപങ്കും. വിദ്യാഭ്യാസ സംവിധാനത്തിൽ സമൂലമായ പുനസംഘടനകൊണ്ടേ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതവും തൊഴിലിനു മാന്യത കല്പിക്കുന്നതും പുതിയൊരു തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിന് ഉതകുന്നതുമാകണം.

സാമൂഹ്യ പരിഷ്കാര പ്രസ്ഥാനങ്ങളുടെയും വിവിധ സംഘടിത പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ജാതിപരമായ ഉച്ചനീചത്വങ്ങൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്. പക്ഷെ, പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്കിടയിലും അഭ്യസ്ഥവിദ്യരെങ്കിലും തൊഴിലില്ലാതെ വീട്ടിൽ ഒതുങ്ങിക്കൂടാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കിടയിലും സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥ തുടരുന്നുണ്ട്. ഈ പഞ്ചായത്തിൽ മതസൗഹാർദം ശക്തമാണ്. മതനിരപേക്ഷ സംസ്കാരത്തിന് നല്ല വേരോട്ടമുണ്ട്.

## ജലവിഭവം

ചോറ്റാനിക്കര ഉൾക്കൊള്ളുന്ന പ്രദേശത്ത് ഒരുവർഷം ശരാശരി 300 സെന്റീമീറ്റർ മഴ ലഭിക്കുന്നുണ്ട്. ഒരു പുഴയും 17 തോടുകളും പഞ്ചായത്തിലുണ്ട്. 9 സർക്കാർ കുളങ്ങളും സ്വകാര്യ കുളങ്ങളും പഞ്ചായത്തിലുണ്ട്. 53 പൊതു കിണറുകളാണുള്ളത്. രണ്ടു കുടിവെള്ള പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ബഹുഭൂരിപക്ഷം പുരയിടങ്ങളിലും സ്വകാര്യ കിണ

റുകളുണ്ട്. പഞ്ചായത്തിന്റെ മുക്കാൽ ഭാഗവും പെരിയാർവാലി ജലസേചന പദ്ധതിയുടെ ആയക്കെട്ടിൽ വരുന്നതാണ്. തിരുവാങ്കുളം കൈവഴി പൂർത്തിയാകാതെ കിടക്കുകയാണ്.

താഴ്‌വരകളിലുള്ള കിണറുകളിൽ ആണ്ടോടാണ്ട് വെള്ളം ലഭിക്കുന്നുണ്ട്. ഓരു കയറുന്നതുകാരണം കണിയാവള്ളി പടിഞ്ഞാറ്ഭാഗത്ത് ഏതാണ്ട് 20 ഹെക്ടർ ഭൂമിയിൽ കിണർവെള്ളം ഉപ്പുരസമുള്ളതും കുടിവെള്ളമായുപയോഗിക്കാൻ പറ്റാത്തതുമാണ്. കുരീക്കാട് പടിഞ്ഞാറുഭാഗത്ത് പാടങ്ങളിൽ പൊതുവേ വെള്ളത്തിന് നിറവ്യത്യാസമുണ്ട്. ഇതൊഴിച്ചാൽ മറ്റു പ്രദേശങ്ങളിലെല്ലാം നല്ല കുടിവെള്ളമാണ് കിണറുകളിൽനിന്ന് കിട്ടുന്നത്.

പഞ്ചായത്തിലെ ഉയർന്ന നിരപ്പുകളിലും കുന്നിൻചെരുവുകളിലും ലഭിക്കുന്ന മഴവെള്ളം പൊടുന്നനെ ഒഴുകി നഷ്ടപ്പെടുകയാണ്. ജലസംരക്ഷണ സംഭരണ പദ്ധതികളൊന്നും നടപ്പാക്കപ്പെട്ടിട്ടില്ല. വെള്ളം കുത്തിയൊഴുകി പോകുന്നത് ജലസമ്പത്ത് നഷ്ടപ്പെടുന്നതിനു മാത്രമല്ല കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മണ്ണൊലിപ്പിനും കാരണമാകുന്നു. കുന്നിൻചെരുവുകളിലും വേനൽക്കാലത്ത് മൂന്നു മാസക്കാലത്ത് കുടിവെള്ളക്ഷാമവും ഇക്കാരണത്താൽ ഉണ്ടാകുന്നുണ്ട്. ജലസംരക്ഷണ-സംഭരണ നടപടികളെടുത്താൽ കുടിവെള്ളക്ഷാമത്തിന് എളുപ്പത്തിൽ പരിഹാരം കാണാൻ കഴിയും. കൃഷിയും മെച്ചപ്പെടുത്താം. മത്സ്യകൃഷിയും തുടങ്ങാം. ആവശ്യമെങ്കിൽ കുളങ്ങൾ പെരിയാർവാലി ജലസേചന കനാലുകളുമായി ബന്ധിപ്പിച്ച് ജലസംഭരണികളായി മാറ്റാവുന്നതുമാണ്.

## ജൈവസമ്പത്ത്

ഈ പഞ്ചായത്തിലെ കണയന്നൂർ വില്ലേജിൽ 50 വർഷം മുമ്പുവരെ ഏതാണ്ട് മൂന്നിൽ രണ്ടു പറമ്പുകളും വൻ കാടായിരുന്നു. ഇന്നതെല്ലാം കൃഷിയിടങ്ങളായി മാറിയിരിക്കുന്നു. അതിൽ കൂടുതലും റബറാണ് കൃഷി. ഈ പ്രദേശത്ത് ധാരാളം ഔഷധ സസ്യങ്ങളുണ്ടായിരുന്നു. കച്ചോലം, ശതാവരി, കല്ലുരുക്കി, കൂവളം, കുറുന്തോട്ടി, കരിനെച്ചി, ആടലോടകം, വയൽചുള്ളി, ഗരുഡക്കൊടി, തുമ്പ, അടക്കാ മണിയൻ, കീഴ്കാനെല്ലി, തുളസി, കുരുട്ടുപാല, ഉമ്മം (രണ്ടിനവും), പൂത്തരിച്ചുണ്ട തുടങ്ങിയവ വളരെ അപൂർവമാണെങ്കിലും ഇന്നും കാണുന്നുണ്ട്. പണ്ട് കാട്ടുവള്ളിക്കിഴങ്ങ് (നൂറോൻ) ധാരാളമായുണ്ടായിരുന്നു. ഇത് ഔഷധഗുണമുള്ളതും ഭക്ഷ്യയോഗ്യവുമായ ഒരു കിഴങ്ങുവർഗമാണ്. ഇന്നവ കാണുന്നില്ല.

## കാലാവസ്ഥ

കേരളത്തിൽ ശരാശരി 301 സെന്റീമീറ്റർ മഴ ലഭിക്കുമ്പോൾ ചോറ്റാനിക്കര പഞ്ചായത്തിൽ അതിലേറെ മഴ ലഭിക്കുന്നുണ്ട്.

**കാലാവസ്ഥാമാറ്റം**

| കാലാവസ്ഥ | കാലം |
|---|---|
| കാലവർഷം | ജൂൺ മുതൽ ഓഗസ്റ്റ് വരെ |
| തുലാവർഷം | സെപ്റ്റംബർ മദ്ധ്യം മുതൽ നവംബർ മദ്ധ്യംവരെ |
| മഞ്ഞ്കാലം | ഡിസംബർ-ജനുവരി |
| വേനൽകാലം | മാർച്ച് മുതൽ മെയ്‌വരെ |
| ഇടമഴ | സെപ്റ്റംബർ മദ്ധ്യംവരെ, മാർച്ച്, ഏപ്രിൽ, മെയ് |

## മണ്ണ്

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നിലങ്ങളിലുള്ള അലുവിയൽ മണ്ണ് കളിമണ്ണ് കൂടിയതും വെള്ളമുണ്ടായാൽ വളരെ അയഞ്ഞതും ഉണങ്ങിയാൽ പാറപോലെ ഉറച്ചു കട്ടിയാകുന്നതുമാണ്. കിഴക്കൻ ഭാഗങ്ങളിലെ നിലങ്ങളിലുള്ള അലുവിയൽ മണ്ണ് മണൽ കൂടുതലുള്ളതും ജലാംശം അരിച്ചിറങ്ങാൻ സഹായിക്കുന്നതുമാണ്. ചെരുവുകളിലും ഉയർന്ന സമതലങ്ങളിലും ചെങ്കൽ മണ്ണാണുള്ളത്. ഒന്നുമുതൽ രണ്ടടിവരെ ആഴത്തിൽ കൃഷിക്കു പറ്റിയ മണ്ണുണ്ട്. മണ്ണിന്റെ PH 5.4 ആണ്. അമ്ലസ്വഭാവമുള്ള മണ്ണാണി പഞ്ചായത്തിലുള്ളത്.

## ഭൂമിവിനിയോഗം

1253 ഹെക്ടർ ഭൂമിയുള്ളതിൽ 103 ഹെക്ടർ പുറമ്പോക്കാണ്. അതിൽ കൂടുതലും (41ഹെക്ടർ) റോഡുകളാണ്. 36 ഹെക്ടർ തോടുകളും 1.80 ഹെക്ടർ കുളങ്ങളും 5.49 ഹെക്ടർ റെയിൽവേയുമാണ്. പുറമ്പോക്ക് പറമ്പുകൾ ഉള്ളത് സ്കൂളുകളും അവയിലുള്ള കളിസ്ഥലങ്ങളുമാണ്.

1150 ഹെക്ടർ കൃഷിഭൂമിയുള്ളതിൽ 150 ഹെക്ടർ നെല്ലും 245 ഹെക്ടർ തെങ്ങും 310 ഹെക്ടർ റബറും കൃഷി ചെയ്യുന്നു. ഏതാണ്ട് 50 ഹെക്ടറിനടുത്ത് വാഴയും 40 ഹെക്ടറോളം കുരുമുളകും 5 ഹെക്ടർ മരച്ചീനി കൃഷിയുമുണ്ട്.

നിലങ്ങളിൽ കുറേയേറെ തരിശിടുന്നുണ്ട്. വെള്ളക്കെട്ടുണ്ടാകുന്നതും തോടുകൾ അടഞ്ഞുകിടക്കുന്നതും അടുത്തുള്ള നിലങ്ങൾ നികത്തിപ്പോയതും നെൽകൃഷി ആദായകരമല്ലാത്തതും ഭൂമിവില കൂടിയതുമൂലം നികത്തി വിൽക്കാനുള്ള ശ്രമവുമെല്ലാം നിലം തരിശിടുന്നതിന് കാരണങ്ങളാണ്. ഭൂമിവില കൂടിവരുന്നതും എറണാകുളം പട്ടണത്തിൽനിന്നുള്ള കുടിയേറ്റവും നിലം നികത്തുന്നതിന് പ്രേരകമാണ്. ഈ പഞ്ചായത്തിൽ വനഭൂമിയില്ല.

## ഇന്നിന്റെ വെല്ലുവിളികൾ

സ്വാതന്ത്ര്യസമരം, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ വർഗബഹുജന സംഘടനകൾ വില്ലേജ് പഞ്ചായത്ത്, വായനശാലകൾ, സ്കൂളുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ സാംസ്കാരിക രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെയേറെ മുന്നേറി. സാമൂഹ്യമായും സാംസ്കാരികമായും. ജന്മിത്തം അവസാനിച്ചു. കുടികിടപ്പു കിട്ടി. പാട്ടഭൂമി സ്വന്തമായി. എല്ലാവർക്കും ക്ഷേത്രപ്രവേശനം ഫലത്തിൽ നേടിയെടുത്തു. തീണ്ടലും തൊടീലും ഇല്ലാതായി. വിദ്യാഭ്യാസം വ്യാപകമായി. മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും പോയി ജോലി ചെയ്യുന്നവർ നിരവധിയുണ്ട്. എറണാകുളത്തും തൃപ്പൂണിത്തുറയിലുമായി ഗണ്യമായ വിഭാഗം പണിയെടുക്കുന്നു.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. ഇന്ന് കാണുന്ന സ്ഥിതി നിലനിർത്താൻ ഇന്നത്തെ രീതി തുടർന്നാൽ നമുക്കു കഴിയില്ല. കൃഷിയിൽ താല്പര്യം കുറയുന്നു. തനി കർഷകർ ഇല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. മറ്റു രംഗങ്ങളിൽ കിട്ടുന്ന വരുമാനം കൃഷിയിൽനിന്നില്ല. കൃഷി കാര്യങ്ങളിൽ വൈദഗ്ധ്യമുള്ള കർഷകത്തൊഴിലാളികളില്ല. ഉണ്ടെങ്കിൽത്തന്നെ അവർ നിർമാണ മേഖലയിലേക്കു നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ഭൂമിയുടെ വിലവർദ്ധന നിലം നികത്തുന്നതിനും അത് തരിശിടലിനും പ്രേരകമായിരിക്കുന്നു.

ചെറുകിട കൃഷിയിടങ്ങളാണിന്നേറെയും. കൃഷിയും മൃഗപരിപാലനവും സംയോജിപ്പിച്ചുകൊണ്ടുപോകാൻ ആവശ്യമായത്ര ഭൂമിയുള്ളവർ ചുരുക്കമാണ്. ഉള്ളവർക്കാകട്ടെ കൃഷി പ്രധാന ഉപജീവനമാർഗമല്ല. അതുകൊണ്ട് വിവിധ പ്രശ്നങ്ങൾ നേരിടുമ്പോൾ കൃഷിയിലും മൃഗസംരക്ഷണത്തിലും അവർക്കു താല്പര്യം കുറയുന്നു. വരുമാനം കുറഞ്ഞ വിഭാഗങ്ങൾക്കാകട്ടെ, ആവശ്യത്തിനു ഭൂമിയുമില്ല.

വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ഗതാഗതം, കുടിവെള്ളവിതരണം തുടങ്ങിയ സേവനമേഖലകളും പശ്ചാത്തല സൗകര്യങ്ങളും വ്യാപകമാക്കാൻ കഴിഞ്ഞകാലത്ത് നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, അവയുടെ ഗുണനിലവാരം വിവിധ കാരണങ്ങളാൽ ഇടിഞ്ഞുവരികയാണ്. അവ മെച്ചപ്പെടുത്താനും കൂടുതൽ വികസിപ്പിക്കാനും സാമ്പത്തിക പരാധീനത ഒരു വലിയ പ്രതിബന്ധമായിത്തീർന്നിട്ടുണ്ട്. സമ്പത്തുൽപാദനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളാണവയെന്നപോലെതന്നെ, സമ്പത്തു വർദ്ധിപ്പിക്കാതെ അവയ്ക്കാവശ്യമായ പണം കണ്ടെത്താനും കഴിയില്ല. ഈ വിഷമവൃത്തത്തിലാണ് നാം എത്തിച്ചേർന്നിട്ടുള്ളത്. ഇതിനു പരിഹാരം ജനപങ്കാളിത്തത്തോടെ ഈ പ്രശ്നങ്ങളെ സമീപിക്കുകയും സമ്പത്തുൽപാദനത്തിന് ഒരു കുതിപ്പ് കൊടുക്കുന്നതിന് നമുക്ക് ലഭ്യമായ അദ്ധ്വാനശേഷി ഉപയോഗിക്കുകയുമാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഈ ഒരു ദിശയിലുള്ള ചിന്ത ഉണ്ടാകേണ്ടതാണ്.

# കൃഷിയും ജലസേചനവും

പുതിയ സമ്പത്തിന്റെ ഉറവിടമാണീ മേഖല. പ്രകൃതിയിൽ അധ്വാനിച്ച് മനുഷ്യൻ സമ്പത്തുണ്ടാക്കുന്നു. ഏറ്റവും പഴക്കംചെന്ന ജീവിതോപാധികളാണവ. സസ്യങ്ങൾ നട്ടുവളർത്തുന്ന കൃഷിയും മൃഗപരിപാലനവും മത്സ്യബന്ധനവും ഈ വിഭാഗത്തിൽപ്പെടുന്നു. മണ്ണിന്റെ വളക്കൂറും ജലലഭ്യതയും കൃഷിരീതികളും അനുസരിച്ച് കിട്ടുന്ന സമ്പത്തിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കും. പ്രാഥമിക മേഖലയിൽ നിന്നു കിട്ടുന്ന ഉൽപന്നങ്ങളെ സംസ്കരിച്ച് പുതിയ ഉൽപന്നങ്ങളാക്കുന്ന വ്യവസായവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളുമടങ്ങുന്നതാണ് ദ്വിതീയമേഖല. തൃദീയ മേഖലയിൽ മറ്റു രണ്ടു മേഖലകൾക്കും മനുഷ്യജീവിതം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സേവനങ്ങളാണുൾപ്പെടുത്തിയിട്ടുള്ളത്.

പ്രകൃതിയുടെ സ്വാഭാവിക പ്രവർത്തനത്തെ മനുഷ്യന്റെ അദ്ധ്വാനത്തിലൂടെ മാറ്റിമറിച്ചിട്ടാണ് പ്രാഥമിക മേഖലയിൽ സമ്പത്തുണ്ടാക്കുന്നത്. ആ മാറ്റങ്ങൾ പ്രകൃതിവിരുദ്ധമായാൽ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. മനുഷ്യസമൂഹത്തിന്റെ നിലനിൽപുതന്നെ അപകടപ്പെടുത്തും. ആ അപകടം ഒഴിവാകണമെങ്കിൽ കൃഷിരീതികൾ പ്രകൃതിക്കനുകൂലവും പ്രകൃതിയുടെ സന്തുലനം നിലനിർത്തുന്നതുമായിരിക്കണം.

നൂറ്റാണ്ടുകൾകൊണ്ട് മാത്രം രൂപപ്പെടുന്നതാണ് വളക്കൂറുള്ള മേൽമണ്ണ്. അത് സംരക്ഷിക്കപ്പെടണം. എങ്കിലേ കൃഷി തുടരാൻ കഴിയൂ. കൃഷിക്കും മൃഗപരിപാലനത്തിനും മനുഷ്യോപയോഗത്തിനും വെള്ളം അത്യാവശ്യമാണ്. മഴവെള്ളം മണ്ണിലരിച്ചിറങ്ങി സംഭരിക്കപ്പെടുന്നതിലൂടെയാണ് നമുക്ക് നീരുറവകൾ ലഭിക്കുന്നത്. ഈ ജലചക്രം മുറിക്കപ്പെടാതെ സംരക്ഷിച്ചാൽ മാത്രമേ ഒരു പ്രദേശത്ത് ജനജീവിതം സാധ്യമാവുകയുള്ളൂ. കൃഷി പ്രകൃതിയിൽ മാറ്റം വരുത്തുന്നുണ്ടെന്നത് ശരിയാണ്. പക്ഷെ, മണ്ണും വെള്ളവും സംരക്ഷിച്ചുകൊണ്ടുള്ള കൃഷിരീതികളായാൽ അത് പ്രകൃതിക്കനുയോജ്യമാണ്. ദീർഘകാലം നിലനിൽക്കും. അവ സംരക്ഷിക്കപ്പെടാതിരുന്നാൽ, ക്രമേണ കൃഷിയും മനുഷ്യജീവിതവും തന്നെ അസാധ്യമായിത്തീരും.

മണ്ണു സംരക്ഷണവകുപ്പും ജലസംരക്ഷണവകുപ്പും നമുക്കുണ്ട്. കർഷകർ മണ്ണിന്റേയും വെള്ളത്തിന്റേയും പ്രാധാന്യം അറിയാവുന്നവരുമാണ്. എന്നാലും കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കാൻ ബന്ധപ്പെട്ടവർ കൂട്ടാക്കാതിരുന്നതിന്റെ കയ്പേറിയഫലം നാമനുഭവിച്ചു തുടങ്ങിയിരിക്കുന്നു. മേൽമണ്ണ് കുത്തിയൊലിപ്പിച്ചുകൊണ്ട് മഴവെള്ളം കടലിലേക്കു പായുന്നു. മണ്ണിന്റെ ഫലപുഷ്ടിയും നീരുറവകളും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിളവ് കുറഞ്ഞുവരുന്നു. കീടബാധ വർധിക്കുന്നു. കൃഷി തന്നെ അസാദ്ധ്യമായിതീരുന്നു. രാസവളപ്രയോഗം മണ്ണിന്റെ സ്വാഭാവിക വളക്കൂറിന് ഒരിക്കലും പകരമാവില്ല. സ്വാഭാവിക വളക്കൂറ് നിലനിർത്തുവാൻ സഹായിക്കുന്ന വളപ്രയോഗമാണാവശ്യം. അതുപോലെ തന്നെ കീടനാശിനികൾ ചെടികളുടെ സ്വാഭാവിക പ്രതിരോധ ശക്തിക്ക് പകരമാവില്ല. സ്വാഭാവിക പ്രതിരോധ ശക്തിവർദ്ധിപ്പിക്കാനാവശ്യമായ ചികിത്സാരീതികളാണാവശ്യം. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനം വളക്കൂറുള്ള മേൽമണ്ണ് നഷ്ടപ്പെടാതെ നോക്കുകയും മണ്ണിൽ വെള്ളം അരിച്ചിറങ്ങി നീരുറവകൾ ഉറപ്പാക്കപ്പെടുകയും ചെയ്യുക എന്നതാണ്.

1950കൾ വരെ കുളങ്ങളും സ്വാഭാവിക നീർച്ചാലുകളും സംരക്ഷിക്കുന്നതിൽ ഭരണാധികാരികളോ ജന്മികളോ ശ്രദ്ധിച്ചിരുന്നു. കുളങ്ങളും, തോടുകളും കാലാകാലം വൃത്തിയാക്കിയിരുന്നു. എന്നാൽ ഭൂപരിഷ്കരണം നടപ്പാക്കപ്പെട്ട്, കൃഷി ഭൂമി ചെറുതുണ്ടുകളായി വിതരണം ചെയ്യപ്പെട്ടതോടെ മണ്ണ്–ജലസംരക്ഷണം ആരും ശ്രദ്ധിക്കാതായി. ഭൂപരിഷ്കരണത്തിന്റെ കുഴപ്പമല്ല, മറിച്ച് ഭൂപരിഷ്കരണത്തെ തുടർന്നുണ്ടാകേണ്ട കൂട്ടായ്മ സൃഷ്ടിക്കപ്പെടാതെ പോയതാണ് ഈ ദുസ്ഥിതിക്കു കാരണം. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ഒട്ടേറെ കാരണങ്ങൾ അതിനുണ്ട്. ചെറുതുണ്ടുഭൂമിയുടെ ഉടമക്ക് തന്റേതല്ലാത്ത സ്ഥലത്തുള്ള തോടോ കുളമോ സംരക്ഷിക്കാനോ ഒരു പ്രദേശത്താകെ നടപ്പാക്കേണ്ട മണ്ണുസംരക്ഷണ നടപടികൾ എടുക്കാനോ ഒറ്റക്ക് കഴിയുമായിരുന്നില്ല. ഒരു കൂട്ടായ്മ അതിനാവശ്യമാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒരു മുഖ്യലക്ഷ്യം കൃഷി സംരക്ഷണത്തിനാവശ്യമായ ഈ കൂട്ടായ്മ സൃഷ്ടിക്കലാണ്.

മഴവെള്ളം പരമാവധി മണ്ണിൽ താഴണം. മേൽമണ്ണ് കുത്തിയൊലിച്ചുപോകാൻ പാടില്ല. നീരുറവകൾ ആണ്ടോടാണ്ട് നിലനിൽക്കണം. മണ്ണിന്റെ സ്വാഭാവിക വളക്കൂറ് നിലനിൽക്കുകയും വർദ്ധിക്കുകയും ചെയ്യണം. അതിനാവശ്യമായ തന്ത്രങ്ങളാണ് കാർഷിക വികസനത്തിന്റെ അടിത്തറ. മണ്ണു സംരക്ഷണം, വെള്ളം എത്ര എങ്ങനെ എങ്ങോട്ടൊഴുകണം, എവിടെയൊക്കെ വെള്ളം കെട്ടിനിർത്തണം ഏതെല്ലാം വിളകൾ എവിടെയൊക്കെ കൃഷിചെയ്യണം, വിളകൾ എങ്ങനെ പരിപാലിക്കപ്പെടണം എന്നിങ്ങനെ കൃഷിയെ ബാധിക്കുന്ന ഒട്ടേറെകാര്യങ്ങളിൽ അതതു പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് വികസനതന്ത്രങ്ങൾ കണ്ടെത്തണം. അതിന് കൂട്ടായ്മ കൂടിയേ തീരൂ.

നമ്മുടെ പഞ്ചായത്തിന്റെ മൂന്നിൽ രണ്ടുഭാഗവും കുന്നിൻ ചെരുവുകളാണെന്ന് സൂചിപ്പിച്ചുകഴിഞ്ഞു. കുന്നിൻമുകളിൽ നിന്ന് മഴവെള്ളം ഒഴുകിപ്പോകുന്ന ഒരു പ്രത്യേകദിശയുണ്ടായിരിക്കും. അങ്ങനെവെള്ളം ഒരേദിശയിലേക്കൊഴുകുന്ന തൊട്ടുകിടക്കുന്ന പ്രദേശങ്ങൾ ചേർന്നതാണ് ഒരു നീർമറി. പ്രകൃതി തിരിച്ചിരിക്കുന്ന ഒരു മേഖലയാണത്. ഒരു നീർമറിക്കു മൊത്തത്തിൽ ബാധകമായതും സമഗ്രവുമായ പദ്ധതികളാണ് വേണ്ടത്. നമുക്കിവിടെ മഴധാരാളമുണ്ട്. പെയ്തുകിട്ടുന്ന വെള്ളത്തിന്റെ സാധ്യമായ ഭാഗം സംരക്ഷിച്ചാൽ ആണ്ടോടാണ്ട് കുടിവെള്ളത്തിനും മൃഗപരിപാലനത്തിനും കൃഷിക്കും അത് മതിയാകും. പെരിയാർവാലി കനാൽ ഇവിടെ എത്തിയിട്ടുള്ളതിനാൽ അതുകൂടി ഉപയോഗപ്പെടുത്താവുന്നതുമാണ്. പക്ഷെ, ഇത്തരമൊരു മണ്ണ്– ജലസംരക്ഷണപദ്ധതി നാം ഏറ്റെടുക്കുന്നില്ലെങ്കിൽ പെരിയാർവാലിന ്‌ വറ്റിവരളുന്നനാളുകൾ വിദൂരമല്ല. പെരിയാർവാലി കനാ ിൽ വെള്ളമുണ്ടായാലും ഇവിടെ മണ്ണൊലിച്ച് പോയി മൊട്ടക്കുന്നുകളായാൽ ഗുണമില്ലാതാകും.

നീർമറികളെ വികസനത്തിന്റെ അടിസ്ഥാനഘടകമായി അംഗീകരിക്കുന്നതോടൊപ്പം ആഘടകത്തിലെ കാർഷിക കുടുംബങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവർക്കു സ്വന്തമായുള്ള ഭൂമിയുടേയും അധ്വാനശേഷിയുടേയും പരമാവധി ഉപയോഗത്തിലൂടെ തൊഴിലവസരങ്ങളും വരുമാനവും വർധിപ്പിക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകണം. കൃഷിയിടങ്ങളുടെ സമഗ്രവും സംയോജിതവുമായ വികസനമായിരിക്കണം വികേന്ദ്രീകൃതാസൂത്രണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

## മണ്ണ്–ജലസംരക്ഷണം

കുന്നിൻ പുറങ്ങളിലും ചെരുവുകളിലും മണ്ണുസംരക്ഷണവും

ജലസംഭരണവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നീർമറി പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ നടപ്പാക്കണം. ചെലവു കുറഞ്ഞ ജൈവ സങ്കേതങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ളതാവണം പദ്ധതികൾ. ഇതിന്റെ ഗുണം ചെരിവുപ്രദേശത്തുള്ളവരോടൊപ്പം താഴ്‌വാരങ്ങളിലടക്കം ആ നീർമാറി പ്രദേശത്തുള്ളവർക്കെല്ലാം കിട്ടുമെന്നതുകൊണ്ട് ആ നീർമറി പ്രദേശത്തെ മൊത്തം ജനങ്ങൾ സംഘടിച്ച് കൂട്ടായി ഈ പ്രവർത്തനം നടത്താൻ തയ്യാറാകും. കുളങ്ങളിൽ നീരുറവകളും തോടുകളിൽ നീരൊഴുക്കും കൂടും. കുന്നിൻ പ്രദേശത്തുള്ളവർക്ക് ജലസേചനത്തിനടക്കം ജലം കുളങ്ങളിൽ സംഭരിക്കപ്പെടും. താഴ്‌വാരങ്ങളിൽ നെൽകൃഷിക്ക് എന്നും വെള്ളം കിട്ടും. പരസ്പര സഹകരണത്തിലൂടെ കൂട്ടായ നിലനിൽപ് ഉറപ്പുവരുത്തപ്പെടുകയാണിവിടെ.

## കുളങ്ങളും തോടുകളും പുഴയും വൃത്തിയാക്കൽ

വളരെയേറെ കുളങ്ങളും തോടുകളും കണിയാവള്ളിപ്പുഴയും മണ്ണടിഞ്ഞ്, നീരുറവ മുടങ്ങി ഉപയോഗമില്ലാതെ കിടക്കുകയാണ്. അവയെല്ലാം പുനരുദ്ധരിക്കണം. ഗ്രാമസഭാ നിർദേശങ്ങൾ വന്നവ പട്ടികയായി ചേർത്തിട്ടുണ്ട്. നീർമറി അടിസ്ഥാനത്തിൽ ജനങ്ങൾ സംഘടിച്ച് ഈ പ്രവൃത്തികൾ ചെയ്യാവുന്നതാണ്. കൃഷിക്കും മൃഗപരിപാലനത്തിനും മത്സ്യകൃഷിക്കും ആ നീർമറി പ്രദേശത്തുള്ളവർക്കെല്ലാം കുടിക്കാനും കുളിക്കാനും അവ പ്രയോജനപ്പെടും. വെള്ളക്കെട്ടൊഴിവാക്കാനും കൃഷി വികസിപ്പിക്കാനും ഇതാവശ്യമാണെന്നു പറയേണ്ടതില്ലല്ലോ.

## നിലം നികത്തൽ തടയപ്പെടണം

നെൽപാടം നികത്തി വീടുവെക്കുന്നതും വ്യവസായാവശ്യങ്ങൾക്കുപയോഗിക്കുന്നതും തടയപ്പെടണം. അതും നീർമറിയടിസ്ഥാനത്തിലുള്ളവരുടെ മൊത്തം പുരോഗതിക്കാവശ്യമായതിനാൽ കൂട്ടായിത്തന്നെ ഇതുചെയ്യണം. കാരണം നിലം നികത്തൽ വെള്ളക്കെട്ടുണ്ടാക്കും. ഒഴുക്കുതടയപ്പെട്ട് വെള്ളം ചീത്തയാകും. എല്ലാവരേയും ഒരുപോലെ എതിരായി ബാധിക്കും. നിലംനികത്തലിനെതിരെ നിയമമുണ്ട്. അത് നടപ്പാക്കപ്പെടുമെന്നതിനുള്ള ഏറ്റവും നല്ല ഉറപ്പ് ജനങ്ങളുടെ കൂട്ടായ്മയാണ്.

## കൃഷി

ചോറ്റാനിക്കര പഞ്ചായത്തിലുള്ള 1253 ഹെക്ടർ ഭൂമിയിൽ 103 ഹെക്ടർ പുറമ്പോക്ക് കഴിച്ച് ബാക്കി 1150 ഹെക്ടറും കൃഷി യോഗ്യമാണ്. അതിൽ 258 ഹെക്ടർ നിലവും ബാക്കി 892 ഹെക്ടർ കരഭൂമിയുമാണ്. വിളവിതരണം പട്ടിക നോക്കുക.

### കാർഷികവിള വിതരണം

1995–96

| വിളകൾ | വിസ്തീർണം (ഹെക്ടറിൽ) | വിളവ് | ഉൽപാദനക്ഷമത (ഹെക്ടറിന്) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 150 | 4,20,000kg | 2800kg |
| നെല്ല് (രണ്ടാംവിള) | 150 | 4,27,500kg | 2850kg |
| നെല്ല് (മൂന്നാംവിള) | 15 | 37,500kg | 2500kg |
| തെങ്ങ് | 245 | 11,76,000 | 4800എണ്ണം |
| റബർ | 310 | 2,32,500kg | 750kg |
| വാഴ | 50 | 2,50,250kg | 4605kg |
| കുരുമുളക് | 40 | 8000kg | 200kg |
| എള്ള് | 10 | 2650kg | 265kg |
| മരച്ചീനി | 5 | 15000kg | 3000kg |
| കവുങ്ങ് | 20 | 1,60,000kg | 8000kg (പച്ച) |
| പച്ചക്കറി | 10 | – | – |
| പയർ | 25 | 62,500kg | 1300kg |

(മതിപ്പ് കണക്കുകളാണിവ)

258 ഹെക്ടർ നിലത്തിൽ നിന്ന് വീണ്ടും 30 ഹെക്ടറോളം നികത്തിക്കഴിഞ്ഞിരിക്കുന്നു. 70 ഹെക്ടറിലധികം തരിശിടുന്നുമുണ്ട്. ബാക്കി മാത്രമാണ് നെൽകൃഷിനടത്തുന്നത്. റബർ കൃഷി മാത്രമാണ് വർദ്ധിച്ചുവരുന്നത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നെല്ല്, തെങ്ങ്, പ്ലാവ്, കമുക് എന്നീ ക്രമത്തിലായിരുന്നു പ്രധാനവിളകൾ. ഇന്നവ റബർ തെങ്ങ്, നെല്ല് എന്നായി മാറിയിരിക്കുകയാണ്.

### നടീൽ വസ്തുവിതരണം

| ഇനം | 93–94 | 94–95 | 95–96 |
|---|---|---|---|
| തെങ്ങ് | 312 | 518 | 1330 |
| കശുമാവ് | 32 | – | – |
| കുരുമുളക് | 2000 | 12,000 | 6970 |
| കവുങ്ങ് | – | – | 80 |
| പച്ചക്കറിവിത്ത് (പായ്ക്കറ്റ്) | 1883 | 1210 | 870 |
| ഫലവൃക്ഷങ്ങൾ | 20 | – | 580 |
| സുഗന്ധവ്യഞ്ജനങ്ങൾ | – | – | 165 |
| നെൽവിത്ത് | 1930kg | 480kg | - |
| വാഴവിത്ത് | 2500 | – | - |
| പയർ | 268kg | 468kg | 440kg |
| എള്ള് | – | 75kg | 70kg |

കൃഷിഭവൻ

കൃഷി പ്രധാന ഉപജീവനമാക്കിയിട്ടുള്ളവർ 1991 കാനേഷുമാരി കണക്കുപ്രകാരം.

പുരുഷന്മാർ 383 സ്ത്രീകൾ 138.

കർഷകതൊഴിലാളികൾ:

പുരുഷന്മാർ 681 സ്ത്രീകൾ 584.

## വളപ്രയോഗം

ജൈവവളങ്ങൾ കിട്ടാനില്ല, അഥവാകിട്ടിയാൽ വിലക്കൂടുതലുമാണ്. കാലിസമ്പത്ത് കുറവാണ്. വനഭൂമിയില്ല. കർഷകർ രാസവളപ്രയോഗം നടത്താൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നു. അമിതമായ രാസവളപ്രയോഗത്തിനെതിരെ ജാഗ്രത പുലർത്തേണ്ടതാണ്.

## നടീൽവസ്തുക്കളും വിത്തുകളും

പലപ്പോഴും ഗുണമേന്മകുറഞ്ഞ നടീൽവസ്തുക്കളും വിത്തുകളുമാണ് കർഷകർക്ക് കിട്ടുന്നത്. സർക്കാർ സ്ഥാപനങ്ങൾ വഴികിട്ടുന്നവതന്നെ പ്രദേശിക പരിതസ്ഥിതികൾക്കനുയോജ്യമായിക്കൊള്ളണമെന്നില്ല. ഈരംഗത്ത് സ്വകാര്യകച്ചവടക്കാർ ഗുണമേന്മ ഉറപ്പുവരുത്താതെ നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നുമുണ്ട്. പഞ്ചായത്തു തലത്തിൽ നടീൽ വസ്തുക്കളും വിത്തും ഉൽപാദിപ്പിച്ച്‌വിതരണം ചെയ്താൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം.

## നെൽകൃഷി വികസനം

ഭക്ഷ്യോൽപാദനം കേരളത്തിൽ കുറഞ്ഞുവരികയാണ്. നിലം നികത്തൽ, ഭൂമിയുടെ വിലക്കയറ്റം, വെള്ളക്കെട്ട്, വരൾച്ച, കൃഷി ആദായകരമല്ലാത്തത്, കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്തത്, കൂലികൂടുതലുള്ള കെട്ടിടനിർമാണ മേഖലയിലേക്കുപോകുന്നത്, തൊഴിലിനോടുള്ള വികലമായ സമീപനം, കാർഷികവൃത്തിയോടുള്ള അവജ്ഞ, കുറഞ്ഞ കൂലിക്കും പട്ടണത്തിലെ കടകളിൽ പണിയെടുക്കുന്ന പ്രവണത തുടങ്ങി ഒട്ടേറെ കാരണങ്ങൾ നിരത്താം. അരി ഇന്ന് താരതമ്യേന കുറഞ്ഞവിലയ്ക്ക് കിട്ടുന്നു. കൃഷിയേക്കാൾ ആദായകരമാണ്

ബാങ്കിൽ പണമിടുന്നത്. തുടങ്ങി ഒട്ടേറെ വാദഗതികളുമുണ്ട്. പക്ഷേ, ഇതേപ്രവണതകൾ നമുക്ക് അരിയെത്തിക്കുന്ന പ്രദേശങ്ങളിലെല്ലാമുണ്ട്. അത് നമ്മെ തള്ളിവിടുന്നത് ഭക്ഷ്യ ക്ഷാമത്തിലേക്കാണ്. കൃഷിനിലങ്ങളുടെ താരതമ്യപഠനം പട്ടിക കാണുക.

**കൃഷിനിലം കുറയുന്നു**

| വർഷം | വിസ്തീർണം (ഹെക്ടറിൽ) |
|---|---|
| 1906 | 364 |
| 1956 | 360 |
| 1996 | 258 |

(അവലംബം–സെറ്റിൽമെന്റ് രേഖ, BT രജിസ്റ്റർ)

നമുക്കാവശ്യമായ 4400 ടൺ ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കാനുള്ള നിലങ്ങൾ നമുക്കില്ല. 360 ഹെക്ടറിൽ നിന്നും 258 ഹെക്ടറായി നിലം കുറഞ്ഞുകഴിഞ്ഞു. ഇനിയെങ്കിലും നിലം നികത്തി കളയാതെ കൃഷി വികസിപ്പിച്ചാൽ നമുക്കാവശ്യമായതിന്റെ നാലിലൊന്ന് അരി ഇവിടെത്തന്നെയുണ്ടാക്കാൻ കഴിയും. ഇക്കാര്യത്തിൽ നെൽകൃഷിക്കാർക്കു മാത്രമല്ല താൽപര്യം ഉണ്ടാകേണ്ടത്. നീർമറി അടിസ്ഥാനത്തിൽ എല്ലാവരും സഹകരിച്ച് മണ്ണ്–ജലസംരക്ഷണം ഉറപ്പാക്കി ജലസംഭരണികളും തോടുകളും പുഴയും വൃത്തിയാക്കിയെടുത്താൽ നെൽകൃഷിക്കത് പ്രോത്സാഹനമാകും. അത് ഇന്ന് നെൽകൃഷിക്ക് കൃഷിഭവനിലൂടെ കൊടുക്കുന്ന, സെന്റിന് ഒരു രൂപവെച്ചുള്ള പ്രോത്സാഹനത്തേക്കാൾ എത്രയോ മൂല്യം കൂടിയതും മഹത്തരവുമായിരിക്കും.

## ജലസേചനം

നെൽകൃഷിക്കാവശ്യമായ ജലസേചനമൊരുക്കാൻ പെരിയാർവാലി കനാലുള്ളതുകൊണ്ട് എളുപ്പമാണ്. നിക്ഷിപ്ത താൽപര്യക്കാർ അതിന്റെ പണിതീർക്കാതെ ബാക്കിയിട്ട് പദ്ധതി പൂർത്തിയാക്കപ്പെട്ടതായി റിപ്പോർട്ടുകൊടുത്തിരിക്കുകയാണ്. അതിന്റെ പണി പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ നീക്കണം. മുടക്കിയപണം പാഴാകാതെ നോക്കണം. അറ്റകുറ്റപ്പണികൾ ഉടൻ നടത്തണം. ചെറിയ തടയണകളും പമ്പുകളും ഉപയോഗിച്ച് ജലസേചനക്കഴിവ് വർദ്ധിപ്പിക്കുകയുമാവാം.

ചെറുകിട ജലസേചന പദ്ധതികളിൽ നമ്മുടെ പഞ്ചായത്തിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടവയിൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണമാണധികവും. പട്ടിക കാണുക. അവയിൽ പലതും കൃഷിക്ക് ഒരു വിധത്തിലും പ്രയോജനപ്പെടുന്നവയല്ല. അവയെല്ലാം പുനപരിശോധിച്ച് ആവശ്യമായവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുകയും മറ്റുള്ളവ ഉപേക്ഷിക്കുകയും മറ്റ് പണികൾക്കായി ആ പണം ഉപയോഗിക്കുകയും വേണം.

## അഴിമതിയും ധൂർത്തും ഒഴിവാക്കുക

ഒന്നാംവാർഡിലെ ഫാംറോഡുപോലെയുള്ള പണികൾക്ക് ഇനിമേലാൽ പൊതുസമ്പത്ത് ധൂർത്തടിക്കപ്പെടാതെ നോക്കണം. ജനങ്ങളുടെ കൂട്ടായ്മയും ജാഗ്രതയുമാണ് ഇത്തരം അഴിമതിക്കും ധൂർത്തിനുമെതിരായ ഏറ്റവും ഫലപ്രദമായ പ്രതിവിധി. കൃഷി മെച്ചപ്പെട്ടില്ലെന്നുമാത്രമല്ല, കൃഷി കുറയുകയാണ് ഇത്തരം പദ്ധതികൾ കൊണ്ടുണ്ടായത്.

അതുപോലെ തന്നെ, കൃഷിയാവശ്യത്തിനെന്ന പേരിൽ പാടത്തിന് നടുവിൽ കൂടി പലറോഡുകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പാടത്തേക്ക് യന്ത്രങ്ങളിറക്കാൻ റോഡില്ലെങ്കിൽ പാടത്തിന്റെ അതിരുവരെ അടിയന്തിരമായി റോഡുണ്ടാക്കണം. ഒരു കാരണവശാലും പാടത്തിന് നടുവിൽ കൂടി റോഡുണ്ടാക്കി പൊതുപ്പണം ധൂർത്തടിക്കാൻ പാടില്ലാത്തതാണ്. അത് നെൽകൃഷി ക്ഷയിക്കാനാണിടവരുത്തുക.

## കൃഷി ചിലവ് കുറക്കാൻ കൂട്ടായ്മ

തുണ്ടുഭൂമികളിൽ നെൽകൃഷി അസാധ്യമായി തീർന്നിരിക്കുന്നു. കൂട്ടുകൃഷി ലാഭകരമാണ്. ചെലവുകുറയുന്നു. കീടശല്യം കുറയുന്നു. ഒരുമിച്ച്, ഒരേമൂപ്പുള്ള വിത്ത് വിതച്ച് ഒരുമിച്ച് കൊയ്തെടുക്കുക. ചിലവ് വീതിച്ചെടുക്കുക. വിളവ് സ്വന്തമായെടുക്കുക. ഇത്തരം കൂട്ടായ്മ പാടശേഖരകമ്മിറ്റിയായോ സഹകരണ സംഘങ്ങളായോ കൂട്ടുകൃഷിക്കളങ്ങളായോ ഉണ്ടാക്കാവുന്നതാണ്. നിലവിലുള്ള പാടശേഖര കമ്മിറ്റികൾ സജീവമാക്കപ്പെടണം. സാധ്യമെങ്കിൽ വിവിധ കമ്മിറ്റികൾ ലയിപ്പിച്ച് വലിയ ഗ്രൂപ്പുകളാക്കാം. കൃഷി ജലസേചനം, ഗ്രാമവികസനം, വൈദ്യുതി, ബാങ്കുകൾ, തുടങ്ങി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനം വഴി മാത്രമേ കൃഷിവികസനം സാധ്യമാവുകയുള്ളൂ. പഴയ കാലത്തെ കർഷകതൊഴിലാളിക്കു പകരം യന്ത്രങ്ങൾ മാത്രം പോരാ, കർഷകനും, കൃഷി വിദഗ്ധനും, തൊഴിലാളിയും യന്ത്രങ്ങളും കൂടി ചേർന്നാലെ പറ്റൂ. കൃഷി, പ്രത്യേകിച്ചും നെൽകൃഷി വികസിപ്പിക്കാൻ കൂട്ടായ്മ കൂടിയേ തീരൂ. വിത്തും വളവും വെള്ളവും പോലെ കൂട്ടായ്മയും നെൽകൃഷിയുടെ ഒരു അത്യാവശ്യ ഘടകമായി മാറിയിരിക്കുന്നു.

## വിവിധ വകുപ്പുകളുടെ ഏകീകരണം

കൃഷി ഒരു പ്രാദേശിക പ്രവർത്തനമായി കാണണം. മണ്ണ്, ജലം, സസ്യജന്തുജാലങ്ങൾ തുടങ്ങിയവ അതിന് പരമപ്രധാനങ്ങളാണ്. ഉൽപാദനം വർധിപ്പിച്ചാൽ മാത്രം പോരാ. അത് നിലനിർത്തുകയും വേണം. പരിസ്ഥിതിയും മണ്ണും വെള്ളവും സംരക്ഷിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ, ജൈവ കാർഷികരീതികളാണ് അതിനാവശ്യം. കർഷകർ നടത്തിപ്പുകാരും വിദഗ്ധരും ഉദ്യോഗസ്ഥരും അവരുടെ സഹായികളുമാകണം. അധ്വാനത്തിന് കൃഷി വികസനത്തിൽ മുഖ്യപങ്കാണുള്ളത്. ഓരോരുത്തർക്കും ഓരോ പദ്ധതിയല്ല, എല്ലാവർക്കും കൂടി ഒരു സമഗ്ര പദ്ധതിയാണാവശ്യം. പഞ്ചായത്തടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഫലപ്രദമായ ഏകീകരണത്തിലൂടെ കൃഷി വികസനം സാധ്യമാക്കാം.

## തരിശുഭൂമി കൃഷിയുക്തമാക്കൽ

യഥാർത്ഥത്തിൽ കൃഷിക്കുപയോഗിക്കാൻ കഴിയാത്ത തരിശുഭൂമി നമ്മുടെ പഞ്ചായത്തിലില്ല. നമ്മുടെ അശ്രദ്ധകൊണ്ടോ ആസൂത്രകരുടെ വീഴ്ചകൊണ്ടോ മാത്രം ഉണ്ടായ വെള്ളക്കെട്ടുകൾ നിലം തരിശിടുന്നതിന് കാരണമാണ്. അവ കണിയാവള്ളി പുഴ നന്നാക്കിയും പെരിയാർവാലി കനാൽപണി പൂർത്തിയാക്കിയും ചോർച്ച ഒഴിവാക്കിയും കൃഷിയോഗ്യമാക്കാവുന്നതാണ്.

## വിള സാന്ദ്രത വർധിപ്പിക്കൽ

ഭൂമി ദുർലഭമായ നമ്മുടെ പഞ്ചായത്തിൽ വിള വർധിപ്പിക്കാനുള്ള മാർഗം വിളസാന്ദ്രത വർധിപ്പിക്കുകയാണ്. നിലങ്ങൾ ഇരുപ്പൂവാക്കാൻ കഴിയുന്നത്ര അതുചെയ്യണം. 2–ാം കൃഷി കഴിഞ്ഞ് പച്ചക്കറി കൃഷിയുണ്ടാകണം. ദീർഘകാലവിളകൾക്കിടയിൽ ഇടവിളകൾ പ്രോത്സാഹിപ്പിക്കപ്പെടണം. കുടുംബപങ്കാളിത്തത്തോടെ ചെയ്യാൻ കഴിയുന്ന ഇടവിളകൾക്കായിരിക്കണം മുൻതൂക്കം കൊടുക്കേണ്ടത്.

## വൃക്ഷവിളകളുടെ പുനരുദ്ധാരണം

പ്രായാധിക്യം കൊണ്ട് വിളവ് കുറയുന്ന സ്ഥിതിയിലെത്തിയ വൃക്ഷങ്ങൾ വെട്ടിമാറ്റി പുതിയവ വെയ്ക്കാം. കേടുവന്നതിന്റെ പേരിൽ തെങ്ങുകൾ വെട്ടിമാറ്റുകയല്ല, മറിച്ച് അവയെ വേണ്ട പരിചരണം കൊടുത്ത് നന്നാക്കിയെടുക്കയാണ് ആദായകരം. നമ്മുടെ പഞ്ചായത്തിൽ കുരീക്കാട് പടിഞ്ഞാറുഭാഗത്ത്

കാണുന്ന തെങ്ങുരോഗത്തിനു കാരണം മണ്ണിന്റെ പ്രത്യേകതയാണെന്ന് പറയപ്പെടുന്നു. വർഷകാലത്ത് നീർവാർച്ച കുറവായതിനാൽ വേരു ചീയലും, വേനൽക്കാലത്ത് ഉണങ്ങി പാറപോലെയാകുന്നതിനാൽ വേരോട്ടം കുറവും ആണെന്നും വളക്കൂറ് കുറയുന്നമൂലക്ക് തെങ്ങുകൾ ക്ഷീണിച്ച് കേടുപിടിക്കുന്നു എന്നും പറയുന്നു. ഇത് വിശദമായ പഠനം ആവശ്യമായ ഒരഭിപ്രായമാണ്. വർഷകാലത്ത് ചാലുകീറി നീർവാർച്ച ഉറപ്പാക്കിയും വേനൽക്കാലത്ത് ജലസേചനം നടത്തിയും ശരിയായ വളപ്രയോഗത്തിലൂടെയും പരിചരണത്തിലൂടെയും തെങ്ങുകളെല്ലാം (പ്രായമായവയൊഴിച്ച്) രക്ഷിച്ചെടുക്കാൻ കഴിയുമോയെന്ന് നോക്കണം. കിണർ, കുളം കുഴിക്കുക, പമ്പുവെയ്ക്കുക, ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കും വളത്തിനും സഹായധനം കിട്ടും.

പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ തെങ്ങ് താരതമ്യേന നല്ലവിളവ് നൽകുന്നു. ജലസേചനം നടത്തി വിളവ് വർധിപ്പിക്കാൻ സാധ്യതയുണ്ട്. മണ്ണ്-ജലസംരക്ഷണ പദ്ധതി ജനപങ്കാളിത്തത്തോടെ വിജയിപ്പിച്ചാൽ ജലസേചനം സാധ്യമാക്കാം.

## പച്ചക്കറികൃഷി

വീട്ടാവശ്യത്തിന് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. മിച്ചമുള്ളത് വിറ്റാൽ ചെറിയ വരുമാനവും കിട്ടും. പഞ്ചായത്തിൽ പച്ചക്കറികൃഷി വികസനത്തിന് ഒരു പ്രത്യേക സ്കീം നടപ്പാക്കാൻ ശ്രമിക്കാവുന്നതാണ്. ഇന്നേതാണ്ട് 10 ഹെക്ടറിൽ മാത്രമാണ് പച്ചക്കറി കൃഷി നടക്കുന്നത്.

## കുരുമുളക്

ഏകദേശം 40 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുണ്ടെന്നാണ് കണക്ക്. കുരുമുളകുകൃഷിക്ക് വളം, കീടനാശിനി എന്നിവയ്ക്ക് 25ശതമാനം സഹായധനം നൽകുന്ന പദ്ധതി നിലവിലുണ്ട്. ദ്രുതവാട്ടം എന്ന രോഗം പരക്കെയുണ്ട്. മഴയ്ക്കു മുമ്പും ശേഷവും ബോഡോമിശ്രിതം തളിച്ചാൽ രോഗം നിയന്ത്രിക്കാം.

## റബർ

ഈ പ്രദേശത്ത് ഇപ്പോൾ ഏറ്റവുമധികം ഭൂമിയിൽ കൃഷി ചെയ്യുന്നത് റബറാണ്. ഈ രാജ്യത്ത് വ്യവസായഭിവൃദ്ധിക്കും വിദേശനാണയം ലാഭിക്കുന്നതിനും റബർകൃഷി സഹായിക്കുന്നുണ്ട്. റബർ ബോർഡിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നതിനാൽ ഈ കൃഷിയിലേക്ക് കർഷകർ മാറികൊണ്ടിരിക്കുന്നു. തെങ്ങും, നെല്ലും കൃഷിചെയ്തിരുന്ന താഴ്‌വരകളിലടക്കം റബർ കൃഷി ചെയ്യുന്നത് പ്രകൃതി സന്തുലനം തകിടം മറിക്കുകയും ഭക്ഷ്യക്ഷാമത്തിനിടയാക്കുകയും ചെയ്യും. കുന്നിൻ പുറത്തും കുന്നിൻ ചെരുവുകളിലും റബർകൃഷി പ്രോത്സാഹിപ്പിക്കപ്പെടണം. താഴ്‌വരകളിൽ അതു പാടില്ല. ഇക്കാര്യത്തിൽ കൂട്ടായതീരുമാനം ഉണ്ടാകണം. റബർ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അതിരുവരെ റബർ നടുന്നതുമൂലം തൊട്ടടുത്ത ചെറുതുണ്ടു ഭൂമികളിൽ ഒന്നും കൃഷിചെയ്യാൻ കഴിയാത്തതിനെക്കുറിച്ച് കുറേയേറെ പരാതികളുണ്ടായിട്ടുണ്ട്.

## ഇഞ്ചിയും മഞ്ഞളും

ഇഞ്ചിയും മഞ്ഞളും ചെറിയതോതിൽ കൃഷി ചെയ്യപ്പെടുന്നുണ്ട്. 25 സെന്റെങ്കിലും കൃഷിയുള്ളവർക്ക് വളത്തിനും കീടനാശിനിക്കും സഹായം നൽകുന്ന സ്കീം നിലവിലുണ്ട്.

## നൂതന കൃഷിസംരഭങ്ങൾ

കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധസസ്യകൃഷി, പുഷ്പ കൃഷി തുടങ്ങിയവയ്ക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതകളേറെയാണ്. ഭൂമികുറവ്. അതുകൊണ്ട് വൻകിട കൃഷി തോട്ടങ്ങൾ സാധ്യമല്ല. റബർ തോട്ടത്തിന്റെ സാമീപ്യവും ചോലയും ചെറുതുണ്ടുഭൂമികളിൽ പച്ചക്കറികൃഷി പോലും അസാധ്യമാക്കുന്ന സ്ഥിതിയിൽ കൂൺകൃഷി പഞ്ചായത്തിന് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. എറണാകുളം പട്ടണത്തിന്റെ സാമീപ്യം കമ്പോള സാധ്യതകളും നൽകുന്നു. അഭ്യസ്ഥവിദ്യരായ പണിയില്ലാതെ വീട്ടിലിരിക്കുന്ന സ്ത്രീകൾക്ക് നല്ലൊരു വരുമാനമാർഗ്ഗവും ആണിത്. പുഷ്പകൃഷിക്കും സാധ്യതകളേറെയുണ്ട്.

## പഴവർഗകൃഷി

വാഴകൃഷി പഞ്ചായത്തിൽ 50 ഹെക്ടറോളം സ്ഥലത്തുണ്ട്. വിളവ് അത്രമെച്ചമാണെന്ന് പറയാനാവില്ല. നേന്ത്രൻ, കണ്ണൻ, പൂവൻ, പാളയന്തോടൻ എന്നീ ഇനങ്ങളാണ് കൂടുതലും കണ്ടുവരുന്നത്. രോഗങ്ങൾ മൂലം വാഴകൃഷി കുറഞ്ഞുവരുന്നതായാണ് അറിയുന്നത്. ശരിയായ വളപ്രയോഗവും പരിചരണവും നൽകി വാഴകൃഷി വ്യാപിപ്പിക്കാൻ കഴിയും. പ്ലാവ്, മാവ് എന്നിവയും ഈ പഞ്ചായത്തിലുണ്ട്. അവകുറേക്കൂടി വർധിപ്പിക്കാനും കഴിയും.

## പച്ചില-ജൈവവളങ്ങളുടെ ഉൽപാദനം

ഹെക്ടറിന് 8–10 ടൺ ജൈവവളം ഓരോ വർഷവും മണ്ണിൽ ചേർക്കാൻ കഴിയുന്നില്ലെങ്കിൽ വിളവ് ഉയർത്താനും നിലനിർത്താനും കഴിയില്ല. പക്ഷെ, ചാണകം കിട്ടാനില്ല. പച്ചില വളം കിട്ടാൻ വനപ്രദേശവും പഞ്ചായത്തിലില്ല. ശീമക്കൊന്ന, പൊൻഗാമിയ തുടങ്ങിയ പച്ചിലമരങ്ങൾ വളർത്തുകയാണ് ഒരു പരിഹാരമാർഗം. ജൈവ പാഴ്‌വസ്തുക്കളിൽ നിന്ന് കമ്പോസ്റ്റ് ഉണ്ടാക്കിയെടുത്തും ജൈവവളം ലഭ്യമാക്കാം. എല്ലാ വീട്ടിലും പച്ചിലമരങ്ങൾ വളർത്താനും കമ്പോസ്റ്റ് കുഴിയുണ്ടാക്കാനുമുള്ള പദ്ധതികൾക്കു രൂപം നൽകാവുന്നതാണ്. ജനപങ്കാളിത്തത്തോടെ ഇത് എളുപ്പം നടപ്പാക്കാൻ കഴിയും.

## പഞ്ചായത്തിൽ കൃഷി നേരിടുന്ന പ്രശ്നങ്ങൾ

1. പെരിയാർവാലി കനാൽ പണി പൂർത്തിയായിട്ടില്ല. അത് ചോർന്നൊലിച്ചും അവസാനഭാഗത്ത് പണിതീരാത്തിടങ്ങളിലും വെള്ളക്കെട്ടുണ്ടാകുന്നു.
2. നിലം നികത്തൽ നടക്കുന്നു, തരിശിടുന്നു, നെൽകൃഷി കുറയുന്നു.
3. കീടബാധ.
4. നല്ല വിത്തുകളും നടീൽവസ്തുക്കളും കിട്ടാനില്ല.
5. ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു.
6. ഉൽപന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂലി ചെലവ് ദുർവഹമാണ്.
7. വിദഗ്ധരായ കർഷകതൊഴിലാളികളെ കിട്ടാനില്ല.
8. കുളങ്ങളും തോടുകളും കണിയാവള്ളി പുഴയും മണ്ണുമൂടി അടഞ്ഞുകിടക്കുന്നു.
9. വായ്പാസൗകര്യം പരിമിതമാണ്.
10. ഉൽപന്നസംസ്കരണത്തിന് സൗകര്യമില്ല.
11. മണ്ണൊലിപ്പ് ഗുരുതരമാണ്.
12. മണ്ണ്-ജലസംരക്ഷണത്തിൽ അലംഭാവം.
13. മണ്ണ്-ജലസംരക്ഷണ പദ്ധതികളുടെ അഭാവം.
14. ജൈവവളങ്ങൾ കിട്ടാനില്ല, കിട്ടിയാൽ തന്നെ അമിതവില;
15. ജൈവവളപ്രയോഗത്തിന്റെ കുറവ്
16. അമിതമായ രാസവളപ്രയോഗം.

17. മരിച്ചുകൊണ്ടിരിക്കുന്ന മണ്ണ്.
18. വറ്റിക്കൊണ്ടിരിക്കുന്ന ഉറവകളും നീർച്ചാലുകളും
19. കുളം, തോട് പുറമ്പോക്ക് കയ്യേറ്റം.
20. തെങ്ങുകളുടെ വളർച്ചാമുരടിപ്പും വേരുചീയലും.
21. കുരുമുളക് കൊടിയുടെ ദ്രുതവാട്ടം

## പരിഹാരനിർദ്ദേശങ്ങൾ

1. പെരിയാർവാലി കനാലിന്റെ നിർമാണത്തിലെ ക്രമക്കേടുകൾ അന്വേഷിച്ച് യുക്തമായ നടപടിയുണ്ടാകണമെന്ന് സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുക. അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തുകിട്ടാൻ ശ്രമിക്കുക. പണി ഉടൻ പൂർത്തിയാക്കുക.
2. നിലം നികത്തൽ ജനപങ്കാളിത്തത്തോടെ നിരുത്സാഹപ്പെടുത്തുക. നിയമം പാലിക്കപ്പെടുമെന്നുറപ്പു വരുത്തുക.
3. മണ്ണൊലിപ്പ് തടയാൻ മണ്ണ് – ജലസംരക്ഷണ നടപടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
4. പഞ്ചായത്തിൽ നഴ്സറികൾ സ്ഥാപിക്കുക.
5. ആവശ്യമായ യന്ത്രോപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കുക. അഗ്രോ ക്ലീനിക്കുകൾ സ്ഥാപിക്കുക.
6. വാങ്ങൽകേന്ദ്രവും പൊതുമാർക്കറ്റും സ്ഥാപിക്കാൻ മുൻകൈ എടുക്കുക.
7. പട്ടികയിൽ പറയുന്ന മുഴുവൻ തോടുകളും കുളങ്ങളും അളന്നു തിട്ടപ്പെടുത്തി ആഴംകൂട്ടി നന്നാക്കുക. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പണികൾ ജനപങ്കാളിത്തത്തോടെ നടത്തുക.
8. വായ്പാസൗകര്യം വർധിപ്പിക്കാൻ സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക/ക്രമീകരിക്കുക.
9. ഉല്പന്ന സംസ്കരണത്തിന് സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
10. നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
11. മണ്ണ് – ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രചരണം സംഘടിപ്പിക്കുക.
12. പച്ചില വളകൃഷി തുടങ്ങുക. കമ്പോസ്റ്റ് കുഴി എല്ലാ വീടുകളിലും തുടങ്ങുക.
13. തെങ്ങിന്റെ വേര് ചീയൽ മാറ്റാൻ നീർവാർച്ചക്ക് തോടുകൾ കോരുക – വേനൽകാലത്ത് ജലസേചന സൗകര്യമേർപ്പെടുത്തുക.
14. ദ്രുതവാട്ടം തടയാൻ കുരുമുളക് കൊടിക്ക് മഴക്കുമുമ്പും മഴക്കുശേഷവും ബോർഡോ മിശ്രിതം തളിക്കുക.
15. മേൽപറഞ്ഞ പ്രവർത്തനങ്ങളൊക്കെ നടപ്പാക്കാൻ പറ്റുന്ന വിധത്തിൽ നീർത്തട വികസന പദ്ധതി തയ്യാറാക്കുക.
16. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, കൃഷിയിടങ്ങളിൽ ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുക.
17. കർഷകരുടെ കൂട്ടായ്മ പാടശേഖരകമ്മിറ്റികൾ, കേരകർഷക സമിതികൾ തുടങ്ങിയവ പ്രവർത്തനക്ഷമമാക്കുക. ആവശ്യമെങ്കിൽ സഹകരണസംഘങ്ങൾ ആരംഭിക്കുക.
18. മണ്ണ് സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയ വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം വികേന്ദ്രീകരിച്ച് പഞ്ചായത്തിനെ ഏല്പിക്കുക.

## മറ്റു നിർദ്ദേശങ്ങൾ

1. തലക്കോട് ഹരിജൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ജലസേചനപമ്പിൽനിന്ന് കോളനിയിലുള്ള എല്ലാവർക്കും വെള്ളം ലഭ്യമാക്കുക.
2. 3-ാം വാർഡിൽ ഇറക്കത്തിൽ മോഹനന്റെ തിട്ടയിൽനിന്ന് കിഴക്കേചിറയിലേക്ക് ഒരു തടയണ കെട്ടുക. പമ്പും പുരയും സ്ഥാപിക്കുക.

| ക്രമ നമ്പർ | വാർഡ് | തോടുകൾ പേര് | നീളം കി.മീ. | സ്ഥിതി-നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | 1 | കണ്ണങ്കേരി തോട് | 1 | ആഴവും വീതിയും കൂടി ഭിത്തി കെട്ടി നന്നാക്കണം |
| 2 | ,, | പൊയ്യക്കുളം തോട് | .15 | കണ്ണങ്കേരി തോടുമായി ചേരുന്നതുവരെ വീതിയും ആഴവും കൂട്ടുക. |
| 3 | ,, | കുരീക്കാട്ടിൽ താഴംതോട് | .10 | ,, |
| 4 | ,, | തോഴവയൽതോട് | .30 | പാർശ്വഭിത്തി കെട്ടണം |
| 5 | ,, | നമ്പൂരീശ്ശൻമല കണിയാവള്ളി വട്ടത്തോട് | .30 | ഭിത്തി സ്ല്യൂയിസ് കംബ്രിഡ്ജ് ഉണ്ടാക്കി പമ്പുസെറ്റു സ്ഥാപിക്കണം |
| 6 | ,, | ഈഴാത്തുരുത്ത് തോട് | .25 | ആഴവും വീതിയും കൂട്ടണം. പാർശ്വഭിത്തി കെട്ടണം |
| 7 | II | കത്തിച്ചിറ കോട്ടയത്തുപാറ തോട് | .20 | തോടിന്റെ കിഴക്കുവശത്ത് റോഡു നിർമിക്കണം |
| 8 | ,, | ചൂഴത്തി പാടം കണിയാവള്ളി തോട് | 1.50 | കാറ്റാടി തൊണ്ടിൽ പൈപ്പുമാറ്റി കലുങ്ക് കെട്ടണം. കുരീക്കാട് കുപ്പശ്ശേരി പാടം റോഡരികിൽ 1 മീറ്റർ വീതിയിൽ തോടുണ്ടാക്കി ആഴം വർദ്ധിപ്പിക്കുക. |
| 9 | ,, | കണ്ടങ്കാവ് കണിയാവള്ളി തോട് | .50 | ആഴം വർധിപ്പിച്ചു പാർശ്വഭിത്തി കെട്ടണം |
| 10 | ,, | മറ്റത്തിപ്പാടം കണ്ണങ്കേരിതോട് (പടിഞ്ഞാറുവശം) | .50 | പുതിയതായി പണിത റോഡുമൂലം തോടിലുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി ആഴം വർധിപ്പിക്കുക. |
| 11 | ,, | മറ്റത്തിപ്പാടം കണ്ണങ്കേരി കിഴക്കേ തോട് | .30 | കലുങ്കിന്റെ അടിയിലുള്ള മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം വർധിപ്പിക്കുക. |
| 12 | III | അടിയാക്കൽ തോട് | 1 | പാർശ്വഭിത്തി കെട്ടി ബലപ്പെടുത്തണം. ചീപ്പുകൾക്ക് പലകകളും സൂക്ഷിപ്പുപുരയും ഉണ്ടാക്കുക. |
| 13 | ,, | അടിയാക്കൽ ചെറിയതോട് | .25 | ആഴവും വീതിയും കൂട്ടുക |
| 14 | ,, | പേണാട് ചിറതോട് | .15 | തുറന്നു നന്നാക്കണം |
| 15 | ,, | മൈലാഞ്ചി തോട് | .30 | ആഴവും വീതിയും കൂട്ടണം |
| 16 | IV | കുന്നപ്പിള്ളി താഴം ചോറ്റാനിക്കര പാലം തോട് | .75 | ആഴവും വീതിയും കൂട്ടണം |

| | | | | |
|---|---|---|---|---|
| 17 | V | തണ്ണാച്ചിറ-തണ്ണാവേലി-മുടപ്പശ്ശേരി-പുന്നചാലിൽ പാടം തോട് | 1 | ആഴവും വീതിയും കൂട്ടി നന്നാക്കണം |
| 18 | VI | പള്ളിപ്പുറം പുഞ്ച അയ്യപ്പൻകാവ് തോട് | .75 | അയ്യപ്പൻകാവ് ക്ഷേത്രക്കുളത്തിലൂടെ ഒ.ഇ. എൻ റോഡിന്റെ അടിയിൽകൂടി മനക്കത്താഴം വരെ എത്തിക്കുക. |
| 19. | VII | കിഴക്കേമനയിൽ നിന്ന് വടക്കോട്ടുള്ള തോട് | .75 | തുറന്നു നന്നാക്കുക |
| 20 | VIII | തലക്കോട്-കിടങ്ങയം-കീഴ്ത്തലക്കോട്-പറക്കുളങ്ങരത്താഴം-തണങ്ങാട്ടിൽ താഴം തോട് | 2 | ക്രോസ് ബാറുകൾ നിർമിക്കുക. ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടുക. |
| 21 | VIII | തലക്കോട് - കിടങ്ങയം മെയിൻ തോട് | 1 | ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടുക |
| 22 | VIII | മൊതേരിതാഴം തോട് | .50 | എൽഷേപ്പ് ഭാഗത്ത് റോഡിൽനിന്നുള്ള മണ്ണു വീഴാതെ കലുങ്കു കെട്ടുക. പാർശ്വഭിത്തി കെട്ടുക |
| 23 | VIII | തെക്കേടത്തുപാടം മൊതേരി പാടം തോട് | .75 | ആഴവും വീതിയും കൂട്ടണം |
| 24 | IX | കരിക്കാംപാടം തലക്കോട് തോട് | 1.5 | പാർശ്വഭിത്തി കെട്ടി ആഴവും വീതിയും കൂട്ടുക |
| 25 | IX | കണയന്നൂർ കിടങ്ങയം പാടംതോട് | 2 | കണയന്നൂർ പാടത്തിന്റെ തുടക്കം മുതൽ കിടങ്ങയം പാടത്തിന്റെ വടക്കേ അറ്റം വരെ പാർശ്വഭിത്തി കെട്ടുക |
| 26 | IX | കണയന്നൂർ വലിയതോട് | 2 | ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടുക |
| 27 | " | തലക്കോട് കിടങ്ങയം പാടങ്ങളിലെ കൈത്തോടുകൾ | 1.5 | നന്നാക്കണം |

**ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്**
**നടപ്പ് ചെറുകിട ജലസേചന പദ്ധതികളുടെ വിവരം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലുള്ള സ്ഥിതി |
|---|---|---|---|
| 1 | 1-ാം വാർഡിൽ ചൂഴ്ത്തി പാടം തോടിന് പാർശ്വഭി ത്തി | 84,157/- | കോൺട്രാക്ട് എഗ്രിമെന്റ് വെച്ചു |
| 2 | ജലധാരപദ്ധതി-പള്ളിപ്പുറം പുഞ്ചയിൽ ഫാം റോഡും സ്ലൂയിസും നിർമിയ്ക്കൽ | 3,84,959/- | രാമൻനായർ നോമിനിയായി എഗ്രിമെന്റ് വെയ്ക്കണം |
| 3 | തലക്കോട് ഹരിജൻ കോളനി എൽഐ സ്കീമിന്റെ അടിയന്തിര അറ്റകുറ്റപ്പണി | 1,33,465/- | കോൺട്രാക്റ്റർ എഗ്രിമെന്റ് വെച്ചു |
| 4 | കണയന്നൂർപാടം തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 1,91,942/- | - " - |
| 5 | പള്ളത്തുതാഴം തോടിന്റെ പാർശ്വസംരക്ഷണവും ആഴം വർധിപ്പിക്കലും | 2,00,000/- | എസ്റ്റിമേറ്റ് സമർപ്പിച്ചു |
| 6 | കരിങ്ങാച്ചിറപുഴയിൽ കമ്പിവേലിയ്ക്കകത്തിന് തെക്ക് ടോക്ക് എച്ചിനടുത്ത് പർശ്വസംരക്ഷണം | 6,00,000/- | -"- |
| 7 | തുരുത്തിപ്പള്ളി-കടുകമംഗലം ഫാംറോഡിന്റെ വികസനപ്രവർത്തികൾ | 1,45,000/- | -"- |
| 8 | ചോറ്റാനിക്കര-തെക്കേച്ചിറ കോളനി ഫാംറോഡിന്റെ വികസന പ്രവർത്തികൾ | 4,00,000/- | -"- |
| 9 | കാവുങ്കൽപാടത്തിൽ നടക്കംതോടിന് കുറുകെ ക്രോസ്ബാർ നിർമാണവും പാർശ്വസംരക്ഷണം. | 1,99,000/- | എസ്റ്റിമേറ്റ് സമർപ്പിച്ചു |
| 10 | തട്ടുപാലം സ്ലൂയിസിന്റെ അറ്റകുറ്റപ്പണികൾ | 33,000/- | -"- |
| 11 | അടിയാക്കൽ-പരുത്തിപാറ ക്രോസ്ബാറിന്റെ അറ്റകുറ്റപണികൾ | 40,000/- | -"- |
| 12 | ചൂഴത്തിപ്പാടം തോടിന്റെ ഡ്രെയിനേജ് സൗകര്യം വർധിപ്പിക്കൽ | 40,000/- | -"- |
| 13 | പള്ളിപ്പുറം പുഞ്ചയിലെ കിഴക്കേചാലിന്റെ പുനരുദ്ധാരണം (ഇഇസി സഹായം) | - | പ്രൊപ്പോസൽ അയച്ചു |
| 14 | വെള്ളാംകുഴിചിറയുടെ ഉദ്ധാരണപ്രവർത്തികൾ (ഇഇസി സഹായം) | - | -"- |
| 15 | കുരീക്കാട് ശ്രീകൃഷ്ണ ക്ഷേത്രക്കുളത്തിന്റെ ഉദ്ധാരണപ്രവർത്തികൾ | | -"- |
| 16 | കോണോത്തുതാഴം-പാറക്കുളങ്ങര തോടിന്റെ പാർശ്വസംരക്ഷണവും ആഴക്കൂട്ടലും | 4,00,000/- | എസ്റ്റിമേറ്റ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു |

## കൃഷിഭവൻ

പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. നടീൽ വസ്തുക്കൾ, കാർഷികോപകരണങ്ങൾ, വളം, കീടനാശിനികൾ, സഹായധനം, ദുരിതാശ്വാസം തുടങ്ങിയവയൊക്കെ വിതരണം ചെയ്യുന്നുണ്ട്. ഇവയെക്കുറിച്ച് കൃഷിക്കാർക്ക് യഥാസമയം വിവരം കിട്ടുന്നില്ലെന്ന പരാതി ഗ്രാമസഭകളിൽനിന്ന് ഉയർന്നു വന്നിട്ടുണ്ട്. കൃഷിഭവന്റെ പ്രവർത്തനം ഇത്തരം സഹായങ്ങൾ നൽകുന്നതിൽമാത്രം ഒതുങ്ങിപ്പോകുന്നുണ്ട്. പകരം, കൃഷിക്കാർക്കാവശ്യമായ സാങ്കേതികോപദേശങ്ങൾ നൽകി കൃഷിയും വിളവും വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരുടെ സഹായികളായി കൃഷിഭവൻ ഉദ്യോഗസ്ഥർ പ്രവർത്തിക്കുകയാണാവശ്യം. കൃഷിവിദഗ്ധരുടെ പ്രവർത്തനമേഖല ഓഫീസുകൾക്കു പകരം കൃഷിയിടങ്ങളായി മാറണം. ചോറ്റാനിക്കര കൃഷിഭവനിൽ ഒരു കൃഷിയാഫീസറും ഒരു കൃഷി അസിസ്റ്റന്റും മാത്രമാണുള്ളത്. ഒരു കൃഷി അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ഉടൻ നികത്തേണ്ടതാണ്.

### കൃഷിക്കാർക്കുള്ള ദുരിതാശ്വാസ വിതരണം

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | ദുരിതകാരണം | |
|---|---|---|---|
| | | വെള്ളപ്പൊക്കം | കൊടുങ്കാറ്റ് |
| 1993–94 | 160 | 3000kg നെല്ല് | 37416 രൂപ |
| 1994–95 | 77 | – | 5730 രൂപ |
| 1995–96 | 74 | – | 17408 രൂപ |

(കൃഷിഭവൻ രേഖകൾ)

### കൃഷിഭവനിലൂടെ ഇന്നേവരെ വിതരണം ചെയ്ത കാർഷികോപകരണങ്ങൾ

| ഇനം | എണ്ണം |
|---|---|
| ട്രാക്ടർ | 1 |
| ട്രില്ലർ | 3 |
| റോക്ക് സ്പ്രെയർ | 13 |
| നാപ്സ്റ്റാക്ക് സ്പ്രെയർ | 9 |
| പവർ സ്പ്രെയർ | 1 |
| തെങ്ങുകയറ്റയന്ത്രം | 5 |
| പമ്പ് സെറ്റ് | 2 |

(കൃഷിഭവൻ രേഖകൾ)



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൃഷിയോടൊപ്പം വികസിപ്പിക്കാവുന്നതും കൃഷിവികസനത്തിന് സഹായകരവുമായതാണ് മൃഗസംരക്ഷണം. കൃഷിയുടെ ഉപോൽപന്നങ്ങൾ മൃഗങ്ങൾക്ക് തീറ്റയാകും. മൃഗങ്ങളുടെ വിസർജ്യവസ്തുക്കൾ മണ്ണിന്റെ ഫലപുഷ്ടിയും അതിലൂടെ കൃഷിയും മെച്ചപ്പെടുത്തും. കൃഷി പോലെതന്നെ പുതിയ സമ്പത്തിന്റെ ഉറവിടമാണിതും. സൗരോർജ്ജം പുല്ലും, പുല്ല് പാലും മാംസവുമായി പരിവർത്തനം നടക്കുന്നു. വളരെ പെട്ടെന്നു തന്നെ ആദായം കിട്ടുകയുമാണ്. വ്യവസായാടിസ്ഥാനത്തിൽ മൃഗസംരക്ഷണം സംഘടിപ്പിക്കുവാനുള്ള സ്ഥലമോ സൗകര്യമോ പഞ്ചായത്തിലില്ല. പക്ഷെ, നാലിൽ ഒന്ന് കൃഷിയിടങ്ങളിൽ കന്നുകാലി വളർത്തലും കൃഷിയും സംയോജിതമായി നടത്താൻ കഴിയും. ബാക്കി വരുന്നവ ബഹുഭൂരിപക്ഷവും ചെറിയ വീട്ടുവളപ്പുകളാണെങ്കിലും ആട്, മുയൽ, കോഴി തുടങ്ങിയവ ഏതാനും എണ്ണം വീതം വളർത്താനുള്ള സാധ്യതകൾ പഞ്ചായത്തിലുണ്ട്. ആ സാധ്യതകൾ ഇന്ന് പൂർണമായി ഉപയോഗപ്പെടുത്തുന്നില്ല. 70–ഓളം ഗോബർ ഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിലുണ്ട്.

കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കുള്ളിൽ മൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ വ്യത്യാസം വന്നതായി കാണുന്നില്ല. സങ്കരയിനം പശുക്കളുടെ എണ്ണം കൂടുകയും നാടൻ ഇനങ്ങളുടെ എണ്ണം കുറയുകയും ചെയ്തതായി പറയപ്പെടുന്നു. കൃത്യമായ കണക്ക് ലഭ്യമല്ല. സങ്കര ഇനം പശുക്കളുടെ എണ്ണത്തിലുള്ള വർധനവ് മൂലം പാലിന്റെ ഉൽപാദനം വർധിച്ചിട്ടുണ്ട്.

പാൽ വിപണനസൗകര്യം വേണ്ടത്ര ഇല്ല. ഒരു പാൽ സൊസൈറ്റി മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പല വാർഡുകളിലും അതിന്റെ സേവനം കിട്ടുന്നില്ല. സംസ്കരണസൗകര്യം ഇവിടെയില്ല.

### 1987 ലെ കണക്കുപ്രകാരം പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം.

| | |
|---|---|
| പശുക്കൾ | 2476 |
| സങ്കരയിനം പശുക്കൾ | 1776 |
| എരുമ | 20 |
| ആട് | 1643 |
| പന്നി | 46 |

കോഴി 15213 മൃഗസംരക്ഷണവകുപ്പ് പ്രവർത്തനം തുടങ്ങിയിട്ട് ആറുമാസക്കാലമേ ആയിട്ടുള്ളൂ. ചോറ്റാനിക്കര ക്ഷേത്രത്തിനടുത്ത് തിരക്കേറിയ ഭാഗത്താണ് മൃഗാശുപത്രി. സ്ഥലസൗകര്യവും പരിമിതമാണ്. വേണ്ടത്ര ഉപകരണങ്ങളുമില്ല. മൃഗങ്ങളെ ചികിത്സക്കും ബീജസങ്കലനത്തിനും മറ്റുമായി ഇവിടെ കൊണ്ടുവരാൻ ദൂരവും തിരക്കും പ്രതിബന്ധങ്ങളാണ്. അതുകൊണ്ട് ഈ ആശുപത്രി സൗകര്യപ്രദമായ സ്ഥലവും കെട്ടിടവും കണ്ടെത്തി മാറ്റി സ്ഥാപിക്കേണ്ടതാണ്.

### ഈ പഞ്ചായത്തിൽ മൃഗസംരക്ഷണം വികസിപ്പിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ

1. തീറ്റ സാധനങ്ങളുടെ വില വർധനവ്.
2. പുല്ല്, വയ്ക്കോൽ തുടങ്ങിയവയുടെ ലഭ്യത കുറവ്
3. പ്രതിരോധ കുത്തിവയ്പ്പുകൾ, ചികിത്സ തുടങ്ങിയവയ്ക്ക് വളരെ ദൂരം യാത്രചെയ്യേണ്ട സ്ഥിതി.
4. പാൽ, ഇറച്ചി ഇവയുടെ സംസ്കരണ– വിപണന സൗകര്യം

ഇല്ലായ്മ.
5. മൃഗാശുപത്രിയിലെ അസൗകര്യങ്ങൾ
6. മൃഗ-പക്ഷി രോഗങ്ങൾ
7. പേ വിഷബാധയ്ക്കിട വരുത്തുന്ന പട്ടിശല്യം.
8. വായ്പാ സൗകര്യം കുറവ്
9. കോഴികുഞ്ഞുങ്ങളെ കിട്ടാനില്ല, വില കൂടുതൽ.

ഇറച്ചിക്കോഴി വളർത്തൽ വ്യവസായാടിസ്ഥാനത്തിൽ നടത്തുന്ന ഏതാനും യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. മുയൽ വളർത്തൽ ചെറിയ തോതിലുണ്ട്. മാംസ സംസ്കരണ വിപണന സംവിധാനം പഞ്ചായത്തിലില്ല.

കിടാരി വളർത്തൽ (ഗർഭകാലത്ത് 3-ാം മാസം മുതൽ കാലിത്തീറ്റ കൊടുക്കുക), ശാസ്ത്രീയ കറവ പരിശീലനം, തൊഴുത്തു നിർമാണം, അകിടുവീക്കം നിയന്ത്രിക്കുവാനുള്ള കിറ്റ് വിതരണം, മൂരിക്കിടാങ്ങളെ വളർത്തൽ, തുടങ്ങി പല സ്കീമുകളും മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതായുണ്ട്. കോഴി, മുയൽ വളർത്തൽ പ്രോത്സാഹന പദ്ധതികളുമാകാം.

## മൃഗസമ്പത്ത് വികസിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. നെൽകൃഷി വികസനം ഉറപ്പാക്കുക.
2. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക.
3. കൃത്രിമ തീറ്റ ഉണ്ടാക്കുന്നതിന് പഞ്ചായത്തിൽ ഒരു മിൽ തുടങ്ങുക. പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർഥങ്ങൾ ഉപയോഗിക്കുക.
4. അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുജനുസുകൾ ലഭ്യമാക്കുക.
5. ഒരു വർഷമെങ്കിലും പ്രായമായ നല്ല സങ്കരയിനം ആടുകളെ ലഭ്യമാക്കുക.
6. തൊഴിൽ രഹിതരായ വനിതകൾക്ക് പക്ഷി-മൃഗസംരക്ഷണം ഏറ്റെടുത്ത് നടത്താൻ പ്രോത്സാഹനം നൽകുക.
7. മൃഗാശുപത്രി പുതിയകെട്ടിടവും സ്ഥലവും കണ്ടെത്തി വികസിപ്പിക്കുക. സംസ്ഥാനത്ത് എവിടെയെങ്കിലും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുക.
8. പ്രതിരോധ കുത്തിവെപ്പുകൾക്ക് പ്രചരണം നല്കുക.
9. പാൽ, മാംസം, മുട്ട എന്നിവയുടെ സംഭരണ-വിതരണ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, വിപുലമാക്കുക, ഹാച്ചറി തുടങ്ങുക.
10. പേ വിഷബാധ നിയന്ത്രിക്കാൻ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ലൈസൻസ് സമ്പ്രദായം നിർബന്ധമാക്കുക.
11. സ്കൂൾ കുട്ടികൾക്ക് പൗൾട്രി ക്ലബ്, മുയൽ ക്ലബ് സ്കീമുകൾ തുടങ്ങുക.
12. മൃഗസംരക്ഷണത്തിന് വനിതകളുടെ സഹകരണസംഘങ്ങൾ/ മിനി ഡയറികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
13. പാൽ സംഭരണസൗകര്യം എല്ലാ വാർഡുകളിലും ഏർപ്പെടുത്തുക.
14. ഇൻഷൂർ ചെയ്യാനുള്ള സൗകര്യം വർധിപ്പിക്കുക.

# മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ ജലാശയമാണ് കണിയവള്ളിപ്പുഴ. തെക്ക് വേമ്പനാട്ട് കായൽ പൂത്തോട്ടയിലൂടെ ഈ പുഴയുമായി ബന്ധിക്കുന്നു. വടക്കുവശം അന്ധകാരത്തോടുമായി ബന്ധിച്ചു കിടക്കുന്നു. ഓരുജലം കയറാതിരിക്കുന്നതിനുവേണ്ടി പൂത്തോട്ടയിലും കണിയവള്ളി തെക്കേപ്പാലത്തിലും അന്ധകാരത്തോട്ടിലും സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ചോറ്റാനിക്കര പഞ്ചായത്തിൽ 9 വലിയ കുളങ്ങളും 5 വലിയ തോടുകളും ഉണ്ട്. ഇവ കൂടാതെ മുപ്പതിലേറെ ചെറിയ കുളങ്ങളുമുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള കുളങ്ങളും തോടുകളും വിസ്തീർണം തിട്ടപ്പെടുത്തി ആഴം വർധിപ്പിച്ചാൽ മത്സ്യകൃഷി നടത്താവുന്നതാണ്.

ഒരു ഗ്രാമത്തിലോ പഞ്ചായത്തിലോ ഉള്ള കുളങ്ങൾ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ വനിതകൾക്കോ മത്സ്യകൃഷിക്കായി നൽകുന്ന പദ്ധതികളാകാം. വിശാലമായ ഒരു കുളമോ അല്ലെങ്കിൽ ഗ്രാമത്തിലുള്ള കുളങ്ങളോ മത്സ്യകൃഷിക്കായി ഒരു ഗ്രൂപ്പിനോ സംഘത്തിനോ ക്ലബുകൾക്കോ സ്വതന്ത്രസംഘടനകൾക്കോ നൽകാം. അവർക്ക് കൂട്ടായ പ്രവർത്തനത്തിനുള്ള തൊഴിൽ സംരംഭമായി നാട്ടിൻകുളം പദ്ധതി നടപ്പിലാക്കാം. നാട്ടിൻപുറത്തെ കുളങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനും അത് നാട്ടുകാർക്ക് പ്രയോജനകരമായി മാറ്റുവാനും 'നാട്ടിൻകുളം' പദ്ധതി സഹായകമായിരിക്കും.

ഇതുകൂടാതെ വീട്ടുവളപ്പിലോ വീടിന്റെ പിന്നാമ്പുറത്തോ ഉള്ള ചെറിയ കുളങ്ങൾ 'വീട്ടുകുളം' പദ്ധതിപ്രകാരമുള്ള മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. അടുക്കളയിൽനിന്നുമുള്ള അവശിഷ്ടങ്ങൾ മത്സ്യത്തിന് തീറ്റയായി നൽകാൻ കഴിയുന്നതാണ്. വീട്ടുകുളത്തിൽ നിന്നുണ്ടാകുന്ന വിസർജ്യവസ്തുക്കളും അഴുക്കുജലവും ജൈവ സംസ്കരണ പ്രക്രിയയ്ക്ക് വിധേയമാകുന്ന ഒരു പദ്ധതികൂടിയാണിത്.

ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കഴിയുന്ന പത്തോളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സുലഭമായി കിട്ടിക്കൊണ്ടിരുന്ന വരാൽ, മൊഴി, കാരി, കറുപ്പ് തുടങ്ങിയ മത്സ്യങ്ങൾ പുഞ്ചപ്പാടങ്ങൾ കൃഷി ചെയ്യാതായതോടുകൂടി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. കണിയാവുള്ളിപ്പുഴ യഥാർഥ വിസ്തീർണത്തിൽ ആഴവും വീതിയും വർധിപ്പിച്ച് പോളയും പായലും നീക്കി തോടിന്റെ ഇരുകരകളിലും ബണ്ടു പിടിപ്പിച്ചാൽ മത്സ്യസമ്പത്ത് വർധിപ്പിക്കുവാനും ഇരുകരകളിൽ തെങ്ങ് കൃഷി ചെയ്യുന്നതിനും കഴിയുന്നതാണ്.

## മത്സ്യബന്ധനരംഗത്തെ പ്രശ്നങ്ങൾ

1. കണിയാമ്പിള്ളിപ്പുഴ മണ്ണടിഞ്ഞ്, ആഴം കുറഞ്ഞ്, പോള മൂടി കിടക്കുന്നു.
2. തോടുകൾ ആഴം കുറഞ്ഞ് അടഞ്ഞുകിടക്കുന്നു.
3. കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
4. പണ്ട് സുലഭമായി കിട്ടിക്കൊണ്ടിരുന്ന വിവിധയിനം ശുദ്ധജല മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

## നിർദേശങ്ങൾ

1. പുഴയും തോടുകളും കുളങ്ങളും ആഴം കൂട്ടി വൃത്തിയാക്കി മത്സ്യകൃഷിക്കായി നൽകുക.
2. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
3. നാട്ടിൽകുളം, വീട്ടിൽകുളം പദ്ധതികൾ നടപ്പാക്കുക.
4. അലങ്കാരമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
5. സമ്മിശ്രകൃഷി രീതി പ്രചരിപ്പിക്കുക.

# വിദ്യാഭ്യാസം

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും മറ്റു പ്രദേശങ്ങളേക്കാൾ മുമ്പിലായിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കളും മിഷനറിമാരും സ്വകാര്യ സംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി. ഐക്യകേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസം ഒരു സാമൂഹ്യബാധ്യതയായി സർക്കാർ ഏറ്റെടുത്തു. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നു. ഫീസിളവ്, യാത്രാസൗജന്യം, അയൽപക്കത്ത് സ്കൂൾ ഇവയെല്ലാം എല്ലാവരെയും സ്കൂളിൽ എത്തിക്കാൻ ഇടയാക്കി. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും ഉള്ള പൊതുവിദ്യാലയങ്ങൾ സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക വളർച്ചയ്ക്ക് കളമൊരുക്കി. സ്വകാര്യമേഖലയിലും ചെലവു വഹിക്കുന്നത് സർക്കാർതന്നെ. ഉന്നത വിദ്യാഭ്യാസരംഗത്തും വളർച്ച ദൃഢമായി. കൂടുതൽ കോളജുകൾ, സൗകര്യങ്ങൾ, ആനുകൂല്യങ്ങൾ – കൂടുതൽ ബിരുദധാരികൾ. എന്നാൽ സാഖ്യാപരമായ ഈ വർധനവിനനുസരിച്ച് ഗുണപരമായ വർധനവുണ്ടായില്ല. ബഡ്ജറ്റിന്റെ 31% വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന സംസ്ഥാന സർക്കാരിന് വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കുപോലും പണം കണ്ടെത്താൻ കഴിയുന്നില്ല. ബഡ്ജറ്റുവിഹിതം മുഴുവൻതന്നെ ശമ്പളത്തിനു വേണ്ടിവരുന്നു. അസൗകര്യങ്ങളും ഇല്ലായ്മകളും അധ്യയന നിലവാരം കുറയാനിടയാക്കി. ഇന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആർക്കും വേണ്ടാത്തതായിരിക്കുന്നു. നല്ല റിസൽട്ടുള്ള അംഗീകൃത വിദ്യാലയങ്ങൾ തേടുന്ന തിരക്കിലാണ് എല്ലാവരും. പക്ഷേ, നല്ലതും നല്ലതല്ലാത്തതുമായ വിദ്യാലയങ്ങളിൽനിന്നും പുറത്തുവരുന്നവരുടെയെല്ലാം ഗുണനിലവാരം വളരെ കുറവാണെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. മുഴുവൻ അക്ഷരങ്ങളും അറിയാത്ത കുട്ടികൾ 35 ശതമാനമെങ്കിലുമുണ്ട്. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മറ്റു നിരവധി സംസ്ഥാനങ്ങളിലേതിനേക്കാൾ കുറവാണ്. ആംഗല മാധ്യമംകൊണ്ടും അംഗീകൃത വിദ്യാലയം കൊണ്ടും തീരുന്നതല്ല ഈ പ്രശ്നം.

വിദ്യാലയങ്ങളിൽ നല്ല അധ്യയന അന്തരീക്ഷമുണ്ടാവുകയാണ് ആദ്യം വേണ്ടത്. ഇത് സമൂഹം വിദ്യാലയത്തെ ഏറ്റെടുക്കുന്നതുകൊണ്ടേ സാധിതമാക്കാൻ കഴിയൂ. പ്രൈമറി വിദ്യാലയങ്ങൾ ഗ്രാമപഞ്ചായത്തുകളുടെയും ഹയർ സെക്കൻഡറി അടക്കമുള്ള വിദ്യാലയങ്ങൾ ജില്ലാ പഞ്ചായത്തുകളുടെയും നിയന്ത്രണത്തിൽ വരുന്നു. ഇത് ജനകീയ ഇടപെടലിനുള്ള അവസരം നൽകുന്നു.

ജനകീയ വിദ്യാഭ്യാസ സമിതികൾക്ക് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നതിന്റെ തെളിവാണ് ശിവപുരം, മടിക്കൈ, കല്യാശേരി വിദ്യാഭ്യാസ കോംപ്ലക്സുകൾ. ഓരോ വിദ്യാലയത്തിനും അതിന്റെ പരിസരവാസികളുടേതായ വിദ്യാലയ സമിതി പഞ്ചായത്തിനു മൊത്തത്തിൽ ഒരു പഞ്ചായത്തു വിദ്യാഭ്യാസ സമിതി – വിദ്യാഭ്യാസത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഇവർ മെച്ചപ്പെടുത്തുന്നു. പഠനപ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നുവെന്നുറപ്പു വരുത്തുന്നു. അധ്യാപകർക്കാവശ്യമായ പുനഃപരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു. ഇത്രയും കഴിഞ്ഞാൽ പാഠ്യപദ്ധതിയെയും ഉള്ളടക്കത്തെയും കുറിച്ചുള്ള ചർച്ചകളാവാം. നമ്മുടെ കുട്ടികൾ എന്തു പഠിക്കുന്നു, എങ്ങനെ പഠിക്കുന്നു എന്ന് ശ്രദ്ധിക്കും. പഠിക്കുന്നത് അവർ മനസിലാക്കുന്നുണ്ടോ എന്നന്വേഷിക്കും. കാണാപാഠം പഠിക്കുന്ന "മിടുക്കൻമാർ"ക്കു പകരം കാര്യം മനസിലാക്കി പഠിക്കുന്ന മിടുക്കന്മാർ നമ്മുടെ സ്കൂളുകളിൽ ഉണ്ടാകും. ഇവർ നാടിനെയും നാട്ടാരേയും അറിയുന്നവരാകും. ഇവർക്ക് നാടിന്റെ പ്രശ്നങ്ങൾ മനസിലാക്കാൻ കഴിയും. നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഇവർ കാരണക്കാരാകും. പരീക്ഷകളിലെ കൂട്ടക്കൊല ഒരു പഴങ്കഥയാകും. ഇതിനു പറ്റിയ രീതിയിൽ വിദ്യാഭ്യാസത്തിന്റെ ഗുണപരത വർധിപ്പിക്കാൻ സാമൂഹിക ഇടപെടൽ ഉറപ്പാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസരംഗത്ത് തരക്കേടില്ലാത്ത ഒരു ചരിത്രമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. 14 അങ്കണവാടികൾ, 1 ബാലവാടി, 2 എൽ.പി.സ്കൂളുകൾ, 3 ഹൈസ്കൂളുകൾ ഇവയാണ് പൊതുമേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇവയെക്കൂടാതെ 3–ാം വാർഡിൽ മഹാത്മാഗാന്ധി പബ്ലിക് സ്കൂൾ എന്ന സ്ഥാപനം CBSE സിലിബസ് അനുസരിച്ച് അൺഎയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. രണ്ടു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ഹോമിയോ മെഡിക്കൽ കോളജ്, ഒരു സ്വകാര്യ ഐ.ടി.സി എന്നിവയും പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വാർഡുതലത്തിൽ അക്ഷരസംഘങ്ങളും പഞ്ചായത്തുതലത്തിൽ സാക്ഷരതാസമിതിയും പ്രവർത്തിക്കുന്നു.

അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ജെ.ബി.സ്കൂൾ 1921ൽ സ്ഥാപിതമായതാണ്. ഈ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും വമ്പിച്ച ജനകീയപങ്കാളിത്തം ഇപ്പോൾതന്നെ ദൃശ്യമാണ്. ചോറ്റാനിക്കരയിലുള്ള ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എറണാകുളം ജില്ലയിലെ ഏറ്റവും നല്ല സർക്കാർ സ്കൂൾ എന്ന ഖ്യാതിനേടിയിട്ടുള്ളതാണ്. തിരുവാങ്കുളം ഗവൺമെന്റ് ഹൈസ്കൂളും നല്ല വിജയശതമാനമുണ്ടായിരുന്ന സ്കൂളായിരുന്നെങ്കിലും അടുത്ത കാലത്ത് ആ പേരിന് നേരിയ ഭംഗം വന്നിട്ടുണ്ട്. തലക്കോട് സെന്റ്മേരീസ് ഹൈസ്കൂൾ എയിഡഡ് മേഖലയിലാണെങ്കിലും വിജയശതമാനത്തിന്റെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. എയിഡഡ് മേഖലയിലുള്ള എം.ഒ.എം എൽ.പി.സ്കൂൾ ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തനം മെച്ചപ്പെടുത്തിവരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചോറ്റാനിക്കര പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ മേൽപറഞ്ഞ 4 സ്കൂളുകളിലും പിന്നോക്കംനിൽക്കുന്ന എൽ.പി.വിഭാഗം കുട്ടികൾക്കുവേണ്ടി പരിഹാര ബോധന ക്ലാസുകൾ നടന്നുവരുന്നു. പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷത്തെ സ്വാതന്ത്ര്യദിനം പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കേന്ദ്രത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. അധ്യാപകദിനത്തിലുള്ള അധ്യാപകരുടെ കൂടിച്ചേരൽ, പഠന രൂപരേഖ (മൊഡ്യൂൾ) തയാറാക്കുന്നതിനുള്ള പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. വിദ്യാലയസമിതികളുടെ ആഭിമുഖ്യത്തിൽ പഠനോപകരണ നിർമാണം, ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയ ദിനാചരണങ്ങൾ, സാഹിത്യസമാജം തുടങ്ങിയ തനതായ പ്രവർത്തനങ്ങളും നടത്തുകയുണ്ടായിട്ടുണ്ട്.

**കഴിഞ്ഞ 5 വർഷങ്ങളിലെ SSLC വിജയ ശതമാനം**

| സ്കൂൾ | വർഷം 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| GVHS ചോറ്റാനിക്കര | 89.4 | 94 | 85 | 91 | 82 |
| GHS തിരുവാങ്കുളം | 89 | 96 | 87 | 65 | 54 |
| SMHS തലക്കോട് | – | 90 | 89 | 64 | 69 |

മൂന്നാംവാർഡിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി പബ്ലിക് സ്കൂൾ മറ്റു സ്കൂളുകളിലെ ഡിവിഷനുകളുടെ എണ്ണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. വരേണ്യവർഗത്തിനു വേണ്ടതെല്ലാം ഈ സ്കൂളിൽ ലഭിക്കുന്നതിനാൽ ഈ മേഖലയിലെ ഭൂരിപക്ഷം വിദ്യാർഥികളും ഈ വിദ്യാലയത്തിൽ പോകുന്നുണ്ട്. ഇടത്തരക്കാരും അവരോട് മത്സരിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതു കൂടാതെ എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കും നമ്മുടെ പഞ്ചായത്തിൽനിന്നും വിദ്യാർഥികൾ പോകുന്നുണ്ട്.

നിലവിലുള്ള പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ അടിയന്തര കടമയാണ്. സമൂഹത്തിലെ സാധാരണക്കാരുടെയും ദരിദ്രരുടെയും വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് ഈ വിദ്യാലയങ്ങളുടെ സംരക്ഷണം അതിപ്രധാനമാണ്.

ഈ ലക്ഷ്യത്തിൽനിന്നു ചിന്തിക്കുമ്പോൾ വിദ്യാഭ്യാസരംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ അടിയന്തര കടമ താഴെപ്പറയുന്നവിധത്തിൽ സംഗ്രഹിക്കാം.

1. പൊതു വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുക.
2. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം ഊർജിതപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
3. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും കൂടുതൽ ഊന്നൽ നൽകുക. എല്ലാ സ്കൂളുകളിലും വിദ്യാലയസമിതിയുടെ ആഭിമുഖ്യത്തിൽ മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചിട്ടയായി നടത്തുക.
4. അയൽപക്ക സ്കൂൾ സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.
5. ക്ലാസ് പി.ടി.എകൾ രൂപീകരിച്ച് രക്ഷാകർത്താക്കളുമായി നിരന്തര ബന്ധം സ്ഥാപിച്ച് കുട്ടികളുടെ പഠനപുരോഗതി ഉറപ്പാക്കുക.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. JBS കണയന്നൂർ അപ്ഗ്രേഡ് ചെയ്ത് യു.പി.സ്കൂൾ ആയി ഉയർത്തുക.
2. എല്ലാ സ്കൂളുകളുടെയും കോമ്പൗണ്ട് വാൾ, കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ, ഫർണീച്ചർ തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കുക.
3. ചോറ്റാനിക്കരഹൈസ്കൂളിനോടു ചേർന്നുള്ള എൽ.പി.വിഭാഗം വേർപെടുത്തി മറ്റൊരു ഹെഡ്മാസ്റ്ററുടെ ഭരണത്തിലാക്കുക.
4. ചോറ്റാനിക്കര ഹൈസ്കൂളിന്റെ സ്റ്റേഡിയംപണി പൂർത്തിയാക്കുക.
5. തിരുവാങ്കുളം തലക്കോട് ഹൈസ്കൂളിൽ 'പ്ലസ് ടു' കോഴ്സ് ആരംഭിക്കുക.
6. അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

## സാധ്യതകൾ

1. ബഹുജനപങ്കാളിത്തത്തോടെ എല്ലാ പൊതുവിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
2. സ്കൂൾ കോംപ്ലക്സ് സമ്പ്രദായം ഹൈസ്കൂൾതലംവരെ വ്യാപിപ്പിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക.
3. ഓരോ വിഷയത്തിനും വെവ്വേറെ സബ്ജക്ട് കൗൺസിലുകൾ രൂപീകരിച്ച് മെച്ചപ്പെട്ട അധ്യാപനത്തിന് പരിപാടികൾ തയാറാക്കുക.
4. പഠനോപകരണങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ തുടങ്ങിയവ വിദ്യാലയ സമിതിയുടെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പുകൾ നടത്തി സമാഹരിക്കുക.
5. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ സന്ദർശന പരിപാടി നടത്തുകയും അതൊരു ഗൈഡൻസ് പ്രോഗ്രാമാക്കി മാറ്റുകയും ചെയ്യുക.
6. പരീക്ഷാസമ്പ്രദായം 'വിജ്ഞാനോത്സവ' മാതൃകയിൽ ശാസ്ത്രീയമായി പരിഷ്കരിക്കുക.
7. വായനശാല, സാഹിത്യസമാജം, കൈയെഴുത്തുമാസിക, ദിനാചരണങ്ങൾ, പ്രശസ്ത വ്യക്തികളെ പരിചയപ്പെടൽ, സഹവാസ ക്യാമ്പുകൾ, ക്വിസ് പ്രോഗ്രാമുകൾ, പഠനയാത്രകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വിദ്യാലയസമിതിയുടെ ആഭിമുഖ്യത്തിൽ പ്ലാൻചെയ്തു നടപ്പിലാക്കുക.
8. പഠനം രസകരവും ആയാസരഹിതവും വിദ്യാർഥി കേന്ദ്രീകൃതവുമാക്കുന്നതിന് പറ്റിയ പുതിയ അധ്യാപന സങ്കേതങ്ങൾ കണ്ടെത്തുകയും നടപ്പിൽ വരുത്തുകയും ചെയ്യുക.
9. അധ്യാപകരുടെ കൂടിച്ചേരലിനും പരിശീലനത്തിനുമുള്ള പദ്ധതികൾ തയാറാക്കി നടപ്പിൽ വരുത്തുക.
10. സമൂഹത്തിൽ നിലവിലുള്ള തൊഴിലുകളിൽ (കൃഷി, മൃഗപരിപാലനം, കൈത്തൊഴിലുകൾ തുടങ്ങിയവ) വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഹൈസ്കൂൾ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക.
11. അധ്യാപകരുടെ സ്ഥലംമാറ്റം വെക്കേഷൻ കാലത്തുതന്നെ പൂർത്തീകരിക്കുക. താത്കാലിക ഒഴിവുകളടക്കമുള്ള എല്ലാ ഒഴിവുകളും സമയബന്ധിതമായി നികത്തുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക.
13. സാക്ഷരർക്ക് തുടർ വിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കുക. പ്രത്യേക പാഠ്യപദ്ധതി തയാറാക്കുക.



# കുടിവെള്ളവും പൊതുജനാരോഗ്യവും

"എല്ലാവർക്കും ശുദ്ധജലം - എല്ലാവർക്കും കക്കൂസ് സൗകര്യം - എല്ലാവർക്കും പോഷകാഹാരം - എല്ലാവർക്കും ശുചിത്വമുള്ള ചുറ്റുപാട്" എന്നീ ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനുള്ള പ്രവർത്തനത്തിനാണ് നാം ഏറ്റവും മുൻഗണന നൽകേണ്ടത്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യമില്ലാത്ത മനുഷ്യൻ നാടിന് ഭാരമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഔഷധം ആഹാരമാണ്. മേൽസൂചിപ്പിച്ച സൗകര്യങ്ങൾ ഓരോ വ്യക്തിക്കും കിട്ടിയെന്ന് ഉറപ്പുവരുത്തിയാൽ നമ്മുടെ ചുറ്റുപാടും കാണപ്പെടുന്ന രോഗങ്ങളുടെ 75 ശതമാനവും ഇല്ലായ്മ ചെയ്യാൻ സാധിക്കും. 75 ശതമാനം രോഗങ്ങൾ ഇല്ലായ്മ ചെയ്യുകയെന്നു പറഞ്ഞാൽ ആരോഗ്യരംഗത്ത് നാം മുടക്കിക്കൊണ്ടിരിക്കുന്ന തുക 75% മറ്റ് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമെന്നതാണ്.

"രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന മുദ്രാവാക്യം ലോകാരോഗ്യസംഘടന മുന്നോട്ട് വച്ചത് ജനകീയ ഇടപെടലോടെ ലോകത്തെ മുഴുവൻ ആളുകളെയും 2000-ാമാണ്ടോടെ സാമൂഹ്യവും സാമ്പത്തികവുമായ ഉൽപ്പാദന പ്രവർത്തനങ്ങളിലേർപ്പെടാൻ തക്ക ആരോഗ്യസ്ഥിതി നേടിയെടുക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ലക്ഷ്യം വർഷങ്ങൾക്കു മുമ്പുതന്നെ നാം കേരളീയർ നേടിയെന്ന് അഭിമാനിക്കാം. മരണനിരക്കും ജനനനിരക്കും കുറക്കുവാനും ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം കേരളത്തിൽനിന്നും ആട്ടിയോടിച്ച മലമ്പനി, എലിപ്പനി, ജപ്പാൻജ്വരം തുടങ്ങി പല മാരകരോഗങ്ങളും തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. രോഗാതുരത ഏറ്റവും കൂടിയ ആളുകളായി നാം മാറിക്കൊണ്ടിരിക്കുന്നു. ദാരിദ്രജന്യ രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുമ്പോൾതന്നെ സമൃദ്ധിയുടേതെന്ന് വിശേഷിപ്പിക്കപ്പെടുന്ന കാൻസർ, ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ, രക്തസമ്മർദ്ദം, പ്രമേഹം എന്നിവക്ക് പ്രായവ്യത്യാസമില്ലാതെ നാം അടിമകളാകുന്നു. ഈ ആരോഗ്യപ്രതിസന്ധി മുറിച്ചു കടക്കാൻ സമൂഹവും ആരോഗ്യപ്രവർത്തകരും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവയിൽ ജനങ്ങൾക്ക് വിശ്വാസം വരുത്താൻ കഴിയണം. ഇതു സാധ്യമായാൽ ചില സ്വകാര്യ ആശുപത്രിയിലെ സ്വാർത്ഥതാൽപര്യമുള്ള ഡോക്ടർമാരും മരുന്നു നിർമാതാക്കളും തമ്മിലുള്ള അവിഹിതബന്ധത്തിന്റെ ഫലമായി ഇല്ലാത്ത രോഗങ്ങൾക്ക് മരുന്ന് കഴിച്ച് നിത്യരോഗികളാകുന്നതിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ സാധിക്കും.

എരുവേലിയിലുള്ള ഒരു PHCയും നാഗപ്പാടി, കുരീക്കാട് എന്നിവിടങ്ങളിലുള്ള രണ്ട് സബ്സെന്ററുകളുമാണ് ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. കൂടാതെ സ്വകാര്യമേഖലയിൽ 60 കിടക്കകളോടുകൂടിയ ഒരു ആശുപത്രിയും ഒരു ഹോമിയോ മെഡിക്കൽ കോളജമുൾപ്പെടെ 3 സ്വകാര്യക്ലിനിക്കുകളും മൂന്ന് ആയുർവേദക്ലിനിക്കുകളും ഒരു ദന്താശുപത്രിയും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ മൊത്തം ആരോഗ്യസംവിധാനം. PHC സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ സബ്സെന്ററുകൾ വാടകകെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. PHCയിൽ 12 കിടക്കകളോടുകൂടിയ ഒരു വാർഡ് നിർമ്മിക്കുകയും ഒരു ശിശുരോഗ വിദഗ്ധനുൾപ്പെടെ 2 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയെന്നത് ചോറ്റാനിക്കര നിവാസികളുടെ ചിരകാല സ്വപ്നമാണ്. വാർഡ് നിർമാണത്തിനാവശ്യമായ വിഭവങ്ങൾ പൊതുജനങ്ങളിൽനിന്നു ശേഖരിക്കാൻ സാധിക്കുമെന്ന നിഗമനം ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. കുരീക്കാട്ടുള്ള സബ്സെന്ററിന് സ്വന്തമായി കെട്ടിടം നിർമിക്കാൻ സ്ഥലം സൗജന്യമായി നൽകാൻ ഒരു വ്യക്തി തയാറായിട്ടുണ്ട്. PH സെന്ററിന്റെ കിഴക്ക്ഭാഗത്ത് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാഥമികാരോഗ്യ കേന്ദ്രം കേന്ദ്രമാക്കിയാണ് സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കേണ്ടത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത്, പ്രഥമ പ്രവർത്തനമായിരിക്കണം. ആവശ്യത്തിന് ഗുണമേന്മയുള്ള മരുന്നുകളും മറ്റ് ചികിത്സാ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള സേവനം കുറ്റമറ്റതാക്കുകയും ചെയ്താൽ പൊതുജനാരോഗ്യ സംവിധാനത്തെക്കുറിച്ച് ഇന്നുള്ള മോശമായ അഭിപ്രായം ഇല്ലാതാകാൻ സാധിക്കും. ജനസംഖ്യാനുപാതമായി ആരോഗ്യപ്രവർത്തകരുടെ കുറവ് നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യപ്രവർത്തനത്തെ ബാധിക്കുന്നു. 5000 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഒരു പബ്ലിക് ഹെൽത്ത് നഴ്സും എന്ന അനുപാതത്തിൽ നാലു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 4 ജൂണിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ഈ ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുംചെയ്യുന്നതിന് ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറും ഉൾപ്പെടെ പത്ത് ഫീൽഡ് ജീവനക്കാർ വേണ്ടതാണ് എന്നാൽ പഞ്ചായത്തിൽ 3 വനിതാ ആരോഗ്യപ്രവർത്തകർ ഉൾപ്പെടെ 5 പേരാണുള്ളത്. ഇവരുടെ പ്രവർത്തനം തൃപ്തികരമായവിധം ആളുകളിൽ എത്തുന്നില്ലാത്തതിനാൽ ഇങ്ങനെയൊരു വിഭാഗം ജീവനക്കാരെക്കുറിച്ച് ഗ്രാമവാസികൾക്ക് അറിവേയില്ല. ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം ജനപങ്കാളിത്തത്തോടെ കൂടുതൽ ഊർജിതമാക്കണമെന്നാണ് 1995-96 ൽ ചികിത്സക്കായി PHC യിൽ എത്തിയവരുടെ രോഗാവസ്ഥ സൂചിപ്പിക്കുന്നത്. ചികിത്സ ലഭ്യമായ 10449 പേരിൽ 2804 പുരുഷൻമാരും 5006 സ്ത്രീകളും 2639 കുട്ടികളും ഉൾപ്പെടുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിക്ക് മുകളിൽ വരും. കൂടാതെ പഞ്ചായത്തിലെ 8, 9 വാർഡുകളിൽനിന്ന് മുളന്തുരുത്തി ഗവ.ആശുപത്രിയിലും തിരുവാണിയൂർ PHCയിലും 1, 2, 3, 4 വാർഡുകളിൽനിന്ന് തൃപ്പൂണിത്തുറ ഗവ.ആശുപത്രിയിലും തിരുവാങ്കുളം PHCയിലും മേക്കര ഗവ.ഡിസ്പെൻസറിയിലും ചികിത്സക്കായി പോകുന്നുണ്ട്. ഇത് എത്ര വരുമെന്ന് കൃത്യമായി കണക്കില്ലെങ്കിലും മേൽസൂചിപ്പിച്ച വാർഡ് ഗ്രാമസഭകളിലെ വിലയിരുത്തൽ ചികിത്സ വേണ്ടവരുടെ പകുതിയോളം പേർ പഞ്ചായത്തിന് പുറത്തുള്ള ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ടെന്നാണ്.

## വെള്ളം

ഓക്സിജൻ കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും ആവശ്യമുള്ളത് വെള്ളമാണ്. മനുഷ്യശരീരത്തിൽ ജലത്തിന്റെ അളവ് 65% വരും. രക്തത്തിൽ 80% ശതമാനവും മസ്തിഷ്കത്തിൽ 85 ശതമാനവും കണ്ണിൽ 99 ശതമാനവും ജലമാണ്. പിന്നെ ജലമയമായ സ്രവണങ്ങൾ ശരീരത്തിൽ ധാരാളമുണ്ട്. ഉമിനീർ തുടങ്ങിയ ദഹനരസങ്ങൾ, മൂത്രം, കണ്ണീർ. ചുരുക്കത്തിൽ ശരീരത്തിന്റെ സുപ്രധാനമായൊരു ഭാഗം ജലമാണ്. അതങ്ങനെയായതിൽ അത്ഭുതപ്പെടാനുമില്ല. നമ്മുടെയെല്ലാം അതിപുരാതന പൂർവ്വികർ ജലജീവികളായിരുന്നു. ജലത്തിലാണ് ജീവൻതന്നെ അങ്കുരിച്ചത്, വികസിച്ചത്, വളർന്നത് പരിണാമത്തിന്റെ നിർണ്ണായകഘട്ടങ്ങൾ പലതും പിന്നിട്ടത്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം വെള്ളം കുടിക്കാൻ മാത്രം പോര. ഭക്ഷണം പാകം ചെയ്യാനും കുളിക്കാനും, കഴുകാനും, കൃഷിക്കും ഒക്കെ വേണം. വർദ്ധിച്ച ഉപഭോഗം, വനനശീകരണം, ജലസ്രോതസ്സുകളുടെ മലിനീകരണം, ജലസംഭരണികളായ കിണറുകളും കുളങ്ങളും തോടുകളും സംരക്ഷിക്കാ

### ജലസ്രോതസ്

| വാർഡ് | സ്വകാര്യ കിണർ | പൊതുകിണർ | | | | വാട്ടർ ടാപ്പ് | | കുഴൽ കിണർ | | | കുളം | | | | | തോട് | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | വറ്റാത്തത് | വറ്റുന്നത് | വൃത്തിയാക്കേണ്ടത് | നിലവിലുള്ളത് | ഗ്രാമസഭയിൽ ഉയർന്ന ആവശ്യം | നിലവിലുള്ളത് | ഉപയോഗിക്കുന്നത് | ഉപയോഗിക്കാത്തത് | പൊതുകുളം | സ്വകാര്യം | വറ്റാത്തത് | വറ്റുന്നത് | വൃത്തിയാക്കേണ്ടവ | ആകെ നിലവിലുള്ളത് | വറ്റുന്നത് | വൃത്തിയാക്കേണ്ടവ | പുഴ | പെരിയാർ വാലി കനാൽ [illegible] | [illegible] |
| 1 | 93 | 6 | 2 | 4 | 4 | 13 | 4 | 1 | 0 | 1 | 0 | 13 | 2 | 11 | 13 | 1 | 1 | 1 | 1 | -- | 46% |
| 2 | 92 | 4 | 3 | ഉപയോഗിക്കുന്നില്ല 1 | 2 | 16+6 | 5 | 3 | 2 | 1 | 1 | 7 | 3 | 4 | 4 | --- | --- | --- | --- | -- | 51% |
| 3 | 92 | 4 | 0 | 4 | 4 | 19 | 5 | 1 | 0 | 1 | 2 | 9 | 2 | 9 | 9 | 1 | 1 | 1 | --- | -- | 50% |
| 4 | 86 | 12 | 3 | 8 | 8 | 13 | 5 | 3 | 0 | 3 | 0 | 17 | 1 | 16 | 17 | 1 | 1 | 1 | --- | -- | 85% |
| 5 | 92 | 5 | 0 | 1 | 5 | 13 | 5 | 0 | 0 | 0 | 1 | 13 | 1 | 13 | 8 | --- | --- | --- | --- | 1 | 83% |
| 6 | 90 | 4 | 0 | 4 | 4 | 25 | 5 | 1 | 0 | 1 | 0 | 10 | 1 | 9 | 9 | 1 | 1 | 1 | --- | -- | 85% |
| 7 | 88 | 8 | 0 | 8 | 2 | 14 | 4 | 1 | 0 | 1 | 2 | 5 | 1 | 6 | 7 | --- | --- | --- | --- | 1 | 82% |
| 8 | 89 | 3 | 0 | 3 | 3 | 9 | 5 | 0 | 0 | 0 | 1 | 9 | 3 | 6 | 6 | --- | --- | --- | --- | -- | 84% |
| 9 | 87 | 8 | 6 | 8 | 7 | 18 | 8 | 1 | 0 | 1 | 2 | 19 | 1 | 18 | 21 | --- | --- | --- | --- | 1 | 85% |

ത്തത്, പാടങ്ങൾ നികത്തുന്നത്. നദികളിലെ മണൽവാരൽ എന്നീ കാരണങ്ങളാൽ നാടെങ്ങും ശുദ്ധജല ദൗർലഭ്യം രൂക്ഷമായി വരികയാണ്. മനുഷ്യനെ മരണത്തിലേക്ക് നയിക്കുന്ന മഞ്ഞപ്പിത്തം, കോളറ, ടൈഫോയ്ഡ്, വയറിളക്കം തുടങ്ങി നിരവധി രോഗങ്ങൾ മലിന ജലത്തിലൂടെ പകരുന്നു. ശുദ്ധജലം ആരോഗ്യത്തിന്റെ ആണിക്കല്ലുകളിൽ ഒന്നാണെന്ന് നാം ഗൗരവത്തോടെ തിരിച്ചറിയണം. സംരക്ഷിക്കണം.

നമ്മുടെ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 5236 വീടുകളുള്ളതിൽ 4711 എണ്ണത്തിനും സ്വന്തമായി കിണറുകളുണ്ട്. 90 ശതമാനം കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകൾ ഉപയോഗിക്കുന്നു. ബാക്കി 10 ശതമാനം കുടുംബങ്ങൾ പൊതുജല വിതരണ സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലെല്ലാം വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഭൂരിഭാഗം സ്വകാര്യ കിണറുകളുടെയും അടിഭാഗം കരിങ്കൽപാറയായതിനാലാണ് കുടിവെള്ളക്ഷാമം ഇത്രയും രൂക്ഷമാകുന്നത്. പഞ്ചായത്തിലെ ശുദ്ധജലവിതരണം ചൂണ്ടി ശുദ്ധജല വിതരണപദ്ധതിയിലൂടെയും RWS ശുദ്ധജലവിതരണ പദ്ധതിയിലൂടെയാണ് നടക്കുന്നത്.

പഞ്ചായത്തിലെ 13 കോളനികളിലും അത്യാവശ്യം ശുദ്ധജലം എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നാൽ വേനൽക്കാലത്ത് മറ്റിടത്തെന്നപോലെ ഇവിടെയും ആവശ്യത്തിന് വെള്ളം വിതരണം ചെയ്യാൻ കഴിയാറില്ല. ഗ്രാമസഭകളിൽനിന്നും പുതിയതായി 46 വാട്ടർടാപ്പുകൾകൂടി സ്ഥാപിക്കാനുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നാഗപ്പാടി കോളനിയുടെ കിഴക്കുഭാഗത്തുള്ള കിണർ വലുതാക്കി തലക്കോട് സ്കൂളിനു സമീപമുള്ള വാട്ടർടാങ്കിലേക്കും നാഗപ്പാടി കോളനിയിലുള്ള വാട്ടർടാങ്കിലേക്കും വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള ലൈനുകളിലൂടെ പൂർണമായും 5, 6 വാർഡുകളിലെ കിഴക്കൻ മേഖലയിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാം. ചോറ്റാനിക്കര ഹോമിയോ കോളജിന് വടക്കുഭാഗത്ത് വലിയ കിണർ നിർമിച്ച് കോളജിന് സമീപമുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്താൽ 1, 2, 3, 4 വാർഡുകളിൽ പൂർണ്ണമായും 5, 6 വാർഡുകളിലെ പടിഞ്ഞാറൻ മേഖലയിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാം. ഇതിനായി പഞ്ചായത്തിന്റെ കീഴിൽ മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം. പെരിയാർവാലി ജലസേചന പദ്ധതിയുടെ അഞ്ചാംവാർഡിൽ പൂർത്തീകരിക്കാനുള്ള കനാലിന്റെ ഭാഗം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്താൽ പഞ്ചായത്തിന്റെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടും.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സാധ്യതകൾ കൂട്ടായ്മയോടെ പ്രയോജനപ്പെടുത്താൻ സാധിച്ചാൽ കുടിവെള്ള ക്ഷാമം ഇല്ലാതാക്കാം. അനുബന്ധം 1ൽ കൊടുത്തിരിക്കുന്ന ജലസ്രോതസ്സുകൾ ജനകീയപ്രവർത്തനത്തിലൂടെ വേനൽക്കാലത്ത് പെയ്യുന്ന മഴവെള്ളം ഒഴുകി പോകാതെ ഈ ജലസ്രോതസുകളിൽ സംഭരിക്കുകയും മറ്റ് പ്രദേശത്ത് പെയ്യുന്ന വെള്ളം അവിടെതന്നെ ഭൂമിയിൽ ഒലിച്ചിറങ്ങാൻ വേണ്ടവിധം കയ്യാലകളും കുഴികളും നിർമിച്ച് സംരക്ഷിക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമാകും. ഒരുവർഷം 38040 ഘനമീറ്റർ മഴവെള്ളം നമുക്ക് ലഭിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ചരിഞ്ഞ ഭൂപ്രകൃതി കാരണം 30432 ഘനമീറ്റർ വെള്ളവും മണ്ണൊലിപ്പോടെ ഒഴുകി പോകുന്നു. ഇതിൽ 50 ശതമാനമായ 15216 ഘനമീറ്റർ വെള്ളം മേൽസൂചിപ്പിച്ച പ്രവർത്തനത്തിലൂടെ സംരക്ഷിച്ചാൽ ആരോഗ്യരംഗത്തും കാർഷികരംഗത്തും ഒരു കുതിച്ചുചാട്ടം നമുക്ക് സാധ്യമാകും.

## ശുചിത്വം - മലിനീകരണം

ഭൂമിയിലെ പ്രകൃതിവിഭവങ്ങളും ജനിതകവൈവിദ്ധ്യവും സംരക്ഷിച്ചുകൊണ്ട് മുഴുവൻ ജനവിഭാഗങ്ങളുടെയും സാമ്പത്തീകവും സാമൂഹ്യവും ആരോഗ്യപരവുമായ ഉന്നമനം സൃഷ്ടിക്കുകയും ഭാവിതലമുറക്ക് വേണ്ടി ഈ പറയുന്ന എല്ലാ സാധ്യതകളും നിലനിർത്തുവാൻ കഴിയുന്ന വികസനരീതിയാണ് സുസ്ഥിര വികസനം അഥവാ നിലനിൽക്കുന്ന വികസനം. പരിസരം സംരക്ഷിക്കാതെ മുന്നോട്ടുള്ള ഓരോ ചുവടും അപകടത്തിലേയ്ക്കാണെന്ന് നാം തിരിച്ചറിയണം. ഈപോക്ക് വികസനത്തിന്റെ പേരിലായാലും വരുംകാലം വളരെ വിലകൊടുക്കേണ്ടിവരും. ആരോഗ്യത്തെ നശിപ്പിക്കുന്നവയിൽ ഒരു പ്രധാന ഘടകമാണ് പരിസരമലിനീകരണം. നാം വ്യക്തിശുചിത്വത്തിൽ വളരെ ശ്രദ്ധിക്കുമ്പോൾ പരിസരശുചീകരണത്തിന് അത്രകണ്ട്

താൽപര്യം എടുക്കാറില്ല. പല വീടുകളുടെയും പരിസരം അഴുക്കുവെള്ളവും മലിനവസ്തുകളും കെട്ടിക്കിടക്കുന്നത് രോഗാണുക്കൾക്ക് വസിക്കാനും വളരാനുമുള്ള സൗകര്യമൊരുക്കി കൊടുക്കുന്നു. ഈ രോഗാണുക്കൾ വായു, ജലം, ഭക്ഷണം. ശരീരത്തിലെ മുറിവുകൾ എന്നിവയിലൂടെ ശരീരത്തിൽ കടന്ന് നമ്മെ രോഗികളാക്കുന്നു. മനുഷ്യർക്ക് ഇന്നുണ്ടാകുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജലസംബന്ധിയായ കാരണങ്ങൾ കൊണ്ടാണ്. കൂടാതെ (നമ്മുടെ പഞ്ചായത്തിലെ 20% ആളുകളുടെയും) തുറന്ന സ്ഥലങ്ങളിലെ മലവിസർജ്ജനം വളരെ ഗുരുതരമായ പരിസരപ്രശ്നം ഉണ്ടാകുന്നുണ്ട്. പാദരക്ഷയില്ലാതെ പുറത്തു നടക്കുമ്പോൾ ചെറിയ സൂക്ഷ്മമായ പോറലുകളും മുറിവുകളും ഏറ്റെന്നു വരും. ഇവയിലൂടെ രോഗാണുക്കളും കൃമികളും ശരീരത്തിൽ കടന്നുകൂടാം. കൂടാതെ മഴവെള്ളത്തിൽ കലർന്ന് കുടിവെള്ളത്തിലൂടെ ശരീരത്തിൽ കടന്നുകൂടുന്നു.

പഞ്ചായത്തിലെ 80 ശതമാനം വീടുകൾക്കും സ്വന്തമായി കക്കൂസുകളുണ്ട്. ഇതിൽ ഏകദേശം 45 ശതമാനം സെപ്റ്റിടാങ്കുകളാണ്. ബാക്കി ഒറ്റക്കുഴി കക്കൂസും ഇരുകുഴി കക്കൂസുമാണ്. സാമ്പത്തികമായ കാരണങ്ങളാലാണ് 18 ശതമാനവും കക്കൂസു നിർമാണത്തിൽ വിമുഖത കാണിക്കുന്നത്. ബാക്കി 2% സ്ഥലമില്ലായ്മ ചൂണ്ടിക്കാണിക്കുന്നു. I, IX വാർഡുകളിൽ പൊതുനിരത്തുകളിലെ അറവുശാലയും I, V, IX വാർഡുകളിലെ മത്സ്യക്കച്ചവടവും രൂക്ഷമായ പരിസരമലിനീകരണം ഉണ്ടാക്കുന്നു. (അനധികൃതമായ പൊതുനിരത്തുകളിൽ നടത്തുന്ന കച്ചവടങ്ങൾ നിലവിലുള്ള നിയമപ്രകാരം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്) I, II, III, V, VI, VII എന്നീ വാർഡുകളിൽ മലിനജലം പൊതുനിരത്തുകളിലൂടെ ഒഴുക്കി വിടുന്നുണ്ട്. ശബരിമല സീസണിൽ ചോറ്റാനിക്കര ക്ഷേത്രത്തിന് 500 മീറ്റർ ചുറ്റളവിൽ (III, IV, VI വാർഡുകൾ ഉൾപ്പെടുന്നത്) ക്ഷേത്രപരിസരവും സ്കൂൾ–പരിസരവും മലവിസർജ്ജനങ്ങളാൽ രൂക്ഷമായ പരിസരമലിനീകരണം അനുഭവപ്പെടുന്നു. ഈ പരിതസ്ഥിതിയിൽ പല സ്കൂൾ കുട്ടികളും തലകറങ്ങി ബോധംകെട്ടു വീഴാറുണ്ട്. ഇക്കാരണത്താൽ പല രക്ഷിതാക്കളും കുട്ടികളെ ഈ സമയത്ത് സ്കൂളിൽ അയയ്ക്കാൻ മടി കാണിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കൊതുക്, ഈച്ച എന്നിവയുടെ ശല്യം വ്യാപകമായി അനുഭവപ്പെടുന്നുണ്ട്. I, VI വാർഡുകളിൽ വൃത്തിഹീനമായ രീതിയിലുള്ള പന്നിവളർത്തൽ പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. VII -ാം വാർഡിൽ 2 സ്വകാര്യ വ്യക്തികളുടെറബർഷീറ്റടിക്കുന്ന ഷെഡ്ഡിൽനിന്ന് രൂക്ഷമായ ഗന്ധം വമിച്ചുകൊണ്ടിരിക്കുന്നു. ഇത് പരിസരനിവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

പഞ്ചായത്തിൽ ഏറ്റവും രൂക്ഷമായി പരിസരമലിനീകരണം അനുഭവപ്പെടുന്നത് 8–ാം വാർഡിലാണ്. OEN India Ltd, OEN Connectors എന്നീ സ്ഥാപനങ്ങളിൽ 'Electroplating' ന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ അടങ്ങിയ മലിനജലം സമീപത്തുള്ള പുരയിടത്തിലേയ്ക്ക് ഒഴുകുന്നതിനാൽ കൃഷിനാശത്തിനും കുടിവെള്ള മലിനീകരണത്തിനും കാരണമാകുന്നു. ഈ സ്ഥാപനങ്ങളിലെ കാന്റീനിൽനിന്നുള്ള മലിനജലവും സെപ്റ്റിടാങ്കിൽനിന്നുള്ള ജലവും റോഡിലൂടെ ഒഴുക്കിവിടുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ കാതടപ്പിക്കുന്ന ശബ്ദത്തോടെ പ്രവർത്തിക്കുന്ന 4 ജനറേറ്ററുകൾ ശബ്ദമലിനീകരണത്തിനു കാരണമാകുന്നു. രാത്രികാലങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള waste സാധനങ്ങൾ കത്തിക്കുന്ന പുക പരന്ന് പരിസരനിവാസികൾക്ക് ശ്വാസംമുട്ടൽ, ആസ്മ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നുണ്ട്.

## നേരിടുന്ന പ്രശ്നങ്ങൾ

1. P.H.C യിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. ആവശ്യമായ മരുന്നില്ല.
2. ജനസംഖ്യാനുപാതികമായി അർഹമായത്ര എണ്ണം സബ്സെന്ററുകളോ, ജീവനക്കാരോ ഇല്ല. ഉള്ളവയുടെ തന്നെ പ്രവർത്തനം തൃപ്തികരമാംവിധം നടക്കുന്നില്ല. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കുന്നില്ല.
3. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബക്ഷേമവകുപ്പ്, കേന്ദ്രസർക്കാർ എന്നീ വിഭാഗങ്ങളുടെ ആരോഗ്യരംഗത്തെ പ്രവർത്തനം ക്രോഡീകരിക്കുന്നില്ല.
4. ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ കരിങ്കൽപാറയായതിനാൽ ആഴംകൂട്ടാൻ സാധിക്കുന്നില്ല. ആ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളപ്രശ്നം രൂക്ഷമാണ്.
5. പഞ്ചായത്തിലെ 11 ൽ 9 കുഴൽകിണറും ഉപയോഗ്യമല്ല. വെള്ളത്തിന് രുചിഭേദമുണ്ട്.
6. പൊതുകിണറുകളും കുളങ്ങളും തോടുകളും സംരക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ട് അതിലുള്ള വെള്ളം ദുഷിച്ച് മലീമസമായി അടുത്തുള്ള കുടിവെള്ളത്തിനുപയോഗിക്കുന്ന കിണറുകളിലേക്ക് ഒലിച്ചിറങ്ങി മലിനപ്പെടുന്നു.
7. പൈപ്പ് വെള്ളം ലഭ്യമായതോടെ പരമ്പരാഗത ജലസ്രോതസുകൾ അവഗണിക്കുന്നു.
8. പൊതുപൈപ്പുകളുടെ അറ്റകുറ്റപ്പണി സമയത്ത് നടത്താത്തതുകൊണ്ട് കുടിവെള്ളം നഷ്ടമാകുന്നു. കൂടാതെ അലക്കുക, കുളിക്കുക, കന്നുകാലികളെ കുളിപ്പിക്കുക, വാഹനങ്ങൾ കഴുകുക എന്നിവക്ക് കുടിവെള്ളം ദുരുപയോഗം ചെയ്യുന്നു. ഈ കാരണത്താൽ "റോഡുവക്കിലെ ടാപ്പുകൾപോലെ" എന്ന പ്രയോഗം തന്നെയുണ്ട്.
9. എല്ലാവർക്കും കക്കൂസ് സൗകര്യം ലഭ്യമായിട്ടില്ല.
10. ചപ്പുചവറുകളും പാഴ്വസ്തുക്കളും മലിനജലവും നിർമ്മാർജനം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. പൊതുനിരത്തിലേക്ക് വിതറുന്നു.
11. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗം മണ്ണും ജലവും മലിനപ്പെടുത്തുന്നു.

## സാധ്യതകൾ

1. PHC യിൽ കിടത്തി ചികിത്സിക്കുന്നതിന് ജനപങ്കാളിത്തത്തോടെ വാർഡ് നിർമിക്കുക.
2. ആവശ്യമായ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുക.
3. സ്റ്റോക്കുള്ള മരുന്നിന്റെ ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക.
4. ഓരോ വിഭാഗം ജീവനക്കാരുടെയും ജോലിസമയവും അവരിൽ നിക്ഷിപ്തമായിട്ടുള്ള ജോലിയും ചാർട്ട് ചെയ്യുക.
5. രണ്ട് വാർഡിന് ഒന്ന് എന്നവിധം സബ് സെന്ററുകൾ തുടങ്ങുക.
6. A. ഓരോ സബ്സെന്ററിലും ഒരു Jr PHN നെയും ഒരു Jr HI Gr II നെയും നിയമിക്കുക.
   B. അവരിൽ നിക്ഷിപ്തമായ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
   C. അവരുടെ ജോലി സമയവും ടൂർ പരിപാടികളും പ്രസിദ്ധീകരിക്കുക. ഇത് ഈ വിഭാഗം ജീവനക്കാർ ജോലിക്ക് കൃത്യമായി വരുന്നില്ലെന്നുള്ള ഗ്രാമസഭകളുടെ അഭിപ്രായം ഇല്ലാതാകാൻ ഉപകരിക്കും.
7. കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യപരിപാലനത്തിനുള്ള മരുന്നുകളും പോഷകാഹാരവും അംഗൻവാടി വഴി വിതരണം ചെയ്യുക. ഈ പ്രവർത്തനവും അംഗൻവാടിയുടെ പരിധിയിൽ വരുന്ന പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കാൻ അംഗൻവാടി കേന്ദ്രമായി സ്ത്രീകളുടെ നേതൃത്വത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കുക. ശിശുപ്രദർശനം അമ്മമാരുടെ സംഗമം സംഘടിപ്പിക്കുക എന്നിവ. ആരോഗ്യക്ലാസുകൾ നടത്തുക.
8. സ്കൂൾ ആരോഗ്യപരിപാടി ജനപങ്കാളിത്തത്തോടെ വർഷാരംഭത്തിൽതന്നെ നടത്തി ആരോഗ്യ പരിരക്ഷ വേണ്ട കുട്ടികൾക്കു ചികിത്സ ലഭ്യമാക്കുക. വാർഡ് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
9. സമ്പൂർണ രോഗപ്രതിരോധ കുത്തിവെയ്പുകൾ, സമയത്തു തന്നെ എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും കിട്ടിയെന്ന് ഉറപ്പുവരുത്തുക.
10. 18 വയസിനുമേലുള്ള മുഴുവൻ ആളുകളുടെയും രക്തഗ്രൂപ്പ്

നിർണയംനടത്തി ഒരു രക്തദാനസേന രൂപീകരിക്കുക.

11. നിലവിലുള്ള പൊതുകിണറുകളും സ്വകാര്യമുൾപ്പെടെയുള്ള കുളങ്ങളും തോടുകളും മെയ്മാസത്തിൽ വാർഡ്തല ജല സമിതികൾ രൂപീകരിച്ച് സന്നദ്ധ പ്രവർത്തനത്തിലൂടെ ഉപയോഗയോഗ്യമാക്കുക. (ചെളി കോരുക, ആഴം കൂട്ടുക).
12. അത്യാവശ്യമായ പ്രദേശങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.
കേടുവന്ന പൊതുടാപ്പുകളും കുഴൽകിണറുകളും അറ്റകുറ്റപണി നടത്തി ഉപയോഗ്യമാക്കുക. കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് ശിക്ഷാർഹമാണെന്നുള്ള നോട്ടീസ് സ്ഥാപിക്കുക.
13. പൊതുകിണറുകൾ പി.എച്ച്.സിയുടെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക.
14. മുഴുവൻ പൊതുകിണറുകളും വലയിട്ടുമൂടി സംരക്ഷിക്കുക.
15. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ഒരു സമിതി രൂപീകരിക്കുക.
16. രണ്ടുവർഷത്തിനുള്ളിൽ എല്ലാവർക്കും കക്കൂസ് ലഭ്യമാക്കുക.
17. പാഴ്വസ്തുക്കളും ചപ്പുചവറുകളും നിർമാർജനം ചെയ്യുന്നതിന് ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴി നിർമിക്കുക. പാഴ്ജലം കിണറ്റിൽ കലരാതെ കൈകാര്യം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക, അടുക്കളത്തോട്ടത്തിന് ഉപയോഗപ്പെടുത്തുക.
18. പഴവർഗങ്ങളും പച്ചക്കറിയും കഴുകി ഉപയോഗിക്കുക.
19. ഇറച്ചി വേണ്ടത്ര വേവിച്ചു കഴിക്കുക.
20. ആഹാരപദാർഥങ്ങൾ മൂടിവയ്ക്കുക, തുറന്നുവച്ചത് കഴിക്കാതിരിക്കുക.
21. പൊതുവാട്ടർടാപ്പ് സ്ഥാപിക്കുന്നതിനേക്കാൾ മുൻഗണന ഹൗസ് കണക്ഷന് നൽകുക, കുടിവെള്ളത്തിന്റെ അനാവശ്യ ഉപയോഗം കുറയ്ക്കാൻ സാധ്യമാക്കും.
22. സൗജന്യനേത്ര പരിശോധനയും കാൻസർ പരിശോധനയും വർഷത്തിലൊരിക്കൽ നടത്തുക.
23. എല്ലാ അംഗങ്ങളുടെയും ആരോഗ്യസ്ഥിതി സൂചിപ്പിക്കുന്ന ഹെൽത്ത് കാർഡുകൾ.
24. ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക. ഇതിനായി ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കുക.
25. അറവുശാലകളുടെ മുന്നിൽ മൃഗഡോക്ടറുടെ തീയതി വച്ചുള്ള സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുക. ഇവിടെ ഇന്ന് അറുത്ത താഴെ പറയുന്ന കളറോടുകൂടിയ ഇന്നയിനം മൃഗങ്ങളെ ഞാൻ പരിശോധിച്ച് അസുഖമൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തിയാതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്നർഥം വരുന്ന ഉള്ളടക്കത്തോടെ ആയിരിക്കണം സർട്ടിഫിക്കറ്റ്. സർട്ടിഫിക്കറ്റിൽ പറഞ്ഞിരിക്കുന്ന മൃഗം തന്നെയാണ് അറുത്തിരിക്കുന്നതെന്ന് തിരിച്ചറിയാൻ തോലിൽ മുദ്ര വയ്ക്കുക. പല രോഗങ്ങൾക്കും കാരണം ഇറച്ചിയാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നതുകൊണ്ട് വളരെ മുൻഗണന കൊടുക്കണം. ലൈസൻസില്ലാത്തെ അറവുശാലകൾ നിർത്തലാക്കുക.
26. ജലവിതരണത്തിനായി ഉപയോഗിക്കുന്ന പൈപ്പുകൾ ഉന്നത നിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുക. കെ.ഡബ്ല്യു.എയുടെ ചുമതലയിലുള്ളതാണെങ്കിലും ജനകീയ ശ്രദ്ധ ഈ കാര്യത്തിൽ വേണം. കാരണം പല റോഡുകളിലും പൈപ്പ് പൊട്ടിവെള്ളം ഒഴുകുന്നത് കാണാം. ഇങ്ങനെയുള്ള പൊട്ടലിൽ കുടിവെള്ളം പമ്പു ചെയ്യാത്ത സമയത്ത് രോഗാണുക്കൾ കയറി കുടിവെള്ളത്തിൽ പകരുന്നത് നിത്യസംഭവമാണ്.
27. കണിയാവിള്ളി പുഴയിൽ അറവുശാലയിലെ എല്ലുകളും അവശിഷ്ടങ്ങളും ഇടുന്നത് നിരോധിക്കുക. എല്ലുകളും അവശിഷ്ടങ്ങളും ആരോഗ്യകരമായി നിർമാർജനം ചെയ്യാൻ കഴിയാത്തവരുടെ ലൈസൻസ് റദ്ദു ചെയ്യുക.
28. പൊതുനിരത്തിലെ ഇറച്ചി വില്പന നിരോധിക്കുക.
29. പഞ്ചായത്തിലെ മധ്യഭാഗത്ത് ഇലക്ട്രിക് പൊതുശ്മശാനം സ്ഥാപിക്കുക.

| കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ | സ്ഥാപിക്കേണ്ട പൊതുടാപ്പ് | പരിഹാര നിർദേശങ്ങൾ | | |
|---|---|---|---|---|
| | | സംരക്ഷിക്കേണ്ട പൊതു കിണർ | കുളം | കുഴൽ കിണർ |
| I. 1) ഹാച്ചറിക്കവല<br>2) കുന്നേത്തുകവലയ്ക്കു വടക്കുംകിഴക്കും ഭാഗം<br>3) കടുംങ്ങമംഗലം സ്കൂളിനു പടിഞ്ഞാറുഭാഗം<br>4) റെയിൽവേ ഗേറ്റിന് വടക്കുപടിഞ്ഞാറുഭാഗം | 4 | 6 | 13 | 1 |
| II.1) കണിച്ചിറക്കോളനിയുടെ പടിഞ്ഞാറു ഭാഗം<br>2) കണിയാംമല<br>3) ഉദയാക്കവല- കുരീക്കാട് റോഡ് തെക്കും- വടക്കുംഭാഗം<br>4) പാണ്ടാരിമല<br>5) ഗാന്ധിനഗർ | 5 | 4 | 8 | 3 |
| III.1) കാവനാപ്പറമ്പ്<br>2) എംഎൽഎ റോഡ്<br>3) ഹോമിയോ കോളജിന് പടിഞ്ഞാറുഭാഗം<br>4) ചോറ്റാനിക്കരയ്ക്ക് വടക്കുപടിഞ്ഞാറുഭാഗം<br>5) അമ്പാടിമല | 5 | 4 | 11 | 1 |
| IV. 1) കണിച്ചിറക്കോളനി<br>2) ലക്ഷംവീട് കോളനി<br>3) ഉദയാക്കവല<br>4) മഞ്ചക്കാട്<br>5) ചോറ്റാനിക്കര സ്കൂളിനു പടിഞ്ഞാറുഭാഗം | 6 | 11 | 17 | 3 |
| V. 1) പൂച്ചക്കുഴി<br>2) ആക്കമല<br>3) ഇടശേരി മല<br>4) വട്ടപ്പറമ്പ്<br>5) കാട്ടിരിപ്പുമല | 8 | -- | -- | -- |
| VI.1) പൂരപ്പറമ്പ്<br>2) തെക്കേച്ചിറ<br>3) തെക്കിനേത്തുനിരപ്പ് പടിഞ്ഞാറുഭാഗം<br>4) അ[illegible]<br>5) ചോറ്റാനിക്കര ആശുപത്രിക്കു കിഴക്കുഭാഗം | 5 | -- | -- | -- |
| VII. 1) നാഗപ്പാടി കുരിശിന് വടക്ക് കിഴക്കുഭാഗം<br>2) പാല സ്ക്വയറിൽനിന്നും എരുവേലിയിലേക്കുള്ള കനാൽ റോഡിന്റെ ഇരുവശങ്ങളിലും<br>3) പാല സ്ക്വയറിന്റെ വടക്കുംകിഴക്കും ഭാഗം<br>4) എലിയാംകുന്ന് | 4 | -- | -- | -- |
| VII)1) തെക്കിനേത്ത നിരപ്പ് കിഴക്കുഭാഗം<br>2)അയ്യങ്കേരിൽ<br>3)കുറൂർ–കോണത്തു പരിസരം<br>4)തലക്കോട് സ്കൂളിന് കിഴക്കുംഭാഗം<br>5) ഒഇഎൻ കണക്ടേഴ്സിന്റെ 1 കി.മീ പടിഞ്ഞാറുഭാഗം | 5 | -- | -- | -- |
| IX. 1) തലക്കോട് കോളനി<br>2) തലക്കോട് വിശ്വകർമ കോളനി<br>3) തുപ്പംപടി പടിഞ്ഞാറ് ഭാഗം<br>4) കത്തനാര് ചിറ<br>5) വെട്ടിക്കൽ<br>6) വെട്ടിക്കൽ- തിരുവാണിയൂർ റോഡിന്റെ പടിഞ്ഞാറുഭാഗം<br>7) തേവനാൽ പള്ളിയുടെ സമീപ പ്രദേശം<br>8) OEN കണ്യാട്ടുനിരപ്പ് റോഡിന്റെ പടിഞ്ഞാറുഭാഗം. | 8 | -- | -- | -- |



# വ്യവസായം

മുന്നണി വ്യവസായ രാഷ്ട്രങ്ങളാണ് ലോകത്തിലെ വികസിതരാഷ്ട്രങ്ങളെല്ലാം. പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങളെ മനുഷ്യാദ്ധ്വാനവും യന്ത്രങ്ങളും ഉപയോഗിച്ച് സംസ്ക്കരിച്ച് ഉത്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് വ്യവസായം.

നമ്മുടെ മാതൃഭൂമി – ഭാരതം ഒരു വികസിത രാഷ്ട്രമല്ല. ഇന്ത്യയിൽതന്നെ വ്യവസായത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെ പിന്നിലാണ്. ഒന്നാം പദ്ധതി മുതൽ അർഹമായ പദ്ധതി വിഹിതം കേരളത്തിനു ലഭിച്ചിട്ടില്ല. ഇന്ത്യയിലെ ജനസംഖ്യയുടെ 3.5% കേരളത്തിലാണ് വസിക്കുന്നത്. ഉപഭോക്തൃസാധനങ്ങളുടെ 20%–വും ഔഷധങ്ങളുടെ 10%–വും കേരളത്തിൽ വിറ്റഴിക്കപ്പെടുന്നു. പക്ഷേ ഉപഭോഗത്തിന് അനുസൃതമായ ഉത്പാദന പ്രക്രിയയും തൊഴിൽ സാധ്യതയും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. 1993–ലെ കേന്ദ്ര പൊതുമേഖലാ മുതൽമുടക്ക് 173501 കോടി രൂപയായിരുന്നു. ഇതിൽ കേരളത്തിന്റെ വിഹിതം 1.3% മാത്രമായിരുന്നു.

60 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള വ്യവസായ സ്ഥാപനങ്ങളെ ചെറുകിട വ്യവസായങ്ങളുടെ പട്ടികയിൽപെടുത്തിയിരിക്കുന്നു. അതിനു മുകളിൽ മുതൽ മുടക്കു വരുന്ന സ്ഥാപനങ്ങൾ ഇടത്തരം വൻകിട വ്യവസായങ്ങളുടെ പട്ടികയിൽവരുന്നു. വ്യവസായങ്ങളെ വ്യക്തിഗത വ്യവസായങ്ങൾ പാർട്ട്ണർഷിപ്പ് കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ എന്നിങ്ങനെയും തരം തിരിച്ചിട്ടുണ്ട്.

ചോറ്റാനിക്കര പഞ്ചായത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒന്നാണ്. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട യൂണിറ്റുകൾ ഇല്ല. ഭൂമിയുടെ വർധിച്ച വിലയും ജനങ്ങൾ തുണ്ടുതുണ്ടു ഭൂമികളിലായി തിങ്ങിപ്പാർക്കുന്ന അവസ്ഥയും വൻകിട വ്യവസായങ്ങൾക്കു തടയിടുന്നു. കുടിൽ, ചെറുകിട, ഇടത്തരം വ്യവസായങ്ങളിലൂടെ സാമ്പത്തികാഭിവൃദ്ധി കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക മാത്രമേ ഇത്തരുണത്തിൽ കരണീയമായിട്ടുള്ളു.

വ്യവസായങ്ങളിൽ ഒ.ഇ.എൻ. ഇന്ത്യയും ഒ.ഇ.എൻ കണക്റ്റേഴ്സും ജോയിന്റ് സ്റ്റോക്കു കമ്പനികളാണ്. പമ്പാ ഇലക്ട്രോണിക്സ് പാർട്ട്ണർഷിപ്പ് സ്ഥാപനമാണ്. മറ്റു സംരംഭങ്ങൾ വ്യക്തിഗത സ്ഥാപനങ്ങളാണ്. ഒ.ഇ.എൻ. സ്ഥാപനങ്ങൾ ജീവനക്കാർക്ക് തരക്കേടില്ലാത്ത വേതനം നൽകുന്നുണ്ട്. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒരിനം ഒ.ഇ.എൻ സ്ഥാപനങ്ങളിൽനിന്നുള്ള തൊഴിൽക്കരമാണ്.

പരമ്പരാഗതകുടിൽ വ്യവസായങ്ങളുടെ പട്ടികയിൽപെടുത്താവുന്ന ഈറ്റയും ചൂരലും ഉപയോഗിച്ച് പനമ്പ്, കുട്ട തുടങ്ങിയവ നെയ്യുന്നവർ ഈ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. 7–ാം വാർഡിലെ നാഗപ്പാടി കോളനിയിലാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രധാനമായും വസിക്കുന്നത്. പപ്പടനിർമാണവും ചെറിയ തോതിൽ നടക്കുന്നുണ്ട്.

## പട്ടിക–1

### നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | | തൊഴിലാളികൾ | | | | |
|---|---|---|---|---|---|---|
| | | എണ്ണം | പു. | സ്ത്രീ. | ആകെ | കൂലി നിരക്ക് |
| 1. | ഇലക്ട്രോണിക്സ് | 8 | – | – | 833 | – |
| 2. | ഭക്ഷ്യധാന്യ സംസ്ക്കരണം | 6 | – | – | 6 | – |
| 3. | അച്ചടി | 3 | 4 | 7 | 11 | – |
| 4. | ചന്ദനതിരി | 1 | – | 5 | 5 | 750 |
| 5. | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 2 | 6 | – | 6 | – |
| 6. | പെയിന്റ് | 2 | – | – | – | – |
| 7. | അടപ്പ് | 1 | – | 4 | 4 | – |
| 8. | സോഡാനിർമാണം | 2 | 3 | – | 3 | – |
| 9. | ഫർണിച്ചർ | 3 | 14 | – | 14 | 110 |
| 10. | റബ്ബർ | 2 | 19 | – | 19 | – |
| 11. | പ്ലാസ്റ്റിക് | 2 | 3 | 5 | 8 | – |
| 12. | ബോഡി ബിൽഡിംഗ് | 2 | – | – | – | – |
| 13. | സിമന്റ് ഇഷ്ടിക | 5 | 12 | 2 | 14 | 110 |
| 14. | കെട്ടിടം (കോൺക്രീറ്റ്) | 1 | 4 | – | 4 | – |
| 15. | ചെരിപ്പ് (സോൾ) | 1 | 4 | 1 | 5 | 750 |
| 16. | റിംഗ്; കോൺക്രീറ്റ് മതിൽ | 1 | – | – | – | – |
| 17. | റബ്ബർ ലൈനിംഗ് | 1 | – | – | – | – |
| 18. | ഇലക്ട്രോപ്ലേറ്റിംഗ് | 1 | 3 | 1 | 4 | – |
| 19. | കരകൗശലവസ്തുക്കൾ | 1 | 1 | 1 | 2 | – |
| 20. | ടാർ പ്രൊഡക്റ്റ് | 2 | 4 | – | 4 | – |
| 21. | തീപ്പെട്ടി | 1 | 8 | 12 | 20 | – |
| 22. | ബ്രാസ് | 1 | 2 | – | 2 | – |

## പട്ടിക 2

| പ്രധാന വ്യവസായസ്ഥാപനങ്ങൾ | | |
|---|---|---|
| പേര് | തൊഴിൽ എടുക്കുന്നവർ | ഉത്പന്നം |
| 1. ഒ.ഇ.എൻ. ഇന്ത്യ | 466 | ഇലക്ട്രോണിക് കോമ്പണന്റ്സ് |
| 2. ഒ.ഇ.എൻ. കണക്റ്റേഴ്സ് | 273 | ഇലക്ട്രോണിക് കോമ്പണന്റ്സ് |
| 3. പമ്പാ ഇലക്ട്രോണിക്സ് | 26 | ഇലക്ട്രോണിക് ചോക്ക് |
| 4. സുരഭി ഇലക്ട്രോണിക്സ് | 18 | ഇലക്ട്രോണിക് ചോക്ക് |
| 5. സ്റ്റാൻഡാർഡ് പ്ലാസ്റ്റിക്സ് | 6 | പ്ലാസ്റ്റിക് ഉത്പന്നങ്ങൾ |
| 6. സി.റ്റി.സി. പൊട്ടൻഷ്യമീറ്റേഴ്സ് | 26 | ഇലക്ട്രോണിക് കോമ്പണന്റ്സ് |
| 7. കാരിക്കൽ ഇൻഡസ്ട്രീസ് | – | സിമന്റ് പെയിന്റ് |
| 8. സീസൺ റബ്ബേഴ്സ് | 9 | റബ്ബർ സോൾ |

### പട്ടിക 3

| പീഡിതവ്യവസായങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | പേര് / മേൽവിലാസം | വാർഡ് | ഉത്പന്നം |
| 1. | കാർത്തിക പ്രിന്റേഴ്സ് കണിപ്പിറ കോളനി | 2 | അച്ചടി |
| 2. | ഹെവിയ റബ്ബർ പ്രൊഡക്ട്സ് അമ്പാടിമല | 3 | റബ്ബർഷീറ്റ് |
| 3. | സെന്റ്.മേരീസ്.ഹോളോബ്രിക്സ് അമ്പാടിമല | 3 | – |
| 4. | സാജ് ഇൻഡസ്ട്രീസ് | 7 | മൊസൈക് ടൈൽ |
| 5. | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 5 | ഫാബ്രിക്കേഷൻ |

## പ്രശ്നങ്ങൾ

12.68 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 20000ൽ അധികം ജനസംഖ്യയും (ജനസംഖ്യ 1991–ലെ സെൻസസ് കണക്ക് 16109) 5000 കുടുംബങ്ങളും (1991–ലെ സെൻസസ് 3386) ഉള്ള ഈ പഞ്ചായത്തിൽ മനുഷ്യന്റെ നിത്യോപയോഗത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന വ്യവസായ യൂണിറ്റുകൾ വളർന്നുവരാത്തത് ഗൗരവാവഹമായി പരിഗണിക്കേണ്ട സംഗതിയാണ്. വ്യവസായ വളർച്ചക്കനുകൂലമായ ഉയർന്ന തോതിലുള്ള സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത, അമ്പലമുകൾ വ്യവസായമേഖല, കൊച്ചി തുറമുഖം മുതലായവയുമായുള്ള അടുപ്പം തുടങ്ങിയവ ഉണ്ടെങ്കിലും വ്യവസായ വളർച്ച കൈവരിക്കാൻ കഴിയുന്നില്ല. വ്യവസായങ്ങളുടെ ആരംഭത്തിനും വളർച്ചയ്ക്കും തടസമായി നിൽക്കുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. നഗരത്തിൽ നിന്ന് പഞ്ചായത്തിലേക്കുള്ള കുടിയേറ്റം ഭൂമിയുടെ വില വർദ്ധനവിനും ഭൂമി തുണ്ടുതുണ്ടായി വിൽക്കാനും ഇടയാക്കുന്നു. കാർഷികവൃത്തി നാമമാത്രമാവുന്നു. കാർഷിക വിളകളെ ആധാരമാക്കിയുള്ള വ്യവസായത്തിന് സാദ്ധ്യത നഷ്ടപ്പെടുന്നു.
2. ഭൂമിയുടെ വിലക്കയറ്റം വ്യവസായാവശ്യത്തിന് കുറഞ്ഞ ചെലവിൽ ഭൂമി ലഭിക്കാൻ വിലങ്ങുതടിയാവുന്നു.
3. ഉൽപാദനസാദ്ധ്യതകളെപ്പറ്റിയുള്ള അറിവില്ലായ്മ.
4. സ്ഥിതിവിവരക്കണക്കുകളുടെ അഭാവം.
5. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദേശങ്ങളുടെ അഭാവം.
6. ധനസഹായവും മാർഗ്ഗനിർദേശങ്ങളും നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചും ധനസഹായപദ്ധതികളേക്കുറിച്ചും ഉള്ള അറിവില്ലായ്മ.
7. സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണമനോഭാവവും പ്രോത്സാഹജനകമായ മനോഭാവത്തിന്റെ അഭാവവും.
8. വിപണിയുള്ള ഉത്പന്നങ്ങൾ ഏതെന്നു കണ്ടുപിടിക്കാനും വിപണിക്കനുസൃതമായ രീതിയിൽ ഉത്പന്നങ്ങളുടെ ഗുണമേന്മ, ഉൽപാദനക്ഷമത എന്നിവയിൽ മാറ്റം വരുത്താനുള്ള കെല്പില്ലായ്മ.
9. സ്വയംതൊഴിൽ ചെയ്യാനുള്ള താല്പര്യമില്ലായ്മയും റിസ്കെടുക്കാനുള്ള ഭയവും.
10. വ്യവസായ എസ്റ്റേറ്റിന്റെ അഭാവം.
11. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.
12. സഹകരണപ്രസ്ഥാനം വളർച്ച പ്രാപിക്കാത്തത്.
13. വ്യവസായ സംരംഭങ്ങൾക്കുതകുന്ന തരത്തിലുള്ള വിദ്യാഭ്യാസരീതിയുടെ അഭാവം.
14. *ധനകാര്യസ്ഥാപനങ്ങളുടെ അപര്യാപ്തത* – ചോറ്റാനിക്കര പഞ്ചായത്തിൽ ഒരു കൊമേഴ്സ്യൽ ബാങ്കും (വിജയാബാങ്ക്) ഒരു സഹകരണബാങ്കും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

## സാദ്ധ്യതകൾ

1. ***കാർഷികോല്പന്നങ്ങളെ ആധാരമാക്കിയുള്ള വ്യവസായങ്ങൾ*** – റവന്യൂ രേഖകളനുസരിച്ച് പഞ്ചായത്തിൽ 290 ഹെക്ടർ സ്ഥലത്ത് തെങ്ങും 280 ഹെക്ടർ സ്ഥലത്ത് റബറും കൃഷി ചെയ്യുന്നുണ്ട്..തെങ്ങ്, ചകിരി, ചിരട്ട, വെളിച്ചെണ്ണ തുടങ്ങിയവ ഉപയോഗിച്ചുള്ള വിവിധയിനം ചെറുകിട വ്യവസായങ്ങൾ പരിസ്ഥിതി മലിനീകരണമില്ലാത്ത രീതിയിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ ബോധവൽക്കരണം നടത്തുകയാണെങ്കിൽ ആ മേഖലയിൽ ഇപ്പോൾ വ്യവസായങ്ങളൊന്നും നിലവിലില്ലെങ്കിലും പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകളുണ്ട്. അതുപോലെ റബർപാൽ സംഭരിച്ച് ഫോം റബറാക്കി വിവിധ ഫോം റബറുൽപന്നങ്ങൾ ഉണ്ടാക്കാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നു.
2. ***ഖാദി കൈത്തറി വ്യവസായങ്ങൾ*** – പഞ്ചായത്തിൽ ഖാദി കൈത്തറി വ്യവസായ യൂണിറ്റുകൾ നിലവിലില്ല. ഖാദി കൈത്തറി മേഖലയിൽ സഹകരണസംഘങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു.
3. **ഇലക്ട്രോണിക് ഉപകരണങ്ങൾ** – നമ്മുടെ പഞ്ചായത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉണ്ടാക്കുന്ന 4 വ്യവസായ സ്ഥാപനങ്ങൾ ഇപ്പോഴുണ്ട്. ഇലക്ട്രോണിക് വ്യവസായത്തിന് അനന്തമായ സാദ്ധ്യതകളാണ് ഇന്ന് നിലനിൽക്കുന്നത്. പരിസ്ഥിതി മലിനീകരണവും അധികം സ്ഥലവും ഇല്ലാതെ തുടങ്ങാൻ സാധിക്കുന്നവയാണ് ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകൾ. ആ ദിശയിലുള്ള പഠനവും പ്രവർത്തനവും ആവശ്യമാണ്.
5. ***റെഡിമെയ്ഡ് വസ്ത്രനിർമാണം*** – നിർമാണചെലവിനേക്കാൾ വളരെകൂടിയ വിലയ്ക്ക് വിപണനം നടക്കുന്ന ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്രങ്ങളുടേത്. സ്ത്രീകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നൂതന വസ്ത്ര നിർമാണ വിദ്യകളിൽ വേണ്ടത്ര പരിശീലനം നൽകി ഈ രംഗത്തെ സാധ്യതകൾ വികസിപ്പിച്ചെടുക്കാൻ സാധിക്കും.
6. ***ഭക്ഷ്യോല്പന്നങ്ങൾ*** – റെഡിമെയ്ഡ് ഭക്ഷണപദാർഥങ്ങൾ ഇന്ന് വളരെയധികം വിറ്റഴിക്കപ്പെടുന്ന ഒന്നാണ്. ഏതെങ്കിലും പൊതു ബ്രാൻഡ് നെയിമിൽ ഇത്തരം ഭക്ഷണപദാർഥങ്ങളുടെ ഉത്പാദനവും വിതരണവും വീട്ടമ്മമാരുടെ മിച്ച സമയത്തെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും.

വിവിധ മേഖലകളിൽ സാധ്യതയുള്ള ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

### പുതിയതായി തുടങ്ങാൻ സാദ്ധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ

1. ഇലക്ട്രോണിക് ചോക്ക്, കപ്പാസിറ്റർ മിനിട്രാൻസ്ഫോർമർ തുടങ്ങിയ ഇലക്ട്രോണിക് ഉത്പന്നങ്ങൾ.
2. റെഡിമെയ്ഡ് ഗാർമെന്റ്സ്
3. ബുക്ക് ബൈന്റിംഗ്, നോട്ടുപുസ്തകനിർമ്മാണം
4. ടെയ്‌ലറിംഗ് & എംബ്രോയിഡറി.
5. കുടനിർമ്മാണം
6. വാഷിംഗ് സോപ്പ്, വാഷിംഗ് പൗഡർ, ഫിനോയൽ തുടങ്ങിയവ
7. റബർ ബാന്റ്സ്, ഹവായി ചപ്പൽ, കൈയ്യുറകൾ തുടങ്ങിയ

റബർ ഉൽപ്പന്നങ്ങൾ.
8. സ്കൂൾ ബാഗ്, റക്സിൻ, ലതർ തുടങ്ങിയവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ.
9. കറിപൗഡർ, കോഫിപൗഡർ, മസാല, ദാശമിനി, മസാല പ്പൊടി, ഭക്ഷ്യസംസ്കരണം (പൊടിമില്ലുകൾ), ഓയിൽമിൽ തുടങ്ങിയവ
10. ബേക്കറി, കൺഫക്ഷണറി (മിഠായി) മുതലായവ
11. അച്ചാറുകൾ, വിനാഗിരി
12. പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ
13. കരകൗശല വസ്തുക്കൾ
14. കളിപ്പാട്ടങ്ങൾ
15. ചന്ദനത്തിരി, കർപ്പൂരം, മെഴുകുതിരി
16. കയർ ഉല്പന്നങ്ങൾ
17. ചിരട്ടപ്പൊടി
18. കളിമൺപാത്രങ്ങൾ
19. മരഉരുപ്പടികൾ, കടച്ചിൽ വസ്തുക്കൾ, ഫർണിച്ചർ, തടിയിൽ ഉള്ള കൊത്തുപണികൾ
20. സോഡാ, സോഫ്റ്റ് ഡ്രിങ്ക്സ് തുടങ്ങിയവ
21. സ്റ്റീൽ ഫർണിച്ചർ
22. ചൂരൽ ഉപയോഗിച്ച്, കസേരകൾ, സോഫ, ടീപോയ് തുടങ്ങിയ നിർമിക്കൽ
23. എൻജിനീയറിംഗ്/ഫാബ്രിക്കേഷൻ വർക്ക്
24. ബാറ്ററി റിചാർജിംഗ്
25. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്
26. ആണി, വിജാഗിരി, കുറ്റി, കൊളുത്ത് മുതലായവ.
27. കാർഷികോപകരണങ്ങൾ, പണിയായുധങ്ങൾ തുടങ്ങിയവ
28. (ടിവി, വിസിആർ, റേഡിയോ, മിക്സി, വാഷിംഗ് മെഷീൻ എന്നിവയുടെ റിപ്പേയറിംഗ് & സർവീസിംഗ്) സർവീസ് സെന്റേഴ്സ്.
29. ഡ്രൈക്ലീനിംഗ്
30. പ്ലാസ്റ്റിക്കോട്ടു ചെയ്തിട്ടുള്ള ഹാങ്ങർ, മറ്റുപകരണങ്ങൾ.
31. ആയുർവേദ മരുന്നുകൾ
32. സിമന്റ് കട്ടകൾ, സിമന്റ് ഉപയോഗിച്ചുള്ള കട്ടിള, ജനല, വെൽഡിംഗ് തുടങ്ങിയവ.
33. പേപ്പർ ബാഗ്, കവർ, ഫയൽ തുടങ്ങിയവ.
34. പുഷ്പകൃഷി, മുല്ലകൃഷി
35. കോഴിവളർത്തൽ.
36. മൃഗസംരക്ഷണം – ക്ഷീരോൽപാദനം.
37. ലേബൽ, പ്രിന്റിംഗ്.
38. അടയ്ക്ക സ്ലൈസിംഗ്.

## ടൂറിസം വികസനം

ടൂറിസത്തെ ഗവൺമെന്റ് വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു. ചോറ്റാനിക്കര ക്ഷേത്രത്തിൽ ഇന്ത്യയുടെ എല്ലാഭാഗത്തുനിന്നും ഭക്തജനങ്ങൾ വലിയതോതിൽ എത്തുന്നുണ്ട്. ഇവർക്ക് താമസിക്കാനും ഭക്ഷണം കഴിക്കാനും ഉള്ള സ്ഥാപനങ്ങളും കരകൗശല വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വിപണനം ചെയ്യാനുമുള്ള സംവിധാനങ്ങളും വികസിപ്പിച്ചെടുത്താൽ പഞ്ചായത്തിന്റെയും പഞ്ചായത്തിലെ ജനങ്ങളുടെയും വരുമാനം വർദ്ധിപ്പിച്ചെടുക്കാൻ സാധിക്കും. ചോറ്റാനിക്കര ക്ഷേത്രത്തിന്റെ 3 വശത്തുമുള്ള തോടുകൾ യോജിപ്പിച്ച് നൗകാശയം നിർമിച്ചാൽ ടൂറിസം വികസനത്തിനും ജലക്ഷാമം പരിഹരിക്കുന്നതിനും കൃഷിയുടെ വികസനത്തിനും സഹായകമാകും.

## പ്രവർത്തനപരിപാടികളും പരിഹാരമാർഗങ്ങളും

1. *ചെറുകിട വ്യവസായങ്ങളുടെ സമൂഹം* – നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ സംരംഭങ്ങൾ കണ്ടുപിടിക്കുക എന്നതിനു മുന്നോടിയായി നിലവിലുള്ള പ്രകൃതി വിഭവങ്ങൾ തൊഴിൽ പരിചയം പ്രാപ്യമായ വിപണികൾ, സ്ഥലം, ജലം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വിലയിരുത്തുകയും പ്രാദേശിക സ്വഭാവഗുണങ്ങൾക്കനുസൃതമായ വ്യവസായിക വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. ഉദാഹരണത്തിന് റെഡിമെയ്ഡ് വസ്ത്ര നിർമാണത്തിൽ നമ്മുടെ പ്രദേശത്തെ കുറെയേറെ വനിതകൾ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വ്യവസായത്തിന്റെ നിലനിൽപ്പ് ഒരു കൂട്ടായ പരിപാടിയിലൂടെ മാത്രമേ ഉറപ്പിക്കാനാകൂ. കൂട്ടായ പ്രവർത്തനം പുതിയ ഡിസൈൻ, വിപണികൾ, ഉത്പാദക രീതികൾ എന്നിവയ്ക്കു വഴിതെളിക്കും. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്കും അതിനുവേണ്ട പഠനത്തിനും മുന്നൊരുക്കങ്ങൾക്കും വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു വ്യവസായകമ്മിറ്റി രൂപീകരിക്കണം.
2. മാതൃസ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹിക ഉൽപാദനകേന്ദ്രങ്ങളും എന്ന നിലയിലുള്ള ഔട്ട് വർക്കർ ഉൽപാദനസമ്പ്രദായം (out worker product system-ops) സാധ്യതയുള്ള വ്യവസായങ്ങൾക്ക് ഏർപ്പെടുത്തണം.
3. *പഞ്ചായത്ത് വ്യവസായിക വികസനസമിതിയുടെ രൂപീകരണം* – പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ (വ്യവസായം, ഗ്രാമവികസനം, വൈദ്യുതി) എന്നിവർ ഉൾക്കൊള്ളുന്ന ഏകദേശം 10 പേരുള്ള ഒരു പഞ്ചായത്തു വ്യവസായിക വികസനസമിതി രൂപീകരിക്കണം. ജനപങ്കാളിത്തത്തോടെ സാദ്ധ്യതയുള്ള വ്യവസായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക. സെമിനാറുകൾ, വ്യവസായ സംരംഭക പരിശീലനങ്ങൾ, പ്രദർശനമേളകൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവയിലൂടെ ഉൽപ്പാദനരംഗത്തെ സാദ്ധ്യതകളെപ്പറ്റി പൊതുജനങ്ങൾക്ക് അറിവു നൽകുക. വ്യവസായസംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക. വിപണി, അസംസ്കൃത സാധനങ്ങൾ, സാങ്കേതികവിദ്യ സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾ രൂപപ്പെടുത്തുക തുടങ്ങി പഞ്ചായത്തിലെ എല്ലാ വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കും ഈ സമിതി നേതൃത്വം നല്കണം.
4. *പരിശീലനം* – വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിന് ഉതകുന്ന രീതിയിലുള്ള പരിശീലന ക്ലാസുകൾ വ്യവസായ വികസനസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണം. വ്യവസായം വിജയകരമായി നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനു പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽകണ്ടു പഠിക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കണം.
5. വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
6. വ്യാവസായിക ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി പൊതു വിപണി സ്ഥാപിക്കണം.
7. പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റു സ്ഥാപിക്കണം.
8. സ്വയംതൊഴിൽ ആസൂത്രിതമായി വിജയിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം. കൊല്ലം ജില്ല

യിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആസൂത്രിത സ്വയം തൊഴിൽപദ്ധതി മാതൃകയാക്കാവുന്നതാണ്.

9. സാങ്കേതികോപദേശകവും ധനസഹായവും നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള അറിവും ഉപയോഗപ്പെടുത്തലും.


(i) ***ജില്ലാ വ്യവസായകേന്ദ്രങ്ങൾ*** – ധനസഹായമുൾപ്പെടെ വ്യവസായം തുടങ്ങുന്നതിനാവശ്യമായ എല്ലാമാർഗനിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ആരംഭിക്കപ്പെട്ടവയാണ് ജില്ലാ വ്യവസായകേന്ദ്രവും അതിന്റെ കീഴിലുള്ള താലൂക്കു വ്യവസായകേന്ദ്രങ്ങളും. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം എറണാകുളത്ത് ഗാന്ധി നഗറിലും താലൂക്കു വ്യവസായകേന്ദ്രം പൊന്നുരുന്നിയിലുമാണ് സ്ഥിതി ചെയ്യുന്നത്. താലൂക്കു വ്യവസായകേന്ദ്രത്തിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എല്ലാ ശനിയാഴ്ചയും മുളന്തുരുത്തി ബ്ലോക്ക് ഓഫീസിൽ എത്തുന്നുണ്ട്. സംരംഭകന്റെ വിഹിതമായ മാർജിൻ മണി ഉൾപ്പെടെയുള്ള കാര്യങ്ങളിൽവരെ ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി ധനസഹായം ലഭിക്കും. വനിതാ സംരംഭകർക്കും വനിതാ സഹകരണ സ്ഥാപനങ്ങൾക്കും പ്രത്യേക സഹായവും പരിഗണനയും ലഭിക്കുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യവസായ സംരംഭകർക്ക് വ്യക്തമായ അറിവു ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്തു വ്യവസായവികസനസമിതി സ്വീകരിക്കണം.


(ii) ***ധനകാര്യസ്ഥാപനങ്ങൾ*** – വ്യവസായ വികസനത്തെ ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള ധനകാര്യസ്ഥാപനങ്ങളാണ് S.I.D.B.I (Small Industries Development Bank of India), I.D.B.I (Industrial Development Bank of India) NABARD (National Bank of Agriculture and Rural Development) വ്യവസായം തുടങ്ങുന്നതിന് പലിശയില്ലാത്ത ലോണുകൾപോലും ഈ സ്ഥാപനങ്ങൾ നൽകുന്നുണ്ട്.

10. **വ്യവസായിക പ്രസിദ്ധീകരണങ്ങൾ** – വ്യവസായ കേരളം പോലുള്ള പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുകയും വീടുകളിൽ വരുത്താൻ പ്രേരിപ്പിക്കുകയും ചെയ്യണം.

11. **മോണിട്ടറിംഗ് സംവിധാനം** – പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങളുടെ പ്രവർത്തനത്തെയും പുരോഗതിയേയും വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ യഥാസമയം നൽകുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തിയെടുക്കണം.

മേൽപ്പറഞ്ഞ നർദേശങ്ങളും അഭിപ്രായങ്ങളും വിശദമായി ചർച്ച ചെയ്തു മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും സാധിക്കും എന്നതിൽ രണ്ടുപക്ഷത്തിനവകാശമില്ല.





# ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

ഗതാഗത സൗകര്യങ്ങൾ ഒരു പ്രദേശത്തിന്റെ വികസനത്തിൽ നിർണായക പങ്കാണ് വഹിക്കുന്നത്. സാമ്പത്തിക വികാസം കൂടാതെ ഗതാഗതം വികസിപ്പിക്കാനോ ഗതാഗത വികസനം കൂടാതെ സാമ്പത്തിക വികാസം ഉറപ്പാക്കാനോ കഴിയില്ല. കാർഷിക വ്യാവസായിക മേഖലകളെ സംബന്ധിച്ചിടത്തോളം ഗതാഗതം ഒരു പശ്ചാത്തല സൗകര്യമാണ്. എന്നാൽ ഇന്ന് അത്തരത്തിലല്ല ഈ മേഖലയെ കാണുന്നത്. റോഡിനുവേണ്ടിയുള്ള ആവശ്യമുയരുന്നത് ഒരു ജീവിത സൗകര്യമെന്ന നിലയിലാണ്. സമ്പത്തുൽപാദനത്തിന്റെ പിൻബലമില്ലാതെയുള്ള ഈ പ്രവണത ഗതാഗതം വികസിപ്പിക്കുക എന്നത് സർക്കാരിന്റെ ഒരു ബാധ്യതയായി കാണുന്ന സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. ഗതാഗത വികസനം ഒരു ബാധ്യതയല്ല, മറിച്ചു നേട്ടമായി കാണാൻ കഴിയണമെങ്കിൽ സമ്പത്തുൽപാദനവുമായി ബന്ധപ്പെടുത്തി അതിനെ വിലയിരുത്തണം.

എറണാകുളം കോട്ടയം റെയിൽവേ ലൈൻ നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കുരീക്കാട് റെയിൽവേ ഹാൾട്ട് ഈ പഞ്ചായത്തിലാണ്. രാവിലെയും വൈകുന്നേരവും അങ്ങോട്ടുമിങ്ങോട്ടും ഓരോ പാസഞ്ചർ ട്രെയിൻ മാത്രമാണിവിടെ നിർത്തുന്നത്. അതുകൊണ്ടുതന്നെ ഈ സേവനം ഉപയോഗിക്കുന്നവർ കുറവാണ്. 3 റെയിൽവെ ഗേറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കുരീക്കാട് റെയിൽവെ ഗേറ്റ് റോഡ് ഗതാഗതത്തിന് വലിയൊരു തടസമായി തീർന്നിട്ടുണ്ട്.

## റോഡ് ഗതാഗതം

**റോഡ് ഗതാഗതത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് മെച്ചപ്പെട്ട സ്ഥിതിയിലാണ്.**

| | |
|---|---|
| പഞ്ചായത്തിന്റെ വിസ്തീർണം | 12.68 ച.കി.മീ. |
| റോഡുകളുടെ വിസ്തീർണം | 41 ഹെക്ടർ |
| ആകെ റോഡുകൾ | 81 |
| ടാർ ചെയ്തവ | 16 |
| ചെമ്മൺ പാതകൾ | 65 |
| റോഡുകളുടെ ആകെ നീളം | 53.32 |
| ടാർചെയ്ത റോഡുകളുടെ നീളം | 15.06 |
| ടാർചെയ്യാത്ത റോഡുകളുടെ നീളം | 38.32 |

സംസ്ഥാന റോഡ് ശരാശരി ഒരുചതുരശ്ര കിലോമീറ്ററിന് 3.2 കി. മീറ്റർ ഗതാഗതയോഗ്യമായ റോഡാണ്. നമ്മുടെ പഞ്ചായത്തിൽ അത് 4.2 ആണ്. പക്ഷേ, റോഡുകളുടെ പൊതുസ്ഥിതിയെടുത്താൽ വീതികുറവും ഓടകളില്ലാത്തതും വെള്ളക്കെട്ടുണ്ടാകുന്നതുമൂലം വേഗത്തിൽ പൊട്ടിപൊളിഞ്ഞു കേടുവരുന്നതുമാണെന്നു കാണാം. റോഡിനു വേണ്ടി ആവശ്യം കൂടുതലായി ഉയരുന്നുണ്ടെങ്കിലും ആവശ്യമായ വീതിക്കും ഓടക്കും കലുങ്കിനും സ്ഥലം വിട്ടുകൊടുക്കാൻ തയാറാകാത്തതുമൂലം റോഡുകളുടെ വികസനം തടസപ്പെടുകയും റോഡുകൾ പൊട്ടിപ്പോളിഞ്ഞുപോകാൻ ഇടയാകുകയും ചെയ്യുന്നു. തന്മൂലം അറ്റകുറ്റപ്പണികൾക്ക് അമിതമായ ചെലവാണുണ്ടാകുന്നത്. ഈ പ്രശ്നത്തിനു പരിഹാരം ജനപങ്കാളിത്തത്തോടെ റോഡുകൾ സ്ഥായിയായി നില്ക്കത്തക്കവിധത്തിൽ ആസൂത്രണം ചെയ്യുകയെന്നതാണ്. അനാവശ്യമകായ റിപ്പയർ ചെലവുകൾ ഒഴിവാക്കി കൂടുതൽ മെച്ചപ്പെട്ട കൂടുതൽ റോഡുകൾ ഉണ്ടാക്കാൻ ആ പണം ഉപയോഗിക്കാൻ നമുക്കു കഴിയണം.

ചോറ്റാനിക്കര ക്ഷേത്രദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് സൗകര്യം ചെയ്യാൻപോലും സ്ഥല പരിമിതി മൂലം കഴിയുന്നില്ല. ഭൂമിയുടെ വിലക്കയറ്റവും പ്രശ്നമാണ്. പുറമ്പോക്കു ഭൂമിയുള്ളവ കയ്യേറുന്നതും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ചോറ്റാനിക്കരയിൽ ഒരു ബസ് സ്റ്റാൻഡ് ആവശ്യം ആവശ്യമായിക്കഴിഞ്ഞിരിക്കുന്നു.

## ഗ്രാമസഭാ ചർച്ചകൾ

റോഡുകളുടെ വിശദമായ വിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്. ഓരോ റോഡിനും ഒരു കോഡ് നമ്പർ ഇടണം. ആദ്യത്തെ രണ്ടക്കം പഞ്ചായത്തിൽ മൊത്തത്തിലുള്ളതോ, വാർഡിൽ മാത്രമുള്ളതോ എന്ന് സൂചിപ്പിക്കുന്നതും മൂന്നും നാലും അക്കങ്ങൾ അതിന്റെ മുൻഗണന സൂചിപ്പിക്കുന്നതും മൂന്നും നാലും അക്കങ്ങൾ അതിന്റെ മുൻഗണന സൂചിപ്പിക്കുന്നതുമാകാം. 00 പഞ്ചായത്തും 01to 09 വാർഡുകളും ഓട, കലുങ്ക്, നിലവിലുള്ള സ്ഥിതി, ഉയർന്നു വന്നിട്ടുള്ള ആവശ്യം തുടങ്ങിയ പട്ടികയിൽ ഉൾക്കൊള്ളിക്കണം. വികസന സെമിനാറിൽ തന്നെ ഈ പട്ടിക പൂർണമാക്കാൻ ശ്രമിക്കണം. സാധ്യമല്ലെങ്കിൽ റോഡ് സർവെ നടത്തി ഈ പട്ടിക പൂർണമാക്കാവുന്നതാണ്.

## പുതിയ റോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയും മേൽപറഞ്ഞ പ്രകാരം പട്ടികയാക്കിയിരിക്കുന്നു.

## റോഡുകളുയർത്തുന്ന പരിസ്ഥിതി പ്രശ്നം

റോഡുകൾ നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെന്നതു ശരി. പക്ഷേ, അവ നിരവധി പരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമായി. വനവൽക്കരണത്തിന്റെ ഭാഗമായി പറമ്പുകളുടെ അരികിൽ വളർത്തിയിരുന്ന മരങ്ങൾ മുറിച്ചുമാറ്റിയാണ്. ഇടവഴികൾക്ക് വീതികൂട്ടി റോഡാക്കുന്നത്. പകരം മരം പിടിപ്പിക്കുന്നുമില്ല. കാരണം അതിനുള്ള വീതി റോഡിനു വിടുന്നില്ല. ഗുരുതരമായ മണ്ണൊലിപ്പിന് കാരണമാണിത്.

വെള്ളക്കെട്ട് സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലുമുള്ള ഇടവഴികൾ വർഷകാലത്ത് അധികമുള്ള മഴവെള്ളം പാടശേഖരങ്ങളിലേക്ക് ഒഴുകിപ്പോകുന്നതിന് സഹായകമായിരുന്നു. അവ റോഡായിമാറുന്നതോടെ റോഡുകളിൽ തന്നെ വെള്ളക്കെട്ടുണ്ടാവുകയും ഗതാഗതം മുടങ്ങുകയും പൊട്ടിപൊളിഞ്ഞ് പോവുകയും ചെയ്യുന്നു. തോടും ഓടയും നിർമ്മിക്കുന്നതിനോ അതിനായി സ്ഥലം വിടുന്നതിനോ തയ്യാറാകതെ ഈ പ്രശ്നത്തിന് പരിഹാരം കാണാനും കഴിയില്ല.

## റോഡ് വികസനം

നിലവിലുള്ള റോഡുകൾ കേടുപാടു തീർത്ത് നന്നാക്കുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഫണ്ട് കണ്ടെത്താൻ പഞ്ചായത്തിന് കഴിയില്ല. അത്രയേറെയാണവ. പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കികൊണ്ടുവേണം റോഡുണ്ടാക്കാൻ. തോടുംകുളവും നികത്തി റോഡുണ്ടാക്കുന്നത് പ്രകൃതിവിരുദ്ധമാണ്. പരിസ്ഥിതി പ്രശ്നം ഒഴിവാക്കി റോഡുണ്ടാക്കത്തക്കവണ്ണം ആവശ്യമായത്ര സ്ഥലം നാട്ടുകാർ വിട്ടുകൊടുത്താൽമാത്രമേ റോഡുനിർമാണം സാധ്യമാവൂ.

## വിഭവസമാഹരണം

അതുപോലെതന്നെ നിലവിലുള്ളവ നന്നാക്കുന്നതിനും പുതിയതുണ്ടാക്കുന്നതിനും പഞ്ചായത്തിന് സമാഹരിക്കാൻ കഴിയുന്ന പണം കൂടാതെ സന്നദ്ധപ്രവർത്തനത്തിലൂടെ സംഭാവനകളിലൂടെയും വിഭവം കണ്ടെത്തിയാൽ വളരെയേറെ പുരോഗതി ഇക്കാര്യത്തിലുണ്ടാക്കാൻ കഴിയും.

## സന്നദ്ധസേവനം

റോഡുണ്ടാക്കുന്നതിന് മാത്രമല്ല, അവ നിലനിർത്തുന്നതിനും സന്നദ്ധ സേവനം കൂടിയേ തീരൂ. റോഡിനോടൊപ്പം ഉണ്ടാക്കുന്ന ഓടകൾ കലുങ്കുകൾ തുടങ്ങിയവ പ്രവർത്തനക്ഷമമായി നിലനിന്നാൽ മാത്രമേ റോഡുകളും നിലനിൽക്കുകയുള്ളൂ.

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ പേര് | ദൂരം മീറ്റർ | വീതി മീറ്റർ | തരം | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1 | | കടുങ്ങമംഗലം – ബ്ലാക്കേരി | 1600 | 5 | ടാർ | പാലംപണിത് തൃപ്പൂണിത്തുറയു മായി ബന്ധിപ്പിക്കണം |
| 2 | 2 | | കോട്ടയത്തുപാറ-നമ്പൂരിശൻമല | 600 | 5 | ടാർ | |
| 3 | 1 | | കോട്ടുപറമ്പ്-നമ്പൂരിശൻമല | 400 | 4 | ടാർ | |
| 4 | 1 | | കോട്ടുപറമ്പ്-ഞാളിയത്ത്മ്യാല് | 1000 | 3.5 | മണ്ണ് | ഗതാഗതയോഗ്യ മാക്കണം – ടാറിടണം |
| 5 | 1 | | അത്താപ്പിള്ളിൽ-മാളികത്താഴം | 400 | 3 | മണ്ണ് | ” |
| 6 | 1 | | കോട്ടയത്ത്പാറ-ചുഴത്തിൽ | 320 | 4/3.5 | മണ്ണ് | ഗതാഗതയോഗ്യ മാക്കണം |
| 7 | 1 | | കടുങ്ങമംഗലം റെയിൽവേ ലയിൻ സ്കൂളിനു പടിഞ്ഞാറുവശം | 100 | – | മണ്ണ് | |
| 8 | 1 | | കടുങ്ങമംഗലം-താത്തനാട്ട് എക്സ്റ്റൻഷൻ | 800 | 4 | മണ്ണ് | |
| 9 | 1 | | പുന്നച്ചാലിൽ-പാലത്തിങ്കൽ | 450 | 4 | മണ്ണ് | |
| 10 | 1 | | കുരീക്കാട്-നമ്പൂരിശൻമല | 600 | 4 | മണ്ണ് | ടാറിടണം |
| 11 | 1 | | നമ്പൂരിശൻമല-കോലപ്പിള്ളിത്താഴം | 100 | 4 | മണ്ണ് | ടാറിടണം |
| 1 | 2 | | കുരിക്കാട്-കോട്ടയത്തുപാറ | 600 | 5 | ടാർ | വീതികൂട്ടി ഓട തീർത്ത് നന്നാക്കണം |
| | 2 | | ചന്തപ്പറമ്പ്-കുരിക്കാട് കോളനി | 260 | 3 | ടാർ | |
| | 2 | | കുരിക്കാട്-തുപ്പാപടി | 5000 | 4/8 | ടാർ | നന്നാക്കണം |
| | 2 | | വിജയരാഘവകുളം-റെയിൽവേ പ്ലാറ്റ് ഫോം | 100 | 4 | മണ്ണ് | കലിങ്ക് കെട്ടി ടാറിടണം |
| | 2 | | കുരിക്കാട്-കുപ്പശേരിപ്പാടം | 1200 | 4 | മണ്ണ് | ടാർ ചെയ്യണം |
| | 2 | | കുരിക്കാട്-കണ്ടങ്കാവ് | 250 | 3 | മണ്ണ് | ടാർചെയ്യണം പോസ്റ്റ് മാറ്റണം |
| | 2 | | ചന്തപ്പറമ്പ്-കണിച്ചിറ | 600 | 4 | ടാർ | |
| | | | അഗസ്ത്യനഗർ-കണിയാവിള്ളി | 900 | 4 | മണ്ണ് | ടാർ ചെയ്യണം കലിങ്ക് വേണം ഓടവേണം |
| | 2 | | കുരിക്കാട്-മാളിയേക്കൽ | 160 | 4 | മണ്ണ് | ടാറിടണം |
| | 2 | | കുരിക്കാട്-നാതേരി | 450 | 3 | മണ്ണ് | ടാറിടണം |
| | 3 | | അമ്പാടിമല-പള്ളിമല | 800 | 5/6 | ടാർ | 100 മീറ്റർ ടാറിടണം |
| | 3 | | കടുങ്ങഗലം-തുരുത്തിപ്പിള്ളിമല | 350 | -- | മണ്ണ് | ടാറിടണം |
| | 3 | | പള്ളിമല-അടിയായ്ക്കൽപാടം | 650 | 4 | മണ്ണ് | ടാറിടണം |
| | 3 | | ചോറ്റാനിക്കര- തറക്കണ്ടം | 450 | 4 | മണ്ണ് | ടാറിടണം |
| | 3 | | അമ്പാടിമല-ഇടപ്പാട്ട് റോഡ് | 200 | 4 | മണ്ണ് | ടാറിടണം |
| | 3 | | അമ്പാടിമല-പള്ളിമല | 800 | 5/6 | ടാർ | 100 മീ. മണ്ണ് |
| | 3 | | കടുങ്ങമംഗലം-തുരുത്തിപ്പള്ളിമല | 350 | -- | മണ്ണ് | ടാറിടണം |
| | 3 | | പള്ളിമല-അടിയക്കൽപാടം | 650 | 4 | ” | ടാറിടണം |
| | 3 | | ചോറ്റാനിക്കര-തർക്കണ്ടം | 450 | 4 | ” | ടാറിടണം |
| | 3 | | ചോറ്റാനിക്കര പമ്പ് ഹൗസ്-ചേപ്പനാംപുഞ്ച | 70 | 4 | ” | |
| | 3 | | ചോറ്റാനിക്കര-അടിയാക്കൽ | 620 | 4 | ” | |
| | 3 | | കണിച്ചിറ-പള്ളിമല | 100 | 4 | ” | |
| | 3 | | പള്ളിമല-ഹൗസ് സെറ്റ് കോളനി | 100 | 4 | ” | |
| | 3 | | ഓണേരി-അടിയാക്കൽ | 700 | 4 | ” | |
| | 3 | | ചോറ്റാനിക്കര-പുത്തൻകുരിശ് (MLA Rd) | 1200 | – | ടാർ | |

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ പേര് | ദൂരം മീറ്റർ | വീതി മീറ്റർ | തരം | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|
| | 3/6/7 | | നടക്കൽത്തൊണ്ട്-തെക്കിനേത്ത് നിരപ്പ് കരിവേലിപ്പടി | 1600 | 6 | ടാർ/ മണ്ണ് | |
| | 3 | | പൂഞ്ചേരിത്താഴം-മുഖപ്പാട്ട് റോഡ് അമ്പാടിമല | | | മണ്ണ് | ടാറിടണം |
| | 3 | | ഹോമിയോ കോളജ് റോഡ് | 450 | 5/6 | ,, | ,, |
| | 4 | | ചോറ്റാനിക്കര-കുരീക്കാട് മഞ്ചക്കാട് സെന്റ് മേരീസ് ചർച്ച് | 1600 | 5 | ,, | |
| | 4 | | ചോറ്റാനിക്കര-കണ്ണാംചിറപ്പാട്ട് | 200 | 3 | ,, | |
| | 4 | | എസ്.എൻ.ഡി.പി.-കണിച്ചിറ | 500 | 3.5 | ,, | ടാറിടണം |
| | 4/5 | | ചോറ്റാനിക്കര-വെള്ളാംകുഴിച്ചിറ | 550 | 4 | ,, | |
| | 4 | | കണിച്ചിറ കോളനി-ഉദയകവല | 720 | 4 | ടാർ | |
| | 4 | | ഗാന്ധിനഗർ റോഡ് | 300 | 4 | മണ്ണ് | |
| | 5 | | എരുവേലി-തണ്ണാച്ചിറ -വട്ടക്കുന്ന് | 1150 | 3.5/ 4.5 | ടാർ | 500 മീറ്റർ ടാറിടണം |
| | 5/7 | | എരുവേലി-പാലസ് കവല | 650 | 6 | ,, | |
| | 5 | | തണ്ണാച്ചിറ-ചൂരവേലി | 200 | 3.5 | മണ്ണ് | |
| | 5 | | എരുവേലി-തട്ടേമല | 500 | 3.5 | ,, | |
| | 5 | | വെള്ളാംകുഴിച്ചിറ-പൂച്ചക്കുഴി | 400 | 4 | ,, | |
| | 5 | | വട്ടപ്പറമ്പ്-കുപ്പശേരിപ്പാടം | 550 | 4 | ,, | |
| | 5 | | ചോറ്റാനിക്കര-പൂച്ചക്കുഴി | 500 | 3.5 | ,, | സഞ്ചാരയോഗ്യമാക്കി ടാറിടണം |
| | 5 | | എരുവേലി-കുരിക്കാട് റോഡിൽ പൂച്ചക്കിഴിയിലേക്ക് തിരിയുന്ന റോഡ് | | | ,, | ടാറിടണം |
| | 6 | | എരുവേലി-പോളക്കുളം (സ്വതന്ത്ര) | 500 | 4 | മണ്ണ് | |
| | 6 | | ചോറ്റാനിക്കര-പള്ളിപ്പുറം പുഞ്ച | 550 | 4 | ,, | |
| | 6 | | ചോറ്റാനിക്കര-കോളനി റൗണ്ട് റോഡ് | 1000 | 4 | ,, | |
| | 6 | | എമ്പ്രാൻമാറം റോഡ് | 200 | 3.5 | ,, | ടാറിടണം |
| | 6 | | വടക്കാങ്കര റോഡ് | 400 | 3.5 | ,, | |
| | 6 | | കരുവേലിപ്പടി-വലിയകുളം | 350 | 3.5 | ,, | |
| | 6 | | തെക്കിനേത്ത് നിരപ്പ്-വലിയകുളങ്ങര | 600 | 6 | ,, | |
| | 6/8 | | ചോറ്റാനിക്കര-ബലിക്കുളം | 5100 | 5 | ടാർ | 900 മീ. ടാറിടണം |
| | 7 | | കണയനൂർ-PHC | 100 | 4 | മണ്ണ് | |
| | 7 | | കോലത്ത്-മാളിയേക്കൽ റോഡ് | 75 | 4 | ,, | |
| | 7 | | നാഗപ്പാടി കോളനി-കണയന്നൂർപാടം | 350 | 6 | ,, | |
| | 7/9 | | കണയന്നൂർ പാലസ്-തലക്കോട്പാടം | 400 | 3.5 | ,, | |
| | 7 | | പാലസ്കവല-കണയന്നൂർപാടം | 600 | 5 | ,, | |
| | 7 | | കരുവേലിപ്പടി-കണയന്നൂർപാടം | 500 | 3 | ,, | |
| | 7 | | പൈനിങ്കൽപാറ-കണയന്നൂർപാടം | 550 | 3 | ,, | |
| | 7 | | കനാൽ ഇൻസ്പെക്ഷൻ റോഡ് (ട്രാൻസ്ഫോർമർ മുതൽ) | 400 | 3 | ,, | |
| | 7 | | പാലസ് കവല-പൈനിങ്കൽപാറ | 750 | 5 | ടാർ | |
| | 7 | | മാർക്കറ്റ് റോഡ് | 20 | 5 | മണ്ണ് | |
| | 7 | | ഇഞ്ചിമല-കുന്നപ്പിള്ളിച്ചിറ | 50 | 5 | ,, | |
| | 7 | | നാഗപ്പാടി കോളനി റോഡ് | 50 | 3 | ,, | ടാർ ചെയ്യണം |
| | 7 | | നാഗപ്പാടി-പാലസ് സ്ക്വയർ | | | ,, | ,, |

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ പേര് | ദൂരം മീറ്റർ | വീതി മീറ്റർ | തരം | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|
| | 8 | | കൊരണ്ടിപ്പിള്ളി റോഡ് | 300 | 4 | മണ്ണ് | |
| | 8 | | ഒതളങ്കുഴി-ഉപ്പുടാംമല | 625 | 4 | " | |
| | 8 | | കൊണ്ടിപ്പിള്ളി റോഡ് (Extn) | 50 | 4 | " | |
| | 8 | | തെക്കിനേത്ത് നിരപ്പ്-കിഴക്കേപാടം | 400 | 4/6 | " | |
| | 8 | | തലക്കോട് (ITC)-പടിഞ്ഞാറ് | | | | |
| | | | കനാൽബണ്ട് റോഡ് | 1000 | 5 | " | |
| | 8 | | കത്തനാരുചിറ-കന്യാട്ടുനിരപ്പ് | 2000 | 5 | " | |
| | 8 | | തലക്കോട്പാടം-കിടങ്ങയം | 600 | 6 | " | |
| | 8 | | ഒതളാകുഴി-OEN | 1000 | 3 | " | |
| | 8 | | കിടങ്ങയം-ഫാംബണ്ട് റോഡ് | 1000 | 4 | " | |
| | 8 | | ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് | 300 | 4 | " | |
| | 9 | | തുപ്പാംപടി-കരിയത്തുതാഴം | 1000 | 3.5 | " | |
| | 9 | | OEN കവല-തലക്കോട്പാടം | 600 | 4 | " | |
| | 9 | | തലക്കോട്-OEN റോഡ് | 650 | 4 | " | ടാർ ചെയ്യണം |
| | 9 | | തലക്കോട് കോളനി-കണയന്നൂർപാടം | 1000 | 3.5 | " | |
| | 9 | | തലക്കോട് സ്കൂൾ റോഡ് | 450 | 2 | " | സഞ്ചാരയോഗ്യമാക്കണം |
| | 9 | | തലക്കോട് കോളനി-കിഴക്കേപാടം | 550 | 4 | " | |
| | 9 | | തലക്കോട് കോളനി-വടക്കേറോഡ് | 600 | 4 | ടാർ | 200 മീ. ടാറിടണം |
| | 9 | | മൂലേത്തൊണ്ട് റോഡ് | 200 | 4 | മണ്ണ് | |
| | 9 | | എരുവേലി-അയ്യങ്കുഴിറോഡ് | 1000 | 4/5 | " | |
| | 9 | | പൈനിങ്കൽ-കട്ടിക്കാരൻ റോഡ് | 500 | 3 | " | |
| | 9 | | തേവനാൽപള്ളി റോഡ് | 500 | 3 | " | |

റോഡിലുണ്ടാകുന്ന കുഴികളിൽ വെള്ളം കെട്ടിനിന്ന് മണ്ണിളകി കുഴിവലുതായി ഗതാഗതം മുടങ്ങുന്നു. കെട്ടിനിൽക്കുന്ന വെള്ളം ഒന്നൊഴുക്കിക്കളഞ്ഞാൽ കുഴിവലുതാകാതെ സൂക്ഷിക്കാം. ഇത്തരത്തിൽ ഓടകളും കലുങ്കുകളും റോഡുകളും പ്രവർത്തനക്ഷമമായി നിലനിർത്താൻ അതാതു പ്രദേശത്തുള്ളവരുടെ ചെറിയൊരു ഇടപെടലുണ്ടായാൽ മതി. ഇത്തരം കേടുപാടുകളോ തടസങ്ങളോ കാണുമ്പോൾ തന്നെ ആർക്കും ചെയ്യാവുന്നതാണത്. ഇത്തരം പ്രവൃത്തികൾ അയൽക്കൂട്ടങ്ങളെ ഏല്പിക്കാവുന്നതാണ്.

## റോഡ് ഗതാഗത വികസനം

ഗതാഗത വികസനത്തിനുള്ള പ്രശ്നങ്ങൾ ഇടുങ്ങിയ റോഡുകൾ അവയിൽ നില്ക്കുന്ന വിളക്കുകാലുകൾ, നടപ്പാതകളില്ലായ്ക, റോഡിലേക്കു കയറ്റി പീടികകളും വീടുകളും വെയ്ക്കുന്നത്, വളവുകൾ തുടങ്ങി റോഡിന് വീതിയില്ലാത്തതു മൂലം മുണ്ടാകുന്നവയാണ്. ഇതിനെല്ലാം പരിഹാരം കാണാൻ ജനകീയ ഇടപെടലാണ് ഏറ്റവും എളുപ്പമാർഗം. തല്ക്കാലം കുരീക്കാട് റെയിൽവേ ഗേറ്റിന്റെ ഗ്രേഡ് ഉയർത്തുക ക്രമേണ ഓവർ ബ്രിഡ്ജ് പണിയുക എന്നിവയും ഈ പ്രദേശത്തെ റോഡ് ഗതാഗതം സുഗമമാക്കാൻ അത്യാവശ്യമാണ്.

**വെയിറ്റിംഗ് ഷെഡ് വേണ്ട സ്ഥലങ്ങൾ**

ചോറ്റാനിക്കര, ചോറ്റാനിക്കര ആശുപത്രിപടി, എരുവേലി, വട്ടുക്കുന്ന്, അഗസ്ത്യനഗർ, കുരീക്കാട്, കോട്ടയത്തുപ്പാറ, അമ്പാടിമല

## ചോറ്റാനിക്കര ബസ് സ്റ്റാന്റ്

ചോറ്റാനിക്കര ബസ് സ്റ്റാന്റ് ഉടൻ പണിയേണ്ടതാണ്. റീസർവെ 249ൽ (പഴയ സർവെ നമ്പർ 106/2 & 106/3) 88 സെന്റ് പുറമ്പോക്കു സ്ഥലമുള്ളത് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ബസ് സ്റ്റാന്റിന് സ്ഥലം കണ്ടെത്താവുന്നതാണ്.

## ബസ് സൗകര്യം ഇല്ലാത്ത റൂട്ടുകൾ

കുരീക്കാട് – എരുവേലി, എരുവേലി–പൂത്തൻകുരിശ് റോഡുകളിലൂടെ ബസ് സർവീസ് അത്യാവശ്യമാണ്. രാത്രികാലത്ത് ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ ഇന്നില്ല. പുനരാരംഭിക്കണം.

## പൊതുനിർദ്ദേശങ്ങൾ

### റെയിൽവെ

1. കുരീക്കാട് സ്റ്റേഷന്റെ പേര് 'ചോറ്റാനിക്കര ടെമ്പിൾ റോഡ്' എന്നാക്കുക.
2. റെയിൽവെ സ്റ്റേഷൻ പ്ലാറ്റ്ഫോം ഉയരം കൂട്ടുക.
3. എല്ലാ പാസഞ്ചർ വണ്ടികളും ഇവിടെ നിർത്തുമെന്ന് ഉറപ്പാക്കുക.
4. റെയിൽവെ ഗേറ്റിന്റെ ഗ്രേഡ് ഉടൻ ഉയർത്തുക, ഓവർ ബ്രിഡ്ജ് നിർമാണം ആരംഭിക്കുക.

### റോഡ്

1. റോഡിന്റെ അറ്റകുറ്റപ്പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഉടൻ ചെയ്യുക.
2. ടാറിടാത്ത റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ ടാറിടുക.
3. ഓടകളും കലുങ്കുകളും ആവശ്യമനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ നിർമ്മിക്കുക.
4. റോഡിൽ ഇറങ്ങിനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് ഗതാഗതയോഗ്യമാക്കുക.

# പുതിയതായി ഉണ്ടാക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ വിവരണം | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| | 2 | | കോട്ടയത്തുപാറ കവലക്ക് 50 മീറ്റർ കിഴക്ക് തെക്കോട്ടുള്ള റോഡ് | സഞ്ചാരയോഗ്യമാക്കണം |
| | 2 | | കുരീക്കാട് ഷാപ്പിന് വടക്ക് ഉദയാക്കവലക്കുള്ള നടപ്പാത | ---------”--------- |
| | 2 | | കാറ്റാടിക്കവല-ചൂഴത്തിപ്പാടം | ---------”--------- |
| | 2 | | അമ്പാടിമല കോളനി മുതൽ പടിഞ്ഞാറ് റോഡുവരെയുള്ള നടപ്പാത | ---------”--------- |
| | 3 | | പള്ളിത്താഴം-ഇടപ്പാട്ടുതാഴം | ---------”--------- |
| | 3 | | വിജയാനന്ദഫാർമസിക്ക് തെക്കുനിന്ന് കിഴക്കോട്ടുള്ള ഇടവഴി | ---------”--------- |
| | 3 | | ഹോമിയോ കോളജ് മുതൽ MLA റോഡുവരെയുള്ള നടപ്പാത | ---------”--------- |
| | 3 | | കടുങ്ങമംഗലം-മേപ്പാട്ട്പാടം | ---------”--------- |
| | 3 | | അമ്പാടിമല കവലയിൽ നിന്ന് 100 മീറ്റർ കിഴക്ക് ഓണേരി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | ---------”--------- |
| | 3 | | ലൗലാന്റ് ടൂറിസ്റ്റ് ഹോമിന് അരികിൽകൂടി പാടംവരെയുള്ള റോഡ് | ---------”--------- |
| | 4 | | നാറാണത്തുകുഴിപാടത്തുനിന്നുള്ള ഇടവഴിമഞ്ചക്കാട് ചോറ്റാനിക്കര റോഡുവരെ. | ---------”--------- |
| | 4 | | ഗാന്ധിനഗർ-ചൂഴത്തിൽപാടം | ---------”--------- |
| | 4 | | സെന്റ് ജോർജ് പള്ളി-ഗാന്ധിനഗർ | ---------”--------- |
| | 5 | | ജനതാ റോഡ് മാർക്കറ്റ് ഇടവഴി | ---------”--------- |
| | 5 | | ആശുപത്രിക്ക് 200 മീറ്റർ തെക്ക് പടിഞ്ഞാറോട്ടുള്ള നടപ്പാത | ---------”--------- |
| | 5 | | പാലസ് സ്ക്വയർ സെറ്റിൽമെന്റ് കോളനിക്കു തെക്ക് | ---------”--------- |
| | 5 | | കട്ടേമ്മല റോഡിൽനിന്നും തെക്കോട്ടുള്ള ഇടവഴി | ---------”--------- |
| | 6 | | മഹാത്മാ വായനശാലയ്ക്ക് പടിഞ്ഞാറ് ഇടവഴി | ---------”--------- |
| | 6 | | കീഴ്ക്കാവ് ക്ഷേത്രത്തിന് കിഴക്കുള്ള ഇടവഴി | ---------”--------- |
| | 6 | | മങ്ങാട്ട് എമ്പ്രാൻമഠം റോഡും നെടുമ്പിള്ളി റോഡും കൂട്ടിമുട്ടിക്കുക (പാടം നികത്തണം) | ---------”--------- |
| | 7 | | പള്ളിപ്പുറം പുഞ്ചറോഡ് തെക്കിനേത്ത് നിരപ്പ് | ---------”--------- |
| | 7 | | പെരുമ്പിള്ളി-കാരോട്ടുറോഡ് പടിഞ്ഞാറുഭാഗം | ---------”--------- |
| | 7 | | പാലസ് സ്ക്വയർ റോഡിൽ നിന്നുള്ള ഇടവഴി | ---------”--------- |
| | 8 | | കിടങ്ങയം-തലക്കോട് ഇടവഴി | ---------”--------- |
| | 8 | | തലക്കോട് ഭാഗത്തുള്ള പാടത്ത്കൂടി റോഡുണ്ടാക്കി 8-ാം വാർഡിന്റെ രണ്ടുഭാഗങ്ങൾ ബന്ധിപ്പിക്കണം | ---------”--------- |
| | 8 | | മഹാത്മാഗാന്ധി തീയറ്റേഴ്സിന്റെ വടക്കുനിന്ന് കിഴക്കോട്ടുള്ള ഇടവഴി | ---------”--------- |
| | 8 | | തലക്കോട് സ്കൂളിന്റെ കിഴക്കുള്ള പാടത്തുകൂടി റോഡ് | ഗതാഗത സൗകര്യമുണ്ടാക്കണം |
| | 8 | | തലക്കോട് സ്കൂളിന്റെ താഴെകൂടി പോകുന്ന റോഡ് OEN റോഡുമായി ബന്ധിപ്പിക്കുക | ---------”--------- |
| | 9 | | തലക്കോട് കോളനിക്കകത്ത് വടക്കോട്ട് - 1.5 മീറ്റർ വീതിയുള്ള വഴി | സഞ്ചാരയോഗ്യമാക്കണം |
| | 9 | | കണയന്നൂർ അമ്പലം-മഞ്ഞപ്ര ബണ്ടുകെട്ടി റോഡുണ്ടാക്കുക | ഗതാഗത സൗകര്യമുണ്ടാക്കണം |
| | 9 | | കണയന്നൂർ അമ്പലം-മഞ്ഞപ്ര ബണ്ട്റോഡ് മൂലേത്തൊണ്ട് റോഡിലേക്ക് മുട്ടിക്കുക | ---------”--------- |
| | 9 | | കാരിക്കോട് റോഡിനുവടക്ക് മഞ്ഞപ്രക്കുള്ള ഇടത്തൊണ്ട് നടപ്പാതയാക്കുക | ---------”--------- |

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ വിവരണം | നിർദ്ദേശങ്ങൾ |
|---|---|---|---|---|
| | 9 | | തലക്കോട് കുരിശിന്റെ താഴെക്കൂടിപടിഞ്ഞാറോട്ടുള്ള വഴി | ---------"--------- |
| | 9 | | കനാൽറോഡ് കണയന്നൂർ ശാസ്താ റോഡിലേക്ക് മുട്ടിക്കുക | ---------"--------- |
| | 9 | | തലക്കോട് സ്കൂൾ ഓഡിറ്റോറിയത്തിന്റെ തെക്കുനിന്ന് വിശ്വകർമ്മ കോളനികൂടി തലക്കോട് OEN റോഡിലേക്കുള്ള തോണ്ട് | റോഡാക്കണം |
| | 9 | | കരിക്കയം–തലക്കോട് ഫാം ബണ്ട്റോഡ് | സഞ്ചാരയോഗ്യമാക്കണം |

## ഊർജം

ഊർജമെന്ന് കേട്ടാൽ നമ്മുടെ മനസിലേക്ക് ആദ്യം വരുന്നത് വൈദ്യുതിയാണ്. ആഗോള തല ഉപയോഗത്തിൽ വൈദ്യുതോർജം ചെറിയൊരു ശതമാനമേ വരൂ. ഊർജത്തെ വാണിജ്യ ഇന്ധനമെന്നും വാണിജ്യേതര ഇന്ധനമെന്നും രണ്ടായി തരംതിരിക്കുന്നു. പെട്രോൾ, കൽക്കരി, ഗ്യാസ് എന്നിവ ആദ്യവിഭാഗത്തിലും വിറക്, ചാണകം എന്നിവ രണ്ടാം വിഭാഗത്തിലും പെടുന്നു. ഇന്ത്യയിൽ 43% വാണിജ്യ ഇന്ധനവും 57% വാണിജ്യേതര ഇന്ധനവുമാണ്. നമ്മുടെ പ്രതിദിന ഗാർഹിക ഊർജ്ജ ഉപയോഗം 3608 കിലോ കലോറിയാണ്. അതിൽ 3274 കിലോ കലോറി പാചകത്തിനായി മാത്രം ഉപയോഗിക്കുന്നു. ഇത് ആകെ ഊർജ ഉപയോഗത്തിന്റെ 91% ആണ്. ഇതിൽ തന്നെ 92% പൂർണ്ണമായും ഭാഗികമായു വിറകടുപ്പുകൾ ഉപയോഗിക്കുന്നു. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുത ഹീറ്റർ എന്നിവയും ചേർത്താണ് നമ്മുടെ ഏറ്റവും വലിയ ഈ ഊർജാവശ്യം നിറവേറുന്നത്. കൂടാതെ ഗോബർ ഗ്യാസ് പല ഏജൻസികളുടെ സഹായത്താൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പകുതിയോളം ഉപയോഗപ്പെടുന്നില്ല.

## വൈദ്യുതി

ചോറ്റാനിക്കര പഞ്ചായത്ത് ഒന്നുമുതൽ ഒമ്പതുവരെ വാർഡുകളിൽ അഞ്ചുറോളം ലോഡ്ജ് റൂമുകൾ കൂടാതെ 5236 വീടുകളാണ്. ഇതിൽ 65% വീടുകൾ വൈദ്യുതീകരിച്ചതും 35% വീടുകൾ വൈദ്യുതീകരിക്കാത്തതുമാണ്. വൈദ്യുതികരിക്കാത്ത വീടുകളിൽ അധികവും പ്രകാശ ആവശ്യത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നു. പഞ്ചായത്ത് അതിർത്തിക്കകത്ത് 90% പ്രദേശങ്ങളിലും വൈദ്യുത ലൈൻ എത്തിച്ചേർന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശം ഇലക്ട്രിസിറ്റി വകുപ്പിന്റെ രണ്ടു മേജർ സെക്ഷൻ ആഫീസുകളുടെ അധികാര പരിധിയിൽപ്പെടുന്നതാണ്. 1. ചോറ്റാനിക്കര മേജർ സെക്ഷൻ കെ.എസ്.ഇ.ബി. ആഫീസ് 2. ഉദയംപേരൂർ കെ.എസ്.ഇ.ബി. മേജർ സെക്ഷൻ ആഫീസ്. ഈരണ്ടു മേജർ സെക്ഷൻ ആഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് നന്നേകുറവാണ്. ഭൂരിഭാഗം പ്രദേശങ്ങളിലും രാത്രികാലങ്ങളിൽ പ്രകാശത്തിന് മണ്ണെണ്ണ വിളക്ക് /മെഴുകുതിരി ഉപയോഗിക്കേണ്ടിവരുന്നു. വ്യാപകമായി വോൾട്ടേജ് സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ, വോൾട്ടേജ് സ്റ്റെബിലൈസർ തുടങ്ങിയവ സാമ്പത്തിക ചുറ്റുപാടുള്ളവർ ഉപയോഗിക്കുന്നതുകൊണ്ട് വോൾട്ടേജ് വീണ്ടും കുറഞ്ഞുക്കൊണ്ടിരിക്കുനനു. വൈദ്യുതിയുടെ ദുർവിനിയോഗത്തിന്റെ അതിപ്രസരം വൈദ്യുത മേഖലയിലെ പ്രതിസന്ധിക്കു മൂർച്ചകൂട്ടുന്നുണ്ട്.

പഞ്ചായത്തു പ്രദേശത്തെ ഒന്നും, ഏഴും വാർഡുകൾ ഒഴിച്ചുള്ള ഏഴു വാർഡുകളിൽ വിവിധ ഭാഗങ്ങളിലായി 14 പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. ടി പ്രദേശങ്ങളിലെ ആളുകൾ മണ്ണെണ്ണയെ ആശ്രയിക്കുന്നു. കൂടാതെ ഒന്നുമുതൽ ഒമ്പതുവരെയുള്ള വാർഡുകളിൽ വിവിധ സ്ഥലങ്ങലിലായി അനേകം വീട്ടുകാർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. റോഡുകളുടെ അഭാവം, മറ്റുള്ളവരുടെ സമ്മതപത്രം കിട്ടായ്ക, ഇലക്ട്രിസിറ്റി ബോർഡ് ആഫീസിൽ ആവശ്യത്തിന് മെറ്റീരിയൽ ഇല്ലായ്ക മുതലായവ ഇതിന്റെ കാരണങ്ങളാണ്.

പഞ്ചായത്തിന്റെ ഒന്നുമുതൽ ഒമ്പതുവരെയുള്ള വാർഡുകളിലെ വിവിധ റോഡുകളിൽ ആകെ 398 വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. സോഡിയം വേപ്പർ ലാംപ് (125 W) | - 2 എണ്ണം |
| 2. സോഡിയം വേപ്പർ ലാംപ് (250 W) | - 8 എണ്ണം |
| 3. ഫ്ളൂറസന്റ് ലാംപ്സ് (ട്യൂബ്) (80W) | - 80 എണ്ണം |
| 4. ബൾബ് (40W) | - 308 എണ്ണം |
| ആകെ | 398 എണ്ണം |

മേൽപ്പറഞ്ഞ വഴിവിളക്കുകളിൽ 40% പ്രവർത്തിക്കുന്നതും 60% പ്രവർത്തിക്കാത്തതുമാണ്. പഞ്ചായത്ത് 96–97 വർഷം 71970 രൂപ ഈ ഇനത്തിൽ ചിലവാക്കിയിട്ടുണ്ട്. നിലവിലുള്ള വിവിധ റോഡുകളിൽ നൂറോളം പോസ്റ്റുകളിൽ സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവമുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്ന പത്തോളം ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ട്. O/E/Nന്റെ 2 യൂണിറ്റുകൾ, പമ്പാ ഇലക്ട്രോണിക്സ്, സ്റ്റാൻഡേർഡ് പ്ലാസ്റ്റിക് കമ്പനി മുതലായവ ഇവ കൂടാതെ വൈദ്യുതി ഉപയോഗിച്ചു നടത്തികൊണ്ടുപോകുന്ന ഇടത്തരം ഹോട്ടലുകളും ചായക്കടകളും നാല്പതോളമുണ്ട്.

നമ്മുടെ പഞ്ചായത്തിലേക്ക് ഉയർന്ന നിരക്കിലുള്ള കുടിയേറ്റം കാരണം വൈദ്യുതി ഉപയോഗം അനുദിനം വർധിച്ചു കൊണ്ടിരിക്കുന്നു. ഈ വർധിച്ച ആവശ്യം പരിഹരിക്കാൻ ഉത്പാദനരംഗത്ത് ഒരു സാധ്യതയും നമ്മുടെ മുന്നിലില്ല. എന്നാൽ ഉപയോഗത്തിൽ ശ്രദ്ധിച്ചാൽ വൈദ്യുതി പാഴായി നഷ്ടപ്പെടുന്നതു തടയാൻ ഒരുപ്പാട് മാർഗങ്ങൾ നമ്മുടെ മുന്നിലുണ്ടുതാനും.

നമ്മുടെ പഞ്ചായത്തിലെ 3403 വീടുകളും വൈദ്യുതികരിച്ചതാണ്. ഓരോ വീട്ടിലും ട്യൂബുകൾ കൂടാതെ ശരാശരി 5 ബൾബുകൾ വീതം 3 മണിക്കൂർ വെളിച്ചത്തിനെക്കാൾ ചൂട് ഉണ്ടാക്കുന്നതുമായ ഈ ബൾബുകൾക്ക് പകരം മാർക്കറ്റിൽ സുലഭമായി ലഭിക്കുന്ന 20Wന്റെ ട്യൂബും 11Wന്റെ CFL (Compact Fluracent Lamp) ഉപയോഗിച്ചാൽ വൈദ്യുതി വളരെ ലാഭിക്കാൻ സാധിക്കും. ഇവ സ്ഥാപിക്കാനുള്ള പ്രാരംഭചെലവ് മുതൽമുടക്ക് അല്പം കൂടുതലാണെങ്കിലും ദീർഘകാലടിസ്ഥാനത്തിൽ വളരെ ലാഭമാണെന്ന് താഴെ സൂചിപ്പിക്കുന്ന കണക്കുകൾ ബോധ്യപ്പെടുത്തുന്നു.

പഞ്ചായത്തിലെ 3403 വൈദ്യുതീകരിച്ച വീടുകളിൽ ഉപയോഗിക്കുന്ന 60W ന്റെ ബൾബിന് പകരം 11W ന്റെ CFL ഉപയോഗിച്ചാലുള്ള വൈദ്യുതി ലാഭം 49W പ്രകാരം ഒരു വർഷത്തെ വൈദ്യുതലാഭവും സാമ്പത്തികവശവും

| ബൾബ് ഒന്നിന് ലാഭം | ഒരു ദിവസം ശരാശരി ഉപയോഗിക്കുന്ന സമയം | ഒരു ദിവസത്തെ വൈദ്യുതി ലാഭം | ഒരു വർഷത്തെ ലാഭം | 3403 വീടുകളിലെയും ലാഭം | 182588 യൂണിറ്റ് വൈദ്യുതി വീട്ടിൽ എത്തുമ്പോൾ ഉണ്ടാക്കുന്ന പ്രസരണനഷ്ടം 23% ഉൾപ്പെടെ | കേന്ദ്ര വിഹിത വൈദ്യുതിക്ക് ബോർഡ് കൊടുക്കേണ്ടി വരുന്ന 1.78 രൂപ പ്രകാരം ചെലവ് | 3403 സിഎഫ് എല്ലിന്റെ അനെർട്ടിലെ വില | വൈദ്യുതി ചെലവും സിഎഫ് എല്ലിന്റെ വിലയും തമ്മിലുള്ള വ്യത്യാസം രൂപ | ഓരോ വീട്ടുടമയും മുടക്കേണ്ട രൂപ 60 വാട്ട് ബൾബിന്റെ 12 കഴിഞ്ഞുള്ളത് | ഓരോ വീട്ടുടമയുടെ ഒരു വർഷത്തെ ലാഭം | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | വൈദ്യുതി യൂണിറ്റ് | രൂപ |
| 49 വാട്ട് | 3 മണിക്കൂർ | 147 വാട്ട് | 53655 വാട്ട് | 182588 യൂണിറ്റ് | 224583 യൂണിറ്റ് | 399758 | 571704 | 171946 | 38.50 | 53.65 | 37.55 |

മേൽപട്ടികയനുസരിച്ച് CFL ന് ചെലവാക്കുന്ന തുക ആദ്യം മുടക്കാൻ സാധിച്ചാൽ ഒരു വർഷംകൊണ്ട് മുടക്ക് മുതൽ തിരിച്ചുകിട്ടും. അടുത്തവർഷം മുതൽ 2,54,583 യൂണിറ്റ് വൈദ്യുതി ലാഭിക്കുകയും ചെയ്യാം. പീക്‌ലോഡ് സമയത്തെ വോൾട്ടേജ് കൂടുക വഴി ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലൈഫ് പിരീഡ് കൂടും എന്നുള്ളതാണ് മറ്റൊരു ഗുണം.

കേരളത്തിൽ ഏതാണ്ട് 25 ലക്ഷം 60W ന്റെ ബൾബും 25 ലക്ഷം 100W ന്റെ ബൾബും ദിവസവും 3 മണിക്കൂർ വീതം ഉപയോഗിക്കുന്നു. 60W ന്റെ ബൾബിനു പകരം 11WCFL ഉം 100W ന് പകരം 20W ട്യൂബും ഉപയോഗിച്ചാൽ (49+80X50 ലക്ഷം +23% പ്രസരണനഷ്ടം) 35.13 കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാം. പെങ്കുളം, പെരിങ്ങൽകുത്ത് ജലപദ്ധതിയിൽ നിന്നും ഒരു വർഷം കിട്ടുന്ന വൈദ്യുതിക്ക് തുല്യമാണിത്. വൈദ്യുതി പദ്ധതികൾ ആരംഭിക്കുന്നതിനേക്കാൾ മുൻഗണന നൽകേണ്ടത് 11W ന്റെCFL ഉം 20W ന്റെ ട്യൂബും നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിനാണ്.

## മെച്ചപ്പെട്ട വിറകടുപ്പുകൾ

ഗ്രാമീണ ഊർജാസൂത്രണത്തിൽ അടുപ്പുകളുടെ പ്രാധാന്യം ഓർക്കുമ്പോൾ മെച്ചപ്പെട്ട വിറകടുപ്പുകളെപ്പറ്റി പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ 92% കുടുംബങ്ങളും ആശ്രയിക്കുന്നത് പരമ്പരാഗത മൂന്ന് കല്ല് വിറകടുപ്പുകളാണ്. ഇവയ്ക്ക് രണ്ടുണ്ട് ദോഷങ്ങൾ. വിറക് പൂർണ്ണമായും കത്തുന്നതിനുള്ള ഓക്സിജൻ ലഭിക്കില്ല, കത്തുന്ന താപം തന്നെ നാലുപ്പാടും നഷ്ടപ്പെടുന്നത് കാരണം ഇന്ധന ക്ഷമത വളരെ കുറയുന്നു. വിറക് പൂർണ്ണമായും കത്താതെയുണ്ടാകുന്ന പുകയിൽ മാരകമായ കാർബൺ മോണോക്സൈഡ് അടങ്ങിയിരിക്കുന്നു. അതിൽ 'ബെൻസോ ആൽഫാ വൈറീൻ' എന്ന വിഷ വസ്തുധാരാളമുണ്ട്. ഇത് അടുക്കളയിൽ പെരുമാറുന്നവരുടെ ശ്വാസകോശത്തെയു കണ്ണിന്റെ കാഴ്ചയെയും ബാധിക്കുന്നു. വീട്ടമ്മയുടെ ആയുർദൈർഘ്യം തന്നെ കുറയ്ക്കുന്നു.

മെച്ചപ്പെട്ട വിറകടുപ്പുകൾ പ്രചരിപ്പിക്കേണ്ടതിന്റെ പ്രസക്തി ഈ പശ്ചാതലത്തിലാണ് ഗൗരവത്തോടെ മനസിലാക്കേണ്ടത്. ശരാശരി ഒരു വീട്ടിൽ ദിവസം 10 രൂപയുടെ വിറക് ഉപയോഗിക്കുന്നു. (സാധാരണ അടുപ്പിൽ 10 ശതമാനമാണ് ഇന്ധനക്ഷമത). 10 രൂപയുടെ വിറക് കത്തിച്ചാൽ 1 മാത്രമാണ് ഉപയുക്തമാകുന്നത് ബാക്കി 9 രൂപയും നമുക്ക് നഷ്ടപ്പെടുന്നു. 33% മുതൽ 40% ഇന്ധനക്ഷമയുള്ള പരിഷത്തടുപ്പുകൾ നമ്മുടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപിക്കാൻ സാധിച്ചാൽ പാചകത്തിനായി ഉപയോഗിക്കുന്ന ഊർജം 1/3 ആയി കുറക്കാൻ കഴിയും. സാമ്പത്തീക-ആരോഗ്യ-പരിസര-തൊഴിൽ രംഗത്ത് വളരെ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. മെച്ചപ്പെട്ട അടുപ്പുകളുടെ പ്രചാരണത്തിനായുള്ള ദേശീയ പരിപാടി (എൻ.പി.ഐ.സി) കേരളത്തിൽ 40 രൂപയ്ക്ക് പട്ടികജാതി പട്ടികവർഗങ്ങൾക്കും 60 രൂപയ്ക്കു മറ്റ് വിഭാഗങ്ങൾക്കും അടുപ്പ് സ്ഥാപിച്ചുകൊടുക്കുന്നു. ഏതാണ്ട് 400 രൂപ വിലവരുന്ന അടുപ്പുകൾ ഇത്രമിതമായ വിലയ്ക്ക് കൊടുക്കുന്നതുതന്നെ ഈ അടുപ്പുകളുടെ പ്രസക്തി വിളിച്ചോതുന്നു. ഒരു വീട്ടിൽ ദിവസം 10 രൂപയുടെ വിറക് വച്ച് ഒരു വർഷം 3650 രൂപയുടെ വിറക് ഉപയോഗിക്കുന്നു. ഇത് മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിച്ചാൽ 1215 രൂപയായി കുറയ്ക്കാൻ സാധിക്കുന്നതുവഴി 2435 രൂപ കുടുംബ ബഡ്ജറ്റിൽ മിച്ചം വരുത്താൻ സാധിക്കും. ഇതൊരു സാമ്പത്തീകവശം മാത്രം. ഇതിന് ഒരു പരിസ്ഥിതി വശം കൂടിയുണ്ട്. ഒരു വർഷം വിറകിന് ഉപയോഗിക്കുന്ന മരം 1/3 സംരക്ഷിക്കാൻ കഴിഞ്ഞാൽ നമ്മുടെ പരിസ്ഥിതിക്ക് വളരെ ഗുണം ചെയ്യും. ഓക്സിജന്റെ അളവ് കൂടും, മണ്ണൊലിപ്പ് തടയും മഴവെള്ളം ഭൂമിയിൽ ഒലിച്ചിറങ്ങാൻ സഹായിക്കും.

## ഊർജരംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 18 ശതമാനം മുതൽ 23 വരെ പ്രസരണനഷ്ടം മൂലം പാഴായിപോകുന്നു. വൈദ്യുതി വിതരണത്തിന്റെ കാര്യക്ഷമതയില്ലായ്മ.
2. വൈദ്യുത മീറ്ററുകൾ പ്രവർത്തിക്കാത്തതുകൊണ്ട് വൈദ്യുതി ദുരുപയോഗം ചെയ്യാൻ ആളുകളെ പ്രേരിപ്പിക്കുന്നു. വൈദ്യുത കളവ് വ്യാപകമാകുന്നു. സ്ലാബ് സിസ്റ്റം നിലനിൽക്കുന്നത് ആവശ്യമില്ലാതെ വൈദ്യുതി ഉപയോഗിക്കാൻ

സൗകര്യം ചെയ്തുകൊടുക്കുന്നു.

3. ലോഡ് ഷെഡിങ്ങ് സമയം കഴിഞ്ഞാൽ പൂർവ്വാധികം ദീപപ്രഭയോടെ ആവശ്യമില്ലാത്ത വിളക്കുകൾ കത്തിച്ചിട്ട് വൈരാഗ്യം തീർക്കുന്ന ആളുകളുടെ ഇന്നത്തെ മനോഭാവം.

4. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസറുകൾ, സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ സമ്പന്നന്മാരും ഗൾഫുകാരും ഉപയോഗിക്കുന്നതിലൂടെ സൃഷ്ടിക്കുന്ന വോൾട്ടേജ് പ്രശ്നങ്ങൾ.

5. ഉപഭോക്താക്കളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാത്തത്. എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ കഴിയാത്തത്.

6. ഗോബർ ഗ്യാസ് പ്ലാന്റുകളും മെച്ചപ്പെട്ട വിറകടുപ്പും സ്ഥാപിക്കാനുള്ള മുതൽമുടക്ക്.

## സാധ്യതകൾ

1. വൈദ്യുത ലൈനുകളുടേയും മീറ്ററുകളുടേയും അറ്റകുറ്റപ്പണികൾ ഗുണമേന്മയുള്ള മെറ്റീരിയൽ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പെയർ ചെയ്യുക.

2. പ്രേഷണവിതരണ വ്യൂഹത്തെ ശക്തിപ്പെടുത്തി പ്രസരണനഷ്ടം 8ശതമാനത്തിനും 15ശതമാനത്തിനും ഇടയിൽ നിർത്തുവാനുള്ള പരിപാടി ആസൂത്രണം ചെയ്യുക.

3. ഊർജലാഭമുള്ള വൈദ്യുത ദീപങ്ങളും ഇലക്ട്രിക് ഉപകരണങ്ങളും വ്യാപകമാക്കുക.

4. വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ പൊതുജനപങ്കാളിത്തത്തോടെ മുറിച്ചുമാറ്റുന്നതിനുള്ള പ്രവർത്തനം നടത്തുക.

5. ആവശ്യത്തിന് മാത്രം ലൈറ്റുകൾ ഇടുക. ടി.വി. മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ കാണുവാനും കേൾക്കുവാനും ആളില്ലാത്തപ്പോൾ ഓഫാക്കുക. കാറ്റും വെളിച്ചവും കയറുന്ന രീതിയിൽ വീടുകൾ നിർമ്മിക്കുക. ഇത് പകൽ ഫാനും ലൈറ്റും ഉപയോഗിക്കുന്നത് ഇല്ലാതാക്കാം.

6. വോൾട്ടേജ് പരിഹരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

7. നിലവിലുള്ള കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുവാനും ഇല്ലാത്തിടത്ത് സ്ഥാപിക്കാനും നടപടിയെടുക്കുക.

8. ചോറ്റാനിക്കര പഞ്ചായത്തിലെ വൈദ്യുതവിതരണം മുഴുവൻ ചോറ്റാനിക്കര മേജർ സെക്ഷന്റെ കീഴിൽ ആക്കുക.

9. ഗതാഗതത്തിന് തടസമാക്കുന്നവിധം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിനരുകിലേയ്ക്കു മാറ്റി സ്ഥാപിക്കുക.

10. സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ് ഈടാക്കുക. ഇത് വൈദ്യുതി ഉപയോഗം കുറക്കാൻ സഹായിക്കും.

11. വൈദ്യുത വിതരണം പഞ്ചായത്തുകളുടെ കീഴിലാക്കുക.

12. അനെർട്ടിന്റെ സഹായത്തോടെ പഞ്ചായത്തിലെ എല്ലാവീട്ടിലും രണ്ടുവർഷംകൊണ്ട് ക്ഷമത കൂടുതലുള്ള വിറകടുപ്പുകൾ സ്ഥാപിക്കാൻ പരിപാടി ആസൂത്രണം ചെയ്യുക.

13. ഇന്ധനക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗ, പ്രഷർകുക്കർ, കച്ചിപ്പെട്ടി പ്രചരിപ്പിക്കുക.

14. വിറകുത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൊതുസ്ഥലത്ത് സാമൂഹ്യവനവൽക്കരണം ജനപങ്കാളിത്തത്തോടെ നടത്തുക.

15. കാർഷികമേഖലയിലും വീടുകളിലും ഉപയോഗിക്കുന്ന പമ്പുസെറ്റുകളിൽ ഘർഷണ രഹിത ഫുട്ട്വാൾവുകൾ ഘടിപ്പിക്കുവാൻ പ്രേരിപ്പിക്കുക.

16. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.

17. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു ഊർജ്ജാസൂത്രണപരിപാടി വിഭാവനം ചെയ്യുക.

## മാർക്കറ്റ്

പഞ്ചായത്ത് പ്രദേശത്തെ നിലവിലുള്ള ഏക മാർക്കറ്റ് 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന എരുവേലിയിലുള്ള മാർക്കറ്റാണ്. അത് ആരും ഉപയോഗിക്കുന്നില്ല. പഞ്ചായത്തു നിവാസികൾ തൃപ്പൂണിത്തുറ, മുളന്തുരുത്തി മുതലായ സ്ഥലങ്ങളിലുള്ള മാർക്കറ്റിനെ ആശ്രയിക്കേണ്ട ഗതികേടിലെത്തിയിരിക്കുന്നു. വർഷങ്ങൾക്കുമുമ്പ് കുരീക്കാട്ടിൽ ഭംഗിയായി ദിവസചന്തകൾ നടത്തിയിരുന്നു. സ്ഥലം കിട്ടാതെ വന്നപ്പോൾ അത് നിലച്ചുപോയി. കൂടാതെ 10 വർഷങ്ങൾക്കുമുമ്പുവരെ കുരീക്കാട് ചന്തപ്പറമ്പിൽ കന്നുകാലി വയൽ നടത്തിയിരുന്നു. സ്ഥലലഭ്യതയില്ലാത്തതിനാൽ കന്നുകാലിവയലും നിലച്ചുപോയി. പച്ചക്കറികൾ, പാൽ, മുട്ട, മാംസം, നെല്ല്, തേങ്ങ, മത്സ്യം മുതലായ ഉൽപന്നങ്ങൾക്ക് ധാരാളം വിപണനസാധ്യത പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ട്. മാർക്കറ്റിന്റെ അഭാവം നിലനിൽക്കുന്നു.

### പ്രശ്നങ്ങൾ

1. ആവശ്യമായ പൊതുസ്ഥലം ഇല്ല.
2. വേണ്ടത്ര കടകളോ, കെട്ടിടങ്ങളോ മറ്റു സൗകര്യങ്ങളോ നിലവിലുള്ള മാർക്കറ്റിലില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. നിലവിലുള്ള എരുവേലി മാർക്കറ്റ് വൃത്തിയാക്കി, പുതിയ കെട്ടിടം നിർമിച്ച് കിണർ നന്നാക്കി നിലവാരം മെച്ചപ്പെടുത്തുക.

2. എരുവേലിയിലുള്ള റോഡുപുറമ്പോക്കിലെ കടകൾ മാർക്കറ്റിനകത്തേക്ക് മാറ്റി സ്ഥാപിക്കുക.

3. കുരീക്കാട്, തുപ്പംപടി, കോട്ടയത്തുപാറ, ചോറ്റാനിക്കര, ഉദയാകവല എന്നിവിടങ്ങളിൽ പൊതുമാർക്കറ്റുകൾ സ്ഥാപിക്കുക.

4. കന്നുകാലി വയൽ ആരംഭിക്കുകവഴി പഞ്ചായത്തിന് പുതിയ വരുമാനം ഉറപ്പുവരുത്തുക.

5. ആഴ്ചചന്തകൾ ആരംഭിക്കുക.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## ഭവനനിർമാണം

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം (അഭയകേന്ദ്രം) എന്നിവയാണ്. പിറന്നുവീഴുന്നതു വരെ കുഞ്ഞിന്റെ അഭയകേന്ദ്രം അമ്മയുടെ ഗർഭപാത്രമാണ്. പാർപ്പിടം ഇല്ലാതെ ജീവിക്കാൻ വിധിക്കപ്പെടുന്നവൻ സമൂഹത്തിന് എന്നും ബാധ്യതയായിരിക്കും. അതുകൊണ്ട് വീടില്ലാത്തവർക്ക് അതു ലഭ്യമാക്കാനുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്യുക എന്നുള്ളത് സമൂഹത്തിന്റെ പ്രധാനപ്പെട്ട കടമകളിൽ ഒന്നാമത്.

1991-ലെ സെൻസസ് കണക്കുപ്രകാരം നമ്മുടെ പഞ്ചായത്തിൽ 3386 കുടുംബങ്ങൾക്ക് 3356 വീടുകളാണ് ഉണ്ടായിരുന്നത്. അന്തരം 30 വീടുകളായിരുന്നു. നഗരത്തിൽ നിന്നുള്ള വ്യാപകമായ തോതിലുള്ള കുടിയേറ്റത്തിന്റെ ഭാഗമായി വീടുകളുടെ എണ്ണവും ജനസംഖ്യയും നമ്മുടെ പഞ്ചായത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടാണ് ഇരിക്കുന്നത്.

വീടുകളുടെയും ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ലെങ്കിലും പഞ്ചായത്തിലെ കെട്ടിട നികുതി രജിസ്റ്റർ അനുസരിച്ച് 5736 കെട്ടിടങ്ങളാണ് 30-9-1996വരെ പഞ്ചായത്തിൽ നമ്പറിട്ടിട്ടുള്ളത്. ഇതിൽ വെവ്വേറെ നമ്പറിടുന്ന കടമുറികളും ലോഡ്ജ് മുറികളും ഉൾപ്പെടും. എങ്കിലും വീടുകൾ 5000ന് അടുത്ത് കാണുമെന്നു കരുതാം. കോൺക്രീറ്റ്- 2106, ഓട്-3238, ഓല-203, മറ്റുള്ളവ- 189 എന്നിങ്ങനെയാണ് കെട്ടിടങ്ങളുടെ തരംതിരിവ്. ഇതിൽ 1377 കെട്ടിടങ്ങൾക്ക് നികുതിയില്ല.

## ഭവനരഹിത കുടുംബങ്ങൾ

| വാർഡ് നമ്പർ | SC | ST | OEC | OBC | OC | TOTAL |
|---|---|---|---|---|---|---|
| 1 | 15 | -- | 1 | 25 | 13 | 54 |
| 2 | 15 | -- | -- | 31 | 7 | 53 |
| 3 | 9 | -- | -- | 28 | 22 | 59 |
| 4 | 6 | -- | -- | 12 | 30 | 48 |
| 5 | 9 | -- | -- | 21 | 18 | 48 |
| 6 | 6 | -- | -- | 8 | 12 | 26 |
| 7 | 9 | 5 | -- | 11 | 26 | 51 |
| 8 | 6 | -- | -- | 5 | 9 | 20 |
| 9 | 25 | -- | -- | 23 | 30 | 78 |
| ആകെ | 100 | 5 | 1 | 164 | 167 | 437 |

വിവിധ പദ്ധതികൾപ്രകാരം സാമ്പത്തികമായും ജാതിപരമായും പിന്നോക്കം നിൽക്കുന്നവർക്കു നിർമിച്ചു കൊടുത്ത വീടുകളെക്കുറിച്ച് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസിൽ നിന്നും ലഭിച്ച സ്ഥിതി വിവരക്കണക്കുകൾ. (അവലംബം ഐ.ആർ.ഡി.പി സർവേ).

| ആവശ്യമുള്ള വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തിയാക്കിയ വീടുകൾ | പൂർത്തിയാക്കാനുള്ളവ | അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|
| 166 | 73 | 48 | 25 | 93 |

**ലക്ഷംവീടു കോളനികൾ** - 7-ാം വാർഡിൽ നാഗപ്പാടികോളനി ലക്ഷം വീടുപദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചതാണ്. കോളനികൾക്കു പറ്റിയ സ്ഥലങ്ങൾ പഞ്ചായത്തിലെ പല വാർഡുകളിലും ഉണ്ടെന്നാണ് ഗ്രാമസഭാ യോഗങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ.

**ചേരിനിവാസികൾ പുറമ്പോക്കുകാർ**-പഞ്ചായത്തിൽ ചേരികൾ ഇല്ല. പുറമ്പോക്കുകാരെ മുഴുവനുംതന്നെ പുനരധിവസിപ്പിച്ചുകഴിഞ്ഞു.

**പുനരുദ്ധരിക്കേണ്ട വീടുകൾ** – സർവേ പൂർത്തിയായിട്ടില്ല. കെട്ടിടങ്ങൾ നേരിൽകണ്ട് അവയുടെ യഥാർത്ഥ സ്ഥിതി വിലയിരുത്താൻ കഴിയാത്തതുകൊണ്ട് പുനരുദ്ധരിക്കേണ്ട കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എങ്കിലും ഓല കെട്ടിടങ്ങൾ (203) ഓടിട്ട കെട്ടിടങ്ങളിൽ ഏകദേശം ആയിരം എന്നിവ പുനരുദ്ധരിക്കേണ്ടതാണ്.

**കെട്ടിട നിർമ്മാണരംഗത്തെ പ്രശ്നങ്ങൾ**

(1) ഭൂമിയുടെ വിലക്കയറ്റം - ചോറ്റാനിക്കര പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഭൂമിയുടെ വില 50 മടങ്ങുവരെ വർദ്ധിച്ചിട്ടുണ്ട്. ഭൂമിയുടെ ശരാശരി വില സെന്റിന് 35000 രൂപയോളമായിരിക്കുന്നു. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും വീടുവയ്ക്കാൻ ഭൂമി വാങ്ങുന്നതിന് നിവൃത്തിയില്ലാതായിരിക്കുന്നു.

**കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലക്കയറ്റവും** - കെട്ടിട നിർമ്മാണത്തിനാവശ്യമായ കമ്പി, സിമന്റ്, മണൽ, മരം തുടങ്ങി എല്ലാ സാധനങ്ങൾക്കും വസിച്ച വിലക്കയറ്റവും ദൗർലഭ്യവും നേരിടുന്നു. സിമന്റ് 50 കിലോചാക്കിന് 185 രൂപയും ഒരു കിലോ കമ്പിക്ക് 16 രൂപയും ഒരു ലോഡ് മണലിന് 950 രൂപയും ഇപ്പോൾ ശരാശരി വിലയുണ്ട്. മണൽ വാരലിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ മണലിന്റെ വില വർദ്ധനവിനു കാരണമാകുന്നു.

**വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യവും – കൂലിയും** നഗരങ്ങളിലെ ഫ്ളാറ്റ് നിർമ്മാണം പഞ്ചായത്തിൽ കെട്ടിടം പണിയുന്നതിന് പറ്റിയ കൽപ്പണിക്കാരെയും മരപ്പണിക്കാരെയും കിട്ടാത്ത അവസ്ഥ സംജാതമാക്കിയിരിക്കുന്നു. കെട്ടിടനിർമ്മാണരംഗം മറ്റു മേഖലകളെ അപേക്ഷിച്ച് കൂടുതൽ കൂലി ലഭിക്കുന്ന ഒന്നാണ്. കർഷികത്തൊഴിലാളികൾ മിക്കവാറുംതന്നെ എറണാകുളത്തും പരിസരപ്രദേശത്തുമുള്ള വൻകിട കെട്ടിട നിർമ്മാണ സ്ഥാപനങ്ങളുടെ പണിക്കാരായി മാറിയിരിക്കുന്നു. പുരുഷന് 150 രൂപയും സ്ത്രീകൾക്ക് 125 രൂപയും കൂലി കിട്ടുന്നുണ്ടെന്നാണ് ഗ്രാമസഭായോഗങ്ങളുടെ വിലയിരുത്തൽ.

**പരിഹാര നിർദേശങ്ങൾ പദ്ധതികൾ**

ഗൃഹനിർമ്മാണ രീതിയിൽ മാറ്റം - ഗൃഹനിർമ്മാണ രീതിയിൽ മാറ്റം വരുത്തണം. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന വീടുകൾ പ്രോത്സാഹിക്കപ്പെടണം. കെട്ടിടങ്ങൾക്കു നികുതി ചുമത്തുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. രാജസ്ഥാൻ മാർബിൾപോലെ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ കൊണ്ടു നിർമിക്കുന്ന വീടുകൾക്ക് കനത്ത നികുതി ചുമത്താവുന്നതാണ്. ഇന്ത്യയിൽ വിറ്റഴിക്കപ്പെടുന്ന മാർബിളിന്റെ 25% കേരളീയരാണ് വാങ്ങുന്നത്. വെളിച്ചം കിട്ടുന്ന രീതിയിൽ വീടുകൾ നിർമിക്കാൻ ഉതകുന്ന പ്ലാനുകളായിരിക്കണം വീടുകൾക്കുവേണ്ടി ഉണ്ടാക്കേണ്ടത്.

**ചെലവുകുറഞ്ഞ വീടുകൾ** – ചെലവുകുറഞ്ഞ വീടുകളെപ്പറ്റിയുള്ള പഠനവും നിർമ്മാണവും പാർപ്പിടപ്രശ്നം പരിഹരിക്കാൻ അത്യന്താപേക്ഷിതമാണ്. തൃശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Costford (കോസ്റ്റ്ഫോർഡ്) എന്ന സംഘടന പ്രാദേശികാടിസ്ഥാനത്തിൽ പ്രദേശികവിഭവങ്ങൾ ഉപയോഗിച്ച് വീടുകൾ കുറഞ്ഞ ചെലവിൽ പണിതുകൊടുക്കുന്നുണ്ട്. ലോക പ്രശസ്ത വാസ്തുശില്പ വിദഗ്ധൻ ലാറിബേക്കറുടെ വാസ്തുശില്പ സാങ്കേതത്തെ ആധാരമാക്കിയാണ് കോസ്റ്റുഫോർഡ് വീടുകൾ നിർമ്മിക്കുന്നത്. ആവശ്യം വർദ്ധിച്ചുവരുമ്പോൾ പാഴ്ച്ചെലവും ഭംഗിക്കുറവുമില്ലാതെ കൂട്ടിച്ചേർക്കലുകൾ നടത്താവുന്ന രീതിയിലാണ് കോസ്റ്റുഫോർഡ് ഭവനങ്ങളുടെ നിർമ്മിതി. കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്ന സ്ഥാപനമാണ്.

**വീടുകൾ സഹകരണാടിസ്ഥാനത്തിൽ** – സംഘം ചേർന്ന് വീടുകളും ഫ്ളാറ്റുകളും പണിയുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കണം. ധനസഹായം, അസംസ്കൃതപദാർത്ഥങ്ങൾ, വിദഗ്ധതൊഴിലാളികൾ തുടങ്ങിയവരുടെ സേവനം തുടങ്ങിയവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ സംഘം ചേരൽ സഹായിക്കും. ചെലവുകുറഞ്ഞ ഫ്ളാറ്റുകൾ ഭൂമിയുടെ വിലക്കയറ്റത്തിനും ഭൂമി തുണ്ടുതുണ്ടാകുന്നതിനും പരിഹാരമാണ്.

**ദുർബലവിഭാഗങ്ങൾക്കുള്ള പദ്ധതികളെപ്പറ്റിയുള്ള അവബോധവും നടപ്പിലാക്കലും**

ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി കൈരളി ഭവനനിർമാണപദ്ധതി, മൈത്രിഭവനനിർമ്മാണപദ്ധതി തുടങ്ങി വിവിധ പദ്ധതികളും പലതരത്തിലുള്ള സബ്സിഡികളും നിലവിലുണ്ട്. അവയെപ്പറ്റിയുള്ള പഠനവും അർഹരായവർക്ക് അതു ലഭിക്കുന്നതിനുവേണ്ട നടപടികളും ഉണ്ടാകണം. സ്വന്തം പണം മുടക്കി വീടുനിർമ്മിക്കാൻ കഴിവുള്ളവർ ഇത്തരം പദ്ധതികളുടെ ആനുകൂല്യം പറ്റാൻ ഇടവരരുത്. കൈരളി ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്.

**ധനസഹായം ലഭ്യമാക്കൽ**

ഭവനനിർമ്മാണത്തിന് നിരവധി സ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ട്. കേരള സംസ്ഥാന-ഭവനനിർമാണ ബോർഡ്, ഭൂപണയ ബാങ്കുകൾ, കൊമേഴ്സ്യൽ ബാങ്കുകൾ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, ഹൗസിംഗ് ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ തുടങ്ങി നിരവധി സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിരവധി സ്വകാര്യസ്ഥാപനങ്ങളും. ബ്ലേഡ് പലിശ വാങ്ങുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ടുവേണം ധനസഹായസ്ഥാപനങ്ങളെപ്പറ്റി ചിന്തിക്കാൻ. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുതകുന്ന സ്ഥാപനങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ ഭവനനിർമാണ സഹകരണസംഘമില്ല. ഇപ്പോൾ മുളന്തുരുത്തിയിലുള്ള ഭവനനിർമ്മാണ സഹകരണസംഘത്തെ ചിലരെങ്കിലും പ്രയോജനപ്പെടുത്തുന്നുണ്ട്.

**ഭാവിപ്രവർത്തനപരിപാടി** – ഭവനനിർമാണത്തിന് പഞ്ചായത്തുതല കമ്മിറ്റി രൂപീകരിക്കണം. പഞ്ചായത്തിൽ വീടില്ലാത്തവരുടെയും പുനരുദ്ധരിക്കപ്പെടേണ്ട വീടുകളുടെയും കൃത്യമായ കണക്കെടുക്കണം. ധനസഹായം ആവശ്യമായ കേസുകളിൽ അത് ലഭിക്കുന്നതിനാവശ്യമായ നടപടികളും ഉപദേശങ്ങളും ഉണ്ടാകണം. ചെലവുകുറഞ്ഞ വീടുകളിൽ ജനങ്ങൾക്കു താത്പര്യമുണ്ടാകത്തക്ക രീതിയിൽ ബോധവത്കരണം ഉണ്ടാകണം. ധനസഹായ സ്ഥാപനങ്ങളെപ്പറ്റി പഠിക്കുകയും ജനങ്ങൾക്ക് അറിവു നൽകുകയും വേണം. ഭവനനിർമാണ സഹകരണ സംഘം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പരിപാടികൾ ആവിഷ്കരിക്കണം. ദുർവ്യയം നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ നികുതി സംവിധാനത്തിൽ തിരുത്തലുകൾ വരുത്തണം.

232

## സാമൂഹ്യക്ഷേമം

**ജനസംഖ്യ**

1991-ലെ സെൻസസ് പ്രകാരമുള്ള പഞ്ചായത്തു ജനസംഖ്യ 16109 ആണ്. ഇതിൽ 8063 പേർ പുരുഷന്മാരും 8046 പേർ സ്ത്രീകളുമാണ്. പട്ടികജാതിക്കാരായി 1089 പുരുഷന്മാരും 1061 സ്ത്രീകളും ഉണ്ട്. പട്ടികവർഗക്കാർ 6 പുരുഷന്മാരും 10 സ്ത്രീകളും. കഴിഞ്ഞ ഏതാനും വർഷങ്ങളായി നഗരത്തിൽനിന്നുള്ള കുടിയേറ്റം ജനസംഖ്യയിൽ സാരമായ വ്യതിയാനം വരുത്തിയിട്ടുണ്ട്. 1991-ലെ കണക്കനുസരിച്ച് പുരുഷന്മാരിൽ 6937 പേരും സ്ത്രീകളിൽ 6452 പേരും സാക്ഷരരാണ്.

**ദാരിദ്ര്യ നിർമ്മാർജനം**

ഇന്ത്യയിലെ ആസൂത്രണത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. ആദ്യത്തെ 3 പദ്ധതികളുടെയും ലക്ഷ്യം ഉത്പാദനം വർധിപ്പിക്കുക എന്നതായിരുന്നു. ദാരിദ്ര്യ നിർമാർജനമുൾപ്പെടെയുള്ള സാമൂഹ്യക്ഷേമ പരിപാടികൾക്ക് 4-ാം പദ്ധതി മുതൽ പ്രാധാന്യം കൈവന്നു. നമ്മുടെ വികസന സങ്കല്പത്തിൽ കൂറ്റൻ വ്യവസായശാലകളും കൂറ്റൻ ഗവേഷണ കേന്ദ്രങ്ങളും ആണവ നിലയങ്ങളും നഗരങ്ങളുമാണുള്ളത്. മറിച്ച് വികസനമെന്നു പറയുന്നത് എല്ലാവർക്കും തൊഴിൽ, ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം എന്നിവയാണെന്ന സങ്കല്പം മനസിൽ വരുന്നില്ല. ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക, അല്ലെങ്കിൽ പാവപ്പെട്ടവർക്ക് സൗജന്യങ്ങൾ നൽകുക എന്ന പ്രവർത്തനരീതി മാറ്റി പാവപ്പെട്ടവരെ തൊഴിലും കൂടുതൽ വരുമാനവും ഉള്ളവരാക്കി മാറ്റാൻ പര്യാപ്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ദാരിദ്ര്യമനുഭവിക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതിക്കാരാണ്. ജാതിയുമായിട്ടു ബന്ധപ്പെട്ടു നിൽക്കുന്നതുകൊണ്ട് അവർ ചെയ്യുന്ന തൊഴിലുകൾ മാന്യത കുറഞ്ഞതും വരുമാനം കുറഞ്ഞതുമാണ്. തൊഴിൽ സുരക്ഷിതത്വമോ വാർധക്യകാല ആനുകൂല്യങ്ങളോ ഇല്ല. തൊഴിലുകളുടെ പുനസംഘടനയിലൂടെ തൊഴിലുകൾ കൂടുതൽ മാന്യതയും വരുമാനവും ഉള്ളതാക്കി മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് ബാർബർഷാപ്പുകൾക്ക് പകരം ബ്യൂട്ടിപാർലറുകൾ തുറക്കാം. മീൻകച്ചവടക്കാരനിൽനിന്ന് കോൾഡ് സ്റ്റോറേജിലേക്കുള്ള മാറ്റം. തുണിയലക്ക് ലാണ്ടറിയിലേയ്ക്ക് മാറ്റാം. പല തൊഴിലുകളും ചെയ്യുന്നതിനുള്ള സംഘടിത രൂപങ്ങളും അതിന്റെ അടിസ്ഥാനത്തിൽ തൊഴിലുകൾ ചെയ്യുന്നതിനും കൂലി വാങ്ങുന്നതിനും കൂലിയിലൊരു ഭാഗം ഭാവിയിലേക്കു നീക്കിവയ്ക്കുന്നതിനും ഉപകരിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താം. പാവപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കുംവേണ്ടിയുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക, തൊഴിൽ വിദഗ്ധ പരിശീലനം നിൽകുക, സൗജന്യമായി കൃഷിയുപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങി നിരവധി പദ്ധതികൾ ദാരിദ്ര്യനിർമാർജനത്തിന്റെ ഭാഗമായി കണക്കാക്കാം.

ചോറ്റാനിക്കര പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം – IRDP സർവേ.

| സർവേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ | സഹായം ലഭിച്ചവർ | സഹായം ലഭിച്ചവരിൽ SC/ST | ദാരിദ്ര്യ രേഖക്കു മുകളിൽ എത്തിയവർ | ഇനിയും ദാരിദ്ര്യ രേഖക്കു മുകളിലെത്താനുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|
| 1278 | 99 | 138 | 61 | 60 | 1218 |

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി. IRDP സർവേ.**

| കണ്ടെത്തിയ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം. |
|---|---|---|
| 140 | 11 | 129 |

**ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം IRDP സർവേ**

| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അന്വേഷിക്കുന്നവർ |
|---|---|---|---|---|
| കമ്പോസിംഗ് | 1 | | | |
| കരകൗശലം | 4 | | | |
| റേഡിയോ റിപ്പയറിംഗ് | 2 | 9 | 10 | 2 |
| എലിമിനേറ്റർ നിർമാണം | 10 | | | |
| ബ്യൂട്ടീഷൻ | 1 | | | |
| എംബ്രോയിഡറി | 3 | | | |
| ആകെ | 21 | 9 | 10 | 2 |

**DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ**

| വാർഡ് | തൊഴിൽ സാരംഭങ്ങൾ | ആരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തനം |
|---|---|---|---|---|
| V | ചന്ദനത്തിരി നിർമ്മാണം | 95-96 | 10 | നന്നായി പ്രവർത്തിക്കുന്നു |
| I,III,IV | റെഡിമെയ്ഡ് വസ്ത്രനിർമാണം. കച്ചവടം | 94-95 | 10 | പ്രവർത്തിക്കുന്നു |

**പമ്പുസെറ്റുകളുടെ വിതരണം**

| വാർഡ് നമ്പർ | അനുവദിച്ച പമ്പുസെറ്റുകൾ | ജലസേചനം നടത്തിയ കൃഷിയിടങ്ങൾ |
|---|---|---|
| III | 2 | 2.33 Acre |
| V | 2 | 1.74 Acre |
| ആകെ | 4 | 4.07 Acre |

മുകളിൽ വിവരിച്ച പട്ടികകൾ ദാരിദ്ര്യ നിർമാർജനമുൾപ്പെടെയുള്ള സാമൂഹിക ക്ഷേമപദ്ധതികൾ വേണ്ടത്ര ഫലപ്രദമായിട്ടില്ലെന്നും ഈയിനത്തിൽ ഇനിയും വളരെയധികം ദൂരം മുന്നോട്ടുപോകാനുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു.

**സഹായ ധനങ്ങൾ പെൻഷനുകൾ**

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റ് ഇതര വകുപ്പുകൾ വഴിയും വിതരണം ചെയ്യുന്ന വിവിധയിനം പെൻഷൻ പദ്ധതികളുടെ ഇനംതിരിച്ചുള്ള പട്ടിക താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | സഹായധനത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം 53 |
|---|---|---|
| 1 | വിധവാ പെൻഷൻ | 35 |
| 2 | വികലാംഗ പെൻഷൻ | 29 |
| 3 | വാർധക്യകാല പെൻഷൻ | 2 |
| 4 | കാൻസർരോഗി പെൻഷൻ | 34 |
| 5 | കർഷകതൊഴിലാളി പെൻഷൻ | |

**സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾ**

1. വികലാംഗർക്കുള്ള യാത്രബത്ത.
2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
3. വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പുകൾ.
4. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്
5. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്
6. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്
7. വികലാംഗ സംരക്ഷണ ഭവനങ്ങൾക്കുള്ള സംസ്ഥാന ധനസഹായം
8. പട്ടികജാതി/പട്ടിക വർഗേതര മിശ്ര വിവാഹിത ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി
9. വികലാംഗർക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.
10. വികലാംഗ ക്ഷേമരംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കുള്ള സഹായ പദ്ധതി
11. അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി
12. വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി
13. തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പെൻഡ് പദ്ധതി

### അങ്കണവാടികൾ, മഹിളാസമാജങ്ങൾ, ബാലവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളാണ് അങ്കൺവാടികൾ. നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലായി 14 അങ്കൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കൺവാടികളുടെ വാർഡുതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| അങ്കൺവാടികളുടെ എണ്ണം | 1 | 2 | 1 | 2 | 2 | 2 | - | 3 | 1 |

3 അങ്കൺവാടികൾക്കു സ്വന്തമായി കെട്ടിടങ്ങളുണ്ട്. ബാക്കിയുള്ള അങ്കൺവാടികൾ സ്വകാര്യ കെട്ടിടങ്ങളിലോ വീടുകളിലോ ആണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കൺവാടികൾക്കും സ്വന്തമായി കെട്ടിടം ആവശ്യമാണ്. 15 മഹിളാ സമാജങ്ങൾ നിലവിലുണ്ട്. 6–ാം വാർഡിൽ ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്.

### ക്ഷേമനിധികൾ

കർഷകത്തൊഴിലാളികളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണ്. അതുപോലെ കെട്ടിട നിർമാണരംഗത്തു പ്രവർത്തിക്കുന്നവരിൽ സിംഹഭാഗവും കെട്ടിടനിർമാണ ക്ഷേമനിധിയിലും അംഗങ്ങളാണ്. സംസ്ഥാനത്ത് ഇന്ന് പണിയെടുക്കുന്ന എല്ലാ തൊഴിലാളിവിഭാഗങ്ങൾക്കും വേണ്ടി ക്ഷേമനിധികൾ നിലവിലുണ്ട്.

### സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തു തലത്തിൽ ചെയ്തു തീർക്കേണ്ട അടിയന്തര കാര്യങ്ങൾ

1. ദാരിദ്ര്യ നിർമാർജനത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളെപ്പറ്റി ശരിയായി പഠിക്കുകയും അർഹതയും താത്പര്യവുമുള്ള ആൾക്കാരെ കണ്ടുപിടിച്ച് വിജയകരമായി പദ്ധതികൾ തുടങ്ങുന്നതിനുള്ള ഉപദേശ നിർദേശങ്ങൾ നൽകുക.
2. ക്ഷേമപദ്ധതികളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചും വ്യാപകമായ പ്രചരണം നടത്തുകയും അർഹരായവരെ കണ്ടുപിടിച്ച് അപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
5. അങ്കണവാടികൾ – ബാലവാടികൾ – മഹിളാസമാജങ്ങൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. പ്രവർത്തനം മെച്ചപ്പെടുത്തുക.
4. ദുർബല ജനവിഭാഗങ്ങൾക്ക് വീടും കക്കൂസും നിർമിക്കുന്നതിനുള്ള പദ്ധതികളുടെ ശരിയായ വിഹിതം പഞ്ചായത്തിൽ ലഭ്യമാക്കുക.
5. സാമൂഹ്യ ക്ഷേമപദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾക്ക് ധനസഹായം നൽകാൻ ബാങ്കുകളെ പ്രേരിപ്പിക്കുക.



# സംസ്കാരം

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും, മൂല്യബോധവും ആചാരാനാചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഒരുമിച്ച് നിർത്തുന്നത് സംസ്ക്കാരത്തിന്റെ കണ്ണികളാണ്. കുടുംബബന്ധങ്ങളായാലും, ജാതി മത കെട്ടുപാടുകളായാലും അവയെല്ലാം സാംസ്കാരിക നൂലുകളാലാണ് ബന്ധിതമായിരിക്കുന്നത്. മനുഷ്യ സമൂഹത്തിന്റെ അനാദികാലം മുതൽക്കുതന്നെ സംസ്കാരം അതിന്റെ ഘടനയ്ക്ക് പ്രേരകമായും പോഷണമായും പ്രവർത്തിച്ചിരുന്നു. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാററം വരുത്തി സാംസ്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും മേന്മയിലേയ്ക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും മത പ്രവാചകരും ശ്രമിച്ചു പോന്നിട്ടുള്ളത്.

സാസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർതൃവ്യ നിരതരാക്കി ജീവിത സാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. സമൂഹത്തിന് ഒരേസമയം തന്നെ യാഥാസ്ഥിതികത്വത്തിന്റെ ഘടകങ്ങളെന്ന പോലെ പുരോഗമനത്തിന്റെ ഘടകങ്ങളും മത്സരിച്ച് വർത്തിക്കുന്നതിനാൽ സംസ്കാരിത്തിലും രൂപ–രീതി ഭേദങ്ങളുണ്ട്. ജാതി മത ഭിന്നതകളും ഭാഷാഭേദങ്ങളും വർഗ്ഗ വിഭജനവുമെല്ലാം വിവിധ സാസ്കാരിക ധാരകൾക്ക് ജന്മം നൽകുന്നു. ഇവയെ വിശദീകരിച്ചും വിശകലനം ചെയ്തും പഠിച്ച് കാലോചിതമായി ത്യാജ്യ ഗ്രാഹ്യ വിവേചനത്തോടെ നന്മക്കും മേന്മക്കുമായി തെരഞ്ഞെടുക്കുകയും അവയെ ഉയർത്തിപ്പിടിക്കുകയുമാണ് നമ്മുടെ കർത്തവ്യം.

സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ആദർശങ്ങളും, ശാസ്ത്രം, സാങ്കേതിക വിദ്യ, വ്യവസായം തുടങ്ങിയ സംരംഭങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ലോകത്തിന്റെ മുഖഛായ ആകെ മാറ്റിത്തീർത്തിരിക്കുന്നു. ഈ മാറ്റങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകമായ നമ്മുടെ കാലയളവിൽ അത്ഭുതകരങ്ങളായ മാറ്റങ്ങൾക്കാണ് വഴിതുറന്നിരിക്കുന്നത്. ഈ മാറ്റങ്ങളെ വിപ്ലവമെന്നു വിളിച്ചാൽ പോരെന്നും കരുതി വിസ്ഫോടനം എന്നുതന്നെ നാമകരണം ചെയ്തിരിക്കുന്നു. ഈ വിസ്ഫോടനത്തിന്റെ അലകളിലകി ആർത്തലക്കുന്ന വിവിധ രംഗങ്ങളിൽ സംസ്കാരം അതീവ പ്രാധാന്യം അർഹിക്കുന്നു.

സംസ്കാരത്തിന്റെ വാഹനം കമ്യൂണിക്കേഷൻ അഥവാ സംവേദന മാധ്യമങ്ങളാണ്. സംവേദനത്തിന് മൂന്നു രൂപങ്ങളുണ്ട്. വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ്. അതീത കാലം മുതൽക്കുതന്നെ നിലനിൽക്കുന്ന വാമൊഴിയിലൂടെയുള്ള സാംസ്കാരിക സംക്രമണം തലമുറകളിൽ നിന്ന് തലമുറകളിലേക്കും, മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും പണ്ടും ഇന്നും നടന്നു വരുന്നു. ഗുരു കാരണവന്മാരിൽ നിന്നും മുതിർന്ന കുടുംബാംഗങ്ങളിൽ നിന്നും സംക്രമിച്ചു പോന്ന ഈ സംസ്കാരത്തിന് എഴുത്തും അച്ചടിയുമായി വരമൊഴി വന്നതോടുകൂടി പൂർവ്വാധികം ഉറപ്പും വ്യക്തതയും പൗർ വാവര്യ തുടർച്ചയും കൈവന്നു. എന്നാൽ ഈ മേന്മകൾ ന്യൂനപക്ഷത്തിനു മാത്രം അക്ഷരാഭ്യാസമുണ്ടായിരുന്ന ഉച്ചനീചത്വ സമൂഹത്തിൽ ഭൂരിപക്ഷത്തിന് അനഭിഗമ്യമായി. പിന്നീട് വിദ്യാഭ്യാസം വ്യാപരിക്കുകയും സാക്ഷരത പ്രചരിക്കുകയും ചെയ്ത സമൂഹങ്ങളിൽ പോലും അക്ഷരമാധ്യമം സാർവ്വജനീനമായി എന്നു പറഞ്ഞുകൂടാ. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിൽ ഇലക്ട്രോ

ണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ മുതലായവ പ്രചാരത്തിലെത്തിയതോടെ സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വളരെ വർദ്ധിച്ചു.

ഇതോടുകൂടി സാംസ്കാരിക സംക്രമണം ഗുരുകാരണവ കേന്ദ്രങ്ങളിൽ നിന്നും കുടുംബഘടനകളിൽ നിന്നും വേർപെട്ട് മാധ്യമമേഖലകളുടെ നിയന്ത്രണത്തിലായി. കൂട്ടുകുടുംബ സമ്പ്രദായങ്ങളും ഗ്രാമീണ കൂട്ടായ്മകളും അസ്തമിച്ച് അണുകുടുംബങ്ങളും പൊതു വിദ്യാലയങ്ങളും രാഷ്ട്രീയ പാർട്ടികളും സംഘങ്ങളും നിലവിൽ വന്നതോടെ സാംസ്കാരിക സംക്രമണ ശൈലിയാകെ കീഴ്മേൽ മറിഞ്ഞു. ജാതി മത സംഘങ്ങളും യാഥാസ്ഥിതിക വിദ്യാകേന്ദ്രങ്ങളും പരമ്പരാഗതോത്സവങ്ങളും ആരാധനാലയങ്ങളും മറ്റും ഇപ്പോൾ പഴയ സാംസ്കാരിക സംക്രമണശൈലി തുടരാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവയും പടിപടിയായി ആധുനിക വാർത്താമാധ്യമങ്ങളെയും സാങ്കേതിക വിദ്യയെയും കൂടുൽ കൂടുതലായി ആശ്രയിച്ചു വരുന്നു.

ഈ മാറ്റങ്ങൾ സാർവ്വജനീനതയ്ക്കും സാർവ്വത്രികതത്തിനും വഴിവെയ്ക്കുന്നുണ്ടെങ്കിലും അതേ സമയം തന്നെ ഈ മാധ്യമങ്ങളുടെ സവിശേഷ സ്വഭാവം മൂലം അവ സമൂഹത്തിലെ മേൽത്തട്ടുകാർക്കും യാഥാസ്ഥിതികർക്കും ഉപയുക്തങ്ങളായ കരുക്കളായി മാറുകയും ചെയ്യുന്നു. വമ്പിച്ച മൂലധന ശേഷി അച്ചടി മാധ്യമങ്ങൾ കൈകാര്യം ചെയ്യാനാണെങ്കിലും ഇല്ക്ട്രോണിക് മാധ്യമങ്ങൾ നടത്തിക്കൊണ്ടു പോകാനാണെങ്കിലും ആവശ്യമായിരിക്കെ, അവ അധഃസ്ഥിതരായ അനേക ലക്ഷങ്ങൾക്ക് അനഭിഗമ്യമായിത്തീരുന്നു, സാർവ്വദേശീയ രംഗത്തെ ബഹുരാഷ്ട്ര കുത്തകകൾക്കും രാഷ്ട്രത്തിനകത്തെ ജാതി–മത–ധനിക വിഭാഗങ്ങൾക്കും അവയെ കൈപ്പിടിയിലൊതുക്കാൻ കഴിയുന്നു. ഈ ദുരവസ്ഥയാണ് ആധുനികയുഗത്തിലെ സാംസ്കാരികപചയങ്ങൾക്ക് നിദാനം.

മനുഷ്യാധ്വാനത്തിലും ജനപങ്കാളിത്തത്തിലും അടിയുറച്ച ഒരു വികസന പ്രക്രിയയിൽ ഈ സാംസ്കാരിക മേൽക്കോയ്മയെയും മലീനികരണത്തെയും തിരസ്കരിക്കാതെ രക്ഷയില്ല. ജനകീയാസൂത്രണം വേലയും കൂലിയും ഭക്ഷണവും വസ്ത്രവുമുൾപ്പെടെ ഭൗതികനേട്ടങ്ങൾ ഉണ്ടാക്കാൻ മാത്രമുള്ള ഒന്നല്ലെന്നും നവസംസ്കാരത്തെ പ്രചരിപ്പിക്കുവാനും സ്വാംശീകരിക്കുവാനുള്ളതാണെന്നും മാത്രം മനസ്സിലാക്കിയാൽ പോരാ. ഈ ഭൗമീക നേട്ടങ്ങൾ ഉറപ്പിക്കുവാനുള്ള മനുഷ്യരുടെ മഹാശക്തി സ്വരൂപിക്കുവാനും അതിന് ലക്ഷ്യബോധം നൽകുവാനും നവീന സംസ്കാരവും അതിന്റെ ഘടകമായ നവീന മൂല്യബോധവും അത്യന്ത്യാപേക്ഷിതമാണ്.


സാംസ്കാരികരംഗത്ത് ഒട്ടും മോശമല്ലാത്ത ഒരു ചരിത്രമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. 1944 ൽ ആരംഭിച്ച കണയന്നൂർ ഗ്രാമീണ വായനശാല ഇപ്പോഴും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ചോറ്റാനിക്കര പബ്ലിക്ക് ലൈബ്രറി ഇപ്പോൾ പ്രതി സന്ധിയിലാണ്. ഒരു ഡസനിലേറെ ക്ലബ്ബുകളും കൊച്ചിൻ പൂർണ്ണശ്രീ, സർഗ്ഗവീണ തുടങ്ങിയ പ്രൊഫഷണൽ നാടക ട്രൂപ്പുകളും നമ്മുടെ പഞ്ചായത്തിൽ കായിക, കലാ സാംസ്കാരിക രംഗത്തു പ്രവർക്കിന്നു. പക്ഷേ വായനാശാലകളിൽ വേണ്ടത്ര ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇല്ല. ഉള്ള പുസ്തകങ്ങൾ പോലും വേണ്ടത്ര വായിക്കപ്പെടുന്നില്ല. ക്ലബ്ബുകളുടെയും മറ്റും പ്രവർത്തനം കേവലം ഓണാഘോഷങ്ങളിലും വാർഷികങ്ങളിലും ചുരുങ്ങിപ്പോകുന്നു.

**ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ**

1. കണയന്നൂർ ഗ്രാമീണ വായനശാലയുടെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്.
2. ചോറ്റാനിക്കര വായനശാലക്ക് സൗകര്യ പ്രദമായ കെട്ടിടമില്ല.
3. പഞ്ചായത്തിൽ ഒരു സാംസ്കാരികനിലയമോ കളിസ്ഥലമോ ഇല്ല.
4. നെഹ്റു യുവ കേന്ദ്രയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്നുല്ല.

**സാദ്ധ്യതകൾ**

1. കണയന്നൂർ ഗ്രാമീണ വായനശാലക്ക് ബഹുജന പങ്കാളിത്തത്തോടെ ഒരു കെട്ടിടം പണിയുക.
2. ചോറ്റാനിക്കര പബ്ലിക്ക് ലൈബ്രറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തുക.
3. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കുക.
4. പഞ്ചായത്തിൽ ഒരു പൊതുസാംസ്കാരിക നിലയം പണിയുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.
5. കേരളോത്സവത്തോടനു ബന്ധി ച്ചുള്ള കലാ കായിക മത്സരങ്ങൾ വാർഡു തോറും സംഘടിപ്പിക്കുക.
6. നമ്മുടെ പുരാതന കലകളായ വില്ലടിച്ചാൻ പാട്ട്, ഉടുക്കുപാട്ട്, ശാാസ്താം പാട്ട്, തുടങ്ങിയവ സംരക്ഷിക്കാനുള്ള പദ്ധതി തയ്യാറാക്കുക.
7. നെഹ്റു യുവ കേന്ദ്രയുടെ സേവനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. സാംസ്കാരിക ജീർണ്ണതയുണ്ടാക്കുന്ന ടി.വി. പരിപാടികളും, പരസ്യങ്ങളും നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ എടുക്കുക.
9. വൈകുന്നേരങ്ങളിൽ സംപ്രേഷണം ചെയ്യുന്ന ടി.വി. സീരിയലുകൾ ഒഴിവാക്കി രസകരവും വിജ്ഞാന പ്രദവുമായ വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യുക.





# വനിതാക്ഷേമം

കേരള വികസന മാതൃകയുടെ ദൗർബല്യങ്ങളിൽ ഒന്നായി ചൂണ്ടിക്കാണിക്കപ്പെടുന്നത് വികസന പ്രവർത്തനങ്ങളിലുള്ള സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തമാണ്. ഈ അവസ്ഥ മാറ്റിയെടുക്കപ്പെടേണ്ടതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷനു ലഭിക്കുന്നത്ര പ്രാധാന്യവും അവസരങ്ങളും സ്ത്രീക്കും ലഭിക്കണം.

മാനവ സംസ്കൃതിയുടെ ആദ്യകാലഘട്ടങ്ങളിൽ സമൂഹത്തിൽ പുരഷനേക്കാൾ പ്രാധാന്യം സ്ത്രീക്കാണ് ഉണ്ടായിരുന്നതെന്ന് പ്രാചീന ചരിത്രത്തെ പറ്റി ഗവേഷണം നടത്തിയിട്ടുള്ളവർ സാക്ഷ്യപ്പെടുത്തുന്നു. ഋഗ്വേദ കാലഘട്ടം സ്ത്രീയേയും പുരുഷനേയും തുല്യരായിട്ടാണ് കണക്കാക്കിയിരുന്നത് എന്നതിന് ഋഗ്വേദസൂക്തങ്ങൾ തെളിവു നൽകുന്നു.

വർണ്ണാശ്രമധർമ്മ വ്യവസ്ഥ ജാതി വ്യവസ്ഥയായി അധഃപതിച്ചകാലഘട്ടത്തിലാണ് മനുസ്മൃതിയുടെ ഉത്ഭവം, സമൂഹത്തിൽ സ്ത്രീക്കുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെടുകയും പരുഷാധിപത്യത്തിന് അടിപ്പെടുകയും ചെയ്തു.

'പിതോ രക്ഷതി കൗമാരേ
ഭർത്തോ രക്ഷാതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ
നഃസ്ത്രീ സ്വാതന്ത്ര്യ മർഹതി'

എന്നാണ് മനുസ്മൃതി അനുശാസിക്കുന്നത്.

കാലം മാറി പണ്ട് നമുക്ക് അപ്രാപ്യമായിരുന്ന പല മേഖലകളിലേയ്ക്കും സ്ത്രീകൾ കടന്നു വന്നിരിക്കുന്നു. ഉന്നത വിദ്യാഭാസ രംഗത്ത് ഇന്ന് ആൺ കുട്ടികളേക്കാൾ പെൺകുട്ടികൾ മുന്നിലെത്തിയിരിക്കുന്നു. പെൺകുട്ടികൾ ആൺകുട്ടികളെപോലെ സൈക്കിൾ സവാരി നടത്തുന്നു. അമ്മമാർ ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നു. കാറോടിക്കുന്നു. കളക്ടറും പോലീസുസൂപ്രണ്ടുമാകുന്നു. എന്നിരുന്നാലും മനുസ്മൃതിയുടെ സ്വാധീനത്തിൽ നിന്നും ഇന്നും സ്ത്രീ പൂർണ്ണമായി മോചിപ്പിക്കപ്പെട്ടിട്ടില്ല. വിദ്യാസമ്പന്നരും സാമ്പത്തികമായി ഉന്നത നിലവാരം പുലർത്തുന്നവരുമായ വനികളിൽ ഭൂരിഭാഗം സ്ത്രീകളും സാമൂഹ്യ പ്രശ്നങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനില്കാനും ഒറ്റപ്പെടലിന്റെ കൊച്ചു കോച്ചു തുരുത്തുകൾ സൃഷ്ടിച്ച് അതിൽ അഭയം പ്രാപിക്കാനുമാണ് ഇഷ്ടപ്പെടുന്നത്.

പണ്ട് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന വനിതകളെ ഇപ്പോളും ആരാധനാ ഭാവത്തിൽ കാണുന്ന സമൂഹം ഇന്ന് പൊതു രംഗത്ത് പ്രവർത്തിക്കുന്ന വനിതകളെ ആക്ഷേപഭാവത്തിൽ കാണുന്നു. വനിതകൾ തന്നെ അവരെ വിമർശിക്കുന്നു. പൊതു രംഗത്ത് പ്രവർത്തിക്കുന്ന പുരുഷൻമാർ അവരുടെ കുടുംബങ്ങളിലെ വനിതകളെ പൊതു രംഗത്ത് കൊണ്ടു വരുന്നില്ല. ജീവിച്ചു പോന്ന സാഹചര്യങ്ങൾ, അപമാനഭയം, കുടുംബകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ പറ്റില്ല എന്ന കാരണങ്ങൾ, സ്തീകൾക്ക് സുരക്ഷിതത്വമില്ലായ്മ ഇവ പൊതുരംഗത്തേക്കിറങ്ങുവാൻ അവരെ വിമുഖരാക്കുന്നു. ഈ അവസ്ഥ മാറ്റി എടുക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്.

1920 കളിൽ ചോറ്റാനിക്കരയിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നു എങ്കിലും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധമില്ലായ്മകൊണ്ട് സൗകര്യങ്ങൾ പ്രയോജന പ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞില്ല. കുടുംബാസൂത്രണ പദ്ധതികൾ നിലവിൽ വരുന്നതിനു മുമ്പുള്ള ആ കാലഘട്ടത്തിൽ വലിയ പ്രായ വ്യത്യാസ മൊന്നുമില്ലാതെ ജനിക്കുന്ന സഹോദരങ്ങളെ, മാതാപിതാക്കൾ പണിയെടുക്കുവാൻ പോകുന്ന സമയങ്ങളിൽ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കുടുംബങ്ങളിലെ പെൺകുട്ടികൾക്കായിരുന്നു. തന്മൂലം പ്രാഥമിക വിദ്യാഭ്യാസം നേടുവാൻ സാധിക്കാത്തവരാണ് 1989–ൽ സാക്ഷരതാ ക്ലാസ്സുകൾ മുഖാന്തരം അക്ഷരാഭ്യാസം നേടിയവനിതകൾ.

1991–ലെ കനേഷുമാരി കണക്കനുസരിച്ച് കേരളത്തിലെ പൊതു സ്ഥിതിയിൽനിന്നും വ്യത്യസ്ത മായി നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ പുരുഷൻമാരേക്കാൾ കുറവാണ്. ഈറിപ്പോർട്ടിനുവേണ്ടി നടത്തിയ കണക്കെടുപ്പിലും സ്ഥിതി വ്യകത്യസ്തമല്ല.

| ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 20000 | 8345 | 7763 |
| എസ്സ്.സി. | 1089 | 1061 |
| എസ്സ്.റ്റി. | 6 | 10 |

പരിമിതികളുണ്ടെങ്കിലും ചോറ്റാനിക്കര പഞ്ചായത്തിൽ പൊതു രംഗത്ത് വനിതകൾ നല്ല സേവനം കാഴ്ച്ചവെയ്കുന്നുണ്ട് 15 മഹിള സമാജങ്ങൾ ഈ പഞ്ചായത്തിൽ നലവിലുണ്ട്. ആർട്ടിസാൻ യൂണിയൻ ഭാരവാഹി, ലൈബ്രേറിയൻ, ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റു സെക്രട്ടറി തുടങ്ങി നിരവധി സ്ഥാനങ്ങൾ സ്ത്രീകൾ വഹിക്കുന്നുണ്ട് സാക്ഷരതാ പ്രവർത്തണങ്ങളിൽ സ്ത്രീകൾ നിർണ്ണായകമായ പങ്കു വഹിച്ചിരുന്നു. 127 സാക്ഷരതാ ഇൻസ്ട്രക്ടർമാരിൽ 97 പേർ സ്ത്രീകളായിരുന്നു.

ആരോഗ്യപരമായി നോക്കുമ്പോൾ 40 വയസ്സു കഴിഞ്ഞ ഏതൊരുസ്ത്രീയും എതെങ്കിലുമൊരു തരത്തിലുള്ള രോഗത്തിനു അടിമപ്പെടുന്നു. പുരുഷൻമ്മാരോടൊപ്പം തന്നെ ശാരീരികാദ്ധ്വാനം ഏറെയുള്ള മേഖലകളിൽ തൊഴിൽ വ്യാപൃതരായിട്ടുള്ള വരാണ് അവർ. ഗൃഹജോലികൾ എല്ലാം കഴിഞ്ഞ് കൃത്യ സമയത്തു തന്നെ തൊഴിൽ മേഖലയിലെത്തി കഠിനാദ്ധ്വാനം ചെയ്ത് തിരികെ വീട്ടിലെത്തി വീണ്ടും ഗൃഹജോലികൾ ചെയ്യുന്ന അവർക്ക് വേണ്ടത്ര വിശ്രമം കിട്ടുന്നില്ല. സ്വന്തം ആരോഗ്യത്തിൽ ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. പോഷകാഹാരങ്ങൾ ലഭിക്കുന്നില്ല.

പുരുഷൻമ്മാരുടൊപ്പം ഒരേ ജോലിചെയ്യുമ്പോലും തുല്യ വേതനം അവർക്ക് ലഭിക്കുന്നില്ല. വേതനത്തിന്റെ എല്ലാ മേഖലയിലുമുള്ള അന്തരം കാർഷികവൃത്തി ഉപേക്ഷിച്ച് കൂടുതൽ കൂലികിട്ടുന്ന നിർമ്മാണമേഖലയിലേക്ക് അവരെ ആകൃഷ്ടരാക്കുന്നു. അങ്ങിനെ കൃഷിമേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം ചുരുങ്ങിപ്പോയിരിക്കുന്നു.

| | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| തൊഴിലെടുക്കുന്നവർ | 4074 | 1392 |
| കൃഷി | 383 | 138 |
| കർഷകത്തൊഴിലാളി | 681 | 584 |
| നിർമ്മാണം | 77 | 17 |
| കയറ് | 123 | 8 |
| ഇതര ജോലികൾ | 166 | 22 |

അഭ്യസ്ത വിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്ന മാണ്. ഡി.ഡബ്ല്യു.സി.ആർ.എ. വഴി വനിതാ വ്യവ സായ സംരംഭമെന്ന നിലയിൽ ഒരു ചന്ദനത്തിരി യൂണിറ്റ് ഇവിടെ നിലവിലുണ്ട്. പക്ഷേ വിപണന രംഗത്തെ മാന്ദ്യം ആ വ്യവസായത്തിന്റെ വളർച്ചയെ മുരടിപ്പിക്കുന്നു. അരിപ്പൊടി ഗോതമ്പു പൊടി മുതലായവ ഉണ്ടാക്കിയിരുന്ന വ്യവസായ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ധാന്യങ്ങൽ സിവിൽ സപ്ലൈസ് വകുപ്പ് വഴികിട്ടാതെ വന്നതുകൊണ്ട് വ്യവസായം നഷ്ടത്തിലായതാണ് കാരണം.

കൃഷിപ്പണിയിൽ സഹകരിക്കുകയും ആടുമാടുകളെ വളർത്തുകയും, പച്ചക്കറി കൃഷിയിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ള ചുരുക്കം പില കുടുംബിനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

35 വിധവകൾക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. വിധവാ പെൻഷൻ വാർദ്ധിക്യകാല പെൻഷൻ തുടങ്ങിയവയ്ക്ക് അപേക്ഷ നൽകി കാത്തിരിക്കുന്ന വരും നമ്മുടെ പഞ്ചായത്തിലുണ്ട്. പെൻഷൻ കിട്ടാനുള്ള കാലതാമസം ഒഴിവാക്കപ്പെടണം.

നിലവിലുള്ള 15 മഹിളാസമാജങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ മഹിളാ സമാജങ്ങളിലേയും അംഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും ഒന്നിച്ചു കൂടി പ്രശ്നങ്ങൾ ചർച്ചചെയ്യുന്നത് മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്തും. അംഗനവാടികളുടെ പ്രവർത്തനവും മെച്ചപ്പെടണം.

സ്ത്രീധന പീഡനക്കേസ്സുകൾ പഞ്ചായത്തിൽ വിരളമാണ്. എന്നാൽ സ്ത്രീധനം നൽകാനുള്ള കഴിവില്ലായ്മമൂലം പെൺകുട്ടികളുടെ വിവാഹം മുടങ്ങിപ്പോകുന്നുണ്ട്. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കുറ്റകരമാണ്. നിയമത്തെ മറികടക്കാൻ ഇപ്പോൾ പോക്കറ്റു മണിയുടെ കൊടുക്കൽ വാങ്ങലുകളാണ് നടക്കുന്നത്.

ഭർത്താവിന്റെ മദ്യപാനം മൂലം പല കുടുംബങ്ങളിലും സ്ത്രീകൾ മാനസ്സികമായും സാമ്പത്തികമായും ക്ലേശിക്കേണ്ടി വരുന്നു. നമ്മുടെ പഞ്ചായത്തിനെ മദ്യ വിമുക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

## പ്രശ്നങ്ങൾ

1. അഭ്യസ്ത വിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ
2. സ്ത്രീകളിലെ ഐക്യമില്ലായ്മ.
3. പൊതു രംഗത്ത് ഇറങ്ങുവാനുള്ള വിമുഖത.
4. സർക്കാർ സഹായ പദ്ധതികളിലെ പ്രായ പരിധിയും പദ്ധതികളെ ക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലായ്മയും
5. തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുവാനുള്ള ധൈര്യക്കുറവ്.
6. മാധ്യമങ്ങളുടെ അതിപ്രസരം വരുത്തിവക്കുന്നവിന
7. തുല്ല്യജോലിക്ക് തുല്ല്യ വേതനമില്ലാത്ത അവസ്ഥ.
8. കൂടുതൽ ജോലിചെയ്യും എന്നതുകൊണ്ട് കൂടുതൽ ജോലി അടിച്ചേല്പിക്കുന്ന സാമൂഹ്യാവസ്ഥ
9. അംഗണവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തത്.
10. സ്ത്രീകളുടെ സുരക്ഷിതത്വമില്ലായ്മ.

## നിർദ്ദേശങ്ങൾ

വനിതകൾക്ക് ചെയ്യാവുന്ന തൊഴിൽ സംരംഭങ്ങൾ ഏറെയുണ്ട്.

1. തയ്യൽ പിശീലനവും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും
2. എംബ്രോയഡറി
3. ബുക്ക് ബയന്റിംഗ്
4. ഖാദി നൂൽ നൂല്പ്, നെയ്ത്.
5. മുളകുപൊടി,മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, ഗോതമ്പുപോടി, അരിപ്പൊടി, സോപ്പുപൊടി, അച്ചാറുകൾ ചിപ്സുകൾ
6. പാൽ ഉല്പന്നങ്ങൾ
7. മെഴുകുതിരി
8. മാവേലിസ്റ്റോർ, ടീസ്റ്റാൾ
9. കോഴിവളർത്തൽ, പശുവളർത്തൽ
10. കുറ്റിമുല്ല ചെടി കൃഷി

ഇവ വാർഡുതോറും സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകളായി ആരംഭിച്ച് പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സൂപ്പർ മാർക്കറ്റുണ്ടാവുകയും ചെയ്താൽ യൂണിറ്റുകൾക്ക് ഒരു വിപണിയും പഞ്ചായത്തിലെ ജനങ്ങൾക്ക് നല്ല സാധനങ്ങൾ ന്യായമായ വിലക്ക് നാട്ടിൽ തന്നെ ലഭ്യമാവുകയും ചെയ്യും

സ്ത്രീകൾക്കുള്ളത് സ്ത്രീകൾ തന്നെ ചോദിച്ചുവാങ്ങണം. ഇപ്പോൾ പുരുഷൻമാർ നേടിയെടുത്തു കൊടുക്കുകയാണ് ചെയ്യുന്നത്. സ്ത്രീകൾ സംഘടിച്ചാലേ ഇതിനുപരിഹാരമാവുകയുള്ളു. മഹിളാ സമാജങ്ങളുടെ നല്ല രീതിയിലുള്ള പ്രവർത്തനം മൂലം സ്ത്രീകളെ ഐക്യമുള്ളവരും അവകാശ ബോധമുള്ള വരുമാക്കിത്തീർക്കും.

പൊതു രംഗത്ത് പ്രവർത്തിക്കുന്നവർ നല്ലമാതൃക കാണിച്ചുകൊടുക്കണം. ഭർത്താവിന്റെ പ്രോത്സാഹനം സ്ത്രിയെ ധൈര്യവതിയാക്കുന്നു. സമൂഹത്തിൽ സ്ത്രീക്ക് മാന്യമായ സ്ഥാനമാണുള്ളത് എന്ന ബോധം സ്ത്രീകളിൽ ഉണ്ടാക്കിയെടുക്കണം.

മഹിളാ സമാജങ്ങൾ വഴി സർക്കാരിന്റെ സഹായ പദ്ധതികളെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കണം

നിർബ്ബന്ധമായും ഏതെങ്കിലും തൊഴിൽ സംരംഭവുമായി ബന്ധപ്പെടുവാൻ സ്ത്രീകൾ തയ്യാറാകണം. ജീവിതത്തെക്കുറിച്ചുള്ള യാഥാർത്ഥ്യ ബോധം സ്ത്രീക്കുണ്ടാകണം. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ അമ്മമാർക്ക് വളരെയധികം പങ്ക് വഹിക്കുവാനുണ്ട്. അവരെ സമൂഹത്തിനുതകുന്നവരാക്കിയെടുക്കുവാൻ കഴിവുള്ളവർ അമ്മമാർ തന്നെയാണ്. ടി.വി.യിൽ ആയാലും വാരികകളിലായാലും നല്ലതിനെ മാത്രം അനുകരിക്കുക. അല്ലാത്തത് മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുവാനുള്ള ഒരു ഉപാദിയായി മാത്രം കരുതുക.

14 അങ്കണ വാടികൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമുള്ളത് 3 എണ്ണത്തിനുമാത്രമാണ്. അങ്കണ വാടി എന്നപേര് അർത്ഥ വത്താക്കുവാൻ സാധിക്കുന്നില്ല. എന്നു മാത്രമല്ല ഇടുങ്ങിയ മുറികൾക്കുളിൽ പിഞ്ചു കുഞ്ഞുങ്ങൾ തിങ്ങിഞെരുങ്ങിയിരിക്കേണ്ടിവരുന്നു. ഓടിക്കളിക്കാനോ കിടന്നുറങ്ങുവാനോ ഉള്ള സൗകര്യക്കുറവും അങ്കണവാടി കൊണ്ടുള്ള ഉദ്ദേശങ്ങളുടെ ഫല പ്രാപ്തി ഇല്ലാതാക്കുന്നു. സ്വന്തമായി കെട്ടിടങ്ങളുള്ള അങ്കണ വാടികളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടക്കുന്നില്ല. അങ്കണ വാടികളുടെ പ്രവർത്തനം ഏറെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അങ്കണവാടി അദ്ധ്യാപിക മാരുടെജോലി ഭാരം കുറക്കേണ്ടതുണ്ട്.

എല്ലാറ്റിനുമുപരി സ്ത്രീകൾക്കുസുരക്ഷിതത്തമില്ലായെന്ന അവസ്ഥ നിലനിൽക്കുന്നു. സ്ത്രീപീഡനത്തിന്റെയും സ്ത്രീകൾക്കുനേരെയുള്ള അക്രമത്തിന്റെയും കഥകൾ ദിവസവും കേൾക്കേണ്ടിവരുന്നു. സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ അമർച്ചചെയ്യുന്നതിനും സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിലും ഭരണകൂടം കൂടുതൽ ജാഗ്രത പാലിക്കണം.

തങ്ങളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തുവാനും സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കാനും സ്ത്രീകൾ ഒത്തൊരുമിച്ച് സ്വയം മുന്നോട്ടുവരേണ്ടിയിരിക്കുന്നു.



# സഹകരണം

സഹകരണം എന്ന വാക്കിനെക്കുറിച്ച് കേൾക്കാത്തവരില്ല. അനുഭവിക്കാത്തവരില്ല. സഹകരണമില്ലാതെ ലോകത്ത് ഒന്നും തന്നെ നിലനിൽക്കുകയില്ല. ഒരു വ്യക്തിയുടെ ഉത്ഭവം മുതൽ അവസാനം വരെ അനുഗമിക്കുന്ന ഏക വിഷയം സഹകരണമാണ്.

സഹകരണം ഒരുകൂട്ടായ പ്രവർത്തനമാകുന്നു. അതിന്റെ തണലിൽ ദുർബലവിഭാഗം ആശ്വാസം കൊള്ളുന്നു. ആശ്രയം കണ്ടെത്തുന്നു.

"പരസ്പരസഹായവും സ്വാശ്രയശീലവും സൃഷ്ടിച്ച് ഓരോ വ്യക്തിയെയും പൂർണ്ണതയിലേക്കെത്തിക്കുക (Each for all and all for each) എന്നതാണ് സഹകരണ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം."

ലോകത്തിലെ ഏറ്റവും വിപുലമായ സഹകരണപ്രസ്ഥാനങ്ങളിൽ ഒന്നാണ് ഇന്ത്യയിലേത്. ദേശീയ യൂണിയന്റെ കണക്കനുസരിച്ച് 16 കോടിയിൽ പരം ആളുകൾ നമ്മുടെ സഹകരണ പ്രസ്ഥാനത്തിൽ അണിചേർന്നിട്ടുണ്ട്. അംഗബലത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ലോകത്ത് മുൻനിരയിലാണ്. മൊത്തം മൂലധനനിക്ഷേപമാകട്ടെ ഏതാണ്ട് 72000 കോടി രൂപയോളം വരും. ഇന്ത്യയിൽ. വിവിധ സംസ്ഥാനങ്ങളിലായി വിവിധ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ ആധിപത്യമുറപ്പിച്ചിരിക്കുന്നതു കാണാം. ഇന്ത്യയിൽ ഒട്ടാകെ 32,53,000 സഹകരണ സംഘങ്ങളും അവയിൽ 1640 ലക്ഷം അംഗങ്ങളുമുണ്ട്.

കേരളത്തിലെ ക്രഡിറ്റ് മേഖല, മഹാരാഷ്ട്രയിലെ,പഞ്ചസാര മില്ലുകൾ, ഗുജറാത്തിലെ ക്ഷീരസംഘങ്ങൾ, ബംഗാളിലെ ചണമില്ലുകൾ, കേരളത്തിലെ തന്നെ ദിനേശ്ബീഡി തൊഴിലാളി സംഘം, തുടങ്ങി അഭിമാനിക്കാവുന്ന അനവധി സ്ഥാപനങ്ങളുടെ നെറ്റ് വർക്കാണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം.

ചരിത്രത്തിന്റെ പഴയതാളുകൾ തുറന്ന നോക്കിയാൽ പ്രകാശം പരത്തുന്ന അനേകം സംഭവകഥകൾ കാണാം. സഹകരണം എവിടെ ഉദിച്ചു എന്നു ചോദിച്ചാൽ ഉത്തരം നൽകാൻ ബുദ്ധിമുട്ടുണ്ട്. മനുഷ്യൻ ഉണ്ടായ കാലംമുതൽക്കേ എന്നു പറയേണ്ടിവരും. ഭാരതത്തിൽ തമിഴ്നാട്ടിലാണ് സഹകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതു പ്രവർത്തനമുണ്ടായതെന്നു പറയപ്പെടുന്നു. ചിട്ടി നിധി മുതലായവ സഹകരണാടിസ്ഥാനത്തിൽ അവിടെ നടത്തിയിരുന്നു. എന്നാൽ ഇതിനു സഹകരണത്തിന്റെ പരിവേഷം ചാർത്തിയിരുന്നില്ല.

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള പ്രസ്ഥാനമാണ് നമ്മുടേത്. 1904ലെ ഒന്നാം സഹകരണ നിയമത്തിനു മുമ്പുതന്നെ സഹകരണസ്ഥാപനങ്ങൾ ജന്മമെടുത്തിരുന്നു. 1912ലെ രണ്ടാം സഹകരണ നിയമം 1919ലെ മൊൺടെഗു ചെംസ് ഫോർഡ് ഭരണപരിഷ്കാരങ്ങൾ എന്നിവ സഹകരണ മേഖലയ്ക്ക് കൂടുതൽ ഉത്തേജനമേകി. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തോടൊപ്പം സഹകരണ സ്ഥാപനങ്ങളും മുളച്ചുവന്നും സ്വാതന്ത്ര്യലബ്ധിക്കുശേഷമാകട്ടെ സഹകരണമേഖല വളരെയേറെ മുന്നേറി. ഇന്നത് ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്നു. ഇംഗ്ലണ്ടിലാണ് സഹകരണ പ്രസ്ഥാനം കൂടുതൽ വിജയിച്ചതായി കാണുന്നത്. അവിടത്തെ സ്ത്രീകളാണ് സഹകരണ പ്രസ്ഥാനത്തെ വിജയിപ്പിച്ചത്. നിത്യോപയോഗ സാധനങ്ങൾ അവർ പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്നു മാത്രമേ വാങ്ങിയിരുന്നുള്ളു. അത് പ്രാഥമിക സഹകരണസംഘങ്ങളുടെ പെട്ടെന്നുള്ള വളർച്ചയ്ക്ക് കാരണമായി. വിദ്യാസമ്പന്നർ സഹകരണസംഘങ്ങളുടെ വളർച്ച ആവശ്യമാണെന്ന് പ്രഖ്യാപിക്കുക മാത്രമല്ല സാധാരണ ജനങ്ങളെ ബോധവാന്മാരാക്കാനും ശ്രമിച്ചു.

കേരളത്തിൽ മാത്രം 14000 സഹകരണ സംഘങ്ങളും 1 കോടി 90 ലക്ഷം സഹകാരികളും ഉണ്ട്. ഇതിന്റെ പ്രവർത്തന മൂലധനം 81 കോടി രൂപയാണ്.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ച സഹകരണ പ്രസ്ഥാനം 26– ാം നമ്പർ കുരീക്കാട് പരസ്പര സഹായസഹകരണ സംഘമാണ്. പിന്നീട് ഇതു തിരുവാങ്കുളത്തേക്കു മാറ്റപ്പെട്ടു.

നമ്മുടെ പഞ്ചായത്തിൽ മലയാള വർഷം 1108ൽ ശ്രീ. എം.കെ. മേനോൻ പ്രസിഡന്റായി കണയന്നൂർ സഹകരണസംഘം (E115) നിലവിൽ വന്നു. ഇതിന് 8 അംഗ ഡയറക്ടർ ബോർഡാണ് ഉണ്ടായിരുന്നത്. ഈ സഹകരണസംഘം പിൽക്കാലത്ത് സഹകരണ ബാങ്കായി പ്രവർത്തനമാരംഭിക്കുകയായിരുന്നു. സഹകരണ ബാങ്കിൽ ഇപ്പോൾ അംഗങ്ങളായിട്ടുള്ള സഹകാരികളുടെ എണ്ണം കേവലം 5440 മാത്രമാണ്. ഇനിയും വളരെയേറെ പേർ മെംബർമാരായി ചേരേണ്ടതുണ്ട്. എങ്കിൽ മാത്രമേ ബാങ്കിന്റെ പ്രവർത്തനം ശരിയായ രീതിയിൽ വിപുലീകരിക്കാൻ സാധിക്കുകയുള്ളു.

### കണയന്നൂർ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ E 115–ചോറ്റാനിക്കര

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|
| ME 1108 | 5440 | 8 | 4,63,555 | --- | ലാഭത്തിൽ |

ഇതിന്റെ ഒരു ബ്രാഞ്ച് കുരീക്കാട്ടിൽ ആരംഭിക്കുന്നതിഎല്ലാനടപടികളും പൂർത്തിയായി വരുന്നു. ഈ ബാങ്കിന്റെ ഉത്തരവാദിത്തത്തിൽ കുതിച്ചുയരുന്ന വിലനിലവാരം പിടിച്ചു നിർത്തുവാൻ ഓണക്കാലങ്ങളിൽ ഓണച്ചന്തകൾ നടത്തിവരുന്നു.

ഈ ബാങ്കിൽ നിന്നും സാധാരണ വായ്പയും ഹ്രസ്വകാല കാർഷിക വായ്പയും നൽകുന്നുണ്ട്. ഇതിനുപുറമെ കൃഷി ആവശ്യത്തിനുവേണ്ടി വിളവായ്പയും നൽകുന്നുണ്ട്. ഈ സഹകരണബാങ്ക് ഇപ്പോൾ നല്ല രീതിയിലും ലാഭകരവുമായി പ്രവർത്തിക്കുന്നു.

ചോറ്റാനിക്കര ക്ഷീരവ്യവസായ സഹകരണ സംഘം (E.14.D) ആണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണസംഘം. ഈ സംഘം ഇപ്പോൾ സജീവമാണെങ്കിലും ക്ഷീര വ്യവസായ രംഗത്ത് ഇനിയും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

### ചോറ്റാനിക്കര ക്ഷീരവ്യവസായ സഹകരണ സംഘം (E-14D) ചോറ്റാനിക്കര

| സ്ഥാപിച്ച വർഷം | ഇപ്പോൾ നിലവിലുള്ള അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ/ ജോലിക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|
| 10–1–76 | 350 | 5 | 3800 | -- | ലാഭത്തിൽ |

## നിർദ്ദേശങ്ങൾ/സാധ്യതകൾ


1. കൂടുതൽ സഹകരണസംഘങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ എടുക്കണം.
2. സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പഞ്ചായത്തുതലത്തിൽ ബോധവല്ക്കരണം നടത്തുക.
3. പ്രതിദിനം സംഭരിക്കുന്ന പാൽ വിതരണം കഴിഞ്ഞ് ബാക്കിയുള്ളവ സംസ്ക്കരിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.
4. ഒരു ക്ഷീരോല്പാദക സഹകരണസംഘം (Apcos) രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തുക.
5. സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തുക.
6. ഓരോ ഭവനങ്ങളിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് ഉപഭോക്താക്കളിൽ നിന്നും trade deposit സ്വീകരിച്ച് Door Delivery system നടപ്പിലാക്കുക.
7. അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു Labour Contract സഹകരണസംഘം രൂപീകരിക്കുക.
8. സഹകരണ രംഗത്തിന്റെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണസെൽ രൂപീകരിക്കുക. സഹകരണസംഘങ്ങൾക്ക് ആവശ്യമായ ഉപദേശനിർദേശങ്ങൾ നൽകുക – സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യുക.

## പ്രശ്നങ്ങൾ

1. മാനേജുമെന്റിന്റെ കാര്യക്ഷമതയില്ലായ്മ
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം
3. സാങ്കേതിക നവീകരണത്തിന്റെ അഭാവം
4. ഡിപ്പാർട്ടുമെന്റ് മേധാവിത്വം

## സാധ്യതകൾ

1. പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുക
2. അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുമഭോക്താക്കളെ സംഘടിപ്പിക്കുക.
3. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നൽകുക.
4. തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസുകൾ ഏർപ്പെടുത്തുക.
5. സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കുക.
6. നിലവിലുള്ള ഉൽപാദനസഹകരണ സംഘങ്ങളുടെ ഉത്പാദനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ ആരംഭിക്കുക.
8. കോ ഓപ്പറേറ്റീവ് മാനേജ്മെന്റിൽ വനിതകൾക്ക് അനുപാതിക പ്രാതിനിധ്യം നൽകുക.
9. സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവല്ക്കരിക്കുക.
10. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ പോലുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുക.
11. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.
12. ജനറൽ ബോഡികളിൽ പങ്കാളിത്തം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
13. ക്രഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയാറാക്കുക.



# പട്ടികജാതി–പട്ടികവർഗക്ഷേമം

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 517 പട്ടികജാതി കുടുംബങ്ങളും 3 പട്ടികവർഗ കുടുംബങ്ങളും താമസിക്കുന്നുണ്ട്. 3 അംഗീകൃത പട്ടിക ജാതി കോളനികൾ ഇവിടെയുണ്ട്. പട്ടികവർഗ കോളനി ഇല്ല. കോളനികളിലാണ് ഈ വിഭാഗത്തിലുള്ള കൂടുതൽ ആളുകളും താമസിക്കുന്നത്.

ഏറെക്കാലമായി പിന്നോക്കാവസ്ഥയിൽ കഴിയാൻ വിധിക്കപ്പെട്ട ഇവർക്ക് കുടികിടപ്പ് അവകാശം ലഭിച്ചതിലൂടെയും മിച്ച ഭൂമി വിതരണം നടത്തിയതിലൂടെയും സർക്കാർ നടത്തിവന്ന ക്ഷേമപ്രവർത്തനത്തിലൂടെയും സാമൂഹികമായും വിദ്യാഭ്യാസ പരമായും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞി

ട്ടുണ്ട്. എന്നിരുന്നാലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ ജാതി പറഞ്ഞുള്ള വിളി ഇന്നും നിലനിൽക്കുന്നുണ്ട്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളവും വൈദ്യുതിയും എത്താത്ത വീടുകൾ നിരവധിയുണ്ട്. കക്കൂസ് ഇല്ലാത്ത വീടുകളും ഏറെയാണ്. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ കർക്കശമായ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിയാതെ പോയിട്ടുണ്ട്. കോളനി നിവാസികൾക്കാണ് സർക്കാരിന്റെ പദ്ധതികളുടെ നേട്ടങ്ങൾ കൂടുതലും ലഭിച്ചിട്ടുള്ളത്. ഈ വിഭാഗത്തിലെ ഒട്ടേറെ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. വീടില്ലാത്തവരായും ഉള്ള വീടുതന്നെ പൂർത്തിയാക്കാനോ നന്നാക്കാനോ കഴിയാത്തവരായിട്ടും ഒട്ടേറെ പേർ ഇക്കൂട്ടത്തിലുണ്ട്.

(പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്)

**പട്ടിക–1**

| വാർഡ് | പട്ടികജാതി കുടുംബങ്ങൾ | പട്ടികവർഗ കുടുംബങ്ങൾ | വീടില്ലാത്തവർ |
|---|---|---|---|
| I | 66 | - | 15 |
| II | 55 | - | 15 |
| III | 50 | - | 9 |
| IV | 100 | - | 6 |
| V | 14 | - | 9 |
| VI | 43 | - | 6 |
| VII | 73 | 3 | 14 |
| VIII | 35 | - | 6 |
| IX | 81 | - | 25 |
| ആകെ | 517 | 3 | 105 |

(ഗ്രാമസഭയിൽ നിന്നും ലഭിച്ച വിവരങ്ങൾ കൂട്ടിച്ചേർത്തതാണ്)

**പട്ടിക–2**

**കോളനികൾ**

| | ആകെ താമസിക്കുന്ന കുടുംബങ്ങൾ | വാർഡ് |
|---|---|---|
| **അംഗീകൃത ഹരിജൻ കോളനികൾ:** | | |
| 1. കണിച്ചിറ | 35 | IV |
| 2. നാഗപ്പാടി | 34 | VII |
| 3. തലക്കോട് | 81 | IX |
| **ലക്ഷം വീട് കോളനികൾ** | | |
| 1. കണിച്ചിറ | 20 | IV |
| 2. വെട്ടിയ്ക്കൽ | 20 | IX |
| **ഹരിജൻ സെറ്റിൽമെന്റ് കോളനി** | | |
| 1. കടുംഗമംഗലം-നമ്പൂരിശൻമല | 29 | I |
| 2. ഞാളിയത്ത് മ്യാലിൽ | 11 | " |
| 3. അയ്യൻകുഴി | 18 | VI |
| 4. തെക്കിനേത്ത് നിരപ്പ് | 11 | " |
| 5. പാലസ് സ്ക്വയർ | - | VII |
| **ഭൂരഹിത കർഷക തൊഴിലാളി കോളനി** | | |
| 1. ചന്തപ്പാമ്പ് | 52 | II |
| 2. അമ്പാടിമല | 20 | III |
| 3. നാഗപ്പാടി | 20 | VII |

***വിദ്യാഭ്യാസം:*** നിരക്ഷരരായിട്ട് ഈ വിഭാഗത്തിൽ ചിലരുണ്ട്. സാക്ഷരത പ്രവർത്തനത്തിന്റെ ഫലമായി അക്ഷരമെഴുതാൻ കഴിഞ്ഞെങ്കിലും സാക്ഷരതയുടെ തുടർ വിദ്യാഭ്യാസം നടത്തുന്നതിന് കഴിയാത്തതുകൊണ്ട് പഠിച്ച അക്ഷരങ്ങൾ തന്നെ മറന്നുപോയിരിക്കുന്നു. അതുകൊണ്ട് സാക്ഷരതാ തുടർ വിദ്യാഭ്യാസം നടത്തേണ്ടതാണ്.

രണ്ടു കിലോമീറ്ററിനുള്ളിൽ തന്നെ സ്കൂളുകളുള്ളതിനാൽ എസ്.എസ്.എൽ.സി വരെ പഠിക്കുന്നതിന് പ്രയാസം നേരിടുന്നില്ല. എന്നിരുന്നാലും ഇടയ്ക്കുവെച്ച് പഠനം നിർത്തി പോകുന്നവരുണ്ട്. 1996–97 അധ്യയന വർഷത്തിൽ 465 പട്ടികജാതി വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. 1995–96 വർഷത്തിൽ യു.പി യിലും ഹൈസ്കൂളിലുമായി 4 കുട്ടികൾ പഠനം നിർത്തി പോയിട്ടുണ്ട്. എസ്.എസ്.എൽ.സിയ്ക്കു മുകളിൽ വിദ്യാഭ്യാസമുള്ളവർ ഈ വിഭാഗത്തിൽ കുറവാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടതാണ്.

***തൊഴിൽ:*** പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ പണിയെടുത്തിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടമാവുകയും ജീവിക്കുവാനുള്ള മാർഗമാരാഞ്ഞ് മറ്റ് തൊഴിൽ മേഖലയിലേയ്ക്ക് പോകുവാൻ നിർബന്ധിതമാവുകയും ചെയ്തു. ഇവരിൽ ഭൂരിഭാഗവും നിർമാണ രംഗത്തേയ്ക്കാണ് പോകുന്നത്. ഈ മേഖലയിൽ സ്ത്രീകൾക്ക് 90 രൂപയും പുരുഷന്മാർക്ക് 150 രൂപവരെയും കൂലി ലഭിക്കുന്നുണ്ട്. സാമാന്യം മെച്ചപ്പെട്ട കൂലിയായതിനാൽ പുതിയ തലമുറയിൽ പെട്ടവരും നിർമാണ മേഖലതന്നെയാണ് തെരഞ്ഞെടുക്കുന്നത്.

ഗൾഫ് പണത്തിന്റെ വരവ് കുറയുന്നതോടുകൂടി നിർമാണ രംഗത്തും എല്ലാദിവസവും ജോലി ലഭിയ്ക്കില്ലായെന്ന സ്ഥിതി വരാൻ പോവുകയാണ്. കാർഷിക മേഖലയെ പുനരുദ്ധരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഇവിടെ ലഭിക്കുമെന്നുറപ്പായാൽ ഈ മേഖലയിലേയ്ക്ക് സ്ത്രീകളും പുരുഷന്മാരും തിരിച്ചുവരാൻ തയാറാകും. അങ്ങനെ നിർമാണ രംഗത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ മൂലം ദാരിദ്രമനുഭവിയ്ക്കേണ്ടിവരുമെന്ന ഭീഷണി ഇല്ലാതാക്കുന്നതിന്നും കാർഷിക മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിനും ഇത് കാരണമാകും.

കൈത്തൊഴിലായി കൊട്ടനെയ്ത്ത്, പായ് നെയ്ത്ത്, പനമ്പുനെയ്ത്ത് തുടങ്ങിയ ജോലിയിൽ ഏർപ്പെട്ടിരിയ്ക്കുന്ന

വർക്ക് അനാദായകരമാണെന്നതുകൊണ്ട് തുടർന്ന് നടത്തിക്കൊണ്ടുപോകുവാൻ കഴിയാതെ വന്നു. സബ്സിഡിയോടു കൂടി ഈറ്റ, പനമ്പ്, തുടങ്ങിയവ വിതരണം നടത്തുകയും ഉല്പന്നം ഇടനിലക്കാരെ ഒഴിവാക്കി പഞ്ചായത്തു തലത്തിൽ വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്താൽ കൈത്തൊഴിൽ ലാഭകരമാവുകയും കുടുംബത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും.

സർക്കാർ ജോലിയുള്ളവരുടേയും സ്ഥിരമായി ജോലിയുള്ളവരുടേയും കുടുംബസ്ഥിതി താരതമ്യേന മെച്ചപ്പെട്ടതാണ്.

***പാർപ്പിടം:*** പാർപ്പിട പ്രശ്നം പൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കോളനികൾ നിർമിച്ച് നൽകുകവഴിയും സർക്കാരിന്റെ ക്ഷേമ പ്രവർത്തനത്തിലൂടെയും കുറച്ചൊക്കെ പരിഹാരമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വീട് പണിക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തിയാക്കുന്നതിന്ന് കഴിഞ്ഞിട്ടില്ല. ലഭിക്കുന്ന തുക തന്നെ മറ്റു കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്ന് ഇത് കാരണമായിട്ടുണ്ട്. വീടില്ലാത്തവരായിട്ട് 105 പേരുണ്ട്. വീടുവയ്ക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

പല വീടുകളിലും കക്കൂസ് നിലവിലില്ല. ഒരു വീടിനൊരു കക്കൂസ് എന്നത് നിർബന്ധമാക്കണം.

### *പട്ടികജാതി-പട്ടികവർഗക്ഷേമം മുൻനിർത്തി ശ്രദ്ധ പതിപ്പിക്കേണ്ട ചില നിർദേശങ്ങൾ:*

☆ കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

☆ കൈത്തൊഴിൽ പ്രോത്സാഹിപ്പിക്കുക, നിർമാണം, സംഭരണം, വിതരണം എന്നിവ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

☆ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ പെട്ട തൊഴിലെടുക്കാൻ കഴിവുള്ളവർക്ക് താല്പര്യമനുസരിച്ച് തൊഴിൽ പരിശീലിപ്പിച്ച് അവർക്കു വേണ്ട പ്രോത്സാഹനം കൊടുക്കുക.

☆ അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ നൽകിവരുന്ന വായ്പകളും ധനസഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

☆ പട്ടികജാതിസർവീസ് സഹകരണ സംഘങ്ങൾ ആരംഭിക്കുക.

☆ പൊതുശ്മശാനം സ്ഥാപിക്കുക.

☆ കളിസ്ഥലം അനുവദിക്കുക.

☆ വീടു നിർമാണ സഹായം വർധിപ്പിക്കുക. വീടുവെയ്ക്കുന്നതിനോടൊപ്പം കക്കൂസ് നിർമിക്കുന്നതിനുള്ള ധനസഹായം നൽകുക.

☆ വീട് പുതുക്കിപണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശ രഹിത ദീർഘകാല വായ്പകൾ അനുവദിക്കുക.

☆ ഞാളിയത്തുമ്യാലിയിലെ 8 കുടുംബങ്ങൾക്ക് വൈദ്യുതിയും വെള്ളവുമെത്തിക്കുന്നതിന്ന് നടപടികൾ സ്വീകരിക്കുക.

☆ ഞാളിയത്തുമ്യാലി ഭാഗത്ത് കടന്നു പോകുന്ന പഞ്ചായത്ത് റോഡിൽ നിന്നും ഒരു ക്രോസ് റോഡ് വെട്ടുക. വെള്ളവും വെളിച്ചവുമെത്തിക്കുന്നതിന് ഇത് സഹായകരമായിരിക്കും.

☆ 2-ാം വാർഡിൽ ഭൂരഹിത കർഷക തൊഴിലാളി കോളനിയിൽ കാന കെട്ടി വെള്ളക്കെട്ട് തടയുക. അതോടെ കക്കൂസ് നിറയുന്ന പ്രശ്നവും പരിഹരിക്കപ്പെടും.

☆ കമ്മ്യൂണിറ്റിഹാൾ പണി പൂർത്തിയാക്കി ഉപയോഗപ്രദമാക്കുക.

☆ കുരീക്കോട് ഭാഗത്ത് നിലവിലുള്ള സബ്സെന്റർ നിലനിർത്തുകയും സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇത് കോളനി നിവാസികൾക്ക് പ്രയോജനകരമായിരിക്കും.

☆ ചോറ്റാനിക്കര ബലിക്കുളം റോഡിൽ 900 മീറ്റർ ഭാഗം ടാർ ചെയ്യുക. കോളനി നിവാസികൾക്ക് ഇത് പ്രയോജനകരമായിരിക്കും.

☆ ചോറ്റാനിക്കര അമ്പലത്തിൽ നിന്നും വരുന്ന അഴുക്ക് തെക്കേച്ചിറ കോളനിയുടെ അടുത്ത് യക്ഷിക്കുളത്തിന്റെ ഭാഗത്ത് കെട്ടിക്കിടക്കുന്നു. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ ഇടയാക്കും. ഇത് നീക്കം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

☆ തെക്കിനേത്ത് നിരപ്പുവരെ കുടിവെള്ളമെത്തിക്കുക.

☆ അംഗീകൃത കോളനി സ്ഥലം ക്രയവിക്രയം ചെയ്യുന്നത് തടയുക. ബോർഡു സ്ഥാപിക്കുക.

☆ വനിതകളുടെ ചെറുകിട വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ എല്ലാ വാർഡിലും ആരംഭിക്കുക.

☆ എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധികൾ ആരംഭിക്കുക.

☆ 3-ാം വാർഡിൽ കുരിശു പള്ളിയുടെ ഭാഗത്തു നിന്ന് കോളനിയിലേക്കുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.

☆ തെക്കിനേത്ത് നിരപ്പ്-നാഗവല്ലി കോളനികളെ ബന്ധിപ്പിച്ച് ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

# വിഭവസമാഹരണം

പദ്ധതി നടത്തിപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് നടത്തിപ്പിനാവശ്യമായ വിഭവങ്ങൾ സമാഹരിക്കുക. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ വിഭവസമാഹരണം നടത്തുന്നത് എങ്ങനെയാണെന്ന് ഏറെക്കുറെ ഒരു ധാരണ നമുക്കുണ്ട്. നികുതിപ്പണം, കസ്റ്റംസ് - എക്സൈസ് തീരുവകൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം, ആഭ്യന്തരവും വൈദേശികവുമായ കടമെടുപ്പ്, കമ്മിപ്പണം അടിച്ചിറക്കൽ തുടങ്ങി നിരവധി മാർഗ്ഗങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിഭവസമാഹരണത്തിനുവേണ്ടി വിനിയോഗിക്കുന്നു.

പ്രധാനപ്പെട്ട വിഭവസമാഹരണ മാർഗ്ഗങ്ങളെല്ലാം തന്നെ കേന്ദ്രഗവൺമെന്റിന്റെ അധീനതയിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിഭവങ്ങളിൽ ഒരു ഭാഗം സംസ്ഥാനങ്ങൾക്കായി വീതിക്കുന്നു. അർഹമായ വിഹിതം നമ്മുടെ സംസ്ഥാനത്തിനു ലഭിക്കുന്നില്ല. എന്ന അവസ്ഥയും നിലനിൽക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ തനതായ വരുമാന മാർഗ്ഗങ്ങളാണ് ഭൂനികുതി, വസ്തുകൈമാറ്റ നികുതി, വില്പനനികുതി തുടങ്ങിയവ.

പഞ്ചായത്തുകളുടെ തനതായ വിഭവസമാഹരണ മാർഗ്ഗങ്ങളാണ് കെട്ടിടനികുതി, തൊഴിൽനികുതി, ചന്തകൾ, വണ്ടിപ്പേട്ടകൾ തുടങ്ങിയവയിൽ നിന്നുള്ള വരുമാനം . ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ചില ഗ്രാന്റുകളും ലഭിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ 1995-96 വർഷത്തെ വരവു ചെലവു കണക്കും കഴിഞ്ഞ ഏതാനും വർഷങ്ങളിലെ മൊത്തം വരവിന്റെയും ചെലവിന്റെയും കണക്കുകളും താഴെക്കൊടുക്കുന്നു.

## 1995-96ലെ വരവു ചെലവു കണക്ക്

### വരവ്

| | |
|---|---|
| 1. പഞ്ചായത്തു നികുതികൾ | |
| a. കെട്ടിട നികുതി | 349777.00 |
| b. തൊഴിൽ കരം | 345009.00 |
| c. പരസ്യനികുതി | 368.00 |
| d. സ്വത്തു കൈമാറ്റനികുതി വിഹിതം | 306585.00 |
| | 1001739.00 |
| 2. വസ്തു വകകളിൽനിന്നുള്ള വരവ് | 6357.00 |
| 3. സ്പെഷ്യൽ ആക്റ്റ് അനുസരിച്ചുള്ള വരവ് | 855.00 |
| 4. പഞ്ചായത്തു ഫീസ് | 23472.00 |
| 5. ഗവൺമെന്റ് ഗ്രാന്റുകൾ | |
| 1. ബചത്ഗ്രാന്റ് | 50000.00 |
| 2. ബേസിക് ടാക്സ് ഗ്രാന്റ് | 24945.00 |
| 3. അടിസ്ഥാന നികുതി 25% | 150000.00 |
| 4. വാഹനനികുതി കോമ്പൻസേഷൻ | 156600.00 |
| 5. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റ പണിക്കുള്ള ഗ്രാന്റ് | 16003.00 |
| 6. ചെറുകിട ജലസേചന പദ്ധതികൾക്കുള്ള ഗ്രാന്റ് | 7800.00 |
| | 405348.00 |
| 6. പലവക | 9068.00 |
| | 1447380.00 |

### ചെലവ്

| | |
|---|---|
| 1. മാനേജ്മെന്റ് | 561407.00 |
| 2. പൊതുമരാമത്ത് | 65702.00 |
| 3. വിദ്യാഭ്യാസം | 17582.00 |
| 4. കുടിവെള്ളവും പരിസര ശുചീകരണവും | 143404.00 |
| 5. പൊതുജനാരോഗ്യം | 74767.00 |
| 6. വെളിച്ചം | 72260.00 |
| 7. സാമൂഹ്യക്ഷേമം | 330.00 |
| 8. പെട്ടിക്കട പൊളിച്ചു മാറ്റൽ | 1243.00 |
| 9. ഡിപ്പോസിറ്റ് തിരിച്ചടവ് | 64290.00 |
| | 1000987.00 |

### കാപ്പിറ്റൽ അക്കൗണ്ട്

#### വരവ്

| | |
|---|---|
| അൺറ്റൈഡ് ഫണ്ട് (മൂലധന ചെലവിലേയ്ക്ക് ഉപാധിയില്ലാത്ത സഹായം) | 276700.00 |

#### ചെലവ്

1. നടത്തിപ്പ് 7005.00
2. കമ്മ്യൂണിറ്റിഹാൾ 149169.00
3. മരാമത്ത് 163779.00

മൊത്തം 319953.00

### സസ് പെൻസ് അക്കൗണ്ട്

#### വരവ്

| | |
|---|---|
| 1. നിക്ഷേപങ്ങൾ | 6340.00 |
| 2. ഇലക്ഷൻ ഡിപ്പോസിറ്റ് | 500.00 |
| 3. ലൈബ്രറിസെസ് | 17578.00 |
| ആകെ | 25298.00 |

#### ചെലവ്

| | |
|---|---|
| 1. ഡിപ്പോസിറ്റ് തിരിച്ചു നൽകിയത് | 2420.00 |
| 2. സി.റ്റി. | 993.00 |
| 3. ഐ.റ്റി. | 940.00 |
| 4. എസ്.ടി. | 142.00 |

പഞ്ചായത്തിന്റെ മൊത്തം വരവും ചെലവും 1985-86 മുതൽ 1995-96വരെ.

| | വരവ് | ചെലവ് |
|---|---|---|
| 1985-86 | 378153.59 | 384529.35 |
| 86-87 | 495336.12 | 360132.25 |
| 87-88 | 534891.25 | 420550.00 |
| 88-89 | 585659.57 | 438871.00 |
| 89-90 | 672314.65 | 585127.35 |
| 90-91 | 859619.25 | 823497.55 |
| 91-92 | 730068.35 | 674839.75 |
| 92-93 | --.-- | --.-- |
| 93-94 | --.-- | --.--- |
| 94-95 | 1337672.10 | 1165814.75 |
| 95-96 | 1749380.50 | 1325435.95 |

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽക്കരം (രണ്ടും ഏകദേശം 3.5 ലക്ഷംരൂപ വീതം) വസ്തുകൈമാറ്റനികുതിയുടെ വിഹിതം (3ലക്ഷം രൂപ) സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാന്റുകൾ അൺറ്റൈഡ് ഫണ്ട് എന്നിവയാണ്.

ചെലവിൽ ഏറിയ പങ്കും പഞ്ചായത്തിന്റെ നടത്തിപ്പിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. 5.6 ലക്ഷത്തോളം രൂപ. ബാക്കി റോഡിനും വെള്ളത്തിനും, വെളിച്ചത്തിനും വേണ്ടി ചെലവഴിക്കുന്നു. ക്ഷേത്രപരിസരം ശുചിയാക്കുന്നതിനുവേണ്ടി വർഷം തോറും 60000 രൂപ. ജോലിക്കുവെച്ചിരിക്കുന്നവരുടെ ശമ്പളമുൾപ്പെടെ ചെലവാക്കുന്നുണ്ട്. വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ ബാക്കി കിട്ടാത്ത അവസ്ഥയാണ് പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനത്തിനുള്ളത്.

## വിഭവസമാഹരണം - ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും മറ്റ് ഏജൻസികളുടെയും സ്കീമുകൾ കണ്ടെത്തി നടപ്പിലാക്കുക.
2. ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ലഭ്യമാക്കുക.
3. ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, വണ്ടിപ്പേട്ട എന്നിവ നിർമിക്കുക.
4. നികുതി-കരം നിരക്ക് അപാകതകൾ പരിഹരിച്ച് വരുമാനം വർധിപ്പിക്കുക.
5. വികസനബോണ്ടുകളിലൂടെ പണം കണ്ടെത്തുക.
6. കുളങ്ങൾ നന്നാക്കി മത്സ്യകൃഷിക്ക് നൽകി വിഭവം സമാഹരിക്കുക.
7. ഇന്ദിരാ വികാസ് പത്രയുടെ വില്പന.
8. വികസനപ്രവർത്തനങ്ങളുടെ പണികൾ കരാറുകാരെ ഒഴിവാക്കി ഏറ്റെടുക്കുക.

## ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ ധനകാര്യസ്ഥാപനങ്ങൾ കുറവാണ്. ദേശസാൽകൃതബാങ്കായ വിജയാ ബാങ്കിന്റെ ഒരു ശാഖ ചോറ്റാനിക്കരയിൽ പ്രവർത്തിക്കുന്നുണ്ട്. കണയന്നൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കാണ് സഹകരണ രംഗത്തുള്ള ഏക സ്ഥാപനം. കൂടാതെ രണ്ട് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിലുള്ളതായി അറിയാം.

## വരുമാനം എങ്ങനെ വർധിപ്പിക്കാം

വരുമാനം കൂട്ടാനുതകുന്ന മാർഗ്ഗങ്ങൾ വിരളമാണ്. പഞ്ചായത്തുവക ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൂറിസ്റ്റ് ഹോം മുതലായവ പണിയുന്നതിന് ആവശ്യമായ പുറമ്പോക്കുകൾ ഇല്ലന്നു തന്നെ പറയാം. ഉള്ളവയാകട്ടെ റോഡ്, കുളം, തോട്, റെയിൽവേ എന്നിവയാണ്. ചോറ്റാനിക്കര പഞ്ചായത്താഫീസിന്റെയും ക്ഷേത്രത്തിന്റെയും പരിസരത്ത് 80 സെന്റ് പുറമ്പോക്കുണ്ടെന്ന് റവന്യൂരേഖയിൽ കാണുന്നു. പക്ഷേ, അതിൽ കുറെയൊക്കെ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. കൂടാതെ കുടികിടപ്പുമുണ്ട്. എങ്കിലും ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവ പഞ്ചായത്തിന്റെ സജീവ പരിഗണന അർഹിക്കുന്ന വിഷയങ്ങളാണ്. ഗ്രാമസഭായോഗങ്ങളുടെ മറ്റു നിർദേശങ്ങളും പരിഗണിക്കപ്പെടേണ്ടതും തീരുമാനമെടുക്കേണ്ടവയുമാണ്.

## ജനവിഭവവും ചെലവുകളും നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതകൾ

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷി, കൂലിപ്പണി (പ്രധാനമായും കെട്ടിടനിർമാണം) സർക്കാർ/ അർദ്ധസർക്കാർ/ സ്വകാര്യസ്ഥാപനങ്ങളിലെ ജോലി എന്നിവയാണ്. വളരെ കുറച്ചുപേർ മാത്രമേ വിദേശങ്ങളിലും അന്യനാടുകളിലും പോയി ജോലി ചെയ്യുന്നുള്ളൂ. ജോലിക്കാരിൽ ഏറിയ പങ്കും അടുത്ത പട്ടണങ്ങളിൽ (എറണാകുളം തൃപ്പൂണിത്തുറ) പോയി പണി എടുക്കുന്നവരാണ്. പട്ടണത്തിലെ പാർപ്പിടപ്രശ്നം പഞ്ചായത്തിലേക്കുള്ള കുടിയേറ്റത്തിനു കാരണമാകുന്നു. അതുമൂലം ഭൂമിയുടെ വില വർധിക്കുന്നു. പാടം നികത്തപ്പെടുന്നു. ഇത്തരം കുടയേറ്റക്കാർ അവരുടെ ദൈനംദിന ആവശ്യങ്ങൾക്ക് ഏറിയ പങ്കും പട്ടണങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്. അവർ മൂലം സമ്പത്തുത്പാദന-വിതരണ-വിപണന രംഗങ്ങളിലൊന്നും തന്നെ പഞ്ചായത്തിനു വരുമാനം വർധിക്കുന്നില്ല; കെട്ടിടനികുതിയൊഴിച്ച്. അതേസമയം ബാധ്യതകൾ ഏറുകയും ചെയ്യുന്നു. ജനസാന്ദ്രത കൂടുന്നു. നഗരവൽക്കരണം നടക്കുന്നു. റോഡ്, വെള്ളം, വെളിച്ചം എന്നിവക്ക് ആവശ്യക്കാർ കൂടുന്നു. എന്നാൽ ഇങ്ങനെയുള്ളവരുടെ വൈദഗ്ധ്യവും ഒഴിവു സമയവും പഞ്ചായത്തിന് നേട്ടങ്ങളുണ്ടാക്കുന്നതിന് ഉപയോഗിക്കാൻ കഴിയും. അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതാണ്.

മറ്റൊരു പ്രത്യേകത ചോറ്റാനിക്കര ക്ഷേത്രത്തിലേക്കുള്ള ഭക്തജനപ്രവാഹമാണ്. ശുചീകരണബാധ്യത പഞ്ചായത്തിനുള്ളപ്പോഴും ഇതിൽനിന്ന് വരുമാനമുണ്ടാക്കാൻ പഞ്ചായത്തിനു കഴിയുന്നില്ല. വരുമാന മാർഗ്ഗങ്ങൾ, കംഫർട്ട് സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ലക്സ് ടൂറിസ്റ്റ് ഹോം, ബസ് സ്റ്റാൻഡ് തുടങ്ങിയവയാണ്. ഭൂമിയുടെ സാധ്യതയും വിലയും അതിനു തടസമായി നിൽക്കുന്നു. ഈ കാര്യത്തിൽ ശരിയായ തീരുമാനവും വിലയിരുത്തലും ആവശ്യമാണ്.

## വിഭവസമാഹരണം - വ്യതിയാനങ്ങൾ സാധ്യതകൾ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിന്റെ ഭാഗമായി നാളിതു വരെ ഇല്ലാതിരുന്ന ഒരു വിഭവം - സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ 35-40% പഞ്ചായത്തുകൾക്കു ലഭിക്കാൻ പോവുകയാണ്. ഇത് ത്രിതല പഞ്ചായത്തു സംവിധാനം മുഖേന ഒരു പഞ്ചായത്തിന് പ്രതിവർഷം ഒരു കോടിയോളം രൂപ വരും. ഈ തുക റോഡിനും വെളിച്ചത്തിനും മാത്രമായി മാറ്റിവച്ചാൽ ശരിയാവില്ല. എല്ലാ കാര്യങ്ങൾക്കുമായി നീക്കിവെക്കേണ്ടതുണ്ട്. എങ്കിലും മുമ്പൊരിക്കലും കിട്ടാത്തത്ര വിഭവം സ്വാതന്ത്ര്യത്തോടുകൂടി ലഭിക്കുകയാണ്,

കേന്ദ്ര സ്കീമുകൾ, ജെ.ആർ.വൈ, വിവിധ ധനസഹായ പദ്ധതികൾ എന്നിവയിലൂടെ കിട്ടിക്കൊണ്ടിരിക്കുന്ന വിഭവങ്ങളുടെ ശരിയായ വിനിയോഗം ഗുണഫലം പതിന്മടങ്ങു വർധിപ്പിക്കും. ചെലവഴിക്കപ്പെടുന്ന പണവും കിട്ടുന്ന ഗുണഫലവും

തമ്മിൽ ഉണ്ടായിരുന്ന വിടവ് നികത്തുന്നതിലൂടെ ലഭിക്കുന്നത് യഥാർത്ഥത്തിൽ അധികവിഭവം തന്നെയാണ്.

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഉള്ള പരിമിതമായ വിഭവങ്ങൾ പരമാവധി ഗുണപ്രദമായ രീതിയിൽ ഉപയോഗിക്കണം. എന്ന ലക്ഷ്യമുണ്ടായിരിക്കണം. വിഭവലഭ്യതക്കനുസരിച്ച് പൂർത്തിയാക്കാൻ പറ്റുന്ന പദ്ധതികൾ മാത്രമേ ആരംഭിക്കാവൂ. ഭാഗികമായി പൂർത്തിയാക്കുമ്പോഴും പൂർത്തിയാക്കിയതിന്റെ പ്രയോജനം ജനങ്ങൾക്കു ലഭിക്കത്തക്ക വിധം പണി ആസൂത്രണം ചെയ്യണം.

ഇത്തരം നിസ്സാരകാര്യങ്ങളിൽ ശ്രദ്ധിച്ചാൽ തന്നെ ഉള്ള പരിമിതമായ വിഭവങ്ങളുടെ ഉപയോഗമൂല്യം വർധിപ്പിക്കാവുന്നതാണ്.

*വികലമായ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും രണ്ട് ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.*

a. കരിക്കാട് 2–ാം വാർഡിൽ ക്രിയേറ്റീവ് എന്റർപ്രൈസസിന് പടിഞ്ഞാറ് വടക്കോട്ടുള്ള റോഡ് ഒരു ലക്ഷത്തിലേറെ രൂപ മുടക്കിയിട്ടും ഒരു മനുഷ്യനുപോലും പ്രയോജനം സിദ്ധിച്ചിട്ടില്ല. അതും കൃഷിക്കുള്ള തുകയാണ് ചെലവഴിച്ചത്. കൃഷിക്കു ഗുണം കിട്ടിയില്ലെന്നു മാത്രമല്ല, തോടുമൂടിയതു മൂലം കൃഷി അസാധ്യമാവുകയും ചെയ്തു.

b. PVIP കനാൽ പദ്ധതി പൂർത്തിയായി എന്നാണ് റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. പക്ഷേ, 5–ാം വാർഡിലും, 4–ാം വാർഡിലും പണികഴിഞ്ഞകനാലുകൾ തമ്മിൽ ബന്ധിപ്പിച്ചിട്ടില്ല. പണി ബാക്കിയാണ് പദ്ധതി പൂർത്തിയായെന്ന റിപ്പോർട്ടുമൂലം ഇനി പണം കിട്ടുകയുമില്ല.

1. പദ്ധതി പ്രവർത്തനം 9–ാം സംസ്ഥാന പദ്ധതിയുടെ പണികളും അതേപോലെ കേന്ദ്രസ്കീമുകളും നടപ്പാക്കുന്ന ഏജൻസിയായി പഞ്ചായത്തു പ്രവർത്തിക്കുക. പഞ്ചായത്തിന് അവനേരിട്ടു നടത്തുകയോ ജനകീയ കമ്മിറ്റികളെ ഏൽപിക്കുയോ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ വിഭവത്തിലുള്ള ചോർച്ച തടയുന്നത് അധിക വിഭവം ലഭിക്കുന്നതിന് തുല്യമാണ്.

2. ലഭ്യമായ വിഭവങ്ങൾ പരമാവധി നേരിട്ടുള്ള ഉത്പാദന വർധനവിനുവേണ്ടി (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം) ഉപയോഗിക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ വരുമാന വർധനവിനോടൊപ്പം നാടിന്റെ വരുമാനവും ഉയരും. അത് പഞ്ചായത്തിന്റെ പരോക്ഷമായ വരുമാനവർധനയ്ക്ക് കാരണമാകും. ഇതിനർഥം ആരോഗ്യപരിപാലനം, കുടിവെള്ളം റോഡ്, വനിതാക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, ഭവനനിർമ്മാണം, തെരുവു വിളക്ക് തുടങ്ങിയവയ്ക്ക് പണം നീക്കി വെയ്ക്കരുത് എന്നല്ല. ഇവയെല്ലാം ഉത്പാദന വർധനക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ തന്നെയാണ്. അവയ്ക്കും സാധ്യമായത്ര പണം നീക്കി വയ്ക്കണം. അവ ഉത്പാദന വർധനവിനെ സഹായിക്കത്തക്കരീതിയിൽ ഉപയോഗപ്പെടുത്തുകയും വേണം. അതായത് ഓരോന്നും കൃഷി, മൃഗസംരക്ഷണം മത്സ്യബന്ധനം വ്യവസായം എന്നീ സമ്പത്തുൽപാദന മേഖലകളുമായി ബന്ധപ്പെടുത്തി വേണം വിനിയോഗിക്കാൻ.

3. പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെ വർധിച്ച ഉപയോഗത്തിലൂടെ വിഭവം വർധിപ്പിക്കണം. കുടിവെള്ളപ്രശ്നത്തിനു പരിഹാരം കാണാൻ നമ്മുടെ വറ്റാത്ത കുളങ്ങളെ PVIP കനാലുകളുമായി ബന്ധിപ്പിച്ചാൽ കഴിയും. പെരിയാറിൽ നിന്ന് വെള്ളം പൈപ്പുവഴി കൊണ്ടുവരുന്നതിനേക്കാൾ ചെലവുകുറഞ്ഞിരിക്കും. ചെറുകിട വ്യവസായങ്ങൾ പ്രാദേശികമായി ലഭ്യമായ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം തുടങ്ങേണ്ടത്. മൃഗസംരക്ഷണത്തിനാവശ്യമായ കാലിത്തീറ്റ പ്രാദേശികമായി ഉത്പാദിപ്പിക്കാൻ കഴിയണം.

4. സന്നദ്ധ പ്രവർത്തനങ്ങളും സംഭാവനകളും പഞ്ചായത്തുകളുടെ വിഭവകമ്മി പരിഹരിക്കാൻ സഹായകമാവണം. പട്ടണങ്ങളിലെ സ്ഥാപനങ്ങളിൽ പണിയെടുക്കുകയും ഇവിടെ താമസിക്കുകയും ചെയ്യുന്ന ഒട്ടേറെ വിദഗ്ധരുണ്ട്. പഠിച്ച് ജോലിയില്ലാതെ നിൽക്കുന്നവരുണ്ട്. അവരുടെയൊക്കെ വൈദഗ്ധ്യം പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ഉപയോഗിക്കാവുന്നതാണ്. അവരുടെ ലഭ്യമായ ഒഴിവു സമയങ്ങളിൽ ചില മണിക്കൂറുകൾ പൊതുപരിപാടികൾക്കു വേണ്ടി ലഭ്യമാക്കിയാൽ പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനും ആവശ്യമായ ഒന്നാംതരം വിഭവമാണ് അവരുടെ വിദഗ്ധാനത്തിലൂടെ ലഭിക്കുക. സന്നദ്ധസേവനങ്ങൾ അതു നാമമാത്രമായാൽപോലും പദ്ധതികൾ ജനകീയ പദ്ധതികളാക്കി മാറ്റുന്നതിനു സഹായിക്കും എന്നതിൽ സംശയമില്ല.

## പദ്ധതികൾ – നിർദ്ദേശങ്ങൾ

1. ദുർവ്യയം ഒഴിവാക്കി ശരിയായരീതിയിൽ പദ്ധതിപ്പണം വിനിയോഗിക്കുന്നതിനുവേണ്ടി. ജനകീയ കമ്മിറ്റികളുടെ സഹായത്തോടെ പഞ്ചായത്തുകൾ നേരിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തുക.

2. നികുതി–പിരിവിലെ അപാകതകൾ ഒഴിവാക്കി നികുതിഘടന പരിഷ്കരിക്കുക.

3. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചു തുടങ്ങുന്ന വ്യവസായങ്ങൾക്കു മുൻഗണന നൽകുക.

4. ബാങ്കുകൾ സഹകരണസംഘങ്ങൾ തുടങ്ങിയവയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ഉതകുന്ന നടപടികൾ സ്വീകരിക്കുക.

5. സന്നദ്ധസേവനത്തിനും സംഭാവനകൾക്കും വികസനപ്രവർത്തനത്തിലുള്ള പങ്കിന്റെ പ്രാധാന്യം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക. സന്നദ്ധസേവനം സംഘടിപ്പിക്കുക.

6. ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലക്സ്, ടൂറിസ്റ്റു ഹോം തുടങ്ങിയവ നിർമിക്കുക.

വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തി പ്രവർത്തിച്ചാൽ പരിമിതമായ വിഭവങ്ങളുപയോഗിച്ചും വികസനം സാധ്യമാക്കാൻ സാധിക്കും.

# ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ടിന്റെ ശില്പികൾ

9 വാർഡുകളിലായി ഗ്രാമസഭകളിൽ പങ്കെടുത്ത 409സ്ത്രീകളും 946 പുരുഷന്മാരുമായി 1355 ഗ്രാമവാസികൾ ഈ രേഖയുടെ ശില്പികളാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരും ടാറ്റാമെമ്മോറിയൽ ആശുപത്രി അധികൃതരും അവർ നടത്തിയ സാമൂഹ്യസാമ്പത്തിക സർവെയിൽ പങ്കെടുത്തവരും ഈ റിപ്പോർട്ടിന്റെ ശില്പികളിൽപെടുന്നു. എല്ലാവരുടെയും പേരെടുത്തു ഇതിൽ പറയുക അസാധ്യം. ചോറ്റാനിക്കര പഞ്ചായത്ത് മെമ്പർമാർ അടക്കം 56 പരിശീലകർ റിപ്പോർട്ടിനാധാരമായ വിവരങ്ങൾ ശേഖരിക്കുന്നതിലും ഗ്രാമസഭകൾ നടത്തുന്നതിലും പങ്കുകൊണ്ടു. അതിൽ ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരുമുണ്ടായിരുന്നു. കൃഷിക്കാരും തൊഴിലാളികളും വ്യവസായികളും തൊഴിലില്ലാത്തവരുമുണ്ടായിരുന്നു.

## ഗ്രാമസഭാറിപ്പോർട്ടുകൾ തയ്യാറാക്കിയവർ

***കൃഷി- ജലസേചനം*** : ശ്രീ.എൻ.കെ.സുബ്രഹ്മണ്യൻ

***മൃഗസംരക്ഷണം - മത്സ്യബന്ധനം*** : വി.കെ.സുബ്രഹ്മണ്യൻ
ശ്രീമതി ബിന്ദു.കെ.ഡി.
ശ്രീ.സി.ജെ.ജോയി.

***വിദ്യാഭ്യാസം - സംസ്കാരം*** : ശ്രീ. എൻ.യു.പൗലോസ് മാസ്റ്റർ
ശ്രീ മാത്യൂ ചെറിയാൻ
ശ്രീമതി. വത്സ എം.തോമസ്
ശ്രീ.സന്തോഷ് ബാബു
ശ്രീമതി. കെ.ഡി.ശോഭ

***വ്യവസായം*** : ശ്രീ.കെ.എസ്.രാമൻ
ശ്രീ.സന്തോഷ് കെ.ടി.

***ഗതാഗതം - ഊർജ്ജം - മാർക്കറ്റ്*** : ശ്രീ എ.കെ.ചോതിമാസ്റ്റർ
ശ്രീ.എ.എൻ.മണി

***ഭവനനിർമാണവും സാമൂഹ്യക്ഷേമവും പട്ടികജാതി-പട്ടികവർഗക്ഷേമവും*** : ശ്രീ.മദന മോഹൻ എ.എ.
ശ്രീ.ഏലിയാസ് ജോൺ
ശ്രീമതി സേതു ലക്ഷ്മി
ശ്രീ.എ.വി.കുര്യാക്കോസ്

***വനിതാക്ഷേമം*** : ശ്രീമതി.കെ.ബി.ത്രിപുരകുമാരി
ശ്രീമതി. ഓമന ബാലചന്ദ്രൻ

***സഹകരണമേഖല, വിഭവസമാഹരണം*** : ശ്രീ.കെ.കെ.പരമേശ്വരൻ
ശ്രീ.ടി.പി.അബ്രഹാം.
പ്രഫ.എൻ.പി.ജോർജ്
ശ്രീ.കെ.എ.അഗസ്റ്റിൻ

## വികസന സെമിനാർ റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. വി.രവീന്ദ്രൻ
പ്രഫ. എൻ.പി.ജോർജ്
ശ്രീ. മാത്യു ചെറിയാൻ
ശ്രീ. പി.കെ.വാസു
ശ്രീ. കെ.കെ.പരമേശ്വരൻ
ശ്രീ. എൻ.കെ.സുബ്രഹ്മണ്യൻ
ശ്രീ. വി.കെ.സുബ്രഹ്മണ്യൻ
ശ്രീ. കെ.എസ്.രാമൻ
ശ്രീ. കെ.ടി.സന്തോഷ്
ശ്രീ. എ.എൻ.മണി
ശ്രീ. കെ.എ.അഗസ്റ്റിൻ
ശ്രീ. എ.വി.കുര്യാക്കോസ്
ശ്രീ. ജോസഫ് തോമസ്
ശ്രീമതി ത്രിപുര കുമാരി
ശ്രീമതി ഓമന ബാലചന്ദ്രൻ
ശ്രീമതി സുനിത എം.ജി.

പഞ്ചായത്ത് മാപ്പ് തയ്യാറാക്കിയത് ശ്രീ.എ.എൻ.മണി.

246

# ജനകീയാസൂത്രണം - ഒമ്പതാം പദ്ധതി

## വികസന റിപ്പോർട്ട് '96



## എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

*<u>ഈ റിപ്പോർട്ടിന്റെ പിന്നിൽ പ്രവർത്തിച്ചവർ</u>*

ശ്രീ. സി. ജി. രാധാകൃഷ്ണൻ
ശ്രീ. വി. പി. രാധാകൃഷ്ണൻ
ശ്രീ. കെ. ജി. രവീന്ദ്രനാഥ്
ശ്രീ. കെ. എ. പൗലോസ്
ശ്രീ. കെ. എം. മത്തായി
ശ്രീ. ജോഷി വറുഗീസ്
ശ്രീ. പി. ജി. ജയകുമാർ
ശ്രീ. വി. എൻ. പരമേശ്വരൻ നായർ

പഞ്ചായത്തിലെ പരിശീലകർ
വിവിധ വകുപ്പുദ്യോഗസ്ഥന്മാർ

കൂടാതെ
മുഴുവൻ പഞ്ചായത്തു ഭരണസമിതിയംഗങ്ങളും
ഗ്രാമപഞ്ചായത്തു സെക്രട്ടറിയും
ഉദ്യോഗസ്ഥന്മാരും




സ്വയം സമ്പൂർണ്ണഗ്രാമങ്ങൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ
മാത്രമെ ഭാരതത്തിൻെറ സ്വാതന്ത്ര്യം പൂർണ്ണമാകുകയുള്ളു

--*"ഗാന്ധിജി"*

# ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത്



# ആമുഖം

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ജനകീയ പങ്കാളിത്തത്തോടെ ഒരു ആസൂത്രണ പദ്ധതി നിലവിൽ വരികയാണ്. ഒമ്പതാം പഞ്ചവൽസര പദ്ധതി അത്തരത്തിലുള്ള ഒരു വികസന സംസ്ക്കാരത്തിന് ഊന്നൽ നൽകികൊണ്ടാണ് കേരളത്തിൽ നടപ്പാക്കാൻ പോകുന്നത് പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പോരായ്മകൾ പരമാവധി കുറച്ചുകൊണ്ട് ഗുണഫലങ്ങൾ അർഹിക്കുന്ന ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന് ജനകീയ ആസൂത്രണ പദ്ധതി വളരെ പ്രയോജനകരമായിരിക്കും.

പഞ്ചായത്ത്രാജ് സംവിധാനം ഭരണഘടനയുടെ 73-ാം ഭേദഗതിയിലൂടെ നിലവിൽവന്നതോടെ ജനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്തവും കൈവന്നിരിക്കുകയാണ്. പുതിയ പഞ്ചവത്സര പദ്ധതി രൂപപ്പെടുന്നതോടെ നിലവിലുള്ള അധികാരങ്ങൾക്കൊപ്പം പഞ്ചായത്തുകളുടെ സാമ്പത്തിക നിലമെച്ചപ്പെടുത്തുന്നതിന് സഹായകരമായ നടപടികളുണ്ടാകുമെന്നത് കൂടുതൽ ഗുണകരമാകും. പഞ്ചായത്തുകൾക്ക് ഭരണപരമായി കൂടുതൽ അധികാരങ്ങൾ കൈവന്നതോടുകൂടി പഞ്ചവൽസര പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് 1996 സെപ്റ്റംബർ 11,12,13 തീയതികളിൽ എറണാകുളത്ത് നടന്ന ജനകീയാസൂത്രണ പരിപാടിയുടെ ജില്ലാതല പരിശീലനത്തിൽ എടക്കാട്ടുവയൽ പഞ്ചായത്തിൽ നിന്നും 6 പേർ പങ്കെടുത്തു തുടർന്ന് പഞ്ചായത്തിന്റെ ഓരോ വാർഡുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് സെപ്റ്റംബർ 22-ാം തീയതി എടക്കാട്ടുവയൽ യു.പി. സ്കൂളിൽ വെച്ച് ഏകദിനപരിശീലനം നടത്തി. ഈ പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നായി 127 പേർ പങ്കെടുത്തു. സെപ്റ്റംബർ 28-ാം തീയതി വൈകുന്നേരം 7മണിക്ക് പഞ്ചായത്തിലെ 9 വാർഡുകളിൽലേയും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വിവധ സാമൂഹ്യ സാംസ്ക്കാരിക സന്നദ്ധ സംഘടനകളുടെ നവീകരണത്തോടെ "ഗ്രാമജ്യോതി" തെളിക്കുകയുണ്ടായി. ഗ്രാമസഭായോഗങ്ങൾക്ക് ഇത് ഉണർവ്വും ആവേശവും നൽകി. തുടർന്നു നടന്ന ഗ്രാമസഭായോഗങ്ങളിലെ ജനപങ്കാളിത്തം ഈ ഉണർവ്വിന് ഉത്തമദൃഷ്ടാന്തങ്ങളാണ്. സെപ്റ്റംബർ29, ഒക്ടോബർ2, ഓക്ടോബർ6, തീയതികളിലായി 9 വാർഡുകളിലും ഗ്രാമസഭകൾ നടന്നു. ഒക്ടോബർ 4ാം തീയതി ജനാധികാര കലാജാഥ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തിയ പര്യടനത്തിലൂടെ ജനകീയ ആസൂത്രണത്തിന്റെ പ്രസക്തിയും ഗ്രാമസഭകളുടെ പ്രാധാന്യവും സാധാരണ ജനവിഭാഗങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ചർച്ചകൾ, തങ്ങളുടെ ഗ്രാമത്തിന്റെ സമഗ്രവികസനം സ്വപ്നം കണ്ട സാധാരണക്കാരന്റെ ചിരകാലാഭിലാഷങ്ങളുടെ പ്രതിബിംബങ്ങളായിരുന്നു. ഒക്ടോബർ 17ാം തീയതി ദ്വദീയ വിവരണ ശേഖരണത്തിനായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് സാംസ്ക്കാരികനിലയത്തിൽ വെച്ച് പരിശീലനം നൽകി. ഒക്ടോബർ 25 ന് ഏകദിന പരിപാടിയായി ദ്വിതീയ വിവരണശേഖരണം നടന്നു. വിവരണ ശേഖരണം പൂർത്തിയാകാതിരുന്നതിനാൽ ഒരാഴ്ചകൂടി സമയമെടുത്ത് വിവരണശേഖരണം പൂർത്തിയാക്കി. ഒക്ടോബർ 24, 25, 26 തീയതികളിലായി മുളന്തുരുത്തി ബ്ളോക്കിൽ വെച്ചുനടന്ന രണ്ടാം ഘട്ടം ജില്ലാതല പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 5 പേർ പങ്കെടുത്തു. ഒക്ടോബർ 30,31 നവംബർ 2ാം തീയതികളിൽ വിവിധ ഉദ്യോഗസ്ഥ പ്രധിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ വെച്ച് നടത്തുന്ന ക്രോഡീകരണത്തിൽ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന എല്ലാ നിർദ്ദേശങ്ങളും പരിഗണിക്കുകയും അവയിൽ പ്രാധാന്യമർഹിക്കുന്നവ പ്രത്യേകമായി എഴുതി തയ്യാറാക്കുകയും ചെയ്തു. നവംബർ 4,5,6 തീയതികളിൽ പഞ്ചായത്തിന്റെ കിഴക്കു പടിഞ്ഞാറായി നടത്തിയ പഠന പര്യടനം ഭൂപ്രകൃതി, വിഭവസമ്പത്ത് എന്നിവയെക്കുറിച്ച് വിലപ്പെട്ട പല അറിവുകളും നൽകുന്നതായിരുന്നു. നവംബർ 9 എടക്കാട്ടുവയൽ യു.പി സ്കൂളിൽ നടന്ന രണ്ടാം ഘട്ട പരിശീലനത്തിൽ പ്രഥമ ദ്വിതീയ ത്രിതീയ മേഖലകളിൽ തിരിഞ്ഞ് വിവിധ വിഷയങ്ങളിൽ ചർച്ച നടന്നു. വെളിയനാട് സെന്റ് പോൾസ് ഹൈസ്ക്കൂളിൽ വെച്ച് നവംബർ 30ന് നടത്താൻ തീരുമാനിച്ചിട്ടുള്ള വികസന സെമിനാറിന്റെ സ്വാഗത സംഘവും ഇതോടനുബന്ധിച്ച് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. നവംബർ 13,14,15, തീയതികളിൽ പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ വെച്ച് ചേർന്ന പരിശീലകരുടേയും പഞ്ചായത്ത് മെമ്പർമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ വെച്ച് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്ന രീതിയിൽ ചിട്ടപ്പെടുത്തി.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ, ദ്വിതീയ വിവരണ കണക്കുകൾ, പഠനപര്യടന റിപ്പോർട്ടുകൾ, വ്യക്തികളിൽ നിന്നും ലഭിച്ച വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ വികസന റിപ്പോർട്ട് രൂപം കൊടുത്തിരിക്കുന്നത്.

നവംബർ 30ന് നടക്കുന്ന വികസന സെമിനാർ വികസന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ആവശ്യങ്ങളുടെ സാങ്കേതിക വശം പരിശോദിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കർമ്മ സമിതികളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതാണ്. വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയവരെ ഉൾപ്പെടുത്തികൊണ്ട് രൂപീകരിക്കുന്ന ഈ സമിതികളാണ് ഗ്രാമസഭകളുടെ ആവശ്യങ്ങളെ സ്കീമുകളാക്കി മാറ്റുന്നത്. ഈ സ്കീമുകൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകളെ സഹായിക്കുന്നതും ഈ സമിതികളായിരിക്കും.

പരിമിതമായ അറിവുകളുടേയും ലഭ്യമായ വിവരങ്ങളുടേയും അടുസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ട് പരിപൂർണ്ണമാണോന്നവകാശപ്പെടുന്നില്ല. ക്രിയാത്മകമായ ചർച്ചക്കും ഫലപ്രദമായ നിർദ്ദേശങ്ങൾക്കുമായി നിങ്ങളുടെ മുമ്പിൽ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

# ഭൂപ്രകൃതി

കുന്നുകളും തടങ്ങളും കൊണ്ട് സമ്പന്നമാണ് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്. ചെറിയ കുന്നുകളും അവയ്ക്കിടയിലുള്ള നെൽപ്പാടങ്ങളും ഈ പഞ്ചായത്തിൻെറ ഒരു പ്രത്യേകതയായി പറയാം. ചെങ്കല്ലിൻെറ സമൃദ്ധമായ ശേഖരങ്ങളാണ് നമ്മുടെ മിക്കപ്രദേശങ്ങളും. തൊട്ടൂർ, കൈപ്പട്ടൂർ പ്രദേശങ്ങളിൽ വളക്കൂറുള്ള മണ്ണ് കൂടുതലായി കാണപ്പെടുന്നു. വിവിധയിനം സസ്യജാലങ്ങൾ ഇടകലർന്ന പ്രദേശമായിരുന്ന ഇവിടം ഇപ്പോൾ ഭൂരിഭാഗവും റബർപ്ലാൻേറഷൻ ആയിമാറിയിട്ടുണ്ട്. വറ്റാത്ത കുളങ്ങളും ഉറവകളും വിവിധ പ്രദേശങ്ങളിൽ ഉണ്ടെങ്കിലും അവയെ ശരിയായ രീതിയിൽ ശുദ്ധജല സ്രോതസ്സുകളായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. കുന്നിൽ പ്രദേശങ്ങളിൽ റബറും, താഴ്ന്ന പ്രദേശങ്ങളിൽ നെല്ല്, വാഴ, തെങ്ങ്, മരച്ചീനി, അടക്കാമരം തുടങ്ങിയവയും മറ്റ് നടീൽ വസ്തുക്കളും കൃഷിചെയ്തുവയ്ക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ നടുന്ന റബറിന് സമൃദ്ധമായ രീതിയിൽ ഉല്പാദനം ഉണ്ടാകുന്നുണ്ട്, താഴ്ന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന തെങ്ങ്, നെല്ല്, വാഴ എന്നിവക്ക് മേൽത്തരം വിളവ് ലഭിച്ചിരുന്ന ഈ പ്രദേശത്ത് വിളകളെല്ലാം കനത്ത രോഗഭീഷണിയെ നേരിടുകയാണ്. തെങ്ങിന് കാറ്റുവീഴ്ച പോലയുള്ള ഒട്ടനവധി രോഗങ്ങളും, നെല്ല്, വാഴ എന്നിവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിരോധ മരുന്നുകൾ ഉപയഗിക്കാൻ കഴിയാത്തത് കർഷരെ കടുത്ത സാമ്പത്തിക നഷ്ടത്തിലേക്കും പ്രതിസന്ധിയിലേക്കം എത്തിച്ചിട്ടുണ്ട്. ഇതിന് പരിഹാരമുണ്ടാക്കിയാൽ കാർഷിക സമൃദ്ധമായ ഈ പഞ്ചായത്ത് കൂടുതൽ ഉയർച്ചയിലേക്കും പുരോഗതിയിലേക്കം നയിക്കപ്പെടുമെന്നതിൽ തർക്കമില്ല.

# ചരിത്രം

പഴയ കൊച്ചി രാജ്യത്തിൻെറ തെക്ക്കിഴക്കു ഭാഗത്തുള്ള പ്രദേശമാണ് എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്ത് ആദ്യകാല ആമ്പല്ലൂർ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. 1962 ൽ പഞ്ചായത്ത് പുനസംഘടിക്കപ്പെട്ടപ്പോൾ എടക്കാട്ടുവയൽ വില്ലേജും കൈപട്ടൂർ വില്ലേജും ചേർന്ന ഭാഗം എടക്കാട്ടുവയൽ പഞ്ചായത്തായി മാറി. നമ്മുടെ പഞ്ചായത്തിൻെറ തെക്കുഭാഗം ആമ്പല്ലൂർ പഞ്ചായത്തും കോട്ടയം ജില്ലയിൽപെട്ട വെള്ളൂർ പഞ്ചായത്തും വടക്കുഭാഗം മുളന്തുരുത്തി, മണീട് പഞ്ചായത്തുകളും കിഴക്കുഭാഗം മണീട്, പിറവം പഞ്ചായത്തുകളുമാണ്. കുന്നിൻ പ്രദേശങ്ങളും തടങ്ങളും ചേർന്ന ഭൂവിഭാഗമുള്ള ഈ പഞ്ചായത്ത് വറ്റാത്ത ഉറവകളും നീർച്ചാലുകളും കൊണ്ട് സമ്പന്നമാണ്. ഏകദേശം 2600 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ പുതിയ കണക്കുകൾ പ്രകാരം 17037 ആണ്.

ഏതൊരു ദേശത്തിൻെറയും ചരിത്രമെഴുതുമ്പോൾ നാം ആശ്രയിക്കുന്നത് പഴയകാല രേഖകളൊ നാട്ടിൽ നിലനിൽക്കുന്ന പഴയ സംഭവാനുസ്മരണകളൊ വായ്മൊഴിയായി പാടിപ്പതിഞ്ഞ പാട്ടുകളൊ ആണ്. അത്തരത്തിലുള്ളയാതൊന്നും എടയ്ക്കാട്ടുവയലിൻെറ ചരിത്രത്തിലേക്കു വെളിച്ചം വീശുന്നതായി ഇന്ന് ലഭ്യമല്ല. ത്രേതായുഗത്തിൽ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ശ്രീരാമൻ, ലക്ഷ്മണൻ, സീത എന്നിവർ വനവാസക്കാലത്ത് താമസിച്ചിരുന്നത് എടയ്ക്കാട്ടുവയൽ പ്രദേശത്തായിരുന്നു എന്ന ഒരു ഐതിഹ്യം നിലവിൽ ഉണ്ട്. ഈ ഐതിഹ്യത്തിന് ഉപോൽബലകമായി സീതക്കുന്ന്, പൊന്മനാട്, തിരുമറയൂർ, കുതിരമുഖം (ഇന്നത്തെ വെളിയനാട്) ഊർമ്മിളക്കുന്ന്, ഉമ്മിക്കുന്ന് കട്ടപ്പട തുടങ്ങിയ സ്ഥലനാമങ്ങളും തേരാലി കൊട്ടതടി തുടങ്ങിയ അയൽ സ്ഥലനാമങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നു. അന്ന് കാടുകളും വയലുകളും ഇടവിട്ട് നിറഞ്ഞു നിന്നിരുന്നു ഒരു

ഭൂപ്രദേശമായിരുന്നു ഇവിടം. അതുകൊണ്ടാണ് എടക്കാട്ടുവയൽ എന്ന സ്ഥലനാമം ഇപ്രദേശത്തിനു ലഭിച്ചത് എന്നു പഴമക്കാർ പറയുന്നു.

ഏതായാലും തിരുമറയൂരെ ശ്രീരാമസ്വാമി ക്ഷേത്രവും തൊട്ടു കിഴക്ക് മുളക്കുളത്തുള്ള ശ്രീലക്ഷ്മണസ്വാമിക്ഷേത്രവും രാമഭക്തരായ ഒരു ജനവിഭാഗം ഇവിടെ ജീവിച്ചിരുന്നു എന്നതിനും തെളിവായി ചൂണ്ടിക്കാണിക്കാം. ശൈവമതക്കാരുടെ ആരാധനമൂർത്തിയായ ശിവൻ കുടികൊള്ളുന്ന തിരുമാറായിക്കുളം ക്ഷേത്രത്തിനു മറ്റൊരു ചരിത്രകഥയാണുള്ളത് തിരുമാറ്റംചിറ' എന്ന പുണ്യതീർത്ഥസങ്കേതത്തിൽ തപസ്സനുഷ്ഠിക്കാൻ വന്ന ഒരു യോഗീശ്വരൻ തന്റെ അന്തർനേത്രത്താൽ ശിവചൈതന്യം കാണുകയും അങ്ങിനെ കണ്ട സ്ഥലത്ത് ഒരു അമ്പലം പണിയാൻ അന്നത്തെ രാജസ്ഥാനത്ത് അനുമതി ചോദിക്കുകയും അങ്ങിനെ ക്ഷേത്രം നിർമ്മിക്കപ്പെടുകയും ചെയ്തു എന്നുമാണ് ഐതിഹ്യം. അതുപോലെ കൈപ്പട്ടൂർ ശ്രീനരസിംഹസ്വാമി ക്ഷേത്രം വൈഷ്ണവ ജനവിഭാഗങ്ങളുടെ ആരാധനാലയമായിരുന്നുവെന്നും, പള്ളിക്കാവ് ഭഗവതിക്ഷേത്രം ബുദ്ധമതക്കാലത്തെ ആരാധനാലയമായിരുന്നുവെന്നും പറയപ്പെടുന്നു. കുട്ടികളെ എഴുത്തിനിരുത്തുന്നത് അന്നത്തെ ക്ഷേത്രത്തിലെ പ്രധാന ചടങ്ങുകളിൽ ഒന്നായിരുന്നു.

എടക്കാട്ടുവയലിന്റെ വ്യാപകമായി അറിയപ്പെടുന്ന മറ്റൊരു പേരാണ് കണ്ടോത്തി നിരപ്പ്. നെടുമ്പുറത്ത് മനയുടെ അധീനയതയിലിരുന്ന പ്രദേശമാണ് ഇന്നത്തെ എടക്കാട്ടുവയൽ. കണ്ടോതി എന്ന പേരുള്ള ഒരു പട്ടികജാതിക്കാരനാണ് മന വക വസ്തു നോക്കി നടത്തിയിരുന്നതെന്ന് പറയുന്നു. കണ്ടോതിയുടെ മേൽനോട്ടത്തിലിരുന്ന സ്ഥലമായിരുന്നതു കൊണ്ടാണ് ഇതിന് കണ്ടോത്തിനിരപ്പ് എന്നറിയപ്പെട്ടിരിക്കുന്നതെന്ന് പഴമക്കാർ പറയുന്നു.

ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനഫലമായി കൊച്ചി രാജ്യം വിദ്യാഭ്യാസപരമായി അഭിവൃദ്ധിപ്പെട്ടു. വടയാപ്പറമ്പ് മാർ ബഹനാൻ പള്ളിയും ചെത്തിക്കോട് സെൻറ് മേരീസ് പള്ളിയുമാണ് എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ ആദ്യകാലത്തുണ്ടായ ക്രിസ്തീയ ദേവാലയങ്ങൾ പിൽക്കാലത്ത് കാനായിക്കോട്., തിരുമറയൂർ, വട്ടപ്പാറ, കുന്നപ്പിള്ളി ക്രിസ്തീയാരാധനാലയങ്ങൾ ഉയർന്നു വന്നു.

സ്വാതന്ത്ര സമരത്തിൽ നമ്മുടെ പഞ്ചായത്തിലെ പല പ്രഗൽഭമതികളും പങ്കെടുത്തിരുന്നതായി പറയപ്പെടുന്നു. എടുത്തു പറയാവുന്നത് രണ്ട് പേരാണ്. ശ്രീ നെട്ടടി ഉമ്മനും തറയിൽ ശങ്കരൻ നായരും. ശ്രീ നെട്ടടി ഉമ്മൻ പയ്യന്നൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഗാന്ധിജിയുടെ വാർദ്ധ ആശ്രമത്തിൽ പോയി സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. കൂടാതെ, നമ്മുടെ അയൽ പ്രദേശമായ കൂത്താട്ടുകുളത്ത് രൂപം കൊണ്ട സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. സർ സി. പി. രാമസ്വാമി അയ്യരുടെ ഭീകര മർദ്ദനങ്ങൾക്ക് ശ്രീ തറയിൽ ശങ്കരൻനായർ ഇരയായിട്ടുണ്ട്. ക്ഷേത്ര പ്രവേശന വിളംബരം ഗുരുവായൂർ സത്യാഗ്രഹം എന്നീ ചരിത്ര സംഭവങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് ഇന്നത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രവർത്തനം തുടങ്ങിയത്.

പുതുവാമന, നെടുമ്പുറത്തു മന , പടുതോൾ മന, മേൽ പാഴൂർ മന, പാലക്കാട്ടു മന എന്നീ മനകളുടേയും തിരുമാറായിക്കുളം ദേവസ്വത്തിന്റെയും കരിങ്ങും പിള്ളി സ്വരൂപത്തിന്റെയും അധീനതയിലായിരുന്നു ഈ പഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ. രാജഭരണകാലത്തെ ഭൂഉടമാ ബന്ധങ്ങൾ കാണാക്കുടിയായ്മ സമ്പ്രദായത്തിലായിരുന്നു, ജന്മിമാർ മുതൽ പിടിമാർക്കും അവർ മറ്റുജാതിക്കാർക്കും ഭൂമിയിൽ പണിയെടുക്കുന്നതിനുള്ള അനുവാദം നൽകിയിരുന്നു. വാരം, പാട്ടം മുതലായവ പേരുകളിൽ മറ്റു ജാതിക്കാർ മുതൽ പിടിമാർക്കും അവർ ജന്മിമാർക്കും വിളവ് ഉല്പന്നങ്ങൾ നൽകിയിരുന്നു. 1957 ലെ ഭൂപരിഷ്ക്കരണ നിയമങ്ങളും കാണാക്കുടിയായ്മ നിരോധന നിയമവും മൂലമാണ് ഇതിനൊരു മാറ്റം ഉണ്ടായത്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്ക് ഏറെ സംഭാവന നൽകിയത് അമ്പാട്ടിൽ കുടുംബമാണ്. പ്രൈമറി സ്ക്കൂളുകൾ സ്ഥാപിച്ചു കൊണ്ട് എല്ലാ ജനവിഭാഗങ്ങൾക്കും വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിൽ ആ കുടുംബക്കാർ ഏറ്റവും ശ്ലാഘനീയമായ ഒരു പങ്ക് പണ്ടുകാലത്തു തന്നെ നൽകിയിട്ടുണ്ട്.ചെത്തിക്കോട് പള്ളിയും വെളിയനാട് ബധനിസമൂഹവും വിദ്യാഭ്യാസരംഗത്ത് നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്.

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് കൈത്തറിയുടെയും ഖാദിയുടേയും പ്രചാരണത്തിൽ നമ്മുടെ നാട്ടുകാർ മുൻകയ്യെടുത്തിരുന്നു. തൊട്ടൂർ കൈത്തറി നെയ്തുശാല, വെളിയനാട് കൈത്തറി നെയ്ത്തു സ്ക്കൂൾ കൈത്തറി സഹകരണ സംഘം എന്നിവ പ്രത്യേകം എടുത്തു പറയാവുന്നവയാണ്. അക്കാലത്തെ കൈത്തറി നെയ്ത്തു സ്ക്കൂളാണ് ഇന്നത്തെ സർക്കാർ യു.പി. സ്ക്കൂളായി മാറിയത്.

ഈ പഞ്ചായത്തിൽ നെൽകൃഷി പണ്ടുകാലം മുതലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നു കരഭൂമിയിൽ കപ്പവ്യാപകമായി കൃഷിചെയ്തിരുന്നു. കൂടാതെ തെരുവപ്പുല്ല് കൃഷി ചെയ്തിരുന്ന പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുൽതൈലം വാറ്റി മട്ടാഞ്ചേരി കമ്പോള

ത്തിൽ കൊണ്ടുപോയി വിറ്റാണ് അന്ന് പല കുടുംബങ്ങളും ജീവിച്ചിരുന്നത്. തെരുവുകൃഷി ലാഭകരമല്ലാതായപ്പോൾ വ്യാപകമായി കശുമാവുകൃഷി തുടങ്ങി. കശുവണ്ടിയേക്കാൾ ലാഭകരം റബറാണെന്നു മനസ്സിലാക്കിയ ജനങ്ങൾ പിന്നീട് റബർ കൃഷിയിലേക്കു തിരിഞ്ഞു. ഇന്ന് ഈ പഞ്ചായത്തിൻെറ ഭൂവിസ്തൃതിയിൽ 90% സ്ഥലവും റബറിനുവേണ്ടി നീക്കിവയ്ക്കപ്പെട്ടിരിക്കുകയാണ്.

പണ്ടുകാലത്ത് കുലത്തൊഴിലുകളാണ് സാധാരണക്കാരൻെറ ആലംബമായിരുന്നത്. വിശ്വകർമ്മജരും തെങ്ങുകയറ്റക്കാരും, അലക്കുകാരും ക്ഷൗരക്കാരും അവരവരുടെ കുലത്തൊഴിലുകൾ ഒതുങ്ങി ജീവിച്ചിരുന്നു. വാസ്തുശില്പകലയിലും തച്ചുശാസ്ത്രത്തിലും പ്രസിദ്ധരായിരുന്ന പലരും ഈ പഞ്ചായത്തു പ്രദേശത്ത് ഉണ്ടായിരുന്നു.

നമ്മുടെ നാടൻ കലകളായ കോൽക്കളി തിരുവാതിരക്കളി തുടങ്ങിയവയും ക്ഷേത്രകലകളായ മുടിയേറ്റ് ഗന്ധർവ്വൻ പാട്ട്, കളമെഴുത്തുപാട്ട്, തീയാട്ട് തുടങ്ങിയവയും അടിയാത്തിമാരുടെ മുടിയാട്ടും കൃസ്ത്യാനികളുടെ തനതുകലയായ ചവിട്ടുനാടകവും നമ്മുടെ പഞ്ചായത്തിൻെറ കലാപൈതൃകത്തിൽ നിറഞ്ഞു നിൽക്കുന്നവയാണ്. പുന്നയ് ക്കൽ മാരാന്മാർ അക്കാലത്തെ കേൾ വികേട്ട ക്ഷേത്ര കലാകാരൻമാരും ചെണ്ട തിമല തുടങ്ങിയ വാദ്യോപക രണങ്ങൾ ഉപയോഗിക്കുന്നതിൽ അദ്വി തീയന്മാരും ആയിരുന്നു.

ആയുർവ്വേദ ചികിത്സാ സമ്പ്രദായമാണ് ആരോഗ്യ പരിപാലനത്തിന് സ്വീതരിച്ചിരുന്നത്. വിഷചികിത്സയിൽ പ്രത്യേക വൈദ്യഗ്ധ്യം നേടിയ നാട്ടുവൈദ്യന്മാരും ആയുർവൈദ്യന്മാരും എടയ്ക്കാട്ടു വയൽ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

1962 ൽ ആമ്പല്ലൂർ പഞ്ചായത്തിൽ നിന്നും വേറിട്ട് എടക്കാട്ടുവയൽ, കൈപ്പട്ടൂർ വില്ലേജുകളെ സമന്വയിപ്പിച്ചുകൊണ്ട് രൂപം കൊടുത്ത എടക്കാട്ടുവയൽ പഞ്ചായത്തിൻെറ സ്ഥാപക പ്രസിഡൻറ് ശ്രീ. ഏ. ടി. കുറു അമ്പാട്ടിൽ ആയിരുന്നു. ശ്രീ. കൊച്ചോൽ കോർകുഴിയിൽ, ശ്രീ എം. ജെ. മാത്യു മീഞ്ചിറപ്പാട്ട്. ശ്രീ. എം. സി. പോൾ മീഞ്ചിറപ്പാട്ട്, ശ്രീ കെ. ജെ. ജോൺ കരിമാലിൽ, ശ്രീ ജെ. കെ. അമ്പാടൻ, ശ്രീ പി. ഏ. കൃഷ്ണൻ, ശ്രീ. കെ. എ. രാമൻകുട്ടി എന്നിവർ പഞ്ചായത്തിൻെറ മുൻപ്രസിഡൻറുമാരായിരുന്നു.

ശ്രീ. കെ. ആർ. ജയകുമാർ പ്രസിഡൻറായിട്ടുള്ള കമ്മറ്റിയാണ് ഇപ്പോൾ പഞ്ചായത്തുഭരണം നടത്തുന്നത്. ശ്രീ. എം. സി. സജികുമാർ (വൈസ്പ്ര സിഡൻറ് ), ശ്രീമതി. ചിന്നമ്മ പൗലോസ് (സ്റ്റാൻഡിംഗ്കമ്മറ്റി ചെയർപേഴ്സൺ ) ശ്രീമതി യു. പി. സാറാമ്മ ശ്രീ കെ. എ. രാമൻകുട്ടി, ശ്രീ. ജോർജ്ജ് കുരുവിള ശ്രീ. ചെറിയാൻ, കെ അന്ത്രയോസ്, ശ്രീമതി വത്സമ്മ ശാമുവേൽ ശ്രീ ഏ. ൻ. വിശ്വനാഥൻ എന്നിവരാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ.

മേൽപ്പറഞ്ഞ പ്രകാരമുള്ള തരത്തിലുള്ള ഒരു ഏകദേശ ചരിത്രമാണ് എടക്കാട്ടുവയൽ പഞ്ചായത്തിനുള്ളത് ഇക്കാര്യങ്ങൾ പൂർണ്ണമായും സത്യമായി കൊള്ളമെന്നില്ല. പ്രായം ചെന്ന ആളുകളുമായി നടത്തിയ ചർച്ചകളിലൂടെയും വില്ലേജ് ആഫീസിൽ നിന്ന് ലഭിച്ച രേഖകളുടേയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നമ്മുടെ പഞ്ചാത്തിന് അനുബന്ധമായ കൂട്ടിച്ചേർക്കലുകളും വെട്ടിക്കുറക്കുലകളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു ഏകദേശ ധാരണയ്ക്ക് മാത്രമേ ഈ വാങ്മയ ചിത്രം ഉപയോഗപ്പെടുകയുള്ളൂ. എങ്കിലും നമ്മുടെ പഞ്ചായത്തിൻെറ വികസന സാദ്ധ്യതകൾ ചർച്ചചെയ്യുമ്പോൾ ഈ ചരിത്ര പശ്ചാത്തലം കൂടി കണക്കിലെടുക്കമെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

❖ ❖ ❖

# പ്രാഥമികമേഖല

## 1 കൃഷി

മലകളും മലഞ്ചെരിവുകളും പാടശേഖരങ്ങളുമായ താഴ്‌വാരങ്ങളും മുൾപ്പെട്ട ഭൂപ്രദേശമാണ് എടക്കാട്ടുവയൽ പഞ്ചായത്ത്. ചെങ്കൽ കലർന്ന മലഞ്ചെരിവാണ് വിസ്തീർണ്ണത്തിൽ കൂടുതൽ. ചില പ്രദേശങ്ങളിൽ കരങ്കൽ ധാരാളമായി കാണുന്നുണ്ട്. മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ടുകിടക്കുന്ന തോട്ടറപുഞ്ചയിലുൾപ്പെട്ടതാണ് പാടശേഖരങ്ങളിൽ കൂടുതലും. കശുമാവ്. ഇഞ്ചിപ്പുല്ല് കപ്പ, എന്നിവയായിരുന്നു മലഞ്ചെരുവുകളിൽ നല്ലഒരു പങ്കിലും കൃഷി ചെയ്തിരുന്നത്. 1960 വരെ നല്ലൊരു ശതമാനം സ്ഥലം യാതൊരു കൃഷിയും ചെയ്യാതെ ജൈവവളമായ ചവറിനുവേണ്ടിയും മേച്ചിൽപ്പുറങ്ങളായും മാറ്റിയിട്ടിരുന്നു. പാടശേഖരങ്ങളോട് ചേർന്ന് വിടിനടുത്ത പ്രദേശങ്ങളിലും തെങ്ങ് കവുങ്ങ് വാഴ പച്ചക്കറികൾ കുരുമുളക് എന്നിവ ആദ്യകാലങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നു മരച്ചീനി കൃഷിക്കുവേണ്ടി മാത്രമായി ധാരാളം സ്ഥലങ്ങൾ മാറ്റിയിടുകയും പതിവായിരുന്നു.

1960കളിൽ റബർ കൃഷിക്കു പ്രചാരം സിദ്ധിച്ചതോടെ ചെരിവുപ്രദേശങ്ങളിലും മലകളിലും റബർകൃഷി ആരംഭിക്കുകയും ക്രമേണ പഞ്ചായത്തിൽ മുഖ്യ കൃഷിയായി റബർ സ്ഥാനം പിടിക്കുകയും ചെയ്തു. കശുമാവ്, ഇഞ്ചിപ്പുല്ല് എന്നിവ പൂർണ്ണമായി ഒഴിവാക്കുകയും തരിശുഭൂമികളിലെല്ലാം റബർകൃഷിക്കുപയോഗിക്കാൻ തുടങ്ങി എന്നു മാത്രമല്ല മരച്ചീനി, പച്ചക്കറികൾ വാഴകൃഷി, നെൽകൃഷി എന്നിവ നാമമാത്രമായി ചുരുങ്ങുകയും ചെയ്തിരിക്കുകയാണിപ്പോൾ. കന്നുകാലികൾക്കുമേയുവാനുണ്ടായിരുന്ന മേച്ചിൽപ്പുറങ്ങളും ധാരാളമുണ്ടായിരുന്ന ഔഷധസസ്യങ്ങളും ഇന്നും നാമവശേഷമായിരിക്കുകയാണ്. ആദ്യകാലങ്ങളിൽ മനുഷ്യപ്രയത്നത്താൽ ജലസേചനം നടത്തിവന്നിരുന്ന മ്യാൽ കൃഷി ഇപ്പോൾ പൂർണ്ണമായി റബറിനു വഴി മാറിയിരിക്കുകയാണ്. തെങ്ങുകൃഷിയും പാടത്തിനരികിലേക്കും വീട്ടുമുറ്റങ്ങളിലേക്കും ചുരുങ്ങിക്കഴിഞ്ഞു.

അത്യദ്ധ്വാനം ചെയ്തിട്ടും അരിഷ്ടിക്കു ബുദ്ധിമുട്ടിയിരുന്ന ജനവിഭാഗങ്ങൾ റബർകൃഷിയിലേക്കിറങ്ങിയതോടെ കാർഷീക വരുമാനം വർദ്ധിക്കുകയും ജനങ്ങളുടെ സാമ്പത്തിക നിലയും ജീവിതനിലവാരവും വളരെയേറെ ഉയർന്നു എന്നതും എടുത്തു പറയത്തക്ക ഒരു വസ്തുതയാണ്. നാട്ടിൽ നിന്ന് ദാരിദ്രം അകറ്റുവാനും റബർകൃഷി വളരെയേറെ സഹായിച്ചു എന്നു പറയാതിരിക്കുവാൻ വയ്യ.

1960 കളിൽ 400 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ കേവലം 260 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെൽകൃഷി ചെയ്തുവരുന്നത്. നെൽപ്പാടങ്ങളിലെ ജലസേചനത്തിന് വ്യാപകമായുപയോഗിച്ചു വരുന്ന ത്വലാവ്, കയറ്റുകോട്ട, ചക്രം എന്നിവ ഓയിൽ/വൈദ്യുത പമ്പുസെറ്റികൾക്കു വഴി മാറിയിരിക്കുകയാണ്. കന്നുപൂട്ടി മാത്രം കൃഷിയിറക്കിയിരുന്ന ഈ പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും ട്രാക്ടർ, ട്രില്ലർ എന്നിവ ഉപയോഗിച്ചാണിപ്പോൾ കൃഷിയിറക്കുന്നത്.

കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിക്കും വിത്തിനങ്ങൾക്കും വളരെയേറെ പ്രസിദ്ധമായിരുന്ന എടക്കാട്ടുവയൽ പഞ്ചായത്തിൽ ഈ കൃഷിയും നാമവശേഷമായി വരികയാണ്. കിഴങ്ങ്, ചെറുകിഴങ്ങ് , കാച്ചിൽ, ചേമ്പിനങ്ങൾ എന്നിവയുടെ കൃഷിയും ഉപയോഗവും വളരെ ചുരുങ്ങിയിരിക്കുകയാണ്. എല്ലാതൊടികളിലും മരച്ചീനി കൃഷിക്കുവേണ്ടി മാറ്റിയിട്ടിരുന്ന സ്ഥലങ്ങളിലെല്ലാം റബ്ബറായതോടെ മരച്ചീനികൃഷി വളരെ കുറഞ്ഞെങ്കിലും ഇടക്കാലം കൊണ്ടുണ്ടായ വിലവർദ്ധനയോടെ പലപ്രദേശങ്ങളിലും വീണ്ടും പുനരാരംഭിച്ചിട്ടുണ്ട്.

ഭൂപരിഷ്ക്കരണനിയമത്തോടെ കർഷ്കർക്ക് കൃഷിഭൂമി മുഴുവൻ സ്വന്തമായതോടെ, സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുവാൻ താല്പര്യം വർദ്ധിക്കുകയും മൊത്തമായ ഉല്പാദനവർദ്ധനവിനെ ഇതു സഹായിക്കുകയും ചെയ്തിട്ടുണ്ട്.

പ്രകൃതിദത്തമായ ജലസ്രോതസ്സിനെ മാത്രമാശ്രയിച്ചാണ് പഞ്ചായത്തിൻെറ മിക്കപ്രദേശങ്ങളിലും കൃഷി ചെയ്തുവന്നിരുന്നത്. 1956ൽ തുടക്കമിട്ട പെരിയാർ വാലി ജലസേചന പദ്ധതി കനാലിൻെറ കാഞ്ഞിരമറ്റം, എടക്കാട്ടുവയൽ, തോന്നല്ലൂർ കനാലുകൾ പഞ്ചായത്തിലൂടെയാണ് പോകുന്നതെങ്കിലും കാഞ്ഞിരമറ്റം എടക്കാട്ടുവയൽ കനാലുകളുടെ പണികൾ 1994 ൽ മാത്രമാണു പൂർത്തീകരിച്ചത്. പൂർത്തീകരിച്ച കനാലുകളിൽ ക്കൂടി ചിലപ്പോഴൊക്കെ വെള്ളം വരാറുണ്ടെങ്കിലും പലപ്പോഴും അതുഗുണത്തേക്കാളേറെ ദോഷം ചെയ്യാറാണു പതിവ്. വെള്ളമാവശ്യമുള്ളപ്പോൾ ലഭിക്കാതിരിക്കുകയും ആവശ്യമില്ലാത്തപ്പോൾ ധാരാളമായി വരികയും ചെയ്യുക സാധാരണ സംഭവമാണ്

കാലാവസ്ഥ മാറ്റങ്ങളും ഭൂപ്രകൃതിയിലുണ്ടാക്കിയ മാറ്റങ്ങളും മലയോരങ്ങളിൽ റബർകൃഷിക്കുവേണ്ടി ചോലമരങ്ങളും പാഴ്മരങ്ങളുമുൾപ്പെടെ മരങ്ങളെല്ലാം വെട്ടിമാറ്റിയതോടുകൂടി മണ്ണിൻെറ ജലാംശം കുറയുവാനും നീരുറവുകൾ നിലക്കുവാനും ഇടയാക്കി. ജല സ്രോതസ്സുകൾ പലതും നിന്നതോടെ പലസ്ഥാനങ്ങളിലുമുണ്ടായിരുന്ന പച്ചക്കറികൃഷി അസാധ്യവും അപ്രായോഗീകവുമായി മാറി. ഈ പഞ്ചായത്തിൽ സുലഭമായിരുന്ന കർഷികതൊഴിലാളികൾ കാർഷികമേഖലയേക്കാൾ ആകർഷകമായ ഇതരമേഖലകളിലേക്കു തിരിഞ്ഞതോടെ തൊഴിലാളികളുടെ ദൗർലഭ്യം കാർഷീകമേഖലയെ ബാധിക്കുകയും പ്രത്യേകിച്ച് നടീൽ, കൊയ്ത്ത്, എന്നിവയ്ക്ക് തൊഴിലാളികളെ ലഭിക്കുക ഏറ്റവും ദുഷ്ക്കരവുമായി മാറിയിരിക്കുകയാണ്. ഇത് നെൽകൃഷി അനാകർഷകവും നഷ്ടകച്ചവടവുമാക്കി മാറ്റുകയും നെൽപ്പാടങ്ങൾ നികത്തി ഇതര കൃഷികൾക്ക് ഉപയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നതിനുമിടയാക്കി.

ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് കൃഷിവകുപ്പ്, റബ്ബർബോർഡ്, മുതലായവർക്കും കാർഷീക വിദഗ്ധരും നടത്തിയ സെമിനാറുകളും ഉൽബോധനങ്ങളും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സഹായിച്ചതോടൊപ്പം തന്നെ കീടനാശിനികളുടേയും രാസവളങ്ങളുടേയും ഉപയോഗം വർദ്ധിക്കുകയും ജൈവവളങ്ങളുടേയും ഉപയോഗം കുറക്കുവാനും ഇടയാക്കി. കീടനാശിനികളുടേയും രാസവളങ്ങളുടേയും അമിതോപയോഗം ജനങ്ങളുടെ അനാരോഗ്യത്തിനു ഭൂമിയുടെ ഫലഭൂയിഷ്ടി നശിപ്പിക്കുവാനും ഇടയാക്കിയിട്ടുണ്ട്.

തെങ്ങിനെ ബാധിച്ചിരിക്കുന്ന ഓലച്ചീയൽ ചെമ്പൻചില്ലി, കാറ്റുവീഴ്ച, മച്ചിങ്ങവീഴ്ച, മുതലായ രോഗങ്ങളും അത്യുൽപ്പാദനശേഷിയുളള ഇനങ്ങളുടെ ഹൃസ്വകാലത്തേക്കു മാത്രമായ നിലനിൽപ്പുമെല്ലാം തെങ്ങുകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സുലഭമായുണ്ടായിരുന്നതും ദീർഘകാലം വിളനൽകിയിരുന്നതുമായ നാടൻ തെങ്ങുകൾ അത്യുൽപ്പാദനശേഷിയുളളവക്കായി ഒഴിവാക്കിയത് യഥാർത്ഥത്തിൽ നഷ്ടത്തിലാണു കലാശിച്ചത്.

പഞ്ചായത്തിൽ ധാരാളമായി കൃഷിചെയ്തിരുന്ന ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷികൾ കുറഞ്ഞിട്ടുമുണ്ട്. ധാരാളമായുണ്ടായിരുന്ന കവുങ്ങിൻ തോട്ടങ്ങളും അപ്രത്യക്ഷമായിക്കഴിഞ്ഞു. കുരുമുളകു കൃഷിയും നാമമാത്രമായി ചുരുങ്ങി. കുരുമുളകു ചെടിയെ ബാധിച്ചതും ഇനിയും ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടില്ലാത്തതുമായ രോഗങ്ങളും കുറഞ്ഞ വിളവും കുരുമുളകുകൃഷി അനാകർഷകമാക്കി. ഇടക്കാലത്ത് കൊക്കൊ കൃഷി വളരെ വ്യാപകമാവുകയും വിപണന സൗകര്യക്കുറവും ന്യായമായ വില കിട്ടായ്കയും മൂലം അതുപോലെ തന്നെ അപ്രത്യക്ഷമാവുകയും ചെയ്തു. ജാതി, ഗ്രാമ്പു എന്നിവയുടെ കൃഷികൾ ഇന്നും നാമമാത്രമായി ചിലയിടങ്ങളിൽ കാണാവുന്നതാണ്.

പഞ്ചായത്തിലെ നെൽപ്പാടശേഖരങ്ങളിൽ സിംഹഭാഗവും തോട്ടറപുഞ്ചയിലുൾപ്പെട്ടു കിടക്കുന്നു. മൂവാറ്റുപുഴയാറിലെ വെളള പൊക്കവും ഇറക്കവുമാശ്രയിച്ചു മാത്രം കൃഷിയിറക്കുന്ന ഈ വൻപാടശേഖരങ്ങളിൽ ഇന്നും ഒരുപൂ കൃഷി മാത്രമാണു ചെയ്യുന്നത്. പുഞ്ചനിലത്തേക്കാൾ ഉയർന്ന പുലിമുഖം ബണ്ടിലൂടെ ഈ പാടശേഖരങ്ങളിലേക്കു കയറുന്ന വെള്ളം മാസങ്ങളോളം കെട്ടിക്കിടക്കുന്നതുമൂലമാണ് ഇവിടെ കൂടുതൽ കൃഷിയിറക്കനൊക്കാതെ വരുന്നത്. മറ്റൊരു പാടശേഖരമായ തിരുമറിയൂർ പുഞ്ചയിലും വെളളക്കെട്ട് പ്രശ്നം തന്നെയാണ്. കണയന്നൂർ താലൂക്കിൻെറ നെല്ലറ എന്നറിയപ്പെട്ടിരുന്ന തൊട്ടറ പുഞ്ചയിലും അതുപോലെ തിരുമറിയൂർ പുഞ്ചയിലും അടുത്തനാൾ വരെ കാര്യമായ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. മറ്റൊരു ചെറിയ പാടശേഖരമായ തൊട്ടൂർ പുഞ്ചയിൽ കൃഷി ജലസേചന വകുപ്പുകൾ കഴിഞ്ഞ കുറേ വർഷങ്ങളായി കുറെയേറെ വികസന പ്രവർത്തനങ്ങൾ നടത്തുകയും അതിൻെറ പ്രയോജനം കർഷകർക്ക്ലഭിക്കുകയും ഉല്പാദനവർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ഉഴക്കോട്, കുന്നപ്പിളളി പാടശേഖരങ്ങളിലും ചെത്തിക്കോട് വിഡാങ്ങര പാടശേഖരങ്ങളിലും ജലസേചന സൗകര്യങ്ങളില്ലായ്മ കാര്യമായി അനുഭവപ്പെടുന്നുണ്ട്. വെളിയനാട് പാടശേഖരത്തിലും പ്രശ്നങ്ങളുണ്ട്. വർഷങ്ങൾക്കുമുമ്പ് വളരെയേറെ വീതിയുണ്ടായിരുന്നതും ജല നിർഗ്ഗമനത്തിനും സഹായിച്ചിരുന്നതുമായ തോടുകൾ കയ്യേറി വീതികുറച്ചത് എല്ലാപാടശേഖരങ്ങൾക്കും ഭീഷണിയായി തീർന്നിരിക്കുകയാണ്. നാടൻ വിത്തിനങ്ങളായ ആര്യൻ, മൂണ്ടോൻ, ചാര, ചെമ്പാവ്, എന്നിവയായിരുന്നു ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. ഔഷധ പ്രധാനമായ ജൈവകൃഷിയും ധാരാളമുണ്ടായിരുന്നു. ജൈവവളങ്ങളും നാടൻ വിത്തിനങ്ങളും മാത്രമുപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ഉത്പാദന ശേഷിക്കൂടുതലുളള നാടൻ വിത്തിനങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നത് ജൈവവളങ്ങളുടെ സ്ഥാനം രാസവളങ്ങളേറ്റെടുത്തു. ഇതുമൂലം

പണ്ടത്തെ അരിയുടെ ഗുണമേന്മയും സ്വാദും നഷ്ടമായിരിക്കുകയാണ്. ഞവര കൃഷി പൂർണ്ണമായും നിലച്ചിരിക്കുകയാണ്.

കർഷകത്തൊഴിലാളികളുടെ ലഭ്യത പഞ്ചായത്തിലെ കാർഷിക മേഖലയെ മൊത്തം ബാധിച്ചിട്ടുണ്ട്. ഉല്പാദനവുമായി ബന്ധമില്ലാത്ത വേതന വ്യവസ്ഥ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ മറ്റിടവിളകൾ എന്നിവയുടെ കൃഷി ലാഭകരമല്ലാതാക്കുകുയും മിക്ക കർഷകരും ദീർഘകാല തോട്ടം വിളയായ റബ്ബറിലേക്കുനീങ്ങുവാനുമിടയാക്കി.

പഞ്ചായത്തിൽ 1988 ലാണ് കൃഷിഭവനാരംഭിച്ചത്. ശാസ്ത്രീയ കൃഷി രീതികളും അത്യുൽപ്പാദനശേഷിയുളള വിത്തിനങ്ങളും ശാസ്ത്രീയമായ വളപ്രയോഗവും കർഷകരെ ബോധ്യപ്പെടുത്തുവാൻ കൃഷിഭവൻ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. നെൽകൃഷിക്കു പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന കൃഷിഭവൻെറ പ്രവർത്തനഫലമായാണ് പഞ്ചായത്തിൽ 12 പാടശേഖര സമിതികളും ഗ്രൂപ്പ്ഫാമിംങ്ങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാനുമിടയാക്കിയത്. ശാസ്ത്രീയ കൃഷിരീതികളും വള പ്രയോഗങ്ങളും എല്ലാമേറെ നടത്തിയിട്ടും നെല്ലിനെ ബാധിക്കുന്ന പോളരോഗം, തണ്ടുതുരപ്പൻ, പുഞ്ചപ്പാടങ്ങളിൽ കാണുന്ന മൂഞ്ഞ രോഗം എന്നിവയ്യെ ഫലപ്രദമായി നേരിടാനൊക്കാത്തതിൽ കർഷകർ ഉൽക്കണ്ഠാകുലരാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ 2,3,8,9 വാർഡുകളിലുംആമ്പല്ലൂർ, വെളളൂർ പഞ്ചായത്തുകളിലുമായി വ്യാപിച്ചു കിടക്കുന്ന തോട്ടറപ്പുഞ്ചയിൽ ഇരുപ്പൂകൃഷി നടപ്പിലാക്കാവുന്നവിധം ആരംഭിച്ച തോട്ടറപ്പുഞ്ച സ്കീം നടപ്പിലാക്കുക. തോടുകളുടെ കയ്യേറ്റം ഒഴിവാക്കി വീതിയും ആഴവും കൂട്ടി സൈഡ് സംരക്ഷിക്കുകയും ഇടയ്ക്കിടക്ക് ക്രോസ് ബാറുകളും ട്രാക്ടർ, ട്രില്ലർ, പാസ്സേജുകളും റാമ്പുകളും നിർമ്മിക്കുകയും ചെയ്യുക.
2. തിരുമറിയൂർ പുഞ്ചയിൽ ആവശ്യമായ ജല നിർഗ്ഗമന മാർഗ്ഗങ്ങളും മൂവാറ്റു പുഴയാറിൽ നിന്ന് യഥേഷ്ഠം വെളളം ലഭിക്കാനുളള സംവിധാനവും ഏർപ്പെടുത്തുക. തോടുകൾ വീതിയും ആഴവും കൂട്ടി സംരക്ഷിക്കുകയും ക്രോസ്സ് ബാറുകളും ട്രില്ലർ പാസ്സേജുകളും റാമ്പുകളും യഥേഷ്ടം നിർമ്മിക്കുകയും ചെയ്യുക.
3. തൊട്ടൂർ തഴെപ്പാടം പാടശേഖരങ്ങളിലെ തോടുകൾ സംരക്ഷിക്കുകയും വെളളം പുറത്തുകളയുവാനും ആവശ്യത്തിനു കയറ്റാനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. ക്രോസ്സ് ബാറുകളും റാമ്പും നിർമ്മിക്കുക.
4. പഞ്ചായത്തിലെ ചെത്തിക്കാട്, ഊഴക്കോട്, കുന്നപ്പിളളി, കട്ടിമുട്ടം വിഡാങ്ങര വെളിയനാട്, വട്ടോലി, പുതുക്കുടി, നെടുകുളം, ആരകാവ്, നെടുവാപ്പാടം, മേലടിപ്പാടം, കൈതക്കുഴി, വലിയപ്പാടം മുതലായ പാടശേഖരങ്ങളുടെ തോടുകൾ കയ്യേറ്റം ഒഴിവാക്കിത്താഴ്ത്തി പാർശ്വസംരക്ഷണവും ക്രോസ്സ് ബാറുകളും റാമ്പുകളും നിർമ്മിക്കുക.
5. ഗ്രൂപ്പ് ഫാമിങ്ങ് വിപുലീകരിക്കുകയും എല്ലാപാടശേഖരങ്ങളിലും പാടശേഖരസമിതികൾ രൂപീകരിക്കുകയും നിലവുലുളളവ ഊർജ്ജിതമാവുകയും ചെയ്യുക. പാടശേഖര സമിതികൾക്ക് ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
6. ജല നിയന്ത്രണാധികാരം പാടശേഖര കർഷകസമിതികൾക്കു വിട്ടുകൊടുക്കുക. പാടശേഷഖര സമിതികളുടെ പ്രവർത്തനം ഫലവത്താക്കുവാൻ കർഷ്കത്തൊഴിലാളി പ്രതിനിധികൾക്കും സമിതികളിൽ പ്രാധിനിധ്യം നൽകുക.
7. നെൽപ്പാടം നികത്തൽ / താഴ്ത്തൽ കർശനമായി തടയുക.
8. പച്ചക്കറികൃഷി വികസിപ്പിക്കുന്നതിൻെറ ഭാഗമായി എല്ലാ വീട്ടിലും അടുക്കളത്തോട്ടം നിർബന്ധമാക്കുകയും പ്രോൽസാഹനാർത്ഥം ആദ്യതവണ വിത്തും വളവും പഞ്ചായത്തു നൽകുകയും ചെയ്യുക.
9. നല്ലയിനം വിത്തുകളും തൈകളും ലഭ്യമാക്കുവാൻ പഞ്ചായത്തിൽ ഒരു നഴ്സറി തുടങ്ങുക.
10. ജൈവവളങ്ങളും ജൈവകീടനാശിനികളും പ്രോൽസാഹിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.
11. എല്ലാ വാർഡിലും ഫാം ഇൻഫോർമേഷൻ സെൻറർ സ്ഥാപിക്കുകയും കൃഷി ഉദ്യോഗസ്ഥൻമാരുടെ സേവനം ഉറപ്പാക്കുകയും കാലാകാലങ്ങളിലേറ്റേടുക്കുന്ന പദ്ധതികളുടെ പ്രയോജനം മുഴുവൻ കർഷകർക്കും ഉറപ്പാക്കുകയും ചെയ്യുക.
12. പ്രകൃതി ക്ഷോഭ നഷ്ടപരിഹാരങ്ങൾ താമസം വിന ലഭ്യമാക്കുക.
13. കാർഷിക സെമിനാറുകളും പ്രദർശനങ്ങളും ഇടയ്ക്കിടക്ക് സംഘടിപ്പിക്കുകയും നല്ല കർഷകരേയും

256A

മെച്ചപ്പെട്ടവിളകളേയും തെരെഞ്ഞെടുത്താദരിക്കുകയും ചെയ്യുക.

14. ഉല്പന്ന വിപണനത്തിന് ഒരു സഹകരണസംഘം സ്ഥാപിക്കുക.

15. ഗുണനുലവാരമുള്ള വിത്തും വളങ്ങളും കീടനാശിനികളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

16. കാർഷീകാവശ്യത്തിനുള്ള വൈദ്യുതി, പമ്പുസെറ്റ് എന്നിവ കാലതാമസം കൂടാതെ കർഷകർക്കു ലഭ്യമാക്കുകയും എല്ലാത്തരം കാർഷീകാവശ്യത്തിനുള്ള വൈദ്യുതിയും സൗജന്യമാക്കുകയും ചെയ്യുക.

17. സംയോജിത നാളികേര വികസന പദ്ധതി പഞ്ചായത്തൽ നടപ്പിലാക്കുകയും റബ്ബർബോർഡ് മാതൃകയിൽ നാളികേരവികസന ബോർഡിൻെറ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക.

18. കവുങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

19. എല്ലാ ഭവനങ്ങളിലും എല്ലാ വൃക്ഷങ്ങളിലും കുരുമുളക് എന്ന പദ്ധതി ഏറ്റെടുക്കുകയും എല്ലാവർക്കും ആവശ്യമായ കുരുമുളകു ചെടി പഞ്ചായത്തിൽ നിന്നും സൗജന്യമായി വീടുകളിലെത്തിച്ചുകൊടുക്കുകയും ചെയ്യുക കുറ്റി കുരുമുളകു തൈകൾ സുലഭമാക്കുക.

20. വാഴ, പയർ മുതലായ ഇടവിള കൃഷികൾക്ക് പ്രോൽസാഹനം നൽകുക. പഞ്ചായത്തിൽ എല്ലാ വീട്ടിലും ഒരു ഏത്തവാഴ വീതമെങ്കിലും വളർത്തുവാൻ നടപടി സ്വീകരിക്കുക. ഓണത്തിനൊരു കുല പദ്ധതി നടപ്പിലാക്കുക.

21. പൈനാപ്പിൾ കൃഷി വ്യാപകമാക്കുക. റബ്ബർ തോട്ടങ്ങളിൽ പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്യുക.

22. വെറ്റില, കുറ്റിമുല്ല ഓർക്കിഡ്, ഔഷധസസ്യം, വാനില, കൂൺ, തേനീച്ച, പട്ടുനൂൽ കൃഷികൾക്ക് പരിശീലനവും പ്രോൽസാഹനവും നൽകുക.

23. വിള ഇൻഷുറൻസ് പദ്ധതി പ്രയോഗികമാക്കുകയും നടപടി ക്രമങ്ങൾ എളുപ്പത്തിലാക്കുകയും ചെയ്യുക. റബ്ബറിൻെറ പട്ടമരപ്പിനു കൂടി ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുക.

24. മണ്ണു പരിശോധന സൗകര്യം പഞ്ചായത്തിൽ ലഭ്യമാക്കുക.

25. കൃഷിവികസനത്തിനാവശ്യമായ ഫാം ബണ്ഡുകൾ നിർമ്മിക്കുക. അത്യാവശ്യമായി 1. മൂലേമാൽ – ഒലിപ്പുറ 2. തിരമറിയൂർ തുരുത്തുവാല–തൊട്ടൂർ, വൃശ്ചികക്കുന്ന് കാപ്പിത്താഴം, കണ്ണങ്ങായത്തുതാഴം ഇല്ലത്തുപടി ഫാം ബണ്ഡ് നിർമ്മാണം ആരംഭിക്കുക.

26. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയും സേവനം ഉറപ്പിക്കുകയും ചെയ്യുക.

# ജലസേചനം

പ്രകൃതിയെ മാത്രം ആശ്രയിച്ച് മനുഷ്യദ്ധ്വാനം കൊണ്ട് ജലസേചനം നടത്തിയാണ് ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ കൃഷി ചെയ്തു വന്നിരുന്നത്.കുളങ്ങളിൽ നിന്നും തോടുകളിൽ നിന്നും വെള്ളം തുലാവിനും കയറ്റുകൊട്ടക്കുമെല്ലാം തേവിയാണ് കൃഷിക്കു ഉപയോഗിച്ചിരുന്നത്. തോടുകൾ പ്രധാനമായും ജലനിർഗ്ഗമനത്തിനു മാത്രമാണു ഉപയോഗിച്ചിരുന്നത്. 1970 കാലമായപ്പോഴേക്കും പഞ്ചായത്തിൻേറയും ഗ്രാമവികസന ഏജൻസികളുടേയും സഹായത്തോടെ കുറെ പൊതു കുളങ്ങൾ നിർമ്മിക്കുകയും ജലസേചനത്തിനുപയോഗിക്കുകയും ചെയ്തു തുടങ്ങി. 1956 ൽ പെരിയാർവാലി ജലസേചന പദ്ധതിയുടെ പണി ഈ പഞ്ചായത്തിൽ ആരംഭിച്ചെങ്കിലും 3 പതിറ്റാണ്ടുകൾ കഴിഞ്ഞ് 1994 ൽ മാത്രമാണ് കനാലിലൂടെ കുറച്ചെങ്കിലും വെള്ളമൊഴുക്കാൻ സാധിച്ചത്. കാഞ്ഞിരമറ്റം മെയിൻ കനാൽ, എടക്കാട്ടുവയൽ, തോന്നല്ലൂർ, കളമ്പൂർ ഡിസ്ട്രിബ്യൂട്ടറികൾ പഞ്ചായത്തിൻെറ മൂന്ന് പ്രദേശങ്ങളിലൂടെ കടന്നു പോകത്തക്ക വിധം ആസൂത്രണം ചെയ്തതെങ്കിലും കാഞ്ഞിരമറ്റം മെയിൻ കനാൽ പാർപ്പക്കോട് മലയിലും എടക്കാട്ടുവയൽ ഡിസ്ട്രിബ്യൂട്ടറി കൈപ്പട്ടൂറിനു സമീപത്തും തോന്നല്ലൂർ സിസ്ട്രി

പരിഹാരമാർഗ്ഗങ്ങൾ

1. ഇറച്ചിക്കോഴി കൃഷിക്കാവശ്യമായ കോഴിത്തീറ്റ നിർമ്മാണം, ഹാച്ചറി, ഇറച്ചിസംസ്ക്കരണം വിപണനം എന്നിവയെല്ലാം ചേർന്ന ഒരു ശൃംഗല സ്ഥാപിക്കുകയും കർഷകർക്ക് കോഴിക്കുഞ്ഞ്, തീറ്റ, മുരുന്നുകൾ എന്നിവ ആദായകരമായും കടമായും ലഭിക്കുവാനും കർഷകരിൽ നിന്ന് കോഴി വാങ്ങുവാനുമുളള സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുകയും ചെയ്യുക.
2. പശു വളർത്തലിന് ഉദാരമായ വ്യവസ്ഥിതിയിൽ പശു വാങ്ങുവാനും തൊഴുത്തു നിർമ്മാണത്തിനും സൗകര്യങ്ങളേർപ്പെടുത്തുക.
3. കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ പ്രാദേശികമായ ഒരു കാലിത്തീറ്റ ഫാക്ടറി തുടങ്ങുക.
4. പഞ്ചായത്തിൻെറ ഭൂപ്രകൃതിയും വിസ്തൂർണ്ണവും കണക്കിലെടുത്ത് ആവശ്യമായെത്ര ക്ഷീരോൽപ്പാദക സംഘങ്ങളും പാലുശേഖരണ യൂണിറ്റുകളുമാരംഭിക്കുക.
5. മൃഗാശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കുകയും തൊട്ടൂർ, വെളിയനാട്, ചെത്തിക്കോട് കൈപ്പട്ടൂർ എന്നിവടങ്ങളിൽ സബ്സെൻററുകളാരംഭിക്കുകയും ചെയ്യുക.
6. തീറ്റപ്പുല്ല് കൃഷി വ്യാപകമാക്കുകയും ആയതിനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപടിസ്വീകരിക്കുക
7. സമ്മിശ്ര മൃഗപരിപാലന യൂണിറ്റുകൾ -- 3 പശു, 3 ആട് 6 പന്നി, 25 കോഴി -- വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട കർഷകർക്കു സൗജന്യ നിരക്കിൽ നൽകുക.
8. ആട്, മുയൽ, കാട കൃഷി വ്യാപകമാക്കാൻ ധനസഹായവും പരിശീലനവും കുഞ്ഞുങ്ങളുടെ വിതരണവും നടത്തുക.
9. മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുകയും നിശ്ചിത എണ്ണം വീതം വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കു നൽകുകയും ചെയ്യുക.
10. കറവ പരിശീലനം നൽകുക
11. നല്ലയിനം പന്നിക്കുഞ്ഞുൽപ്പാദനകേന്ദ്രം ആരംഭിക്കുക.
12. മൃഗാശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുകയും മൃഗഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുകയും ചെയ്യുക. ഡോക്ടർക്ക് ക്വർട്ടേഴ്സ് നിർമ്മിക്കുക.
13. ബ്രീഡർ മുട്ടക്കോഴി ഉൽപ്പാദനയൂണിറ്റുകളാരംഭിക്കുക.
14. ഗോബർഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുക.
15. നല്ലയിനം കീടാരികളെ വളർത്തുവാനുളള സംവിധാനം വ്യാപകമാക്കുക.
16. വളർത്തുനായകൾക്കു പ്രതിരോധ കുത്തിവെയ്പ്പു നിർബന്ധമാക്കുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായയെ നശീകരണവും നിർബന്ധമാക്കുക.

## മത്സ്യകൃഷി

മത്സ്യകൃഷിക്കു പരിമിതമായ സൗകര്യങ്ങൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുളളൂ എങ്കിലും അത് ഒട്ടും തന്നെ പ്രയോജനപ്പെടുത്തുന്നില്ല എന്ന് പറയാവുന്നതാണ്. മത്സകൃഷിയും മീൻ പിടിത്തവും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുളളവരാരും തന്നെയില്ല എന്നും പറയാവുന്നതുമാണ്. പൊതുകുളങ്ങളും ധാരാളം സൗകര്യങ്ങളുമുളള ഈ പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷിക്കു സാദ്ധ്യതയുണ്ടങ്കിലും ഇതിനുളള പരിശീലനക്കുറവും കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും കാരണം ആരും തന്നെ മൽസ്യകൃഷിയിലേക്കുതിരിയാറില്ല എന്നതാണ് വാസ്തവം.

നിലവിലുളള കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുവാനും അവയിലെല്ലാം മത്സ്യകൃഷി നടത്തുവാനും ബോധപൂർവ്വമായ ശ്രമവും, പരിശീലനവും നടത്തിയാൽ കർഷകർക്ക് ഒരാദായ മാർഗ്ഗമാവുമെന്നതിനാൽ അതിനുളള ശ്രമങ്ങൾ ഉണ്ടാകേണ്ടതും. മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കാൻ നടപടികളുണ്ടാകുകയും ചെയ്താൽ മത്സ്യകൃഷിക്ക് ചെറിയ സാദ്ധ്യതകൾ ഈ പഞ്ചായത്തിനുളളതായി കാണാവുന്നതാണ്.

ശുദ്ധജല മത്സ്യങ്ങൾക്കുളള വ്യാപകമായ രോഗബാധയും കൂട്ടമരണവും പ്രതിവിധി കാണാതവശേഷിക്കുയാണ് ആരോഗ്യമലിനീകരണ പ്രശ്നമായി മാറിയിരിക്കുന്ന ഈ രോഗത്തിനു പ്രതിവിധി കാണുവാനുളള അടിയന്തിര നടപടികൾ കൈക്കൊളേളണ്ടതാണ്.

# വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ ശാരീരകവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിച്ച് സമൂഹത്തിൻെറ സർവതോൻമുഖമായ വികസനത്തിനുതകുന്ന തരത്തിൽ ജനങ്ങളെ പ്രാപ്തരാക്കുന്നതിനുളള ഉപാധിയാണ് വിദ്യാഭ്യസം അതിനാൽ ഒരു പ്രദേശത്തിൻെറ ദീർഘകാല അടിസ്ഥാനത്തിലുളളതും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസ പ്രകൃയകൾക്കു കഴിയേണ്ടാതാണ്.

എടക്കാട്ടുവയൽ പഞ്ചായത്തിലെ ആദ്യ വിദ്യാലയം ഒരു നെയ്ത്തുസ്ക്കൂളായി തുടങ്ങി പ്രൈമറി, അപ്പർ പ്രമറി തലത്തിൽ എത്തിനിൽക്കുന്ന വെളിയനാട് ഗവൺമെൻറ് യു.പി സ്ക്കൂളാണ്. ഈ സ്ക്കൂൾ 25.5.1911 ൽ തുടങ്ങിതായി രേഖകളിൽ കാണുന്നു പാർപ്പർക്കോട് കോളനിക്കു സമീപം സ്ക്കൂൾപ്പറമ്പ് എന്ന അറിയപ്പെടുന്ന സ്ഥലത്താണ് ഏകദേശം 69 വർഷങ്ങൾക്കു മുമ്പ് പാർപ്പർക്കോട് എൽ.പി. സ്ക്കൂൾ ആരംഭിച്ചത് ഏതാണ്ട് അതേകാല ഘട്ടത്തിൽ തന്നെ ആരംഭിച്ചതാണ് കൈപ്പട്ടൂർ എൽ. പി സ്ക്കൂൾ ഇപ്പോൾ രണ്ടു സ്ക്കുളുകളിലും സ്റ്റാഫ് മാനേജ്മെൻറാണ് നിലവിലുളളത് ഏകദേശം അമ്പതു വർഷങ്ങൾക്കു മുമ്പ് ചെത്തിക്കോട് സെൻറ് ജോസഫ് എൽ. പി സ്ക്കൂൾ സ്ഥാപിതമായി. സെൻെറ് മേരി പളളിവകയാണ് ഈ സ്ഥാപനം. മാങ്ങിടപ്പിളളി എൽ.പി സ്ക്കൂൾ സ്വകാര്യ മനേജുമെൻറിൻെറ ചുമതലയിലാണ് എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൻെറ ചുമതലയിലുളള ഏക സ്ക്കൂളാണ് ഊരകം എൽ. പി സ്ക്കൂൾ.

എടക്കാട്ടുവയൽ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ പരമായ പുരോഗതിക്ക് ഏറെ സഹായകമായത് എടക്കാട്ടുവയലിലെ അമ്പാട്ടിൽ കുടുംബത്തിൻെറ സേവനങ്ങളാണ്. ഏഴുപുറം സെൻറ് മേറീസ് എൽ. പി സക്കൂൾ, കാനായിക്കോട് എൽ.പി സ്ക്കൂൾ എടക്കാട്ടുവയൽ യു. പി. സ്ക്കൂൾ എന്നിവ ഈ കുടുംബത്തിലെ അംഗങ്ങൾ സ്ഥാപിച്ചതാണ്.

നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ വെളിയനാട്ടു പ്രവർത്തിക്കുന്ന സെൻറ്പോൾസ് ഹൈസ്ക്കൂളാണ് യു. പി, ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ളാസുകൾ കൂടി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈസ്ക്കൂൾ വിദ്യഭ്യാസ സൗകര്യം പരിമിതമായതിനാൽ നമ്മുടെ പഞ്ചായത്തിൽ നിന്നും അനേകം കുട്ടികൾ സമീപസ്ഥ പഞ്ചായത്തുകളിലെ ഹൈസ്ക്കൂളികളെ ആശ്രയിക്കുന്നുണ്ട്.

കോളങ്ങായി കത്തോലിക്കാ പളളിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സെൻറ് സാവിയോസ് ഇംഗ്ളീഷ് മീഡിയം സ്ക്കുൾ അൺ എയഡൻസ് വിദ്യാലയമാണ്. ഇപ്പോൾ എൽ. പി വിഭാഗം ക്ളാസുകൾ കൂടി ഇവിടെ നടന്നു വരുന്നു.

മേൽപ്പറഞ്ഞ വിദ്യാഭ്യസസ്ഥാപനങ്ങൾക്കു പുറമെ, ഒരു ട്യൂട്ടോറിയൽ കോളേജും മൂന്ന് നൃത്ത സംഗീത വിദ്യാലയങ്ങളും ഈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

അനൗപചാരിക വിദ്യഭ്യസരംഗത്ത് പ്രവർത്തിക്കുന്നത് പ്രധാമനായും വായനശാലകളാണ്. വെളിയനാട് ഗ്രാമീണശാലയിൽ വളരെക്കാലം മുമ്പ് ഒരു വയോജന വിദ്യാഭ്യാസകേന്ദ്രം ഉണ്ടായിരുന്നു. കൈപ്പട്ടൂർ, എടയ്ക്കാട്ടുവയൽ, ഗ്രാമീണവായനശാലകളും അനൗചാരിക വിദ്യാഭ്യാസ പ്രചരണത്തിൽ ഏർപ്പെട്ടിരുനള. 1985 നു ശേഷം പ്രവർത്തനരഹിതമായ എടയ്ക്കാട്ടുവയൽ ഗ്രാമീണവായനശാലയുടെ സ്ഥലവും പുസ്തകവും ഗ്രമപഞ്ചായത്ത് ഏറ്റെടുക്കുകയും പഞ്ചായത്തിൻെറ സാംസ്ക്കാരികനിലയവും ഗ്രന്ഥശാലയുമായി ഇപ്പോൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

രണ്ടു പ്രീ പ്രൈമറി വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുളളത്. വെളിയനാട് ഗവൺമെൻറ് യു.പി. സ്ക്കൂളിനോട് നുബന്ധിച്ചും വെളിയനാട് സെൻറ് പോൾസ് ബഥനി കോൺ വെൻറിനോട നുബന്ധിച്ചും ഇവ പ്രവർത്തിക്കുന്നു. പ്രീ പ്രൈമറിഘട്ടത്തിനു താഴെ പ്രായമുളള ശിശുക്കളുടെ ശാരീരകവും മാനസീകവുമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി നമ്മുടെ 16 അംഗൻവാടികളിലും ശിശുപരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

അനൗചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളെപറ്റി ചിന്തിക്കുമ്പോൾ 1988 ൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടത്തിയ എറണാകുളം ജില്ലാസ

മ്പൂർണ്ണ സാക്ഷരതായജ്ഞം മറക്കാനാവാത്ത ഒരു അനുഭവമാണ്. ഈ വിദ്യാഭ്യാസ പ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തകർ സ്യുതർഹമായ സേവനങ്ങളാണു നൽകിയിട്ടുള്ളത്. എന്നാൽ ജനവിദ്യാഭ്യാസകേന്ദ്രങ്ങളിൽക്കൂടിയുള്ള തുടർസാക്ഷരതാ പ്രവർത്തനം സർക്കാരിൻെറ ഭാഗത്തു നിന്നുണ്ടായ അനഭിമത സമീപനങ്ങൾ മൂലം തടസ്സപ്പെടുകയാണുണ്ടായത്.

ഈ പഞ്ചായത്തിലെ സ്ക്കൂളിൽ കുട്ടികളുടെ എണ്ണത്തിന് തുടർച്ചയായി കുറവു വന്നുകൊണ്ടിരിക്കുകയാണ്. ജനനനിരക്കിൽ ഉണ്ടായിട്ടുള്ള കുറവ്, പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വിദ്യാലയങ്ങളുടെ പഠന നിലവാരതകർച്ച, ഇംഗ്ലീഷ് മീഡിയത്തോട് ജനങ്ങൾക്കുണ്ടായിട്ടുള്ള അമിതഭ്രമം സ്ക്കൂളുകളിലെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത, രക്ഷിതാക്കളുടെ നിസ്സംഗത എന്നിവ ഇതിനു കാരണങ്ങളായി ചൂണ്ടിക്കാണിക്കാം.

അദ്ധ്യാപക രക്ഷാകർത്ത സമിതികളുടെ പ്രവർത്തനങ്ങൾ എല്ലാ സ്ക്കൂളുകളിലും നടക്കുന്നുണ്ട്. വെളിയനാട് ഗവൺമെൻറ് യു.പി. സ്ക്കൂളിലെ P.T.A. യുടെ പ്രവർത്തനം തൃപ്തികരമാണ്. മറ്റ് സ്ക്കൂളുകളിലെ P.T.A. കളുടെ ശരിയായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

വിദ്യാഭ്യാസമേഖലയിൽ വിജ്ഞാനോൽസവം പോലുള്ള തനതു സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ രണ്ടു യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് പഠനനിലവാരം ഉയർത്തുന്നതിനുതകുന്ന ബാലവേദികകൾക്കു രൂപം നൽകുകയും പഞ്ചായത്തടിസ്ഥാനത്തിൽ അവയെ ഏകോപിപ്പിക്കുകയും ചെയ്താൽ വിദ്യാഭ്യാസ പരിപോഷണത്തിന് അതൊരു മുതൽക്കൂട്ടാകും.

ഓപ്പറേഷൻ ബ്ളാക്ക്ബോർഡ് പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ ലഭിച്ച പഠനോപകരണങ്ങൾ ഉപയോഗിക്കാനാവാത്ത അവസ്ഥയിൽ ഇരിക്കുകയാണ്. അതുപോലെ മിനിമം ലേണിങ്ങ് ലിറ്ററസി ( M.L.L.) പ്രോഗ്രാം തുടങ്ങുവാൻ ഗവൺമെൻറ് തീരുമാനിച്ചുവെങ്കിലും വഞ്ചിതിരുനക്കരെത്തന്നെ എന്ന അവസ്ഥയിൽ ആണ്.

നമ്മുടെ പഞ്ചായത്തിൻെറ വിദ്യാഭ്യാസ മേഖലയുടെ ഒരു ഏകദേശചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഗ്രാമസഭകളിൽ നിന്നും രൂപപ്പെട്ടുവന്ന ക്രിയാത്മകവും പരിഗണനാർഗവുമായ ചില നിർദ്ദേശങ്ങൾ നിങ്ങളുടെ സജീവ ചർച്ചയായി സമർപ്പിക്കുന്നു.

1. അതാതു സ്ക്കൂളിലെ ഉത്തരവാദപ്പെട്ട മാനേജുമെൻറുകളൊ മറ്റ് ഏജൻസികളൊ സ്ക്കൂളുകളിലെ പ്രഥമീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
2. അദ്ധ്യയന വർഷാരംഭത്തിൽ ത്തന്നെ പാഠ്യപുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. P.T.A. കളുടെ പ്രവർത്തനം ശക്തമാക്കുക. പഠനോപകരണങ്ങൾ നിർമ്മിക്കുവാൻ സഹായിക്കുകയും അവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
4. ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരെക്കൊണ്ടു പഞ്ചായത്തുതലത്തിൽ L.P, U.P. വിഭാഗം അദ്ധ്യാപകർക്കു അദ്ധ്യാ പന ത്തിൻെറ നൂതനസങ്കേതങ്ങൾ പരിചയപ്പെടുത്തുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
5. പഞ്ചായത്തുതലത്തിൽ സമഗ്ര സ്ക്കൂൾ വിദ്യാഭ്യാസ വികസന സമിതി രൂപീകരിച്ചു പ്രവർത്തിക്കുക.
6. എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക.
7. S.S.L.C പഠനം പൂർത്തിയാക്കവരിൽ കൃഷിയോടു താൽപര്യമുള്ള കുട്ടികൾക്ക് കാർഷിക പ്രവർത്തിയിൽ പരിശീലനം നൽകുന്നതിനായി ഗ്രാമീണ കാർഷിക സ്ക്കൂൾ (ഒരു വാർഡിൽ ഒന്നെങ്കിലും) സ്ഥാപിക്കുക, ഇത്തരം സ്ക്കൂളുകളിൽ നാട്ടിലെ നല്ല കൃഷിക്കാരെ പരിശീലകരായി നിയോഗിക്കുക.
8. മദ്ധ്യവേനൽ അവധിക്കാലത്ത് താല്പര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് മുൻകൈ എടുത്തുകൊണ്ട് കൃഷിയിൽ പറിശീലനം നൽകുക.
9. പ്രീ പൈമറി സ്ക്കൂളുകൾക്ക് ഏകീകൃത സിലബസ് ഏർപ്പെടുത്തുക.
10. അംഗൻ വാടികളിൽ 4 വയസ്സു വരെയും പ്രീപ്രൈമറി സ്ക്കൂളുകളിൽ 4 വയസ്സുമുതലും ഉള്ള കുട്ടികളെ ചേർക്കുന്ന സമ്പ്രദായം നിലവിൽ വരണം.
11. അംഗൻ വാടികളിൽ പ്രാഥമീക സൗകര്യങ്ങളും കളിക്കോപ്പുകളും ആവശ്യത്തിനു ലഭ്യമാക്കണം.
12. പ്രഥമീക വിദ്യാഭ്യാസം നിർബന്ധ



258

മായും മാതൃഭാഷയിൽ ആക്കണം.

13. അയൽവക്ക സ്കൂൾ സമ്പ്രദായം ഊർജ്ജിതപ്പെടുത്തുക.

14. തയ്യൽ, ബുക്ക് പെയിൻറിങ്ങ്, ഡ്രോയിംങ്ങ്, സംഗീതം, ക്രാഫ്റ്റ് തുടങ്ങിയ പാഠ്യേതര വിഷയങ്ങളിൽ ഇല്ലാത്ത സ്കൂളുകളിൽ അവ നിർബന്ധമായും ഏർപ്പെടുത്തണം.

15. വാടകകെട്ടിടങ്ങൾ പ്രവർത്തിക്കുന്ന അംഗൻ വാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുക.

16. എല്ലാ പ്രൈമറി സ്ക്കൂളിലും പ്രീപ്രൈമറി സ്ക്കൂൾ ആരംഭിക്കുക.

17. തുടർസാക്ഷരതാ പരിപാടികൾ വായനാശാലകളുടെ കീഴിൽ ആക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ വായനാശാലകൾക്കനുബന്ധമായി പ്രവർത്തിക്കുകയും ചെയ്യുക.

18. അപ്ഗ്രഡേഷനു സാദ്ധ്യതയുള്ള വിദ്യാലയങ്ങൾ അപ്ഗ്രഡു ചെയ്യുക.

# കുടിവെള്ളം

മനുഷ്യൻെറ നിലനിൽപ്പിനു പരമ പ്രധാനമായ വസ്തുക്കളിലൊന്നായ കുടിവെള്ളം സുലഭമായിരുന്ന ഒരു പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത് ഭൂപ്രകൃതിയിലും കാലാവസ്ഥയിലുമുണ്ടായമാറ്റങ്ങളും റബ്ബർ കൃഷി വ്യാപകമാക്കിയതോടെ നാട്ടിലെ ചോലവൃക്ഷങ്ങളും ഇതര വൃക്ഷങ്ങളും വെട്ടിനശിപ്പിച്ചതോടെ മണ്ണിൻെറ ജലാംശം കുറഞ്ഞതും ഭൂമിയിൽ നിന്നും കൂടുതൽ വെള്ളം റബ്ബർ മരങ്ങൾ വലിച്ചെടുക്കുവാൻ തുടങ്ങിയതോടുകൂടി മണ്ണിലെ ജലാംശം കുറയുകയും നീരുറവുകളൊക്കെ നിലക്കുകയും ഇതോടെ കിണറുകളും കുളങ്ങളും വറ്റുവാൻ തുടങ്ങുകയും നമ്മുടെ നാട്ടിൽ ശുദ്ധജലക്ഷാമമനുഭവപ്പെടുവാൻ തുടങ്ങുകയും ചെയ്തു. കൂടാതെ ജലസംഖ്യ വർദ്ധനവിനലുസൃതമായി എല്ലാത്തൊടികളിലും കിണറുകളും കുളങ്ങളും നിർമ്മിച്ച് ഭൂഗർഭജലം പരമാവധി കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കുപയോഗിക്കുവാൻ തുടങ്ങിയതും ഭൂഗർഭജലസ്രോതസ്സു കുറയുവാനും ജലക്ഷാമമനുഭവപ്പെടുവാനുമിടയാക്കി.

നമ്മുടെ പഞ്ചായത്തിൻെറ ഭൂരിഭാഗങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ 60–65% കിണറുകൾ വേനൽക്കാലത്ത് വറ്റിപോകാറുണ്ട്. പഞ്ചായത്തിൻെറ ചുരുക്കം ചില പ്രദേശങ്ങളിൽ പൈപ്പുവെള്ളം ലഭ്യമാണെങ്കിലും ആപ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ വെള്ളം നൽകുകവാൻ തക്കവണ്ണം ശുദ്ധജലവിതരണ പദ്ധതിക്ക് ശേഷിയല്ല. പഞ്ചായത്തിൽ പാർപ്പാക്കോട് ഓർമ്മളക്കുന്നു കോളനി വാട്ടർസപ്ളെ സ്കീം, കൂവക്കാപ്പിള്ളി കോളനി വാട്ടർ സപ്ളെ സ്കീ എന്നിവ 1975 ാടെ ആരംഭിച്ചെങ്കിലും രണ്ടു സ്കീമിലും ആവശ്യമായ വെള്ളം ലഭ്യമായിരുന്നില്ല. ഓർമ്മുളക്കുന്നു കോളനി സ്ക്കീമിൽ നിന്നും ചെത്തിക്കോട്, വിധങ്ങര എന്നീ പ്രദേശങ്ങൾ വരെയും പ്രാർപ്പാക്കോടിൽ നിന്ന് ലക്ഷം വീട് കോളനി പാർപ്പർക്കോട് സ്ക്കൂൾ വരെയും പൈപ്പുകൾ വച്ച് പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂവക്കാപ്പിള്ളി കോളനിയിൽ നിന്നും കൈപ്പുട്ടൂർ ലക്ഷം വീടു കോളനിയിലേക്കും പൈപ്പുലയിൻ നീട്ടിയിട്ടുണ്ട്. പെരിയാർവാലി ജലസേചനക്കനാലിൽ വെള്ളമൊഴുക്കുവാൻ തുടങ്ങിയതോടെ പാർപ്പർക്കോട് ഓർമ്മിളവാക്കുന്നു. കോളനി സ്കീമിൽ ജലലഭ്യത വർദ്ധിച്ചിട്ടുണ്ട് ആമ്പല്ലൂർ ശുദ്ധജല വിതരപദ്ധതിയിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ വിധാങ്ങരക്കുന്ന്, ഇടവട്ടം, എന്നീ സ്ഥലങ്ങളിലേക്ക് കുറെ പൊതുടാപ്പുകൾ സ്ഥാപിക്കുവാൻ പൈപ്പുനീട്ടിയിട്ടുണ്ട്.

പിറവം വാട്ടർ സ്ക്കീമിൽ ലയിൻ വലിച്ച് പേപ്പതി തിരുമറിയൂർ റോഡിനിരുവശവും പൊതുടാപ്പുകൾ സ്ഥാപിക്കുകയും കുറച്ച് ഗാർഹിക കണക്ഷൻ നൽകുകയുമുണ്ടായിട്ടുണ്ട്. റോഡുകളിൽ കൂടി പൈപ്പുകൾ പോകുന്നതല്ലാതെ നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് സ്ഥാപിച്ചിട്ടില്ല. ആരക്കുന്നം – മറ്റത്താംകടവ് റോഡിൽ കുറച്ചുദൂരം പൈപ്പിട്ടിട്ടുണ്ടെങ്കിലും ജലലഭ്യത വളരെ ചുരുക്കമാണ്. പിറവം സ്കീമിൽ നിന്നും നൽകുന്ന പൈപ്പുവെളമൊഴികെ മറ്റേല്ലാം ശുദ്ധികരിക്കാതെയാണ് വിതരണം ചെയ്യുന്നത്. ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമെന്ന നിലക്കും വേനൽക്കാലത്ത് കിലോമീറ്ററോളം കുടിവെള്ളം സമ്പാദിക്കാൻ ജനങ്ങൾ പ്രത്യേകിച്ചും സ്ത്രീകൾ പോകുന്നതും നമ്മുടെ പഞ്ചായത്തിൽ എല്ലാ വർഷവും കാണുന്ന ഒരു സംഭവമാണ്. വേനൽക്കാലത്ത് ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കാറുണ്ടെങ്കിലും പലപ്പോഴും ജനങ്ങളുടെ പ്രാഥമികാവശ്യത്തിനു തികയും വിധം നൽകുവാൻ സാധിക്കാറില്ല.

എടക്കാട്ടുവയലിലേക്കും സമീപപ്രദേ



259

പരിഹാരമാർഗ്ഗങ്ങൾ

1. ഇറച്ചിക്കോഴി കൃഷിക്കാവശ്യമായ കോഴിത്തീറ്റ നിർമ്മാണം, ഹാച്ചറി, ഇറച്ചിസംസ്ക്കരണം വിപണനം എന്നിവയെല്ലാം ചേർന്ന ഒരു ശൃംഗല സ്ഥാപിക്കുകയും കർഷകർക്ക് കോഴിക്കുഞ്ഞ്, തീറ്റ, മുരുന്നുകൾ എന്നിവ ആദായകരമായും കടമായും ലഭിക്കുവാനും കർഷകരിൽ നിന്ന് കോഴി വാങ്ങുവാനുമുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുകയും ചെയ്യുക.
2. പശു വളർത്തലിന് ഉദാരമായ വ്യവസ്ഥിതിയിൽ പശു വാങ്ങുവാനും തൊഴുത്തു നിർമ്മാണത്തിനും സൗകര്യങ്ങളേർപ്പെടുത്തുക.
3. കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ പ്രാദേശികമായ ഒരു കാലിത്തീറ്റ ഫാക്ടറി തുടങ്ങുക.
4. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും വിസ്തൂർണ്ണവും കണക്കിലെടുത്ത് ആവശ്യമായെത്ര ക്ഷീരോൽപ്പാദക സംഘങ്ങളും പാലുശേഖരണ യൂണിറ്റുകളുമാരംഭിക്കുക.
5. മൃഗാശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കുകയും തൊട്ടൂർ, വെളിയനാട്, ചെത്തിക്കോട് കൈപ്പട്ടൂർ എന്നിവടങ്ങളിൽ സബ്സെൻററുകളാരംഭിക്കുകയും ചെയ്യുക.
6. തീറ്റപ്പുല്ല് കൃഷി വ്യാപകമാക്കുകയും ആയതിനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപടിസ്വീകരിക്കുക
7. സമ്മിശ്ര മൃഗപരിപാലന യൂണിറ്റുകൾ -- 3 പശു, 3 ആട് 6 പന്നി, 25 കോഴി -- വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട കർഷകർക്കു സൗജന്യ നിരക്കിൽ നൽകുക.
8. ആട്, മുയൽ, കാട കൃഷി വ്യാപകമാക്കാൻ ധനസഹായവും പരിശീലനവും കുഞ്ഞുങ്ങളുടെ വിതരണവും നടത്തുക.
9. മുട്ടക്കോഴി വളർത്തൽ വ്യാപകമാക്കുകയും നിശ്ചിത എണ്ണം വീതം വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കു നൽകുകയും ചെയ്യുക.
10. കറവ പരിശീലനം നൽകുക
11. നല്ലയിനം പന്നിക്കുഞ്ഞുൽപ്പാദനകേന്ദ്രം ആരംഭിക്കുക.
12. മൃഗാശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുകയും മൃഗഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുകയും ചെയ്യുക. ഡോക്ടർക്ക് ക്വർട്ടേഴ്സ് നിർമ്മിക്കുക.
13. ബ്രീഡർ മുട്ടക്കോഴി ഉൽപ്പാദനയൂണിറ്റുകളാരംഭിക്കുക.
14. ഗോബർഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുക
15. നല്ലയിനം കിടാരികളെ വളർത്തുവാനുള്ള സംവിധാനം വ്യാപകമാക്കുക.
16. വളർത്തുനായകൾക്കു പ്രതിരോധ കുത്തിവെയ്പ്പു നിർബന്ധമാക്കുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായയെ നശീകരണവും നിർബന്ധമാക്കുക.

## മത്സ്യകൃഷി

മത്സ്യകൃഷിക്കു പരിമിതമായ സൗകര്യങ്ങൾ മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ എങ്കിലും അത് ഒട്ടും തന്നെ പ്രയോജനപ്പെടുത്തുന്നില്ല എന്ന് പറയാവുന്നതാണ്. മത്സകൃഷിയും മീൻപിടിത്തവും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാരും തന്നെയില്ല എന്നും പറയാവുന്നതുമാണ്. പൊതുകുളങ്ങളും ധാരാളം സൗകര്യങ്ങളുമുള്ള ഈ പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷിക്കു സാദ്ധ്യതയുണ്ടങ്കിലും ഇതിനുള്ള പരിശീലനക്കുറവും കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും കാരണം ആരും തന്നെ മൽസ്യകൃഷിയിലേക്കുതിരിയാറില്ല എന്നതാണ് വാസ്തവം.

നിലവിലുള്ള കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുവാനും അവയിലെല്ലാം മത്സ്യകൃഷി നടത്തുവാനും ബോധപൂർവ്വമായ ശ്രമവും, പരിശീലനവും നടത്തിയാൽ കർഷകർക്ക് ഒരാദായമാർഗ്ഗമാവുമെന്നതിനാൽ അതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതും. മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കാൻ നടപടികളുണ്ടാകുകയും ചെയ്താൽ മത്സ്യകൃഷിക്ക് ചെറിയ സാദ്ധ്യതകൾ ഈ പഞ്ചായത്തിനുള്ളതായി കാണാവുന്നതാണ്.

ശുദ്ധജല മത്സ്യങ്ങൾക്കുള്ള വ്യാപകമായ രോഗബാധയും കൂട്ടമരണവും പ്രതിവിധി കാണാതവശേഷിക്കുയാണ് ആരോഗ്യമലിനീകരണ പ്രശ്നമായി മാറിയിരിക്കുന്ന ഈ രോഗത്തിനു പ്രതിവിധി കാണുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ ശാരീരകവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിച്ച് സമൂഹത്തിൻെറ സർവതോൻമുഖമായ വികസനത്തിനുതകുന്ന തരത്തിൽ ജനങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള ഉപാധിയാണ് വിദ്യാഭ്യസം അതിനാൽ ഒരു പ്രദേശത്തിൻെറ ദീർഘകാല അടിസ്ഥാനത്തിലുള്ളതും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസ പ്രകൃയകൾക്കു കഴിയേണ്ടതാണ്.

എടക്കാട്ടുവയൽ പഞ്ചായത്തിലെ ആദ്യ വിദ്യാലയം ഒരു നെയ്ത്തുസ്ക്കൂളായി തുടങ്ങി പ്രൈമറി, അപ്പർ പ്രമറി തലത്തിൽ എത്തിനിൽക്കുന്ന വെളിയനാട് ഗവൺമെൻറ് യു.പി സ്ക്കൂളാണ്. ഈ സ്ക്കൂൾ 25.5.1911 ൽ തുടങ്ങിതായി രേഖകളിൽ കാണുന്നു പാർപ്പർക്കോട് കോളനിക്കു സമീപം സ്ക്കൂൾപ്പറമ്പ് എന്ന അറിയപ്പെടുന്ന സ്ഥലത്താണ് ഏകദേശം 69 വർഷങ്ങൾക്കു മുമ്പ് പാർപ്പർക്കോട് എൽ.പി. സ്ക്കൂൾ ആരംഭിച്ചത് ഏതാണ്ട് അതേകാലഘട്ടത്തിൽ തന്നെ ആരംഭിച്ചതാണ് കൈപ്പട്ടൂർ എൽ. പി സ്ക്കൂൾ ഇപ്പോൾ രണ്ടു സ്ക്കുളുകളിലും സ്റ്റാഫ് മാനേജ്മെൻറാണ് നിലവിലുളളത് ഏകദേശം അമ്പതു വർഷങ്ങൾക്കു മുമ്പ് ചെത്തിക്കോട് സെൻറ് ജോസഫ് എൽ. പി സ്ക്കൂൾ സ്ഥാപിതമായി. സെൻെറ് മേരി പളളിവകയാണ് ഈ സ്ഥാപനം. മാങ്ങിടപ്പിള്ളി എൽ.പി സ്ക്കൂൾ സ്വകാര്യ മനേജ്മെൻെറിൻെറ ചുമതലയിലാണ് എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൻെറ ചുമതലയിലുളള ഏക സ്ക്കൂളാണ് ഊരകം എൽ. പി സ്ക്കൂൾ.

എടക്കാട്ടുവയൽ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ പരമായ പുരോഗതിക്ക് ഏറെ സഹായകമായത് എടക്കാട്ടുവയലിലെ അമ്പാട്ടിൽ കുടുംബത്തിൻെറ സേവനങ്ങളാണ്. ഏഴുപുറം സെൻറ് മേറീസ് എൽ. പി സക്കൂൾ, കാനായിക്കോട് എൽ.പി സ്ക്കൂൾ എടക്കാട്ടുവയൽ യു. പി. സ്ക്കൂൾ എന്നിവ ഈ കുടുംബത്തിലെ അംഗങ്ങൾ സ്ഥാപിച്ചതാണ്.

നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ വെളിയനാട്ടു പ്രവർത്തിക്കുന്ന സെൻറ്പോൾസ് ഹൈസ്ക്കൂളാണ് യു. പി, ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ളാസുകൾ കൂടി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈസ്ക്കൂൾ വിദ്യഭ്യാസ സൗകര്യം പരിമിതമായതിനാൽ നമ്മുടെ പഞ്ചായത്തിൽ നിന്നും അനേകം കുട്ടികൾ സമീപസ്ഥ പഞ്ചായത്തുകളിലെ ഹൈസ്ക്കൂളികളെ ആശ്രയിക്കുന്നുണ്ട്.

കോളങ്ങായി കത്തോലിക്കാ പളളിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സെൻറ് സാവിയോസ് ഇംഗ്ളീഷ് മീഡിയം സ്ക്കുൾ അൺ എയഡൻസ് വിദ്യാലയമാണ്. ഇപ്പോൾ എൽ. പി വിഭാഗം ക്ളാസുകൾ കൂടി ഇവിടെ നടന്നു വരുന്നു.

മേൽപ്പറഞ്ഞ വിദ്യാഭ്യസസ്ഥാപനങ്ങൾക്കു പുറമെ, ഒരു ട്യൂട്ടോറിയൽ കോളേജും മൂന്ന് നൃത്ത സംഗീത വിദ്യാലയങ്ങളും ഈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

അനൗപചാരിക വിദ്യഭ്യസരംഗത്ത് പ്രവർത്തിക്കുന്നത് പ്രധാമനായും വായനശാലകളാണ്. വെളിയനാട് ഗ്രാമീണശാലയിൽ വളരെക്കാലം മുമ്പ് ഒരു വയോജന വിദ്യാഭ്യാസകേന്ദ്രം ഉണ്ടായിരുന്നു. കൈപ്പട്ടൂർ, എടയ്ക്കാട്ടുവയൽ, ഗ്രാമീണവായനശാലകളും അനൗചാരിക വിദ്യാഭ്യാസ പ്രചരണത്തിൽ ഏർപ്പെട്ടിരുനള. 1985 നു ശേഷം പ്രവർത്തനരഹിതമായ എടയ്ക്കാട്ടുവയൽ ഗ്രാമീണവായനശാലയുടെ സ്ഥലവും പുസ്ഥകവും ഗ്രമപഞ്ചായത്ത് ഏറ്റെടുക്കുകയും പഞ്ചായത്തിൻെറ സാംസ്ക്കാരികനിലയവും ഗ്രന്ഥശാലയുമായി ഇപ്പോൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

രണ്ടു പ്രി പ്രൈമറി വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിലുളളത്. വെളിയനാട് ഗവൺമെൻറ് യു.പി. സ്ക്കൂളിനോടനുബന്ധിച്ചും വെളിയനാട് സെൻറ് പോൾസ് ബഥനി കോൺ വെൻറിനോടനുബന്ധിച്ചും ഇവ പ്രവർത്തിക്കുന്നു. പ്രീ പ്രൈമറിഘട്ടത്തിനു താഴെ പ്രായമുള്ള ശിശുക്കളുടെ ശാരീരകവും മാനസീകവുമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനായി നമ്മുടെ 1[illegible] അംഗൻവാടികളിലും ശിശുപരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

അനൗചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളെപറ്റി ചിന്തിക്കുമ്പോൾ 1988 ൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടത്തിയ എറണാകുളം ജില്ലാസ

മ്പൂർണ്ണ സാക്ഷരതായജ്ഞം മറക്കാനാവാത്ത ഒരു അനുഭവമാണ്. ഈ വിദ്യാഭ്യാസപ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തകർ സ്യുതർഹമായ സേവനങ്ങളാണു നൽകിയിട്ടുള്ളത്. എന്നാൽ ജനവിദ്യാഭ്യാസകേന്ദ്രങ്ങളിൽക്കൂടിയുള്ള തുടർസാക്ഷരതാ പ്രവർത്തനം സർക്കാരിൻെറ ഭാഗത്തു നിന്നുണ്ടായ അനഭിമത സമീപനങ്ങൾ മൂലം തടസ്സപ്പെടുകയാണുണ്ടായത്.

ഈ പഞ്ചായത്തിലെ സ്ക്കൂളിൽ കുട്ടികളുടെ എണ്ണത്തിന് തുടർച്ചയായി കുറവു വന്നുകൊണ്ടിരിക്കുകയാണ്. ജനനനിരക്കിൽ ഉണ്ടായിട്ടുള്ള കുറവ്, പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വിദ്യാലയങ്ങളുടെ പഠന നിലവാരതകർച്ച, ഇംഗ്ളീഷ് മീഡിയത്തോട് ജനങ്ങൾക്കുണ്ടായിട്ടുള്ള അമിതഭ്രമം സ്ക്കൂളുകളിലെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത, രക്ഷിതാക്കളുടെ നിസ്സംഗത എന്നിവ ഇതിനു കാരണങ്ങളായി ചൂണ്ടിക്കാണിക്കാം.

അദ്ധ്യാപക രക്ഷാകർത്ത സമിതികളുടെ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. വെളിയനാട് ഗവൺമെൻറ് യു.പി. സ്ക്കൂളിലെ P.T.A. യുടെ പ്രവർത്തനം തൃപ്തികരമാണ്. മറ്റ് സ്ക്കൂളുകളിലെ P.T.A. കളുടെ ശരിയായ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

വിദ്യാഭ്യാസമേഖലയിൽ വിജ്ഞാനോത്സവം പോലുള്ള തനതു സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ രണ്ടു യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് പഠനനിലവാരം ഉയർത്തുന്നതിനുതകുന്ന ബാലവേദികകൾക്കു രൂപം നൽകുകയും പഞ്ചായത്തടിസ്ഥാനത്തിൽ അവയെ ഏകോപിപ്പിക്കുകയും ചെയ്താൽ വിദ്യാഭ്യാസ പരിപോഷണത്തിന് അതൊരു മുതൽക്കൂട്ടാകും.

ഓപ്പറേഷൻ ബ്ളാക്ക്ബോർഡ് പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ ലഭിച്ച പഠനോപകരണങ്ങൾ ഉപയോഗിക്കാനാവാത്ത അവസ്ഥയിൽ ഇരിക്കുകയാണ്. അതുപോലെ മിനിമം ലേണിങ്ങ് ലിറ്ററസി ( M.L.L.) പ്രോഗ്രാം തുടങ്ങുവാൻ ഗവൺമെൻറ് തീരുമാനിച്ചുവെങ്കിലും വഞ്ചിതിരുനക്കരെത്തന്നെ എന്ന അവസ്ഥയിൽ ആണ്.

നമ്മുടെ പഞ്ചായത്തിൻെറ വിദ്യാഭ്യാസ മേഖലയുടെ ഒരു ഏകദേശചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഗ്രാമസഭകളിൽ നിന്നും രൂപപ്പെട്ടുവന്ന ക്രിയാത്മകവും പരിഗണനാർഗവുമായ ചില നിർദ്ദേശങ്ങൾ നിങ്ങളുടെ സജീവ ചർച്ചയായി സമർപ്പിക്കുന്നു.

1. അതാതു സ്ക്കൂളിലെ ഉത്തരവാഗദപ്പെട്ട മാനേജുമെൻറുകളൊ മറ്റ് ഏജൻസികളൊ സ്ക്കൂളുകളിലെ പ്രഥമീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
2. അദ്ധ്യയന വർഷാരംഭത്തിൽ ത്തന്നെ പാഠ്യപുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. P.T.A. കളുടെ പ്രവർത്തനം ശക്തമാക്കുക. പഠനോപകരണങ്ങൾ നിർമ്മിക്കുവാൻ സഹായിക്കുകയും അവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
4. ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരെക്കൊണ്ടു പഞ്ചായത്തുതലത്തിൽ L.P. U.P. വിഭാഗം അദ്ധ്യാപകർക്കു അദ്ധ്യാപനത്തിൻെറ നൂതനസങ്കേതങ്ങൾ പരിചയപ്പെടുത്തുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
5. പഞ്ചായത്തുതലത്തിൽ സമഗ്ര സ്ക്കൂൾ വിദ്യാഭ്യാസ വികസന സമിതി രൂപീകരിച്ചു പ്രവർത്തിക്കുക.
6. എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക.
7. S.S.L.C പഠനം പൂർത്തിയാക്കവരിൽ കൃഷിയോടു താൽപര്യമുള്ള കുട്ടികൾക്ക് കാർഷീക പ്രവർത്തിയിൽ പരിശീലനം നൽകുന്നതിനായി ഗ്രാമീണ കാർഷിക സ്ക്കൂൾ (ഒരു വാർഡിൽ ഒന്നെങ്കിലും) സ്ഥാപിക്കുക, ഇത്തരം സ്ക്കൂളുകളിൽ നാട്ടിലെ നല്ല കൃഷിക്കാരെ പരിശീലകരായി നിയോഗിക്കുക.
8. മദ്ധ്യവേനൽ അവധിക്കാലത്ത് താല്പര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് മുൻകൈ എടുത്തുകൊണ്ട് കൃഷിയിൽ പരിശീലനം നൽകുക.
9. പ്രീ പ്രൈമറി സ്ക്കൂളുകൾക്ക് ഏകീകൃത സിലബസ് ഏർപ്പെടുത്തുക.
10. അംഗൻ വാടികളിൽ 4 വയസ്സു വരെയും പ്രിപ്രൈമറി സ്ക്കൂളുകളിൽ 4 വയസ്സുമുതലും ഉള്ള കുട്ടികളെ ചേർക്കുന്ന സമ്പ്രദായം നിലവിൽ വരണം.
11. അംഗൻ വാടികളിൽ പ്രാഥമീക സൗകര്യങ്ങളും കളിക്കോപ്പുകളും ആവശ്യത്തിനു ലഭ്യമാക്കണം.
12. പ്രാഥമീക വിദ്യാഭ്യാസം നിർബന്ധ

മായും മാതൃഭാഷയിൽ ആക്കണം.

13. അയൽവക്ക സ്ക്കൂൾ സമ്പ്രദായം ഊർജ്ജിതപ്പെടുത്തുക.

14. തയ്യൽ, ബുക്ക്പെയിൻറിങ്ങ്, ഡ്രോയിംങ്ങ്, സംഗീതം, ക്രാഫ്റ്റ് തുടങ്ങിയ പാഠ്യേതര വിഷയങ്ങളിൽ ഇല്ലാത്ത സ്ക്കൂളുകളിൽ അവ നിർബന്ധമായും ഏർപ്പെടുത്തണം.

15. വാടകകെട്ടിടങ്ങൾ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുക.

16. എല്ലാ പ്രൈമറി സ്ക്കൂളിലും പ്രീപ്രൈമറി സ്ക്കൂൾ ആരംഭിക്കുക.

17. തുടർസാക്ഷരതാ പരിപാടികൾ വായനാശാലകളുടെ കീഴിൽ ആക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ വായനാശാലകൾക്കനുബന്ധമായി പ്രവർത്തിക്കുകയും ചെയ്യുക.

18. അപ്ഗ്രഡേഷനു സാദ്ധ്യതയുള്ള വിദ്യാലയങ്ങൾ അപ്ഗ്രഡു ചെയ്യുക.

# കുടിവെള്ളം

മനുഷ്യൻെറ നിലനിൽപ്പിനു പരമ പ്രധാനമായ വസ്തുക്കളിലൊന്നായ കുടിവെള്ളം സുലഭമായിരുന്ന ഒരു പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത് ഭൂപ്രകൃതിയിലും കാലാവസ്ഥയിലുമുണ്ടായമാറ്റങ്ങളും റബ്ബർ കൃഷി വ്യാപകമാക്കിയതോടെ നാട്ടിലെ ചോലവൃക്ഷങ്ങളും ഇതര വൃക്ഷങ്ങളും വെട്ടിനശിപ്പിച്ചതോടെ മണ്ണിൻെറ ജലാംശം കുറഞ്ഞതും ഭൂമിയിൽ നിന്നും കൂടുതൽ വെള്ളം റബ്ബർ മരങ്ങൾ വലിച്ചെടുക്കുവാൻ തുടങ്ങിയതോടുകൂടി മണ്ണിലെ ജലാംശം കുറയുകയും നീരുറവുകളൊക്കെ നിലക്കുകയും ഇതോടെ കിണറുകളും കുളങ്ങളും വറ്റുവാൻ തുടങ്ങുകയും നമ്മുടെ നാട്ടിൽ ശുദ്ധജലക്ഷാമമനുഭവപ്പെടുവാൻ തുടങ്ങുകയും ചെയ്തു. കൂടാതെ ജലസംഖ്യ വർദ്ധനവിനലുസൃതമായി എല്ലാത്തൊടികളിലും കിണറുകളും കുളങ്ങളും നിർമ്മിച്ച് ഭൂഗർഭജലം പരമാവധി കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കുപയോഗിക്കുവാൻ തുടങ്ങിയതും ഭൂഗർഭജലസ്രോതസ്സു കുറയുവാനും ജലക്ഷാമമനുഭവപ്പെടുവാനുമിടയാക്കി.

നമ്മുടെ പഞ്ചായത്തിൻെറ ഭൂരിഭാഗങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ 60-65% കിണറുകൾ വേനൽക്കാലത്ത് വറ്റിപോകാറുണ്ട്. പഞ്ചായത്തിൻെറ ചുരുക്കം ചില പ്രദേശങ്ങളിൽ പൈപ്പുവെള്ളം ലഭ്യമാണെങ്കിലും ആപ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ വെള്ളം നൽകുകവാൻ തക്കവണ്ണം ശുദ്ധജലവിതരണ പദ്ധതിക്ക് ശേഷിയല്ല. പഞ്ചായത്തിൽ പാർപ്പാക്കോട് ഓർമ്മളക്കുന്നു കോളനി വാട്ടർസപ്ളെ സ്കീം, കൂവക്കാപ്പിള്ളി കോളനി വാട്ടർ സപ്ളെ സ്കീ എന്നിവ 1975 ാടെ ആരംഭിച്ചെങ്കിലും രണ്ടു സ്കീമിലും ആവശ്യമായ വെള്ളം ലഭ്യമായിരുന്നില്ല. ഓർമ്മുളക്കുന്നു കോളനി സ്കീമിൽ നിന്നും ചെത്തിക്കോട്, വിധങ്ങര എന്നീ പ്രദേശങ്ങൾ വരെയും പ്രാർപ്പാക്കോടിൽ നിന്ന് ലക്ഷം വീട് കോളനി പാർപ്പർക്കോട് സ്ക്കൂൾ വരെയും പൈപ്പുകൾ വച്ച് പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂവക്കാപ്പിള്ളി കോളനിയിൽ നിന്നും കൈപ്പൂട്ടൂർ ലക്ഷം വീടു കോളനിയിലേക്കും പൈപ്പുലയിൻ നീട്ടിയിട്ടുണ്ട്. പെരിയാർവാലി ജലസേചനക്കനാലിൽ വെള്ളമൊഴുക്കുവാൻ തുടങ്ങിയതോടെ പാർപ്പർക്കോട് ഓർമ്മിളവാക്കുന്നു. കോളനി സ്കീമിൽ ജലലഭ്യത വർദ്ധിച്ചിട്ടുണ്ട് ആമ്പല്ലൂർ ശുദ്ധജല വിതരപദ്ധതിയിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ വിധാങ്ങരക്കുന്ന്, ഇടവട്ടം, എന്നീ സ്ഥലങ്ങളിലേക്ക് കുറെ പൊതുടാപ്പുകൾ സ്ഥാപിക്കുവാൻ പൈപ്പുനീട്ടിയിട്ടുണ്ട്.

പിറവം വാട്ടർ സ്കീമിൽ ലയിൻ വലിച്ച് പേപ്പതി തിരുമറിയൂർ റോഡിനിരുവശവും പൊതുടാപ്പുകൾ സ്ഥാപിക്കുകയും കുറച്ച് ഗാർഹിക കണക്ഷൻ നൽകുകയുമുണ്ടായിട്ടുണ്ട്. റോഡുകളിൽ കൂടി പൈപ്പുകൾ പോകുന്നതല്ലാതെ നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് സ്ഥാപിച്ചിട്ടില്ല. ആരക്കുന്നം - മറ്റത്താംകടവ് റോഡിൽ കുറച്ചുദൂരം പൈപ്പിട്ടിട്ടുണ്ടെങ്കിലും ജലലഭ്യത വളരെ ചുരുക്കമാണ്. പിറവം സ്കീമിൽ നിന്നും നൽകുന്ന പൈപ്പുവെളമൊഴികെ മറ്റേല്ലാം ശുദ്ധികരിക്കാതെയാണ് വിതരണം ചെയ്യുന്നത്. ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമെന്ന നിലക്കും വേനൽക്കാലത്ത് കിലോമീറ്ററോളം കുടിവെള്ളം സമ്പാദിക്കാൻ ജനങ്ങൾ പ്രത്യേകിച്ചും സ്ത്രീകൾ പോകുന്നതും നമ്മുടെ പഞ്ചായത്തിൽ എല്ലാ വർഷവും കാണുന്ന ഒരു സംഭവമാണ്. വേനൽക്കാലത്ത് ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കാറുണ്ടെങ്കിലും പലപ്പോഴും ജനങ്ങളുടെ പ്രാഥമികാവശ്യത്തിനു തികയും വിധം നൽകുവാൻ സാധിക്കാറില്ല.

എടക്കാട്ടുവയലിലേക്കും സമീപപ്രദേ

ശത്തെക്കും ശുദ്ധജലക്ഷാമം പൂർണ്ണമായി പരിഹരിക്കത്തക്കവിധവും 2050 മാണ്ടുവരെയുള്ള ആവശ്യം കണക്കിലെടുത്തും പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശത്തും വെള്ളമെത്തിക്കത്തക്കവിധത്തിലും ആസൂത്രണം ചെയ്തിട്ടുള്ള A.R.W.S.S. To എടക്കാട്ടുവയൽ, ആമ്പല്ലൂർ ഉദയംപേരൂർ, സ്കീമിൻെറ പ്രധാന ടാങ്ക് നർമ്മിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ വെളിയനാടിനു സമീപമാണ്. പിറവത്തുനിന്നും ശുദ്ധീകരിച്ച് O.H. ടാങ്കിലെത്തി പഞ്ചായത്തിൽ വിതരണം ചെയ്യത്തക്കവിധം ആവിഷ്ക്കരിച്ചിരിക്കുന്ന ഈ സ്കീമിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള സ്കീമുകളുമായി ബന്ധിപ്പിക്കുകയും ഇനിയും ഉൾപ്പെടുത്താത്ത പ്രദേശങ്ങൾ A.R.W.S.S. സ്കീമിലുൾപ്പെടുത്തുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടിയിരിക്കുകയുമാണ്. 1997 ജനുവരിയിൽ പ്രവർത്തനമാരംഭിക്ക ത്തക്കവിധമാരംഭിച്ച ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ ഇഴഞ്ഞുനീങ്ങുകയാണ്. പണി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സമ്മർദ്ദ തന്ത്രങ്ങളാവിഷ്ക്കരിക്കേണ്ടിയിരിക്കുകയാണ്.

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയും ഭൂഗർഭജലവകുപ്പും പഞ്ചായത്തിൻെറ പലപ്രദേശങ്ങളിലും കുഴൽകിണറുകൾ കുഴിച്ചെങ്കിലും പ്രയോജനകരമായത് വളരെക്കുറച്ചു മാത്രമാണ്. കുഴൽകിണറുകളിൽ നിന്നും സ്ഥിരമായി വെള്ളമെടുത്താൽ മാത്രമെ നല്ലതും ഉപയോഗയോഗ്യവുമായ ജലം ലഭിക്കുകയുള്ളൂ. എന്നാൽ വേൻൽക്കാലത്തും വരൾച്ചയനുഭവപ്പെടുമ്പോഴും മാത്രം കുഴൽകിണറിലെ വെള്ളമുപയോഗിക്കുവാൻ ശ്രമിക്കുന്നതുമൂലം ശുദ്ധജലം ലഭിക്കാറില്ല എന്നത് ഒരു സ്ഥിരം പല്ലവിയാണ്. പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ 9 കുഴൽ കിണർ വരെ കുഴിച്ചിട്ടും വെള്ളം ലഭിച്ചിട്ടില്ല എന്നതും പ്രത്യേകം എടുത്തുപറയേണ്ട വസ്തുതയാണ്.

നമ്മുടെ പഞ്ചായത്തിലൂടെ നിർമ്മിച്ചിട്ടുള്ള കനാലുകളിലൂടെ വേനൽക്കാലത്ത് വെള്ളമൊഴുക്കിയാൽ പലപ്രദേശത്തെയും കിണറുകളിൽ വെള്ളം നിറയുകയും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയും ചെയ്യും. മണ്ണിൻെറ ജലാംശം പിടിച്ചു നിർത്തുന്നതിനു വേണ്ടി തൊടികളിൽ മഴവെള്ളം ശേഖരിച്ചു നിർത്തുന്നത് കിണറുകൾ വറ്റി പോകാതിരിക്കാൻ വളരെ ഫലപ്രദമായ ഒരു മർഗ്ഗമാണ്. റബ്ബർ തോട്ടങ്ങളിൽ അമ്മാതിരി ടാങ്കുകൾ നിർമ്മിക്കുവാൻ റബ്ബർ ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇത് ഫലപ്രദമായുപയോഗിച്ച് കൂടുതൽ ടാങ്കുകൾ നിമ്മിക്കുന്നത് ഫലപ്രദമാണ്.

നമ്മുടെ പഞ്ചായത്തിൻെറ കിഴക്കുതെക്കെ അതിരിനോടു ചേർന്നാണ് മൂവാറ്റുപുഴയാറൊഴുകുന്നത്. പുഴയിൽ നിന്നും കൊല്ലിവാരലിലൂടെ പുഴതാഴ്ത്തി മണലുവാരുന്നതുമൂലം പുഴയിലെ ജലനിരപ്പു താഴുകയും ഇത് സമീപപ്രദേശങ്ങളിലെ കിണറുകളുടെ ജലനിരപ്പു താഴ്ത്തുവാനുമിടയാക്കി യിട്ടുണ്ട്.

*പരിഹാര നിർദ്ദേശങ്ങൾ*

1. എടക്കാട്ടുവയൽ പഞ്ചാത്തിലുൾപ്പെടെ ആരംഭിച്ചിട്ടുള്ളതും പണി നടന്നു വരുന്നതുമായ സമഗ്ര ശുദ്ധജല വിതരണ പദ്ധതികളുടെ കീഴിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും കൊണ്ടുവരികയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുക.
2. പദ്ധതി പൂർത്തീകരിക്കുന്നതോടെ ആവശ്യമായവർക്കെല്ലാം ഗാർഹിക കണക്ഷൻ നൽകുകയും എല്ലാ റോഡുകളിലും ആവശ്യാനുസരണം പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
3. പെരിയാർ വാലി കനാൽ പൂർത്തീകരിച്ച് വേനൽക്കാലങ്ങളിൽ ചുരുങ്ങിയത്. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും വെള്ളമെത്തിക്കുകയും ചെയ്യുക.
4. മഴവെള്ളം ശേഖരിച്ചു നിർത്തുവാൻ സാദ്ധ്യമായ സ്ഥലങ്ങളിൽ ശേഖരിച്ചു നിർത്തുക. ഇതിനു തടയണകളും ടാങ്കുകളും നിർമ്മിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.
5. പൊതുകിണറുകളും കുളങ്ങളും സംരക്ഷിക്കുക.
6. കിണറുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായവും വായ്പയും അനുവദിക്കുക.
7. മൂവാറ്റപുഴയാറിൽ നിന്നും പുഴതാഴ്ത്തി മണൽ വരുന്നത് നിരോധിക്കുക.
8. ചോലമരങ്ങൾ നട്ടു വളർത്തുകയും മണ്ണൊലിപ്പു തടയുകയും ചെയ്യുക. ഇതിനു സാമ്പത്തിക സഹായങ്ങളനുവധിക്കുക.
9. കൂടുതൽ ജലാംശം വലിച്ചെടുക്കുന്ന അകേഷ്യ, യൂക്കാലിപറ്റസ്, മാഞ്ചിയം എന്നീ വൃക്ഷങ്ങൾക്കു പകരം വെള്ളം കൂടുതൽ വലിച്ചെടുക്കാത്ത മരങ്ങൾ പ്രചരിപ്പിക്കുക.
10. കനാൽ പോകാത്ത പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
11. പൊതുടാപ്പുകൾക്ക് പഞ്ചായത്തിൽ നിന്നും ഇടാക്കുന്ന ചാർജ്ജ് ഒഴിവാക്കുകയും പൊതുശുദ്ധജല വിതരണം പൂർണ്ണമായും സൗജന്യമാക്കുകയും ചെയ്യുക.

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനസമൂഹത്തിലൂടെ മാത്രമെ രാജ്യപുരോഗതി ഉറപ്പ് വരുത്താൻ കഴിയുകയുള്ളുവെന്നത് ചരിത്ര സത്യമാണല്ലോ? നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യരംഗത്ത് ശ്രദ്ധയൂന്നാൻ കഴിയുന്ന ഒട്ടനവധി ആതുരാലയങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം ആശുപത്രികൾ നിലവിൽ വന്നിട്ട് 40 വർഷത്തിലധികമായിട്ടില്ല. പുതിയ ആശുപത്രികൾ ഉദയം ചെയ്യുന്നതിന് മുമ്പ് പാരമ്പര്യ വൈദ്യന്മാരാണ് എടക്കാട്ടുവയലിലെ ജനങ്ങളുടെ ആരോഗ്യസേവരംഗത്ത് പ്രവർത്തിച്ചിരുന്നത്. ആയുർവേദവിധിപ്രകാരമുള്ള ചികിത്സാ രീതികളാണ് അക്കാലങ്ങളിൽ പ്രചാരത്തിലിരുന്നത്. ആശുപത്രികളുടെ ആഗമനത്തിന് മുമ്പ് നാട്ടിലെ ജനങ്ങളുടെ ആശ്രയകേന്ദ്രം വീടുകളിൽ ചികിത്സ നടത്തിയ പാരമ്പര്യ വൈദ്യന്മാരായിരുന്നു. കൃഷി ചെയ്യാതെ തരിശായികിടന്ന ഭൂമിയിൽ വളരുന്ന ഒട്ടുമിക്ക ചെടുകളും ഔഷധ പ്രാധാന്യമുളളവയായിരുന്നതിനാൽ ഗ്രാമീണർക്ക് വൈദ്യന്റെ സേവനവും മരുന്നുകളും നാട്ടിൽ തന്നെ ലഭ്യമായിരുന്നു.

പുതിയ ആശുപത്രികളുടെ ഉത്ഭവവും അലോപ്പതി മരുന്നുകളിൽ ജനങ്ങൾക്ക് ഉണ്ടായ വർദ്ധിച്ച വിശ്വാസവും പിൽക്കാലത്ത് നാട്ടുചികിത്സ നടത്തി വന്നിരുന്ന പാരമ്പര്യവൈദ്യന്മാരുടെ പ്രാധാന്യം ഇല്ലാതാക്കി. 1957-ൽ സ്ഥാപിക്കപ്പെട്ട ആരക്കുന്നം ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതി ആതുരാലയം. ഓലിക്കൽ കുടുംബം സൗജന്യമായി നൽകിയസ്ഥലത്താണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഓലക്കൽ ശ്രീ. പോത്തൻ മാത്യു അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ സ്മരണക്കായി നിർമ്മിച്ച കെട്ടിടത്തിലാണ് ആശുപത്രി ഇന്നും പ്രവർത്തിക്കുന്നത്. ഒരു പതിറ്റാണ്ടുമുമ്പുവരെ ആശുപത്രിയുടെ പ്രവർത്തനം ശ്ലാഘനീയമായിരുന്നു. സ്ഥിരമായ ഒരു ഡോക്ടറുടെ സേവനം പോലും ലഭിക്കാതെ ആശുപത്രി ഇന്ന് അനാഥമായ അവസ്ഥയിലാണ്, എടക്കാട്ടുവയൽ പഞ്ചായത്തിലെയും പരിസരപ്രദേശങ്ങളിലെയും ആയിരക്കണക്കിന് ജനങ്ങൾക്ക് ഏറെ ആശ്വാസമായിരുന്ന ഈ ആശുപത്രി ഇന്ന് ഗതകാല സ്മരണകൾ അയവിറക്കുന്ന ഒരു സ്മാരകം പോലെ നിലനിർക്കുന്നു.

1968 -ൽ ആരംഭിച്ച തൊട്ടൂർ ഡിസ്പൻസറിയാണ് മറ്റൊരു ആതുരകേന്ദ്രം. ഒട്ടനവധി സാമൂഹ്യ പരിഷ്ക്കരണ ശ്രമങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള തൊട്ടൂർ S.N.D.P ശാഖയാണ് ഡിസ്പൻസെറിക്ക് വേണ്ട സ്ഥലം നൽകിയത്. തൊട്ടൂർ S.N.D.P ശാഖയോഗത്തിന്റെ ആഫീസായിരുന്ന കെട്ടിടമാണ് ഡിസ്പൻസറിക്കുവേണ്ടി വിട്ടുകൊടുത്തത്. ബൈവീക്കിലി ഡിസ്പൻസ റിയായിട്ടാണ് പ്രവർത്തനം ആരംഭിച്ച തെങ്കിലും 1976 ൽ ഇത് ഡിസ്പെൻ സറിയായി മറിയതോടുകൂടി എല്ലാദിവ സവും ഡോക്ടറുടെ സേവനവും ലഭി ക്കുന്ന സ്ഥിതിയുണ്ടായി. രോഗിക ൾക്കോ സ്റ്റാഫിനോ കയറി നിൽക്കാൻ പോലം ഇടമില്ലാത്ത ഡിസ്പെൻസറി കെട്ടിടം പഴക്കം കൊണ്ട് ഏതു സമ യത്തും നിലം പൊത്താവുന്ന അവസ്ഥ യിലായിരുന്നുവെങ്കിലും പുതിയ കെട്ടിടം നിർമ്മിക്കാൻ യാതൊരു നടപടികളു മുണ്ടായിരുന്നില്ല. അമ്പലമുഗൾ ഹിന്ദുസ് ഥാൻ ഓർഗാനിക്ക് കെമിക്കൽസ് 7 ലക്ഷം രൂപ മുടക്കി ഡിസ്പൻസറിക്കു വേണ്ടി കെട്ടിടം നിർമ്മിച്ചു നൽകിയത് പ്രത്യേകം സ്മരിക്കപ്പെടേണ്ടതുണ്ട്, ഡിസ്പൻസറിയിൽ കിടത്തി ചികിത്സ തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ നാട്ടു കാർ ശ്രമദാനമായി നിർമിച്ച കെട്ടിടം ആശുപത്രിയിലെ ഉപയോഗശൂന്യമായ സാധനങ്ങൾ സൂക്ഷിക്കാനുള്ള ഗോഡൗണായിമാറി.

തികച്ചും ഗ്രാമീണരായ ഇന്നാട്ടുകാർക്ക് ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭിക്കാൻ കഴിയുന്നതരത്തിൽ ഡോക്ടർക്ക് താമസിക്കാൻ ഒര് ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടത് വളരെ അനിവാര്യമായ കാര്യമാണ്. ഗ്രാമീണ ജനങ്ങൾക്ക് വൈദ്യസഹായം ഉറപ്പാക്കുന്നതിനും വീടുവീടാന്തരമുള്ള ആരോഗ്യ ബോധവൽക്കരണം കാര്യക്ഷമ മാക്കുന്നതിനും ആവശ്യമായ ഹെൽത്ത്വിസിറ്റർമാരെയും നേഴ്സുമാരെയും നിയമിക്കുന്നതിന് സർക്കാർ തലത്തിൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

വെളിയനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി പ്രവർത്തനമാരംഭിച്ചത് 1978 ലാണ്. 1978ൽ അനുവദിച്ച ആയുർവേദാശുപത്രി പഞ്ചായത്താഫീസിനോട് ചേർന്നുള്ള മുറിയിലാണ് ആദ്യം പ്രവർത്തിച്ചത്. വെളിയനാട്ടിൽ പ്രവർത്തിക്കണമെന്ന വ്യവസ്ഥയോടെ അനുവദിച്ചു വെന്ന് പറയുന്ന ഡിസ്പൻസറി എടക്കാട്ടുവയലിൽ പ്രവർത്തിക്കുന്നതിന് നടത്തിയ ശ്രമ

ങ്ങളും പഞ്ചായത്താഫീസിൽ പ്രവർത്തനമാരംഭിച്ച ആശുപത്രി പോലീസ് അകമ്പടിയോടെ വെളിയനാട്ടിലേക്ക് മാറ്റിയതും അക്കാലത്ത് വലിയവാർത്തയായിരുന്നു. വെളിയനാട് സഹകരണ സംഘത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ആശുപത്രി പിൽക്കാലത്ത് പഞ്ചായത്തുവക ഷോപ്പിംഗ് സെൻററിലേക്ക് മാറി. കാറ്റും വെളിച്ചവും വേണ്ടത്ര കടക്കാത്ത ഈ മുറി മഴക്കാലങ്ങളിൽ ചോർന്നൊലിച്ച് ആശുപത്രി പ്രവർത്തനം അവതാളത്തിലാക്കാറുണ്ട്. ആശുപത്രി പ്രവർത്തിക്കുന്നതിനുവേണ്ടി ശ്രീ. P.C തോമസ്സ് MP അനുവദിച്ച 3.5 ലക്ഷം രൂപ മുടക്കി പുതിയ മന്ദിരം നിർമ്മിച്ചത് എടുത്തു പറയാവുന്നനേട്ടമാണ്. വെളിയനാട് നിവാസികൾ ബഹുജനപങ്കാളിത്തത്തോടെ വാങ്ങിയസ്ഥലത്തുനിന്നു സൗജന്യമായി വിട്ടുകൊടുത്ത10 സെൻറ് സ്ഥലത്താണ് ഈ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുളളത്. ആയുർവേദ ചികിത്സക്ക് വർദ്ധിച്ചപ്രാധാന്യം സിദ്ധിച്ചിട്ടുളളതിനാൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നരീതിയിൽ ഡോക്ടർ ക്വാർട്ടേഴ്സും കിടത്തിചികിത്സാ സൗകര്യമുളള ആശുപത്രിയാക്കി ഉയർത്തി അതിനുളള വാർഡും നിർമ്മിച്ചു നൽകേണ്ടതാണ്.

1978-ൽ ആരംഭിച്ച സർക്കാർ ഹോമിയോ ഡിസ്പൻസറി 1986 വരെ പ്രവർത്തിച്ചത് നാട്ടുകാർ സൗജന്യമായി നൽകിയ കെട്ടിടത്തിലാണ്. അനുവദിച്ചുവന്ന ഡിസ്പൻസറിക്ക് പ്രവർത്തിക്കാൻ ആവശ്യമായ സൗകര്യം ലഭിക്കാതെ വന്നപ്പോൾ കട്ടിമുട്ടത്തുളള മലേപ്പിളളിൽ ശ്രീ ശങ്കുണ്ണി ഡിസ്പൻസറി പ്രവർത്തനത്തിനായി താമസിച്ചിരുന്ന വീട് താകക്കാലികമായി വിട്ടുകൊടുത്തു നാട്ടുകാർ നൽകിയ ഭൂമിയിലാണ് പഞ്ചായത്ത് ഡിസ്പൻസറിക്കാവശ്യമായ കെട്ടിടം നിർമ്മിച്ചു നൽകിയത് പുതിയമന്ദിരം 1986ൽ ഉൽഘാനം ചെയ്തു.

ചരിത്രപരമായി പരിശോധിച്ചാൽ ഒട്ടനവധി സന്നദ്ധതയുടെയും സേവനത്തിന്റെയും കഥപറയുന്ന എടക്കാട്ടുവയലിലെ എല്ലാ ആശുപത്രികളുടെയും ഇന്നത്തെ നില ഒന്നിനൊന്ന് ശോചനീയമാണന്നത് ദുഃഖകരമായ സത്യമാണ്. കിടക്കാൻ വരാന്തയിൽപോലും സ്ഥലം കിട്ടാതെ രോഗികൾ വിഷമിച്ചിരുന്ന ആരക്കുന്നം ആശുപത്രിൽ ഇന്ന് പകൽ സമയത്ത് തനിച്ചു നടക്കാൻ പോലും ഭയമുണ്ടാക്കുന്ന രീതിയിൽ ആശുപത്രിപരിസരം കാടുപിച്ച് കിടക്കുന്നു. അത്യാവശ്യസമത്തുപോലും ഡോക്ടറുടെ സേവനം കിട്ടാതെ വിഷമിക്കുന്ന ആരക്കുന്നം ആശുപത്രിയിൽ ആവശ്യത്തിനുളള ജിവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ മരുന്നുകൾ നൽകുന്നതിനും നടപടി സീകരക്കേണ്ടതാണ്.

ഭൗതികസാഹചര്യങ്ങളുടെ പൊരുത്തമില്ലായ്മയും ആരോഗ്യരംഗത്ത് കനത്ത വെല്ലുവിളി ഉയർത്തുന്നു. സുരഷിത കക്കൂസുകളില്ലാത്ത ആയിരത്തോളം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നുളളത് ആവശ്യമായ അന്വോഷണത്തിനുശേഷം കണ്ടെത്തിയ സത്യമാണ്. വർഷങ്ങൾക്കുമുമ്പുളള സ്ഥിതിപരിശധിച്ചാൽ കക്കൂസുകൾ ഉളള കുടുംബങ്ങളുടെ എണ്ണം വളരെ പരിമിതമായിരുന്നു. ഏക്കർകണക്കിന് ഭൂമിയുളളവരെല്ലാം കൃഷിചെയ്യാതെ ഭൂമിതരിടുന്ന സ്ഥതിയായിരുന്നു. അവിടെ താൽക്കാലികകുഴികളുണ്ടാക്കി ചുറ്റും മറപ്പുരയുണ്ടാക്കി കക്കൂസുകളായി ഉപയോഗിച്ചിരുന്നു. വീടുകൾ നിർമ്മിക്കുന്നതിന് ചെങ്കല്ല് വെട്ടിയെടുത്തുണ്ടാക്കിയ വെട്ടുകൽ കുഴികൾ പലരും കക്കൂസുകളായി ഉപയോഗിച്ചിരുന്നു. അതോടൊപ്പം ഈ കുഴികളിൽ പന്നി വളർത്തുന്നതു പലരും പതിവാക്കിയിരുന്നു. കാലാനസൃതമായ പുരോഗതി ജീവിതത്തിലുണ്ടായപ്പോൾ ഭൂരിപക്ഷം പേരും സുരക്ഷിതകക്കൂസുകൾ നിർമ്മിച്ചു. നിർമ്മാണസാമഗ്രികളുടെ കുതിച്ചുകയറുന്ന വില താങ്ങാനാവാത്തതുമൂലം ഇനിയും പലർക്കും ഇക്കാര്യം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന കോളനികളിലെ പലവീടുകളിലും ഇന്നും ഉപയോഗയോഗ്യമായ കക്കൂസുകളില്ലെന്നത് പരശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. വളരെ കുറഞ്ഞ ഭൂമിസ്വന്തമായിട്ടുളള കോളനി നിവാസികൾക്ക് സുരക്ഷിതകക്കൂസുകൾ പൂർണ്ണമായി നിർമ്മിക്കാത്തത് പരിസരശുചിത്വത്തിന് കനത്ത വെല്ലുവിളി ഉയർത്തുന്നു. വീടുകൾ നിർമ്മിക്കാൻ ധനസഹായം ലഭിക്കുന്നതോടൊപ്പം പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മിക്കാനുളള സഹായം കൂടി നൽകുന്നുണ്ടെങ്കിലും നിർമ്മാണത്തിന് മതിയായ തുക ലഭിക്കാത്തതിനാൽ പലർക്കും നിർമ്മാണം പൂർത്തികരിക്കാൻ കഴിയുന്നില്ല.

സർക്കാരിൽ നിന്നും 4 സെൻറ് സ്ഥലത്ത് നിർമ്മിച്ചു കൊടുത്ത ലക്ഷം വീടുകൾക്ക് സുരക്ഷിത കക്കൂസുകൾ നിർമ്മിക്കുന്നതിനുളള ധനസഹായം തൃപ്തികരമായി നൽകാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി കക്കൂസ് നിർമ്മിക്കാനുളള സാമ്പത്തികസൗകര്യം ഇല്ലാത്ത ഇവർക്ക് പൂർണ്ണമായും ഇക്കാര്യത്തിന് സഹായം നൽകേണ്ടതാണ്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ജനങ്ങൾക്ക് സഹായമായി ഇക്കാര്യത്തിൽ പഞ്ചായത്തും സർക്കാരും ധനസഹായം നൽകു

നുണ്ടെങ്കിലും മനഃപൂർവ്വമായ വീഴ്ച കൊണ്ട് പണിപൂർത്തികരി ക്കാത്ത വരും നമ്മുടെ സമൂഹത്തിലു ണ്ടെന്നത് വിസ്മരിക്കാൻ കഴിയില്ല.

അംഗൻ വാടികൾ കേന്ദ്രീകരിച്ച് കുട്ടി കൾക്ക് പോഷക പ്രാധാന്യമുള്ള മരു ന്നുകളും രോഗപ്രതിരോധമരുന്നു കളും നൽകണമെന്നും അമ്മമാർക്ക് ആവശ്യ മായ രോഗപ്രതിരോധമരു ന്നുകളും ആരോഗ്യബോധന ക്ലാസ്സു കളും നടത്തണമെന്ന് നിഷ്ക്കർഷി ക്കുന്നു ണ്ടെങ്കിലും ആവശ്യമായ ജീവനക്കാ രുടെ അഭാവം മൂലം ഇക്കാര്യം തൃപ്തിക രമായി പൂർത്തിയാക്കുവാൻ ഇന്ന് സാധിക്കുന്നില്ല. ഗർഭിണിക ളുടെയും കുട്ടികളുടെയും അമ്മമാരുടെ യും ആരോഗ്യപ്രവർത്തനത്തിന് പ്രാധാ ന്യം നൽകുന്ന ശിശുവികസന സേവന കേന്ദ്രങ്ങൾ 16 എണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ 2 തവണ വീതമെങ്കിലും ഡോക്ടറുടെ സേവനം അംഗൻവാടികളിലൂടെ ലഭ്യമാ ക്കണം.

നമ്മുടെ പഞ്ചായത്തിലെ പലഭാഗങ്ങ ളിലും മുൻകാലങ്ങളിൽ മസൂരി പോലെ യുള്ള മാരകരോഗങ്ങൾ പടർന്നു പടിച്ചിരുന്നതായി നാം കേട്ടിട്ടുണ്ട്. ഗ്രാമവാസികൾ ഇന്നും ഭീകരമായിരുന്ന അക്കാലം അയവിറക്കുന്നുണ്ട്. പകർച്ച വ്യാധികൾക്കെതിരെ ശക്തമായി പ്രവർ ത്തിച്ച് വിജയം നേടിയ നമ്മുടെ സമൂ ഹത്തെ നേരിടുന്ന വെല്ലുവിളികളാണ് AIDS, ക്യാൻസർ, ക്ഷയം മുതലായവ. ഇത്തരം രോഗങ്ങൾക്കെതിരായി ബോധ വൽക്കരണം വ്യാപകമാകുന്നതിന് ആരോഗ്യ വകുപ്പ് നടപടിസ്വീകരി ക്കേണ്ടതാണ്.

ശുദ്ധജലത്തിൻെറ അഭാവം മൂലമു ണ്ടാകുന്ന ഒട്ടനവധി ജലജന്യരോഗ ങ്ങളും നമ്മുടെ സമൂഹത്തിന് ഭീഷണി യാകുന്നുണ്ട്. പാരമ്പര്യമായി നമ്മുടെ പ്രദേശത്തെ 90%ത്തിലധികം ജനങ്ങളും ശുദ്ധജലത്തിനായി അവലംഭിക്കുന്നത് അവരവരുടെ പുരയിടങ്ങളിലെ തുറന്ന കിണറുകളെയാണ്. പൈപ്പ് വെള്ളത്തെ ക്കാൾ സുഖകരമായ വെള്ളം ലഭിക്കുന്ന കിണറുകൾ നമുക്ക് എന്നു മൊരനുഗ്ര ഹമാണ്. വേനൽക്കാലത്ത് കിണറുകൾ വറ്റുമ്പോൾ മാത്രമാണ് നമ്മുടെ ഭൂരി ഭാഗം പേരും മറ്റ് ജലസ്രോതസ്സുകളെ ക്കുറിച്ചന്വോഷിക്കുന്നത്. തുറന്നകണ റുകൾ വലയിട്ട് സംരക്ഷിക്കുന്ന തിനും കിണർ പരിസരം വൃത്തിയായി സൂക്ഷി ക്കുന്നതിനും മെനക്കെടാതിരിക്കുന്നത് നമ്മളിൽ പലരുടെയും പ്രത്യേകത യാണ്. ഇത് പല തരത്തിലുള്ള ജലജന്യ രോഗങ്ങൾ വരുത്തി വെക്കുന്നു. കിണ റുകൾ അണുബാധ രഹിതമാക്കു ന്നതിന് ആരോഗ്യവകുപ്പ് മുന്തിയ ശ്രദ്ധ ചെലുത്തേണ്ടതാണ്. പൊതുടാപ്പുക ളുടേയും കിണറുകളുടേയും സമീപം കുളിക്കുന്നതും തുണികൾ അലക്കു ന്നതും കന്നുകാലികളെ കുളിപ്പിക്കു ന്നതും പരിഷ്കൃതമായി വരുന്ന ഒര സമൂഹത്തിന് ചേർന്നതല്ലെങ്കിലും ഇക്കാര്യത്തിൽ നമ്മൾ വേണ്ടത്ര ശ്രദ്ധ ചെലത്താറില്ല. ഇങ്ങനെ ചെയ്യുന്ന വർ ക്കെതിരായ ശിക്ഷാനടപടികൾ ഗൗരവ മാക്കുകയും ഇതിനെതിരായ ബോധ വൽക്കരണം ശക്തമാക്കുകയും വേണം. തെരുവുകളെ ചവറ്റുകൂനകളായി ഉപ യോഗിക്കുന്ന നമ്മൾ ശുചിത്വപ രിപാല നത്തിൽ ഒരു പുനർ ചിന്തനത്തിന് വിധേയരാകേണ്ടതാണ്.

പൊതുശ്മശാനങ്ങളുടെ അഭാവം പ്രധാ നമായി അനുഭവിക്കുന്നത് കോളനി നിവാസികളാണ്. 5 സെൻറ് മുതൽ 15സെൻറ് വരെ സ്ഥലമുള്ള കോളനി നിവാസികൾ വീടിനോട് ചേർന്നുള്ള പരിമിതമായ സ്ഥലത്ത് ശവസംസ്കാരം നടത്തുന്നത് പരിസരമലിനികരണ ത്തിന് ഹേതുവാകുമെന്നതിനാൽ കോള നികളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നത് അഭികാമ്യമായിരിക്കും. പഞ്ചായത്തിന് ഒരു പൊതു ശ്മശാന മുണ്ടാകേണ്ടതും ആവശ്യമാണന്നതിനാൽ എടക്കാട്ടു വയലിലുള്ള പഞ്ചായത്തു വക പൊതു ശ്മശാനം ആധുനി വൽകൃത സംവിധാ നങ്ങളുപയോഗിച്ച് ഉപയോഗക്ഷമ മാക്കണം.

പരിഹാരനിർദ്ദേശങ്ങൾ

1. എല്ലാ കുടുംബങ്ങളിലും സുരക്ഷിത കക്കൂസ് ഉറപ്പ് വരുത്തുക ഇതി നായി വിവിധ സർക്കാർ ഏജൻസി കളുടെയും കപാർട്ടിൻെറയും സഹാ യം ഉറപ്പാക്കണം.
2. ആശുപത്രികളുടെ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കണം.
3. ആരക്കുന്നം P.H. സെൻറർഅപ് ഗ്രേഡ് ചെയ്ത് അത്യാവശ്യ സൗക ര്യങ്ങളുള്ള ആശുപത്രിയാക്കു ന്നതിനുള്ള നടപടിസ്വീകരിക്കു കയും ഡോക്ടറുടെ സ്ഥിരം സേ വനം ഉറപ്പാക്കി കിടത്തി ചികിത്സ പുനരാരംഭിക്കാനും നടപടിയുണ്ടാ കണം.

വാർഡുകളുടെ പണി പൂർത്തികരി ക്കുന്നതിനും പുതിയ വാർഡ് നിർമ്മിക്കു ന്നതിനും കൂടുതൽ അടിസ്ഥാന സൗക ര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി യുണ്ടാകണം.

4. തൊട്ടൂർ ആശുപത്രിയിൽ ഡോക് ടർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കണം.
5. തൊട്ടൂർ ആശുപത്രിയിൽ വാർഡ് നിർമ്മിച്ച് കിടത്തി ചികിത്സ ആരംഭി ക്കണം.

6. ഫാമിലി വെൽഫയർ സെൻററുകളുടെ പ്രവർത്തം കുറ്റമറ്റതാക്കണം.
7. അംഗൻവാടികളിൽ ഡോക്ടർമാരുടെയും ഹെൽത്ത് വിസികർമാരുടെയും സേവനം ഉറപ്പാക്കുന്നതിനും ആവശ്യമായ പോഷക മരുന്നുകളും രോഗ പ്രതിരോധ മരുന്നുകളും വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
8. വെളിയനാട് ആയുർവേദഡിസപൻസറിയും പാർപ്പാകോട് ഹോമിയോ ഡിസ്പൻസറിയും കിടത്തി ചികിത്സി ക്കാൻ സൗകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുകയും ഡോക്ടർക്ക് താമസി ക്കാൻ രണ്ടിടങ്ങളിലും ക്വാർട്ടേഴ്സ് നിർമ്മിക്കുകുയം വേണം.
9. ആരക്കുന്നം, പേപ്പതി, എടക്കാട്ടുവയൽ പോലെയുള്ള പ്രധാനജംഗ്ഷനുകളിൽ പൊതുകംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കുക.
10. അംഗൻവാടകളിലും സ്ക്കൂളുകളിലും കക്കൂസ്, മൂത്രപ്പുര എന്നിവ നിർബന്ധമായും ഉറപ്പ് വരുത്തുക.
11. കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പ് വഴി ശുദ്ധജലം ഉറപ്പ് വരുത്തുക.
12. തുറന്ന കിണറുകളിൽ വലയിട്ട് മൂടുന്നതിനും അണുനശീകരണം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശവും സഹായവും നൽകണം.
13. അംഗൻവാടികൾ, മഹിളാസമാജങ്ങൾ എന്നിവ മുഖേന ആരോഗ്യ ബോധന ക്ലാസുകൾ വ്യാപകമാക്കുക.
14. രോഗപ്രതിരോധകുത്തിവെപ്പുകൾ കാര്യക്ഷമമായി നടത്തുന്നതിനും സന്നദ്ധസംഘടനകൾവഴി ആവശ്യമായ പ്രചരണം നടത്തുന്നതിനും കഴിയണം.
15. റബർ തോട്ടത്തിൽ അടിഞ്ഞുകൂടുന്ന ഇലകൾ ചീഞ്ഞ് രോഗവാഹികളായ കൊതുകും, മറ്റ് ജീവികളും വ്യാപിക്കുന്നത് തടയാൻ മരുന്ന് തളിനിർബന്ധിതമാക്കണം.
16. പഞ്ചായത്തിൻെറ പൊതുശ്മശാനം ആധുനിവൽക്കരിച്ച് ഉപയോഗക്ഷമമാക്കുക.
17. പട്ടികജാതി കോളനികളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.
18. ക്കൂവക്കാപ്പിള്ളി കോളനിയിലെ ശ്മശാനം ചുറ്റുമതിൽ കെട്ടി ഉപയോഗപ്രദമാക്കുക.

# വ്യവസായം

കാർഷിക പ്രധാനമായ എടക്കാട്ടുവയൽ പഞ്ചായത്തിൽ കാര്യമായ വ്യാവസായികസംരംഭങ്ങളൊന്നും തന്നെ ആദ്യകാലങ്ങളിലുണ്ടായിരുന്നില്ല. മരച്ചീനി, നെല്ല്, കശുമാവ്, ഇഞ്ചപ്പുല്ല്, തെങ്ങ്, കുരുമുളക് മുതലായ ഉല്പാദിപ്പിക്കുകയും സ്വന്താവശ്യം കഴിച്ചുബാക്കി സമീപപ്രദേശങ്ങളിലെ കച്ചവടക്കാർക്കെത്തിച്ചുവില്പന നടത്തുക എന്നതിലുപരി ഉല്പന്നങ്ങൾ സംസ്കരിക്കുവാനോ കൂടുതലാദയകരമായ വിഭവങ്ങളായി മാറ്റുവാനോ ആരും തന്നെ ശ്രമിച്ചിരുന്നില്ല എന്നതാണുവാസ്തവം. വ്യാവസായിക സംരംഭങ്ങൾക്കാവശ്യമായ ഇതര അസംസംകൃത വസ്തുക്കളുടെ ദൗർലഭ്യവും എല്ലാറ്റിലുമുപരിയായി വൈദ്യുതിയുടെ ലഭ്യതയും വ്യാവസായികമായി ചിന്തിപ്പിക്കുവാൻ വൈമനസ്യമുണ്ടാക്കിയിരുന്നു. ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും കർഷകരും അവരുടെ പിൻഗാമികളിൽ ഭൂരിഭാഗവും കർഷകരായൊ അല്ലാത്തപക്ഷം. സർക്കാരുദ്യോഗസ്ഥന്മാരൊ അദ്ധ്യാപകരൊആകുക എന്നതിലുപരി സാങ്കേതിക വിധഗ്ദ്ധരാകുന്നതിലൊ ആക്കിയെടുക്കുന്നതിലൊ വലിയതാല്പര്യമൊന്നു മാരുമെടുത്തില്ല എന്നതും നാടിൻെറ പുരോഗതിക്ക് വൻകിട വ്യവസായങ്ങൾക്കുള്ള പങ്ക് മനസ്സിലാക്കിപൊതുസ്വകാര്യ ഉടമയിലുള്ള വ്യവസായങ്ങളും കമ്പനികളും ഈ പ്രദേശത്താരംഭിക്കുന്നതിനും നേതൃത്വം നൽകുവാനും അതിനുമുൻ കൈ എടുക്കുവാനുള്ള ദീർഘ വീക്ഷണമുള്ള നേതൃത്വ കുറവും സഞ്ചാരയോഗ്യമായ റോഡുകളില്ലാതിരുന്നതുമൊക്കെ എടക്കാട്ടുവയൽ പഞ്ചായത്തിൽവ്യവസായസംരംഭങ്ങളുണ്ടാകാതിരുന്നതിൻെറ കാരണങ്ങളായി പരിഗണിക്കാവുന്നതാണ്.

1962ൽ എടക്കാട്ടുവയൽ പഞ്ചായത്തു രൂപികരിക്കപ്പെട്ടതിനുശേഷവും ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക നിലുയർന്നതിനുശേഷവും നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ യുവതലമുറയെ തൊഴിലില്ലായ്മബാധിച്ചു തുടങ്ങിയതോടെയുമാണ് വ്യാവസായികസംരംഭങ്ങളെക്കുറിച്ചുചിന്തകൾ നാമ്പിടുവാൻ തുടങ്ങിയത്.

ആദ്യകാലങ്ങളിൽ അങ്ങിങ്ങായി ചിലവീടുകളെ കേന്ദ്രിരിച്ച് കുടിൽ വ്യവസായങ്ങളായ കുട്ട, പനമ്പുനെയത്ത് ഓട്ടുപാത്രനിർമ്മാണം, കൊല്ലപ്പണി ശാലകൾ എന്നിവയുണ്ടായിരുന്നെങ്കിലും ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ കാലാകാലങ്ങളിലെ കാർഷിക, കുടുംബാവശ്യങ്ങൾ നിറവേറ്റുന്നതിനുളള സംരംഭങ്ങളെന്നതിലുപരി അതലേർപ്പെട്ടിരുന്നവരുടെ സ്ഥിരം തൊഴിലുപജീവന മാർഗ്ഗവുമായി ഇവയൊന്നും വളർന്നിരുന്നില്ല.

തിരുമറയൂർ ആസ്ഥാനമാക്കി ഒരു നെയത്തു കേന്ദ്രവും വെളിയനാടു കേന്ദ്രമാക്കി ഒരു വ്യാവസായിക സംഘവും 1960 കളിൽ രൂപികരിക്കപ്പെട്ടെങ്കിലും കാര്യമായി പ്രവർത്തനങ്ങളൊന്നും കാഴ്ചവയ്ക്കാതെ നിൽക്കുകയാണുണ്ടായത്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യാവസായമെന്നു പറയുന്നത് പേപ്പതിയിൽ പ്രവർത്തിക്കുന്ന ഓട് നിർമ്മാണശാലയാണ്. ഓട് നിർമ്മാണത്തിനാവശ്യമായ മണ്ണ് കൃഷിനിലം താഴ്ത്തിഎടുക്കുന്നതുമൂലം സമീപ കൃഷിസ്ഥലളേയും കൃഷിയേയും ബാധിക്കുന്നതുമൂലം പരിതസ്ഥിതി പ്രശ്നവും ജനകിയ പ്രക്ഷോഭങ്ങൾ സൃഷ്ടിക്കുകയും തദ്വാര മണ്ണ് മറ്റുസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് ഫാക്ടറി പ്രവർത്തനം നടത്തികൊണ്ട് പോകേണ്ടിയിരിക്കുകയുമാണ്.

പഞ്ചായത്തിലെ കൃഷിഭൂമിയിലധികവും റബറിനുവേണ്ടി മാറ്റുകയും ടൺകണക്കിനു റബർ പ്രതിദിനം പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും റബറധിഷ്ടിത വ്യവസായങ്ങളൊന്നും തന്നെകാര്യമായി ഇവിടെ പ്രവർത്തിക്കുന്നില്ല എന്നു പറയാം. റബർബാൻറ് എറയിസർ എന്നിവ നിർമ്മിക്കന്ന ഒര ചെറുകിട യൂണിറ്റ് തിരുമറിയൂർ അടുത്തയിടെ പ്രവർത്തനം ആരംഭിച്ചതല്ലാതെ ഉല്പന്ന യൂണിറ്റുകളൊന്നും തന്നെയില്ല. ലാറ്റക്സ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് എടക്കാട്ട് വയലിൽ പ്രവർത്തിക്കുന്നുണ്ട് ഫോം ബഡ് നിർമ്മിക്കുവാനുളള ഒരു യൂണിറ്റിൻെറ പ്രവർത്തനം ചെത്തിക്കോട്ടിലാരംഭിച്ചിട്ടുണ്ട്.

വെളിയനാടിനു സമീപം ഒരു പവർലൂമിനു തുടക്കം കുറിച്ചു എങ്കിലും പ്രവർത്തനം തുടരുവാനൊകാതെ നില്ക്കുകയുണ്ടായി.

തോട്ടപ്പടിക്കൽ സോപ്പ് നിർമ്മാണത്തിനും മറ്റുപല വ്യവസായങ്ങൾക്കും ആവശ്യമായ സോഡിയം സിലിക്കേറ്റ് നിർമ്മാണത്തിനുളള ഒരു കെമിക്കൽ ഫാക്ടറി തുടങ്ങിയെങ്കിലും ധനകാര്യസ്ഥാപനത്തിൻെറ ഇടപെടൽ മൂലം പ്രവർത്തനം നിർത്തേണ്ടിവന്നു.

ചെറുകിട വ്യവസായങ്ങളെന്ന പേരിൽ ഫർണിച്ചർനിർമ്മിക്കുന്നതും, ട്യൂബ്, ചോക്ക് എന്നിവയുടെ ഫ്രേയിമുകളും ബ്രാക്കറ്റകളും നിർമ്മിക്കുന്നതും ഇലക്ട്രോണിക്ക് സ്പെയർ പാർട്ട്സുകൾ കൂട്ടിയിണക്കുന്നതും, നാരുപയോഗച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതും കുപ്പിയടപ്പുകൾ നിർമ്മിക്കുന്നതും തടിയുടെ അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നതുമായ ചെറിയ ചിലസ്ഥാപനങ്ങൾ അങ്ങിങ്ങായി പ്രവർത്തിക്കുന്നുണ്ട്. സ്വയം തൊഴിലിനുവേണ്ടി ആരംഭിച്ചിരിക്കുന്ന നെല്ല് കുത്ത്, ധാന്യം പൊടിക്കുന്ന മില്ലുകളുമാണ് ചെറുകിട വ്യവസായത്തിൽ പെടുന്നതും പഞ്ചായത്തിൽ കാര്യമായ കോട്ടം കൂടാതെ പ്രവർത്തിച്ചുവരുന്നതുമായവ വ്യവസായം എന്നു വിവക്ഷിക്കുന്ന വർഗ്ഗത്തിപെടുത്തുവാൻ അർഹതയില്ലാത്ത ഒരു വ്യക്തിമാത്രം പ്രവർത്തിക്കുന്ന നെല്ല് കുത്ത് മില്ലുകളുടെ അനുയോജ്യമായ വിധം – നിലവിലുളള ആനുകൂല്യങ്ങൾ നിലനിർത്തികൊണ്ടാണെങ്കിലും വ്യവസായമെന്നതിൽനിന്നും മാറ്റുന്നതനുയോജ്യമായിരിക്കും. മൂന്നു ചെറുകിട എൻജിനീയറിംഗ് വർക്ക്ഷോപ്പുകളും പ്രവർത്തനം നിലച്ചുകിടക്കുന്ന സ്റ്റെപ്പിൾപിൻ നിർമ്മാണയൂണിറ്റും രണ്ട് തടിമില്ലും ഒരു ക്രഷറും വ്യവസായമായി ലിസ്റ്റിൽ പെടുത്തി ഈ പഞ്ചായത്തിലുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പഴസംസക്കരണം, സ്ക്വാഷ് നിർമ്മാണയൂണിറ്റ് എടക്കാട്ടുവയലിൽ പ്രവർത്തിക്കുന്നുണ്ട്.

അടുത്തകാലം വരെ വനിത വ്യവസായ സംരംഭങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ആരക്കുന്നം കേന്ദ്രമാക്കിരൂപികരിച്ച് പ്രവർത്തിച്ചുവരുന്ന വൈദ്യുത മീറ്ററുകൾ റിപ്പയർ ചെയ്യുന്നതിനുളള എറണാകുളം ജില്ലാ വനിത പ്രാക്ടിക്കൽ എഞ്ചിനിയേഴ്സ് സൊസൈറ്റികാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. 30 വനിതകൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നുണ്ട് ആരക്കുന്നം കേന്ദ്രമാക്കി തന്നെ രജിസ്റ്റർ ചെയ്തിട്ടുളള വനിത സിവിൽ എഞ്ചിനിയേഴസ് സൊസൈറ്റി ഉണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർമീറ്റർ നന്നാക്കുന്നതും 34പേർ പണിയെടുക്കുന്നതുമായ ഈ സൊസൈറ്റിയുടെ പ്രവർത്തനകേന്ദ്രം എറണാകുളമാണ്. ആരക്കുന്നം കേന്ദ്രമാക്കിതന്നെ വനിതാ ഇലക്ട്രോണിക് എൻഞ്ചീനിയേഴ്സ് സൊസൈറ്റി രൂപികരിച്ചിട്ടുണ്ടെങ്കിലും ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല .തൊട്ടൂർകേന്ദ്രമാക്കി റെഡിമെഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന ഒരു വനിതാ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എടക്കാട്ട് വയൽകേന്ദ്രമാക്കി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ ഒരു സൊസൈറ്റി വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർചെയ്തെങ്കിലും പ്രവർത്തന മൂല ധനം സമാഹരിക്കാനു ക്കാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ ഒത്തിട്ടില്ല. 1970കളിൽ രൂപികരിച്ചതും 42 സെൻേറാളം സ്ഥലം ഉളളതുമായ വെളിയനാട് കേന്ദ്രമായുളള വ്യവസായിക സഹകരണസംഘവും പ്രവർത്തനമാരംഭിക്കാതെതന്നെ അസ്തമിക്കുകയാണ് ഉണ്ടായത്.

അസംസ്കൃതസാധനങ്ങളുടെയും അഭ്യസ്തവിദ്യരുടെയും ലഭ്യതകണക്കിലെടുത്തുളള വ്യാവസായികസംരഭത്തിനാണ് ഈ പഞ്ചായത്തിലേറ്റവും കൂടുതൽ സാദ്ധ്യത. വ്യവസായം തുടങ്ങുവാനവശ്യമായ അനുയോജ്യമായ സ്ഥലം കുറഞ്ഞവിലയ്ക്ക് ലഭിക്കുക വലിയയോരു പ്രശ്നമായിമാറിയിട്ടുണ്ട്. വ്യാവസായികാവശ്യത്തിനെന്നപേരിൽ പാർപ്പാകോട്ടിൽ മാറ്റിയിട്ടിരുന്ന 14 ഏക്കർ സ്ഥലത്തിൽ നല്ല പങ്കു സാമൂഹ്യവൽക്കരണത്തിനു നൽകിയിരിക്കുകയാണ്. തദ്ദേശവാസികൾക്ക് എതിർപ്പുളള അകേഷ്യമരം നട്ടുപിടിപ്പിച്ചിട്ടുളള സ്ഥലത്ത് പൊതു ഉടമയിലൊ സ്വകാര്യ മേഖലയിലോ ഏതെങ്കിലും വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിഭികാമ്യമായിരിക്കും.

നിലവിലുളള വ്യവസായങ്ങലാം തന്നെ വൈദ്യുതി ക്ഷാമം മൂലവും വോൾട്ടേജ് ക്ഷാമം മൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്നു. പിറവം സബ്സ്റ്റേഷനിൽ നിന്നുളള എടക്കാട്ട് വയൽ ഫീഡർ പൂർത്തികരിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹാരിക്കാനൊക്കും എന്നാണ് പ്രതീക്ഷ.

അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത പരിഗണിക്കുമ്പോൾ റബർ അധിഷ്ഠിത വ്യവസായങ്ങളാരംഭിക്കുവാൻ നല്ല സാദ്ധ്യത കാണുന്നുണ്ട്. ഇറച്ചികോഴി വളർത്തലിനേറ്റവും അനുയോജ്യമെന്നു കണ്ട എടക്കാട്ട് വയൽ പഞ്ചായത്തിൽ വിപണന സംസ്കരണ സൗകര്യങ്ങളുടെ അപര്യാപ്ത മൂലം നിലച്ചുപോയ കോഴി കൃഷി പുനരുജ്ജീവിക്കുപ്പിക്കുവാനും ആദായകരമാക്കുവാനും കോഴിയിറച്ചി സംസ്കരണത്തിനും കോഴിത്തീറ്റനിർമ്മാണത്തിനുമുളള വ്യവസായശാലക്ക് വലിയ സാദ്ധ്യത ഉണ്ട്.

തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണം അനുദിനം പെരുകിവരുകയണ്. വ്യവസായ സഹകരണ സംഘങ്ങൾ രൂപികരിച്ച് ഇലക്ട്രോണിക്സ് അസംബ്ലിങ്ങ് യൂണിറ്റുകൾ, വസ്ത്രനിർമ്മാണം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്ക് ഈ പഞ്ചായത്തിൽ വളരെ ഏറെസാധ്യതകളുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. പൊതുമേഖലയിലെ സ്വകാര്യ മേഖലയലൊ, ഇറച്ചികോഴി സംസ്കരണത്തിനും കോഴിത്തീറ്റനിർമ്മാണത്തിനും എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ ഒരു ഫാക്ടറി സ്ഥാപിക്കുക.
2. റബർഷീറ്റ്, പാൽ, തടി, എന്നിവ സുലഭമായതിനാൽ ഈ വസ്തുകൾ അടിസ്ഥാനമാക്കിയുളള വൻകിട – ചെറുകിട വ്യവസായങ്ങളാരംഭിക്കുക.
3. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ അവരുടെ അഭിരുചിയും സാങ്കേതിക പരിജ്ഞാനവും അടിസ്ഥാനമാക്കി എല്ലാ വാർഡുകളിലും സംഘടിപ്പിച്ച് വിവിധ തരം നിർമ്മാണയൂണിറ്റുകളും അസംബ്ലിങ്ങ് യൂണിറ്റുകളുമാരംഭിക്കുക.
4. രജിസ്റ്റർചെയ്തിട്ടുളളതും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ വ്യവസയിക സഹകരണ സംഘങ്ങൾ സാങ്കേതിക വിധഗ്ദ്ധരുടെയും ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രവർത്തന സജ്ജമാക്കുക.
5. ധനകാര്യസ്ഥാപനങ്ങളുടെ പ്രത്യേകിച്ച് കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻെറ വ്യാവസായിക നയത്തിൽ മാറ്റം വരുത്തുകയും വ്യാവസായസംരഭകൻെറ പ്രശ്നങ്ങലും ബുദ്ധിമുട്ടുകളും നേരിടുന്ന തടസ്സങ്ങളും മനസ്സിലാക്കി അതിനനുസൃതമായി പ്രവർത്തിക്കുവാനുളള ചട്ടങ്ങൾ ഉണ്ടാക്കുക.
6. ഭക്ഷ്യസംസ്കരണങ്ങളുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ ആഗോള പ്രശസ്തനായ ശ്രീ. ആർ. ബി. നായർ സമർപ്പിച്ചിട്ടുളള പദ്ധതി നടപ്പിലാക്കുകയും അദ്ദേഹത്തിൻെറ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുകയും ചെയ്യുക.
7. കുടിൽ വ്യവസായങ്ങളും പാരമ്പര്യ വ്യവസായങ്ങളും അന്യംതിന്നു പോകാതിരിക്കുവാനുളള നടപടികളും സഹായവും ചെയ്യുക.
8. വ്യാവസായിക ആവശ്യത്തിനുളള വൈദ്യുതി മുഴുവൻ സമയവും നൽകുകയും വോൾട്ടേജ് സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക.
9. പിക്കിൾസ്, ചീപ്സ്, സ്ക്വാഷ് നിർമ്മിക്കുവാനും നാട്ടിൽ സുലഭമായതും ഇപ്പോൾ ഉപയോഗിക്കാത്തതും മായ ചക്കപ്പഴം സംസ്കാരിച്ചു സൂക്ഷിക്കുവാനുമുളള യൂണിറ്റ് ആരംഭിക്കുക.
10. ചകിരിനാര്, പനനാര് എന്നിവ ഉപയോഗിച്ച് അലങ്കാര വസ്തുക്കളും കൗതുക വസ്തുക്കളും നിർമ്മിക്കുവാൻ സഹകരണാ ടിസ്ഥാനത്തിൽ യൂണിറ്റാരംഭിക്കുക.

# സഹകരണമേഖല

ഒരു സർവ്വീസ് സഹകരണബാങ്കും രണ്ട് സർവ്വീസ് സഹകരണ സംഘങ്ങളും ഒരു വനിതാവ്യവസായിക സഹകരണ സംഘവും മൂന്നു ക്ഷീരോൽപ്പാദന സംഘങ്ങളും ചാരിറ്റബിൾ സൊസൈറ്റി ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട 6 റബ്ബർ ഉല്പാദകസംഘങ്ങളും കൃഷിവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 12 പാടശേഖരസമിതിയും ഒരു കേരസമിതിയും പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ സഹകരണമേഖല സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കാര്യക്ഷമതയും പുരോഗതിയും കൈവരിച്ചു എന്നു പറയാറായിട്ടില്ല. നമ്മുടെ രാജ്യം സ്വതന്ത്രമാകുന്നതിനു മൂന്നു പതിറ്റാണ്ടു മുമ്പ് രൂപീകരിക്കപ്പെട്ട വെളിയനാട് സഹകരണസംഘവും (1916) എടക്കാട്ടുവയൽ പഞ്ചായത്തു രൂപീകരിക്കപ്പെടുന്നതിനു മുമ്പ് 1950 ൽ രൂപീകരിക്കപ്പെട്ട തിരുമറിയൂർ സർവ്വീസ് സഹകരണബാങ്കും 1956 ൽ എടക്കാട്ടുവയൽ വിവിധോദ്ദേശ സഹകരണ സംഘമെന്നപേരിൽ രൂപീകരിക്കപ്പെട്ട ഇന്നത്തെ എടക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഏറ്റവും മുന്നിൽ നിൽക്കുന്നത് ഏറ്റവും അവസാനമായി രൂപീകരിക്കപ്പെട്ട എടക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘം തന്നെയാണ്. കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കി കർഷകർക്കു ഹൃസ്വകാല, ദീർഘകാല വായ്പകളും ഇതര ലോണുകളും ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ ഈ നാടിന്റെ കാർഷിക പുരോഗതിയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട് എന്ന് എടുത്തു പറയേണ്ട വസ്തുതയാണ്. മൊത്തം 101414 അംഗങ്ങളിലെ ഈ സംഘങ്ങളിൽ അംഗങ്ങളിൽ ഏറിയ പങ്കും നമ്മുടെ പഞ്ചായത്തിൽപെട്ടവർ തന്നെയാണ്. സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ചാണ് വായ്പകൾ വിതരണം ചെയ്യുന്നത്. ലഘുവായ നടപടിക്രമങ്ങളിലൂടെ അംഗങ്ങൾക്കു ദ്രുതഗതിയിൽ സംഘങ്ങളിൽനിന്നും വായ്പ ലഭിക്കുവാൻ സാധിക്കുമെന്നതിനാൽ ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. –ജനനം മുതൽ മരണം വരെ ഒരു മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും വായ്പയും സഹായവും നൽകുവാൻ കഴിയുന്ന പ്രസ്ഥാനമെന്നനിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഗ്രാമീണ ജനതയുമായി അഭേദ്യമായ ബന്ധമുണ്ട്. തത്വദിക്ഷയില്ലാതേയും സംഘത്തിന്റെ താല്പര്യം പരിഗണിക്കാതെയും ചിലരെ ക്രമം വിട്ട് സഹായിക്കാൻ ചിലപ്പോഴൊക്കെ നടന്നിട്ടുള്ള ശ്രമങ്ങൾ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയും നഷ്ടത്തിലേക്കു നീക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണ പ്രസ്ഥാനങ്ങളും ഹ്യസ്വ / ദീർഘകാല കാർഷിക വായ്പകളും ആൾജ്യാമ്യത്തിലുള്ള വായ്പകളും, വിവാഹവിദ്യഭ്യാസ വായ്പകളും നൽകുന്നതിനു പുറമെ സ്വർണ്ണ പണയത്തിൻമേലുള്ള വായ്പകളും ബാങ്കിങ്ങ് പ്രവർത്തനവും നടത്തുന്നുണ്ട്. ഓണക്കാലത്ത് മാവേലി സ്റ്റോറുകളും കഴിഞ്ഞ കുറെക്കൊല്ലങ്ങളായി നടത്തിവരുന്നുണ്ട്. പൊതുവിതരണ ശൃംഗലയായ റേഷൻ കട നടത്തുന്നത്. ലാഭകരമല്ലാതായതോടെ നാട്ടിലെ റേഷൻ കടകൾ നിന്നുപോയതിനെ തുടർന്ന് പൊതു ജന പങ്കാളിത്തത്തോടെ നഷ്ടം സഹിച്ചും റേഷൻ കട നടത്തുവാൻ തിരുമറിയൂർ സർവ്വീസ് സഹകരണ ബാങ്ക് രംഗത്തു വരികയുണ്ടായി. കൂടാതെ വളം കച്ചവടവും റബ്ബർ വ്യാപാരവും നടത്തുന്നു. എടക്കാട്ടുവയൽ സർവ്വീസ് സഹകരണസംഘം വളകച്ചവടം നടത്തുന്നുണ്ട്. മൂന്നു സഹകരണ സ്ഥാപനങ്ങൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ജീവനക്കാരുമുണ്ട്. മൊത്തം 17,22,856 രൂപ ഓഹരി മൂലധനമായും 1,67,17,444 രൂപ നിക്ഷേപമായും ഈ മൂന്നു സ്ഥാപനങ്ങളിലുമായി ഉണ്ട്. 1,24,33,866 രൂപ വായ്പയായി നൽകിയിട്ടുണ്ട്. 42,91,056 രൂപ കുടിശിഖയായി പിരിഞ്ഞു കിട്ടുവാനുമുണ്ട്.

സഹകരണ സംഘങ്ങളെക്കാൾ അംഗങ്ങൾ നിരന്തരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനമാണ് ക്ഷീരോൽപ്പാദക സംഘങ്ങൾ. നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. പാൽ നൽകുന്ന അംഗങ്ങൾക്കുമാത്രം വോട്ടവകാശം നിലവിലുള്ള ഈ സംഘങ്ങളിൽ മൂന്നിലും കൂടി വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണം വളരെ ചുരുക്കം മാത്രമാണ്. പാലുൽപ്പാദനത്തിനും, പശുവളർത്തലിനും വളരെയേറെ സാദ്ധ്യതയുള്ള നമ്മുടെ പഞ്ചായത്തിൽ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയൊ കൂടുതൽ സംഘങ്ങൾ രൂപീകരിക്കുകയൊ ചെയ്യേണ്ടതാവശ്യമാണ്, ഭൂപ്രകൃതിയിലെ പ്രശ്ന

6. ഫാമിലി വെൽഫയർ സെൻററു കളുടെ പ്രവർത്തം കുറ്റമറ്റതാക്ക ണം.
7. അംഗൻവാടികളിൽ ഡോക്ടർമാര ുടെയും ഹെൽത്ത് വിസികർമാരു ടെയും സേവനം ഉറപ്പാക്കുന്നതിനും ആവശ്യമായ പോഷക മരുന്നുകളും രോഗ പ്രതിരോധ മരുന്നുകളും വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
8. വെളിയനാട് ആയുർവേദഡിസ പൻസറിയും പാർപ്പാകോട് ഹോമി യോ ഡിസ്പൻസറിയും കിടത്തി ചികിത്സി ക്കാൻ സൗകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുകയും ഡോക്ടർക്ക് താമസി ക്കാൻ രണ്ടിട ങ്ങളിലും ക്വാർട്ടേഴ്സ് നിർമ്മിക്കു കുയം വേണം.
9. ആരക്കുന്നം, പേപ്പതി, എടക്കാട്ടു വയൽ പോലെയുള്ള പ്രധാനജം ഗ്ഷനുകളിൽ പൊതുകംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കുക.
10. അംഗൻവാടകളിലും സ്ക്കൂളുക ളിലും കക്കൂസ്, മൂത്രപ്പുര എന്നിവ നിർബന്ധമായും ഉറപ്പ് വരുത്തുക.
11. കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പ് വഴി ശുദ്ധജലം ഉറപ്പ് വരുത്തുക.
12. തുറന്ന കിണറുകളിൽ വലയിട്ട് മൂടുന്നതിനും അണുനശീകരണം നടത്തുന്നതിനും ആവശ്യമായ നിർ ദ്ദേശവും സഹായവും നൽകണം.
13. അംഗൻവാടികൾ, മഹിളാസമാ ജങ്ങൾ എന്നിവ മുഖേന ആരോഗ്യ ബോധന ക്ലാസുകൾ വ്യാപക മാക്കുക.
14. രോഗപ്രതിരോധകുത്തിവെപ്പുകൾ കാര്യക്ഷമമായി നടത്തുന്നതിനും സന്നദ്ധസംഘടനകൾവഴി ആവശ്യ മായ പ്രചരണം നടത്തുന്നതിനും കഴിയണം.
15. റബർ തോട്ടത്തിൽ അടിഞ്ഞുകൂ ടുന്ന ഇലകൾ ചീഞ്ഞ് രോഗവാഹി കളായ കൊതുകും, മറ്റ് ജീവികളും വ്യാപിക്കുന്നത് തടയാൻ മരുന്ന് തളിനിർബന്ധിതമാക്കണം.
16. പഞ്ചായത്തിൻെറ പൊതുശ്മശാനം ആധുനിവൽക്കരിച്ച് ഉപയോഗക്ഷ മമാക്കുക.
17. പട്ടികജാതി കോളനികളിൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.
18. ക്കൂവക്കാപ്പിള്ളി കോളനിയിലെ ശ്മശാനം ചുറ്റുമതിൽ കെട്ടി ഉപയോ ഗപ്രദമാക്കുക.

# വ്യവസായം

കാർഷിക പ്രധാനമായ എടക്കാട്ടു വയൽ പഞ്ചായത്തിൽ കാര്യമായ വ്യാവ സായികസംരംഭങ്ങളൊന്നും തന്നെ ആദ്യകാലങ്ങളിലുണ്ടായിരുന്നില്ല. മരച്ചീനി, നെല്ല്, കശുമാവ്, ഇഞ്ചപ്പുല്ല്, തെങ്ങ്, കുരുമുളക് മുതലായ ഉല്പാദിപ്പി ക്കുകയും സ്വന്താവശ്യം കഴിച്ചുബാക്കി സമീപപ്രദേശങ്ങളിലെ കച്ചവടക്കാ ർക്കെത്തിച്ചുവില്പന നടത്തുക എന്നതി ലുപരി ഉല്പന്നങ്ങൾ സംസ്കരിക്കു വാനോ കൂടുതലാദയകരമായ വിഭവങ്ങ ളായി മാറ്റുവാനോ ആരും തന്നെ ശ്രമിച്ചിരുന്നില്ല എന്നതാണുവാസ്തവം. വ്യാവസായിക സംരംഭങ്ങൾക്കാവ ശ്യമായ ഇതര അസംസംകൃത വസ്തു ക്കളുടെ ദൗർലഭ്യവും എല്ലാറ്റിലുമുപ രിയായി വൈദ്യുതിയുടെ ലഭ്യതയും വ്യാവസായികമായി ചിന്തിപ്പിക്കുവാൻ വൈമനസ്യമുണ്ടാക്കിയിരുന്നു. ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും കർഷ കരും അവരുടെ പിൻഗാമികളിൽ ഭൂരിഭാ ഗവും കർഷകരായൊ അല്ലാത്തപക്ഷം. സർക്കാരുദ്യോഗസ്ഥന്മാരൊ അദ്ധ്യാപകരൊആകുക എന്നതിലുപരി സാങ്കേതിക വിധഗ്ദ്ധരാകുന്നതിലൊ ആക്കിയെടുക്കുന്നതിലൊ വലിയതാ ല്പര്യമൊന്നു മാരുമെടുത്തില്ല എന്നതും നാടിൻെറ പുരോഗതിക്ക് വൻകിട വ്യവ സായങ്ങൾക്കുള്ള പങ്ക് മനസ്സിലാ ക്കിപൊതുസ്വകാര്യ ഉടമയിലുള്ള വ്യവസായങ്ങളും കമ്പനികളും ഈ പ്രദേശത്താരംഭിക്കുന്നതിനും നേതൃത്വം നൽകുവാനും അതിനുമുൻ കൈ എടുക്കുവാനുള്ള ദീർഘ വീക്ഷണമുള്ള നേതൃത്വ കുറവും സഞ്ചാരയോഗ്യമായ റോഡുകളില്ലാതിരുന്നതുമൊക്കെ എടക്കാട്ടുവയൽ പഞ്ചായത്തിൽവ്യവ സായസംരംഭങ്ങളുണ്ടാകാതിരുന്നതിൻെറ കാരണങ്ങളായി പരിഗണിക്കാവു ന്നതാണ്.

1962ൽ എടക്കാട്ടുവയൽ പഞ്ചായത്തു രൂപികരിക്കപ്പെട്ടതിനുശേഷവും ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക നിലുയർന്നതിനുശേഷവും നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ യുവതലമു റയെ തൊഴിലില്ലായ്മബാധിച്ചു തുടങ്ങി യതോടെയുമാണ് വ്യാവസായികസംരം ഭങ്ങളെക്കുറിച്ചുചിന്തകൾ നാമ്പിടുവാൻ തുടങ്ങിയത്.

273

ആദ്യകാലങ്ങളിൽ അങ്ങിങ്ങായി ചിലവീടുകളെ കേന്ദ്രിരിച്ച് കുടിൽ വ്യവസായങ്ങളായ കുട്ട, പനമ്പുനെയത്ത് ഓട്ടുപാത്രനിർമ്മാണം, കൊല്ലപ്പണി ശാലകൾ എന്നിവയുണ്ടായിരുന്നെങ്കിലും ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ കാലാകാലങ്ങളിലെ കാർഷിക, കുടുംബാവശ്യങ്ങൾ നിറവേറ്റുന്നതിനുളള സംരംഭങ്ങളെന്നതിലുപരി അതലേർപ്പെട്ടിരുന്നവരുടെ സ്ഥിരം തൊഴിലുപജീവന മാർഗ്ഗവുമായി ഇവയൊന്നും വളർന്നിരുന്നില്ല.

തിരുമറയൂർ ആസ്ഥാനമാക്കി ഒരു നെയത്തു കേന്ദ്രവും വെളിയനാടു കേന്ദ്രമാക്കി ഒരു വ്യാവസായിക സംഘവും 1960 കളിൽ രൂപികരിക്കപ്പെട്ടെങ്കിലും കാര്യമായി പ്രവർത്തനങ്ങളൊന്നും കാഴ്ചവയ്ക്കാതെ നിൽക്കുകയാണുണ്ടായത്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യാവസായമെന്നു പറയുന്നത് പേപ്പതിയിൽ പ്രവർത്തിക്കുന്ന ഓട് നിർമ്മാണശാലയാണ്. ഓട് നിർമ്മാണത്തിനാവശ്യമായ മണ്ണ് കൃഷിനിലം താഴ്ത്തിഎടുക്കുന്നതുമൂലം സമീപ കൃഷിസ്ഥലങ്ങളേയും കൃഷിയേയും ബാധിക്കുന്നതുമൂലം പരിതസ്ഥിതി പ്രശ്നവും ജനകിയ പ്രക്ഷോഭങ്ങൾ സൃഷ്ടിക്കുകയും തദ്വാര മണ്ണ് മറ്റുസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവന്ന് ഫാക്ടറി പ്രവർത്തനം നടത്തികൊണ്ട് പോകേണ്ടിയിരിക്കുകയുമാണ്.

പഞ്ചായത്തിലെ കൃഷിഭൂമിയിലധികവും റബറിനുവേണ്ടി മാറ്റുകയും ടൺകണക്കിനു റബർ പ്രതിദിനം പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും റബറധിഷ്ടിത വ്യവസായങ്ങളൊന്നും തന്നെകാര്യമായി ഇവിടെ പ്രവർത്തിക്കുന്നില്ല എന്നു പറയാം. റബർബാൻറ് എറയിസർ എന്നിവ നിർമ്മിക്കന്ന ഒര ചെറുകിട യൂണിറ്റ് തിരുമറിയൂർ അടുത്തയിടെ പ്രവർത്തനം ആരംഭിച്ചതല്ലാതെ ഉല്പന്ന യൂണിറ്റുകളൊന്നും തന്നെയില്ല. ലാറ്റക്സ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് എടക്കാട്ട് വയലിൽ പ്രവർത്തിക്കുന്നുണ്ട് ഫോം ബഡ് നിർമ്മിക്കുവാനുളള ഒരു യൂണിറ്റിൻെറ പ്രവർത്തനം ചെത്തിക്കോട്ടിലാരംഭിച്ചിട്ടുണ്ട്.

വെളിയനാടിനു സമീപം ഒരു പവർലൂമിനു തുടക്കം കുറിച്ചു എങ്കിലും പ്രവർത്തനം തുടരുവാനൊകാതെ നില്ക്കുകയുണ്ടായി.

തോട്ടപ്പടിക്കൽ സോപ്പ് നിർമ്മാണത്തിനും മറ്റുപല വ്യവസായങ്ങൾക്കും ആവശ്യമായ സോഡിയം സിലിക്കേറ്റ് നിർമ്മാണത്തിനുളള ഒരു കെമിക്കൽ ഫാക്ടറി തുടങ്ങിയെങ്കിലും ധനകാര്യസ്ഥാപനത്തിൻെറ ഇടപെടൽ മൂലം പ്രവർത്തനം നിർത്തേണ്ടിവന്നു.

ചെറുകിട വ്യവസായങ്ങളെന്ന പേരിൽ ഫർണിച്ചർനിർമ്മിക്കുന്നതും, ട്യൂബ്, ചോക്ക് എന്നിവയുടെ ഫ്രേയിമുകളും ബ്രാക്കറ്റുകളും നിർമ്മിക്കുന്നതും ഇലക്ട്രോണിക്ക് സ്പെയർ പാർട്ട്സുകൾ കൂട്ടിയിണക്കുന്നതും, നാരുപയോഗച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതും കുപ്പിയടപ്പുകൾ നിർമ്മിക്കുന്നതും തടിയുടെ അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നതുമായ ചെറിയ ചിലസ്ഥാപനങ്ങൾ അങ്ങിങ്ങായി പ്രവർത്തിക്കുന്നുണ്ട്. സ്വയം തൊഴിലിനുവേണ്ടി ആരംഭിച്ചിരിക്കുന്ന നെല്ല് കുത്ത്, ധാന്യം പൊടിക്കുന്ന മില്ലുകളുമാണ് ചെറുകിട വ്യവസായത്തിൽ പെടുന്നതും പഞ്ചായത്തിൽ കാര്യമായ കോട്ടം കൂടാതെ പ്രവർത്തിച്ചുവരുന്നതുമായവ വ്യവസായം എന്നു വിവക്ഷിക്കുന്ന വർഗ്ഗത്തിപെടുത്തുവാൻ അർഹതയില്ലാത്ത ഒരു വ്യക്തിമാത്രം പ്രവർത്തിക്കുന്ന നെല്ല് കുത്ത് മില്ലുകളുടെ അനുയോജ്യമായ വിധം – നിലവിലുളള ആനുകൂല്യങ്ങൾ നിലനിർത്തികൊണ്ടാണെങ്കിലും വ്യവസായമെന്നതിൽനിന്നും മാറ്റുന്നതനുയോജ്യമായിരിക്കും. മൂന്നു ചെറുകിട എൻജിനീയറിംഗ് വർക്ക്ഷോപ്പുകളും പ്രവർത്തനം നിലച്ചുകിടക്കുന്ന സ്റ്റെപ്പിൾപിൻ നിർമ്മാണയൂണിറ്റും രണ്ട് തടി മില്ലും ഒരു ക്രഷറും വ്യവസായമായി ലിസ്റ്റിൽ പെടുത്തി ഈ പഞ്ചായത്തിലുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന പഴസംസക്കരണം, സ്ക്വാഷ് നിർമ്മാണയൂണിറ്റ് എടക്കാട്ടുവയലിൽ പ്രവർത്തിക്കുന്നുണ്ട്.

അടുത്തകാലം വരെ വനിത വ്യവസായ സംരംഭങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ആരക്കുന്നം കേന്ദ്രമാക്കിരൂപികരിച്ച് പ്രവർത്തിച്ചുവരുന്ന വൈദ്യുത മീറ്ററുകൾ റിപ്പയർ ചെയ്യുന്നതിനുളള എറണാകുളം ജില്ലാ വനിത പ്രാക്ടിക്കൽ എഞ്ചിനിയേഴ്സ് സൊസൈറ്റികാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. 30 വനിതകൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നുണ്ട് ആരക്കുന്നം കേന്ദ്രമാക്കി തന്നെ രജിസ്റ്റർ ചെയ്തിട്ടുളള വനിത സിവിൽ എഞ്ചിനിയേഴസ് സൊസൈറ്റി ഉണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർമീറ്റർ നന്നാക്കുന്നതും 34പേർ പണിയെടുക്കുന്നതുമായ ഈ സൊസൈറ്റിയുടെ പ്രവർത്തനകേന്ദ്രം എറണാകുളമാണ്. ആരക്കുന്നം കേന്ദ്രമാക്കിതന്നെ വനിതാ ഇലക്ട്രോണിക് എൻഞ്ചിനിയേഴ്സ് സൊസൈറ്റി രൂപികരിച്ചിട്ടുണ്ടെങ്കിലും ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല .തൊട്ടൂർകേന്ദ്രമാക്കി റെഡിമെഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന ഒരു വനിതാ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എടക്കാട്ട് വയൽകേന്ദ്രമാക്കി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ ഒരു സൊസൈറ്റി വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർചെയ്തെങ്കിലും പ്രവർത്തന മൂല ധനം സമാഹരിക്കാനുക്കാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ ഒത്തിട്ടില്ല. 1970കളിൽ രൂപികരിച്ചതും 42 സെൻേറാളം സ്ഥലം ഉളളതുമായ വെളിയനാട് കേന്ദ്രമായുളള വ്യവസായിക സഹകരണസംഘവും പ്രവർത്തനമാരംഭിക്കാതെതന്നെ അസ്തമിക്കുകയാണ് ഉണ്ടായത്.

അസംസ്കൃതസാധനങ്ങളുടെയും അഭ്യസ്തവിദ്യരുടെയും ലഭ്യതകണക്കിലെടുത്തുളള വ്യാവസായികസംരഭത്തിനാണ് ഈ പഞ്ചായത്തിലേറ്റവും കൂടുതൽ സാദ്ധ്യത. വ്യവസായം തുടങ്ങുവാനവശ്യമായ അനുയോജ്യമായ സ്ഥലം കുറഞ്ഞവിലയ്ക്ക് ലഭിക്കുക വലിയയോരു പ്രശ്നമായിമാറിയിട്ടുണ്ട്. വ്യാവസായികാവശ്യത്തിനെന്നപേരിൽ പാർപ്പാകോട്ടിൽ മാറ്റിയിട്ടിരുന്ന 14 ഏക്കർ സ്ഥലത്തിൽ നല്ല പങ്കു സാമൂഹ്യവൽക്കരണത്തിനു നൽകിയിരിക്കുകയാണ്. തദ്ദേശവാസികൾക്ക് എതിർപ്പുളള അകേഷ്യമരം നട്ടുപിടിപ്പിച്ചിട്ടുളള സ്ഥലത്ത് പൊതു ഉടമയിലൊ സ്വകാര്യ മേഖലയിലോ ഏതെങ്കിലും വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിഭികാമ്യമായിരിക്കും.

നിലവിലുളള വ്യവസായങ്ങളലാം തന്നെ വൈദ്യുതി ക്ഷാമം മൂലവും വോൾട്ടേജ് ക്ഷാമം മൂലവും ബുദ്ധിമുട്ട് അനുഭവിക്കുന്നു. പിറവം സബ്സ്റ്റേഷനിൽ നിന്നുളള എടക്കാട്ട് വയൽ ഫീഡർ പൂർത്തികരിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹാരിക്കാനൊക്കും എന്നാണ് പ്രതീക്ഷ.

അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത പരിഗണിക്കുമ്പോൾ റബർ അധിഷ്ഠിത വ്യവസായങ്ങളാരംഭിക്കുവാൻ നല്ല സാദ്ധ്യത കാണുന്നുണ്ട്. ഇറച്ചികോഴി വളർത്തലിനേറ്റവും അനുയോജ്യമെന്നു കണ്ട എടക്കാട്ട് വയൽ പഞ്ചായത്തിൽ വിപണന സംസ്കരണ സൗകര്യങ്ങളുടെ അപര്യാപ്ത മൂലം നിലച്ചുപോയ കോഴി കൃഷി പുനരുജ്ജീവിക്കുപ്പിക്കുവാനും ആദായകരമാക്കുവാനും കോഴിയിറച്ചി സംസ്കരണത്തിനും കോഴിത്തീറ്റനിർമ്മാണത്തിനുമുളള വ്യവസായശാലക്ക് വലിയ സാദ്ധ്യത ഉണ്ട്.

തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണം അനുദിനം പെരുകിവരുകയണ്. വ്യവസായ സഹകരണ സംഘങ്ങൾ രൂപികരിച്ച് ഇലക്ട്രോണിക്സ് അസംബ്ലിങ്ങ് യൂണിറ്റുകൾ, വസ്ത്രനിർമ്മാണം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്ക് ഈ പഞ്ചായത്തിൽ വളരെ ഏറെസാധ്യതകളുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. പൊതുമേഖലയിലെ സ്വകാര്യ മേഖലയലൊ, ഇറച്ചികോഴി സംസ്കരണത്തിനും കോഴിത്തീറ്റനിർമ്മാണത്തിനും എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ ഒരു ഫാക്ടറി സ്ഥാപിക്കുക.
2. റബർഷീറ്റ്, പാൽ, തടി, എന്നിവ സുലഭമായതിനാൽ ഈ വസ്തുകൾ അടിസ്ഥാനമാക്കിയുളള വൻകിട – ചെറുകിട വ്യവസായങ്ങളാരംഭിക്കുക.
3. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ അവരുടെ അഭിരുചിയും സാങ്കേതിക പരിജ്ഞാനവും അടിസ്ഥാനമാക്കി എല്ലാ വാർഡുകളിലും സംഘടിപ്പിച്ച് വിവിധ തരം നിർമ്മാണയൂണിറ്റുകളും അസംബ്ലിങ്ങ് യൂണിറ്റുകളുമാരംഭിക്കുക.
4. രജിസ്റ്റർചെയ്തിട്ടുളളതും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ വ്യവസയിക സഹകരണ സംഘങ്ങൾ സാങ്കേതിക വിധഗ്ദ്ധരുടെയും ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രവർത്തന സജ്ജമാക്കുക.
5. ധനകാര്യസ്ഥാപനങ്ങളുടെ പ്രത്യേകിച്ച് കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻെറ വ്യാവസായിക നയത്തിൽ മാറ്റം വരുത്തുകയും വ്യാവസായസംരഭകൻെറ പ്രശ്നങ്ങലും ബുദ്ധിമുട്ടുകളും നേരിടുന്ന തടസ്സങ്ങളും മനസ്സിലാക്കി അതിനനുസൃതമായി പ്രവർത്തിക്കുവാനുളള ചട്ടങ്ങൾ ഉണ്ടാക്കുക.
6. ഭക്ഷ്യസംസ്കരണങ്ങളുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ ആഗോള പ്രശസ്തനായ ശ്രീ. ആർ. ബി. നായർ സമർപ്പിച്ചിട്ടുളള പദ്ധതി നടപ്പിലാക്കുകയും അദ്ദേഹത്തിൻെറ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുകയും ചെയ്യുക.
7. കുടിൽ വ്യവസായങ്ങളും പാരമ്പര്യ വ്യവസായങ്ങളും അന്യം തിന്നു പോകാതിരിക്കുവാനുളള നടപടികളും സഹായവും ചെയ്യുക.
8. വ്യാവസായിക ആവശ്യത്തിനുളള വൈദ്യുതി മുഴുവൻ സമയവും നൽകുകയും വോൾട്ടേജ് സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക.
9. പിക്കിൾസ്, ചീപ്സ്, സ്ക്വാഷ് നിർമ്മിക്കുവാനും നാട്ടിൽ സുലഭമായതും ഇപ്പോൾ ഉപയോഗിക്കാത്തതും മായ ചക്കപ്പഴം സംസ്കാരിച്ചു സൂക്ഷിക്കുവാനുമുളള യൂണിറ്റ് ആരംഭിക്കുക.
10. ചകിരിനാര്, പനനാര് എന്നിവ ഉപയോഗിച്ച് അലങ്കാര വസ്തുക്കളും കൗതുക വസ്തുക്കളും നിർമ്മിക്കുവാൻ സഹകരണാ ടിസ്ഥാനത്തിൽ യൂണിറ്റാരംഭിക്കുക.

# സഹകരണമേഖല

ഒരു സർവ്വീസ് സഹകരണബാങ്കും രണ്ട് സർവ്വീസ് സഹകരണ സംഘങ്ങളും ഒരു വനിതാവ്യവസായിക സഹകരണ സംഘവും മൂന്നു ക്ഷീരോൽപ്പാദന സംഘങ്ങളും ചാരിറ്റബിൾ സൊസൈറ്റി ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട 6 റബ്ബർ ഉല്പാദകസംഘങ്ങളും കൃഷിവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 12 പാടശേഖരസമിതിയും ഒരു കേരസമിതിയും പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ സഹകരണമേഖല സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കാര്യക്ഷമതയും പുരോഗതിയും കൈവരിച്ചു എന്നു പറയാറായിട്ടില്ല. നമ്മുടെ രാജ്യം സ്വതന്ത്രമാകുന്നതിനു മൂന്നു പതിറ്റാണ്ടു മുമ്പ് രൂപീകരിക്കപ്പെട്ട വെളിയനാട് സഹകരണസംഘവും (1916) എടക്കാട്ടുവയൽ പഞ്ചായത്തു രൂപീകരിക്കപ്പെടുന്നതിനു മുമ്പ് 1950 ൽ രൂപീകരിക്കപ്പെട്ട തിരുമറിയൂർ സർവ്വീസ് സഹകരണബാങ്കും 1956 ൽ എടക്കാട്ടുവയൽ വിവിധോദ്ദേശ സഹകരണ സംഘമെന്നപേരിൽ രൂപീകരിക്കപ്പെട്ട ഇന്നത്തെ എടക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ഏറ്റവും മുന്നിൽ നിൽക്കുന്നത് ഏറ്റവും അവസാനമായി രൂപീകരിക്കപ്പെട്ട എടക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘം തന്നെയാണ്. കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കി കർഷകർക്കു ഹ്യസ്വകാല, ദീർഘകാല വായ്പകളും ഇതര ലോണുകളും ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ ഈ നാടിന്റെ കാർഷിക പുരോഗതിയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട് എന്ന് എടുത്തു പറയേണ്ട വസ്തുതയാണ്. മൊത്തം 101414 അംഗങ്ങളിലെ ഈ സംഘങ്ങളിൽ അംഗങ്ങളിൽ ഏറിയ പങ്കും നമ്മുടെ പഞ്ചായത്തിൽപെട്ടവർ തന്നെയാണ്. സംഘത്തിന്റെ സ്വന്തം ഫണ്ടിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന ഫണ്ടുപയോഗിച്ചാണ് വായ്പകൾ വിതരണം ചെയ്യുന്നത്. ലഘുവായ നടപടിക്രമങ്ങളിലൂടെ അംഗങ്ങൾക്കു ദ്രുതഗതിയിൽ സംഘങ്ങളിൽനിന്നും വായ്പ ലഭിക്കുവാൻ സാധിക്കുമെന്നതിനാൽ ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. -ജനനം മുതൽ മരണം വരെ ഒരു മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും വായ്പയും സഹായവും നൽകുവാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഗ്രാമീണ ജനതയുമായി അഭേദ്യമായ ബന്ധമുണ്ട്. തത്വദിക്ഷയില്ലാതേയും സംഘത്തിന്റെ താല്പര്യം പരിഗണിക്കാതെയും ചിലരെ ക്രമം വിട്ട് സഹായിക്കാൻ ചിലപ്പോഴൊക്കെ നടന്നിട്ടുള്ള ശ്രമങ്ങൾ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയും നഷ്ടത്തിലേക്കു നീക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണ പ്രസ്ഥാനങ്ങളും ഹൃസ്വ / ദീർഘകാല കാർഷിക വായ്പകളും ആൾജ്യാമ്യത്തിലുള്ള വായ്പകളും, വിവാഹവിദ്യഭ്യാസ വായ്പകളും നൽകുന്നതിനു പുറമെ സ്വർണ്ണപണയത്തിൻമേലുള്ള വായ്പകളും ബാങ്കിങ്ങ് പ്രവർത്തനവും നടത്തുന്നുണ്ട്. ഓണക്കാലത്ത് മാവേലി സ്റ്റോറുകളും കഴിഞ്ഞ കുറെക്കൊല്ലങ്ങളായി നടത്തിവരുന്നുണ്ട്. പൊതുവിതരണ ശൃംഗലയായ റേഷൻ കട നടത്തുന്നത്. ലാഭകരമല്ലാതായതോടെ നാട്ടിലെ റേഷൻ കടകൾ നിന്നുപോയതിനെ തുടർന്ന് പൊതു ജന പങ്കാളിത്തത്തോടെ നഷ്ടം സഹിച്ചും റേഷൻ കട നടത്തുവാൻ തിരുമറിയൂർ സർവ്വീസ് സഹകരണ ബാങ്ക് രംഗത്തു വരികയുണ്ടായി. കൂടാതെ വളം കച്ചവടവും റബ്ബർ വ്യാപാരവും നടത്തുന്നു. എടക്കാട്ടുവയൽ സർവ്വീസ് സഹകരണസംഘം വളകച്ചവടം നടത്തുന്നുണ്ട്. മൂന്നു സഹകരണ സ്ഥാപനങ്ങൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ജീവനക്കാരുമുണ്ട്. മൊത്തം 17,22,856 രൂപ ഓഹരി മൂലധനമായും 1,67,17,444 രൂപ നിക്ഷേപമായും ഈ മൂന്നു സ്ഥാപനങ്ങളിലുമായി ഉണ്ട്. 1,24,33,866 രൂപ വായ്പയായി നൽകിയിട്ടുണ്ട്. 42,91,056 രൂപ കുടിശിഖയായി പിരിഞ്ഞു കിട്ടുവാനുമുണ്ട്.

സഹകരണ സംഘങ്ങളെക്കാൾ അംഗങ്ങൾ നിരന്തരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനമാണ് ക്ഷീരോൽപ്പാദക സംഘങ്ങൾ. നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. പാൽ നൽകുന്ന അംഗങ്ങൾക്കുമാത്രം വോട്ടവകാശം നിലവിലുള്ള ഈ സംഘങ്ങളിൽ മൂന്നിലും കൂടി വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണം വളരെ ചുരുക്കം മാത്രമാണ്. പാലുൽപ്പാദനത്തിനും, പശുവളർത്തലിനും വളരെയേറെ സാദ്ധ്യതയുള്ള നമ്മുടെ പഞ്ചായത്തിൽ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയൊ കൂടുതൽ സംഘങ്ങൾ രൂപീകരിക്കുകയൊ ചെയ്യേണ്ടതാവശ്യമാണ്, ഭൂപ്രകൃതിയിലെ പ്രശ്ന

യൂർ റോഡ്.

3. ചെറുകുന്ന് – കല്ലും പറമ്പ് – മാരി പ്പടവ് – മനയിടകോളനി റോഡ്.
4. മനയിട കോളനി – കളങ്ങരതാഴം റോഡ്.
5. കണ്ണങ്ങായത്തുതാഴം – ഇല്ലത്തു പടി റോഡ്.
6. എഴുപ്പുറം – മേമ്മുഖം മണീട് റോഡ്.
7. ക്രീപ്പ്മിൽ കൊട്ടാരത്തിൽ താഴം റോഡ്.
8. കടമാം കോട്ടിൽ താഴം – ഒറവുതടം റോഡ്.
9. മുക്കോണുങ്കൽ – ഞർക്കലകുന് റോഡ്.
10. പുതുക്കുളം നിരപ്പ് – വട്ടപ്പിള്ളി താഴം റോഡ്.
11. കൈപ്പട്ടൂർ – പരിയാരത്തുതാഴം – അഴകത്തുർകോളനിറോഡ്.
12. വൃശ്ചികകുന്ന് വാലുംമേമുക്ക് റോഡ്.
13. പാർപ്പാകോട് – തോട്ടറപുഞ്ചറോഡ്.
14. കുമരികുന്ന് – മാങ്ങിടപ്പിള്ളി റോഡ്.
15. പട്ടകുന്ന് – മാങ്ങിട പ്പിള്ളി റോഡ്.
16. മങ്ങാടത്തുമൂഴിൽ താഴം അമ്പലപ്പടി റോഡ്.
17. കൈപ്പട്ടൂർ അമ്പലപ്പടി – MLA റോഡ്.

പരിഹാര നിർദ്ദേശങ്ങൾ

1. എറാതടം – ചെറുകര റോഡിൻെറ അവസാനപോയിൻറിൽ മൂവാറ്റുപുഴ യാറിനു കുറുകെ വെള്ളൂരുമായി ബന്ധിപ്പിച്ച് പാലം നിർമ്മിക്കേണ്ട താണ്. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ഫാക്ടറിയും കേരളസർക്കാരും ഈ സദുദ്യമത്തിന് മുന്നോട്ടുവരേണ്ടതാണ്.
2. പുതിയതായി നിർമ്മിക്കുന്ന ശബരിമല ഹൈവേ സുപ്രസിദ്ധ ആരാധനാലയങ്ങളായ ചോറ്റാനിക്കര ക്ഷേത്രം, കാഞ്ഞിരമറ്റം മുസ്ലീം പള്ളി, വെളിയനാട് ചിന്മയാ അന്തർദേശീയ കേന്ദ്രം പാഴൂർ അമ്പലം, പിറവം വലിയ പള്ളി എന്നിവയെ തമ്മിൽ ബന്ധപ്പെടുത്തി പഞ്ചായത്തിന് മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്ന വിധത്തിൽ നിർമ്മിക്കേണ്ടതാണ്.
3. ആരക്കന്നം – ഒലിപ്പുറം, തിരമറയൂർ-വട്ടപ്പാറ, പൂത്തോട്ട – പിറവം. തളിയച്ചിറപ്പടി – കോളങ്ങായി റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടിസ്വീകരി ക്കേണ്ട താണ്.
4. ഒലിപ്പുറം, ആരക്കുന്നം, ചെറുകര – എറാതടം, ആരക്കുന്നം, മറ്റത്താം കടവ്, ആരക്കുന്നം – ചെത്തിക്കോട് പൂത്തോട്ട പിറവം റോഡുക ളിൽക്കൂടി കൂടുതൽ ബസ്സുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കു ന്നതിന് നടപടിസ്വീകരിക്കണം. നിലവിലുള്ള ട്രാൻ സ്പോർട്ട് നിയമ ത്തിൽ കാതലായ മാറ്റം വരുത്തി ഗ്രാമീണ റോഡുകളിൽ കൂടി ഗതാ ഗത സൗകര്യം ഉറപ്പാക്കുന്ന രീതി യിൽ നിയമം പരിഷ്ക്കരിക്കണം.
5. കഞ്ഞിരമറ്റം റെയിൽവേ സ്റ്റേഷൻ ക്രോസ്സിംഗ് സ്റ്റേഷനാക്കന്നതിനും കൂടുൽ ട്രെയിനുകൾ നിർത്തുന്ന തിനുമുള്ള നടപടിസ്വകരിക്കുക.
6. മുൻഗണനാ ക്രമമനുസരിച്ച് റോഡുകൾ നന്നാക്കുന്നതിന് നടപടിസ്വീകരിക്കുക.
7. കൂടുതൽ ഫാം റോഡുകൾ നിർമ്മിക്കുന്നതിന് കമാൻറ് ഏരിയാ ഡവലപ്മെൻറ് അതോറിറ്റി നടപടി സ്വീകരിക്കുക.
8. എല്ലാ റോഡുകൾക്കും ഓവുചാലുകളും കാനകളും നിർമ്മിക്കുക.
9. മറ്റ് ഡിപ്പാർട്ട്മെൻറുകൾ (ഉദാ: കേരള വാട്ടർ അതോറിറ്റി, ടെലി കമ്മ്യൂണിക്കേഷൻസ്) പഞ്ചായത്തിൻെറ റോഡുകൾക്ക് സമീപവും റോഡിനു കുറുകെയും ട്രാഞ്ചുകൾ നിർമ്മിക്കുന്നതിന് മുമ്പ് പഞ്ചായത്തുമായി ബന്ധപ്പെടേണ്ടതും ഗതാഗത തടസ്സം കഴിയുന്നത്ര ഒഴിവാക്കേണ്ടതുമാണ്.

## മാർക്കറ്റ്

1. വെളിയനാട്, കൈപ്പട്ടൂർ മാർക്കറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.
2. വെളിയനാട് മാർക്കറ്റിന് ഫിഷ്സ്റ്റാളും വെജിറ്റബിൾ സ്റ്റാളും ആധുനിക ആറവുശാലയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.
3. കൈപ്പട്ടൂർ മാർക്കറ്റിൻെറ ചുറ്റുമതിൽ പുനർ നിർമ്മിക്കണം നിലവിലുള്ള ഫിഷ്സ്റ്റാളിൻെറ അറ്റ കുറ്റപ്പണികൾ നടത്തുന്നതോടൊപ്പം പുതിയ വെജിറ്റബിൾ സ്റ്റാൾ നിർമ്മിക്കുന്നതിന് നടപടിസ്വീക രിക്കുക.
4. വെളയനാട്ടിലെ നിലവിലുള്ള ഷോപ്പിംഗ് സെൻറർ പുനർ നിർമ്മിക്കേണ്ടതാണ്.
5. പാർപ്പാകോട്, പേപ്പതി, എടക്കാട്ടുവയൽ, ആരക്കുന്നം എന്നിവിടങ്ങളിൽ പുതി. ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

# ഊർജ്ജം

ഏതു പ്രവൃത്തിക്കും ആധാരമായ ഊർജ്ജം പ്രകൃതിയിൽനിന്നാണ് ജീവജാലങ്ങൾക്കു ലഭിക്കുന്നത്. മനുഷ്യന്റെ ഊർജ്ജ ആവശ്യങ്ങൾ നിരന്തരം വർദ്ധിച്ചുവരികയാണ്. ജീവിതാവശ്യങ്ങൾക്കായി നാം വ്യത്യസ്ത ഊർജ്ജ രൂപങ്ങളെ ആശ്രയിക്കുന്നുണ്ടെങ്കിലും വൈദ്യുതിയ്ക്കാണ് അവയിൽ പ്രാമുഖ്യം. മറ്റ് ഊർജ്ജരൂപങ്ങളെ വൈദ്യുതിയായും വൈദ്യുതിയെ മറ്റ് ഊർജ്ജരൂപങ്ങളായും പരിവർത്തനം ചെയ്യാമെന്നതാണ് അതിന്റെ പ്രത്യേകത. അതുകൊണ്ടാണ് വികസന രംഗങ്ങളെലെ പ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ വൈദ്യുതിയുടെ പര്യായമായി 'ഊർജ്ജം' എന്ന പദം ഉപയോഗിക്കുന്നത്.

1960–65 കാലഘട്ടത്തിലാണ് എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിചേർന്നത്. രാത്രികാലങ്ങളിൽ വെളിച്ചത്തിനായി നാട്ടുവിളക്കുകൾ പോലും ഇല്ലാതിരുന്ന അക്കാലത്ത് വൈദ്യുത വിളക്കുകൾ പാതയോരത്തുവെളിച്ചം പകരാനെത്തിയപ്പോൾ ആധുനിക ജീവിത ചുറ്റുപാടുകളിലേക്ക് നമ്മുടെ ഗ്രാമം മുഴുവൻ ഉണരുകയായിരുന്നു. ഇന്ന് ഈ പഞ്ചായത്തിന്റെ ഒന്നോരണ്ടോ പ്രദേശങ്ങൾ ഒഴിച്ചാൽ മറ്റെല്ലാസ്ഥലങ്ങളിലും വൈദ്യുതി എത്തിക്കഴിഞ്ഞു. ആ പ്രദേശങ്ങളിലും വൈദ്യുതി എത്തക്കാനുള്ള പരിശ്രമം ഉണ്ടാകേണ്ടതാണ്. വൈദ്യുതിയുടെ ഉപയോഗം മൂലം കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിൽ ഉൽപാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഗാർഹികാവശ്യങ്ങളിൽ പ്രാധാനം പാചകമാണല്ലോ. ഇതിനായി ഏകദേശം 90% ആളുകളും ആശ്രയിക്കുന്നത് വിറകിനെയാണ്. വ്യാപകമായുള്ള വൃക്ഷനശീകരണം മൂലം വിറകിന്റെ ലഭ്യത വളരെ കുറഞ്ഞിട്ടുണ്ട്. ഏകദേശം 6% ആളുകൾ L.P.G. യും 4% ആളുകൾ മണ്ണെണ്ണ, അറക്കപ്പൊടി, ഗോബർ ഗ്യാസ് തുടങ്ങിയ മറ്റുമാർഗ്ഗങ്ങളും അവലംബിക്കുന്നു.

പാചകേതരമായ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വൈദ്യുതിയാണ് നാം പ്രധാനമായും ഉപയോഗിക്കുന്നത്. പെട്രോൾ, ഡീസൽ, മണ്ണെണ്ണ തുടങ്ങിയവ തൊട്ടുപിന്നിൽ നിൽക്കുന്നു. ചെറുകിട കുടിൽ വ്യവസായങ്ങളുടെ മേഖലയിൽ മേൽ പറഞ്ഞ എല്ലാ ഊർജ്ജ സ്രോതസ്സുകളും നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതി പ്രതിസന്ധി നമ്മുടെ സമസ്ത മേഖലകളെയും ബാധിച്ചിരിക്കുകയാണ്. വിവിധ ഫീസറുകളിൽ നിന്നും വൈദ്യുതി ആവശ്യത്തിനു ലഭിക്കാത്തതും ലഭിക്കുന്ന വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാത്തതും വൈദ്യുത പ്രതിസന്ധി രൂക്ഷമാക്കുന്നു. സ്വന്തമായി വൈദ്യുതോല്പാദനം നടത്താവുന്ന മാർഗ്ഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. സൗരോർജ്ജം പോലുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വ്യാപകമായ ഉപയോഗത്തെപ്പറ്റി ഇനിയെങ്കിലും കൂട്ടായി ചിന്തിച്ചു പരിഹാരം കണ്ടെത്തിയില്ലെങ്കിൽ നമ്മുടെ വികസന സ്വപ്നങ്ങൾ കരിഞ്ഞു മണ്ണടിഞ്ഞു പോകും.

ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഏതാനും ചില നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

1. പിറവം സബ്സ്റ്റേഷനിൽ നിന്നുള്ള എടയ്ക്കാട്ടുവയൽ ഫീഡറിന്റെ പണിപൂർത്തീകരിക്കുകുയം നിയന്ത്രണങ്ങൾ പേപ്പതിയിൽ ആക്കുകയും ചെയ്യുക.
2. ഓവർഹെഡ് ലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷത്തലപ്പുകൾ വെട്ടിമാറ്റുകയും അറ്റകുറ്റപ്പണികൾ നടത്തുകയും, നിബന്ധനകൾ അനുസരിച്ച് ലൈൻവലിക്കുകയം ചെയ്യുക.
3. ട്രാൻസ് ഫോർമറുകളിൽ നിന്നുള്ള വൈദ്യുതി വിതരണം ക്രമീകരിക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ ഇടങ്ങളിൽ പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.
4. ആരക്കുന്നത്ത് നിലവിലുള്ള ഓവർസീയറുടെ ആഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുക.
5. ഉദ്യോഗസ്ഥരുടെ സേവനം കുറ്റമറ്റതാക്കുക.
6. തെരുവിളക്കുകൾ സ്ഥാപിക്കാത്ത പ്രധാനറോഡുകളിലും കോളനികളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുകും എല്ലാ തെരുവു വിളക്കുകളും കൃത്യമായി കത്തുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.
7. കുറഞ്ഞ വോൾട്ടതയിലും കത്തുന്ന ആധുനിക ബൾബുകളും ഇന്ധനക്ഷമതയുള്ള വിറകടു

കപ്പുകളും സ്റ്റൗകളും അനെർട്ടിൻെറ സഹായത്തോടെ പഞ്ചായത്തിൽ പ്രചരിപ്പിക്കുക.

8. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുകയും സാധിക്കാത്തയിടങ്ങളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

9. വിറകിനുളള വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയം അറക്കപ്പൊടി അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

10. ആധുനിക രീതിയിലുളള പുകപ്പുരകൾ പ്രോത്സാഹിപ്പിക്കുക.

11. ഗോബർ ഗ്യാസ് പ്ലാൻറുകൾ വ്യാപിപ്പിക്കുക.

12. കാർഷിക–വ്യാവസായിക ആവശ്യങ്ങൾക്ക് പവർകട്ട് ഒഴിവാക്കുക.

13. സാദ്ധ്യമായ ഇടങ്ങളിൽ ലോടെൻഷൻ ഹൈടെൻഷൻ ലൈനുകളുടെ ലിങ്കിങ്ങ് ഏർപ്പെടുത്തി വോൾട്ടേജ് ക്ഷാമം കുറയ്ക്കുക.

14. വൈദ്യുതി ചാർജ്ജുകൾ അടയ്ക്കുന്നതിന് നിലവിലുളള സമ്പ്രദായം പരിഷ്ക്കരിക്കുക. ബാങ്കുകളിൽ നിശ്ചിത തിയതിക്കുളളിൽ പണമടയ്ക്കാനുളള സംവിധാനം ഏർപ്പെടുത്തുക.

15. ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം കറണ്ട് ചാർജ്ജ് അടയ്ക്കുന്ന തരത്തിൽ ബില്ലിങ്ങ് സമ്പ്രദായം പുനഃക്രമീകരിക്കുക.

16. ലോടെൻഷൻ വൈദ്യുതിയുടെ വിതരണം, മേൽ നോട്ടം എന്നിവ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ഇതിനായുളള ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനോട് ഉത്തരവാദപ്പെട്ടിരിക്കത്തക്കവണ്ണം നിയമങ്ങളിൽ ഭേദഗതി വരുത്തുക.

17. പ്രാദേശിക തലത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ സംഘടന രൂപീകരിച്ചു പ്രവർത്തിക്കുക.

18. ചെറുകിട കുടിൽ വ്യവസായങ്ങളെ വൈദ്യുതി സബ്സിഡി നൽകി പവർകട്ട്, ലോഡ് ഷെഡിങ്ങ് എന്നിവയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുക.

# പാർപ്പിടം

ഏതൊരു പ്രദേശത്തെയും സാമ്പത്തിക, സാംസ്കാരി പുരോഗതിയുടെ പ്രകട മായ പ്രതിഫലനമാണ് അവർ താമസിക്കുന്ന ഭവനങ്ങളുടെ രൂപഭാവങ്ങൾ. വ്യത്യസ്ത നിലവാരത്തിലുളള 4102 വീടുകളിൽ ഈ പഞ്ചായത്തിലെ ഏകദേശം 17000 ജനങ്ങൾ താമസിക്കുന്നു. ശരാശരി ഒരു വീട്ടിൽ നാലോ അഞ്ചോ അംഗങ്ങൾ വീതം. ഈ വീടുകളിൽ 120 എണ്ണത്തോളം ഓല മേഞ്ഞവയും 24 എണ്ണം ഏതെങ്കിലും തരത്തിലുളള ഷീറ്റുമേഞ്ഞവയും ആണ്. 759 വാർക്ക വീടുകളും 2823 ഓടിട്ട വീടുകളും 276 ഭാഗികമായി വാർത്ത് ഓടുമേഞ്ഞ വീടുകളും ഈ പഞ്ചായത്തിലുണ്ട്. ഓടുമേഞ്ഞ വീടുകൾ അധികവും, പ്രാദേശികമായി ലഭിയ്ക്കുന്ന ചെങ്കല്ലും മറവും ഉപയോഗിച്ച് നിർമിച്ചവയാണ്. നാലുകെട്ടും നടുമുറ്റവുമുളള നാലഞ്ചു വീടുകൾ നൂറ്റാണ്ടുകൾ പഴക്കമുളളവയാണങ്കിലും ഈ പഞ്ചായത്തിൻെറ വാസ്തുകലാ വൈദഗ്ധ്യം വിളിച്ചോതുന്നവയായി കേടുകൂടാതെ ഇന്നും നിലനിൽക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദക്കാലം ഭവന നിർമ്മാണശൈലിയിൽ പ്രകടമായ മാറ്റങ്ങൾക്ക് വിധേയമായ കാലഘട്ടമാണ്. ഈ മാറ്റം അധികവും പ്രകടമായത് മേൽത്തട്ട് ഇടത്തട്ട് വിഭാഗങ്ങൾക്കിടയിലാണ് നിർമ്മാണ വസ്തുകളിലും മാറ്റങ്ങളുണ്ടായി. പാശ്ചാത്യ സാംസ്കാരത്തിൻെറ ആകർഷണീയതയും, ഗൾഫ് പണത്തിൻെറ തളളിക്കയറ്റവുമാണ് പുത്തൻ പാർപ്പിടസംസ്കാരത്തിന് വഴിയൊരുക്കിയത്. ഭവന നിർമ്മാണത്തിന് അത്യാധുനിക സാമഗ്രികൾ ഉപയോഗിച്ചു തുടങ്ങി. ആവശ്യത്തിലുപരി ആഡംബരമെന്ന നിലയിലേയ്ക്ക് ഭവന സംവിധാനം മാറി. വാതിലുകളും, ഭിത്തികളും സീലിംഗുമെല്ലാം വളരെ ചിലവേറിയ കൊത്തുപണികളും അലങ്കാരപ്പണികളും കൊണ്ട് മോടിയാക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 80% വീടുകൾ

വൈദ്യുതി കരിച്ചിട്ടുള്ളതാണ്. ആകെ വീടുകളിൽ 20% വീടുകളിൽ സുരക്ഷിത കക്കൂസുകൾ ഇല്ല. നമ്മുടെ ലക്ഷം വീടുകോളനികളിൽ സർക്കാർ ചിലവിൽ നിർമ്മിച്ചുനൽകിയിട്ടുള്ള വീടുകളിൽ 95%വും വാസയോഗ്യമല്ലാത്തതും, ഏതു സമയവും ഇടിഞ്ഞു വീഴാറായ അവസ്ഥ യിലുമാണ്. സുരക്ഷിതമായ ഭവനങ്ങൾ ഇല്ലാത്ത ആളുകൾ നമ്മുടെ പഞ്ചായ ത്തിലുണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽപ്പെടുത്തിയും, ഭവനനിർ മ്മാണ ഏജൻസികൾ വഴിയും ഭവനനിർ മ്മാണ പ്രക്രിയ ത്വരിതഗതിയിൽ പുരോ ഗമിയ്ക്കുന്നു. സാധാരണക്കാരന് താങ്ങാനാവാത്ത വിധം ഭവനനിർമ്മാണ സാമഗ്രികളുടെ വില പലമടങ്ങ് വർദ്ധന വുണ്ടായി. ഭവന നിർമാണതൊഴി ലാളികളുടെ വേതനത്തിലും വർദ്ധനവു ണ്ടായിട്ടുണ്ട്.

നിർമ്മാണത്തിലിരിയ്ക്കുന്ന ഭവനങ്ങളിലും നിർമ്മാണം പൂർത്തിയാ ക്കിയവയിലും ഒരു പങ്ക് പഞ്ചായത്തി ന്റെയും, ഗ്രാമവികസന വകുപ്പി ന്റെയും, ഭവനനിർമ്മാണ ബോർഡി ന്റെയും, കാർഷിക ഭൂവികസനബാങ്കി ന്റെയും, L.I.C. യുടെയും, ഇതര ധന കാര്യസ്ഥാപങ്ങളുടെയും സഹായ ത്തോടെയാണ്.

ഭവന നിർമ്മാണവായ്പകൾക്ക് സങ്കീർ ണ്ണമായ നടപടി ക്രമങ്ങളാണ് ഉദ്യോഗ സ്ഥരുടെ നിസ്സഹകരണമനോഭാവം എല്ലാ ഘട്ടത്തിലും വളരെ പ്രകടമാണ്. നടപടി ക്രമങ്ങൾ കടന്ന് വായ്പയുടെ ആദ്യ ഗഡുവുകിട്ടുമ്പോഴേയ്ക്കു മാസ ങ്ങൾ പലതുകഴിഞ്ഞിരിയ്ക്കും. ഈ സമയത്തിനുള്ളിൽ നിർമ്മാണ വസ്തു ക്കളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും വലിയ അന്തരമുണ്ടായിക്ക ഴിഞ്ഞിരിക്കും. ഈ സ്ഥിതിയിൽ അനു വദിച്ചു കിട്ടിയതുകൊണ്ട് ഭവന നിർ മ്മാണം എങ്ങും എത്താത്ത അവസ്ഥ യിലുമാകും.

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വായ്പ ലഭിക്കുവാനുള്ള നിയമം ഇല്ല. സർക്കാർ തയ്യാറാക്കിയിരിക്കുന്ന കോളനികളിൽ താമസിക്കുവാൻ ആളുകൾ മടിക്കുന്നു. ഇവിടങ്ങളിലൊന്നും സർക്കാർ അടിസ് ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരു ക്കിയിട്ടില്ല. കൂടാതെ ഈ വീടുകൾ വാസ യോഗ്യവുമല്ലാത്തവയുമാണ്.

ദുർവ്യവയമില്ലാതെ വീടുകൾ നിർമ്മിയ് ക്കുവാനുള്ള സാങ്കേതിക വിദ്യ നിലവിലു ണ്ടെങ്കിലും അവയുടെ ആകർഷക മില്ലായ്മ കാരണം അത്തരം വീടുകൾ നിർമ്മിക്കുവാൻ ആളുകൾ തയ്യാറാ കുന്നില്ല. അത്തരം വീടുകൾ നിർമ്മിയ് ക്കുവാൻ കഴിവുള്ള വിദഗ്ദരുടെ അഭാവം ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാ ണത്തിന് തടസ്സമായി നിൽക്കുന്നു ഓരോ വീടിനും കോമ്പൗണ്ട് വാൾ നിർമ്മിയ് ക്കുന്നത് സാമൂഹ്യബന്ധങ്ങൾക്ക് പരി മിതി സൃഷ്ടിയ്ക്കുമെന്നതിൽ തർക്ക മില്ല.

ഭവന നിർമ്മാണരംഗത്ത് കണ്ടുവരുന്ന മറ്റൊരു പ്രവണത ആവശ്യത്തിലധി ഷ്ടിതമല്ലാത്ത പ്രൗഢഗംഭീരങ്ങളാ യതകെട്ടിടങ്ങളുടെ നിർമ്മാണമാണ്. ഒരുവൻ നേടിയ സമ്പാദ്യം മുഴുവൻ ഇനി യൊരിക്കലും തിരിച്ചു വരാത്തവണ്ണം വീടുകൾക്ക് ചെലവഴിക്കപ്പെടുന്നു. വർഷം തോറും അവയുടെ സംരക്ഷണ ത്തിനായി ചെലവഴിയ്ക്കേണ്ടി വരുന്ന ഭീമമായ സംഖ്യപിൽക്കാലത്ത് ഒരു പുനർചിന്തനത്തിന് തീർച്ചയായും പ്രേരിപ്പിക്കപ്പെടും.

## പരിഹാര നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണ രംഗത്ത് കാര്യക്ഷ മമായി പ്രവർത്തിയ്ക്കാത്തക്ക വിധത്തിലും, നിർമ്മാണ സാമഗ്രിക ളുൾപ്പെടെ നൽകുന്നതിനുള്ള സൗകര്യങ്ങളോടുകൂടി പഞ്ചായ ത്ത് അടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈറ്റിരൂപികരിക്കുകയം. നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റ പ്പണികൾക്ക് വയ്പ നൽകുവാ നുള്ള സൗകര്യം സൊസൈറ്റി വഴി ലഭ്യമാക്കുകയം ചെയ്യുക.
2. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പി ക്കുകയും നിർമ്മിതി മോഡൽ വീടു കളുടെ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിന് ഏർപ്പാടുമു ണ്ടാക്കുകയും ചെയ്യുക.
3. ഭൂരഹിതരെയും, റോഡു പുറ മ്പോക്ക് നിവാസികളെയും പുനര ധിവസിപ്പിക്കുക.
4. ലക്ഷം വീടിന്റെ ഉടമസ്ഥവകാശം ലക്ഷം വീടു നിവാസികളെ ബോദ്ധ്യ പ്പെടുത്തുകയും അവരുടെ പങ്കാളി ത്തത്തോടെ ലക്ഷം വീടു നന്നാക്കു വാനുള്ള നടപടികൾ സ്വീക രിക്കുക.
5. രാജീവ് ദശലക്ഷപാർപ്പിടപദ്ധതി പ്രകാരം വട്ടപ്പാറയിൽ നിർമ്മിച്ചി ട്ടുള്ള സുരക്ഷിതമല്ലാത്ത വീടുക ളുടെ സുരക്ഷിതത്വം ഉറപ്പുവ രുത്തുകയും പ്രാഥമികസൗക ര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
6. വൈദ്യുതി എത്താത്ത ലക്ഷം വീടു കോളനികളിലും സമൂഹത്തിലെ സാമ്പത്തിക പിന്നോക്ക വിഭാഗ ങ്ങൾക്കും വൈദ്യുതി എത്തിച്ചു കൊടുക്കുക.
7. എല്ലാ വിടുകൾക്കും സുരക്ഷിത കക്കൂസുകൾ ഉറപ്പുവരുത്തുക.
8. ഭവന നിർമ്മാണവായ്പ നടപടി ക്രമങ്ങൾ ലഘൂകരിയ്ക്കുകയും വേഗം ലഭ്യമാക്കുകയും ചെയ്യുക.
9. പിന്നോക്ക വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ സബ്സിഡി ഉയർ ത്തുക.

# സംസ്കാരം

ജനവാസം കുറവുള്ള ഒരു പ്രദേശമായിരുന്ന ഈ പഞ്ചായത്തിന്റെ ഓരോരൊ ഭാഗങ്ങൾ കേന്ദ്രീകരിച്ചുമാത്രം താമസിച്ചിരുന്ന ജനങ്ങൾ വർഷത്തിലൊരിക്കൽ ഓണത്തോടനുബന്ധിച്ചും സമീപപ്രദേശങ്ങളിലെ, ദേവാലയങ്ങളിലെ ഉത്സവങ്ങളോടും പെരുന്നാളുകളോടു അനുസ്ഥിച്ചും നടത്താറുള്ള പരിപാടികളിലൊത്തു ചേരലായിരുന്നു. ആദ്യകാലങ്ങളിൽ ഈ ഗ്രാമപ്രദേശത്തുണ്ടായിരുന്ന പ്രധാനസംസ്കാരിക പരിപാടി. പാർപ്പാകോട് വെളിയനാട് മുതലായ പ്രദേശങ്ങളിൽ കലാകായിക സാംസ്കാരിക പരിപാടികൾ നടന്നിട്ടുള്ളതായും ധാരളമാളുകൾ ഒത്തുകൂടാറുള്ളതായി കാണാവുന്നതാണ് സാമൂഹ്യോൽ ഗ്രന്ഥനത്തിനും സംസ്കാരികവളർച്ചക്കും ഇതുവളരെ യേറെ സഹായകരമായിട്ടുണ്ട്.

പഞ്ചായത്തുരൂപികരിക്കപ്പെട്ടതിനു ശേഷവും പലഭാഗങ്ങളിലും കലാകായികസംഘടനകൾരൂപംകൊള്ളുകയും ജനങ്ങളെ മാനസ്സികോല്ലാസത്തിനെന്നതിലുപരി സാംസ്കാരിക വളർച്ചക്കും ഇവയുടെ പ്രവർത്തനൾ വളരെയേറെ സഹായകരങ്ങളായി പ്രവർത്തിച്ചിട്ടുണ്ട് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു രൂപികരിക്കപ്പെട്ടു പ്രവർത്തിച്ചുവന്നിരുന്ന വെളിയനാട് ഗ്രാമീണ വായനശാല, വെളിയനാട് നെയ്തു സ്കൂളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു വന്നിരുന്നതാണ്. നാടിന്റെ നവോത്ഥാന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുവാനും ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതികരിക്കുവാനും ഒരു ജിഹ്വയായി ഈ വായനശാല പ്രവർത്തിച്ചിട്ടുളളതായികാണാം. ചെത്തിക്കോട് ഗ്രാമീണ വായനശാല, കൈപ്പട്ടർ ഗ്രാമീണ വായനശാല, എടക്കാട്ടു വയൽ ഗ്രാമീണവായനശാല എന്നിവയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വന്നിരുന്നു. ഇവയുടെ പ്രവർത്തനങ്ങൾകാര്യക്ഷമമായ രീതിയിൽ നീങ്ങുന്നില്ല എന്നു മാത്രമല്ല 1980 ഓടെ എടക്കാട്ട്വയൽ ഗ്രാമീണ വായനശാലയുടെ പ്രവർത്തനം പരിഛേദം നിന്നുപോവുകയും വായനശാലയുടെ സ്വത്തും സ്ഥലവും പഞ്ചായത്തിന് വിട്ടുകൊടുക്കുകയും പഞ്ചായത്ത് സാംസ്കാരിക നിലയവും ഗ്രന്ഥശാലയുമായി ഇപ്പോൾ പ്രവർത്തിച്ചുവരികയാണ് കൈപ്പട്ടൂർ വായനശാലയുടെ പ്രവർത്തനവും അസ്തമിച്ചമട്ടിലാണ്. ജനങ്ങളുടെ സാംസ്കാരിക നിലവാരം നിലനിർത്തുന്നതിലും ഉയർത്തുന്നതിനും പുസ്തകങ്ങൾക്കും അവയുടെ ഉറവിടമായ വായനശാലകൾക്കുമൊക്കെ പരമപ്രാധാനമായ പങ്കുണ്ടെങ്കിലും സാമാന്യജനങ്ങൾക്കുള്ള താല്പര്യം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ആദ്യകാലങ്ങളിൽ വായനാശീലവും വായനാശാലകളിൽ നിന്നും പുസ്തകമെടുത്ത് വായിക്കലും ഒരു ശീലമായിരുന്നു എങ്കിലും ഇന്ന് വായനാശീലം കുറയുകയും വായന പൈങ്കിളി കഥകളിലേക്കും മാസികകളിലേക്കും ചുരുങ്ങിയിരിക്കുകയാണ്. റേഡിയോ, ടി.വി. മാദ്ധ്യമങ്ങളുടെ പ്രചാരവും വായന ശീലത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. നമ്മുടെ വായനശാലകളിലെ അമൂല്യങ്ങളായ പല ഗ്രന്ഥങ്ങളും ഇന്ന് നാശത്തിന്റെ വക്കിലാണ്. അവ കാര്യക്ഷമമായി സംരക്ഷിക്കുവാൻ വായനശാലകൾ ബുദ്ധിമുട്ടുകയുമാണ്. നമ്മുടെ പഞ്ചായത്തിൽ എടുത്തു പറയത്തക്ക പ്രവർത്തനം കാഴ്ചവയ്ക്കുന്നത് വെളിയനാട് വായനശാല മാത്രമാണ്. പഞ്ചായത്തുടമയിലുള്ള എടയ്ക്കാട്ട് വയൽ വായനശാലയും ഒരു വിധം പ്രവർത്തിച്ചു പോകുന്നു.

പഞ്ചായത്ത് രൂപികരണത്തിന് മുമ്പു തന്നെ രൂപികരിക്കപ്പെട്ട ഒന്നു രണ്ട് കലാകായിക സംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട് 1960–ൽ രൂപികരിക്കപ്പെട്ട എടയ്ക്കാട്ട്വയൽ സോഷ്യൽ വെൽഫയർ സെൻറർ ആദ്യകാലത്ത് നാടിന്റെ ആവേശമായി പ്രവർത്തിച്ചു വരുകയും ഒത്തിരി സാമൂഹിക സാംസ്കാരിക പരിപാടികൾക്കും നേതൃത്വം നൽകിയിട്ടുമുണ്ട്. സ്വന്തമായി 25 സെൻറ് സ്ഥലവും കെട്ടിടവുമുള്ള ഈ സംഘടനാ ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. പഞ്ചായത്തിൽ ഭംഗിയായി പ്രവർത്തിച്ചു വരുന്നതും സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ള ഒരു സംഘടനയാണ് ജയകേരളകലാസമിതി, കാനായിക്കോട്. പല സാമൂഹ്യസാംസ്കാരിക പരിപാടികൾക്കും നേതൃത്വം നൽകുന്ന ഈ സംഘടനയാണ് നിലവിൽ പഞ്ചായത്തിലേറ്റവും നന്നായി പ്രവർത്തിക്കുന്നത്. ഫ്രണ്ട്സ് മലനിരപ്പ്, ഫ്രണ്ടസ് ചെല്യാമ്പുറം, ഗാന്ധി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് തൊട്ടൂർ റിക്രിയേഷൻ ക്ലബ് ഊരകം പിപ്പിൾസ് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം എന്നിവയ്ക്കും സ്വന്തമായി

കെട്ടിടവും സ്ഥലവുമുണ്ട്. ഇതിൽ ചിലത് നാമമാത്രമായി മാത്രം പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ പഞ്ചായത്തിൻെറ മറ്റുപല പ്രദേശത്തും ക്ലബുകളും സാംസ്ക്കാരിക സംഘടനകളും രൂപികരിച്ചു പ്രവർത്തിച്ചുവരുന്നുണ്ട്. സിൽവർ സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് പാപ്പാക്കോട് നവജ്യോതി ചെത്തിക്കോട്, എടക്കാട്ട് വയൽ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ഒസൈസി പേപ്പതി, നവോദയ എടക്കാട്ട് വയൽ, സൃഷ്ടി നെടുവാ, തിപ്പൊരി നെടുവത്താഴം, ചരിത്ര സാംസ്കാരിക വേദി, വിക്ടറി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് എന്നിവ ഇവയിൽ ചിലതാണ്. യുവജനങ്ങളുടെ കലാകായിക വളർച്ചയ്ക്കും ഈ ക്ലബുകളുടെ സംഭാവന എടുത്തുപറയത്തക്കതാണ്. കലാകായിക മത്സരങ്ങൾ, നാടൻ കലാരൂപങ്ങളുടെയും പരിപാടികളുടെയും പ്രോത്സാഹനം എന്നിവയ്ക്കൊക്കെ ഈസംഘടനകൾ മുൻതൂക്കം നൽകിയിരുന്നെങ്കിലും ഓരോന്നിൻെറയും പ്രവർത്തനം ചുരുങ്ങിവരുന്നതായാണ് അപഗ്രഥനത്തിൽ മനസ്സിലാകുന്നത്. ഓണാഘോഷങ്ങളോ വാർഷികാഘോഷങ്ങളൊ നടത്തലും അതിനുള്ള ധനസമാഹരണവും മാത്രമായി പല ക്ലബുകളുടെയും പ്രവർത്തനം ചുരുങ്ങുകയാണ്.

നമ്മുടെ തനതായ സംസ്കാരത്തിൽ നാടൻകലാരൂപങ്ങൾക്കും കലകൾക്കും തനതായ പങ്കുണ്ടായിരുന്നു. അവയിൽ പലതും അന്യം നിന്നുപോയിരിക്കുകയാണ്. മുടിയേറ്റ്, കളരിപ്പയറ്റ്, സർപ്പംതുള്ളൽ, തുടങ്ങിയ കലകൾ ക്ഷയിക്കുകയോ നിന്നുപോവുകയോ ചെയ്തിട്ടുണ്ട്. വാദ്യമേളങ്ങൾക്കും അവകളുടെ അഭ്യാസത്തിനും പലരും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു അവരുടെ നിര്യാണത്തോടെ ഈ കലാഭ്യാസവും നിന്നുപോയിരിക്കുകയാണ്. വാദ്യമേളത്തിനു മുടിയേറ്റ് മുതലായവയ്ക്കും പ്രസിദ്ധമായ പുന്നയ്ക്കൽ മാരാന്മാർ നമ്മുടെ പഞ്ചായത്തിലാണെന്ന കാര്യം പറയേണ്ടതുതന്നെയാണ്.

നമ്മുടെ പാരമ്പര്യകലകളും, സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ ദേവാലയങ്ങൾക്കുള്ള പങ്ക് എടുത്ത് പറയത്തക്കതാണ്. ഉത്സവങ്ങളോടും പെരുനാളുകളോടും അനുബന്ധിച്ച് നടത്താറുള്ള പരിപാടികൾ നമ്മുടെ കലാബോധത്തിന് ഉത്തമോദാഹരണങ്ങളായിരുന്നു. ചരിത്രപ്രസിദ്ധമായതും ആദിശങ്കരൻെറ ജന്മം കൊണ്ട് പവിത്രമായതുമായ മേൽപ്പാഴൂർ മനകൾ, മനയോട് ചേർന്നുള്ള ക്ഷേത്ര സമുച്ചയവും, നമ്മുടെ നാടിനെ പ്രസിദ്ധമാക്കിയിരുന്നു. ചിന്മയാ അന്തർദേശീയ കേന്ദ്രം പ്രവർത്തിച്ചുവരുന്ന ഈസ്ഥലം ആദാത്മിക പ്രവർത്തനങ്ങൾക്ക് ലോകോത്തരമായി തീർന്നിരിക്കുകയാണ്.

ജാതിമത ചിന്തകൾക്കതീതമായി ഏവരും ഒരുമിച്ചു പ്രവർത്തിച്ചു വരുന്ന ഒരു പ്രദേശമാണ് നമ്മുടേത് ഹിന്ദുക്കളും ക്രിസ്ത്യാനികളും ചുരുക്കമായ മുസ്ലീംങ്ങളും ഏകോദരസഹോദരങ്ങളോടെ വർത്തിക്കുകയും പരസ്പരം സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത് ദേവാലയങ്ങളിലേയും പള്ളികളിലേയും ചടങ്ങുകളിലേക്ക് പരസ്പരം സഹകരിക്കുക ഇവിടെ സാധാരണമാണ്.

സാംസ്കാരികമായി വലിയ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേതെങ്കിലും ഇന്ന് എല്ലാ തുറകളിലും തനതായ വ്യക്തിത്വവും നേട്ടങ്ങളും കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയർന്നതോടെ വിദ്യാഭ്യാസ സാംസ്കാരിക നിലവാരവും ജീവിതനിലവാരവും ഉയർന്നു എന്ന് പറയുന്നതാണ് യാഥാർത്ഥ്യം സാമ്പത്തികനിലവാരം ഉയർന്നതോടെ പാശ്ചാത്യസംസ്കാരത്തോടും ജീവിത രീതിയിയോടുമുള്ള അഭിവഞ്ജ പൊള്ളയായ സ്റ്റാറ്റസിനുവേണ്ടിയുള്ള പാച്ചിലിലും നമ്മുടെ നാടും സംസ്കാരവും മൂല്യച്യുതിയെ നേരിടുകയാണെന്നകാര്യത്തിൽ സംശയമില്ല. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അമിതമായ സ്വാധീനം നമ്മുടെ യുവതലമുറയെ വഴിതെറ്റിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുകയാണ്. സദാചാരത്തിൻെറ അതിർവരമ്പുകൾ ലംഘിക്കുന്ന കലാപരിപാടികളും മോഷണവും കൊള്ളയും പ്രോത്സാഹിപ്പിക്കുന്ന പരിപാടികളും നമ്മുടെ നാട്ടിലും പ്രശ്നങ്ങൾ ഉണ്ടാക്കി തുടങ്ങിയിരിക്കുകയാണ് ഇതിനെ ചെറുക്കുവാനും, നമ്മുടെ ഭാവിതലമുറയെ നേർവഴിക്കു നയിക്കുവാനുള്ള നടപടികളും നയങ്ങളും സ്വീകരിക്കേണ്ടിയിരിക്കുകയാണ്. പഞ്ചായത്ത് തല സാംസ്കാരികനിലയം ഉണ്ടെങ്കിലും റീഡിങ്ങ് റൂം ഗ്രന്ഥശാലപ്രവർത്തനങ്ങൾ മാത്രമാണ് നടന്നു വരുന്നത്. ഉച്ചമുതലുള്ള പ്രവർത്തനം മുഴുവൻ സമയമാക്കി ദീർഘിപ്പിക്കുന്നത് ഗുണകരമായിരിക്കും.

നമ്മുടെ സംസ്ഥാനത്താദ്യമായി ഒര പഞ്ചായത്തിൽ വച്ച് സംസ്ഥാനനാടക അവാർഡുദാനം നടന്നത് നമ്മുടെ പഞ്ചായത്തിൽ വച്ചാണ്. കേരള സർക്കാ

രിൻെറ പതിനൊന്നിന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് നിർമ്മിച്ച തുറസായ വേദിയുടെയും കളിസ്ഥലത്തിൻെറയും ഉൽഘാടനത്തോടനുബന്ധിച്ച് 1995 ഫെബ്രുവരി 5നാണ് സംസ്ഥാന നാടക അവാർഡ് ദാനത്തിന് നമ്മുടെ പഞ്ചായത്ത് വേദിയായത്.

നമ്മുടെ പഞ്ചായത്തിൽ കായിക മത്സരങ്ങൾ ക്ലബുകളും പഞ്ചായത്തും സംഘടിപ്പിക്കാറുണ്ടെങ്കിലും ഓരോ ദിവസവും പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുകയാണ്. മത്സരം സംഘടിപ്പിക്കുന്നതു പലതും കേവലം ചടങ്ങുകൾമാത്രമായി മാറുകയാണ്. യുവചേതനയും കർമ്മശക്തിയും ഈ രംഗങ്ങളിലേക്ക് തിരിച്ചു വിട്ടാലെ നമ്മുടെ കലാകായിക രംഗങ്ങൾ പുഷ്ടിപെടുകയും സാംസ്കാരിക വളർച്ചനേടാൻ കഴിയകയുകയും ഉളളു.

### *പ്രശ്നപരിഹാര നിർദ്ദേശങ്ങൾ*

1. പ്രവർത്തനം നിലച്ചുകിടക്കുന്ന വായനശാലകൾ പ്രവർത്തനക്ഷമമാക്കുകയും വായനശാലകളുടെ ആഭിമുഖ്യത്തിൽ കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനവും സഹായവും നൽകുക.
2. യുവാക്കളിൽ വായനാശീലം വളർത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
3. സാധ്യതയുളള സ്ഥലങ്ങളിൽ റീഡിംങ്ങ് റൂമുകൾ ആരംഭിക്കുകയും റീഡിംങ്ങ് റൂമിലേക്കുളള വർത്തമാനപത്രങ്ങൾ വാങ്ങുന്നതിന് പഞ്ചായത്തിൽ നിന്നു ധനസഹായം നൽകുകയും ചെയ്യുക.
4. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കലാപഠനകേന്ദ്രം സ്ഥാപിക്കുക.
5. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൻെറ പ്രവർത്തന സമയം ദീർഘിപ്പിക്കുകയും കൂടുതൽ പുസ്തകങ്ങൾ വാങ്ങുകയും ചെയ്യുക.
6. സ്കൂൾ തലത്തിൽ സാഹിത്യസമാജ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം മുതലായ ദേശീയവും പ്രാദേശിക പ്രധാനവുമായ അവസരങ്ങളിൽ പഞ്ചായത്തു തലത്തിൽ സ്കൂൾകുട്ടികൾക്കായി കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
7. ടി.വി.-റേഡിയോ പരിപാടികളിൽ സദാചാരവിരുദ്ധമായ പരിപാടികൾ പ്രക്ഷേപണം ചെയ്യാതിരിക്കുക.
8. പാരമ്പര്യ കലാപഠനകേന്ദ്രങ്ങൾ ആരംഭിക്കുയും, അവയുടെ ആശാൻമാർക്ക് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.
9. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളെയും പങ്കെടുപ്പിച്ച് ഒരു കോഡിനേഷൻ കമ്മറ്റി രൂപികരിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
10. കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ, സാഹിത്യമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്ന ക്ലബുകൾക്ക് ചെലവിൻെറ ഒരു നിശ്ചിത തുക പഞ്ചായത്തിൽ നിന്നും ഗ്രാൻറായി നൽകുക.
11. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ക്ലബുകൾക്ക് കെട്ടിടനിർമ്മാണ സഹായം അനുവദിക്കുക.

# വനിത

വികസന സാമൂഹ്യക്ഷേമ രംഗങ്ങളിൽ വനിതകൾ അടുത്തകാലം വരെ കാര്യമായി രംഗത്തുവന്നിട്ടില്ലാത്ത ഒരു പഞ്ചായത്താണു നമ്മുടേത്. സാമൂഹ്യപ്രവർത്തനങ്ങളിൽ വനിതകൾ കൂടുതൽ ഇടപെടുന്നത് മോശമായികണ്ടിരുന്ന അവസ്ഥ നിലനിന്നിരുന്ന പ്രദേശമായിരുന്നു എന്നതുമാത്രമല്ല തികച്ചും അവികസിതവും ജനവാസം കുറഞ്ഞതുമായ പ്രദേശമെന്നതിനാൽ വനിതകൾ പ്രവർത്തന രംഗത്തേക്കു വരുവാൻ മടിച്ചു നിന്നിരുന്നു എന്നതും എടുത്തു പറയേണ്ട ഒരു കാര്യം തന്നെയാണ്. വിദ്യാഭ്യാസ നിവാരം ഉയർന്നതോടെയും പഞ്ചായത്തു കമ്മറ്റിയിൽ വനിതാപ്രാതിനിധ്യം വന്നതോടെയുമാണ് അല്പമെങ്കിലും വനിതാ പ്രവർത്തകർ നമ്മുടെ പഞ്ചായത്തിൽ പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്, സ്ത്രൈണ പരിമിതികളും കാർഷിക പ്രധാനമായ ജിവിത രീതിയും സ്ത്രീകളെ വീടുകളിലും പറമ്പുകളിലും മാത്രമായി തളച്ചിട്ടിരിക്കുന്ന ഒരു പരിതസ്ഥിതിയാണ്. കൂടതലും കാർഷിക വൃത്തിയിൽ സഹായിക്കലും ഭക്ഷണം പാകം ചെയ്തു വിളമ്പിക്കൊടുക്കലും ഭർത്താവിൻേറയും മക്കളുടേയം ക്ഷേമം നിലനിർത്തലും അടുക്കള ഭരണവും മക്കളുടെ വിദ്യാഭ്യാസത്തിൽ സഹായിക്കലുമാണ് ഇന്നും ഭൂരിഭാഗം സ്ത്രീകളുടേയും തൊഴിൽ.

രാഷ്ട്രീയസാമൂഹ്യസംഘടനകളുടെ പ്രവർത്തനഫലമായും വദ്യാഭ്യാസ നിലവാരം ഉയർന്നതോടെയും സ്ത്രീകൾ മറ്റു . തൊഴിലുകളന്വേഷിക്കുവാനും സാമൂഹ്യപ്രവർത്തനങ്ങളിലിടപെടുവാനും തുടങ്ങിയിട്ടുണ്ട്. അദ്ധ്യാപക വൃത്തിയാണ് വനിതകളേറ്റവും ഇഷ്ടപ്പെടുന്ന തൊഴിൽ മറ്റുരംഗങ്ങളിലും പണിയെടുക്കുന്ന വനിതകൾ ഇപ്പോൾ ധാരാളമായികാണുന്നു. സമൂഹത്തിലെ സാമ്പത്തിക പിന്നോക്കവിഭാഗത്തിലും പട്ടിക ജാതിയിലും പെട്ട സ്ത്രീകളികൽ നല്ലൊരുപങ്കും കാർഷകതൊഴിലാളികളായിരുന്നു. റബർടാപ്പിങ്ങ്, റോഡു,കെട്ടിട നിർമ്മാണരംഗങ്ങളലും ഇന്നു സ്ത്രീകൾ ധാരാളമായി പണിയെടുക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തില ജനസംഖ്യയിൽ 54% സ്ത്രീകളാണ്. വേലക്കൂലിയിനത്തിൽ ഇന്നും തുല്യജോലിക്കു തുല്യവേതനം എന്ന നില കൈവരിച്ചിട്ടില്ല കാർഷിക നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീ പുരുഷതൊഴിലാളികൾക്ക് വ്യത്യാസവേതനമാണു നൽകിവരുന്നത്. ഒരു കാലത്ത് സ്ത്രീകൾക്കു പ്രാഥമിക വിദ്യാഭ്യാസം മാത്രമെ നൽകിയിരുന്നു ള്ളു. എങ്കിലും ഇന്ന് സ്ക്കൂൾകോളേജ് വിദ്യാഭ്യാസത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിനും പെൺകിട്ടികളെ അയക്കുന്നു നമ്മുടെ പഞ്ചായത്തിലെ മൊത്തം അദ്ധ്യാപകരിൽ 82 ൽ 59 പേർ സ്ത്രീകളാണ്.

സ്ത്രീകളുടെ ഉന്നതിയും അവരെ സാമൂഹ്യ പ്രവർത്തനത്തിനുത്സുകരാക്കുന്നതിനും വേണ്ടിയാണ് മഹിളാസമാജങ്ങൾ രൂപികരിക്കപ്പെട്ടതെങ്കിലും അവയൊന്നും തന്നെകാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ പ്രചാരത്തോടെ മറ്റൊരു പരിപാടിക്കും സ്ത്രീകളെ കിട്ടാത്ത അവസ്ഥ ആയിട്ടുണ്ട്.

സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറച്ചൊക്കെ അനുഭവപ്പെട്ടുതുടങ്ങിയിട്ടുണ്ട്. പഞ്ചായത്തുകളിലും സഹകരണസംഘങ്ങളിലും സ്ത്രീ പ്രാതിനിത്യം സംവരണം ചെയ്യപ്പെട്ടതോടെ സ്ത്രീകളെ കൂടുതൽ സാമൂഹ്യപ്രവർത്തനരംഗങ്ങളിലേക്കു കൊണ്ടുവരുവാൻ രാഷ്ട്രിയപാർട്ടികൾ രംഗത്തു വന്നിട്ടുണ്ട്.

സാമൂഹ്യതിന്മക്കെതിരെ പോരാടുവാനും നമ്മുടെ നാടിൻെറ വളർച്ചയിൽ സ്ത്രീകളുടെ സജീവപങ്കാളിത്വം ഉറപ്പുവരുത്തുവാനും ധാരാളം നടപടികളുണ്ടാകേണ്ടിയിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിനെ കേന്ദ്രമാക്കി 3 മുന്തിയ വ്യവസായസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ആരക്കുന്നത്തെ വൈദ്യുത മീറ്റർ നന്നാക്കുവാനുള്ള സംഘം മാത്രമാണു പ്രവർത്തിക്കുന്നത്. ബ്ലോക്കിൻെറ കീഴിൽ വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും സ്വയം തൊഴിലിനും വേണ്ടി രൂരീകരിക്കപ്പെട്ടിട്ടുളള ഒരു യൂണിറ്റവതൊട്ടുരിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ ആരോഗ്യസംരക്ഷണ പ്രവർത്തനത്തിനുവേണ്ടിയുള്ള മാതൃസ്വസ്ഥ സംഘങ്ങളും കുഞ്ഞുങ്ങളുടേയും പ്രസവിച്ച അധമാരുടേയും ഗർഭിണികളുടേയും പരിപാലനത്തിനു സാഹായിക്കുന്ന 16 അംഗൻവാടികളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ എല്ലാം പ്രവർത്തനം

ഊർജ്ജിതമാക്കുകുയം കൂടുൽ ബോധ വൽക്കരണം നടത്തിയും സ്ത്രീകളെ കൂടുൽ ഉൽബോദ്ധരാക്കുവാനും അവരുടെ ക്ഷേമത്തിന് മുൻതൂക്കം നൽകി പ്രവർത്തിക്കുവാനും നടപടികളുണ്ടാകേണ്ടതാണ്. മദ്യപിച്ചവരുടെ ഉപദ്രവത്തിനും പീഢനത്തിനും എന്നും പാത്രമാകേണ്ടിവരുന്നത് സ്ത്രീകളാണ് സമ്പൂർണ്ണ മദ്യ നിരോധനത്തിലൂടെ കുടുംബഭദ്രതയും സ്ത്രീകളുടെ സമാധാനവും ഉറപ്പാക്കാമെന്നതിനാൽ പരമപ്രധാനമായ ഒരു കാൽവയ്പായി മദ്യനിരോധനം നടപ്പിലാക്കേണ്ടതാണ്.

1. സ്ത്രീകളുടെയിടയിലെ തൊഴിലില്ലായ് പരിഹരിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതികളും കുടിൽ വ്യവസായങ്ങളായ ചിപ്സ്, പലഹാരങ്ങൾ എന്നിവ നിർമ്മിക്കുവാനുമുളള യൂണിറ്റുകളാരംഭിക്കുകയും അതിനു വേതനസഹായങ്ങൾ നൽകുകയും ചെയ്യുക.
2. വനിതാവ്യവസായ സഹകരണ സംഘങ്ങൾ രൂപികരിക്കകൂയം വനിതാസംഘങ്ങളിൽ – മേൽനോട്ടത്തിനും സാങ്കേതികോപദേശത്തിനും – നിർദ്ദിഷ്ഠ ശതമാനം പുരുഷന്മാർക്ക് അംഗത്വം അനുവദിക്കൂകയും ചെയ്യുക.
3. വനിതകൾക്കായി തൊഴിൽ പരിശീലനക്ലാസുകളും ബോധവൽക്കരണ ക്യാമ്പുകളും നേതൃത്വ പരിശീലനവും നടത്തുകയും ഇതുമാതിരി പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
4. പഞ്ചായത്തടിസ്ഥാനത്തിൽ ഡെ–കെയർ സെൻററുകൾ സ്ഥാപിക്കുക.
5. പച്ചക്കറിത്തോട്ടം, തേനിച്ചവളർത്തൽ, കൂൺകൃഷി, പുഷ്പകൃഷി എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകുകയും അവതുടങ്ങുവാൻ സൗജന്യസഹായ പദ്ധതികളാവിഷ്ക്കരിക്കുകയും ചെയ്യുക.
6. പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്കു പ്രാഥമിക സൗകര്യങ്ങളേർപ്പെടുത്തുക.
7. സർക്കാരിൽ നിന്നും പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങളും സഹായങ്ങളും നൽകുമ്പോൾ വികലാംഗർ, വിധവകൾ, പ്രത്യേകിച്ചു സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതും വിവാഹ പ്രായമെത്തിനിൽക്കുന്ന പെൺകുട്ടികളുടെ വിധവകളായ മാതാക്കൾ എന്നിവർക്കു മുൻഗണനനൽകുക.
8. സമൂഹത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാവശ്യമായ നയപരിപാടികൾ ആവിഷ്ക്കരിക്കുകയും സ്ത്രീയെ വില്പനചരക്കാക്കി ചിത്രീകരിക്കുന്ന കലാപരിപാടികളും റേഡിയോ, ടി.വി. പ്രക്ഷേപണങ്ങളും നിരോധിക്കുകുയം ചെയ്യുക.
9. സ്ത്രീപീഡനത്തിന് ഏറ്റവും പ്രേരകമായി വർത്തിക്കുന്ന മദ്യാസ്ക്തിയും അതിൻെറ പരിണിത ഫലങ്ങളും ഒഴിവാക്കുന്നതിനു വേണ്ടി സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

## പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

സമൂഹത്തിലെ അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട പട്ടികജാതിക്കാർ ഏറെ താമസിക്കുന്ന ഒരു പഞ്ചായത്താണ് എടക്കാട്ടുവയൽ. പഞ്ചായത്തിൻെറ ചരിത്രത്തിൽ പറഞ്ഞതുപോലെ ഏതാനും മനകളുടെയും ജന്മിമാരുടെയും കൈകളിൽ കേന്ദ്രീകരിച്ചിരുന്ന ഭൂമിയിൽ പകലന്തിയോളം പണിയെടുത്തിരുന്ന ഈ വിഭാഗത്തിന് വിശപ്പകറ്റുന്നതിനുളള ക്ലിപ്തമായ ഭക്ഷണം മാത്രമാണ് ലഭിച്ചി രുന്നത്. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും അതിശക്തമായി നിലകൊണ്ടിരുന്ന കാലത്ത് മണ്ണിൻെറ മക്കളായ ഇവരനുഭവിച്ച പീഡനങ്ങൾക്ക് കണക്കില്ല. പണിയെടുക്കുന്നതിന് കൂലികൊടുക്കുന്ന രീതി അന്നുണ്ടായിരുന്നതായി അറിവില്ല. വിശപ്പുമാറെ കഴിക്കാനുളള ഭക്ഷണം പോലും കിട്ടാതിരുന്ന അക്കാലത്ത് മണ്ണിൽ കുഴി കുത്തി ഇലവെച്ച് ഉണ്ടാക്കുന്ന താൽക്കാലിക പാത്രത്തിലാണ് ഭക്ഷണം നൽകിയിരുന്നത്. രാത്രി

നേരം തലചായ്ക്കാൻ കൂരയുണ്ടാക്കുന്നതിനുള്ള സ്ഥലവും ജന്മി മാരുടെ ദയകൊണ്ട് ലഭിച്ചിരുന്നതാണ്. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയതോടുകൂടി പലർക്കും ഭൂമി ലഭിച്ചു തുടങ്ങി. 1970 കാലമായപ്പോൾ കോളനികളിൽ താമസിക്കുന്നവർക്കെല്ലാം പട്ടയം നൽകുന്ന സ്ഥിതിയുണ്ടായി. പട്ടയം ലഭിച്ചെങ്കിലും മഴയത്ത് നനയാത്തതും വേനലിൽ വെയിൽകൊള്ളാത്തതുമായ ഒരു വീട് നിർമ്മിക്കുകയെന്നത് ഇവർക്ക് അപ്രാപ്യമായിരുന്നു. പട്ടികജ്ജാതിക്കാർക്ക് സൗജന്യമായി വീട് നിർമ്മിക്കുന്നതിന് സഹായം നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിനുശേഷ മാണ് സിംഹഭാഗം പട്ടികജാതിക്കാർക്കും വീട് നിർമ്മിക്കാൻ സാധിച്ചത്.

സ്കൂൾവിദ്യാഭ്യാസം മുഴുവൻ പേർക്കും ലഭിച്ചുതുടങ്ങിയിട്ട് ഏറെ നാളുകളായിട്ടില്ല സ്ക്കൂളിൽ പോയി വിദ്യാഭ്യാസം നടത്താൻ കഴിയാത്ത രീതിയിലുള്ള ഭൗതികസാഹചര്യങ്ങളുണ്ടായിരുന്നപ്പോഴും സ്ക്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും നേടി സമൂഹത്തിന്റെ ഉന്നത ശ്രേണിയിലെത്തിയ പലരും ഈ പഞ്ചായത്തിലുണ്ട്.

മുളന്തുരുത്തി ബ്ലോക്കിലെ ഏറ്റവും കൂടുൽ അംഗീകൃത പട്ടികജാതി കോളനികളുള്ള ഒരു പഞ്ചായത്ത് എടക്കാട്ടുവയൽ. 14 അംഗീകൃത കോളനികളാണ് ഇവിടെയുള്ളത്. തലചായ്ക്കാൻ ആവശ്യമായ വീടില്ലാത്ത പട്ടികജാതി സഹോദരന്മാർ ഇന്നും നമ്മുടെ കോളനികളിൽ താമസിക്കുന്നുണ്ട്. പ്രതികൂല കാലാവ സ്ഥയോട് എതിർത്തു നിൽക്കാൻ കഴിയാത്ത വിടുകളുള്ള ഇവർക്ക് വീടുണ്ടാക്കി കൊടുക്കുന്നതിന് മുന്തിയ പരിഗണന കൊടുക്കേണ്ട തുണ്ട്. 14 അംഗീകൃത കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ടെന്നത് ഒരു വലിയ നേട്ടമാണ്. വൈദ്യുതീകരിക്കാത്ത വീടുകൾ പലതും കോളനികളിലുണ്ട്. കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യമേർപ്പെടത്തിയിട്ടുള്ള മൂന്ന് കോളനികൾ കൂവക്കാപ്പിള്ളി, പാർപ്പാകോട് ഓർമ്മിഇക്കുന്ന് എന്നിവയാണ്. മറ്റ് കോളനികളിൽ ശുദ്ധജലത്തിന് വേണ്ടി കോളനികളിലും പരിസരത്തും നിർമ്മിച്ചിട്ടുള്ള തുറന്ന കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽ കാലമായാൽ ഇവിടെയുള്ളവർ വെള്ളത്തിനു വേണ്ടി മൈലുകൾ താണ്ടേണ്ടിവരുന്നുവെന്നത് വളരെ ദുഃഖകരമാണ്. കുടിവെള്ളത്തി നുള്ള സൗകര്യം മെച്ചപ്പെടുത്തേണ്ടത് തീർച്ചയായും ആവശ്യ മാണ്. യാത്രായോഗ്യമായ റോഡ് സൗകര്യമുള്ളത് ഓർമ്മിഇക്കുന്ന് കോളനിയിൽ മാത്രമാണ്. മറ്റ് കോളനി ഗാഡുകൾ വളരെ ശോചനീയമായ അവസ്ഥയിലാണ്.

പട്ടികജാതിവിഭാഗത്തിൽ പ്പെട്ടവരുടെ കുട്ടികൾക്ക് സ്ക്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോത്സാഹന നടപടികൾ സ്വീകരിക്കുന്നത് ഗുണകരമാണ് വളരുന്നപുതിയ തലമുറക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനും തൊഴിൽ സാദ്ധ്യതവർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്. അഭിരുചിക്കനുസൃതമായ വിദ്യാഭ്യാസം നൽകുന്നതിന് സ്കൂൾ തലം മുതൽ ആവശ്യമായ ശ്രമങ്ങളുണ്ടായാൽ അദ്ധ്വാനശേഷിയും അർപ്പണമനോഭാവവ മുള്ളവർക്ക് തൊഴിയില്ലായ്മയിൽ നിന്നും രക്ഷപ്പെടാം. സാമൂഹ്യമായ നീതി ഉറപ്പാക്കന്നതിനുള്ള ഒട്ടനവധി പദ്ധ തികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നുണ്ടെങ്കിലും പ്രതീക്ഷി ച്ചത്രമുന്നോട്ടു പോകാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയ രംഗത്ത് മുൻനിരയി ലേക്ക് കടന്നുവരാൻ ഇന്നും ഈവിഭാഗത്തിലുള്ളവർക്ക് ഫല പ്രദമായി സാധിച്ചിട്ടില്ല. സംവരണ സീറ്റിൽ മറ്റുള്ളവർക്ക് മത്സരിക്കാൻ കഴിയാത്തതിനാൽ പട്ടികജാതിക്കാരനെ മത്സരി പ്പിക്കുന്നുവെന്നത് മാറ്റി സമൂഹത്തിന്റെ മുൻനിരയിലേക്ക് കടന്നുവരാൻ ഇവർക്ക് കഴിയുന്ന തരത്തിലുള്ള ബോധവൽ ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. സർക്കാർ കാലാകാലങ്ങളിൽ വിവിധ അനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ഡിപ്പാർട്ട്മെൻറ് മുഖേന നടപ്പാക്കുന്നുണ്ടെങ്കിലും ഗ്രാമിണ മേഖല യിൽ ജീവിക്കുന്ന പട്ടികജാതി വിഭാഗക്കാർ പലപ്പോഴും ഇക്കാര്യം അറിയിന്നു പോലുമില്ല. ഇതിനാൽ അർഹമായ പലർക്കും ആനുകൂല്യം ലഭിക്കാതെ വരുന്നു. പ്രാദേശികതൊഴിൽ സ്ഥാപനങ്ങളുടെ കുറവും സ്വയം തൊഴിൽ സഹായം ലഭിക്കുന്നതിനുള്ള ബാലികേറാമലകളും അഭ്യസ്ഥവിദ്യരെ പോലും കർഷിക മേഖലയിൽ തന്നെ തൊഴിലെടുക്കുന്നതിന് നിർബന്ധിതനാ ക്കുന്നു. കാർഷികമേഖലയിൽ ഇന്നനുഭവപ്പെടുന്ന മുരടിപ്പ് അവിടെയും തൊഴിലില്ലായ്മഉണ്ടാകുന്നു. ഇതിനായി പ്രാദേശിക തൊഴിൽ സങ്കേതങ്ങൾ ഉയർത്തി

കൊണ്ടുവരാൻ കഴിയണം.

*പരിഹാരനിർദ്ദേശങ്ങൾ*

1. സ്വന്തമായി സ്ഥലമുള്ളവർക്ക് ഭവനനിർമ്മാണ സഹായം എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനും സ്ഥലവും വീടുമില്ലാ ത്തവർക്ക് സ്ഥലം വാങ്ങി വീടുവെക്കുന്നതിനുള്ള സഹായം ഊർജ്ജിതമാക്കുകയും ചെയ്യുക.

2. ഭവനനിർമ്മാണത്തിനുള്ള സൗജന്യധനസഹായം കാലോചി തമായി പുതുക്കി നിശ്ചയിക്കാൻ സർക്കാർ തലത്തിൽ ശ്രമമുണ്ടാകണം.

3. കുടിവെള്ള സൗകര്യമില്ലാത്ത കോളനികളിൽ കുടിവെള്ളമെത്തിക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണം.

4. പൊതുസ്ഥലങ്ങൾ ഉള്ള പട്ടികജാതി കോളനികളിൽ (ഉദാ: കവക്കാപ്പിള്ളി, ഓർമ്മി ഇക്കുന്ന് എഴുപ്പുറം) കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

5. സ്വയം തൊഴിൽ പദ്ധതികൾക്ക് ഊന്നൽ നൽകികൊണ്ട് തൊഴിൽ പരിശീലനം നൽകുന്നതിനും വ്യവസായിക സഹ കരണ സംഘം രൂപികരിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

6. പട്ടികജാതി വിഭഗങ്ങളുടെ കരകൗശല, കുടിൽ വ്യവസായ ങ്ങളെ പ്രോൽസാഹിപ്പിക്കുക.

7. കോളനികളിൽ ഭൂമിസംരക്ഷണപണികൾ വ്യാപകമാക്കുക.

8. പട്ടകജാതി ഭവനങ്ങളുടെ അറ്റകുറ്റപ്പണിനടത്താൻ ആവ ശ്യമായ പണം അനുവദിക്കാൻ നടപടിയുണ്ടാകണം.

9. പട്ടയം ലഭിക്കാത്ത എല്ലാ പേർക്കും പട്ടയം നൽകുന്നതിന്നും, പട്ടയം ലഭിച്ചിട്ടും റവന്യൂസംബന്ധമായ തടസ്സങ്ങൾ മൂലം പട്ടയം സാധുവാക്കാതെ വന്നവരുടെ പ്രശ്നങ്ങല തീർക്കുന്ന തിനും പരിഗണനനൽകണം.

10. പട്ടികജാതിയിൽപ്പെട്ടവർക്കും മറ്റ് ഇതരവിഭാഗത്തിൽപ്പെട്ട സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കും രോഗ ചികി ത്സക്കാവശ്യമായി ഭാരിച്ച ചെലവുകൾ നേരിടേണ്ടിവരു മ്പോൾ അവരെസാമ്പത്തികമായി സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തുതലത്തിൽ ഇതിനായി പഞ്ചായത്ത് പ്രസിഡൻറിൻെറ പേരിൽ ഒരു ദുരിതാശ്വാസ നിധി സമാഹരിച്ച് സൂക്ഷിക്കാവുന്നതാണ്.

11. പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതോടൊപ്പം PSC, U.P.S.C. പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ യാത്രാബത്ത നൽകുന്നതിനും നടപടിയുണ്ടാകണം.

12. പട്ടികജാതി കോളനികളിൽ പൊതുശ്മാശാനം നിർബന്ധ മാക്കണം. ശ്മാശനം നിർമ്മിക്കാൻ സ്ഥലമുള്ള കോളനികളിൽ അടിയന്തരിമായി ശ്മശാനങ്ങൾ നിർമ്മിക്കണം.

# ഉപസംഹാരം

ഭാരതത്തിലെ ഗ്രാമങ്ങൾ സ്വയം സമ്പൂർണ്ണമാക്കുന്നതിലൂടെ മാത്രമെ രാജ്യത്തിൻെറ സ്വാതന്ത്ര്യം പൂർണ്ണമാകുകയുളളു എന്ന് നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപിതാവ് മഹാത്മജി പറഞ്ഞിട്ടുളളകാര്യമണല്ലോ? ഇത് സാദ്ധ്യമാകുന്നതിനാവശ്യമായ നിയമനിർമ്മാണം നടപ്പാക്കാൻ നമുക്ക് 50 വർഷം കാത്തിരിക്കേണ്ടിവന്നുവെന്നത് ഒരു പക്ഷേ വിമർശനങ്ങൾക്ക് കാരണമായേക്കാം. പരമപ്രധാനമായ ലക്ഷ്യം നേടുന്നതിനുളള പ്രധാന ചുവട്‌വെയ്പ്പാണ് നമ്മുടെ പാർലമെൻറ് പാസ്സാക്കിയ 73, 74 ഭരണഘടനഭേദഗതികൾ. 73-ാം ഭരണഘടന ഭേദഗതിയിലൂടെ രൂപം കൊണ്ട പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് ഒട്ടനവധി ഭരണപരമായ അധികാരങ്ങൾ നിയമം മൂലം വിഭാവനം ചെയ്യുന്നുണ്ടെങ്കിലും പരമപ്രധാനമായ സാമ്പത്തികാധികാരമില്ലായ്മ ഈ സ്ഥാപനങ്ങളെ വിഷമവൃത്തത്തിലാക്കിയിട്ടുണ്ട്. പ്രാദേശികമായി രൂപീകരിക്കപ്പെട്ട സർക്കാരുകളാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെന്നും ഓരോ ഗ്രാമത്തിലെയും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യാനുളള അധികാരങ്ങൾ പഞ്ചായത്തിനാണെന്ന് പറയുമ്പോഴും പണത്തിൻെറ അപര്യാപ്തമൂലം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പരിഹാസ്യരാകുന്ന ഒരു സ്ഥിതി വിശേഷമാണ് നമ്മുടെ മുവുവൻ പഞ്ചായത്തുകളിലുമുളളതെന്നാണ് എൻെറ വിശ്വാസം.

രാജ്യത്ത് നടപ്പാക്കുന്ന പഞ്ചവത്സരപദ്ധതികളെല്ലാം നാളിതുവരെയും ഉദ്യോഗസ്ഥ തലങ്ങളിലാണല്ലോ നിർവഹിക്കപ്പെട്ടിരുന്നത്. 8 പദ്ധതികളും പൂർത്തികരിക്കപ്പെടുന്ന സമയത്ത് പുനർവിചിന്തനത്തിന് നമ്മുടെ ഭരണാധികാരികൾ തയ്യാറായിരിക്കുന്നത് സ്വാഗതാർഹമാണ്. ഗ്രാമങ്ങളുടെ വികസനം സാദ്ധ്യമാക്കുന്നതിനുളള പദ്ധതികൾ നടപ്പാക്കുമ്പോൾ ഗ്രാമീണ ജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുകയെന്നത് ലക്ഷ്യം സാദ്ധ്യമാക്കുന്നതിനും പ്രതിസന്ധികളില്ലാതെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും നമുക്ക് സഹായകരമാകും. ലക്ഷ്യമിടുന്ന പണത്തിൻെറ 40%ത്തിലധികം തുക ഇടത്തട്ടുകാർക്കിടയിലൂടെ ചോർന്നു പോകുന്ന സ്ഥിതി വിശേഷമാണുണ്ടായിരുന്നത്. ഇതൊഴിവാക്കുന്നതിനും ജനങ്ങളുട അഭിപ്രായങ്ങൾ അറിഞ്ഞുകൊണ്ട് ചെലവുകുറഞ്ഞതും കാര്യക്ഷമവുമായ പദ്ധതികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കി ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും സമഗ്രവികസനം ഉറപ്പാക്കുന്നതിനാണ് സംസ്ഥാന ആസൂത്രണ ബോർഡും സംസ്ഥാനസർക്കാരും ജനകീയാ സൂത്രണപരിപാടിക്ക് രൂപം കൊടുത്തിട്ടുളളത്. സംസ്ഥാനപദ്ധതി വിഹിതത്തിൻെറ 35-40 ശതമാനം തുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നീക്കിവെക്കാനാണ് ആസൂത്രണബോർഡിൻെറ തീരുമാനം. സാമ്പത്തികമായി കൂടുതൽ അധികാരം നമുക്ക് ലഭിക്കുന്നതിലൂടെ കൂടുതൽ ചുമതലകളും കർത്തവ്യങ്ങളും നമ്മളിൽ നിക്ഷിപ്തമായിരിക്കുകയാണ്. മുൻകാലങ്ങളിൽ നാട്ടിൽ നടക്കുന്ന മുഴുവൻ കാര്യങ്ങളിലും ഉദ്യോഗസ്ഥന്മാരെ കുറ്റം പറഞ്ഞും സംസ്ഥാനഭരണാധികാരികളെ കുറ്റപ്പെടുത്തിയും മുന്നോട്ട് പോയിരുന്ന നമുക്ക് ഇനി അക്കാര്യങ്ങൾക്ക് അവകാശമില്ലാതാകുകയാണ്. അനുവദിച്ചുകിട്ടുന്ന തുക കക്ഷിരാഷ്ട്രീയ സങ്കുചിത ചിന്തകൾക്ക് അതീതമായി നമ്മുടെ ഗ്രാമത്തിൻെറ സമഗ്രവികസനത്തിന് ചെലവഴിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ സമഗ്രവികസനം സ്വപ്നം കാണുന്ന ഗ്രാമവാസികൾ ഗ്രാമസഭയിലൂടെ ഉയർത്തിയ നിരവധി ആവശ്യങ്ങൾ നമ്മുടെ പക്കലുണ്ട്. എല്ലാ ആവശ്യങ്ങളും സാദ്ധ്യമാക്കുക അപ്രായോഗികമാണെന്നതിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നില്ല. ലഭ്യമമായ പണം. ഏറ്റവും ഗുണകരമായ രീതിയിൽ ഫലപ്രദമായി വിനിയോഗിക്കുന്നതാണല്ലോ ശരിയായ ആസൂത്രണം. ആവശ്യങ്ങൾ സാങ്കേതികമായി പഠിച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്നവ പണത്തിൻെറ ലഭ്യതയനുസരിച്ച് പൂർണ്ണമായും നടപ്പാക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ജനകീയാ സൂത്രണ പ്രവർത്തനത്തിൻെറ തുടക്കം മുതൽ സഹകരിച്ച ഒട്ടനവധി സന്നദ്ധപ്രവർത്തകരുണ്ട്. എല്ലാവരുടെയും പേരെടുത്ത് പറയുന്നില്ല. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനും വിവരശേഖരണവും പഠനപര്യടനവും ഫലപ്രദമാക്കുന്നതിനും വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനും അരങ്ങിലും അണിയറയിലും ആത്മാർത്ഥമായി സഹകരിച്ച എല്ലാ സന്നദ്ധപ്രവർത്തകരോടും, ഉദ്യോഗസ്ഥന്മാരോടും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ജനകീയാസൂത്രണത്തിൻെറ തുടർപ്രവർത്തനങ്ങളിലും പദ്ധതിനടത്തിപ്പിലും മുഴുവൻ സന്നദ്ധപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും സേവനം അഭ്യർത്ഥിച്ചുകൊളളുന്നു.

പഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി

സ്നേഹപൂർവ്വം,

കെ.ആർ. ജയകുമാർ

(പ്രസിഡൻറ്)

## ജനപ്രതിനിധികൾ

പാർലമെൻറ്(മൂവാറ്റുപുഴ)-ശ്രീ.പി.സി. തോമസ്

| | | |
|---|---|---|
| നിയമസഭ (പിറവം) | - | ശ്രീ. ടി.എം.ജേക്കബ് |
| ജില്ലാപഞ്ചായത്ത് | - | ശ്രീ.സി.വി.ഔസേഫ് |
| ബ്ലോക്ക് പഞ്ചായത്ത് | - | ശ്രീ.സി.കെ. മണി (എടയ്ക്കാട്ടുവയൽ ഡിവിഷൻ) |
| | | കുമാരി. ഓമന., മുല്ലാമറ്റം (മുളന്തുരുത്തി ഡിവിഷൻ) |

പഞ്ചായത്തു ഭരണസമിതി

ശ്രീ.കെ.ആർ. ജയകുമാർ (പ്രസിഡൻറ്)

ശ്രീ.എം.സി. സജികുമാർ(വൈസ് പ്രസിഡൻറ്)

ശ്രീമതി. ചിന്നമ്മ പൗലോസ് (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ)

ശ്രീമതി. യു.പി. സാറാമ്മ (മെംബർ)

ശ്രീ. കെ.എ.രാമൻകുട്ടി ( )

ശ്രീ. ജോർജ്ജ് കുരുവിള ( )

ശ്രീ. ചെറിയാൻ കെ.അന്ത്രയോസ് ( )

ശ്രീ. എ.എൻ.വിശ്വനാഥൻ ( )

ശ്രീമതി.വൽസമ്മ ശാമുവേൽ ( )

| | |
|---|---|
| പഞ്ചായത്ത് സെക്രട്ടറി | ശ്രീ.അബ്രഹാം പീറ്റർ |

മുൻപഞ്ചായത്ത് പ്രസിഡൻറുമാർ

ശ്രീ. ഏ.ടി. കുറു അമ്പാട്ടിൽ

ശ്രീ. കൊച്ചോൽ കോർകുഴിയിൽ

ശ്രീ.എം.ജെ. മാത്യു. മീഞ്ചിറപ്പാട്ട്

ശ്രീ. എം.സി. പോൾ മീഞ്ചിറപ്പാട്ട്

ശ്രീ. കെ.ജെ.ജോൺ കരിമാലിൽ

ശ്രീ. ജെ.കെ. അമ്പാടൻ അമ്പാട്ടിൽ

ശ്രീ. പി.ഏ. കൃഷ്ണൻ പുതുക്കുളത്തിൽ

ശ്രീ. കെ.ഏ.രാമൻകുട്ടി കൈലാസ്

# അനുബന്ധം

289

## കൃഷി

### പരിഹാര നിർദ്ദേശങ്ങൾ

1. മൂവാറ്റുപുഴ ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ മൂവാറ്റുപുഴയാറിൽ ജലനിരപ്പ് താഴുന്നതിനും കൃഷിയിടങ്ങളിലേക്ക് ഓരുവെള്ളം കയറുന്നതിനും സാദ്ധ്യതയുണ്ട്. ഇതു ഒഴിവാക്കുന്നതിന് മൂവാറ്റുപുഴയാറിന് കുറുകെ പുലിമുഖത്ത് ഒരു തടയണ നിർമ്മിക്കണം.
2. തിരുമറയൂർ പുഞ്ചയിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം തൊട്ടൂർ ആശുപത്രിയുടെ ഭാഗത്തു നിന്നും പുഞ്ചയിലേക്ക് ഒരു ഫാം റോഡ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുക.
3. പരിഹാര നിർദ്ദേശങ്ങളിൽ നാലാമതായി ഉൾപ്പെടുത്തിയിരിക്കുന്ന പാടശേഖരങ്ങളുടെ പട്ടികയിൽ തെറ്റാലിപാടം, നടയ്ക്കകം പാടങ്ങൾ കൂടി ഉൾപ്പെടുത്തുകയും. വിഡാങ്ങര പാടത്തെ പഞ്ചായത്ത് അധീനതയിലുള്ള ചാൽ കർഷക പങ്കാളിത്തത്തോടെ താഴ്ത്തി വെള്ളം ശേഖരിച്ചു നിർത്തി കൃഷിക്കു ഉപയുക്തമാക്കുകയും ചെയ്യുക.
4. നെൽപാടം താഴ്ത്തുന്നതിനും നികത്തുന്നതിനും അനുമതി നൽകുന്നതിനു മുൻപ് പഞ്ചായത്തിന്റെ കൂടി അനുമതി നിർബന്ധമാക്കുക.
5. കൃഷിഭവനുകളിൽ നിലവിലുണ്ടായിരുന്നതും നിർത്തി വെച്ചതുമായ പരിശീലന സന്ദർശന പരിപാടി പുനരാരംഭിക്കുക.
6. തെങ്ങിനുണ്ടാകുന്ന കാറ്റു വീഴ്ച രോഗത്തിന് ഇൻഷുറൻസ് ആനുകൂല്യം ഉറപ്പാക്കുക.
7. കൃഷിക്കു പ്രഥമസ്ഥാനമുള്ള ഈ പഞ്ചായത്തിൽ ധാരാളം പാടശേഖരങ്ങളുണ്ട്. പാടശേഖരങ്ങളിലേക്ക് കൃഷിക്കാർക്ക് വിത്ത്, വളം, ഉഴവു യന്ത്രങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനും മറ്റും സൗകര്യ പ്രദമായ രീതിയിൽ ഫാം റോഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക സംസ്ഥാന സർക്കാരിൽ നിന്നു ലഭ്യമാക്കുക.

## ജലസേചനം

1. കാഞ്ഞിരമറ്റം M.D. യിൽ നിന്നും മുഴിൽതാഴത്തേക്ക് സബ്കനാൽ നിർമ്മിക്കുക.
2. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതിൽ 2-ാം വാർഡിലെ ഇടവട്ടം, വിടാങ്ങരക്കുന്ന് ഭാഗങ്ങൾകൂടി ഉൾപ്പെടുത്തുക.
3. വികസന സാധ്യതയുള്ളതും പഞ്ചായത്തിനു കൈമാറാൻ സാധ്യതയുള്ളതുമായ സ്വകാര്യ കുളങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

## മൃഗസംരക്ഷണം

1. ഇറച്ചിക്കോഴി കൃഷി അടിസ്ഥാനമാക്കി ആരംഭിക്കുന്ന സഹകരണ സ്ഥാപനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ B ക്ലാസ് ഷെയറുകൾ എടുക്കുന്നതിനു നടപടി സ്വീകരിക്കുക.
2. കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവയുടെ വിൽപ്പന നികുതി എടുത്തു കളയുക.
3. അന്യ സംസ്ഥാനങ്ങളിൽ നിന്നു കേരളത്തിലേക്കു കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾക്ക് പ്രവേശന നികുതി ചുമത്തുന്നതിനും രോഗനിവാരണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുക.
4. കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
5. ഇറച്ചിക്കോഴി കർഷകർക്ക് പുനർവായ്പാ സൗകര്യം ഏർപ്പെടുത്തുക.
6. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക.
7. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് രണ്ട് പെണ്ണാടുകളെ വീതം വിതരണം ചെയ്യുക. പ്രജനന പ്രോത്സാഹനത്തിനായി 10 യൂണിറ്റിന് ഒന്ന് എന്ന കണക്കിൽ ജമുനാപ്യാരി മുട്ടൻ ആടിനെ നൽകുക.
8. തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് വെച്ചൂർ പശുക്കളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.
9. ഗോബർഗ്യാസ് പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുക.
10. ആടുകൾക്ക് കൃത്രിമ ബീജസങ്കലനം ആരംഭിക്കുക.
11. കർഷക ബോധവൽക്കരണ പരിപാടി വ്യാപകമാക്കുക.

## വിദ്യാഭ്യാസം

### പരിഹാര നിർദ്ദേശങ്ങൾ

1. അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ പ്രാഥമിക സൗകര്യങ്ങളുടെ സാധ്യത സ്ക്കൂളുകളിൽ ഉറപ്പാക്കണം.
2. അധ്യാപകരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത ഉയർത്തണം.
3. പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി വികസന ഉപദേശക നിയന്ത്രണ സമിതികളായി പ്രവർത്തിക്കണം.
4. പഞ്ചായത്തിൽ അനുവദിക്കണ

മെന്ന് നിർദ്ദേശമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിൽ അഗ്രികൾച്ചർ, ഹോർട്ടിക്കൾച്ചർ, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ട്രേഡുകൾ ഉൾപ്പെടുത്തുക.

5. എല്ലാ സ്കൂളുകളിലും കായികാധ്യാപകരെ നിയമിക്കുന്നതിനും പാഠ്യേതര വിഷയങ്ങളിൽ പരീക്ഷ നടത്തുന്നതിനും പ്രമോഷന് ഇത് പരിഗണനാ വിഷയമാക്കുന്നതിനും നടപടി സ്വീകരിക്കുക.
6. അംഗൻവാടികൾ, സർക്കാർ നിയന്ത്രണത്തിലുള്ള പഠന സമ്പ്രദായത്തിൽ നിന്നും വ്യതിചലിക്കുന്നത് പഞ്ചായത്ത് നിയന്ത്രിക്കുക.
7. വിദ്യാഭ്യാസത്തോടൊപ്പം കൃഷി, കൈത്തൊഴിൽ എന്നിവയിൽ പരിജ്ഞാനം നേടത്തക്കവിധം പാഠ്യപദ്ധതി പരിഷ്ക്കരിക്കണം.
8. ഒന്നാം ക്ലാസ്സിലെ 'ഓൾ പ്രമോഷൻ' നിർത്തലാക്കുന്നതിനും, സാമാന്യ പരിജ്ഞാനം നേടിയവരെ മാത്രം വിജയിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.
9. വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിലും ഓരോ കുട്ടിയിലും പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനും നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കണം.
10. എല്ലാ സ്ക്കൂളുകളിലും ലൈബ്രറി, ലാബറട്ടറി സൗകര്യം എർപ്പെടുത്തണം.

## കുടിവെള്ളം

### പരിഹാര നിർദ്ദേശങ്ങൾ

1. എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതിയിൽ എടയ്ക്കാട്ടുവയൽ പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തുന്നതോടൊപ്പം എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ പാർപ്പാകോട്, ഓർമ്മിളക്കുന്ന്, കുവയ്ക്കാപ്പിള്ളി കോളനികൾക്കായി നടന്നുവരുന്ന ചെറുകിട പദ്ധതികളെ മായി ബന്ധപ്പെടുത്തി സംയോജിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.
2. എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ എറ്റവും കൂടുതൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന മനയിട കോളനി, മാങ്ങാടപ്പിള്ളി, ഊരകം എന്നിവിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

## പൊതുജനാരോഗ്യം

### പരിഹാര നിർദ്ദേശങ്ങൾ

1. ലൈസൻസുള്ള അറവു ശാലകളിൽ മാത്രം കശാപ്പ് നടത്തുന്നത് നിർബന്ധിതമാക്കുന്നതിനും പരിസര മലിനീകരണമുണ്ടാക്കാത്തവിധം ഇറച്ചി വിൽപ്പന നടത്തുന്നതിനും കർശന നടപടി സ്വീകരിക്കുക.
2. അംഗൻവാടികളിൽ 15 ദിവസത്തിലൊരിക്കൽ ഡോക്ടറുടെ സേവനം ഉറപ്പാക്കണം.
3. ഫാമിലി വെൽഫെയർ സെൻററുകളുടെ അറ്റകുറ്റപ്പണികൾ യഥാകാലം നടത്തുന്നതിനും JPHN മാർ സെൻററുകളിൽ താമസിക്കുന്നത് ഉറപ്പാക്കാനും നടപടി സ്വീകരിക്കുക.
4. ദിവസേന 200 ഓളം രോഗികൾ നിത്യേന വരുന്ന പാർപ്പാകോട് ഹോമിയോ ആശുപത്രിയിലെ മരുന്നിൻെറ അലോട്ട്മെൻറ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
5. ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന AIIMS ൻെറ മാതൃകയിൽ എറണാകുളം ജില്ലയിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. സ്ഥല പരിമിതി വലിയ ഒരു പ്രശ്നമായ പട്ടണ പ്രദേശത്തിനടുത്ത് സ്ഥാപിക്കുന്നതിനേക്കാൾ പട്ടണ പ്രദേശത്തിനടുത്ത് കിടക്കുന്ന എടയ്ക്കാട്ടു വയലിൽ ഈ ആശുപത്രി സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും. കുറഞ്ഞ വിലയ്ക്കു ഭൂമി ലഭ്യമാകുന്ന എടയ്ക്കാട്ടു വയൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

## ഗതാഗതം - മാർക്കറ്റ്

### ഗതാഗതം

പുതിയതായി ടാർ ചെയ്യേണ്ട റോഡുകളുടെ ലിസ്റ്റിൽ വെളിയനാട്-കണ്ണങ്ങായത്തുതാഴം റോഡ്, പള്ളിക്കനിരപ്പ്- ത്രിവേണി റോഡ്, രാജീവ് കോളനി-ത്രിവേണി റോഡ് എന്നീ റോഡുകൾ കൂടി ഉൾപ്പെടുത്തുന്നു.

ലിങ്ക് റോഡുകൾ:-

1. 3-ാം വാർഡിലെ പാർപ്പാകോട് - പട്ടിക ജാതി കോളനിയെയും 2-ാം വാർഡിലെ ഓർമ്മിളക്കുന്ന് പട്ടികജാതി കോളനിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന മുതയിൽ താഴം റോഡ് നിർമ്മിക്കുക.
2. 4-ാം വാർഡിൽ മനയിൽ പറമ്പ്- തേരാലിക്കുന്നു റോഡ്
3. 5-ാം വാർഡിൽ അമ്പാട്ടുകുഴി - മലേപ്പിള്ളിതാഴം റോഡ് ചെറുകരപ്പടി വരെ നീട്ടി തുനാട് റോഡുമായി ബന്ധിപ്പിക്കുക.
4. വെള്ളാരം കാല-തൊട്ടൂർ പുഞ്ച റോഡ് MLA റോഡുമായി ബന്ധിപ്പിക്കുക.
5. ആരക്കുന്നത്തും പേപ്പതിയിലും ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കുക.
6. ആരക്കുന്നം - മറ്റത്താം കടവ് റോഡിൽ റെയിൽവേ ഗേറ്റ് സ്ഥാപിക്കുക.
7. ബസ് സർവീസുള്ള റോഡുകളിലെ പ്രധാന ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

## മാർക്കറ്റ്

എടയ്ക്കാട്ടു വയൽ, പേപ്പതി എന്നിവിടങ്ങളിൽ മാർക്കറ്റ് സ്ഥാപിക്കുക.

# വിഭവ സമാഹരണം



പ്രഥമ-ദ്വിതീയ-ത്രിതീയ മേഖലകളിലായി നാം ചർച്ച ചെയ്ത എല്ലാ കാര്യങ്ങളും ക്രോഡീകരിച്ചു കൊണ്ട് അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടാണ് വിഭവ സമാഹരണത്തെ കാണേണ്ടത്. പഞ്ചായത്തിൻെറ ധനസ്ഥിതിയുടെ ഒരു യഥാർത്ഥ ചിത്രം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതു കൂടാതെ മറുനാടുകളിലും ഗൾഫ് മേഖലയിലും ജോലിയ്ക്കായി നമ്മുടെ പഞ്ചായത്തിൽ നിന്നും പോയിട്ടുള്ളവരുടെ സഹകരണത്തോടെ അവരുടെ സമ്പാദ്യങ്ങൾ നമ്മുടെ വ്യവസായ-കാർഷിക മേഖലകളിലേയ്ക്കു തിരിച്ചു വിടുന്നതിനുള്ള സാദ്ധ്യതകളും പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ വിവരങ്ങളും പരിഗണിക്കേണ്ടതാവശ്യമാണ്.

1. പഞ്ചായത്തിൻെറ വരവു ചിലവു കണക്കുകൾ:- 1991-92 മുതൽ 1995-96 വരെയുള്ള എടയ്ക്കാട്ടുവയൽ പഞ്ചായത്തിൻെറ വരവും ചിലവും താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വർഷം | വരവ്(രൂപ) | ചിലവ്(രൂപ) |
|---|---|---|---|
| 1 | 1991-92 | 334153 | 579726 |
| 2 | 92-93 | 425362 | 827447 |
| 3 | 93-94 | 456286 | 779529 |
| 4 | 94-95 | 443959 | 863801 |
| 5 | 95-96 | 781381 | 826732 |

ഈ കണക്കുകൾ പരിശോധിച്ചാൽ, കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പഞ്ചായത്തിൻെറ വരുമാനം ഇരട്ടിയിൽ അധികമായിട്ടുണ്ടെന്നു കാണാം. എന്നാൽ ചിലവ് അത്രയേറെ വർദ്ധിച്ചതായി കാണുന്നില്ല.

കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയാണ് ഈ പഞ്ചായത്തിൻെറ പ്രധാന തനതു വരുമാന മാർഗ്ഗങ്ങൾ. കഴിഞ്ഞ 5 വർഷത്തെ മേൽപ്പറഞ്ഞ ഇനങ്ങളിൽ നിന്നുള്ള വരുമാനം ഒരു പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ആകെ |
|---|---|---|---|---|
| 1 | 1991-92 | 83943 | 63454 | 147397 |
| 2 | , 92-93 | 85533 | 61530 | 147063 |
| 3 | 93-94 | 126345 | 63710 | 190055 |
| 4 | 94-95 | 127228 | 75816 | 203044 |
| 5 | 95-96 | 139116 | 86385 | 225501 |

ഈ പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിൻെറ ധനവരുമാന മാർഗ്ഗത്തിൻെറ പോരായ്മ നമുക്ക് ബോദ്ധ്യപ്പെടുന്നതാണ്. കെട്ടിട നികുതി ചുമത്തുന്ന രീതിയിലും പിരിച്ചെടുക്കുന്ന രീതിയിലും കാര്യമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന രൂപയുടെ മൂല്യമാറ്റത്തിനനുസരിച്ച് മേൽകൊടുത്ത നികുതികൾ പുനർനിർണ്ണയം ചെയ്യേണ്ടത് വളരെ ആവശ്യമാണ്.

2. അന്യനാടുകളിൽ ജോലിക്കുപോയവർ:

എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ നിന്നും ഗൾഫ് മേഖലയിൽ ജോലിതേടിപ്പോയവർ ഏകദേശം നൂറുപേരും മറ്റുനാടുകളിൽ ജോലിതേടിപ്പോയവർ ഏകദേശം 400 പേരും ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇവരുടെ ധനസ്ഥിതിയെപ്പറ്റിയോ, തൊഴിലിനെപ്പറ്റിയോ യഥാർത്ഥ വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. വാർഡ് തലത്തിൽ ഇത്തരത്തിലുള്ള ഒരു വിവര ശേഖരണം നടത്തിയാൽ അവരുമായി ബന്ധപ്പെടുന്നതിനും, പഞ്ചായത്തു തലത്തിലുള്ള വികസന പ്രവർത്തനങ്ങളിൽ അവരുടെ സമ്പാദ്യങ്ങൾ കൂടി പ്രയോജനപ്പെടുത്തത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും കഴിയും.

3. ധനകാര്യ സ്ഥാപനങ്ങൾ

എടയ്ക്കാട്ടുവയൽ പഞ്ചായത്തിനകത്തു പ്രവർത്തിക്കുന്ന കാനറാ ബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക് എന്നിവയാണ് ഈ പഞ്ചായത്തിൽ സേവനം നൽകിക്കൊണ്ടിരിക്കുന്ന വാണിജ്യ ബാങ്കുകൾ. ഗ്രാമീണ ജനങ്ങളുടെ ഉന്നമനത്തിനായി പല വിധത്തിലുള്ള പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിൽ കാനറാ ബാങ്ക് മുന്നിട്ടു നിൽക്കുന്നു. താഴ്ന്ന വരുമാനക്കാരായവർക്ക് സ്വയം തൊഴിൽ വായ്പകളും മറ്റു ധനകാര്യവായ്പകളും ഈ ബാങ്കുകൾ നൽകിവരുന്നു.

വെളിയനാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 29, എടയ്ക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 389, തിരുമറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 809 എന്നീ പ്രാദേശിക സഹകരണ ബാങ്കുകളും 326-ാം നമ്പർ കണയന്നൂർ സഹകരണ കാർഷിക വികസന ബാങ്കും മുളന്തുരുത്തി ഹൗസിംഗ് സൊസൈറ്റിയുമാണ് സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ.

കണയന്നൂർ സഹകരണ കാർഷിക വികസന ബാങ്കിൽ 3000-ത്തോളം അംഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളവരാണ് അതുപോലെ മുളന്തുരുത്തി ഹൗസിംഗ് സൊസൈറ്റിയിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ഏകദേശം 31 പേർ അംഗങ്ങൾ ആയുണ്ട്. വിവിധ ഇനം വായ്പാ പദ്ധതികളിലായി എടയ്ക്കാട്ടുവയൽ പഞ്ചായത്തു പ്രദേശത്തുള്ളവർക്ക് ഈ ബാങ്കുകൾ നൽകിയിട്ടുള്ള വായ്പാ വിവരങ്ങൾ ചുവടെ പട്ടികയായി കൊടുക്കുന്നു.

292

| ക്രമ നമ്പർ | ബാങ്കിൻെറ പേര് | ഗുണ ഭോക്താക്കൾ | വായ്പാ ഇനം | നൽകിയ തുക (ലക്ഷം) |
|---|---|---|---|---|
| 1. | കണയന്നൂർ | 120 | സാധാരണ | 44 |
| | സഹകരണ | 150 | ഭവന നിർമ്മാണം | 103 |
| | കാർഷിക | 735 | പദ്ധതി | 190 |
| | വികസന | 58 | ചെറുകിട വ്യവസായം | 18 |
| | ബാങ്ക് | 30 | വാഹനം | 60 |
| 2. | മുളന്തുരുത്തി | 31 | ഭവന നിർമ്മാണം | 15.52 |
| | ഹൗസിംഗ് | | | |
| | സഹകരണ സംഘം | | | |

പ്രാദേശിക സഹകരണ സംഘങ്ങൾ നൽകിയ വായ്പകളുടേയും മറ്റും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | ആകെ അംഗങ്ങൾ | ആകെ നിക്ഷേപം (രൂപ). | നൽകിയ വായ്പകൾ (രൂപ) | | | |
|---|---|---|---|---|---|---|---|
| | | | | കാർഷികം | മറ്റിനം | പ്രത്യേകം | ആകെ |
| 1. | വെളിയനാട് സഹകരണ സംഘം ക്ലിപ്തം നമ്പർ 29 | 2879 | 2210602 | 805053 | 12774 | 751039 | 1568866 |
| 2. | എടയ്ക്കാട്ടുവയൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ389 | 3214 | 10500000 | 625000 | 6500000 | 600000 | 7725000 |
| 3. | തിരുമറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 809 | 4321 | 4006842 | 252409 | 2947591 | — | 3200000 |

മുകളിൽ കൊടുത്തിട്ടുള്ള പട്ടികകൾ പരിശോധിച്ചാൽ എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വളരെയധികം തുക ഈ സ്ഥാപനങ്ങൾ മുടക്കിയിട്ടുള്ളതായിക്കാണാം. എന്നാൽ വായ്പാ തിരിച്ചടവിൻെറ കാര്യത്തിൽ ഗുണഭോക്താക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്ന പരാതി ഈ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇത് വളരെ ഗൗരവം അർഹിക്കുന്ന ഒരു കാര്യമാണ്. തിരിച്ചടവ് ഇല്ലാതാകുമ്പോൾ വായ്പ നൽകുന്നതിന് ബാങ്കുകൾ വിസമ്മതിക്കുകയും അത് വായ്പ ലഭിക്കാൻ അർഹതയുള്ളവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

ജനകീയ ആസൂത്രണ പരിപാടിയിലൂടെ കൂടുതൽ ജനോപകാരപ്രദമായ പരിപാടികൾ നടപ്പാക്കുന്നതിനായി ഇത്തരം ധനകാര്യസ്ഥാപനങ്ങളെത്തന്നെ ആശ്രയിക്കേണ്ടിവരുമ്പോൾ പല പദ്ധതികളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥതന്നെ വന്നുചേരുകയും ചെയ്യുന്നു.

യൂണിയൻ ബാങ്ക്, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയാണ് നമ്മുടെ പഞ്ചായത്തിൻെറ ധനകാര്യ രംഗത്ത് പ്രവർത്തിക്കുനന മറ്റ് സ്ഥാപനങ്ങൾ. ബാങ്കുകളല്ലാതെ, സ്വകാര്യ ചിട്ടികൾ നടത്തുന്ന ചില സ്ഥാപനങ്ങളും വ്യക്തികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയെപ്പറ്റി കൃത്യമായ കണക്കുകൾ നിലവിൽ ലഭ്യമല്ല.

**4. മനുഷ്യവിഭവശേഷി:-**

ലഭ്യമായ കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 8547 പുരുഷൻമാരും 8490 സ്ത്രീകളും ഉൾപ്പടെ ആകെ ജനസംഖ്യ 17037 ആണ്. വോട്ടേഴ്സ് ലിസ്റ്റ് പ്രകാരം ഏകദേശം 12000 പേർ 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ളവരാണ്. ഇവരിൽ 89 ശതമാനം ആളുകൾക്കും സാമാന്യ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ട്. സാമാന്യ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിൽ 20 ശതമാനം ആളുകളും ബിരുദവും ബിരുദാനന്തരബിരുദവും നേടിയവരും 35 ശതമാനം പേർ വിവിധ വിഷയങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയവരും ആണ്. വിവിധ മേഖലകളിൽ പണിയെടുക്കുന്നവരാണ് 90 ശതമാനം ആളുകളും. എന്നിരുന്നാലും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് കായിക ശേഷിയും ബുദ്ധിശക്തിയും പ്രയോജനപ്പെടുത്താൻ സന്നദ്ധതയുള്ള 10 ശതമാനം ആളുകളെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നുള്ളത് ശുഭോദർക്കമാണ്.

പണിയെടുക്കുന്നവരാണ് 90 ആളുകളും. എന്നിരുന്നാലും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് കായിക ശേഷിയും ബുദ്ധി ശക്തിയും പ്രയോജനപ്പെടുത്താൻ സന്നദ്ധതയുള്ള 10 ആളുകളെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നുള്ളത് ശുഭോദർക്കമാണ്.

**5. ഭൂവിഭവശേഷി:**

ആകെയുള്ള 6689 ഏക്കർ ഭൂമിയിൽ 5083 ഏക്കർ പുരയിടവും 1324 ഏക്കർ നിലവും 77 ഏക്കർ പുറമ്പോക്കും 205 ഏക്കർ തരിശും ആയിട്ടാണ് എടയ്ക്കാട്ടുവയൽ പഞ്ചായത്തിൻെറ ഭൂവിഭവ ശേഷിയുള്ളത്. കൃഷിക്കുപയുക്തമാ

ക്കാവുന്ന ഏകദേശം 150 ഏക്കറോളം ഭൂമി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി കിടക്കുന്നുണ്ട്. കുന്നുകളും തടങ്ങളും കൊണ്ട് നിറഞ്ഞു കിടക്കുന്ന ഈ ഭൂവിഭാഗത്തെ ആസൂത്രിതമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വികസന രംഗത്ത് അതൊരു പുത്തൻ കാൽവെപ്പായിരിക്കും.

### 6. കാർഷിക വിഭവങ്ങൾ:

നെല്ലാണ് നമ്മുടെ പഞ്ചായത്തിലെ മുഖ്യ ഭക്ഷ്യവിള. ഒന്നാം വിളയിൽ 321 ഏക്കറിൽ നിന്നും 410 മെട്രിക് ടൺ നെല്ലും രണ്ടാം വിളയിൽ 1324 ഏക്കറിൽ നിന്നും 2332 മെട്രിക് ടൺ നെല്ലും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. മുഖ്യനാണ്യ വിളയായ റബർ ഈ പഞ്ചായത്തിൽ ഏകദേശം 1260 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു. ഒരു വർഷം ഏകദേശം 6375 മെട്രിക് ടൺ റബറാണ് നമ്മൾ ഉല്പാദിപ്പിക്കുന്നത്. മറ്റ് പ്രധാന കാർഷിക വിളകൾ തെങ്ങ്, കമുക്, വാഴ, കുരുമുളക്, മാവ്, പ്ലാവ്, മരച്ചീനി, പച്ചക്കറികൾ എന്നിവയാണ്. ഇവ കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിൻെറ ഏകദേശ വിസ്തീർണ്ണവും ഉല്പാദനവും ഒരു പട്ടികയായി താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ. | വിളയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം (മെട്രിക്ടൺ/എണ്ണം) |
|---|---|---|---|
| 1 | തെങ്ങ് | 160 | 1468800 |
| 2 | കമുക് | 35· | 245 M.T. |
| 3 | വാഴ | 112 | 876 M.T. |
| 4 | കുരുമുളക് | 43 | 21.5 M.T. |
| 5 | മാവ് | 80 | 256 M.T. |
| 6 | പ്ലാവ് | 64 | 240 M.T. |
| 7 | മരച്ചീനി | 11 | 132 M.T. |
| 8 | പച്ചക്കറി | 12 | 48 M.T. |

ജലസേചന സൗകര്യവും നല്ല നടീൽ വസ്തുക്കളും ഉപയോഗിച്ച് ശാസ്ത്രീയമായി കൃഷി ചെയ്താൽ മേൽകാണിച്ച വിളകളിൽ നിന്ന് കൂടുതൽ ഉല്പാദനം ഉണ്ടാക്കാവുന്നതാണ്.

### 7. മൃഗസമ്പത്ത്:

ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലഭിച്ച കണക്കുകളിൽ 292 നാടൻ കറവപശുക്കളും 714 സങ്കര വർഗ്ഗ പശുക്കളും എടയ്ക്കാട്ടു വയൽ പഞ്ചായത്തിൽ ഉള്ളതായി കണക്കാക്കാം. ഇവയിൽ നിന്നും ഏകദേശം 925 ലിറ്റർ പാൽ മാത്രമാണ് ദിനംപ്രതി വിൽപ്പനയ്ക്കെത്തുന്നത്. ഇത് വളരെ കുറഞ്ഞ ഉല്പാദനമാണെന്നു പറയേണ്ടതില്ലല്ലോ. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുകയും മൃഗാസ്പത്രിയുടെ സഹകരണത്തോടെ സമഗ്രമായ കന്നുകാലി സംരക്ഷണ പരിപാടി നടപ്പാക്കുകയും ചെയ്താൽ ഇന്നുള്ളതിൻെറ ഇരട്ടിയോളം പാൽ ഉല്പാദിപ്പിക്കുന്നതിന് നമുക്കു കഴിയും.

മേൽപറഞ്ഞ പശുക്കളെ കൂടാതെ ഉഴവു ജോലിക്കായി ഏകദേശം 40 പോത്തുകളെയും ഈ പഞ്ചായത്തിൽ വളർത്തുന്നുണ്ട്. ഇവിടെ ഏകദേശം 3400 ആടുകളെ വളർത്തുന്നുണ്ടെന്നാണ് കണക്ക്.

ആടുമാടുകളെ കൂടാതെ ഏകദേശം 50,000 ഇറച്ചിക്കോഴികളേയും 2500 മുട്ടക്കോഴികളെയും ഈ പഞ്ചായത്തിൽ വളർത്തുന്നുണ്ട്. മുയൽ, പന്നി എന്നീ മൃഗങ്ങളെയും ഇറച്ചിയുടെ ആവശ്യത്തിനായി വളരെ പരിമിതമായ തോതിൽ ഇവിടെ വളർത്തി വരുന്നു.

### നിർദ്ദേശങ്ങൾ

1. കെട്ടിട നികുതി പുനഃസംവിധാനം ചെയ്യുക. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പഞ്ചായത്ത് സെക്രട്ടറി, രണ്ട് പഞ്ചായത്തു കമ്മറ്റി അംഗങ്ങൾ എന്നിവരും മൂന്ന് സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ഒരു സംഘം പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച് സർവ്വേ നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നികുതി പുതുക്കി നിശ്ചയിക്കണം. 1.5 ലക്ഷം രൂപവരെ ചിലവുള്ള കെട്ടിടങ്ങൾക്ക് ചിലവിൻെറ 6% (Low Class) 1.5 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെ ചിലവുള്ള കെട്ടിടങ്ങൾക്ക് ചിലവിൻെറ 8% (Medium Class) 3 ലക്ഷം രൂപയ്ക്കു മുകളിൽ ചിലവുള്ള കെട്ടിടങ്ങൾക്ക് ചിലവിൻെറ 10% (High Class) എന്നിങ്ങനെ സ്ലാബുകളാക്കി തിരിച്ച് നികുതി ഏർപ്പെടുത്തുക. ഇങ്ങനെ ചെയ്താൽ കെട്ടിട നികുതിയിനത്തിലെ വരവ് 4,50,000 രൂപായായി വർദ്ധിക്കുന്നതാണ്.
2. തൊഴിൽ നികുതിയിനത്തിൽ ഉദ്യോഗസ്ഥരുടെ നികുതി മാത്രമാണ് സ്ലാബ് വ്യവസ്ഥയനുസരിച്ച് കൃത്യമായി ഈടാക്കുന്നത്. വ്യാപാരി-വ്യവസായി-കർഷകാദി വിഭാഗങ്ങളുടെ യഥാർത്ഥ വരുമാനവുമായി യാതൊരു പൊരുത്തവുമില്ലാത്ത വിധത്തിൽ തുച്ഛമായ നികുതി ഈടാക്കുന്നതവസാനിപ്പിച്ച നീതി പൂർവ്വകമായ രീതിയിൽ നികുതി ചുമത്തിയാൽ ഇന്നത്തേതിൻെറ 5 ഇരട്ടി വരുമാനം ഈ ഇനത്തിലുണ്ടാക്കാം. സാദ്ധ്യമെങ്കിൽ Returns സമർപ്പിക്കാൻ വ്യവസ്ഥ ചെയ്ത് അതിൻെറ അടിസ്ഥാനത്തിൽ നികുതി ചുമത്തുക.
3. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുക. ഉദാഹരണസഹിതം ഇക്കാര്യങ്ങൾ അവതരിപ്പ... ഗ്രാമസഭകളിൽ നിന്നു തന്നെ അനുകൂലമായ പ്രതികരണവും പ്രോത്സാഹജനകമായ സഹകരണവും ഉണ്ടാക്കിയെടുക്കാവുന്നതാണ്.
4. വസ്തു കൈമാറ്റ വില സംബന്ധിച്ച് തദ്ദേശ സ്ഥാപനത്തിൻെറ സാക്ഷ്യപത്രത്തിൻെറ അടിസ്ഥാനത്തിൽ മാത്രം വസ്തു കൈമാറ്റ രജിസ്ട്രേഷൻ അനുവദിച്ചാൽ രജിസ്ട്രേഷൻ ഫീസിനത്തിലെ വൻവെട്ടിപ്പ് ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. വസ്തു കൈമാറ്റ നികുതിയിനത്തിൽ പഞ്ചായത്തിന് അർഹമായ വിഹിതം കണക്കാക്കി വാങ്ങുവാനും ഇതു സഹായിക്കും.
5. പഞ്ചായത്തിൽ നിന്നും കച്ചവടം ചെയ്തു വെട്ടിക്കയറ്റി കൊണ്ടുപോകുന്ന വൃക്ഷങ്ങൾക്ക് ഒരു നിശ്ചിത നിരക്കിൽ നികുതി ഏർപ്പെടുത്തുക.
6. ഓരോ സ്കീമുകളുടേയും ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് അതിനെക്കുറിച്ച് വിശദീകരിക്കുകയും അതിലേക്ക് ലഭ്യമാക്കാവുന്ന സന്നദ്ധ പ്രവർത്തനങ്ങളുടേയും സംഭാവനകളുടെയും പങ്ക് നിർണ്ണയിക്കുകയും ചെയ്യുക.
7. കോൺട്രാക്റ്റ് പണികൾ കഴിയുന്നത്ര ഒഴിവാക്കണം. പദ്ധതികളുടെ നിർമ്മാണച്ചുമതല ഗുണഭോക്താക്കളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയെ ഏല്പിക്കണം.
8. പഞ്ചായത്ത് വക റോഡിലെ സ്ഥല സൗകര്യം ഉപയോഗിച്ച് മറ്റു ഡിപ്പാർട്ടുമെൻറുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തുക.
9. പദ്ധതി നടത്തിപ്പിൽ വിദേശ മലയാളികളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക.
10. പദ്ധതി നടത്തിപ്പിന് സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം അവയുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായവും ചെയ്തു കൊടുക്കുക.
11. ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേക നിധി രൂപീകരിക്കുക.
12. പദ്ധതി നടപ്പാക്കുന്നതിന് സ്പോൺസർഷിപ്പ് സൗകര്യം പ്രയോജനപ്പെടുത്തുക.
13. വരവ് ചെലവ് കണക്കുകൾ യഥാസമയം അതാത് ഗ്രാമസഭകളിൽ അവതരിപ്പിച്ച് സുതാര്യത ഉറപ്പു വരുത്തുക.
14. വായ്പാ സാദ്ധ്യതകളും ഗ്രാൻറുകളും പരമാവധി പ്രയോജനപ്പെടുത്തുക.

# ഭൂപ്രകൃതി

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

[അവലംബം:വില്ലേജ് ആഫീസ്, എടയ്ക്കാട്ടു വയൽ]

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ. |
|---|---|---|---|---|---|
| എടയ്ക്കാട്ടുവയൽ | 3770 | 475 | 240 | - | 4485 |
| കൈപ്പട്ടൂർ | 1474 | 429 | 130 | - | 2033 |
| ആകെ | 5244 | 904 | 370 | - | 6518 |

## 1. കൃഷി.

### നടീൽ വസ്തു വിതരണം.

[അവലംബം: കൃഷിഭവൻ, വെളിയനാട്]

| ക്രം. ന. | ഇനം | എണ്ണം 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | തെങ്ങ് | 442 | 530 | 686 |
| 2 | കുരുമുളക് | - | 7000 | 2000 |
| 3 | കവുങ്ങ് | - | - | 80 |
| 4 | ജാതി | - | 115 | - |
| 5 | ഗ്രാമ്പൂ | - | 75 | 135 |
| 6 | കൊക്കോ | - | - | 11 |
| 7 | പച്ചക്കറി വിത്ത് | 650 പായ്ക്കറ്റ് | 650 പായ്ക്കറ്റ് | 435 പായ്ക്കറ്റ് |

### കാലികവിള വിസ്തീർണ്ണവും ഉത്പാദനവും

| ക്രം. ന. | വിളയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉത്പാദനം |
|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 130 | 409.5 M. T. |
| 2 | നെല്ല് (രണ്ടാം വിള) | 536 | 2331.6 M. T. |
| 3 | പയർ | 20 | 28.4 M. T. |
| 4 | എള്ള് | 4 | 960 Kg. |
| 5 | പച്ചക്കറി | 12 | 48 M. T. |
| 6 | മഞ്ഞൾ | 5 | 1 M. T. |
| 7 | ഇഞ്ചി | 2 | 0.25 M. T. |

## 2.മൃഗസംരക്ഷണം

### വളർത്തു പക്ഷിസംഖ്യ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| പൂവൻ കോഴി | 86 | 57 | 36 | 81 | 73 | 69 | 58 | 95 | 67 | 622 |
| പിടക്കോഴി (മുട്ട ഇടുന്നത്) | 216 | 169 | 379 | 276 | 263 | 462 | 360 | 168 | 201 | 2494 |
| (മുട്ട ഇടാത്തത്) | 1781 | 2670 | 5800 | 1839 | 3100 | 2600 | 3260 | 1632 | 987 | 23669 |

### വളർത്തു മൃഗസംഖ്യ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| കാള | — | — | 4 | 1 | 1 | 1 | — | 1 | 1 | 9 |
| പശു | 168 | 186 | 147 | 162 | 235 | 188 | 180 | 210 | 187 | 1663 |
| പോത്ത് | 4 | 2 | — | 2 | — | 2 | — | 12 | 18 | 40 |
| ആട് | 380 | 520 | 362 | 279 | 398 | 402 | 289 | 369 | 400 | 3399 |
| പട്ടി | 56 | 72 | 82 | 33 | 67 | 58 | 89 | 61 | 58 | 576 |

## 3. വിദ്യാഭ്യാസം

### എ. കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്ലാസ് | ആകെ കുട്ടികൾ ആൺ | പെൺ | ആകെ | SC/ST കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| 1 | 137 | 108 | 245 | 20 | 17 | 37 |
| 2 | 139 | 113 | 252 | 15 | 20 | 35 |
| 3 | 120 | 116 | 236 | 16 | 17 | 33 |
| 4 | 129 | 114 | 243 | 19 | 17 | 36 |
| 5 | 70 | 77 | 147 | 5 | 11 | 16 |
| 6 | 83 | 94 | 177 | 12 | 12 | 24 |
| 7 | 80 | 85 | 165 | 12 | 12 | 24 |
| 8 | 76 | 68 | 144 | 6 | 6 | 12 |
| 9 | 92 | 63 | 155 | 7 | 9 | 16 |
| 10 | 60 | 73 | 133 | 7 | 13 | 20 |

## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്കൂളുകളുടെ എണ്ണം: H. S. സർക്കാർ | H. S. എയ്ഡഡ് | H. S. അൺ എയ്ഡഡ് | H. S. മറ്റുള്ളവ | H. S. ആകെ | U. P. S. സർക്കാർ | U. P. S. എയ്ഡഡ് | U. P. S. അൺ എയ്ഡഡ് | U. P. S. മറ്റുള്ളവ | U. P. S. ആകെ | L. P. S. സർക്കാർ | L. P. S. എയ്ഡഡ് | L. P. S. അൺ എയ്ഡഡ് | L. P. S. മറ്റുള്ളവ | L. P. S. ആകെ | നഴ്സറി സർക്കാർ | നഴ്സറി പഞ്ചാ.വക | നഴ്സറി സ്വകാര്യം | നഴ്സറി ആകെ | അംഗൻവാടികൾ സർക്കാർ | അംഗൻവാടികൾ സ്വകാര്യം | അംഗൻവാടികൾ ആകെ | പാരലൽ കോളജ് സ്കൂൾ ക്ലാസ്സുകൾ | പാരലൽ കോളജ് കോളേജ് ക്ലാസ്സുകൾ | പാരലൽ കോളജ് സ്കൂൾ + കോളേജ് ക്ലാസ്സുകൾ | പാരലൽ കോളജ് ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | | | | | | | | | | | | 1 | | | 1 | | | | | 1 | | 1 | | | | |
| II | | | | | | | | | | | | 1 | | | 1 | | | | | 2 | | 2 | | | | |
| III | | | | | | | 1 | | | 1 | | | | | | | | | | 3 | | 3 | | | 2 | 2 |
| IV | | | | | | | | | | | | 1 | | | 1 | | | | | 2 | | 2 | | | | |
| V | | | | | | 1 | | | | 1 | | 1 | | | 1 | 1 | | 2 | 3 | 2 | | 2 | | | | |
| VI | | 1 | | | 1 | | | | | | | 1 | 1 | | 2 | | | | | 1 | | 1 | | | | |
| VII | | | | | | | | | | | | 1 | | | 1 | | | | | 2 | | 2 | | | | |
| VIII | | | | | | | | | | | | | | | | | | | | 1 | | 1 | | | | |
| IX | | | | | | | | | | | | 1 | | | 1 | | | | | 2 | | 2 | | | | |
| ആകെ | | 1 | | | 1 | 1 | 1 | | | 2 | | 7 | 1 | | 8 | 1 | | 2 | 3 | 16 | | 16 | | | 2 | 2 |

### 4. കുടിവെള്ളം

കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ
(പഞ്ചായത്തു വക)

| വാർഡ് | കുളം (എണ്ണം) | കിണർ (എണ്ണം) | ആകെ (എണ്ണം) |
|---|---|---|---|
| 1 | 3 | 5 | 8 |
| 2 | 3 | 10 | 13 |
| 3 | 4 | 8 | 12 |
| 4 | 3 | 8 | 11 |
| 5 | 5 | 7 | 12 |
| 6 | 3 | 12 | 15 |
| 7 | 2 | 16 | 18 |
| 8 | — | 10 | 10 |
| 9 | 1 | 9 | 10 |
| ആകെ | 24 | 85 | 109 |

### 5.പൊതുജനാരോഗ്യം

ആസ്പത്രികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | ഡിസ്പെൻസറി സർക്കാർ | ഡിസ്പെൻസറി സ്വകാര്യം | ഡിസ്പെൻസറി ആകെ | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സർക്കാർ | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്വകാര്യം | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ആകെ | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| അലോപ്പതി | 2 | 2 | 4 | 3 | — | 3 | 36 |
| ആയുർവേദം | 1 | 2 | 3 | — | — | — | 7 |
| ഹോമിയോ | 1 | 2 | 3 | — | — | — | 6 |

## പകർച്ച വ്യാധിവിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 5632 | 15840 | 248 | 15459 |
| 94-95 | 6218 | 16204 | 92 | 15507 |
| 95-96 | 5742 | 14422 | 144 | 12999 |

## വിഭവസമാഹരണം -ഗ്രാൻറ് വിവരങ്ങൾ

| വർഷം | VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25% രൂപ | 75% രൂപ | Spl. Grand രൂപ | JRY രൂപ | അൺ ടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|---|
| 90-91 | 33468 | 15696 | 13020 | 50000 | 131264 | 40000 | 302825 | 170000 | 756273 |
| 91-92 | 31282 | 15696 | 27127 | — | 120638 | — | 379300 | 170000 | 744043 |
| 92-93 | 30634 | 15696 | 53676 | 50000 | 179865 | — | 266600 | 190000 | 732795 |
| 93-94 | 30235 | 15696 | 23000 | 50000 | 229448 | — | 304050 | 193280 | 845709 |
| 94-95 | 30438 | 15696 | 114206 | 200000 | 196438 | — | 247800 | 265000 | 1069578 |
| 95-96 | 30033 | 15696 | 146565 | 351107 | 171878 | 25000 | 274418 | 276700 | 1291397 |

Book. No. 3


# ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട് - '96

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയപദ്ധതി

NAYANA ARAYANKAVU


MAP OF AMBALLUR PANCHAYATH
N
S
MULANTHURUTHY PANCHAYATH
To E.K.M.
I
II
III
PANCHAYATH OFFICE
IV
UDAYMPEROOR PANCHAYATH
EDAKKATTUVAYAL PANCHAYATH
RAILWAY
K.J.M Mosque
VI
X
VII
V
IX
VIII
CHEMBU PANCHAYATH
VELLOOR PANCHAYATH
To.K.T.Y.M.

# ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്

# 1996

## അവതരണം

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നമ്മുടെ പഞ്ചായത്ത്രാജ് സംവിധാനത്തിന് ഉറപ്പുനൽകുന്നുണ്ട്. കഴിഞ്ഞകാല പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ജനകോടികൾ വെറും കാഴ്ചക്കാരായിരുന്നു വെങ്കിൽ 9-ാം പഞ്ചവത്സര പദ്ധതിയിൽ ജനങ്ങൾ പങ്കാളികളായിമാറുന്ന വിപ്ലവാത്മകമായമാററമാണ് നാം കാണുന്നത്. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യലബ്ധിക്കു ശേഷം ആസൂത്രിതമായി അനേകം സാമ്പത്തിക നേട്ടങ്ങൾ ലഭിച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതികളും വാർഷിക പദ്ധതികളും നടപ്പിലാക്കിയും പൊതുമേഖലയ്ക്ക് ഊന്നൽ നൽകിയും പലനേട്ടങ്ങളും നമുക്ക് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ആസൂത്രണ വികസനരംഗത്ത് അനേകം വൻനേട്ടങ്ങൾ നമുക്ക് അഭിമാനിച്ച് പറയുവാൻ കഴിയും, എന്നാൽ ശാസ്ത്രീയമായ വീക്ഷണത്തിൽ കോട്ടങ്ങളും ധാരാളമായി കടന്നുകൂടിയതായി കാണാൻ കഴിയും. കൃഷി, വ്യവസായം, പാരമ്പരാഗതതൊഴിൽ എന്നീ രംഗങ്ങളിൽ മുരടിപ്പ് വർദ്ധിച്ചു. ഉൽപ്പാദന – വിതരണ – വിപണനരംഗം അസന്തുലിതാവസ്ഥയിലായി. ആസൂത്രണ വികസനരംഗത്ത് ഉണ്ടായിട്ടുള്ള ഇത്തരം പോരായ്മകൾ പരിഹരിക്കുവാൻ നമുക്ക് അവസരം ലഭിച്ചിരിക്കുകയാണ് കോടിക്കണക്കിന് പാഴായിപോകുന്ന മാനവവിഭശേഷി ഈ നാടിൻെറ ജനോപകാരപ്രദമായ പുരോഗമനപ്രക്രിയയ്ക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയണം പുതിയമാററത്തിൻെറ ശംഖൊലി ജനങ്ങളുടെ പദ്ധതിയിലൂടെ നമുക്ക് കേൾക്കാം അധികാരം ജനങ്ങളിലേയ്ക്ക് എത്തുന്നതനുസരിച്ച് ഗ്രാമമുഖഛായ തിളക്കമാർന്നതാകട്ടെ !

ഈ റിപ്പോർട്ടിൽ വേണ്ട തിരുത്തലുകൾ നിർദ്ദേശിക്കാവുന്നതാണ്. കുറവുകളും കുററങ്ങളും സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന്,

എൻ. വി. ഗോപാലൻ
പ്രസിഡൻറ്,
ആമ്പല്ലൂർഗ്രാമപഞ്ചായത്ത്.

കാഞ്ഞിരമററം
16 11-96.

# ആമ്പല്ലൂർ

ആയിരക്കണക്കിന് ഏക്കർ നെൽപാടങ്ങളും അനേകം കൈത്തോടുകളും, പുഴകളും, ചിറകളും, കുളങ്ങളും ഒക്കെയുള്ള ഈ ഗ്രാമത്തിനെ ആമ്പലുകളുടെ ഊര് എന്ന അർത്ഥത്തിലാണ് ആമ്പല്ലൂർ എന്ന് പൂർവ്വികർ അഭിപ്രായപ്പെടുന്നു. ആമ്പൽ ധാരാളമുള്ള ഊരായതുകൊണ്ട് ആമ്പൽ + ഊര് = ആമ്പല്ലൂർ പിന്നീട് ആമ്പല്ലൂർ ആയിത്തീർന്നു.

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

ഒമ്പതാം പഞ്ചവത്സര പദ്ധതി - വികേന്ദ്രീകൃത ആസൂത്രണം 1997-2002.

**ആമുഖം :**

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചത് 1951ൽ ആയിരുന്നു. ഇപ്പോൾ എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിരിക്കുന്നു. അവ കേന്ദ്ര സംസ്ഥാനതലങ്ങളിൽ കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരങ്ങളും ആയിരുന്നു. ഈ പദ്ധതികൾ രാജ്യത്ത് വളരെയധികം വികസനം ഉണ്ടായിട്ടുണ്ടെങ്കിലും ചില പോരായ്മകളും ഉണ്ടായിരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലായ്മയും സ്ഥല ജല വിഭവങ്ങളെ കണക്കിലെടുക്കാതിരുന്നതും അക്കൂട്ടത്തിൽപ്പെടുന്നു. കേരളത്തിന്റെ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ആശിച്ച പുരോഗതി ഇനിയും ഉണ്ടായിട്ടില്ല അതിനാൽ 9-ാം പദ്ധതി താഴെത്തട്ടിൽ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വികേന്ദ്രീകൃതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജനകീയ ആസൂത്രണത്തിന് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൻെറ നേതൃത്വ പരമായ പങ്ക്:-

ഗ്രാമസഭകളുടെ യോഗങ്ങൾക്ക് പ്രചാരണ പരിപാടികളോടെ തുടക്കം കുറിച്ചു ജില്ലാതല പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ നിന്ന് അഞ്ചു പേരെ തിരഞ്ഞെടുത്ത് പ്രാഥമിക പരിശീലനം നേടുകയുണ്ടായി. ഓരോ വാർഡിൽ നിന്ന് മൂന്ന് പേരെ വീതം തിരഞ്ഞെടുത്ത് LRP പഞ്ചായത്തിൽ തന്നെ ഏകദിന പരിശീലനം നൽകി. ജില്ലാതല പരിശീലകർ DRP, പ്രാദേശിക പരിശീലകർ LRP എന്നിവരുടെ സേവനം ഗ്രാമസഭകളിൽ പ്രയോജനപ്പെടുത്തക്കരീതിയിൽ കേന്ദ്രീകൃത ആസൂത്രണത്തിൻെറ നിർദേശങ്ങൾ ഗ്രാമസഭകളിൽ എത്തിക്കുവാൻ ഗ്രാമപഞ്ചായത്തിൻെറ സജീവമായ പ്രവർത്തനം ഉണ്ടായിരുന്നു.

## ജനകീയാസൂത്രണത്തിന് പഞ്ചായത്ത് നടത്തിയ പരിപാടികൾ

സെപ്തംബർ 10, 11, 12 തീയതികളിൽ പാടിവട്ടം മരിയ പാർക്കിൽ വെച്ച് ജില്ലാതല പരിശീലനത്തിന് 5 പേരെ പഞ്ചായത്തിൽ നിന്നും അയച്ചു. ഈ DRP മാർ 20-9-'96 ശ്രീഭദ്രാ ആഡിറേറാറിയത്തിൽ വച്ച് ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുത്ത 3 പേരെ വീതം പങ്കെടുപ്പിച്ച് ഈ പഞ്ചായത്തിലെ വിവിധ ഓഫീസുകളിലേയും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും പ്രതിനിധികളും സന്നദ്ധ സംഘങ്ങളും അനുദ്യോഗസ്ഥൻമാരും, പഞ്ചായത്ത് സമിതി അംഗങ്ങളും ഉൾപ്പെടെ 55 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിനസെമിനാർ നടത്തി. അതിനുശേഷം പത്ത് വാർഡുകളിലും ഒക്ടോബർ 2 മുതൽ ആരംഭിച്ച് 13 ന് അവസാനിച്ച് മുഴുവൻ ഗ്രാമസഭകളും ചേർന്നു.

# ഗ്രാമസഭകളെക്കുറിച്ചുള്ള വിതരണം

| വാർഡ് | തീയതി | സമയം | സ്ഥലം | പങ്കെടുത്തവർ | സ്ത്രീകൾ | പുരുഷൻമാർ | ഗ്രൂപ്പുകളുടെ എണ്ണം | വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | 2-10-96 | 9AM. | സെൻറ് ഫ്രാൻസീസ് യൂ.പി. ആമ്പല്ലൂർ | 163 | 23 | 140 | 3 | 482 |
| 2 | 2-10-96 | 1.30 PM. | ,, | 151 | 33 | 118 | 5 | 422 |
| 3 | 6-10-96 | 9 AM. | ജയശ്രീ തിയേററർ | 182 | 38 | 144 | 6 | 565 |
| 4 | 13-10-96 | 9 AM. | ,, | 117 | 17 | 100 | 4 | 380 |
| 5 | 13-10-96 | 1.30 PM. | യൂ.പി.എസ്. കീച്ചേരി | 181 | 23 | 158 | 6 | 531 |
| 6 | 12-10-96 | 9AM. | C L P S കാഞ്ഞിരമററം | 97 | 13 | 84 | 5 | 550 |
| 7 | 6-10-96 | 1.30 PM. | S U P S തോട്ടറ | 108 | 6 | 102 | 4 | 625 |
| 8 | 12-10-96 | 1.30 PM. | വെള്ളുത്താംകുന്ന് | 253 | 81 | 172 | 5 | 589 |
| 9 | 12-10-96 | 1.30 PM. | LPS അരയൻകാവ് | 185 | 71 | 114 | 8 | 426 |
| 10 | 13-10-96 | 1.30 PM. | LPS കാഞ്ഞിരമററം | 297 | 58 | 239 | 5 | 575 |
| | | | | 1571 | 340 | 1231 | 51 | 5145 |

**രണ്ടാംഘട്ട പ്രവർത്തനം:**

303

രണ്ടാം ഘട്ടപ്രവർത്തനം ഒക്ടോബർ 24,25,26 തീയതികളിൽ മുളന്തുരുത്തി ബ്ലോക്ക് ഓഫീസിൽ വച്ച് DRP മാർക്ക് നൽകിയ പരിശീലന ക്ലാസിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാർ ഉൾപ്പെടെ ഏഴുപേർ പരിശീലനം നേടി. 6.11.96 ൽ ശ്രീഭദ്ര ഓഡിറ്റോറിയത്തിൽ വച്ച് ഓരോവാർഡിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട LRP കളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 76 പേർക്ക് ഏകദിന പരിശീലനം കൊടുത്തു.* 6 11,96 നു ശേഷം ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും, പ്രാഥമിക സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചു. അതിനുശേഷം സ്ഥിതിവിവര കണക്കുകളുടെ ക്രോഡീകരണം നടന്നു.

4.10.96 ഒന്നാം ഘട്ടം പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും ചെയ്തു.

# ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം

എറണാകുളം — തലയോലപ്പറമ്പ് റൂട്ടിൽ വടക്ക് പാണാർ പാലം മുതൽ തെക്ക് നീർപ്പാറ വരെ 9 കീ മീററർ നീളത്തിൽ നീണ്ടുകിടക്കുന്ന പ്രദേശമാണ് ആമ്പല്ലൂർ പഞ്ചായത്ത്. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയുടെ ആവശ്യത്തിന് വീതികൂട്ടി നിർമ്മിച്ചിട്ടുള്ള ഒരു റോഡിന്റെ ഇരുവശങ്ങളിലുമായി ഒരു കീ. മീററർ മുതൽ 3 കീ. മീററർ വരെ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. ഈ പഞ്ചായത്ത്. റോഡിന്റെ പടിഞ്ഞാറുഭാഗം കാഞ്ഞിരമററം — കീച്ചേരി കരിനിലങ്ങളും• റോഡിന്റെ കിഴക്കുവശം മധ്യഭാഗം മുതൽ തെക്കോട്ട് തോട്ടറ പുഞ്ചയും സ്ഥിതി ചെയ്യുന്നു. ആമ്പല്ലൂർ പഞ്ചായത്തിലെ പ്രധാനനെല്ലുൽപ്പാദകകേന്ദ്രങ്ങളാണിവ. കുന്നുകളും, താഴ്‌വരകളുമായി കാണുന്ന റോഡിന്റെ കിഴക്കുഭാഗം, പ്രകൃതി രമണീയമാണ്. മലനാട്, ഇടനാട് തീരപ്രദേശം എന്ന കേരളത്തിന്റെ ഭൂപ്രകൃതിയുടെ ഒരു ചെറിയ പതിപ്പാണ് ആമ്പല്ലൂർ പഞ്ചായത്ത്. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ റബ്ബർ, തെങ്ങ്, നെല്ല് എന്നിവ മുഖ്യമായും കൃഷി ചെയ്തു വരുന്നു.

വിദ്യാഭ്യാസ നിലവാരത്തിലും സാക്ഷരതയിലും ഉയർന്ന നിലവാരം പുലർത്തുന്ന ഈ പഞ്ചായത്തിൽ മൂന്ന് എൽ. പി. സ്കൂളുകൾ, മൂന്ന് യു. പി. സ്കൂളുകൾ, ഒരു വൊക്കേഷണൽ ഹൈയർ സെക്കണ്ടറി സ്കൂൾ എന്നിവ സ്ഥിതി ചെയ്യുന്നു. കൂടാതെ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 17 അംഗൻവാടികളുണ്ട്.

സൗത്തിന്ത്യൻ ബാങ്കിന്റെ ഒരു ശാഖ കാഞ്ഞിരമററത്തും, യൂണിയൻ ബാങ്കിന്റെ ഒരു ശാഖ അരയൻകാവിലും പ്രവർക്കുന്നു.

സഹകരണ മേഖലയിൽ വൻ കുതിച്ചുകയററം തന്നെ നടത്തിയിരിക്കുന്ന ഈ പഞ്ചായത്തിൽ മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളും അവയുടെ രണ്ട് ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു.

അരയൻകാവ്, കാഞ്ഞിരമററം, ആമ്പല്ലൂർ എന്നിവിടങ്ങളിലായി മൂന്നു ക്ഷീരോല്പാദക സഹകരണ സംഘങ്ങളും, കാഞ്ഞിരമററത്തും അരയൻകാവിലും ഓരോ കൈത്തറി

നെയ്ത്ത് സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. ഇതിനു പുറമെ കാഞ്ഞിരമററത്ത് ഒരു വനിതാ സഹകരണ സംഘവും ഉണ്ട്. വനിതകൾക്കുമാത്രം ധനസഹായം നൽകുന്നതിനുള്ള ഒരു വനിതാ സഹകരണസംഘവും പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിലുള്ള ഏക വനിതാ സഹകരണ സംഘമാണിത്.

വിപുലമായ ഒരു സാംസ്കാരിക പശ്ചാത്തലമാണ് ഈ പഞ്ചായത്തിനുള്ളത് അമ്പലങ്ങൾ, പള്ളികൾ,മുസ്ലിംപള്ളികൾ (മോസ്ക്കുകൾ) തുടങ്ങിയ ആരാധനാലയങ്ങളും വിവിധ മത വിഭാഗത്തിൽപ്പെട്ടവരും തികഞ്ഞ സഹവർത്തിത്വത്തോടേയും സഹിഷ്ണതയോടേയും കഴിയുന്നു. ഈ പഞ്ചായത്തിൽ നാനാ മതവിശ്വാസികൾ ഇടകലർന്നു വസിക്കുന്ന ഈ പ്രദേശത്ത് മതപരമോ സാമുദായികമോ ആയിട്ടുള്ള യാതൊരു കലാപങ്ങളും ഉണ്ടായിട്ടില്ല എന്നുള്ളത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഉയർന്ന സാമൂഹ്യബോധവും ഉൽകൃഷ്ടതയും വെളിവാക്കുന്നു. തെക്കേ ഇൻഡ്യയിലെതന്നെ അതിപുരാതനവും അതി പ്രശസ്ത തീർത്ഥാടന കേന്ദ്രവുമായ ദക്ഷിണേന്ത്യയിലെ മെക്ക' എന്നറിയപ്പെടുന്ന കാഞ്ഞിരമററം മുസ്ലീംപള്ളി (ഷൈക്ക് ഫരീദുദ്ദീൻ മഖ്ബറ (റ) ) സ്ഥിതി ചെയ്യുന്നത് ആമ്പല്ലൂർ പഞ്ചായത്തിലാണ്. ഗരുഡൻ തൂക്കങ്ങൾക്ക് പേരുകേട്ട പ്രശസ്തമായ അരയൻകാവ് ദേവീക്ഷേത്രം ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. നൂററാണ്ടു പഴക്കമുള്ള കൃസ്ത്യൻ ദേവാല യവുമുണ്ട്.

ഇന്നത്തെ ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾ ചേർന്നതും കൊച്ചി സർക്കാർ 1915 ൽ (കൊ: വർഷം 1091) സ്ഥാപിച്ചതാണ് പഴയ ആമ്പല്ലൂർ പഞ്ചായത്ത്. പിന്നീട് 1927 (കൊ: വർഷം 1103)ൽ ആമ്പല്ലൂർ പഞ്ചായത്ത് വിഭജിച്ച് മുളന്തുരുത്തി പഞ്ചായത്തും ശേഷിച്ച ആമ്പല്ലൂർ എടയ്ക്കാട്ടുവയൽ ചേർന്ന് ആമ്പല്ലൂർ പഞ്ചായത്ത് എന്ന പേരിലും നിലനിന്നു. ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ എന്നീ പ്രദേശങ്ങളിലെ 11 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പഞ്ചായത്ത് സമിതി 1952 ൽ നിലവിൽ വന്നു. ടി. സി. ജേക്കബ്ബ് തറയിൽ ആയിരുന്നു. ആദ്യ പ്രസിഡൻറ്*. കീച്ചേരി, കുലയററിക്കര, ആമ്പല്ലൂർ എന്നീ വില്ലേജുകളിൽപ്പെട്ട പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്ന 8 വാർഡുകൾ ചേർന്ന് ഇപ്പോഴത്തെ ആമ്പല്ലൂർ പഞ്ചായത്ത്

35

നിലവിൽ വന്നത് 1963 ൽ ആയിരുന്നു. 1963 ഡിസംബർ മാസത്തിൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ചാലിയത്ത് സി. എൻ. രാമൻ മേനോൻ പ്രസിഡൻറായി. 1964ൽ ഒരു വനിതാ മെമ്പറെ നോമിനേററുചെയ്യുകയും പഞ്ചായത്ത് മെമ്പർമാരുടെ അംഗ സംഖ്യ 9 ആകുകയും ചെയ്തു. 1965 ൽ ഇ. ജി. നീലകണ്ഠ മേനോൻ പ്രസിഡൻറായി. 1963 ലെ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നമെമ്പർമാർ.

1. C. N രാമൻ മേനോൻ (പ്രസിഡൻറ്)
2. K. K. കരുണാകരപിള്ള (വൈ: പ്രസി:)
3. E. G. നീലകണ്ഠമേനോൻ
4. N. P. പുരുഷോത്തമൻ
5. T. P. വേലു വൈദ്യർ
6. V. രാമൻ മേനോൻ
7. M. K. കണ്ണൻ
8. P. U. തോമസ്
9. V. K. സുമതി (നോമിനേററഡ് മെമ്പർ)

1967 ൽ വി. കെ. സുമതിക്കുപകരം ശ്രീമതി. പാർവ്വതി അന്തർജനത്തെ വനിതാ മെമ്പറായി നോമിനേററ് ചെയ്തു.

* 1962ൽ ആമ്പല്ലൂർ പഞ്ചായത്തിൽ നിന്ന് എടയ്ക്കാട്ടുവയൽ വിട്ടുപോയി, എടയ്ക്കാട്ടുവയൽ പഞ്ചായത്ത് രൂപീകൃത മായി.

1969ൽ വി. രാമൻ മേനോൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1970 - ൽ M K. കണ്ണൻ പ്രസിഡൻറായി. 1971 - ൽ എം. കെ. കണ്ണൻ പ്രസിഡൻറ് സ്ഥാനം ഒഴിയുകയുംപാർവ്വതിഅന്തർജനം പ്രസിഡൻറ്സ്ഥാനം ഏറെറടുക്കുകയും ചെയ്തു. 1-10-1971 - ൽ N. P. പുരുഷോത്തമൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1979 - ൽ നടന്ന തിരഞ്ഞെടുപ്പിൽ 9 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു. എൻ. എസ്. രാമകൃഷ്ണനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

**മെമ്പർമാർ**

1. N. S. രാമകൃഷ്ണൻ (പ്രസിഡൻറ്)
2. T. P. ജോൺ
3. C. K. ഷൺമുഖൻ

4. V. K. രമണൻ
5. U. V. കലാവതി (വനിത)
6. ബേബി കല്ലാനിക്കൽ
7. K. C. കുഞ്ഞൻ (പട്ടികജാതി – വർഗ്ഗ സംവരണം)
8. P. K. അമ്മുസാഹിബ് (വൈ: പ്രസി:)
9. K. A. ശിവശങ്കരൻ

1984 ൽ പഞ്ചായത്തിന്റെ കാലാവധി അവസാനിച്ചു. 1988 ൽ നടന്ന തിരഞ്ഞെടുപ്പിൽ പഞ്ചായത്തിനെ 10 വാർഡുകളായി വിഭജിച്ചു.

### തിരഞ്ഞെടുക്കപ്പെട്ടവർ :-

1. എൻ. എസ്സ്. രാമകൃഷ്ണൻ
2. ടി. പി. ജോൺ
3. അമ്മുക്കുട്ടിയമ്മ
4. പി. കെ. ശ്രീധരൻ
5. അബ്ദുൾ സത്താർ
6. കെ. ജെ. ജോസഫ്
7. സി. കെ. തങ്കപ്പൻ
8. നാരായണൻ കൃഷ്ണൻ
9. തോമസ് മുണ്ടുവേലി
10. എം. പി. വത്സ

എൻ. എസ്സ് രാമകൃഷ്ണൻ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1995 ൽ പഞ്ചായത്ത്രാജ് സംവിധാനത്തിൽ പുതിയ പഞ്ചായത്ത് അധികാരത്തിൽ വന്നു.

1995 സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ആമ്പല്ലൂർ പഞ്ചായത്തിലെ 10 വാർഡുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സമിതിയാണ് ഇപ്പോൾ പഞ്ചായത്ത് ഭരിക്കുന്നത്.

### സമിതി അംഗങ്ങൾ :

1. എൻ. വി. ഗോപാലൻ (പ്രസിഡന്റ്)
2. പൗലോസ് മാത്യു (വൈ: പ്രസി:)
3. ഷീനാ പി. ഡി. ദേവദാസൻ
   (സ്റ്റാൻഡിംഗ് കമ്മിററി ചെയർ പേഴ്സൺ)
4. രത്നവല്ലി മുരളീധരൻ
5. ടി. പി. ജോൺ
6. സി. കെ. തങ്കപ്പൻ
7. കെ. ജെ. ജോസഫ്
8. ലീല ശശി
9 ഷീല പ്രകാശൻ
10. സി. എം. ഭാസ്കരൻ

## ജനപ്രതിനിധികൾ

| | |
|---|---|
| ലോകസഭ (മൂവാററുപുഴ) | ശ്രീ. പി. സി. തോമസ് |
| നിയമസഭ (പിറവം) | ശ്രീ. ടി. എം. ജേക്കബ് |
| ജില്ലാപഞ്ചായത്ത് (മുളന്തുരുത്തി) | ശ്രീ. C. V. ഔസേഫ് (വൈസ് പ്രസിഡൻറ്) |
| ബ്ലോക്ക് പഞ്ചായത്ത് (എടയ്ക്കാട്ടുവയൽ) | ശ്രീ. C. K. മണി (പ്രസിഡൻറ്) |
| ബ്ലോക്ക് പഞ്ചായത്ത് (കാഞ്ഞിരമററം) | ശ്രീ. K. A. നാരായണൻ (മെമ്പർ) |

## നമ്മുടെ റിസോഴ്സ് പേഴ്സൺസ്

1. ശ്രീ. പി. കെ. നാരായണൻ
2. പ്രൊഫ: കെ. എം. ജോർജ്
3. ശ്രീ. കെ. എസ്. ചാക്കോ
4. ശ്രീ. പി. കെ. ഗോപിനാഥൻനായർ
5. ശ്രീ. എൻ. സി. ദിവാകരൻ
6. ശ്രീ. ടി. കെ. മോഹനൻ
7. ശ്രീ. കെ. പി. ഗോവിന്ദൻകുട്ടിനായർ

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ. എൻ. വി. ഗോപാലൻ
2. ശ്രീ. എൻ. എസ്. രാമകൃഷ്ണൻ
3. പ്രൊഫ: കെ. എം. ജോർജ്
4. ശ്രീ. എൻ. സി. ദിവാകരൻ
5. പി. കെ. ഗോപിനാഥൻനായർ
6. ഡോ. എം. വേണു
7. ഡോ. കെ. പി. രാമദാസ്
8. ശ്രീ. പി. ആർ. നന്ദനൻ
9. ശ്രീമതി. ഗോദടീച്ചർ
10. ശ്രീ. കെ. ജി. ജയൻ
11. ശ്രീ. ടി. കെ. മോഹനൻ
12. ശ്രീ. കെ. പി. ഗോവിന്ദൻകുട്ടിനായർ
13. ശ്രീ. പി. കെ. ശ്രീധരൻ
14. ശ്രീ. പി. വി. സത്യൻ
15. ശ്രീ. എൻ. കെ. രാജൻ
16. ശ്രീ. അശോകൻ
17. ശ്രീ. വി. എൻ. ശിവാനന്ദൻ

# പഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| 1. | സെക്രട്ടറി | — 1 |
| 2 | ഹെഡ്ക്ലർക്ക് | — 1 |
| 3. | അപ്പർഡിവിഷൻ ക്ലർക്ക് | — 3 |
| 4 | ലോവർഡിവിഷൻ ക്ലർക്ക് | — 2 |
| 5. | പ്യൂൺ | — 1 |
| 6. | ഫുൾടൈം സ്വീപ്പർ | — 1 |
| | ആകെ | 9 |

# ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൻെറ രേഖാ ചിത്രം.

വടക്ക് : മുളന്തുരുത്തി പഞ്ചായത്ത്
തെക്ക് : വെള്ളൂർ ചെമ്പ് പഞ്ചായത്തുകൾ
കിഴക്ക് : എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾ
പടിഞ്ഞാറ് : ഉദയം പേരൂർ, ചെമ്പ് പഞ്ചായത്തുകൾ

മേൽ വിവരിച്ച അതിരുകൾക്കുള്ളിൽ വരുന്ന പ്രദേശത്ത് 1963 ൽ ആമ്പല്ലൂർ പഞ്ചായത്ത് രൂപീകരിച്ചു. ഈ പഞ്ചായത്തിന് ആമ്പല്ലൂർ, കീച്ചേരി, കുലയററിക്കര എന്നിങ്ങനെ മൂന്ന് വില്ലേജുകളായി വിഭജിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ 1, 2, 3, 4, 5, 8, 10 എന്നീ വാർഡുകൾ കാഞ്ഞിരമററം ബ്ലോക്ക് വാർഡിലും 6, 7, 9 എന്നീ വാർഡുകൾ എടയ്ക്കാട്ടുവയൽ ബ്ലോക്ക് വാർഡിലും ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മുടെ പഞ്ചായത്ത് എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ടതാണ്.

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 8.72 ച. മൈൽ (22.59 ച. കി.മീ. ) ആകുന്നു.

പഞ്ചായത്തിലെ ജനസംഖ്യ 91 ലെ കാനേഷുമാരി കണക്കനുസരിച്ച് 21902 ആകുന്നു.

## പഞ്ചായത്തിലെ സർക്കാർ ഓഫീസുകളുടെ സ്ഥിതി കണക്ക് :

1 കീച്ചേരി പ്രൈമറി ഹെൽത്ത് സെൻറർ
2 ഗവ : ആയൂർവ്വേദ ഡിസ്പെൻസറി, ആമ്പല്ലൂർ
3 കൃഷിഭവൻ ആമ്പല്ലൂർ
4 ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസ്
5 ഇലക്ട്രിസിററി സെക്ഷൻ ഓഫീസ് മുളന്തുരുത്തി
6 വെററിനററി ഡിസ്പെൻസറി, അരയൻകാവ്
7 ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്
8 ജി. എൽ. പി. എസ്സ് കാഞ്ഞിരമററം
9 ജെ. ബി. എസ്സ്. ആമ്പല്ലൂർ
10 ഗവ : യു. പി. എസ്സ്. കീച്ചേരി

11 ടെലഫോൺ എക്സ്ചേഞ്ച്, കീച്ചേരി
12 കമ്പിത്തപാൽ ഓഫീസ്, കാഞ്ഞിരമററം
13 തപാൽ ഓഫീസ്, കുലയററിക്കര
14 തപാൽ ഓഫീസ്, മാരിത്താഴം
15 തപാൽ ഓഫീസ്, ആമ്പല്ലൂർ

**ഭരണ സമിതികളുടെ എണ്ണം : 4**

1963 സി. എൻ. രാമൻ മേനോൻ (പ്രസിഡൻറ്)
കെ. കെ. കരുണാകരൻ പിള്ള (വൈ : പ്ര-സി :)
1979 എൻ എസ്. രാമകൃഷ്ണൻ (പ്രസിഡൻറ്)
അമ്മുസാഹിബ് (വൈ : പ്രസിഡൻറ്)
1988 എൻ. എസ്. രാമകൃഷ്ണൻ (പ്രസിഡൻറ്)
അബ്ദുറം സത്താർ (വൈ : പ്രസി :)
1995 എൻ. വി. ഗോപാലൻ (പ്രസി :)
പൗലോസ് മാത്യു (വൈ : പ്രസി :)

## ● ഭൂപ്രകൃതി ●

നമ്മുടെ പഞ്ചായത്ത് കുന്നുകളും ചരിവുകളും സമതലങ്ങളും ചേർന്ന ഒരു പ്രദേശമാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറൻഭാഗം തെക്ക് വടക്ക് മൊത്തം സമതല പ്രദേശമാണ്. നടുഭാഗം കുന്നുകളും, ചെരിവുകളും, സമതലങ്ങളും, കുഴികളും ചേർന്നതാണ്. കിഴക്കൻ പ്രദേശം മലകളും, ചെരിവുകളും സമതലങ്ങളും കൂടിക്കലർന്നതാണ്.

ഈ പഞ്ചായത്തിൻെറ വടക്കേ അററവും തെക്കേ അററവും കുന്നുകളാണ്. ഏററവും ഉയർന്നത് അരയൻകാവിൻെറ കിഴക്കു ഭാഗത്തുള്ള പുററൂര് പ്രദേശമാണ്.

### മണ്ണിൻെറ തരങ്ങൾ

ചെമ്മണ്ണ്, മണൽ കലർന്ന മണ്ണ്, ചെളിമണ്ണ് എന്നിങ്ങനെ മൂന്ന് തരം മണ്ണുകരം കാണപ്പെടുന്നു. പടിഞ്ഞാറൻ പ്രദേശം മുഴുവൻ ചെളിമണ്ണ് കാണപ്പെടുന്നു. നടുഭാഗങ്ങളിലും കിഴക്കൻഭാഗങ്ങളിലും മണൽ കലർന്ന മണ്ണ് കാണുന്നു. കുന്നിൻ പ്രദേശങ്ങളിൽ ചെമ്മണ്ണ് നിറഞ്ഞതാണ്.

### പരിസ്ഥിതി

1 പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്ത് ചതുപ്പുനിലങ്ങരം കാണുന്നു.
2 സാർവ്വത്രികമായി നെൽവയലുകരം നികത്തി മററ് കൃഷികരംക്കും, കെട്ടിടനിർമ്മാണത്തിനും ഉപയോഗിച്ചു വരുന്നു.

3 കുന്നമലകളിൽ നിന്ന് മേൽ മണ്ണ് നീക്കം ചെയ്ത് കല്ല് വെട്ടുന്നതിനും, വീട് നിർമ്മാണത്തിനും ആക്കി മാററുന്നുണ്ട്.

## വെള്ളക്കെട്ട്

പടിഞ്ഞാറൻ പ്രദേശത്തും സമതലപ്പാടങ്ങളിലും പുഞ്ചകളിലും വെള്ളക്കെട്ടുണ്ട്.

## തോടുകൾ

ഈ പഞ്ചായത്തിൻെറ വടക്കേ അററത്ത് കിഴക്ക് പടിഞ്ഞാറ് എത്തി നില്ക്കുന്ന ഒരു തോടുണ്ട്. പടിഞ്ഞാറ് തെക്കുവടക്ക് എത്തുന്ന കോണത്തുതോട് സ്ഥിതിചെയ്യുന്നു മധ്യഭാഗത്ത് മില്ലുകൾ എന്ന സ്ഥലത്തുകൂടി കിഴക്കുപടിഞ്ഞാറ് എത്തുന്ന ഒരു തോടുണ്ട്.

പഞ്ചായത്തിൻെറ തെക്കു കിഴക്കേ മൂലയിൽ നിന്ന് മൂവാററുപുഴ ആറിൽ നിന്ന് തോട്ടറ പുഞ്ചയിലേക്ക് ഒരു തോടുണ്ട്. പഞ്ചായത്തിൻെറ ഭൂരിഭാഗം വാർഡുകളിലും സർക്കാർ അധീനതയിലുമുള്ള കുളങ്ങരം ഉണ്ട്.

## വിളകൾ

നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, മരച്ചീനി, വാഴ, പച്ചക്കറികരം ഇവയാണ് പ്രധാന വിളകരം. പ്രധാന കൃഷി റബ്ബറാണ്. തെങ്ങും നെല്ലും രണ്ടാം സ്ഥാനം അർഹിക്കുന്നു. പഞ്ചായത്തിലെ മുഖ്യകൃഷി നെല്ലായിരുന്നു. നെൽകൃഷി ലാഭകരമായി കൊണ്ടുപോകാൻ കഴിയുന്നില്ല.. പ്രധാനമായും കാലാവസ്ഥയെ ആശ്രയിക്കുന്നതുകൊണ്ടാണ് നെൽ കൃഷിയുടെ പരാജയം. തോട്ടറ പുഞ്ചയും കരിനിലങ്ങളും ഒഴികെയുള്ള പാടങ്ങരം ഇരിപ്പുനിലങ്ങളാണ്. രണ്ടാം വിളയെടുപ്പിനുശേഷം ഇരിപ്പുനിലങ്ങളിൽ ഇടവിളയായി പയർ കൃഷി ചെയ്യുന്നു.

മുഖ്യവിളയായിരുന്ന തെങ്ങ് കാററുവീഴ്ചമൂലം നശിച്ചുകൊണ്ടിരിക്കുന്നു. മുഖ്യാദായകരമായ കൃഷി റബ്ബർ ആണ്. പഞ്ചായത്ത് നിലനിന്നുവരുന്നതു തന്നെ റബ്ബർ കൃഷിയെ ആശ്രയിച്ചാണ്. പഞ്ചായത്തിൽ ആകെ പ്രകൃതി സ്രോതസുകരം നിലനിർത്തി കൃഷിക്കുപകരിപ്പിക്കാം.

## ജലലഭ്യത

പഞ്ചായത്തിൻെറ വടക്കുഭാഗത്ത് വററാത്ത തോടുണ്ട്. കടുത്ത വേനലിന് ഓരുവെള്ളം കയറിവരും. പടിഞ്ഞാറ് ഭാഗത്ത് എല്ലാ കാലത്തും കിട്ടുന്ന വെള്ളം, പക്ഷേ വേനൽ

കാലത്ത് ഉപയോഗിക്കാൻ കഴിയില്ല. ധാരാളം കുളങ്ങളും കിണറുകളും ഉണ്ട്. വേനൽക്കാലത്ത് വററിപോകുന്നു. കിഴക്ക് ഭാഗത്തുള്ള മൂവാററുപുഴ ആറിലെ ജലം എല്ലാക്കാലത്തും ഉപയോഗിക്കാവുന്ന ജലമാണ്.

**വൃക്ഷങ്ങൾ**

പ്ലാവ്, മാവ്, തേക്ക്, ആഞ്ഞിലി, തകര.

**പാഴ്മരങ്ങൾ**

വട്ട, പോങ്ങ്, മുരിക്ക് ഇവയാണ് പ്രധാനപ്പെട്ട വൃക്ഷങ്ങൾ

**ഔഷധസസ്യങ്ങൾ**

ആര്യവേപ്പ്, കൂവളം, കൊടുവേലി, കുറുന്തോട്ടി, എരുക്ക്, പാതിരി, പലകപ്പയ്യാനി, കൊടിത്തൂവ, കൊന്ന, ബ്രഹ്മി, കണിക്കൊന്ന, തുളസി എന്നിവ സുലഭമാണ്.

**കളകൾ**

പോട്ട, ആമ്പൽ, ആഫ്രിക്കൻ പായൽ, മുള്ളൻ പായൽ എന്നിവ ധാരാളമുണ്ട്.

**പക്ഷികൾ**

കോഴി, താറാവ്, കാക്ക, തത്ത, കൊക്ക്, പ്രാവ്, ഉപ്പൻ, മൂങ്ങ, കുയിൽ, കുരുവി, വാവൽ, പരുന്ത്, എറിയൻ, കരികിലാംപീച്ചി, കൊളക്കോഴി, പൊൻമാൻ, കാട്ടുക്കോഴി എന്നിവ കാണപ്പെടുന്നു.

**മററുജന്തുക്കൾ**

ആട്, പോത്ത്, എരുമ, പശു, കാള, പട്ടി, പൂച്ച, കുറുക്കൻ, കാട്ടുപൂച്ച, മുയൽ, മരപ്പട്ടി, ഉടുമ്പ്, പാറചാത്തൻ, വെരുക്, എലി മുതലായ ജന്തുക്കൾ കാണുന്നു.

**ഇഴജന്തുക്കൾ**

ആമ, പാമ്പുകൾ, ഓന്ത്, അരണ, പല്ലി.

**മത്സ്യങ്ങൾ**

വരാൽ, മുഴി, കാരി, പള്ളത്തി, കരിമീൻ, കൂരി, പരല്, കുറുവ, പുല്ലൻ, കട്ല, വാള, കറൂപ്പ്, കൊഞ്ച്, ചെമ്മീൻ, മലഞ്ഞിൽ ഇത്യാദി.

**കാവ്**

ചക്കിൻകേരി, മുരിയംകേരിൽ, മൂലേപ്പാടംപതികൾ, താഴത്തെപതി.

**കാലാവസ്ഥ**

ഋതുഭേദങ്ങൾ

മഴ, മഞ്ഞ്, വേനൽ

ജൂൺമാസം മുതൽ ഒക്ടോബർ മാസംവരെ മഴക്കാലം നവംബർ മുതൽ ഫെബ്രുവരി വരെ മഞ്ഞുകാലം മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ വേനൽക്കാലവും ആകുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷം കിട്ടുന്നു.

## കൃഷി

ഈ പഞ്ചായത്തിലെ കൃഷിയിടങ്ങളെ 3 ആയി തരംതിരിക്കാം. കാഞ്ഞിരമററം തലയോലപറമ്പ് മെയിൻറോഡിന്റെ കിഴക്കഭാഗവും, തെക്ക് അതിർത്തിയുടെ പടിഞ്ഞാറു ഭാഗവും മില്ലുങ്കൽ വരെ വെട്ടങ്കൽ പ്രദേശവും അവിടെ റബ്ബർ വ്യാപകമായും തെങ്ങ്, കമുക്, കുരുമുളക് എന്നിവ കൃഷി ചെയ്തു വരുന്നു. താഴ്ന്ന ഭാഗങ്ങളിൽ നെൽകൃഷിയും നടത്തുന്നു. മദ്ധ്യഭാഗം വെട്ടുകല്ലും, മണലും ചേർന്ന പ്രദേശവും അവിടെ തെങ്ങ്, റബ്ബർ, മററ് ഇടവിളകളും കൃഷി ചെയ്തുവരുന്നു. പടിഞ്ഞാറുഭാഗം വടക്കു മുതൽ തെക്ക് അതിർത്തി വരെ കോണത്ത് പുഴക്ക് കിഴക്കഭാഗം എക്കൽ കലന്ന കരിനിലങ്ങളുമാകുന്നു.

## കരികൃഷി

നീർപ്പിഴ കീച്ചേരി പെരുമ്പിള്ളി റോഡിന് ചേർന്നുള്ള കിഴക്കഭാഗവും പടിഞ്ഞാറുഭാഗവും ഇരുപ്പൂകൃഷിയും ചെയ്തു വരുന്നു. വർഷങ്ങളായി പ്രകൃതിയേയും കാലാവസ്ഥയേയും ആശ്രയിച്ചു മാത്രം യാതൊരുവിധ കൃഷിനാശത്തേയും നേരിടാതെ തന്നെ കരിനിലങ്ങളിൽ ഇരുപ്പൂകൃഷിയും കുട്ട മുണ്ടകൻ കൃഷിയും നടത്തി, നല്ല ഉൽപ്പാദനം കൈവരിച്ചിരുന്നു. ഒരുപ്പൂ നെൽകൃഷിക്കശേഷം ചില സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മത്സ്യബന്ധനവും നടന്നിരുന്നു. എന്നാൽ കോണത്തുബണ്ടും എ. കെ. ബണ്ടും നിർമ്മിക്കുകയും ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുകയും വർഷകാലത്ത് ശുദ്ധജലം കയറുന്നതിന് തുറക്കുകയും ചെയ്തിരുന്നു. ഒരു പരിധിവരെ ഇത് കൃഷിയെ സഹായിച്ചിരുന്നുവെങ്കിലും വർഷങ്ങൾ കടന്നുപോകുന്തോറും സ്ളൂയിസുകളുടെ പ്രവർത്തനം തൃപ്തികരമായി നടന്നില്ല. തൻമൂലം ബണ്ടിനകത്തുള്ള കൃഷിസ്ഥലങ്ങളിൽ കൃഷിനടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ വന്നു. തുണ്ടു തുണ്ടായ കൃഷിയിടങ്ങളിൽ വെള്ളക്കെട്ടുമൂലവും, വെള്ളക്കുറവുമൂലവും, ഉപ്പുവെള്ളം കയറുന്നതുമൂലവും, വരമ്പുകളുടെ സംരക്ഷണമില്ലായ്മയും, ആവശ്യത്തിനുള്ള ചീപ്പുകളുടെ അഭാവവും കരിനിലങ്ങളിലെ കൃഷി കർഷകർ ഉപേക്ഷിക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നു.

ഏതാണ്ട് 60% അധികം കരിനിലങ്ങളിൽ മറെറാരു വരുമാനമാർഗ്ഗമെന്ന നിലയിൽ കൂനകൂട്ടി തെങ്ങിൻ തൈകരം വച്ചുപിടിപ്പിച്ചു. എന്നാൽ അവയിൽ നിന്നും തൃപ്തികരമായ ആദായവും ലഭിക്കുന്നുമില്ല.

നമ്മുടെ മുഖ്യ ആഹാരമായ അരിയുടെ ലഭ്യതക്ക് നെൽകൃഷി തുടരേണ്ടത് അത്യാവശ്യമാണ്. പരമാവധി കൃഷിസ്ഥലം തരിശി

ടാതെ നെൽകൃഷി നടത്തേണ്ടത് അടിയന്തിര പ്രാധാന്യമുള്ള ഒരു കാര്യമാണ്. എന്നാൽ നെല്ലുൽപാദന രംഗത്ത് ഈ പാട ശേഖരങ്ങളിൽ ഒരു തിരിച്ചുവരവ് ഉണ്ടാകുവാനുള്ള സാദ്ധ്യതയ്ക്ക് മങ്ങൽ കാണുന്നു. ഇപ്പോൾ കോണത്തുള്ള സ്ഥിരം ബണ്ടിന് വടക്കുഭാഗം താൽക്കാലിക ബണ്ട് ഇടുന്നു. എന്നാൽ കൃഷി തുടരുന്നതിന് ഇത് സഹായകമാവുന്നില്ല.

നെൽകൃഷിക്ക് അനുയോജ്യമായ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും തുടർന്ന് ഉപ്പുവെള്ളം കയററി ചെമ്മീൻകൃഷി നടത്തിയാലോ എന്ന് കൃഷിക്കാർക്ക് ആഗ്രഹമുണ്ട് ഇക്കാര്യത്തിലും രണ്ട് അഭിപ്രായത്തിൽ നിലനിൽക്കുന്നു. ഉപ്പുവെള്ളം കയററിയാൽ നിർദ്ദിഷ്ട ഫാം റോഡിൽ കിഴക്കുഭാഗവും പടിഞ്ഞാറു ഭാഗവുമുള്ള ഇരുപ്പൂ കൃഷിക്ക് ഇതുമൂലം നാശം സംഭവിക്കും എന്നുള്ളതിനാൽ ബണ്ട് ചീപ്പ് എന്നിവ കെട്ടി കൃഷി സംരക്ഷിക്കേണ്ടതാണ്.

ആയതിനാൽ കോണത്തു പാടശേഖരങ്ങളിലും കീച്ചേരി ഭാഗത്തുള്ള കരിനിലങ്ങളിൽ എന്തു ചെയ്യുവാൻ കഴിയും എന്ന് കാർഷിക-മത്സ്യബന്ധന-വികസന ഡിപ്പാർട്ടുമെൻറുകളിലെ ശാസ്ത്രജ്ഞൻമാർ കൂട്ടായി കരിനിലങ്ങൾ സന്ദർശിച്ച് ചർച്ച നടത്തി നെല്ലുൽപ്പാദനവും മത്സ്യബന്ധനവും നടത്തുവാൻ കഴിയുമോ എന്ന് പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## തെങ്ങു കൃഷി

കേരളത്തിലെ ഏററവും പ്രധാനപ്പെട്ട ഭക്ഷ്യേതര വിളയാണ് തെങ്ങ്. ദേശീയ വരുമാനത്തിൻെറ 20% അധികത്തിന് നിദാനം തെങ്ങ് ആണ്. വെളിച്ചെണ്ണ, കയർ, ചകിരി, കള്ള് എന്നീ പ്രധാന വ്യവസായങ്ങൾക്കുള്ള വസ്തുക്കൾ തെങ്ങിൽ നിന്നും ലഭിക്കുന്നു.

തെങ്ങിൽ നിന്നുള്ള ഒരു വസ്തുവും പാഴായികളയാവുന്നതല്ല. ചിരട്ട മുതലായവ ഉപയോഗിച്ച് വിദേശനാണ്യം നേടിത്തരുന്ന കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും കഴിയുന്നു. 7 ലക്ഷം ഹെക്ടർ സ്ഥലത്തുനിന്നുള്ള 16 കോടി തെങ്ങുകളിൽ നിന്നും 350 കോടി നാളികേരം ഇന്ന് ഉത്പാദിപ്പിക്കപ്പെടുന്ന തെങ്ങിൻെറ സ്ഥാനം ഇന്ന് നമ്മുടെ സമീപ സംസ്ഥാനങ്ങൾ നേടിയെടുത്തു കൊണ്ടിരിക്കുന്നു. കാററുവീഴ്ച, പരിചരണമുറകളിലെ അലംഭാവം, ജലവിതരണരംഗത്തിലെ അപര്യാപ്തത എന്നിവ തെങ്ങുകൃഷിയിലെ ആദായം കുറയുന്നതിനുള്ള മുഖ്യകാരണങ്ങളിൽ ചിലതാ

കുന്നു. വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പ് മുതലായ സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച് വീണ്ടും നമ്മുടെ നാട്ടിൽ കൊണ്ടുവന്ന് വിപണനം നടത്തി ആദായം എടുക്കുന്നു.

തെങ്ങുകൃഷി നിലനിർത്തുന്നതിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കണം.

1 കേടുവന്ന തെങ്ങുകൾ പരിപൂർണ്ണമായി വെട്ടിമാററുക.

2 വെട്ടി മാററുന്ന തെങ്ങ് ഒന്നിന് 500/– രൂപ സബ്സിഡി നൽകുക.

3 ഉൽപ്പാദനക്ഷമതയുള്ള മേൽത്തരം തെങ്ങിൻ തൈകൾ നൽകുക.

4 ആദ്യത്തെ 5 വർഷക്കാലം പരിചരണമുറകൾക്ക് വർഷംതോറും സഹായം നൽകുക.

5 ഓലരോഗം നിയന്ത്രിക്കുന്നതിനുള്ള മരുന്നുതളി വർഷത്തിൽ 2 പ്രാവശ്യം നിർബന്ധമായും നടപ്പാക്കുക.

6 എക്കൽ, കുമ്മായം, ആററുമണൽ മെഗ്നീഷ്യം സൾഫേററ് (MgSo4) എന്നിവ വിതരണം ചെയ്യുക.

7 തെങ്ങിൻ തോട്ടങ്ങളിൽ ചേമ്പ്, ചേന, കാച്ചിൽ, കൈതച്ചക്ക എന്നീ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.

കൊപ്രായുടെ വില വൻകിടക്കാർ നിയന്ത്രിക്കുകയും, കർഷകന് ന്യായവില കിട്ടാത്ത സാഹചര്യം വരികയും ചെയ്യുന്നു. ന്യായവിലയുടെ അഭാവത്തിൽ തെങ്ങുകൃഷി നഷ്ടമായി അനുഭവപ്പെടുന്നു. നാളികേരത്തിന് ന്യായമായ തറവില നിശ്ചയിക്കണം.

കേരഫെഡ് അതിൻെറ പ്രവർത്തനം വിപുലീകരിക്കുകയും ഈ പഞ്ചായത്തിൽ ഒരു കൊപ്രാ വിപണന എണ്ണയാട്ടു സംരംഭം ആരംഭിക്കുകയും വേണം.

കേന്ദ്രനാളികേര വികസന ബോർഡിൻെറ വിവിധ കേരസംരക്ഷണ പദ്ധതികൾ പഞ്ചായത്തിൽ വ്യാപകമായി നടപ്പാക്കണം.

മേൽത്തരം തെങ്ങിൻ തൈ നേഴ്സറികൾ തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ സ്ഥാപിക്കണം. കർഷകർക്ക് നല്ലയിനം തെങ്ങിൻ തൈകൾ ലഭിക്കുന്നതിനും കർഷക തൊഴിലാളികൾക്ക തൊഴിൽ ലഭിക്കുന്നതിനും ഈ സംരംഭം സഹായിക്കും.

ജലസേചനം നാളികേര വർദ്ധനവിന് സഹായകരമായതിനാൽ നിലവിലുള്ള കുളങ്ങൾ താഴ്ത്തിയോ കിണറുകൾ കുഴിച്ചോ തോടുകൾ സംരക്ഷിച്ചോ പമ്പുസെററുകൾ സ്ഥാപിച്ച് യഥാ സമയം തെങ്ങുകൾക്ക് ജലസേചനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കണം.

നിലവിൽ പഞ്ചായത്തിലുള്ള നാളികേര വികസന സമിതി പ്രവർത്തന ക്ഷമമാക്കുകയും സമിതി വഴി കേര കർഷകർക്ക് കുളം, കിണർ ഇവ കുഴിക്കുന്നതിനുള്ള |സഹായം, പമ്പുസെററ്, തെങ്ങിൻ തൈ വിതരണം, മരുന്നുതളി, പച്ചില വള വിത്തു വിതരണം, വള പ്രയോഗം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കണം. കൂടാതെ പരീക്ഷണ ശാലകളിൽ നിന്നും ലഭിക്കുന്ന ശാസ്ത്രീയ പരീക്ഷണ വിവരങ്ങൾ കർഷകർക്ക് ലഭിക്കുന്നതിന് ഭവന സന്ദർശനം ക്യാമ്പുകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കർഷകരെ ബോധവാന്മാരാക്കണം.

## റബർകൃഷി

നമ്മുടെ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും പടി-ഞ്ഞാറുഭാഗത്തെ താഴ്ന്ന പ്രദേശങ്ങൾ ഒഴികെ. റബർ കൃഷിവ്യാപകമായി ചെയ്തുവരുന്നു, ഉൽപ്പാദനക്ഷമതയിൽ കൃഷിക്കാരൻെറ ഒരു ആശാ കേന്ദ്രമായി റബർ മാറിയിരിക്കുന്നു. റബർബോർ-ഡിൻെറ ആനുകൂല്യം നിലവിൽ കിട്ടുന്നുണ്ട്. പരിമിത കർഷകർ പോലും ഈ കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്നു.

ഇനങ്ങൾ : R. R. I. I. (105) RRI
300 RRIM (605), RRIM (600)

എന്നാൽ കർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം grade sheet ആക്കിയാൽപോലും അതിൻെറ വില കർഷകർക്ക് ലഭിക്കുന്നില്ല. വിപണനത്തിന് സഹകരണ മേഖല ശക്തിപ്പെടുത്തണം. റബർപാൽ നേരിട്ടു വാങ്ങുന്നതിനുള്ള സംഭരണ കേന്ദ്രം ആരംഭിക്കണം. ടാപ്പിങ്ങ് പരിശീലന കേന്ദ്രം തുടങ്ങണം ടാപ്പിങ്ങ് തൊഴിലാളികളുടെ ഒഴിവുകാല സമയം പ്രത്യുൽപ്പാദന പരിപാടികൾക്ക് ഉതകുന്ന വിധത്തിൽ ചെറുകിട റബർ അധിഷ്ടിത വ്യവസായ യൂണിററ് പഞ്ചായത്തു തലത്തിൽ തുടങ്ങണം. കുമ്മായം, തുരിശ്, ആസിഡ്, പാങ്ങൾ ഡിഷ് ഇവ സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കണം. (റബർ ഉൽപ്പാദക സംഘങ്ങൾ ഇവ വിതരണം ചെയ്യുന്നത് അപര്യാപ്തം) റബർ ബോർഡ് മുൻകൈയെടുത്ത് മരുന്ന്, നല്ലയിനം ബഡ്ഡു തൈകൾ, റബർ റോഡ് സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കണം.

## മൾബറികൃഷി

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൾബറി കൃഷി സാദ്ധ്യത കുറവായി കാണുന്നു. താൽപ്പര്യമുള്ളവരെ ഉദ്ദേശിച്ച് ഈ കൃഷിയും നടപ്പിലാക്കാം.

വ്യാവസായിക പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് പട്ടുനൂൽ പുഴവളർത്തൽ. പട്ടുനൂലിന്റെ ആവശ്യത്തിനായി മൾബറി ചെടികൾ നട്ടുവളർത്തണം. ഓരോന്നിൽ നിന്നും 2 വർഷം മുതൽ ഏക്കറേക്ക് 12000 കിലോ ഇല ലഭിക്കും. ഈ ഇല കൊണ്ട് 10000 മുട്ടകൾ വിരിയിച്ച് വളർത്തുന്നതിന് പര്യാപ്തം. 450-500 Kg. കൊക്കൂണുകൾ ഇതിൽനിന്നും ലഭിക്കും. 1Kg. ക്ക് (കൊക്കൂൺ) വില 60 രൂപ.

## ഉദ്യാന കൃഷി

ഇന്ന് നമുക്ക് ആവശ്യമുള്ള മുല്ല, പിച്ചി, ജമന്തി, അന്തൂറിയ തുടങ്ങിയ പൂക്കളും മററ് സ്ഥലങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത്. വമ്പിച്ച വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഓർക്കിഡ് പൂവ് കൃഷി (വനിതാ വ്യവസായ സംരംഭകർക്ക് ഉത്തേജനം നൽകുന്ന ഒന്ന്)

വീട്ടുമുററത്തും ടെറസ്സിനു മുകളിലും ഈ കൃഷി നടത്താവുന്നതാണ്. ആവശ്യമായ നടീൽ വസ്തുക്കളും മററു സാങ്കേതിക ഉപദേശങ്ങളും ചെറിയ തോതിലുള്ള വായ്പാ സൗകര്യങ്ങളും കോർത്തിണങ്ങിയ ഒരു പദ്ധതി നടപ്പിലാക്കണം.

## കുരുമുളക് കൃഷി

വളരേയേറെ ചരിത്ര പ്രാധാന്യമുള്ള ഒരു വിളയാണ് കുരുമുളക് "കറുത്തപൊന്ന്" വിദേശികളിൽ വലിയ പ്രിയം. ആഗോള ഉൽപ്പാദനത്തിൽ 15-20% നമ്മുടേതാണ്. നമ്മുടെ കൃഷിയിടങ്ങളിൽ നിൽക്കുന്ന തെങ്ങ്, കമുക്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളിലും മററു താങ്ങുമരങ്ങൾ നട്ട് അതിലും കുരുമുളക് കൃഷിചെയ്യാം. പരിചരണ മുറകൾ വളരെ പ്രധാനമാണ്. ഏററവും നല്ലയിനം പന്നിയൂർ-1 മററ് നല്ല നാടൻ ഇനങ്ങൾ, കരിമുണ്ട, കൊററനാടൻ സമയബന്ധിത പരിപാടിയനുസരിച്ച് പഞ്ചായത്തിലെ എല്ലാ വാർഡിലും കുരുമുളക് കൃഷി വ്യാപിപ്പിക്കുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.

## പയർ, വാഴ, കൈതച്ചക്ക, മരച്ചീനി

പയർ: പോഷക സംപുഷ്ടമായ ആഹാരം പ്രദാനം ചെയ്യുന്നു. മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കുന്നു. നമ്മുടെ കാലാവസ്ഥ പയർ കൃഷിക്ക് അനുകൂലമാണ്. പറമ്പുകളിലും, വയലുകളിലും കൃഷിയിറക്കാം. 3-ാം വിളക്കാലത്ത് നെൽപാടങ്ങളിൽ പയർ മാത്രമായും കൃഷിയിറക്കാം. C. 152, കനകമണി, S. 488 ന്യൂഇറാ എന്നീ പലതരം ഇനങ്ങൾ ലഭ്യമാണ്.

വാഴ : നേന്ത്രൻ, പാളയൻകോടൻ, ഞാലിപ്പൂവൻ etc.. മരച്ചീനി കഴിഞ്ഞാൽ വളരെ പ്രധാനപ്പെട്ട ഒരു വിളയാണിത്. അന്നജത്തിനു പുറമേ പഞ്ചസാര വിററാമിൻ ഇവ ലഭിക്കുന്നു.

കൈതച്ചക്ക : തോട്ടങ്ങളുടെ അതിരുകളിലും മററ് ഒഴിവുസ്ഥലങ്ങളിലും വച്ചു പിടിപ്പിക്കണം. KEW, മൊറോഷ്യസ് ഇവ നല്ല ഇനങ്ങളാണ്.

മരച്ചീനി : നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരു വിളയാണിത്. പാവങ്ങളുടെ ആഹാരമായ മരച്ചീനിയുടെ സാധ്യത കണക്കിലെടുത്ത് ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

സുഗന്ധ വിള : ജാതി, ഗ്രാമ്പു. ഫലവൃക്ഷ തൈകൾ ഇവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.

## നടീൽ വസ്തുക്കൾ - വിത്ത് - വിതരണം

മേൽത്തരം അത്യുല്പാദന ശേഷിയുള്ള നെല്ലുവിത്തുകൾ (MO4, ഭദ്ര, പവിഴം, MO6 കാർത്തിക, കനകം, അരുണ ആശ (MO5) (MO7) ജ്യോതി IR8 അന്നപൂർണ്ണ, വൈററില I, വൈററില II നല്ലയിനം ഒട്ടുമാവിൻ തൈകൾ, പ്ലാവിൻ തൈകൾ.

**തെങ്ങിൻ തൈകൾ** : T×D, D×T മുതലായവ

**കുരുമുളകു വള്ളികൾ** : പന്നിയൂർ 1
കരിമുണ്ട
കൊററനാടൻ
കല്ലുവള്ളി

**കമുക്** : മംഗള

**ഫലവൃക്ഷ തൈകൾ** : മാവ്, കൈതച്ചക്ക
സപ്പോട്ട

**സുഗന്ധ വിളകൾ** : ഗ്രാമ്പു, ജാതി തുടങ്ങിയവ

കാംതന്നെ കൃഷിസ്ഥലങ്ങളുമായി ബന്ധപ്പെടുന്നില്ല. ഇവ നന്നാക്കുകയും കൃഷിസ്ഥലവുമായി ബന്ധപ്പെടുത്തുകയും ആവശ്യമായ പുതിയ റോഡുകൾ നിർമ്മിക്കുകയും വേണം.

തകർന്നുകൊണ്ടിരിക്കുന്ന നെല്ലുൽപ്പാദക രംഗത്ത് കൃഷിചിലവ് കുറയ്ക്കുന്നതിനും മററും ഈ കാർഷിക ഗതാഗത പ്രശ്നങ്ങൾ പരിഹരിച്ചാൽ ഒരു പരിധിവരെ സഹായകരമായിരിക്കും. താഴെപ്പറയുന്ന ഫാം റോഡുകൾ ഈ പഞ്ചായത്തിൽ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങണം.

1 നിർദ്ദിഷ്ഠ ഫാം റോഡായ കീച്ചേരി, പെരുമ്പിള്ളി റോഡ് ഉയർത്തി പണി പൂർത്തിയാക്കുക.

2 ചിറേറത്തുമുക്കിൽ റെയിൽവേ ലൈനിലേയ്ക്കുള്ള തോട് ബന്ധിപ്പിച്ച് നടപ്പാലം പണിയുക.

3 ആമ്പല്ലൂർ ഹരിജൻ കോളനിയുടെ പടിഞ്ഞാറുഭാഗത്തുള്ള റോഡും കരിവേലിപ്പാടം റോഡും ആക്കാപ്പനം തണങ്ങാട്ടുപാടം റോഡും ട്രാക്ടർ മുതലായവ ഇറക്കുന്നതിന് സൗകര്യപ്പെടുത്തുക.

4 ചേനാട്ടു കഴി ഭാഗത്തുള്ള റോഡും ആക്കാപ്പനത്തുനിന്നും പാണക്കാട്ടിലേക്കുള്ള റോഡും പുനർനിർമ്മിക്കുക, പൊററിനാം കുന്ന് റോഡുമായി ആക്കാപ്പനം റോഡിനെ ബന്ധിപ്പിക്കുക.

5 കോണത്തു ബണ്ട് കാര്യക്ഷമമാക്കുക.

6 നിർദ്ദിഷ്ഠ ഫാം റോഡിൽ നിന്നും കൃഷിസ്ഥലങ്ങളിലേയ്ക്കും പോകുവാൻ (ട്രാക്ടർ കൊണ്ടുപോകുന്നതിനും മററും) വൈമ്മേലിതാഴം, പരിപ്പിൻതാഴം, പള്ളിക്കടവ് എന്നിവിടങ്ങളിൽ റോഡ് നിർമ്മിക്കുക.

7 മാന്തുരുത്തേൽ പള്ളി മുതൽ പറവൂർ പള്ളിക്കടവു വരെയുള്ള റോഡ് സൗകര്യപ്പെടുത്തുക. പള്ളിക്കടവ് സെററിൽമെൻറ് കോളനിക്കും ഇത് സൗകര്യമാണ്.

8 കോണത്തു പുഴയുടെ ഇരുവശവും ബണ്ട് കെട്ടി സംരക്ഷിച്ച് അധിക ജലം പമ്പ് ചെയ്ത് പുറത്തു കളയുകയും ചെയ്തു നിലവിലുള്ള തെങ്ങുകൾക്കും നെൽകൃഷിക്കും പ്രയോജനം ലഭിക്കും.

9 മില്ലുങ്കൽ കനാലിൻെറ തെക്കുവശത്തുകൂടി പടിഞ്ഞാറോട്ടുള്ള വഴി നന്നാക്കുക.

10 താഴെപ്പറയുന്ന റോഡുകൾ നിർദ്ദിഷ്ഠ ഫാം റോഡുമായി ബന്ധിപ്പിക്കുക. അയ്യൻകോവിൽ റോഡും കൈവഴികളും നന്നാക്കുക.

11 കിഴത്താങ്കൽ ചിറ റോഡ്
12 മുട്ടപ്പാടം റോഡ്
13 കരിമ്പിൻ തറ റോഡ്
14 ജയശ്രീ ജംഗ്ഷനിൽനിന്നും പടിഞ്ഞാട്ടുള്ള കണ്ണങ്ങായത്തു റോഡും കൈവഴികളും കൃഷിസ്ഥലത്തിനും കോളനികാംക്ഷം പ്രയോജനം.
15 പള്ളിക്കടവ് റോഡ്, നാട്ടേക്കോടത്ത് റോഡ്
16 കാടാപ്പുറത്തു റോഡ്
17 ഇലഞ്ഞിക്കഴിപ്പാടം റോഡും, കൈവഴികളും
18 കൊളത്താക്കോട് – അച്ഛൻ കരിറോഡ്
19 കടവിത്തറ റോഡ്
20 മാന്തുരുത്തേൽ പള്ളിക്ക വടക്കവശം റോഡ് നിർമ്മിക്കുക.
21 കടല തോട്ടിലും ഉപതോടുകളിലും ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാലം നിർമ്മിക്കുക.
22 തൊണ്ടിലങ്ങാടി കോട്ടപ്പുറം റോഡ് A. K. ബണ്ടുമായി യോജിപ്പിക്കുക.
23 ഒലിപ്പുറം റോഡിൽ നിലവിലുള്ള തൂമ്പിനു പകരം പാലം നിർമ്മിക്കുക.
24 തോട്ടറ പുഞ്ചയിലേക്കുവരുന്ന കാട്ടുനിലത്തിലേക്കും കണ്ടൻ കരിയിലേക്കും ട്രാക്ടർ കൊണ്ടുപോകുന്നതിനും മററും പാർപ്പാകോട് കാപ്പിത്താഴം റോഡിൽനിന്നുമുള്ള വടക്കേ ഭാഗം കണ്ടൻകരി റോഡ് ടാർ ചെയ്യുക.
25 ചുളിക്കോട്, മനയൂമൂഴി, കക്കാടിത്താഴം, കല്ലാനിക്കൽ, മുടപ്പനാൽ എന്നിവിടങ്ങളിലെ പുഞ്ചകൃഷി സൗകര്യത്തിന് കക്കാട്ടിത്താഴം മനസ്സുമൂഴി, കല്ലാനിക്കൽ, ചിറേറത്തുകററി റോഡിൽ നിന്നുമുള്ള മുകളിൽപറഞ്ഞ സ്ഥലങ്ങളിലേക്കുള്ള റോഡ് നന്നാക്കുക.
26 വിഡാങ്ങര പാടത്തിൻെറ വിത്തേരിക്കാവ്, കൈതക്കാട് എന്നിവിടങ്ങളിലേക്ക് കൃഷിസ്ഥലങ്ങളിലേക്ക് വേണ്ടി പാറക്കാവെളി, ഇടവെട്ടം റോഡിൽ നിന്നും പാടത്തേക്കു വരുന്ന പാറകൽവഴിയും പുതുപ്പള്ളി കരോട്ടിൽനിന്നും കൈതക്കാട്ടു തൊണ്ടും റോഡ് ആക്കുക.
27 വിഡാങ്ങര തോടിൻെറ കിഴക്ക തെക്കു വശത്തുകൂടെ ഇടവട്ടം വിഡാങ്ങര റോഡിൽനിന്നും അർത്തി പാടത്തു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
28 തൊണ്ടിലങ്ങാടി കോട്ടപ്പുറം റോഡ് കോണത്തു ബണ്ടുമായി യോജിപ്പിക്കുക.
29 ഒലിപ്പുറം റോഡിൽ നിലവിലുള്ള തൂമ്പിനു പകരം പാലം നിർമ്മിക്കുക. കാവുങ്കൽ പാടം വരെയുള്ള തോടിൻെറ സൈഡിൽ റോഡ് നിർമ്മിക്കുക. ചീപ്പും സ്ഥാപിക്കുക.

30 കൊളവെലി തെക്കടം റോഡ് ട്രാക്ടർ, ടില്ലർ ഇറക്കുന്നതിന് സൗകര്യപ്പെടുത്തുക.

31 ചാലി നിലത്തിൻെറ തെക്കുഭാഗത്ത് അക്കരെയിക്കരെ ടില്ലർ മുതലായവ ഇറക്കുന്നതിന് കലുങ്കു നിർമ്മിക്കുക

32 മുരിയംകരിയിൽനിന്നും പള്ളിയുടെ ഭാഗത്തുകൂടി കിടക്കുന്ന റോഡ് നന്നാക്കുക. ചാരുനട കെട്ടുക.

33 അയ്യനേത്ത് റോഡിലെ മണ്ണ് പാടത്തു വീഴാതിരിക്കാൻ വയൽ പരിസരത്ത് കരിങ്കൽ കെട്ടുക.

34 ഇരട്ട മാവിൽനിന്നും പൊററത്തോട് താഴം റോഡ് നന്നാക്കുക. കന്നേൽ റോഡുമായി ബന്ധിപ്പിക്കുക, ഹൈലേററ് ഭാഗത്തുള്ള കൽക്കെട്ട് പൊളിച്ചുമാററുക,

35 കീച്ചേരി താഴേ പാടം റോഡ് ടാർ ചെയ്യുക, ഇടംപാടം പാടത്തേക്ക് കന്നേത്താഴം റോഡ് നന്നാക്കുക, അതുമൂലം യാത്രക്കാർക്കും കർഷകർക്കും ടില്ലർ മുതലായവ കൊണ്ടുപോകുന്നതിനും സൗകര്യമാണ്.

36 ഞണ്ടുകാട്ട മുതൽ ഈയ്യകുന്നുവരെയുള്ള റോഡ് നിർമ്മിക്കുക.

37 കാടാപ്പുറത്തു റോഡ് വീതികൂട്ടി സൗകര്യപ്പെടുത്തുക, കീച്ചേരി പെരുമ്പിള്ളി ഫാം റോഡായി ബന്ധിപ്പിക്കുക.

38 നേററു പാടത്തേക്കുള്ള റോഡ് നന്നാക്കുക.

39 കളരിക്കൽതാഴം, അയ്യൻകരി പനച്ചിക്കൽപ്പാടം എന്നീ കൃഷി നിലങ്ങളിലേക്ക് ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ടുപോകുവാൻ കാടാപ്പുറത്തു റോഡ് ഫാം റോഡിൽപെടുത്തി ടാർ ചെയ്യുക.

40 നാവുകരിത്താഴം ഫാം റോഡും മാത്തൂർത്താഴം റോഡും തെക്കേടം റോഡുമായി ബന്ധിപ്പിക്കുക. സ്ലൂയിസും ബ്രിഡ്ജും വേണം.

41 പരിപ്പിൻതാഴം റോഡ് ഫാം റോഡിൽപ്പെടുത്തി നന്നാക്കുക.

42 തൊണ്ടിലങ്ങാടി തെരുവ് റോഡിൽനിന്ന് പാടശേഖരങ്ങളിലേക്ക് എത്തുന്ന റോഡുകൾ അവസാനിക്കുന്ന ഭാഗത്ത് കരിങ്കൽ കെട്ടി ട്രാക്ടർ ടില്ലർ ഇറക്കാൻ സൗകര്യപ്പെടുത്തുക.

## ചെറുകിട ജലസേചനം

കൃഷിക്ക് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ജലസേചനം നമുക്ക് ലഭിക്കുന്ന കാലവർഷം മൂലവും തുലാവർഷം മൂലവും ലഭിക്കുന്ന ജലം വേണ്ടത്ര രീതിയിൽ സംരക്ഷിച്ച് കൃഷിക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. നിലവിലുള്ള ജലസേചന തോടുകൾ ജലസേചനത്തിന് ഉപകരിക്കുന്നില്ല.

ജല പരിപാലനത്തിൽ പ്രധാനപ്പെട്ട 4 കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

1 അധികമായി വരുന്നജലം ഒഴുക്കി കളയേണ്ട സാഹചര്യം വരുന്നു.

2 അമിതമായി ലഭിക്കുന്ന ജലം തടഞ്ഞു നിർത്താൻ കഴിയാതെ ഒഴുകിപ്പോകുന്നു.

3 ജലസേചനം നടത്തേണ്ട സാഹചര്യം.

4 വേണ്ട അളവിൽ ഓരോ കൃഷിക്കും ജലം സംരക്ഷിച്ചു നിർത്തേണ്ടിയിരിക്കുന്നു.

സംസ്ഥാന ഭൂഗർഭ ജല വകുപ്പ്, സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെൻറ്, ജലസേചന വകുപ്പ് എന്നിവ ജലസേചന സൗകര്യങ്ങളെപ്പററി പഠനം, സംരക്ഷണം, വികസനം, മാനേജ്മെൻറ്, വിലയിരുത്തൽ എന്നിവ നടത്തി, പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

## നിർദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

1 കന്നപ്പിള്ളി തോട്ട മുതൽ പാണാർ തോട്ടവരെയുള്ള തോട്ടിൽ പാലോത്ത്താഴം, കാലായിത്താഴം, പാറത്തടത്താഴം തുടങ്ങി 7 തടയിണകൾ സ്ഥാപിക്കണം.

2 P. V. I. ൽ നിന്നും വരുന്ന അമിതജലം വെളിപ്പാലം തോട്ടവഴി പോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

3 ചെമ്പകശ്ശേരി കുളം നന്നാക്കി പമ്പ് സെററ് സ്ഥാപിച്ചാൽ കരിവേലി, ആഞ്ഞിലിവേലി, പുതുശ്ശേരി, അമ്പാടം പടവ് പാടശേഖരങ്ങൾക്ക് പ്രയോജന പ്രദമാണ്. (30 H. P.)

4 ആഞ്ഞിലിവേലിതാഴം തോട് ചിറേറത്തു മുക്ക് വരെ വീതി കൂട്ടി തടയിണകൾ നിർമ്മിക്കണം.

5 പാണാർ തോട്ടിൽ നിന്നും വെള്ളം പമ്പുചെയ്തു പാണാർ പാടശേഖരങ്ങളിൽ കൃഷിക്കുപയുക്തമാക്കണം (25 H. P. മോട്ടോർ)

6 ആമ്പല്ലൂർ കാവു മുതൽ ചെറുകരതാഴം വരെയുള്ള തോട് പുനർ നിർണ്ണയം ചെയ്ത് ഇരുവശവും കെട്ടി കൃഷിക്ക് ഉപയോഗപ്പെടുത്തുക.

7 തുളവേലിപാടം മുതൽ കണ്ടഞ്ചിറ വരെയുള്ള പൊതുതോട് ആഴം കൂട്ടി ജലസേചനത്തിന് സൗകര്യപ്പെടുത്തുക.

8 വയ്ക്കത്തുമേലി, ചമ്പന്ന എന്നിവിടങ്ങളിലെ പൊതുക്കുളം ആഴം കൂട്ടുക.

9 വാളേക്കോട്ട പാടത്തുനിന്നും മൂഴി പാടത്തേയ്ക്കുള്ള തോട് ലക്ഷം വീട് ഭാഗത്ത് നികന്നു കിടക്കുന്നത് താഴ്ത്തുക.

10 കാഞ്ഞിരമററം കോളനിയിൽ നിന്നും വരുന്ന അധികജലം അവിടെനിന്നും തിരിച്ച് അമ്പ്വേലിപടിഞ്ഞാറു ഭാഗത്തുകൂടി സൗത്ത് ഇൻഡ്യൻ ബാങ്കിന് തെക്കുവശത്തുള്ള ഓടയിൽ എത്തിക്കുക.

11 കപ്ളങ്ങാട്ടുകളം ആഴം കൂട്ടി ജലസേചനത്തിന് സൗകര്യപ്പെടുത്തുക. (30 H. P.)

12 50 ഏക്കർ കൃഷി മൂപ്പു ആകുന്നതിനും വാട്ടർ ടാങ്കിലേയ്ക്ക് പമ്പുചെയ്താൽ കുടിവെള്ളത്തിനും ഈ പദ്ധതി ഉപകരിക്കും. സമീപത്തുള്ള കോളനിക്കും ഇതു പ്രയോജനപ്രദമായിരിക്കും.

13 P. V. I. കനാൽ ചെത്തിക്കോട്ടിൽ നിന്നും കൂർക്കപ്പാടത്തേക്ക് നീട്ടുക.

14 വിടാങ്ങരപ്പാടത്ത് അവസാനിക്കുന്ന കനാൽ മില്ലുകൽ തോടു വരെ നീട്ടുകയും ഈ തോട്ടിൽ കണക്കൻഞ്ചേരി ഭാഗത്ത് ഷട്ടർ ഇട്ട് വടക്ക് ഭാഗത്തേക്ക് 200 മീററോളം പുതിയ തോട് നിർമ്മിക്കുക.

15 കോണത്ത് ബണ്ടിനു വടക്കുവശം ഇടുന്ന താൽക്കാലിക ബണ്ട് കൃത്യ സമയത്ത് ഇടുകയും തുറക്കുകയും ചെയ്യുക.

16 താഴെപറയുന്ന ജലസേചന തോടുകൾ നന്നാക്കി സംരക്ഷിച്ച് ആവശ്യമായ ചീപ്പുകൾ ഇടുക.

| | | | |
|---|---|---|---|
| 1 | കടവിത്തറ തോട് | 2 | കട്ടില തോട് |
| 3 | കണ്ടഞ്ചിറ തോട് | 4 | കറുക്കൻതറ തോട് |
| 5 | പള്ളി തോട് | 6 | മുട്ടപ്പാടം തോട് |
| 7 | കുത്തിയ തോട് | 8 | കോണത്തു തോട് |

നിലവിലുള്ള പാലങ്ങളുടെ കേടുപാടുകൾ തീർക്കുകയും പുതിയവ ആവശ്യമായ സ്ഥലത്ത് നിർമ്മിക്കുകയും വേണം.

P. V. I. കനാൽ ജലം ആക്കാപ്പനത്തു വന്നു നിൽക്കുന്നത് ആമ്പല്ലൂർ താഴം വഴി കൂട്ടേക്കാവ് താഴത്ത് എത്തിക്കണം. കൂട്ടേക്കാവ് പടിഞ്ഞാറുഭാഗത്ത് അവസാനിക്കുന്ന കട്ടിലതോട് വടക്കോട്ട് നീട്ടണം.

മാമ്പുഴ പാടം കരിനിലത്തിന് സമീപം പമ്പ്ഹൗസ് സ്ഥാപിക്കുക. പൂവത്തുമ്മേൽ തോട് സൈഡ്കെട്ടി സംരക്ഷിക്കുക.

A. K. ബണ്ടിൻെറ അററകുററപണികൾ നടത്തുക. മാമ്പുഴ എട്ടുപറ തോട് ജലസേചനത്തിന് ഉപയുക്തമാക്കുക.

പൂവത്തുമ്യാലിൽ കൊല്ലംതാഴം തോട് വീതികൂട്ടുക.

പുത്തൻതോട് മൂവാററുപുഴ ആറുമായി സ്ലൂയിസ് സൗകര്യത്തോടുകൂടി ബന്ധിപ്പിക്കുക. ഇതുമൂലം മൂവാററുപുഴ ആറിൽ നിന്ന് ശുദ്ധജലം തെക്കേ അററത്തുനിന്നും വടക്കേ അററം വരെ ഒഴുകി ഒരു പ്രകൃതിദത്തമായ ജലസേചനം നടക്കുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിക്കുകയും ചെയ്യുന്നു.

വലിയ കുളം പാടശേഖരത്തിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തു കുളത്തിൽ നിന്നുംപടിഞ്ഞാട്ട് കാക്കപ്പാടം കൂടിഎട്ട് പറതോട്ടിൽ എത്തുന്ന തോട് വീതികൂട്ടി ജലസേചനം സൗകര്യപ്പെടുത്താം. എട്ടുപറത്തോട്ടിൽ ഉള്ള സ്ളൂയിസ് മാററി സ്ളൂയിസ് കംബ്രിഡ്ജ് സ്ഥാപിക്കുക.

P. V. I. 6, 7, 10 വാർഡുകളിലേക്ക് നീക്കി കോണത്തു തോട്ടിലേക്കു മറിച്ചാൽ ജല ദൗർലഭ്യത്തിന് പരിഹാരമാവും.
കരിപ്പാട്ടുകുളം, മാരിയിൽകുളം താഴ്ത്തി പമ്പുസെററ് സ്ഥാപിക്കുക. കാപ്പിത്താഴം തോട് സൈഡ്കെട്ടി ജലസേചന സൗകര്യപ്പെടുത്തുക. (50H.P). കാപ്പിത്താഴം തോടിൽ ഒരു ഭാഗം സൈഡ് റോഡ് ആക്കുക.

* കറുപ്പത്തൂരിൽ നിന്നും കാപ്പിത്താഴത്തേക്കു വരുന്ന തോട് സംരക്ഷിക്കുക.
* വിഡാങ്ങരപാടത്തു ഇരുപ്പൂ കൃഷി നടത്തുന്നതിലേക്ക് കൂർക്കപ്പാടത്തുനിന്നും വരുന്ന കനാലിലെ വെള്ളം ആഴ്ചയിൽ 2 ദിവസം കൃഷിക്ക് ലഭ്യമാക്കുക.
* പാഴവേലി മൂഴ്, ചാലക്കൽ മൂഴ്, പേക്കാട്ട്മൂഴ് തോടുകൾ സംരക്ഷിക്കുക.
* തോട്ടറപുഞ്ചയിൽ നിലവിലുള്ള തോടുകൾ ആഴംകൂട്ടി മൂവാററുപുഴ ആറിൽനിന്നും ജലം ലഭ്യമാക്കിയാൽ കൃഷിക്കും കുടിവെള്ളത്തിനും സഹായകമാകും.
* വിരിപ്പച്ച തോട്ടിൽ നിന്നും ചാലക്കൽ കുളത്തിലേക്ക് ജലം തോടുവഴി എത്തിച്ചാൽ ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടും.
* തോട്ടറപുഞ്ച സ്കീമിൽപ്പെടുത്തി മനക്കൽ താഴത്ത് സ്ളൂയിസ് നിർമ്മിച്ച വിരിപ്പച്ചാൽ തോട്ടിൽനിന്നും പാഴവേലി മൂഴിയിൽ കൂടി തൃപ്പക്കുടം ചിറക്കുളത്തിൽ എത്തിക്കുക (50 H. P.). വലിയകുളം, താഴേപ്പാടം, കാക്കപ്പാടം, പുൽപ്രമേൽപാടം ഇവക്ക് പ്രയോജനപ്പെടും.
* തൃപ്പക്കുടം കുളം സംരക്ഷിക്കുക.

* അയലാററിൻപാടം നടയരിതോട് കൽകെട്ടകാംകെട്ടി നന്നാക്കുക.
* തച്ചകന്നേൽ താഴത്ത് ചീപ്പും, കലുങ്കും പണിയുക. സ്ളാബുകാം പുതുക്കുക.
* ഭഗവതിമൂഴ് തോട് കിഴക്കു പടിഞ്ഞാറ് താഴ്ത്തി വീതി കൂട്ടുക.
* മാരിയിൽകുളം കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുക.
* വിഡാങ്ങരതോട്ടിലെ ചീപ്പുകാം സംരക്ഷിക്കുക.
* കരിപ്പാട്ടകുളം താഴ്ത്തി മോട്ടോർ സ്ഥാപിക്കുക.
* താഴെപ്പാടത്ത് കുളം കഴിച്ച് ജലസേചനം നടത്തുക.
* ഇടമ്പാടത്ത് കുളംകഴിച്ച് ജലസേചനം നടത്തുക.
* കൊല്ലംകോട്ട തോട്ടിൽ സ്ളൂയിസ് കം ബ്രിഡ്ജ് നിർമ്മിച്ച് കൊളവേലിപാടം, കാഞ്ഞിരമേലി പാടം, മലക്കാട്ട കരിപാടം ഇവയ്ക്ക് പ്രയോജനപ്രദമാകും.
* നേററുപാടംതോട് വീതികൂട്ടി ജലസേചനം സൗകര്യപ്പെടുത്തുക.
* ക്രോസോത്ത് കുളവും, കണിയാൻ കുളവും കൃഷിക്ക് ഉപയുക്തമാക്കുക.
* ആഞ്ഞിലിമ്യാലിൽത്താഴം മുതൽ ചിറേറത്തു മുക്കുവരെയുള്ള തോട് വീതിയും ആഴവും കൂട്ടുക.
* ഒലിപ്പുറത്തു തോട്, കാവുങ്കൽ പാടംവരെ സൈഡ്കെട്ടി ചീപ്പ് സ്ഥാപിക്കുക.
* തോട്ടറപുഞ്ചയുടെ മദ്ധ്യഭാഗത്തുകൂടി കാവുങ്കൽ താഴംവരെയുള്ള തോട് ആഴം കൂട്ടി സംരക്ഷിക്കുക.
* P. V. I. കനാലിലെ ജലം മുതലക്കുഴി, വാളേക്കോട്ട് പാടങ്ങളിൽ ജലം എത്തിച്ചാൽ ഇരുപ്പൂകൃഷി നടത്താം.
* വിരുപച്ചാൽ പാടശേഖരത്തിൽ നിലവിലുള്ള തോട് താഴ്ത്തുക.
* പുലിമുഖം മേൽതോട് യഥാർത്ഥ വീതിയിൽ താഴ്ത്തി ഇരുവശവും കരിങ്കൽകെട്ടുക.
* പത്തടി മൂഴിയിലേക്കും, ഭഗവതി മൂഴിയിലേക്കും, കന്നംകുളം മൂഴിയിലേക്കും ഉള്ളതോടുകാം നന്നാക്കി സംരക്ഷിക്കുക.
* ചാത്തങ്കരിയും, കാഞ്ഞിരങ്കരിയും കൂടിയഭാഗത്ത് ബണ്ടും ചീപ്പും ഉണ്ടാക്കുക.
* പുററൂര് തോട്ടിൽ പമ്പ് സെററ് സ്ഥാപിക്കുക.

* A K. ബണ്ടിൽ മോട്ടോർ സ്ഥാപിക്കുക.
* ആമ്പല്ലൂർ, കീച്ചേരി, ബണ്ട് തുറന്നിടുക.
* ഒരുപ്പൂ നെൽകൃഷിയും, ബാക്കി സമയങ്ങളിൽ മത്സ്യ ബന്ധനവും വിജയകരമായി നടത്താവുന്നതാണ്.
* തരിശായി കിടക്കുന്ന 1000 ഏക്കറോളം പ്രയോജനപ്പെടുത്താം (2 അഭിപ്രായങ്ങൾ നിലനിൽക്കുന്നു.)

## മൃഗ സംരക്ഷണം

### പാൽ

പാൽ പോഷകമൂല്യമുള്ള ഒരു പാനീയമാണ്. ഉത്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ നിശ്ചിത വിലക്ക് മുടക്കമില്ലാതെ ഏറ്റെടുക്കുന്ന രീതിയിൽ ഉറപ്പു വരുത്തിയാൽ മാത്രമേ ഈ രംഗത്ത് ചെറുകിട കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളു. 125 ഗ്രാം പ്രതിശീർഷ ഉപയോഗം ഉള്ള പാൽ 305 ഗ്രാം ആയി ഉയർത്തേണ്ടിയിരിക്കുന്നു.

### 1 നല്ലയിനം കറവപ്പശുക്കളെ വളർത്തുന്ന പദ്ധതി

3 പശുക്കൾ അടങ്ങിയ ഒരു യൂണിററ് എന്ന തോതിൽ പശു വളർത്തൽ ആദായകരമായി കൊണ്ടു പോകുന്നതിനുള്ള പദ്ധതി. പശു വളർത്തലിലും പാൽ ഉല്പാദനത്തിലും താത്പര്യമുള്ള ഗുണഭോക്താക്കളെ കണ്ടുപിടിച്ച് ഒരു മുഖ്യ തൊഴിലായി കൊണ്ടുപോകുന്ന ഒരു ചെറിയ യൂണിററാണ് ലക്ഷ്യം. മൂലധനത്തിന്റെ മൂന്നിലൊന്ന് ഭാഗം സഹായധനമായും ബാക്കി ഗുണഭോക്താവിന്റെ വിഹിതമായോ അല്ലെങ്കിൽ ധനകാര്യ സ്ഥാപനങ്ങൾ വഴി സംഭരിക്കുകയോ ചെയ്യാവുന്നതാണ്.

### 2 കന്നുകാലി തൊഴുത്തു നിർമ്മാണം

ശാസ്ത്രീയമായരീതിയിൽ കന്നുകാലികൾക്ക് ആവശ്യമായ നല്ലയിനം കന്നുകാലി തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇതിന് സഹായധനവും വായ്പയും ലഭ്യമാക്കണം.

### 3 കന്നുകുട്ടി പരിപാലന പദ്ധതി

നിലവിൽ ഈ പരിപാടി നടപ്പാക്കി വരുന്നുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ ഇതിന്റെ ഗുണം പഞ്ചായത്തു പ്രദേശത്ത് മൊത്തത്തിൽ ലഭിക്കുന്നില്ല. 4 മാസം മുതൽ 9 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെയോ അല്ലങ്കിൽ പ്രസവം വരെയോ പരിപാലിക്കുന്ന ഒരു പദ്ധതി

യാണ് ഇത്. 50% സൗജന്യ നിരക്കിൽ കാലിത്തീററ, വിര മരുന്ന്, ഇൻഷ്വറൻസ് സംരക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## 4 പേവിഷബാധ നിയന്ത്രണ പദ്ധതി

നമ്മുടെ പഞ്ചായത്തിൽ പേപ്പട്ടിശല്യം ഇടക്കിടെ ഉണ്ടാകുന്നതിനാൽ നിർബന്ധമായും ഇക്കാര്യത്തിൽ ഊന്നൽ നൽകുകയും ഘട്ടംഘട്ടമായി പേവിഷ നിർമാർജനം ചെയ്യുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ വാർഡുകളിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം നിർബന്ധമായും നടപ്പാക്കുക. പേവിഷബാധ വരാതിരിക്കുന്നതിനുള്ള സൗജന്യ കുത്തിവയ്പ് നടപടി ത്വരിതപ്പെടുത്തുക.

## 5 അരയൻകാവ് മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുക

നിലവിലുള്ള ആശുപത്രിക്ക് ആവശ്യമായ കെട്ടിടം, ഉപകരണങ്ങൾ, ലാബറട്ടറി സൗകര്യങ്ങൾ തുടങ്ങിയവയുടെ അപര്യാപ്തതകൊണ്ട് ആശുപത്രിയുടെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല. ഈ സേവനമേഖല മെച്ചപ്പെടുത്തുന്നതിലേക്ക് ആശുപത്രിക്ക് സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ, ടെലിഫോൺ, രോഗനിർണ്ണയത്തിനാവശ്യമായ ലാബറട്ടറി സൗകര്യങ്ങൾ, ഓപ്പറേഷൻ ടേബിൾ എന്നിവ സജ്ജമാക്കി ആശുപത്രി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

## 6 ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 45 ദിവസം ശാസ്ത്രീയമായി പരിപാലിച്ച് വിൽക്കുന്ന ഒരു പദ്ധതിയാണിത്. വളരെ ചുരുക്കം കുടുംബങ്ങൾ മാത്രമേ ഇന്ന് ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളൂ. അതിനുള്ള പ്രധാനകാരണം കോഴിക്കുഞ്ഞുങ്ങളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്, കോഴിത്തീററ, മരുന്ന് എന്നിവയുടെ വില വർദ്ധനവ് വിപണനത്തിനുള്ള ബുദ്ധിമുട്ട് എന്നിവയാണ്. ഇവക്ക് പരിഹാരം കാണാൻ കഴിഞ്ഞാൽ ആദായകരമായി ഈ തൊഴിൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയും. ആയതിലേക്ക് കോഴിയിറച്ചി ഉൽപാദന വിപണന സംഘം രൂപീകരിക്കുക, പഞ്ചായത്തുതലത്തിൽ ആസൂത്രണ പദ്ധതി തയ്യാറാക്കി കോഴിക്കുഞ്ഞ്, കോഴിത്തീററ, മരുന്ന് ഇവ യഥാസമയം കിട്ടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. ആവശ്യമായ വായ്പയും, സബ്സിഡിയും അനുവദിക്കുക. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.

## 7 മുട്ടക്കോഴി വളർത്തൽ

ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴികഞ്ഞുങ്ങളെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് 500 യൂണിററുകളുള്ള ഒന്നോ രണ്ടോ യൂണിററുകരം പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. അവയിൽനിന്നും രണ്ടുമാസം പ്രായമാകുമ്പോരം കുഞ്ഞുങ്ങളെ ഉപഭോക്താക്കരംക്ക് വിതരണം ചെയ്യാവുന്നതാണ്. അടുക്കള മുററത്ത് കോഴിക്കുഞ്ഞുങ്ങളെ വളത്താവുന്നതാണ്. 50% സബ്സിഡിയോടുകൂടി 5 കോഴികുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യാവുന്നതാണ്.

## 8 പന്നിവളർത്തൽ

പ്രാദേശികമായി പരിസ്ഥിതി പ്രശ്നങ്ങരം കണക്കിലെടുത്ത് മാത്രം നടപ്പിലാക്കാവുന്ന ഒരു പദ്ധതിയാണ്. ഭക്ഷണ അവശിഷ്ടങ്ങരം കൂടുതൽ കിട്ടുവാനുള്ള ലഭ്യത കണക്കിലെടുത്ത് ഹോട്ടൽ, മാർക്കററ്, ലോഡ്ജുകരം, കോഴി സംസ്ക്കരണ യൂണിററുകരം എന്നിവയുടെ സമീപത്ത് വളരെ ലാഭകരമായി പന്നി വളർത്തൽ പദ്ധതി നടപ്പാക്കാവുന്നതാണ്. സബ്സിഡിയും, വായ്പയും ഈ സ്ക്കീമിന് ലഭ്യമാക്കാവുന്നതാണ്.

## 9 ആടുവളർത്തൽ

കുറഞ്ഞ ചിലവിൽ വളത്താവുന്ന ഒരു മൃഗമാണ് ആട്. വളരെ പോഷക മൂല്ല്യവും ഔഷധ ഗുണവുമുള്ള ഒന്നാണ് ആട്ടിൻ–പാല്. ഇറച്ചിയും അത്യുത്തമം. ഉല്പാദനക്ഷമത കൂടിയ ജനസ്സുകളെ സൗജന്യമായി വിതരണം ചെയ്ത് ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്.

## 10 താറാവു വളർത്തൽ

നെൽകൃഷി ചെയ്യുന്ന സ്ഥലത്തിൻെറ പരിധി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലുള്ള താറാവു വളർ–ത്തലിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർ അന്യപ്രദേശങ്ങളിൽ കൊണ്ടുപോയാണ് ഇവയെ സംരക്ഷിക്കുന്നത്. ഇത് അവരുടെ ആദായത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിനു പരിഹാരമായി കൃഷിക്കാർക്ക് വായ്പ, കുത്തിവയ്പിനുള്ള സൗകര്യം, ഇൻഷ്വറൻസ് ആനുകൂല്യം, തീററ എന്നിവ ലഭ്യമാക്കുന്നതിന് ഒരു കൂട്ടായ പ്രവർത്തന പരിപാടി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

330

## 11 മുയൽ വളർത്തൽ

ഗൃഹങ്ങളിൽ ആദായകരമായി വളർത്താവുന്ന ഒന്നാണിത്. മുയലിറച്ചിക്ക് നല്ല പ്രിയം ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 25 യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

## 12 തീററ പുൽകൃഷി

ഇന്ന് തീററപുൽ കൃഷി ചെയ്യുന്നതിനുള്ള സ്ഥലം പരിമിതമാണ്. എന്നാൽ തെങ്ങിൻ തോപ്പുകളും തരിശായി കിടക്കുന്ന സ്ഥലങ്ങളും പുരയിടങ്ങളുടെ അതിർത്തി പ്രദേശങ്ങളും ഈ കൃഷിക്കവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. കന്നുകാലികൾക്ക് ശരീരപോഷണത്തിനും ഉൽപാദന വർദ്ധനവിനും തീററ പുല്ലുകൾവളരെ പ്രാധാന്യമർഹിക്കുന്നു. പിണ്ണാക്ക്, ധാന്യങ്ങൾ, മററുകാലിത്തീററകൾ എന്നിവക്കു പുറമേ, പച്ചപ്പുല്ല് വളരെ അത്യന്താപേക്ഷിതമാണ്. ഗിനി, നേപ്പിയർ, വൻപയർ, പാരപ്പുല്ല തുടങ്ങിയ വിവിധയിനം തീററപ്പുല്ലുകൾ നമുക്ക് വളർത്താവുന്നതാണ്. പുൽകൃഷി ചെയ്യുന്നതുകൊണ്ട് മണ്ണിൻെറ ഘടന മെച്ചപ്പെടുന്നതിനും മണ്ണൊലിപ്പ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സഹായിക്കുന്നു. വിത്ത്, വളം എന്നിവ ഇന്ന് ലഭ്യമാണ്. പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന വീടുകളിൽ തീററപുൽകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കേണ്ടതാണ്.

## 13 ബയോഗ്യാസ്

ഏററവും കുറഞ്ഞത് 2 പശുക്കളെ വളർത്തുന്ന വീടുകളിൽ വളരെ ആദായകരമായ രീതിയിൽ ചാണകം ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഒരു ഊർജ്ജ യൂണിററാണ് ബയോഗ്യാസ്. L. P. G. ക്ഷാമം, വിറക്ക്ക്ഷാമം ഇവ നേരിടുന്ന ഈ സന്ദർഭത്തിൽ ഈ യൂണിററുകൾക്ക് വളരെ പ്രാധാന്യമുണ്ട്. നിർമ്മാണത്തിന് വായ്പയും സഹായധനവും ഇന്ന് ലഭ്യമാണ്. അടുക്കളയിൽ ഭക്ഷണം പാചകംചെയ്യുന്നതിനും വിളക്കുകത്തിക്കുന്നതിനും സാധിക്കും. അപകടരഹിതവും ചിലവുകുറവും ഇതിൻെറ പ്രത്യേകതകളാണ്. പ്ലാൻറിൽ നിന്നും ബാക്കി വരുന്ന ചാണകം വളമായും ഉപയോഗിക്കാം. നിലവിലുള്ള കേടുവന്ന പ്ലാൻറുകൾ റിപ്പയർ ചെയ്യുന്നതിനും സഹായം ലഭ്യമാണ്. ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും സാധ്യത കണക്കിലെടുത്ത് നടപ്പാക്കേണ്ടതാണ്.

## 14 മിൽമ

നിലവിലുള്ള 3 മിൽമ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ച്, പാൽവിതരണം, കന്നുകാലിത്തീററ വിത

രണം, കത്തിവയ്പ്പ് സൗകര്യങ്ങൾ, വിപണന രംഗം എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. ഓരോ സംഘത്തിലും, മൃഗാശുപത്രികളുടെ യൂണിററുകൾ നിർബന്ധമായും തുടങ്ങുകയും ചികിത്സാരംഗം, ഭവനസന്ദർശനം പഠനം, പരിശീലനം എന്നിവ ഊർജ്ജിതപ്പെടുത്തുകയും വേണം.

## 15 മൃഗസംരക്ഷണ സേവന മേഖല

അത്യുല്പാദന ശേഷിയുള്ള പശുക്കൾക്ക് ഉണ്ടാവുന്ന സാംക്രമിക രോഗങ്ങൾ, അകിടുവീക്കം, വിരബാധ, മനുഷ്യർക്ക് ഭീഷണിയായിട്ടുള്ള പേവിഷബാധ, കോഴി, താറാവ് ഇവയ്ക്കുള്ള കത്തിവയ്പുകൾ കന്നുകാലികൾക്ക് ഉണ്ടാകുന്ന കുളമ്പുരോഗം, കരലടപ്പൻ എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടി താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

വിരബാധ നിർമ്മാർജന പദ്ധതി, അകിടുവീക്ക നിയന്ത്രണ പദ്ധതി, പ്രതിരോധ കത്തിവയ്പുകൾ എന്നിവ വാർഡുതലത്തിൽ നടപ്പിലാക്കേണ്ടതാണ്.

## മത്സ്യ കൃഷി വികസനം

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ഉൾനാടൻ മത്സ്യബന്ധനമാണ്. എന്നാൽ 8, 5, 10 എന്നീ വാർഡുകളിൽ മത്സ്യ തൊഴിലാളികൾ മത്സ്യബന്ധനം കൊണ്ട് ഉപജീവനം നടത്തി വരുന്നവരുണ്ട്. ലാഭകരമായ രീതിയിൽ മത്സ്യബന്ധനം നടത്തി മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുവാൻ ഇന്ന് കഴിയുന്നില്ല. കുളങ്ങൾ, തോടുകൾ മുതലായവയിൽ മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുക. വളം, വല ഇവ ലഭ്യമാക്കുക.

കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് നല്ലയിനം മത്സ്യ കുഞ്ഞുങ്ങൾ ലഭ്യമാക്കുക. കരിനിലങ്ങൾ തരിശിടുന്ന സന്ദർഭങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി അനുകൂലമെങ്കിൽ ചെമ്മീൻ, കൊഞ്ച് കൃഷി പ്രോത്സാഹിപ്പിക്കുക.

കൃഷി, മത്സ്യബന്ധന വിദഗ്ധരെ ഉൾപ്പെടുത്തി ഇപ്പോഴത്തെ പരിത:സ്ഥിതിയിൽ വരുമാനം വർദ്ധിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുകയും ചെയ്യുക. മത്സ്യ തൊഴിലാളികൾക്ക് വെള്ളം, വെളിച്ചം, കക്കൂസ്, ഭവനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഇവ കർഷകർക്ക് യഥാസമയം ലഭ്യമാകുവാനുള്ള പദ്ധതി സമയ ബന്ധിത പരിപാടിയനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്.

## ഔഷധസസ്യ കൃഷി

അന്യമായിക്കൊണ്ടിരിക്കുന്ന ഔഷധച്ചെടികൾ പ്രോത്സാഹിപ്പിക്കാവുന്ന ഒരു കൃഷിയാണ്. ഒരു വീട്ടിൽ ഒരു ഔഷധച്ചെടി എന്ന മുദ്രാവാക്യം ഈ കൃഷിയിലൂടെ പ്രാവർത്തികമാക്കാം.

## വനവൽക്കരണം

മരം വച്ചു പിടിപ്പിക്കുന്നതുകൊണ്ട് (തേക്ക്, ഈട്ടി, മാവ്, പ്ലാവ്) മണ്ണൊലിപ്പ് തടയുന്നു. ജലാംശം പിടിച്ചു നിർത്തുന്നു. ജൈവവളം പ്രദാനം ചെയ്യുന്നു. തണൽ നൽകുന്നു. തടി നിർമ്മാണ പ്രക്രിയകൾക്കും വിറകിനും ലഭിക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ വന മഹോത്സവങ്ങൾ നടത്തി തണൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പാക്കുകയും സ്ഥാപനങ്ങൾ/സ്കൂളുകൾ പൊതുസ്ഥലങ്ങൾ ഇവിടങ്ങളിൽ വഴി മരങ്ങൾ വച്ച് പിടിപ്പിച്ച് ബോധവൽക്കരണവും നടത്തേണ്ടതാണ്.

## കാർഷിക ഗതാഗതം

മില്ലുകൾ തോടും കുളവും ഉപയോഗ ശൂന്യമായി കിടക്കുന്നതു മൂലമുള്ള (മലിനീകരണം, ഗതാഗതകുരുക്ക്) അവ നികത്തി ഫല പ്രദമായ രീതിയിൽ ഉപയോഗിക്കണമെന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിർദ്ദിഷ്ഠ പെരുമ്പിള്ളി കീച്ചേരി ഫാം റോഡ് കടന്നുപോകുന്ന സ്ഥലത്ത് യോജിക്കുന്ന ഭാഗത്ത് ബോട്ടുജെട്ടി നിർമ്മിക്കുക. നിലവിലുള്ള മില്ലുകൽ കുളം നികത്തി അവിടെ ടാക്സി ആട്ടോ സ്റ്റാൻഡും ഷോപ്പിങ്ങ് കോംപ്ലക്സും നിർമ്മിക്കുക. പഞ്ചായത്തിന് വരുമാന മാർഗവും ഇന്ന് മില്ലുകലുള്ള ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ കഴിയും.

## ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഊർജ്ജിതപ്പെടുത്തൽ

നെല്ല് ഉത്പാദനം പരമാവധി കൂട്ടുന്നതിനും, നിലവിൽ കൃഷിചെയ്യുന്ന സ്ഥലം തരിശിടാതെ കൃഷി ഇറക്കുന്നതിനുള്ള സഹായ പദ്ധതികൾ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിലൂടെ ഉറപ്പുവരുത്തണം. പാടശേഖര അടിസ്ഥാനത്തിൽ കർഷകർ കൂട്ടായി കൃഷിപ്പണി നിർവഹിക്കണം ശാസ്ത്രീയ കൃഷി സമ്പ്രദായം നടപ്പിൽ വരുത്തണം. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് ഒരേ സമയം കൃഷിയിറക്കുക, മണ്ണ് സംരക്ഷണം, ജലനിയന്ത്രണം, ഇവ യഥാസമയം നടപ്പിലാക്കണം. ജൈവവളത്തിന്റെ പ്രാധാന്യം കാർഷിക യന്ത്രവൽക്കരണം ഇവയും പ്രാധാന്യമർഹിക്കുന്നു.

കാർഷികോപകരണങ്ങൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ ഇവ ഗ്രൂപ്പ് ഫാമിംഗ്, സംഘാടകർക്ക് ലഭ്യമാകണം. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ വിത്തുകളുടെ സംഭരണവും ജൈവവളങ്ങളുടെ പ്രചരണവും നടത്താവുന്നതാണ്. പച്ചിലവള വിത്തുകളായ ഡെയിഞ്ച കൊഴിഞ്ഞിൽ ചണമ്പ് ഇവ ചേർത്തിരിക്കണം.

സാങ്കേതിക ജ്ഞാനം അതാത് അവസരങ്ങളിൽതന്നെ കൃഷിക്കർക്ക് എത്തിക്കുന്നത് ഭവനസന്ദർശനം, ഗ്രൂപ്പ് ചർച്ച, പാടശേഖരസന്ദർശനം, ക്യാമ്പുകൾ പ്രദർശനം എന്നീ വിദ്യാഭ്യാസ വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

## സമഗ്ര പച്ചക്കറി വികസനം

പ്രായപൂർത്തിയായ ഒരാൾക്ക് പ്രതിദിനം 2000 മുതൽ 4000 കലോറി വരെ ഊർജ്ജം ആവശ്യമാണ്. അന്നജം, മാംസ്യം, ജീവകങ്ങൾ, ധാതുലവണങ്ങൾ, മുട്ട. പാൽ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് പ്രധാന പോഷകാഹാരങ്ങൾ. കുറഞ്ഞത് 100 ഗ്രാം പച്ചക്കറിയെങ്കിലും ഒരാൾ നിത്യവും കഴിക്കണം. ഇപ്പോഴത്തെ ഉപയോഗം 23 ഗ്രാം മാത്രമാണ്. ഇതിൽ നിന്നും പച്ചക്കറി കഴിക്കേണ്ടതിന്റെ പ്രാധാന്യം ഗ്രഹിക്കാമല്ലോ. ഓരോ വീട്ടുമുററത്തും മററു കൃഷിയിടങ്ങളിലുമുള്ള പരമാവധി സ്ഥലം പച്ചക്കറി കൃഷിക്കായി മാററിവയ്ക്കണം.

വീടുകളിലും വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ സഹകരണത്തോടെ കൂടി ഇതു നടപ്പിലാക്കാം. ഇതിന് ആവശ്യമായ നല്ലയിനം വിത്തുകൾ, വളം, പ്രത്യേക സാഹചര്യങ്ങളിൽ മാത്രം കീടനാശിനികൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഇവ ഏർപ്പെടുത്തണം. സമയ ബന്ധിത പരിപാടിയനുസരിച്ച് എല്ലാ വീടുകളിലും ഈ പദ്ധതി നടപ്പിലാക്കാം.

## K. H. D. P.

കേരളാ ഹോർട്ടികൾച്ചറൽ ഡവലപ്പുമെൻറ് പ്രോഗ്രാം അനുസരിച്ചുള്ള പച്ചക്കറി വികസന പരിപാടിയിൽ ഈ പഞ്ചായത്തു പ്രദേശം ഉൾപ്പെടുത്തുകയും അതനുസരിച്ചുള്ള വായ്പാ സൗകര്യങ്ങളും മററും ഏർപ്പാടാക്കുന്ന പദ്ധതി നടപ്പിലാക്കണം.

## കാർഷിക ഉൽപ്പന്ന വിപണനം

കർഷകർക്ക് അവരുടെ വിളവെടുപ്പുകാലത്ത് ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥത്തിൽ ന്യായവില ലഭിക്കുന്നില്ല. ഈ ചൂഷണം

അവസാനിപ്പിച്ച് മിതവും ന്യായവുമായ വില കർഷകർക്ക് ലഭ്യമാക്കുവാൻ വിപണന സൗകര്യം ഉണ്ടാക്കണം. പഞ്ചായത്തുതലത്തിലോ, പഞ്ചായത്തിന്റെ മാർക്കററുകളെ കേന്ദ്രീകരിച്ചോ അതിനവേണ്ട നടപടികൾ ഉണ്ടാകുന്ന പദ്ധതി ആസൂത്രണം ചെയ്യണം. ആമ്പല്ലൂർ, അരയൻകാവ്, കാഞ്ഞിരമററം എന്നിവിടങ്ങളിലെ മാർക്കററുകൾ നവീകരിക്കുന്ന പദ്ധതിയും ഇതോടൊപ്പം നടപ്പാക്കണം.

## വൈദ്യുതി സൗജന്യം

കാർഷിക വിളകൾക്ക് ഉപയോഗിക്കുന്ന മോട്ടോറുകൾക്കുള്ള വൈദ്യുതി ചാർജ് പൂർണ്ണമായി ഇളവു നൽകുന്ന പരിപാടി നടപ്പിലാക്കണം.

## കമ്പോസ്ററ് വളക്കുഴി നിർമ്മാണം

ജൈവവളങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും ഗൃഹ പരിസരം ശുചിയായി സൂക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ വീടുകളിലും (കഴിയുമെങ്കിൽ കൃഷിത്തോട്ടങ്ങളിലും) സ്ഥിരമായ വളക്കുഴികൾ നിർമ്മിക്കുക. നിർമ്മാണത്തിന്റെ ചിലവിന്റെ 50% സബ്സിഡിയായി നൽകുക.

## ചെറുകിട യന്ത്രവൽക്കരണം

നെൽകൃഷിയെ സംബന്ധിച്ച് വിളവിന്റെ തോതുമായി താരതമ്യപ്പെടുത്തുമ്പോൾ കൃഷി ചിലവ് കൂടുതലായി വരുന്നു. ഈ ചിലവ് കുറയ്ക്കുന്നതിന് ട്രാക്ടറുകൾ, ടില്ലറുകൾ, മെതിയന്ത്രങ്ങൾ തുടങ്ങിയവ സബ്സിഡി നിരക്കിൽ കർഷകർക്കോ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കോ നൽകേണ്ട പദ്ധതിക്കു രൂപം നൽകുക. അഗ്രി: മെഷിനറി ആവശ്യാനുസരണം കുറഞ്ഞ വാടകയ്ക്ക് കൃഷി ഭവനുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണം.

## ലാൻറ് യൂട്ടിലൈസേഷൻ ആക്ട്

കർഷകർക്ക് കൃഷിയിലുള്ള താൽപ്പര്യം കണക്കിലെടുത്ത് നിലവിലുള്ള നിയമം പുന:പരിശോധിച്ച് വേണ്ട മാററങ്ങൾ വരുത്തി പരിഷ്ക്കരിക്കണം.

## മണ്ണ് പരിശോധന

മണ്ണിന്റെ ഘടന, മണ്ണിലുള്ള ഫലഭൂയിഷ്ഠത, ജൈവലവണങ്ങളുടെ അളവ്, ദോഷകരമായ ലവണങ്ങളുടെ അളവ്, വള പ്രയോഗത്തിന്റെ ആവശ്യകത, ഏതിനം കൃഷിയാണ് ചെയ്യേണ്ടത് എന്നിവയെക്കുറിച്ചുള്ള ശരിയായ വിവരം ലഭ്യമാക്കാൻ പ്രത്യേക

രീതിയിൽ മണ്ണ് കൃഷിയിടങ്ങളിൽനിന്നും ശേഖരിച്ച് പരിശോധിക്കേണ്ടതാകുന്നു. ഇതിനായി ഒരു സോയിൽ ടെസ്റ്റ് ലാബോറട്ടറി നിർമ്മിക്കാവുന്നതും പഞ്ചായത്ത് വാർഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യണം. ജില്ലാതല മൊബൈൽ മണ്ണു പരിശോധന വാഹനം പഞ്ചായത്തിൽ എത്തിച്ച് ഉടൻതന്നെ പരിശോധിച്ച് റിപ്പോർട്ടുകൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

## മണ്ണ് സംരക്ഷണം

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 3 ഭാഗമായി തിരിക്കാം. കിഴക്കുഭാഗം ഉയർന്ന പ്രദേശം, മദ്ധ്യപ്രദേശം, തീരപ്രദേശം മദ്ധ്യപ്രദേശത്തേയും, തീരപ്രദേശത്തേയും മണ്ണിന്റെ ഘടന ഏതാണ്ട് ഒന്നുപോലെയാണ്.

ഉയർന്ന പ്രദേശങ്ങളിൽ ഉള്ള ചെങ്കൽമണ്ണ് കൂടുതലും റബർ കൃഷിചെയ്യുന്ന പ്രദേശം-ശക്തിയായ മഴമൂലം, മണ്ണ് ഇടിഞ്ഞ് ഒഴുകിപ്പോകുന്നു. ഫലഭൂയിഷ്ഠി നഷ്ടപ്പെടുന്നു മദ്ധ്യഭാഗത്തും മണ്ണ് നഷ്ടപ്പെടുന്നു. മഴക്കാലങ്ങളിൽ മണ്ണ് ഇങ്ങിനെ നഷ്ടപ്പെടാതിരിക്കാൻ ഭൂമി തട്ടു തിരിക്കുക, കോണ്ടൂർ ബണ്ട് ഉണ്ടാക്കുക, ചെക്ക്ഡാമുകൾ നിർമ്മിക്കുക, കയ്യാലകൾ നിർമ്മിക്കുക, ജലസംഭരണത്തിന് തോട്ടങ്ങളിൽ കുഴികൾ എടുക്കുക. ഈ പദ്ധതിക്ക് ധനസഹായം നൽകണം, വാട്ടർഷെഡ് സ്കീം പഞ്ചായത്തിലെ എല്ലാ വാർഡിലും നടപ്പിലാക്കണം.

## കള നിയന്ത്രണം

പൊടി വിതയിലും, നരിയിടലിലും, വിതയിലും എല്ലാം കളശല്യം നെൽകൃഷിക്ക് ഉപദ്രവം ഉണ്ടാക്കുന്നു. കളകളെ നിയന്ത്രിക്കുന്നതിന് കളനാശിനികൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കണം. (സെൽക്ലോർ, ബക്കറോക്ലോർ) STAMF-34 മററു റബ്ബർ തോട്ടങ്ങളിലും കളനാശിനികൾ ഉപയോഗിക്കാം. ഇവയ്ക്കുള്ള പദ്ധതി നടപ്പാക്കണം.

## കൃഷി വായ്പ

ഓരോ വിളവിനും ആവശ്യമായ വായ്പാസൗകര്യം യഥാസമയം കിട്ടുന്ന കാര്യം ഉറപ്പാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കണം. (1) സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾ വഴി. (2) കുറഞ്ഞ പലിശയ്ക്ക് ലഭ്യമാകണം. (3) വിളവെടുപ്പിനുശേഷം തിരിച്ചടക്കേണ്ടതായിരിക്കണം. (4) കാലവർഷക്കെടുതി, അപ്രതീക്ഷിതമായ കൃഷി നഷ്ടം ഇവ സംഭവിച്ചാൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാ

ക്കണം. നൽകുന്ന വായ്പ മുടക്കം വരാതെ തിരിച്ചടക്കുന്നവർക്ക് മുൻപ് ഉണ്ടായിരുന്ന പലിശ സബ്സിഡി അനുവദിക്കണം.

## എലി നശീകരണ പരിപാടി

എലികൾ, പെരുച്ചാഴികൾ എന്നിവ നമ്മുടെ കാർഷിക മേഖലയിലെ വിളവിൽ നല്ലൊരുഭാഗത്തിനും മറ്റുതരത്തിലും നശിപ്പിച്ച നഷ്ടം വരുത്തിവയ്ക്കുന്നു.

കൂട്ടായ പ്രതിരോധ നടപടികൾ ഒരു പരിധിവരെ പ്രയോജനപ്രദമാണെന്ന് കണ്ടിട്ടുണ്ട്. വളരെ ശ്രദ്ധയോടുകൂടി യഥാസമയങ്ങളിൽ വീട്ടിലും, കൃഷിയിടങ്ങളിലും എലി നശീകരണ മരുന്നുകൾ, കെണികൾ ഉപയോഗിക്കാവുന്നതാണ്. വർഷത്തിൽ 2 പ്രാവശ്യം എങ്കിലും എല്ലാ വാർഡുകളിലും എലി നശീകരണ തീവ്രയത്ന പരിപാടി നടപ്പിലാക്കാവുന്നതാണ്.

## കാലവർഷക്കെടുതി – ആനുകൂല്യം

യഥാസമയം സ്ഥലപരിശോധന നടത്തി ഗവ: ആനുകൂല്യം കുറവില്ലാതെ കിട്ടുന്നതിനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ആരംഭിക്കണം.

## കാർഷിക ഉപദേശകസമിതി

പഞ്ചായത്തുതലത്തിൽ കാർഷിക ഉപദേശക സമിതി ഉണ്ടാക്കണം. കർഷകർക്ക് മുൻഗണന നൽകണം. പ്രസിഡൻറ് (ഗ്രാമപഞ്ചായത്ത്) മെമ്പർമാർ എന്നിവർ നേതൃത്വം കൊടുക്കുന്ന കമ്മററി സംഘടിപ്പിക്കണം.

## കർഷകർക്ക് പ്രോത്സാഹനം – സമ്മാനം–ആദരിക്കൽ

പ്രധാന വിളകളുടെ വിളവെടുപ്പിൻെറ അടിസ്ഥാനത്തിലും സമ്മിശ്ര കൃഷിരീതിയുടെ അടിസ്ഥാനത്തിലും കർഷകരെ അംഗീകരിക്കുവാനും ആദരിക്കുവാനുംവേണ്ട നടപടികൾ സ്വീകരിക്കണം.

## കൃഷി വിദ്യാഭ്യാസം, വിജ്ഞാന വ്യാപനം, പാടശേഖര സന്ദർശനം ട്രെയിനിംഗ്

നൂതന സാങ്കേതിക ശാസ്ത്രീയ വിവരങ്ങൾ "പരീക്ഷണ ശാലയിൽനിന്ന് പാടത്തേക്ക് " എന്ന പദ്ധതി നടപ്പിൽ വരുത്തണം. ഓരോ കൃഷികളും അതാതിൻെറ സീസണു മുൻപ് (നെല്ല്, പച്ചക്കറി) പരിശീലന ക്യാമ്പുകൾ മേഖല തിരിച്ച് നടത്തണം. ഭവന സന്ദർശനം, പാടശേഖര സന്ദർശനം, ഉറപ്പാക്കുന്ന പരിപാടി

കറാക്ക് ലഘുലേഖകരം, വാർത്താമാദ്ധ്യമങ്ങരം ഇവ ഉപയോഗിക്കണം. മൂഞ്ഞ മുതലായ രോഗങ്ങരംക്കെതിരേ മുൻകൂട്ടി കർഷകരെ ബോധവാൻമാരാക്കണം.

## വിള ഇൻഷ്വറൻസ് പദ്ധതി

അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ കൃഷികരംക്കം, വിളകരംക്കം നാശം സംഭവിച്ച് കഷ്ടതയനുഭവിക്കന്ന കർഷകരെ സഹായിക്കവാൻ ഈ പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. പ്രീമിയം തുക ഓരോ വിളകരംക്കം പ്രത്യേകം തോതിൽ വരുന്നതിനാൽ ഗവ: സഹായം കൂടി കർഷകർക്ക് ലഭ്യമാക്കണം. എല്ലാ വിളകളും ഇതിന്റെ പരിധിയിൽ കൊണ്ടുവരികയും (കുറഞ്ഞ കൃഷിസ്ഥലം എണ്ണം നിജപ്പെടുത്തിയിരിക്കണം) വായ്പ വാങ്ങി കൃഷി ചെയ്യുന്ന കർഷകർക്ക് (എക്കണോമിക്സ് ആൻറ് സ്റ്റാററിസ്ററിക്ക് തയ്യാറാക്കുന്ന വിളവിന്റെ കണക്കിനെ മാത്രം ആശ്രയിച്ച് സഹായം നൽകുന്നത് ശരിയായിരിക്കുകയില്ല) ഇത് ഗുണപ്രദമായിരിക്കവാനുള്ള നടപടി സ്വീകരിക്കണം.

## കാർഷിക മേഖലയിൽ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ പങ്ക്

കേരള സർക്കാർ 1994–95ൽ നടപ്പാക്കിയ പ്രത്യേക തൊഴിൽദാന പദ്ധതിയുടെ ഭാഗമായി ആമ്പല്ലൂർ കൃഷിഭവൻ മുഖേന 110 യുവതീ യുവാക്കളെ തിരഞ്ഞെടുക്കുകയും അവരിൽ നിന്ന് പദ്ധതി വിഹിതമായ 1100/– രൂപ ഓരോരുത്തരിൽ നിന്നും കൃഷിഭവൻ മുഖേന സമാഹരിച്ച് ഡിസ്ട്രിക്ററ് കോ – ഓപ്പറേററീവ് ബാങ്ക് വഴി അടച്ചിട്ടുള്ളതും ആകുന്നു.

ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് 60 വയസ്സ് തികയുന്ന അവസരത്തിൽ യഥാക്രമം വയസ്സിന്റെ (പ്രവർത്തന കാലത്തിന്റെ) അടിസ്ഥാനത്തിൽ 1000 ക. വരെ പെൻഷൻ കൊടുക്കുന്നതാണ്. ഈ പദ്ധതി ഊർജ്ജിതപ്പെടുത്തണം.

## കാർഷിക ഗതാഗതം

കാർഷിക മേഖലയിൽ കൃഷിസ്ഥലങ്ങളിലേക്ക് കർഷകർക്ക് സുഗമമായി യാത്ര ചെയ്യുന്നതിനും വിത്ത്, വളം, കമ്പോസ്റ്റ് പച്ചില എന്നിവ കൊണ്ടുപോകുന്നതിനും വിളവെടുപ്പിനുശേഷം കററ വീടുകളിലേക്ക് കൊണ്ടുപോകുന്നതിനും ട്രാക്ടർ, ടില്ലർ തുടങ്ങിയവ പാടശേഖരങ്ങളിലേക്ക് ഇറക്കുന്നതിനും ഇന്ന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിലവിലുള്ള ചില റോഡു

കോണത്ത് ഭാഗത്ത് A. K. ബണ്ടിനോട് ചേർന്ന് വഞ്ചിയും വലയും സൂക്ഷിക്കുന്നതിനുള്ള ലാൻഡിംഗ് സെൻററുകൾ ഏർപ്പെടുത്തുക. മത്സ്യ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഭാഗം (കീച്ചേരി) മത്സ്യ ഗ്രാമമാക്കി നാമകരണം ചെയ്യുക. (നിലവിൽ ഉദയംപേരൂർ മത്സ്യ ഗ്രാമത്തിൽ നിന്നും വേർതിരിക്കുക)

5ഉം 8ഉം വാർഡുകൾ അതിർത്തിപ്പെട്ടുകിടക്കുന്ന ഭാഗത്ത് ലാൻറിംഗ് സെൻറർ ഉണ്ടാക്കുക. ഞണ്ടുകാട്ടുഭാഗത്ത് ഇപ്പോൾ ചെറിയതോതിൽ നടത്തിവരുന്ന കക്കാഇറച്ചി ഉല്പാദനം കുടിൽവ്യവസായമായി ഉയർത്തുക ഇതിലേക്കാവശ്യമായ വൈദ്യുതിയും എത്തിക്കുക.

മത്സ്യ തൊഴിലാളികൾക്ക് പ്രത്യേക കുടിൽജ്യോതി പദ്ധതി ഏർപ്പെടുത്തുക. മത്സ്യ തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ആനുകൂല്യം ഈ ഭാഗത്തുള്ള തൊഴിലാളികൾക്കും ലഭ്യമാക്കണം.

പഞ്ചായത്തുതലത്തിൽ ഒരു മത്സ്യ ഉല്പാദക വിതരണ സഹകരണ സംഘം രൂപീകരിക്കണം. പഞ്ചായത്തിൽ തരിശായി കിടക്കുന്ന 1000 ഏക്കറോളം വരുന്ന കരിനിലങ്ങൾ ലാഭകരമായി ഉപയോഗപ്പെടുത്തുവാൻ മത്സ്യ വികസന വകുപ്പിൽ നിന്നും ഒരു പ്രദർശന തോട്ടം നടത്തുക. മത്സ്യ തൊഴിലാളി ദേശീയ പാർപ്പിട പദ്ധതി നടപ്പിലാക്കണം.

## അനുബന്ധം-3

## ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്

### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Ref. അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം Ha. |
|---|---|
| നിലം | 400 Ha. |
| പുരയിടം | 1900 Ha. |
| പുറമ്പോക്ക് | —— |
| കൃഷിയോഗ്യ തരിശ് | 25 Ha. |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 2 Ha. |

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത്

## 3.2 വിള വിസ്തീർണ്ണവും ഉത്പാദനവും

(Ref. അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (1-ാം വിള) | 135 Ha. | | |
| നെല്ല് (2-ാം വിള) | 140 ,, | | |
| നെല്ല് (3-ാം വിള) | 125 ,, | | |
| പയർ | 30 ,, | | |
| എള്ള് | 21 ,, | | |
| പച്ചക്കറികാം | 16 ,, | | |
| തെങ്ങ് | 785 ,, | | |
| വാഴ | 50 ,, | | |
| മരച്ചീനി | 7 ,, | | |
| കരുമുളക് | 50 ,, | | |
| പ്ലാവ് | 5 ,, | | |
| കശുമാവ് | 1 ,, | | |
| മാവ് | 5 ,, | | |
| റബർ | 835 ,, | | |
| കവുങ്ങ് | 50 ,, | | |
| മററുള്ളവ | 45 ,, | | |
| .................. | | | |
| .................. | | | |

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്, 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 1300 | 535 | 592 |
| കശുമാവ് | — | — | 860 |
| കുരുമുളക് | 2000 | — | 2000 |
| കവുങ്ങ് | — | — | 4700 |
| ........................ | | | 80 |
| ........................ | | | |
| ........................ | | | |

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്, 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1993-94 | | | | | | 16178 |
| 1994-95 | ,, | — | ,, | — | | 28715 |
| 1995-96 | | | | | | 12609 |

ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്, 3.7 തെങ്ങ് കൃഷിസംബന്ധിച്ച വിവരങ്ങൾ

| വാ: നം: | തെങ്ങ് കൃഷി വിസ്തീർണ്ണം Ha. | തെങ്ങ് എണ്ണം | | | റൂട്ട്‌വിൽററ് | രോഗം ബാധിച്ച തെങ്ങ് | | | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | | |
| 1 | 85 | 6875 | 8000 | 14875 | 1000 | 250 | 750 | 400 | — | 2400 |
| 2 | 100 | 5500 | 12000 | 17500 | 1250 | 1400 | 600 | 200 | — | 3450 |
| 3 | 75 | 6813 | 6312 | 13125 | 1300 | 1200 | 780 | 300 | — | 3580 |
| 4 | 125 | 3000 | 18875 | 21875 | 1400 | 300 | 400 | 250 | — | 2350 |
| 5 | 175 | 12025 | 18600 | 30625 | 2000 | 150 | 250 | 150 | — | 2550 |
| 6 | 30 | 2000 | 3250 | 5250 | 1450 | 750 | 300 | 120 | — | 2620 |
| 7 | 42 | 4000 | 3350 | 7350 | 1100 | 200 | 150 | 140 | — | 1590 |
| 8 | 40 | 3500 | 3500 | 7000 | 700 | 400 | 500 | 250 | — | 1850 |
| 9 | 20 | 2550 | 950 | 3500 | 250 | 350 | 450 | 150 | — | 1200 |
| 10 | 93 | 6075 | 13700 | 19775 | 1500 | 750 | 600 | 300 | — | 3150 |
| | 785 Ha. | | | 137375 | | | | | | |

ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് 3.8 കാർഷികോപകരണങ്ങൾ

| വാ: ന: | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയററ യന്ത്രം | പോർട്ട ബിൾ പമ്പുസെററ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക്സ് പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മററുള്ളവ | | | |
| 1 | 1 | — | 6 | 3 | 40 | — | — | 1 | 175 |
| 2 | 2 | — | 5 | 4 | 15 | — | — | 3 | 207 |
| 3 | — | — | 3 | 3 | 8 | — | — | — | 87 |
| 4 | — | — | 5 | 3 | 5 | — | — | 1 | 170 |
| 5 | — | — | 12 | 4 | 12 | — | — | — | 52 |
| 6 | — | — | 8 | 5 | 27 | — | — | — | 116 |
| 7 | — | 2 | 2 | 4 | 42 | — | — | — | 160 |
| 8 | — | — | 5 | 2 | 17 | — | — | — | 90 |
| 9 | — | 1 | 3 | 3 | 22 | — | — | — | 120 |
| 10 | — | — | 4 | 7 | 25 | — | — | — | 207 |

## കൃഷിയും ജലസേചനവും

1) പുതുവാതുക്കയിൽ നിന്നും തെക്ക് പടിഞ്ഞാററായി കിടക്കുന്ന വാലാച്ചിറതോട് 2) പുതുവാതുക്കയിൽ നിന്നും വടക്കു പടിഞ്ഞാററായി കിടക്കുന്ന നേററുപാടത്തിൻെറ മദ്ധ്യഭാഗത്തുകൂടി കിടക്കുന്ന ഒരു ചെറിയ തോട് 3) കണ്ടോളപ്പാടത്തിൻെറ മദ്ധ്യത്തിൽ കിടക്കുന്ന കളങ്ങരപ്പറമ്പിൽ താഴം മുതൽ പടിഞ്ഞാറ് പൂളോത്ത്തോട് ആ തോട് അനുബന്ധിച്ച് വാളങ്കരി തോട് 4) കാക്കൻ പാടം തോട് എന്നീ തോടുകളിൽ ഡിസംബർ ആദ്യം വരെ മാത്രമേ വെള്ളം ഉണ്ടാകാറുള്ളു. ജല ദൗർല്ലഭ്യം മൂലം കണ്ടോളപ്പാടത്തും നേററുപാടത്തും 2-ാം വിളവ് പൂർണ്ണമായും പരാജയമാണ്. തോട്ടറ പാടത്ത് ഭഗവതിമൂഴ് അടങ്ങുന്ന പ്രദേശത്ത് തോടിന് ആഴം വർദ്ധിപ്പിച്ച് കൂടുതൽ ജല ലഭ്യത കൈവരിച്ച് യൂണിയൻ ബാങ്ക് കേന്ദ്രമാക്കി ലിഫ്ററ് ഇറിഗേഷൻ സംവിധാനത്തിൽ വെള്ളം നേററുപാടത്തിനും കണ്ടോളപ്പാടത്തിൻെറ പകുതി ഭാഗത്തുള്ള കൃഷിക്കാർക്ക് ഉപയോഗപ്രദമാക്കുക. 2) കണ്ടോളപ്പാടത്തിൻെറ കിഴക്കെ അററത്ത് ഒരു കുളം കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിക്കുകയും ലിഫ്ററ് ഇറിഗേഷൻ മൂലം കളങ്ങര താഴം മുതൽ ഊപ്പാപ്പിള്ളിതാഴം വരെയുള്ള തോട്ടിൽ വെള്ളം സംഭരിച്ച് കണ്ടോളപ്പാടത്തുള്ള കൃഷിക്കാർക്ക് ഉപയോഗപ്രദമാക്കുക. 3) കളങ്ങര താഴം മുതൽപൂളോത്ത് താഴം വരെയുള്ള തോടിൻെറ രണ്ടു വശവും

കല്ലുകെട്ടി ഭദ്രമാക്കാനും ഒരു വശം വീതികൂട്ടി ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ടുവരുന്നതിന് സഞ്ചാരയോഗ്യമാക്കുക. സഞ്ചാര യോഗ്യമായ നടപ്പാത ഉണ്ടാക്കുക.

4 പൊയ്യാററിത്താഴം വാളങ്കരിത്താഴം എന്നീ സ്ഥലങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി ഓടകൾ കീറുക.

5 നേററുപാടത്തുള്ള പുതുവാതുക്കയിൽ മുതൽ വാലാച്ചിറവരെ യുള്ള തോട് വീതികൂട്ടുകയും ആവശ്യമായ ചീപ്പുകൾ ഇടുകയും ചെയ്യുക.

6 അരയൻകാവ് മാർക്കററിനു സമീപം മുതൽ നേററുപാടം വഴി കാന കീറുകയും പ്രാററുപുരക്കൽ താഴത്തുള്ള കലിങ്കിന്റെ കേട്പാട് തീർത്ത് പാടത്തേക്ക് ഒലിച്ചിറങ്ങുന്ന മണ്ണ് തടയുകയും ചെയ്യുക.

## വികസന റിപ്പോർട്ടിൽ ആറാം വാർഡിന്റെ ഭാഗത്ത് താഴെ എഴുതിയിരിക്കുന്ന വഴികൾ ഫാം റോഡായി ഉൾപ്പെടുത്തണം

ആറാം വാർഡിൽ വ്യാപിച്ചു കിടക്കുന്ന തോട്ടറപുഞ്ചയിലേയ്ക്ക് ഫാം റോഡായി ടാർ ചെയ്യേണ്ട റോഡുകൾ, കാഞ്ഞിരമററം പള്ളി മുക്ക്, ഗ്രാമ-ചിറേറത്ത് കററി റോഡിൽ നിന്നുള്ള കക്കാട്ടിത്താഴം, മനയ്ക്കമൂഴിൽത്താഴം. കീഴേത്ത്താഴം, കല്ലാനിക്കൽ മുടപ്പനാൽ ത്താഴം, കാവുങ്കൽത്താഴം എന്നിവ.

പാർപ്പാകോട്-കാപ്പിത്താഴം റോഡിൽ നിന്നും തോട്ടറപുഞ്ചയിൽ പ്പെട്ട കാട്ടുനിലത്തിലേയ്ക്കുള്ള വടക്കേഭാഗം റോഡ്, കണ്ടംകരി ഭാഗത്തുള്ള പുഞ്ചയിലേയ്ക്കുള്ള കണ്ടംകരി റോഡ് മുതലായവ ഫാം റോഡായി ടാർ ചെയ്യണം.

പള്ളിയാംതടം-ഇടവട്ടം റോഡിൽ നിന്നും വിഡാങ്ങരപ്പാടത്തേയ്ക്കുള്ള പാറയ്ക്കൽ, പുതുള്ളിക്കരോട്ട്, കൈതക്കാട്ട് താഴം എന്നീ വഴികൾ കൃഷിക്കാവശ്യമായി ഫാം റോഡായി ടാർ ചെയ്യുക.

വിഡാങ്ങര തോട് ആഴം വർദ്ധിപ്പിച്ച് രണ്ട് വശവും കെട്ടി ജല സേചനത്തിന് ഉപയോഗിക്കുകയും തോടിന്റെ കിഴക്ക്, തെക്ക് ഭാഗത്തു കൂടി ഇടവട്ടം, വിഡാങ്ങര റോഡിൽ നിന്നും അർത്തിപ്പാട ത്തുള്ള റോഡുമായി ബന്ധിപ്പിക്കുക.

ഒലിപ്പുറത്ത് ഷട്ടറുള്ള ചീപ്പ് നിർമ്മിച്ചു. 6-ാം വാർഡിൽ വ്യാപിച്ചു കിടക്കുന്ന പുഞ്ചയുടെ മദ്ധ്യ ഭാഗത്തു കൂടിയുള്ള തോട് ആഴം കൂട്ടി ഇരു വശവും കെട്ടി ആവശ്യത്തിന് ചീപ്പുകളും നിർമ്മിച്ച് ഇവിടെ യുള്ള പുഞ്ച ഇരുപ്പു കൃഷിയായി ഉപയോഗപ്പെടുത്താം. ഇതു കൂടാതെ പുഞ്ചയുടെ മദ്ധ്യഭാഗത്തു കൂടിയുള്ള തോടിന്റെ ഒരു വശത്തു കൂടി കാവുങ്കൽത്താഴം വരെ ഫാം റോഡ് നിർമ്മിക്കുകയും ചെയ്യുക.

****

# ആരോഗ്യം

ആരോഗ്യസേവന രംഗത്ത് പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് ആമ്പല്ലൂർ. 25000 ത്തിൽ അധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും ഒരു ആയുർവ്വേദ ഡിസ്പൻസറിയും മാത്രമാണ് സർക്കാർതലത്തിലുള്ളത്. കൂടാതെ ആമ്പല്ലൂർ, കാഞ്ഞിരമററം, അരയൻകാവ്, എന്നിവിടങ്ങളിലായി ഓരോ സ്വകാര്യ ക്ലിനിക്കുകളും ഇവിടങ്ങളിലായി അഞ്ച് സ്വകാര്യ ഹോമിയോഡിസ്പൻസറികളും നിലവിലുണ്ട് ഇവിടങ്ങളിലായി ആകെ 46 ആളുകൾ സേവനമനുഷ്ഠിക്കുന്നു. (അവലംബം ചാർട്ട് എച്ച്. 4) പഞ്ചായത്തിൻെറ ജനസംഖ്യയിൽ 1995 ലെ കണക്കു പ്രകാരം 1 മുതൽ 6 വരെ വയസ്സ് പ്രായമുള്ള ശിശുക്കളുടെ എണ്ണം 1248 ആണ്. ഒരു വയസ്സിൽ താഴെയുള്ളവർ 256 ആൺപെൺ അനുപാതം 1:1 ആണ്. ശിശുമരണനിരക്ക് ഈ പഞ്ചായത്തിൽ കുറവാണ്. 1995ൽ രേഖപ്പെടുത്തിയ ശിശുമരണങ്ങൾ കേവലം രണ്ടാണ്. അനുകൂലപോഷക ആഹാരം ലഭിക്കുന്ന കുട്ടികൾ ഈ പഞ്ചായത്തിൽ 376 ആണ്. ശിശുക്കളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പിനുള്ള സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. (അവലംബം ചാർട്ട് എച്ച്. 1) 1993–95 കാലയളവിൽ ഈ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പകർച്ചവ്യാധി ബാധിച്ചവരിൽ ജലജന്യരോഗങ്ങൾ, വായു ജന്യരോഗങ്ങൾ, പ്രാണി ജന്യരോഗങ്ങൾ എന്നിവ യഥാക്രമം 347, 234, 20 എന്ന കണക്കിലാണ്.

(അവലംബം ചാർട്ട് എച്ച്. 2)

കീച്ചേരി പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കഴിഞ്ഞ 4 വർഷങ്ങളിലെ കണക്കുകൾ അനുസരിച്ച് പകർച്ചവ്യാധികൾ, മററ് രോഗങ്ങൾ എന്നിവ ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാം. (അവലംബം ചാർട്ട് H 3) ഈ വർദ്ധനവിന് അനുസൃതമായി ആശുപത്രി ജീവനക്കാരുടെ എണ്ണമോ, ഇതരസൗകര്യങ്ങളോ വർദ്ധിപ്പിച്ചിട്ടില്ല.

നിലവിലുള്ള ആയുർവേദ ഡിസ്പൻസറക്കിന് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. പ്രതിമാസം 1200ൽ അധികം രോഗികൾ ഈ ഡിസ്പൻസറിയുടെ സൗകര്യം പ്രയോജനപ്പെടു

ത്തുന്നു. വരുന്ന രോഗികളിൽ അധികവും വാതസംബന്ധമായ രോഗവും മററ്തരക്രോഗങ്ങളും ബാധിച്ചവരാണ്. സ്ഥിരമായ കുടുംബക്ഷേമമാർഗങ്ങൾ സ്വീകരിച്ചിട്ടുള്ള കുടുംബിനികളുടെ എണ്ണം 3164 ആണ്. ഈ പഞ്ചായത്തിൽ സ്ഥായിയായ ക്ഷയരോഗം, കുഷ്ഠരോഗം എന്നിവ ബാധിച്ചവർ യഥാക്രമം 4ഉം 5ഉം ആണ് പരിസരമലിനീകരണം മൂലംഉള്ള ആരോഗ്യപ്രശ്നങ്ങൾ ഈ പഞ്ചായത്തിൽ കാര്യമായി അനുഭവപ്പെടുന്നില്ല. സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത ദാരിദ്രരേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്ന 1132 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. നിലവിലുള്ള ചികിത്സാകേന്ദ്രങ്ങളിൽ പനി, ഛർദ്ദി, അതിസാരം തുടങ്ങിയ സാധാരണ അസുഖങ്ങൾക്കു മാത്രമേ ചികിത്സാ സൗകര്യമുള്ളൂ. വിദഗ്ദ ചികിത്സയ്ക്കായി ഈ പഞ്ചായത്തിലുള്ളവർ ഏകദേശം 30 കി.മീ. ദൂരംയാത്ര ചെയ്യേണ്ടിവരുന്നു. 25000ൽ അധികംജനസംഖ്യയുള്ള ഈപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ഒരു സബ്സെൻറർ പ്രവർത്തിക്കുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ അഞ്ച് മഹിളാ സ്വസ്ത് സംഘ് യൂണിററ് പ്രവർത്തിക്കുന്നു. ഇതിൽ 75 ഓളം സ്ത്രീകൾക്ക് മാസംതോറും ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. പഞ്ചായത്തിലുള്ള എല്ലാ വിദ്യാഭ്യാസ്ഥാപനങ്ങളിലും മെഡിക്കൽ പരിശോധന നടത്തിയിട്ടുണ്ട്. കുടിവെള്ളശുദ്ധീകരണത്തിനായി കിണറുകളിൽ ക്ലോറിനേഷൻ നടത്താറുണ്ട്.

## പ്രശ്നങ്ങൾ

1. ജനസംഖ്യാനുപാതികമായുള്ള ആരോഗ്യ രക്ഷാകേന്ദ്രങ്ങളുടെ കുറവ്.
2. ആരോഗ്യബോധവത്ക്കരണ ക്യാമ്പുകളുടെ അഭാവം.
3. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഭൗതീക സാഹചര്യങ്ങളുടേയും ആരോഗ്യ പ്രവർത്തകരുടേയും കുറവ്.
4. ശുദ്ധജല ദൗർലഭ്യം.
5. കുട്ടികൾക്കും അമ്മമാർക്കുമുള്ള പോഷകാഹാരക്കുറവ്.
6. ആയുർവ്വേദ ആശുപത്രിയുടെ ശോചനീയാവസ്ഥ.

345A

## ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് പകർച്ചവ്യാധി വിവരങ്ങൾ

ചാർട്ട് – H-II

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മററുളളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993–94 | 186 | 106 | 8 | 2430 |
| 1994–95 | 161 | 128 | 12 | 2842 |
| 1995–96 | | | | |
| | 347 | 234 | 20 | 5270 |

**ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ രോഗങ്ങൾ, രോഗികളുടെ എണ്ണം മുതലായവ.**

ചാർട്ട് – H–III

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച പ്രതിവർഷവിവരം (എണ്ണം) | | | | |
|---|---|---|---|---|---|---|---|
| | | | ത്വക് രോഗം | വാതരോഗം (എല്ലാം വിഭാഗം) | പകർച്ച വ്യാധികൾ | വിഷ ചികിത്സ (പാമ്പുകടി) | മററുള്ള രോഗങ്ങൾ |
| 1992–93 | 180 | 50400 | 2 | | 106 | | 2430 |
| 1993–94 | 210 | 50600 | 3 | | 128 | | 2842 |
| 94–95 | 161 | 50685 | 2 | | 162 | | 2915 |
| 95–96 | 88 | 50112 | 4 | | 204 | | 3156 |
| ആകെ | 639 | 201797 | 11 | | 600 | | 11343 |

345 B

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് അംഗൻവാടികളുടെ വിവരം

ചാർട്ട്– H-IV

| അംഗൻവാടികളുടെ എണ്ണം | 1–വയസ്സിനു താഴെ കുട്ടികൾ | 1–മുതൽ 2–വയസ്സു വരെ | 2–മുതൽ 3–വയസ്സു വരെ | 3–മുതൽ 5–വയസ്സു വരെ | അനുരൂപ പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| 17 | 206 | 272 | 288 | 412 | 376 |

346

# ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിലെ ആതുരാലയങ്ങൾ

ചാർട്ട് - V

| നമ്പർ. | പേര് | ആകെ ജീവനക്കാർ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1 | P. H. C. , കീച്ചേരി | 11 | 12 | 23 |
| 2 | ഗവ: ആയുർവേദ ഡിസ്പൻസറി, ആമ്പല്ലൂർ | 1 | 2 | 3 |
| 3 | സെൻറ് ജോർജ് മെഡിക്കൽസ്, അരയൻകാവ് | 2 | 4 | 6 |
| 4 | സെൻറ് മേരീസ് ക്ലിനിക്, കാഞ്ഞിരമററം | 0 | 3 | 3 |
| 5 | മോഡേൺ ക്ലിനിക്. ആമ്പല്ലൂർ | 1 | 1 | 2 |
| 6 | ആര്യ ക്ലിനിക് ആമ്പല്ലൂർ | 2 | | 2 |
| 7 | ഇളയിടത്തുതറയിൽ ഹോമിയോ ഡിസ്പൻസറി | 0 | 1 | 1 |
| 8 | ഹോമിയോ ക്ലിനിക് കാഞ്ഞിരമററം | 2 | | 2 |
| 9 | ഹോമിയോ ക്ലിനിക് കാഞ്ഞിരമററം | 2 | | 2 |
| 10 | ഹോമിയോ ക്ലിനിക് അരയൻകാവ് | 2 | | 2 |
| | ആകെയുള്ള ജീവനക്കാർ | | | 46 |

342

# കുടിവെള്ളം

കുന്നിൻപ്രദേശങ്ങളും സമതലപ്രദേശങ്ങളും ചതുപ്പുനിലങ്ങളും ഉൾപ്പെടുന്നതാണു ആമ്പല്ലൂർ പഞ്ചായത്തിൻെറ ഭൂപ്രകൃതി. ഇരുപത്തിഅയ്യായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്ത് രൂക്ഷമായ കടിവെള്ളക്ഷാമം നേരിടുന്നുണ്ട്. പ്രധാനമായും കുടിവെള്ളത്തിനായി കിണറിനെയാണു ആശ്രയിക്കുന്നത്. ചെറിയ വിഭാഗം ജനത പൊതുവിതരണ സംവിധാനത്തെ ആശ്രയിക്കുന്നുണ്ട്. ഫെബ്രുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ കുടിവെള്ളക്ഷാമം തീവ്രമാണ്. ഈ കാലയളവിൽ കീലോമീററോളം ദൂരം തന്നെ താണ്ടിവെള്ളം എടുക്കേണ്ട സ്ഥലങ്ങളും ഉണ്ട്. കാഞ്ഞിരമററം, ചാലക്കപ്പാറ, അരയൻകാവ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള ശുദ്ധജലപദ്ധതികളും പഞ്ചായത്തു കിണറുകളും വേനൽകാലങ്ങളിൽ പര്യാപ്തമാകുന്നില്ല.

ആമ്പല്ലൂർ പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയായ മാന്തുരുത്തേൽ മുതൽ കോണത്തുവരെയുള്ള തീരദേശമേഖലയിൽ വർഷം മുഴുവൻ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഉപ്പുവെള്ളപ്രദേശമായ ഇവിടെ കിണർ ജലത്തെ ആശ്രയിക്കുക സാധ്യമല്ല. ഈ പ്രദേശങ്ങളുടെ പല സ്ഥലങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കേണ്ടതുണ്ട്. വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന വിഷയമാണ് ഇത്.

കാഞ്ഞിരമററം, ആമ്പല്ലൂർ ഭാഗങ്ങളെ കേന്ദ്രീകരിച്ച് രണ്ട് പദ്ധതികൾ ഉണ്ടായെങ്കിലും രണ്ടും പരാജയരപ്പെട്ടുപോവുകയാണുണ്ടായത്. എടക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്കായുള്ള പ്രത്യേക ശുദ്ധജല പദ്ധതിയുടെ സാക്ഷാത്ക്കാരമാണു ഈ പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമത്തിനുള്ള ശാശ്വതപരിഹാരം.

ആറാം വാർഡിൽ റെയിൽവെലൈനു കിഴക്കുവശത്ത് താമസിക്കുന്ന 150–തോളം വരുന്ന വീട്ടുകാർക്ക് കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആമ്പല്ലൂർ പഞ്ചായത്തിലെ നിലവിലുള്ള സ്കീമുകളുടെ (പൈപ്പ്ലൈൻ) പ്രയോജനം അസാധ്യമായ ഇവിടേക്ക് എടക്കാട്ടുവയൽ പഞ്ചായത്തിലെ

വറുങ്ങുംചോട്ടിലുള്ള ടാങ്കിൽ നിന്നും പൈപ്പുലൈൻ ഇട്ടിരുന്നെങ്കിലും നാളിതുവരെ ഒരുതുള്ളി വെള്ളം പോലും ടാപ്പുകളിൽ എത്തിയിട്ടില്ല. കാരണം ടാങ്ക് സ്ഥിതിചെയ്യുന്നതിനേക്കാഠം ഉയർന്നതാണു പ്രസ്തുതപ്രദേശം. ഈ ഭാഗത്തെ കുടിവെള്ളക്ഷാമ പരിഹാരത്തിന് ഇതുവരെ ഏർപ്പെടുത്തിയ സൗകര്യങ്ങഠം ഉപയോഗിക്കാൻ കഴിയണമെങ്കിൽ വറുങ്ങുംചോട്ടിലുള്ള ടാങ്ക് മൺ നിരപ്പിൽനിന്നും ഉയർത്തി സ്ഥാപിക്കുകയേ നിർവ്വാഹമുള്ളു. ഇക്കാര്യത്തിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലെ അശ്രദ്ധയുടെ ഏററവും നല്ല ഉദാഹരണമാണ് മേൽ സൂചിപ്പിച്ച പദ്ധതിയിൽ കാണുന്നത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പൊതുവെ വേനൽക്കാലങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

2. പഞ്ചായത്തിലെ വിശാലമായ തീരദേശമേഖലയിൽ ആകെ ആശ്രയിക്കാവുന്ന പൈപ്പ് ജല സൗകര്യം ഭൂരിഭാഗം ഇടങ്ങളിലും എത്തിയിട്ടില്ല.

3. ഉയർന്ന പ്രദേശങ്ങളിൽ പ്രകൃതിദത്തമായ മഴവെള്ളം ഭൂമിയിൽ സംരക്ഷിക്കപ്പെടാതെ ഒഴുകിപ്പോകുന്നു.

4. ARWS സ്കീമിന്റെ പ്രവർത്തനം നടക്കുന്നതുകൊണ്ട് ചെറുകിട പദ്ധതികഠം ഏറ്റെടുപ്പാൻ ചെയ്യാൻ സാധ്യമല്ല.

## സാധ്യതകൾ

1. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ എടയ്ക്കാട്ടുവയൽ പഞ്ചായത്തിൽപ്പെട്ട പൂക്കാട്ടുചിറ കുളത്തിൽ ഒരു പമ്പുസെററും ടാങ്കും സ്ഥാപിച്ച് ആമ്പല്ലൂരിന്റെ കിഴക്കൻഭാഗങ്ങളായ ആക്കാപ്പനം, പൊററിനാംകുന്ന്, ആമ്പല്ലൂർ കോളനി പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനിലൂടെകുടിവെള്ളം എത്തിക്കാം.

35

2. ആമ്പല്ലൂർ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ARWSന്റെ പ്രയോജനം ലഭിക്കാത്ത ആക്കാപ്പനം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് എടക്കാട്ടുവയൽ പഞ്ചായത്തിന്റെ കറുത്തേടത്ത് മുക്ക് വരെ എത്തിനില്ക്കുന്ന പൈപ്പ്ലൈൻ വെളീപ്പാലം റെയിൽവേ ലൈൻ വരെ നീട്ടി പ്രയോജനപ്പെടുത്താം.

3. ആമ്പല്ലൂർ കുമുള്ളിമലയിൽ പൈപ്പ് ലൈൻനീട്ടി ഒരു ടാപ്പുകൂടി ഇടേണ്ടതാണ്. (നിലവിലുള്ള കുഴൽകിണറിൽ നിന്നും ലഭിക്കുന്ന ജലം മലിനമായതാണ്)

4. കുലയററിക്കര ലക്ഷം വീട് കോളനിയോടനുബന്ധിച്ച് കീഴേത്തുതാഴത്ത് പുഞ്ചയിൽ ഒരു കിണർ കുഴിച്ച് ടാങ്കും പമ്പുസെററും സ്ഥാപിച്ച് ഈ ഭാഗത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ്.

5. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കുലയററിക്കര ലക്ഷംവീട് കോളനിയിൽ അടിയന്തിര പരിഹാരമായി ഒരു കിണർ കുഴിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തുവക സ്ഥലം ലഭ്യമാണ്.

6. കടലായിച്ചിറക്കുളം ആഴം വർദ്ധിപ്പിച്ച് ശുദ്ധീകരിച്ച് ശുദ്ധജലവിതരണത്തിനായി ഉപയോഗപ്പെടുത്തിയാൽ എടവട്ടം, പള്ളിയാംതടം, കണിയാംകുന്ന് തുടങ്ങിയ മേഖലകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാണ്.

7. പുലരിക്കുഴിക്കുളം സൈഡുകെട്ടി ആഴം വർദ്ധിപ്പിച്ച് ശുദ്ധജലവിതരണത്തിനായി സജ്ജമാക്കിയാൽ പുലരിക്കുഴി കിഴക്കേടത്തുമ്യാലിൽ, പുല്ലംമ്യാലിൽ, കാരിക്കൽ തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിനു പരിഹാരമാകും.

3. ചാലയ്ക്കൽകുളം ശുദ്ധജലവിതരണത്തിനായി ഉപയോഗിക്കാവുന്നതാണ്. ചാലക്കപ്പാറ പ്രദേശങ്ങൾക്കായി ഇത് ഫലവത്താക്കാം.

9. പത്തടിക്കോളനിയിലുള്ള, പഞ്ചായത്തിനു നൽകാമെന്നു സമ്മതിച്ചിരിക്കുന്ന സ്വകാര്യകുളം, കിണർ എന്നിവ പൊതു ഉപയോഗത്തിനായി സൗകര്യപ്പെടുത്തിയാൽ പത്തടികോളനിയിലേയും പരിസരപ്രദേശങ്ങളിലേയും ശുദ്ധജലക്ഷാമം പരിഹരിക്കാം.

10. നെടുവേലിക്കുന്നിലും, മാമ്പുഴ കുററിക്കാട്ടുഭാഗത്തും സൗജന്യമായി ലഭ്യമാകുന്ന സ്ഥലത്ത് കിണർ കുഴിച്ച് ഇവിടങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാം.

## പൊതുനിർദ്ദേശങ്ങൾ

1. എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്കായുള്ള പ്രത്യേക ശുദ്ധജലപദ്ധതി (ARWS സ്കീം) കാലതാമസം കൂടാതെ പൂർത്തീകരിക്കുക.

2. ആമ്പല്ലൂർ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻനീട്ടി ആവശ്യമുള്ളത്ര ടാപ്പുകൾ സ്ഥാപിച്ച് ARWS സ്കീമിൻെറ പ്രയോജനം ഉറപ്പ് വരുത്തുക,

3. നിലവിലുള്ള എല്ലാ പഞ്ചായത്ത് കിണറുകളും ശുദ്ധീകരിക്കുകയും ആവശ്യമായവയുടെ ആഴം വർദ്ധിപ്പിക്കുകയും സാധ്യമാകുന്ന ഇടങ്ങളിൽ പുതിയ കിണറുകൾ സ്ഥാപിക്കുകയും ചെയ്യുക.

# വനിതാക്ഷേമം

ആമ്പല്ലൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 50.2 ശതമാനത്തോളം സ്ത്രീകളാണ്. കാർഷികവും പരമ്പരാഗതവുമായ തൊഴിൽ മേഖലകളിലും ഇതരസേവനരംഗങ്ങളിലുമായി കുറച്ചുപേർ ജോലിചെയ്യുന്നു. കാർഷികമേഖലയുടെ മുരടിപ്പ് ഈരംഗത്ത് പണിയെടുക്കുന്ന സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാക്കുന്നു. (അവലംബം ചാർട്ട് W1)പരമ്പരാഗതമായി കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് അവർ ചെയ്തിരുന്ന തൊഴിലുമായി (കുട്ടനെയ്ത്ത്, പായനെയ്ത്ത്, പനമ്പുനെയ്ത്ത് മുതലായവ) ബന്ധപ്പെട്ട അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യംമൂലം തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. വിദ്യാഭ്യാസത്തിൻെറ കാര്യ

## സാധ്യതകൾ

1. ആമ്പല്ലൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

2. ജനസംഖ്യാനുപാതികമായി ആവശ്യമുള്ള പ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സബ്സെന്ററുകൾ സ്ഥാപിക്കുക.

3. നിലവിലുള്ള ആയുർവ്വേദ ഡിസ്പൻസറിക്ക് സ്വന്തമായിസ്ഥലവും കെട്ടിടവും ലഭ്യമാക്കുക ചികിത്സാ സൗകര്യവും വർദ്ധിപ്പിക്കുക.

4. കീച്ചേരി പ്രാഥമിക ആരോഗ്യ കേന്ദ്രം കമ്മ്യൂണിററി ഹെൽത്ത് സെൻറർ ആയി ഉയർത്തുക.

5. ആരോഗ്യ ബോധവല്ക്കരണ ക്യാമ്പുകൾ, പ്രതിരോധ കുത്തിവെപ്പുകൾ എന്നിവ സമയാസമയങ്ങളിൽ നടത്തുക.

6. അത്യാവശ്യ മരുന്നുകൾ ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുക.

7. ആരോഗ്യ വിദ്യാഭ്യാസ സമിതികൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

8. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക.

9. സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത എല്ലാവീട്ടുകാർക്കും കക്കൂസുകൾ അനുവദിക്കുക.

## ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് കുട്ടികളുടെയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച വിവരങ്ങൾ

ചാർട്ട് – H 1

| കുട്ടികൾ | ബി. സി. ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി. റ്റി. | | | | മിസിക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1–വയസ്സിൽ താഴെ | 126 | 86 | 153 | 156 | | 86 | 153 | 156 | | | | | | 150 |
| 1–3 വയസ്സ് | | | | | | | | | | | | | | |
| 3–6 വയസ്സ് | | | | | | | | | | | | | | |

ടെററനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 120 | 115 | 4 |

ത്തിൽ പുരുഷന്മാരോടൊപ്പം എത്തുവാൻ സ്ത്രീകൾക്ക് സാധി ക്കുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷമുള്ള കൊഴിഞ്ഞു പോകലിൽ പെൺകുട്ടികളാണ് അധികവും പെടുന്നത്, എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

രോഗം ബാധിച്ച് ആശുപത്രികളിൽ എത്തുന്നവരിൽ കൂടുതലും സ്ത്രീകളാണെന്ന് പഠനങ്ങൾ കാണിക്കുന്നു. എറണാകുളം ജില്ലയിലെ ഏക വനിതാസഹകരണ സംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എങ്കിലും അതിൻെറ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. കാഞ്ഞിരമററം കേന്ദ്രമാക്കി ഒരു വനിതാ വ്യവസായ സഹകരണസംഘം (WINCOS) പ്രവർത്തിക്കുന്നു. 17 അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുണ്ട് 34 സ്ത്രീകൾ ഈ മേഖലയിൽ ജോലിചെയ്യുന്നു. മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ തുടങ്ങിയ ഏകദേശം 211 വനിതകൾക്കും 1320 കുഞ്ഞുങ്ങൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നു. (അവലംബം ചാർട്ട് W 2) DWCRA യുടെ കീഴിൽ പ്രവർത്തിക്കുന്ന 3 വ്യവസായ യൂണിററുകൾ പഞ്ചായത്തിൽ ഉണ്ട്. ഈ പദ്ധതിയിലൂടെ 53 വനിതകൾക്ക് തൊഴിൽലഭിച്ചിട്ടുണ്ട്. ട്രൈസം പദ്ധതിയിലൂടെ തൊഴിൽ കണ്ടെത്തിയ 24 വനിതകൾ ഈ പഞ്ചായത്തിലുണ്ട്.
കാഞ്ഞിരമററം റൂറൽ ഡവലപ്പ്മെൻറ് സൊസൈററി എന്ന ചാരിററബിൾ സംഘടനയുടെ കീഴിൽ S S L C പരീക്ഷയിൽ പരാജയപ്പെട്ട പെൺകുട്ടികൾക്കു മാത്രമായി സൗജന്യമായി ക്ലാസുകൾ നടത്തുന്ന ഒരു പദ്ധതിയും നിലവിലുണ്ട്. ബഹുജനസംഘടനകളുടെ നേതൃസ്ഥാനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം വളരെ കുറവായി കാണപ്പെടുന്നു.

### പ്രശ്നങ്ങൾ

- സ്ത്രീകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
  വനിതകളുടെ തൊഴിലില്ലായ്മ.
- തൊഴിൽ രംഗത്തുള്ള വനിതാതൊഴിലാളികളുടെ
  വേതനക്കുറവ്.
- മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
- വനിതാ ക്ഷേമസംഘടനകളുടെ അഭാവം.

☞ ആരോഗ്യ രക്ഷാപ്രവർത്തനങ്ങളിലുള്ള ബോധവൽക്കരണക്കുറവ്.

☞ ചെറുകിട വ്യവസായ സംരംഭങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.

☞ പൊതുവിതരണ സമ്പ്രദായത്തിലെ അപര്യാപ്തത.

## സാധ്യതകൾ

1. തയ്യൽ, നെയ്ത്ത് മുതലായവ മുൻനിർത്തി കുടിൽ വ്യവസായ യൂണിററുകൾ തുടങ്ങുക.

2. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തുതല സമിതി രൂപീകരിക്കുക ഇതിൻെറ കീഴിൽ ചെറുകിട വനിതാ വ്യവസായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വനിതാസഹകരണസംഘത്തിൻെറ അംഗസംഖ്യ വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

4. പെൺകുട്ടികൾക്കുമാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക. തലയോലപ്പറമ്പ്–എറണാകുളം റൂട്ടിൽ വനിതാ സ്പെഷ്യൽ ബസ് അനുവദിക്കുക.

5. മദ്യവർജനത്തിനുവേണ്ടിയുള്ള ബോധവല്ക്കരണ പരിപാടികൾ നടത്തുക

6. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.

7. ആന്തൂറിയം, ഓർക്കിഡ്, കുററിമുല്ല, കൂൺകൃഷി തുടങ്ങിയ കൃഷികളിലും അടുക്കളതോട്ടനിർമ്മാണത്തിനും ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

8. പ്രാദേശികമായി പാൽ സംഭരിച്ച് പ്രാദേശിക വിതരണം നടത്തുന്ന മിൽമ ബൂത്ത് ആരംഭിക്കുക.

9. നിലവിലുള്ള ഖാദി, കൈത്തറി യൂണിററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

10. 250 കാർഡുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ റേഷൻ കടകളുടെ എണ്ണം വർദ്ധിപ്പിക്കുക. ആമ്പല്ലൂർ, കാഞ്ഞിരമററം, അരയൻകാവ് എന്നിവിടങ്ങളിൽ മാവേലി സ്റേറാറുകൾ സ്ഥാപിക്കുക.

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

ചാർട്ട് -W-II

| ആകെ അനുവദിച്ച അംഗനവാടികൾ | നിലവിൽ പ്രവർത്തിക്കുന്നത് | സ്വന്തമായകെട്ടിടം | | | അംഗനവാടികളിലൂടെ പ്രയോജനം ലഭിക്കുന്നവർ | | | | | ആകെയുള്ള വർക്കർ/ ഹെൽപ്പർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കുട്ടികൾ | | | |
| | | ഉള്ളവ | നിർമ്മാണത്തിലിരിക്കുന്നത് | ഇല്ലാത്തവ | ഗർഭിണികളായ സ്ത്രീകൾ | മുലയൂട്ടുന്ന അമ്മമാർ | 6 മാസം 1വയസ്സ് | 1–3 വരെ | 3–6 വരെ | |
| 21 | 17 | 3 | 3 | 11 | 104 | 107 | 180 | 495 | 645 | 34 |

## ആമ്പല്ലൂർ പഞ്ചായത്തിലെ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ ( 1991 സെ: )

ചാർട്ട് 1

| പ്രധാന ജോലിക്കാർ | | കൃഷിക്കാർ | | കർഷകതൊഴിലാളികൾ | | കന്നുകാലിവളർത്തൽ, പച്ചക്കറികൃഷി മുതലായവയിൽ പെട്ടവർ | | കുടിൽവ്യവസായ സംരഭകർ | |
|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 5096 | 1447 | 638 | 61 | 1361 | 655 | 411 | 33 | 115 | 76 |

1991ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ആമ്പല്ലൂർ പഞ്ചായത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ പുരുഷൻമാരെക്കാൾ കുറവാണ് സ്ത്രീകൾ എന്നു കാണാം. ഇപ്പോഴും ഈ നിലയിൽ കർശനമായ മാററങ്ങൾ ദൃശ്യമല്ല.

352

350

# സംസ്കാരം

ഒരു കാർഷിക പ്രധാനമായ പ്രദേശമെന്ന നിലയ്ക്ക് ഏറിയഭാഗം ചെറുകിട ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന ആമ്പല്ലൂർപഞ്ചായത്തിൻെറ സാംസ്കാരികത ശാന്തതയുടെയും നിർമ്മലതയുടെയും ആണ്. (ആമ്പല്ലൂരിന് അൻപ് (അലിവ്) ഉള്ള ഊര് എന്ന വ്യാഖ്യാനം ഇത്തരുണത്തിൽ ഔചിത്യമേകുന്നു. ) സാമാന്യ വിദ്യാഭ്യാസ സൗകര്യങ്ങൾ ഈ നൂററാണ്ടിൻെറ പകുതികഴിയുമ്പോഴേക്കും ഇവിടെ സാധ്യമായിരുന്നു. നൂററാണ്ടിൻെറ ആരംഭത്തിൽ തന്നെ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കീച്ചേരി വായനശാലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ആമ്പല്ലൂർ, കാഞ്ഞിരമററം, അരയൻകാവ് വായനശാലകൾക്ക് ഈ രംഗത്ത് അരനൂററാണ്ടിലേറെ വർഷത്തെ പ്രവർത്തനപാരമ്പര്യമുണ്ട്. ആമ്പല്ലൂർ, കാഞ്ഞിരമററം വായനശാല കണയന്നൂർ താലൂക്കിലെ ഏററവും വലിയ ഒരു വായനശാലയാണ്. പഞ്ചായത്തിലെ സാംസ്കാരികപ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിന് ഈ സ്ഥാപനങ്ങൾക്കുപുറമെ ഇതര ക്ലബ്ബുകളും പ്രവർത്തിക്കുന്നു. സൗകര്യങ്ങൾ ഇനിയും വിപുലപ്പെടണം.

കേരളത്തിലെ പൊതുവായ സാംസ്കാരിക ഉറവിടങ്ങളുടെ അനുരണനങ്ങൾ ആമ്പല്ലൂർ പഞ്ചായത്തിലും ദൃശ്യമാണ്. മതബോധത്തിലധിഷ്ഠിതമായ ആരാധനാരീതികളിലും ജാതാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാമൂലുകളിലുമെല്ലാമുള്ള ഭക്ത്യാനുസാരതകളാണ് ഇവിടുത്തേയും മുഖ്യസാംസ്കാരികതകൾ. പഞ്ചായത്തിലെ മാമ്പുഴ ദേശം ജ്യോത്സ്യത്തിന് പേരുകേട്ടഇടമായിരുന്നു. നടന–കലാ–സംഗീതാദിസാഹിത്യങ്ങളിൽ കേരളത്തിലെ അറിയപ്പെടുന്ന കഥകളി വിദ്വാന്മാരും പ്രശസ്ത ഗായിക പി. ലീലയും ഈ പഞ്ചായത്തിന് സന്തതികളായിട്ടുണ്ട്.

ഈ നൂററാണ്ടിൽ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലൂടെ ആഞ്ഞുവീശിയ മനുഷ്യാവകാശ, ജനാധിപത്യ, മതനിരപേക്ഷ സ്ഥിതിസമത്വചിന്തകളുടെസ്വാധീനം മറെറല്ലാസാംസ്കാരിക മാനങ്ങളിലേക്കും ഏറെക്കുറെ സന്നിവേശിക്കപ്പെടുകയുണ്ടായി. ഇതിൻെറ ഫലമായുണ്ടായ ജനാധിപത്യ പ്രസ്ഥാന

ങ്ങളുടെ സ്വാധീനം നിർണായകമായ രീതിയിൽ ആമ്പല്ലൂർ പഞ്ചായത്തിലും അനുഭവപ്പെടുകയുണ്ടായി.

വ്യത്യസ്ത മത സമുദായങ്ങൾ ഒന്നിച്ച് സഹവസിക്കുന്ന ഇവിടെ സൗഹാർദ്ദവും സഹിഷ്ണതയും പ്രസക്തമായ സന്ദർഭങ്ങളിലൂടെ ഊട്ടിഉറപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവിടത്തെ ഉത്സവങ്ങളും പെരുന്നാളുകളുമെല്ലാം എല്ലാവരുടെയും ഐക്യത്തിൻെറയും ഇഴുകിച്ചേരലിൻെറയും നിദർശനങ്ങളാണ്. അരയൻകാവ്, കൂട്ടേക്കാവ്, ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചുള്ള ഗരുഡൻ തൂക്കങ്ങൾ ആയിരക്കണക്കിന് ആളുകളെ ആകർഷിക്കുന്നതാണ്. പള്ളിപെരുന്നാളുകൾ സർവ്വമത ആഘോഷങ്ങളായാണ് കൊണ്ടാടുന്നത്. മുടിയേററ്, കൂടിയാട്ടം മുതലായ അനുഷ്ഠാനകലകളും, കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയ ക്ഷേത്രകലകളും ക്ഷയോന്മുഖമായി നിലനില്ക്കുന്നു. ദക്ഷിണേന്ത്യയിലെ തന്നെ പേരുകേട്ട മുസ്ലീം ദേവാലയമായ ഷേയിക്ക് ഫരിദ്ദുദ്ദീൻ (റ) മഖ്ബറ ഈ പഞ്ചായത്തിൻെറ ഹൃദയഭാഗമായ കാഞ്ഞിരമററത്താണ് സ്ഥിതിചെയ്യുന്നത്. ഈദേവാലയത്തിലെ കൊടികുത്ത് ചന്ദനക്കുട മഹോത്സവത്തിന് പുറം ദേശക്കാരായ പതിനായിരക്കണക്കിന് വിശ്വാസികൾ തീർത്ഥാടകരായി എത്തിച്ചേരുമ്പോൾ ഇവിടെയുള്ളവർ ജാതി മതഭേദമന്യേ സർവ്വാത്മന ഈ പെരുന്നാളുമായി പങ്കുചേരുന്നു.

സാങ്കേതിക ഇലക്ട്രോണിക് സംവിധാനങ്ങളുടെ വിപുലത സാംസ്കാരിക വ്യാപനരംഗത്ത് പുതുയുഗം കുറിച്ചിരിയ്ക്കുകയാണ്. അച്ചടിവാർത്താമാധ്യമങ്ങൾ, മററ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ എന്നിവ ഇന്നത്തെ സാംസ്കാരികതയിൽ ഏററവും കൂടുതൽ സ്വാധീനം ചെലുത്തുന്നുണ്ട്. ഇവ ഉല്പാദിപ്പിക്കുന്ന കമ്പോള തല്പര സംസ്കാരം—ഉപഭോഗതൃഷ്ണതയും വിദേശഭ്രമവും യുവതലമുറയിലേല്പ്പിക്കുന്ന ആഘാതം, നാം ഉണ്ടാക്കിയ എല്ലാവിധ കൂട്ടായ്മകൾക്കും മൂല്യങ്ങൾക്കും തനിമകൾക്കുമെതിരെയുള്ള വെല്ലുവിളികളാണ്. അതുകൊണ്ടുതന്നെ നമ്മുടെ പരമ്പരാഗത സാംസ്കാരിക പ്രവർത്തനങ്ങളെ പുതുക്കി നിർണ്ണയിക്കുകയും അവയിൽ ജനകീയമായ ഉള്ളടക്കം വരുത്തുകയും ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു.

പഞ്ചായത്തിലെ ഏഴു വിദ്യാലയങ്ങളിൽ ഏറിയവയ്ക്കും ലൈബ്രറി സൗകര്യം ഉണ്ടെങ്കിലും അവയെ സാംസ്കാരിക

3586

പോഷണത്തിനുതകും വിധം പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്. സ്ഥിരവും താല്കാലികവുമായ നിരവധി കലാകായിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ എക്കാലത്തും ഉണ്ടാകാറുണ്ടെങ്കിലും അവയ്ക്ക് വേണ്ടത്ര പ്രോത്സാഹനമില്ലായ്മ പ്രവർത്തനങ്ങളിൽ ഉറപ്പിച്ചുനിർത്തുന്നതിന് കഴിയാതാക്കുന്നു.

1. കീച്ചേരി വായനശാലക്ക് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുകയും സ്ത്രീകൾക്കാവശ്യമുള്ള വായനമുറി, ടെലിവിഷൻസെററ് എന്നിവ ഉണ്ടാക്കുകയും ചെയ്യുക.

2. അരയൻകാവ് ഗ്രാമീണ വായനശാല പഞ്ചായത്ത് ഏറെറടുക്കുക, നിലവിലുള്ള കെട്ടിടം പൊളിച്ച് ഇരുനില കെട്ടിടം നിർമ്മിച്ച് സാംസ്കാരിക കേന്ദ്രമാക്കിമാററുക.

3. 1, 3, 6 വാർഡുകളിൽ പുതിയ വായനശാലകൾ ആരംഭിക്കുക. വായനശാലകൾക്കു ഗ്രാൻറുകൾ അനുവദിക്കുകയും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കായി സാമ്പത്തിക സഹായം നൽകുകയും, മററ് ഭൗതിക സൗകര്യങ്ങൾക്ക് സഹായിക്കുകയും ചെയ്യുക.

4. പഞ്ചായത്ത് ലൈബ്രറി സ്ഥാപിക്കുക.

5. പഞ്ചായത്തിൽ കമ്മ്യൂണിററി ഹാൾ, സാംസ്കാരിക നിലയം, കളിക്കളം എന്നിവയ്ക്ക് സൗകര്യമുണ്ടാക്കുക.

6. കലാസംസ്കാരിക സംഘടനകൾക്ക് കെട്ടിടനിർമ്മാണത്തിനുൾപ്പെടെയുള്ള സഹായങ്ങളും അവയുടെ ഏകോപിത പ്രവർത്തന സംവിധാനവും ഉണ്ടാക്കുക.

7. പഞ്ചായത്തിലെ ഗ്രാമോത്സവം സജീവമാക്കുകയും ഓണാഘോഷം, ജലോത്സവങ്ങൾ, എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക.

8. ഗ്രാമീണ തനതുകലകരം അനുഷ്ഠാനകലകരം, (തിരുവാതിരകളി, ഗരുഡൻതൂക്കം, മുടിയാട്ടം, ചവിട്ടുകളി, ശാസ്താംപാട്ട്, സർപ്പംപാട്ട്, ചെണ്ടമേളം) തുടങ്ങിയവയുടെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പരിശീലന സൗകര്യങ്ങരം ഉണ്ടാക്കിയും സംരക്ഷിക്കുക

9. കോളനികരം, പ്രധാനകവലകരം, അംഗനവാടികരം എന്നിവയോട് ചേർന്ന് ടി.വി. സെൻറർ സ്ഥാപിക്കുക.

10, പഞ്ചായത്തിൽ ഒരു ടൂറിസം കേന്ദ്രം സ്ഥാപിക്കുക.

11. പ്രകൃതി ചികിത്സ, യോഗമുറ എന്നിവയ്ക്ക് പ്രചാരണം നല്കുക.

12. മദ്യവർജ്ജന, ചൂതാട്ടവിരുദ്ധ ബോധവല്ക്കരണ പ്രവർത്തനങ്ങരം ഏറ്റെടുക്കുക.

13. ഫിലിം സൊസൈററികരം, റേഡിയോ ക്ലബ്ബുകരം എന്നിവ രൂപീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക.

14. പഞ്ചായത്തിൻെറ വ്യത്യസ്ഥ ഭാഗങ്ങളെ കേന്ദ്രീകരിച്ച് തോടുകളെ നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കി സജ്ജീകരിച്ച് പ്രോത്സാഹനങ്ങരം നൽകുകയും പഞ്ചായത്ത് തലത്തിൽ മത്സരങ്ങരം സംഘടിപ്പിപ്പുകയും ചെയ്യുക.

**ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ വായനശാലകളെ സംബന്ധിച്ച വിവരങ്ങൾ**

| പേര് | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ ശരാശരി വിതരണം | ആനുകാലികങ്ങളുടെ എണ്ണം | ടി.വി. സെറ്റ് | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ആമ്പല്ലൂർ ഗ്രാമീണ വായനശാല | A | 13000 | 1200 | 22 | 1 | കലാസാഹിത്യ പ്രവർത്തനങ്ങൾ |
| കീച്ചേരി വായനശാല | B | 6000 | 500 | 5 | ഇല്ല | ,, |
| അരയൻകാവ് വായനശാല | C | 3500 | 400 | 7 | 1 | ,, |

360

# പട്ടികജാതി–പട്ടികവർഗവികസനം

ആമ്പല്ലൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം ഏകദേശം 2418 ആണ് ഇത് ആകെ ജനസംഖ്യയുടെ 10 ശതമാനമാണ്. പഞ്ചായത്തിലാകെ ഇവർക്കായി 500ഓളം കുടുംബങ്ങളാണുള്ളത്. പട്ടികവർഗക്കാർ പഞ്ചായത്തിൽ ആകെ 2പേരെയുള്ളൂ. 3 സെററിൽമെൻറ് കോളനികൾ ഉൾപ്പെടെ ആകെ 18 കോളനികൾ ഉണ്ട്. കുടിവെള്ളം, വൈദ്യുതി, റോഡ് മുതലായ സൗകര്യങ്ങളുടെ പരിമിതി ഏറിയും കുറഞ്ഞും അനുഭവപ്പെടുന്നു.

സാമൂഹ്യ വിദ്യാഭ്യാസ പിന്നോക്കാവസ്ഥകൾ ഇവരുടെ ഇടയിൽ ദൃശ്യമാണ്. പട്ടികജാതി പട്ടികവർഗ കോളനികളിലെ മിക്കവീടുകളും ജീർണ്ണാവസ്ഥ എത്തിയതും അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്തവയുമാണ്. ഈ വിഭാഗത്തിൽ വരുന്ന ആളുകളുടെ തൊഴിൽ സാദ്ധ്യതകൾക്കും പൊതുവിലുള്ള ക്ഷേമത്തിനും സാംസ്കാരിക ഉയർച്ചയ്ക്കും ഉതകുമാറുള്ള സംഘടിത സംരംഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ വിഭാഗക്കാരുടെ ഉപജീവിതത്തിന് സഹായകമായിരുന്ന നിരവധിപശ്ചാത്തല സൗകര്യങ്ങൾ (കൃഷിയിടങ്ങൾ, പരമ്പരാഗതതൊഴിൽ സഹായകവസ്തുക്കൾ മുലായവ) ഇല്ലാതായിരിക്കുകയാണ്. വിദ്യാലയങ്ങളിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ അനുപാതം ഇതരവിഭാഗങ്ങളുടേതിൻെറ ഇരട്ടിയിലധികം വരും.

## പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.
3. തൊഴിൽപരമായ പിന്നോക്കാവസ്ഥ.
4. സംഘടിത സംരംഭങ്ങളുടെ അഭാവം.

5. പദ്ധതികളെക്കുറിച്ചുള്ള വേണ്ടത്ര അറിവില്ലായ്മ.

6. സ്വന്തമായി കൃഷിഭൂമിയില്ലായ്മ.

7. പരമ്പരാഗതമായ കൈത്തൊഴിലുകളുടെ സാധ്യതക്കുറവ്.

8. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറയുന്നത്.

## പൊതുനിർദ്ദേശങ്ങൾ

1. പട്ടികജാതി പട്ടികവർഗ കോളനികളോടനുബന്ധിച്ച് കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

2. കൂമുള്ളിമലയിൽ താമസിക്കുന്ന 12 പട്ടികജാതി കുടുംബങ്ങളെ ചേർത്ത് കോളനി രൂപീകരിക്കുക.

3. കാഞ്ഞിരമററം കോളനിയോടനുബന്ധിച്ച് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.

4. കുലയററിക്കര കോളനിയിൽ പഞ്ചായത്തുവക സ്ഥലത്ത് ഒരു കമ്മ്യൂണിററി ഹാൾ നിർമ്മിക്കുക.

5. കാഞ്ഞിരമററത്തും, കുലയററിക്കരയിലും ശ്മശാനങ്ങൾക്ക് ചുററുമതിൽ നിർമ്മിക്കുക.

6. പട്ടികജാതിക്കാരിൽ പാർപ്പിടമില്ലാത്തവർക്കായി പാർപ്പിട നിർമ്മാണ പദ്ധതികൾ സമഗ്രമായ രീതിയിൽ നടപ്പിലാക്കുക. നിലവിലുള്ള കോളനി വീടുകളുടെ അററകുററപ്പണികൾക്ക് ധനസഹായം നൽകുക.

7. ലക്ഷംവീടുകളിലെ ജീർണ്ണാവസ്ഥയിലെത്തിയ ഇരട്ട വീടുകൾക്കുപകരം ഒററ വീടുകൾ നിർമ്മിക്കുക.

8. പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുക. തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുക.

9. സെററിൽമെൻറ് കോളനികളോട് ചേർന്ന് സാക്ഷരതാ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. ഈ വിഭാഗത്തിന്റെ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനു തകുന്ന കലാകേന്ദ്രങ്ങൾ സ്ഥാപിക്കുക.

11. ഉന്നതവിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.

12. SSLC മുതൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് പരാജയപ്പെടുന്നവരെ പ്രത്യേക ധനസഹായം നൽകി പുനർ വിദ്യാഭ്യാസത്തിനു പ്രേരിപ്പിക്കുക.

13. SSLCക്ക് ഉയർന്ന മാർക്ക് നേടുന്ന പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് പഞ്ചായത്ത്തല അവാർഡുകൾ ഏർപ്പെടുത്തുക.

# വിദ്യാഭ്യാസം

ഏതാണ്ട് 25000ൽ അധികം ജനങ്ങൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ 3വീതം UP, LP സ്കൂളുകൾ ഒരു വൊക്കേഷണൽ ഹയർസെക്കൻണ്ടറി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ മൂന്ന് പാരലൽ കോളേജുകളും ആറ് ടൈപ്പ്റൈററിംഗ് ഇൻസ്ററിറ്റ്യൂട്ടുകളും ഈ പഞ്ചായത്തിലുണ്ട്. ഇവയോടൊപ്പം ഒരു അൺഎയ്ഡഡ് പ്രീപ്രൈമറി ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ ഏതാനും പ്രീപ്രൈമറി സ്കൂളുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് 3 ലൈബ്രറികളും 3 ജനവിദ്യാകേന്ദ്രങ്ങളും 17 അംഗനവാടികളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഏതൊരു പ്രദേശത്തിനും 2 കിലോ മീററിൽ താഴെ ദൂരത്തിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഉണ്ട്.

എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ തെക്കൻ മേഖലകളിലെ കുട്ടികൾക്ക് 5 കിലോമീററിലേറെ സഞ്ചരിക്കണം. (അവലംബം ഇ. 1 കാണുക) പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നത സാങ്കേതിക പ്രഫഷണൽ വിദ്യാഭ്യാസത്തിനായി ഏകദേശം 20 കി.മീ. ലധികം സഞ്ചരിക്കണം. അനൗപചാരിക വിദ്യാഭ്യാസത്തിനുതകുന്ന ലൈബ്രറികളുടേയും മററും അഭാവവും ഉള്ളവയുടെ അപര്യാപ്തതയും നിലനില്ക്കുന്നു. ഇവിടുത്തെ സാക്ഷരതാ തുടർ വിദ്യാഭ്യാസ സംവിധാനങ്ങൾ നിർജീവമാണ്. പഞ്ചായത്തിലെ സാധ്യതകൾക്കനുസൃതമായി അംഗനവാടികൾ ഉണ്ടാകണം.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ ഗുണനിലവാരം ഏതാണ്ട് ശരാശരിയിൽ നില്ക്കുന്നു. ഇംഗ്ലീഷ് ഭാഷാപഠന, പ്രതീക്ഷിത നിലവാരത്തിന് വളരെ താഴെയാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി S S L C വിജയ ശതമാനം കുറഞ്ഞുവരുന്നു. (ചാർട്ട് ഇ 2 കാണുക) നിലവിലുള്ള ഭൗതീക സൗകര്യങ്ങൾ അപര്യാപ്തമാണ്. കുടിവെള്ളം മിക്കവാറും സ്കൂളുകളിലും സുലഭമായിട്ടില്ല. പഞ്ചായത്തിലെ നാല് സ്കൂളുകളിൽ ഫർണീച്ചറുകളുടെ അപര്യാപ്തതയുണ്ട്. (ചാർട്ട് ഇ. 4)

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ലൈബ്രറി സൗകര്യം ഉണ്ടെങ്കിലും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതുതന്നെയാണ് ലബോറട്ടറികളുടേയും സ്ഥിതി. ബോധനോപകരണങ്ങളായ ദൃശ്യ ശ്രാവ്യ സാങ്കേതിക ഉപകരണങ്ങൾ ഭൂരിപക്ഷം സ്കൂളുകളിലും ലഭ്യമല്ല. സ്കൂളുകളിൽ മാതൃസംഗമം, പി. ടി, എ. എന്നിവ ഫലപ്രദമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിദ്യാർത്ഥി അനുപാതം ആൺപെൺ വേർതിരിവിൽ പെൺകുട്ടികൾകുറവാണ്. ജനസംഖ്യ അനുപാതത്തിൽ സ്ത്രീകൾകുറവല്ലായെന്നിരിക്കെ വിദ്യാഭ്യാസ മദ്ധ്യേ കൊഴിഞ്ഞുപോകുന്നതോ, വിദ്യാലയങ്ങളിൽ എത്താതെ പോകുന്നതോ, ആയവരിൽ പെൺകുട്ടികളാണ് കൂടുതൽ എന്ന് മനസ്സിലാക്കാം. (ചാർട്ട് ഇ 3)

ഏകദേശം 29 ശതമാനത്തോളം കുട്ടികൾ 30 ശതമാനത്തിൽ താഴെ മാർക്ക് നേടുന്നവരായുണ്ട്. 30 നും 50 നും ഇടയ്ക്ക് മാർക്ക് നേടുന്നവർ 35 ശതമാനവും 60 ശതമാനത്തിലധികം മാർക്ക് നേടുന്നവർ 36 ശതമാനവും വരും. പഞ്ചായത്തിലെ വിവിധസ്കൂളുകളിൽ പഠിക്കുന്ന 3298 വിദ്യാർത്ഥികളിൽ 881 പേർക്ക് വിവിധ ഇനങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നുണ്ട്. (ചാർട്ട് ഇ. 6)

ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള സമൂഹത്തിന്റെ അഭിനിവേശം ഇവിടുത്തെ വിദ്യാലയങ്ങളുടെ നിലനില്പിനെ പ്രതിസന്ധിയിലാക്കും ഇതിന്റെ പരിഹാരത്തെക്കുറിച്ചുള്ള അന്വേഷണത്തിനിടയിൽ രണ്ട് കാര്യങ്ങൾ മനസ്സിലാകും. ആദ്യത്തേത് നമ്മുടെ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനനിലവാരത്തിന്റെ അപര്യാപ്തതയാകുമ്പോൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് നൽകുന്ന അമിത പ്രാധാന്യമാണ് അടുത്തത്. ഇംഗ്ലീഷ് ഭാഷാപഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വ്യക്തമായ പരിപാടികൾ, മലയാളം മീഡിയം സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം പി.ടി.എ., മാതൃസംഗമം എന്നിവയിലൂടെയും മററുമുള്ള ഊർജ്ജിതമായ ബോധവല്ക്കരണവും ഇക്കാര്യത്തിൽ ആവശ്യമാണ്.

അതേസമയം മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുക എന്നത് വിദ്യാലയങ്ങൾ നിലനിർത്താൻ വിദ്യാഭ്യാസത്തെതന്നെ ഇല്ലാതാക്കുന്നതിന് തുല്യമായ നടപടി ആയിരിക്കും. ആയതിനാൽ ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ സമർത്ഥമായ ഇടപെടൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിയ്ക്കുന്നു.

## പ്രശ്നങ്ങൾ

1. പ്രൈമറി വിദ്യാലയങ്ങളിലെ അഡ്മിഷൻ ഓരോ വർഷവും കുറയുന്നു.
2. വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചമല്ല.
3. അദ്ധ്യാപകർക്കുള്ള സേവനകാല പരിശീലനത്തിന്റെ കുറവ്.

4. പഠന ബോധന ഉപകരണങ്ങളുടെ അപര്യാപ്തത,

5 പാഠ്യേതര പ്രവർത്തനങ്ങളുടെ കുറവ്.

6. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ടത്ര പ്രോത്സാഹനമില്ലായ്മ.

7. പഠനം പ്രാവീണ്യനിലവാരത്തിലെത്തായ്ക.

.8 പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മ.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ/സാധ്യതകൾ

1. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും 'സ്കൂൾ കോംപ്ളക്സി'ന്റെ പ്രവർത്തനം സജീവമാക്കുന്നതിനും പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

2. എല്ലാ എൽ. പി സ്ക്കൂളുകളോടും ചേർന്ന് ചൈൽഡ് ഡേകെയർ സെന്റർ (പ്രീ പ്രൈമറി) സ്ഥാപിക്കുക.

3. ജനസംഖ്യാനുപാതികമായി അംഗനവാടികളുടെ എണ്ണം വർദ്ധിപ്പിക്കുക. നിലവിലുള്ളവയുടെ ഭൗതിക സൗകര്യങ്ങൾ (സ്ഥലം, കെട്ടിടം, ചുററുമതിൽ etc) വർദ്ധിപ്പിക്കുക.

4. കീച്ചേരി ഗവ. യു. പി. സ്കൂൾ ആമ്പല്ലൂർ സെന്റ് ഫ്രാൻസിസ് യു. പി. സ്കൂൾ എന്നിവ ഹൈസ്കൂളായി ഉയർത്തുക,

5, പഞ്ചായത്തതിർത്തിക്കുള്ളിൽ ഒരു ആർട്ട്സ് & സയൻസ് കോളേജ് സ്ഥാപിക്കുക.

6. ആമ്പല്ലൂർ പഞ്ചായത്തിൽ ഒരു പ്രൊഫഷണൽ കോളേജ് സ്ഥാപിക്കുക

7. പഞ്ചായത്തിൽ അനുയോജ്യമായ സാങ്കേതിക സ്ഥാപനങ്ങൾ (ഐ.ടി.ഐ., പോളിടെക്നിക്, നെഴ്സിംഗ് പരിശീ

ലന സ്ഥാപനം, ടി.ടി.ഐ., കംപ്യൂട്ടർ കോഴ്സ് ഇൻസ്ററിറ്റ്യൂട്ട് മുതലായവ സ്ഥാപിക്കുക,

8. സംസ്കൃതഭാഷ പഠനത്തിനുതകുന്ന രീതിയിൽ ഹൈസ്കൂരം തലത്തിൽ സംസ്കൃതം പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

9. തുടർ വിദ്യാഭ്യാസത്തിനായി പഞ്ചായത്തുതല സാക്ഷരതാ സമിതിയെ പുനഃരുജ്ജീപിപ്പിക്കുകയും ജനവിദ്യാകേന്ദ്രം കൺവീനർമാർക്ക് അലവൻസ് കൊടുക്കുകയും ചെയ്യുക.

10. വിദ്യാലയങ്ങളിലെ പഠനബോധന ഉപകരണങ്ങരം ഉരംപ്പടെയുള്ള ഭൗതീക സൗകര്യങ്ങരം ഏർപ്പെടുത്തുക.

11. കലാകായിക അദ്ധ്യാപകരെ ആവശ്യമായ ഇടങ്ങളിൽ നിയമിക്കുക.

12 ഇടവട്ടം, ചിറേറത്തുകററി എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി എൽ. പി. സ്കൂളുകരം (ഏകാധ്യാപക വിദ്യാലയങ്ങരം) തുടങ്ങുക

13. തോട്ടറ സംസ്കൃത യു. പി. സ്കൂളിൻെറ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തികൊണ്ട് കീച്ചേരി യു. പി. സ്കൂരം ഹൈസ്കൂളായി ഉയർത്തുകയും അവിടെ സംസ്കൃതപഠനത്തിനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്യുക.

## സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

(ചാർട്ട് ഇ. 1)

| നമ്പർ. | തരം | ശരാശരി ദൂരം കി. മീ. | പരമാവധി ദൂരം കി. മീ. |
|---|---|---|---|
| 1 | ഗവ. L.P.S. കാഞ്ഞിരമററം | 0.8 കി. മീ | 1.8 കി. മീ |
| 2 | J.B.S. ആമ്പല്ലൂർ | 0.6 | 1 കി.മീ. |
| 3 | L.P.S. അരയൻകാവ് | 0.8 | 1.5 |
| 4 | സെൻറ് ഫ്രാൻസിസ് യു. പി. സ്കൂൾ ആമ്പല്ലൂർ | 0.7 | 1.4 |
| 5 | സംസ്കൃത യു. പി. സ്കൂൾ തോട്ടറ | 0.5 | 1.5 |
| 6 | ഗവ. യു. പി. എസ്. കീച്ചേരി | 0.5 | 1.7 |
| 7 | സെൻറ് ഇഗ്നേഷ്യസ് H.S. and VHSS കാഞ്ഞിരമററം | 1.9 | 5 കി. മീ. |

368

## എസ്സ്. എസ്സ്. എൽ. സി. വിജയശതമാനം

(ചാർട്ട് ഇ. 2)

| വർഷം | മൊത്തം വിദ്യാർത്ഥികരം | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| 1992 | 287 | 146 | 51% |
| 1993 | 290 | 184 | 63% |
| 1994 | 340 | 188 | 55% |
| 1995 | 319 | 176 | 55% |
| 1996 | 281 | 143 | 51% |

3664

# വിദ്യാലയ വിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപക പരിശീലന യോഗ്യത | |
|---|---|---|---|---|---|---|---|---|---|---|
| | | | 88'89 | 91'92 | 95'96 | M | F | T | BEd | TTC |
| 1. | ഗവ: എൽ. പി. സ്കൂൾ കാഞ്ഞിരമററം | ഗ: മെന്റ് | 106 | 97 | 203 | 7 | 9 | 16 | | |
| 2. | ജെ. ബി. എസ്. ആമ്പല്ലൂർ | സ്വകാര്യം | 120 | 108 | 228 | 3 | 7 | 10 | | |
| 3. | എൽ. പി. എസ്., അരയൻകാവ് | സ്വകാര്യം | 140 | 128 | 268 | | 9 | 9 | | |
| 4 | St. ഫ്രാൻസിസ് U. P. S., ആമ്പല്ലൂർ | സ്വകാര്യം | 245 | 217 | 462 | 1 | 17 | 18 | | |
| 5. | എസ്. യു. പി. സ്കൂൾ തോട്ടറ | സ്വകാര്യം | 34 | 21 | 55 | 0 | 4 | 4 | | |
| 6. | ഗവ: യു. പി. സ്കൂൾ കീച്ചേരി | ഗ: മെന്റ് | 352 | 299 | 651 | 4 | 18 | 22 | | |
| 7. | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സെന്റ് ഇഗ്നേഷ്യസ് കാഞ്ഞിരമററം | സ്വകാര്യം | 754 | 677 | 1431 | 9 | 45 | 54 | | |

368b

# 9.4 അക്കാദമിക് സൗകര്യങ്ങൾ

(ചാർട്ട് ഇ. 5)

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | ലബോറട്ടറി/ സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം: റേഡിയോ | ടേപ്പ് റെക്കോർഡർ | ടി വി. സെററ് | വിസിആർ/വിസിപി | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95–96ൽ ലഭിച്ച അധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട ദിനങ്ങൾ | പ്രത്യേക പൊതുഅവധികളിലൂടെ നഷ്ടമായ ദിനങ്ങൾ | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് PTAകൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| St. Ig HSS | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | — | ഉണ്ട് | | | | | | | 35 | 190 | | — | ഇല്ല | |
| St. Fr. UPS Amballoor | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | | | | | | | 19 | 194 | | 2 | സജീവം | |
| JBS Amballoor | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | Yes | | | | | | | | 9 | 193 | | | | |
| Govt. LPS Kanjiramattom | No | No | No | No | Yes | | | | | | | 4 | 7 | 194 | | | | ഉണ്ട് |
| SUPS Thottara | Yes | Yes | No | Yes | No | | | | | No | | 3 | 7 | 196 | | | അല്ല | |
| Govt. UP. Keechery | Yes | Yes | No | No | No | | | | | | | 17 | 20 | 196 | | 3 | | |
| LPS Arayankavu | No | No | No | Yes | No | | | | | | | 2 | 6 | 194 | | 2 | സജീവം | |

## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

(ചാർട്ട് ഇ. 4)

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താല്ക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനിയാവശ്യമായ ക്ലാസ്സ്മുറികളുടെ എണ്ണം | ഇനി ആവശ്യമായ മുറികളുടെ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഉണ്ട്/ഇല്ല | ആവശ്യമുള്ള ഡസ്ക്കുകളുടെ എണ്ണം | ആവശ്യമുള്ള ബെഞ്ചുകളുടെ എണ്ണം | ആവശ്യമുള്ള മേശകളുടെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | ലൈബ്രറി | സ്റ്റാഫ്‌റൂം | നിലവിലുള്ള കളിസ്ഥലം ഉണ്ട്/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം: ഡസ്ക് | ബെഞ്ച് | മേശ | കസേര | മറ്റ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| St. Ig. HS Kjm | 22 | 8 | 3 | — | 17 | 18 | — | | ഉണ്ട് | 2 | 20 | 3 | 3 | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | | | | | |
| St.F. Amballoor | 14 | 5 | — | — | 17 | — | — | ഉണ്ട് | ഉണ്ട് | 4 | 10 | — | 2 | 1 | ഇല്ല | ഭാഗികം | | ഉണ്ട് | വേണം | | 15 | 10 | ഉണ്ട് | ഉണ്ട് |
| JBS Amballoor | 8 | 1 | — | — | 14 | — | — | ഇല്ല | ഉണ്ട് | 2 | 10 | 2 | 1 | — | | | ഉണ്ട് | ഉണ്ട് | ഇല്ല | 32 | 25 | 8 | 10 | സ്റ്റീൽസേഫ് |
| Govt. LPS Kjm | 7 | 3 | ഇല്ല | ഇല്ല | 8 | — | — | ഇല്ല | ഇല്ല | 2 | 2 | ഇല്ല | 1 | — | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 | 25 | 3 | 5 | 3 1 ഷെൽഫ് |
| SUPS Thottara | 3 | 3 | — | — | 9 | — | — | — | — | 1 | 6 | 1 | — | — | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | — | — | — | — | — |
| Govt. UPS. Keechery | 17 | 3 | 3 | 1 | 3 | 7 | — | 10 | 1 | 2 | 10 | 2 | 2 | — | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 27 | 20 | 5 | 10 | 2 അലമാര |
| LPS Arayankavu | | | | | | | | | | | | | | | | | | | | | | | | |

## 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്നവിദ്യാർത്ഥികളുടെ വിവരം

ചാർട്ട് ഇ 6

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിററ് സ്കോളർഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡിതൊഴിലാളിസ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മററുള്ളവ വ്യക്തമാക്കുക |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | St. Ig. H. S Kanjiramattom | — | 229 | 77 | 1 | ... | ... | 20 | Meritorious SC ST 40% Marks 21 |
| | St Francies U. P. S. Amballoor | — | 91 | 2 | .... | .... | ... | ... | L S S. സ്കോളർഷിപ്പ് 5 |
| | J. B. S. Amballoor | — | 59 | .... | 1 | ... | ... | ... | Meritorious SC ST 45% 6 |
| | Govt. L. P S. Kanjiramattom | Nil | 19 | .... | .... | ... | ... | 3 | L S S സ്കോളർഷിപ്പ് |
| | Thottara Sanskrit U. P. S. | 1 | 13 | .... | .... | ... | ... | ... | സംസ്കൃത സ്കോളർഷിപ്പ് 12 |
| | Keechery Govt. U. P. S. | 5 | 204 | 16 | 1 | ... | ... | ... | 6 |
| | L. P. S. Arayankavu | — | 68 | 8 | ... | — | ... | ... | 2 |

**സഹകരണം**

ഒററപ്പെട്ട സംരംഭത്തേക്കാശ കൂട്ടായ്മ കാര്യങ്ങശ സുഗമമാക്കുമെന്നതിനാൽ സഹകരണം എല്ലാ അർത്ഥത്തിലും അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങശ, സഹകരണ ബാങ്കുകശ എന്നിവ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കാർഷിക വികസന ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും ഓരോ ശാഖകശ തുറക്കുന്നതിനുള്ള നടപടികശ സ്വീകരിക്കേണ്ടതാണ്. കൂടാതെ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ഓരോ മാവേലി സ്റേറാർ എല്ലാ വാർഡിലും തുറക്കേണ്ടതാണ്. വനിതാ സഹകരണ യൂണിററുകശ തുടങ്ങി വനിതകശക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ വേണ്ട സഹായം പഞ്ചായത്തുതലത്തിൽ ഉണ്ടാകേണ്ടതാണ്. കൂടാതെ കൃഷിക്ക് ഉപയുക്തമാകുന്ന വിധത്തിൽ സഹകരണ സംഘങ്ങശ, വളം ഡിപ്പോകശ പാടശേഖരങ്ങശക്ക് പരിസരത്തായി തുറക്കേണ്ടതാണ്.

റബ്ബർ മാർക്കററിംഗ്, സഹകരണ സംഘങ്ങശ, നാളികേര സഹകരണ സംഘങ്ങശ തുടങ്ങിയവ ആരംഭിച്ച് പ്രവർത്തനം നടത്തി ഇവയുടെ വിപണനം മെച്ചപ്പെടുത്തി സഹകരണ മേഖല ശക്തിപ്പെടുത്തേണ്ടതാണ്. സഹകരണ മേഖലയിൽ നോട്ടുബുക്ക് നിർമ്മാണ യൂണിററ് കോഴി കർഷകരുടെ സഹകരണ സംഘം എന്നിവ രജിസ്ററർ ചെയ്ത് പ്രവർത്തിച്ച് കർഷകർക്ക് ആവശ്യമായ സഹായങ്ങശ ചെയ്യേണ്ടതാണ്.

ക്രഡിററ് റേഷ്യോ 100% സഹകരണ ബാങ്കുകളിൽ ഉണ്ട് എന്നുള്ളത് വിലയിരുത്തി കൂടുതൽ നിക്ഷേപങ്ങശ സഹകരണ ബാങ്കുകളിൽ സമാഹരിച്ച് വായ്പാ സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

വായ്പേതര സഹകരണ സംഘങ്ങശ സ്ഥാപിച്ച് കാർഷിക വ്യാവസായിക സംരംഭങ്ങളുടെ വിപണനത്തെ സഹായിക്കുക.

**സഹകരണസംഘങ്ങൾ**

ആമ്പല്ലൂർ ജനതാ സർവ്വീസ് സഹകരണ ബാങ്ക് - നമ്പർ 19

ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് - നമ്പർ 502

കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് - നമ്പർ 668

ആമ്പല്ലൂർ
കാഞ്ഞിരമററം
അരയൻകാവ് } ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

കാഞ്ഞിരമററം
അരയൻകാവ് } കൈത്തറി സഹകരണ സംഘങ്ങൾ

കാഞ്ഞിരമററം - വനിത വ്യവസായ സഹകരണ സംഘം

സെൻറ് ഇഗ്നേഷ്യസ് ഹൈസ്കൂൾ സഹകരണ സംഘം

കൂടാതെ, കെട്ടുതെങ്ങ് സംഘങ്ങൾ

റബർ ഉല്പ്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സ്ഥിതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**ഊർജ്ജം**

ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാലു മേഖലകളിലായി നാട്ടിലെ ഇന്ധന ഉപയോഗത്തെ തിരിക്കാം. ഈ പഞ്ചായത്തിലെ ഏറിയ കൂറും വീടുകളിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്നു. ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. നല്ലൊരു ഭാഗം വീടുകളിൽ മണ്ണെണ്ണ തന്നെയാണ് ഇന്നും ആശ്രയം. പാചകവാതകം, ബയോഗ്യാസ് എന്നിവ ഉപയോഗിക്കുന്നവരും ഇന്ന് കുറവല്ല.

**ഈ രംഗത്തെ മുഖ്യപ്രശ്നങ്ങൾ**

(1) വോൾട്ടേജ് ക്ഷാമം, അപ്രഖ്യാപിത പവർകട്ട്, പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഇനിയും വൈദ്യുതി ലഭിക്കാത്തത്, തെരുവു വിളക്കുകൾ പുതുതായി വേണ്ടത്, തെരുവുവിളക്കുകൾ ഉള്ളതിൻെറ പോരായ്മ.

**സാധ്യതകളും നിർദ്ദേശങ്ങളും**

(1) ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുക. ഇപ്പോൾ തന്നെ പട്ടികജാതിക്കാർക്ക് കേവലം 30 രൂപയ്ക്കും മററു വിഭാഗക്കാർക്ക് 50 രൂപ നിരക്കിലും അടുപ്പ് സ്ഥാപിച്ച് നൽകുന്നുണ്ട്. അതിനായി അനെർട്ടിൻെറ ഓഫീസ് പ്രവർത്തിക്കുന്നു. ഇത് വ്യാപകമായി ഉപയോഗിച്ചാൽ വിറകിൻെറ ചെലവ് പകുതി കണ്ട് കുറയ്ക്കാം. (2) വൈദ്യുതി ലൈനു

കളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ച് മാററുന്നതിനുള്ള സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കുക. ഇതു വഴി പ്രസരണ നഷ്ടം ഒഴിവാക്കി വോൾട്ടേജ് ക്ഷാമം കുറയ്ക്കുകയും ചെയ്യാം.

3) ഊർജ്ജലാഭമുള്ള വൈദ്യുതദീപങ്ങൾ - കോംപാക്ററ് ഫ്ളൂറസെൻറ് ലാംപുകൾ, ട്യൂബ് ലൈററിൻെറ ഇലക്ട്രോണിക് ചോക്കുകൾ എന്നിവ ഉപയോഗിക്കാം.

4) പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള തെരുവ് വിളക്കുകൾ കത്തിക്കുക, പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുക, പഞ്ചായത്തിലെ തെരുവുവിളക്കുകൾ എത്താത്ത റോഡുകളിൽ പുതുതായി തെരുവുവിളക്കുകൾ സ്ഥാപിക്കുക, അനെർട്ടിൻെറ ലാംപുകൾ സ്ഥാപിക്കുക.

5) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിററി വർദ്ധിപ്പിക്കുക.

6) പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിലും, ലക്ഷംവീട്, നാലുസെൻറ്, കോളനികളിലെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

7) കോണത്ത് ബണ്ടിൽ കാററാടിയന്ത്രം സ്ഥാപിക്കുക.

8) മറിഞ്ഞു വീഴാറായ ഇലക്ട്രിക് (തടി) പോസ്ററുകൾ മാററുക.

9) വൈദ്യുതി ചാർജ് അടയ്ക്കുവാൻ അരയൻകാവിൽ ഒരു സെൻറർ ആരംഭിക്കുക.

**ബാങ്കിംങ്**

ആമ്പല്ലൂർ പഞ്ചായത്തിൽ നിലവിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയും സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ ഒററക്കും കൂട്ടായും ചില പണമിടപാട് സ്ഥാപനങ്ങളും നടത്തുന്നുണ്ട്. കീച്ചേരി സർവ്വീസ് സഹകരണ ബാങ്കിൻെറ ഹെഡ്ഡാഫീസും ഒരു ശാഖയും, ആമ്പല്ലൂർ ജനതാ സർവ്വീസ് സഹകരണ ബാങ്കിൻെറ ഹെഡ്ഡാഫീസും ഒരു ശാഖയും, 502-ാം നമ്പർ ആമ്പല്ലൂർ സഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ട്. ബാങ്കിംങ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി

സ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖ ഈ പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്.

**ഗതാഗതം**

ആമ്പല്ലൂർ പഞ്ചായത്തിലെ ഏററവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നത് റോഡു വഴിയുള്ള ഗതാഗതത്തെയാണ്. കുറച്ചു പേർ റയിൽ മാർഗവും ഉപയോഗിക്കുന്നു.

**റോഡ് ഗതാഗതം**

നമ്മുടെ പഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യ ഭാഗത്തു കൂടി എറണാകുളം-തലയോലപറമ്പ് റോഡ് തെക്കു വടക്കായി സ്ഥിതി ചെയ്യുന്നു. കോട്ടയം, എറണാകുളം ഭാഗത്തേക്ക് പോകുന്നതിന് ഈ പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന പ്രധാന റോഡാണിത്. ഈ റോഡിൻെറ അററകുററ പണി നടത്തുന്നത് P. W. D. ആണ്. കൂടാതെ മററത്താംകടവ്-ആരക്കുന്നം, ആമ്പല്ലൂർ-ആരക്കുന്നം, മില്ലുങ്കൽ-റയിൽവെ സ്റേറഷൻ റോഡ് എന്നിവയും P. W. D. റോഡുകൾ ആണ്. പിന്നീടുള്ള എല്ലാ റോഡുകളുടേയും ചുമതല പഞ്ചായത്തുകൾക്കാണ്. ഇതിൽ ചില റോഡുകൾ കൂടി P. W. D. ക്ക് ഏൽപിച്ചു കൊടുക്കുന്നത് അഭികാമ്യമാണ്.

**അത്തരത്തിലുള്ള ചില നിർദ്ദേശങ്ങൾ**

(1) കാഞ്ഞിരമററം പള്ളി-തൊണ്ടിലങ്ങാടി-ചാലക്കപ്പാറ, പൊയ്യാററിത്താഴം, അരയൻകാവ്-ഒലിപ്പുറം റോഡ് P. W. D. ക്ക് വിട്ടുകൊടുക്കുകയും ഇപ്പോൾ ഒലിപ്പുറത്തു വന്നു പോകുന്ന മൂവാററുപുഴ, പിറവം, എറണാകുളം ഭാഗത്തു നിന്നും വരുന്ന ബസുകൾ അരയൻകാവിലേക്ക് നീട്ടുകയും ചെയ്യുക.

(2) ചോററാനിക്കര വരെയാണ് ഇപ്പോഴത്തെ സിററി സർവ്വീസ് പരിധി. അത് കാഞ്ഞിരമററം തെക്കുംഭാഗം മുസ്ളീം പള്ളി വരെ നീട്ടുക. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുക.

(3) നിലവിലുള്ള P. W. D. റോഡ് വർദ്ധിച്ച് വരുന്ന വാഹന ഗതാഗതത്തിന് മതിയാകാതെ വരുകയാണ്. ഇതിന് സമാന്തരമായി പെരുമ്പിള്ളി കീച്ചേരി തീരദേശ റോഡ് ഗതാഗത യോഗ്യമാക്കുകയും ഞാറക്കടവിൽ നിന്നും ബ്രഹ്മമംഗലം തുരുത്തുമ്മ ഭാഗത്തേക്ക് നീട്ടുകയും ചെയ്യുക.

(4) അരയൻകാവിൽ ഒരു ബൈപാസ് റോഡ് നിർമ്മിച്ച്

കീച്ചേരി തീരദേശറോഡുമായി ബന്ധിക്കുക.

(5) നിലവിലുള്ള മുഴുവൻ ടാർ റോഡുകളും റീ ടാർ ചെയ്യുകയും രണ്ടു വശങ്ങളിലും ഓടകൾ തീർത്ത് സംരക്ഷിക്കുകയും ചെയ്യുക.

(6) നിലവിലുള്ള പല റോഡുകളും അതിന്റെ ഇരുവശങ്ങളിലുമുള്ളയാളുകൾ കയ്യേറിയിട്ടുണ്ട്. ഈ കയ്യേററം അവസാനിപ്പിച്ച് റോഡതൃർത്തി തിരിച്ച് സംരക്ഷിക്കുക.

(7) പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള പല റോഡുകളിലും വാഹന ഗതാഗതത്തിന് തടസമായി ഇലക്ട്രിക് പോസ്ററുകൾ, ടെലഫോൺ പോസ്ററുകൾ എന്നിവ നിൽക്കുന്നുണ്ട് ഇത് മാററി സ്ഥാപിക്കേണ്ടതാണ്. ആമ്പല്ലൂർ നിന്നും പാലാ, കൂത്താട്ടുകുളം, മൂവാററുപുഴ, ചേർത്തല, ആലുവ, തൃശൂർ ഭാഗത്തേക്ക് ട്രാൻസ്പോർട്ട്, പ്രൈവററ് ബസ് സർവീസുകൾ ഏർപ്പെടുത്തുക.

(9) കോട്ടയം-ചോററാനിക്കര-എറണാകുളം റൂട്ടിൽ കൂടുതൽ KSRTC, PSRTC ബസുകൾ അനുവദിച്ച് പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള യാത്രക്കാരുടെ ക്ളേശം പരിഹരിക്കുക.

**റെയിൽ ഗതാഗതം**

ഈ പഞ്ചായത്തിലെ 1, 3, 6 വാർഡുകളിലൂടെ എറണാകുളം തിരുവനന്തപുരം റെയിൽവെ ലൈൻ കടന്നു പോകുന്നു. 1954-55 ൽ റയിൽ ഗതാഗതം ആരംഭിച്ചെങ്കിലും ഈ പഞ്ചായത്തിന്റെ വികസനത്തിന് ഇതിനെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആദ്യഘട്ടത്തിൽ പ്രവർത്തനമാരംഭിച്ച കാഞ്ഞിരമററം റെയിൽവെ സ്റേറഷൻ ഇന്നും ശൈശവദശയിലാണ്. കോട്ടയം-എറണാകുളം ഷട്ടിൽ വണ്ടികൾ മാത്രമാണിപ്പോൾ ഇവിടെ നിർത്തുന്നത്. കൂടുതൽ വണ്ടികൾ നിർത്തിയും മററു വികസനങ്ങൾ നടത്തിയും ഇവിടുത്തെ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതാണ്. അപകടസാദ്ധ്യതയുള്ള ആമ്പല്ലൂർ വെളിപ്പാലം ലവൽക്രോസ്സിനു ഗേററ് പണിത് അപകടം ഒഴിവാക്കേണ്ടതാണ്. 6-ാം വാർഡിൽ റെയിവെ ലൈനിന് കിഴക്ക് അധിവസിക്കുന്ന നൂറുകണക്കിന് കുടുംബക്കാരുടെ യാത്രാക്ളേശം പരിഹരിക്കുന്നതിന് ഇടവെട്ടത്ത് ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

3⁄37

**ജലഗതാഗതം**

ജലഗതാഗതത്തിന് ഏറെ സാധ്യതകളുണ്ടെങ്കിലും ഇനിയും അതിനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. മില്ലുകൽ തോട്ടിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ബോട്ടുജെട്ടി സ്ഥാപിച്ചു കഴിഞ്ഞാൽ ഇവിടെനിന്നും ആലപ്പുഴ, ചേർത്തല, പെരുമ്പളം വൈക്കം മുതലായ സ്ഥലങ്ങളിലേയ്ക്ക് ബൊട്ട് സർവ്വീസ് ആരംഭിക്കുവുന്നതാണ്. മില്ലുകൽ ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്ന കുളം നികത്തി അവിടെ ടാക്സി സ്ററാൻറ്, ഷോപ്പിംഗ് സെൻറർ എന്നിവ ആരംഭിയ്ക്കണമെന്നും ബോട്ട് ജെട്ടി കുറച്ചു കൂടി പടിഞ്ഞാറെക്കു മാററണമെന്നുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ പരിഗണനാർഹമാണ്.

**ഗതാഗതം**

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന ഗതാഗത പ്രശ്നങ്ങൾ

**വാർഡ് – 1**

(1) കാലായിൽ റോഡ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.
(2) പൊററിനാംകുന്ന് തുരുത്തിക്കര റോഡ് നിർമ്മിക്കുക.
(3) നെടുമ്പിള്ളി റോഡ് മണ്ണടിച്ച് ഉയർത്തി സഞ്ചാരയോഗ്യമാക്കുക.
(4) മററത്താംകടവ് പാലം നിർമ്മിച്ച് പൂത്തോട്ട റോഡുമായി ബന്ധിക്കുക.
(5) വിവിധ പാടശേഖരങ്ങളിലേക്ക് അപ്രോച്ച് റോഡുകൾ നിർമ്മിക്കുക.
(6) കൊടുങ്കാളിക്ഷേത്രം വള്ളാരിമല റോഡ് പുനരുദ്ധരിക്കുക.
(7) ചിറേറത്തുമുക്കിൽ കിഴക്കു ഭാഗത്തും പടിഞ്ഞാറുഭാഗത്തും ഫുട്ബ്രിഡ്ജ് സ്ഥാപിക്കുക.
(8) ആഞ്ഞിലിവേലിതാഴത്ത് ഫുട്ബ്രിഡ്ജ് സ്ഥാപിക്കുക.
(9) തണ്ടാശ്ശേരി സൈഡിലൂടെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.
(10) ആഞ്ഞിലിവേലിത്താഴം റോഡ് ടാർ ചെയ്യുക.
(11) പാലോത്തുമുക്ക് റോഡ് ടാർ ചെയ്യുക.
(12) പൊററിനാംകുന്ന് കിഴക്കേ റോഡ് നന്നാക്കുക.

318

(13) പൂഴിക്കൽ ബ്രാഞ്ച് റോഡ് - (ഈസ്റ്റേൺ) ക്രോസ് റോഡ് കല്ലുകെട്ടി സംരക്ഷിക്കുക.

(14) ആമ്പല്ലൂർ കോളനി - പൊററിനാംകുന്ന് തണങ്ങാട്ട് താഴം പാടം കടന്ന് തേമ്പിള്ളിത്താഴം റോഡിലേക്ക് കടന്ന് തീപ്പെട്ടി കമ്പനിയുടെ കിഴക്കുവശം കൂടി വന്ന് പാണക്കാട്ട് താഴം റോഡിലൂടെ പാടത്തുകൂടി തുരുത്തിക്കര റോഡിലേക്ക് മുട്ടിക്കുക.

(15) ആമ്പല്ലൂർ - എടക്കാട്ടുവയൽ ബൗണ്ടറി റോഡ് വീതി കൂട്ടുക.

**വാർഡ് - 2**

പള്ളിക്കടവ് - ആരക്കുന്നം റോഡ് നിർമ്മാണം പൂർത്തീകരിക്കുക.

പുല്ലേരിപ്പുറം അമ്പലത്തിന്റെ കിഴക്കും വടക്കും വശത്തുള്ള റോഡ് വീതികൂട്ടി നന്നാക്കുക.

ലക്ഷംവീട് റോഡ്, പൈമേലിത്താഴം റോഡ് ടാർ ചെയ്യുക.

എളയിടത്തുമന പടിഞ്ഞാറുവശം റോഡ് പുളിമ്പറമ്പിൽ റോഡുമായി ബന്ധിപ്പിക്കുക.

തൃക്കേഅമ്പലം, ഈരവേലി പള്ളിത്താഴം റോഡ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.

പഴയ പാണാർപാലം - കൂമുള്ളിമല - പള്ളിത്താഴം റോഡ് ടാർ ചെയ്യുക.

പഴയ പഞ്ചായത്ത് മുതൽ നടത്തത്തുമുക്ക് വരെയുള്ള തുളുവേലിപ്പാടം റോഡ് ടാർ ചെയ്യുക.

പള്ളിത്താഴം - മററത്താംകടവ് റോഡ്പണി പൂർത്തീകരിക്കുക.

**വാർഡ് - 3**

മില്ലുങ്കൽ പാലകുന്ന്മല റോഡ് ടാർ ചെയ്യുക.

മണക്കാട്ട് കോളനി റോഡ് നിർമ്മിക്കുക.

ആലിൻചുവട് - തൃക്കേപ്പുറത്ത് റോഡ് വികസിപ്പിക്കുക.

J. B. S. ന് വടക്കുവശം കിഴക്കോട്ട് കോളനി റോഡ് ടാർ ചെയ്യുക.

അമ്പേലിപ്പാടം റോഡ് മണക്കാട്ട് കോളനിയിലേക്ക് മുട്ടിക്കുക.

കാഞ്ഞിരമററം, കോളനി - കൂർക്കപ്പാടം റോഡ് ടാർ ചെയ്യുക.

നെടുവേലികുന്ന് - പാറേമല റോഡ് വികസിപ്പിക്കുക.

കുളക്കാട്ടുതടം കിഴക്കോട്ട് കണിയറക്കുളം റോഡ് നന്നാക്കുക.

പുതിയ പഞ്ചായത്ത് വീവിംഗ് സൊസൈററി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

ജയശ്രീ - റെയിൽവേ സ്റേറഷൻ റോഡ് ടാർ ചെയ്യുക.

ചാത്തോത്ത് പടിഞ്ഞാറു വശത്തുള്ള റോഡ് നന്നാക്കുക.

J B S ന് തെക്കുവശത്ത് റോഡ് മില്ലുങ്കൽ റെയിൽവേ സ്റേറഷൻ റോഡിൽ മുട്ടിക്കുക.

വെട്ടത്തു പടിഞ്ഞാറുവശം റോഡ് നന്നാക്കുക.

നെടിയം പുറത്തേക്ക് മെയിൻറോഡിൽ നിന്നുള്ള റോഡ് നിർമ്മിക്കുക.

കൂർക്കപ്പാടം - S N D P റോഡ് നന്നാക്കുക.

പഴയ പഞ്ചായത്ത് - മദ്രസ റോഡ് നന്നാക്കുക.

പുന്നച്ചാലിൽ കൂർക്കപ്പാടം റോഡ് നന്നാക്കുക.

വാർഡ് - 4

പരിപ്പിൽ റോഡ്, കീച്ചേരി പെരുമ്പിള്ളി റോഡുമായി ബന്ധിപ്പിക്കുക, കുട്ടേക്കാവുറോഡുമായും ബന്ധിപ്പിക്കുക

ഇലഞ്ഞിക്കുഴി - പരിപ്പിൽ റോഡ് നന്നാക്കുക.

ടി റോഡിൽ നിന്ന് ചാന്തുരുത്തിൽ കൂടി പടിഞ്ഞാറോട്ട് പോകുന്ന വഴി വീതി കൂട്ടുക.

ട്രാൻസ്ഫോർമറിൽനിന്ന് പടിഞ്ഞാറോട്ട് ഫാം റോഡുമായി ബന്ധിപ്പിക്കുക.

കണ്ണങ്ങായത്തുറോഡ് ഫാം റോഡുമായി ബന്ധിപ്പിക്കുക- ജയശ്രീ ജംഗ്ഷൻ

കണ്ണങ്ങായത്തുറോഡ് ഇലഞ്ഞിക്കുഴി റോഡും ബന്ധിക്കുക.

ടി റോഡും ആശാരിപറമ്പ് റോഡുമായി ബന്ധിക്കുക.

അയ്യൻകോവ് വാരേത്താഴം റോഡ് ഫാം റോഡുമായി മുട്ടിക്കുക.

പാതാനിമററം റോഡ് മാരേത്താഴം റോഡുമായി ബന്ധിപ്പിക്കുക

ഹൈസ്ക്കൂൾ റോഡ് പടിഞ്ഞാറോട്ട് പുറത്തേതത് റോഡുമായും പുറത്തേത്തുറോഡ് മുട്ടപ്പാടം റോഡുമായും ബന്ധിപ്പിക്കുക.

വെട്ടത്തുതൊണ്ട് കരേടത്തു ഭാഗത്തുകൂടി പൂത്തോട്ട റോഡിൽ ബന്ധിപ്പിക്കുക, ടി റോഡ് മുട്ടപ്പാടത്തേക്ക് നീട്ടുക.

പൂത്തോട്ട റോഡിൽ നിന്ന് കടവിത്തറതോട്ടിൽ പണിതിട്ടുള്ള പാലത്തിലേക്ക് ബന്ധിപ്പിക്കുക.

മില്ലുങ്കൽ തോടിന് തെക്കവശത്ത് നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാററി ബണ്ടു റോഡാക്കി മാററുക.

കുത്തിയതോട്, പള്ളിത്തോട് എന്നിവിടങ്ങളിൽ കലുങ്ക് തുരുത്തിയിൽ റോഡ്

## വാർഡ് - 5

തൊണ്ടിലങ്ങാടി തെരുവ് റോഡ് ടാർ ചെയ്യുക

കോണത്തു ബണ്ട് റോഡ് വികസിപ്പിക്കുക

കീച്ചേരി-പുത്തൻപുരക്കൽതാഴം റോഡ് ടാർ ചെയ്യുക

കീച്ചേരി പള്ളി-ചെറുവണക്കാട്ട് റോഡ് അററകുററപ്പണി നടത്തുക

ഉഴുച്ചാമന റോഡ് അററകുററപ്പണികൾ നടത്തി ടാർ ചെയ്യുക

വളവുങ്കൽ-കഞ്ചലക്കാട്ട്-കുരിശുപള്ളി റോഡ് അററകുററപ്പണി നടത്തുക

കീച്ചേരിപള്ളി-എട്ടുപറതോട് റോഡ് വികസിപ്പിക്കുക

എട്ടുപറതോട്ടിലെ പാലം വികസിപ്പിച്ച് വള്ളം കടന്നു പോകുവാൻ സൗകര്യം ഉണ്ടാക്കുക

## വാർഡ് - 6

പാർപ്പാകോട്-വൃശ്ചികകുന്ന് റോഡ് വീതി കൂട്ടി ടാർ ചെയ്തു വാലുമ്മേൽമുക്ക് റോഡുമായി ബന്ധിപ്പിക്കുക

പാറക്കവെളി ഇടവട്ടം റോഡ് വീതി കൂട്ടി ടാർ ചെയ്ത് റെയിൽവെ ഓവർ ബ്രിഡ്ജ് പണിത് പാർപ്പാകോട്ടുമായി ബന്ധിപ്പിക്കുക

ചിറേറത്തുകുററി-കണ്ണങ്കരി റോഡ് പുഞ്ച മുറിച്ച് റെയിൽവെ ലൈനിൽ ഉള്ള റോഡുമായി ബന്ധിപ്പിക്കുക

കാട്ടുപുറം റോഡ്, കിഴക്കേടത്തുമ്യാൻ റോഡ് നന്നാക്കുക

കക്കാട്ടിത്താഴം റോഡ് അററകുററപ്പണി നടത്തുക

കൈതക്കാട്ട്-പിത്തേരിക്കാവ് സഞ്ചാര യോഗ്യമാക്കുക

കൈതക്കാട്ട് റോഡിൽ നിന്നും അതിർത്തി റോഡുമായി ബന്ധിപ്പിക്കുവാൻ കണിയാംകുന്നുമലയുടെ വശത്തുകൂടി പുതിയറോഡ്

തോട്ടറ പുഞ്ചയുടെ വിവിധ ഭാഗങ്ങളിലേക്കുള്ള എല്ലാ അപ്രോച്ച് റോഡുകളും ഫാം റോഡായി ടാർ ചെയ്യുക അല്ലെങ്കിൽ റാബ് കെട്ടി റോഡ് സഞ്ചാര യോഗ്യമാക്കുകയോ ചെയ്യുക

ഇടവട്ടം-വിഡാങ്ങര റോഡിൽ നിന്ന് വിഡാങ്ങര പാടത്തു കൂടി പുതിയ റോഡ് ഉണ്ടാക്കി പടിഞ്ഞാറ് അർത്തിപ്പാടം റോഡു വരെ എത്തിക്കുക

കുലയിററിക്കര ലക്ഷംവീട് കോളനിയിൽ നിന്ന് കണ്ടങ്കരിമുഴിലേക്ക് പുതിയ റോഡ്

കുലയിററിക്കര ട്രാൻസ്ഫോർമർ കവല-കീഴേത്ത്-പുഞ്ച റോഡ്

കിഴക്കേടത്തുമ്യാൽ പടിഞ്ഞാറു ഭാഗത്ത് പുതിയ റോഡ്

വിഡാങ്ങര റോഡിൽ നിന്നും കനാൽ അരിക് വഴി കണിയാംകുന്നു റോഡുമായി ബന്ധിപ്പിക്കുക

വാർഡ് - 7

ചാലക്കപ്പാറ_ധർമ്മക്കുഴി റോഡ് ടാർ ചെയ്യുക. താവുംകരിതാഴം ഫാം റോഡായി നിർമ്മിക്കുക

പാട്ടുപുരക്കൽ ചക്കംകരിക്കൽ റോഡ് ടാർ ചെയ്യുക

തോട്ടറ കുരിശുപള്ളി നടേമുറി റോഡ് വെള്ളൂരുമായി ബന്ധപ്പെടുത്തുക

മൃഗാശുപത്രി-പാട്ടുപുരക്കൽ റോഡ് നിർമ്മിക്കുക

ചാലക്കപ്പാറ-പാറക്കവെളി-മേലോത്തു റോഡ് വികസിപ്പിക്കുക

പാഴ്‌വേലിൽ - കൊല്ലംതടം പാടശേഖര റോഡ് നന്നാക്കുക

ചാലക്കൽ - മേലോത്ത് - കാളിയന്തടം റോഡ് നന്നാക്കുക.

വളവുങ്കൽ കോളനി - പമ്പ് ഹൗസ് റോഡ് അററകുററ പണി നടത്തുക.

ചക്കുംകരിക്കൽ റോഡ് കാപ്പിക്കരയുമായി ബന്ധപ്പെടുത്തുക.

കോണത്തു ചാത്തങ്കരി - തെക്കേടം റോഡ്

വിൻകോസിനു പുറകുവശം കൂടി തെളിയാതെ കിടക്കുന്ന റോഡ് നന്നാക്കുക.

വാർഡ് - 8

കീച്ചേരിയേയും ചെമ്പ് വില്ലേജിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തോട്ടിൽ പെട്ടിതോണിയോ മരപ്പാലമോ പണിയുക.

പാറപ്പുറത്തുനിന്ന് ആരംഭിക്കുന്ന റോഡ് അരയൻകാവ് പൊയ്യാററിത്താഴം റോഡുമായി ബന്ധിപ്പിക്കുക.

അരയൻകാവ് - കോട്ടപ്പുറം - പ്ളാപ്പിള്ളിത്താഴം റോഡ്.

മലക്കാട്ട് കോളനി - കണ്ടോളപ്പാടം റോഡ്

മലക്കാട്ടു ള നേററുപാടം റോഡ്

യൂണിയൻ ബാങ്ക് - പുതുവാതൃക്കോവിൽ റോഡ്

വെളുത്താംകുന്നേൽ കണ്ടോളപ്പാടം റോഡ് _ പ്ളാപ്പിള്ളിത്താഴം റോഡുമായി ബന്ധിപ്പിക്കുക.

നേററുപാടം, കണ്ടോളപ്പാടം, കാക്കമ്പാടം എന്നീ പാട

382

ശേഖരങ്ങളിലേക്കുള്ള മുഴുവൻ അപ്രോച്ച് റോഡുകളും നന്നാക്കുക.

അരയൻകാവ് കോനാട്ടുതാഴം - തടത്തിൽ കോളനി വെള്ളുത്താംകുന്ന് റോഡ്

തുവനാട്ടുകുന്നേൽ - റോഡ്

പാറക്കൽ റോഡ്

അംഗവൻവാടി - കുന്നേൽ റോഡ്

## വാർഡ് - 9

യൂണിയൻ ബാങ്ക് - ബണ്ട് റോഡ്

ഇടവട്ടം - പുതുവാമന - തച്ചുകുന്ന് റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുക.

ലക്ഷംവീട് - തോട്ടറ പുഞ്ച റോഡ്

മൂലേപ്പാടം - തോട്ടറപ്പുഞ്ച റോഡ്

A. K. G. - കണ്ടക്കാട്ട് താഴം റോഡ്

A. K. G. റോഡ് - കീച്ചങ്കേരി റോഡ്

ശ്മശാനം - തോട്ടറപുഞ്ച റോഡ്

പത്തടി സെററിൽമെൻറ് കോളനിയിലേക്ക് 2 റോഡുകൾ

സെൻറ് ജോർജ് - പത്തടി റോഡ്

അംബേദ്കർ - മൃഗാശുപത്രി റോഡ്

മാത്തൂർ - തോട്ടറപുഞ്ച റോഡ്

പുററൂർ - നടുപത്തടി കോളനി റോഡ്

മുല്ലപ്പിള്ളി മനക്കൽത്താഴം റോഡ്

## വാർഡ് 10

ചാലക്കപ്പാറ പി. എച്ച്. സി. മുതൽ തൊണ്ടിലങ്ങാടി വഴി മുസ്ളീം പള്ളി വരെയുള്ള റോഡ് റി ടാറിംങ് നടത്തി ബസ് യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുക.

കാടാപുറത്ത് നിന്ന് ഞണ്ടുകാട്ടിലേക്ക് പുതിയ റോഡ് നിർമ്മിച്ച് ഞണ്ടുകാട്, പുത്തൻകരി നിവാസികളുടെ യാത്രാ ക്ലേശം പരിഹരിക്കുക.

ഗാന്ധി ജംഗ്ഷൻ - ഇടമ്പാടം റോഡ് കാടാപുറം റോഡുമായി സന്ധിച്ച് ഫാം റോഡിൽപെടുത്തി ഇടപ്പാടം, കളരിക്കത്താഴംപാടം, അയ്യമ്മേലിത്താഴംപാടം, കരിനിലം എന്നീ പാടശേഖരങ്ങളിലെ കൃഷിക്കാരെ സഹായിക്കുക. റോഡ് ടാറിംഗ് ചെയ്യുന്നതിന് മുൻഗണന നൽകണം.

തെക്കെക്കര - കവലയിൽ നിന്ന് കിഴക്കോട്ട് ചാവക്കാട്ട് റോഡ് പുതുതായി നിർമ്മിക്കുക.

എസ്. എൻ. ഡി. പി. കിഴക്കെ മൂലയിൽ നിന്ന് ഇടമ്പാടം റോഡിലേക്ക് മുട്ടിച്ച് അവിടെ നിന്ന് താഴേക്ക് മാമ്പുഴ റോഡിൽ മുട്ടിക്കുക.

പരിയാരത്ത് പറമ്പ് എടമ്പാടം റോഡ് നിർമ്മിക്കുക.

ശിവവിലാസം - താഴേപ്പാടം റോഡ് ചാലക്കപ്പാറ പുതുവാശ്ശേരി റോഡുമായി ബന്ധിക്കുക.

ഫാം റോഡിൽ പെടുത്തി ടാറിംഗ് നടത്തുന്നതിനുള്ള നടപടി എടുക്കുക.

കൊററംകരിക്കൽ മുരിങ്ങനേത്ത് റോഡ് നിർമ്മിക്കുക.

തോട്ടം സ്ക്കൂൾ തഴേപ്പാടം അംബേദ്കർ സെററിൽമെൻറ് കോളനി റോഡിൻെറ അററകുററപ്പണി നടത്തുക.

കീച്ചേരി സ്ക്കൂളിൻെറ വടക്ക് ഭാഗത്തുകൂടി പടിഞ്ഞാറോട്ട് റോഡ് തീർത്ത് തഴേപ്പാടം വരെ എത്തിക്കുക.

ചാലക്കപ്പാറ വർക്ക്ഷോപ്പ് - പടിഞ്ഞാറോട്ടുള്ള റോഡ് നിർമ്മിക്കുക.

മററത്തിൽ തെക്കെ ഭാഗത്ത് കൂടി കിഴക്കോട്ട് തൊങ്ങിലങ്ങാടി റോഡിൽ എത്തിക്കുക.

കൊളത്താക്കോട്ടിൽ നിന്ന് ആരംഭിച്ച് പുത്തൻ കരിഞ്ഞണ്ടുകാട്ട് തുരുത്ത് റോഡ് പുതിയതായി നിർമ്മിക്കുക.

മേൽപറഞ്ഞ റോഡുകളിൽ നിലവിലുള്ളത് സഞ്ചാരയോഗ്യമാക്കുകയും പുതുതായി തീർക്കേണ്ടത് തീർത്തും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

## നിലവിലുള്ള റോഡുകൾ

1. കറുത്തേടത്തുമുക്ക് പാലോത്ത്താഴം റോഡ്
2. ആക്കാപ്പനം കിഴക്കേറോഡ്
3. ആക്കാപ്പനം പാണക്കാട്ടതാഴം റോഡ്
4. ആക്കാപ്പനം മനയ്ക്കത്താഴം റോഡ്
5. നാവുള്ളിത്താഴം വള്ളാരിമല റോഡ്
6. നാവുള്ളിത്താഴം ബ്രാഞ്ച് റോഡ്
7. ചിററത്താഴം കഴിക്കാട്ടുകന്നേൽ റോഡ്
8. കൊട്ടങ്കാളിക്ഷേത്രം വള്ളാരിമല റോഡ്
9. പൂഴിക്കൽ റോസ്
10. പൂഴിക്കൽ ബ്രാഞ്ച് റോഡ് (ക്രോസ് റോഡ്)
11. പമ്പ്ഹൗസ് തോട്ടത്തിത്താഴം റോഡ്
12. കാലായിൽ റോഡ്

13. ആഞ്ഞിലിവേലിത്താഴം റോഡ്

14. തോട്ടത്തിത്താഴം ആഞ്ഞിലിവേലിത്താഴം ലിങ്കിറോഡ്

15. തണങ്ങാട്ടുതാഴം റോഡ്

16. പൊററിനാംകുന്ന് റോഡ്

17. ആമ്പല്ലൂർ എടയ്ക്കാട്ടുവയൽ

**പുതുതായി നിർമ്മിക്കേണ്ട റോഡ്**

1. തേമ്പിള്ളിൽത്താഴം റോഡ്
2. ആക്കാപ്പനം ഈസ്ററ് ലിങ്ക് റോഡ്

**വിഭവ സമാഹരണം**

അരയൻകാവ്, ആമ്പല്ലൂർ മാർക്കററുകളിൽ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ചാൽ പൊതുവായ വികസനവും വാടകയും ലഭ്യമാക്കാം.

ഉദയാ മഹിളാ സമാജത്തിൻെറ മൂന്നു സെൻറ് സ്ഥലം പ്രയോജനപ്പെടുത്തേണ്ടതാണ്.

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ 5-ാം വാർഡിൽ തൊണ്ടിലങ്ങാടി പൊയ്യാററിത്താഴം റോഡിൽ ഞാറക്കടവ് എന്ന സ്ഥലത്ത് പുറമ്പോക്ക വക ഏകദേശം പതിനഞ്ചു സെൻറു സ്ഥലം പുറമ്പോക്ക് തോടിനോട്ട ചേർന്നു കിടപ്പുണ്ട്. ഈ സ്ഥലം തോടിൻെറ വശം കരിങ്കൽ കെട്ടി വള്ളം അടുക്കവാൻ സൗകര്യപ്രദമാക്കിയാൽ നൂറുകണക്കിന് ലോഡ് - മണല്, ചെങ്കല്ല്, കരിങ്കല്ല് മുതലായവ കയററിയിറക്ക് നടത്തുന്നതിന് ഉപയുക്തമാക്കാവുന്നതാണ്.

**മാർക്കററ്**

ആമ്പല്ലൂർ, മില്ലുങ്കൽ, അരയൻകാവ് എന്നിവിടങ്ങളിൽ നിലവിലുള്ള മാർക്കററുകളിൽ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ച് സൗകര്യം വർദ്ധിപ്പിക്കുക

പാർപ്പാകോട്, തൊണ്ടിലങ്ങാടി എന്നിവിടങ്ങളിൽ പുതിയ മാർക്കററ് ആവശ്യമാണ്

തൊണ്ടിലങ്ങാടിയിൽ പുതിയതായി ഒരു പഞ്ചായത്ത് മാർക്കററ് രൂപീകരിച്ചാൽ 4, 5, 10 എന്നീ വാർഡുകളിലെ തീരദേശ വാസികൾക്കും, തീരദേശ മൽസ്യത്തൊഴിലാളികൾക്കും വളരെ പ്രയോജനം ചെയ്യുന്നതാണ്.

ആമ്പല്ലൂർ മാർക്കററ് മതിൽ കെട്ടി സംരക്ഷിക്കുക.

പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കുക.

**പരിസരശുചിത്വം**

അടിസ്ഥാനപരമായി പാലിക്കേണ്ട ഒരു കാര്യമെന്നനിലയിൽ ശുചിത്വം മനുഷ്യജീവിതത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു. ശുചിത്വത്തോടെ ദൈനംദിന ജീവിതം നയിക്കുന്നവർക്ക് അനാരോഗ്യത്തിൻെറ ഭീഷണി നേരിടേണ്ടിവരുന്നില്ല. ആരോഗ്യപരിപാലനത്തിന് നാം വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ശുചിത്വത്തെപ്പററി ബോധവൽക്കരണ സെമിനാർ നടത്തുന്നത് പ്രയോജനപ്രദമായിരിക്കും. മതിൽ കെട്ടാത്ത കിണറുകൾ മതിൽ കെട്ടി നയിക്കുകയും പൊതുസ്ഥലത്ത് മലമൂത്ര വിസർജനം നടത്താതിരിക്കുകയും വേണം. ശാസ്ത്രീയമായി കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ സാങ്കേതികജ്ഞാനവും ധനസഹായവും നല്കുന്നതോടൊപ്പം ചപ്പുചവറുകൾ കമ്പോസ്ററ് വളമാക്കാൻ ഉപയുക്തമായ രീതിയിൽ കമ്പോസ്ററ് കുഴികൾ നിർമ്മിച്ച് ശുചീകരണത്തോടൊപ്പം ജൈവവളസമ്പത്തും ഉണ്ടാക്കാവുന്നതാണ്. കൂടാതെ ആമ്പല്ലൂർ പഞ്ചായത്തിൻെറ മൂന്ന് പ്രധാന കേന്ദ്രങ്ങളിൽ ആമ്പല്ലൂർ പള്ളിത്താഴം, മില്ലുങ്കൽ, അരയൻകാവ് പബ്ളിക്ക് കംഫർട്ട് സ്റേറഷനുകൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജനങ്ങളിൽ ശുചിത്വബോധം വളർത്തുന്നതിനായി ലഘുലേഖകളും ഹ്രസ്വചിത്രങ്ങളും പ്രൈമറി ഹെൽത്ത് സെൻററുകൾ വഴി വിതരണം ചെയ്യുകയും പ്രദർശിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ഗ്രാമചന്തകളിൽ എത്തുന്ന കാർഷിക മാലിന്യങ്ങളും മൽസ്യാവശിഷ്ടങ്ങളും നിക്ഷേപിക്കുന്നതിന് യോജ്യമായ രീതിയിൽ കുഴികൾ നിർമ്മിക്കുകയോ ചവററുപെട്ടികൾ സ്ഥാപിക്കുകയോ വേണം. ഇപ്പോൾ ആമ്പല്ലൂർ പള്ളിത്താഴം, മില്ലുങ്കൽ, അരയൻകാവ് ചന്തകളിലാണ് ഇത് അടിയന്തിരമായി സ്ഥാപിക്കേണ്ടത്. വളർന്ന് വരുന്ന തലമുറയിൽ ശുചിത്വ ബോധം വളർത്താൻ മാതാപിതാക്കളെപ്പോലെ തന്നെ മാധ്യമങ്ങളും ശ്രദ്ധചെലുത്തിയാൽ കൂടുതൽ നന്നായിരിക്കും. മില്ലുങ്കൽ കുളത്തിൽ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് കുളം ഉപയോഗപ്രദമാക്കണമെന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. റോഡുകളുടെ വശങ്ങളിൽ കാനകീറി മഴവെള്ളം ഒഴുക്കിക്കളഞ്ഞാൽ ശുചീകരണത്തോടൊപ്പം റോഡിൻെറ സുരക്ഷിത

തവും ഉറപ്പുവരുത്താവുന്നതാണ്. അംഗൻവാടികൾക്ക് ചുററുമതിൽ, കിണർ, കക്കൂസുകൾ എന്നിവ നിർമ്മിക്കണം.

**ചില നിർദ്ദേശങ്ങൾ**

(1) ആരോഗ്യ പരിപാലനത്തിന് ശുചിത്വം നിർബന്ധമായും പാലിക്കുക. കുടിക്കുവാൻ കഴിയുന്നത്ര തിളപ്പിച്ചാററിയ വെള്ളം ഉപയോഗിക്കുക.

(2) കടയിൽ നിന്നും വാങ്ങുന്ന പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കഴുകി ഉപയോഗിക്കുക.

(3) മല വിസർജനം കക്കൂസിൽ തന്നെ നടത്തുകയും കൈകൾ സോപ്പുപയോഗിച്ച് കഴുകുകയും ചെയ്യുക.

(4) മാംസം, മൽസ്യം എന്നിവ നന്നായി കഴുകി വേവിച്ചതും ഉപയോഗിക്കുക.

(5) അംഗൻവാടിയിൽ കക്കൂസ് നിർമ്മിക്കുകയും കുട്ടികളെ അത് ശീലിപ്പിക്കുകയും ചെയ്യുക.

(6) കൊച്ചു കുട്ടികളുടെ വിസർജ്യങ്ങൾ തുറസായ സ്ഥലത്ത് നിക്ഷേപിക്കാതെ കുഴിച്ചു മൂടുകയോ കക്കൂസിൽ നിക്ഷേപിക്കുകയോ ചെയ്യുക.

(7) ചപ്പുചവറുകൾ നിർബന്ധമായും കമ്പോസ്ററു കുഴികളിൽ മാത്രം നിക്ഷേപിക്കുക.

(8) കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

(9) നിലവിൽ പ്രവർത്തിക്കുന്ന പൊതു മാർക്കററുകളിൽ ബ്ളഡ് പിററ്, ബോൺ പിററ്, സ്ളോട്ടർ ഹൗസ് എന്നിവ നിർമ്മിക്കുക.

(10) ആമ്പല്ലൂർ പള്ളിത്താഴത്ത് പ്രവർത്തിക്കുന്ന മാർക്കററിന് ചുററുമതിൽ കെട്ടുക.

**പാർപ്പിടം**

ആധുനിക മനുഷ്യൻെറ അത്യന്താപേക്ഷിതമായ ആവശ്യങ്ങളിൽ ഒന്നാണല്ലോ പാർപ്പിടം. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 5145 വീടുകൾ ഉണ്ട്. ഇതിൽ ഏതാണ്ട് 2233 വീടുകൾ നികുതിയില്ല. ആവശ്യത്തിന് വീടുകൾ ഇപ്പോഴും പഞ്ചായത്തിൽ ഇല്ലാത്ത

തിനാൽ വീടുകൾ ഇല്ലാത്തവർക്ക് പഞ്ചായത്തിൻെറ ചിലവിൽ വീടുകൾ നിർമ്മിച്ചു നൽകാൻ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും ആവശ്യങ്ങൾ ഉയർന്ന് വരുന്നുണ്ട്. ഇത് ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ആവശ്യങ്ങൾ വരുന്നുണ്ട്. ബലഹീനമായ ലക്ഷംവീട് പൊളിച്ച് രണ്ടായി തിരിച്ചു കൊടുക്കാനും കക്കൂസുകൾ നിർമ്മിച്ച് നൽകാനും, വാസയോഗ്യമല്ലാത്ത വീടുകൾ അററകുററപ്പണികൾ നടത്തി വാസയോഗ്യമാക്കി കൊടുക്കാനും, സ്വന്തമായി സ്ഥലമില്ലാത്തവർക്ക് പഞ്ചായത്ത് സ്ഥലമനുവദിച്ച് ഭവനം നിർമ്മിച്ചു നൽകാനും വിവിധ വാർഡുകളിൽനിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഭവനവായ്പ സൗകര്യം മെച്ചപ്പെടുത്താനും നടപടികൾ ലഘൂകരിക്കാനും ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ള വീടുകളുടെ ശോചന്യാവസ്ഥ പരിഹരിക്കാൻ ഹൗസിംഗ് ബാങ്ക് ലോൺ അനുവദിക്കണമെന്നും ആവശ്യമുന്നയിക്കപ്പെട്ടിട്ടുണ്ട്.

പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പാർപ്പിടം നിർമ്മിക്കാൻ പ്രോത്സാഹനമെന്നനിലയിൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. കൂടാതെ ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ഒരു സഹകരണ സംഘം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

നിർമ്മിതി, COST FORD എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു പാർപ്പിട കമ്മിററി രൂപവൽക്കരിക്കേണ്ടതാണ്.

## വ്യവസായം

സമ്പദ്ഘടനയിലെ സുപ്രധാനമായ ഒരിനമാണ് വ്യവസായം നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒന്നാണ്. പരമ്പരാഗതവ്യവയായമെന്ന നിലയിൽ കൈത്തറി വ്യവസായം ഒഴികെ കാര്യമായി മറെറാന്നുമില്ല. കൂട്ടനെയ്ത്ത് ഇന്ന് കുറഞ്ഞു വരുന്നതായും കാണുന്നു. തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ പുനരുദ്ധരിക്കാൻ സഹകരണസംഘം ശക്തി

പ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഉല്പന്നത്തിന് സംഘം വിപണി കണ്ടെത്തുന്നതോടൊപ്പം അസംസ്കൃത വസ്തുക്കളുടെ ലഭ്യതകൂടി ഉറപ്പുവരുത്തേണ്ടതാണ്. സമഗ്രബോധവൽക്കരണത്തിലൂടെ കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് കൊണ്ടുവന്ന് വ്യവസായ രംഗം പുഷ്ടിപ്പെടുത്തേണ്ടതാണ്.

ചുരുക്കം ചില വ്യക്തികൾ ഒററയും കൂട്ടായും നടത്തുന്ന മൂന്നുനാല് വ്യവസായ സ്ഥാപനങ്ങളാണ് പഞ്ചായത്തിലിപ്പോൾ ഉള്ളത്. നാമമാത്രമായ തൊഴിലാളികളെ മാത്രമേ ഇവർക്ക് ഉൾക്കൊള്ളാനാവുന്നുള്ളു. വ്യവസായം തുടങ്ങുന്നതിനുള്ള സ്ഥല സൗകര്യം, ആവശ്യമായ മൂലധനം, വായ്പ അനുവദിച്ച് കിട്ടാനുള്ള നിയമപരമായ താമസം ഇവയ്ക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാനുള്ള താമസം കൂടാതെ ഉൽപ്പന്നത്തിൻെറ വിപണി കണ്ടുപിടിക്കൽ വരെ തടസമായി ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വ്യവസായമേഖല അഭിവൃദ്ധിപ്പെടുത്താൻ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കട്ടെ.

(1) വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ സമൂഹം സ്ഥാപിക്കുക. അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

(2) തകർച്ച നേരിട്ടു കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായം കാലോചിതമായി നവീകരിക്കുക.

(3) റബ്ബർ അധിഷ്ഠിതമായി, റബ്ബർ ബാൻഡ്, ബലൂൺ, ചെരിപ്പുകൾ, ഓട്ടോമൊബൈൽ പാർട്ടുകൾ, ബുഷുകൾ, ഫോം ബെഡ്, ചവുട്ടി എന്നിവ ആരംഭിക്കുക.

(4) നാളികേര അധിഷ്ഠിത വ്യവസായം സഹകരണ മേഖലയിൽ ആരംഭിക്കുകയും നാളികേരം സംഭരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുകയും ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.

(5) ലഭ്യമായ മത്സ്യ സമ്പത്ത് ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായം ആരംഭിക്കുക.

(6) കുടിൽ വ്യവസായമെന്ന നിലയിൽ മെഴുകുതിരി, പ്ലാസ്ററിക്ക് പാത്രങ്ങൾ, സോപ്പ്, ചന്ദനത്തിരി, തീപ്പെട്ടി നിർമ്മാണം എന്നിവ തുടങ്ങുകയും കറിപ്പൊടി, അച്ചാറുകൾ എന്നിവയുടെ ഉല്പ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

(7) 10 സെൻറ് സ്ഥലവും കെട്ടിടവും വൈദ്യുതിയും ലഭ്യമാകുന്ന അവസ്ഥയിൽ എണ്ണപ്പലഹാര നിർമ്മാണകേന്ദ്രം ആരംഭിക്കാവുന്നതാണ്.

(8) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ഇലക്ട്രോണിക് ഭാഗങ്ങൾ നിർമ്മാണം, ഫർണീച്ചർ, ബേക്കറി സാധനങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ നിർമ്മിക്കാനും ഓരോ യൂണിററുകൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

(9) പഞ്ചായത്തിന്റെ 2, 5, 10 വാർഡുകളിൽ സുലഭമായി ലഭിക്കുന്ന കളിമണ്ണ് ഉപയോഗിച്ച് പാത്രങ്ങൾ, കൗതുകവസ്തുക്കൾ എന്നിവ നിർമ്മിക്കാവുന്നതാണ്.

(10) മൂന്നു ക്ഷീരവ്യവസായ യൂണിററുകളും നിരവധി കോഴി കൃഷി കേന്ദ്രങ്ങളുമുള്ള പഞ്ചായത്തിൽ ഒരു കാലിത്തീററ, കോഴിത്തീററ ഫാക്ടറി സ്ഥാപിക്കേണ്ടതാണ്.

(11) കൈത്തറി സഹകരണ സംഘങ്ങൾ ഉല്പാദനം വൈവിധ്യവൽക്കരിക്കുന്നതിലൂടെ വിപണി കണ്ടെത്താൻ സൗകര്യമുണ്ടാകുന്നു.

(12) വനിതാ വ്യവസായ യൂണിററുകൾ സഹകരണസംഘം രൂപീകരിച്ചും പ്രവർത്തനം വിപുലീകരിച്ചും D. W. C. R. A. പ്രവർത്തനം ആരംഭിക്കുക.

(13) 10-ാം വാർഡിൽ പ്രവർത്തിക്കുന്ന ആലപ്പുഴ സർവ്വോദയ ഖാദി സംഘം നൂൽ നൂൽപ്പു കേന്ദ്രം ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തിയാൽ കുറഞ്ഞത് 50 തൊഴിലാളികൾക്കുകൂടി തൊഴിൽ ലഭിക്കുന്നതാണ്.

# വികസനസെമിനാർ. നിർദ്ദേശങ്ങൾ

## അനുബന്ധം

**കൃഷി**

1. കരിനിലങ്ങളിലെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തണം.
2. നെല്ലുല്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കണം.
3. കർഷകർക്കുള്ള വിവിധ സഹായ പദ്ധതി തുകകൾ വർദ്ധിപ്പിക്കണം.
4. നെൽകൃഷിക്കുശേഷം മത്സ്യബന്ധനത്തിന് സൗകര്യം പരിശോധിച്ച് നടപ്പിലാക്കണം.
5. കാഞ്ഞിരമററം കേന്ദ്രമാക്കി കേരോല്പന്ന സംഭരണ സംസ്ക്കരണ വിപണന വ്യവസായ സഹകരണസംഘം രൂപീകരിക്കണം.
6. റബ്ബർബോർഡ് അരയൻകാവ് ഫീൽഡ് ആഫീസ് നില നിർത്തണം.
7. കർഷകർക്ക് വിതരണം ചെയ്യുന്ന രാസവളം പകുതി ജൈവവളമായി നൽകണം.
8. അഭ്യസ്തവിദ്യരായ യുവതി യുവാക്കളുടെ സേവനസന്നദ്ധത കാർഷികരംഗത്തും പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കണം
9. വാട്ടർ ഷെഡ് പദ്ധതി ഈ പഞ്ചായത്തിൽ മുഴുവൻ ഭാഗത്തും നടപ്പിലാക്കണം.

**ചെറുകിട ജലസേചനം**

1. കോണത്ത് ബണ്ടിലെ ഷട്ടറുകൾ ഓട്ടോമാററിക്ക് ആക്കണം.

2. പ്രവർത്തന സൗകര്യത്തെ കണക്കിലെടുത്ത് കോണത്ത് ബണ്ടിന്റെ സംരക്ഷണചുമതല എറണാകുളം M.I.S. ഡിവിഷനിൽ നിന്നും മാററി കടുത്തുരുത്തി M.I.S. ഡിവിഷനിൽ ആക്കണം.

3. പെട്ടി, പറ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ പരിശോധിച്ച് സ്ഥാപിക്കണം.

4. കരിനിലങ്ങളിൽ കൃഷിനടക്കുമ്പോൾ ആമ്പല്ലൂർ, കീച്ചേരി ബണ്ട് അടച്ചിടണം.

5. തോട്ടറപുഞ്ചയിലേക്ക് പെരിയാർവാലി കനാലിൽനിന്നും വരുന്ന വെള്ളം കൃഷി, വിത സമയങ്ങളിൽ തുറന്നു വിടുന്ന നടപടി ആവർത്തിക്കരുത്

6. ചിറേറത്ത്കററി പാലത്തിൽ ഷട്ടർ വേണം.

7. പഞ്ചായത്ത് അതിർത്തിയിൽ ഉള്ള എല്ലാ തോടുകളും പുറംപോക്ക് ഭാഗം തിട്ടപ്പെടുത്തി വീതിയും ആഴവും കൂട്ടി സംരക്ഷിക്കണം.

## സഹകരണം

1. വായ്പാ നയത്തിൽ മാററം വരുത്തണം. സഹകരണസംഘങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ "നബാഡി"ന്റെ പുനർവായ്പാ പദ്ധതി നടപ്പിലാക്കണം.

2. നിത്യോപയോഗസാധന വിതരണത്തിന് സ്റേറാറുകൾ തുടങ്ങണം.

3. നിക്ഷേപ പലിശനിരക്ക് ബാങ്ക് / സഹകരണസ്ഥാപനം നിയന്ത്രണം വേണം.

4. സഹകരണ സംഘ പ്രവർത്തനത്തെ ഏകോപിപ്പിക്കണം.
5. ഇറച്ചികോഴി സംസ്കരണ/വിപണനസംഘം രൂപീകരിക്കണം.

6. കൈത്തറിസംഘ പ്രവർത്തനം വിപുലീകരിക്കണം.

7. മോട്ടോർതൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.

8. നോട്ട്ബുക്ക് നിർമ്മാണം, റെഡീമെയ്ഡ് വസ്ത്രനിർമ്മാണ യൂണീററ്, റബ്ബർ വ്യവസായ യൂണീററ് എന്നിവ സഹകരണ മേഖലയിൽ തുടങ്ങണം.

## പട്ടികജാതി/പട്ടികവർഗം

1. പഞ്ചായത്തിലെ എല്ലാ പട്ടികജാതി/പട്ടികവർഗക്കാർക്കും സമ്പൂർണ്ണഭവനനിർമ്മാണ പദ്ധതികാം നടപ്പിലാക്കുക
2. കുലയററിക്കര കോളനിയിലെ ശുദ്ധജലപദ്ധതിയിലെ അധികജലം പോകുന്നത് തടയുക.
3. മണ്ണൊലിപ്പ് നിവാരണ പദ്ധതിയിൽ കോളനികളെയും ഉാംപ്പെടുത്തുക.
4. 'അക്ഷരം ഉറപ്പിക്കൽ' പദ്ധതി നടപ്പിലാക്കുക.
5. കോളനികളിൽ കാർഷികസേവന കേന്ദ്രംതുടങ്ങുക.
6. ജാതി സർട്ടിഫിക്കററ് സമുദായസംഘടന സെക്രട്ടറി സാക്ഷിപ്പെടുത്തിയതിൻെറ അടിസ്ഥാനത്തിൽ നൽകുക.
7. കോളനികളിൽ ഏകോപനസമിതി രൂപീകരിക്കുക.

## വിദ്യാഭ്യാസം

1. പഞ്ചായത്തുതല വിദ്യാഭ്യാസസമിതി രൂപീകരിക്കുക.
2. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആക്കുക.
3. ഓാം പ്രമോഷൻ സമ്പ്രദായം പുനപരിശോധിക്കുക.
4. അംഗനവാടി കെട്ടിടനിർമ്മാണ ഗ്രാൻറ് കൂട്ടുക.
5. ഉച്ചകഞ്ഞിക്ക് പഞ്ചായത്ത്സഹായം ലഭ്യമാക്കുക

6. കൃഷി തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾ സ്കൂളുകളിൽ തുടങ്ങുക.

## മൃഗസംരക്ഷണം

1. തൊഴുത്ത് നിർമ്മാണ സബ്സിഡി 75% ആക്കണം.
2. പാൽസംഭരണവും വിതരണവും തമ്മിലുള്ള വ്യത്യാസം 4 രൂപ 2 രൂപയായി ക്രമീകരിക്കണം.
3. ബ്ലോക്കുതലത്തിൽ ഒരു കാലിത്തീററ ഫാക്ടറി സ്ഥാപിക്കണം.
4. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണം
5. തീററപുൽകൃഷി സബ്സിഡി ഉയർത്തുക
6. കൃത്രിമബീജസങ്കലന ഫീസ് 18.50 നിന്നും 5 രൂപയാക്കി കുറയ്ക്കുക
7. ICDP സബ് സെൻറർ പ്രവർത്തനസമയം 9മുതൽ 4വരെ ആക്കുക

## ആരോഗ്യം

1. P. H. C. ഒരു കമ്മ്യൂണിററി ഹെൽത്ത് സെൻററായി ഉയർത്തുക.
2. പഞ്ചായത്തിലെ P.H C.–ൽ J. P. H. നേഴ്സുമാരേയും J.P.H ഇൻസ്പെക്ടർമാരേയും ജനസംഖ്യാനുപാതികമായി നിയമിക്കുക.
3. സാനിട്ടറി കക്കൂസുകളുടെ ഗ്രാൻറ് വർദ്ധിപ്പിക്കുക – P.H C. യുടെ അംഗീകാരം തേടുക.
4. ഒന്നാംവാർഡിൽ ഒഴിഞ്ഞുകിടക്കുന്ന വാട്ടർഅതോറിററി വക കെട്ടിടം P.H C.യുടെ F.W.C. നുവേണ്ടി വാങ്ങി ഒരു കേന്ദ്രം തുടങ്ങുക.

5. മാലിന്യം ഒഴിവാക്കാൻ ഓടകരം നിർമ്മിക്കുക.

6. ജനസംഖ്യാടിസ്ഥാനത്തിൽ അംഗനവാടി തുടങ്ങുക.

7. ആയൂർവേദ ആസ്പത്രി ഡിസ്പൻസറിയാക്കി ഉയർത്തുക.

## മത്സ്യബന്ധനം

1. എല്ലാ വാർഡിലും മത്സ്യബന്ധനവുമായി ഏർപ്പെട്ടിട്ടുള്ളവരെ മത്സ്യഗ്രാമത്തിൻെറ പരിധിയിൽ വരുത്തുക.

2. കോണത്തുപുഴയിൽ അനുബന്ധ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

3. ഐസ്പ്ലാൻേറാ, ഫ്രീസ്റോ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുക.

4. കക്കാ സംസ്കരണ ചൂള സ്ഥാപിക്കുക.

## കുടിവെള്ളം

1. പഞ്ചായത്തിൻെറ തെക്കുകിഴക്കെ അതിർത്തിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി ഉണ്ടാകണം.

2. പൈപ്പുലൈനുകളിലെ അററകുററപ്പണി യഥാസമയം നടത്തി ജലം പാഴായിപോകുന്നത് തടയുക.

3. കുടിവെള്ളത്തിൻെറ ദുരുപയോഗം തടയുക.

4. മാമ്പുഴ ഭാഗത്ത് ടാപ്പുകരം ഇടുക.

5. U.B.I. അരയൻകാവ് സമീപകിണർ നന്നാക്കണം.

## വനിതാക്ഷേമം

1. ഖാദിസംഘം പ്രവർത്തനം ഊർജ്ജിതമാക്കുക, ബോധവൽക്കരണ ക്യാമ്പ് നടത്തുക.

2. സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കുക/തുല്യത നടപ്പിലാക്കുക.

3. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക.

4. വനിതാ തൊഴിൽ സംരംഭങ്ങൾ തുടങ്ങുക.
5. അംഗനവാടി ഭക്ഷണം, വേതനം, കെട്ടിടം ഇവയ്ക്ക് നടപടി വേണം.

6. വനിതാക്ഷേമ സംഘടന/സഹകരണസംഘം ഇവ രൂപീകരിക്കുക.

## പരിസരശുചിത്വം

1. പഞ്ചായത്തിൽ സ്വീപ്പർമാരെ നിയമിക്കുക.

2. പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരദേശഭാഗത്ത് മലമൂത്ര വിസർജ്ജനം തുറസ്സായസ്ഥലത്ത് ചെയ്യാതിരിക്കാൻ കക്കൂസ് നിർമ്മാണം നടപ്പിലാക്കുക.

## സംസ്കാരം

1. ബ്ലോക്ക്തല കലാ-കായിക പരിശീലനകേന്ദ്രം തുടങ്ങുക.

2. ക്ലബ്ബുകൾക്കുള്ള സഹായം വർദ്ധിപ്പിക്കുക.

3. 7-ാം വാർഡിൽ വായനശാല തുടങ്ങുക.

4. പഞ്ചായത്താഫീസിനോട് ചേർന്ന് ഒരു ഇൻഫർമേഷൻ കേന്ദ്രം തുടങ്ങുക.

5. ടൂറിസ്ററ് ആഘോഷം സംഘടിപ്പിക്കുക.

6. തിയേററുകളിൽ അശ്ലീല ചിത്രപ്രദർശനം തടയുക.

## ഊർജ്ജം

1 സൗരോർജ്ജം ഉപയോഗിച്ച് സ്ട്രീററ് ലൈററ് കത്തിക്കു

കയും, ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കണം.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.

3. 8-ാം വാർഡിൽ വെളുത്താംകുന്നേൽ, പൊയ്യാററിത്താഴം ഭാഗത്ത് വൈദ്യുതി ലഭ്യമാക്കുവാൻ നടപടി വേണം.

4. വാർഡ് 1ൽ ആക്കാപ്പനംഭാഗത്തു നിർദ്ദേശിച്ചിട്ടുള്ള 11KV ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിക്കുക.

## റോഡ് ഗതാഗതം

1. പഞ്ചായത്തിലെ എല്ലാ റോഡിൻെറയും അററകുററ പണികൾ നടത്തുക.

2. പുതിയ പഞ്ചായത്താഫീസിൽ മുൻവശത്തുകൂടി പോകുന്ന റോഡ് കോളനിവഴി ഇടവട്ടം, പള്ളിയാംതടം, ചിറേറത്തുകററി – ഒലിപ്പുറം റോഡുമായി ബന്ധിപ്പിക്കുക,

3. എറണാകുളം – കായംകുളം റയിൽപാത ഇരട്ടിപ്പിച്ച് കാഞ്ഞിരമററം റെയിൽവേ സ്റേറഷനിൽ ക്രോസിങ്ങിനുള്ള സൗകര്യം ഏർപ്പെടുത്തുക.

## വാർഡ് 1

1. പൊററിനാംകുന്ന് തണങ്ങാട്ട്താഴം റോഡ്, ആക്കാപ്പനം റോഡുമായി ബന്ധിപ്പിക്കുക. അവിടെ നിന്നും പാണക്കാട്താഴം റോഡുമായി ബന്ധിപ്പിച്ച് മുളന്തുരുത്തി 5-ാം വാർഡിൽ പാടത്തുവന്നുനിൽക്കുന്ന റോഡുമായി ബന്ധിപ്പിക്കുക.

2. വെള്ളാരിമല റോഡ് ചേനാട്ടുകുഴി കവലയിൽ നിന്നും പാണാർ പാടശേഖരത്തിലേക്ക് നീട്ടുക.

## വാർഡ് 2

1. പഴയപാണാർപാലം മുതൽ കൂമുള്ളി കോളനി പൈമേലി താഴം റോഡ് ടാർ ചെയ്യുക.
2. തൃക്കാവിൽ അമ്പലം–ചെറുകര റോഡ് സഞ്ചാരയോഗ്യമാക്കുക.
3. മാന്തുരുത്തേൽ പള്ളിയുടെ റോഡ് നന്നാക്കുക.
4. കൂമുള്ളി മലയിൽ നിന്നും മെയിൻറോഡുമായി ബന്ധപ്പെട്ട വഴി നന്നാക്കുക.
5. ആമ്പല്ലൂർ പള്ളിത്താഴം–മററത്താൻകടവ് റോഡ് വീതി കൂട്ടി നന്നാക്കുക

## വാർഡ് 3

1. മില്ലുങ്കൽ–പാലകുന്നുമല റോഡിൽ നിന്നും മണക്കാട്ട് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
2. പുതിയ പഞ്ചായത്ത് ജംഗ്ഷനിൽ നിന്ന് സൊസൈററി ഭാഗത്തേക്കുള്ള റോഡ് നന്നാക്കുക.

## വാർഡ് 4

പുതിയനിർദ്ദേശങ്ങളില്ല.

## വാർഡ് 5

കീച്ചേരി-മാമ്പുഴദേശത്ത് നിന്നും ചെമ്പ് പഞ്ചായത്തിലേക്ക് യാത്രാ സൗകര്യത്തിന് കാട്ടിക്കുന്ന് കടത്തിൽ "യമഹ" സൗകര്യം ഏർപ്പാടാക്കുക.

## വാർഡ് 6

1. കല്ലാനിക്കൽ–കണ്ണങ്കരി ഫാം റോഡാക്കുക

## വാർഡ് 7

പുതിയ നിർദ്ദേശം ഇല്ല.

398

## വാർഡ് 8

തൊണ്ടിലങ്ങാടി–പൊയ്യാററിത്താഴം റോഡിനു രണ്ടു സൈഡും ഭിത്തികെട്ടി സംരക്ഷിക്കണം.

## വാർഡ് 9

പുതിയ നിർദ്ദേശങ്ങളില്ല.

## വാർഡ് 10

1. തെക്കെക്കരകവലയിൽ നിന്നും-ചാവക്കാട് റോഡ് വീതി കൂട്ടുക.
2. ചാലക്കപ്പൊാറ വർക്ക്ഷോപ്പ്–പടിഞ്ഞാറോട്ട് റോഡ് വീതി കൂട്ടുക
3. കൊളുത്താക്കോട് റോഡ് –അച്ചൻകരി വരെ നീട്ടുക
4. തുരുത്ത് റോഡ് – പുതുതായി നിർദ്ദേശിക്കുന്ന 5, 10, വാർഡ് റോഡുമായി ബന്ധിപ്പിക്കുക.
5 ചാലക്കപ്പൊാറ–കുളവേലിത്താഴം വീതികൂട്ടുക.

## വിഭവസമാഹരണം

1. പൂത്തോട്ട - കടവിൽത്തറ ഭാഗത്ത് കടവിൽ നിർമ്മാണ സാമഗ്രികൾ കയററി പോകുന്നതിന് നിശ്ചിത ഫീസ് ഈടാക്കണം.
2. കെട്ടിട നികുതി ശാസ്ത്രീയമായി പുനസംഘടിപ്പിക്കുക.
3. ഭൂനികുതി/രജി നികുതി/വിഹിതം ലഭ്യത ഉറപ്പാക്കണം.

399

4. വളർത്തു നായ്ക്കൾക്ക് ലൈസൻസ്ഫീ ഏർപ്പാടാക്കണം.

5. പാരലൽകോളജുകൾക്ക് തൊഴിൽനികുതി ഏർപ്പാടാക്കുക

6. അരയൻകാവിൽ മാർക്കററിനു വടക്കുഭാഗം സ്ഥലം എടുത്ത് ഓട്ടോഷെഡ് ഉണ്ടാക്കി നികുതി ചുമത്തുക.

7. സഹകരണ സംഘത്തിലെ ലാഭവിഹിതം പഞ്ചായത്തിലെ ക്ഷേമപ്രവർത്തനത്തിന് സംഭാവനയായി സ്വീകരിക്കുക.

8. പ്രാദേശിക വികസന പ്രവർത്തനത്തിന് ക്ലബ്ബ്കളുടേയും, സന്നദ്ധസംഘടനകളുടേയും "മനുഷ്യപ്രയത്നം" ഉറപ്പാക്കുക.

## മാർക്കററ്

1. നിലവിലുള്ള മാർക്കററിൽ ശുചീകരണം ഉറപ്പാക്കുക.

2. തൊണ്ടിലങ്ങാടി, പാർപ്പാകോട് മാർക്കററ് തുടങ്ങുക.

3. വാട്ടർ ടാപ്പ് ഇട്ട് ജലംലഭ്യമാക്കുക ഓട നിർമ്മിക്കുക.

4. ആമ്പല്ലൂർ മാർക്കററിൽ–ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കുക.

5. മില്ലുങ്കലെ ഷോപ്പിംഗ് കോപ്ലക്സ് കേട്പാട് തീർക്കുക

## ഭവനനിർമ്മാണം–ക്ഷേമപ്രവർത്തനം

1. ഭവനനിർമ്മാണം ദുർബലവിഭാഗങ്ങൾക്കും SC/ST ക്കും ഉറപ്പാക്കണം.

2. സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കണം

3. മെയിൻറോഡിൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ വെയിററിംഗ് ഷെഡ് സ്ഥാപിക്കുക. (Bus Stopകളിൽ)

4. മെയിൻ റോഡ് സൈഡിൽ വൃക്ഷങ്ങരം വച്ചുപിടിപ്പിക്കുക

5. മാറത്താൻകടവ് പാലം നിർമ്മിക്കുക.

6. പള്ളിക്കടവിൽ പാലം നിർമ്മിക്കുക.

7. വൈദ്യുതി – വഴിവിളക്ക് എല്ലാ വാർഡിലും ഏർപ്പാടാക്കുക.

8. കോളനികരംക്ക് വൈദ്യുതി ലഭ്യത ഉറപ്പാക്കുക.

9. മില്ലുകൽ കുളം ഉപയോഗ ശൂന്യമായതിനാൽ നികത്തി വാഹനങ്ങരം പാർക്ക് ചെയ്യുന്നതിനും ഷോപ്പിംഗ്കോംപ്ലക്സ് പണിയുന്നതിനും ഉപയോഗിക്കുക. ബോട്ട്ജെട്ടി ഇപ്പോരം ശിലാഫലകം സ്ഥാപിച്ച സ്ഥാനത്ത് നിർമ്മിക്കുക.

വ്യവസായം

1. തീപ്പെട്ടി നിർമ്മാണ യൂണിററ് ആരംഭിക്കുക

2. കുട നിർമ്മാണ യൂണിററ് തുടങ്ങുക.

3. പൈനാപ്പിരം ജാം യൂണിററ് തുടങ്ങുക.

4. ഏത്തക്കാ, കൂവ ഇവ ഉപയോഗിച്ച് Baby-Food നിർമ്മാണം തുടങ്ങുക.

5. പ്ലാസ്ററിക്, ഫർണിച്ചർ, കരകൗശലവസ്തുകരം നിർമ്മാണ യൂണിററ് തുടങ്ങുക.

6. കക്കാ വ്യവസായം ആരംഭിക്കുക.

7. കയർ, കയർ ഉല്പന്നങ്ങരം–യൂണിററ് തുടങ്ങുക.

8. ഓരോ വാർഡിലും ചെറുകിട, വ്യവസായ യൂണിററുകരം തുടങ്ങുക.

9. പഞ്ചായത്തുതല വികസന സെമിനാർ നടത്തുക.

# ഉപസംഹാരം

ജനകീയാസൂത്രണപ്രവർത്തനത്തിന്റെ പ്രാരംഭം മുതൽ സജീവമായി സഹകരിച്ച അനവധി സന്നദ്ധ പ്രവർത്തകരുണ്ട്. ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രവർത്തിക്കുന്ന അവരുടെ പേരെടുത്ത് പറയുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും വിവരശേഖരണവും പഠന പര്യടനവും ഫലപ്രദമാക്കുന്നതിനും അവർ അശ്രാന്തപരിശ്രമം നടത്തിയിട്ടുണ്ട്. ആത്മാർത്ഥമായി സഹകരിച്ച എല്ലാ സന്നദ്ധപ്രവർത്തകരോടും ഉദ്യോഗസ്ഥന്മാരോടും ഹൃദയംഗമായ നന്ദിരേഖപ്പെടുത്തുന്നു. പഞ്ചായത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും പദ്ധതി നടത്തിപ്പിലും എല്ലാവരുടേയും സേവനം അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

പഞ്ചായത്ത് കമ്മററിക്കുവേണ്ടി,

സ്നേഹപൂർവ്വം,

**എൻ. വി. ഗോപാലൻ**

(പ്രസിഡൻറ്)